
भारत सरकार
GOVERNMENT OF INDIA
राष्ट्रीय पुस्तकालय, कलकत्ता।
ONAL LIBRARY, CALCUTTA.

Mal
805
At 8872
V.5 16 1915-16

या

N. L. 38.

—69/1842/14 LNL (PB)—25-5-70—150,000.


SHELF LISTED
Mch
805
At 892
V.5 no.6-12
v.6 no.1-4
1915-16

NATIONAL LIBRARY
15-6-62
CALCUTTA

ആത്മപോഷിണി

പുസ്തകം ൪ | ഫണ്ടർ കന്നി | ലക്കം ൧.
M. AP 825 19-1

യൂറോപ്യൻ യുദ്ധത്തിന്റെ ഹേതുക്കൾ.

2 Causes of the European War.

യൂറോപ്പുഭൂഖണ്ഡത്തിലെ ജനങ്ങളുടെ സമാധാനപൂർവമായ ജീവിതത്തിനു ആകമാനം തല്ലിത്തകർത്തിരിക്കുന്നതോ, തല്ലിത്തകർക്കുമെന്നു വിശ്വസിക്കാവുന്നതോ ആയുള്ള ഇപ്പോഴത്തെ യൂറോപ്യൻമഹായുദ്ധത്തിന്റെ വാർത്തകൾ അറിയുവാൻ ഉൽകണ്ഠയോടെ കാത്തിരിക്കാത്തവരായി പരിഷ്കൃതലോകത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. ഈ മഹാസമരം മനുഷ്യലോകത്തിന്റെ പരിപ്ലാവളിവുദ്ധിയെ പലവിധത്തിലും തടയുവാൻ കാരണമായേക്കുമെന്നുള്ള ഭയമാണ്, ജനങ്ങളിൽ ഒട്ടുക്കു വ്യാപിച്ചിട്ടുള്ള ഈ ഉൽകണ്ഠയുടെ നാരായവേര്. പണ്ഡിതനും പാമരനും, ഒന്നുപോലെ, ഈ ഒരു വിഷയം മനസ്സിരുത്തി ഗ്രഹിച്ചുവരുന്നുണ്ട്. മലയാളികളും ഇക്കാര്യത്തിൽ ഒട്ടും പിന്നാക്കമല്ല. ഇങ്ങനെയുള്ള ഒരവസരത്തിൽ, ഈ യുദ്ധത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നു അറിവില്ലാത്തവർക്കു മനസ്സിലാക്കിക്കൊടുക്കുവാനാകുന്നു ഈ ഉപന്യാസത്തിന്റെ ഉദ്ദേശ്യം.

ഈ യുദ്ധത്തിന്റെ കാരണങ്ങൾ വളരെ ആഴത്തിൽ വേരുന്നിക്കിടക്കുന്നു. അവയെ ഒട്ടുക പറിച്ചെടുത്തു വായനക്കാരുടെ മുമ്പിൽ പ്രദർശിപ്പിക്കാൻ തുടങ്ങുന്നതായാൽ ആ ഉദ്യമം ഒരു സമയം ഒരു യൂറോപ്യ ചരിത്രഗ്രന്ഥരചനയായി കലാശിച്ചേക്കാം. അങ്ങിനെയുള്ള ഒരു പണി ഞാനുപ്പോൾ കൈയേല്ലുന്നില്ല. വായനക്കാർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ ചില സംഗതികളെ മാത്രമെ ഈ ഉപന്യാസത്തിൽ ചേർപ്പാൻ വിചാരിക്കുന്നുള്ളു. വിഷയത്തിന്റെ ഗാംഭീര്യം കൊണ്ടു, പറവാനുള്ളതു മുഴുവൻ പറയുന്നതിനു എനിക്കു വശമുന്നതല്ല. എന്നാലും, ഈ ലേഖനം കൊണ്ടു വായനക്കാർക്കു എന്തെങ്കിലുംകൊ, വല്ല സംഗതിയെങ്കിലും, മനസ്സിലാവാൽ

ഞാൻ കൃതാർത്ഥനാകുന്നതാണ്.

കീ നാമതായി, ആദ്യ മഹായുദ്ധത്തിന്റെ കാരണങ്ങളെ തന്നെ തിരഞ്ഞെടുത്ത് പരിശോധിക്കാം:—

(ക) സെർബ്യയും ആസ്ട്രിയയും.

സെർബ്യയും ആസ്ട്രിയയും തമ്മിൽ ഉണ്ടായിട്ടുള്ള വൈരം, ആ രാജ്യങ്ങളുടെ മഹത്ത്വത്തിന്റെ പ്രഭാതകാലത്തിന്റെ മദ്ധ്യത്തിൽ തുടങ്ങിയിട്ടുള്ളതല്ല. ഇരുപതാം നൂറ്റാണ്ടിൽ ബോസ്നിയയിലും ഹെർസഗോവിനയിലും (Bosina and Herzgovina) സമാധാനരാജ്യസ്ഥിതി ഉറപ്പിക്കുവാനായി ആ രണ്ടു സംസ്ഥാനങ്ങളേയും, ബെർലിനിൽ വെച്ചു ചേർന്ന മഹാശക്തികളുടെ സംഘം ആസ്ട്രിയയ്ക്കു ഏല്പിച്ചുകൊടുത്തപ്പോൾ ആയിരുന്നു ഈ വൈരം തുടങ്ങിയതു. മേല്പറഞ്ഞ രണ്ടു സംസ്ഥാനങ്ങളിലും, സെർബ്യയിൽ എന്നപോലെ തന്നെ, സെർബ് ജനങ്ങൾ ധാരാളമുണ്ടു. ലോകത്തിൽ, സെർബുകാർ അധിവസിച്ചുവരുന്ന പ്രദേശങ്ങളെ എല്ലാം തങ്ങളുടെ കീഴിൽ ആക്കിത്തീർക്കണമെന്നുള്ള സെർബ്യക്കാരുടെ ആഗ്രഹത്തിനു (The Great Servian Idea) മേല്പടി നിശ്ചയം നിമിത്തം ഒരു വലിയ ഇടിവുപറ്റി. ഇതിന്റെ ഫലം ഒരിക്കലും വിട്ടുപോകയില്ല എന്നു തീർച്ചയായതു ഫൻഫവ്-ൽ ആയിരുന്നു. ആ വർഷത്തിൽ, ബോസ്നിയയെയും ഹെർസഗോവിനയെയും, ആസ്ട്രിയ, തന്റെ പൂർണ്ണമായ ഭരണത്തിൻ കീഴിലാക്കി, എന്നു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. സെർബ്യ അപ്പോൾ ഒന്നു ലഹളകൂട്ടുവാൻ ഉത്സാഹിച്ചു നോക്കിയും ആ ഉത്സാഹം ഫലിക്കാതെയായതു, അപ്പോൾ സെർബുകാരുടെ പ്രധാനബന്ധുവായ റഷ്യ, ജപ്പാനുമായുള്ള യുദ്ധത്തിൽ തോറ്റു ക്ഷീണിച്ചിരുന്നതുകൊണ്ടായിരുന്നു. സെർബുകാർ സ്ലാവന്മാരാണ് (Slavs). മോണ്ടിനീഗ്രോരാജ്യനിവാസികളും സ്ലാവന്മാരാണു. ഈ രണ്ടു രാജ്യങ്ങളും ഒരുമിച്ചു കൂടുന്നതു ഇരുവർക്കും ബലകരമായി തീരുന്നതാകയാൽ, ഈ ഉദ്ദേശം സാധിപ്പാൻ വേണ്ടി, ഫൻഫവ്-ലെ അനന്തരവർഷാരംഭത്തിൽ, സെർബ്യക്കും മോണ്ടിനീഗ്രോയ്ക്കും മദ്ധ്യത്തിൽ കിടക്കുന്ന സെഞ്ചാക്ക് ഓഫ് നോവാബസാർ (Senjak of Novabazar) എന്ന സ്ഥലം വിട്ടുകിട്ടണമെന്നു ആസ്ട്രിയയോടു സെർവിയ ആവശ്യപ്പെട്ടു. ആസ്ട്രിയ, ആ സ്ഥലത്തെ തുർക്കിക്കു വിട്ടുകൊടുത്തതുപോലും, സെർബ്യക്കു കൊടുത്തില്ല. എന്നാൽ, ഫൻഫവ്-ൽ ഉണ്ടായ ബാൾക്കൻ യുദ്ധത്തിന്റെ അവസാനത്തിൽ, സെഞ്ചാക്കു, സെർബ്യയുടെ കീഴിൽ വന്നു. ഈ സംഭവം ആസ്ട്രിയയ്ക്കു ഒട്ടും രസിച്ചില്ല. ഇതുകൂടാതെ, യുദ്ധകാരണമായി തീർന്നിട്ടുള്ള വേറെ ഒരു സംഗതി ആസ്ട്രിയയുടേയും ജർമ്മനിയുടേയും അത്യാഗ്രഹമാണു. ഈ രണ്ടു കൂട്ടരും തുർക്കിയുടെ ഏഷ്യാഭൂഖണ്ഡത്തിലുള്ള സ്ഥലങ്ങളിൽ ചിലതു കൈക്കലാക്കുവാൻ ലാക്കുവെച്ചു തുടങ്ങീട്ടു കാലം കുറെ ആയി. തുർക്കിയുമായി അവർ സഖ്യം കൂടിയിരിക്കുന്നതിന്റെ യഥാർത്ഥമായ കാരണം അതാണു. എന്നാൽ, തുർക്കി സമ്മതിച്ചാലും കൂടി, ഉദ്ദിഷ്ടസ്ഥലത്തു പോയി കുറിയുറപ്പിച്ചു കൂടിയാപ്പുതുടങ്ങുന്നതിനു സെർവിയക്കാർ പ്രതിബന്ധമായി നിന്നേക്കാമെന്നും, അതുകൊണ്ടു അവരെ അടക്കേണ്ടതു തങ്ങളുടെ കടമയാണെന്നും ആസ്ട്രിയയും ജർമ്മനിയും വിശ്വസിച്ചുപോരുന്നുമുണ്ടു.

(൨) റഷ്യയും സെവ്വിയയും.

റഷ്യ എന്തിനായിട്ടാണ സെവ്വിയയെ സഹായിക്കുന്നതു? റഷ്യയും, അന്യശക്തികളെപോലെ, ലോകത്തിൽ തരമുള്ളടത്തൊക്കെ രാജ്യങ്ങൾ സമ്പാദിക്കണമെന്നുണ്ടു. എന്നാൽ സെവ്വിയയെ സഹായിപ്പാൻ മുഖ്യപ്രേരണമായതു ഈ ആഗ്രഹമല്ല. റഷ്യക്കാരും ബാൾക്കൻ രാജ്യങ്ങളിലുള്ള മിക്കജാതിക്കാരും, ഒരേ മനുഷ്യവർഗ്ഗത്തിൽ ഉൾപ്പെട്ടവരാണ. സ്ലാവന്മാരായ ഇവരിൽ പലരും *ഗ്രീക്കചർച്ചു(പള്ളി)കാരാണ്. അതുകൊണ്ടു, മതവിശ്വാസത്തിലും അവക്കു ഐകമത്യം ഉണ്ടു. ജർമ്മൻകാർ, മാഗിയർസ്, നോമാഡ്സ്, തുർക്കികൾ (Germans, Magyars, Nomads, Turks) എന്നീ നാനാജാതിക്കാരിൽനിന്നു പലവിധത്തിലുള്ള ദ്രോഹങ്ങളും അവമതികളും സഹിച്ചു വളരെക്കാലമായി തങ്ങളുടെ കോപതാപങ്ങളെ ഉള്ളിൽ ഒതുക്കിക്കൊണ്ടിരിക്കുന്നവരാണ് സ്ലാവന്മാർ. റഷ്യാരാജ്യനിവാസികൾ ഒഴികെ, ബാക്കിമുക്കാലേ മുണ്ടാണിയും. ഇവർ എല്ലാവരും റഷ്യയെയാണ തങ്ങളുടെ രക്ഷാകർത്താവായി വരിച്ചിട്ടുള്ളതു. സ്ലാവന്മാർ തമ്മിലുള്ള സ്നേഹം വർദ്ധിപ്പിച്ചു, രാജ്യകാര്യസംബന്ധമായ സംഗതികളിലും, ഇതരകാര്യങ്ങളിലും, ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നാണ സ്ലാവന്മാരിൽ പലരുടേയും ആഗ്രഹം. ഈ ആഗ്രഹത്തെയാകുന്നു 'പാൻസ്ലാവിസം' (Pan-Slavism) എന്നു വിളിച്ചുവരുന്നതു. ഈ ആഗ്രഹവും ആതനസരിച്ചുള്ള പരിശ്രമങ്ങളും, ക്രിമിയൻ കൊല്ലത്തിലായിരുന്നു ആരംഭിച്ചതു. കുറെകാലത്തേക്കു ഈ ഉദ്യമം വളരെ പ്രബലമായി നടന്നു എങ്കിലും, ഇടയ്ക്കുവച്ചു, 'പാൻസ്ലാവിസം' റഷ്യയുടെ അതിമോഹങ്ങൾ സാധിക്കുവാനുള്ള ഒരായുധമായി കലാശിക്കുമോ എന്നു ശങ്കിച്ചു, പോളണ്ടുകാർ ഇതിൽ നിന്നു പിൻവലിച്ചു (ക്രിമിയൻ); അതോടുകൂടി ഈ ഉദ്യമത്തിനു ഉലച്ചൽ സംഭവിക്കുമോ എന്നു പലരും സംശയിച്ചു. എന്നാൽ, ആ സംഭവംകൊണ്ടു പാൻസ്ലാവിസത്തിനു ഉലച്ചൽതട്ടിയില്ലെന്നു തന്നെയല്ല, ബാൾഗേറിയ, സെർവിയാ, മാസിഡോണിയ എന്നീ രാജ്യങ്ങളും തുർക്കിയും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന കലഹങ്ങൾ 'പാൻസ്ലാവിസ'ത്തിനു ഒരു വിശേഷശക്തി ഉണ്ടാക്കിക്കൊടുക്കയും ചെയ്തു. ഇപ്പോഴും അതു വളരെപ്രബലതയോടെതന്നെ സ്ലാവന്മാരുടെ മനസ്സിൽ കടന്നുപിടിച്ചിട്ടുണ്ടു. അതിന്റെ ഉദ്ദേശങ്ങൾ സാധിക്കുന്നതു റഷ്യയുടെ നേതൃത്വത്തിൻ കീഴിലാകണമെന്നാണു റഷ്യയുടേയും, സ്ലാവന്മാരിൽ പലരുടേയും ആകാംക്ഷ. ഇതുകൊണ്ടാകുന്നു റഷ്യ, സെവ്വിയയുടെ സഹായത്തിനു വന്നതു; അല്ലാതെ, ഒരു കൊലക്കുറ്റത്തിനു 'ഉള്ളായി നിന്നു' എന്നു ലോകം സംശയിക്കുന്നതായ ആ രാജ്യത്തിനെ ശത്രുബാധയിൽനിന്നു രക്ഷിപ്പാനല്ല എന്നതു തീർച്ചയാണ്. സെർബുകാർ എല്ലാം ഒരേ ഗവർമേണ്ടിന്റെ കീഴിൽ വരണമെന്നുള്ള സെർവിയയുടെ മോഹം 'പാൻസ്ലാവിസ'ത്തിൽ ഉൾപ്പെട്ടിരിക്കുന്നു; അതു 'പാൻസ്ലാവിസ'ത്തിന്റെ ഒരു ശാഖമാത്രമാണ്. പതിനേഴാമത്തെയും പതിനെട്ടാമത്തെയും നൂറാണ്ടുകൾക്കുള്ളിൽ, പല സ്ലാവന്മാരും

* പോളണ്ടുകാരായ സ്ലാവന്മാർ മാത്രമേ റോമൻപള്ളിയുടെ കീഴിലായിട്ടുള്ളൂ.

ആസ്ട്രിയയുടെ ഭരണത്തിൻകീഴിൽ പെട്ടിട്ടുണ്ടു; ഇവരിൽപലർക്കുംപോൻ സ്ലാവിസം നടപ്പിൽ വരുത്തുവാൻ വലിയ ഉത്സാഹവും ഉണ്ടു. സ്ലാവന്മാരും ജർമൻകാരും പോക്കളത്തിൽ നേരിട്ടുവിന്നു പൊരുതുന്നതിന്റെ രഹസ്യം,

"വൈരതരുവേരസിമുളച്ചുഥവളർന്നു,
സൈരമതുപൂത്തുകസുമങ്ങളുതിരുന്നു"

എന്നു പറഞ്ഞിട്ടുള്ളതിനുണ്ണമാണ്. ആസ്ട്രിയഹങ്ഗറിയിലുള്ള സ്ലാവന്മാരെ ഉപദ്രവിക്കുന്നതിലും, ഇതരദേശങ്ങളിൽ ഉള്ള സ്ലാവന്മാർ ഒരുമിക്കാതിരിപ്പാൻ വേണ്ടുന്ന പ്രതിബന്ധം ചെയ്യുന്നതിലും, ബോസ്നിയാ, ഹെർസഗൊവീന എന്ന സംസ്ഥാനങ്ങളെ ജനങ്ങളുടെ സമ്മതംകൂടാതെ പിടിച്ചടക്കുന്നതിലും, ജർമനി കാട്ടീട്ടുള്ള അക്ഷീണമായ ഉത്സാഹം, ഈ വൈരതരു മുളച്ചുപൊന്തുവാൻ ഹേതുവായിത്തീർന്നു.

(൩) ജർമനിയും ആസ്ട്രിയയും.

ജർമനിയും ആസ്ട്രിയയും തമ്മിലുള്ള സഖ്യത്തിനാസ്പദമെന്താണു? ഈസഖ്യം ഫ്രാങ്ക്ഫർട്ടുമാണ്ടിനു സമീപിച്ച മാത്രമാണു ഉണ്ടായിട്ടുള്ളതു. അതിനുമുമ്പിൽ ആസ്ട്രിയയും പ്രഷ്യയും (ഇപ്പോഴത്തെ ജർമനി) ബദ്ധവിരോധമായിരുന്നു. ഇവർഇരുവരും തങ്ങളുടെ എന്തെല്ലാമോ ചില അതിമോഹങ്ങൾ സാധിപ്പാൻ ഈ അവസരംഉതകുമെന്നുവിചാരിച്ചു യുദ്ധത്തിനു ചേർന്നതല്ലാതെ, ഇവരുടെ സ്നേഹബന്ധമോ മറേറാ ഇതിനു വലുതായ ഒരു കാരണമായിതീരുന്നുണ്ടോ എന്നു സംശയമാണു. ഇതിനു ലക്ഷ്യം താഴെപറയുന്ന സംഗതികൾതന്നെ. ഫ്രഞ്ചുകാരെ കൊല്ലുംവരെ ജർമനിയിലെ പ്രധാനഭരണകർത്താവു ആസ്ട്രിയാ ചക്രവർത്തി ആയിരുന്നു. അതിനുമുമ്പു, ആ ചക്രവർത്തി ആദ്യത്തിൽ പരിശുദ്ധ റോമാചക്രവർത്തി (Holy Roman Emperor) എന്നും, പിന്നീടു, ജർമൻചക്രവർത്തി എന്നും പേരുകളെക്കൊണ്ടാണറിയപ്പെട്ടിരുന്നതു. പതിനാലാം നൂറാണ്ടു മുതൽ പരിശുദ്ധ റോമാ ചക്രവർത്തി— അഥവാ യൂറോപ്പിലെഏക ചക്രവർത്തി— പദം ഹാപ്സ്ബർഗ് (Hapsburg) എന്ന കുടുംബക്കാരിൽ ഇരുന്നിരുന്നു. ഹാപ്സ്ബർഗുകാർ തങ്ങളുടെ കുടുംബത്തിന്റെ പ്രത്യേകാഭിവൃദ്ധിക്കായി മാത്രം, അനാവശ്യങ്ങളായ പലയുദ്ധങ്ങൾ നടത്തുകയും, പല രാജ്യങ്ങൾപിടിച്ചടക്കുകയും ചെയ്തു. അതിന്റെ ഫലമായി ജർമനിയും ഇറാലിയുംപതിനാറാം നൂറാണ്ടിന്റെ ഉത്തരാർദ്ധംവരെ യോജിപ്പിക്കപ്പെടാതെ, ഛിന്നഭിന്നമായികിടന്നിരുന്നു. ഇക്കാലങ്ങളിൽ പലപ്പോഴും പ്രാസിനു ജർമനിയുടെ വിഭക്തഅവസ്ഥയുടെഫലമായി പലപ്രയാസങ്ങളും ഉണ്ടായിട്ടുണ്ടു. ഹാപ്സ്ബർഗുകാരുടെ സാമ്രാജ്യത്തെ പറ്റിയാണു വൊൾട്ടയർ (Voltire) ഒരിക്കൽ, "പരിശുദ്ധ റോമാസാമ്രാജ്യം, പരിശുദ്ധമായ റോമയെ സംബന്ധിച്ചതോ, ഒരു സാമ്രാജ്യമോ അല്ല" — എന്നു പറഞ്ഞിട്ടുള്ളതു. ജർമനിയിൽ അക്കാലത്തു, ചക്രവർത്തിയുടെ ശക്തി, പേരിനുമാത്രമേ പ്രസരിച്ചിരുന്നുള്ളു. ശക്തികുറഞ്ഞ പല ചെറുരാജ്യങ്ങളും അന്നു ജർമനിയിൽ ഉണ്ടായിരുന്നു. അവ ഒരുമിച്ചു ചേർന്നു പ്രവർത്തിച്ചിരുന്നതു ഏറ്റവും ചില സംഗതികളിൽ മാത്രമായിരുന്നു. ആസ്ട്രിയ വിട്ടാൽപിന്നെ ശക്തിക്കു

ടിയ രാജ്യം ഒന്നുണ്ടായിരുന്നതു പ്രഷ്യമാത്രമായിരുന്നു. ഈ രാജ്യങ്ങളെയെല്ലാം, പേരിനു മാത്രം, ചക്രവർത്തി ഭരിച്ചിരുന്നു. നെപ്പോളിയന്റെ കാലത്തുയുറോപ്പിലുണ്ടായ യുദ്ധങ്ങളുടെ ഫലമായി, ജർമനിയിൽ ഉണ്ടായിരുന്ന ചെറുരാജ്യങ്ങളും പലതുംനാമാവശേഷമായി തീരുകയും, അവയുടെ സ്ഥാനങ്ങളിൽ ചില വലിയ രാജ്യങ്ങളും ഉണ്ടാവുകയും, ജർമൻകാർ ഒന്നായി ഒരു ചക്രവർത്തിയുടെ കീഴിൽ ഇരിക്കേണമെന്നുള്ള ഉൽകണ്ഠ ജർമൻജനങ്ങളുടെ ഇടയിൽ ആവിർഭവിക്കുകയും ചെയ്തു. ദിവസം കഴിയുംതോറും പ്രബുലാവസ്ഥയിൽ വന്നുകൊണ്ടിരുന്ന പ്രഷ്യയോടുള്ള സ്പർദ്ധയാൽ ആസ്ട്രിയയിലെ മന്ത്രിയായിരുന്ന 'മെറർനിക്ക്' (Maternich) ഒരുമിച്ചുകൂടേണമെന്നുള്ള ഈ അഭിപ്രായത്തിനു വിരോധമായി നിന്നതുകൊണ്ടു, ആ ആഗ്രഹം സാധിക്കുവാൻ കാലവിളംബം നേരിട്ടു. ആദ്യത്തിൽ, ജർമൻകാർ ഒരുമിച്ചുകൂടി ആസ്ട്രിയയുടെ ആധിപത്യത്തിൻകീഴിൽ ഇരിക്കേണമെന്നായിരുന്ന പലരും ആഗ്രഹിച്ചതു. എന്നാൽ 'അന്യഥാ ചിന്തിതം കാര്യം ദൈവ മന്യത്ര ചിന്തയേൽ' എന്നപോലേയായി കലാശം. പതിനാറാം നൂറാണ്ടിന്റെ മദ്ധ്യമഘട്ടം, പ്രഷ്യയും ആസ്ട്രിയയും തമ്മിൽ മത്സരത്തിന്റെ കാലമായിരുന്നു. അക്കാലത്തായിരുന്ന ഓട്ടോവാൺ ബിസ്മാർക്' (Otto von Bismarck) എന്ന മന്ത്രിവര്യൻ പ്രഷ്യയിൽ പ്രബലനായിതീർന്നു. ഇദ്ദേഹത്തിന്റെ രണ്ടുദ്ദേശങ്ങളും, രാജാവിന്റെ ശക്തി വർദ്ധിപ്പിക്കേണമെന്നും, പ്രഷ്യയെ പ്രബലപ്പെടുത്തണമെന്നും ആയിരുന്നു. ബിസ്മാർക്ക് അസാധാരണമായ ധൈര്യവും സ്ഥൈര്യവുമുള്ള ഒരു സചിവസ്ഥാപകനായിരുന്നു. ആസ്ട്രിയയ്ക്കും പ്രഷ്യയ്ക്കും കൂടി കഴിച്ചുകൂട്ടുവാൻ, ജർമനിയിൽ സ്ഥലം മതിയാകയില്ലെന്നും, അതുകൊണ്ടു, ആസ്ട്രിയ, പുറമെ പോകേണമെന്നും ഇദ്ദേഹം രീച്ചയാക്കി! ആസ്ട്രിയയെ പുറത്തേക്കയയ്ക്കുന്നതിനു വലിയ ഒരു സൈന്യം ആവശ്യമായിരുന്നു. സൈന്യം ശേഖരിക്കുവാൻ, പ്രഷ്യയിലെ പൊതുജനപ്രതിനിധിയോഗത്തിന്റെ അഭിപ്രായങ്ങളെ അഗണ്യമാക്കി പ്രവർത്തിക്കയല്ലാതെ, ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ, അങ്ങനെതന്നെ പ്രവർത്തിപ്പാൻ അദ്ദേഹം രാജാവിനെ ഉപദേശിച്ചു. ഒരൊന്നാന്തരം സൈന്യത്തെ ശേഖരിക്കയും ചെയ്തു. ഇതിന്റെ ശക്തി ആദ്യമായി പ്രയോഗിച്ചതു ഡെൻമാർക്കുരാജാവിന്റെ കീഴിൽ ആയിരുന്ന 'ഷ്ലെസ്വിഗ്', 'ഹോൾസ്റ്റേൻ' എന്ന രാജ്യങ്ങളെ പിടിച്ചടക്കുവാനായിരുന്നു. സൈന്യത്തിന്റെ പ്രവൃത്തി ഫലവത്തായപ്പോൾ, പാർലിമെണ്ടു്, അതിനെ ശേഖരിച്ചതിൽ രാജാവു് ന്യായമായ പ്രവർത്തിച്ചതെന്നും സമ്മതിച്ചു! ഈമാതിരിയിലുള്ള സംഗതികൾ പലതും, ജർമനിയിൽ പൊതുജനരാജ്യഭാരത്തിനു കോടാലിയായിട്ടാണു തീർന്നതു. ഡെൻമാർക്കിനെ തോല്പിക്കുന്ന കാര്യത്തിൽ ആസ്ട്രിയയും സഹായിച്ചിരുന്നു. എന്നാൽ, യുദ്ധം കഴിഞ്ഞപ്പോൾ കൈവശം വന്ന സ്ഥലങ്ങൾ ആരാണു ഭരിക്കേണ്ടതെന്നു വഴക്കായി. ഇതിന്റെ ഫലമായി ഒടുവിലത്തെ പ്രാവശ്യം ആസ്ട്രിയയും പ്രഷ്യയും തമ്മിൽ യുദ്ധം ഉണ്ടായി. വാൺമാൾട്ടെ എന്നപേരായ പ്രഷ്യൻസൈന്യാധിപനും അ

ല്പകാലത്തിനുള്ളിൽ ആസ്ട്രിയയെ തോല്പിച്ചു. ഇങ്ങിനെ, ഫ്രാൻസിൽ നെപ്പോളിയൻ നിമിത്തം പഴയ്ക്കുള്ള റോമാചക്രവത്തി എന്ന സ്ഥാനം കൈവെടിഞ്ഞു, താൻ സ്ഥീകരിച്ചതായ ജർമൻ ചക്രവത്തി എന്ന സ്ഥാനം വെച്ചൊഴിഞ്ഞു, ആസ്ട്രിയാരാജാവു, ആസ്ട്രിയാചക്രവത്തിസ്ഥാനം കൈയേല്ക്കുന്നതിനും സംഗതിയായി. ആസ്ട്രിയയും ജർമനിയും— (പ്രഷ്യാരാജാവു അച്ചിരേണ ജർമൻ ചക്രവത്തി ആയ്)— ഇതിനുശേഷം കുറെക്കാലം രസക്ഷയത്തിലാണു കഴിച്ചുകൂട്ടിയ്തു. ബിസ്മാക്കിന്റെ ഉത്സാഹഫലമായി അവർ കുറെകഴിഞ്ഞപ്പോൾ, പേരിനുമാത്രം സഖികളായി തീർന്നു. ഫ്രഞ്ചുവർഷംവരെ ആസ്ട്രിയയും റഷ്യയും ജർമനിയുടെ സഖികളായിരുന്നു. ഒരു കൊല്ലത്തിൽ അവർ തമ്മിൽ ഇടഞ്ഞു. അപ്പോൾ ബിസ്മാക്ക് ആസ്ട്രിയയെയാണു സഖിയായി സ്വീകരിച്ചതു. ഇവരോടുകൂടി, ഫ്രഞ്ചുവർഷത്തിൽ ഇറ്റലിയും ചേർന്നു. ഈ മൂവരുടെ സഖ്യത്തെ "ട്രിപ്പിൾ അലയൻസ്" (Triple alliance) എന്നു പറഞ്ഞുവരുന്നു. ഈ ബന്ധവും, ആസ്ട്രിയയിലും ജർമനിയിലും ഉള്ള പ്രജകളിൽ ഭൂരിപക്ഷം ജർമൻകാരാണെന്ന സംഗതിയും, ജർമനി ആസ്ട്രിയയെ ഇപ്പോഴത്തെ യുദ്ധത്തിൽ സഹായിപ്പാൻ ഒരുമ്പെട്ടതിനു കാരണമായിത്തീർന്നിട്ടുണ്ടു. വേറെ ചില കാരണങ്ങളും ഉള്ളതു മറെറാരുഘട്ടത്തിൽ പ്രസ്താവിക്കുന്നതാണു. ഇപ്പോഴത്തെ യുദ്ധം, ജർമൻകാരും സ്ലാവന്മാരും ആയുള്ള ശത്രുതാ വളർന്നവന്ന് മഹാശക്തികൾ തമ്മിൽ ഒരു മഹായുദ്ധമായി തീർന്നതാണെന്നു പറയാം.

(൪) പ്രാൻസും ജർമനിയും.

പ്രാൻസും ജർമനിയുമായുള്ള വിരോധം സ്ലാവന്മാരും ജർമൻകാരുമായുള്ള വിരോധത്തോളം തന്നെ ഉഗ്രമായുള്ളതാകുന്നു. പതിനഞ്ചും പതിനാറും, പതിനേഴു, പതിനെട്ടും നൂറാണ്ടുകളിലും, പത്തൊമ്പതാം നൂറാണ്ടിന്റെ ആദിമദശയിലും, പ്രാൻസും ജർമനിയും തമ്മിൽ നടന്നിരുന്നതായ യുദ്ധങ്ങളെ വായനക്കാർ വിസ്തരിച്ചു പഠിക്കേണ്ടുന്ന ആവശ്യംഇല്ല. പതിനേഴാംനൂറാണ്ടിലെ യുദ്ധത്തിന്റെ ഫലമായി 'അൽസേസ്' എന്ന സംസ്ഥാനം പ്രാൻസിനു കിട്ടി; നെപ്പോളിയനുമായി പത്തൊമ്പതാം നൂറാണ്ടിന്റെ ആദിമഘട്ടത്തിൽ ഉണ്ടായ യുദ്ധം നെപ്പോളിയന്റെ അധഃപതനത്തോടുകൂടി കലാശിച്ചപ്പോൾ, പ്രഷ്യയ്ക്കു ജർമനിയുടെ പടിഞ്ഞാറെ അതിർത്തിയിൽ പ്രധാനങ്ങളായ പല സ്ഥലങ്ങളും ലഭിക്കയും, ആസ്ട്രിയ കീഴ്ക്കോട്ടു നീങ്ങിപ്പോകയും ചെയ്തു; ജർമൻകാരുടെ ഇടയിൽ, ഒരുമിപ്പാനായി ഒരു ഉൽകണ്ഠയും ജനിച്ചു: ഇത്രമാത്രമേ വായനക്കാർ കാമ്പവയ്ക്കേണ്ടു. പ്രാൻസും ജർമനിയുമായുള്ള വലിയ വൈരം തുടങ്ങിയ പത്തൊമ്പതാം നൂറാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആയിരുന്നു. ബിസ്മാക്ക് ചതിച്ചിട്ടുള്ളവരിൽ ആദ്യം നെപ്പോളിയൻ മൂന്നാമ (Nepolian III) നെപ്പോലെ അടിപറഞ്ഞിയവരായിട്ടില്ല. നെപ്പോളിയൻ അദ്ദേഹത്തിന്റെ അമ്മാമനെപ്പോലെതന്നെ, ഒരു നല്ല ഭരണകർത്താവാകുമെന്നായിരുന്നു പലരും വിചാരിച്ചിരുന്നതു. എന്നാൽ ഇപ്പോൾ അദ്ദേഹത്തിന്റെ ചരിത്രം വായിക്കുന്നവർക്കു, ലോകത്തിൽ ഇത്ര വലിയ

ഒരു 'മണ്ടൻ' ജീവിച്ചിരുന്നുവോ എന്നുകൂടി സംശയംജനിക്കും. നെപ്പോളിയനെ തന്റെ ഭാഗത്തേക്കു വിളിച്ചുകൂട്ടുന്നതു പ്രഷ്യയുടെ ഹിതത്തിനു അത്യാവശ്യമാണെന്നുകണ്ട്, പത്തൊമ്പതാംനൂറാണ്ടിലെ ചാണക്യനായ ബിസ്മാക്ക് അതു ഒരുവിധം സാധിച്ചു. പ്രഷ്യയുടെ ഉദ്ദേശങ്ങൾ സാധിപ്പാൻ സഹായിച്ചാൽ നെപ്പോളിയനു പ്രതിഫലമായി പലതും കൊടുക്കാമെന്നു ബിസ്മാക്ക് വാഗ്ദാനംചെയ്തു. ബിസ്മാക്കിന്റെ ഉദ്ദേശം, പ്രഷ്യ ആസ്ട്രിയയുമായി യുദ്ധംചെയ്യുമ്പോൾ നെപ്പോളിയൻ അനങ്ങാതിരിക്കണമെന്നായിരുന്നു; അതു സാധിക്കയും ചെയ്തു. എന്നാൽ, യുദ്ധസമയത്തു മിണ്ടാതിരുന്ന നെപ്പോളിയനു താൻ ആശിച്ചിരുന്ന പ്രതിഫലം ഒന്നും ലഭിച്ചതുമില്ല. പ്രഷ്യ ആസ്ട്രിയയെ വളരെ വേഗത്തിൽ തോല്പിച്ചു.

സമാധാനമുടമ്പടി ഒപ്പിട്ടതുവരെ, നെപ്പോളിയനു തന്റെ ആഗ്രഹങ്ങൾ ഇരുകക്ഷികളേയും അറിവിക്കാൻതരമായില്ല; തനിക്കു കിട്ടുവാനുള്ളതു കിട്ടണമെന്നു അദ്ദേഹം പിന്നീടു് ആവശ്യപ്പെട്ടപ്പോഴായ്തുന്നു ബിസ്മാക്കിന്റെ കൗടില്യം നല്ലവണ്ണം വെളിപ്പെട്ടതു. 'റൈൻ'നദീതീരത്തുള്ള ചില പ്രദേശങ്ങൾ കിട്ടുമെന്നു ആദ്യത്തിലും; 'ബെൽജ്യം' കിട്ടണമെന്നു പിന്നാലെയും; ഇതു രണ്ടും സാധിക്കയില്ലെന്നു കണ്ടപ്പോൾ, 'ലക്സംബർഗ്' വിലയ്ക്കുവാങ്ങുവാൻ അനുവദിക്കണമെന്നു ഒടുവിലും, നെപ്പോളിയൻ ആവശ്യപ്പെട്ടു. ബിസ്മാക്ക് ഇതൊന്നും സമ്മതിച്ചില്ല. നെപ്പോളിയൻ, തന്റെ ഭോഷത്തംകൊണ്ടു, തനിക്കുള്ള ആവശ്യങ്ങളെല്ലാം രേഖാമൂലമായിരുന്നു ബിസ്മാക്കിനെ അറിയിച്ചതു. ബിസ്മാക്കിനു ഇതു നല്ല ഒരായുധമായിതീർന്നു. ആസ്ട്രിയയെ തോല്പിച്ചതിനു ശേഷവും പ്രഷ്യയോടുകൂടി ചേരാതെ കിടന്നിരുന്ന ദക്ഷിണ ജർമ്മൻ രാജാക്കന്മാരെ, നെപ്പോളിയന്റെ എഴുത്തുകൾ കാണിച്ചു, തന്റെ ഭാഗത്തേക്കാക്കി, അവരുടെ സഹായത്തോടുകൂടി ഫ്രഞ്ചുകാരെ നെപ്പോളിയനേയും പ്രാൻസിനേയും യുദ്ധത്തിൽ തോല്പിക്കയാണു ബിസ്മാക്കു, ആ ആയുധംകൊണ്ടു ചെയ്ത അസാധാരണമായ പ്രവൃത്തി. ധൈര്യം വേണമെന്നു പറഞ്ഞ നെപ്പോളിയന്റെ ആ ഗ്രഹത്തെ രേഖാസഹിതം, ബിസ്മാക്കു് ഇംഗ്ലേണ്ടിനെ അറിവിച്ചു. അതിന്റെ ഫലമായി, യുദ്ധകാലത്തു ഇംഗ്ലണ്ടു് പ്രാൻസിനെ സഹായിക്കാതിരിക്കയും ചെയ്തു.

നെപ്പോളിയനുമായുണ്ടായ യുദ്ധത്തിന്റെ പരിണാമമായി, ജർമ്മനി, പ്രഷ്യയുടെ ഏകച്ഛത്രാധിപത്യത്തിൻ കീഴിൽപെട്ടു. നെപ്പോളിയൻ യുദ്ധത്തിൽ സഹായത്തിനായി ഇറലിയുടേയും, ആസ്ട്രിയയുടേയും സഖ്യം കാംക്ഷിച്ചിരുന്നു. എന്നാൽ ചാണക്യനായ ബിസ്മാക്കു് സഖ്യം ഇല്ലാതാക്കുവാൻ ഒരു കൌശലം പ്രയോഗിച്ചു. സ്പെയിനിൽ അപ്പോൾ ഒരു 'ഹോഹൻസാളേൺ' (Hohenzollern — ഇതു പ്രഷ്യാരാജാവിന്റെ കുടുംബക്കാരാകുന്നു) — കുടുംബജനത്തെ രാജാവായി വാഴിപ്പാൻ ബിസ്മാക്കു് ഉത്സാഹിച്ചു. ഇതു നെപ്പോളിയനു രസിച്ചില്ല. ബിസ്മാക്കു്, ഉടനീതന്നെ, അങ്ങിനെ ഒരു സംഭവം ഉണ്ടാകയില്ലെന്നു ഭോഷരാജാവിനെ ഗ്രഹിപ്പിച്ചു; എന്നാൽ, നെപ്പോളിയനു അതുകൊണ്ടുമാത്രം തൃപ്തിവന്നില്ല. ഒരിക്കലും

റോഹൻസാളേൻകുടുംബക്കാർ സ്പെയിൻരാജ്യഭാരം കാംക്ഷിക്കയില്ലെന്നു പ്രഷ്യാരാജാവു വാഗ്ദാനം ചെയ്യണമെന്നു നെപ്പോളിയൻ അവശ്യപ്പെട്ടു. ഇതു യൂറോപ്പിലെ മറ്റു രാജാക്കന്മാർക്കും സമ്മതമായില്ല. ഈ ഒരു കാരണവും പറഞ്ഞു പ്രാൻസിനോടു യുദ്ധത്തിനുപോകുന്നതു ശരിയാകയില്ലെന്നു കരുതി, ബിസ്മാർക്ക് ഈ അവസരത്തിൽ ഒരൊന്നാന്തരം കളവുപ്രയത്നിച്ചു; നെപ്പോളിയന്റെ ആവശ്യത്തെപ്പറ്റി പ്രഞ്ചുരാജാവിന്റെ പ്രണിധി (Ambassador) പ്രഷ്യാരാജാവുമായി സംസാരിച്ചപ്പോൾ രാജാവിനെ കഠിനമായി ആക്ഷേപിച്ച എന്നു ഒരു കള്ളക്കഥ ലോകമെങ്ങും പ്രസിദ്ധപ്പെടുത്തി. ഇതിന്റെ ഫലമായി, നെപ്പോളിയൻ കുറസ്സനിന്നു ശത്രുക്കളെ എതിർക്കേണ്ടിവന്നു; ഒടുവിൽ ജർമ്മനി പ്രാൻസിനെ തോല്പിക്കയും ചെയ്തു. സമാധാനഉടമ്പടി അനുസരിച്ചു, പ്രാൻസ്, അൽസേസ്, ലോറേൻ (Alsace Lorraine) എന്നീ സംസ്ഥാനങ്ങളെ ജർമ്മനിക്കു കൊടുക്കേണ്ടിവന്നു; അതിനും പുറമെ, യുദ്ധച്ചിലവിലേക്കായി ഇരുപതുകോടി പവനും ജർമ്മനിക്കു കൊടുത്തു. അൽസേസ ലൂക്കു ജനങ്ങൾ ജർമ്മൻകാരാണെങ്കിലും, അവർ പ്രാൻസിന്റെ കീഴിൽ ഇരിപ്പാനാണു ആഗ്രഹിക്കുന്നതു; ലോറേൻ, പ്രഞ്ചുകാർതന്നെ അധിവസിക്കുന്നു. അവർക്കും പ്രഞ്ചുഭരണത്തിൽ ഒരു പോലാണു പ്രീതി. കൈവിട്ടുപോയ ഈ രണ്ടു സംസ്ഥാനങ്ങളേയും വീണ്ടെടുക്കണമെന്നുള്ള ഉൽകണ്ഠ പ്രഞ്ചുകാരുടെ മനസ്സിൽ കിടന്നു കളിച്ചുതുടങ്ങിട്ടു കാലം കുറെ ആയി. ഇതാകുന്നു പ്രാൻസിനു ജർമ്മനിയുടെനേരെയുള്ള വൈരത്തിന്റെ പ്രധാനകാരണം. യുദ്ധത്തിന്റെ ഫലമായി പ്രാൻസ് അധികകാലം ക്ഷീണിച്ചുകിടന്നില്ലെന്നതിനു ലക്ഷ്യം, ഫ്രഞ്ചൊൽ ബിസ്മാർക്ക് പ്രാൻസിനെ യുദ്ധംചെയ്യിക്കുമെന്നു പറഞ്ഞു പേടിപ്പിച്ചതു തന്നെ. എന്നാൽ ഭാഗ്യവശാൽ ഈ സംഭവമുണ്ടായില്ല. അന്യസഹായംകൂടാതെ ഇരിക്കുവാനതു ഇനി ശരിയല്ലെന്നു പ്രാൻസ് തീർച്ചയാക്കി, ബന്ധുക്കളെ അന്വേഷിച്ചുതുടങ്ങി. ഫ്രഞ്ചൽ റഷ്യയും പ്രാൻസുമായി ഒരു സഖ്യക്കരാർ ചെയ്തു. ഫ്രൻസൽ ഇവരോടുകൂടി ഇംഗ്ലണ്ടു ചേർന്നപ്പോൾ, യൂറോപ്പിൽ രണ്ടാമതൊരു 'ശക്തിത്രയസഖ്യം' ഉണ്ടായി. ഇതാണു ലോകപ്രസിദ്ധമായ ത്രിപ്പിടം ആണ്ടൊണ്ടു. (Triple entente)

(൩) ഇംഗ്ലണ്ടും പ്രാൻസും.

ഇംഗ്ലണ്ടും പ്രാൻസും തമ്മിൽ സഖ്യം തുടങ്ങീട്ടു ഏറെകാലമായിട്ടില്ല. ഫ്രഞ്ചുവൽ മേജർ മെർമണ്ടു എന്നപേരായ പ്രഞ്ചു സൈന്യാധിപൻ, ഈജിപ്തിലെ ഫൈഷോഡ എന്ന സ്ഥലം ആക്രമിച്ചപ്പോൾ, ഇംഗ്ലണ്ടും പ്രാൻസ്സും തമ്മിൽ ഒരു യുദ്ധമുണ്ടാകുമായിരുന്നു. സമാധാനപ്രിയനായ, പരേതനായ, എഡ്വർഡ് ചക്രവർത്തിയുടെ ഭരണകാലാഗമനത്തിനു ശേഷമാണു ഇംഗ്ലണ്ടും പ്രാൻസ്സും തമ്മിൽ സഖ്യം വർദ്ധിച്ചതു. ഫ്രൻസൽ ഇവർ തമ്മിലുള്ള മുഷിച്ചൽ എല്ലാം തീർന്നു, ഒരു കരാർ ചെയ്തു. അതിന്റെ ഫലം പിറേറക്കൊല്ലത്തിൽതന്നെ കണ്ടു. ആ കൊല്ലത്തിൽ, മൊറോക്കോവിനെ സംബന്ധിച്ചു പ്രാൻസ്സും ജർമ്മനിയും തമ്മിൽ ഉണ്ടായ ഒരു വഴക്കു, 'അൽജിസിരാസ്' എന്ന സ്ഥലത്തുവച്ചു, തമ്മിൽ പറഞ്ഞുതീർത്തപ്പോൾ, ഇംഗ്ലണ്ടുപ്രാൻസ്സിന്റെ ഒരു ഉത്തമബന്ധുവിനെപ്പോ

ലെപ്പെരുമാറി. ഇതിന്റെശേഷം, ഇവർതമ്മിൽ ഗാഢസ്നേഹമായിത്തീർന്നു. ഫ്രൻഫ്രൽ മൊറോക്കൊവിനെപ്പറ്റി തന്നെയുണ്ടായ വേറെ ഒരു വഴക്കിൽ, പ്രാൻസ്സും ജർമ്മനിയും തമ്മിൽ യുദ്ധംതന്നെ ഉണ്ടാകുമെന്നു സംശയംജനിച്ചപ്പോൾ, ഇംഗ്ലണ്ടു പ്രാൻസ്സിന്റെ ഭാഗത്തു നില്ക്കയും, ഈ രണ്ടു രാജ്യങ്ങളിലെയും സൈന്യാധിപന്മാർ തമ്മിൽ സംഭാഷണം നടത്തുവാൻ മന്ത്രിസഭ അനുവദിക്കയും ചെയ്തു. പ്രാൻസ്സും ഇംഗ്ലണ്ടും തമ്മിലുള്ള പരമമായ ബന്ധുത്വം വെളിപ്പെട്ടതു, ഇപ്പോൾ നടക്കുന്ന യുദ്ധത്തിനു കാരണമുണ്ടാകുന്നു. പ്രാൻസ്സുതന്റെ പടിഞ്ഞാറെ സമുദ്രതീർത്തു പറയത്തക്ക കപ്പൽസൈന്യം ഒന്നും സ്ഥാപിക്കാതെ, ഇംഗ്ലണ്ടിന്റെ വാശിത്തത്തെ വിശ്വസിച്ചു, ആ രണ്ടു രാജ്യങ്ങൾക്കും മെഡീറേനിയൻ കടലിൽ വേണ്ടുന്ന രക്ഷയെ സുസാദ്ധ്യമാക്കുന്നതിനായി പരന്തീസ് പടക്കപ്പലുകളെ അവിടെയാണു പ്രതിഷ്ഠിച്ചിട്ടുള്ളതു. പ്രാൻസിന്റെ പടിഞ്ഞാറേക്കടൽക്കരയേ ശത്രുക്കൾ ആക്രമിക്കാതെ നോക്കിക്കൊള്ളാൻ ഇംഗ്ലണ്ടും കൈയേറ്റിട്ടുള്ളതാണ്. ഇവർതമ്മിലുള്ള ബന്ധുത്വം ഇത്ര ശക്തിയുള്ളതായിരിക്കേ, ജർമ്മനിയുടെ ധിക്കാരത്തെ ധ്വംസിപ്പാൻ ഇരുവരും ഒത്തു പ്രവർത്തിക്കുന്നതിൽ അത്ഭുതത്തിനുള്ളലേശവും അവകാശമില്ല.

(൬) ബെൽജിയവും ഇംഗ്ലണ്ടും.

ഇനി പറവാനുള്ളതു, ഇംഗ്ലണ്ടു ബെൽജിയത്തിന്റെ സ്വാതന്ത്ര്യത്തെ രക്ഷിക്കുവാൻ പുറപ്പെട്ടതിനുള്ള കാരണമെന്താണെന്നാണു. ഇവർതമ്മിലുള്ള സ്നേഹം വളരെ പഴകിയതാകുന്നു. പതിനാലാംനൂറ്റാണ്ടിൽ, പ്രാൻസിനു വിരോധമായി പൊരുതിയിരുന്ന ചില ബെൽജിയൻകച്ചവടക്കാരെ, ഇംഗ്ലണ്ടു രക്ഷിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ, ബർഗണ്ടിരാജാവായ ധീരനായ, ചാറൽസ് (ബർഗണ്ടിയുടെ കീഴിലായിരുന്ന അന്നു ബെൽജിയം)- പ്രാൻസുമായി ചെയ്ത യുദ്ധത്തിൽ ഇംഗ്ലണ്ടു അദ്ദേഹത്തെ സഹായിച്ചു. പതിനാറാം നൂറ്റാണ്ടിൽ, സ്പെയിന്റെ കീഴിലായിരുന്ന ഹോളണ്ടിനെയും ബെൽജിയത്തിനെയും സഹായിച്ചതിനു പ്രതികാരമായിട്ടായിരുന്ന സ്പെയിൻ ഒരുവലിയ കപ്പൽസൈന്യത്തെ (The Invincible Armada) ഇംഗ്ലണ്ടിന്റെ നേർക്കയച്ചതു; എന്നാൽ എലിസബത്തിന്റെ പ്രജകൾ അവയെ ഛിന്നഭിന്നമാക്കിക്കളഞ്ഞതു പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ, ഇംഗ്ലണ്ടും പ്രാൻസുമായുണ്ടായിരുന്ന് യുദ്ധങ്ങളുടെ ഉദ്ദേശങ്ങളിൽ ഒന്നു ഹോളണ്ടും ബെൽജിയവും കൂടിയ നെതർലാണ്ട്സിനെ കാത്തുരക്ഷിക്കുകയായിരുന്നു. നെപ്പോളിയന്റെ അധഃപതനത്തിനുശേഷം, വിയനാസദസ്സിൽ (Vienna Congress) വെച്ചു അതുവരെ ആസ്ട്രിയയുടെ കീഴിൽ ഇരുന്നിരുന്ന ബെൽജിയത്തെ ഹോളണ്ടിനോടു കൂടി ഘടിപ്പിക്കണമെന്നായിരുന്നു തീർച്ചയാക്കിയതു. കഷ്ടകാലംകൊണ്ടു, ഈ സംയോജനം ബെൽജിയത്തിനു ഇഷ്ടമായില്ല. യോജിച്ചതിനു പ്രവർത്തിക്കുന്നതാണു ചെറുരാജ്യങ്ങളായ തങ്ങൾക്കു ഇരുകൂട്ടർക്കും നല്ലതെന്നു അറിഞ്ഞിരുന്നിട്ടും, ബെൽജിയം വിയോജനത്തിനു ആവശ്യപ്പെട്ടു. ഉടനടുത്തു മഹാശക്തികൾ ഒരുമിച്ചുകൂടി, ബെൽജിയത്തിന്റെ ആഗ്രഹം ന്യായമായ

താണെന്നു വിധിച്ചു. ബെൽജിയത്തിന്റെ സ്വാതന്ത്ര്യവും സമാധാനജീവിതവും നശിപ്പിക്കുവാൻ അതും പുറപ്പെട്ടതല്ലെന്നു, ആ ശക്തികൾ കാരോന്നത്തും വാശ്ചാനവും ചെയ്തു. ഫ്രഞ്ചുപ്രഷ്യൻ യുദ്ധത്തിൽ, പ്രാൻസ്സും ജർമ്മനിയും ഈ വിശ്വത്തിന്നനുസരിച്ചതന്നെ പ്രവർത്തിച്ചിരുന്നു. എന്നാൽ, ഇപ്പോഴത്തെ യുദ്ധത്തിലാവട്ടെ, ബെൽജിയവുമായി ചെയ്ത കരാറിനു വിരോധമായി അതിക്രമംചെയ്ത ജർമ്മനിയോടു പകരം ചോദിക്കയല്ലാതെ ഇംഗ്ലണ്ടിനു ഗത്യന്തരമില്ലെന്നു, മേൽപറഞ്ഞ സംഗതികൾ ധാരാളം തെളിയിക്കുന്നുണ്ടു. വിശദവും വിലയേറിയതുമായ നമ്മുടെ വാശ്ചത്തിനനുസരിച്ചനാം, ചെറിയതും ഉപയോഗകരമായതും ആയകരു രാജ്യത്തിന്റെ സ്വാതന്ത്ര്യജീവിതം അലങ്കോലപ്പെട്ടുപോകുമെന്നു കണ്ടപ്പോൾ അതിനെ രക്ഷിക്കാൻ പുറപ്പെട്ടതു നമ്മുടെ കടമയായിരുന്നു"- എന്നു ബെൽജിയത്തിനെ ഉദ്ദേശിച്ചു ഇതിനിടയ്ക്കു മിസ്റ്റർ ആസ്ക്വിത്ത് പാർലമെന്റിൽ പറയുകയുണ്ടായി.

(൬) ജർമ്മനിയും ലോകഭീതിയും.

സംഗീതത്തിലൊ, ശാസ്ത്രങ്ങളിലൊ, സാഹിത്യത്തിലോ, മതവിശ്വാസത്തിലൊ ഉൽസുകന്മാരായ പലരും കുറെകാലങ്ങൾക്കു മുമ്പു് ജർമ്മനിയെ വല്ലതെ പേടിച്ചുതുടങ്ങിയാണു് വിചാരിച്ചു വന്നിരുന്നതു. ലോകാഭിവൃദ്ധിക്കായി ജർമ്മനി പലതും ശ്രമിച്ചിട്ടുണ്ടു. ഇങ്ങിനെ ഒക്കെ ആയിട്ടും, മിസ്റ്റർ ആസ്ക്വിത്തു്, ജർമ്മനി യൂറോപ്പിനെ ആകമാനം ഭയവിഹ്വലമാക്കിയിരിക്കുന്നു എന്നു പാർലിമെന്റിൽ വച്ചു് പറകയുണ്ടായി. അദ്ദേഹം ഒന്നും കാണാതെ ഇങ്ങിനെ ഒരു സംഗതി പറകയില്ലല്ലൊ. അദ്ദേഹം ഇപ്രകാരം പറവാൻ കാരണമെന്താണു്? ജർമ്മനിയുടെ സൈന്യവകുപ്പിന്റെ ചരിത്രം ഒന്നു പരിശോധിച്ചാൽ, ഈ ചോദ്യത്തിനു വേണ്ട മറുപടി കിട്ടും. വലിയ ഒരു സൈന്യത്തിന്റെ സഹായമുണ്ടെങ്കിൽ എന്തും നേടാമെന്നുള്ള ഹോഹൻസോളേൺരാജകുടുംബക്കാരുടെ വിശ്വാസം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പ്രസിദ്ധ പ്രഷ്യൻരാജാവായിരുന്ന മഹാനായ പ്രഡറിക്കും (Frederic the Great), അദ്ദേഹത്തിന്റെ പിതാവും, പ്രഷ്യൻസേനയുടെ ശക്തിയെ വർദ്ധിപ്പിക്കാൻ വളരെ ശ്രമിച്ചു. ശക്തിയേറിയ ഒരു സേനയുടെ സഹായംകൊണ്ടു്, പ്രഡറിക്ക് വില്യം, പ്രഷ്യയിലും ബ്രാണ്ടൻബർഗ്ഗിലും മറ്റുമുണ്ടായിരുന്ന ജനപ്രതിനിധികളുടെ സഭകളെ നാമാവശേഷമാക്കി. അച്ഛന്റെ തോതനുസരിച്ചതന്നെ, മകനും പ്രവർത്തിച്ചു. വമ്പിച്ച ഒരു സൈന്യം തന്റെ കീഴിലുണ്ടെന്നുള്ള ധാർഷ്ട്യം തന്നെയായിരുന്നു പ്രഡറിക്ക് അമേരിക്കചെയ്തിരുന്ന ഉടമ്പടിയെക്കിട്ടിയതു. ആസ്ട്രിയാരാജ്ഞിയായ പ്രസിദ്ധപ്പെട്ട മരിയാ തെരേസ(Maria Theresa)യുടെ രാജ്യം ആക്രമിക്കുവാനും സൈലേഷ്യ കൈക്കലാക്കുവാനും യഥാർത്ഥത്തിൽ കാരണമായി തീർന്നതു്. ഈ ഒരു ധാർഷ്ട്യത്തിന്റെ ഫലമായിട്ടുതന്നെയാണു് പ്രഷ്യ, ആസ്ട്രിയയുടെയും റഷ്യയുടെയും സഹായത്തോടുകൂടി, അന്നു് പോളണ്ടിനെ മൂന്നു പ്രാവശ്യം പങ്കുവെച്ചതു്. ഈ മൂന്നു തീവെട്ടിക്കൊള്ളക്കാരുടേയും ക്രൂരകൃത്യത്തിന്റെ ഫലമായി, ലോകത്തിൽ മന്നപ്ര

കാൾച്ചുകൊണ്ടിരുന്ന ഒരു വലിയ രാജ്യം നാമാവശേഷമായിപ്പോയതു കണ്ടാൽ മാത്രമാണു്. വലിയ ഒരു സൈന്യത്തിന്റെ ശക്തി ചൊൽപ്പടിയിലുണ്ടെങ്കിൽ, എന്തും നേടാമെന്നുള്ള ബലമായ വിശ്വാസം, പത്തൊമ്പതാം നൂറാണ്ടിലും പ്രഷ്യയെ ആവേശിച്ചിരുന്നു. വലിയ ഒരു സൈന്യം ശേഖരിക്കുന്നതിനു് എന്തു ചെയ്യാനും പ്രഷ്യ തയ്യാറാണെന്നതിനു, ഫ്രഡറിക് ബിസ്മാർക്ക് പാർലിമെണ്ടിന്റെ അനുവാദംകൂടാതെ സൈന്യം ശേഖരിച്ചതുതന്നെ ലക്ഷ്യമാണല്ലൊ. ജനങ്ങളെ യുദ്ധവൃത്തി പരിശീലിപ്പിക്കുന്നതിനും, വേണ്ടതായ ഉപകരണങ്ങൾ എല്ലാം സംഭരിക്കുന്നതിനും, എത്രതന്നെ പണം ചെലവിട്ടാലും അതു കൃത്യമായി ജർമ്മൻഗവർമ്മേണ്ടിനു തോന്നുന്നതല്ല. ജർമ്മൻഗവർമ്മേണ്ടു തങ്ങളുടെ സൈന്യത്തെ ബലവത്താക്കി തീർത്തുകൊണ്ടാണു, ജർമ്മനിമൂലം യൂറൊപ്പ് ഭയവിഹ്വലമായി തീർന്നിരിക്കുന്നതു്. പ്രഷ്യയിൽ എങ്ങിനെയോ, അതുപൊലെതന്നെ, ജർമ്മനിയിലും യുദ്ധപരിശീലനം ഉത്സാഹമായി നടത്തിവരുന്നുണ്ടു. പതിനേഴു വയസ്സിനു മേലെയും നാല്പത്തഞ്ചു വയസ്സിനു കീഴേയും പ്രായമായ എതു ജർമ്മൻകാരനും യുദ്ധംചെയ്യാൻ ശീലിച്ചിരിക്കണം. ഏതു സമയത്തും യുദ്ധംചെയ്യുവാൻ അവർ ഒരുക്കമായിരിക്കണം. ഈ നിശ്ചയത്തിന്റെ ഫലമായി, ഇപ്പോൾ ജർമ്മനിയുടെ ആജ്ഞയിൻകീഴിൽ, നാല്പതോ അമ്പതോ, ലക്ഷം ഭടന്മാരുണ്ടു. ഇത്രവലിയ ഒരു സൈന്യം യൂറൊപ്പിന്റെ ഭയബീജമായതിൽ അത്ഭുതപ്പെട്ടുവാൻ എന്തുള്ളൂ? ജർമ്മനി കാണിക്കുന്നതുകണ്ടു്, ലൊകത്തിന്റെ ഇതരരാജ്യങ്ങളും സൈന്യങ്ങളെ വർദ്ധിപ്പിക്കുന്നതിനും, യുദ്ധോപകരണങ്ങൾ ശേഖരിക്കുന്നതിനും, മനമില്ലാമനമോടെ പുറപ്പെടേണ്ടിവന്നിട്ടുണ്ടു്. ഓരോ രാജ്യത്തിലും വർഷംതോറും ഇതിലേക്കു വന്നിരുന്ന ചെലവു് എത്രയോ ഏറിയിരുന്നു. ജനങ്ങൾ നികുതികൊടുത്തു കഴങ്ങി. എന്നാൽ, അതിനു പകരമായി വർദ്ധിച്ച സാമ്പത്തികസംബന്ധമായോ, സമുദായസംബന്ധമായോ പറയത്തക്ക ഗുണമൊന്നും അവർക്കു ലഭിച്ചിരുന്നുമില്ല. ഇതുനിമിത്തം യൂറൊപ്പിൽ പലർക്കും ജർമ്മനിയോടു വെറുപ്പും തോന്നീട്ടുണ്ടു്. യൂറൊപ്പിൽ ഒരു രാജ്യവും ക്രമംവിട്ടു പ്രബലമായി തീരരുതെന്നാണു മിക്ക രാജ്യതന്ത്രജ്ഞന്മാരുടേയും വിചാരം. അതുകൊണ്ടാണു സൈന്യവർദ്ധനയിലേക്കുവേണ്ടി ഓരോ രാജ്യവും അനേകലക്ഷം പവൻ വർഷംതോറും വ്യയംചെയ്യുന്നതു.

ജർമ്മനിയുടെ സൈന്യപരിശീലനം പുനരുജ്ജീവനത്തിന്റെ കോട്ടം ഒരു സംഗതിയിൽ വിശദമായിട്ടുണ്ടു. സൈന്യത്തിൽ ജോലിയെടുക്കാതിരിക്കുന്ന സകല ജർമ്മന്മാരെയും ഭടന്മാർ പുച്ഛിക്കുകപതിവാകുന്നു. തെരുവിൽക്കൂടെ നടക്കുമ്പോൾ സൈന്യവകുപ്പിൽ പെടാത്ത ഒരുവൻ ഒരു ഭടനെ ഒന്നു തള്ളിയാൽ, ഉടനെ ആ ഭടൻ വാളൂരി, തള്ളിയവനെ സംഹരിക്കുമെന്നാണു സൈന്യനിയമത്തിലെ നിശ്ചയം! ഇതുമൂലം ജർമ്മനിയിൽ പലെടത്തും ലഹളകൾ ഉണ്ടായിട്ടുണ്ടു. ഒരു സൈന്യാധിപൻ പൊതുജനപ്രതിനിധിയോഗത്തിൽ കടന്നുചെന്നു, അവിടെയുള്ളവരെ ആസകലം നിർദ്ദയമായി അവമാനിച്ചതു ഇയ്യിടയ്ക്കു മാത്രമായിരുന്നു. ജർമ്മൻഭടന്മാരുടെ കൊടിയടയാളം തന്നെ 'കൂസൽകൂടാതെ അ

ക്രമം ചെയ്ത' എന്നാണോ എന്നുകൂടി ആ ക്ഷം സംശയംതോന്നും. ഈ യുദ്ധത്തിനിട യ്ക്കുതന്നെ, ലോവയൻ, ബ്രസത്സ്", ഷാറ ട്രായി, റിംസ്" എന്നീ സ്ഥലങ്ങളിൽ വച്ചു ജർമ്മൻസൈന്യം ചെയ്തിട്ടുള്ള നിഷ്ഠുരകർമ്മങ്ങളും വിനാശവും ആരാലും ഗർഹണീയം തന്നെയാകുന്നു.

സൈന്യത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിൽ, ഇപ്പോഴത്തെ കെയിസർ, ബിസ്മാർക്കിന്റെ നയം തന്നെയാണു സ്വീകരിച്ചിട്ടുള്ളതു. എന്നാൽ, ജർമ്മൻകാര്യങ്ങളെ കൊണ്ടു നടപ്പാൻ ഇപ്പോൾ ഒരു ബിസ്മാർക്കോ, അദ്ദേഹത്തിനെപ്പോലെ ബുദ്ധിശക്തിയുള്ള വേറെ ഒരാളോ ഇല്ലെന്നുള്ളതാണു അന്യരാജ്യക്കാർക്കു വലിയ ഒരു സമാധാനമായി തീർന്നിട്ടുള്ളതു. ഇപ്പോഴത്തെ ജർമ്മൻ ചക്രവർത്തി (കെയിസർ)യുടെ നിശ്ചയം തന്നെ, തന്നേക്കാൾ സാമർത്ഥ്യമേറിയവർ ആരും മന്ത്രിപുംഗവന്മാരിൽ ഉണ്ടാകരുതെന്നാണു. ഇതു കാരണമാണു അദ്ദേഹം ചക്രവർത്തി ആയ ഉടനെതന്നെ ബിസ്മാർക്കിനെ മന്ത്രിസ്ഥാനത്തുനിന്നു പിരിച്ചതു. എന്നാൽ കെയിസർ വിൽഹെം—(ചക്രവർത്തിയുടെപേരിതാണു)—ബിസ്മാർക്കിനോളമെങ്കിലും കാര്യശേഷിയുള്ളവനാണോ? വൈരികളായിരുന്ന ആസ്ത്രിയയേയും റഷ്യയേയും തന്റെ കൊരോ കീശയിൽ ഇട്ടുകൊണ്ടു നടന്നിരുന്ന ബിസ്മാർക്കു പണിയിൽനിന്നു പിരിഞ്ഞ ഉടനെ തന്നെ, ജർമ്മനിയും റഷ്യയും തമ്മിൽ തെറ്റി. ഇതാണു ഇതിനുമുമ്പിൽ പ്രസ്താവിച്ചിട്ടുള്ള 'ടിപ്പിടം' ആണ്ടോണ്ടു' ഉണ്ടാകുവാൻ സഹായിച്ചതു. "ഈ യുദ്ധകാലത്തു ഒരു ബിസ്മാർക്കുണ്ടായിരുന്നെങ്കിൽ, ജർമ്മനി ഇരുവശങ്ങളിലെ ശത്രുക്കളോടു നേരിടേണ്ടി വരുകയില്ലായിരുന്നു; ബിസ്മാർക്കു തന്റെ നയംകൊണ്ടും കൌശലംകൊണ്ടും പ്രബലന്മാരായ ഇംഗ്ലണ്ടിനേയും ജപ്പാനേയും അനങ്ങാൻ ആവാത്ത നിലയിൽ കെട്ടിയിട്ടുമായിരുന്നു"— എന്ന സരസനായ ഒരു പ്രസംഗകന്റെ ഇടയ്ക്കിടെ പറകയുണ്ടായി. അദ്ദേഹം പറഞ്ഞതിൽ വളരെ വാസ്തവമുണ്ടു. പ്രാപ്തന്മാരായ മന്ത്രിമാരാരും ജർമ്മനിയിലില്ലാത്തതുകൊണ്ടു, പരിഷ്കൃതലോകത്തിനു ഭയജനകമായി തീർന്നിട്ടുള്ള ഏകസംഗതി ജർമ്മൻപടയുടെ വലുപ്പം മാത്രമാകുന്നു. ഇതു വലിയൊരു ഭാഗ്യംതന്നെയാണു, സംശയമില്ല.

(൨) ഇറാലിയുടെ നില.

ഇറാലിയും ജർമ്മനിയും ആസ്ത്രിയയും ഉടമ്പിടികളിൽ തമ്മിൽ ബന്ധിക്കപ്പെട്ടിരുന്നിട്ടും, എന്തുകൊണ്ടാണു യുദ്ധത്തിൽ ഇറാലി അവരെ സഹായിക്കാതെ പിൻവലിച്ചിരിക്കുന്നതു? ഇറാലി തന്റെ *പഴയ

* ഇറാല്യെ ഒരുമിച്ചുചേർത്തു് ഒരു രാജാവിന്റെ ഭരണത്തിങ്കീഴിലാക്കുന്ന വിഷയത്തിൽ വിരോധമായി നിന്നിരുന്നതു ആസ്ത്രിയയാണു്. ഗാരിബാൾഡി, മാസിനി, കാവോർ എന്നീ സ്വരാജ്യസ്നേഹികളുടെ അശ്രാന്തപരിശ്രമവും, പ്രഞ്ചുരാജാവായ മൂന്നാം നെപ്പോളിയന്റെ (Napoleon III) സഹായവും കൊണ്ടു, റോമ ഒഴിച്ചു ബാക്കിയുള്ള സ്ഥലങ്ങളെല്ലാം ഏറ്റവുടൻ സർഡീനിയാ (Sardinia) രാജാവിന്റെ കീഴിൽ വന്നു. റോമയിൽ നിർത്തിയിരുന്ന പ്രഞ്ചുസൈന്യം പ്രാങ്കോ-ജർമ്മൻയുദ്ധകാലത്തു പ്രാൻസിലേക്കു പോയപ്പോൾ, റോമയും ഇറാലി രാജാവിന്റെ കീഴിൽ വന്നു. ഇതുകൊണ്ടു ആസ്ത്രിയക്കു വലിയ വ്യസനമാണു സംഭവിച്ചതു

(൧൮.) അടുത്തകാലത്തുണ്ടായ കാരണങ്ങൾ

യുദ്ധം ആരംഭിപ്പാൻ പല കാരണങ്ങളും ഉണ്ടായിരുന്നുവെങ്കിലും, ബൊസ്നിയയുടെ തലസ്ഥാനനഗരമായ സരജിവൊ എന്നെടത്തുവച്ച്, 'ഗാവ്രിയൊ പ്രിൻസിപ്സ്' (Gavris Prinzips) എന്നപേരായ ഒരു സെർവിയൻവിദ്യാർത്ഥി ആസ്ട്രിയാരാജകീരീടാവകാശിയായിരുന്ന ആർച്ച്ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനണ്ടിനേയും പത്നിയേയും കൊലചെയ്ത എന്ന സംഗതിയിലാണ് യുദ്ധം ആരംഭിച്ചതു. ഈ കൊലയ്ക്കുള്ള കാരണം എന്തായിരിയ്ക്കും? പരേതനായ ആർച്ച്ഡ്യൂക്കിന്റെ മുഖ്യമായ ഒരു ഉദ്ദേശം ആസ്ട്രിയാഹങ്ഗറിയുടെ ഭരണവ്യവസ്ഥ ഒന്നു മാറ്റി, ജർമ്മൻകാക്കും മാഗ്യർമാക്കും ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്രാധികാരങ്ങൾ, ഇതുവരെ രാജ്യഭരണകക്ഷികളോടു ഉപദ്രവം സഹിച്ചുകൊണ്ടിരുന്ന സ്ലാവന്മാർക്കും അനുവദിക്കണമെന്നും; ബാൾക്കൻരാജ്യങ്ങളിലുള്ള സ്ലാവന്മാരേയും ആസ്ട്രിയാഹങ്ഗറിയുടെ ആധിപത്യത്തിൻകീഴിൽ കൊണ്ടുവരണമെന്നും ആയിരുന്നു. അദ്ദേഹത്തിന്റെ ഈ ഉദ്ദേശത്തിനെയാണ് ത്രിയാലിസം (Trialism, മൂവ്വരുടെ രാജ്യഭാരം) എന്നു വിളിച്ചുവരുന്നതു. ഈ ഉദ്ദേശം സെർവ്വിയയ്ക്കു സെർബുകാരെ എല്ലാം ഒരുമിച്ചു കൂട്ടിഭരിക്കണമെന്നുള്ള ആഗ്രഹത്തിനു പ്രതിബന്ധമായിതീരുമായിരുന്നു. ഈ പ്രതിബന്ധം ഒഴിപ്പാനായ് രിക്കാം ഘാതകൻ രാജകുമാരനെ കൊലചെയ്തതു.

ആസ്ട്രിയാഹങ്ഗറിയുടെ ഭാവം, മേപ്പടി ഘാതകന്റെ പ്രവൃത്തിക്കു സെർവ്വിയ 'ഉള്ളായിനിന്നിട്ടുണ്ടായിരുന്നു എ

ശത്രുവായ ആസ്ട്രിയയോടുകൂടി ചേർന്നപ്പോൾ പലരും ആ പ്രവൃത്തി കണ്ടു് ആശ്ചര്യപ്പെട്ടു. എന്നാൽ, ഇറ്റലി അങ്ങിനെ ഒരു പ്രവൃത്തി ചെയ്തതു്, ഇറ്റലിക്കു സമീപം കിടക്കുന്നതും ആഫ്രിക്കയുടെ വടക്കേ അറ്റത്തുള്ളതും ആയ ട്യൂണിസിനെ അപ്പോൾ കൈക്കേറി കൂടിയേറിപാർത്ത പ്രാൻസിനെ ശങ്കിച്ചിട്ടായിരുന്നു. ഇപ്പോൾ ഇറ്റലി യുദ്ധത്തിനു പോകാതിരിക്കുന്നതിനു പല കാരണങ്ങളുമുണ്ടു. ഇറ്റലി ഇംഗ്ലണ്ടും പ്രാൻസുമായി ചില ഉടമ്പടികൾ ചെയ്തിട്ടുണ്ടു; അവർ ഇപ്പോൾ സഖ്യത്തിലാണിരിക്കുന്നതും. എന്നുതന്നെയല്ല, പല ഇറ്റാലിയരും ഇംഗ്ലണ്ടിനെ ജർമ്മനിയേക്കാൾ അധികം സ്നേഹിക്കുന്നു. ഇറ്റലി ആസ്ട്രിയയുമായി ചെയ്തിട്ടുള്ള ഉടമ്പടിപ്രകാരം, ആസ്ട്രിയയുടെ വല്ലഭനും ഉപദ്രവിച്ചാൽ മാത്രമേ, ഇറ്റലി ആസ്ട്രിയയെ സഹായിപ്പാൻ കടപ്പെട്ടിട്ടുള്ളു. ഈ അവസരത്തിൽ ആസ്ട്രിയ സെർവിയയെ ആക്രമിക്കയാണല്ലൊ ചെയ്തതു്. അതുകൊണ്ടു ആസ്ട്രിയയെ ഇറ്റലി സഹായിക്കേണ്ട ആവശ്യമില്ല. എന്നുമാത്രമല്ല, ആസ്ട്രിയ, ബാൾക്കൻരാജ്യങ്ങളിൽ കടന്നുവരുന്നതു ഇറ്റലിയുടെ സുഖജീവിതത്തിനു ഹാനികരവും ആയിരിയ്ക്കും. അഥവാ, ഈ കാരണങ്ങളൊന്നും പോരെങ്കിൽ, മുമ്പുചെയ്ത ആസ്ട്രിയയുമായി സഖ്യവും ഉടമ്പടിയും ഉണ്ടായിരുന്ന കാലത്തു, ജർമ്മനി ആസ്ട്രിയയ്ക്കു വിരോധമായി റഷ്യയുമായി ചെയ്ത കരുതമ്പടിയെ ചൂണ്ടിക്കാണിച്ചു് ഇറ്റലിക്കു ന്യായംപറഞ്ഞു ഒഴിവാനും സാധിക്കുന്നതാണു്.

ന്നാണ്. ഈ വിശ്വാസത്തെ ആധാരമാക്കി ആസ്ട്രിയ സേർവിയയോട് സമാധാനം ചോദിച്ചു. സമാധാനം പറയണമെന്നാവശ്യപ്പെട്ടിരുന്ന പതിനൊന്നു സംഗതികളിൽ, പത്തിനും മറുപടി, ആസ്ട്രിയയുടെ ഉദ്ദേശത്തിനനുസരിച്ച് പ്രവർത്തിക്കാമെന്നായിരുന്നു. "ആസ്ട്രിയാഗവർമ്മെണ്ടിന്റെ ക്ഷേമത്തിനു വിരോധമായി സേർവിയയിൽ നടക്കുന്ന ഉപജാപങ്ങളെ അമർത്തുന്നതിന് ആസ്ട്രിയാഹങ്ഗറിയിലെ പ്രതിനിധികളെ സേർവിയാക്കാരുടെ സഹായമായി നില്പാൻ അനുവദിക്കണമെന്നും, സെറജിവോവിൽ വച്ചുണ്ടായകാര്യത്തിനു ഉള്ളായിനിന്ന സേർവിയക്കാരെ വിസ്തരിക്കുവാൻ ആസ്ട്രിയയുടെ പ്രധിനിധികളേയും അനുവദിക്കണമെന്നും" ഉള്ള പതിനൊന്നാമത്തെ സംഗതിമാത്രം സേർവിയ ഉപേക്ഷിച്ചതായിട്ടാണ് അറിയുന്നത്. ഈ ഒരു സംഗതി സമ്മതിച്ചില്ലെന്നുവെച്ചു ആസ്ട്രിയ യുദ്ധത്തിനു പുറപ്പെട്ടതു കുറെ കരുതൽകുറവായി എന്നു പിന്നീടുണ്ടായ സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. യുദ്ധം തുടങ്ങുന്നതിനുമുമ്പു ആസ്ട്രിയയിലുണ്ടായിരുന്ന ഇംഗ്ലീഷുപ്രതിനിധി ഈ ഇടയിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു റിപ്പോർട്ടിൽ ജർമ്മനി തിട്ടപ്പെടുത്തിയില്ലെങ്കിൽ ആസ്ട്രിയാ ഇങ്ങിനെ പ്രവർത്തിക്കയില്ലായിരുന്നു, എന്നു പറഞ്ഞുകാണുന്നു. ഇതിൽ വാസ്തവം ഉണ്ടെങ്കിലും ഇല്ലെങ്കിലും, യുദ്ധം ഇപ്പോൾ തുടങ്ങുവാനുള്ള ഒരു പ്രധാനകാരണം ജർമ്മനിയാണ് എന്നതിനു വാദമില്ല. സേർവിയയെ പിടിച്ചടക്കുവാൻ ആസ്ട്രിയയെ അനുവദിച്ചുവെച്ചു, തന്റെ സൈന്യങ്ങളെ മാറ്റോടിക്കുകളിലേക്കു അയച്ചതുകൊണ്ടു റഷ്യയോട് അങ്ങിനെ ചെയ്യരുതെന്നു ശാസിപ്പാൻ പുറപ്പെട്ടതും യുദ്ധം തുടച്ചയാക്കിയതായി അറിയിക്കുന്നതിനുമുമ്പു പ്രാൻസിനെ ആക്രമിച്ചതും, 'ഞങ്ങൾ ഒന്നിനുമില്ല' എന്നു പറഞ്ഞിരുന്ന ബെൽജിയം, സ്വിറ്റ്സർലാണ്ട്, ലക്സംബുർഗ്, മുതലായ രാജ്യങ്ങളിൽ ബലാല്കാരമായി കടന്നതും ജർമ്മനിയാണ്. അതുകൊണ്ടു, "അത്യാവശ്യംവരുമ്പോൾ ന്യായമൊന്നും ഇല്ലാ" എന്നുപറഞ്ഞു പെരുമ്പറയടിച്ചു പുറത്തിറങ്ങിയ ജർമ്മനിയുടെ അഹന്തയെ തന്നെയാണ് ഒന്നു തട്ടിയുടയ്ക്കേണ്ടതു എന്നു സകല നിഷ്പക്ഷപാതികളും സമ്മതിക്കും.

(൫) ഉപസംഹാരം

അവസാനമായി, ജപ്പാൻ ജർമ്മനിയുടെ എതുകക്ഷിയിൽ ചേരുവാനുണ്ടായ കാരണത്തെയാണ് അന്വേഷിക്കേണ്ടതു. ജപ്പാനും ഇംഗ്ലണ്ടുമായിട്ടുള്ള ഒരു ഉടമ്പടി അനുസരിച്ചു, കിഴക്കൻസമുദ്രങ്ങളിൽ സമാധാനപരിപാലനത്തിൻ ആരണ്ടു രാജ്യങ്ങളും കടപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ, വേറെ ഒരു കാരണമുള്ളതു കാലപ്പഴക്കംവന്നിട്ടുള്ള ഒരു മുഷിച്ചലാണ്. ഫ്രഞ്ചുകാരും ചൈനയും ജപ്പാനുമായുണ്ടായ യുദ്ധം കലാശിച്ചപ്പോൾ, ചൈനഉടമ്പടിപ്രകാരം കുറെ സ്ഥലങ്ങളും ഒരു വലിയ സംഖ്യയും, സംഖ്യ കൊടുക്കുന്നതുവരെ പണയമായി ചില സ്ഥലങ്ങളും, ജപ്പാനു കൊടുക്കണമെന്നു തീർച്ചയാക്കി. ഈ തീർച്ച പ്രാൻസ, ജർമ്മൻ, റഷ്യ എന്നീ രാജ്യങ്ങൾക്കു ഹിതമായില്ല. ജപ്പാൻ ചൈനയിൽ സ്ഥിരമായി കടിയേറിപ്പാർക്കുന്നതു ചൈനയുടെ സ്വാതന്ത്ര്യത്തിനും ഹാനികരമായി തീരുമെന്നും, അതുകൊണ്ടു ജപ്പാൻ അങ്ങ

നെ ചെയ്യരുതെന്നും അവർ ജപ്പാനെ ഉപദേശിച്ചു. ജപ്പാനു അപ്പോൾ ഈ "ഉപദേശം" സ്വീകരിക്കയല്ലാതെ നീക്കുപോക്കു ഒന്നും ഉണ്ടായിരുന്നില്ല. ജപ്പാനോടു ചൈനയിൽ കടക്കരുതെന്നു പറഞ്ഞ മഹാശക്തികളുടെ ഉദ്ദേശം ഉടനെ വെളിവായി. റഷ്യക്കും പ്രാൻസിനും ചൈനയിൽ പല സൌകര്യങ്ങളും, ചില സ്ഥലങ്ങളും കിട്ടി. മിണ്ടാതിരുന്നാൽ ഒരു ഗുണവും ഉണ്ടാകയില്ലെന്നു കണ്ടിട്ടോ എന്നുതോന്നും, ജർമ്മനി, കയാച്ചൌവിൽവച്ചു രണ്ടു പാതിരിമാരെ ചീനന്മാർ വധിച്ചുഎന്നു ഒരു അപരാധവും ആരോപിച്ചു കൊണ്ടുപുറപ്പെട്ടു, ചൈനയുടെ അടുക്കൽ നിന്നു കയാച്ചൌഉൾക്കടലിനെ തൊണ്ണൂറൊമ്പതു കൊല്ലത്തേക്കു കാലാവധിവെച്ചു പാട്ടമായി എഴുതു വാങ്ങി. തന്നോടു ന്യായംപറഞ്ഞ ജർമ്മനിയുടെ അപമര്യാദയേയും അന്യായപ്രവൃത്തിയേയും ആണു ജപ്പാൻ ഇപ്പോൾ ധ്വംസിക്കുന്നതു. ജപ്പാനും ജർമ്മനിയുമായുള്ള കച്ചവടസംബന്ധമായ മത്സരവും ഈ യുദ്ധത്തിനുള്ള ചെറുകാരണങ്ങളിൽ ഒന്നാണു.

ഇപ്പോൾ ഇംഗ്ലണ്ടു, ഫ്രഞ്ചു, പ്രാൻസ്, ജപ്പാൻ എന്നീ നാലു മഹാശക്തികളും, ബെൽജിയം, സേർവ്വിയ, മോണ്ടനീഗ്രോ എന്നീ മൂന്നു ചെറിയ രാജ്യങ്ങളും കൂടിയാണു യൂറൊപ്പിലും ലോകത്തിന്റെ അന്യഭാഗങ്ങളിലും വെച്ചു ആസ്ട്രിയയോടും ജർമ്മനിയോടും മല്ലിട്ടതു.

നാം ദിനംപ്രതി കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ ഏതൊരു മഹായുദ്ധപ്പെറിയാണോ, ആ യുദ്ധം രണ്ടുമഹാരാഷ്ട്രക്കാർ തമ്മിലുള്ള ഒരു പോരാട്ടമാകുന്നു; അതു കൈയുക്കുള്ളവൻ കാര്യക്കാരനു എന്നു പറഞ്ഞു പുറപ്പെട്ടവരുടെ വാദം നിഷ്പലമാണെന്നു ദൃഷ്ടാന്തസഹിതം ലോകത്തെ മനസ്സിലാക്കുവാനായി നടത്തുന്ന ഒരു മഹായുദ്ധമാണു; അതു, ലോകത്തിൽ വലിയവയും ചെറിയവനും ആയ രാജ്യങ്ങൾ തുല്യസ്വാതന്ത്ര്യത്തോടെ കാലയാപനംചെയ്യണമെന്നുള്ള പ്രകൃതിയുടെ ശാസനയെ നടപ്പിൽവരുത്തുവാനായി ചെയ്യുന്ന ഒരു മഹാപരിശ്രമമാണു; അതു, യോദ്ധാക്കൾ മാത്രമേ ലോകത്തിൽ ആരാധനയ്ക്കു അർഹന്മാരായിട്ടുള്ളു എന്നുള്ള ന്യായത്തെയും, തൻകായ്യംനേടുന്നതിനു ബലവാന്മാർക്കു എന്തും ചെയ്യാമെന്നുള്ള വാദത്തേയും സമൂലം ഛേദിപ്പാനായി ആരംഭിച്ചിരിക്കുന്ന ഒരു ഘോരസമരമാണു; ഇതുമല്ല, അതു കച്ചവടമത്സരത്തിലും അധിനിവാധിപത്യത്തിലും ആരെല്ലാമാണു മുന്നണിയിൽ നില്പുണ്ടതെന്നു തീർച്ചയാക്കുന്ന ഒരു ഭയങ്കരരണമാണു. ഇങ്ങിനെ എല്ലാം ഇരിക്കുന്ന ഒരു യുദ്ധത്തിന്റെ വാർത്തകൾ അറിവാൻ ആർക്കുതന്നെ കൌൽസുക്യവും ഉൽകണ്ഠയും ഉണ്ടാകാതിരിക്കയില്ല?

—അമ്പാടി നാരായണമേനോൻ, ബി. എ.

യുദ്ധവും നമ്മുടെ ചുമതലയും.

പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയിരിക്കുന്നു എന്നു ഗണിക്കപ്പെട്ടുന്ന പാശ്ചാത്യരാജ്യങ്ങളെല്ലാം വെറും കാടുകളായും, അവിടെ അധിവസിച്ചിരുന്ന ജനങ്ങളെല്ലാം മൃഗപ്രായന്മാരായ കാടന്മാരായും ഇരുന്നിരുന്ന കാലത്തു കൂടി, വളരെ

വിസ്മയനീയമായ ഒരു ഉന്നതാവസ്ഥയെ പ്രാപിച്ചിരുന്ന ഒരു രാജ്യമാകുന്നു നമ്മുടെ ഇന്ത്യാ. അന്നുതുടങ്ങി ഇന്നുവരെ ഇന്ത്യയിൽ ഉണ്ടായിട്ടുള്ള വിവിധപരിണാമങ്ങളും, മാറ്റങ്ങളും, കലാപങ്ങളും, തുടരെത്തുടരെ ഉണ്ടായിട്ടുള്ള അന്യരാജാക്കന്മാരുടെ ആക്രമണങ്ങളും, അതുകൊണ്ടെല്ലാം ഉണ്ടായിട്ടുള്ള അനേകം ഗ്രഹണദോഷങ്ങളും, മാച്ചാലും മായാത്ത വിധത്തിൽ, രാജ്യമെങ്ങും പതിഞ്ഞുകാണുന്നുണ്ട്. ഭരണകർത്താക്കന്മാർക്കും ഭരണരീതിക്കും അപ്പോഴപ്പോഴായി ഇരുവളരെ മാറ്റമുണ്ടായിട്ടുള്ള ഒരു രാജ്യം വേറെ ഇല്ലെന്നുതന്നെ പറയാം. ഗ്രീക്കുകാർ, ആഫ്ഗാൻകാർ, മുകിളർ, പേഷ്യാക്കാർ, പോർത്തുഗീസ്സുകാർ, ഡച്ചുകാർ, പ്രഞ്ചുകാർ, എന്നുതുടങ്ങി പലേ വർഗ്ഗക്കാരും ജാതിക്കാരും, നാട്ടുകാരും ഇന്ത്യയിൽ ഓരോ കാലങ്ങളിൽ പ്രവേശിക്കയും, അവരുടെ എല്ലാം ഭരണരീതികളും നയവ്യത്യാസങ്ങളും അവകൊണ്ടുണ്ടായിട്ടുള്ള ഗുണാഗുണങ്ങളും ഇന്ത്യ അനുഭവിക്കയും ചെയ്തിട്ടുണ്ട്.

അടിതെറ്റി മലവെള്ളത്തിൽ വീണ്, ഒന്നുമിക്കിലും പിടിത്തംകിട്ടാതെ, കണ്ടതിനേലെല്ലാം മുട്ടിക്കൊണ്ട് ഒലിച്ചുപോകുന്ന ഒരു ഭാഗ്യഹീനൻ, ഒടുവിൽ ദൈവഗത്യാ കൈയ്യിൽ കിട്ടിയ ഉറച്ച കുറ്റിയെ ഒരിക്കലും വിട്ടുകളയുന്നതല്ലല്ലൊ. എതാണ്ട് ഇതുപോലെതന്നെ ആകുന്നു ഇന്ത്യയുടേയും അവസ്ഥ: ഭയങ്കരമായ ഒരു ഒഴുക്കിൽപെട്ട്, ശ്വാസംമുട്ടി ബലം നശിക്കാറായപ്പോൾ, ഭാഗ്യവശാൽ കിട്ടിയ ഒരു കുറ്റിയാകുന്നു ബ്രിട്ടീഷിന്റെ ചെങ്കോൽ. ഇന്ത്യയുടെ ക്ഷീണം തീർന്നും, ബലം വർദ്ധിച്ചും, അകം തെളിഞ്ഞും, മിഴികൾ തുറന്നും ശക്തികൾ ഏകോപിച്ചും വരുന്നതോടുകൂടി, ഇതിലും ഗുണകരമായ സ്ഥിതി വേറെ ഉണ്ടാകുന്നതിനും, അതിലേക്ക് ശ്രമിക്കേണ്ടതിനും തോന്നുന്നുണ്ടെങ്കിൽ, അതിൽ അത്ഭുതമില്ല. എങ്കിലും ജീവൻ രക്ഷിച്ച് ഉണർച്ച നല്കിയ ശക്തിയുടെ മാഹാത്മ്യത്തെ മറക്കയാകട്ടെ, കൃതഘ്നതയോടേ അതിനെ വർത്തകളകയാകട്ടെ, അതുകൊണ്ടുണ്ടായിട്ടുള്ള അനുഭവനീയമായ ഗുണങ്ങളെ നിഷേധിക്കയാകട്ടെ ഇന്ത്യ ഒരിക്കലും ചെയ്യുന്നതല്ല.

ബ്രിട്ടീഷ് സാമ്രാജ്യം ഇന്ത്യയിൽ ഉറപ്പിച്ച് കഴിഞ്ഞ-ൽ ഗുണവതിയായ വിക്ടോറിയാ മഹാരാജ്ഞിയുടെ രാജകീയവിളംബരം പ്രസിദ്ധപ്പെടുത്തിയതിനു ശേഷം, ഇന്ത്യാക്കാരായ നമുക്ക് അരാജകത്വമെന്തെന്ന അനുഭവപ്പെട്ടിട്ടില്ല. "കൈയൂക്കുള്ളവൻ കാര്യക്കാരൻ" എന്ന പ്രമാണത്തെ അനുസരിച്ച്, രാജ്യമെല്ലാം അലകോലപ്പെടുത്തി, രാജനിവാസികളുടെ നിത്യകർമ്മാനുഷ്ഠാനങ്ങൾക്കു വിഘ്നംവരുത്തുന്ന തീവെട്ടിക്കൊള്ളക്കാരും, ദുർമ്മോഹികളും നിഷ്ഠുരന്മാരുമായ നായകന്മാരും നാമാവശേഷമായിത്തീർന്നു. സോമനാഥക്ഷേത്രത്തിലെ ബിംബത്തെ പറിച്ചെടുത്തു ചവിട്ടിയുടച്ച ഗസ്നിമഹമ്മതിന്റെയും, ഹിന്തുരാജാക്കന്മാരേയും പ്രജകളേയും ഉപദ്രവിച്ച ഔറംഗസീബിന്റെയും, വാളും കുറാനും കൊണ്ട് കൈയിലെടുത്തു ഹിന്തുക്കളെ ഭയപ്പെടുത്തി മതംമാറ്റി, രാജ്യം മുടിച്ച ടിപ്പുസുൽത്താന്റെയും, അയൽരാജ്യങ്ങളിൽ ആകസ്മികമായി ആവർഭവിച്ച്, യുദ്ധസന്നദ്ധന്മാരല്ലാത്ത തദ്ദേ

ട്ടുകാരെ ഭയവിഹ്വലന്മാരാക്കി, കണ്ടതെല്ലാം പിടിച്ചുപറിച്ചിരുന്ന ഭയങ്കരന്മാരായ മഹാരാഷ്ട്രന്മാരുടെ കുതിരപ്പട്ടാളത്തിന്റെയും, അതിക്രമങ്ങളും നമുക്ക് വെറും ചരിത്രകഥകളാ ആയിത്തീർന്നു. സമാധാനവും സംതൃപ്തിയും രാജ്യത്തെങ്ങും വിരാജിച്ചിരിക്കുന്നതിനും, ആഭ്യന്തരകലഹങ്ങളിൽനിന്നും അന്യശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും വിമുക്തന്മാരായി സുഖസൌകര്യങ്ങളോടുകൂടി രാജ്യോന്നതിക്കു പരിശ്രമിക്കുവാൻ ഇപ്പോൾ സാധിക്കുന്നതിനും കാരണം, ബ്രിട്ടീഷ് ചെങ്കോലിന്റെ നിശ്ചഞ്ചലമായ ശക്തി തന്നെയാത്രമാകുന്നു.

പരിഷ്കൃതരാഷ്ട്രങ്ങളെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളോടു കിടപിടിക്കേണമെങ്കിൽ ഇന്ത്യയ്ക്കു ഇനിയും അനേകകാര്യങ്ങൾ സാധിക്കുവാനുണ്ട്. മതം, ആചാരം, ഭാഷ, രാജ്യസ്ഥിതി എന്നിങ്ങനെ എന്തുകൊണ്ടും എന്തുംകൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്ന ഇന്ത്യാനിവാസികൾക്കെല്ലാം ഏതൊരുകാലത്താണു, തങ്ങളെല്ലാം ഇന്ത്യാമാതാവിന്റെ സന്താനങ്ങൾ ആണെന്നും, തങ്ങളുടെ എല്ലാം ശ്രമം എന്നും ഇന്ത്യാരാജ്യത്തിന്റെ ഉന്നതിക്കും പുഷ്ടിക്കും ആയിരിക്കേണമെന്നും, അതിലേക്ക് സകല വ്യത്യാസങ്ങളും മറന്ന് തോളോടുതോളുചേർന്ന്, സ്വാർത്ഥപരിത്യാഗബുദ്ധ്യാ പ്രയത്നിക്കേണ്ടതാണെന്നും പൂർണ്ണബോധ്യം വരുന്നതു, അന്നുവരെ പ്രബലന്മാരായ രാജ്യശക്തികളുടെ കൂട്ടത്തിൽ തലപൊന്തിക്കുന്നതിനു ഇന്ത്യയ്ക്കു സാധിക്കുന്നതല്ല. ഇക്കാര്യം സാധിക്കുന്നതിനു കാതലായും കാര്യമായും വേണ്ടുന്ന രാജ്യത്തു സമാധാനവും, കണ്ടുപഠിക്കേണ്ടുന്നതിനു ഉത്തമമാതൃകകളും ആകുന്നു. ഇവ രണ്ടും ബ്രിട്ടീഷ് ഭരണംകൊണ്ടു ഇപ്പോൾ സാധിക്കുന്നുണ്ടു്. എല്ലാറ്റിനും കാരണകാലവും, എല്ലാം അതാതിന്റെ കാലത്തും, എന്നു പറഞ്ഞപോലെ, നമുക്കു വേണ്ടവയെല്ലാം സാവധാനമായി സാധിക്കേണ്ടവയാകുന്നു. പരിഭ്രമത്തിലും ബദ്ധപ്പാടിലും സാധിക്കുന്ന സംഗതികൾ വാസ്തവത്തിൽ സാധിക്കപ്പെട്ടവയല്ല. നമ്മുടെ ആഗ്രഹവും അവസ്ഥയും അറിഞ്ഞു സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മേൽകോയ്മതിരെ രാജാഗ്രത കാണിക്കുന്നില്ലെന്നു നമുക്കു അനുഭവപ്പെട്ടിട്ടുണ്ടു്. അവസരപോലെ നമ്മുടെ അവകാശവാദങ്ങൾ കേൾക്കുകയും, അധികാരങ്ങൾ വിട്ടുതരുകയും ചെയ്യുന്നുണ്ടു്. ഈ സംഗതി നമ്മുടെ ആശകളെ ഉദ്ദീപിപ്പിക്കുകയും, പ്രയത്നങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നു. തന്നിമിത്തം ഇന്ത്യയുടെ അഭ്യുന്നതിക്കായി സ്വാർത്ഥമൊഴിച്ചു പരിശ്രമിക്കുന്ന യാതൊരുത്തനും ഇപ്പോഭംഗത്തിനോ അലസതയ്ക്കോ അവകാശമില്ല.

സെപ്തമ്പർമാസത്തിലെ "മോഡേൺ റിവ്യൂ"വിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:— "ന്യായമായ ഒരു കാര്യത്തിനുവേണ്ടി യുദ്ധംചെയ്യുന്ന ഇംഗ്ലാണ്ടിനു ജയംവരാതിരിക്കയില്ല. യൂറോപ്പ്, അമേരിക്ക, ആസ്ത്രേലിയ, ആഫ്രിക്ക എന്നീ രാജ്യങ്ങളിലെല്ലാം പ്രജാധിപത്യം നടപ്പാകുന്നതിനുള്ള കാരണവും അവിടങ്ങളിലുള്ള പ്രജാസഭകളുടെ മാതൃകയും ഇംഗ്ലീഷ് പാർലിമെണ്ടാകുന്നു. നിയന്ത്രിതമായ സ്വാതന്ത്ര്യത്തിന്റെ ശക്തി എന്തെന്നു ലോകരെ പഠിപ്പിച്ചിട്ടുള്ളതു ഇംഗ്ലാണ്ടാകുന്നു. സാഹി

ത്യത്തിലും ശാസ്ത്രത്തിലും അപാരമായ അഭ്യുദയം സിദ്ധിച്ചിട്ടുള്ള ഒരു രാജ്യമാകുന്നു ഇംഗ്ലാണ്ട്. ഇംഗ്ലാണ്ടിന്റെ ശക്തിക്കു ഉടവുതട്ടുന്നതു ലോകോന്നതിക്കു തടസ്ഥമാകുന്നു. അന്യദേശക്കാരുടെ അധികാരത്തിൻകീഴിരുന്ന ഉയച്ച് നേടുവാനാണു ഇന്ത്യയ്ക്കു യോഗമെന്നിരിക്കേ, രാജ്യഭരണരീതിയിൽ പ്രജാധിപത്യം അധികംകാണുന്ന ഇംഗ്ലാണ്ടിന്റെ കീഴിൽ ഇരിക്കുന്നതാണു ഏറ്റവും ഗുണകരം. ബ്രിട്ടീഷിന്റെ നയങ്ങളും നടവടികളും നമുക്കു നല്ലപോലെ പരിചയപ്പെട്ടിട്ടുണ്ടു. അതിനനുസരിച്ച് നാം നമ്മുടെ ആഗ്രഹങ്ങളേയും പ്രയത്നങ്ങളേയും നിയന്ത്രിക്കുവാനും തുടങ്ങീട്ടുണ്ടു. അതെല്ലാം വിട്ടു, പരിചയപ്പെട്ടിട്ടില്ലാത്തവരും, രാജ്യഭരണരീതിയിൽ ഇംഗ്ലീഷുകാരുടെ ഒപ്പം എത്തീട്ടില്ലാത്തവരും ആയ മറ്റൊരു രാജ്യക്കാരുടെ ആഗമനത്തെയും ആധിപത്യത്തെയും ഇന്ത്യ ഒരിക്കലും അംഗീകരിക്കുന്നതല്ല. അയ്മ്പതുകൊല്ലത്തെ അടുത്ത പരിചയത്തിൽ, നമ്മെ വളരെ ആകഷിക്കുകയും നമുക്കു വളരെ ഗുണം നല്കുകയും ചെയ്തിട്ടുള്ള ഇംഗ്ലീഷുസാഹിത്യത്തിന്റെ മാഹാത്മ്യത്തെ ഇന്ത്യക്കാർ ഒരിക്കലും വിസ്മരിക്കുന്നതല്ല. കാലംകൊണ്ടു ഇംഗ്ലീഷിന്റെ ഭരണനായം ഇന്ത്യയുടെ അഭ്യുദയത്തിനു അധികമധികം അനുകൂലമായി വരുന്നുണ്ടെന്നും അധികകാലം കഴിയുന്നതിനു മുമ്പു ഇതിലുമധികം ഉയർന്ന കക്ഷ്യോന്നതി ഇന്ത്യക്കു ലഭിക്കുമെന്നും ഉള്ള സംഗതികൾ എന്റെയും ആശ്വാസകരങ്ങളാണു.”

യൂറപ്പിലെ മഹായുദ്ധം ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ അനുമതിയാൽ വന്നുകൂടിയതായിരുന്നു എങ്കിൽ പക്ഷെ നമുക്കു അതിന്റെ ഭാഗഭാക്കുകളാകേണ്ടെന്നു വയ്ക്കുവാനായി വന്നു. വളരെ ഗംഭീരവും സാരഗൌരവസമൃദ്ധവും ആയ ഒരു പ്രസംഗത്തിൽ, ഇംഗ്ലീഷുകാർ ഇക്കാര്യത്തിൽ നിരപരാധികളാണെന്നും ജർമ്മനിയുടെ അന്യായമായ ആക്രമണങ്ങൾ തടുക്കുന്നതിനു മറ്റുവഴിയൊന്നും ഇല്ലാത്തതുകൊണ്ടു യുദ്ധത്തിൽ എപ്പെടുന്നതിനു ഇംഗ്ലീഷുകാർ നിർബ്ബന്ധിതന്മാരായതാണെന്നും സേർ. എഡ്വേർഡ് ഗ്രേ ബ്രിട്ടീഷുപാർലിമെണ്ടിൽ പ്രസ്താവിക്കയുണ്ടായി. ഡാഡാഭായി നവറോജിയും ഇപ്രകാരം പറഞ്ഞിരിക്കുന്നു. “ഇംഗ്ലീഷുകാരുടെ തന്നിഷ്ടമോ അത്യാഗ്രഹമോ അല്ല യുദ്ധത്തിനു കാരണം. സത്യം രക്ഷിക്കുന്നതിനും, മാനം നിലനിർത്തുന്നതിനും, നിസ്സഹായന്മാരായ ചെറുരാജ്യക്കാരെ അവരുടെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നതിനും വേണ്ടിയാകുന്നു ബ്രിട്ടീഷുകാർ ഇതിൽ ഏർപ്പെട്ടിട്ടുള്ളതു.. നാട്ടമയ്യാദയേയും നാഗരീകതാത്തെയും രക്ഷിക്കുന്നതിനാകുന്നു അവർ യുദ്ധംചെയ്യുന്നതു. ഈ ഗഡുവിൽ ആയുസ്സുകളഞ്ഞും അവരെ സഹായിക്കുന്നതിനു നാം കടപ്പെട്ടവരാകുന്നു.

എന്തുണ്ടു നാം സഹായിക്കേണ്ടതു, എങ്ങിനെ ആണു നാം സഹായിക്കേണ്ടതു, എന്നാകുന്നു ഇനി ആലോചിക്കുവാൻ ഉള്ളതു.

യുദ്ധം തുടങ്ങിയ ഉടനെത്തന്നെ വൈസ്രായ് ഹാർഡിഞ്ചു പ്രഭു അവർകളും ഇന്ത്യക്കാരെല്ലാം വളരെ രാജഭക്തിയുള്ളവരാണെന്നും, അവരെല്ലാം ബ്രിട്ടീഷ് ശക്തിയെ സഹായിക്കുവാൻ എന്നും സന്നദ്ധരാണെന്നും, ഇന്ത്യ യും ഇന്ത്യയിലുള്ള സകല

ആണു, അവസാനം എന്തായിരിക്കും, എന്നായിരിക്കും, എന്നെല്ലാമുള്ള സംഗതികളെക്കുറിച്ചു യാതൊന്നും നിശ്ചയമില്ലാതെയും. അഥവാ അറിവുണ്ടെങ്കിൽകൂടി സാവധാനമായി ആലോചിക്കുന്നതിനു ക്ഷമയില്ലാതെയും പരിഭ്രമിക്കുന്ന ജനസാമാന്യത്തെ സമാധാനപ്പെടുത്തുന്നതാകുന്നു നമ്മുടെ ആദ്യത്തെ ചുമതല. രണ്ടാമതായി, യുദ്ധമെന്നു കേട്ടപ്പോഴേക്കും സാമാനങ്ങൾക്കു വിലകയറി സാധുക്കളെ കഷ്ടപ്പെടുത്തിയ കച്ചവടക്കാരുടെ സഞ്ചിതായത്തെ ആശു കൈക്കൊള്ളാതിരിക്കണം. യുദ്ധംനിമിത്തം കച്ചവടത്തിനു തടസ്ഥമുണ്ടെന്നും, പുറത്തുനിന്നു സാമാനങ്ങൾ കിട്ടുവാൻ പ്രയാസമാണെന്നും എല്ലാവർക്കും അറിയാം. എങ്കിലും, ആ കാരണത്താൽ വേണ്ടിയും വെറുതെയും രാജ്യത്തു അരിഷ്ടം വർദ്ധിപ്പിക്കുവാൻ താനിഷ്ടത്തോടെ പ്രവർത്തിക്കുന്നതു കരിക്കുലും ക്ഷന്തവ്യമല്ലാ.

മലയാളരാജ്യത്തിലെ കാര്യം മാത്രം എടുക്കുന്നതായാൽ, അവിടേക്കു എറക്കുമതി ചെയ്യപ്പെടുന്ന അനേകം സാധനങ്ങളുടെ വിലയെല്ലാം അവിടെനിന്നു കയറി അയയ്ക്കുവാനുള്ള കൊപ്ര, വെളിച്ചെണ്ണ, ചകിരി, കരുമുളക, മലയിലെ വളവുകൾ എന്നീ സാധനങ്ങളുടെ വിലയുമായി തട്ടുകീഴ്മേൽ കയറിയിരിക്കുകയാണു പതിവു. യുദ്ധംനിമിത്തം കയറിഅയയ്ക്കുന്ന സാധനങ്ങൾക്കു ആവശ്യക്കാരില്ലാതെ വന്നിരിക്കുന്നു. നമുക്കാവശ്യമുള്ള സാധനങ്ങൾക്കു എണ്ണത്തിലാകട്ടെ വണ്ണത്തിലാകട്ടെ കുറവും ഇല്ല. അതുകൊണ്ടു നമ്മുടെ രാജ്യത്തു വലിയ ക്ഷാമത്തിനു കാരണമായിരിക്കുന്നു. നാളികേരത്തിനു ഇപ്പോൾതന്നെ വളരെ

തും ചക്രവർത്തിതിരുമനസ്സിലെ സന്തോഷംപോലെ കരുതാമെന്നും മറ്റും കാണിച്ചു, ചക്രവർത്തിക്കു ഒരു കമ്പിഅയക്കുകയുണ്ടായി. ഇന്ത്യമുഴുവനും ഇക്കാര്യത്തിൽ വൈസ്രോയിയോടു യോജിച്ചിട്ടുണ്ടെന്നുള്ളതിനു ഇന്ത്യയിലെ മഹാരാജാക്കന്മാരും പ്രഭുക്കന്മാരും ദേഹംകൊണ്ടും ധനംകൊണ്ടും എന്തുചെയ്യുന്നതിനും ഒരുക്കമാണെന്നു കാണിച്ചു, അദ്ദേഹത്തിനു അയച്ച എഴുത്തുകളിൽനിന്നും കമ്പികളിൽനിന്നും ധാരാളം തെളിയുന്നുണ്ടു. ബെറിട്ടീഷ് രാജകുമാരൻ അരിഷ്ടനിവാരണത്തിന്നായി ഇംഗ്ലാണ്ടിൽ ഏല്പിച്ചിട്ടുള്ള ധനശേഖരത്തിലേക്കും, ഈ കലാപത്താൽ ഇന്ത്യയിൽ ഉണ്ടായേക്കാവുന്ന കഷ്ടാരിഷ്ടങ്ങൾ കുറയ്ക്കുവാൻ വൈസ്രോയിയുടങ്ങിച്ചിട്ടുള്ള ഫണ്ടിലേക്കും, ഇന്ത്യയിൽനിന്നു യുദ്ധാവശ്യത്തിലേക്കു യൂറോപ്പിലേക്കു പോകുന്ന സൈന്യത്തിന്റെ സുഖസംരക്ഷണത്തെ ഉദ്ദേശിച്ചു മദിരാശിഗവർണർ തുടങ്ങിട്ടുള്ള ധനശേഖരത്തിലേക്കും, വേറെ വേറെ, അവസ്ഥപോലെ സകലരും ധാരാളം പണം കൊടുത്തിട്ടുള്ളതിൽ നിന്നു ഇന്ത്യാരാജ്യനിവാസികളുടെ മനോവികാരങ്ങൾ പ്രബലമായി പ്രത്യക്ഷപ്പെടുന്നുണ്ടു. ഇന്ത്യർസൈന്യത്തെ യുദ്ധത്തിനു അയച്ചിരിക്കുന്നു. പ്രത്യേകനികുതി വേണ്ടിവന്നാൽ ചുമത്തുന്നതിനും ഇന്ത്യക്കാർ സമ്മതിച്ചിട്ടുമുണ്ടു.

ഇക്കാര്യത്തിൽ നമുക്കു രണ്ടു സംഗതികളാകുന്നു പ്രത്യേകം കാണ്മാനുള്ളതു. ജനസാമാന്യത്തിനു പരിഭ്രമവും ഭയവും ഇല്ലാതെ കഴിക്കുന്നതിനാണു നാം പരിശ്രമിക്കേണ്ടതു. യുദ്ധം, യുദ്ധം എന്നല്ലാതെ, അതു എന്തിനാണു, എവിടെ

National Library, Calcutta

ലോകവും നമ്മുടെ ചുമതലയും

വില കുറഞ്ഞുകാണുന്നു. ഉള്ള സാധനത്തിനു തിലയിടുന്നു മാത്രമല്ല, വില വിലയുള്ളതിലും എടുക്കുന്നതിനു ആളും ഇല്ലാതായിരിക്കുന്നു. അടുത്തകാലത്തെങ്ങും നാം അനുഭവിച്ചിട്ടില്ലാത്തരത്തിലുള്ള കഷ്ടമാകുന്നു ഇപ്പോൾ നേരിട്ടിരിക്കുന്നതു്. സഹനശക്തിയും സഹജീവിസ്നേഹവും കാണിക്കുന്നതിനുള്ള വലിയ ഒരു ഗട്ടവാകുന്നു ഇതു്. പരസ്പരസഹായംകൊണ്ടും മറ്റും രാജ്യത്തുള്ളവരുടെ കഷ്ടതകൾ കുറയ്ക്കുന്നതിനു് മാന്യപൌരന്മാർ ശ്രമിക്കുന്നതായാൽ അതുതന്നെ ഗവർമ്മേണ്ടിനു് വളരെ വലിയ സഹായമായിരിക്കും. രാജ്യത്തു സമാധാനമുണ്ടെങ്കിൽ, രാജ്യാധികാരികൾക്കു് പുറത്തുപോയി യുദ്ധത്തിൽ ഏർപ്പെടുന്നതിനു് എളുപ്പത്തിൽ സാധിക്കും. അതുകൊണ്ടു് സമാധാനരക്ഷയ്ക്കു ശ്രമിക്കുന്നവർ വാസ്തവത്തിൽ യുദ്ധംചെയ്യുന്നവരെ പോലെത്തന്നെ വലുതായ ഒരു കൃത്യമാകുന്നു ചെയ്യുന്നതു്.

അന്യരാജ്യങ്ങളിൽനിന്നു കച്ചവടസാമാനങ്ങൾ ഏറക്കുമതിചെയ്യുന്നതിനു തടസ്ഥം നേരിട്ടിരിക്കുന്നതുകൊണ്ടും, നമ്മുടെ ആവശ്യങ്ങൾ എതുവിധത്തിലും നിറവേറാതെ നിവൃത്തിയില്ലാത്തതുകൊണ്ടും, ഇന്ത്യയുടെ കൈത്തൊഴിലുകൾ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനും ഇതു നല്ല ഒരു അവസരം ഇനി കിട്ടുന്നതല്ല. മത്സരിച്ചു നമ്മെ തോല്പിക്കുന്നതിനു പുറംനാട്ടുകാർക്കു തല്ക്കാലം സൌകര്യമില്ലാത്തതുകൊണ്ടു, ഇപ്പോൾ നാം കൈത്തൊഴിലുകൾ അഭിവൃദ്ധിക്കുന്നതായാൽ, ഒട്ടുവളരെ കാര്യങ്ങൾ സാധിക്കാവുന്നതും, യുദ്ധം കഴിഞ്ഞു പുറംനാട്ടുകാരുമായുള്ള കച്ചവടം പൂർവ്വസ്ഥിതിയിൽ എത്തുന്നതിനു മുമ്പു അവരോടൊപ്പം പിടിക്കുന്നതിനു നമുക്കു എതാണ്ടൊക്കെ ചെയ്യാവുന്നതും ആകുന്നു. പുതിയ കൈത്തൊഴിലുകൾ ഏർപ്പെടുത്തുന്നതിനും പഴയവയ്ക്കു ബലവും ഉത്സാഹവും ഉണ്ടാക്കുന്നതിനും ഈ വിലയേറിയ അവസരത്തിൽ സകലരും ഐകമത്യത്തോടുകൂടി പ്രയത്നിക്കേണ്ടതാകുന്നു.

ബ്രിട്ടീഷിന്റെ നയങ്ങളോടു എതിർപ്പുണ്ടു. നമുക്കു് അവകാശങ്ങൾ പിടുതന്നതു് പോരെന്നു് ശഠിക്കാറുണ്ടു്. നാം അവരെ കഠിനമായി അധിക്ഷേപിക്കാറുമുണ്ടു. എന്നാൽ ഇതൊക്കെ എപ്പോഴാണു? രാജ്യത്തിൽ സന്തോഷവും സമാധാനവും നിറഞ്ഞിരിക്കുമ്പോഴാണു; ഭീതിക്കും പരിഭ്രമത്തിനും അവകാശമില്ലാത്തപ്പോഴാണു. അതല്ലാതെ, അന്യശത്രുക്കളുടെ ആക്രമണങ്ങളാൽ മേൽക്കോയ്മയുടെ ശക്തിക്കോ ബഹുമതിക്കോ ആപത്തുള്ളപ്പോഴോ രാജ്യത്തെങ്ങും ക്ഷാമവും ആപത്തും പരന്നിരിക്കുമ്പോഴോ അല്ല. തൽക്കാലപ്രയോഗത്തിൽവെച്ചുണ്ടായ 'ബൂവർയുദ്ധ'കാലത്തു ഇന്ത്യാ ഐകമത്യത്തോടും സന്തോഷത്തോടുംകൂടി ഇംഗ്ലീഷുകാരെ സഹായിക്കയല്ലേ ചെയ്തതു. സകലരും സ്വവ്യത്യാസങ്ങളും മറന്നു, ഗവർമ്മേണ്ടിനോടു യോജിച്ചു പ്രവർത്തിക്കുകതന്നെ ആകുന്നു ഈ കലാപകാലത്തും വേണ്ടതു.

—പുതിയെഴുത്തു രാമുമേനോൻ, ബി. എ.

Acc. nos. 6595 Dt 15.6.62

ജർമൻ ചക്രവർത്തി.

'രണ്ടാം കൈസർ വില്യം' എന്ന പോരോടുകൂടിയ ഇപ്പോഴത്തെ ജർമൻ ചക്രവർത്തി, തന്നെ ദൈവത്തിന്റെ ഒരു പ്രത്യേക പ്രതിനിധിയായിട്ടും, തനിക്കു ദൈവമുഖത്തിൽനിന്നു ഈലോകത്തിന്റെ ഉയർന്നിടയിലുള്ള നടത്തിപ്പിനെപ്പറ്റി ചില കല്പനകൾ ലഭിച്ചിട്ടുള്ളതായിട്ടും, ആവക കല്പനപ്രകാരമുള്ള കാര്യങ്ങളെ നിറവേറുന്നതിലുണ്ടാകാവുന്ന വീഴ്ചകൾക്കും മറ്റും താൻ ദൈവത്തോടു മാത്രം ഉത്തരവാദിയായിട്ടും, ആകുന്നു കരുതിപ്പോരുന്നതു. എന്നാൽ, ഇദ്ദേഹം, ബാല്യത്തിൽ, ബോൺ (Bonn) എന്ന സ്ഥലത്തുവെച്ചു വിദ്യാഭ്യാസം ചെയ്തവരുമ്പോൾ, അസാമാന്യമായ ബുദ്ധിവിശേഷം ഒരുവിധത്തിലും പ്രദർശിപ്പിച്ചിരുന്നില്ല. ഉരുനാഥന്മാർക്കു, ബുദ്ധികാഠിന്യത്തെക്കാൾ, എത്രയോ ഭയങ്കരമായി തോന്നിയിരുന്നതു, ഇദ്ദേഹത്തിനു ചില കാര്യങ്ങളിലുള്ള പ്രതിപത്തിയും, അവയെ നേടുന്നതിലുള്ള 'മക്കടമുഷ്ടി'യും ആയിരുന്നു. ചക്രവർത്തിയായതിൽ പിന്നെ, ഈവക സഭാവവിശേഷങ്ങൾ പൂർവ്വാധികമായിത്തീരുകയും, കാലക്രമേണ 'കൈയുക്ക്' ആയി പരിണമിക്കുകയും ചെയ്തു. മോർളിപ്രഭു ഒരിക്കൽ, അമേരിക്കയിൽ പോയിരുന്നപ്പോൾ അദ്ദേഹത്തിനു പ്രകൃതിയിൽ ഏറ്റവും ശക്തിയുള്ള രണ്ടു സംഗതികൾ ശ്രദ്ധയിൽപെട്ടുപോൽ: കന്നാമ്പു 'നയാഗ്ര'നർവ്വരിയും, പിന്നെ 'യുനൈറ്റഡ് സ്റ്റേറ്റ്സിലെ 'പ്രൈസി'ഡണ്ടായിരുന്ന 'തിയഡോർ റൂസ്വൽട്ട്'ും (Theodore Roosevelt) ആയിരുന്നു. രണ്ടാംവിട്ടും ഒരു രണ്ടാം റൂസ്വൽട്ടാണെന്നു നിരാക്ഷേപം പറയാം. എന്നാൽ ആധുനികജനസാമാന്യത്തിന്റെ അഭിപ്രായമാവട്ടെ, കൈസർവില്യത്തിനു നയാഗ്രയേക്കാളും അധികം ശക്തിയുണ്ടെന്നാണു. കാൽശതാബ്ദത്തോളം ഭൂഗോളത്തിന്റെ അന്തർഭാഗത്തിൽനിന്നു എരിഞ്ഞുകത്തിയതിനു ശേഷം, യൂറോപ്പുഖണ്ഡം മുഴുവനും നശിപ്പിക്കുവാൻവേണ്ടി 'ലാവാ' എന്ന ആഗ്നേയോൽഗാരത്തെ പ്രവഹിപ്പിക്കുന്ന 'വെസൂവിയസ്സ്' അഗ്നിപർവ്വതമല്ലയോ കൈയിസർവില്യം, എന്നു സ്വരാജ്യങ്ങളിലും അലമുറകൂട്ടുന്നതു അറിയാത്തവർ വല്ലവരും ഉണ്ടോ?!!

കൈസർവില്യം ജർമൻ ചക്രവർത്തിയായതു വ്യവ-ാമാണ്ടിൽ, തന്റെ ൻ-ം വയസ്സിലായിരുന്നു. ഇദ്ദേഹത്തിനു, അതിനുമുമ്പുതന്നെ, തന്റെ പിതാവിന്റെയും പിതാമഹന്റെയും രാജ്യഭരണസമ്പ്രദായത്തിൽ ഒട്ടുംതന്നെ തൃപ്തിയുണ്ടായിരുന്നില്ല. ചക്രവർത്തി സ്ഥാനാരോഹണത്തോടുകൂടി, സപ്രജകളായ പൌരന്മാർക്കും ബഹുജനങ്ങൾക്കുമാത്രമല്ല, യൂറോപ്പുഖണ്ഡത്തിലുള്ളവർക്കു മുഴുവനും, അത്ഭുതവൈരസ്യാദ് വികാരങ്ങൾ ജനിക്കത്തക്കഭേദഗതികൾ രാജ്യഭരണനടവടികളിൽവരുത്തി. ശ്ലിലസംഗതികളിൽകൂടി, സാഭിപ്രായത്തിനു സർവ്വതോമുഖമായ പ്രാബല്യത്തെ പ്രതിഷ്ഠിച്ചുകൊണ്ടു പ്രവർത്തിച്ചുവന്നിരുന്ന കേസിയർ, അഫിരേണി, ആൻ രാജാക്കന്മാരുടേയും, (വിക്ടോറിയാമഹാറാണിയുടെ മകളായ) തന്റെ മാതാവി

വിനെറയുംകൂടി, അനല്പമായ അപ്രതിഷ്ഠയുമായി.

ലോകത്തിലെ രാജ്യതന്ത്രജ്ഞന്മാരിൽ അഗ്രഗണ്യസ്ഥാനത്തിനു അർഹനും, അഗാധമായ ബുദ്ധിസാമർത്ഥ്യം, സൂക്ഷ്മവീക്ഷണം, അക്ഷീണപ്രയത്നം, കാര്യനിർവ്വഹണശക്തി, ഇത്യാദി ഗുണങ്ങൾകൊണ്ടു, ഫ്രഞ്ചുകാരിൽ ജർമ്മനിയുടെ ഏകീകരണത്തെ നിർവ്വഹിച്ച ആളും ആയ പ്രധാനമന്ത്രി ബിസ്മാർക്കും കെയിസറും ആദ്യത്തിൽ ഏറെയൊന്നും അഭിപ്രായവ്യത്യാസംകൂടാതെ രാജ്യകാര്യങ്ങൾ നടത്തിവന്നു. അനന്തരം, ബിസ്മാർക്കിന്റെ ശത്രുക്കൾ ചക്രവർത്തിയോടു ബിസ്മാർക്കിനെപറ്റി ദുരുപദേശം ചെയ്തുകൊണ്ടും, ചക്രവർത്തിക്കു തന്റെ സ്വാധിപത്യം പ്രത്യക്ഷപ്പെടുത്താനുള്ള കാലം അതിക്രമിച്ചിരിക്കുന്നു എന്ന അഭിപ്രായം കൊണ്ടും, വേലക്കാരുടെക്ഷേമ, പ്രവൃത്തിസമയം, മുതലായവ നിജപ്പെടുത്തുന്നതിൽ ഉണ്ടായ അഭിപ്രായഭേദംകൊണ്ടും, ബിസ്മാർക്കു പ്രഥമമന്ത്രിസ്ഥാനം രാജിവെക്കേണ്ടിവന്നു. ബിസ്മാർക്കും കെയിസർ ചക്രവർത്തിയും തമ്മിൽ കഠിനമായ വിരോധവും തർക്കവുമുണ്ടാവാൻ, വേറെരണ്ടു വലുതായ സംഗതികൾകൂടി ഉണ്ടായിരുന്നു. ബിസ്മാർക്കു റഷ്യയുമായി സ്ഥിരസ്നേഹം നിലനിർത്തിവരേണ്ടതാണെന്നും, രാജ്യകാര്യങ്ങൾ പ്രധാനമന്ത്രിമുഖേന മാത്രമെ ചക്രവർത്തിക്കറിവാൻ പാടുള്ളൂ എന്നും, സഗൌരവം അഭിപ്രായപ്പെട്ടു. കെയിസർ ഇവയോടു യോജിച്ചതെ ഇല്ല. ബിസ്മാർക്കു ഉദ്യോഗത്തിൽനിന്നു പരിഞ്ഞുടനെതന്നെ കെയിസർവില്യം, "ഈ രാജ്യത്തിൽ ഒരു നായകൻ മാത്രമേ ഉള്ളൂ; അതു ഞാനാണു; എന്റെ ശക്തിനിരസിക്കുന്നവരുടെ അഭ്യുദയത്തെ ഞാൻ അനുവദിക്കുന്നതല്ല; ദൈവകല്പനപ്രകാരം എനിക്കു ലഭിച്ച ഈ രാജ്യത്തിനു ഉത്തരോത്തരമായ അഭിവൃദ്ധിയും, ക്ഷേമവും, ഉണ്ടാക്കേണ്ടതു എന്റെ ചുമതലയാണു; അതിൽ എന്നെ സഹായിക്കുന്നവരെ, ഞാൻ പൂർണ്ണഹൃദയത്തോടുകൂടി സ്വീകരിക്കും; എന്റെ വിപരീതകക്ഷികളെ ഞാൻ നിർദ്ദാക്ഷിണ്യം നശിപ്പിക്കുകയും ചെയ്യും—" എന്നു രാജ്യമെങ്ങും വിളംബരപ്പെടുത്തി. നാലുകൊല്ലത്തോളം ബിസ്മാർക്കും ചക്രവർത്തിയും തമ്മിൽ ശത്രുഭാവത്തിൽ കഴിഞ്ഞു. അതിൽ പിന്നീടു, ബാഹ്യമായ്ട്ടെങ്കിലും അവർ യോജിച്ചു. എങ്കിലും ബിസ്മാർക്കു ജീവാവസാനം വരെ ചക്രവർത്തിയുടെ നിന്ദാവഹമായ പെരുമാറ്റം വിസ്മരിച്ചതേ ഇല്ല.

ബിസ്മാർക്കിനുശേഷം ഉണ്ടായ പ്രധാനമന്ത്രിമാർ ഉദ്യോഗസ്ഥന്മാരൊക്കെ, സർവ്വസംഗതികളിലും ചക്രവർത്തിക്കു കൈയിടുന്ന സമ്പ്രദായം നിമിത്തം പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഉദ്യോഗസ്ഥന്മാരുടെയും പ്രഭുക്കന്മാരുടെയും, അഭിപ്രായങ്ങളെ ലേശം പോലും ഗൌനിക്കാതെ, അവരെ സർവ്വവിധേനയും കീഴടക്കി, സേച്ഛാനുസൃതം പ്രവർത്തിക്കയാണു ചക്രവർത്തിയുടെ നടപടി. "മറ്റവർ-ൽ ഡെയിലി ടെലിഗ്രാഫ്" എന്ന പത്രത്തിന്റെ അധിപരും ചക്രവർത്തിയും തമ്മിലുണ്ടായിരുന്ന സകാര്യസന്ദർശനാവസരത്തിൽ, ചക്രവർത്തി തനിക്കും, തന്റെ പ്രജകൾക്കും, ഇംഗ്ലാണ്ടുമുതലായ രാജ്യങ്ങളുടെ നേരെയുള്ള കഠിനമായ വിരോധത്തെ പ്രസ്താവിക്കയുണ്ടായി. ഈ വിവരം പൊതുജനങ്ങൾക്കു അതികല

ശലായ മനസ്സാപത്തിന്നു ഇടയാക്കി.

അന്യരാജ്യങ്ങളുമായുള്ള ഇടവാടുകളിൽ ബിസ്മാക്ക് പ്രവർത്തിച്ചതിന്നു നേരെ വിപരീതമായിട്ടാണു കെയിസർ പ്രവർത്തിച്ചിട്ടുള്ളതു. യൂറോപ്പുഖണ്ഡത്തിലെ സ്ഥിതി മുഴുവനും ബിസ്മാക്കിന്നു നല്ലപോലെ അറിഞ്ഞിരുന്നു. ഇരുപതുസംവത്സരത്തോളം, പ്രാൻസ്സിന്നു ഒരു സഹായിപോലും ഉണ്ടാവാൻ ടകൊടുക്കാതെയും, ജർമ്മനിയുടെനേരെ വിരോധകക്ഷികളുടെ യോജിപ്പു ഉണ്ടാക്കിത്തീർക്കാതെയും, ബിസ്മാക്കു രാജ്യകാര്യങ്ങൾ നിർവ്വഹിച്ചു. എന്നാൽ കെയിസരോ, തന്റെ സാഹസകൃത്യങ്ങളെക്കൊണ്ടു, ഒന്നാമതായി റഷ്യയുടേയും, സ്വിയായുടേയും, പിന്നീടു യൂറൊപ്പിലുള്ള മറു പലേ രാജ്യങ്ങളുടെയും വിരോധം സമ്പാദിച്ചു! അവരെയെല്ലാം തന്റെ ശത്രുക്കളാക്കി തീർത്തു!

ബിസ്മാക്കിന്നു, ആഫ്രിക്കാ, ആസ്യ, മുതലായ ഭൂഖണ്ഡങ്ങളിൽജെർമൻ കടന്നു ചെന്നു 'കൊളണ്ണി' സ്ഥാപിക്കണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നില്ല. രണ്ടാംവിലും ഈ സംഗതിയിലും ഭിന്നാഭിപ്രായക്കാരനാണു. കെയിസർ ഫ്രൻഡ്രിൽ പ്രാൻസ്സിനോടും, റഷ്യയോടും, യോജിച്ച ജാപ്പാനകാരിൽനിന്നു 'പോർട്ടആർതറും, ലയോടങ്ങും' (Port Arthur, Liao Tung) കൈവശപ്പെടുത്തി. രണ്ടു ജർമ്മൻപാതിരികളെ കൊലപ്പെടുത്തി എന്ന സംഗതിക്കു, ഫ്രഡ്രിൽ, ചൈനയോട് 'കിയാച്ചോ' (Kiao-chau) എന്ന സ്ഥലം ൻൽകൊല്ലത്തേക്കു രേഖാമൂലം വാങ്ങി. ഫ്രൻഡ്രിൽ ശാന്തസമുദ്രത്തിലെ "കേരൊളായി" ദ്വീപുകളും 'സ്പെയിൻ'കാരോടു വാങ്ങി. ഇങ്ങിനെ, കെയിസർ, ക്രമേണ, പലേ പ്രദേശങ്ങളും സ്വാധീനമാക്കി.

ജർമ്മനിയുടെ കപ്പൽസൈന്യനടത്തിപ്പുകാര്യത്തിലുംകെയ്സർചക്രവർത്തിയുടെ സ്വാഭിപ്രായം പ്രതിഫലിച്ചുകാണാൻ ഉണ്ടു. ഫ്രഡ്രിൽ 'ക്രിൽകനാൽ' സ്ഥാപിച്ചപ്പോൾ, "നമ്മുടെ ഭാവി മുഴുവനും സമുദ്രത്തിലിരിക്കുന്നു" — എന്നു കെയിസർ പ്രസ്താവിച്ചു. ഫ്രഡ്രൊമാണ്ടു തുടങ്ങിയ കടൽയാത്ര സംബന്ധിച്ചു, വിവിധമായ എഴുത്തുകളും ചെയ്തു. ദിനംപ്രതി വർദ്ധിച്ചുവന്നിരുന്ന ജർമ്മൻകച്ചവടത്തിന്റെ രക്ഷയ്ക്കും, ലോകത്തിൽ ഒരു പ്രമാണപദവി ലഭിക്കുന്നതിനും വേണ്ടി, കെയിസർ അനവധി കപ്പലുകൾ പണിയിച്ചു. കെയിസരുടെ പ്രവൃത്തികളെ സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നതായാൽ, അവയൊക്കെ ബിസ്മാക്കിനെ അധിക്ഷേപിച്ചുംകൊണ്ടു ചെയ്യുന്നതല്ലയോ എന്നു ഏവർക്കും തോന്നുന്നതാണു. ഇതാ ഇപ്പോൾ, തന്റെ രാജ്യത്തെ, സാമ്രാജ്യസമരത്തേക്കാൾ അതിഘോരമായ ഒരു പോരിൽ അന്യായമായി പ്രവർത്തിപ്പിച്ചുംകൊണ്ടു കെയിസർവില്യം ഉഴലുന്നു.

മദിരാശി. —ട. വി. രാമപ്പകുറുപ്പ്.

റഷ്യയുടെ അഭിവൃദ്ധി.

യൂറോപ്പുഖണ്ഡത്തിന്റെ പകുതിയിലധികവും, ഏഷ്യാഖണ്ഡത്തിന്റെ മൂന്നിലൊന്നും കൂടിച്ചേർന്നുണ്ടായിട്ടുള്ള ഒരു മഹാസാമ്രാജ്യമാകുന്നു റഷ്യ. ഇതിന്റെ ഉള്ള

ളവു വടക്കുപടിഞ്ഞാറു നാം-ആയിരം ചതുരശ്രമൈലും; ജനസംഖ്യ പതിനെട്ടുകോടിയും ആകുന്നു എന്നു നിർണ്ണയിച്ചിരിക്കുന്നു. ഇതിൽ യൂറപ്യൻ റഷ്യ മാത്രം ഇരുപതുലക്ഷം ചതുരശ്രമൈൽ ഉള്ളളവുള്ളതും, പതിനഞ്ചുകോടിയോളം ജനങ്ങൾ ഉള്ളതും ആകുന്നു. ജനങ്ങൾ ഏറിയകൂറും, ഇന്ത്യയിലെന്നപോലെ, കൃഷിവലന്മാരാണു. ഭൂരക്ഷിലമായി അവർ ഇന്ത്യക്കാരെപ്പോലെ ഗ്രാമസംഘവ്യവസ്ഥയിൽ കഴിഞ്ഞുവന്നിരിക്കുന്നവരുമാകുന്നു. ഒരു ഗ്രാമത്തിലെ ഭൂമി മുഴുവൻ ഗ്രാമസംഘത്തിനുപൊതുവേ അവകാശപ്പെട്ടതാണെന്നുള്ള പ്രാചീനകാലത്തെ വ്യവസ്ഥപ്രകാരം, ഗ്രാമത്തിലെ കൃഷിസ്ഥലങ്ങൾ എല്ലാം ഗ്രാമസമുദായത്തിലുൾപ്പെട്ട കുടുംബങ്ങൾക്കു അപ്പപ്പോൾ അനുഭവത്തിനായി പകുത്തുകൊടുക്കയും, നിശ്ചിതകാലാവധി കഴിയുമ്പോൾ കൃഷിസ്ഥലങ്ങളെ സമുദായത്തിനു മടക്കിക്കൊടുക്കയും ചെയ്കയാണു റഷ്യൻഗ്രാമസമുദായസ്ഥാനത്തിന്റെ വ്യവസ്ഥ. ഇങ്ങിനെ കഴിഞ്ഞുവന്നിരിക്കുന്ന റഷ്യൻഗ്രാമങ്ങൾക്കു കുറെകാലമായി ചില കൃഷിപരിഷ്കാരവ്യവസ്ഥകൾ ഏർപ്പെടുത്തി നടത്തിത്തുടങ്ങിട്ടുണ്ടു. ഇതിന്റെ ഫലമായി റഷ്യൻകൃഷിസമ്പ്രദായങ്ങളിലും, റഷ്യൻ ഗ്രാമജീവിതത്തിലു, റഷ്യൻ ജനസമുദായഘടനയിലും ഭേദഗതികൾ ഉണ്ടായിത്തുടങ്ങിട്ടുമുണ്ടു. എന്നാൽ, റഷ്യൻ ഗ്രാമസംഘവ്യവസ്ഥയുടെ ഉടവാണു ഇതിൽ സാരമായിട്ടുള്ളതു.

ഗ്രാമസംഘങ്ങളെ പിരിച്ച ഭൂമിയുടെ ഉടമയെ സംബന്ധിച്ച പുതിയ വ്യവസ്ഥകൾ ചെയ്തുകൊണ്ടു, മാറു പല നാടുകളിലും ഭൂസ്വാമികളെന്നും, കൊഴുവന്മാരെന്നും, കൂലിവേലക്കാരെന്നും മറവുള്ള ഓരോരോ വിഭാഗമായി ജനങ്ങൾ പിരിഞ്ഞിട്ടുള്ളതുപോലെ, റഷ്യയിലും ചില ഭേദഗതികൾക്കു ഇടവന്നിട്ടുണ്ടു. മാമൂലാചാരങ്ങൾ മാറി, ഓരോ ആൾക്കും തന്റെ ഇഷ്ടംപോലെ പ്രവൃത്തിയെടുക്കാമെന്നും, അന്യനെക്കാൾ അധികം പ്രയത്നിക്കേണമെന്നും, തനിക്കു പ്രതിഫലം തരുന്നവനു വേണ്ടി പ്രവൃത്തിയെടുപ്പാൻ ഒരുക്കമെന്നും, അതിനാലുണ്ടാവുന്ന ആദായം തനിക്കുതന്നേ അനുഭവിക്കാമെന്നും ഓരോരോ വിചാരങ്ങൾ ഫലപ്പെട്ടുന്നതോടുകൂടി, സമുദായക്കെട്ടിനു ഉലച്ചൽതട്ടുന്നതാണല്ലൊ. സംഘവ്യവസ്ഥ വിട്ടു സ്വാർത്ഥവ്യവസ്ഥയിൽ ഏർപ്പെട്ടിട്ടുള്ള ജനങ്ങളുടെയിടയിൽ കടന്നുപറ്റിച്ചിരിക്കുന്ന ദാരിദ്ര്യം, അക്രമം, അസന്തുഷ്ടി ഇത്യാദി ദോഷങ്ങൾ ജനസാമാന്യത്തെ ബാധിച്ചിട്ടുള്ളതിനൊപ്പംതന്നെ, ആളുകൾക്കു സ്വന്തം ബുദ്ധിപരിഷ്കാരത്തിനും സാമർത്ഥ്യവർദ്ധനയ്ക്കും സംഗതിവന്നിട്ടുമുണ്ടു. എന്നാൽ, സാരാംശമെടുത്താൽ, ഈ ഭേദഗതിനിമിത്തം മുതലെടുപ്പിനുള്ള മാർഗ്ഗം വിസ്തീർണ്ണമായിരിക്കുന്നു: ഓരോ ആൾക്കും പ്രവർത്തിയെടുപ്പാൻ സൗകര്യവും ശക്തിയും അധികമാകുന്നതിനനുസരിച്ചു, അവരുടെ പ്രയത്നഫലവും അധികമായിരുന്നു; മുമ്പത്തെതിലധികം ഫലം ലഭിക്കുമെങ്കിൽ, സർക്കാർനികുതികയറുവാനും മാർഗ്ഗമുണ്ടല്ലൊ.

നികുതികയറാൻ സൗകര്യമുള്ളപക്ഷം, റഷ്യയുടെ നാവികശക്തിയെയും സൈന്യശക്തിയെയും വർദ്ധിപ്പിക്കുവാൻ കഴിയുമെന്നും, അങ്ങിനെയായാൽ റഷ്യാസാമ്രാജ്യം യൂറപ്പിലെ മറ്റു മഹാശക്തിക

ളെ കവിഞ്ഞുനില്പാൻ സാഗതിവരുമെന്നും സിദ്ധമാകുന്നു. റഷ്യാ ജപ്പാൻയുദ്ധത്തിനു മുമ്പുതന്നെ, റഷ്യാഗവർമേണ്ടു് ഗൂക്കോളും കടത്തിൽ മുങ്ങിപ്പോയിരുന്നു. ഫ്രഞ്ചുകാരെ, സച്ചുന്തിനേറ വില അധികമായിരിക്കയും, സാധനങ്ങളുടെ വില ചുരുങ്ങുകയും ചെയ്തിരുന്നതുകൊണ്ടാണു റഷ്യയുടെ ഉദ്ദേശം വല്ലാതെ ക്ലേശകരമായിത്തന്നു. അക്കൊല്ലത്തിനിപ്പുറം, സച്ചുന്തു് ഏറുകയും, സാധനങ്ങൾക്കു വിലകുറയുകയും ചെയ്തതിനാൽ, ഭാരം കുറെ കുറഞ്ഞിട്ടുണ്ടു്.

ഇതിനിടയിൽ റഷ്യയ്ക്കു പുറമേയുള്ള നാടുകളിൽ, കൈത്തൊഴിലുകൾ വർദ്ധിച്ചുവന്നതുകൊണ്ടു്, റഷ്യയിൽനിന്നു കയറ്റി അയയ്ക്കുവാനുള്ള ഭക്ഷണസാധനങ്ങൾക്കും, അസംസ്കൃതസാധനങ്ങൾക്കും വില അധികം ലഭിപ്പാനും, ഇറക്കുമതിചെയ്യുന്ന സാമാനങ്ങൾക്കു വില ചുരുങ്ങിക്കിട്ടുവാനും സംഗതിയായിട്ടുണ്ടു്. ധാന്യങ്ങൾ, മരം, വെണ്ണ, കോഴിമുട്ട, കന്നുകാലി മുതലായ ഇനങ്ങൾ, ചണനാർ, എണ്ണ, പിണ്ണാക്കു, എണ്ണക്കുരുകൾ, ഇത്യാദി സാധനങ്ങളാണു് റഷ്യ മറുനാടുകളിലേക്കയയ്ക്കുന്നതു. ഈ കയറ്റുമതിവ്യാപാരം കൊല്ലംതോറും വർദ്ധിക്കുന്നതിനാലും, മേല്പടി സാധനങ്ങൾ സംഭരിപ്പാൻ ചെലവു ചുരുങ്ങിയിരിക്കുന്നതിനാലും, നികുതിവർദ്ധനയ്ക്കും സൈന്യബലവർദ്ധനയ്ക്കും മാർഗ്ഗം സുഗമമായിത്തീർന്നിരിക്കുന്നു. ജനസംഖ്യയിൽ, കൊല്പത്തിൽ മുപ്പതുശതമാനം വർദ്ധനയുണ്ടു്. യൂറോപ്യൻറഷ്യയുടെ നാലിലൊരുഭാഗം ഭാഗം കൃഷിചെയ്യുന്നു, ഏഷ്യാറഷ്യയെ കൃഷിക്കു ഉപയോഗപ്പെടുത്തിയിട്ടില്ലാതെ വെടിയുകയും ചെയ്താലുള്ളതിൽ, ജനസംഖ്യ ഇനിയും, വളരെക്കാലം ഈ ക്രമത്തിൽ തന്നെ പെരുകിക്കൊണ്ടിരിപ്പാൻ സംഗതിയുള്ള സ്ഥിതിക്കു, റഷ്യയുടെ ധനശക്തിയും സൈന്യശക്തിയും, മറുള്ള രാജ്യക്കാർക്കു ഭീതിയുണ്ടാക്കത്തക്കവിധത്തിൽ വർദ്ധിച്ചേക്കുമെന്നു വിചാരിക്കാവുന്നതാണു്.

സ്ത്രീകളും യുദ്ധവൃത്തിയും.

പരിഷ്കൃതമെന്നു ഗണിച്ചുവരുന്ന പല ദേശങ്ങളിലും, സ്ത്രീകൾ സ്വന്തം നാട്ടിനുവേണ്ടി യുദ്ധംചെയ്വാൻ സന്നദ്ധരായിക്കാണുന്നുണ്ടു്. ഈ പുതിയ പ്രസ്ഥാനത്തിൽ ചരിത്രപ്രസിദ്ധം (പ്രാൻസ്) രാജ്യത്തെ സ്ത്രീകളും ഇറങ്ങിപ്പുറപ്പെട്ടിട്ടുണ്ടു്. അവർ മാറുനാട്ടിലുള്ളവരേക്കാൾ അധികം ഔത്സുക്യത്തിലും ഉത്സാഹത്തിലും ആകുന്നപക്ഷം ഇതിലുള്ള ഉദ്യോഗസ്ഥകൾ തുടങ്ങീട്ടുള്ളതു്. ചരിത്രപ്രഖ്യാതയായ ജോൻ ആഫ് ആർക് (Joan of Arc) എന്ന യുദ്ധവീരയുടെ ജന്മഭൂവിൽ, ഇങ്ങനെയൊരു പ്രസ്ഥാനത്തെ പ്രതീക്ഷിക്കാൻ ന്യായവുമുണ്ടല്ലൊ.

പ്രാൻസിലെ വിഖ്യാതജനങ്ങളിൽ മുഖ്യയായ മാഡം ജെയിംഡ്യൂലാഫോയ്, കുറെ വലിയ പെൺപടയെ ശേഖരിക്കുന്നതിനു വേണ്ടുന്ന വ്യവസ്ഥകൾ ചെയ്കൊല്ലം മുമ്പു നിർദ്ദേശിച്ചിരുന്നതായി അക്കാലത്തു പത്രങ്ങളിൽ പ്രസ്താവമുണ്ടായിരുന്നു. ഈ സ്ത്രീ, ഫ്രഞ്ചൊൽ പ്രാൻസും ജർമനിയും തമ്മിലുണ്ടായ യുദ്ധത്തിൽ, പുരുഷന്മാരൊപ്പം ചേർന്നു പോരാടിയതിനു ബഹുമാന

ചിഹ്നമായി കാൽസറായി (കാലുറ) ധരിച്ചുകൊള്ളുവാൻ പ്രൈവ്യ് ഗവൺമെൻറു അനുവാദം നല്കീട്ടുള്ളതനുസരിച്ചു, വളരെ അഭിമാനത്തോടുകൂടി പുരുഷവേഷം ധരിച്ചു സഞ്ചരിക്കുന്നു സാധാരണയാണു. ഡ്യൂലാഫോയുടെ പട്ടാളത്തിൽ താഴെ ഉദ്യോഗസ്ഥകളും, സാധാരണ ട്ടുപടിക്കാത്ത ഉദ്യോഗസ്ഥകളും, മഠം, ഓഫീസ് പട്ടാളശിപായ്കളും ഉണ്ടായിരിക്കേണമെന്നായിരുന്നു നിർദ്ദേശം. വ്യാജ ഉദ്യോഗസ്ഥകൾ അനന്തരമെ ചേർന്നുകഴിഞ്ഞിരുന്നു. ഈ പെൺപട്ടാളത്തെക്കൊണ്ടുള്ള പ്രയോജനങ്ങളിൽ മുഖ്യമായതു, ഇപ്പോൾ പുരുഷന്മാർ മുമ്പുതലയേറുനടത്തുന്ന രാജ്യഭരണകാര്യങ്ങളിൽ, അവർക്കു പകരം സ്ത്രീകളെ നിയമിക്കയും, അങ്ങിനെ ഒഴിവാകുന്ന പുരുഷന്മാരെ യുദ്ധത്തിന്നായി പറഞ്ഞയയ്ക്കയും ആകുന്നു. എന്നാൽ, പോർക്കളത്തിൽ ചെന്നു യുദ്ധം ചെയ്വാൻ അത്യുത്സാഹമുള്ള സ്ത്രീകൾക്കു ഈ പെൺപട്ടാളവ്യവസ്ഥകൊണ്ടു തങ്ങളുടെ അഭിപ്രായം സാധിപ്പാനും വഴിയുണ്ടു. യുദ്ധകാര്യാർത്ഥം വിമാനമേറി ആകാശസഞ്ചാരംചെയ്വാനും ഈ പെൺപട്ടാളക്കാരിൽ ചിലർ ഒരുങ്ങുന്നതാണു. പുരുഷന്മാരെപ്പോലെതന്നെ, സ്വന്തം ജീവനെ പണയംവച്ചിട്ടും ആകാശസഞ്ചാരം ചെയ്വാൻ തക്കധൈര്യമുള്ള അനേകം സ്ത്രീകൾ ഫ്രാൻസിലുണ്ടു. പണ്ടെക്കാലങ്ങളിൽ, പരസ്ത്രീസംസർഗ്ഗികൾ, തങ്ങളുടെ പുരുഷന്മാരെ പോർക്കളത്തിലേക്കു അനുഗമിക്കയും, അവിടെചെന്നു പുരുഷന്മാർക്കു ആവശ്യംപോലെ പാനീയങ്ങൾ കൊണ്ടുകൊടുത്തും, മറുവിധത്തിലും ശുശ്രൂഷചെയ്തും ചെയ്തുവന്നു. എന്നാൽ ഇക്കാലത്തെ പരസ്ത്രീസംസർഗ്ഗികൾ തങ്ങളുടെ അവസ്ഥയ്ക്കനുസരിച്ചു സാന്ദർഭികമായ പ്രവൃത്തിയെ അർഹിക്കുന്നു. പുതിയ പെൺപട്ടാളക്കാർ പുരുഷന്മാരെപ്പോലെ ഭടവേഷം ധരിക്കയും, ആയുധം വഹിക്കയും, ആയുധാഭ്യാസം ശീലിക്കയും ചെയ്യണമെന്നു നിശ്ചയംചെയ്തിട്ടുണ്ടു.

ചില സന്ദർഭങ്ങളിൽ സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ ഭയങ്കരമാംവണ്ണം യുദ്ധംചെയ്വാൻ കഴിയുമെന്നു, വിദുഷിയും ചരിത്രകാരിയും ആയ ഡ്യൂലാഫോയ്ക്കു നല്ലവണ്ണം ബോധപ്പെട്ടിട്ടുണ്ടു. ഒരു സ്ത്രീയുടെ പ്രേരണയാൽ അലക്സാണ്ടർ ചക്രവർത്തി ചുട്ടനശിപ്പിച്ചതായ പേർസിപൊലീസ് എന്ന പുരാതനനഗരത്തെ, മണ്ണിന്നടിയിൽ നിന്നു മാന്തിയെടുക്കുവാൻ അസാമാന്യമായ കായ്കശക്തിയും ശാസ്ത്രീയാന്വേഷണത്തിൽ അസാധാരണമായ സഹനശക്തിയും പ്രദർശിപ്പിച്ചു പ്രസിദ്ധിനേടിയ ആളാണു ഡ്യൂലാഫോയ്. എന്നാൽ, ഡ്യൂലാഫോയ്ക്കുള്ളതുപോലെ അത്ഭുതകരമായ കായബലമല്ല, സ്ത്രീകളെ രണത്തൂരകളാക്കിത്തീർക്കുന്നതു. ബുദ്ധിശക്തിയേക്കാൾ മനോവികാരശക്തിയാകുന്നു, സ്ത്രീകൾക്കു, യുദ്ധത്തിൽ അധികം ഉപയോഗപ്പെടുന്നതു. അവരുടെ മനസ്സു വികാരങ്ങളാൽ ആകുലമാകുമ്പോൾ, അവർ സമരഭയങ്കരകളായിത്തീരുന്നു.

സ്ത്രീകൾക്കു യുദ്ധംചെയ്വാൻ വിശേഷസാമർത്ഥ്യം ഉണ്ടെന്നുള്ളതിനു ലോകചരിത്രത്തിന്റെ ആരംഭകാലംമുതല്ക്കേ പലേ ദൃഷ്ടാന്തങ്ങളും ഉണ്ടായിട്ടുണ്ടു; ആ സാമർത്ഥ്യം ഇപ്പോൾ നഷ്ടമായിപ്പോയി എന്നു വിശ്വസിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. ‘ആമസൺസ്’ എന്നപേരാ

യ ഒരുകൂട്ടം പെൺപട്ടാളം പണ്ടു് ഏഷ്യാ ഖണ്ഡത്തിൽ ഉണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ഇവർ ഗ്രീക്കോരെ ഉപദ്രവിച്ചുകൊണ്ടിരുന്നു. വംശച്ഛേദം വരാതിരിപ്പാൻവേണ്ടി മാത്രം, ഈ സ്ത്രീകൾ കൊല്ലത്തിൽ ഒരിക്കൽ, അയൽരാജ്യങ്ങളിൽ പോയി പുരുഷന്മാരുമായി സംസർഗ്ഗംചെയ്യുകയും, ഉണ്ടാവുന്ന സന്താനങ്ങളിൽ പെൺകുട്ടികളെ രക്ഷിക്കുകയും, ആൺകുട്ടികളെ ഒക്കെ കൊലപ്പെടുത്തുകയും ചെയ്തുവന്നു. ഇവരുടെ രാജ്ഞിയായ പെൻതിസീലിയാ എന്ന സുന്ദരിയെ, അക്കില്ലീസ് എന്ന ഗ്രീക്കു് യോധവീരൻ് യുദ്ധത്തിൽ കൊലപ്പെടുത്തിയപ്പോൾ, അന്നുള്ളവർ അതൊരു മഹാകൃത്യമായി വിചാരിച്ചു് പ്രശംസിച്ചിരുന്നു.

മറുരാജ്യങ്ങളിലെപ്പോലെ, പ്രാൻസിലും സ്ത്രീകൾ യോദ്ധാക്കളായി കീർത്തി നേടിയിരുന്നു. ഒരുകാലത്തു് ഇംഗ്ലീഷ് സൈന്യത്തെ പ്രാൻസിൽനിന്നു തോല്പിച്ചോടിക്കയും, പുരുഷന്മാരാൽ അസാധ്യമായിരുന്ന വിജയം നേടുകയും ചെയ്ത ആർക്കലെ കന്യകയായ ജോനയുടെ കഥ ചരിത്രപ്രസിദ്ധമല്ലൊ? ഇവളെക്കൂടാതെ, നോവേയിൽവച്ചു് പോരാടിയ ജിൻഹാഷിറും, ആൺഷുവിലെ മാർഗരാറും, വേറെ പല പരന്തീസ് സ്ത്രീകളും ആയോധനവിദ്യയിൽ ഖ്യാതിനേടിയവരാകുന്നു.

സ്ത്രീകൾ ഏല്പെട്ടന്ന യുദ്ധം അധികം നിഷ്ഠുരവും ഭയങ്കരവും ആയിത്തീരുമെന്നതു സിദ്ധമാകുന്നു. പ്രൊഞ്ചു് വൈലൂഷ്ടർ എന്ന രാജ്യവിപ്ലവകാലത്തു്, സ്ത്രീനേതൃത്വത്തിൽ പുറപ്പെട്ട ജനസംഘമായിരുന്നു, രാജാവിനെ വേർസെയിൽസിൽ വച്ചു ബന്ധിച്ചതു്; അന്നുതുടങ്ങി, വിപ്ലവം ഭയങ്കരദശയെ പ്രാപിക്കയും ചെയ്തു. ഫ്രഞ്ചുവിപ്ലവകാലത്തിലും, പാരീസിലെ സ്ത്രീകളായിരുന്നു അക്രമപ്രവൃത്തികൾക്കായി രാജ്യവിപ്ലവകാരികളെ ഉത്സാഹിപ്പിച്ചതു്.

ഇംഗ്ലണ്ടിൽ ഏകദേശം കൊല്ലത്തിലുണ്ടായ ജാക്കൊബൈറ്റ് കലാപത്തിലും സ്ത്രീകളായിരുന്നു മത്സരം വർദ്ധിപ്പിച്ചതു്. അവർ തങ്ങളുടെ പുരുഷന്മാരെ പോക്കളത്തിൽ ഉന്തിഅയയ്ക്കുകയും പുരുഷന്മാക്കൊപ്പം മരണശിക്ഷ അനുഭവിക്കയും ചെയ്തു. ലണ്ടൻഡാനിനിരോധനത്തിൽ സ്ത്രീകൾ പ്രകടിപ്പിച്ച യുദ്ധവൈദഗ്ദ്ധ്യം ഒരുനാളും മറന്നുപോകുന്നതല്ല. അവർ ശത്രുക്കളുടെ നേർക്കു പ്രയോഗിച്ച വെടിയുടെ ശക്തികൊണ്ടു മാത്രമായിരുന്നു കോട്ടയ്ക്കുള്ളിലുള്ള സൈന്യത്തിനു വിജയം സുലഭമായതു്. കോട്ടയെ പീരങ്കിവെച്ചു തോല്പിപ്പാൻ തുനിഞ്ഞ ശത്രുക്കളുടെ തലയ്ക്കുമീതെ സ്ത്രീകൾ ഇയം ഉരുക്കു് ഒഴിക്കയും, അഭിമുഖയുദ്ധാവസരത്തിൽ പുരുഷന്മാക്കൊപ്പം വാളെടുത്തു പൊരുകയും ചെയ്തതായി ചരിത്രത്തിൽ പാഞ്ഞുകാണുന്നു.

അമേരിക്കയിലും, രണഭൂമികളായ സ്ത്രീകൾ ചിലരുണ്ടായിരുന്നു; എന്നാൽ, അവരുടെ കൃത്യങ്ങളെ മറുള്ളവർ വേണ്ടുവണ്ണം വിലമതിക്കായ്കയാൽ അവരുടെ യശസ്സു് അന്യാദൃശകളിൽ കടന്നിട്ടില്ല മാർഗരറ്റ് കോർബിൻ എന്ന അമേരിക്കൻസ്ത്രീ, മൺമത്തു് എന്ന സ്ഥലത്തും, മോറു് ചില രണാങ്കണങ്ങളിലും, വിപ്ലവയുദ്ധത്തിൽ പങ്കുകൊണ്ടിരുന്നു. ഈ സ്ത്രീ ഒരു പീരങ്കിപ്പടനേതാവിന്റെ ഭാര്യയായിരുന്നു. അമേരിക്ക

ൻ സ്വാതന്ത്ര്യസ്ഥാപനത്തിനായുള്ള യുദ്ധത്തിന്റെ ആദ്യദശയിൽ, ഇവർ സൈന്യത്തിൽ ചേർന്നു. ഫ്രൈൽ ഇംഗ്ലീഷുകാർ ഗ്വിനർൺകോട്ടയെ ഭേദിച്ചപ്പോൾ, അവർ ഭർത്താവിന്റെ അരികത്തുണ്ടായിരുന്നു. ഭർത്താവ് ഇംഗ്ലീഷ് സൈന്യത്തിന്റെ വമ്പൊക്കുണ്ട്, ചിന്തിരികയാണെന്നമമെന്നറിഞ്ഞ്, പീരങ്കിയും വെടിഞ്ഞുപോയി. എന്നാൽ ഭാര്യ ഭർത്താവിന്റെ സ്ഥാനത്തു ചെന്നുനിന്നു, അഭിമുഖമായി വരുന്ന ശത്രുസൈന്യത്തിന്റെ മദ്ധ്യേ വെടിവച്ചു. ഈ യുദ്ധത്തിൽ അവസാനത്തെ വെടിരവതായിരുന്നു, അതു അനേകജനങ്ങളെ കൊലപ്പെടുത്തുകയും ചെയ്തു. എന്നാൽ അടുത്തകൊല്ലത്തിൽ ഉണ്ടായ മൺമത്ത് യുദ്ധത്തിൽ വച്ചായിരുന്നു അവളുടെ വീര്യപരാക്രമങ്ങൾ മുഴുവൻ വെളിപ്പെട്ടതു. അത്യുഗ്രമായ ഒരു ദിവസമായിരുന്നു യുദ്ധം തുടങ്ങിയതു. യുദ്ധാരംഭത്തിൽ, അവൾ, പീരങ്കിനായകനായ ഭർത്താവിനും സഹായികൾക്കും കുടിപ്പാൻ വെള്ളംകൊണ്ടുകൊടുത്തു നിന്നിരുന്നു. യുദ്ധം വിഷമദശയിലെത്തിയപ്പോൾ, അവളുടെ ഭർത്താവു ശത്രുവിന്റെ വെടിയേറ്റു മരിച്ചുവീണു. എന്തും ക്ഷണത്തിൽ അവൾ ഭർത്താവിന്റെ സ്ഥാനത്തു ചെന്നുനിന്നു, അമേരിക്കാക്കാർക്കു ജയംസിദ്ധിക്കുംവരെ വെടിവച്ചു. ഈധീരകൃത്യത്തിനുപകാരമായിട്ടു വച്ചുതന്നെ അവൾക്കു സാർജ്ജന്റിന്റെ പദവി നൽകപ്പെട്ടു. യുദ്ധം കഴിഞ്ഞതിന്റെ ശേഷം, രാജ്യാധികൃതന്മാർ അവൾക്കു 'ക്യാപ്റ്റൻ' എന്ന പദവിനൽകുകയും, ജീവാവസാനംവരെ ശമ്പളത്തിൽ പകുതി അടുത്തുൾകൊടുക്കയും ചെയ്തു.

യൂറോപ്പിന്റെ തെക്കുകിഴക്കുഭാഗത്തുള്ള ടർക്കിയും ബാൾക്കാൻരാജ്യങ്ങളും തമ്മിൽ കുറെമുമ്പുണ്ടായ യുദ്ധത്തിലും, പല സ്ത്രീകളും ബാൾക്കാൻകാരെ സഹായിച്ചിരുന്നു. വീര്യശൌര്യപ്രകടനംചെയ്ത ഈ സ്ത്രീകളിൽ അഗ്രേഗണ്യ, സെർവിയാക്കാരിയായ സൊഫിഗോവാനിച്ച എന്നവളായിരുന്നു. 'കെർക്ക് കിലസെ' എന്ന സ്ഥലത്തുവച്ചുണ്ടായ യുദ്ധത്തിൽ, ഇവൾ ഘോരസമരം ചെയ്തും, സ്വപക്ഷക്കാർക്കു ജയംലഭിക്കുവാൻ മാർഗ്ഗമുണ്ടാക്കുകയും ചെയ്തു.

സ്ത്രീകളുടെ യുദ്ധവൈദഗ്ധ്യത്തിനു, ഡാഹോമിയിലെ പെൺപട്ടാളം തന്നെ മതിയായ തെളിവാകുന്നു. ഇവരുടെവീര്യപരാക്രമങ്ങളെ കണ്ടറിഞ്ഞിട്ടുള്ളവർ പലരും ഇക്കാലത്തുണ്ടു. ഡാഹോമിക്കെതിരായി പ്രെഞ്ചുസൈന്യത്തിൽ ചേർന്നു പൊരുതിരുന്ന പ്രെഡറിക്ക് മാർട്ടിൻ എന്നകരു ഇംഗ്ലീഷുകാരൻ, ഈ പെൺപട്ടാളത്തെക്കുറിച്ചു, ഒരു പുസ്തകത്തിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു:— "ഈ സ്ത്രീകളാകുന്നു ഡാഹോമിസൈന്യത്തിലെ ഏറ്റവും നല്ല 'ഭടന്മാർ'; ഏതു പുരുഷനോടും കിടനില്പാൻ ഇവർ മതിയാവും."

ഇന്ത്യയിലും പൂർവ്വകാലങ്ങളിൽ യുദ്ധവിദഗ്ധകളായ സ്ത്രീകൾ ഉണ്ടായിരുന്നു. ചില രാജപുത്രസ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെയും ബന്ധുജനങ്ങളെയും പോർക്കളത്തിൽ അനുഗമിക്കയും, വിഷമദശകളിൽ വാളെടുത്തു പൊരുകയും ചെയ്തതായി ചരിത്രം ഘോഷിക്കുന്നു. ദശരഥമഹാരാജാവിനോടുകൂടെ രണാങ്കണത്തിൽ പോയിരുന്ന കൈകേയിയുടെയും, അജ്ഞാനന്റെ തേർതെളിച്ച സുദേഷ്ണയുടെയും, ഇതുപോലെ പുരാണപ്രസിദ്ധകളായ മറ്റു സ്ത്രീകളുടെ

യും കഥകളും നമ്മൾക്കു പരിചയപ്പെട്ടവയാണല്ലൊ.

—ബി. കല്യാണിഅമ്മ, ബി. എ.

യുദ്ധവും ജർമ്മനിയുടെ ഉദ്ദേശ്യവും.

ആസ്ട്രിയയും സെർവിയയും തമ്മിൽ ആരംഭിച്ചതായ ഒരു ചെറിയ കലഹം, യൂറോപ്പിലെ മഹാശക്തികളെല്ലാടെ പോക്കളത്തിലേക്കു ആകൃഷ്ടിച്ചേക്കുമെന്നു ശങ്ക ഉണ്ടായപ്പോൾ, യൂറോപ്പിലെ രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളെപ്പറ്റി സൂക്ഷ്മവിവരം ധരിച്ചിട്ടില്ലാത്ത ആളുകൾ, ആ ആശങ്കയെ നേരംപോക്കായിട്ടാണു വിചാരിച്ചതു. എന്നാൽ മേൽപറഞ്ഞ ശങ്ക അസ്ഥാനത്തല്ലായില്ല: യൂറോപ്പുഖണ്ഡം ഭീതിപക്ഷവും ഇളകിമറിഞ്ഞു രണാങ്കണത്തിൽ വിശ്വശൌര്യപരീക്ഷ നടത്തുന്നു.

ഈ മഹായുദ്ധത്തിന്റെ തല്ക്കാലകാരണം ആസ്ട്രിയയിലെ കിരീടാവകാശിയെ ബോസ്നിയാസംസ്ഥാനത്തിന്റെ പ്രധാനനഗരിയിൽവച്ചു കൊലപ്പെടുത്തി എന്നുള്ളതാണു; എന്നാൽ, സൂക്ഷ്മകാരണം എതുയോ പഴകിയതും ആഴത്തിൽ വേരുന്നിയതും ആകുന്നു. ആൽപ്സ്പർവ്വതത്തിന്റെ താഴ്വാരത്തുനിന്നു മാസിഡോണിയാവരെയും, ഡാന്യൂബ്നദിതുടങ്ങി ആദ്രിയാറ്റിക്ക് സമുദ്രംവരെയും നീണ്ടുകിടക്കുന്ന മദ്ധ്യയൂറോപ്പിലെ തെക്കുഭാഗം മുഴുവനും സ്ലാവ് ജാതിക്കാരാണു അധിവസിക്കുന്നതു. ഈ ജനങ്ങളെ കൂട്ടിച്ചേർത്തു മേല്പടി പ്രദേശങ്ങളൊക്കെ ഒരേ മഹാരാജ്യമാക്കിത്തീർക്കാൻ സ്ലാവ്വംശജന്മാരായ സേർവിയാക്കാർ വളരെക്കാലമായി ആഗ്രഹിച്ചുവന്നിരുന്നു. ഫ്രാൻസിൽ അസ്സിയാചക്രവർത്തി, ബോസ്നിയയെ സ്വരാജ്യത്തോടു കൂട്ടിച്ചേർത്തതു സേർവ്യാക്കാരുടെ ആഗ്രഹലാഭത്തിനു കനാമത്തെ പ്രതിബന്ധമായിത്തീർന്നു. ഈ ബോസ്നിയ ആകട്ടെ, ഓസ്ട്രോ-ഹങ്കേറിയൻ ഉടമ്പടിപ്രകാരം ആസ്ട്രിയാഹങ്ഗറിയുടെ അനേപക്ഷണത്തിൻകീഴിൽ ഒരു സംരക്ഷിതരാജ്യമായിരുന്നു. ബോസ്നിയയെ തങ്ങളുടെ കേന്ദ്രസ്ഥാനമായിട്ടാണു സേർവിയാക്കാർ കരുതിവന്നിരുന്നതു. അതിനാൽ ആസ്ട്രിയാ അകൃമമായി ബോസ്നിയയെ സ്വരാജ്യത്തോടു കൂട്ടിച്ചേർത്ത നാൾതുടങ്ങി സേർവിയാക്കാരുടെ മനസ്സിൽ ദ്വേഷം വർദ്ധിച്ചു.

കനാമത്തെ ബാൾക്കൻ യുദ്ധത്തിന്റെ അവസാനത്തിൽ, ജേതാക്കന്മാർ പിടിച്ചടക്കിയ പ്രദേശങ്ങൾ പങ്കിടുമ്പോൾ, ആൽബേനിയായ്ക്കു കരിങ്കടലിലും ആദ്രിയാറ്റിക് സമുദ്രത്തിലും തുറമുഖം വേണമെന്നാവശ്യപ്പെടുകയും ആസ്ട്രിയാ അനുകൂലിക്കയും ചെയ്തു; എന്നാൽ സേർവിയാ തനിക്കും സമുദ്രതീരപ്രദേശം ലഭിക്കണമെന്നാവശ്യപ്പെട്ടതിനു ആസ്ട്രിയ തടസ്ഥം ചെയ്യേണ്ടിവന്നതായിരുന്നു. ഇതും കൂടെ ആയപ്പോൾ, കപടതന്ത്രക്കാരായ ആസ്ട്രിയാക്കാർ മദ്ധ്യസ്ഥപ്പെടുത്തിച്ചാലല്ലാതെ രാജ്യംവലുതാക്കുന്നതിനുള്ള തങ്ങളുടെ ശ്രമം ഫലപ്രദമാകയില്ലെന്നു സേർവിയാക്കാർ നിശ്ചയിച്ചു.

ആസ്ട്രിയാരാജ്യത്തിനടുത്തു തന്നെ, സേർവിയാക്കാർ ഒരു മഹാരാജ്യം സ്ഥാപി-

ക്കുന്നതായാൽ, അതു ആസ്ട്രിയായ്ക്കു ഒഴിയാബാധ ആയിത്തീരാനേ സംഗതിയുള്ളൂ. ആസ്ട്രിയ ആകട്ടെ, ആഭ്യന്തരകലഹങ്ങൾ നിമിത്തം, ഒരുകാലത്തും നിർവ്വിഘ്നമായ സമാധാനത്തെയോ ജനരഞ്ജനയേയോ അനുഭവിക്കുമാറില്ല. ആസ്ട്രിയാനിവാസികളായ നാനാജാതിക്കാർ തമ്മിൽ സദാകലഹവും ലഹളയുമായിട്ടാണു കഴിഞ്ഞുകൂടുന്നതു. ആസ്ട്രിയയിലെ ജനസംഖ്യയിൽ എഴുപതുലക്ഷത്തിൽപരം, സേർബോക്രോട്ട്സ്, സ്ലാവോണിയൻസ് എന്നിവരും; ഒരുകോടി അറുപതുലക്ഷം പോൾസ്, റുത്തേനിയൻസ്, സെച്സ, സ്ലോവാക്കുസ് എന്നിവരും ഉൾപ്പെട്ടിരിക്കുന്നു. ഇക്കൂട്ടരൊക്കെ സ്ലാവ് ജാതിക്കാരുമായി അടുത്ത ബന്ധമുള്ളവരാണു. ആസ്ട്രിയയിലെ പ്രധാനനിവാസികളായ ജെർമ്മൻന്മാരും മാഗിയാർമാരും സ്ലാവ് ജാതിക്കാരെ ഹീനവംശജന്മാരെന്നു ഗണിക്കയും, നിർദ്ദയമായി പെരുമാറുകയും ചെയ്യുന്നുണ്ടു. എന്നാൽ സ്ലാവ് ജാതിക്കാർ എണ്ണത്തിൽ മറ്റുള്ളവരെക്കാൾ എത്രയോ കൂടുതലാണു. അതിനാൽ, ബാൾക്കൻരാജ്യത്തിലും ഹങ്ഗറിയിലുള്ള സ്ലാവ് ജാതിക്കാരെ ഒട്ടുക്കു യോജിപ്പിക്കുന്നതായുള്ള പുരാതനമായ ഇല്ലിറിയാമഹാരാജ്യത്തെ സേവ്യയാക്കാം പുനസ്ഥാപിക്കാം ഇടവരുന്നപക്ഷം ആസ്ട്രിയാക്കു വലുതായ ഇടിവുതട്ടുമെന്നതിനു സംശയമില്ല.

ആസ്ട്രിയായ്ക്കു തന്റെ ചെറിയ ശത്രുവായ സേർവിയയെ ഭയപ്പെട്ടുഴുന്നതിനോ, അമർത്തുന്നതിനു തന്നെയുമോ, യാതൊരു പ്രയാസവുമുണ്ടാകയില്ലെന്നു ഇവരിരുവരുടെയും സൈന്യബലത്തെക്കുറിച്ചു ശരിയായ വിവരം ഗ്രഹിച്ചിട്ടില്ലാത്തവർ ആരും വിചാരിച്ചിരുന്നു. എന്നാൽ യുദ്ധാരംഭത്തോടുകൂടി, അവരുടെ വിചാരം അബദ്ധമെന്നു മനസ്സിലായിത്തുടങ്ങി. ആസ്ട്രിയായുടെ സൈന്യബലം അഞ്ചുലക്ഷവും, സേർവിയായുടേതു മൂന്നുലക്ഷവുമാകുന്നു. എന്നാൽ ആസ്ട്രിയായുടെ സൈന്യം യുദ്ധൈകശ്ലഘ്യം കുറഞ്ഞതും, ഭടന്മാരിൽ പലരും ആയുധം വഹിക്കാൻമാത്രം ശേഷിയുള്ളവരുമാണു. നേരെമറിച്ചു, എണ്ണത്തിൽ കുറവാണെങ്കിലും, സേർവിയാസൈന്യത്തിലെ ഭടന്മാർ മിക്കവരും കുന്നരുണ്ടയുദ്ധങ്ങളിൽ ഏർപ്പെട്ടു വേണ്ട രണചാതുര്യവും പരിചയവും നേടിയവരും, പലർ ജനനാൽതന്നെ യുദ്ധസാമർത്ഥ്യമുള്ളവരും, ആയോധനത്തിൽതന്നെ കാലംമുഴുവൻ കഴിച്ചുകൂട്ടിയുള്ളവരുമാകുന്നു. അതിനാൽ ആസ്ട്രിയയുടെ ഉദ്ദേശം അനായാസേന സാധിക്കയില്ല.

ആസ്ട്രിയായെ സഹായിക്കാൻ ജർമ്മനി തീച്ചപ്പെടുത്തിയതിൽ മുഖ്യമായ ഉദ്ദേശം സ്വാർത്ഥലാഭമാകുന്നു. സ്ലാവോണിക്കു ജനങ്ങളെ തടഞ്ഞുനിർത്തി, അവരുടെ മഹാരാജ്യസ്ഥാപനത്തെ നിരോധിക്കാൻ മറ്റു മഹാശക്തികളേക്കാൾ ആസ്ട്രിയയ്ക്കാണു അധികം സൌകര്യം. ആസ്ട്രിയയെക്കൊണ്ടു ഇക്കാര്യം സാധിക്കാത്തപക്ഷം, സേർബ് ജനങ്ങൾ ആസ്ട്രിയയുടെ അധീനതയിൽനിന്നു പിരിഞ്ഞു റഷ്യയുടെ സംരക്ഷണത്തിങ്കീഴിലാവും. റഷ്യയ്ക്കു സ്ലാവ് ജാതിക്കാരോടുള്ള ബന്ധവും ആനുകൂല്യവും നിമിത്തം റഷ്യ അവരെ സഹായിക്കാൻ ഒരുക്കവുമാണു. എന്നാൽ സ്ലാവ് ജാതിക്കാരുടെ ആധിപത്യം മു

ഴവൻ ലഭിച്ചാൽ, റഷ്യയ്ക്കുംമാനിടയുള്ള പ്രാബല്യവർദ്ധന ജർമനിയുടെ ഉഷ്ണാ അല്പവും ആശാസ്യമല്ല. അതിനാൽ റഷ്യ സൈന്യശേഖരം തുടങ്ങിയ ഉടൻ ജർമനി അതിനുള്ള കാരണം അന്വേഷിക്കയും, റഷ്യക്കാരുടെ സമാധാനം മുഴവൻ കേൾക്കാൻ കാത്തിരിക്കാതെ യുദ്ധസന്നാഹം തുടങ്ങുകയും ചെയ്തു. എന്നാൽ, ജർമനി തന്നെ സൈന്യത്തെ കിഴക്കോട്ടും തെക്കേ കിഴക്കോട്ടും അയയ്ക്കുന്നതിനുപകരം, തിരിഞ്ഞുമാറി ആദ്യമേ ഫ്രാൻസിലേക്കു ചാടിവീണതെന്തിനായിരുന്നു? അതും സ്വാർത്ഥത്തിനുവേണ്ടി മാത്രമാണെന്നതൊന്നു ചൂണ്ടിക്കിപ്പറയാം.

ഇപ്പോഴത്തെ രാജ്യമാകുന്ന ജർമനിയിൽ, പണ്ടു പല ചെറിയ രാജ്യങ്ങളും, സംരക്ഷിതസംസ്ഥാനങ്ങളും, ഇടവകകളും ഉണ്ടായിരുന്നു. ഇവയിൽ പ്രധാനപ്പെട്ടതു പ്രഷ്യാരാജ്യമായിരുന്നു. മഹാനായ പ്രെഡറിക്ക രാജാവിന്റെ കാലംമുതൽ പ്രഷ്യാക്കു പ്രാബല്യവർദ്ധന തുടങ്ങി. ഇദ്ദേഹവും ഇദ്ദേഹത്തിന്റെ പിൻഗാമികളും കൂടെ തങ്ങളുടെ ചുറ്റുമുള്ള രാജ്യങ്ങളെ കൈവശപ്പെടുത്തി, ആസ്ട്രിയാക്കാരുടെ ആധിപത്യത്തെ ജർമനിയിൽ തീരെ ഇല്ലാതാക്കി; ജർമൻസാമ്രാജ്യം സ്ഥാപിച്ചു. അക്കാലത്തു യൂറോപ്പിലെ മഹാരാജ്യങ്ങളിൽ ഒന്നാംസ്ഥാനം ഫ്രാൻസിനായിരുന്നു. എന്നാൽ ജർമനി ഫ്രഞ്ചുകാരെയും ചതിയിൽ തോല്പിച്ചു. ഇങ്ങനെ ജയഭേരി അടിച്ചു മുഴക്കി വിജയഗർവ്വം മുഴത്ത ജർമനിക്കു, തന്റെ പ്രാബല്യത്തെ യൂറോപ്പുഖണ്ഡത്തിൽ മാത്രം നിലനിറുത്തിയതുകൊണ്ടു മതിയാവില്ലെന്നു തോന്നി; ലോകത്തിലെങ്ങും തന്റെ ശക്തിയെ വ്യാപിപ്പിക്കേണമെന്നു മോഹമായി. സമുദ്രങ്ങളുടെയും അവയിലെ ദ്വീപുകളുടെയും ആധിപത്യം തനിക്കു ലഭിക്കണമെന്നും, ആ വഴിക്കു വാണിജ്യം പരിപ്പിക്കണമെന്നും നിശ്ചയിച്ചു. എന്നാൽ സമുദ്രങ്ങളുടെയും ദ്വീപുകളുടെയും ആധിപത്യം ബ്രിട്ടീഷ്കാരുടെ കൈവശമാണു. ഈ ആധിപത്യത്തെ തട്ടിപ്പറിക്കണമെങ്കിൽ, ശരിയായ ഒരു കപ്പൽസൈന്യം ശേഖരിച്ചു അതിനു വേണ്ട എല്ലാടുകളും പൂർത്തിവരുത്തിയ ശേഷം ഇംഗ്ലീഷ്കാരെ തോല്പിച്ചു ലോകനായകത്വം കൈക്കൊള്ളാമെന്നാണു ജർമനിയുടെ നോട്ടം.

ഇതിനായി ജർമനി ഒന്നാംതരത്തിലുള്ള പടക്കപ്പലുകളും സൈന്യങ്ങളും തയ്യാറാക്കി. ഏകദേശം ബ്രിട്ടീഷ്കാരുടേതിനോടടുത്തനാവികബലം ജർമനിക്കു ലഭിച്ചു. ഇനി ബ്രിട്ടീഷ്കാരോടടയാമെന്നുള്ള നിലയായ്. പ്രാൻസുമായി ജർമനിക്കു യാതൊരു വിരോധവുമില്ല. പ്രാൻസിനെ തന്റെ പക്ഷത്തിൽ ചേർത്തു, ബ്രിട്ടീഷ്കാരോടു യുദ്ധം ആരംഭിക്കാമെന്നു ജർമനി കരുതിയിരുന്നു. എന്നാൽ ഫ്രൻക്ഫർട്ടിൽ പ്രാൻസും ഗ്രേറ്റ്ബ്രിട്ടനും തമ്മിൽ സഖ്യം നടന്നതിനു ശേഷം പ്രാൻസിനെ സപക്ഷത്തിൽ ചേർക്കാൻ സാധ്യമല്ലെന്നും കണ്ടു. പ്രാൻസിനെ വെറുതെവിട്ടു ഗ്രേറ്റ്ബ്രിട്ടനുമായി യുദ്ധംതുടങ്ങാനും തരമില്ല. പ്രാൻസിലെ സൈന്യബലം ജർമനിക്കു ആപല്ലേശമായേക്കാം. അതിനാൽ പ്രാൻസിനെ പെട്ടെന്നു ആക്രമിച്ചു അമർത്തി, അനന്തരം ഗ്രേറ്റ്ബ്രിട്ടനെ കടലിൽ വച്ചു പോരാടി ജയിക്കാമെന്ന ആലോചനയോടുകൂടെയാക

ന്നു ജർമ്മനി പ്രാൻസിനെ ആക്രമിച്ചതു. പ്രാൻസ് റഷ്യയെ സഹായിക്കാനായി സൈന്യശേഖരം തുടങ്ങിയതുതന്നെ ലകാരണമായിട്ടും സങ്കല്പിച്ചു. പ്രാൻസിന്റെ തലസ്ഥാനനഗരിയിൽ എത്തുന്നതിനുള്ള എളുപ്പവഴി ബൽജിയം മുഖേന ആണു. ബൽജിയമോ ഉഭയപക്ഷസാമാന്യമായ നിലയിലിരിക്കുന്ന രാജ്യമാകുന്നു. മാർഗ്ഗനിരോധം ചെയ്യാതിരിപ്പാൻ ബൽജിയക്കാർ സന്നദ്ധരല്ലാതിരുന്നതുനിമിത്തം, ബൽജിയം യുദ്ധത്തിൽ ഉൾപ്പെടേണ്ടിവന്നു. ബൽജിയത്തിന്റെ സ്വാതന്ത്ര്യത്തെരക്ഷിക്കാമെന്നു കരാർചെയ്തിട്ടുള്ള ബ്രിട്ടീഷുകാർക്കു കണ്ണുമടച്ചിരിക്കാൻ നിവൃത്തിയില്ലെന്നമായി. ജെർമനി, ഇങ്ങനെ ബ്രിട്ടനെയും പോർക്കളത്തിലേക്കു കൊണ്ടുവന്നു.

യുദ്ധവും പത്രപ്രതിനിധികളും

രണ്ടുമൂന്നായിരം നാഴികെ അകലേനടക്കുന്ന കരയുദ്ധത്തിലെ സംഭവങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ, യുദ്ധംകഴിഞ്ഞുകുറേനേരത്തിനകം, വർത്തമാനപത്രങ്ങളിൽപ്രസിദ്ധീകരിച്ചുകാണുമ്പോൾ, ഇത്രവേഗത്തിൽ യുദ്ധവിവരങ്ങൾപുറത്താകുന്നതിനേപ്പറ്റി പത്രവായനക്കാരിൽ പലർക്കും അത്ഭുതം തോന്നിയേക്കാം. പത്രാധിപർമഷ്നോട്ടംകൊണ്ടോ, പ്രശ്നംവെച്ചിട്ടോ മറ്റുവല്ല ഗ്രഹതന്ത്രംകൊണ്ടോ ആയിരിക്കുംയുദ്ധവാർത്തകൾ ഗ്രഹിക്കുന്നതെന്നും അജ്ഞന്മാർ വിചാരിച്ചേക്കാം. വാസ്തവത്തിൽ, ഇക്കാര്യത്തിൽ ഗ്രഹതന്ത്രമൊന്നുമില്ല. മൂന്നക്ഷരുടെ ബുദ്ധിപൂർവ്വം ഒത്തൊരുമിച്ച ഉത്സാഹിക്കുകവഴിക്കാകുന്നു, പത്രങ്ങളിൽ യുദ്ധവാർത്തകൾ ഉടനടൻ പ്രസിദ്ധമാവുന്നതു. ഒന്നാമതായി, യുദ്ധസ്ഥലത്തു ഹാജരുള്ള പത്രപ്രതിനിധി പൂർണ്ണവിവരങ്ങൾ ആരാഞ്ഞറിയുന്നു; രണ്ടാമതു, കമ്പിയാപ്പീസിലെ പണിക്കാർ ഈ വാർത്തകളെ കൂറേനേരങ്ങൾ കുത്തിൽ ഓടിക്കുകളിൽ അറിയിക്കുന്നു; മൂന്നാമതു, പത്രാധിപർ അവയെ അച്ചടിച്ചപ്രസിദ്ധപ്പെടുത്തുന്നു: ഇത്ര ഉള്ളൂഇതിലെ രഹസ്യം. ഇതിലെന്താണത്ഭുതപ്പെടുവാനുള്ളതു?

പണ്ടുകാലങ്ങളിൽ പോർക്കളത്തിൽ നടക്കുന്ന സംഭവങ്ങളെ ഉടനടൻ പുറത്തറിയിക്കുവാൻ വ്യവസ്ഥയുണ്ടായിരുന്നില്ല. പത്രപ്രതിനിധികൾ യുദ്ധസ്ഥലത്തു വർത്തമാനമാരാഞ്ഞു പോയ്ത്തുടങ്ങിയകാലത്തും, അവരുടെ പ്രവൃത്തി സുകരമല്ലായിരുന്നു. അവർ യുദ്ധവിവരമന്വേഷിച്ചപോർക്കളത്തിനു ചുറ്റും അലഞ്ഞുതിരിയേണ്ടിയിരുന്നു. യുദ്ധത്തിലേർപ്പെട്ടിരുന്നവർ യാതൊരു വിവരവും വിട്ടുകൊടുത്തിരുന്നില്ലെന്നമാത്രമല്ല, പത്രക്കാരനെ പലവിധത്തിൽ പീഡിപ്പിക്കുകയും ചെയ്തിരുന്നു. പത്രക്കാരന്റെ രക്ഷയെയോ സൌകര്യത്തെയോ ആരും കരുതിയിരുന്നില്ല. അയാൾ ആരാന്റെ ആളായി അലഞ്ഞുതിരിഞ്ഞു, കണ്ടും കേട്ടും അറിഞ്ഞ വർത്തമാനക്ഷണങ്ങളെ പത്രകാര്യാലയത്തിൽ അറിയിച്ചുകൊണ്ടിരുന്നു. അറുപതുകൊല്ലം മുമ്പു നടന്ന ക്രൈമിയൻ യുദ്ധകാലത്തുപത്രപ്രതിനിധിയായി പോയിരുന്ന സർ വില്യം റസ്സലും കൂട്ടരും അനുഭവിച്ച കഷ്ടങ്ങളും ഉപദ്രവങ്ങളും വിചാരിച്ചാൽ ഇക്കാലത്തുള്ളവർക്കു ആശ്ചര്യവും വ്യസനവും തോ

ന്നും. ഇന്നത്തെ പത്രപ്രതിനിധികൾ യു
ദ്ധകാര്യവകുപ്പിന്റെ അധീനതയിൽ യു
ദ്ധസ്ഥലത്തു പോകുന്നു. ഇവരെ യുദ്ധകാ
ര്യാധികൃതന്മാർ സൈന്യത്തിലെ ഒരു പ്ര
ധാനഭാഗമായി ഗണിച്ചു ബഹുമാനിക്കു
ന്നതിനു പുറമേ, വേണ്ടുന്ന സുഖസൗക
ര്യങ്ങളും രക്ഷയും നൽകുകയും ചെയ്യുന്നു.
പത്രപ്രതിനിധികളായി പോകുന്നവർക്കൊ
ക്കെ യുദ്ധകാര്യാലയത്തിൽ നിന്നു ഒരു
'ലൈസെൻസ്' (അനുവാദപത്രം) കൊ
ടുക്കും. എന്നാൽ പത്രപ്രതിനിധികൾക്കു
തോന്നിയതുപോലെ പ്രവർത്തിക്കുവാനോ,
പോകുന്നിടത്തിൽ കാണുകയും കേൾക്കുകയും
ചെയ്യുന്ന കാര്യങ്ങളെ ഇഷ്ടംപോലെ വ
ർണ്ണിക്കുവാനോ അവകാശമില്ല. യുദ്ധ
സ്ഥലത്തു പാർക്കുമ്പോൾ തങ്ങളുടെ പ്രവൃ
ത്തിസംബന്ധമായി ചില പ്രത്യേക നി
യമങ്ങളും അവർ അനുസരിക്കേണ്ടതായിട്ടു
ണ്ടു. ഇവയെ ലംഘിക്കുന്നുവെങ്കിൽ, യു
ദ്ധകോടതി കൂടിച്ചേർന്നു കുറ്റം വിചാരണ
ചെയ്തു ശിക്ഷാർഹമെന്നു ബോധ്യപ്പെട്ടാൽ
'ലൈസെൻസ്' റദ്ദാക്കും. ഇംഗ്ലീഷ് പത്ര
പ്രതിനിധികൾ താഴെപ്പറയുന്ന ചട്ടങ്ങൾ
അനുസരിക്കേണ്ടതാണെന്നു നിയമമുണ്ടു:—

ക. സൈന്യങ്ങളോടൊന്നിച്ചു യുദ്ധ
സ്ഥലത്തു പോകുന്നവർക്കു യുദ്ധമേലധികാരി
നൽകിയതായ ഒരു 'ലൈസൻസ്' ഉണ്ടാ
യിരിക്കണം; അവർ ഏതു പത്രത്തിന്റെ
ആളാണെന്നും ആ രേഖയിൽ കാണിച്ചി
രിക്കണം.

ഖ. ഒരുവൻ എതേതു പത്രങ്ങളുടെ
പ്രതിനിധ്യം വഹിക്കുന്നുവെന്നു 'ലൈ
സൻസിൽ' പറയുന്നുവോ ആ പത്രങ്ങൾക്കു
ല്ലാതെ മറ്റൊന്നിനും എഴുതിക്കൊടു

ന്നു. പത്രപ്രതിനിധികളായി പോ
കുന്നതിൽ പോരുവാൻ തക്ക യോഗ്യതയി
ല്ലാത്തവർക്കു 'ലൈസെൻസു' കൊടുക്കയി
ല്ല. പത്രപ്രതിനിധികൾ അടുത്തുണ്ടു അ
നുഭവിക്കുന്ന പട്ടാളഉദ്യോഗസ്ഥന്മാരാണെ
ങ്കിൽ അവർക്കു യോഗ്യത അധികം ഉള്ളതാ
യി ഗണിക്കും.

ഘ. യുദ്ധസ്ഥലത്തു പോകുന്ന പത്ര
പ്രതിനിധികളെല്ലാം തങ്ങൾ സൈന്യ
ത്തോടൊന്നിച്ചു പാർക്കുന്ന കാലമത്രയും 'മൈ
ട്ടിനിആകട്' എന്ന സൈന്യദ്രോഹനി
യമത്തിനധീനന്മാരാകുന്നു.

ങ. ഒരു പത്രപ്രതിനിധി, യുദ്ധമേ
ലധികാരിയുടെ പ്രത്യേകമായ അനുവാദം
എഴുതിമേടിക്കാതെ, പട്ടാളകാവൽസ്ഥല
ങ്ങളെ സന്ദർശിച്ചുകൂടാത്തതാകുന്നു. ഈ
അനുവാദം കാലാകാലാവശ്യം വേറെ വേ
റെ സിദ്ധിക്കുന്നു.

ച. പത്രപ്രതിനിധികൾ എഴുത്തു
കുത്തുകളിൽ ഗൂഢഭാഷ ഉപയോഗിച്ചുകൂ
ടാ; ഇംഗ്ലീഷ്, ഫ്രെഞ്ച്, ജെർമ്മൻ ഈ മൂ
ന്നുഭാഷകൾ മാത്രമേ ഉപയോഗിക്കാവൂ.

ഛ. പത്രങ്ങളിലേയ്ക്കയയ്ക്കുന്ന വർത്ത
മാനങ്ങളെ പരിശോധിക്കുവാൻ സൈന്യ
ത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചി
രിക്കും. പ്രതിനിധികൾക്കു ആവശ്യം പോ
ലെ 'പാസ്സു' കൾ (നടച്ചീട്ടു) കൊടുക്കുവാ
ൻ ഈ ഉദ്യോഗസ്ഥൻ ചുമതലപ്പെട്ടിരിക്കു
ന്നതാണു. യുദ്ധസ്ഥലത്തു ആചരിക്കേണ്ട
നിയമങ്ങളെ പത്രപ്രതിനിധികൾ ശരിയാ
യി അനുസരിക്കുന്നുണ്ടോ എന്നു പരിശോ
ധിച്ചറിയേണ്ടതിലേക്കു പ്രതിനിധികളെ
അയച്ചിട്ടുള്ള എല്ലാ പത്രപ്രവർത്തകന്മാരും

അവരവരുടെ പത്രത്തിന്റെ മാത്രം പ്രതിനിധികൾ മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാർ അയച്ചുകൊടുക്കേണ്ടതാണു:

൫. പത്രപ്രതിനിധികൾ തങ്ങളുടെ പത്രങ്ങൾക്കയയ്ക്കുന്ന ലേഖനങ്ങൾ ഒക്കെ, താൻമുഖാന്തരം അയയ്ക്കുന്നതെന്നു നിർബന്ധിക്കുവാനും, സൈന്യകാര്യത്തിനു ദോഷം പറ്റാത്തവിധം വിവരങ്ങളെ തടയുവാനും, മേല്പടി (പ്രെസ് സെൻസർ) ഉദ്യോഗസ്ഥനു അധികാരമുണ്ടു.

൬. സൌകര്യവും ഔചിത്യവും അനുസരിച്ചു, യുദ്ധസംബന്ധമായ വിവരങ്ങൾ പത്രപ്രതിനിധികളോടു പറവാൻ യുദ്ധമേലധികാരിയുടെ അനുജ്ഞാപ്രകാരം തന്റെ സ്റ്റാഫ്-ഓഫീസർ ഒരുക്കമായിരിക്കും. ദിവസത്തിലും നിശ്ചിതസമയത്തു പത്രപ്രതിനിധികൾ ചെന്നാൽ സൈന്യകാര്യത്തിനു പകടംകൂടാത്ത വാർത്തകളെല്ലാം പറവാൻ മേല്പടി പ്രെസ് സെൻസർക്കു അധികാരം അനുവദിച്ചിരിക്കും.

൭. പത്രങ്ങൾക്കായുള്ള വർത്തമാനക്കുത്തുകളെല്ലാം കഴിവുള്ളേടത്തോളം ശീഘ്രം അയയ്ക്കുവാനും യുദ്ധകാര്യാധികൃതന്മാർ വേണ്ടുന്ന കരുതൽ ചെയ്യും.

ആധുനിക സെർവിയ.

"സെർവിയാ രാജ്യചരിതം എത്രമേൽ പ്രഖ്യാതമായിരുന്നിരിക്കുന്നുവോ, അത്രമേൽ അത്ഭുതകരവും വ്യസനകരവും ആയിത്തീർന്നിട്ടുണ്ടു; ധീരന്മാരായ ഈ ജനങ്ങളുടെ പരാക്രമങ്ങളെപ്പറ്റി വായിച്ചറിയുന്നവരാരും ഞെട്ടുവും സ്തോഭവും സഹതാപശക്തിയുമുള്ള ഈ സ്വരാജ്യസ്നേഹികളെ അത്യന്തം ബഹുമാനിക്കാതിരിക്കയില്ല," എന്നു ഒരു വിദ്വാൻ എഴുതിയിരിക്കുന്നു.

ഒരുകൊല്ലംമുമ്പു, സെർവിയായിലെ ജനസംഖ്യ അമ്പതുലക്ഷമായിരുന്നു. ഈ കണക്കപ്രകാരം ഫർഠാത്തിന്നിപ്പുറം സെർവിയായിൽ ഏഴുലക്ഷം ആളുകൾ വധിച്ചിട്ടുണ്ടു എന്നു തെളിയുന്നു. ഇക്കഴിഞ്ഞ ബാൾക്കാൻ യുദ്ധത്തിൽ എഴുപതിനായിരം സേർവിയാക്കാർ മരിച്ചും മുറിവേറ്റും നഷ്ടപ്പെട്ടിട്ടുണ്ടു എന്നാൽ ആ യുദ്ധത്തിന്റെ ഫലമായി മാസിഡോണിയയിലെ ഏറിയഭാഗം ഉൾപ്പെട്ടുന്ന 'പഴയസേർവിയാ' രാജ്യത്തോടുകൂടെ ലഭിച്ചിരിക്കുന്നു സ്ഥിതിക്കു, ഇപ്പോഴത്തെ ജനസംഖ്യ രാജ്യവിസ്താരത്തെ അപേക്ഷിച്ചു അധികമില്ല. രാജ്യം വലുതാകുന്നതിലേക്കു അനേകായിരം ആളുകളുടെ ജീവൻ നഷ്ടപ്പെട്ടതുകൂടാതെ, ഒരുകോടി എൺപതുലക്ഷം പവനും ചെലവായിട്ടുണ്ടു.

സെർവിയായിലെ ജനങ്ങളിൽ നൂറിനു തൊണ്ണൂറും നാട്ടുംപുറത്തു പാർക്കുന്നു. പ്രധാനപ്പെട്ട പട്ടണങ്ങൾ പത്തുപന്ത്രണ്ടേ ഉള്ളൂ. അവയിലെല്ലാറ്റിലുംകൂടെ അഞ്ചുലക്ഷം ആളുകൾ പാർക്കുന്നുണ്ടാവും. രാജധാനിയായ ബെൽഗ്രേഡിൽ ൭൦,൦൦൦ ജനങ്ങൾ പാർക്കുന്നുണ്ടു; അതുകഴിഞ്ഞാൽപിന്നെ മുഖ്യമായ നഗരം നിഷ് ആകുന്നു: ഇവിടെ ൩൪,൦൦ ജനങ്ങൾ ഉണ്ടു. മറ്റു നഗരങ്ങൾ ഒന്നിനും ഇരുപതിനായിരത്തിൽ അധികം ജനസംഖ്യയില്ല.

സെർവിയാക്കാർ ഏറ്റവും പരിശ്രമശീലന്മാരാണ്. പുരുഷന്മാർ നിലം കൃഷിചെയ്യും; കാലിയെ മേയ്ക്കും, മുന്തിരിത്തോട്ടങ്ങൾ പരിപാലിച്ചും, നിരന്തരം അധ്വാനിക്കുന്നു; സ്ത്രീകളും പുലർകാലംതുടങ്ങി രാത്രിവരെ പണിയെടുക്കുന്നു; നടക്കാൻ പ്രായമാകുമ്പോൾ തുടങ്ങി, കുട്ടികളേപ്പോലും അവരുടെ ചെറുകൈകൾകൊണ്ടു ചെയ്യത്തക്ക പണികൾ ശീലിപ്പിക്കുന്നു. എന്നാൽ നാട്ടുമര്യാദയുള്ള ആളുകളാണെന്ന ഈവിധം പറഞ്ഞുകേൾക്കുന്നതു; നഗരവാസികളുടെ മനസ്സു രാജ്യകാര്യവിഷയത്തിൽ മുഴുകിയിരിക്കുന്നു: സകലപുരുഷന്മാരും, ചെറിയകുട്ടികൾപോലും, വലിയയോദ്ധാക്കളും രാജ്യതന്ത്രജ്ഞന്മാരാണെന്നു ഭാവിക്കുന്നു.

സേർവിയായുടെ അഭിവൃദ്ധിക്കു പ്രതിബന്ധമായിരിക്കുന്ന മുഖ്യസംഗതി, അയൽരാജ്യക്കാരുമായി യോജിപ്പില്ലായ്മയാണു. ഫ്രഞ്ചുഗവർമെന്റുകാർ പലപ്പോഴും സേർവിയായെ ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ടു. ബാലഗേറിയായുമായി കുറേമുമ്പുണ്ടായ ഒരു ഭയങ്കരയുദ്ധം കഴിഞ്ഞതു. മോണ്ടിനീഗ്രോരാജാവിന്റെ ഒരു പുത്രിയെ സേർവിയാരാജാവു കല്യാണംകഴിച്ചിരുന്നുവെങ്കിലും, ആ രാജ്യക്കാരുമായിട്ടും രഞ്ജിപ്പില്ല. പിന്നെ ആസ്ത്രേനിയാക്കാർ, റുമാനിയാക്കാർ, ഗ്രീക്കുകാർ എന്നിവരുമായിട്ടും അശേഷം യോജിപ്പില്ലാതെയാണു കഴിഞ്ഞുകൂടുന്നതു. അയൽരാജ്യക്കാരുമായി കുറെക്കാലത്തെ രഞ്ജിച്ചിരിക്കുന്നപക്ഷം, സേർവിയാക്കാർ ബാഹ്യരാജ്യക്കാരുടെ ഇടയിൽ ഏറെ അഭിവൃദ്ധിയുള്ളവരായിത്തീരുമെന്നതിനു സംശയമില്ല. സേർവിയായിലുണ്ടാവുന്ന പന്നികളെപ്പോലെ വിശേഷമായവയ്ക്കു ലോകത്തിൽ മറ്റൊരിടത്തും ഇല്ല. അവിടെയുണ്ടാകുന്ന ധാന്യങ്ങളിൽ ഗോതമ്പു ഏറ്റവും നന്നുള്ളതും, ഗോതമ്പു ഗുണംഏറിയതും ആകുന്നു. അവിടെ കിട്ടുന്ന തേനിനോളം മാധുര്യമുള്ള തേനും മറ്റൊരിടത്തും ഉണ്ടായിക്കണ്ടിട്ടില്ല. അയൽരാജ്യക്കാരുമായി രഞ്ജിച്ചിരിക്കയും, ജനങ്ങൾ യുദ്ധകാര്യങ്ങളിൽ ആസക്തി ചുരുക്കി, പ്രകൃത്യാതന്നെ ഫലപുഷ്ടിയുള്ള തങ്ങളുടെ നിലങ്ങളെ കൃഷിചെയ്യുന്നകാര്യത്തിൽ ശ്രദ്ധവയ്ക്കയും ചെയ്യുന്നതായാൽ, സേർവിയായ്ക്കു അന്യരാജ്യക്കാരുമായി കുറേക്കൂടെ പ്രബലമായി കച്ചവടംനടത്താമെന്നതിനു രണ്ടുപക്ഷമില്ല.

സേർവിയാക്കാർ ഒരു ജനതയായിത്തീർന്നതു ക്രിസ്താബ്ദം ഒന്പതുവർഷമായിരുന്നു. അക്കാലംതുടങ്ങി ഈ കഴിഞ്ഞ പന്ത്രണ്ടുനൂറ്റാണ്ടിനിടയിൽ അവരുടെ അഭിമാനമോ സ്വാതന്ത്ര്യപ്രിയമോ, ക്ഷിപ്രകോപസ്വഭാവമോ, പാരതന്ത്ര്യാസഹിഷ്ണുതയോ, പോരാടുന്നതിനുള്ള അത്യുത്സാഹമായ ഉൽക്കണ്ഠയോ അല്പവും താണിട്ടില്ല. അവരുടെ സമൂഹത്തിനു പൊതുവായുള്ള ഗീതങ്ങൾ മിക്കതും മുമ്പു നടന്ന യുദ്ധങ്ങളുടെ ജയാപജയങ്ങളെക്കുറിച്ചായിരിക്കുന്നു. സ്ഥിതിക്ഷോഭവീര്യം നിലനില്ക്കുന്നതിൽ അത്ഭുതപ്പെടാനില്ല.

എന്നാൽ സേർവിയാക്കാർ സ്വകാര്യജീവിതത്തിൽ ശുദ്ധഗതിക്കാരും സത്യസന്ധന്മാരുംആണു. അവർ എന്തെങ്കിലും കാര്യം സംബന്ധിച്ചു വാക്കുകൊടുത്താൽ, ആപ്രതിജ്ഞയെ വിധിനിയമത്തിനു തുല്യമായി ഗണിച്ചു രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി കൊടുക്കുന്ന കരാർ എന്ന വാക്യത്തിൽ പരിപാലിച്ചു നിറവേറുന്നു. പ്രതിജ്ഞാ

ഭേദം ചെയ്ത എന്ന സ്വഭാവം സേർവിയാക്കാക്ക് ഇല്ലെന്നതന്നെ, എന്നാൽ ശത്രുക്കളുടെ മനസ്സുകഭേദം ചെയ്യാൻ അവർ വിജയന്നാരുമാണു്.

സേർവിയാസ്സു ഗ്രേറ്റ് ബ്രിട്ടനുമായി കച്ചവടഏർപ്പാടുകൾ അധികം ഇല്ല. സേർവിയായുമായുള്ള കച്ചവടബന്ധത്തിൽ മുന്നണിയിൽനില്ക്കുന്നതു ജെർമ്മനിയാണു; ജെർമ്മനി, ആസ്ത്രിയാ, തുർക്കി, പ്രാൻസ്, ഇറലി എന്നി രാജ്യങ്ങളുമായുള്ള കച്ചവട ഏർപ്പാടുകൾ ആണ്ടുതോറും വർദ്ധിച്ചുവരുന്നുണ്ടു. ഫർഡിനാംകൊല്ലാവസാനംവരെ, എട്ടു സംവത്സരകാലം സേർവിയായിലെ ഇറക്കുമതിനൂറിനു നാല്പതുവീതം ആസ്ത്രിയായിൽ നിന്നായിരുന്നു; ഏറുമതി പകുതിയോളവും ആസ്ത്രിയായിലേക്കുമായിരുന്നു. എന്നാൽ ഇതിനിടയിൽ ഇരുവരും തമ്മിൽ കച്ചവടത്തീരുമാനത്തെ സംബന്ധിച്ച ഒരു വലിയ പിണക്കമുണ്ടായി. ഈ നിമിത്തം ഇരുവക്കും നഷ്ടവും സംഭവിച്ചു. കച്ചവടക്കായ്മത്തിൽ ഗ്രേറ്റ് ബ്രിട്ടനുമായി കുറേക്കൂടെ അടുത്തബന്ധം വേണമെന്നു സർവിയാസ്സു ആഗ്രഹമുണ്ടു. ഈ ആഗ്രഹനിവൃത്തിക്കായി അവിടത്തെ കൃഷികച്ചവടകായ്മന്ത്രി ഒട്ടധികം ഉത്സാഹിക്കയും ചെയ്തിട്ടുണ്ടു.

സേർവിയാസ്സു രണ്ടുകോടി അറുപതു ലക്ഷം പവൻ കടമുണ്ടു. മുതലെടുപ്പ് അമ്പത്തിമൂന്നു ലക്ഷമാണു. ഇതിൽ പതിമൂന്നുലക്ഷം കടപ്പലിശ കൊടുപ്പാനും, പന്ത്രണ്ടുലക്ഷം സൈന്യച്ചെലവിനും നീക്കിവച്ചാൽ, വിദ്യാഭ്യാസം മുതാമുള്ള മുതലായമറ്റുകായ്മങ്ങൾക്കുചെലവിടാൻ അല്പമേബാക്കിയുണ്ടാകയുള്ളു. അതിനാൽ പാപ്പരാകാതിരിക്കേണ്ടമെങ്കിൽ, സേർവിയാ ഇനിയും കടംവാങ്ങേണ്ടിയിരിക്കുന്നു. എന്നാൽ കടത്തിനു മതിയാകത്തക്കജാമ്യം കൊടുക്കാനും സേർവിയാ ബുദ്ധിമുട്ടേണ്ടിവരും.

സേർവിയാസ്സു ഇംഗ്ലാണ്ടുമായി മുൻകാലങ്ങളിൽ വണമിടപാടുകൾ ഉണ്ടായിരുന്നു. എന്നാൽ സേർവിയായെ ധനവിഷയത്തിൽ അധികം സഹായിച്ചിട്ടുള്ളതു പ്രാൻസാണു. പ്രാൻസിന്റെ സഹായം കൊണ്ടാണു സേർവിയാ കച്ചവടകായ്മത്തിൽ അഭിവൃദ്ധിപ്പെട്ടതും. സേർവിയാക്കാർ തങ്ങളുടെ സ്വാതന്ത്ര്യസ്ഥാപനത്തിനായി യുദ്ധത്തിനു പുറപ്പെട്ടിരുന്ന സന്ദർഭത്തിലും പ്രാൻസിന്റെ സഹായത്തെയാണു പ്രതീക്ഷിച്ചതു; അതിനുണ്ണും പ്രാൻസ് വേണ്ടുംവിധം സഹായിക്കയും ചെയ്തു.

വിജ്ഞാപനം.

വിവരം കാലേകൂട്ടി അറിയിച്ചിരുന്നിട്ടും മാസിക വി. പി അയക്കുമ്പോൾ വരിക്കാർ കൈയയും വിചാരിക്കാതെ വി. പി. മടക്കി അയക്കുവരുന്നതു ഹേതുവായി പല അവസ്ഥങ്ങളും മാസികനടത്തിപ്പിൽ വന്നുപോകുന്നുണ്ടു. വി. പി. മടക്കിയവക്കാരും തന്നെ ഒന്നുകിൽ അവർ പണം മണിയോർഡർവഴി അയച്ചുതരികയോ, അതല്ലെങ്കിൽ ആ ലക്കംതന്നെ രണ്ടാമതും വി. പി. അയപ്പാൻ ആവശ്യപ്പെടുകയോ ചെയ്യാത്തപക്ഷം പിന്നീടുള്ള ലക്കങ്ങളും അവക്കു അയക്കുന്നതല്ല.

മാനേജർ.

ആത്മപോഷിണി

പുസ്തകം ൩ | ൧൦൯൦ തുലാം | ലക്കം ൫.

മലയാളപത്രങ്ങളുടെ
നിലയും വിലയും

[111]

ലേഖകന്മാരുടെ എന്നല്ല, ചില പത്രാധിപന്മാരുടെയും സംസ്കൃതപദപ്രയോഗഭ്രമം പലപ്പോഴും പരിഹാസ്യമായിത്തീരാറുണ്ടു. പദങ്ങളുടെ അർത്ഥമെന്തെന്നു നിശ്ചയമില്ലാതെ പ്രയോഗിക്കുക; ശരിയായ രൂപമെന്തെന്നറിയാതെ, ഒന്നിനുപകരം അതിനൊട്ട് ഉച്ചാരണസാദൃശ്യമുള്ള മറെറാന്നു പ്രയോഗിക്കുക; ചിലപ്പോൾ, അക്ഷരങ്ങൾക്കുതന്നെ, മാറ്റം വരുത്തുക— ഇത്യാദി പലേ വികൃതികളും മിക്ക പത്രങ്ങളിലും സുധാരണയാകുന്നു. നാലുപൂകൊല്ലം മുമ്പു, ശ്രീമാൻ അരവിന്ദഘോഷനെക്കുറിച്ചു, തിരുവിതാംകൂർ കോട്ടയത്തെ പ്രസിദ്ധപ്പെട്ട ഒരു പത്രത്തിൽ, അദ്ദേഹം പ്രണയംഅഭ്യസിക്കുന്നുവെന്നും, നിലത്തുനിന്നു കുറെനാരടി പൊങ്ങുവാൻ കഴിയുമെന്നും ഒരുവർത്തമാനം കണ്ടിരുന്നു. ഗവർമേണ്ടു കാര്യങ്ങളിൽ വഴക്കുണ്ടാക്കിക്കൊണ്ടിരുന്നതു അവിവേകമായിപ്പോയിഎന്നു പശ്ചാത്തപിച്ച ആ ദേശഭക്തർ എല്ലാവരൊട്ടും പ്രണയം (അല്ലെങ്കിൽ പ്രേമം, സ്നേഹം) അഭിനയിക്കാൻ തുടങ്ങിയിരിക്കാം എന്നു ചിലർ അനുമാനം തെറ്റിദ്ധരിച്ചു. എന്നാൽ, വാസ്തവമതായിരുന്നില്ല: അദ്ദേഹം യോഗാഭ്യാസത്തിൽ, പ്രാണായാമം ശീലിക്കയായിരുന്നു. ഇതിനു ഇംഗ്ലീഷ് പത്രങ്ങളിൽ Pranayam എന്നു എഴുതിയിരുന്നതുകൊണ്ടു, നമ്മുടെ മലയാളപത്രപ്രസാധകർ, ഔചിത്യവിചാരംചെയ്യാതെ, പ്രണയം എന്നു പ്രയോഗിക്കയുംചെയ്തു. ഇങ്ങിനെയാകുന്നു സംസ്കൃതപദനിർണ്ണയം ഇല്ലാഞ്ഞാൽ പത്രാധിപന്മാർക്കു വരാവുന്ന അബദ്ധം. ഇപ്പോൾ കാണിച്ച ഉദാഹരണം, സംസ്കൃതപദപ്രയോഗഭ്രമംകൊണ്ടു സംഭവിച്ചതല്ല; ശബ്ദനിശ്ചയം ഇല്ലായ്കയാൽ ഉണ്ടായതാണു. സംസ്കൃതപ്രയോഗഭ്രമത്തിനു ലേഖകന്മാർ മുഖ്യനായകുന്നു അധികം ദൃഷ്ടാന്തങ്ങൾ ലഭിക്കുന്നതു: ചില ഉദാഹരണങ്ങൾ ഇതാ:—

(ക) "ശാസ്താംകോട്ടയിൽ പോയിരുന്ന മഹാരാജാവുതിരുമനസ്സിലെ ചട്ടമഹാഷ ഇന്നലെ ഇതുവഴി മോട്ടാർകാറിൽ തിരുവനന്തപുരത്തേക്കു പോയിരിക്കുന്നു."

(ഖ) "നെയ്യാറുകരതാലൂക്കുകച്ചേരിയിൽ സംഭാരമൊഴിക്കുന്നതിനു അനുവദിച്ചിട്ടുള്ള പണത്തിന്റെ വിലക്കുള്ള തെരു ചില താലൂക്കുകളിൽ ചന്തികളുടെ വീടുകളിൽ പുള്ളിശ്ശേരിയായും മറ്റും തീരുന്നതും ദാഹകന്മാർ പച്ചവെള്ളം കുടിക്കാൻ ഇടയാകുന്നതും കൊടുകഷ്ടമാണു."

(ഗ) "ഇന്നലെ കല്ലുമ്മൂടുതാലൂക്കുകച്ചേരിയിൽ യാദൃശ്ചികമായി ചെന്ന അവിടത്തെ സുഖമെടുപ്പുകാരനും സേവനാപ്രേക്ഷകളുമായ രണ്ടു ക്ലാർക്കന്മാരെ ശാണകർഷണംചെയ്യിപ്പിച്ച ചില സംഗതികളെ പ്രത്യേകം നോട്ടുചെയ്തുയും..... ...."

(ഘ) "എസ്സ്. പി. ഫൈനൽസ്കൂൾ പരിശോധിക്കുന്നതിനായി ഡയറക്ടർ ഇവിടെ വന്നിരുന്ന സമയം ഒരു ഫൈനൽസ്കൂളിലേക്കു വേണ്ട സാമിഗ്രഹികളും തകത്തിട്ടില്ലെന്നുകണ്ടു....."

(ങ) "ആ വൈദ്യന്റെ മരുന്നുസാമാനങ്ങളും വൈദ്യസാമഗ്രഹികളുമെല്ലാം ഇവിടെ ഒരു ഗൃഹത്തിലെ മുറിയിലിരുന്നു സുഖമെടുക്കയല്ലെ ചെയ്യുന്നതു."

(ച) "വലിയകൊട്ടാരം മാനേജർ മിസ്റ്റർ ശങ്കരൻതമ്പിയും പത്നിയും മാസം പിറന്ന ആദ്യത്തെ വെള്ളിയാഴ്ചയിവിടെ മേലാങ്കോട്ട ക്ഷേത്രത്തിൽ ചില പ്രാർത്ഥനകൾ നടത്തുന്നതിനായി ഈ മാസം ഒടുവിൽ വരുന്നുണ്ടെന്നു ലറർവന്നു. അതു സംബന്ധമായി ചില സംരംഭങ്ങൾ നടന്നുവരുന്നതായി അറിയുന്നു."

(ഛ) "...ആഭരണം മോഷണം നടത്തിച്ച വിവരം ഞാനൊഴിയിരുന്നല്ലൊ. പൊതുജനങ്ങൾ ഇതിനെ സംബന്ധിച്ചു ഈ വിദ്വാനോടു ചോദിച്ചതിനാലുണ്ടായ അഭിമാനം നിമിത്തം ഈയിടെ ചുറ്റിസ്സഞ്ചാരത്തിലാണെന്നറിയുന്നു."

ഇവയിലെ (ക) പട്ടമഹിഷി, (ഖ) ദാഹകന്മാർ, (ഗ) ശാണകർഷണം, (ഘ) സാമഗ്രഹികൾ, (ങ) സാമഗ്രഹികൾ, (ച) സംരംഭങ്ങൾ, (ഛ) അഭിമാനം— എന്ന പ്രയോഗങ്ങളുടെ ഔചിത്യത്തെയും ശുദ്ധിയെയും വിചാരണചെയ്താൽ, ആ പ്രയോഗങ്ങളുടെ കർത്താക്കന്മാർക്കും, അവയെ സമ്മതിച്ച പത്രാധിപന്മാർക്കും, 'വ്യർത്ഥപ്രയത്നം' കൊണ്ടാണെന്നു പറയേണ്ടിവരും. ഇത്തരം ഭാഷാവികൃതികളുടെ ആവിർഭാവവും വർദ്ധനയും, 'അനക്ഷരകുക്ഷി'കളായും വിദ്യാവിഹീനന്മാരായുമുള്ള 'മുറിക്കുറതക്കാർ' പത്രപ്രവർത്തനത്തിനു ചാടിക്കടന്നുകൂടിയിരിക്കുന്നതുകൊണ്ടുണ്ടാവുന്നതാകുന്നു. ഭാഷയെ പരിപ്പുരിക്കാൻ കഴികയില്ലെങ്കിൽ, അതിനെ 'അലങ്കോലപ്പെടുത്തേണ്ട'മെന്നില്ലല്ലൊ. ഭാഷയെ സുഖമായി കൈകാര്യംചെയ്യാൻ സാമർത്ഥ്യമില്ലാത്തവർ പത്രപ്രവർത്തനമെന്ന 'ക്ഷേത്ര'ത്തിന്റെ വളപ്പിനു പുറമേ നില്പുയാണു യോഗ്യത; അകത്തുകടന്നു വേലിചാടിക്കടക്കേണ്ടാ. മലയാളപത്രങ്ങൾ നിമിത്തം ഇപ്പോൾ ഭാഷയ്ക്കു നേരിട്ടിരിക്കുന്ന ദോഷങ്ങളെപ്പറ്റി മറ്റൊരവസരത്തിൽ പ്രസ്താവിക്കാമെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടു, ഈ വിഷയ

"പ്രസ്തുത കേസ്സിനെപ്പറ്റിയുള്ള തെളിവുകളും ഇതരഭാഗം പ്രസംഗവും കഴിഞ്ഞു. വിധി ചുരുക്കത്തിൽ പറഞ്ഞേക്കാം. റിക്കാർട്ട തെളിവു മതിയായിട്ടില്ലാത്തതിനാൽ കേസ്സ് തള്ളിയിരിക്കുന്നു. പുനരെടുക്കുന്നതല്ല."

ഇനി, പത്രാധിപപ്രസംഗത്തിന്റെ ഒരു പുതിയ ഗതിക്ക ഉദാഹരണം കാണുക: ഒരു മനുഷ്യന്റെ ചരമത്തെപ്പറ്റി അനുശോചിച്ചെഴുതിയിരിക്കുന്നതു ഇങ്ങിനെയാണു:-

"ദേവലോകം

ഠ ജ്ഞായി, ഫ്രൻഡ്സ്

ഫ കക്കിടകം, ഫാവ്വ

D-റ

മഹാമഹിമശ്രീ ബഹുമാനപ്പെട്ട ദേവരാജാവവർകൾ ജസ്റ്റിസ് മിസ്റ്റർ കെ. നാരായണമാരാർ അവർകൾക്ക എഴുതുന്നതു.

എന്തെന്നാൽ നമ്മുടെ ചീഫ് കോടതിയിലെ ഒന്നാം ജഡ്ജിയും പ്രധാനമന്ത്രിയുമായിരുന്ന 'ചുരുഷകേസരി' സ്വർഗ്ഗസ്ഥനായതിനാൽ അദ്ദേഹത്തെ പെൻഷ്യൻ കൊടുത്തു ടി. ജോലികളിൽനിന്നു ഒഴിവാക്കുകയുണ്ടായി. എങ്കിലും ഏതൽസ്ഥാനങ്ങളെ അലങ്കരിക്കുന്നതിനു യോഗ്യനും പ്രാപ്തനുമായ ഒരാളെ നമ്മുടെ രാജ്യത്തിലും അയൽരാജ്യങ്ങളിലും അന്വേഷിച്ചതിൽ നമ്മുടെ തൃപ്തിക്കും വിശ്വാസത്തിനും അർഹനായ ഒരുത്തനെയും കണ്ടുകിട്ടാതെ നാം വ്യസനിച്ചിരിക്കുന്ന സന്ദർഭത്തിൽ അങ്ങയുടെ ഗുണസൂചകങ്ങളെയും യോഗ്യതകളെയും പലരും മുഖേന കേട്ട സന്തുഷ്ടിപൂണ്ടു. എങ്കിലും നമുക്കു സ്വന്തമായിത്തന്നെ അതു ദൃഷ്ടാന്തപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ കരുണാമൃ

ത്തെ ഇതിലധികം വിസ്തരിക്കുന്നില്ല.

ലേഖനങ്ങളെ ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യുക, തള്ളേണ്ടവയെ തള്ളുകയും, കൊള്ളേണ്ടവയെ കൊള്ളുകയും ചെയ്യുന്ന കാര്യത്തിൽ, ചില മലയാളപത്രങ്ങളുടെ അധികൃതന്മാർ പുത്രമാത്രം ശ്രദ്ധാജഡന്മാരോ, അപടക്കാരോ, ആണെന്നതിനു മുൻകാണിച്ച ദൃഷ്ടാന്തങ്ങൾതന്നെ തെളിവായിരിക്കുന്നു. ഇവർ ഇത്രമാത്രംകൊണ്ടു തങ്ങളുടെ യോഗ്യതാപ്രദർശനത്തിനു ഒരു വിരാമം വരുത്തിയിരുന്നാൽ, എത്രയോ ഭേദമായിരുന്നു. പൊതുജനഹിതത്തെ സംബന്ധിച്ച് സംഗതികളിൽ ഇവർ പുറപ്പെടുവിക്കാറുള്ള അഭിപ്രായവിശേഷങ്ങളെപ്പറ്റി നിരൂപണംചെയ്യാതിരിക്കയാണു ഉത്തമം. അവനവനു ഇഷ്ടംപോലെയുള്ള അഭിപ്രായം സ്വതന്ത്രമായി പ്രസ്താവിപ്പാനും പുറപ്പെടുവിപ്പാനും ആർക്കും അവകാശമുണ്ടെന്നു സമ്മതിക്കാം; എന്നാൽ, ഒരു സംഗതിയെപ്പറ്റിത്തന്നെ, ഒരിക്കൽ ഒരുപ്രകാരവും, പിന്നൊരിക്കൽ മറ്റൊരുപ്രകാരവും— പൂർവ്വാപരവിരുദ്ധമായി— അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകാണുമ്പോൾ ഇവരുടെ പത്രത്തെക്കുറിച്ചു ചിലർക്കെങ്കിലും നിന്ദതോന്നുന്നതിൽ അത്ഭുതപ്പെടുവാനെന്തുള്ളൂ? അതു പ്രമാണനാശമായില്ലായ്മയാണെന്നിരിക്കട്ടെ. എന്നാൽ, പത്രാധിപസ്ഥാനത്തിന്റെ ഗൗരവത്തെ നശിപ്പിക്കുന്നതുകൂടിയാണു ഇവരിൽ ചിലർ കാട്ടുന്ന 'ഗോഷ്ടി'കളെപ്പറ്റി എന്തു സമാധാനം ചൊല്ലുവാനുണ്ടു? ഇതു പകർന്നുകാണിപ്പാൻ, രണ്ടു ലേഖകന്മാരുടെ വാദപ്രതിവാദങ്ങൾക്കു, ഒരു പത്രാധിപർ എഴുതിയിട്ടുള്ള തിപ്പണം:—

യിലിറങ്ങി സഞ്ചരിക്കുകയും അവർക്കും നമുക്കു ദുഷ്ടാന്തപ്പെടുകയും ചെയ്തു. നീതിന്യായങ്ങളെ ശരിയാംവണ്ണം പരിപാലിക്കുന്നതിന്നാശ്രമിച്ചാൽ നമ്മുടെ പ്രജകൾ കുറെ നാളായിട്ടു കഷ്ടമനുഭവിച്ചുവരുന്നതുകൊണ്ടു അവരെ വേണ്ടവിധം സംരക്ഷിക്കുന്നതിന്നും രാജ്യകാര്യങ്ങളിൽ നമ്മെ സഹായിക്കുന്നതിന്നുമായി മുൻ പ്രസ്താവിച്ചജോലികളിൽ നാം അങ്ങെ നിശ്ചയിച്ചു തീട്ടൂരംതരുവാൻ വിചാരിച്ചിരിക്കുന്നതിനാൽ കാലതാമസം കൂടാതെ അങ്ങ് ഇവിടെവന്നു നമ്മോടു തീട്ടൂരം വാങ്ങി ജോലിയിൽ പ്രവേശിച്ചു കാണുവാൻ നാം വളരെ ആഗ്രഹിക്കുന്നു.

എന്നു, ദേവേന്ദ്രൻ (ഒപ്പു)

(നേരു പകർപ്പു)

അദ്ദേഹത്തിന്റെ കാര്യം സുഖമായില്ലെ! ദേവകൾക്കു ഭാഗ്യകാലോദയമുമായി. ഭൂവാസികളായ നമ്മളല്ലെ വ്യസനക്കടലിൽ കിടന്നിഴഞ്ഞു വലയുന്നതു. കഷ്ടം! തലയിലെഴുത്തിന്റെ വല്ലിപ്പം!! അനുഭവിക്കാതെ നിവൃത്തിയില്ലല്ലോ!!!"

ഇത്തരം പ്രസംഗവികൃതികളെപ്പറ്റി വിശേഷാൽ നിർത്തുപണം ചെയ്യേണ്ടുന്ന ആവശ്യമില്ലെന്നു വിചാരിക്കുന്നു. ഇവ, നാടകാഭിനയങ്ങളിൽ 'കോമാളി'കൾക്കു ചേർച്ചയായിരിക്കാം; പത്രാധിപപ്രസംഗമെഴുതുന്നവർക്കു യോഗ്യതയായിരിക്കയില്ല.

അതങ്ങിനെയിരിക്കട്ടെ. ചില പത്രാധിപന്മാരുടെ മനോധർമ്മം ദൃശ്യത്തെ മാത്രമല്ല, അദൃശ്യത്തെയുംകൂടി കടന്നുപോവാറുള്ളതു മലയാളപത്രമണ്ഡലത്തിലെ 'സപ്താശ്ചര്യ'ങ്ങളിൽ ഒന്നാകുന്നു. ഇതാ പറവാൻ തുടങ്ങുന്ന കഥകേട്ടാലും:—നാലപ്പാട്ടനാരായണമേനോൻ അവർകൾ എഴുതിയ ഒരു പത്രകൃതിയുടെ അവതാരികയിൽ, മിസ്റ്റർ മേനോൻ വള്ളത്തോൾക്കമ്പനിയിലെ ഒരംഗമാണെന്നു അവതാരികാകർത്താവു വർണ്ണിച്ചിരുന്നു. കവിതാപർഗ്രമത്തിൽ, വള്ളത്തോൾനാരായണമേനോൻ അവർകളെ അനുവർത്തിക്കുന്ന ഒരാളാണു" മേല്പടി കർത്താവു എന്നു അവതാരികാകാരൻ വിവക്ഷിച്ചിരുന്നുള്ളു. എന്നാൽ ആ വർണ്ണന ഒരു പത്രാധിപരുടെ ദൃഷ്ടിയിൽപെട്ടപ്പോൾ, നാലപ്പാട്ടു മേനോനവർകൾ "പ്രസിദ്ധപ്പെട്ട വള്ളത്തോൾക്കച്ചവടക്കമ്പനിയിൽ ഒരു കൂട്ടകച്ചവടക്കാരൻ" ആയിത്തീർന്നു! അവതാരികാകർത്താവു അന്യഥാർത്ഥബോധം ഉണ്ടാക്കുന്ന 'കമ്പനി' എന്ന ഇംഗ്ലീഷ്പദത്തെ പ്രയോഗിച്ചതുകൊണ്ടാകുന്നു പത്രാധിപർ ഇങ്ങിനെ അസംബന്ധമെഴുതാൻ സ്വഗതിയായതു എന്നു, വേണമെങ്കിൽ, സമാധാനപ്പെടാം. എന്നാൽ, ആതങ്കനിഗ്രഹകാരികയാൽ പ്രസിദ്ധപ്പെട്ട മണ്ണശ്ശങ്കരശാസ്ത്രിയുടെ വൈദ്യശാലവക പരസ്യപ്പുസ്തകത്തിൽ, മേല്പടി ഔഷധശാലകളിലുള്ള പ്രവൃത്തിക്കാരുടെയും അധികാരികളുടെയും, ആ വക എടുപ്പുകളുടെയും മറ്റും ഫോട്ടോപടങ്ങൾ നോക്കിയ ശേഷം, "ഔഷധസംബന്ധമായ എടുപ്പുകൾ വളരെ സ്വതന്ത്രവും, ഔഷധമുണ്ടാക്കുന്ന രീതി ദോഷരഹിതവുമാണെന്നു പ്രസ്തുത ഫോട്ടോപുസ്തകം നോക്കിയാലറിയാവുന്നതാണു"— എന്നു നിശ്ചയിപ്പാൻ മറ്റൊരുപത്രത്തിന്റെ പ്രവർത്തകന്നു സാധിച്ചതു എങ്ങിനെയെന്നു ഇനിയും എനിക്കു മനസ്സിലായിട്ടില്ല.

പത്രാധിപന്മാരെയോ, ലോഖകന്മാരെയോ സംബന്ധിക്കുന്നതല്ലെങ്കിലും, പത്ര

ങ്ങളുടെ നിലയ്ക്കും വിലയ്ക്കും ബാധകമായിട്ടുള്ള മറ്റൊരു സംഗതിക്കുടെ ഇവിടെ നിർത്തുപണം ചെയ്യേണ്ടിയിരിക്കുന്നു. പത്രനടത്തിപ്പുകാരുടെ ധനാഭ്യുദയകാംക്ഷത്തിലുംപ്പെട്ട പരസ്യപ്രസിദ്ധീകരണത്തെപ്പറ്റിയാകുന്നു എനിക്കു പറവാനുള്ളതു. വർത്തമാനപത്രങ്ങളും, സാധാരണയായി, ഓരോ കുടുംബത്തിലും സ്ത്രീപുരുഷന്മാർ കൂട്ടമായിരുന്നു വായിക്കുവാൻ ഉപയോഗിക്കപ്പെട്ടുന്നവയാകുന്നവല്ലോ; ആ സ്ഥിതിക്കു, അവയിൽ സഭ്യമല്ലാത്ത യാതൊന്നും പ്രസ്താവിപ്പാൻ പാടില്ലെന്നുള്ള അഭിപ്രായമുള്ളതിനാരുമറിയില്ല. ചിലർ വിവാഹമോചനക്കേസുകളുടെ റിപ്പോർട്ടു് പോലും പ്രസിദ്ധീകരിക്കുമാറില്ല. സ്ത്രീപുരുഷന്മാരുടെ രഹസ്യരോഗങ്ങളെയും മറ്റും പ്രതിപാദിപ്പാനേ ഔചിത്യമില്ലെന്നു വിശേഷിച്ചു പറയേണ്ടതുമില്ലല്ലോ. ഇങ്ങനത്തെ വിഷയങ്ങൾ സമുദായത്തിന്റെ സദാചാരബോധത്തിനു ഊനം തട്ടിക്കുമെന്നാകുന്നു സമുദായനിവാസികൾ അഭിപ്രായപ്പെടുന്നതു. വ്യവഹാരകാര്യങ്ങളിൽ സഭ്യങ്ങളല്ലാത്തവ, നിയമവിഷയസംബന്ധമായുള്ള പത്രങ്ങളിൽ പ്രസ്താവിക്കുന്നതാണെങ്കിൽ, ആക്ഷേപമില്ല; എന്തെന്നാൽ, ആവക പത്രങ്ങൾ പ്രത്യേകമൊരു വകുപ്പുകാർക്കു മാത്രം ഉദ്ദേശിക്കപ്പെട്ടവയാകുന്നു. അതുപോലെതന്നെ, രഹസ്യരോഗങ്ങളുടെയും ചികിത്സയുടെയും വിവരങ്ങൾ, വൈദ്യവിഷയം മാത്രം പ്രതിപാദിക്കുന്ന പത്രങ്ങളിൽ പ്രസ്താവിച്ചാൽ, അസഭ്യമായിരിക്കയില്ല. പ്രത്യേകമോരോ തൊഴിലുകാർക്കായുള്ള പത്രങ്ങൾ, വർത്തമാനപത്രങ്ങളെപ്പോലെ കുടുംബങ്ങളിൽ വായിക്കേണ്ടുന്നവയല്ലാത്തതു കൊണ്ടാണു സഭ്യാസഭ്യവിചാരത്തിൽ ഭേദംവരുന്നതു. പത്രാധിപത്തിന്റെ പരമാവധി ഇങ്ങിനെയാണെങ്കിലും, ഇപ്പോഴുള്ള മലയാളപത്രങ്ങൾ, ഏറിയകൂറും, സ്ത്രീപുരുഷന്മാരുടെ രഹസ്യരോഗങ്ങളെയും അവയ്ക്കുള്ള ചികിത്സകളെയും ഔഷധങ്ങളെയുംമറ്റും പരസ്യംചെയ്യുവാൻ അഹമഹികയോടുകൂടിമത്സരിക്കുകയാണു ചെയ്യുന്നതെന്നു വ്യസനിക്കേണ്ടിയിരിക്കുന്നു. ഔഷധങ്ങൾ ചിലപ്പോൾ വെറും വഞ്ചനയായി കലാശിക്കാറുണ്ടെന്നു വന്നാൽ, പത്രപ്രവർത്തകന്റെ അവിവേകംകൊണ്ടുണ്ടാവുന്ന ദോഷം ഇരട്ടിച്ചു എന്നും സ്പഷ്ടമല്ലെ? ചില പരസ്യങ്ങൾ തലവാചകം കൊണ്ടു മാത്രം സന്മാർഗ്ഗബോധഭ്രംശകമായിരിക്കുന്നു; അകത്തടങ്ങിയ വർണ്ണന നിർദ്ദോഷമായിട്ടുള്ളതെന്നും വരാം. എന്നാൽ, മിക്ക പരസ്യങ്ങളും, തലവാചകംകൊണ്ടും വർണ്ണനകൊണ്ടും ജുഗുപ്സാവഹമായിട്ടുള്ളവയാകുന്നു. ഇത്തരം പരസ്യങ്ങൾ, മലയാളപത്രങ്ങളിൽ ധാരാളം ഉള്ളതുകൊണ്ടും, ഈ വിഷയം മനസ്സിന്റെ ഉൽകൃഷ്ടഭാവനിയെ ചെയ്യുന്നതാകകൊണ്ടും, ഇവിടെ ദൃഷ്ടാന്തങ്ങൾ എടുത്തു ചേർക്കുന്നില്ല. അസഭ്യങ്ങളായ പരസ്യങ്ങൾ ബാലികാബാലകന്മാരുടെ ദൃഷ്ടിയിൽ പതിയുമ്പോൾ, അവരുടെ ജിജ്ഞാസ എന്തായിരിക്കുമെന്നു, പറഞ്ഞറിവേണ്ടി സമുദായത്തിന്റെ സന്മാർഗ്ഗസ്ഥിതിയെ ശിഥിലമാക്കുന്നതിലേക്കുടി പത്രപ്രവർത്തകന്മാർ അന്വേഷിച്ചറിയാത്തതു കഷ്ടം തന്നെ. എട്ടോ പത്തോ ഉറുപ്പിക സമ്പാദിക്കുവാൻവേണ്ടി അവർ പ്രവർത്തിക്കുന്ന അവിവേകം, അനേകലക്ഷം ഉറുപ്പിക ചെലവാക്കിയാലും മാറ്റുവാറുവാത്തതായുള്ള ദോഷത്തി

ന്നു ഹേതുവാകുമെന്നു അവർ അറിയുന്നില്ലായിരിക്കുമോ? അവക്കു അതിലുള്ള ശ്രദ്ധയെന്നു വരാം. എന്നാൽ, ഇത്തരം ആഭാസപ്രയോഗങ്ങൾ, സക്കാർ ശിക്ഷാനിയമപ്രകാരം ദണ്ഡനാർഹമായിരിക്കയില്ലെങ്കിലും കൂടി, ആംഗലപത്രങ്ങളിൽ ഉത്തമനിലയിലുള്ളവ സ്വീകരിക്കാറില്ലെന്നും, ആ വഴിയിൽ ലഭിക്കാവുന്ന ആദായത്തെ, സമുദായഹിതത്തിനുവേണ്ടി, ആ പത്രങ്ങൾ ത്യജിക്കയാണു ചെയ്യുന്നതെന്നും ഉള്ള ബോധം മലയാളപത്രക്കാർക്കുണ്ടാവുകയും, അങ്ങിനെയെങ്കിലും തങ്ങളുടെ പത്രങ്ങളെ ദുർമ്മാർഗ്ഗത്തിൽനിന്നു പിന്തിരിപ്പിക്കയും ചെയ്യുകയില്ലെങ്കിൽ, മലയാളപത്രങ്ങളുടെ നിലയും വിലയും നരകത്തോളം താഴ്ന്നതിനു ഏറെക്കാലം കാത്തിരിക്കേണ്ടി വരുകയില്ല. ആ ദുരവസ്ഥയിൽ ചെടാതിരിക്കുവാൻ മലയാളപത്രപ്രവർത്തകന്മാരിൽ സദ്ധർമ്മബോധം തെളിഞ്ഞുവരുങ്ങട്ടെ എന്നു ആശംസിച്ചു, ഞാൻ തൽകാലം വിരമിക്കുന്നു.

—കേ. രാമകൃഷ്ണപിള്ള, ബി. എ.



(II)

ഈ കോട്ടയുടെ ഏകദേശം അരനാഴിക നീളവും ഇരുനൂറാമ്പതു വാര വീതിയും ഉണ്ടു. കോട്ടമതിലുകൾക്കു പുറമെയുറച്ചുവു ഒരു നാഴികയിൽ അധികംകാണും. അതിന്റെ വണ്ണം കൂടിയ ഭിത്തികളും, ഇരുപതടി മുതൽ മുപ്പതടിവരെ ഉയരംകാണുന്ന മതിൽക്കെട്ടുകളും, നിരപ്പുവ്യത്യാസം പോലെ ഉയർന്നയർന്നു കാണപ്പെടുന്ന കാവൽസ്ഥലങ്ങളും, ആയുധപ്രയോഗദ്വാരങ്ങളും, ഭയംതോന്നിക്കുന്ന ഗോപുരസ്ഥാനങ്ങളും, അകംകോട്ടയുടെ ചുവട്ടിൽനിന്നു കുസലല്ലാതെ പടുത്തിട്ടുള്ളതും വളഞ്ഞുപുളഞ്ഞു കയറിച്ചെല്ലുന്നതും ആയ നടക്കല്ലുപടികളും, അവിടത്തെ ഏകാന്തഭാവവും നിശ്ശബ്ദതയും, പഴക്കംകൊണ്ടു ആകപ്പാടെ അതിനുണ്ടായിട്ടുള്ള ഭാവഭേദവും എല്ലാം കൂടിക്കുണ്ടാൽ ഏതൊരുത്തന്റെയും മനസ്സു അത്ഭുതം, ബഹുമാനം മുതലായ വിവിധവികാരങ്ങളാൽ ഇളകാതിരിക്കയില്ല. ഈ കോട്ടക്കു രണ്ടുപ്രവേശമാർഗ്ഗങ്ങൾ ഉണ്ടു. അവയിൽ പടിഞ്ഞാറുഭാഗത്തു പുഴക്കു സമീപമുള്ള ഗോപുരദ്വാരം ഫ്രെഞ്ചുകാർ ആക്ക്ബർചക്രവർത്തിയുടെ പണിചെയ്യിക്കപ്പെട്ടതാകുന്നു. എങ്കിലും വടക്കുപടിഞ്ഞാറുഭാഗത്തു നിന്നാണു പ്രധാനവും പ്രാചീനവും ആയ പ്രവേശനസ്ഥലം. അതിന്റെ തടിച്ച മാക്കുവാതിലുകളും, പഴക്കത്തിലും കേടുപറ്റിട്ടില്ലാത്ത ഭിത്തികളും, യാതൊരു അറ്റകുറ്റവും കൂടാതെ അങ്ങിനെതന്നെ നിലനില്ക്കുന്നുണ്ടു. ക്രമേണ ഉയർന്നയർന്നു വരുന്ന മൂന്നു നിരത്തുകൾ ഈ ഗോപുരദ്വാരം വരെ എത്തുന്നുണ്ടു. അവയിൽ ഒന്നു നദീതീരത്തിൽനിന്നും മറ്റൊന്നു മേൽപ്രസ്താവിക്കപ്പെട്ട തീവണ്ടിയാപ്പീസിൽ നിന്നും വരുന്ന റോഡുകളാകുന്നു. എന്നാൽ അവസ്സാനത്തിലുള്ളതും, അവയെക്കാൾ പ്രാധാന്യമേറിയതും ആയ മൂന്നാമത്തെനിരത്തു, കുറെ ദൂരെ കുന്നിന്റെ അടിവാരത്തു എങ്ങാണ്ടൊരു ദിക്കിൽ ഉണ്ടായിരുന്ന ഒരു കാവൽസ്ഥലവുമായി യോജിപ്പിക്കുന്നതിനു തീർക്കപ്പെട്ടതായിരിക്കണം. ആ സ്ഥലം ഇപ്പോൾ നശിച്ചുപോയിരിക്കു...

നീയം തന്നെ. "ഭാവൻകമ്പ"ത്തിൽ നിന്നു തെക്കോട്ടും വടക്കോട്ടും പോകുന്ന രണ്ടു വരി കല്പടികൾ ഉണ്ടു. വടക്കെ കല്പടിക്കൽ കയറി എത്തുമ്പോൾ കാണപ്പെടുന്ന വലിയ പ്രവേശനമാർഗ്ഗത്തിൽ കൂടി കടന്നുചെന്നു നോക്കിയാൽ കാണാവുന്ന കാഴ്ച തീരെ അവർണ്ണനീയം തന്നെ. നേരെ കീഴെ ജലപരിപൂർണ്ണമായ ഗംഗാനദി; കാശികല്പം മുതലായ സ്ഥലങ്ങളിലേക്കു കയറി അയക്കുന്നതിനു നദിതീരത്തു ശേഖരിച്ചിരിക്കുന്ന ചൂണ്ടാറിലെ പലകക്കല്ലുകൾ, മുതലായി നയനാനന്ദകരങ്ങളായി പലതും അവിടെ നിന്നാൽ കാണാം. വലത്തുഭാഗത്തു അല്പം ഉയർന്നു കാണുന്നതാണു, ചൂണ്ടാർകോട്ടയുടെ ഉടമസ്ഥന്മാരായിരുന്ന ഹിന്തുരാജാക്കന്മാരിൽ ഒടുവിലത്തെ രാജാവായ "ഇന്ദ്രമണ്ഡലൻറെ" കൊട്ടാരം. ഇന്ദ്രമണ്ഡലനെ യുദ്ധത്തിൽ തോല്പിച്ച 1206ൽ കുത്ബ്"ദീൻ എന്ന മഹമ്മതരാജാവാണു ഈ കോട്ട പിടിച്ചതു. ഈ കൊട്ടാരത്തിൻറെ മുൻവശത്തു ചെറുതാണെങ്കിലും മനോഹരമായി ഒരു പൂന്തോട്ടമുണ്ടു. കളർമയോടുകൂടി അവിടെ അശ്രാന്തം വീശിക്കൊണ്ടിരിക്കുന്ന മന്ദവായു, കുന്നുകയറി കാലുകടഞ്ഞു വിയർത്തുലഞ്ഞു ചെല്ലുന്ന യാത്രക്കാരനെ, ശീതോപചാരങ്ങൾ ചെയ്തു സാദരം സ്വീകരിക്കുന്നു.

'ഭാവൻകമ്പ'ത്തിൽനിന്നു പുറപ്പെടുന്ന തെക്കേകല്പടികൾ കയറിച്ചെന്നാൽ കോട്ടയുടെ പ്രധാനഭാഗങ്ങൾ മുഴുവനും ഒന്നിച്ചു ദൃഷ്ടിയിൽ പെടുന്നതാകുന്നു. വലതരം സസ്യലതാദികളാൽ പ്രശോഭിതങ്ങളായ തോട്ടങ്ങളാൽ അലങ്കരിക്കപ്പെട്ട നിരപ്പുസ്ഥലങ്ങളിൽനിന്നു ക്രമേണ ഉയർന്നു

പ്രധാനപ്പെട്ട ഈ ഗോപുരം കടന്നു അകത്തു പ്രവേശിച്ചാൽ നേരെ എടത്തുവശത്തു ഒരു വരി കല്പടികൾ കാണാം. വളരെകാലത്തെ പഴക്കമുണ്ടെങ്കിലും യാതൊരു ന്യൂനതയും അവക്കു പറ്റിക്കാണുന്നില്ല. ഈ കല്പടികൾ കയറിച്ചെന്നാൽ ഏകദേശം മുപ്പതടി ഉയരമുള്ള ഒരു നിരപ്പിൽ എത്തും. അവിടെ ഒരു വലിയ കൽതളവും അതിന്മേൽ പത്തുകിടക്കുന്ന ഒരു ചവിട്ടടിയും കാണാം. ജരാസന്ധനാൽ തടവുകാരാക്കപ്പെട്ട തൻറെ പ്രജകളെ ഭഗവാൻ ശ്രീകൃഷ്ണൻ ഭീമാർജ്ജുനന്മാരോടുകൂടി വിമുക്തന്മാരാക്കി ജയാഘോഷത്തോടുകൂടി മടങ്ങിയസമയം അദ്ദേഹത്തിൻറെ പാദം ഉന്നിയ പാടാണു ഇപ്പോഴും. കാണപ്പെടുന്നതെന്നു തദ്ദേശവാസികൾ വിശ്വസിച്ചുവരുന്നു.

അവിടെ നേരെ വലത്തുവശത്തുള്ള ഒരു മാർഗ്ഗത്തിൽ കൂടി കുറെ കയറിച്ചെല്ലുന്നതായാൽ "ഭാവൻകമ്പാ" എന്നു വിളിക്കപ്പെടുന്നതും 52 തൂണുകളുള്ളതും ആയ ഒരു വലിയ മുറി കാണാം. അതിൻറെ നടക്കു ഒരു മണ്ഡപവും അതിൻറെ ചുറും വിശേഷപ്പെട്ട കല്പണികളും ഉണ്ടു. ആദ്യകാലങ്ങളിൽ ഒരു കൂടിക്കാഴ്ചസ്ഥലമായിരുന്നിരിപ്പാൻ വഴിയുള്ള ആ സ്ഥലം പിൻകാലങ്ങളിൽ അധികവും ഉപയോഗിച്ചിരുന്നതു ഒരു ആയുധപ്പുരയോ, സൈന്യപ്പുരയോ ആയിട്ടാണെന്നു സംശയിക്കുന്നു. ഈ മണ്ഡപത്തിന്നടുത്തു തൊണ്ണൂറടി ചുറളവും, നൂറിമുപ്പത്തിരണ്ടടി താഴ്ചയും ഉള്ള ഒരു വലിയ കിണറുണ്ടു. കട്ടംപാറക്കല്ലു കൊത്തിക്കീഴിച്ചു പുഴയുടെ അടിനിരപ്പുവരെ താഴ്ത്തി ഒരു കിണറുണ്ടാക്കിയ അന്നത്തെ ആളുകളുടെ ഉത്സാഹം ഉറപ്പും വിസ്മയ

ന്നവരുന്ന കല്പടികളോടുകൂടി ശോഭിക്കുന്ന കോട്ടയിലേക്കു കയറിച്ചെല്ലുന്നതു രസപ്രദമായ ഒരു പ്രവൃത്തിയാകുന്നു. 1902-ന്നു ശേഷം അവിടെ പട്ടാളക്കാർ താമസമില്ല. ആദ്യകാലത്തു പട്ടാളക്കാരുടെ വാസസ്ഥലങ്ങളായിരുന്ന കെട്ടിടങ്ങളും ജയിൽപുള്ളികളെ അടച്ചുസൂക്ഷിക്കുന്നതിലേക്കാണു ഇപ്പോൾ വിനിയോഗിച്ചിട്ടുള്ളതു.

കോട്ടയുടെ ഈ ഭാഗത്തു കാണപ്പെടുന്ന സ്ഥലങ്ങളിൽ കാണികളിൽ ഏതു കൊണ്ടും വിസ്മയവും അത്ഭുതവും ജനിപ്പിക്കുന്നതു "തൊപ്പിക്കാനു" എന്ന ഒരു ഭാഗമാകുന്നു. "കർസൻ പ്രഭു" വൈസ്രോയിയായിരുന്ന കാലത്തു അദ്ദേഹം അതിനെ കേടുപാടുകൾ തീർത്തു ആസന്നമായിരുന്ന നാശത്തിൽനിന്നു അതിനെ രക്ഷിച്ചതിനാൽ, ആസ്ഥലം ഇപ്പോൾ അതിന്റെ പ്രാചീനമായ പ്രതാപത്തെ ശരിയാംവണ്ണം വെളിപ്പെടുത്തുന്നുണ്ടു. തെക്കുഭാഗത്തു മുവട്ടിലുള്ള പട്ടണത്തെ അഭിമുഖീകരിച്ചു തടിച്ച ഭാരിച്ച കാണുന്ന മതിൽക്കെട്ടുകളിൽ കാണപ്പെടുന്ന വലിയ പഴുതുകൾ ഒരു കാലത്തു പീരങ്കികൾ ഉറപ്പിച്ചിരുന്ന ഭാഗങ്ങളായിരുന്നു. ആറടിയിൽ കുറയാത്ത വണ്ണമുള്ള ഭിത്തികളോടും, ആസാമാന്യമായ ഉറപ്പുള്ളതും അധിചന്ദ്രാകാരത്തിലുള്ളതും ആയ ഒരു പ്രവേശനമാർഗ്ഗത്തോടും, കൂടി വലിയ ഒരു വെടിമരുന്നു ശേഖരപ്പുര അടുത്തു പിൻഭാഗത്തായി കാണാം. അതിന്റെ ഉറപ്പിനും രക്ഷക്കും വേണ്ടിമുമ്പു അതിനെ പൊതിഞ്ഞിരുന്ന തടിച്ച ചെമ്പുപലകകൾ ഇപ്പോൾ അവിടെനിന്നു എടുത്തുമാറ്റിയിരിക്കുന്നു. ഈ തൊപ്പിക്കുനായിലാണു 1781-ൽ "ചെയിറർ സിംഗി"നെ പേടിച്ചോടേണ്ടി വന്ന "വാറൻ ഹെയിസ്റ്റിങ്ങ്സ്" എന്ന ഇംഗ്ലീഷ് ഗവർണർജനറൽ അഭയം പ്രാപിച്ചതു അദ്ദേഹം അന്നു താമസിച്ചിരുന്ന മുറി ഇന്നതാണെന്നു ഒരു മാർബിൾകല്ലിന്മേലുള്ള എഴുത്തു ഇന്നും നമ്മെ തിരിച്ചറിയിക്കുന്നു. 'തൊപ്പിക്കാനക്കു' അല്പം വടക്കു കിഴക്കു ഭാഗത്തായി കാണപ്പെടുന്നതാകുന്നു, സാമന്തന്മാരേയും പ്രബലന്മാരായ മറു നാട്ടു പ്രമാണികളേയും വേണ്ടിവന്നാൽ തടവിലിടുന്നതിനു ഉപയോഗിച്ചിരുന്ന കെട്ടിടം. അതിന്റെ തടിച്ച ഭിത്തികളും കനംകുടിയ വാതലുകളും അതിൽ കിടക്കേണ്ടിവന്നിട്ടുള്ള തടവുപുള്ളികളുടെ പ്രാധാന്യത്തേയും പ്രാബല്യത്തേയും വിശദമാക്കുന്നുണ്ടു. ഇതിലായിരുന്ന 1817-ൽ "ടിംബക്ക്ജി ഭൊയിംഗ്" എന്ന മഹാരാഷ്ട്രനായകനെ തടവിലിട്ടിരുന്നതും, മഹമ്മദീയവർഷം 1197-ൽ പണി തീർക്കപ്പെട്ടതാണെന്നു അവിടെ ഉള്ള ഒരു ശിലാലിഖിതത്താൽ നമുക്കു അറിവാൻ സാധിച്ചിട്ടുണ്ടു.

ഇവിടെനിന്നു വടക്കുപടിഞ്ഞാറുഭാഗത്തായി വീണ്ടും ഉയർന്നുകാണുന്ന സ്ഥലത്തെത്തുന്നതായാൽ ഇതുവരെ കണ്ടവയെക്കാൾ അധികം അത്ഭുതാവഹമാനങ്ങൾ തോന്നിക്കുന്ന ചില കാഴ്ചകൾ കാണാം. അവിടെ ആകുന്ന പ്രസിദ്ധപ്പെട്ടതും വളരെ ഐതിഹ്യങ്ങൾക്കു വിഷയവും ആയ "ഭർത്തൃഹരിനാഥന്റെ" ക്ഷേത്രം. ഉറപ്പുള്ള കല്ലുകൊണ്ടു വരിവരയായി പടുക്കപ്പെട്ട വാടകളാൽ അലങ്കൃതവും, പുഴയെ അഭിമുഖീകരിച്ച "ചപ്പുര" എന്ന പേരുകൊണ്ടു അറിയപ്പെടുന്നതും ആയ ഒരു ചതുരശ്രമണ്ഡപം ആദ്യത്തിൽതന്നെ നമ്മുടെ

ശ്രദ്ധയെ ആകഷ്ക്കുന്നു. അതിന്റെ മദ്ധ്യത്തിലാകുന്നു ഭർത്തൃഹരിനാഥന്റെ ശവക്കല്ലറ. ചുറ്റും ഇരുമ്പഴികളിട്ട ഒരു വശത്തു മാത്രം ഒരു ഇരുമ്പുവാതിലുള്ള ആ സ്ഥാനം വിശേഷപ്പെട്ട ഒരു കാഴ്ചയാണു. "ഹിന്തുക്കളല്ലാത്തവർക്കു, അകത്തു കടന്നുകൂടാ" എന്നു ഇന്നും ഒരു പലകമേൽ എഴുതി അവിടെ സ്ഥാപിച്ചിട്ടുള്ളതു, ഇംഗ്ലീഷ് ശവമേടുണ്ടു പ്രജകളുടെ മതവിശ്വാസങ്ങളെ എത്രവളരെ ആദരിക്കുന്നുവെന്നു തെളിയിക്കുന്നു. നിലത്തുനിന്നു അല്പം ഉലന്നതും, ഒരു വില്ലിന്റെ ആകൃതിയിൽ ഒരാളുടെ വലിപ്പത്തിലുള്ളതും, നാലു കൽത്തൂണുകളാൽ താങ്ങപ്പെട്ട ചുവന്ന ഒരു മേക്കട്ടിയാൽ വിതാനിക്കപ്പെട്ടിട്ടുള്ളതും, പുരാണകഥകളെ വിസ്മരിക്കുന്ന ശിലാപ്രതിമകളാൽ പ്രശോഭിതവും ആയ കറുത്തു മിനുത്ത ഒരു കല്ല അവിടെ കാണപ്പെടുന്നതാണു", "ഉജ്ജയിനിയിൽ നിശ്ശബ്ദത്തിലെ സുപ്രസിദ്ധനായ ഭർത്തൃഹരിമഹർഷിയുടെ ശയനസ്ഥലം. അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായവും ആവശ്യവും പ്രകാരം ജീവനോടുകൂടി മറവുചെയ്യപ്പെട്ട ആ സന്ന്യാസിവര്യൻ, ഇന്നും മരിച്ചിട്ടില്ലെന്നും, ഇപ്പോഴും ധ്യാനനിഷ്ഠയോടുകൂടി ആ കല്ലിന്നടിയിലുള്ള നിലവറയിൽ ഇരിക്കുന്നുണ്ടെന്നും തദ്ദേശവാസികളും വിശ്വസിച്ചുവരുന്നു. അദ്ദേഹത്തെയാകുന്ന കോട്ടയുടെ ഭദ്രദേവതയായി കരുതിവരുന്നതു. അദ്ദേഹം ഒരിക്കൽ കാശിവിശ്വനാഥനെ വന്ദിക്കുന്നതിന്നു വാരാണസിക്കുപോയിരുന്ന അവസരത്തിലാണു" ആ കോട്ട ശത്രുക്കൾക്കു കീഴടങ്ങിയതെന്നും ജനങ്ങൾ പറഞ്ഞുവരുന്നുണ്ടു: ഈ സ്ഥാനത്തിന്നടുത്താണു പഴയ ആയുധപ്പുരയും മരുന്നുശേഖരപ്പുരയും. ജരാസന്ധരാജാവു തടവുകാരെ പാർപ്പിക്കുന്നതിന്നു ഉപയോഗപ്പെടുത്തിയിരുന്നതായി ജനങ്ങൾ പറയുന്ന വലിയ കാരാഗൃഹവും ഇതിന്നു സമീപത്തിലാണു. "ഈ ശയനമണ്ഡപത്തിന്നു എതിർ ശത്തായി മുമ്പിൽ ഒരു സ്മാരകസൗധംപോലെകാണപ്പെടുന്ന ഭാഗം പുരാവൃത്തപരിശോധകന്മാരുടെ സൂക്ഷ്മദൃഷ്ടിക്കു വിഷയീഭവിക്കേണ്ടതായ ഒരു സ്ഥലമാകുന്നു. അതു സഹദേവമഹാരാജാവിന്റെ മകളായ "ശോണ"യുടെ വിവാഹാഡംബരം പ്രമാണിച്ചു ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു എടുപ്പാണത്രെ!

(തുടരും)

പുത്തേഴത്തു രാമൻമേനോൻ, ബി. എ.

ഹിമാലയം.

൧.

പുലച്ചെവ്വെട്ടംതടവുന്നമഞ്ഞിൻ
മലയ്ക്കീഴംവ്യാപ്തതരുകണ്ടേനൻ
മരം, നിലം, കാട്ടുകൾ, പാറയെന്നി-
തെല്ലാംഹിമക്കട്ടികളായമട്ടിൽ.

൨.

വെളിച്ചമായ്, വെൺകടൽപോലെയുള്ളൊ
രാമുടലിൻമേലുഷസ്സുനോക്കിടുമ്പോൾ
അത് തന്റെയോരോശിഖരങ്ങൾമഞ്ഞു
കുറഞ്ഞമന്നിന്നു തെറിച്ചിരുന്നു.

൩.

മനുഷ്യദൃഷ്ടിക്കു ദുരാപമാകു-
മാകാശദേശത്തുയരുന്നനേരം
ഉയർന്നമട്ടാണു ചരാചരങ്ങ-
ളെല്ലാറ്റിലുംവെച്ചുവു;യെന്നതോന്നി.

൪.

ഹിമാലയത്തിൻ മഹിമാവനേക
മന്നാകെഞാൻനോക്കിയറിഞ്ഞതത്രേ
അതേമുതല്ലോമ്മയിലുണ്ടതിന്റെ
യത്യന്തരമ്യംപ്രകൃതിപ്രസാദം.

൫.

ഇഷ്ടത്തിൽവർത്തിച്ചഹിമാലയം ഞാൻ
പോരുന്നനേരത്തനുയാത്രചൊല്ലി.
എന്നാകിലോയാത്രപറഞ്ഞിടാനു
മെന്നാൽശ്രമിച്ചിട്ടുകഴിഞ്ഞതില്ല.

൬.

എന്നും ഹിമാദ്രേ!മമഹൃത്തിൽനീതാൻ
നന്നായ് സ്ഫുരിക്കുന്നു മറഞ്ഞിടാതെ
എന്നോമ്മയുംനിന്നുടെതുംഗശൃംഗ
മൊന്നുംവിടാതേറിയിരുന്നിടുന്നു.

൭.

എൻപ്രാണനുംജീവനുമെൻമനസ്സു
മാത്മാവുമാലോചനയും സമസ്തം
ഹേപർവ്വതാധീശ!ഭവാനിലുള്ളോ
രേകാന്തഭക്തിക്കുമകുനേടുക്കിരിപ്പൂ.

൮.

ഇങ്ങെൻറയോരോദിനസഞ്ചയങ്ങൾ
നീയായരംഗത്തിൽ രസിച്ചിരിപ്പൂ
സുഖാവഹംനിൻശിഖരപ്രദേശം
ഞാൻകണ്ടുപോരുന്നകിനാവുതന്നെ.

൯.

ഭവാൻറെരൂപംപരമാത്മരൂപ-
മതീപ്രപഞ്ചങ്ങളിലാനന്ദമല്ല
ദിവ്യങ്ങളുംമിന്നുകൾകൊണ്ടുതൈവം
നിർമ്മിച്ചതാണായതുശോഭം.

൧൦.

എല്ലാക്കുമേകാശ്രയമായവൻനി
യെന്നാൽമനുഷ്യൻറെമനസ്സുനിന്നിൽ
നന്നെപ്പണിപ്പെട്ടണയുന്നതായാ-
ലന്നെത്തിടൈവത്തൊടുമേകഭാവം.

൧൧.

ഭവാൻറെസഖ്യംസുഖമേതിലുംവെ-
ച്ചെന്നാൽഭവാനുന്നതനായിടുന്നു.
തോന്നുംഭവാൻതന്നെയടക്കലെന്നു
മെന്നാകിലുന്നതനിർമ്മലസംസ്ഥൻ.

൧൨.

അത്യല്പനാമെൻറെവിചാരമേറും
നിസ്സാരമെന്നോടുവിട്ടുപോന്നു
നിൻമൈമഹിമച്ചുരുളഴിഞ്ഞതിൻറെ
യകത്തുചേരാൻതുടരുന്നുയത്നം.

൧൩.

ഇക്കണ്ടലോകത്തിലെഴുംമഹത്വ-
മൊക്കട്ടുഡംപടിയിണങ്ങിയൊന്നായ്
നില്പുണ്ടുസർവ്വോപരിശാന്തമാമ-
ട്ടിക്കിന്നടുക്കട്ടെമയേ ചിത്തം.

—തേലപ്പുറത്തു നാരായണനമ്പി.

ആത്മാവിൻറെ അനശ്വരത്വം.

(II)

ആത്മാവിൻറെ ആഭ്യന്തരപ്രകൃതിയെ പരിഗണനംചെയ്യുമ്പോൾ അതു പ്രകൃത്യാതന്നെ വിനാശം സംഭവിച്ചുകൂടാത്തവണ്ണം നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു സത്തയാണെന്നു വെളിപ്പെടുന്നതാണു്. ഈ വസ്തുതയെ നമുക്കു വിശദമാക്കുക തന്നെ. ഒരു ഭവനത്തിനു തീപിടിച്ചുവെന്നിരിക്കട്ടെ. അതു കത്തിയെരിഞ്ഞുതീരെ നശിച്ചിരിക്കുന്നു. വെണ്ണീറും ചാരവും മാത്രമേ ശേഷിച്ചിട്ടു

ള്ളൂ. എന്തു? ആ വീട്ടു ഇപ്പൊൾ നിശ്ശേഷം നശിച്ചുപോയിയെന്നോ?..... വീണ്ടും ഒരേ സമാധാനം തന്നെ. വീടായിട്ടു കാണുന്നില്ലെന്നുള്ളതു വാസ്തവമാണു. എന്തെന്നാൽ: ഒരു വീടു പണിയുന്നതിനു വേണ്ടിയിരുന്ന സാമഗ്രികൾ എല്ലാം ഏതോ രൂപത്തിൽ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ടെന്നുവച്ചു, അവ വീടാണെന്നു വരുന്നില്ലല്ലൊ. എങ്കിലും അതിന്റെ ഘടകങ്ങൾ ഇപ്പൊഴും ഉണ്ടെന്നുള്ളതു നിർവ്വിവാദമാണു. വസ്തുതയിങ്കൽ, വീടിന്റെ ഏറ്റവും ലഘുവായ ഒരു ഭാഗമാവട്ടെ, വീട്ടിലെ ഏതെങ്കിലും ഒരു സാധനമാവട്ടെ, പൂർണ്ണമായി നശിക്കയോ, ദ്രവ്യപ്പെടുകയോ, ചെയ്തിട്ടില്ലെന്നു നിസ്സംശയം പറയാം. ദഹിക്കുന്നതുവരെയും ഒരു നല്ല ഭവനമായിരുന്ന കെട്ടിടത്തെ, അഗ്നി, സ്വശക്തിപ്രയോഗത്താൽ ആര്യം തടി, കല്ലു എന്നിങ്ങനേയും, പിന്നീടു ചാരം മുതലായ അണുക്കളായിട്ടും വിഭജനം ചെയ്യുവെന്നുള്ളതു യഥാർത്ഥതന്നെ. എങ്കിലും ഇവ, ദിഗന്തരാളത്തിൽ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ടെന്നു മാത്രമല്ല, അവയുടെ എല്ലാ അണുക്കളേയും നിഷ്പ്രയാസമായി കണ്ടുപിടിക്കുന്നതിനും നമുക്കു കഴിയും. ഒരു ചെറിയ ഭാഗം ചാരമായി പകരും. ഒരു വലിയ ഭാഗം നാനാവാതകങ്ങളായി മാറി. ഇവ, വായുമണ്ഡലത്തിൽക്കൂടി ഇപ്പോഴും ചലിച്ചുകൊണ്ടും വ്യാപിക്കുന്നു. വേറൊരു ഭാഗം ധൂമമായി പകർന്നിട്ടു കുറെ നേരമേ ആയുള്ളൂ. ഇതാ മറെറാരു ഭാഗം കരിയായി ചിമ്മിനിയിൽ അടുത്തുള്ള വൃക്ഷങ്ങളിൽ പോയിപതിക്കുന്നു. ഇതാ കുറെ കരി എന്റെ മൂക്കിനുമേൽ വന്നുവീഴുന്നു. ഇതു വല്ല വിലപിടിച്ച സാധനവും എരിഞ്ഞു കരിയായിപകർന്നതായിരിക്കാം! ആരറിഞ്ഞു?

നമ്മുടെ ബഹിരിന്ദ്രിയങ്ങൾക്കു ഗോചരമായ യാതൊരു വസ്തുവും യഥാർത്ഥത്തിൽ നശിപ്പിക്കപ്പെടുവാൻ പാടില്ലെന്നു എല്ലാ ശാസ്ത്രജ്ഞന്മാരും അംഗീകരിച്ചിട്ടുള്ളതും രസകരങ്ങളായ പരീക്ഷണങ്ങളെക്കൊണ്ടു നിസ്സംശയിച്ചിട്ടുള്ളതുമായ ഒരു വസ്തുതയാകുന്നു. പദാർത്ഥങ്ങളിൽ, നിത്യവും അനശ്വരവും ആയിട്ടുള്ളതു അന്തിമ-സമധർമ്മപരമാണു (Ulitimate hemogeneous atom) മാത്രമാണു. ഒരുപക്ഷേ, ഇതു മാത്രമെ നിത്യസ്ഥാവരമായിട്ടുള്ളതായുള്ളൂ. എന്തെന്നാൽ: മൌലകണികകളെന്നു വിചാരിക്കപ്പെട്ടവന്നവ, സാക്ഷാൽ അവ്യാകൃത (Simple)മല്ലെന്നും, അവസ്സാനം മറെറല്ലാ രൂപവസ്തുക്കൾക്കും കാരണഭൂതമായുള്ള ഒരു അന്തിമപരമാണുവുമായുള്ള വിവിധതരസങ്കലനത്താലുണ്ടായ ദ്വിദ്വിഗോചരമായവ്യത്യാസം തോന്നുന്നതെന്നും, ഇക്കാലത്തെ രസതന്ത്രജ്ഞന്മാർ മിക്കവാറും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുള്ളതാണു. ഇങ്ങനെ, ഒരു വസ്തുവിന്റെ രൂപത്തെ മാററി, മറെറാരു രൂപത്തെ, അതിനു പ്രധാനംചെയ്യുവാൻ, നമുക്കു കഴിയും. എന്നാൽ അതിനെ നശിപ്പിക്കുവാൻ നമുക്കു കഴികയില്ല. ഹിമത്തെ ജലമായിട്ടും, ജലത്തെ ആവിയായിട്ടും, ആവിയെ അഗ്നിയായിട്ടും, ഇങ്ങനെ പദാർത്ഥങ്ങൾക്കു അസംഖ്യം രൂപഭേദങ്ങൾ വരുത്തുന്നതിനു വലിയ പ്രയാസമൊന്നുമില്ല. സുസാദ്ധ്യങ്ങളായ എല്ലാത്തരം രാസഭേദങ്ങളേയും വരുത്തി, വസ്തുക്കളുടെ രൂപവും, ഗുണങ്ങളും പൂർണ്ണമായി വ്യത്യാസപ്പെടുത്തുന്നതിനും അത്ര പണി

യില്ല.

നമ്മുടെ ബാല്യന്മാർ മണ്ണുകൊണ്ടു പല രൂപങ്ങളെ നിത്യം ഉണ്ടാക്കുന്നു! അന്യോദ്ദേശ്യത്തോടെയാണെങ്കിലും, കുശവന്മാർ നേരംപോക്കിനായി കലമുണ്ടാക്കാറില്ലല്ലൊ. മണ്ണുകൊണ്ടു തന്നെ ചട്ടി, കലം, തരണി എന്നിങ്ങനെ പലേമാതിരിപാത്രങ്ങൾ ഉണ്ടാക്കിവരുന്നു! ഇപ്രകാരം തന്നെ, ജഡവസ്തുക്കളെ കുന്നിക്കുകയോ, പേർതിരിക്കുകയോ, കലർത്തുകയോ, നമ്മുടെ ഇഷ്ടംപോലെ ചെയ്യാം. എങ്കിലും ജഗത്തിൽ സ്ഥിതിചെയ്യുന്ന എല്ലാ ശക്തികളും കുന്നിച്ചുകൂടിയാലും സാദ്ധ്യമല്ലാത്ത ഒരു കാര്യമുണ്ടു: എതൃയും ചെറിയ ഒരു കണിക(Molecule) യേപ്പോലും തീരെ ഇല്ലാതാക്കുവാൻ നമുക്കു സാധ്യമല്ല. അതെ! ഏറ്റവും ശക്തിമായ ഒരൊറ്റ അണുവിനെപോലും ശൂന്യമാക്കുന്നതിനു, ലോകത്തിലുള്ള എല്ലാ മനുഷ്യരുടേയും ശക്തികളെ കുന്നിച്ചുകൂട്ടിയാലും, നമുക്കു സാധിക്കുകയില്ല;

ശരി! സൃഷ്ടിശക്തി ഈശ്വരനു സ്വായത്തമാണു; വിനാശനശക്തിയും അപ്രകാരംതന്നെ, എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. ഈ വസ്തുതയെ നിഷേധിക്കുന്നതിനു ആളുകൾ ഇറങ്ങി പുറപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, അതിനെ സ്ഥാപിക്കേണ്ടതായി തന്നെ വരുകയില്ലായിരുന്നു.

നമ്മുടെ അസ്വാധീനതയെ ഇക്കൂട്ടർ വ്യാഖ്യാനിക്കാതേയുമിരുന്നിട്ടില്ല. അതിനാൽ ഈ തത്വത്തെ സല്പ്പംകൂടി വിശദമാക്കേണ്ടിയിരിക്കുന്നു: ഒരു വസ്തുവിനെ നിശ്ശേഷം നശിപ്പിച്ചുകളയുന്നതിനു യാതൊരു പ്രാകൃതശക്തിക്കും സാദ്ധ്യമല്ലെന്നു പറഞ്ഞുവല്ലൊ. വാസ്തവത്തിൽ, അറിയപ്പെട്ടിട്ടുള്ള ശക്തികളും എല്ലാം ചിലസ്ഥിതിക(Conditions)ളുടെ അധീനതയിൽ പെട്ടുപോലും, ഒന്നു, മറ്റൊന്നിന്റെ ആവിർഭാവത്തെ കാരണമാക്കുന്നുവെങ്കിലും, പരസ്പരസംബന്ധിതങ്ങളായിട്ടാണിരിക്കുന്നതുകരിയും, അല്ലുജനകവും, തമ്മിലുള്ള പരിതസംഗമം ഉഷ്ണത്വത്തിനെ ഉത്പാദിപ്പിക്കുന്നു. ഉഷ്ണത്വമുണ്ടായാൽ അതു ചലനത്തെ ജനിപ്പിക്കുന്നു. ഈ ചലനത്തെ വിദ്യുച്ഛക്തിയെ ഉണ്ടാക്കുന്നതുകൊണ്ടും പ്രയോഗിക്കാം. വൈദ്യുതശക്തി അനുസ്സ്യൂതത്തെ ഉണ്ടാക്കുന്നു എങ്കിലും എല്ലാറ്റിലും, എത്രമാത്രം ശക്തി അന്തർധ്യാനം ചെയ്യുന്നുവോ, അതൃയും വീണ്ടും ജനിച്ചു, ഈ ശക്തിയിൽ വ്യക്തമാകാതിരിക്കുന്നില്ല. "ലോകത്തിലെ അഖിലശക്തികളുടെയും സംഖ്യ നിയതം(Constant quantity)ആയിരിക്കുന്നതാണു" എന്നുണ്ടല്ലൊ. ഈ പ്രമാണത്തെതന്നെ വേറൊരുപ്രകാരം പറയാം. ശക്തികൾക്കു രൂപമാറ്റം വരുത്താമെങ്കിലും, അവയെ നശിപ്പിക്കുന്നതിനു കഴിക്കുലും സാദ്ധ്യമല്ല.

ഇതൃയും പ്രസ്താവിച്ചതിൽനിന്നു, ഒരു ചോദ്യം ഉണ്ടാവാനിടയുണ്ടു. ഒരു പദാർത്ഥത്തെ എന്നുമാത്രമല്ല, നിസ്സാരമായ ഒരു കണികയെപ്പോലും നശിപ്പിക്കുന്നതിനു, നമുക്കു ശേഷിയില്ലെങ്കിൽ പിന്നെ, അവയുടെ പ്രകൃതി, ആകൃതി, സ്ഥിതി, എന്നിവയെ മാറുന്നതിനു നമുക്കു കഴിയുന്നതു എന്തുകൊണ്ടാണു? അതിന്റെ സമാധാനം വിശദമാക്കാം. പദാർത്ഥങ്ങൾ ഏതുതരം അണുക്കളാൽ സംയോജിക്കപ്പെട്ടിരിക്കുന്നുവോ, അതുതരം അണുക്കളെത്തന്നെ, വിഭജിക്കുന്നതിനും, വീണ്ടും പലേമാതിരിയിൽ കുന്നിച്ചു ചേർക്കുന്നതിനും, നമു

ക്ക കഴിവുള്ളതുകൊണ്ടതന്നെ. ഇപ്രകാരം ഏതുജഡവസ്തുവിന്റെയും, പ്രകൃതിയും ആകൃതിയും, നമുക്ക മാറാവുന്നതാണ.

നമുക്ക നിശ്ശേഷം നശിപ്പിപ്പാനുകയുന്നതിന പാടില്ലാത്തതിന്റെ കാരണം, പദാർത്ഥങ്ങളുടെ പരമകണികളെക്കൊണ്ട നമുക്ക യാതൊന്നും ചെയ്യുകൂടായ്ക തന്നെയാണ; അവ നമ്മുടെ ശക്തിക്ക അധീനമല്ല. അവയുടെ മേൽ നമുക്കുള്ള അധികാരം, അവയെ ക്രമപ്പെടുത്തുന്നതിൽ കവിഞ്ഞുപോകുന്നില്ല. അതിനാൽ 'നാശ' മെന്ന നാം വിളിച്ചുവരുന്നവയെല്ലാം, വാസ്തവത്തിൽ, പലഭാഗങ്ങളും തമ്മിലുള്ള ക്രമകേവലമായ കൂട്ടിയിണക്കൽ മാത്രമാണ. അതിനാൽ ഒരു വസ്തു നശിപ്പിക്കപ്പെട്ടുവെന്നു, സാധാരണെ, നാം പറയുന്നതും, ഇന്നലെ, ഒരു രൂപത്തിലിരുന്ന പദാർത്ഥം, ഇന്നു വേറൊരു രൂപത്തെ ആവലംബിച്ചുവെന്ന പറയുന്നതും, ഒന്നുതന്നെ. ഇതു പലവിധത്തിൽ സംഭവിക്കാം. ഒന്നിലോ, ആ വസ്തുവിന്റെ ഘടകങ്ങളും വേറൊരുപ്രകാരത്തിൽ സംഘടിപ്പിക്കപ്പെട്ടു; അല്ലെങ്കിൽ, ആ ഘടകങ്ങളും മറ്റു വസ്തുക്കളായി ഒന്നിച്ച ചേർക്കപ്പെട്ടു. അതുമല്ലെങ്കിൽ, അവയിൽ ചിലതുകൂടി വേർപെടുത്തപ്പെട്ടു. ഇതിലെയും പരമത്തിൽനിന്നു, ഒരു സംഗതി ഗ്രഹിക്കാം— വേർതിരിക്കാവുന്ന അംശങ്ങളാൽ സംഘടിക്കപ്പെട്തതല്ലാത്തയാതൊരു വസ്തുവിന്റെയും, പ്രകൃതിയെ നമുക്ക ഒരിക്കലും മാറുവാൻ പാടില്ല. അതിനാൽ ഒരു തന്മാത്രവസ്തു, അസംയുക്തമായിരിക്കുന്ന (Simple) ഏകകാരണത്താൽതന്നെ നാശത്തിനധീനമല്ല; നശിപ്പിക്കപ്പെടാവുന്നതുമല്ല. കൂട്ടി ഇണക്കപ്പെടാർത്തതാകയാൽ, വേർതിരിക്കുന്നതിനോ, പുതുതായി കൂട്ടിച്ചേർക്കുന്നതിനോ സാദ്ധ്യമല്ല. ഒരൊറ്റ മനുഷ്യന്റെപോലും ആത്മാവിനെ നശിപ്പിക്കുന്നതിനു എല്ലാ ശത്രുക്കളുമൊരുമിച്ചു കൂടിയാലും സാധിക്കയില്ല. ഇവർക്കുദ്ദേശത്തെ നശിപ്പിച്ചേക്കാം; ആത്മാവിനെ സ്പർശിക്കുവാൻ അവക്ക കഴിയുകയില്ല. ഈ തത്വത്തെ ഒരു ഉദാഹരണംകൊണ്ടു തെളിയിക്കാം. ഒരു സഹസ്രം ചെറിയ ഘനാകാരങ്ങ(Cube)ളെക്കൊണ്ടുണ്ടാക്കിയ വലിയ ഒരു ഘനാകാരം എന്റെ പക്കലുണ്ടെന്നു വയ്ക്കുക. ചെറിയ ഘനങ്ങളെക്കൊണ്ടു അസംഖ്യം രൂപങ്ങളെ ഉണ്ടാക്കുവാൻ എനിക്കു സാധിക്കും; എന്നാൽ എന്റെ പക്കലുള്ള വലിയ ഘനാകാരം വേർപെടുത്തുവാൻ പാടില്ലാത്തതാം ഘനങ്ങളാൽ നിർമ്മിക്കപ്പെട്ടിരുന്നുവെങ്കിൽ, വലിയതിനു, രണ്ടാമതൊരു രൂപത്തെ നല്കുവാൻ, നമുക്കു സാധിക്കയില്ലായിരുന്നു. മനുഷ്യാത്മാവു, നശ്യമല്ലാത്തതിന്റെ ഹേതു, ഈ ഉദാഹരണത്തിൽനിന്നു ഒരുവിധം വ്യക്തമായി ഗ്രഹിക്കാമെന്നു തോന്നുന്നു. അതു വേർപെടുത്താൻ പാടില്ലാത്ത— അവിഭാജ്യമായ— ഒരു സാധനമാകയാലാണു, വിനാശമില്ലാത്തതു. അതു ഒരു അസംയുക്തവസ്തുവാണു. എന്നു വച്ചാൽ പല ഭാഗങ്ങളും ചേർത്തിണക്കിട്ടുള്ളതല്ലാത്ത ഒരു സാധനമെന്നർത്ഥം.

നാം പലപ്പോഴും വിചാരിക്കുന്നു, മനസ്സുകൊണ്ടു നിശ്ചയം ചെയ്കയും, ചില ഗഹനാശയങ്ങളെ ഉൽപാദിപ്പിക്കുകയും, ചെയ്യാറുണ്ടല്ലൊ. എന്നാൽ ഇവയുടെ (വിചാരത്തിന്റെയും മറ്റും ....)വലിപ്പത്തേയോ, ഘനത്തേയോ, നിറത്തേയോ,

കുറിച്ചു നാം ഒരിക്കലും പ്രശ്നം ചെയ്യാറില്ല. അപ്രകാരംതന്നെ ആത്മാവിന്റെ ഘനത്തേയോ, വലിപ്പത്തേയോ, നിറത്തേയോ കുറിച്ചു നാം ഒരിക്കലും സംസാരിക്കാറില്ല. ആത്മാവിനു നീളം, വീതി, കനം എന്ന അളവില്ല; ആത്മാവിനു, വലമോ, ഇടമോ ഇല്ല; അടിയോ, മുടിയോ ഇല്ല; അകമോ, പുറമോ ഒന്നുമില്ല. ഭാഗമാവട്ടെ, വിഭാഗമാവട്ടെ അതിനില്ല. ആത്മാവു പരിമാണമില്ലാത്ത ഒരു കേവലമായ ആത്മചിമാത്രമാകുന്നു. ആത്മാവിനു അന്തിമമോ ഉപാന്ത്യമോ ആയ ഭാഗങ്ങൾ ഇല്ലാത്തതിനാൽ, അതിനെ "അന്തിമഭാഗങ്ങളായിട്ടു" (Ultimate Parts) വേർതിരിക്കുവാൻ സാധ്യമല്ല. അതു കേവലം അസംയുക്തമായ ഒരു വസ്തുവാണു.

ഇതുവരെ പറഞ്ഞതിൽനിന്നു ചില തത്വങ്ങൾ അനുമേയങ്ങളായിട്ടുണ്ടു. നാശം അംശങ്ങളുടെ വേർതിരിക്കലിലോ, കൂട്ടിയിണക്കലിലോ മാത്രം അടങ്ങിയിരിക്കുന്നതുകൊണ്ടും, അസംയുക്തമായ യാതൊരു വസ്തുവും വിനാശമുള്ളതുകൊണ്ടും, അവിഭാജ്യവും, അസംയുക്തവുമായ ആത്മാവു, അനശ്വരമാണെന്നു സിദ്ധിക്കുന്നു.

ഈ തത്വത്തെ തന്നെ, നൈയായികപ്രമാണമുഖേന പറയാം: അംശങ്ങളുടെ വേർപെടുത്തൽ കൂടാതെ യാതൊരു നാശവും സാധ്യമല്ല. എന്നാൽ ആത്മാവിനു അംശങ്ങളില്ല. അതുകൊണ്ടു ആത്മാവു നശിപ്പിക്കപ്പെടാവുന്നതല്ല. അതിനാൽ ആത്മാവു അനശ്വരമാണു.

ആത്മാവിനു അംശങ്ങളില്ലെന്നുള്ള വസ്തുത അതിന്റെ ആസക്തികളേയും ശക്തികളേയും നിരൂപണം ചെയ്താൽ ഗ്രഹിക്കാവുന്നതാണു. വിഭിന്നഭാഗങ്ങളാൽനിർമ്മിക്കപ്പെട്ടിരുന്നുവെങ്കിൽ, അതു ഭൌതികമായിരുന്നേനെ. അതുമാത്രമല്ല— കേവലം ഭൌതികമായ വസ്തു വിചാരിക്കുകയും നിരൂപിക്കുകയും, കണ്ടുപിടിക്കുകയും നിർമ്മിക്കുകയും, സന്തോഷിക്കുകയും ദുഃഖിക്കുകയും, പാപം ചെയ്കയും, അനുതപിക്കുകയും, കോപിക്കുകയും, സ്നേഹിക്കുകയും, സ്നേഹിക്കുകയും, വെറുക്കുകയും, അസൂയപ്പെടുകയും ആനന്ദമോദിക്കുകയും ചെയ്യുമെന്നു വാദിക്കുവാൻ നമ്മുടെ സാധാരണബുദ്ധി സമ്മതിക്കുകയില്ല

ആത്മാവിനു അംശങ്ങളുണ്ടെന്നു വാദിക്കുന്നതും, ആത്മാവിനു ശരീരത്തിന്റെ സ്ഥൂലഭാഗങ്ങളുമായി അഭേദം കല്പിക്കുന്നതും ഒന്നുതന്നെയാണു. ആത്മാവിനു അംശങ്ങളുണ്ടെന്നു വാദിക്കുന്നവർ, കേവലശരീരകങ്ങളായ അണുക്കൾക്കു വിചാരണ, ബോധം, പുണ്യം, എന്നിങ്ങനെയുള്ള ഗുണങ്ങളെ പ്രദാനം ചെയ്യുന്നു. സത്യം, ധർമ്മം, നീതി, എന്നിങ്ങനെയുള്ള അശരീരകലക്ഷണങ്ങളെ ആതുരനു (ഭൌതികവസ്തുവിനു) നല്കുകയാണു ചെയ്യുന്നതു പക്ഷേ ഭൌതികവസ്തുക്കൾക്കു ഈ ഗുണങ്ങൾ ഇല്ലെന്നു അറിഞ്ഞുകൂടാത്തവരെക്കൊണ്ടാവാം എന്നു തോന്നുന്നില്ല.

ആത്മാവു, അസംയുക്തമാണെന്നു പുരാതനതത്വാന്വേഷികളായ പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സീസറോ എന്നിവരും സമർത്ഥിച്ചിട്ടുണ്ടു. ആത്മാവു അസംയുക്തവും അവിഭാജ്യവുമാണെങ്കിൽ അതു അനശ്വരമായിരിക്കേണമെന്നു സിദ്ധിക്കുന്നുണ്ടല്ലൊ.

കാണ്ഡി —മറാത്തൽ കയ്യൻ ശൈമാശൻ

ചില അന്ധവിശ്വാസങ്ങൾ.

ആലോചനയില്ലാത്ത ബുദ്ധിയാണ അന്ധവിശ്വാസത്തിന്റെ വാസഗേഹമെന്നുള്ളതിൽ വാസ്തവമില്ലെന്നു പറയുന്നതു സാഹസമായിരിക്കും. പക്ഷേ, ധാരാളമായി വിദ്യാഭ്യാസം സിദ്ധിച്ച പല പരിഷ്കൃതസമുദായങ്ങളിലും അനേകം അന്ധവിശ്വാസങ്ങൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നുള്ള വസ്തുത അതാതുസമുദായങ്ങളിലെ ആചാരങ്ങളെക്കുറിച്ചു അന്വേഷണം നടത്തിയാൽ അറിയാവുന്നതാണ. ഇതിനുള്ള കാരണം, ബുദ്ധിക്കു സൂക്ഷ്മഗ്രഹണസാമർത്ഥ്യമുണ്ടാകത്തക്ക വിദ്യാഭ്യാസം ഇതുവരെ ഒരു സമുദായത്തിലും എത്തിക്കഴിയാത്തതാണെന്നു വിചാരിക്കുന്നതിനേക്കാൾ നല്ലതു, അങ്ങിനെയുള്ള വിദ്വാന്മാർ അവക വിശ്വാസങ്ങളെക്കുറിച്ചു വിചിന്തനം ചെയ്യാറില്ലെന്നായിരിക്കും. ഏതുവായാ, ഒരു സമുദായത്തിലുള്ള സർവ്വജനങ്ങളും ഒരുപോലെ വിദ്യാഭ്യാസംസിദ്ധിച്ചവരായിരിപ്പാൻ ഇടയില്ലാത്തതിനാൽ ഏതാനും പരിഷ്കൃതാശയന്മാരെക്കൊണ്ടുമാത്രം അവയുടെ മൂലോച്ഛേദം ചെയ്യുവാൻ സാധിച്ചില്ലെന്നും വരാവുന്നതാണ. അതെന്തെങ്കിലുമാവട്ടെ അവ നശിക്കാതിരിക്കുന്നതിനുള്ള സൂക്ഷ്മസംഗതി തേടിപ്പിടിക്കുകയല്ല ഇപ്പോഴത്തെ ഉദ്ദേശം. അവയുടെ മൂടു് എന്തെന്നാണു ഇവിടെ ആലോചനാവിഷയമായിരിക്കുന്നതു. എന്നാൽ ഹിന്ദുസമുദായത്തിൽ— വിശേഷിച്ചു നായർവർഗ്ഗത്തിൽ— കടികൊള്ളുന്ന ചില അന്ധവിശ്വാസങ്ങളെ മാത്രമേ ഞാനിവിടെ വിമർശിക്കുന്നുള്ളൂ. അതിൽതന്നെ, അവ എല്ലാദിക്കിലുമുള്ളവരിലും വ്യാപിച്ചിട്ടുണ്ടോ എന്നു എനിക്കറിവാൻ കഴിഞ്ഞിട്ടില്ല.

൧. മുലകു ചുട്ടന്നതു ഉടപ്പിറവിക്കു കേടാണു— ഈ വിശ്വാസം എവിടെനിന്നുണ്ടായി? ഈ രണ്ടു സംഗതികൾ തമ്മിൽ യാതൊരു സംബന്ധവുമില്ലല്ലൊ. പ്രായേണ സദാചാരങ്ങളും ദുരാചാരങ്ങളും അനാചാരങ്ങളുമെല്ലാം അനുകരണീയന്മാരായ പ്രമാണികളുടെ ഇടയിൽനിന്നാണുണ്ടാകുന്നതു. "മഹാജനോ യേന ഗതഃ സപന്ഥാ" എന്നുള്ള ആപ്തവാക്യവും ഇതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു. അവക പ്രമാണികളുടെ ശരീരത്തോളം വ്യാപിച്ചിട്ടുണ്ടോ, അതുവരെ മാത്രം അതാതാചാരങ്ങൾക്കു പ്രചാരവും സിദ്ധിച്ചിട്ടുണ്ടായിരിക്കും. ഒരുദേശത്തുള്ള ആചാരം മറ്റൊരുദേശത്തില്ലാതെയും, ചിലതു വ്യർത്ഥാസപ്പെട്ടും കാണുന്നതാണു ഈ ഊഹത്തിനുള്ള ലക്ഷ്യം. അതുപോലെതന്നെ അന്ധവിശ്വാസങ്ങളും വല്ല പ്രമാണികളുടെയും തറവാടുകളിൽ സംഭവിച്ച സംഗതികളിൽനിന്നോ, അവർ പറയുന്നതോ പ്രവർത്തിക്കുന്നതോ ആയ കാര്യങ്ങളിൽനിന്നോ, തെറ്റിദ്ധരണകൊണ്ടുണ്ടായിട്ടുള്ളവയാണാണു എല്ലാപ്പും. എങ്ങിനെയെന്നാൽ: പണ്ടു എതെങ്കിലും ഒരു തറവാട്ടിൽ ചെറുപ്പക്കാരിയായ ഒരു സ്ത്രീതന്റെ ഇളയസോദരനെയോ സഹോദരിയേയൊ എടുത്തുകൊണ്ടിരുന്ന മുലകുചുട്ടുകയും, അതിന്റെ വീര്യം ദുസ്സഹമാകയാൽ കാരിയും തുമ്പിയും ആ ചെറുകുട്ടിയെ കഷ്ടപ്പെടുകയും, ഒരുവേള മരിക്കുകയും

ന്നെയും ചെയ്തിരിക്കാം. ഈ വ്യത്യാസം അയൽവാസികൾവഴിയായി കുറെ ദിക്കിൽ പരക്കുകയും, അതിനുശേഷം ആരെങ്കിലും മുളകുചുട്ടുവാൻ തുടങ്ങുമ്പോൾ അവിടവിടെയുള്ളവർ ഈ സംഭവത്തെ ആവർത്തിച്ചുകൊണ്ടു അതിനെ നിഷേധിക്കുകയും ചെയ്യുവന്നിരിക്കാം. ക്രമത്തിൽ ദൈവയോഗത്താൽ സംഭവിച്ചതായ ആ സംഗതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു ജനങ്ങൾ "മുളകുചുട്ടന്നതു ഉടപ്പിറവിക്കു കേടാണു" എന്നു ധരിച്ചുവശാവുകയും ചെയ്തു. മേൽപറഞ്ഞ വിശ്വാസം സ്ത്രീകളെമാത്രമേ സംബന്ധിക്കുള്ളു എന്നു തോന്നുന്നു എന്തെന്നാൽ: സ്ത്രീകൾക്കിങ്ങിനെ ഒരാവശ്യം വരുമ്പോൾ അവർ ആ ക്രിയ ആൺകുട്ടികളെക്കൊണ്ടു ചെയ്യിക്കാറുണ്ടു. അതുകൊണ്ടു തന്നെയാണു ഒരു സ്ത്രീയുടെ പ്രവൃത്തിയിൽനിന്നായിരിക്കും ആദ്യം ഇങ്ങിനെ ഒരുപകടം പറ്റിയതു എന്നൂഹിച്ചതു. എന്നാൽ ഈ ചെറിയ സംഗതികൊണ്ടു ഇത്രയും വലിയ ആപത്തുണ്ടാകുമോ എന്നു ശങ്കിക്കേണ്ടതില്ല. ഏതാനും കുട്ടികളുടെ അടുത്തുവെച്ചു ഒരാൾ മുളകുവറുത്തപ്പോൾ അതിൽ ചില കുട്ടികൾ ചുമച്ചും മൂക്കിച്ചീറ്റിച്ചും തുമ്മിയും കരച്ചിനേരം വല്ലാതെ കഷ്ടപ്പെട്ടതു കരികൽ എന്നിപ്പറഞ്ഞതുപോലെ മരണമുണ്ടായില്ല. വേണമെങ്കിൽ അതിനും വിരോധമില്ലെന്നു ആലോചിച്ചാലറിയാം.

൨. വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും നെല്ലും വിത്തും, ശനിയാഴ്ചയും ബുധനാഴ്ചയും പണവും കൊടുക്കുന്നതു അശുഭകരമാണു — ഇതു എവിടെനിന്നുണ്ടായി എന്നു വി

ന്നാടും സ്ത്രീകളും ഒരുപോലെ ഗൃഹഭ
ത്തിൽ പങ്കുകാരായിരുന്നു. നെല്ലും
ത്തും സ്ത്രീകളുടെയും, പണം പുരുഷന്മ
ടെയും ആധീനത്തിലാണു വന്നുകൂടുന്നതി
എന്തെങ്കിലും ഒരു വലിയ തറവാടിലെ
ഹനായകനും തേച്ചുകുളിക്കു (അഭ്യംഗ
നത്തിനു) വളരെ സമയം വേണമെന്നു
വരായിരുന്നിരിക്കും. സ്ത്രീകൾക്കു ചൊ
യ്യാഴ്ചയും ചൊവ്വാഴ്ചയും, പുരുഷന്മാർക്കു
ധനാഴ്ചയും ശനിയാഴ്ചയുമാണല്ലൊ നമ്മു
ടയിൽ തേച്ചുകുളിക്കു വിധിച്ചിട്ടുള്ള ദി
സങ്ങൾ. ആവകദിവസങ്ങളിൽ നെ
ന്നോ പണത്തിന്നോ ആവശ്യപ്പെട്ട
ല്ലുന്നവരെ "ഇന്നു കിട്ടില്ല" എന്നുപറ
അവർ മടക്കിഅയക്കുകയും ചെയ്തുന്നു
ക്കും. അല്പകാലംകൊണ്ടു ഈ സംഗ
തികൾക്കെല്ലാം മനസ്സിലാവുകയും
ങ്ങിനെയൊരു നിശ്ചയംകൊണ്ടിരിക്കു
വരുടെ സമ്പത്തു ക്രമാഭിവൃദ്ധമായിക്കൊ
കയും ചെയ്കയാൽ, വാസ്തവസ്ഥിതി അ
യാത്ത ജനങ്ങൾ ആവകദിവസങ്ങളി
നെല്ലും പണവും എടുക്കാൻ പാടില്ല
ധരിച്ചുവശായിരിക്കാം. അതു പര
യാ നിലനിന്നുപോന്നതാണു ഈ വി
സത്തിന്റെ കാരണമെന്നു വിചാരിപ്പാ
ന്യായമുണ്ടു.

൩. വടക്കിണിയിൽ തെക്കോട്ട
ലയെച്ചു കിടപ്പാനും, കോടിവസ്ത്രം കൊ
മുഖം മൂടുവാനും, അല്പിയോടുകൂടി നാട്ടി
രം അകത്തുകടത്താനും, താമസിക്കുന്ന
രയിൽവെച്ചു രാത്രി നെല്ലുകുത്താനും പ
ല്ല — എവടെയുമോ അങ്ങിനെ ചെ
ന്നതു ആ തറവാട്ടിൽ ആരെങ്കിലും ഉ

ഇതിന്റെ തത്വം കണ്ടുപിടിപ്പാൻ വലിയ വിഷമമില്ല. ഒരാൾ മരിച്ചാൽ അയാളെ വടക്കിണിയിൽ കൊണ്ടുപോയി തെക്കുവടക്കു കിടത്തുന്നു. പ്രേതത്തെ ദഹിപ്പിക്കാനെടുക്കുമ്പോൾ ശേഷക്കാരും ബന്ധുക്കളും അതിന്റെ മുഖത്തു കോടിവസ്ത്രം ഇടുന്നു. (ഇതിനു ചുടുപുടവ ഇടുക എന്നു പറയും) ശേഷക്രിയ തുടങ്ങിയതിനു ശേഷം ഉള്ള ഓരോ ക്രിയാഭാഗങ്ങളാകുന്നു അല്ലിയോട്ടുടി നാളികേരം കൊണ്ടുവന്നു മൂണ്ടിൽപ്പൊതിഞ്ഞു പ്രേതത്തെക്കെടത്തിയ സ്ഥാനത്തുവെയ്ക്കുയും, മെഴുകിയിരിക്കുന്ന സ്ഥലത്തു നടുമുറ്റത്തുവച്ചു് നെല്ലുകുത്തുകയും. (ഇതിനു മുന്നാഴി കുത്തുക എന്നു പറയും). ഈ ആചാരങ്ങളിൽ നിന്നാണു മേൽപറഞ്ഞ വിശ്വാസങ്ങൾ ഉത്ഭവിച്ചിരിക്കുന്നതു.

൨. സ്ത്രീകൾ ഗർഭിണികളായിരിക്കുമ്പോൾ ആ തറവാട്ടിൽ പൊൻപണ്ടങ്ങൾ ഉടയ്ക്കുകയോ കടംകൊടുക്കുകയോ ചെയ്യുന്നതു സന്താനത്തിനു കേടാണു— ഇതു ധനത്തിൽ അതിയായ്ക്കയുള്ളവളും ഭീരുചിത്തയുമായ ഒരു സ്ത്രീനിമിത്തമുണ്ടായതാവാം. പണ്ടു ഭേദപ്പെട്ട വല്ല തറവാട്ടിലും ഒരു സ്ത്രീക്കു ഗർഭമുണ്ടായിരിക്കുമ്പോൾ അവളുടെ പണ്ടം ഉരുക്കിത്തുക്കി തട്ടാൻ വശം മറ്റൊന്നു പണിചെയ്യാനായി ഏല്പിക്കുകയോ ആക്കെക്കിലും കടംകൊടുക്കുകയോ ചെയ്കയും സംഗതിവശാൽ അതു നിശ്ചിതദിവസത്തിനു മടങ്ങിക്കൊണ്ടുവരാതെയിരിക്കയും ചെയ്തിരിക്കാം. ആ സംഗതിയിൽ ധനനാശത്തിൽനിന്നുള്ള ഭയത്താൽ അവളുടെ മനസ്സു വ്യാകുലമായതോടുകൂടി കാലഭേദത്താൽ ചില ഉപദ്രവങ്ങളുണ്ടായെന്നും അതിനാൽ പ്രസവം വൈകിയും കുട്ടി ക്കു ജീവനുണ്ടായിരുന്നില്ലെന്നും വന്നേക്കാം. കുട്ടിയുടെ മരണം എന്തുകൊണ്ടു സംഭവിച്ചതായിരുന്നാലും, ആളുകളെല്ലാംകൂടി ഇതിന്റെയെല്ലാം കാരണം പണ്ടത്തെ സംബന്ധിച്ച ആ കൃത്യത്തിൽ ചുമത്തുകയും അതു പരമ്പരയായി നിലയിൽക്കുകയും ചെയ്തു. ഉൽക്കണ്ഠപ്പെടാത്തവർ അല്പകാരണത്താൽ അവശന്മാരായിക്കാണുന്ന സ്ഥിതിക്കു ഇതും ഇങ്ങിനെ സംഭവിക്കാവുന്നതാണല്ലൊ.

൩. രണ്ടുപേരുടെ കൂട്ടുമുട്ടിയാൽ അവർ തമ്മിൽ കലഹിച്ചുപോം— അഹംഭാവികളും ശണ്ഠക്കാരുമായവരിൽനിന്നു സല്പസംഗതിക്കു പലവിധം ലഹളകളുണ്ടായിക്കൊണ്ടിരിക്കുന്നതു് ഇപ്പോഴും നമുക്കനുഭവമാണല്ലോ. ഇതുപൊലെതന്നെ പണ്ടെങ്ങാനും ഒരുവഴിക്കു നടക്കുമ്പോൾ രണ്ടുപേരുടെ കൂടെ തമ്മിൽ കൂട്ടിമുട്ടുകയാൽ ഗണ്യമായ നിലയിൽ ഒരു ശണ്ഠ നടന്നിരിക്കാം. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടായിരിക്കണം ഒരു വിശ്വാസം ഇങ്ങിനെ നിലനിന്നു പോരുന്നതു.

ഈവിധത്തിൽ ഇനിയും പല അന്ധവിശ്വാസങ്ങളും ജനങ്ങളുടെ ഇടയിലുണ്ടായിരിക്കും. അവയെല്ലാം തിരഞ്ഞുപിടിച്ചു വിവരിപ്പാൻ അസാദ്ധ്യംതന്നെ. യഥാശ്രുതത്തിൽ കാര്യകാരണങ്ങൾക്കു വളരെ അകലമുണ്ടെന്നു ഈ വക സംഗതികളിൽ ചില യുക്തികളുണ്ടാകാതെയിരിപ്പാൻ പാടില്ല. എന്നാൽ യുക്തി അതുകളെ അല്പമെങ്കിലും അടുപ്പിക്കുന്നുണ്ടെങ്കിൽ ഈ സമയവ്യയത്തിന്റെ സാഫല്യം അതുതന്നെയാണു്.

—കുറിപ്പുറത്തു കിട്ടുണ്ണിനായർ.



ശിരോലിഖിതം.

(I)

ഈശ്വരൻ മനുഷ്യരെ സൃഷ്ടിച്ചപ്പോൾത്തന്നെ, ഭാവിയിൽ സംഭവിക്കേണ്ടുന്ന സുഖദുഃഖാവസ്ഥകളെപ്പറ്റി നിശ്ചിതമായ ഒരു വിധി മനുഷ്യരുടെ ശിരസ്സുകളിൽ എഴുതീട്ടുണ്ടെന്നും, മനുഷ്യജീവിതം ഈ വിധിയെ അനുസരിച്ചിരിക്കയല്ലാതെ, അവനവന്റെ കർമ്മത്തെ അനുസരിച്ചിരിക്കയില്ലെന്നും ഒരു അഭിപ്രായം മനുഷ്യരുടെ ഇടയിൽ പരമ്പരാഗതമായി പരന്നുപിടിച്ചിട്ടുണ്ട്. കാര്യകാരണങ്ങളെ അന്വേഷിച്ചു പരമാർത്ഥം കണ്ടുപിടിപ്പാൻ കഴിയാതെയിരുന്നവരായ പണ്ടത്തെ അജ്ഞാനാന്ധന്മാർ തങ്ങൾക്കു നേരിട്ടുന്ന സുഖദുഃഖങ്ങളെല്ലാം ഇങ്ങിനെയൊരു വിധിനിർമ്മിതം ഉണ്ടാവുന്നവ ആണെന്നു സമാധാനപ്പെടുകയും, പൂർവ്വകാലങ്ങളിലെ കവികളും ഈ വിശ്വാസത്തെ സ്വകൃതികളിൽ ബലപ്പെടുത്തിപ്പറകയും ചെയ്തുവന്നതുകൊണ്ടു വിധിവിശ്വാസത്തിനു ജനസമുദായത്തിൽ ഒരു പ്രതിഷ്ഠയും കിട്ടി. എന്നല്ല, ക്രിസ്താബ്ദം മൂന്നാംനൂറ്റാണ്ടിൽ, ഗ്രീസിലെ ആതൻസ് നഗരത്തിൽ പ്രചാരപ്പെട്ടിരുന്ന നാലു തത്ത്വശാസ്ത്ര(ദർശന)പദ്ധതികളിൽ ഒന്നായ സ്റ്റോയിക്ക് സംഘക്കാരുടെ മതത്തിൽ ഈ വിധിവിശ്വാസത്തെ മുഖ്യമായി സ്വീകരിക്കയും ചെയ്തിരുന്നു. മനുഷ്യർക്കു മനസ്സ്വാതന്ത്ര്യം എന്നൊന്നില്ലെന്നും, എല്ലാം വിധിപോലെ മാത്രമേ സംഭവിക്കൂ എന്നും അവർ വാദിച്ചിരുന്നതു്.

എന്നാൽ, വിധി, തലയിലെഴുത്തു, ഗ്രഹപ്പിഴ, കർമ്മം, എന്നൊക്കെ ഇപ്പോൾ പോലെ പേരുപറഞ്ഞുവരുന്ന ഈ ശിരോലിഖിതം എന്താണു? മനുഷ്യന്റെ തലയോട്ടു, ഈച്ചുവാളന്റെ വല്ലുപോലെയുള്ള അനേകം വല്ലുകൾ കൊണ്ടാണു ഘടിപ്പിച്ചിരിക്കുന്നതെന്നും, ഈ ചേർപ്പുകളെ വിരിക്കാതെ വച്ചുനോക്കിയാൽ എപ്രകാരം എന്തോ കുറെ അക്ഷരങ്ങളായി തോന്നിപ്പോവുമെന്നും പ്രസിദ്ധമാണല്ലൊ. ഇവയെയാണു പാമരന്മാർ തലയിലെഴുത്തായി വിശ്വസിച്ചുപോരുന്നതു. മനുഷ്യൻ അനുഭവിക്കുന്ന സകലവും മുൻനിശ്ചയമനുസരിച്ചാണെന്നും, അവന്റെ ജീവിതഘട്ടത്തിൽ സംഭവിക്കുന്ന സകലവും ഈ തലയോലിഖിതത്തിൽ ആസ്പദിച്ചാണെന്നും, സേച്ഛാപ്രകാരം ഒന്നുംതന്നെ സംഭവിക്കയില്ലെന്നും, പാമരന്മാർ വിശ്വസിക്കുന്നു. 'വിധിവിഹിതമേവമെന്നും ലംഘ്യമല്ലേതുമേ'; 'ചേരാനുള്ളതു വഴിയിൽ തങ്ങുമോ'; 'അറക്കൽ മേനോന്റെ തലയിലെഴുത്തു് അമക്കിച്ചിരവ്വാലും പോവുമോ'— എന്നിങ്ങനെ ഓരോ പഴഞ്ചൊല്ലുകളേയും അവർ തങ്ങളുടെ അഭിപ്രായത്തിന്റെ നിദർശനത്തിനായി പ്രയോഗിക്കാറുമുണ്ടു.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം വിധിനിശ്ചയം അനുസരിച്ചാണെങ്കിൽ, സേച്ഛാപ്രകാരം പ്രവർത്തിക്കുന്നതിനാവട്ടെ, സ്വഭാവസംസ്കാരം ചെയ്യുന്നതിനാവട്ടെ, നമുക്കു സാധിക്കുന്നതല്ലല്ലൊ. നമ്മുടെ സർപ്രവൃത്തികൾക്കാവട്ടെ, ദുഷ്പ്രവൃത്തികൾക്കാവട്ടെ, നമുക്കയാതൊരുത്തരവാദിത്വവും ഉണ്ടാവാനും പാടില്ല. നമ്മുടെ കർമ്മങ്ങളെ സംബന്ധിച്ചു

നമുക്കു യാതൊരു ഉത്തരവാദിത്വവുമില്ലെന്നു വരുന്നപക്ഷം, പരലോകത്തിൽ വെച്ചുള്ള ശിക്ഷാരക്ഷകൾക്കു നാം അനർഹന്മാരുമാണു. ഇപ്രകാരം പരലോകത്തിൽ വെച്ചു ഏതെങ്കിലുമൊരു വിധിക്കു കീഴടങ്ങേണ്ട ചുമതല നമുക്കില്ലെന്നു വരുത്തുക വണ്ണം, ഒരു ശിരോലിഖിതം ഈശ്വരൻതന്നെ എഴുതപ്പെട്ടിട്ടുണ്ടെന്നു പറയുന്നതു യുക്തിക്കു ചേരുന്നില്ല. മനുഷ്യൻ സ്വതന്ത്രജീവിയാവുകയാൽ, ഉദ്ദിഷ്ടത്തിലേക്കു ചായാവുന്ന ഒരു സ്വഭാവം അവനുണ്ടു. ഈശ്വരനിൽ ലയിക്കേണ്ടതിനായി നിർമ്മിക്കപ്പെട്ടിരിക്കുന്നു മനുഷ്യൻ. അവന്റെ സ്വാതന്ത്ര്യസ്വഭാവത്തെ മൂലം ചെയ്യുന്ന ദുഷ്പ്രവൃത്തികളും ശിരോലിഖിതത്തെ അനുസരിച്ചാണെങ്കിൽ, ഈശ്വരൻതന്നെ മനുഷ്യരെ ദുർമ്മാർഗ്ഗകൃത്യങ്ങളിലേക്കു നയിക്കുന്നവനാണെന്നു വന്നുകൂടും. ഇതു ദൈവത്തിന്റെ നിഷ്കളങ്കസ്വഭാവത്തിനു ദൂഷണകളങ്കത്തെ വരുത്തിക്കൂട്ടുകയാകുന്നു. അങ്ങിനെയെങ്കിൽ, മനുഷ്യരെ നിർമ്മിച്ച അവസരത്തിൽ പരസ്പരവിരുദ്ധങ്ങളായ പലെ സ്വഭാവങ്ങളും ഈശ്വരനിൽ സ്ഥിതിചെയ്തിരുന്നുവെന്നു വരും. എന്നാൽ ഈ അഭിപ്രായം മതതത്വങ്ങൾക്കു എതിരായിരിക്കുന്നു.

പലെ വികാരങ്ങളുടെ വിളനിലമാണു മനുഷ്യഹൃദയം. ഈ വകവികാരങ്ങളും വിധിയുടെ അല്ലെങ്കിൽ ശിരോലിഖിതത്തിന്റെ ചരടുവലി അനുസരിച്ചു മാത്രം ഉണ്ടാവുന്നതാണെങ്കിൽ, മനഃസ്വാതന്ത്ര്യം എന്നൊന്നു തന്നെ മനുഷ്യർക്കുണ്ടാവാൻപാടില്ല. എന്നുമാത്രമല്ല, സ്വന്തം പ്രവൃത്തിയെന്നോ, സ്വന്തം വാക്കെന്നോ, സ്വന്തം വിചാരമെന്നോ ഒന്നു മനുഷ്യനുണ്ടാവാൻ സാധിക്കുന്നതുമല്ല. മനഃസ്വാതന്ത്ര്യം, വിശേഷബുദ്ധി, എന്നിവ ഈശ്വരദത്തമായതും, മനുഷ്യത്വത്തിന്റെ സാധാരണ സ്വരൂപത്തെ വെളിപ്പെടുത്തുന്നതുമാണു. ഈശ്വരദത്തമായ ഈ പ്രത്യേകശക്തിയെ, അതിന്റെ ഉദ്ദേശ്യം അനുസരിച്ചു പ്രയോഗിക്കുന്നതിനുപ്രതിബന്ധമായി, ശിരോലിഖിതം എന്നൊരു വിപരീതശക്തിയെ ഈശ്വരൻതന്നെ മനുഷ്യർക്കു കൊടുത്തിട്ടുണ്ടെന്നു പറയുന്നതു, ഈശ്വരശക്തിയുടെ സാക്ഷാൽമാഹാത്മ്യത്തെ നിഷേധിക്കുന്നതിനു തുല്യമാവുന്നു. ഇതു നിശ്ചയമായിട്ടും ദൈവദൂഷണം തന്നെയല്ലേ? എന്നാൽ ഈ മനഃസ്വാതന്ത്ര്യം ഒരു ശരിയായ മനസ്സാക്ഷിയുടെ പ്രബോധനം അനുസരിച്ചുമാത്രം പ്രയോഗിക്കുമ്പോൾ, മനുഷ്യർക്കു സിദ്ധിക്കുന്ന ഉന്നതാനുഭവങ്ങൾ ശിരോലിഖിതം നിമിത്തമാണെന്നു പറയുന്നതിനു, മനുഷ്യർ സാധാരണ ഉദ്യമിക്കുപതിവില്ല. തങ്ങളാൽ ആവുംമട്ടും പ്രവർത്തിച്ചശേഷമോ, പ്രവർത്തിക്കുന്നതിനുള്ള പ്രയാസത്തെ വിചാരിച്ചുതുടങ്ങുമ്പോഴോ ദുഃഖാവസ്ഥകൾ സംഭവിച്ചാൽ, അതിനുള്ള ഉത്തരവാദിത്വം, നമ്മുടെ ആളുകൾ, 'ശിരോലിഖിത'ത്തിന്റെ തലയിൽപിടിച്ചു വെക്കുക സാധാരണമാണു. ശിരോലിഖിതത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിക്കുന്നതിനു, മേൽപ്രസ്താവിച്ച അനുഭവങ്ങളുംതന്നെ സഹായമായിത്തീരുന്നു.

ശിരോലിഖിതത്തെ മനഃസ്വാതന്ത്ര്യം എന്ന പദം ധ്വംസനംചെയ്കയുന്നു. മനഃസ്വാതന്ത്ര്യത്തിന്റെ പ്രേരണാശക്തിയാൽ ഉത്ഭവിക്കുന്ന സകല വ്യാപാരങ്ങൾക്കും

ആധാരമായിരിപ്പാൻ ശിരോലിഖിതത്തിനു കഴിയുന്നതല്ലെന്നു മുമ്പു പറഞ്ഞുവല്ലൊ. പരസ്പരവിരുദ്ധങ്ങളായ വിചാരങ്ങളുടെമേൽ ഏകച്ഛത്രാധിപത്യം വഹിക്കുന്നതിനു, ശിരോലിഖിതത്തിനു എങ്ങിനെ സാധിക്കും? "മനഃസ്വാതന്ത്ര്യത്തിന്റെ അഖണ്ഡിതമായ നിർഗ്ഗുണസ്ഥാനങ്ങളെ പ്രാപിക്കാൻ യാതൊരു മാനുഷശക്തിക്കും കഴിയുന്നതല്ലെന്നാണു 'ഫൈനലൊൺ' എന്ന പണ്ഡിതനായ പുരോഹിതൻ എഴുതിയിരിക്കുന്നതു. മനഃസ്വാതന്ത്ര്യം മൂലം നമ്മുടെ ജീവിതം, സാന്മാർഗ്ഗികമോ, അസാന്മാർഗ്ഗികമോ ആയ ഏതു പാതയിൽകൂടി വേണമെങ്കിലും നടക്കാവുന്ന സ്ഥിതിക്കു, ശിരോലിഖിതത്തിനു ആ വക പ്രവൃത്തികളെ നിയന്ത്രണംചെയ്യുന്നതിനു കഴിയാത്തതിനാൽ, തലയിലെഴുത്തിനെ വിശ്വസിച്ചു, ജീവിതത്തെ നിരർത്ഥകമാക്കിത്തീർക്കുന്നതു ഒരു വലുതായ തെറ്റാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. 'ശിരോലിഖിതം എന്നൊന്നു മനുഷ്യനിൽ സ്ഥിതിചെയ്യുന്നുവെന്നു പറയുമ്പോൾ, മനുഷ്യർക്കു മനഃസ്വാതന്ത്ര്യം എന്നൊന്നില്ലെന്നു സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതു ശ്രുതിയുക്തിയനുഭവങ്ങൾക്കു യോജിച്ചിരിക്കുന്നില്ല.

ഒരു നാടകാഭിനയമാണു മനുഷ്യജീവിതം. ഒരു നടൻ രംഗത്തിൽ പ്രവേശിച്ചതന്റെ കൃത്യങ്ങളെ യഥാശക്തി നിറവേറ്റിയശേഷം അണിയറയിലേക്കു കടക്കുന്നു; മനുഷ്യനും ലോകരംഗത്തിൽ പ്രവേശിച്ചതന്റെ കൃത്യങ്ങളെ കഴിയുന്നേടത്തോളവും ഓരോന്നായി അഭിനയിച്ചശേഷം മരണമാകുന്ന തിരശ്ശീലവഴിയായി പ്രപഞ്ചത്തിൽ നിന്നു മറയുന്നു. ഈ അഭിനയത്തിന്റെ സാഫല്യവൈഫല്യങ്ങളനുസരിച്ചു രക്ഷാശിക്ഷകൾ നൽകപ്പെടുന്നുവെന്നു സർവ്വതന്ത്രങ്ങളും ഉൽഘോഷിക്കുന്നു. പാരത്രികമായ വിഷയങ്ങളിൽ മനസ്സിനെ പ്രവേശിപ്പിച്ചു മോക്ഷം സമ്പാദിക്കുന്നതിനു പ്രതിബന്ധമായി ഒരു വല്ലാത്ത 'തലയിലെഴുത്തു' ഈശ്വരൻതന്നെ എഴുതി മനുഷ്യരെ ശിക്ഷാകൂപത്തിൽ ചാടിക്കുമെന്നു മതതന്ത്രങ്ങളിൽ വിശ്വാസമുള്ള ഒരുവനും വിശ്വസിപ്പാൻ കഴിയുന്നതല്ല. അല്പാത്തപക്ഷം, മനുഷ്യന്റെ സൽകൃത്യങ്ങൾക്കും ദുഷ്കൃത്യങ്ങൾക്കും, തൈവത്തെന്നെ ഉത്തരവാദിത്വം വഹിക്കേണ്ടതായിവരും.

(തുടരും)

—ചിറ്റഴിത്ത് കെ. എം. വർഗ്ഗീസ്.

കമലാഭായി
അഥവാ
ലക്ഷ്മീവിലാസത്തിലെ കൊലപാതകം.

അദ്ധ്യായം ൧.

കമലാഭായിയുടെ സാൽവരക്തമയമായി കോടതിയിൽ കൊണ്ടുവന്നപ്പോൾ, എല്ലാവർക്കും വളരെ ആശ്ചര്യം തോന്നി. എന്തെന്നാൽ, ഇങ്ങിനെ ഒരു വസ്തുത പോയിരുന്നതായൊ, അഥവാ അതു കിട്ടിയതായൊ, പോലീസുകാർ പോലും അറിഞ്ഞിരുന്നില്ല. വിചാരണ തുടങ്ങുന്നതിനു അരമണിക്കൂർമുമ്പു അതു അവിടെ കിട്ടി. ആരോ തപാൽമാർഗ്ഗമായി അയച്ചതായിരു

ന്നു. എന്നാൽ അയച്ച ആൾ ആരായി രിക്കുമെന്നു ഊഹിക്കുന്നതിനു യാതൊരു ലക്ഷ്യവും കിട്ടിയതുമില്ല.

മജിസ്ട്രേട്ട് ആസ്പത്രിയെ ഒരു പ്രധാനതെളിവായി സ്വീകരിച്ചു കമലാഭായിയെ ബന്ധനാവസ്ഥയിൽ വെപ്പാൻ തീർച്ചയാക്കി. ഇതിനിടയിൽ ഇൻസ്പെക്ടർ കമലാഭായിയുടെ വീട്ടിലെ ഭൃത്യന്മാരോട് അന്വേഷിച്ചു, കമല മൽകോപമുള്ളവളാണെന്നും, ഈ സംഭവത്തിനു ശേഷം വർഷം കഴിച്ചോ മറ്റു വല്ലവിധത്തിലോ ആത്മഹത്യചെയ്യുവാൻ തരംനോക്കിയിരിക്കയാണെന്നും, മനസ്സിലാക്കി. "കോപിഷ്ടകളായ സ്ത്രീകളെ ഒരിക്കലും വിശ്വസിക്കുവാൻ പാടില്ല. ദ്വേഷ്യം വരുന്ന സമയത്തു അവർ എന്തുചെയ്യുന്നതിനും മടിക്കയില്ല. ഒരു ക്രൂരപുരുഷനെക്കാൾ ഒരു ക്രൂരസ്ത്രീയെ എത്രയോ അധികം ഭയപ്പെടേണ്ടതാണ്. കൂടപ്പിറപ്പോ ഒരു സ്ത്രീയെ സ്നേഹിക്കുന്നുണ്ടെന്നു അറിഞ്ഞതായും, അതുകൊണ്ടു തനിക്കു കൂടെ ദ്വേഷ്യമുണ്ടായിരുന്നതായും കമലാഭായിതന്നെ സമ്മതിക്കുന്നു. താൻ മുമ്പു വിവാഹം ചെയ്തിട്ടുണ്ടെന്നു കൂടപ്പിറപ്പു പറഞ്ഞതിൽപിന്നെ ഒട്ടുനേരത്തേയ്ക്കു കോപാവേശത്താൽ കത്തികൊണ്ടു കുത്തിയിരിക്കും, സംശയമില്ല. കമലാഭായി ചെയ്തതു ന്യായംതന്നെ. സ്വന്തഭർത്തൃജീവിതത്തിൽ മറ്റൊരു സ്ത്രീയുടെ പാതിവ്രത്യഭംഗം ചെയ്തു അവളുടെ ജീവിതം വ്യർത്ഥമാക്കിത്തീർക്കുന്നവർക്കു ഇങ്ങിനെയുള്ള ശിക്ഷ ലഭിക്കേണ്ടതുതന്നെ. എന്നാൽ ശിക്ഷിക്കുവാൻ ഇവർതന്നെ പുറപ്പെടേണ്ടിയിരുന്നില്ല. അതു കത്തിക്കുപ്പിറേതാണെന്നു തെളിഞ്ഞതുവല്ലൊ. മിച്ചർവശത്തായതുകൊണ്ടു തന്നെത്താൻ കുത്തി മരിച്ചതല്ലെന്നുനിശ്ചയമല്ലൊ?" എന്നാക്കെയായിരുന്നു ഇൻസ്പെക്ടരുടെ വിചാരങ്ങൾ.

ആദ്യത്തെ വിചാരണകഴിഞ്ഞു നാലുദിവസമായിരിക്കുന്നു. കമലയും ജ്യേഷ്ഠത്തിയമ്മയും ഒരു മുറിയിൽ ഇരിക്കുന്നു. ഈ നാലുദിവസത്തിലകത്തു പുരുഷവലുതായ ഒരു മാറ്റം സംഭവിച്ചിരിക്കുന്നു! രക്തപ്രസാദത്താൽ ശോഭിച്ചിരുന്ന അവരുടെ മുഖത്തിൽ ക്ഷീണിച്ച വിളറിയിരിക്കുന്നു. നാലുദിവസംകൊണ്ടു ഇവർ ഈ സ്ഥിതിയിൽ എത്തിയതെങ്ങിനെ എന്നു കാണുന്നവരെല്ലാം ആശ്ചര്യപ്പെട്ടു. എന്നാൽ ഇക്കഴിഞ്ഞ നാലുദിവസങ്ങൾ അവർക്കു നാലുയുഗങ്ങൾക്കു തുല്യമായിരുന്നു. അപമാനവും ഭയവും സംശയവും നിറഞ്ഞ ജീവിതം എങ്ങിനെ ക്ലേശകരമല്ലാതിരിക്കും? കുറേനേരം ഇരുവർ മൌനമായിരുന്നതിനു ശേഷം അമ്മു ഇങ്ങിനെ പറഞ്ഞു:—

അമ്മു:— "കമലേ, എന്തിനാ ഇങ്ങിനെ വ്യസനിക്കുന്നതു? ഈമാതിരി വിഷയങ്ങളിലകപ്പെടുന്നതു അപമാനകരംതന്നെ. എന്നാൽ ഇനി അതിനെപ്പറ്റി ചിന്തിച്ചിട്ടെന്തു പ്രയോജനം? നീ ആളേ കൊന്നു എന്നു ഞങ്ങൾ ഒരിക്കലും വിശ്വസിക്കയില്ല."

കമല ഈ വാക്കുകൾ കേൾക്കാത്തതുപോലെ മൌനമായിരുന്നു. അമ്മു പിന്നെയും പറഞ്ഞു:—

അമ്മു:— "നീ ദുഃഖംകൊണ്ടു മോഹിതയായി എന്തെല്ലാമൊ പറയുന്നു. നിന്റെ വാക്കുകൾ, നീ കുറ്റക്കാരിയാണെന്നു വിചാരിക്കാത്തവർക്കുകൂടി സംശയത്തി-

ന്നടയാക്കി തീർക്കുന്നു. നാളെയെങ്കിലും കുറെ ആലോചിച്ചു സംസാരിക്കൂ. നിന്റെ വാക്കുകൾ, നിർദ്ദോഷയായ നിന്നെ ആപത്തിൽ അകപ്പെടുത്താതിരിക്കട്ടെ."

കമല:—"എന്താ ജ്യേഷ്ഠത്തി, ഞാൻ ഇനി ആലോചിക്കേണ്ടതു? ആലോചിച്ചു ആലോചിച്ചു എന്റെ തലച്ചോറു മുഴുവൻ ദ്രവിച്ചുകഴിഞ്ഞിരിക്കുന്നു. ഈ ജീവിതം അവസാനിപ്പിച്ചാൽ വേണ്ടില്ലെന്നു എനിക്കു തോന്നുന്നു. അതിനു നിങ്ങൾ സമ്മതിക്കുന്നുമില്ല. സ്നേഹമുള്ളവരെപ്പോലെ ഭാവിച്ചുകൊണ്ടു, വാസ്തവത്തിൽ എന്നെ ഉപദ്രവിക്കയാണു നിങ്ങൾ ചെയ്യുന്നതു. മാനമില്ലാത്ത ഈ ജീവിതംകൊണ്ടു യാതൊരു പ്രയോജനവും ഇല്ല."

ലക്ഷ്മിക്കുട്ടി:— "കമലെ, അങ്ങിനെ പറയരുതു. നീ പറയുന്നതിനു തന്നെന്നു നീ അറിയുന്നില്ല. ഞങ്ങളോടു വെറുതെ ദ്വേഷ്യം ഭാവിക്കുന്നു. നിന്റെ ഈ വാക്കുകൾ കേൾക്കുമ്പോൾ ഞങ്ങളുടെ മനസ്സു എത്രമാത്രം സങ്കടപ്പെടുന്നുണ്ടെന്നറിയുന്നതായാൽ പിന്നെ ഒരിക്കലും നീ ഇങ്ങിനെ പറയുന്നതല്ല."

കമല:— "നിങ്ങൾ രണ്ടാളും കുറേനേരം മിണ്ടാതിരിക്കുവിൻ. എനിക്കു വല്ലാതെ തല വേദനിക്കുന്നു. ഭ്രാന്തുപിടിക്കുമെന്നുകൂടി തോന്നുന്നുണ്ടു. ഞാൻ കുറച്ചുനേരം സ്വസ്ഥമായിരിക്കട്ടെ."

കമലാഭായ ഇങ്ങിനെ പറഞ്ഞുകഴിയുമ്പോഴേക്കു, മാധവിഅമ്മ ഭയപ്പെട്ടുകൊണ്ടു താഴെക്കു കടന്നു:— "കമലേ, കമലേ വേഗം.ഇനി ഒട്ടും താമസിപ്പാൻ പാടില്ല. ഞാൻ നിന്നെ സഹായിക്കാം നിന്നെ ആരോ അപായപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ടു. വേഗം ഒളിച്ചുപോകുവാൻ പോലീസ്സുകാർ വരുന്നുണ്ടു വേഗം ഒളിച്ചുപോകുവാൻ പോലീസ്സുകാർ വരുന്നുണ്ടു.

യാൽ നിശ്ചയമായും നീ ആപത്തിൽ അകപ്പെടും.”

കമല:— “എന്റെ ജീവനെ രക്ഷിക്കാമെന്നു പറയുന്നതായാലും, ഞാൻ നിങ്ങൾക്കു കടപ്പെട്ടവളായി തീരുന്നതല്ല. അങ്ങനെ ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നതു എത്രയോ നല്ലതാണു”

കമലയുടെ ജ്യേഷ്ഠത്തിമാർ യാതൊന്നും സംസാരിച്ചില്ല. ഒളിച്ചുപോകുവാനുള്ള ഉപദേശം അവർക്കും സ്വീകാര്യമായി തോന്നിയില്ല.

“കഷ്ടം! എന്തു വിഡ്ഢിത്തമാണീ പ്പറയുന്നതു! ഞാൻ വിചാരിച്ചാൽ ഇവളെ രക്ഷിപ്പാൻ കഴിയും എന്നു ഇനിയും മനസ്സാലീക്കീട്ടില്ല ഞാൻ ആ സമയത്തു അവിടെ ഉണ്ടായിരുന്നുവെന്നു ഇവൾ എങ്ങിനെ അറിയും—” എന്നു വിചാരിച്ചുകൊണ്ടു മാധവിഅമ്മ മടങ്ങിപ്പോയി.

കുറച്ചുനേരം കഴിഞ്ഞപ്പോൾ പൊല്ലീസ് ഇൻസ്പെക്ടർ വന്നു, കമലാഭായിയെ ബന്ധുവസ്ഥലിൽ വെക്കുവാൻ കൊണ്ടുപോകയും ചെയ്തു.

(തുടരും.)

—തരവത്തു് ജാനകിഅമ്മ.



ഗ്രന്ഥവിഹാരം

൧. ‘സപ്തവാസവദത്തം ഭാഷാനാടകം.’

(ഭാഷാന്തരപ്രണേതാവു, അങ്ങവിക്കര, ഇടമന ആർ. നാരായണൻപോറ്റി, മഹോപാദ്ധ്യായർ.)

കവികുലകൂടസ്ഥനായ കാളിദാസനാൽപോലും ഗ്രന്ഥനിർവ്വിശേഷം സംഭാവിതനും, മഹർഷിതുല്യനുമായ ഭാസമഹാകവിയുടെ കൃതികൾ ചെന്നേ നശിച്ചുപോയിരിക്കുന്നുവെന്നാണല്ലോ, ഇതേവരെ വിചാരിച്ചുപ്പെട്ടിരുന്നതു്. അതുകളിൽ ചതിനൂറു രൂപകങ്ങൾഇതാ, ഇപ്പോൾ തിരുവിതാംകൂർഗവർമ്മേണ്ടവക ‘പ്രാചീനസംസ്കൃതഗ്രന്ഥസമ്പാദനാഭിപ്പാർട്ടുമെണ്ടിന്റെ അദ്ധ്യക്ഷനും പ്രസിദ്ധപണ്ഡിതനുമായ ടി. ഗണപതിശാസ്ത്രി അവർകളുടെ അത്യന്തം അഭിനന്ദനീയമായ അക്ഷീണപരിശ്രമത്തിന്റെ ഫലമായി, നമുക്കു ലഭിച്ചിരിക്കുന്നു! എന്നാൽ, ഈ നാടകങ്ങളുടെ കർത്താവു, സാക്ഷാൽ ഭാസനല്ല, എന്നൊരു പുതിയ അഭിപ്രായം ഇപ്പോൾ പുറപ്പെട്ടുവന്നിട്ടുണ്ടു, ഇതിന്റെ യാഥാർത്ഥ്യം എങ്ങിനെ എങ്കിലുമാകട്ടെ. പ്രസ്തുതാദരഗംഭീരങ്ങളായ പ്രസ്തുത രൂപകങ്ങളിൽ ഓരോന്നും തൽക്കർത്തൃവിന്റെ അസാമാന്യമഹാകവിതാപ്രതിഭാധോരണിയെ വെളിപ്പെടുത്തുന്നുണ്ടു.

“വ്യായാമശ്ലഥമൗക്തികാ

വിതതേഽധ്വമാലോ
ന്നിഷ്ടാതപോ മുദ്ദമനോഽഹർ
ശ്ശ്വാതഃ
സംലിൻകാമുകജനഃ പ്രവി
കീർണ്ണചോരോ
വേഷാന്തരം രചയതീവ
മനുഷ്യലോകഃ”

“സുലഭശരണമാർദ്രയോ
ഭയാനാം
വനഗഹനം തിമിരം ച
തുല്യമേവ
ഉഭയമപി ഹി രക്ഷ്യതേ
സ്മകാരേ
ജനയതി യശ്ച ഭയാനി
യശ്ച ഭീതഃ.”

ഇത്യാദി അകൃത്രിമരമണീയങ്ങളായ ഉല്പേ
ക്ഷങ്ങൾ ഒരു സാധാരണ സാഹിത്യകാര
ന്റെ ഭാവനയിൽ വിളയുന്നവയല്ലല്ലോ.

‘ഭാസനാടകചക്രേ’ത്തിൽ ഏല്പാം
കൊണ്ടും പ്രഥമം വഹിയ്ക്കുന്നതു ‘സ്വപ്ന
വാസവദത്തം’ തന്നെയാണു.

“ഭാസനാടകചക്രേഽപി ഛേകൈഃ
ക്ഷിപ്തേ പരീക്ഷിതും
സ്വപ്നവാസവദത്തസ്യ ദാഹകോ
ഽഗ്നിന പാവകഃ”

എന്നിങ്ങിനെ ‘രാജശേഖര’കവി ശ്ലാഘി
ച്ചാൽ സംകീർത്തിതമായ മാഹാത്മ്യം ഉള്ള
ഈ നാടകത്തെ നമ്മുടെ ഭാഷയിലേക്കു സം
ക്രമിപ്പിച്ച ആൾ. നാരായണൻപോറ്റി
അവർകളുടെ ഉചിതവിഷയാഭിനിവേശം
അനുമോദിക്കേണ്ടതു തന്നെ.

ഇപ്പുസ്തകം ഇവിടെ അയച്ചുകിട്ടിയിട്ടു
രണ്ടുമൂന്നുമാസം കഴിഞ്ഞിരിക്കുന്നു. ഞ
ങ്ങളുടെ അഭിപ്രായം പ്രസ്താവിപ്പാൻ ഇതു
വരെ വൈകിപ്പോയതു, തർജ്ജമ മൂലത്തോ
ടടുത്തു പോകുവാൻ സൌകര്യമുണ്ടാകാ
തിനാലാണു. ആറങ്കങ്ങൾ ഉള്ളതായ ഈ
നാടകത്തിൽ, രണ്ടുമൂന്നു പദ്യങ്ങളുടേയും,
ചുരുക്കം ചില ഗദ്യങ്ങളുടേയും തർജ്ജമ, പ
രിഭാഷകന്റെ കവിതാവാസനയെ കാണി
ക്കുന്നതായിട്ടുണ്ടു.

“പദ്മാവതി ബഹുമതാ മമ യദ്യപി
ത്വമവശീലമധുരൈഃ
വാസവദത്താബദ്ധം നതു താവന്മേ
മനോ ഹരതി”

എന്ന സുകുമാരശ്ലോകത്തിന്റെ ഭാഷാന്ത
രമായ

“മേനിസ്സുള്ളഴകും സ്വഭാവഗുണവും
മാധുര്യവും കൊണ്ടു ഞാൻ
മാനിസ്സുന്ന കുമാരിയാണു സരസം
പദ്മാവതീയെങ്കിലും,
നൂനം വാസവദത്തയിൽ പ്രബലമായ്
ബന്ധിച്ചൊരെൻ മാനസം
താനാളല്ല കവന്നെടുത്തു തനതായ്
സൂക്ഷിച്ചു കൊണ്ടോടുവാൻ.”

എന്ന പദ്യം രണ്ടുവിധമാക്കാമായിരുന്നു
ന്നാണു. എന്നാൽ, ഇതിൽ ഏതെന്നതു,
കുമാരീപദത്തിന്റെ അനൌചിത്യം; സ
രസം എന്നതിന്റെ അസ്ഥാനവിന്യാസം;
പദ്മാവതി എന്ന നവീനഭാഷാരീതിയു
ടെ വിരുദ്ധമായ ദൈർഘ്യം; കവന്നെടുത്തു
എന്നതിന്റെ അസാരഞ്ജസ്യം; തനതായ്
സൂക്ഷിച്ചുകൊണ്ടോടുവാൻ എന്നതിന്റെ
നിരർത്ഥകത- ഇവകൊണ്ടു വ്യർത്ഥസ്ഫുലത;
എന്നീ ദോഷങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

ദ്വിതീയാക്ഷരപ്രാസശൃംഖല നമ്മു
ടെ പരിഭാഷകനെ അത്യധികം ബന്ധി

ചിലേടത്തു, മൂലത്തിലെ പദങ്ങൾ മാത്രമല്ലാ, വാക്യങ്ങൾകൂടി തർജ്ജമയിൽ വിട്ടുപോയിരിയ്ക്കുന്നതു, ആവശ്യമില്ലാതെ പദങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതിനെക്കാൾ കഷ്ടമായിരിക്കുന്നു. നാലാംഅങ്കത്തിൽ, "ഹോ! വണ്ടുകളുടെ ശല്യം നിമിത്തം" ഇത്യാദിയായ വാസവദത്താവാക്കിൽ "കാസകുസുമരേണുണാ പഡിദേണ" എന്നു പ്രാകൃതപദങ്ങളുടെ തർജ്ജമയില്ലായ്കയാൽ, "വണ്ടുവന്നു വീണിട്ടോ മറേറാ ആണു, വാസവദത്തക്കു കണ്ണിൽ വെള്ളം" എന്നു വായനക്കാരൻ വിചാരിയ്ക്കേണ്ടിവരുന്നു. അഞ്ചാം അങ്കത്തിൽ, രണ്ടാം ശ്ലോകത്തിന്റെ താഴേ, "സമുദ്രഗൃഹകത്തിലാണെപോലും പള്ളിമെത്ത വിരിച്ചിരിയ്ക്കുന്നതു." എന്ന വിദൂഷകന്റെ ഉത്തരത്തിനു ഹേതുവായ രാജാവിന്റെ ചോദ്യം കാണ്മാനില്ല! ഈവക വിട്ടുപിഴകൾ, പരിഭാഷകനു അവശ്യം വേണ്ടതായ അവധാനത്തിന്റെ ന്യൂനതയെ പ്രത്യക്ഷീകരിക്കുന്നവയാണു. പ്രവേശകഃ എന്നതിന്റെ തർജ്ജമ, എല്ലായിടത്തും പ്രവേശകൻ എന്നായി കാണുന്നതു, പക്ഷേ അച്ചടിപ്പിഴയായിരിയ്ക്കും!

'പിലവിപ്പോവിൻ', പൂവു 'ഉറുക്കു', 'കിറുക്കി', 'ഓരിശം' മുതലായ ദേശ്യപദങ്ങളും; 'മുഡേവിയണയുക', 'കമ്പ', സംബുദ്ധിയായ 'കേട്ടോ' മുതലായ ഗ്രാമ്യപദങ്ങളും; 'പടീണം', 'കാട്ടീന്നു', 'ഭേഗിനീടെ', 'ആക്കാ', 'എന്തിനാ' മുതലായ ലൂപ്തപദങ്ങളും; 'ചക്കുഗാരക്കാൽരാശി' മുതലായ അപരിചിതപദങ്ങളും; 'എന്തുന്നയാമ്മ', 'കാതിടുവൻ', 'തുപ്പത്തിൻറഴക്', 'വിട്ടിവൻ' (പൂണ്ടുകിടയായ വിട്ടിവൻ) മുതലായ കസർത്തികളും; യതിഭംഗം ചിട്ടില്ലെന്നുള്ളതു ആശ്വാസകരംതന്നെ; എന്നാൽ, ഈ സ്വാതന്ത്ര്യം, ഇതിൽ രചനാസൌഷ്ഠവത്തിന്നോ, അർത്ഥസുഗമതയ്ക്കോ ഉപയോഗപ്പെട്ടതായി കാണുന്നില്ല. "ആപത്തെന്നഴൽപെട്ടെന്നിയ്ക്കുനിനവിപ്പതമാവതിയ്ക്കും പരം" എന്നതിന്റേയും മറും അർത്ഥം, പരിഭാഷകന്റെ സൂചന (ടിപ്പണി)കൊണ്ടും സുസ്പഷ്ടമാകാതെയാണിരിയ്ക്കുന്നതു. ശ്രുതിവിശേഷണം, ശേഫാലിക, വ്യാഘ്രീചർമ്മാവഗുണ്ഠിതം എന്നീ പദങ്ങളും സാധാരണന്മാക്കു ഗ്രഹിയ്ക്കാൻ പ്രയാസംതന്നെ.

"വഞ്ചിമഹാമണ്ഡലത്തിൽ സർവ്വതോമുഖമായ അഭ്യുദയം ക്രമേണ ഉത്തരോത്തരം" എന്നിങ്ങിനെ പ്രൌഢസംസ്കൃതത്തിൽ തുടങ്ങി, "നമസ്സോന്നു പ്രസ്താവിച്ചുകൊള്ളുന്നു" എന്ന പ്രാകൃതത്തിൽ അവസാനിച്ചു, ഒരുവശം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ആദ്യവാചകത്തോടു കൂടിയതും, "ഭാസന്റെ ശൈലി മലയാളശൈലിയ്ക്കു സാമ്മുവുന്നിടത്തോളം വരുത്താനാണു നോക്കീട്ടുണ്ടു." എന്ന പരിഭാഷകൻ പ്രസ്താവിച്ചിട്ടുള്ളതുമായ മുഖവുരയിൽത്തന്നെ, "എനിയ്ക്കു' അറുവാടം കൊട്ടത്തിട്ടുള്ളതും" എന്നും മാറുമായി പല ശൈലീഭംഗങ്ങളും കടന്നുകൂടിയിട്ടുള്ള സ്ഥിതിയ്ക്കു, തർജ്ജമയിൽ കാണുന്ന ശൈലീഭംഗങ്ങളെപ്പറ്റി വിശേഷിച്ചൊന്നും വിചാരിപ്പാനില്ല! മുഖവുരയ്ക്കുപുറം, ഗണപതിശാസ്ത്രി അവർകൾ ഭാഷനാടകചക്രത്തിന്നു എഴുതിയ ഗംഭീരമായ സംസ്കൃതോപോൽഘാതം, ചോറ്റാനിക്കരഅവർകൾതന്നെ തർജ്ജമ ചെയ്തു ചേർത്തിട്ടുള്ളതു വായിച്ചുനോക്കേണ്ടതാണു.

ഗങ്ങളും; ചില്ലകളുടെ (ൽ, ൾ) ആധ്മാനവും; ഇവയെല്ലാം കൂടി, പോരാഞ്ഞിട്ട് അവർകളുടെ കൃതിയ്ക്കു വല്ല നന്മയും ഉണ്ടെങ്കിൽ, അതിനെ നിശ്ശേഷം ഗ്രസിച്ചുകളഞ്ഞിരിക്കുന്നു. ഈവകദോഷങ്ങളിൽ ഏതെങ്കിലും ഒന്നിനാൽ ദൂഷിതമാകാത്ത ഒരു ഭാഗം പോലും, അമ്പതു ഭാഗങ്ങളുള്ള ഈ പുസ്തകത്തിൽ ഇല്ലെന്നതാണ് പറയാം.

ഒന്നാം അങ്കത്തിൽ ൧൧-ാംശ്ലോകത്തിലെ "നഹി സിദ്ധ്യാക്ഷ്യാന്യൽകൃത്യമിതി വിധിസ്സുപരീക്ഷിതാനി" എന്നതിന്റെ ഭാഷാന്തരം, "മറിച്ചു ജ്ഞസ്സള്ളൊരു സിദ്ധ്യാഖ്യമൊരുനാളും ദൈവമൊപ്പിച്ചിടാ" എന്നാണ്. ഇതു വായിച്ചാൽ, "ശരിയ്ക്കു പരീക്ഷിച്ചറിയപ്പെട്ട സിദ്ധ്യാക്ഷ്യങ്ങളെ ദൈവഗതി അതുക്രമപ്പെടുത്തുമാറില്ലല്ലോ" എന്ന മൂലാർത്ഥം എങ്ങിനെ മനസ്സിലാകും? ൧൨-ാംശ്ലോകത്തിലെ "ഇയം ഠക്കമുണ്ടുപരമം പൊട്ടെന്നതിനാൽ നൃപൻ" എന്ന വാക്യത്തിനെ "നൃപൻ മർച്ചു പോയാൽ ഇയാളും മരിയ്ക്കും" എന്നാണ് ഭാഷാന്തരം ഗ്രഹിയ്ക്കേണ്ടതു! ഈ തർജ്ജമയെക്കാൾ സുഗമത, "നൃപഃ പ്രാണാൻ സത്ത്വസ്ഥഃ ജഹാതി തസ്യാപ്യുപരമഃ" എന്നമൂലത്തിനു തന്നെയാണ്. അഞ്ചാം അങ്കത്തിലെ,

"സപ്ലവ്യാന്തേ വിബുധേന
നേത്രവിപ്രോഷിതാഞ്ജനം
ചാരിത്രമപി രക്ഷന്ത്യാ
ദൃഷ്ടം ദീർഘാളകം മുഖം."

എന്നതിന്റെ തർജ്ജമയായ

"സപ്ലവാന്തത്തിലുണർന്നപ്പോൾ,
ചാരിത്രം കൂടി നോക്കിട്ടും
ദീർഘാളകേടെ വകുത്രം കണ്ടുയ്യോ-
ന്താതങ്ങുകണ്ടു ഞാൻ."

എന്ന ശ്ലോകത്തിന്റെ രചനാദോഷങ്ങളേപ്പറ്റി ഞങ്ങളൊന്നും പറയുന്നില്ല. ചാരിത്രം കൂടി നോക്കിട്ടും എന്ന വിശേഷണം "ഈ ദീർഘാളകസ്സു ചാരിത്രം അതു നോക്കേണ്ടതില്ല; അതു കൂടി നോക്കുന്നു." എന്നർത്ഥം ദ്യോതിപ്പിച്ചു, നായികസ്സു അപകഷ്ടവസ്തുവിനിരയ്ക്കുന്നതു അസഹനീയം തന്നെ. അടുത്ത ശ്ലോകത്തിലെ "ക്ലേമ്പൽ" എന്ന പദത്തിനു രോമാഞ്ചം എന്നാണു പോൽ അർത്ഥം!

ഇങ്ങിനെ, ഏതെങ്കിലും ഒരു അങ്കത്തിലെ കേട്ടകഥ വിവരിയ്ക്കുന്നതായാൽത്തന്നെ, ഈ ലേഖനം അതിദീർഘമായിത്തീരുന്നതാണ്. വാസ്തവത്തിൽ, അങ്ങിനെ ഒരു നിരൂപണത്തെ ഇപ്പുസ്തകം അർഹിയ്ക്കുന്നില്ല. ഞങ്ങൾ ഇരുന്നോളമെങ്കിലും പറഞ്ഞതു, ഇതു ഒരപൂർവ്വവിശിഷ്ടഗ്രന്ഥത്തിന്റെ തർജ്ജമയാണല്ലോ എന്നതിനെ രവം നിമിത്തമാണ്.

ആകപ്പാടേ, ഗ്രന്ഥം കാഞ്ഞവയും, ദോഷമേറിയവയും ആയി, നമ്മുടെ രാജ്യത്തു പ്രതിനിധിഷ്ടമെന്നപോലെ പുറപ്പെട്ടുകൊണ്ടിരിക്കുന്ന പലതരം പുസ്തകങ്ങളിൽ ഒന്നായിട്ടേ, സപ്ലവാസവദത്തം ഭാഷാനാടകവും ഗണിയ്ക്കപ്പെട്ടുകൂടൂ എന്നു കാണുന്നതിൽ, ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു. കുറെക്കാലംകൂടി കവിതാവിഷയത്തിൽ പരിചയിച്ചതിനുശേഷമാണു, നമ്മുടെ ഉഭോപാദ്ധ്യായർ ഈ മഹാഗ്രന്ഥത്തിൽ കൈവെച്ചതു എങ്കിൽ, ഇദ്ദേഹത്തിന്റെ പ്രയത്നം ഇതിലധികം സപ്രയോജനമായിത്തീരുമായിരുന്നു.

ഈ സപ്ലവാസവദത്തം നാടക

യും, ഭാസന്റെ മറ്റു നാടകങ്ങളും നല്ല രീതിയിൽ തർജ്ജമ ചെയ്തു കിട്ടുന്നതായാൽ, അതു മലയാളഭാഷക്കു മഹനശ്രമമായ സമ്പത്തായിരിക്കും. ഈ വിഷയത്തിൽ നമ്മുടെ മാന്യകവികളുടെ ശ്രദ്ധയെ ഞങ്ങൾ സവിനയം ക്ഷണിച്ചുകൊള്ളുന്നു.

* * *

൨. 'തേനാരിമാഹാത്മ്യം.'

൩. 'ഭദ്രകാളിമാഹാത്മ്യം.'

(വി. കെ. എം. മന്ദാടിയാർ എഴുതിയതു. ചക്രവർത്തിപ്രസ്സ്. കൊച്ചി. വില. ൩ണ; ൪ണ.)

ഈ ചെറിയ പുസ്തകങ്ങൾ രണ്ടിലെയും വിഷയമെന്തെന്നു ഗ്രന്ഥനാമംതന്നെ വിളിച്ചുപറയുന്നുണ്ടു. മലയാളത്തിൽ സ്ഥലമാഹാത്മ്യങ്ങൾ മുതലായവ സാധാരണയായി പദ്യത്തിലാണു പറഞ്ഞുവന്നിരിക്കുന്നതു എന്നാൽ മന്ദാടിയാരവർകൾ മറ്റൊരു സമ്പ്രദായത്തെ കൈക്കൊണ്ടിരിക്കുന്നു: ഈ ഗ്രന്ഥങ്ങൾ രണ്ടും പ്രാഥമികവിദ്യാഭ്യാസം ലഭിച്ചവർക്കും കൂടി, വേഗത്തിൽ മനസ്സിലാകത്തക്ക ഗദ്യത്തിലാകുന്നു എഴുതിയിരിക്കുന്നതു. ഇടയ്ക്കിടയ്ക്കു നല്ല ഗദ്യമായി ഉരുകി ഒഴുകാത്ത ചില പദ്യങ്ങളുണ്ടെങ്കിലും മുഴച്ചുനില്ക്കുന്നുണ്ടെങ്കിലും, ഭാഷ ലളിതവും സുഗമവുമാണു. തേനാരിമാഹാത്മ്യത്തെ സംബന്ധിച്ചു അറിഞ്ഞിരിക്കേണ്ടുന്ന ചില വിവരങ്ങൾ പ്രത്യേകം സംഗ്രഹിച്ചിട്ടുള്ളതു പ്രയോജനകരം തന്നെയാകുന്നു.

* * * *

൪. 'ഏകോദരന്മാർ'

(ഗ്രന്ഥകർത്താ: ഈ രാമൻപിള്ള. ഷൺമുഖവിലാസംപ്രെസ് നെയ്യാറ്റിൻകര. വില ൪ണ)

'ഉല്ലാസിനീകഥകൾ' എന്നൊരു പുതിയ ഗ്രന്ഥാവലിയിൽ ഒന്നാമത്തേതാകുന്നു 'ഏകോദരന്മാർ'. സത്യസന്ധത തുടങ്ങിയ സൽഗുണങ്ങൾക്കും ദുർഗ്രഹം മുതലായ ദുർഗ്ഗുണങ്ങൾക്കും എന്തെല്ലാം ഫലങ്ങളാണുണ്ടാകുന്നതെന്നു ഉദാഹരിക്കുന്ന ഒരു കഥയാണിതു. ഇതിൽ മനുഷ്യരെക്കൂടാതെ, ചില അത്ഭുതശക്തികളായ മൃഗങ്ങളും പ്രേതങ്ങളും മറ്റും കഥാപാത്രങ്ങളായിരിക്കുന്നു. കഥ ആകപ്പാടെ രസകരവും, അതെഴുതിയിരിക്കുന്ന രീതി ലളിതവുമാണു. ഇത്തരം കഥകൾ ബാലികാബാലകന്മാർക്കു മാത്രമല്ല, മറ്റുള്ളവർക്കും വായിപ്പാൻ കൌതുകകരമാകുന്നു.

* *

൫. 'അഷ്ടകമഞ്ജരി'

(പ്രസാധകർ: പി. വി. ശേഷയ്യർ- വിക്ടോറിയാ പ്രെസ് പാലക്കാട്- വില ൨-ണ)

ഗണനായകാഷ്ടകം, മുകുന്ദാഷ്ടകം, കൃഷ്ണാഷ്ടകം ഇങ്ങിനെ മൂന്നഷ്ടകങ്ങൾ ഇതിലടങ്ങിയിരിക്കുന്നു. ഇവസ്സു വാക്യാർത്ഥം, സാരം എന്നിവകൂടി ചേർത്തിട്ടുള്ളതിനു പുറമേ, കാരോർശ്ലോകങ്ങളിലൂടെ സൂചിപ്പിക്കുന്ന സംഗതികളെ ചിത്രങ്ങൾകൊണ്ടു പ്രകാശിപ്പിച്ചിട്ടുമുണ്ടു. ഹിന്ദുബാലികാബാലകന്മാരെ സാധാരണയായി പഠിപ്പിച്ചുവരുന്ന ഈ അഷ്ടകങ്ങൾ പൊതുവിലും, വിശേഷിച്ചു പാഠശാലകളിലും ഉപയോഗിപ്പാൻ തക്ക

വണ്ണമാണു ഇങ്ങിനെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു. ഇപ്പോഴത്തെ പതിപ്പു പരിഷ്കരിച്ച മൂന്നാംപതിപ്പാണെന്നുള്ളതു ഈ പുസ്തകത്തിന്റെ ഉപയോഗയോഗ്യതയ്ക്കു തെളിവാകുന്നു.

* * *

൩. 'എഴുത്തച്ഛൻ'

(എഴുത്തച്ഛൻ— പ്രകാശകൻ, കേ. സി. കുഞ്ഞിരാമൻനായർ— ഇ. വി. ആർ. ഉണ്ണിത്താൻ കമ്പനി, കൊല്ലം.)

തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ ഉൽപത്തിയെ വിഷയീകരിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യമാണിതു. ഈ പദ്യകൃതിയുടെ കർത്താവാരാണെന്നറിയുവില്ലെന്നും, ഇതു ഒരു ഗ്രന്ഥപ്പെട്ടിയിൽനിന്നു കിട്ടിയതാണെന്നും പ്രകാശകൻ അറിയിച്ചിരിക്കുന്നു. കവിതാരീതിനോക്കിയതിൽ, ഇതു ആധുനികകാലഘട്ടത്തിൽ പെട്ടതാണെന്നു കാണുന്നു. ശുദ്ധ മലയാളപദങ്ങളിലാണു പദ്യങ്ങൾ: ഇവ ഇക്കാലത്തെ ചില 'ചപ്പ മലയാള'ക്കാരുടെ പദ്യങ്ങളെക്കാൾ ഒഴുക്കം ഭംഗം ഉള്ളവയുമാണു. ഗദ്യത്തിൽചെയ്തേണ്ടിയിരുന്ന ഒരു ജാതകവർണ്ണന, പദ്യത്തിൽ എഴുതിയിരിക്കുന്നു എന്നല്ലാതെ, ഇതിൽ കാവ്യത്വം ഉണ്ടെന്നുപറവാൻ തെരുങ്ങുന്നു. രൂപം ശ്ലോകത്തിൽ 'മുതുക്കി'യെക്കൊണ്ടു രാത്രിനേരം, "ഒരു മണിയായ്" എന്നു പറയിക്കുന്നതും, സ്വയം വെണ്മണിയെ അനുകരിച്ചു സ്ത്രീയെ വർണ്ണിക്കുന്നതും മറ്റും, ഇതു 'പഴയകൃതി' അല്ലെന്നു വിളിച്ചുപറയുന്നതായിരിക്കുന്നു.

ശരീരവും വൈദ്യവും.

"ആയുസ്സും കഷണ്ടിക്കും നാസ്തി വൈദ്യം ധരിത്രിയിൽ"— എന്നു പഴമൊഴിയിൽ കഷണ്ടിയെ സംബന്ധിച്ചെടത്തോളം കുറെ ഭേദഗതി ചെയ്യേണ്ടതായി വന്നിരിക്കുന്നു. ബുഡാപെസ്റ്റ് എന്ന നഗരത്തിൽ ഉള്ള ഒരു ആശുപത്രിയിലെ ഡാക്ടർ ഷെക്ക്ലി ഇതിന്നിടെ കഷണ്ടിത്തലകളിൽ മുടി തുന്നിപ്പിടിപ്പിക്കാമെന്നു പ്രയോഗിച്ചുകാണിച്ചിരിക്കുന്നു. വളരെ കട്ടികുറഞ്ഞ സച്ചിക്കുമ്പികളാണു തലമുടിയെ തൊലിയിൽ തുന്നിപ്പിടിപ്പിക്കുവാൻ ഉപയോഗിക്കുന്നതു. മുക്കാൽമണിക്കൂറുകൊണ്ടു ഓപ്പറേഷൻ തലനാരിഴ പിടിപ്പിക്കാമത്രെ. ഇങ്ങിനെ തുന്നുന്നതുകൊണ്ടുണ്ടാവുന്ന വ്രണങ്ങളും മറ്റും പത്തുപന്ത്രണ്ടുദിവസംകൊണ്ടു തീരെ ഭേദപ്പെടും. തലമുടി സ്വാഭാവികമായി വളരുന്നില്ലെന്നതായി തോന്നുംവിധം തൈലം പിരട്ടി ചീകുകയും, കഴുകുകയും, കെട്ടിവയ്ക്കുകയും ചെയ്യാം. ഈവിധം തലമുടി തുന്നിപ്പിടിപ്പിച്ച ഒരു സ്ത്രീക്കു എഴുകൊല്ലത്തിലധികം കാലം യാതൊരു ഭാവഭേദവുംകൂടാതെ മുടിനിന്നിരുന്നതായി കണ്ടിരിക്കുന്നു.

* * *

രേത്യം എന്നും മീസോതോറിയം എന്നും പേരായ വിശേഷ മരുന്നുകൾ ഉപയോഗിച്ച ബധിരത്വം (ചെകിടത്തം) ഭേദപ്പെടുത്താൻ കഴിയുമെന്നു മൺസ്റ്റർലെ ഡാക്ടർ ഫ്യൂഗൽ എന്ന ആൾ ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു.

പലവക

ഭൂമിയിലുള്ള ക്രൈസ്തവപള്ളികളിൽ വെച്ചു മിലാനിലെ കത്തീഡ്രലാണു ഏറ്റവും വലിയതു; അതിനുള്ളിൽ ൩൭,൦൦൦ ആളുകൾക്കു നില്ക്കുവാൻ സ്ഥലമുണ്ടു. സെൻറ് പീറർപള്ളിയിൽ ൩൬,൦൦൦ പേർക്കു സുഖമായിരിക്കുവാൻ സ്ഥലമുള്ളൂ.

* *

ബങ്കോ നോട്ടുകൾ കൈമാറുകവഴിയായി രോഗബീജങ്ങൾ പകരുമെന്നു സിദ്ധമാണല്ലൊ. ഈ നോട്ടിൽ ഇരുപതിനായിരം അണുക്രിമികൾ വീതം ഉണ്ടായിരിക്കാറുണ്ടെന്നു കണ്ടിട്ടുണ്ടു് ഇങ്ങിനെ പകരാൻ ടയുള്ള രോഗബീജങ്ങളെ നശിപ്പിപ്പാൻ, നോട്ടുകളിന്മേൽ ക്രൈഡിഗ്രി (ഫാരൻ) ചൂടു തട്ടിക്കുക എന്ന സമ്പ്രദായം ക്യാനഡാരാജ്യത്തു നടപ്പാക്കിയിരിക്കുന്നു.

* *

ഭൂലോകത്തിൽ, ഒരു കൊല്ലംതോറും മൂന്നു കോടി അറുപതുലക്ഷം ശിശുക്കൾ വീതം ജനിക്കാറുണ്ടു. അതായതു, ഒരു മിനുട്ടിൽ എഴുപതോളം കുട്ടികൾ പിറക്കുന്നു.

* *

അമേരിക്കയിലെ കാൺഗ്രസ് എന്ന രാജ്യകാര്യാലോചനസഭയിൽ സാമാജികന്മാരായിരിക്കുന്നവർക്കു സുഖമായ സ്നാനം എളുപ്പാടുചെയ്വാൻ മാത്രമായി കൊല്ലത്തിൽ ൫൨൦൦ പവൻ ചെലവുചെയ്യുന്നുണ്ടു.

* *

പാരിസ് നഗരത്തിൽ പലേ തരത്തിൽ രൂപ-പ്രതിമകൾ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടു. ഇനിയും ഒരു അമ്പതെണ്ണം സ്ഥാപിപ്പാനാലോചിച്ചിരിക്കുന്നു.

* * *

ഇംഗ്ലീഷ് ബാരിസ്റ്റർമാരിൽ വെച്ചു ഏറ്റവും വയസ്സായ ആൾ മിസ്റ്റർ വില്യം അഗസ്റ്റസ് ഗോർഡൻ ഫേക്ക് ആകുന്നു; ഇദ്ദേഹത്തിനു ൧൦൨ വയസ്സായി. മിതഭോഗശീലത്താലും ധാരാളം ദേഹവ്യായാമം ചെയ്കയാലുമാണു ഇത്ര വളരെക്കാലം സുഖജീവിതം സാധിച്ചതെന്നു ഇദ്ദേഹം പറയുന്നു.

* * *

അമേരിക്കയിലെ 'യുണൈറ്റഡ സ്റ്റേറ്റ്സ്' എന്ന ഐക്യനാടുകളിൽ ഇപ്പോൾ ആകെക്കൂട്ടി ൨൫,൦൦൦ത്തിലധികം വർത്തമാനപത്രങ്ങൾ നടക്കുന്നുണ്ടു. ഇവയെല്ലാംകൂടി ഒരു കൊല്ലത്തിൽ അഞ്ഞൂറുകോടി പ്രതികൾ പ്രചാരമുണ്ടു.

* * *

ഇന്ത്യയിലെ ജനസംഖ്യയിൽ നൂറിനു ഇരുപത്തിരണ്ടുവീതം ആളുകൾ തീണ്ടൽ തോടീൽ മുതലായവകൊണ്ടു താഴ്ന്ന ജാതിക്കാരായി ഗണിക്കപ്പെട്ടിരിക്കുന്നവരാകുന്നു. ഇവരുടെ സംഖ്യ ഹിന്തുജനസംഖ്യയുടെ നൂറിനു മുപ്പത്തേഴോളം വരുമാകുന്നു.

മതിപ്രതിമ.

യാതൊരാൾക്കും മറ്റുള്ളവരുടെ ജീവിതത്തെ വ്യവസ്ഥപ്പെടുത്തുവാൻ അവകാശമെന്നില്ല, അധികാരം കൂടിയും ഇല്ലെന്നും; കാരോന്നത്തും സ്വയം ഉൾച്ചേർട്ടുള്ള ശ്രേഷ്ഠമായ ഈശ്വരനിയമത്തെ അനുസരിച്ചു അവനവന്റെ ജീവിതത്തെ ക്രമപ്പെടുത്തുകയാണു അവരുടെ കർത്തവ്യമെന്നും, മനുഷ്യർ കാരോന്നത്തും അറിഞ്ഞു നടക്കുന്നതാണെങ്കിൽ, നമ്മുടെ ആത്മാവിന്റെ അവശ്യങ്ങൾക്കു യോജിക്കാത്തതായുള്ള — മൃഗപ്രായമായും അധികാധികം ദുഷിച്ച വസ്തുതായും ഉള്ള — ഇപ്പോഴത്തെ ജീവിതവ്യവസ്ഥ താനേതന്നെ മാഞ്ഞുപോവുന്നതാണു. —ടാൾസ്റ്റായ്

* * *

ആത്മാവു രണ്ടുവിധം: — ഒന്നു പരിപക്വം, മറ്റൊന്നു അപക്വം. "യാതൊന്നും എന്റെതല്ല: ഞാൻ കാണുന്നതോ, കേൾക്കുന്നതോ എനിക്കു തോന്നുന്നതോ, എന്നുവേണ്ടാ, എന്റെ ഈ ശരീരംകൂടി, എന്റെതല്ല. ഞാൻ സദാനിത്യൻ, സർവ്വതന്ത്രൻ, സർവ്വജ്ഞൻ" — ഇങ്ങിനെ വിചാരം വെച്ചുകൊണ്ടിരിക്കുന്ന ആത്മാവു പരിപക്വമായതാകുന്നു; എന്നാൽ, "ഇതെന്റെ കളത്രം, ഇതെന്റെ ദേഹം" ഇത്യാദിചിന്തിച്ചുകൊണ്ടിരിക്കുന്ന ആത്മാവാണു അപക്വമായുള്ളതു. —രാമകൃഷ്ണപരമഹംസർ.

നവീനശാസ്ത്രം

കാൽസ്യം കാർബൈഡ് എന്ന രാസസംയുക്തം ഉരുക്കി അതിലൂടെ വിദ്യുൽപ്രവാഹം നടത്തി അതിലടങ്ങീട്ടുള്ളതത്തപദാർത്ഥങ്ങളെ വേറുവിർക്കുക വഴിയായി ഇംഗ്ലണ്ടിലെ ഒരു ലബോറട്ടറിയിൽ വജ്രക്കല്ലുകൾ നിർമ്മിക്കുന്നതിനിടെ പാരിസ് നഗരത്തിലെ ഒരു രസതന്ത്രജ്ഞൻ പരീക്ഷിച്ചറിഞ്ഞിരിക്കുന്നു.

വായുവിനെ നിശ്ശേഷം വിരേചിച്ചിട്ടുള്ള കുഴലുകളിൽ ഭക്ഷ്യപദാർത്ഥങ്ങൾ അടച്ചുവെച്ചാൽ എത്രകാലത്തേക്കും കേടുവരാതെയിരിക്കും. ഇങ്ങിനെതന്നെ വളരെ വിലപിടിച്ച പ്രമാണക്കടലാസുകളെയും ഏറെക്കാലം സൂക്ഷിക്കാമെന്നു അമേരിക്കയിലെ കൃഷിവകുപ്പിൽ ഉദ്യോഗസ്ഥനായ നാഷൻ എ. കോബ് എന്ന പണ്ഡിതൻ പരീക്ഷിച്ചുകണ്ടിരിക്കുന്നതായി 'ന്യൂയോർക്കടൈസ്മൂൺ' പത്രം പറയുന്നു.

ജപ്പാനിൽ തിമിംഗലത്തിന്റെ മാംസത്തെ ജനങ്ങൾ ഭക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു. പച്ചയായിക്കൊണ്ടുവന്നു ഉപയോഗപ്പെടുത്തുക മാത്രമല്ല; മാംസത്തെ തകരഡപ്പുകളിൽ അടച്ചു സൂക്ഷിച്ചുവെച്ചു ദൂരെടത്തുന്നു മറ്റൊരിടത്തേക്കു അയയ്ക്കാറുമുണ്ടു. ഇങ്ങിനെ അടച്ചുവെച്ചതായ മാംസം ജപ്പാൻസൈന്യവകുപ്പിൽ ധാരാളം ഉപയോഗപ്പെടുത്തുന്നു. പോർക്കളത്തിലേക്കു പോയിരിക്കുന്ന ഭടന്മാർക്കു ഭക്ഷണസാധനങ്ങളിലൊന്നു തിമിംഗലമാംസമാകുന്നു. ഇതിനു വളരെ പ്രകടമായ ചുവപ്പും (മൂപ്പും) സുഖദമല്ലാത്ത ഗന്ധവുമുള്ളതാണു ഒരു ദൃഷ്ടം.

യുദ്ധമധ്യേ.

ജെർമ്മനി

ജെർമ്മനി, കടയേറിപ്പാപ്പരാജ്യങ്ങൾ വർദ്ധിപ്പിക്കേണമെന്നുള്ള അത്യാഗ്രഹം കൊണ്ടാണ ഇപ്പോഴത്തെ മഹായുദ്ധത്തിനു തുടങ്ങിവെച്ചതു എന്നു തോന്നുന്നു. എന്നാൽ ഈ അത്യാഗ്രഹം മുൻകാലത്തുണ്ടായിരുന്നില്ല. ഫ്രഞ്ചുകാരുമായുണ്ടായിരുന്ന കലഹത്തിൽകൂടി, ബിസ്മാർക്കിനു ഈ സാമന്തരാജ്യങ്ങളെപ്പിടിച്ചടക്കുന്നതിൽ മനസ്സില്ലായിരുന്നു. അവയെക്കൊണ്ടു വലിയ പ്രയോജനമൊന്നുമില്ലെന്നായിരുന്നു ബിസ്മാർക്കിന്റെ അഭിപ്രായം. ഒടുക്കം കൊല്ലം കഴിഞ്ഞാറെ, ബിസ്മാർക്ക്, സ്റ്റാൻലി എന്ന നവീനദേശാന്വേഷകനെ കാണുകയും സ്റ്റാൻലി ബ്രിട്ടീഷ് ഗവർമ്മെന്റിനു വേണ്ടി ആഫ്രിക്കയിൽ കോംഗോസ്റ്റേറ്റിനെ സ്ഥാപിച്ചതിനെപ്പറ്റി ബിസ്മാർക്ക് വിസ്മയിക്കയും ചെയ്തു. അന്നുതുടങ്ങി ബിസ്മാർക്ക് ജെർമ്മനിക്കു ആഫ്രിക്കയിൽ സാമന്തരാജ്യങ്ങൾ സ്ഥാപിപ്പാൻ തുനിഞ്ഞു. ഇങ്ങനെയാണു ജെർമ്മനി മറ്റു ഭൂഖണ്ഡങ്ങളിൽ പ്രവേശിച്ചതു്.

ആസ്ത്രിയാ-ഹങ്ങറി

ആസ്ത്രിയാഹങ്ങറിയിലെ വിവിധജാതിക്കാരെക്കുറിച്ചു ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു:—

ജർമ്മൻകാർ— ഇവരുടെ വിചാരങ്ങളെല്ലാം ജെർമനിയിലുള്ള സജാതീയരുടേതുപോലെ ആകുന്നു.

ഡെച്ച് ജനങ്ങൾ— ഇവർ ബൊഹീമിയന്മാരാണു്. സ്ലാവ് ജാതിക്കാരോടാകുന്നു അധികം അനുകൂലിക്കുന്നതു.

മാഗ്യാർ ജനങ്ങൾ— ഇവരാണു ഹങ്ങറിയിലെ പ്രധാനനിവാസികൾ. ഇവർ പത്താംനൂറ്റാണ്ടുതുടങ്ങി ഹങ്ങറിയിൽപാർക്കുന്നു. ഇവർക്കു ജെർമൻകാരോടാകട്ടെ, സ്ലാവ് ജനങ്ങളോടാകട്ടെ പൊതുവായിയാതൊന്നുമില്ല.

ക്രോട്ട് ജനങ്ങൾ— ഇവർ സ്ലാവ് ജാതിക്കാരാകുന്നു. മതകാര്യത്തെഴികെ, ഭാഷമുതലായ മറ്റു വിഷയങ്ങളിൽ സെർവ്യന്മാരുമായിട്ടാണു അടുപ്പമുള്ളതു.

ബോസ്നിയാക്ക് ജനങ്ങൾ— ഇവർ സെർബ് ജനങ്ങളുടെ സജാതീയരാകുന്നു. ബോസ്നിയാ, ഹെർസിഗോവിനാ എന്നീ സംസ്ഥാനങ്ങളിൽ പാർക്കുന്നു.

പോൾ ജനങ്ങൾ— ഇവർ സ്ലാവ് ജാതിക്കാരാണെങ്കിലും, റഷ്യയോടു വിദ്വേഷം കാണിച്ചുകൊണ്ടിരിക്കുന്നവരാണു.

റുതേനിയൻ ജനങ്ങൾ— ഇവർ യുക്രേൻ അല്ലെങ്കിൽ ലിറ്റിൽ റഷ്യ എന്നു രാജ്യത്തുള്ളവരാകുന്നു. എന്നാൽ റഷ്യഗവർമ്മേണ്ടിനോടു രാജ്യദ്രോഹത്തിലും മതകാര്യത്തിലും വിപരീതനിലയിലിരിക്കുന്നവരുമാകുന്നു.

ബെൽഗ്രേഡ്

സെർവിയയുടെ രാജധാനിയായ ബെൽഗ്രേഡ് നഗരം, മുൻകാലങ്ങളിലും പലേ യുദ്ധങ്ങൾ നടന്നിട്ടുള്ള സ്ഥലമാണു. ആ നഗരം ഓരോകാലങ്ങളിൽ ഓരോരാജാ

ന്നു. പേക്ഷ ഒന്നുവീതവും; യുനൈറ
ഡ് സ്റ്റേറ്റ്സിൽ നൂറു പേക്ഷ ഒന്നുവീത
വും; ജെർമനിയിൽ ഒരുന്നു പേക്ഷ ഏഴു വീത
വും, ഫ്രാൻസിൽ ഏഴു പേക്ഷ ഏഴു വീതവും;
ബെൽജിയത്തിൽ നാലു പേക്ഷ ഏഴു വീതവും
മദ്യശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ബെൽജി
യത്തിൽ അമ്പതിനായിരത്തിലെടുപ്പു മനുഷ്യ
രിൽ ഒരുവനാകുന്നു. ഇക്കണക്കനുസരി
ച്ചു നോക്കിയാൽ ഒരു ബെൽജിയൻ (കൂലി
വേലക്കാരൻ) ഒരു കൊല്ലത്തിൽ ശരാശരി
രണ്ടുമാസത്തെ ശമ്പളം മദ്യത്തിനായി
ചെലവാക്കുന്നുണ്ടെന്നു കാണാം.

ബെൽജിയം

ജനസംഖ്യയെ അപേക്ഷിച്ചു, ലോകത്തിൽ മദ്യശാലകൾ ശരാശരിക്കധികമുള്ള രാജ്യം ബെൽജിയം ആണല്ലോ. നോർവെരാജ്യത്തിൽ ൽ,൦൦൦ ജനങ്ങൾക്കു ഒന്നുവീതവും; സ്വീഡനിൽ ൯,൦൦ ജനങ്ങൾക്കു ഒന്നുവീതവും; ഇംഗ്ലാണ്ടിൽ

നൂറാണ്ടിൽ ഫ്രങ്കുകാരുടെ കൈക്കൽ പെട്ടിരുന്നു. ക്രമേണ നൂറാണ്ടിൽ ഫ്രങ്കുഗോത്രിയന്മാർ ആ നഗരത്തെ ഗ്രീക്കുകാരുടെ വക്കൽനിന്നു തട്ടിപ്പറിച്ചു. പിന്നെ, അതു ക്രമത്തിൽ ഗ്രീക്കുകാർ, ബർഗുണ്ടിയന്മാർ, ഫ്രങ്കുഗോത്രിയന്മാർ എന്നിവരുടെ കൈക്കൽപെട്ടു. ക്രി.പി. നൂറാണ്ടിൽ അതു സെർവ്യൻരാജാക്കന്മാരുടെ അധീനതയിലായിരുന്നു. ക്രമേണ ക്ലോജ്ഡ് ബ്രാക്കോവിച്ച് എന്നസെർവ്യരാജകുമാരൻ ആ നഗരത്തെ ഫ്രാങ്കുഗോത്രിയന്മാർക്കു വിട്ടുകൊടുത്തു. ക്രിസ്തുമതവും ക്രിസ്തുമതവും തുക്കിക്കാർ അതിനെ ഉപരോധിച്ചു. ക്രമേണ അതിൽ സുൽത്താൻ സുലൈമാൻ അതിനെ ഫ്രങ്കുഗോത്രിയന്മാരുടെ കൈക്കൽനിന്നു പിടിച്ചെടുത്തു. പതിനാറാമാണ്ടുവരെ അതു തുക്കുകാരുടെ കൈവശത്തായിരുന്നു; അക്കൊല്ലത്തിൽ ആസ്ട്രിയന്മാർ പിടിച്ചടക്കി; എന്നാൽ പന്ത്രണ്ടിൽ കൈവിട്ടുപോയി. പിന്നെ, ക്രിസ്തുമതത്തിൽ ആസ്ട്രിയാക്കാർക്കിടുകയും, പതിനെട്ടുവരെ അവർ കൈവശം വയ്ക്കുകയും ചെയ്തു. പതിനെട്ടാമതു ക്രിസ്തുമതത്തിൽ പിന്നെയും കൈവശപ്പെടുത്തി. അപ്പോഴേക്കും ആസ്ട്രിയക്കാർ കടന്നുപിടിച്ചു, എങ്കിലും പതിനഞ്ചിൽ കൈവിട്ടുപോയി.

P. Subbaroy's

World- renowned and Most Efficacious

AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലാത്ത യിശപ്പില്ലായ്മ നെരുപ്പ്, കൈകാൽ മുതലായവയുടെ നീറൽ, നിരൊഴിവ, മധുമേഹം, കല്ലടപ്പ് (മൂത്രഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്ക വില രൂ. തപാൽ ചിലവ ൧ണ. വെറെ

൨. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചു തികട്ടുക, നെഞ്ചുകലിക്കുക, മുലഖണ്ഡം വയറുനോവ, വായനാറ്റം അജീർണ്ണം, വയറുവീർപ്പ് നിദ്രാഭംഗം മുതലായ പിത്തൊപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പിക്ക വില അണ വ്യ. ൨ ഡപ്പികൾവരെ തപാൽ ൧ണ. വെറെ.

൩. പ്രമെഹനിവാരണി.

സിരാമെഹം, ഇടുപ്പുവലി, മൂത്രമധികമായുംതടഞ്ഞും പോയുക, മേസ്സുപ്പകച്ചിൽ, രക്തമേഹംമുതലായവ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിക്കും. ഈ രൊഗകാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ഒക്ക വില ക. ൧. ൩ കുപ്പികൾ വരെയുള്ള ബങ്കിക്ക തപാൽ ചിലവ ൧ണ. വെറെ

൪. ലക്ഷ്മീകരകസ്തൂരി ഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പൊഴും സശ്രദ്ധം ഉപയോഗിക്കെണ്ടും വിലയേറിയ സാധനം. ദന്തവേദന, വായനാറ്റം അജീർണ്ണം പിത്തവായു, ഇവയെശമിപ്പിക്കും. തനിച്ചൊ താംബൂലത്തൊട്ടകൂടിയൊ ഉപയോഗിക്കാം. ആഹാരത്തൊട്ടുടി ൨ ഗുളികകളെഉപയോഗിച്ചാൽ എതുഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും പ്രസവകാലത്തുതാംബൂലത്തൊട്ടകൂടി ഉപയോഗിച്ചാൽ വ്രണം അടുക്കയില്ലാ. അപായകരമായതൊരു ലഹരി സാധനങ്ങളും ചെത്തിട്ടില്ലകാശ്മീരത്തുനിന്നുവരുത്തിയകസ്തൂരി പച്ചക്കർപൂരം മുതലായ അധികം വിലയേറിയ സമാധനങ്ങൾ ഇതിൽചേത്തിട്ടുണ്ട്. മദ്ദി കാസശ്വാസം, ജ്വരം, അതിസാരം, പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സിനെറ ഏറക്കുറച്ചിൽ പോലെ രണ്ടു മുതൽ നാലുവരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ഒക്ക വില രൂണ. ൧മുതൽ ൧൨വരെ കുപ്പികൾ അടങ്ങിയ ബങ്കിക്ക തപാൽ ചിലവ ൧ണ വെറെ.

൫. വെദനസംഹാരി തൈലം.

ഈ തൈലം അല്പം പിരട്ടിയാൽകൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം മുടക്കവാതം, നെഞ്ചുനൊവു തലവെദന ഒരു ഭാഗത്തുണ്ടാവുന്ന ശൂല ഇടുപ്പുവേദന പാശ്വവായു മേഹവായു, തിമിരം മുതലായ പലവ്യാധികളും ഭേദപ്പെടും. കുപ്പി ഒക്ക വില ക. ൧. ൩. കുപ്പികൾവരെ തപാൽ ചിലവ അണ ൧.

൬. സുഗന്ധകന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവ ബാഹ്യപുഷ്ടിയായും ഞെരുക്കമായും വളരും. കണ്ണിനു കൂർമയുണ്ടാകും സകല കൺനൊവുകളും തലവെദനകളും നീങ്ങുംചെമ്പുത്തോമം കുറുക്കുതോമം കൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിവുണ്ടാകും കുപ്പി ഒക്ക വില വ്യണ രണ്ടു കുപ്പികൾ വരെ തപാൽ ചിലവ ൧ണ വെറെ.

൭. നേത്രബിന്ദു.

കണ്ണിൽ ഉണ്ടാവുന്ന കൺനൊവു, കൺപുകവു, കുവം നിരെട്ടപ്പു മങ്ങൽ മാലക്കണ്ണു പീളകെട്ടൽ, ദശ്വളിച്ചു പൂവു ചെരപ്പു എരിച്ചൽ ഇവ പൂർണം ഇവയുടെവലിവുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ഒക്ക വില വ്യണ രൂകുപ്പികൾവരെ തപാൽചിലവ ൧ണ.

കണ്ണബിന്ദു

ചെവിക്കുത്തു, ചെവിയടപ്പു ഇരച്ചൽ മുതലായ കണ്ണരോഗങ്ങളെ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാക്കും. കുപ്പി ൧ക്ക വില വ്യത്യാസം കുപ്പികൾവരെ തപാൽ ചിലവ രൂപ വെറെ.

൩. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി, തഴതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിന് സിദ്ധൌഷധം. തദ്രൊഗങ്ങൾ പലതും മാറും തേമൽ, മേഹകുരു മുതലായവയെ ശമിപ്പിക്കും. കുപ്പി ൧ക്ക വില രൂപ. ൩കുപ്പികൾവരെ തപാൽ ചിലവ ഞൊണ

൪. സുഖവിരേചന ഗുളികകൾ.

മലശോധന ശരിപ്പെടുത്തും. ജീർണ്ണം പിത്തോപദ്രവങ്ങൾ വായു മലപ്പിടുത്തം, അഗ്നിമാന്ദ്യം വാതം മുതലായ പലരോഗങ്ങളെയും ശമിപ്പിക്കും. ഡപ്പി ൧ക്ക വില വ്യത്യാസം ൬ഡപ്പികൾക്ക തപാൽ ചിലവ രൂപ വെറെ

൫. ജ്വരസംഹാരി

കളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. ഡപ്പി ൧ക്ക ൧൨. തപാൽചിലവ രൂപ വെറെ

൬. രോമസംഹാരി

രോമം വെണ്ടാത്തടിക്കിൽ ഈ മരുന്നുപിരട്ടിയാൽ യാതൊരു വെദനയുമുണ്ടാകാതെ രോമത്തെ നീക്കും. കുപ്പി ൧ക്ക വില രൂപ ൩ കുപ്പികൾവരെ തപാൽകൂലി രൂപ വെറെ

൭. ദന്തച്ചൂർണ്ണം

സുഗന്ധമായുള്ളത്. എല്ലാമാതിരി ദന്തരൊഗങ്ങളെയും നീക്കും. കുപ്പി ൧ക്ക വില രൂപ ൩ കുപ്പികൾവരെ തപാൽചില വു രൂപ വെറെ

൮. സ്ത്രീതരക്ഷണി

ബലഹീനതയാലും ആത്മക്ഷീണത്താലും മാറുമുണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. ഡപ്പി ൧ക്ക വില വ്യത്യാസം ൬ഡപ്പികൾക്ക തപാൽ ചിലവ രൂപ വെറെ.

൯. മുഖകസ്തൂരി

കാശ്മീരത്തുനിന്നു വരുത്തിട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും ആപ്പീസിൽഉണ്ടു. ഉരുപ്പികത്തുക്കത്തിനു ൧൦ക വിലക്ക മുതൽക്കുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും തപാൽ ചിലവ പുറമെ.

൧൦. തൊക്കടിക്കുള്ള സിദ്ധൌഷധം

കടിവായിൽ എതാനുംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണ എല്ലാ വിടുകളിലും ഒരൊ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണ. കുപ്പി ൧ക്ക വില രൂപ.

൧൧. ഇന്ത്യയിലും ബർമ്മയിലും ൧ മുതൽ ൧൨ വരെ കുപ്പികൾക്ക വി. പി. ചിലവ രൂപ വെറെ. സിലോണിൽ മേപ്പടിക്കണക്കായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്ന വക്കീലൻ മാന്യക്കാർക്ക ൧൨.൦ പ്രകാരം കൊടുക്കപ്പെടും. വി. പി ചിലവ ഡജൻ ൧ക്ക ൩ണ വെറെ.

൧൨. വ്രണനാശകരതൈലം

ഈ തൈലം വെള്ളത്തുണിയിൽ പിരട്ടി വ്രണത്തിൽ വെച്ചു കെട്ടിയാൽ സകലവിധവ്രണങ്ങളേയും ക്ഷണത്തിൽ സുഖപ്പെടുത്തുന്നതാണ കുപ്പി ൧ക്ക വില വ്യത്യാസം. ഇന്ത്യയിലും ബർമ്മയിലും ൧മുതൽ ൧൨വരെ കുപ്പികൾക്ക വി. പി. ചിലവ രൂപ വെറെ.

൧൩. ആയുർവ്വേദകരകണ്ഠശുദ്ധിഗുളികകൾ

ഈ ഗുളികകൾസ്വരത്തെ പ്രകൃതപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണ. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവർക്ക പ്രത്യേകാവശ്യമുള്ളതാണ, തൊണ്ടയടപ്പിനും പ്രത്യൌഷധമാണ കുപ്പി ൧ക്ക വില വ്യത്യാസം. ഇന്ത്യയിലും ബർമ്മയിലും ൧മുതൽ ൧൨വരെ കുപ്പികൾക്ക വി. പി ചിലവ രൂപ. വെറെ.

൧൪. ദേഹത്തിലുണ്ടാകുന്ന പരിമളചൂർണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തൊലികളിച്ചാൽ ദേഹ

ത്തിൽനല്ലവാസനയുണ്ടാകും. തുമ്മൽ, കൈകാൽ നീറൽ, ശരീരവേദന, കുടച്ചിൽ, തലവേദന, പോരിമേഹം, മേഹവ്രണം മുതലായതുകൂടാതെ മറ്റു അനേക തരത്തിലുള്ള രോഗങ്ങൾ മാറുന്നതുമാണ്. കാന്തിയും ആരോഗ്യവും ഉണ്ടാകും. കുട്ടികൾക്കും പ്രായം ചെന്നവർക്കും ഉപയോഗിക്കാവുന്നതാണ്. ഡപ്പി ഒന്നിന് വില രൂപാ വി. പി. ചിലവ് രൂപ വെറെ.

൫. സഞ്ജീവഗുളിക

തലകറക്കം, തലവേദന, ഉറക്കമില്ലായ്മ, വയറിളക്കുണ്ടാവുന്നവായുവികാരം, ജലദോഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം, മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു പ്രത്യൗഷധമാണ്. പ്രായംചെന്നവർക്കും മേപ്പടി രോഗങ്ങൾക്ക് ഈ ഗുളികയും ഉപയോഗിക്കാവുന്നതുമാണ്.

കുപ്പി ഒന്നിന് വില രൂപാ ബോമ്പയിലും മദ്രാസിലും കൂടുതൽ നവരെ കൂപ്പികൾക്ക് വി. പി. ചിലവ് രൂപ വെറെ.

൬. ഉയന്തരം ഗ്രാമോപ്രഗുളിക

ഈ ഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ്. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പനിക്കും വയറിളകിപ്പോകൽ, അജീർണ്ണം, ചുമ, ജലദോഷം, തലവേദന മുതലായ രോഗങ്ങൾക്കും പ്രായംകുറഞ്ഞവർക്കും പ്രായം തികഞ്ഞവർക്കും ഒരുപോലെ ഉപയോഗിക്കാവുന്നതും ഫലത്തെകൊടുക്കുന്നതുമാകുന്നു. കുപ്പി ഒന്നിന് വില രൂപാ. ൧ മുതൽ ൯ വരെ കുപ്പികൾക്ക് വി. പി. ചിലവ് രൂപ വെറെ.

൭. തപ്തൊഗസംഹാരി

ചൊറി, ചിരങ്ങ് പുഴുക്കടി, കുരുപ്പ് മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ തപ്തരോഗങ്ങളും ഈ മരുന്നു പുറമെ പുരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണ്. കുപ്പി ഒന്നിന് വില രൂപ. ൧ മുതൽ ൫ വരെ കുപ്പികൾക്ക് വി. പി. ചിലവ് രൂപ വെറെ.

൮. കേശസുവാസനി

ഈ കേശൗഷധം എന്തുകൊണ്ടും വിലയെറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളെയും വെറെ ഉചിതമായ നാട്ടു കേശൗഷധങ്ങളെയും ചേർത്തു ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവേദന തലതിരിച്ചൽ മുതലായ ശിരോവ്യാധികൾക്ക് വിശേഷമായ മറ്റുള്ള കേശൗഷധങ്ങളേക്കാൾ ശ്രേഷ്ഠത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും പുറമെ തലമുടിയെ കറുപ്പിച്ച അധികം ആഫ്ടർത്തോട് വളരുന്നതിനെ ചെയ്യും. രോമങ്ങളുടെ കൊഴിച്ചലിനെ തീരെ നിന്നും പരീക്ഷിച്ചാൽ സ്വതൊഷിക്കാം. കുപ്പി ഒന്നിന് വില രൂപ മുതൽ വരെ കുപ്പികൾക്ക് തപാൽ പാർജ് അണ ൧

൯. രക്തശുദ്ധാമൃതം

സ്ഥാപനത്തിൽ അനേക അപൂർവ്വമൂലികകളാൽ ചെയ്യപ്പെട്ടിട്ടുള്ള പൂർണ്ണം കുപ്പിയായ ഇതുകൊണ്ടുള്ള ഗുണം ഉപയോഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണ് കുപ്പി പാൽ ഇതുകൊണ്ടുള്ള ഗുണങ്ങൾ ഇതിനില്ലും. കുപ്പിപ്പൊടിയെ നാം ഏതു പ്രകാരം ഉപയോഗിക്കുന്നുവൊ അതേപ്രകാരം ഇതിനെയും ഉപയോഗിച്ചാൽ ഏറ്റവും രുചിയുള്ള ഒരു പാനമാകും. ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവർക്കും ഉപയോഗിക്കാം. ഇപ്രകാരം സന്നിപ്രസവം മർട്ടിനതിസാരംമുതലായ കാലങ്ങളിൽമെപ്പടി പൂർണ്ണത്തിൻ കഷായത്തെ പാൽകുട്ടിയൊ കുട്ടാതെയൊ സമയത്തിന് തക്കപോലെ ഉപയോഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നുണ്ടാകുന്നതിനു പുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായുകോപം, ക്ഷയം, അജീർണ്ണം, മലബന്ധം തലവലി മുതലായ രോഗങ്ങളെമാറ്റും രക്തത്തെ ശുദ്ധിചെയ്യുന്നതുപുറമെ ദേഹാരോഗ്യത്തെയും തരുണാഗ്നിദീപ്തിയുള്ളവർക്കും മൂത്രരോഗികൾക്കും എന്തുകൊണ്ടും വിശേഷമായ മരുന്നാകുന്നു. ഈമരുന്നിനെ ക്രമമായി ഉപയോഗിച്ചുവന്നാൽ മൂത്രരോഗികളുടെ

നീരിലുള്ള മധുരത്തെയും നീരിൻ അളവെയും കുറച്ച മൂത്രരൊഗത്തെ ഭേദമാക്കി സുഖപ്പെടുത്തും ദെഹത്തിലുള്ള ഉഷ്ണത്തെശാന്തിചെയ്യും ബുദ്ധിക്കു നല്ല തീവ്രതയുണ്ടാക്കും പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ വിരൊധഗുണങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ട ഈ ചൂർണ്ണത്തെ ഉപയോഗിക്കുന്നതുവളരെ അനുകൂലം.

ഡപ്പി ഒക്ക വില സ. അണ വി- പ - ചിലവ സ. ണ വെറെ.വ്യണമുള്ള മൻകൂറായി അയച്ചാൽ ഫ ഡപ്പി അയക്കപ്പെടുന്നതാകുന്നു.

൨൩. സർബത്തുകൾ

മന്തിരിങ്ങാപ്പഴം, നന്നാരിവെരു രോസാപുഷ്പം, വാഴപ്പഴം ചെറുനാരങ്ങ, മധുരനാരങ്ങ, ബദാംകൊട്ടപ്പഴം, ശീമഎലന്തപ്പഴം ഇഞ്ചി, ഈവക സർബത്തുകൾ എറ്റവും വിശേഷമായ പഴവർഗ്ഗങ്ങളിൽനിന്നൊടത്ത ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു ഈ സർബത്തുകൾ തുള്ളിക്കുണക്കിൽ ഉപയൊഗിച്ചാൽമതി. മേപ്പടി സർബത്തുകളിൽ നിന്നു അഞ്ചുതുള്ളികൾഒരുസെർ പച്ചവെള്ളത്തിൽ ചെത്താൽ ഏറ്റവും മധുരമായും ഏതുപഴത്തിൽനിന്നു സർബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയൊടുകൂടിയതായും ഇരിക്കും- വലിയ കുപ്പികളിൽ അടച്ച സാധാരണയായി അങ്ങാടികളിൽവില്ലുന്ന സർബത്തുകളെക്കാൾ പതിനായിരം പങ്കുജാസ്തിഗുണമുള്ളതായിരിക്കും. എന്റെ സർബത്തുകൾ അരഔൺസ് കുപ്പികളിൽ വില്പനപ്പെടുന്നു ഈചെറിയ കുപ്പികളിലുള്ള സർബത്തു സുമാർ ൩൦ സെർ പച്ചവെള്ളത്തിൽ അല്ലെങ്കിൽ സൊഡാവെള്ളത്തിൽ ചെത്താൽ ൩൦ സെർ രുചിയുള്ള സർബത്തായിത്തീരും- അര ഔൺസ് കുപ്പി ഒക്ക വില അണ വ ഫുതൽ നൂറെ കുപ്പികൾക്കു വി-പി-ചിലവ ണെ വെറെ.

൨൪. സുഗന്ധമായ മുക്കുപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾ ചെത്തിട്ടുണ്ടു ഇതിനെ തനിയെ ഉപയൊഗിപ്പാൻ പാടില്ലാ. സാധാരണയായി കിട്ടുന്ന പാടിയിൽ കുറെശ്ശയായി ചെത്തുവലിക്കണം. ഈ പൊടി വളരെ ഗുണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു. ഒരാൾക്കു സുഗന്ധപരിമളത്തെ മാത്രമല്ലാകൊടുക്കുന്നതുസാധാരണയായിപൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുർഗ്ഗന്ധത്തെകൂടെ പൊക്കത്തക്കതായ ഒരു വിശെഷ വസ്തുവാണു ഈവാസനഅധികം നാൾ നില്ക്കുന്നതും പൊടിയെവളരെനാൾ കേടുതട്ടാതെയുമാക്കും ഈപൊടിജലദൊഷം തലവെദന, മൂക്കിലുള്ള ദുർനാറ്റം മയക്കംമുതലായ ഉപദ്രവങ്ങളെ പൊക്കത്തക്കതാണു. ഇതുവളരെ കൂടക്കൂടെ പൊടി വലിക്കേണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണു. ഒരു കുപ്പിമൂക്കുപൊടിവാങ്ങിയാൽ ഒരു മാസത്തൊളം നില്ക്കുന്നതാണ്. ഒരു കുപ്പിക്കുവില ര അണ.

ഫുതൽ ൫ കുപ്പികൾക്കു വി. പി. ചാർജ്ജു അണ. ൬ മുതൽ ൨൫ കുപ്പികൾക്കു ൪ അണ ൫ മുതൽ ൫൦ കുപ്പികൾക്കു ൫ അണ

൨൫ അശോകാരിഷ്ടം

തെറിയുണ്ടാവുന്ന തീണ്ടാരി, വെളനയൊടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്ന തീണ്ടാരി, തിണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്നവേദന, കാലനിഷ്ഠയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധീകരിച്ചൊ ചുരുങ്ങിയൊ അയരക്തപ്പോക്കു മച്ചിഎന്ന അവസ്ഥ സാധാരണയായ ഗർഭമലസൽ എന്നിരൊഗങ്ങളേയും, ക്രമംതെറ്റിയ തീണ്ടാരി നിമിത്തമുണ്ടാകുന്ന മറെറല്ലാ രൊഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏറ്റവും വിശേഷപ്പെട്ട ഒരൌഷധമാകുന്നു മാസന്തോറുമുണ്ടാകുന്ന തീണ്ടാരിക്കു ഈ ഔഷധം മെത്തരമായതും ഫലിതമായതുമാകുന്നു. ദെഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകുന്നതിന്നാഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയൊഗിക്കെണ്ടതാണു. കുപ്പി ഒക്ക വില ക

വി. പി. ചാർജ്ജ് മുതൽ വരെ കൂപ്പിക്കുക ഒണ പുറമെ.

൨൨. ബ്രഹൽ ചന്ദ്രോദയമകരധ്വജ.

മനക്കമ്പത്തോടുകൂടിയ ദൌർബ്ബല്യം, സതചക്ഷയം, വാർദ്ധക്യകാഠ്യ വിസ്മൃതി നിശസ്തേജം എന്നിവകൾക്ക വിലപെറിയ ഒരൌഷധമാകുന്നു. ഇതിന്റെ ഫലിതം അത്ഭുതകരവും ആയത നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടുവുന്നതും ആകുന്നു ചെറുപ്പകാലങ്ങളിലുണ്ടായ ദുർവ്വൃത്തികളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. അല്പകാലത്തിനുള്ളിൽ തന്നെ യൌവനമുള്ളവരാക്കിത്തീർക്കുമെന്നതു നിശ്ചയമാണു. കുറച്ചുകൂടെ വേണ്ടുന്നതിന്നു വില ക. വി. പി. ചാർജ്ജ ഒണ പുറമെ.

൨൩. ച്യവനപ്രാശം

ശ്വാസനാഡികളേയും മൂത്രാശയത്തേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നു മാത്രമല്ലാ സ്വരത്തേയും ബലത്തേയും കൂടിയുണ്ടാക്കുന്നു എന്നാണു, തൊണ്ടയടപ്പു, ഒച്ചയടപ്പു, ക്ഷയം, ഏക്കം, തൊണ്ടക്കുള്ള അസംഹ്യതയാലുണ്ടാവുന്ന കുര എന്നിവക്കു, തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈകണ്ട ഒരു മരുന്നാകുന്നു. അളക്ക ഫക്ക വില ക. വ. വി. പി. ചാർജ്ജ് ഒണ പുറമെ.

൨൦. മകരധ്വജ.

ഇതിനു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്തിൽ തിരെയൊ അല്പമായൊ നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ലാ. എല്ലാകാരണത്താലുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏറ്റവും തൃപ്തികരങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം, വിഷമജ്വരം, മുതലായ എല്ലാതരം ജ്വരങ്ങൾ, ചലംപോക്കു, സ്രാവം, പ്രമേഹം പ്രസവാനന്തരമുണ്ടാവുന്ന ഉപദ്രവങ്ങൾ ശൂലദോഷം കുരു ഏക്കം, മഹാമാരി, കാമ്മക്കേട് നീര, വിഷൂചിക, വയർ ചീർപ്പു ദഹനക്കേട് മന്ദത, ബലക്ഷയം, തലചുറ്റൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരവുമാകുന്നു. തോല ഫക്ക വില ക ഉരുക്കു ഒരാഴ്ച ഉപയോഗിക്കേണ്ടതിനു ക ഫവി പി ചാർജ്ജ ഒണ പുറമെ.

൨൧. വസന്തകുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാഹം നാവു വരൾച്ച കൈകാലുകളിൽ എരിച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയത്നമുള്ളമൂത്രം വീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരൌഷധമാകുന്നു ഒരാഴ്ച വേണ്ടപ്പെട്ടമരുന്നിനു വില ക. വി പി. ചാർജ്ജ് ഒണ പുറമെ.

൨൨. രക്തശുദ്ധി

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എല്ലാവർക്കും അറിയാവുന്നതാണു. രക്തത്തിനു ശുദ്ധിയില്ലെങ്കിൽ വായ്പുണ്ണു ചെങ്കണ്ണു മൂക്കുപ്പുണ്ണു തൊലിപ്പുണ്ണു ശരീരമാസകലം കുരു ആണി വീക്കക്കുമു ചമ്മത്തിൽ നിറഭേദം ഉണ്ടാകുപ്പുണ്ണു തലവേദന അഗ്നിമാന്ദ്യം ചർമ്മത്തിനു ചുവപ്പും മാർദ്ദവമില്ലായ്മയും ചൊകിടും മൂക്കും വീങ്ങൽ വിളർപ്പു ബലക്ഷയം കുരു മുളകുഷ്ടം തീർത്തനം മുതല സാദില്ലായ്മ ചൊറിച്ചൽ എന്നിവയും ദുഷ്ടമുണ്ടാക്കുന്നതുകൊണ്ടു മറ്റെല്ലാ ചർമ്മവ്യാധികളും രക്തദുഷ്യംകൊണ്ടുണ്ടാവുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കംചെയ്യാൻ രക്തശുദ്ധിയെന്നപേരായ എന്റെ ഔഷധം മേത്തരമാകുന്നു ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ കുമപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹനത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതുമാകുന്നു. ൩൦ ദിവസത്തേക്കു വേണ്ടുന്ന അളക്ക ഫക്ക വില ക ഒന്നോ രണ്ടോ അളക്കുകൾക്ക വി. പി. ചാർജ്ജ് ഒണപുറമെ

൩൨. സിദ്ധമകരധ്വജം

ഈ ഔഷധം ഹിന്ദുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ചു ഏറ്റവും ബലകരമായതാകുന്നു ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിൽനിന്നുണ്ടാവുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതുകൂടാതെ ശ്വാസകോശങ്ങളെസംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളെയും നീക്കംചെയ്യുന്നതും ദഹനത്തെ ശരിയായി നിലനിർത്തുന്നതുമാകുന്നു ചുരുക്കിപറയുന്നതായാൽ ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ലാ. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ബലത്തേയും യൌവനത്തേയും ഒരു പുരുഷായുസ്സുവരെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണ് തോല ഫ്രക്ക വില കു. വും ഒരാഴ്ചക്കുള്ള ഉപയോഗത്തിന്നു കു. വി പി. ചാർജ് പുറമെ.

൩൩. വേദനപരിഹാരി.

ഈഔഷധം അകത്തേക്കും വേദനസംഹാർ തൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിന്റെ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു പെട്ടി ഫ്രക്ക വില കു ഫ. ൩൨പെട്ടികൾവരെ വി പി. ചാർജ് ഒണ മാത്രം.

൩൪. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിന്നു മേപ്പടി ഔഷധം ഏറ്റവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ഫ്രക്ക വില കു ഫ ൩൨പെട്ടികൾവരെ വി പി. ചാർജ് ഒണ മാത്രം.

൩൫ മലബന്ധശമനൌഷധം

പതിവായും ഇടക്കിടേയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്യാൻ ഇത മേത്തരമായ ഔഷധമാകുന്നു. കരളിന്റെ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കി തീർക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിർത്തുന്നതുമാകുന്നു. പെട്ടി ഫ്രക്ക വില ഫ്രാണരണ്ടുവരെ പെട്ടികൾക്കു വി പി. ചാർജ് ഒണ വെറെ.

൩൬. ചന്ദ്രാമൃതരസം.

പ്രയാസപ്പെട്ട എല്ലാതരം കരകളേയും ശ്വാസകോശങ്ങളിലെ പഴമ്പുകളേയും ഏക്കം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കരയും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു ദഹനത്തിനു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീർപ്പാൻ മേത്തരമാകുന്നു. പെട്ടി ഫ്രക്ക വില കു. ഫ. ൩൨പെട്ടികൾവരെ വി പി. ചാർജ് ഒണമാത്രം.

൩൭ ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിന്റെ എല്ലാ സ്ഥിതികളിലും ഇതുവളരെ മേത്തരമായ ഔഷധമാകുന്നു. ഇതിന്റെ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തുംക്രമക്കേടായ വിരേചനത്തെ നിർത്തി ശാശ്വതമായ സുഖത്തെ നൽകുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നുമാത്രമല്ലാ അതിസാരത്തെയും മറ്റും സുഖപ്പെടുത്തുന്ന ഒരു സർവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ഫ്രക്ക വില കു ഫ൩൨വരെ പെട്ടികൾക്കു വി. പി. ചാർജ് ഒണ മാത്രം.

൩൮. വിഷ്ണുതൈല

തലനോവ ഉടനെ നീക്കുന്നതല്ലാതെ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കൂപ്പി ഫ്രക്കവുന്ന മുതൽ൩൨വരെ കൂപ്പികൾക്കു വി പി ചിലവു ഒണ വേറെ.

മേത്തരം ഗോരോചനം തോല ഫ്രക്ക വില൩൨ മേത്തരം കസ്തൂരിമഞ്ഞൾ തോല ഫ്രക്ക വില ഫ്രക മേത്തരം പച്ചക്കർപ്പൂരം തോല

ക്ക വില ഉ.

സുഗന്ധവസ്തുക്കൾ

അത്തർദിനസ്സകം,- രോജാപൂവു, മല്ലികപൂവു, മാതിപൂവു, മതനപൂവു, സംഹാഗമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉറുപ്പികത്തുക്കും ക്ക വില കഉണവു വി പി. ചിലവ വേറെ.

താംബൂലബിഹാർ പെട്ടി ഒന്നിന്നുവില രണ്ണ മുതൽ ഉറുവരെ പെട്ടികൾക്കുത പാൽക്കൂലി ഒണ.

സോഡാചൂർണ്ണം ഓരോ കുപ്പിക്കുത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചെത്തവു കുപ്പി മേത്തരം പുതിയ സോഡഉണ്ടാക്കാവുന്നതാണ കുപ്പിക്ക വിലവുണ മുതൽ രുവരെ കുപ്പികൾക്കു തപാൽക്കൂലി രണ.

ലമനേഡ് ചൂർണ്ണം ഓരോ കുപ്പിക്കുത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചേത്തവുകുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ കുപ്പി ക്ക വില നണ. മുതൽ രുവരെ കുപ്പികൾക്കുതപാൽചാർജ് ഒണ.

പനിനീർ- അര ഔൺ കുപ്പികളിൽ വല്ലപ്പെടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു നു വലിയ കുപ്പികളിൽ വെള്ളംചേത്ത നിറക്കാവുന്നതാണ അങ്ങിനെ വെള്ളം ചേത്താൽകൂടി ഈ നുകുപ്പികളും മേത്തരം പേഷ്യൽ പനിനീരിന്നു തുല്യമായിരിക്കും അര ഔൺസ കുപ്പി ക്ക വില വുണ മുതൽ നുവരെ കുപ്പികൾക്ക തപാൽക്കൂലി ഒണ.

ഉടുപ്പിന്നുള്ള സുഗന്ധങ്ങൾ പനിനീർ സുഗന്ധക്കുട്ട മല്ലസുഗന്ധക്കുട്ട, ലവണ്ടർ സുഗന്ധക്കുട്ട എന്നിവ പെട്ടി ഓരോന്നിന്നും വില വുന മുതൽ നുവരെ പെട്ടികൾക്ക തപാൽക്കൂലി ഒണ.

ഉടുപ്പിന്നുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ.

മദനവിലാസം ഉ മനമോഹിന നു മനോരഞ്ചൻ രു ജഗന്മോഹനം ഒ അകപർസരായി നു ഷാജഹാൻ സിരായി ഇവ ഓരോന്നും പുതിയതായി വിടൻപുസ്തത്തിൻറെ വാസനയോടു കൂടിയതായും ഇരിക്കും വില ഒരു കുപ്പിക്ക അണ വു മുതൽ നു വരെ തപാൽ ചിലവ അണ ഒ പ്രത്യേകം.

കേസർപ്പൊടി- ഇത വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവസ്തുക്കളെകൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുവക പൊടി വെറുംപച്ചവെള്ളത്തിലൊ അല്ല ചന്ദനക്കുട്ടിലൊ ചേത്താൽ അതിസൌരഭ്യകരമായതും മനസ്സിന്നു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കുട്ടു ആയിതീരുന്നു. ഇത അടിയന്തരകാലങ്ങളിൽ വിരുന്നുകാർക്കുകൊടുപ്പാൻ ചന്ദനം അരക്കേണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതല്ലാതെ ഒരം കേസർപ്പൊടിക്ക സമമായും, മേലായും സുഗന്ധം വില്ലുന്നതായ ഒരു സൌരഭ്യവസ്തു ഉണ്ടാവാൻ പാടുള്ളതല്ല. കുപ്പി ക്ക വില വുണ. മുതൽ നുകുപ്പികൾക്ക തപാൽ ചാർജ് ഒണ.

അർഘ്യജം- ഇത വേറെ ഒരുമാതിരി സ്വദേശി സൌരഭ്യവസ്തുമാണ ഇതിൻറെ സൌഭാഗ്യം വളരെ വിശേഷമായതും മനസ്സിന്നു ആഹ്ലാദത്തെകൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇത ഒരേമാതിരി അനുഭവത്തെ നല്കുന്നു. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചവെള്ളംചേത്ത ചന്ദനക്കുട്ടിൻറെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്ക വാസനക്കായും ഉപയോഗിക്കാം നെറ്റിമേൽ തിലക്കുറിയായും ഉപയോഗിക്കാം നെറ്റിമേൽ തിലക്കുറിയായും ഉപയോഗിക്കാം. ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉണ്ണുന്നേരികളിലേക്ക ഇത അതിവിനോദകരമായ ഒരു സൌരഭ്യവസ്തുമാകുന്നു പെട്ടി ക്ക വില വുണ. മുതൽ നുവരെ പെട്ടികൾക്ക തപാൽക്കൂലി ഒണ വേറെ.

അമ്പർ. ഇത അതിശ്രേഷ്ഠകരമായ ഒരു സൌരഭ്യവസ്തുമാകുന്നു ഇത വാസനക്കായി ഉപയോഗിക്കുന്നതല്ലാതെ വിയർക്കുവിനും ചൂളിക്കും വളരെ വിശേഷമാകുന്നു ഇതിൻറെ അതിവിനോദമായ വാസന അധികം ദിവസത്തേക്ക നിലനില്ലുന്നതാണ

ഒരു പ്രാവശ്യം ഉപയോഗിച്ചു ഫലംകണ്ടാൽ ഇതിനെ ഒരു കാലത്തും വിടുകയില്ല. ഇത എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വാസവാകനം ഇത മുഖത്തുപിരുട്ടിയാൽ മുഖത്തിന്റെ വണ്ണം തിളങ്ങിവരും പെട്ടി ഫക്ക വില രൂപ. മുതൽ ഫവരെ പെട്ടികൾക്ക ൩ണ. പുറമെ.

ഇന്ത്യൻ പൊറൽഡസ്റ്റ്- നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോടു കൂടിയിരിക്കും. സാധാരണമായി വസ്ത്രങ്ങളെകേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, വകുപ്പാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഖ്യമുള്ള സ്ഥലങ്ങളിലൊ വെച്ചിരുന്നാൽ മനുഷ്യർ ശ്വസിക്കുന്നതായി അംഗാരാമ്ലവായുവിനെ ശുദ്ധീകരിക്കുന്നതാണ. നിങ്ങൾ ശയനഗൃഹത്തിലേക്ക പോകുന്നതിനു മുമ്പായി ഇതു പ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ. ഇതുനിങ്ങൾ അകത്തേക്ക ശ്വസിക്കുന്നവായുവിനെ ശുചീകരിക്കുകയും ചെയ്യും. പെട്ടി ഫക്ക വില അണ ര. മുതൽ ഫവ പെട്ടിവരെ തപാൽ ചെലവു അണ ൩ പ്രത്യേകം.

വയററിലുള്ള നാക്കപുഴുക്കളയുന്നുള്ളമരുന്നു.

ഈ മരുന്നു സേവിച്ചാൽ വയററിലുള്ള നാക്കപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്ക ആരോഗ്യതയെകൊടുക്കും. ഈ പാമ്പു വയററിൽ ഇരുന്നാൽ അടിവയററിൽ ഘനം, അഗ്നിമാന്ദ്യം, വയറുവലി, ഊണുവേണ്ടാ എന്നു തോന്നുക വായിൽ ദുർഗ്ഗന്ധം, തലവേദന, നാവുവരൾച്ച ആസനത്തിലും മൂക്കിലും ചൊറിച്ചൽ വയററിനുപോക്ക മലക്കെട്ടു മുതലായ പല വ്യാധികളെ നീക്കുന്നതാണ. ഫകപ്പിക്ക വില അണ ഫാ മുതൽ ഫവ കുപ്പികൾവരെ ബാക്കി ചിലവു അണ ൩ പ്രത്യേകം.

ജാമദ്രാവകം

ഇതു വയററവരി, വയറുകടുപ്പു അഗ്നിമാന്ദ്യം, അജീർണ്ണം, മുതലായ വ്യാധികളെ ക്ഷണേന പരിഹരിക്കുന്നതാണ. കാലറാ എന്നവ്യാധിക്കും ഇതു സമയാസമയം പോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസം കിട്ടുന്നതാണ" ഇതു സാധാരണമായി അങ്ങാടിയിൽവിറുവരുന്ന ഓമദ്രാവകം പോലെ അല്ലാ അരഅവുൺസു കുപ്പികളിൽ വിലപ്പെടുന്ന ഒരു കുപ്പിദ്രാവകത്തിൽ വെള്ളം ചെത്താൽ ഒര അവുൺസു മേത്തരമായ ഓമദ്രാവകം കിട്ടുന്നതാണ ഇങ്ങനെ കിട്ടുന്ന ദ്രാവകം കടകളിൽ വില്പുന്നതിനെക്കാൾ വളരെ വിശേഷമായിരിക്കും. കുപ്പിക്ക വില അണ്വ മുതൽ നാകുപ്പികൾ വരെ ബാക്കി ചിലവു അണ ൩ പ്രത്യേകം.

തലയിൽ പുരട്ടുവാനുള്ള ചായം

പീ സുബ്ബറായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏറവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണ. നരച്ച തലമുടിയിൽ ഇതു പൂർട്ടിയാൽ ഭംഗിയും ശോഭയുംമിനുസവുമുള്ള നല്ല കറുത്തനിറമാകുന്നതാണ ചായം പുരട്ടിയിരിക്കുന്നുവെന്നു ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരക്കുമ്പോൾ അതിൽ ചായം പുരട്ടുകയല്ലാതെ മറു മാർഗ്ഗമൊന്നുമില്ല ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണ ഇതിലേയ്ക്കു ഉത്തമമായിട്ടുള്ളതു നരച്ചതലമുടിയെ കറുപ്പിച്ച വാർദ്ധക്യലക്ഷണങ്ങളെ മാറ്റുയുവാവിന്റെ ഭാവം വരുത്താമെങ്കിൽ വാർദ്ധക്യലക്ഷണങ്ങളെടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കുപ്പിക്കുന്നിനു തുപാ ഫ. വി വി. ചാർജ് മുതൽ ൩ വരെ കുപ്പികൾക്ക ൩ അണ പ്രത്യേകം.

മാഞ്ഞുപോകാത്തഅടയാളമഷി

ഇതു പട്ടു ലിനൻ മുതലായ വസ്ത്രങ്ങളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണ ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും മാറിപ്പോകാതിരിക്കുന്നതിലേക്കും ഒരു രക്ഷയായിരിക്കുന്നതാണ. വില

കുപ്പികൊന്നിന്നു വുണ രൂ-മുതൽ ൧൨ വരെ കുപ്പികൾക്കു വി. പി. ചാർജ് അണ. പ്രത്യേകം.

ഓതികോളോൺ,

ഈ സുഗന്ധദ്രവ്യം വളരെ വ്യശേഷപ്പെട്ടതും, അത്യന്തം വാസനയോടു കൂടിയതും ദേഹത്തിലേക്കു കുളിച്ചയെ ചെയ്യുന്നതും ആകുന്നു. ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. ഈ വാസനദ്രവ്യം തലവലി മുതലായവ്യാധികളെന്നീക്കും. ഇതു സാധാരണയായി കടകളിൽ വിറ്റുവരുന്ന സാധനം പോലെയല്ലാ ഇതു പ്രത്യേകം ശ്രദ്ധയോടുകൂടി ഞങ്ങളുടെ ഔഷധ ശാലയിൽ ഉണ്ടാക്കിയതുന്നതാണു. ഇതു ശീമയിൽനിന്നു വരുത്തിയതല്ല. അതുകൊണ്ടു ഈ സ്വദേശിദ്രവ്യത്തെ നമ്മുടെ സ്വദേശികൾ ഉപയോഗിക്കാതെ ഇരിക്കുമോ? സാധാരമായി കടകളിൽ വിറ്റു വരുന്ന സാധനത്തെക്കാൾ എത്രയോ ഇരട്ടി മേത്തരമായിരിക്കും. അര ഔൺസു കുപ്പി ഒന്നു വില അണവ്യ. ൨ മുതൽ ൧൨ കുപ്പികൾ വരെ ബങ്കി ചിലവു അണ ൪ പ്രത്യേകം.

കസ്തൂരികലന്ന ലവണ്ടർ വാട്ടർ

ഇതു എറ്റവും വിശേഷപ്പെട്ട വാസനയുള്ളതും ദേഹത്തിൽ ഒരു തുള്ളിവാറിയാൽ വളരെ നേരം ആ വാസന ആളെ ചുറ്റികൊണ്ടിരിക്കും ഇതു സാധാരണമായി കടകളിൽ വില്ക്കുന്ന സാധനംപൊലെ അല്ല. ഇതു ഒരു വിശേഷപ്പെട്ട ഒരു വാസനദ്രവ്യമാണ ശീമയിൽനിന്നു വരുത്തി വില്ക്കുന്നതല്ലാ എപ്പോവരും ഇതിനെ ഒന്നു പരീക്ഷിച്ചുനൊക്കേണ്ടതാണു. ഇതു ഞങ്ങളുടെ ഔഷധശാലയിൽ തയാർ ചെയ്യപ്പെട്ടതാണു ഇതിന്റെ സൌരഭ്യം ദേഹത്തിൽ തട്ടിയാൽ വളരെ നേരം ഇരിക്കുന്നതും ആകുന്നു. കുപ്പിക്കു വില അണവ്യ ൨ മുതൽ ൧൨ കുപ്പികൾ വരെ ബങ്കി ചിലവു അണ ൪ പ്രത്യേകം.

പരിശുദ്ധമായതേൻ!!

അങ്ങാടിയിൽ നിന്നു ശർക്കരവെള്ളം വാങ്ങി തേനെന്നുംപറഞ്ഞു ഉപയോഗിച്ചാൽ എന്തു ഗുണമാണുണ്ടാകുന്നതു? മരുന്നിനു നല്ല ശുദ്ധമായ തേൻ ആവശ്യപ്പെടുന്നവർ ഞങ്ങളോടപേക്ഷിക്കട്ടെ. ഞങ്ങൾ കാടുകളിൽ സ്വന്തം വേലക്കാരെ അയച്ചു പ്രത്യേകമായെടുപ്പിച്ചു വരുത്തുന്നതേൻ നല്ല കൊഴുപ്പുള്ളതും നിർമ്മലമായതും ആകുന്നു. ഈ തേൻ മരുന്നുകൾക്കുപയോഗിച്ചാൽ അത്ഭുതകരമായ ഫലം ഉണ്ടാകും വില ടിൻ ഒന്നിനു ൧൰ണ. ഒന്നു മുതൽ രണ്ടു ടിൻ വരെ വി. പി. ചെലവു അഞ്ചണ പ്രത്യേകം.

ഇവിടെ മലയാളം തെലുങ്ക് കർനാടകം മുതലായതു അറിയാത്തതിനാൽ തമിഴിലൊ ഇംഗ്ലീഷിലൊ എഴുതണം.

P. SUBBAROY
Ayurvedic Physician
Sri Venkatesa Porumal
KOIL SANNATHY
TANJORE.

പി. സുബ്ബരോയി
ആയുർവ്വേദചികിത്സകൻ
ശ്രീ വെങ്കിടേശ്പെരുമാൾ
കോവിൽസന്നതി
തഞ്ചാവൂർ.

ആയുർവേദീയവൈദ്യശാല

പ്രത്യേകപരസ്യം

(ഞങ്ങളുടെ വൈദ്യശാല കണ്ണംകുളത്തുനിന്നും ചാലിശ്ശേരിക്കു മാറിയിരിക്കുന്നതിനാൽ അയക്കുന്ന കത്തുകൾ എല്ലാം ചാലിശ്ശേരിക്കു തപാൽവഴി അയക്കേണ്ടതാകുന്നു.)

ഞങ്ങളുടെ മരുന്നുകൾ ഒരിക്കൽ ഉപയോഗിച്ചുനോക്കുവിൻ!

ഞങ്ങളുടെ മരുന്നുകൾ വാങ്ങി സ്വയമായി ചികിത്സനടത്തുവാനോ, വില്ക്കുവാനോ ഇഷ്ടമുള്ളവരെ എജെണ്ടായി സ്വീകരിച്ചു ൧൦൦ രൂപയ്ക്കു ഒന്നരവീതവും ഓരോ രൂപയ്ക്കു വാങ്ങുന്നതായാൽ ൧൫൦ രൂപയ്ക്കു വീതവും ൨൦൦ രൂപയ്ക്കു വാങ്ങുന്നവർക്കു ൨൫൦ രൂപയ്ക്കു രണ്ടര വീതവും കമ്മിഷൻകൊടുക്കുവാൻ ഒരുക്കമുണ്ടു.

ചിലപ്രധാനമരുന്നുകൾ.

കല്യാണപ്രദരസായനം— ഇതു ശരീരസൌഖ്യത്തെ ആഗ്രഹിക്കുന്ന എല്ലാവരും ശീലിക്കേണ്ടതാകുന്നു താരുണ്യത്തെ നിലനിർത്തുവാനും വാർദ്ധക്യത്തെ കളയുവാനും സുരതസൌഖ്യത്തിനും ഇതുപോലെ ഔഷധമില്ലെന്നു പലമഹന്മാരുടേയും അനുമോദനപത്രങ്ങൾ സാക്ഷിക്കുന്നു. റാത്തലിനു വില ക. ൫൦.

ഗർഭിണിസഹായം കഷായം- ഇതു ഗർഭസ്രാവം മുതലായ സകല വിഘ്നങ്ങളും തീരുവാനും അനായാസേന പ്രസവിപ്പാനും കുട്ടികൾക്കു രോഗങ്ങൾ ഉണ്ടാവാതെയിരിപ്പാനും ഗർഭകാലത്തു ശീലിക്കേണ്ടതായ ഒരു കൈകണ്ട സിദ്ധൌഷധമാണു. ൨൫ ഔൺസ് കുപ്പിക്കു ക. ൧൨.

സുഖപ്രസൂതിഘൃതം- ഇതു ഗർഭസ്രാവം പ്രസവബന്ധം മുതലായ ദൊഷങ്ങളെ തടുക്കുന്നതാണെന്നു പലപ്പോഴും അനുഭവസിദ്ധമാണു. ൨൫ ഔൺസ് കുപ്പിക്കു വില ക. ൩൦

പ്രസൂതാമൃതം ലേഹം- ഇതു പ്രസവിച്ചാൽ ഉടൻ ശീലിക്കേണ്ടതാണു. എന്നാൽതന്നിമിത്തമായ സകല ഉപദ്രവങ്ങളും തീരുമെന്നല്ല വേറെ യാതൊരു പ്രസവചികിത്സകളും ആവശ്യമില്ല. റാത്തൽ ൧൫ ക. രൂ൩൫.

ബാലജീവനംഗുളിക- ഇതു കുട്ടികളുടെ എല്ലാ രോഗത്തിനും ഉപയോഗിക്കാവുന്നതാകുന്നു. ഡസനു ക ൨.

പരിമളമുക്കുപൊടി- ഇതു ഏവരുടേയും മനസ്സിനെ ആഹ്ലാദിപ്പിക്കുന്നതും എല്ലാ ഊദ്ധ്വാംഗരോഗങ്ങളേയും കളയുന്നതും ആയ ഒരു സുഗന്ധമുള്ള മുക്കുപൊടി ആകുന്നു എന്നു മാത്രമെ ഞങ്ങൾ ഇവിടെ പ്രസ്താവിക്കുന്നുള്ളൂ. ഒരിക്കൽ വാങ്ങി വലിച്ചു നോക്കുവിൻ. എന്നാൽ അറിയാം ഗുണം. തുടുത്തുക്കത്തിനു രൂപ മാത്രം.

ഔഷധപ്പട്ടിക വെറുതെ അയച്ചുകൊടുക്കും.

മേൽവിലാസം:—

ആയുർവ്വേദീയവൈദ്യശാലാമാനേജർ,

(തപാൽ) ചാലിശ്ശേരി.

സ്ത്രീകൾക്കു മാത്രം.

സ്ത്രീകൾക്കുമാത്രമുള്ളതു.

ലൊധ്ര എന്ന ഈ മരുന്നു സ്ത്രീകൾക്കു സാധാരണയായി ഭേദിയാകുന്ന സമയങ്ങളിലുണ്ടാകുന്ന കഠിനമായ വയറു നോവു (മുട്ടനോവു) Menstrual Pain) മുതലായതിനെ ഇല്ലാതാക്കുവാനും ശരിയായ പക്കങ്ങളിൽ ഭേദിയാവാതെയൊ (Irregular Menses) ഭേദികാലങ്ങളിൽ അധികമൊ കുറച്ചോ ആകുന്നതു (More or less discharge than usual) ഭേദിയാവാതെയിരിക്കുന്നതൊ (absence or Suppresion of menses) കണ്ടുരോഗം (Leucorrhoea) സന്താനമില്ലായ്മ (Sterility) ഇതുസംബന്ധമായും പലേവിധ ഇതര ഉപദ്രവങ്ങളേയും നിവാരണം ചെയ്യും. സന്താനം ഇല്ലാതെ തപിക്കുന്ന സ്ത്രീകൾ ഇതു കുറച്ചകാലം മാത്രം സേവിച്ചാൽ അധികം താമസിയാതെ ഗർഭം ധരിപ്പാനും ഇതു സഹായിക്കും. ചുരുക്കിപ്പറയുന്നതായാൽ സ്ത്രീകൾക്കു ഇതു സകല വ്യാധികളേയും നീക്കുകയുന്നതിനു പുറമെ ദേഹത്തിൽ ലാവണ്യം വർദ്ധിപ്പിച്ചു നന്നാക്കും. തലനോവു, കടച്ചൽ, വിളർപ്പു മുതലായതു ഇതു സേവിക്കുവാൻ തുടങ്ങുന്നതിനു മുമ്പെ ശമിക്കും.

വലിയ കുപ്പി ഉ-ക്കു നു—൦—൦ ചെറിയ ടിക. ഉ—ക്കാ—൦

വളരെ സ്ത്രീകൾ അശ്വത്ഥപ്രദക്ഷിണം, ഹനുമാൻ പ്രദക്ഷിണം, നാഗപ്രതിഷ്ഠ മുതലായതുകളിൽ സന്താനമുണ്ടാകാതെ ഒടുവിൽ ഞങ്ങളുടെ ലോല്യ എന്ന സിദ്ധൌഷധം വാങ്ങി ഉപയോഗിച്ച രണ്ടുമൂന്നുപ്പോലെയുള്ള സന്താനം ഉണ്ടായി സുഖം അനുഭവിച്ചു വരുന്നു. പരീക്ഷിച്ചു നോക്കുവിൻ!

Apply to KESARI KUTEERAM
Bunder Street, MADRAS

ഒരിക്കൽ പരീക്ഷിക്കണം!

സ്വദേശീയ സുഗന്ധദ്രവ്യങ്ങൾ.

അത്തർ:— റോസ്, ക്യോറാ, കെറ്റകി, മോൽഷ്പരി, ചാമ്പക്കു, മോഷ്യ, കമെലി, ബെല, മൊഗ്ര, ജൂഹി വില: റോലക്കു, കം-ഫം-൦, കം-ഫവു-൦, കഫു, കഫു-വ്യ-൦, കവു, കവു-വ്യ-൦, കന്നു, കരു, കൽ കന്യ, കവ്യ, കഫാ.

മഷ്ക്കു, അമ്പർ, ഹിനാ, ബർഗിഹിനാ, ഗുൽഹിന, മുഷ്കിനാ, മസാല, ഷാനസു വില റാത്തൽക്കു:— ഫാണ, ഫവണ, കഫ കഫ-വ്യ-൦, കവു, കവു-വ്യ-൦, കന്നു, കരു, കൽ, കഷ്കുസു, പനാരി, മിട്ടി, ജെണ്ടു, പൊതിന, നാരങ്ങ, നാർസിസസു, സൂറാംഗി, ദവനം. വില റാത്തല്ലു:— ഫാണ, ഫവണ, കഫു കഫ-വ്യ-൦ കവു, കവു-വ്യ-൦, കന്നു.

സത്തുകൾ:— റട്ടുഗുലാബു. റാത്തൽക്കു കന്നു, കരു, കൽ, കന്നം. റട്ടുഖാസു

റാത്തൽക്ക് ൫൨-൫൬, ൫൨-൫൭ കാ, കന, കര, കൽ, റട്ട് പനാരി റാത്തൽക്ക് ൫൨ണ, ൫൨, ൫൨-൫൭, കാ, കന.

മുടിത്തൈലങ്ങൾ:— ബെല, ചമലെ, ജൂഹി, ക്യോറ, ഖാസ്, ഗുലാബ് മസാസ, ഫിന, സുരഗി, മലാട്ടി. വില സേർ ഒന്നിന — ൫൨-൫൭, കാ, കന, കര, കൽ, കന, കാ൭ ൫൨.

ഇവയിൽ വല്ലതും നിങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ?
ഇല്ലെങ്കിൽ ഒരിക്കൽ പരീക്ഷിക്കുക.

ന.ക. അയച്ചുതന്നാൽ മേൽപ്പറഞ്ഞവയുടെ എല്ലാറ്റിന്റെയും തരങ്ങൾ സൌജന്യമായി അയച്ചുകൊടുക്കും.

കത്തുകൾ എല്ലാം ഇംഗ്ലീഷിൽ എഴുതണം.

മേൽവിലാസം:—

P Swarup Narain Mohan Lal Avasthi
Kanauj City (U.P)

മിതവാദി

പത്രാധിപർ— സി. കൃഷ്ണൻ ബി. എ. ബി. എൽ ഹൈക്കോടതിവക്കീൽ — കോഴിക്കോട്

'മിതവാദി' ഇന്നു കേരളത്തിൽ ഉള്ള എല്ലാ മാസികകളേക്കാളും പ്രചാരമുള്ളതാകുന്നു. അതിനു മലബാർ, കൊച്ചി, തിരുവിതാംകൂർ ഈ രാജ്യങ്ങളിൽ ഒരുപോലെ വരിക്കാരുള്ളതിനു പുറമെ സിലോൺ, കോളാർ, ബാമ്പ, സിങ്കപ്പൂർ, പെനാംഗ് ഈ പ്രദേശങ്ങളിലും ധാരാളം വരിക്കാരുണ്ട്. തിയ്യരുടെ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതും മറ്റു പലവിഷയങ്ങളിലും രസകരങ്ങളും ജ്ഞാനപ്രദങ്ങളുമായ ലേഖനങ്ങൾ അടങ്ങിയതുമായ ഒരു മാസികാപത്രമാകുന്നു. വരിസംഖ്യ കൊല്ലത്തേക്ക് (മുൻകൂർ) ഒന്നര ഉറുപ്പിക മാത്രം.


ഇന്ത്യക്കാരുടെ ജീവനാഡി

മതമാകുന്നു. (൧) മതവിഷയത്തിൽ കൂടിക്കലർത്തിയാലേ അവർ എന്തും ആസക്തിയോടെ ആസ്വദിക്കയുള്ളൂ. (൨) മതങ്ങൾ തമ്മിലുള്ള സ്പർദ്ധയാകുന്നു ഇന്ത്യക്കാരുടെ ബലക്ഷയത്തിനു എന്നും ഹേതു (൩) പാഠശാലകളിൽ മതപഠനം വിസ്മരിച്ച നിലയിലാണു. ഇതു മേലിൽ നമ്മുടെ സമുദായനായകന്മാരാകേണ്ട യുവാക്കന്മാരുടെ ധർമ്മബോധത്തിനു ഒരു വലിയ കേടുമാകുന്നു. ഈ വക സംഗതികളെ കാര്യമായി കരുതിക്കൊണ്ടു മലയാളികളുടെ ആവശ്യത്തിനു ലാഭേച്ഛകൂടാതേ തുടങ്ങിയ ഒരു മാസികയാകുന്നു "സനാതനധർമ്മം". വരിസംഖ്യ കൊല്ലത്തിൽ ൫൨-൫൭ മാത്രം.

മാനേജർ, "സനാതനധർമ്മം"
ചാലപ്പുറം, കോഴിക്കോട്.

(ENGLISH RUBBER TYPES)

ഇംഗ്ലീഷ് റബർ അച്ചാണികൾ



ഞങ്ങളുടെ പക്കൽ പുലവിധത്തിലുള്ള ഇംഗ്ലീഷ് റബർഅച്ചാണികൾ വില്പാൻ തയ്യ
ണ്ട്. വളരെ സഹായപ്രദമാകുന്നതാണ്.

ൟവ്വാ അച്ചാണികൾ	അടങ്ങിയ പെട്ടിക്ക			ക.	ൟ-വ്വ-ാ
ൟാാാ	〃	〃	〃	ക.	ൟ-ാ-ാ
ൟവ്വാ	〃	〃	〃	ക.	ൟ-വ്വ-ാ
ൟൟി	〃	〃	〃	ക.	ൟ-ൟ-ാ

(SELF INKING PADS)

ഇങ്കിപാടുകൾ.

വലിയതരത്തിനു	ക.	ാ-ൟാ-ാ	വഴിയാത്രാടമ്പടുകൾ.		
നടുത്തരത്തിനു	ക.	ാ-ൟാ-ാ	വലിയതിന്നു	ക.	ൟ-ൟ
ചെറുതിനു	ക.	ാ-വ്വ-ാ	ചെറിയതിന്നു	ക.	ൟ-ാ

R. V. PANDIT & CO. MADRAS. RUBBER STAMP DEPOT

ഏതുതരം റബർസ്റ്റാമ്പു ആവശ്യപ്പെട്ടാലും ഉടൻ സ്റ്റ് ഉണ്ടാക്കികൊടുക്കുന്നതാകുന്നു.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക: R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

ജീവരക്ഷണി



ഇതു മിശ്രം ഉയന്നതരം ഒരു ടോണിക്കാണ്. ദേഹം വല്ലാതെ ക്ഷീണിച്ചിരിക്കുക, മനോവ്യാധിയാലും ദേഹകഷ്ടത്താലും ക്ഷീണിച്ചിരിക്കുക ബുദ്ധി തളർന്നുപോക, കൂടക്കൂടെ ജ്വരം ഉണ്ടാകുന്നതിനാലും, ക്ഷയത്തിനാലും മറു എതുകാരണങ്ങളാലും ദേഹം ശോഷിച്ചിരുന്നാൽ ഈ ടോണിക്കു ഉപയോഗിച്ചാൽ ദേഹത്തിലുള്ള സകല ഉപദ്രവങ്ങളേയും നീക്കി പരിപൂർണ്ണമായ സൌഖ്യത്തെ കൊടുക്കും. ഞരമ്പുകൾ തളർന്നുപോകുക മുതലായ എതുവിധം ദേഹതളർച്ചയേയും നീക്കും. ഒരുനേരത്തിനു കാൽ ഔൺസ് മരുന്നു പാലിൽചേർത്തു സേവിക്കണം. കുപ്പി ഒന്നിനു വില ക. ൨—൰—൦.

അശോകാരിഷ്ടം.

സ്ത്രീകൾക്കു തെറ്റിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടെ പ്രതിമാസം ഉണ്ടാവുന്ന തീണ്ടാരി, സന്ധുക്കളിൽ വേദന, കാലനിശ്ചയമില്ലാത്ത തിണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയോ ആയ രക്തപ്പോക്ക, മച്ചി എന്ന അവസ്ഥ, ഗർഭാശയസൽ എന്നീ രോഗങ്ങളേയും ശമിപ്പിപ്പാൻ ഒരു സിദ്ധൌഷധം ഇതുപോലെയില്ല. ഇതു ഒരുമാസം വരെ സേവിച്ചാൽ സ്ത്രീകൾക്കു നല്ല ദേഹസൌഖ്യവും അഴകും ഉണ്ടാകും. രണ്ടു ഔൺസ് ജലവും അര ഔൺസു മരുന്നും ചേർത്തു സേവിക്കണം. വിലപെട്ടി ഒന്നിനു ക ൧—൰—൦.

അമൃതമാലകതൈലം.

ഇതു തേച്ചുകുളിക്കാൻ നല്ലൊരു തൈലമാകുന്നു. ഈ തൈലത്തിൽ വളരെ വിലയേറിയ ഔഷധങ്ങളും മറ്റും ചേർത്തിട്ടുണ്ടു. ഇതിനെ ദേഹത്തിൽ പുരട്ടിയാൽ ഓരോരോ ദ്വാരത്തിലും ഈ എണ്ണ പോയി ദേഹത്തിനു നല്ല കായബലത്തേയും ദേഹത്തിലുള്ള സകല വ്യാധിയേയും ശമിപ്പിക്കും. പനിപിടിച്ചവർ ഇതിനെ ഉപയോഗിച്ചാൽ നല്ല ദേഹകാന്തിയേയും പിന്നെ ജ്വരം വരാതെ കണ്ടിരിക്കുകയും ചെയ്യും. ചൊറി ചിരങ്ങു മുതലായ്തിനെ മറ്റും. തലച്ചോറിനെ തണുപ്പിക്കും. കുപ്പി ഒന്നിനു ക ൧—൦—൦. ൧൨-കുപ്പികൾക്കു ക ൯—൰—൦.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക.

R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

കലിയുഗവൃത്ത



(BEGUMSHAHI SOAP)

ബീഗംഷാഹി ആണ്ട് ശെൻഷാഹ് സോപ്പുകൾ.

ഇതു കാരോ വീട്ടിലും ആവശ്യമായ സാധനം. കഞ്ഞി
ണ്ടതില്ല. മുറിയേല്പിക്കില്ല. അധികനേരം വേണ്ട.
തൊരു വേദനയും ഉണ്ടാവില്ല. രോമനിവാരണി എപ്പോ
ഉപയോഗിക്കേണ്ട അധിക കഷ്ടമില്ല. ശരീരത്തിനു
രു കാന്തിയെ ഉണ്ടാക്കും.

൧൨ സോപ്പുകളടങ്ങിയ പെട്ടിക്കു ക. ൧—൧—൦
ഒരു ഡസൻ " " "ക. ൯—൦—൦

(HAIR OILS)

മുടിതൈലങ്ങൾ



വിശനാഥതൈലം	കുപ്പിക്കു	ക.൧-൦-൦
കേലരഞ്ജന തൈലം	"	ക.൦-൧൪-൦
കാമിനി യാ തൈലം	"	ക.൦-൧൪-൦
കന്തളകൌമള തൈലം	"	ക.൦-൧൦-൦
കന്തളകമലന തൈലം	"	ക.൦-൧൦-൦
പൂതനാത തൈലം	"	ക.൦-൧൦-൦
ചന്ദ്രമലാതി തൈലം	"	ക.൦-൧൧-൦
കാമവിലാസ തൈലം	"	ക.൦-൧൦-൦
കേസതാര തൈലം	"	ക.൦-൧൧-൦
പാതഷാഹി തൈലം	"	ക.൦-൧൦-൦
വനിവിഹാർ തൈലം	"	ക.൧-൦-൦

ഇതുകൂടാതെ അനേകതരം തൈലങ്ങളും സുഗന്ധദ്രവ്യങ്ങളും വില്പാൻ തയാറുണ്ട്.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക: R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

ആരോഗ്യനിർണ്ണയം.

അവിചാരിതമായ മരണംമൂലം കുടുംബം നികൃഷ്ടതയിൽ വരാതിരിപ്പാനായി പലരും തങ്ങളുടെ ജീവൻ ഇൻഷ്വർ ചെയ്തിക്കുന്നു പതിവുണ്ടു. പക്ഷേ ആരോഗ്യം നിലനിൽക്കുന്നതിനു വല്ല എളുപ്പാടിലും പ്രവേശിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ അവർ പറയുന്ന ഉത്തരം ഒരിക്കലും തൃപ്തികരമായിരിക്കയില്ല.

ആരോഗ്യമുള്ള ഒരാളാണെങ്കിൽ അയാൾക്കു വളരെ കാലം ജീവിച്ചിരുന്നു കുടുംബത്തിനു ഐശ്വര്യവും സമ്പത്തും വർദ്ധിപ്പിക്കാൻ എളുപ്പമുള്ളപ്പോൾ ജീവനേ ഇൻഷ്വർചെയ്യുന്നതിനേക്കാൾ ശരീരസൌഖ്യത്തെ ഇൻഷ്വർചെയ്യുന്നതാണല്ലൊ പ്രധാനമായതു.

ശരീരസുഖം നിലനിൽക്കത്തക്കതായ
നല്ല വഴി ഇന്നു ഏതാണുള്ളതു?

കോളാട്രോണിക്ക്. കോളാട്രോണിക്ക്

എല്ലാ പോഷകസാധനത്തേക്കാൾ മെച്ചമായതും നാടിഞരമ്പുകൾക്കു പറ്റിയതും ഇതുതന്നെ.
ഉടനെ പരീക്ഷിച്ചു ഗുണദോഷമറിക.

കോള—അതിശയകരമായ മാറ്റം
കോള—തലച്ചോറിനുള്ള പോഷകം.
കോള—മദ്യത്തിന്റെ വിരോധി.
കോള—പ്രത്യേകം ഗുണം തരും.
കോള—ഉന്മേഷം കൂട്ടും
കോള—യൌവനക്കാർക്കും വയസ്സന്മാർക്കും ഫലപ്രദം.

നല്ല ഗ്ലിസറിൻ അടങ്ങിയ കുപ്പിക്കു വില രൂ. തപാൽ ചിലവ് ൧—ണ.
ഇന്നുതന്നെ ആവശ്യപ്പെടുക.

DR S. K. BURMAN,
5, 6, TARACHAND DUTT'S STREET,
CALCUTTA. No 7.

പുതിയപുസ്തകം.

വൃത്താന്തപത്രപ്രയത്നം. — വർത്തമാനപത്രങ്ങളുമായി ഏതൊരു വിധത്തിലുംബന്ധമുള്ളവരൊക്കെ വായിച്ചിരിയേണ്ട സംഗതികൾ ഇതിലുണ്ടു. വില. രൂ. കൂ; തപാൽകൂലി ൨. ണ

ടില്ലിടർബാർ— ജോർജ്ജ ചക്രവർത്തി തിരുമനസ്സിലെ പട്ടാഭിഷേകം പ്രമാണിച്ചു, അനേകം സംഗതികളുടക്കിഎഴുതിയ ഇല്ലസ്ട്രേഷൻ, ദർബ്ബാർകണ്ടിട്ടുള്ളവർക്കും കൂടിഉപകാരപ്പെടും. വില: ൧-ാം ഭാഗം ൩. ണ. ൨-ാം ഭാഗം ൩. ണ.

ആചാര്യാചാരം— മാറിപ്പോയ തിരുവിതാംകൂർദിവാൻ മിസ്റ്റർ പി. രാജഗോപാലാചാര്യരവർകളുടെ അഞ്ചുകൊല്ലത്തെ ഭരണം. ചുരുക്കിയ വില ൧ണ. മാത്രം.
'ആത്മപോഷിണി' ആപ്പീസിൽ കിട്ടും

ആത്മപോഷിണി

പുസ്തകം ൪ | ക്രാന്തം വൃശ്ചികം | ലക്കം ൨

മലയാളത്തിന്റെ ഉൽപത്തി

I

ലക്ഷിന ഇന്ത്യയുടെ പൂർവ്വകാലചരിത്രത്തിൽ താല്പര്യംവച്ചുകൊണ്ടിരിക്കുന്നവരുടെ, എന്നുമാത്രമല്ല, പ്രത്യേകിച്ചു, മലയാളികളുടെ ശ്രദ്ധയെ ആകർഷിക്കുന്നതായ ഒരു *ഇംഗ്ലീഷ പുസ്തകം ഈയിട പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു. തമിഴ്ജനങ്ങൾ, അവരുടെ ജാതിവിഭാഗങ്ങൾ, തമിഴ് ഭാഷ, സാഹിത്യം, വിദ്വത്സമാജങ്ങൾ, ആൾവാർമാർ, മലയാളത്തിന്റെ ഉൽപത്തി, പാണ്ഡ്യരാജാക്കന്മാർ, അഗസ്ത്യരുടെ വ്യാകരണം, മാണിക്കവാചകർ, തീയൻ— ഇങ്ങിനെ പലേ വിഷയങ്ങളെ പ്രതിപാദിച്ചു, മധുരാതമിഴ് സംഘത്തിലെ ഒരംഗമായ എം. ശ്രീനിവാസഅയ്യങ്കാർ, എം. എ. അവർകൾ എഴുതിട്ടുള്ള Tamil Studies എന്ന പുസ്തകത്തിന്റെ സാമാന്യം ദീർഘമായ ഒന്നാം ഭാഗം മാത്രമാകുന്നു ഇപ്പോൾ പുറപ്പെട്ടിട്ടുള്ളതു. ഗ്രന്ഥകർത്താവു പ്രസ്താവനയും ക്രൻഥപരിചയവും മദിരാശി കാലേജിലെ മാദ്ധ്യാപകന്മാർ ചെയ്തിരിക്കുന്ന അഭിപ്രായങ്ങളും ചേർത്തിട്ടുള്ള ഈ പുസ്തകത്തിന്റെ ആകെ വിലയോ ൪ രൂപാ മാത്രമാകുന്നു. ഇതിൽ ഒന്നാം ഭാഗത്തിന്റെ വിലയോ ൨ രൂപാ മാത്രമാകുന്നു. ഇത്ര വിലയേറിയ പുസ്തകം വാങ്ങുവാൻ പലർക്കും സാധിക്കുന്നതല്ലാത്തതുകൊണ്ടും, ഇതിലെ വിഷയങ്ങൾ പലതും നമ്മുടെ ഭാഷയുടെ ചരിത്രത്തിൽ വളരെ പ്രധാനമായിരിക്കുന്നതുകൊണ്ടും, ഇതിലെ പ്രധാനഭാഗങ്ങളെ ഇവിടെ ചുരുക്കി പ്രസിദ്ധപ്പെടുത്തുന്നതു ഉചിതമായിരിക്കുമെന്നു വിചാരിച്ചു ഞാൻ ഈ ലേഖനം എഴുതുവാൻ തുടങ്ങുന്നു.

TAMIL STUDIES
BY
M. Srinivasa Ayangar, M. A.

ലെയും ക്രൻഥപരിചയത്തിലെയും മദിരാശി കാലേജ് മാദ്ധ്യാപകന്മാരുടെ അഭിപ്രായങ്ങളിലെയും ചില ഭാഗങ്ങൾ ഞാൻ ഇവിടെ ചേർക്കുന്നതിലും, 'ഡിസ്ട്രിക്ട് ഗസറീയർ' എന്ന ജില്ലാചരിത്രങ്ങൾ പരിശോധിച്ചു പുതുക്കുന്നതിലും ഏർപ്പെട്ടിരുന്ന കാലങ്ങളിൽ, തമിഴ് ജനങ്ങളേയും മറ്റും കുറിച്ചുള്ള അനേകം പ്രമാണഗ്രന്ഥങ്ങൾ വായിപ്പാൻ സംഗതിയായതുവഴിക്കാകുന്നു, ഈ പുസ്തകത്തിന് ആവശ്യമായ വിവരങ്ങൾ ഗ്രഹിച്ചതെന്നു പറയേണ്ടതുകൊണ്ടു, ഇതു 'വായിൽവന്നതു കോതയ്യപാട്ടു' എന്ന സമ്പ്രദായത്തിൽ എഴുതിപ്പിടിപ്പിച്ചതല്ലെന്നു വിശ്വസിക്കാം. ഇങ്ങനെയാണെങ്കിലും, അന്യന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്നു കാരോരോ ഖണ്ഡങ്ങൾ മുറിച്ചെടുത്തു അതേപ്രകാരത്തിൽത്തന്നെ തുന്നിക്കെട്ടിച്ചമച്ചതല്ലാ ഇപ്പുസ്തകം, എന്നു, അടിമുതൽ മുടിവരെ, വായിച്ചാൽ ആക്ഷേപം സ്പഷ്ടമായും. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ സ്വന്തം യുക്തികളാൽ ശോധനചെയ്തു, വായനക്കാർക്കു കൗതുകജനകമായുള്ള പല നൂതനാഭിപ്രായങ്ങളേയും ഈ പുസ്തകത്തിലെങ്ങും ഗ്രന്ഥകർത്താവു വിതറീ

ട്ടുള്ളതു മേല്പറഞ്ഞതിനു ഒരുലക്ഷ്യമാകുന്നു. വിചാരണാഘട്ടങ്ങളായ അന്തരം അഭിപ്രായങ്ങളെല്ലാം ഇവിടെ പ്രസ്താവിപ്പാൻ തക്കതാണെന്നിരുന്നാലും, ഈ അവസരത്തിൽ, മലയാളത്തെസംബന്ധിച്ചുള്ള ഉപന്യാസത്തെ മാത്രമേ വിമർശം ചെയ്യാൻ ഞാൻ ഭാവിക്കുന്നുള്ളൂ. മലയാളം, മലബാർ എന്നീ പദങ്ങളുടെ ആഗമം, കേരളത്തിലെ ജനങ്ങൾ, നായന്മാരുടെ ഉത്ഭവം, മലയാളഭാഷയുടെ ഉൽപത്തി, സാഹിത്യത്തിന്റെ നില, മലയാളഭാഷയുടെ വ്യാകരണം, ശബ്ദസമുച്ചയം— ഇങ്ങിനെയുള്ള വിഷയങ്ങളെപ്പറ്റി ആലോചനാഘട്ടങ്ങളും, ഇടയ്ക്കിടയ്ക്കു ഫാസജനകങ്ങളും ആയ സിദ്ധാന്തങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നതുകൊണ്ടാകുന്നു, മേല്പറഞ്ഞ ഉപന്യാസം നമ്മുടെ വിശേഷശ്രദ്ധയ്ക്കു പാത്രമായ്തീരുന്നതു. നായർവർഗ്ഗത്തിന്റെ ഉത്ഭവം, തമിഴ്വെള്ളാളന്മാർ, ചക്കാന്മാർ, വാണിയന്മാർ, എരുമന്മാർ, കണിശന്മാർ, തമിഴ് ഈഴവപ്പണിക്കന്മാർ തുടങ്ങിയ പല തമിഴ്ജാതിക്കാരിൽ നിന്നാണെന്നും; മലബാറിലെയും തിരുവിതാംകൂറിലെയുംനാടുവാഴികൾ (കോഴിക്കോട്ട സാമൂതിരിയെപ്പോലെ) കോയമ്പുത്തൂരിലെ പൊഗൊണ്ടാൻ എന്ന ഇടയവർഗ്ഗത്തിൽ ഉൾപ്പെട്ടവരായിരുന്നു എന്നും; തമിഴ് ഇടയന്മാരിൽ ചിലർ ക്ഷത്രിയസാമന്തന്മാരായിത്തീർന്നിട്ടുണ്ടെന്നും; കേരളത്തിൽ, (ഇപ്പോഴത്തെ മലബാറിലും കൂടി,), തമിഴ്ജനങ്ങളായിരുന്ന മൻകാലത്തു പാർത്തിരുന്നതുതന്നെ, മറ്റുമുള്ള അഭിപ്രായങ്ങൾ മലയാളികളുടെ ദൃഷ്ടിയെ ആകർഷിക്കേണ്ടവയാണെന്നതിൽ സംശയമില്ലല്ലൊ. ആവക അഭിപ്രായങ്ങളെ വഴിക്കുവഴിയായി വിമർശം ചെയ്യാം.

ഒന്നാമതായി, 'മലയാളം' എന്ന പദത്തിന്റെ ആഗമത്തെപ്പറ്റി ആയ്കാരവർകൾ വിചാരണചെയ്തിരിക്കുന്നതിൽ നിന്നു ഗ്രഹിക്കേണ്ടതു, മേല്പടി പദം ഭാഷയെ സൂചിപ്പിക്കുന്നതല്ല, ദേശത്തെ സൂചിപ്പിക്കുന്നതാകുന്നു, എന്നാണു". അദ്ദേഹം ഇപ്രകാരം പറയുന്നു: "മലയാളം എന്ന വാക്കിന്റെ ആഗമം മറവിൽപെട്ടുകിടക്കുന്നു; ഔചിത്യം വിചാരിച്ചാൽ, അതു ദേശസംജ്ഞയാകുന്നു; ഭാഷയുടെ പേരല്ല. പ്രാചീനകാലത്തിലോ, മധ്യമകാലത്തിലോ ഉള്ള തമിഴ്സാഹിത്യത്തിൽ, മേല്പടി പദത്തിനു പ്രവേശമേ ഇല്ല. പടിഞ്ഞാറെക്കരയിൽ പാർക്കുന്ന ജനങ്ങൾ അവരുടെ വീട്ടിലുപയോഗിക്കുന്ന ഭാഷയ്ക്കു 'മലയാഴ്മ', അല്ലെങ്കിൽ, 'മലയാഴ്മ' എന്നു പേർപറഞ്ഞുവരുന്നു". ഇങ്ങിനെ പ്രസ്താവിച്ചശേഷം, 'മലയാളം', 'മലയാഴ്മ' എന്ന വാക്കുകളുടെ അർത്ഥത്തെക്കുറിച്ചു അഭിപ്രായപ്പെടുന്നതായിതു:— "ഈ വാക്കുകൾ രണ്ടും രണ്ടു മലയാള— അഥവാ, തമിഴ്— പദങ്ങൾ ചെന്നുണ്ടായവയാണു: ഒന്നു, പർവ്വതമെന്നർത്ഥമായ മല; പിന്നെ മറ്റതു, ഗർവമേണ്ടു', അഥവാ ഭരണം എന്നർത്ഥമായ 'ആളം', അല്ലെങ്കിൽ 'ആൾമ'. ഭരിക്കുക എന്നർത്ഥമായ 'ആൾ' എന്ന ക്രിയാപദത്തോടു 'അം' എന്നും 'മ' (മൈ) എന്നും തദ്ധിതപ്രത്യയങ്ങൾ ചേർത്തിട്ടാകുന്നു 'ആളം' 'ആൾമ' എന്നപദങ്ങൾ ഉണ്ടായിട്ടുള്ളതു."

ആയ്കാരവർകളുടെ ഈ യുക്തിവാദം, 'മലയാളം' എന്നതിനെക്കുറിച്ചു സാധാരണ

യായി അംഗീകരിച്ചവരുന്നു വ്യാഖ്യാനത്തെ നിരസിക്കുന്നു എന്നു സ്പഷ്ടമാണല്ലൊ. "മലകളുള്ളതും ആഴത്തിൽ(താഴ്വയിൽ) കിടക്കുന്നതും ആയ നാടാകുന്നു മലയാളം, എന്ന അർത്ഥം ശരിയല്ല" — എന്നു അദ്ദേഹം പറയുന്നു. മലയ്ക്കും ആഴത്തിനും(കടലിനും) ഇടയിലുള്ള നാടാണ് മലയാളം, എന്ന അർത്ഥം സ്വീകാര്യമല്ലെന്നാണു അദ്ദേഹത്തിന്റെ അഭിപ്രായം. ഇതു ശരിയായാലും, തെറ്റായാലും,

"മലയാഴികളിടയായൊരു
മലയാളമിതു."

ഇത്യാദിയായി, പണ്ടത്തെ വിദ്വാന്മാർ എഴുതിട്ടുള്ള പരമ്പരാഗതപ്രമാണങ്ങളെ യുക്തിഭംഗദോഷം ആരോപിച്ചു തള്ളിക്കളവാൻ ന്യായംകാണുന്നില്ല. 'മലയാളം' എന്ന പദത്തിന്റെ അർത്ഥവിചാരം ചെയ്യുമ്പൊൾ, ആര്യന്മാർവർകും മല+ആളം, എന്ന പദം പിരിക്കയും, 'ആളു'ത്തിനു ഇംഗ്ലീഷിൽ 'ഗവർമേണ്ടു' എന്ന അർത്ഥം പറകയും ചെയ്തിരിക്കുന്നു. എന്നാൽ, ഗവർമേണ്ടു എന്ന വാക്കിനു, ഭരണം എന്നുമാത്രമോ, അതല്ല, രാജ്യം, സംസ്ഥാനം എന്നോ, ഏതർത്ഥമാണു വിവക്ഷിച്ചതെന്നു ഉപന്യാസത്തിൽ വ്യക്തമാക്കീട്ടില്ല. മല-ഗവർമേണ്ടു, അതായിതു മലരാജ്യം, എന്നാകുന്നു അർത്ഥമാക്കീട്ടുള്ളതെങ്കിൽ, കേരളത്തിൽ ജനങ്ങളും അവരുടെ നാഥന്മാരും ആഭൂതരകലഹങ്ങളിൽ പെട്ടിരുന്ന ആ പഴയകാലത്തു, ഗവർമേണ്ടു എന്ന സുസ്ഥാപിതമായ ഒരു പ്രതിഷ്ഠ ഉണ്ടായിരുന്നു എന്നു പറയുന്നതു ഏറക്കുറെ അനുചിതമായിരിക്കും. പക്ഷേ, 'മലനാടു' എന്ന പര്യായശബ്ദത്തിന്റെ രൂപാന്തരമായിരിക്കാം, മിസ്റ്റർ അയ്യങ്കാരുടെ ഉള്ളിൽ 'ആളു' ശബ്ദത്തിനു ഗവർമേണ്ടു' (രാജ്യം, നാടു) എന്ന അർത്ഥം തോന്നിച്ചതു. അങ്ങിനെയല്ല, മലയുടെ ഭരണത്തിലുള്ള, അതായിതു മലകൾ പ്രധാനമായുള്ള പ്രദേശമാകുന്നു മലയാളം, എന്നോ അദ്ദേഹം അർത്ഥമാക്കീട്ടുള്ളു എങ്കിൽ, അതു ഒരുവിധം സമാധേയമായിക്കുന്നതാം. ഏതായാലും, 'മലയാളം' മല+ആളം (ഗവർമേണ്ടു, രാജ്യം, നാടു) ആണെന്നോ, പർവ്വതപ്രധാനമായ ദേശം ആണെന്നോ ഉള്ള യുക്തി സ്വീകാര്യമെങ്കിൽ, മലയ്ക്കും ആളത്തിനും (ആഴത്തിനും, കടലിനും) ഇടയിലുള്ള നാടാകുന്നു, എന്ന യുക്തിയും, അതിനൊപ്പമോ, അതിലധികമോ ഗ്രാഹ്യംതന്നെയാണു. പിന്നെ, ഒന്നാലോചിപ്പാനുള്ളതു', 'ആളം' എന്ന പദത്തെക്കുറിച്ചാകുന്നു. 'ആൾ' എന്ന ഭരണാർത്ഥകമായ ധാതുവിൽ, 'അം' പ്രത്യയം ചേർത്തു 'ആളം' എന്ന ക്രിയാനാമം ഉണ്ടാക്കുക തമിഴിൽ സാധുവായിരിക്കുമെങ്കിൽ, 'ആഴുന്നു' എന്ന ക്രിയയിൽനിന്നു 'അ:' പ്രത്യയം ചേർത്തു 'ആഴം' അല്ലെങ്കിൽ 'ആളം' എന്ന നാമപദം നിർമ്മിക്കുക മലയാളത്തിലും സാധുവാകുന്നു. ദ്രാവിഡഭാഷയിൽ, 'ഴ' കാരത്തിനു 'ള' കാരം വ്യത്യയമായി വരുക സാധാരണമാണല്ലൊ. മലയാളികളുടെ 'വാഴപ്പഴം' തമിഴരുടെ 'വാളപ്പളം' ആയിത്തീരാറില്ലേ? എന്നുമാത്രമല്ല, സ്വരവ്യതിരിക്തമായ 'ഴ'വിനു പകരം, സ്വരവ്യതിരിക്തമായ 'ള', അതായിതു 'ൾ' എന്നും, 'ഡു' എന്നതിനു പകരം 'ൺ' എന്നും, മറിച്ചും, സന്ധികാ

ത്തുമായി മലയാളത്തിൽ വ്യത്യയം നടക്കുന്നുണ്ട്. കാണുന്നു എന്ന ക്രിയാപദത്തിന്റെ വേരായ 'കാൺ' എന്നതിനൊട് 'ച' എന്ന പ്രത്യയംചേർത്തുണ്ടാക്കുന്ന പദം 'കാൺച' അല്ല, 'കാഴ്ച' എന്നാണല്ലൊ. ഇതിനെത്തന്നെ ചിലർ 'കാഠ്ച' ആയിട്ടും ഉപയോഗിക്കുന്നു. ഇതിന്നുണ്ണും, 'വേഠ്' ധാതുവിനൊട് 'ച' ചേർത്തുണ്ടാക്കുന്ന 'വേഠച'യെ 'വേഴ്ച' ആയി പ്രയോഗിക്കുന്നില്ലെ? നേരേമറിച്ചു, 'താഴ്ച'യെ 'താഠച' ആയിട്ടും; 'കീഴ്' 'കീഠ്' ആയിട്ടും പ്രയോഗിക്കുന്നതുകൊണ്ടു, 'ഴ്' കാരത്തിനു 'ള്' കാരവ്യത്യയവും വരുമെന്നു തെളിയുന്നു. ഈസ്ഥിതിക്കു, 'ആഴം' (താഴ്ച) 'ആളം' ആയി മാറിപ്പോവാൻ ധാരാളംന്യായമുണ്ടു; 'ആളത്തിനു ആഴം എന്ന അർത്ഥം ശരിയല്ലെന്നു അയ്യങ്കാരവർകളും അഭിപ്രായപ്പെട്ടുന്നതിനെ തൃജിക്കേണ്ടതായും വരുന്നു.*

ഇനി 'ആഴ്ച'യെപ്പറ്റി ആലോചിക്കേണ്ടിയിരിക്കുന്നു. 'ആഴ്ച' എന്ന പദം 'ആഠം'സ്സ് പദകരം തെറ്റായി പ്രയോഗിച്ചിരിക്കയാണെന്നു അയ്യങ്കാരവർകളും പറയുന്നുണ്ട്. എങ്കിലും, അതിനെ അബദ്ധപദമായി ഗണിക്കേണ്ടുന്ന ന്യായമെന്തെന്നു അദ്ദേഹം വെളിവാക്കീട്ടില്ല. എന്നാൽ, മുൻപറഞ്ഞ 'ഴ്'കാര'ള്'കാരവ്യത്യയത്താൽ 'ആഠമ'സ്സ് 'ആഴ്ച' എന്ന രൂപഭേദം വരാവുന്നതാണെന്നു നാം കണ്ടുവല്ലൊ. എന്നുമാത്രമല്ല, 'ള'കാരത്തിനു 'ണ'കാരം വ്യത്യയമായി, 'മലയാണ്മ' എന്നുകൂടി പ്രയോഗം ഉണ്ടു. പിന്നെ, 'മലയാഴ്മ' എന്നതു ഉച്ചാരണദൂഷ്യത്താലുണ്ടായതു മാത്രമാകുന്നു. അതങ്ങിനെയിരിക്കട്ടെ. 'ആഠ' ധാതുവിൽ നിന്നുണ്ടാക്കുന്ന ഭരണാത്മകമായ ക്രിയാനാമപദങ്ങളിൽവച്ചു, 'ആഴ്ച'യോളം പ്രചാരം 'ആളത്തി'നുള്ളതായി അറിയുന്നില്ല. 'ഉരാഴ്ച', മുതലായ പദങ്ങൾ നടക്കുന്നുണ്ടെങ്കിലും, 'ഉരാളം' എന്ന രൂപത്തിൽ പ്രയോഗം കാണുന്നില്ല. ഇനി ഉത്സംഗതി പ്രസ്താവയോഗ്യമായിട്ടുണ്ടു: 'ആഴ്ച'യെ 'ആഠ' ധാതുവിൽനിന്നു വ്യുൽപാദിപ്പിക്കുന്നതു പോലെതന്നെ, താഴ്ചയിലാവുന്നു എന്നർത്ഥമായ 'ആഴ്' ധാതുവിനൊട് 'മ' പ്രത്യയം ചേർത്തും ആഴ്മ എന്നനാമപദമുണ്ടാക്കാം. താഴ്ന്നു എന്ന ക്രിയയിൽനിന്നു 'താഴ്ച' ഉണ്ടായിട്ടുള്ളതിനൊപ്പം, 'ആഴ്ന്നു'വിൽ നിന്നു 'ആഴ്ച'യും ഉണ്ടാവുന്നു. അപ്പൊൾ, 'ആഴ്മ'സ്സു ആഴം എന്നർത്ഥം പറകയും; 'മലയാഴ്മ', മലസ്സും ആഴ്മസ്സും (ആഴത്തിനും=കടലിനും) ഇടയിലുള്ള ദേശമാണെന്നു വ്യാഖ്യാനിക്കയും ചെയ്യാം. ഇങ്ങിനെ നോക്കുമ്പോൾ, 'മലയാളം', 'മലയാഴ്മ' എന്ന പദങ്ങൾ രണ്ടിനും മല+ഗവർമേണ്ടു(രാജ്യം), അഥവാ, ഭരണം, എന്ന കരഅർത്ഥം കല്പിക്കുമ്പോലെതന്നെ, മല+ആഴം, എന്ന അർത്ഥവും ഉന്നയിക്കുമെന്നു തെളിയും. എന്നാലിനി, ജനതതിയുടെ പ്രാചീനകാലത്തെ സ്ഥിതി അനുസരിച്ചു, ഏതർത്ഥമാണു അധികം ഗ്രാഹ്യമെന്നു ആലോചിക്കേണ്ടിവരുന്നു. ഭാഷയുടെ അന്നത്തെ അപരിഷ്കൃതമായ ബുദ്ധിഗതിയെ ചിന്തിച്ചാൽ, അവർക്കു ഭൂപ്രകൃതിയെ ആസ്പദീകരിച്ചു, മലസ്സും ആഴത്തും

* മല+അളം=മലയളം, എന്നതു കാലാന്തരത്തിൽ 'മലയാളം' എന്നു മാറിയതായും യുക്തിവാദം ചെയ്യാവുന്നതാണല്ലൊ.

ത്തം ഇടവിലുള്ള നാട്ടു എന്നൊരു ബോധം ഉണ്ടായുന്നതിനു തുല്യമായി, ഭൂഭരണത്തെ സംബന്ധിച്ച വിചാരം പ്രഥമത ഉണ്ടായുമോ എന്നു സംശയമായുന്നു. അകപ്പാടേ, അയ്യങ്കാരവർകൾ, മലനാട് എന്ന അർത്ഥം സ്ഥാപിപ്പാൻ വേണ്ടി, 'ആളുത്തിനും (ആഴ്ച്ചയ്ക്കും ഗവർമേണ്ടു (ഭരണം) എന്ന അർത്ഥം മാത്രം കൈക്കൊണ്ടതും, ആഴം എന്ന അർത്ഥത്തെ അബദ്ധമെന്നു സ്വീകരിച്ചതും യുക്തമായില്ലെന്നു പറയേണ്ടിയിരിക്കുന്നു.

വേണമെങ്കിൽ, 'മലയാഴ്മ'യ്ക്കു മലയന്മാരുടെ ആഴ്മയിലുള്ള നാട് (മലയ+ആഴ്മ) എന്നുകൂടി വ്യാഖ്യാനിപ്പാൻ ന്യായമില്ലാഞ്ഞിട്ടില്ല. തമിഴർ കുടിയേറിപ്പാർക്കുമുമ്പു ഈ നാട്ടുകളിൽ സപ്രമാദമായി അധികാരം പ്രയോഗിച്ചിരുന്ന ജനങ്ങൾ ഇപ്പോൾ മലങ്കാട്ടുകളെ ആശ്രയിച്ചിരിക്കുന്ന മലയന്മാർ തുടങ്ങിയ കാട്ടുജാതിക്കാരായിരുന്നുവല്ലോ. ദ്രാവിഡരുടെ പ്രവേശത്തോടുകൂടി, ഈ പ്രാചീനനിവാസികൾ മലകളിലെക്കു കുടിയൊഴിഞ്ഞു; മലയിൽ പാർപ്പുകാരായ ഇവർക്കു 'മലയർ' എന്ന പേർ വിളിപ്പാൻ ന്യായമുണ്ടു. വിശേഷിച്ചും, ഈ ആദിമനിവാസികൾ മലയാളപഠിപിലെ നെഗ്രോ (Negrito) വർഗ്ഗക്കാരുടെ സജാതീയരാണെന്നു കരുതുന്നവരുടെ അഭിപ്രായവും ഉണ്ടു. എന്തായാലും, ഈ ജനങ്ങളുടെ അധിനതയിലിരുന്ന നാടിനു മലയ+ആഴ്മ=മലയാഴ്മ എന്ന പേർ ഉചിതം തന്നെയായിരിക്കും. എന്നാൽ ഈ യുക്തിവാദത്തെ ഗൗരവഭാവനയിൽ സ്വീകരിക്കേണമെന്നു ഞാൻ അവശ്യപ്പെടുന്നില്ല; അയ്യങ്കാരവർകളുടെ, മലനാ+ഗവർമേണ്ടു, അഥവാ ഭരണം, എന്ന അർത്ഥകല്പനയിൽ അടങ്ങിയ യുക്തി സാധുവെങ്കിൽ, അതിനെക്കാളും സാധുകരിക്കപ്പെടുവുന്ന ഒരു യുക്തി ഇങ്ങിനെയും ഉണ്ടെന്നുകാണിപ്പാൻ മാത്രമാണു ഈ വാദം പുറപ്പെടുവിച്ചതുകൊണ്ടു.

'മലബാർ'-എന്ന പദത്തിന്റെ ആദ്യഭാഗം 'മലവാർ' (Malavar) എന്ന സംസ്കൃതത്തിൽ നിന്നോ, 'മലബാർർ' (Malabarr) എന്ന അറബിവാക്കിൽ നിന്നോ ആകുന്നു എന്നാണു അയ്യങ്കാരവർകൾ പറയുന്നതു. 'മലവാർ' എന്നതു സംസ്കൃതമാണെന്നു അദ്ദേഹം പ്രസ്താവിച്ചതു എന്തു ന്യായത്താലാണെന്നറിയുന്നില്ല. പുസ്തകത്തിലെ അച്ചടിപ്പിഴകളുടെ കൂട്ടത്തിൽ അതിനെ ഉൾപ്പെടുത്തീട്ടുമില്ല. തമിഴിൽ വ്യുൽപത്തിയിരിക്കേ സംസ്കൃതം എന്നെഴുതിയതു പ്രമാദംകൊണ്ടാണെന്നു സമ്മതിക്കാത്തപക്ഷത്തിൽ, ആ വാക്കിനെ സംസ്കൃതശബ്ദങ്ങളായി പിരിച്ചു അർത്ഥം പറവാൻ അദ്ദേഹം ബുദ്ധിമുട്ടുന്നു. 'മലബാർ' എന്നാൽ, മലനാട്, പർവ്വതപ്രദേശം, എന്നർത്ഥമാണെന്നു അദ്ദേഹം പറയുന്നുണ്ടു. സംസ്കൃതത്തിൽ, പർവ്വതത്തിനു മല എന്ന പര്യായമോ, വാരശബ്ദത്തിനു പ്രദേശം, സ്ഥലം, നാട് എന്നൊക്കെയുമർത്ഥമോ നാടുപ്പുള്ളതായി അറിയുന്നില്ല. മല+വാരം, അതാവിതു മലയുടെ ചുവട്ടിലുള്ള ദേശം; എന്നു അർത്ഥം തമിഴിലില്ലെങ്കിൽ മലയാളഭാഷയിൽ സാധിക്കാമെന്നിരിക്കുമ്പോൾ, ഈ സംഗതിയെ അദ്ദേഹം വിസ്മരിച്ചതിൽ അനൗചിത്യം തോന്നുന്നു. എങ്ങിനെയായാലും, കേരളത്തിനു (ചേരരാജ്യത്തിനു) 'മലബാർ' എന്ന പേർ പ്രാചീനകാലത്തുണ്ടായിരുന്നില്ലെന്നു തെളി

ഠം വിസ്മരിക്കുന്നുണ്ട്. തമിഴ്കൃതികളിലും മലയാളഗ്രന്ഥങ്ങളിലും 'മലനാട്', 'മലമണ്ഡലം' എന്നു വർണ്ണിക്കപ്പെട്ടിട്ടുള്ള കേരളദേശത്തെ പ്രാചീനശ്രീകണ്ഠനും 'ദമൂരിക്കെ' (Dimurike) അഥവാ, 'തമിളകം' എന്നും, കേരൊബോത്രാസ്', (Kerobothras) അതായിതു, ചേരരാജ്യം എന്നും അയിരുന്നു വിളിച്ചുവരുന്നതു; കേരളത്തിനെ 'മലബാർ' എന്ന പേർ മദ്ധ്യകാലങ്ങളിൽ നടപ്പായി. എന്നാൽ ഈ പേരിനെ യൂറോപ്യന്മാർ ചിലർ, തമിഴ് ഭാഷയെ ഉദ്ദേശിച്ചും ഉപയോഗിച്ചിരുന്നു എന്നു അയ്യങ്കാരവർകൾ പറയുന്നു:— "ഏകദേശം പതിനാറാം നൂറാണ്ടിന്റെ അവസാനത്തോട്ടു, ഇക്കഴിഞ്ഞ ശതാബ്ദത്തിന്റെ ആരംഭദശവരെ, തമിഴ് ഭാഷയെ 'മലബാർ' ഭാഷയെന്നായിരുന്നു യൂറോപ്യന്മാർ ധരിച്ചിരുന്നതു എന്നാലിതു, 'മലബാർ' ശബ്ദത്തെ അബദ്ധമായി പ്രയോഗിച്ചിരിക്കുന്നതാണെന്നു പാശ്ചാത്യവിദ്വാന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു."— ഇങ്ങിനെയാണെങ്കിലും, അയ്യങ്കാരവർകൾ ആ അഭിപ്രായത്തിൽ യോജിക്കുന്നില്ല. ഇക്കാലത്തെ മലബാർഭാഷ തമിഴാണെന്നു പറവാൻ പാടില്ലെന്നിരുന്നാലും, യൂറോപ്യന്മാർ, തമിഴ് ഭാഷയെ 'മലബാർ' ഭാഷയെന്നു വിളിച്ചുതുടങ്ങിയ പണ്ടേക്കാലത്തു, സംഭാഷണത്തിൽ ഉപയോഗിച്ചിരുന്ന തമിഴും മലയാളത്തിനും തമ്മിൽ ശ്രുഭേദം എന്നൊന്നുണ്ടായിരുന്നില്ല എന്നും; അതിനാൽ, അക്കാലത്തു ഈ ഭാഷകൾ രണ്ടിനെയും 'മലബാർ' ഭാഷ എന്നു വിളിപ്പാൻ ന്യായമുണ്ടായിരുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. (തുടരും)

—കേ. രാമകൃഷ്ണപിള്ള, ബി. എ.

ഓണം

ഓഗസ്റ്റ മക്കിടകത്തിൽ 'കേരളസഞ്ചാരി' പത്രത്തിൽ ഓണത്തെപ്പറ്റി ഞാൻ ഒരു ലേഖനം എഴുതിയിരുന്നു. എന്റെ ലേഖനം ചരിത്രസംബന്ധമായ മേഖകളെ പരിശോധിച്ചു എഴുതിയതായിരുന്നു. ചരിത്രസംബന്ധമായ ചില സംഗതികളുടെ ഒക്കെയെ നിലനിത്തിവരുന്നതാണു ഓണത്തിന്റെ മുഖ്യോദ്ദേശം എന്നു ഞാനതിൽ സമർത്ഥിച്ചിരുന്നു. അക്കാലത്തു, പ്രായംകൊണ്ടും, പാണ്ഡിത്യംകൊണ്ടും പരിപാകംവന്നിട്ടുള്ള ഒരു *യോഗ്യൻ എന്റെ ലേഖനം വായിക്കയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, കേരളചരിത്രവും ഓണവുമായിട്ടു യാതൊരു സംബന്ധവുമില്ല. പുരാണപ്രസിദ്ധമായിട്ടുള്ള ഒരു ദിനമാണു ഓണം എന്നായിരുന്നു അദ്ദേഹം എന്നോടുപറഞ്ഞതു. ഓണം വാമനാവതാരദിവസമായതുകൊണ്ടു ആ അവതാരത്തിന്റെ ഓർമ്മയ്ക്കാണു അതിനെകൊണ്ടാടിവരുന്നതു എന്നാകുന്നു കേരളത്തിൽ ദേശ്യവിദ്വാന്മാരുടെ മതം. വാമനാവതാരത്തിന്റെ ചുരുക്കവിവരം ഇവിടെ കൊടുക്കേണ്ടതായിരിക്കുന്നു.

---

* ഇദ്ദേഹം നല്ല സംസ്കൃതപണ്ഡിതനും, ദേശാചാരങ്ങളും മതാചാരങ്ങളും വഴിപോലെ അനുഷ്ഠിക്കുന്നവനും, അറിയുന്നവനുമാണു. ഇദ്ദേഹത്തെ ദേശ്യവിദ്വാന്മാർക്കു ഒരു മാതൃകയാണെന്നു പറയാം. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിലെ തെറ്റുകൂടിയാണു ഈ ലേഖനത്തിൽ അടങ്ങിയിരിക്കുന്നതു.

സാദ്ധാദശീ ശ്രവണപുണ്യദിനേ ഭവന്തം.”

(നാരായണീയം)

ഭഗവാൻ ശ്രവണദ്വാദശിദിവസം—തിരുവോണവും, ശുക്ലപക്ഷദ്വാദശിയും കൂടിയ ദിവസം—അദിതി പുത്രനായ വാമനനായി അവതരിച്ചു. ചിങ്ങമാസത്തിലെ കറുത്തവാവു കഴിഞ്ഞുവരുന്ന തിരുവോണത്തിൻ നാളിലാണു വാമനാവതാരം. ശ്രവണദ്വാദശി ചിലപ്പോൾ, ചാന്ദ്രമാസത്തിന്റെ ഏറ്റക്കുറച്ചിൽ നിമിത്തം, കന്നിമാസത്തിലും വരാറുണ്ടു. എന്നാൽ അധികം ചിങ്ങമാസത്തിലായിരിക്കും. പക്ഷെ മലയാളികൾ സൌരമാസത്തെയാണു കാര്യമായി ആചരിച്ചുവരുന്നതു. അങ്ങിനെ, അവർ പണ്ടുമുതലേടണ്ടു, ചിങ്ങമാസത്തിലെ തിരുവോണത്തെ വാമനാവതാരമായി ആചരിച്ചിരുന്നതുകൊണ്ടായിരിക്കും കാരണം ചിങ്ങമാസത്തിലായതു. എന്നാൽ മലയാളികളായ പഞ്ചാംഗകർത്താക്കന്മാർ ചിങ്ങത്തിലെ കറുത്തവാവുകഴിഞ്ഞുവരുന്ന തിരുവോണത്തിന്നാണു പഞ്ചാംഗങ്ങളിൽ വിശേഷദിവസങ്ങളുടെ വകുപ്പിൽ ‘വാമനാവതാരം’ എന്നു എഴുതിവരാറുള്ളതു. വാമനാവതാരത്തെ കേരളത്തിൽമാത്രം ഇങ്ങിനെ ആഘോഷിക്കുവാൻ കാരണമെന്തെന്നും നാം ചിന്തിക്കേണ്ടതാണു.

ഹിന്തുക്കളുടെ വിശേഷദിവസങ്ങളിൽ ചിലതിനു ചില ദിക്കിൽ വിശേഷിച്ചും പ്രാധാന്യം കാണുന്നതു അത്ര അസാധാരണമല്ല. അതിനു പ്രത്യേകം കാരണങ്ങളും കാണുന്നില്ല. ബങ്കാളത്തിലും, ബങ്കാളികൾക്കും നവരാത്രിയും ദുർഗ്ഗാ

മഹാബലി എന്ന *അസുരചക്രവർത്തി ത്രിലോകത്തെയും തന്റെ കീഴിലാക്കി ഭരിക്കുന്നകാലത്തു സ്വർഗ്ഗലോകംകൂടി അദ്ദേഹം പിടിച്ചടക്കുകയാൽ സ്ഥാനഭ്രഷ്ടനായ ഇന്ദ്രനും, അമ്മ അദിതിയും വളരെ വ്യസനിച്ചു. ഒടുവിൽ അദിതി തന്റെ ഭർത്താവായ കാശ്യപപ്രജാപതിയുടെ അടുക്കൽചെന്നു, തന്റെ പുത്രനു വീണ്ടും സ്ഥാനാരോഹണം സാധിക്കേണ്ടതിന്നു വല്ല ഉപായവും ചിന്തിക്കേണമെന്നു പറഞ്ഞു. ഭാര്യയുടെ സങ്കടത്തെക്കണ്ടു, കാശ്യപർ “വിഷ്ണുപ്രസാദസിദ്ധിക്കായി പയോവ്രതം” എന്ന മഹാവ്രതത്തെ അനുഷ്ഠിപ്പാൻ അവളോടു പറഞ്ഞു. അദിതി, പന്ത്രണ്ടു ദിവസം ഈ വ്രതത്തെ അതിതീവ്രമായി അനുഷ്ഠിച്ചു. വ്രതാവസാനത്തിൽ മഹാവിഷ്ണു അദിതിക്കു പ്രത്യക്ഷമായപ്പോൾ, ഭഗവാൻ തന്റെ പുത്രനായി ജനിച്ചു അസുരന്മാരെ ജയിച്ചു, സ്വർഗ്ഗത്തെ തന്റെ പുത്രനായി വീണ്ടും കൊടുക്കണമെന്നു അവൾ പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചപ്രകാരം,

“തം കാശ്യപേ തപസി
സന്നിദധത്താമീം
പ്രാപ്തോസി ഗർഭമദിതേഃ
പ്രണുതാ വിധാത്രാ
പ്രാസൂത ച പ്രകടവൈഷ്ണവ
ദിവ്യരൂപം

---

* സത്യശൌചമില്ലാത്തവരും, ദേവബ്രാഹ്മണഭക്തിയില്ലാത്തവരുമായ മനുഷ്യരെയാണു അസുരാശബ്ദത്തെന്മാർ എന്നു പൂർവ്വാചാര്യകർത്താക്കന്മാർ പറയുന്നതു.

താരകാലമായ മഹാബലിയുടെ ഭരണകാലത്തു, രാജ്യത്തെല്ലാം സുഭിക്ഷമായിരുന്നിരിക്കാം. എങ്കിലും അസുരചക്രവർത്തിയെ ഹിന്തുക്കൾ ആരാധിക്കുമെന്നതോന്നുന്നില്ല. ദേവേന്ദ്രനെ ഭ്രഷ്ടനാക്കുകയും, ദേവലോകത്തെ തന്റെ രാജ്യത്തോട് ചേർക്കുകയും ചെയ്തതുകൊണ്ടുതന്നെ, മഹാബലി ദേവന്മാർക്കു വിരോധിയാണെന്നു തെളിയുന്നു. പിന്നെ, വിഷ്ണുവിന്റെ വാമനാവതാരം മഹാബലിയെ അടക്കുവാനാണെന്നു കാണുമ്പോൾ മഹാവിഷ്ണുവിനും, ദേവന്മാർക്കുവിരോധിയായ ബ്രാഹ്മണോത്തമന്മാരായ നമ്പൂതിരിമാരും, അവരെ അനുസരിക്കുന്നവരായ നായന്മാരും ആരാധിക്കുന്നതല്ല. വിഷ്ണുവിന്റെ അവതാരവും, മഹാബലിയുടെശത്രുവുമായ ബ്രാഹ്മണബ്രഹ്മചാരിയെ ആരാധിക്കുന്നതിൽ ലേശം അബദ്ധമുണ്ടെന്നും തോന്നുന്നില്ല. 'മാതേവ്' എന്നോ 'മഹാദേവ്' എന്നോ, 'തൃക്കാക്കരപ്പൻ' എന്നോ പറയുന്നതു വാമനമൂർത്തിയെത്തന്നെയാണു. ഇതാണു നമ്മുടെ പൌരാണികമതസ്ഥന്മാരുടെ അഭിപ്രായം. വാമനന്റെ പ്രധാനചിഹ്നം കുടയാണു. വാമനമൂർത്തിക്കു കുടചൂടുകയാണെന്നു സങ്കല്പിച്ചാണു മാതേവരുടെ നിറുകയിൽ പൂചാർത്തുന്നതു. മദ്ധ്യകേരളത്തിൽ കിഴക്കൻതിക്കിൽ (പാലക്കാടൻ പ്രദേശങ്ങളിൽ) മാതേവിനു പൂചാർത്തിയിരിക്കുന്നതു ഏകദേശം ഒരു കുടയുടെ ആകൃതിയിൽ ഇരിക്കും. തൃക്കാക്കരപ്പൻ വാമനമൂർത്തിയോ എന്നറിയുന്നില്ല. ഇതാണു ഓണത്തിന്റെ പൌരാണികമായ വിവരണം.

—കോങ്ങോട്ട് കുഞ്ഞൻനായർ

അല്ലും, ഭൂമിയിലുള്ള സകല ചരാചരങ്ങളുടെയും (നരകാസുരനെ കൊന്നദിവസം) നാൾ ദീപാവലിയും; കേരളത്തിലും, കേരളീയർക്കും (വാമനാവതാരദിവസമായ) ശ്രവണദ്വാദശിനാൾ ഓണവും പ്രധാനമായി വരുവാൻ കാരണമെന്തെന്നു അതുവേഗത്തിൽ തെളിയുന്നതല്ല. 'വസ്തുത്ത് അഷ്ടമി' 'ഉറുവയൂർ ഏകാദശി' എന്നു പറയുംപോലെ, പ്രാധാന്യം വന്നുചേർന്നതായിരിക്കാം. അതുമല്ല, കല്പത്തിന്റെ സമീപമുള്ള കാളിക്ഷേത്രത്തിന്റെ മാഹാത്മ്യംകൊണ്ടു ബങ്കാളത്തിൽ നവരാത്രി പ്രധാനമായി വന്നുഎന്നും; ശ്രീകൃഷ്ണന്റെ രാജ്യമായ ദ്വാരക ഭൂമിയിലെ ആത്മീയമായ രാജ്യമോ ആയതുകൊണ്ടു ദീപാവലി ആ രാജ്യക്കാർക്കു അധികം പ്രധാനമായി വന്നുഎന്നും വല്ലവനും പറയുന്നുണ്ടെങ്കിൽ, കേരളത്തിൽ ശ്രവണദ്വാദശി പ്രധാനമായി വരുവാനും കാരണം ഞാൻ പറവാനൊരുങ്ങുകയാണു. നമ്പൂതിരിമാരുടെ ഇടയിൽ ജ്യേഷ്ഠപുത്രൻ മാത്രമേ വേളികഴിക്കയുള്ളൂ. മറ്റുള്ള സഹോദരന്മാരെല്ലാം ബ്രഹ്മചര്യവ്രതത്തെ ബലമായി അനുഷ്ഠിക്കേണമെന്നാണു കേരളത്തിലെ നിശ്ചയം, ഇങ്ങിനെ നിത്യബ്രഹ്മചര്യവ്രതത്തെ അനുഷ്ഠിക്കുന്നതിനു അവക്കധിഷ്ഠാനദേവതയായ ഭഗവാൻ (വാമനരൂപിയായി) അവതരിച്ച ബ്രഹ്മചാരിയാണു. അതുകൊണ്ടു, ഈ ബ്രഹ്മചാരിക്കും ഭഗവാന്റെ ബ്രഹ്മചാരിത്വത്തെയും, അവതരിച്ച പുണ്യദിനത്തെയും കൊണ്ടാടുന്നതിനു കാരണമിപ്പോൾ?

ഓണംകൊണ്ടാടുന്നതു അസുരചക്രവർത്തിയായിരുന്ന മഹാബലിയുടെ ഓർമ്മയ്ക്കാണെന്നുള്ള ചിലർ ധരിച്ചിരിക്കുന്നു. ഈധാരണയ്ക്കു തക്ക അടിസ്ഥാനമില്ല. വാമനാവ

* മഴക്കാലം.

കരയുന്നിത, കണ്ണുനീരല്ലോ!
ചൊരിയുന്നേറെയിടിച്ചു മാരിലും,
കരസീമ്നി ലഭിച്ചൊരാധനം
തിരിയെപ്പോ,യിതു ചൊല്ലിയോ ഘനം?

൨.

ഇളകും ഘനമേ! അടങ്ങു നീ;
വെള്ളിയ'ൽ കാട്ടരുതാക്കമേ മനം:
എളിയോൻ പെരിയാളൊടേല്ക്കുകിൽ,
കളിയല്ലേ, കരളുറ പോമെടോ.

൩.

ജലരാശിയിൽ വിണ്ണിൻ നീ ജലം,
പലകാലം ബലമായ് ഹരിച്ചയേ!
പലഗോഷ്ഠികൾ കാട്ടി;യീവിധ
നില ഈട്ടുക്കെളെത്തുടർന്നിടാം.

൪.

വലിയാൾക്കു നിജാഭിവൃദ്ധിയിൽ
കലരാതുപ്പി,യിതാ സമുദ്രവും
ജലമാത്മനി സംഭരിച്ചിട്ടു,-
ന്നലയുന്നു പല സേവചെയ്യുവാൻ.

൫.

ചെറുതാകിലുമൊന്നു നേടുവാൻ
വെറുമാലസ്യമെടുക്കിലാവതോ?
വെറിയന്നു പരന്റെ വസ്തുവിൽ
തിരമേറുന്നതു കൈക്കലാക്കുവാൻ.

൬.

പലകാലമെടുക്കിലായതും
ചിലകാലം തിരയെക്കൊടുക്കിലേ
പുലരുദിനം,-മരുകർമ്മമാം
വലുതാം വണ്ടി തിരിഞ്ഞിടുന്നിതാ.

൭.

ഉരുതരമിതറിഞ്ഞു നീ
പെരുമാറേണമെടോ ജഗത്തൊടും
കരയാസ്സു -വരുന്ന ദോഷവും
പരനാല,-ല്ലതു തന്നിൽ നിന്നു താൻ.

൮.

ഉലകിങ്കലിതുള്ളതാണ്ണടോ,
പലകോലങ്ങളനാദി സൃഷ്ടിയിൽ,
പലരും ചുണകാട്ടിടുന്ന പോൽ
പലകാലങ്ങളിൽ വേറവേറയായ്.

൯.

അതിനാലിഹ കേണിടാസ്സു നീ,
പുതുതല്ലി നിലയാക്കമെത്തിടാം
പതനം,-ഹ! ഹ! ദോഷസഞ്ചയം
പെരുതേ തീർന്നവനാരെടോ ഭുവി?

൧൦.

ചിലരിൽ കടികൊണ്ടിടുന്നതേ
ഫലമില്ലാതിഹ നന്മതിന്മകൾ;
ചിലരിൽ ഫലമുള്ളതായ്-മീ
യുലകിമ്മാതിരി നിർത്തിവച്ചതാം.

൧൧.

ശരി, കാക്കിൽ നിൻ പ്രവൃത്തിതാൻ
പരമീസ്ഥാവരജംഗമങ്ങളിൽ
കരുപോലെ സുഖാസുഖങ്ങളെ
ത്തരുമല്ലോ പര നീലമേഘമേ!

൧൨.

വരമാലതിപൂത്ത പൂക്കളിൽ
കരിടുംഗങ്ങളണഞ്ഞു ദീനരായ്
കരയുന്നതു കണ്ടു നല്ല പോ-
ലൊരുടിക്കിൽ കടുജം ചിരിച്ചുതേ.

൧൩.

ഇടിയിൽ പുളകങ്ങളാന്നു മി-

---

* ഇതു കഴിഞ്ഞ മഴക്കാലത്തെക്കറിച്ചു എഴുതിയതാണു. ഇപ്പോഴാണു പ്രസിദ്ധപ്പെടുത്താൻ സംഗതിയായതു.

ന്നിടമക്കൊമ്പുകളാൽ കടമ്പുകൾ
തടവല്ലിയെയൊണ്ണ താങ്ങിയ-
ങ്ങിടരേകുന്ന യുവാക്കളിൽ പാടം.

൫൮.

ഒരുഭാഗമിടുന്ന മൊട്ട, പാ-
ന്നൊരുഭാഗം വിരിയുന്ന മന്ദമായ്,
വരനീ പതരുക്കളിൽ; പ്രിയാ-
കരപത്മം പ്രിയകണ്ണമാൻതേ.

൫൯.

ചില വണ്ടുകൾ വന്ന പാറിയാ-
ജലജത്തിൻ മുകളാഗ്രസീമയിൽ,
കുലമേഘമിനൻറെ ജപ്പിയിൽ
കുലരും സപത്തിനു മുദ്ര വച്ചപോൽ.

൬൦.

ചെറുപക്കിടാം ചൊറു പൂടെഴും
ചിറകിന്നുള്ളിലടക്കി ബാലരെ,
പെറുതാകിയ പുംകൃതത്തൊടും
പുതേ പൊത്തിലമന്നിടുന്നതേ.

൬൧.

ഇരവിൽ പരമങ്ങുമിങ്ങുമായ്
പരിചിൽ പാറി ഇതാ മിനുങ്ങുകൾ,
ഇരുളാം കവചത്തിൽ മേഘമേ!
ഹരിതന്നോടു ബഹു രത്ന മുദ്രകൾ.

൬൨.

പണമുള്ളവർ തിന്ന വീട്ടിൽ നി-
ന്നണപോലും കളിയാതെ മെത്തയിൽ
ആണയുന്ന, കണക്കു ബുക്കുകൾ-
യ്യിണയിൽ ചേർത്തു നടത്തിജോലികൾ.

൬൩.

പശിവന്ന സഹിച്ചു താടിയിൽ
കൃശരായ് കൈത്തല മൂന്നി, ദിനരായ്
ശിശുവൃന്ദമൊടൊത്തു വാണിട-
ന്നശിവം, ജോലിവെടിഞ്ഞു നിസ്വരും.

൬൪.

ഒരു ചാണുദരം നിറയ്ക്കുവാ-
നൊരുമാർഗ്ഗം ലഭിയാതലഞ്ഞു താൻ
തിരിയുന്നതമിക്കപേരു മി-
ക്കരിമേഘം തടവാറു പെയ്യുയാൽ.

൬൫.

പടയാളികളും തുടന്ന നീ
പടയാടോടിതിലെന്തു സൌഖ്യമാം?
കടുവൈരിയൊടേറു വിഭ്രമാ-
മുടലാക്കോ ബഹുമാന്യമായ്തരാം.

൬൬.

ജയഭേരിയടിച്ചു രമ്മരം,
ഭയചണ്ഡൻ പവനൻ കുതിച്ചതേ
ഹയമായ്, നവഭീഷ്മനിന്നലായ്,
ഖേദയദാതാവയി! സാരഗ! നീ.

൬൭.

സന്ധ്യാനന്തരിക്രയോതവ്യത,
ശരി, യതിനാൽ
നീജിഗീഷുതപമാന്നോ?
ബന്ധിച്ചിട്ടങ്കിക്കാരാ
ഗൃഹമതിലിവളെ
കൊണ്ടിടാൻ നിതുനിഞ്ഞോഴ്
എന്തും പൂർണ്ണെന്നുവാം നൽ
പരിശയുമുദയാ
ഹായ്മാം നൽകുചാന്തം,
സന്ധിപ്പിച്ചാകൃമിച്ചോഴ്
സതിയിവ,ളതുനീ
കൈക്കലാക്കി ജയിച്ചോഴ്

൬൮.

പരിശയുമിതജ്ഞതാ
വങ്ങുതട്ടിപ്പറിച്ചു
പരിചയമതുകൂട്ടംതോ
ക്കെട്ടുപ്പാനിവർക്കു

തെങ്ങതെയിതവീ
ഴുന്നിക്കവുപ്പരിൻറമെയ്മേ-
ലരിയറബകളായ്ത്താൻ.
താരജാലങ്ങളെല്ലാം.

—എൻ. കെ. കേരളപണ്ഡിതൻ.

നമ്പ്യാരുടെ രഹസ്യം

ഒരു കഥ.

മീനമാസാരംഭത്തിലെ ഒരു സായാഹ്നം. സൂര്യൻ അസ്തമാനനായിരിക്കുന്നു. ശ്രമപരിഹാരിയായ ഒരു മന്ദമാരുതൻ എങ്ങും പരന്നിട്ടുണ്ടു. എന്നിട്ടും പത്രാധിപരുടെ കാര്യാലയത്തിലെ ഉഷ്ണം തെല്ലും ശമിച്ചിട്ടില്ല. രാവിലെ വന്നുചേർന്ന കത്തുകളൊക്കെ നോക്കി, മറുപടികൊടുക്കേണ്ടവയ്ക്കു മറുപടിയയച്ചുകഴിഞ്ഞിരിക്കുന്നു. പത്രത്തിൻറെ 'പ്രൂഫും' പരിശോധിച്ചുകഴിഞ്ഞിരിക്കുന്നു. അരക്കാശുവിലപിടിക്കാത്ത വർത്തമാനശകലങ്ങളും ശേഖരിച്ചും കൊണ്ടുവന്ന അവ വളരെ ഗൌരവപ്പെട്ട വിഷയങ്ങളെന്നഭാവത്തിൽ, പ്രസംഗം ചെയ്വാൻ തുനിഞ്ഞ പത്രലേഖകന്മാരെയും ഒരുവിധത്തിൽ സമാധാനംപറഞ്ഞു മടക്കിയയച്ചിരിക്കുന്നു. പത്രാധിപരുടെ മേശമേൽ കടലാസ് മടക്കുകൾ കുന്നിക്കിടക്കുന്നു— എണ്ണിയാലൊടുങ്ങാത്ത കടലാസുമടക്കുകൾ— ചിലവ ഭംഗിയിൽ എഴുതിവൃത്തിയായി മടക്കികെട്ടി മുദ്രവെച്ചും; മറ്റു ചിലതുബദ്ധപ്പെട്ട 'കറക്കിത്തള്ളി' ചുരുട്ടിക്കെട്ടിയും; വേറെ ചിലതു ഒടിച്ചുമടക്കി ലക്കോട്ടിനരുള്ളിൽ കത്തിത്തിരുകിയും— ഇങ്ങനെ ഓരോന്നും, അതാതുലേഖനകർത്താവിൻറെ സ്വഭാവത്തിനു ദൃഷ്ടാന്തമായി, ആ മേശമേൽ കിടക്കുന്നു.

പത്രാധിപർ ഒരു പദ്യലേഖനമടങ്ങിയ കടലാസുമടക്കു നീത്തി ഒന്നാംഭാഗത്തു കണ്ണോടിക്കയായിരുന്നു. 'സാഹിത്യരത്നാകരം' പത്രമാവട്ടെ, ഒന്നാംതരം കവിതകൾക്കു മതിയായ പ്രതിഫലംകൊടുക്കുമെന്നു പ്രസിദ്ധമാണു. ഈ പദ്യലേഖനത്തിൻറെ അസാമാന്യമായ ദൈർഘ്യംകണ്ടപ്പോൾ, അതു ത്യാജ്യകോടിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നു പത്രാധിപർക്കു തോന്നി. എന്നാൽ അതു ഉത്തമകവിതയാണോ എന്നു തീർച്ചപ്പെടുത്താതെ തള്ളിക്കളയുന്നതു ന്യായമല്ലല്ലൊ എന്നു വിചാരിച്ചിട്ടായിരുന്നു വായിച്ചു തുടങ്ങിയതു. ഒന്നാംശ്ലോകത്തിനു പറയത്തക്ക ദോഷമില്ല; രണ്ടാമത്തേതു, അതിലും മെച്ചം. വായിക്കുന്തോറും പത്രാധിപർക്കു രസവും വർദ്ധിച്ചു. പരിചയമുള്ള ഒരു മുഖത്തെപ്പെട്ടെന്നു കണ്ടാൽ, ആളാരെന്നു നിർണ്ണയിപ്പാൻ വേണ്ടി, ചിലപ്പോൾ നാം ഒരിക്കൽകൂടെ തിരിഞ്ഞുനോക്കുംപോലെ, പത്രാധിപർ, വായിച്ചുകഴിഞ്ഞ മൂന്നുശ്ലോകങ്ങളെയും ഒരാവൃത്തികൂടെ നോക്കി. നാലാംശ്ലോകമായപ്പോൾ എന്തോ സംശയം ജനിച്ചു; അഞ്ചാംശ്ലോകമായപ്പോൾ സംശയം വർദ്ധിച്ചു; ഒന്നാംഭാഗത്തിൻറെ അവസാനത്തിലെത്തിയപ്പോൾ സംഗതി മുഴുവൻ മനസ്സിലായി. ലേഖനത്തിലെ അവസാനശ്ലോകവും കൂടെ വായിച്ചശേഷം, താഴെ എഴുതിയൊപ്പിട്ടിരുന്ന പേരുനോക്കി; പിന്നെയും ഒന്നാംഭാഗമെടുത്തു തലവാചകം വായിച്ചു. ക

ടലാസ്സുകളും മടക്കി, നീക്കിവെച്ചു; അതിനോടൊന്നിച്ചു വല്ല കത്തും വന്നിട്ടുണ്ടോ എന്നു തിരയുവാൻ തുടങ്ങി.

'പരിഷ്കാരഭ്രമം' എന്നായിരുന്നു കവിതയുടെ തലവാചകം; ലേഖനത്തിന്റെ ചുവട്ടിൽ എഴുതിയിരുന്ന പേർ രാമൻനമ്പ്യാരെന്നും ആയിരുന്നു. പട്ടണങ്ങളും പകത്തിരുന്ന കടലാസുകളുടെ മുകളിൽ 'മഞ്ചേരിമഠം' എന്നു അച്ചടിച്ചിരുന്നു. ലേഖനത്തോടുകൂടെ കത്തൊന്നും വന്നിട്ടില്ല. ലേഖനം അടക്കംചെയ്തിരുന്ന ലക്കോട്ടിൽനിന്നു മറ്റു ലക്ഷ്യങ്ങളും ഒന്നും കിട്ടിയതുമില്ല. പട്ടണങ്ങളും പകത്തിരുന്ന കൈയക്ഷരത്തിൽ തന്നെ ആയിരുന്നു മേൽവിലാസം കുറിച്ചിരുന്നതു; ചന്ദ്രപുരം തപാലാപ്പീസിലെ മുദ്രയാണു ലക്കോട്ടിന്റെ പുറത്തു കുത്തിയിരുന്നതു. ലേഖനം ഗ്രാഹ്യമെങ്കിൽ ഏതു മേൽവിലാസത്തിൽപ്രതിഫലം അയച്ചുകൊടുക്കണമെന്നോ, ത്യാജ്യമെങ്കിൽ ആക്ഷേപം അയയ്ക്കണമെന്നോ, യാതൊരു വിവരവും അറിയിച്ചിട്ടില്ല. 'മഞ്ചേരിമഠം' ചന്ദ്രപുരം നഗരത്തിലോ, അതിനു സമീപം വല്ല നാട്ടിൻപുറത്തോ, എവിടെയാണെന്നും പത്രാധിപർക്കു നിശ്ചയമില്ല.

പത്രാധിപർ പുറമെയുള്ള അവിടെ ഇരുന്നിരുന്ന മാനേജരെയും റിപ്പോർട്ടർമാരെയും നോക്കി ഇങ്ങിനെ പറഞ്ഞു:- "ഛെയ്! ഒരു നേരംപോക്കു്. ഒരുകവിത കിട്ടിയിരിക്കുന്നു. 'പരിഷ്കാരഭ്രമം' എന്ന തലവാചകത്തിൽ, കുറെകൊല്ലങ്ങൾക്കു മുമ്പു, പത്തമനാഭപ്പണിക്കർ 'കാവ്യവിലാസം' മാസികയിൽ എഴുതിയിരുന്ന കവിതയാണു. ഞാൻ അന്നു എഫ്. എ ക്ലാസിൽ വായിച്ചുകൊണ്ടിരിക്കയായിരുന്നു. ആ കവിതയെപ്പറ്റി ചില സ്നേഹിതന്മാരും ഞാനുംതമ്മിൽ വലിയ വാദം നടന്നിട്ടുണ്ടു. ഇതാ ആ പദ്യങ്ങൾതന്നെ, ഒരക്ഷരംപോലും മാറാതെ, ഒരാൾ പകത്തയച്ചിരിക്കുന്നു. ഇതു നമ്മെ വിസ്മയിക്കാൻ വേണ്ടി എടുത്ത സൂത്രമോ, അല്ല, ലേഖനചോരണം ചെയ്തു പണം സമ്പാദിപ്പാനായിട്ടുള്ളതുല്യമോ, എന്തെന്നാണു നിശ്ചയിക്കേണ്ടതു?"

നമ്പ്യാരുടെ പദ്യലേഖനം പത്രത്തിൽ ചേർത്തില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ; അതുമടക്കി അയച്ചതും ഇല്ല. ഇതുകൊണ്ടൊന്നും നമ്പ്യാർ അടങ്ങിയിരിക്കയില്ലെന്നു തന്നെ പത്രാധിപർനിശ്ചയിച്ചു; പ്രസിദ്ധന്മാരായ സാഹിത്യകാരന്മാരുടെ ലേഖനങ്ങളെ എതുവിധം പ്രതീക്ഷിച്ചിരിക്കുമോ, ആ വിധത്തിൽ നമ്പ്യാരുടെ കവിതയെയും പ്രതീക്ഷിച്ചിരുന്നു. നമ്പ്യാർ ഇപ്പോഴംഗ്രത്തിനിടയാക്കിയതുമില്ല. അയാൾ തുടരെത്തുടരെ പലേ പദ്യലേഖനങ്ങളും അയച്ചുകൊണ്ടിരുന്നു. അവയെല്ലാം, മുമ്പു പുറനാട്ടിലുള്ള ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒന്നാംതരം കവിതകളായിരുന്നു. എന്നാൽ നമ്പ്യാർ പത്രാധിപരുടെ ദൃഷ്ടിയിൽ പെടാതെ കഴിഞ്ഞുകൂടിയ പോലെതന്നെ, അയാളുടെ കാവ്യചോരണവും വായനക്കാരുടെ ദൃഷ്ടിയിൽ പെടാതെ പോയി.

നമ്പ്യാരെ തിരഞ്ഞുപിടിക്കുന്ന കാര്യത്തിൽ പത്രാധിപരും കൂട്ടരും വേണ്ടുന്ന ശ്രമം ചെയ്തുകൊണ്ടിരുന്നു. അയാളുടെ ലേഖനക്കടലാസിലും ലക്കോട്ടിലും കാണുന്ന ഒരോ അടയാളത്തെയും ആധാരമാക്കി അവർ പലേ അന്വേഷണങ്ങളും നടത്തി. നിസ്സാരനായ ഒരു പദ്യചോരനെ കണ്ടുപിടിപ്പാനായി അവർ അതിപ്രയത്നം ചെ

ണ്ണുന്നതുകണ്ടു പലരും അപഹസിച്ചു. എന്നാൽ ഇങ്ങിനെ ശ്രമിച്ചതിനു ശരിയായ സമാധാനമുണ്ടായിരുന്നു. അന്യന്റെ ഭാഷാപത്തിനെ കവന്നെടുത്തു സ്വന്തമെന്നു ഭാവത്തിൽ കൈകൊയ്യും ചെയ്യുന്ന ആ പത്രാധിപന്മാരുടെയൊക്കെ ശത്രുവല്ലെ? വിശേഷിച്ചു, നമ്പ്യാരുടെ നേക്കു 'സാഹിത്യരത്നാകരം' പത്രാധിപക്കു പ്രത്യേകം ദ്വേഷംതോന്നുവാനും കാരണമുണ്ടു. ആ പദ്യലേഖനങ്ങൾ തന്നെ കണ്ടിലേക്കു തള്ളി മറിക്കുവാനായിട്ടുള്ള ചതിപ്രയോഗങ്ങളാണെന്നായിരുന്നു പത്രാധിപർ വിചാരിച്ചതു. വല്ല കാരണവശാലും അവയെ പ്രസിദ്ധപ്പെടുത്തിക്കാണുമ്പോൾ, 'സാഹിത്യരത്നാകരം' പത്രാധിപക്കു ഭാഷാസാഹിത്യത്തിൽ അറിവോ പരിചയമോ ഇല്ലെന്നു അധിക്ഷേപിക്കയും, പത്രാധിപസ്ഥാനം അലങ്കരിക്കുവാൻ യോഗ്യതയില്ലെന്നു സ്ഥാപിക്കുകയും ചെയ്യുന്നതിനാകുന്നു, നമ്പ്യാരെന്നു പേരെഴുതിയിരിക്കുന്ന മേല്പടി പ്രതിയോഗി ശ്രമിക്കുന്നതെന്നു പത്രാധിപർ വിശ്വസിച്ചു അന്യായമായി പണംതട്ടിക്കുവാൻ ശ്രമിക്കുന്ന ഒരുവനെ സത്യവാന്മാരുടെ ഇടയിൽനിന്നു നിഷ്കാസിക്കേണ്ടതാണെന്നു മറൊരു സമാധാനവും പത്രാധിപക്കുണ്ടായിരുന്നു.

നമ്പ്യാരോ, ഒരു വീരൻ; അയാൾപത്രാധിപരുടെകൈണിയിൽപെടാതിരിപ്പാൻ വേണ്ടി ചെയ്ത ഉപായങ്ങൾ പ്രശംസാർഹങ്ങൾതന്നെ. അയാളുടെ രണ്ടാംലേഖനം പകർത്തിയിരുന്ന കടലാസിന്റെ മുകളിലായി 'ഉണ്ണായിവാര്യർ സ്മാരക വായനശാല: അദ്ധ്യക്ഷൻ എം. രാമൻനമ്പ്യാർ'—എന്നു എഴുതിയിരുന്നു. മേൽവിലാസമൊന്നുമറിയിക്കാതിരുന്നാൽ സംശയംജനിക്കുമെന്നു ശങ്കിച്ചിട്ടോ, സാഹിത്യലോകത്തിൽ താൻ സുപ്രസിദ്ധനാണെന്നു 'രത്നാകര'പത്രാധിപരെ അറിയിപ്പാനുദ്ദേശിച്ചിട്ടോ, അയിരിക്കാം അയാൾ ഈ ഉപായം പ്രയോഗിച്ചതു. എന്നാൽ ചന്ദ്രപുരംനഗരത്തിൽ, മേല്പറഞ്ഞ നാമധേയത്തിൽ, ഒരു വായനശാല ഉള്ളതായിട്ടു, ആരും കേട്ടിട്ടില്ല. മൂന്നാമത്തെ ലേഖനത്തിൽ ചന്ദ്രപുരത്തിലെ നടുത്തെരുവിലുള്ള ഒരു ചെറിയ വീട്ടിന്റെ പേരും നമ്പരും എഴുതിയിരുന്നു; എന്നാൽ അഭ്യൂപഗമനത്തിൽ, ആ വീട് ആൾപാർപ്പില്ലാതെ അടച്ചുപൂട്ടിയിരിക്കുന്നതായി അറിഞ്ഞു.

ആകപ്പാടെ നമ്പ്യാരെക്കൊണ്ടു പത്രാധിപക്കു ഇരിക്കപ്പൊറുതിയില്ലെന്നായി. അയാളുടെ ഉദ്ദേശത്തെക്കുറിച്ചു പത്രാധിപരും ക്ലർക്കുകാരും തമ്മിൽ പല വാദങ്ങളും നടന്നു. അവർ രണ്ടുകക്ഷികളായി പിരിഞ്ഞു. ഉത്തമപദ്യങ്ങൾ മാത്രമേ നമ്പ്യാർ മോഷ്ടിച്ചിട്ടുള്ളൂ; അയാളുടെ ശരിയായ മേൽവിലാസം പോലും അറിയിച്ചിട്ടില്ലാത്ത സ്ഥിതിക്കു, സാഹിത്യലോകത്തിൽ പ്രസിദ്ധിനേടേണമെന്നല്ലാതെ, പണം സമ്പാദിക്കേണമെന്നാഗ്രഹം ഉണ്ടായിരിക്കയില്ല, എന്നു ഒരുകക്ഷി വാദിച്ചു. തന്റെ വ്യാജ്യം കണ്ടുപിടിച്ചിരിക്കുമോ എന്നു ശങ്കിച്ചിട്ടാണു മേൽവിലാസം അറിയിക്കാത്തതെന്നും, പദ്യങ്ങൾ പ്രസിദ്ധപ്പെടുത്തിക്കണ്ടാൽ ഉടൻ പ്രത്യുപകാരത്തിന്നാവശ്യപ്പെടുമെന്നും, മറെറാകക്ഷി തർക്കിച്ചു. രാമൻനമ്പ്യാർ എന്നതു ലേഖകന്റെ സ്വന്തം പേരാണെന്നു സംഭാവനം ചെയ്തുകൊണ്ടാ

യിരുന്ന ഇരുകക്ഷികളും വാദിച്ചതു; എന്നാൽ സ്വന്തംപേരുവെച്ചു, 'പച്ചപ്പുകൽ തീവട്ടിക്കൊള്ള'നടത്താൻ ആവിഷ്കാരസ്വൈര്യമുണ്ടാകുമോ എന്നായിരുന്നു പത്രാധിപരുടെ സന്ദേഹം. ചന്ദ്രപുരംനഗരത്തിലെ കവികളുടെ കൂട്ടത്തിൽ രാമൻനമ്പ്യാരുടെ പേർ തീരെ കേട്ടിട്ടില്ല; 'കവനകൌമുദി'യിൽ അയാളുടെ ഒറ്റശ്ലോകം പോലും കണ്ടിട്ടില്ല; ആധുനികഭാഷാകവികളെപ്പറ്റി 'ഭാഷാവിലാസ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ദീർഘലേഖനത്തിലും നമ്പ്യാരുടെപേർ ഉൾപ്പെട്ടതീട്ടില്ല. അതുകൊണ്ടുമാത്രം തീർച്ചപ്പെടുത്തേണ്ടോ; 'ഭാഷാവിലാസ'ലേഖനകർത്താവിന്റെ ഉച്ചിയിൽ പൊടിത്ത അളവാണു നമ്പ്യാർ, എന്നു വരുമോ?

പത്രാധിപർ ഒരു കൌശലം പ്രയോഗിച്ചു: 'രാമൻനമ്പ്യാരെന്നൊരാൾ ഈ പത്രത്തിലേക്കായി അയച്ചുതന്നിട്ടുള്ള ലേഖനങ്ങളും മടക്കിക്കൊടുപ്പാൻ ഒരുക്കമാണു; ശരിയായ മേൽവിലാസം അറിയിക്കണം'— എന്നൊരു പരസ്യം അടുത്തപത്രത്തിൽ പ്രസിദ്ധപ്പെടുത്തി. അതു ഫലിച്ചു. ഒരു രണ്ടാഴ്ച കഴിഞ്ഞപ്പോൾ, നമ്പ്യാർ, ഒന്നാന്തരത്തിൽ മറ്റൊരു കവിതയും മേൽവിലാസവും എഴുതി അയച്ചു. ഇതു കൈപ്പറ്റിയ ഉടൻ, പത്രാധിപർ നമ്പ്യാരുടെ ലേഖനങ്ങളെല്ലാം കെട്ടിയെടുത്തു, സഹായത്തിന്നായി നഗരം റിപ്പോർട്ടരെയുംകൂട്ടി, മേൽവിലാസത്തിൽ സൂചിപ്പിച്ചിരുന്ന വീടു തെരഞ്ഞു പുറപ്പെട്ടു. പോകുംവഴിനമ്പ്യാരുടെ ആദ്യത്തെ രണ്ടു കൃതികളുടെയും കർത്താക്കന്മാരും, അവ ആദ്യമായി പ്രസിദ്ധംചെയ്ത മാസികാപ്രവർത്തകനും ഇതുസംബന്ധിച്ചയച്ചിരുന്ന കത്തുകളും പത്രാധിപർ റിപ്പോർട്ടരെ വായിച്ചുകേൾപ്പിച്ചു. നമ്പ്യാരുടെ മേല്പടികൃതികളും മോഷണവസ്തുക്കളാണെന്നും, മോഷ്ടാവിനെ കണ്ടുപിടിച്ച ശിക്ഷിക്കേണ്ടതു പത്രാധിപരുടെ ചുമതലയാണെന്നും, ആ കത്തുകളിൽ പറഞ്ഞിരുന്നു. "നന്നായ്! നാളെത്തന്നെ ആയിക്കളയാം. ആളെക്കണ്ടുപിടിച്ചാൽ നല്ലൊരു ലേഖനമെഴുതിക്കൊടുക്കേണമെന്നു 'കേരളീയൻ' പത്രാധിപർ എന്നോടാവശ്യപ്പെട്ടിട്ടുണ്ടു. നാളെ നമ്മൾക്കൊഴിവാണല്ലൊ. 'കേരളീയ'നിൽ നാളെത്തന്നെ പ്രസിദ്ധപ്പെടുത്തും. ഉടൻ വിവരം പുറത്താക്കണം. മറ്റാരാൾവരെ കാത്തിരിക്കേണ്ടാ.' നമ്പ്യാരുടെ സമാധാനം നമ്മുടെ അടുത്ത ലക്കത്തിൽ ആവാം, അങ്ങിനെയല്ലേ? ഈ കത്തുകളും എന്റെ പക്കൽ ഇരിക്കട്ടെ"— എന്നു റിപ്പോർട്ടർ പറഞ്ഞു.

മണി നാലായി. ലേഖനമോഷ്ടാവിനെ തിരഞ്ഞുപുറപ്പെട്ട പത്രാധിപരും റിപ്പോർട്ടരും നടന്നു ക്ഷീണിച്ചു, വിയർത്തൊലിച്ചു. ചന്ദ്രപുരത്തിലെ കിഴക്കെത്തെരുവുകളിൽ ഒന്നിന്റെ വടക്കേഅറ്റത്തുള്ള ഒരു വലിയ കെട്ടിടത്തിന്റെ മുൻവശത്തു ചെന്നുനിന്നു. നമ്പ്യാരുടെ മേൽവിലാസത്തിൽ സൂചിപ്പിച്ചിരുന്ന വീട്ടുനമ്പർ പടിവാതലിൽ കണ്ടു. കള്ളനെ കൈയിൽ കിട്ടിയാലുണ്ടാവുന്ന തൃപ്തിയോടും ആശ്വാസത്തോടുകൂടി, അവർ അവിടെ കുറേനേരം വെറുതെ നിന്നക്ഷീണം മാറ്റി. അനന്തരം, 'ഇവൻ' എന്നു ആശ്വസിച്ചുകൊണ്ടു, പടികടക്കാൻ തുടങ്ങി. അപ്പോഴാണു അവിടെ മുൻവശത്തെ ചുമരിൽ പതിച്ചി

ന്ന പലകമേൽ അവരുടെ ദുഷ്ടിപതിഞ്ഞതു: "നമ്പ്യാർ ആൻഡ് കമ്പനി, മദ്രസ്സകച്ചവടക്കാർ"— എന്നു, ഇരുവരും ഒരേസമയത്തുതന്നെ വായിച്ചു. അവർ അത്ഭുതപരവശരായി അല്പനേരം ആ നിലയിൽതന്നെ നിന്നുപോയി. ആ കമ്പനിയുടെ സ്ഥാപകൻ ഡാക്ടർ നമ്പ്യാരെ, അവർ നല്ലവണ്ണം അറിയും. അദ്ദേഹത്തെപ്പോലെ പ്രസിദ്ധിനേടിയ ഡാക്ടർ ആ നാട്ടിൽ മറെറാരുവനും ഇല്ല. അദ്ദേഹത്തിന്റെ വക എതുയോ സിദ്ധൌഷധങ്ങളുടെ പരസ്യം ('സാഹിത്യരത്നാകരം' പത്രികയിലും പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു! ആ വിദ്വാനോ ഈ ചതി തുടങ്ങിയതു?

"എന്തു കഥയാണിതു?" എന്നു, അത്ഭുതത്തിൽനിന്നു വിമുക്തനായപ്പോൾ, റിപ്പോർട്ടർ പത്രാധിപരോടു ചോദിച്ചു. "ഇത്ര പ്രസിദ്ധനായ ഒരാൾ ഇങ്ങിനെ വഞ്ചനയുടങ്ങുമെന്നു ഞാൻ വിചാരിച്ചില്ല; എനിക്കു ഉറപ്പിച്ചുപറവാൻ ഇനിയും തോന്നുന്നില്ല"— എന്നു പത്രാധിപർ മറുപടിപറഞ്ഞു. "നിയമംവന്നില്ലേ? നന്നായി! എന്തു സമാധാനം പറഞ്ഞാണു അയാൾ കുത്തീട്ടുള്ളതു എന്നാണു എന്റെ വിചാരം. ഏതായാലും അകത്തുപോകും"— എന്നു റിപ്പോർട്ടർ പറഞ്ഞു. "ഇവിടെ ഉണ്ടാകുമോ ആവോ?"— എന്നായി പത്രാധിപരുടെ സംശയം. "അന്വേഷിക്കുക. അമ്പട! വരിമുഴിഞ്ഞ കള്ളർതന്നെ. ഇവിടെ ഇല്ലെങ്കിൽ വിട്ടിൽപോയി അന്വേഷിക്കാം"— എന്നു റിപ്പോർട്ടർ ഉത്സാഹപ്പെടുത്തി.

. . ഇരുവരും അകത്തുകടന്നു. വരാന്തയിൽ ചില ചെറുപ്പക്കാർ നിന്നിരുന്നു. അവരിൽ ഒരാളോടു "രാമൻനമ്പ്യാർ അകത്തുണ്ടോ?" എന്നു റിപ്പോർട്ടർ ചോദിച്ചു. "ഇല്ല. അദ്ദേഹം ഇപ്പോൾതന്നെ വീട്ടിലേക്കു പോയി"— എന്നായിരുന്നു മറുപടി. "നമ്പ്യാരെ കാണേണ്ടിയിരിക്കുന്നവല്ലോ. ഇപ്പോഴെങ്ങാനും മടങ്ങിവരുമോ?" എന്നു പത്രാധിപർ ചോദിച്ചു. "ഉം! അദ്ദേഹത്തിനു ആസ്പത്രിക്കു പോകേണ്ട സമയമായിരിക്കും; അതോത്തില്ല"—എന്നു, റിപ്പോർട്ടർ, സമാധാനസമ്പ്രദായത്തിൽ പറഞ്ഞു: "ഇന്നു ഇവിടെക്കു മടങ്ങിവരില്ല; തിടുക്കമാണെങ്കിൽ വീട്ടിലെക്കുതന്നെ പോകണം"— എന്നായിരുന്ന ചെറുപ്പക്കാരന്റെ തീച്ചീറുപടി. "പണ്ടത്തെ ബങ്കളാവിലല്ലെ ഇപ്പോഴം? ആസ്പത്രിക്കു സമീപം?"— എന്നു പത്രാധിപർ വീണ്ടും ചോദിച്ചു. "അല്ല. ഈ വടക്കേത്തെരുവിന്റെ വടിഞ്ഞാറെ തലയ്ക്കൽ കാണുന്ന രണ്ടുനില കെട്ടിടത്തിലാണു. ഓഹോ! നിങ്ങൾ ഡാക്ടർ നമ്പ്യാരെ ആയിരിക്കുമോ അന്വേഷിക്കുന്നതു? അദ്ദേഹം പണ്ടത്തെബങ്കളാവിൽതന്നെയാണു. ഞാൻ പറഞ്ഞതു ഞങ്ങളുടെ മാനജർ നമ്പ്യാരെപ്പറ്റിയാണു. അദ്ദേഹം ഡാക്ടരുടെ അനന്തരവനാണു. രണ്ടാൾക്കും ഒരേ പേരു; അതുകൊണ്ടാണു കുഴപ്പിപ്പായതു"— എന്നുപറഞ്ഞു ആ ചെറുപ്പക്കാരൻ എന്തോ കാര്യമായി അകത്തേക്കുപോയി.

പത്രാധിപരും റിപ്പോർട്ടരും കുറേനേരം മുഖത്തോടുമുഖംനോക്കി മൌനമായിനിന്നു. ഇനി എതു രാമൻനമ്പ്യാരെ തിരഞ്ഞാണു പോകേണ്ടതു എന്നുള്ള ചോദ്യം ഇരുവരുടെയും ദൃഷ്ടികളിൽ പ്രത്യക്ഷമായി.

"ഡാകൈടരെ സംശയിച്ചതു വെറുതെ. അദ്ദേഹം ഇങ്ങനെയുള്ള വ്യാപാരത്തിനു തുനികയില്ല. അനന്തരവൻ തന്നേ ആയിരിക്കണം, അങ്ങോട്ട പോവുക"— എന്നു സമാധാനംപറഞ്ഞുകൊണ്ടു, റിപ്പോർട്ടർ, പത്രാധിപരോടൊപ്പം പുറത്തേക്കുനടന്നു. "അമ്മാമനും കൂടെ അവമാനം വരുത്തിവയ്ക്കാൻ തുനിഞ്ഞ അനന്തരവൻ! കഷ്ടം!!"— ഇപ്രകാരം പിറുപിറുത്തുംകൊണ്ടു, പത്രാധിപരും നടന്നു. "അനന്തരവന്റെ വ്യാപാരം വെളിപ്പെടുത്തിക്കൊടുക്കയാം. അമ്മാവനും അറിഞ്ഞോട്ടെ! വലിയ ആളുകളുടെ പേരുകൂടി വന്നെങ്കിലേ ലേഖനത്തിന്റെ രസച്ചരട മുറുകൂ. മൂന്നു 'കോളം' പൊടിപൊടിച്ചേക്കാം. ഇന്നരാത്രി ഉറക്കംവേണ്ടാ"— എന്നു റിപ്പോർട്ടർ പല ആംഗ്യങ്ങളോടുകൂടെ ഉറക്കെപറഞ്ഞു. "വരട്ടെ! അയാളുടെ കുഡുംബമഹിമയെ ഗണിക്കണം"—എന്നു പത്രാധിപർ തടുത്തുപറഞ്ഞു. "അയാൾ അതുഗണ്യമാക്കിയില്ലല്ലൊ. പിന്നെ നമുക്കെന്തു വേണം?"— എന്നായി റിപ്പോർട്ടർ.

ഉദ്ദിഷ്ടസ്ഥലത്തെത്താൻ അവർക്കവളരെനേരം നടക്കേണ്ടിവന്നില്ല. വടക്കേത്തെരുവിന്റെ പടിഞ്ഞാറെത്തലയ്ക്കൽ ഉള്ള രണ്ടുനിലമാളികയുടെ മുമ്പിൽ എത്തിയ ഉടനെ, "ഇതാ! പിടികിട്ടി. ഇവിടെ ഉണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി, കാര്യം സാധിച്ചല്ലാതെ ഞാൻ ഇവിടെനിന്നു പുറത്തുവരില്ല. വേണമെങ്കിൽ അർദ്ധരാത്രിവരെയോ, പുലർച്ചവരെയൊ കാത്തിരിക്കാം" എന്നു റിപ്പോർട്ടർ പറഞ്ഞു. "ഉം!"— എന്നു മൂളിക്കൊണ്ടു പത്രാധിപരും പടികടന്നു മുറ്റത്തുചെന്നു. അവിടെനിന്നിരുന്ന ഒരു ദാസിയോടു "രാമൻനമ്പ്യാർ ഉണ്ടോ ഇവിടെ?"— എന്നു പത്രാധിപർ ചോദിച്ചു. "ഉണ്ടായിരുന്നു; മുകളിൽ കണ്ടിരുന്നു; നോക്കിവരാം"— എന്നു മറുപടിപറഞ്ഞു അവൾ അകത്തെത്തളത്തിൽ കടന്നു കോണികയറാൻ തുടങ്ങി. "രണ്ടാൾ കാണാൻ വന്നിരിക്കുന്നു എന്നു പറയൂ"— എന്നു പറഞ്ഞുകൊണ്ടു അവളും പിന്നാലെ തളത്തിൽ കടന്നു. ദാസി ഒരു നിമേഷത്തിനുള്ളിൽ കോണിയിറങ്ങിവന്നു, "അകത്തുണ്ടു, വരാൻപറഞ്ഞു"—എന്നറിയിച്ചു. അവൾ വഴിമാറും മുമ്പായി, ഇരുവരും, അവളെ ഉരസിക്കൊണ്ടുതന്നെ ബദ്ധപ്പെട്ടു മുകളിലേക്കു കയറി. നമ്പ്യാർ മറ്റൊരുവഴിയായി പുറമേപോയ്ക്കളകയോ, ഇരുന്നേടത്തുതന്നെ അന്തർധാനം ചെയ്കയോ ചെയ്തുമെന്നു, അവർ ശങ്കിച്ചിട്ടായിരിക്കാം ഇങ്ങിനെ ബദ്ധപ്പെട്ടതു. കൈക്കലകിട്ടിയ കുറക്കാരനെ കളഞ്ഞുപോവാൻഹൃദംകൊടുക്കയുകതമല്ലല്ലൊ.

(ഉത്തരാർദ്ധം തുടരും)

ബി. കല്യാണിഅമ്മ, ബി. എ.

മൂണാറിലെ കോട്ട.

(111)

സ്ഥലപ്പേരുകളുടെ ആദ്യത്തക്ഷരങ്ങളും കാരണങ്ങളും എന്തുതന്നെ ആയിരുന്നാലും, കോട്ടയുടെ പഴമയെപറ്റിയുള്ള ഐതിഹ്യങ്ങളും വെറുകഥകളും മാത്രമായിരിപ്പാൻ വഴിയില്ല. ഹിന്തുക്കളും മഹമ്മദീയരുമായ തദ്ദേശവാസികളും വിശ്വസിക്കുന്നതു ആ കോട്ട "മഗധ" രാജാവായ ജ

രാസന്ധനാൽ പണിചെയ്യിക്കപ്പെട്ടതാ
ണെന്നാണു്. അദ്ദേഹം ആ സ്ഥലത്തിനു
"രാജഗൃഹം" എന്നു നാമകരണം ചെയ്തു.
പിന്നീടു, 'ഉജ്ജയിനി'യിലെ വിശ്വവിശ്രു
തനായ വിക്രമാദിത്യമഹാരാജാവു അതി
ന്റെ അറകൂറുകളും തീർത്തു അതിനെ കു
റ്റെടു ബലപ്പെടുത്തി. ഇത്തരം കഥക
ളെല്ലാം വിശ്വാസയോഗ്യങ്ങളായാലും അ
ല്ലെങ്കിലും, എല്ലാ പൈതിഹ്യങ്ങളുടേയും പ
ഴങ്കഥയുടേയും അടിസ്ഥാനവും അസ്ഥിവാ
രവും യഥാർത്ഥസംഭവങ്ങളാണെന്നും, അ
വയിൽ പ്രായേണ കാണപ്പെടുന്ന അല്പാ
ല്പം അസംബന്ധങ്ങളും കഴിച്ചാൽ ബാക്കി
യെല്ലാം ചരിത്രകാരന്മാർക്കു ഉപയോഗപ്പെ
ടുത്താവുന്ന പരമാർത്ഥസംഗതികളാണെ
ന്നും ഉള്ളതിനു രണ്ടുപക്ഷമില്ല.

ചൂണാർകോട്ടയുടെ കാലനിർണ്ണയത്തി
നു നമ്മെ സഹായിക്കുന്ന ചില സംഗതി
കളുണ്ടു. "യൂണൈറ്റഡ് പ്രോവിൻസ
സ്" എന്നു ഇപ്പോൾ പറഞ്ഞുവരുന്ന സം
സ്ഥാനത്തിന്റെ മിക്കഭാഗവും മുമ്പുണ്ടായി
രുന്ന 'മഗധാ'രാജ്യത്തിൽ ഉൾപ്പെട്ടിരു
ന്നു. ഭാരതയുദ്ധത്തിനു അല്പംമുമ്പാണു
ജരാസന്ധവധം ഉണ്ടായതെന്നു പുരാണ
ത്തിൽ കാണുന്നു. കൃസ്തുവിനു ഒരുവർഷ
ങ്ങൾക്കു മുമ്പാണു 'വിക്രമാദിത്യ'ന്റെ കാ
ലമെന്നു ചരിത്രകാരന്മാർ തിട്ടപ്പെടുത്തി
യിരിക്കുന്നു. ചില പഴയ സംസ്കൃതഗ്ര
ന്ഥങ്ങളിൽ കാണുന്ന സൂചനകളിൽനി
ന്നും, തന്നാട്ടുകാർ വിശ്വസിച്ചുവരുന്ന ചി
ല കഥകളിൽനിന്നും 'ഭർത്തൃഹരി' വിക്ര
മാദിത്യന്റെ ഒരു താവഴിജ്യേഷ്ഠനായിരു
ന്നു എന്നു തെളിയുന്നുണ്ടു. തന്റെ ഭാര്യ
യുടെ നടത്തയെപ്പറ്റി ഉണ്ടായിരുന്ന അ
വിശ്വാസം നിമിത്തം ലോകവ്യാപാരങ്ങ
ളിൽ വെറുപ്പുതോന്നി ഭർത്തൃഹരി സ്ഥാന
പരിത്യാഗം ചെയ്തു ഒരു സന്ന്യാസിയായി
ത്തീർന്നു. സദാചാരനിഷ്ഠയോടുകൂടിയ ഭ
ർത്തൃഹരിക്കു പരമഹംസനായ ഒരു സന്ന്യാ
സി ഒരിക്കൽ ഒരു മാമ്പഴംകൊടുത്തു. അ
ദ്ദേഹം അതു തന്റെ പ്രേമഭാജനമായിരു
ന്ന ഭാര്യയ്ക്കു കൊടുത്തു. കലടയായ അവ
ൾ ആ മാമ്പഴത്തെ അവളുടെ ജാരനായി
രുന്ന ഒരു "കൊത്തുവാളി"ന്നും, അവൻ
വീണ്ടും അതു തന്റെ മനസ്സിനെ അപഹ
രിച്ചിരുന്ന ഒരു ദാസിക്കും സമ്മാനിച്ചുവ
ത്രെ! വിശേഷപ്പെട്ട ആ മാമ്പഴം അനു
ഭവിക്കുന്നതിനു എന്തുകൊണ്ടും യോഗ്യൻ രാ
ജാവാണെന്നു വിശ്വസിച്ചു ആ ദാസി അ
തു ഭർത്തൃഹരിക്കു തിരുമുൽക്കാഴ്ചവെക്കയും,
മാമ്പഴം കണ്ടറിഞ്ഞ അത്ഭുതപരവശനാ
യിത്തിന്ന രാജാവു അന്വേഷണംനടത്തി
യപ്പോൾ അദ്ദേഹത്തിനു വസ്തുതമുഴുവൻ
മനസ്സിലാവുകയും ചെയ്തു. അന്നുതന്നെ
അദ്ദേഹം ഭാര്യയേയും രാജ്യത്തേയും ഉപേ
ക്ഷിച്ചു ഒരു യോഗിയായിത്തീർന്നു.

ഭർത്തൃഹരിയാൽ ഉപേക്ഷിക്കപ്പെട്ട
രാജ്യത്തിനു അടുത്ത അവകാശി വിക്രമാ
ദിത്യനായിരുന്നു. അദ്ദേഹം രാജ്യഭാരം
ഏല്പിക്കുന്നതിനു മുമ്പു ജ്യേഷ്ഠനെ അന്വേ
ഷിച്ചുനടക്കുകയും, 'രാജഗൃഹം' കോട്ടയി
ലുണ്ടെന്നു തന്നോടു പറഞ്ഞ "ഗോരക്കനാ
ഥൻ" എന്ന സന്ന്യാസിയുടെ ഉപദേശപ്ര
കാരം അദ്ദേഹം അവിടെയും എത്തി അ
ന്വേഷണം നടത്തുകയും ചെയ്തു. അവി
ടെവെച്ചു, ഭർത്തൃഹരിയെ കണ്ടുപിടിച്ചു എ
ങ്കിലും അദ്ദേഹം ഒരിക്കലും 'രാജധാനിയി
ലേക്കു മടങ്ങുന്നതല്ലെന്നു തീർത്തുപറഞ്ഞു

പ്പോൾ, വിക്രമാദിത്യൻ തിരിച്ചുപോന്നു. ഭർത്തൃഹരി അവിടെത്തന്നെ പാർപ്പും ഉറപ്പിച്ചു. രണ്ടുമതല്ല ആസ്ഥലത്തിന് 'ഭർത്തൃനഗരി' എന്ന ഒരു പേരും സിദ്ധിച്ചു. സുഖകരമായ ശീതോഷ്ണസ്ഥിതിയും, വിജനതപവും പ്രകൃതിസിദ്ധമായ മനോഹരതയും, ഗംഗയോടുള്ള സാമീപ്യവും, എല്ലാം കൂടിച്ചേർന്ന ഈ സ്ഥലം ആദ്യഹം തിരഞ്ഞെടുത്തതിൽ ആശ്ചര്യം അർഹിക്കപ്പെടുവാനില്ല. വിക്രമാദിത്യൻ ആപ്രദേശത്തിന്നു ഒരു പുതിയ പേരു (ഭർത്തൃനഗരി) കൊടുത്തതുകൊണ്ടു, അക്കാലത്തു അതു ആ പ്രധാനമായ ഒരു പഴയ സ്ഥലമായിരുന്നിരിക്കാമെന്നു ഊഹിക്കണം. സന്ന്യാസിയായിത്തന്നെ, ഭർത്തൃഹരി, പരലോകം പ്രാപിച്ചു. ഇപ്പോൾ കാണപ്പെടുന്ന ആ ശിലയുടെ അന്തർഭാഗത്താണു അദ്ദേഹത്തെ മറവുചെയ്തതു. തപോനിധിയോടുകൂടി കാലംകഴിച്ചു ജ്യേഷ്ഠന്റെ പേരിൽ വിക്രമാദിത്യനു തോന്നിയ നിഷ്കളങ്കമായ ഭക്തിബഹുമാനങ്ങളാൽ അദ്ദേഹം ആവിടെ ഒരു ക്ഷേത്രം പണിചെയ്യിപ്പിക്കയും, ആ സ്ഥലത്തിന്നു അവശ്യം വേണ്ടിയിരുന്ന നവീകരണം കഴിക്കയും ചെയ്തിട്ടുണ്ടായിരിക്കും. ഈ സ്ഥലത്തെക്കുറിച്ചു ഇനിയൊരു കഥയുള്ളതു, രാജസൂയത്തിന്നു മുമ്പു ശ്രീകൃഷ്ണന്റെ ഉപദേശപ്രകാരം കൊല്ലപ്പെട്ട മഗധരാജാവായ "ജരാസിംഗ്" എന്ന രാജാവിനെ സംബന്ധിക്കുന്നതാകുന്നു. ഈ 'ജരാസിംഗ്', ഭാരതത്തിൽ പറയപ്പെടുന്ന ജരാസന്ധൻ തന്നെ ആയിരിക്കുന്നുവാനേ വഴിയുള്ളൂ.

മൂന്നാർകോട്ടയെ രണ്ടായി വിഭജിക്കാം. ഭവൽകുമ്പാ, അതിനു തെക്കുള്ള ഭാഗം, ഇന്ദ്രമണ്ഡപം, ജരാസന്ധന്റെ കാരാഗൃഹങ്ങൾ, ആയുധപ്പുര, ഭർത്തൃഹരിമണ്ഡപം, അടുത്തുള്ള പ്രതിഷ്ഠ മുതലായവയെല്ലാം ഉൾപ്പെടുന്ന വടക്കുഭാഗം വളരെ പുരാതനവും ഹിന്ദുരാജാധിപത്യകാലത്തു ഉണ്ടായിട്ടുള്ളതും ആയിരിക്കണം. പട്ടാളസ്ഥലങ്ങൾ, തൊപ്പിക്കാന, മന്ത്രശേഖരപ്പുര, വലിയ കൊട്ടാരങ്ങൾ മുതലായവയെല്ലാം ഉൾപ്പെടുന്ന തെക്കുഭാഗം അത്രതന്നെ കാലപ്പഴക്കമില്ലാത്തതും, മഹമ്മദുരാജാക്കന്മാരാൽ നിർമ്മിതവും ആയിരിക്കണം. തീച്ചയായിട്ടും, ഒരുകാലത്തു, ഒരു രാജാവിനാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതല്ലാ ഈ കോട്ട. പെട്ടിടങ്ങളുടെ രീതിഭേദങ്ങളും, പണിത്തരംഭേദങ്ങളും അവയുടെ കാലപ്പഴക്കത്തിന്റെയും കാലവ്യത്യാസങ്ങളേയും വെളിപ്പെടുത്തുന്നുണ്ടു. വളരെ പുരാതനമായ്ട്ടുള്ളതാണു ഈ കോട്ട എന്നുമാത്രമല്ല, ഹിന്ദുരാജാക്കന്മാരുടെ കോട്ടകളിൽ ഒരുസമയം ഏറ്റവും പുരാതനമായിട്ടുള്ളതും കൂടിയായിരിക്കാം. എന്നാൽ ജരാസന്ധനാണു അതു ആദ്യം സ്ഥാപിച്ചതെങ്കിൽ, അദ്ദേഹം അത്രതന്നെ പഴക്കമുണ്ടായിരിപ്പാൻ വഴിയില്ല. മഹാഭാരതയുദ്ധം നടന്നതു ഏകദേശം കൃസ്തുവിന്നു പത്തോ പതിനൊന്നോ നൂറാണ്ടുകൾക്കു മുമ്പാണു; ജരാസന്ധൻ വധിക്കപ്പെട്ടതു ഭാരതയുദ്ധത്തിന്നു പത്തുപതിനഞ്ചു വർഷങ്ങൾക്കു മുമ്പു ആകുന്നു. ഈ ജരാസന്ധന്റെ മകൻ ഭാരതയുദ്ധത്തിൽ ഒരു ഭാഗഭാക്കും ആയിരുന്നു. അതുകൊണ്ടു ഈ കോട്ടയുടെ, മുൻപ്രസ്താവിച്ചതായ വടക്കുഭാഗം ഉണ്ടായിട്ടു മൂവായിരം കൊല്ലങ്ങളോളമായിരിക്കണം. ആ സ്ഥിതിക്കു ഭർത്തൃഹരിക്ഷേത്രവും

വിക്രമാദിത്യന്റെ നവീകരണവും കഴിഞ്ഞിട്ടു രണ്ടായിരംവർഷങ്ങളിൽ അധികമായിരിക്കയില്ല.

ആധുനിക ഇന്ത്യാചരിത്രത്തിൽ മൂണാർകോട്ടയ്ക്കുള്ള പ്രധാനസ്ഥാനം എറെക്കുറെ എല്ലാവക്ഷം അറിയാവുന്നതാകയാൽ ആ ഭാഗം അധികം വിസ്തരിക്കുന്നില്ല. ഫ്രഞ്ചുകാർ "കർണ്ണാട്ടിക്" ആണ മൂണാർകോട്ടയെ അഭിക്രമിച്ച ആദ്യത്തെ മഹമ്മദീയരാജാവു് "സബാക്ക്ടജിന്റെ കീഴടങ്ങുന്നവരെ, ചെറുത്തുനിന്ന "പൃത്ഥ്വീരാജാവിന്റെ ചരിത്രമാണ പിന്നെ സ്മരണീയമായിട്ടുള്ളതു. അതിന്റെ കൈവശകാലം ഉണ്ടായിരുന്നതു കടവിലത്തെ ഹിന്ദുരാജാവു "സ്വാമിരാജ"നാണ. ക്രമേണ അതിൽ അകന്ന അധികാരം വിട്ടുപോയതു. ഫ്രഞ്ചുകാർ "ലൊബർ" അതുകീഴടക്കി. "ഹമയൂനും" "ഷേർഷയുമായുണ്ടായ യുദ്ധത്തിൽ, മൂണാർ ഒരു വാദവിഷയവും യുദ്ധസ്ഥലവും ആയിരുന്നു. മഹാനായ "അക്ബർ" അതിന്റെ അറുകെറുങ്ങൾ തീർത്തു പടിഞ്ഞാറെകോട്ടവാതിൽ ഉണ്ടാക്കി. "മേജർമൺറോ"വിന്റെ ആധിപത്യത്തിൽ ഒരു ഇംഗ്ലീഷുസൈന്യം ക്രിസ്തുശക വർഷം ആ കോട്ടയെ വളഞ്ഞു ഒരു നിരോധം നടത്തി. ക്രമേൽ "ചെയിറാസിംഗ്" അതിനെ "ഈസ്റ്റിന്ത്യാകമ്പനി"ക്കാക്കി (ഇംഗ്ലീഷുകാക്കു) ദാനംചെയ്തു. അന്നുമുതൽക്രമേണ അതു ബ്രിട്ടീഷുസൈന്യത്തിന്റെ ഒരു വാസസ്ഥലമായിരുന്നു. പിന്നീടു, ആസ്ഥലത്തിന്റെ മുഖ്യതയും യുദ്ധസംബന്ധമായ അതിന്റെ പ്രാധാന്യവും നശിച്ചപ്പോൾ, ബ്രിട്ടീഷുസേനകൾ അവിടെനിന്നു നീങ്ങുകയും, മൂണാർകോട്ട ഇപ്പോഴത്തെ സ്ഥിതിയിൽ തടവുമുറിയും മറ്റുമായിത്തീരുകയും ചെയ്തു.

ഇതുയെല്ലാം പ്രാധാന്യവും പഴക്കവും ഉള്ള ഒരു സ്ഥലമാകുന്നു 'മൂണാർകോട്ട'. പ്രാചീനഇന്ത്യക്കാരുടെ പരിഷ്കാരങ്ങളെയും, യുദ്ധവിദഗ്ധതയേയും, അസാമാന്യമായി ഇതുയും വെളിപ്പെട്ടുത്തുന്ന വേറെ ഒരു സ്ഥലം ഇന്ത്യയിൽ ഇല്ല. മൂണാർകോട്ട ഉണ്ടായതിനു ശേഷം കാലചക്രം പലവിധത്തിലും തിരിഞ്ഞു എന്തെല്ലാംവിധത്തിലുള്ള മാറ്റങ്ങളും പരിണാമങ്ങളും ഇന്ത്യയിൽ ഉണ്ടായിരിക്കുന്നു. എത്രയോ രാജ്യങ്ങൾക്കു അധോഗതിയും എത്രയോ രാജ്യങ്ങൾക്കു ഉന്നമനവും സംഭവിച്ചു. എത്രയോ മതങ്ങളും വിശ്വാസങ്ങളും പ്രചാരത്തിൽ വരുകയും നശിക്കയും ചെയ്തു. എന്തെല്ലാം പരിഷ്കാരങ്ങളും മാറ്റങ്ങളും അതിൽ പിന്നെ ഉണ്ടായി. എത്രയസംഖ്യം യുദ്ധങ്ങൾക്കും, ആഭ്യന്തരകലഹങ്ങൾക്കും, ആക്രമണങ്ങൾക്കും ഇന്ത്യാരാജ്യം അടിമപ്പെടേണ്ടിവന്നു. അവയുടെ എല്ലാം ആടയാളങ്ങളും ലക്ഷ്യങ്ങളും മാഞ്ഞും മായാതേയും എറക്കുറെ അവിടവിടെ ഇക്കാലത്തും കാണപ്പെട്ടുന്നുണ്ടു. എന്നാൽ പറയത്തക്കകേടുപാടുകൾ കൂടാതെയും, കാണികളെ അത്ഭുതപരവശരാക്കിക്കൊണ്ടും, പുരാതനഹിന്ദുക്കളുടെ യുദ്ധസാമാത്ഥ്യത്തിനും ശില്പകലാകൗശലത്തിനും ജീവന്നിദർശനമായും, ചരിത്രലക്ഷ്യങ്ങളില്ലാതെ അവ്യക്തമായി കിടക്കുന്ന പ്രാചീനകാലത്തെപ്പറ്റി അന്വേഷണം നടത്തുന്ന ഏതൊരുവനും ഉന്മേഷവും ഉത്സാഹവും കൊടുക്കുവാൻമതിയായ ഒരു ദിവ്യസ്വംഭോപോലെയും ആധുനിക-ഇന്ത്യയെ അപേക്ഷിച്ചു, നവീനപരിഷ്കാരശക്തി നമ്മെ മുമ്പോട്ടോ പിമ്പോട്ടോ

വച്ചിച്ചുകൊണ്ടുപോകുന്നതെന്നു നിശ്ചയിക്കുന്നതിനുള്ള ഒരു അളവുകോലായും, ഗംഭീരവും ഉദ്ദാത്തവും ആയ ചൂണാർകോട്ട ഇന്നും പഴയപടിതന്നെ വിളങ്ങുന്നു.

—പുത്തേഴത്തു രാമമേനോൻ, ബി. എ.

---

* ഒരു കൊലപാതകം.

൧. അരാത്രിനേരം; അണിമഞ്ഞുടയാടകൊണ്ടു
താരാഗണങ്ങൾമറവായ്; ഘനമാംവിതാനം
പാരംകേമനൊരുപോലെമറച്ചുമിന്നി-
പ്പാരാതെമിന്നലനലോഗ്രശരംപൊഴിച്ചു.

൨. ഘോരാരവത്തൊടിടിവെട്ടിവളഞ്ഞുമിന്നും
താരാപഥത്തിൽ; ഉഴറീളവിജീവജാലം;
ക്രൂരാട്ടഹാസമൊടുകാറുലകിട്ടിളക്കീ;
വാരാന്നിധിത്തിരകളുരവംമുഴക്കി.

൩. ആലിപ്പഴങ്ങളുടനുക്കൊടുലോഹപിണ്ഡം
പോലിദ്ധരിത്രിയിലുതിർന്നു; ജലംനിറഞ്ഞു;
ചേലിൽപ്പൊരുത്തലറിയാഞ്ഞുപതിച്ചുശൈല-
മൌലിപ്രദേശവഴിലോരുജലപ്രവാഹം.

൪. ആന്നേരമുക്കുടയഘാതകനേകനാത്മ,
"കൊന്നേവിടുരിപുവെ"യെന്നുനിനച്ചുവീരൻ
ചെന്നേറുനിർദ്ദയമളാത്തൊരുശയ്യയപ്പോൾ-
ത്തന്നേവെടി, ഞെരിശമോടയിയേടെതിപ്പാൻ.

൫. ആയോധനത്തിനതിതൃക്ഷതരസ്വഭാവ-
നായോഗ്യനൽകടകമായുധമാഞ്ഞുവീശി
ഭീയോത്തിടാത്തപടിചാടിയരാതിതന്റെ
കായോപസംഹൃതികഴിപ്പതിനായൊരുങ്ങി.

൬. വങ്കാറുകൂട്ടി; ഇടിമിന്നൽതെളിഞ്ഞുമിന്നി;
ഹുങ്കാരമുയർന്നിടിമുഴങ്ങി; നടുങ്ങിലോകം;
തങ്കാത്മരക്ഷകിലു, മാസ്സുമയത്തിനൊപ്പം
ശങ്കാകലർ, പലവികാരമുടിച്ചുനിന്നാൻ.

൭. ഉല്ലാസമാർന്നുനിശിതായുധമൊന്നിളക്കി;
വല്ലാതെപൊട്ടിചിരി; ആക്കരമൊന്നുപൊക്കി

---

* ഇംഗ്ലീഷിൽ നിന്നു ഒരു ഏകദേശ തർജ്ജമ.

പല്ലാകവേപരമിരുമ്പിയിളിച്ചകാട്ടി;
കൊല്ലാനരാമിയുടെനേക്കുതിചുചാടി.

൩. ചതുരതപൊരുകംപടിസ്സുചാടി
ക്കതുകരാലവനാഹവംനടത്തി,
മറ്റുടയനൊരൊറടിസ്സുവീഴ്ത്തീ
കൊതുകിനെ,യാക്കൊലയാളികുസലന്യേ.

കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പു.

പരുത്തികൃഷി.

(IV)

പരുത്തികൃഷിയുടെ ചേർച്ചയായ കരവസ്ഥയിൽ ഇടയിളക്കേണ്ടുന്ന രണ്ടു വിളവുകൾ തുടരെ ഉണ്ടായിരിക്കുന്നു. അങ്ങിനെ ഉണ്ടായിരുന്നാൽ, മണ്ണു ക്രമത്തിലധികം വെയിലിന്റെയും മഴയുടെയും ശക്തിക്കധീനമാവും. അപ്പോൾ മണ്ണിനു ശാരീരികവസ്തുക്കൾ നിമിത്തം ഉണ്ടായിരിക്കാവുന്ന വളത്തിന്റെ ഗുണം എളുപ്പത്തിൽ നശിച്ചുപോകും. മണ്ണിൽ ക്രമത്തിലധികം ശാരീരകവസ്തുക്കൾ ഉണ്ടെങ്കിൽ, ഇടയിളക്കേണ്ടുന്ന വിളവുകൾ തുടരെ കൃഷിചെയ്യാവുന്നതാണു. എന്നാൽ, അതു മണ്ണിന്റെ പ്രകൃതിക്കു ദോഷമായിരിക്കുന്നതു കൂടാതെ, ഫലനശക്തിയുടെ അനാവശ്യമായ നാശത്തിനും ഹേതുവായിത്തീരുന്നു.

൪. മേരിക്കയിൽ പരുത്തിയെ ധാന്യങ്ങളോടൊന്നിച്ചു തുടരെ കൃഷിചെയ്യുമാണു പതിവു. ധാന്യം കുന്നുകാലികൾക്കു തീറ്റിസ്സായിട്ടാണു കൃഷിചെയ്യുന്നതു. ഇക്കൊല്ലത്തിൽ ധാന്യം കൃഷിചെയ്തിട്ടുള്ളേടത്തു അടുത്തകൊല്ലം പരുത്തി കൃഷിചെയ്യുന്നു. എന്നാൽ ഈ സംഗതിയിൽ ധാന്യത്തിനു ശരിയായ വില കിട്ടുന്നതല്ലാത്തതുകൊണ്ടു, ആവശ്യത്തിനൊഴികെ ധാന്യം കൃഷിചെയ്യുന്നതു ആദായകരമല്ല. മതരയോ മറ്റൊ വിതച്ചു, അതു പൂത്തുതുടങ്ങുമ്പോൾ ഉഴുതു നിലത്തിൽ ചേർക്കുന്നതു വളരെ നല്ല സമ്പ്രദായമാണു. നമ്മുടെ നാട്ടിൽ പയറിനും മുതിരയ്ക്കും മറ്റും നല്ല വില കിട്ടുന്നതുകൊണ്ടു, അവയെ മണ്ണിനോടുഴുതുമറിപ്പാൻ സാധാരണ ആർക്കും മനസ്സുവരുകയില്ല. എന്നാൽ അവയുടെ തണ്ടും ഇലയും മണ്ണിൽ ചേർക്കുന്നതിനു വിരോധമുണ്ടാവാൻ ഇടയില്ലല്ലൊ. അതുതന്നെയും, കുന്നുകാലികൾക്കു ഭക്ഷണമായിക്കൊടുത്ത ശേഷം, അവയിൽനിന്നു ലഭിക്കുന്ന ചാണകമായി ഉപയോഗിക്കുന്നതു ഏറെ നന്നു. ഈ സമ്പ്രദായപ്രകാരം കാലിത്തീറ്റയും വളവും ഉണ്ടാക്കാം. പയറുജാതിച്ചെടിയിൽ കുന്നു കൃഷിചെയ്ത ശേഷം, മരച്ചീനിയോ, ചേനയോ, കാച്ചിലോ കൃഷിചെയ്യാം. അല്ലെങ്കിൽ വാഴ കൃഷിചെയ്യാം. ഇങ്ങനെ രണ്ടുമൂന്നുതരം കൃഷികൾ ചെയ്തശേഷം, വീണ്ടും പരുത്തികൃഷി ചെയ്യുന്നതു വളരെ സൗകര്യമായിട്ടുള്ളതാണു. നമ്മുടെ നാട്ടിൽ ചെയ്യാവുന്ന ഏതുതരം കൃഷിയുടെ ഫലത്തിനും ശരിയായ വിലകിട്ടുന്നുണ്ടു. സാധനത്തിന്റെ

ആവശ്യം വിളവിന്റെ തുകയിൽ കവിഞ്ഞുപോകുന്നതല്ലാതെ, സാമാന്യങ്ങൾ വാങ്ങാൻ ആളില്ലാതെ നഷ്ടപ്പെടേണ്ടതായി വരുന്നില്ല.

വിളവുമാറി കൃഷിചെയ്യുന്നതിൽ പ്രധാനമായി ഓർക്കേണ്ട തത്വം ഒന്നുമാത്രമാകുന്നു. അതാവിതു, വളത്തിനെക്കയിപ്പിക്കുന്ന ഒരു വിളവെടുത്തു കഴിഞ്ഞാൽ ഉടൻതന്നെ വളം വലിപ്പിക്കുന്ന മറൊരു വിളവു കൃഷിചെയ്യുന്നം. എന്നാൽ ചില വിശേഷസംഗതികളിൽ ഈ സമ്പ്രദായത്തെ ഭേദപ്പെടുത്തുവുന്നതാണു. പ്രത്യേകം ചില സ്ഥലങ്ങളിൽ ചില വിളവുകൾ തുടരെ കൃഷിചെയ്യാം. അതുപോലെതന്നെ, കച്ചവടത്തിൽ ആദായംകിട്ടാത്ത വിളവിനെ ഉപേക്ഷിച്ചിട്ടു, ആദായം ഉറപ്പായി ലഭിക്കുന്ന വിളവുകളെത്തന്നെ ചെയ്യണം.

പരമ്പരാഗതകൃഷിയെ സംബന്ധിച്ചുപറഞ്ഞ വിളവുമാറൽരീതി, മറുകൃഷികളേയും സംബന്ധിക്കുന്നതാണു. നമ്മുടെ നാട്ടിൽ, നെൽകൃഷി തുടരെ നടത്തിവരുന്ന നിലങ്ങളിൽ വിളവു വളരെ കുറഞ്ഞുവരുന്നതായി നാം കാണുന്നുണ്ടല്ലൊ. ഓണാട്ടുകരപ്രദേശങ്ങളിൽ, രണ്ടു നെൽകൃഷികൾക്കിടയിൽ, ഒരു എള്ളുകൃഷിയുണ്ടായിരിക്കുന്നിമിത്തം അവിടങ്ങളിലെ വിളവു മെച്ചമായിരിക്കുന്നു. നെൽകൃഷിയിൽനിന്നു മണ്ണിൽചേർന്നിട്ടുള്ള വിഷവായുക്കളും അണുക്രിമികളും എള്ളുകൃഷിയാൽ നശിച്ചുപോകുന്നു. മറുസ്ഥലങ്ങളിലും ഈ സമ്പ്രദായം നടപ്പിൽവരുത്തുന്നതു നന്നായിരിക്കും. കംപ്പോവു വിളവെടുത്തശേഷം എള്ളോ, മുതിരയോ, പയറോ, ഉഴുന്നോ, വെള്ളരിയോ, ചീനിയോ, മറോ സൌകര്യംപോലെ ഏതിടേയും കൃഷിചെയ്യാവുന്നതാണു. പാടുകളിലും ഇങ്ങനെവിളവുകൾമാറികൃഷിചെയ്യേണ്ടതു ആവശ്യമാണു.

വിളവുമാറ്റം.

ഒരു നിലത്തിൽ തുടരെത്തുടരെ ഒരേ വിളവുതന്നെ കൃഷിചെയ്യുന്നപതിവിനെ മാറ്റി വിവിധങ്ങളായ വിളവുകൾ ഇറക്കുന്നതിനാണു വിളവുമാറ്റമെന്നു പറഞ്ഞുവരുന്നതു. വിളവുമാറ്റത്തിന്റെ പ്രധാനോദ്ദേശ്യം മണ്ണിനു പുതുമവരുത്തുകയാകുന്നു. അതാവിതു, കൃഷിരീതിയിൽ ഒരു ഭേദംവരുത്തുകതന്നെ. ഈ സമ്പ്രദായത്താൽ പലതരത്തിലുള്ള കീടങ്ങളുടെ ഉപദ്രവങ്ങൾ തടയപ്പെടുന്നു. ഒരുതരം വിളവിന്റെ കൃഷിനിമിത്തം മണ്ണിനു ദോഷകരമായ അണുക്രിമികൾ ഉണ്ടാകുന്നപക്ഷം, മറൊരുതരം കൃഷിനിമിത്തം അവ നശിച്ചു മണ്ണിനു വിശ്വം ലഭിക്കുന്നതാണു. വിളവുമാറ്റത്താൽ ദോഷകരങ്ങളായ അണുക്രിമികളെ നശിപ്പിക്കാൻ ശക്തിയില്ലാതെവന്നാലും, ക്രിമികളുടെ വർദ്ധനയെ തടഞ്ഞു അവയുടെ സംക്രമത്തെ കുറയ്ക്കുകയും, അങ്ങിനെ കാലക്രമംകൊണ്ടു അവ നശിക്കയും ചെയ്യുന്നു. ഓരോതരം കൃഷിക്കും ഓരോമാതിരി അണുക്രിമികൾ ഉണ്ടാകുമെന്നാണു പറയപ്പെട്ടിരിക്കുന്നതു. മറൊരുതരം വിളവു കൃഷിചെയ്യുമ്പോൾ ഉപദ്രവമുള്ള അണുക്രിമികൾ നശിച്ചു മണ്ണിന്റെ പ്രകൃതി ഹാനികരമായ വിധം ഭേദപ്പെടുന്നു. അതിന്റെ സ്വാഭാവികമായ ഫലനശക്തി ഏറെ വർദ്ധിക്കയുംചെയ്യുന്നു. വിളവു മാറി കൃഷിചെയ്യുന്നതു എല്ലായ്പോഴും ഫലപ്രദമോ, ലാഭകരമോ ആയിത്തീരുന്നതല്ല. എന്തുകൊണ്ടെന്നാൽ: ഒരുവി

മീവിനാൽ മണ്ണിരയെയായിട്ടുള്ള കേട നശിപ്പിക്കാനായി കൃഷിചെയ്യുന്ന മറ്റൊരു വിളവു മണ്ണിന്റെ ഫലനശക്തിയെ വർദ്ധിപ്പിക്കുന്നതിനു പകരം അതിനെക്ഷയിപ്പിച്ചുവെന്നും വരാം. എങ്കിലും ഒരു തോട്ടത്തിൽ അനേകം മാതിരി വിളവുകൾ ഉണ്ടാക്കാർ ഹേതുവായിത്തീരുന്നതിനാൽ, വിളവുമാറാം ഒരു നല്ലസമ്പ്രദായമാണെന്നതിനു പക്ഷാന്തരമില്ല. വിശേഷിച്ചും വിളവുമാറാത്തിൽ മുതിരയോ, പയറോ, മറ്റോ ഉൾപ്പെട്ടുന്നുവെങ്കിൽ, പാകൃജനക വളത്തിനു നേർപകുതി ലാഭമുണ്ടാകും. ഈ പയറുജാതി ചെടികൾക്കു അന്തരീക്ഷത്തിൽനിന്നു അമ്മോണിയായെ ഗ്രഹിച്ചു സസ്യാഹാരമാകിത്തീർക്കാനുള്ള വിശേഷശക്തിയുണ്ടു. അതിനാലാണു ഈ ലാഭം ഉണ്ടാകുന്നതു പയറുജാതിച്ചെടികൾ മണ്ണിൽനിന്നു പാകൃജനകം ഗ്രഹിക്കുന്നില്ലെന്നതുകൊണ്ടല്ല, അവ അടുത്തവിളവിനു വേണ്ടി പാകൃജനകം മണ്ണിൽ സംഭരിച്ചുവയ്ക്കുകയും ചെയ്യുന്നു.

—എൻ. ശങ്കരപ്പിള്ള,
ആഗ്രികൾച്ചറൽ ഇൻസ്പെക്ടർ.

കമലാഭായി
അഥവാ
ലക്ഷ്മീവിലാസത്തിലെ കൊലപാതകം

കമലാഭായിയെ ബന്ധോവസ്തിൽ വെക്കുവാൻ കൊണ്ടുപോയദിവസം വൈകുന്നേരം, ലക്ഷ്മിക്കുട്ടിഅമ്മയും അമ്മുഅമ്മയും കമലയെ കാണുവാൻ പോയി. അവരുടെ അപ്പോഴത്തെ മുഖ്യമായ ആലോചന കമലയുടെ ഭാഗം വക്കീലായി ആരെയാണു ഏർപ്പെടുത്തേണ്ടതെന്നായിരുന്നു.

കമല — 'മാധവമേനോനെ വരുത്തുകയല്ലെ നല്ലതു?'

ലക്ഷ്മി — 'അതുതന്നെയാണു നല്ലതു. എന്നാൽ ഉടനെ കമ്പി അയപ്പിക്കാം'.

കമല — 'ഇവിടെ നല്ല വക്കീൽമാർ ഇല്ലാഞ്ഞിട്ടല്ല. അദ്ദേഹം നമ്മുടെ സ്വന്ത ആളാണല്ലൊ. വിശേഷിച്ചു എന്റെ സ്വഭാവം നല്ല നിശ്ചയവുമുണ്ടു. അതുകൊണ്ടു വിവരങ്ങൾ പറഞ്ഞാൽ വേഗത്തിൽ മനസ്സിലാവും.'

അമ്മു — 'എന്നാൽ ഞങ്ങൾ പോയ ഉടനെ കമ്പി അയപ്പിച്ചുകൊള്ളാം'.

മാധവമേനോൻ ബി. എൽ പരീക്ഷയിൽ സംസ്ഥാനത്തിൽ ഒന്നാമനായി ജയിച്ചു, സ്വല്പകാലത്തിനിടയിൽ സമർത്ഥനെന്ന പ്രസിദ്ധിനേടിയ ഒരു പുതിയ ഹൈക്കോടതിവക്കീലാണു; ഇവരുടെ ബന്ധുവർഗ്ഗത്തിൽപെട്ട ഒരാളുമാണു. ഈ സഹോദരിമാരെപ്പറ്റി മാധവമേനോനു വളരെ നല്ല അഭിപ്രായമാണുള്ളതു. പ്രത്യേകിച്ചു, കമലയെ വിവാഹം ചെയ്താൽ കൊള്ളാമെന്നു ആഗ്രഹിച്ചുകൊണ്ടിരിക്കയുമാണു. ഇക്കഴിഞ്ഞ കൊലപാതകവിവരം പത്രങ്ങളിൽ നിന്നറിഞ്ഞിരുന്നുവെങ്കിലും, കമല ഈ കേസ്സിൽ അകപ്പെട്ടതായി അറിഞ്ഞിരുന്നില്ല. എന്നാൽ കുറെദിവസമായി ഇവരുടെ വർത്തമാനം ഒന്നും അറിയാഞ്ഞിട്ടുള്ളതുകൊണ്ടു, ആയിടയിൽ കമലയ്ക്കു ഒരു കത്തെഴുതി. അതു അവർ അദ്ദേഹത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവിടെകിട്ടി.

കൊയമ്പത്തൂർ,

കറെദിവസമായി നിങ്ങളുടെ യത്ത മാനങ്ങൾ യാതൊന്നും അറിയാത്തതുകൊണ്ടു വ്യസനിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും ക്ഷേമംതന്നെയായിരിക്കുമല്ലൊ. എനിക്കു ഇവിടെ ഒരുവിധം സുഖംതന്നെ. നിങ്ങൾ എന്റെ സ്മരണ തീരെ വിട്ടുപോവാതിരിപ്പാനായി ഞാൻ ചില സാധനങ്ങൾ അയയ്ക്കുന്നു. അവ സ്വീകരിപ്പാനപേക്ഷ. ലക്ഷ്മിക്കുട്ടിഅമ്മയ്ക്കു ചില നല്ല മാസികകളും, അമ്മുവിനു ചില വിശേഷനോവൽകളും, കമലയ്ക്കു ഒരു വൈരമോതിരവും അയച്ചിരിക്കുന്നു. ഇതു അവിടെ കിട്ടിയ വിവരത്തിനു ഒരു എഴുത്തു അയച്ചുതന്നാൽ വളരെ സന്തോഷം. എന്നു നിങ്ങളുടെസ്വന്തം മാധവമേനോൻ.

"കഷ്ടം! എന്റെ ഇപ്പോഴത്തെ സ്ഥിതി അറിയുമ്പോൾ എത്ര വ്യസനിക്കും. എന്നാലും, ഞാൻ ഈ കഠിനകൃത്യം ചെയ്തതായി ഒരിക്കലും വിചാരിക്കുകയില്ല. ഞാൻ കുപ്പിനെ സ്നേഹിച്ചിരുന്നുവെന്നറിയുമ്പോൾ, എന്തു വിചാരിക്കുമൊ?" എന്നിങ്ങിനെ കമല ആലോചിച്ചുകൊണ്ടിരുന്നു.

* * * * * * *

"നിങ്ങൾ എന്തുപറഞ്ഞാലും ശരി. ഈ ലോകത്തെ രക്ഷിക്കുന്നതു സ്ത്രീകളാകുന്നു."

"നശിപ്പിക്കുന്നതും അവർതന്നെ."

ആദ്യംപറഞ്ഞതുയാം മാധവമേനോനാണെന്നുമതു പറഞ്ഞതു ആരാം മാധവമേനോന്റെ സ്നേഹിതൻ ഗോപാലമേനോനാണു. മാധവമേനോൻ സുന്ദരനായ ഒരു യുവാവാണു. അദ്ദേഹത്തിന്റെ വിശാലനേത്രങ്ങൾ മഹാമനസ്കതയും നൈപുണ്യബുദ്ധിയെയും സൂചിപ്പിച്ചിരുന്നു. മുഖത്തിൽ കുങ്കുമം, ചന്ദനം കളങ്കമെന്നപോലെ, ശോഭിക്കുന്നു. മാധവമേനോന്റെ മുഖത്തു സദാ പ്രസന്നഗംഭീരമായ ഒരു ഭാവം സ്ഫുരിച്ചുകൊണ്ടിരിക്കും. അദ്ദേഹം വളരെ ചാതുര്യമായും സരസമായും സംസാരിക്കയും ചെയ്യും.

ഗോപാലമേനോൻ മാധവമേനോനെക്കാൾ അല്പം പ്രായം കൂടുതലുണ്ട്; ഒരു സുമുഖനും, കറെ ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ച ആളുമാണു. തനിക്കു സ്ത്രീകളെ വളരെ പുച്ഛമാണെന്നാണു ഭാവം. ഈ ലോകസുഖങ്ങളിൽ വിരക്തി വന്നിരിക്കുന്നുവെന്നു ചിലപ്പോൾ പറയും. മനുഷ്യർ മിക്കവാറും ആത്മവഞ്ചകരാണെന്നാണു അഭിപ്രായം. ഗോപാലമേനോൻ ബാല്യം മുതൽ വളരെ കഷ്ടതകൾ അനുഭവിച്ചിട്ടുണ്ടു. ആ കഷ്ടതകൾ മേനോന്റെ മൃദുവായ മനസ്സിനു ഒരു മാറ്റമുണ്ടാക്കിത്തീർത്തു.

മാധവമേനോൻ സ്ത്രീകളുടെ യോഗ്യതകളെകുറിച്ചും ഗോപാലമേനോൻ സ്ത്രീകളുടെ ദുഷ്ടതകളെപ്പറ്റിയും സംസാരിച്ചുകൊണ്ടിരുന്നു.

ഗോപാല— "സ്ത്രീകളെപ്പോലെ ഇത്ര ദുഷ്ടജീവികളെ എതുലോകത്തിലും കണ്ടുകയില്ല. സ്ത്രീകളെ ഒരിക്കലും വിശ്വസിക്കരുതു. അവരുടെ ദുഷ്ടതകൾ സാധാരണ നാം കണ്ടുവരുന്നില്ലെ? ഒരു മെറുപ്പുക്കാരനെ കറെ ദ്രവ്യത്തോടുകൂടി സേച്ഛപോലെ നടക്കുന്നതിനുവിട്ടാൽ, അടുത്തകാലത്തു അവൻ സകല സ്വത്തും നശിച്ചു ഒരു പാപ്പർ ആയി നടക്കുന്നതു കാണാം.

ന്നു തടഞ്ഞുനിർത്തുന്നതായാൽ, ആ ഏക കാരണംകൊണ്ടു ആ സ്ത്രീയുടെ മനസ്സുഇടിഞ്ഞുപോകുന്നതാണു. എന്നാൽ കാണുന്ന സ്ത്രീകളെയെല്ലാം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യണമെന്നല്ല ഞാൻ പറയുന്നതു. സ്ത്രീകളിൽ പലേ സ്വഭാവക്കാരുണ്ടു. അതു പുരുഷന്മാരിലുമില്ലെ? അവനവൻ അവനവന്നു യോജിച്ച സ്വഭാവമുള്ള ഒരു സ്ത്രീയെ തിരഞ്ഞെടുക്കണം. അതാണു ബുദ്ധിയുള്ളവന്റെ കൃത്യം.'

ഗോപാല— 'സ്ത്രീകളെ ദിവ്യകളെന്നും ശിവകളെന്നും വേർതിരിക്കേണ്ട ആവശ്യമേ ഇല്ല. എല്ലാസ്ത്രീകളും ഒരേ സ്വഭാവക്കാർ തന്നെ. എന്നാൽ ചിലക്കു ആ സ്വഭാവത്തെ പ്രകാശിപ്പിക്കേണ്ടതായ സന്ദർഭം നേരിടുന്നു; ചിലക്കു അതു നിടയുന്നില്ല; അത്രയേ വ്യത്യാസമുള്ളു.'

മാധവ— 'അങ്ങിനെ പറയുവാൻ പാടില്ല. ഏതോ ഒരു സ്ത്രീ നിങ്ങളെ വഞ്ചിച്ചതുകൊണ്ടു സ്ത്രീവർഗ്ഗത്തെ മുഴുവൻ അധിക്ഷേപിക്കുന്നതു കുറെ കഷ്ടമല്ലെ. സൽസ്വഭാവികളായ സ്ത്രീകൾ ഇല്ലെന്നു നിങ്ങൾ പറയുന്നുവല്ലൊ. ഞാൻ അടുത്തുചാലക്കുട്ടപോകുന്നുണ്ടു. അവിടെ ചെന്നുടനെ ചില സ്ത്രീകളെ കാണിച്ചുതരാം. അവരുമായി പരിചയപ്പെട്ടാൽ നിങ്ങളുടെയഭിപ്രായം ഭേദിക്കാതിരിക്കയില്ല. നിശ്ചയംതന്നെ.'

ഗോപാല— നിങ്ങളുടെ ദയവിന്നായി വന്ദനം. വല്ല ദിവ്യസ്ത്രീകളെയും കാണിച്ചുതന്നാൽ ഞാൻ ഭയപ്പെടാതെ സ്നേഹിച്ചുകൊള്ളാം. എന്നാൽ സ്ത്രീകളെമാത്രം എനിക്കു കാണിച്ചുതരരുതു. നിങ്ങൾ കമലാഭായിയെ കണ്ടു കലശലായി മിച്ചിരിക്കുന്നെന്നു തോന്നുന്നു.'

ഇന്നുള്ള കാരണം ആരാണു? ഒരു ആൾ കുറെ സാധുവാണെന്നു കണ്ടാൽ അയാളെ പരിഹസിച്ചു അവമാനപ്പെടുത്തി വ്യസനിപ്പിക്കുന്നതു ആരാണു? ഇതെല്ലാംപുരുഷസ്ത്രീകളുടെ പ്രവൃത്തിതന്നെ. സ്ത്രീകൾ അബലകളാണെന്നു പറയുന്നതു വെറും വിഡ്ഢിത്തമാണു. അവക്കു പുരുഷന്മാരെക്കാൾ വണ്ണിരട്ടി ദേഹബലവും, മൂന്നിരട്ടി ബുദ്ധിശക്തിയും ഉണ്ടു. ഈ ലോകത്തിലെ സകല ദോഷങ്ങളുടെയും ഉത്ഭവം സ്ത്രീകളിൽനിന്നാണു. ഞാൻ എന്തൊ പറയുന്നു എന്നു വിചാരിക്കേണ്ട. ഇതെല്ലാംഎന്റെ സ്വന്തം അനുഭവമാണു. നിങ്ങൾക്കു നന്മ ഉണ്ടാവേണമെങ്കിൽ സ്ത്രീസഹവാസംഉപേക്ഷിക്കുക. ഒരു സ്ത്രീയെ സ്നേഹിക്കുവാൻതുടങ്ങിയാൽ കഷ്ടതയാകുന്ന കോട്ടയുടെ അസ്ഥിവാരക്കല്ലിട്ടു എന്നു തീർച്ചയാക്കാം. എന്നാൽ അവരോ നിഷ്കപടമായി ആരേയും സ്നേഹിക്കയുമില്ല.'

മാധവ— 'നിങ്ങളുടെ ഈ അഭിപ്രായത്തോടു ഞാൻ തീരെ യോജിക്കുന്നില്ല. നിങ്ങൾ പറയുന്നതു തെറ്റാണു. ദൈവം സ്ത്രീകളെ സൃഷ്ടിച്ചിട്ടുള്ളതു സ്നേഹിക്കുന്നതിനുള്ള യോഗ്യതയോടുകൂടിയാണു. നിങ്ങൾ ഒരു സ്ത്രീയെയും നിഷ്കപടമായിസ്നേഹിക്കുന്നതുകൊണ്ടു ഇങ്ങോട്ടും അങ്ങിനെയാണെന്നു വിചാരിക്കുന്നേ. പക്ഷെ നിങ്ങൾ ആരെയും സ്നേഹിക്കയില്ലെങ്കിൽ, നിങ്ങളെയും ആരും സ്നേഹിക്കാതിരിക്കുന്നതിനുള്ള പരിഭവപ്പെടാൻ അവകാശമില്ലല്ലൊ. ഒരു സ്ത്രീയെ സ്നേഹിക്കയും അവളാൽ സ്നേഹിക്കപ്പെടുകയും ചെയ്യട്ടെ; അപ്പോഴാണു അവൾധന്യയായിരിയ്ക്കുന്നതു. അതല്ലാതെ, സകല ഐശ്വര്യങ്ങളും ഒരു സ്ത്രീക്കു പ്രദാനംചെയ്തുകൊടുത്താലും പ്രേമത്തെ മാത്രം അവളിൽനി

മാധവ— 'സുന്ദരിയായ ഒരു സ്ത്രീയെ കാണുമ്പോഴെക്കു അവളിൽ ഭ്രമിക്കുന്നവനാണു ഞാൻ എന്നു നിങ്ങൾ വിചാരിക്കുന്നുവൊ? എന്റെ സ്വഭാവം ശരിയായി മനസ്സിലാവാത്തതുകൊണ്ടാണു അങ്ങിനെ ശങ്കിക്കുന്നതു. എന്നാൽ കമല ആകൃതിപോലെ തന്നെ മനോഹരമായ പ്രകൃതിയുള്ളവളാണു. കമലയുടെ മുഖത്തു സദാ സ്ഫുരിക്കുന്ന ശാന്തരസസമ്മിശ്രമായ പ്രസന്നത സത്സ്വഭാവത്തിന്റെ ഒരു ഉത്തമലക്ഷണമാണു. കമലയെ എനിക്കു ലഭിച്ചാൽ അതു ഒരു വലിയ ഭാഗ്യമായി ഞാൻ വിചാരിക്കും. നാം പകൽമുഴുവൻ പ്രവൃത്തി എടുത്തു വീട്ടിലേക്കു മടങ്ങുമ്പോൾ സുശീലയായ ഒരു സ്ത്രീ മന്ദസ്മിതവദനയായി നമ്മെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതു കാണുക, മനസ്സിനു എത്ര സന്തോഷകരമായിരിക്കും! ആ പുഞ്ചിരികാണുമ്പോഴുള്ള ആനന്ദത്താൽ, അതുവരെയുള്ള സകല കഷ്ടപ്പാടുകളെയും നാം വിസ്മരിക്കയില്ലെ?'

ഗോപാല— 'അതെ. അതു ശരിതന്നെ. എന്നാൽ ആ മനോഹരമന്ദസ്മിതം കണ്ടു സന്തോഷിച്ചു വന്നവഴിയെ തന്നെ തിരിക്കുന്നതായാൽ തരക്കേടില്ല. അതല്ലാതെ വീട്ടിന്റെ അകത്തേക്കു കടന്നു എന്നു വരികിൽ, പിന്നെത്തെ സ്ഥിതി അല്പം ആലോചിക്കുക. രാവിലെ മുതൽ വൈകുന്നേരംവരെ അദ്ധ്വാനിച്ചു പ്രവൃത്തി എടുത്തു വീട്ടിൽ മടങ്ങി എത്തിയ ഉടനെ ഭാര്യ ആവലാതിയും പറഞ്ഞുകൊണ്ടു എത്തും. ചിലപ്പോൾ ആ ആവലാതികൾ കേട്ടു സഹിപ്പാൻ പാടില്ലാതെ വീട്ടുപണികൾക്കും സഹായിക്കേണ്ടിവരും. രണ്ടുമൂന്നു കുട്ടികൾകൂടി ഉണ്ടായികഴിഞ്ഞാൽ പിന്നെത്തെ കഥ പറയേണ്ടതില്ല. അവരുടെ ശാഠ്യവും തമ്മിൽത്തല്ലും കരച്ചിലും മറ്റും സമാധാനപ്പെടുത്തി അല്പം വിശ്രമിക്കുവാൻ ശ്രമിക്കുമ്പോഴെക്കും, 'ഭാര്യ' വീട്ടിൽ ഇല്ലാത്ത സാമാനങ്ങളുടെ ഒരു പട്ടികയും എടുത്തുകൊണ്ടു അടുത്തുവന്നിരിക്കും. സാമാനങ്ങൾ ശരിയായി കിട്ടാത്തതുകൊണ്ടു താൻ കഷ്ടപ്പെട്തിനെയും മറ്റും പറഞ്ഞുതുടങ്ങും. തങ്ങൾ വീട്ടിൽ വല്ലതും കുറെ പ്രവൃത്തിഎടുത്തിട്ടുണ്ടെങ്കിൽ അതിൽ പത്തിരട്ടി അദ്ധ്വാനിച്ചതായി പുരുഷന്മാരെ ധരിപ്പിക്കുവാനാണു മിക്ക സ്ത്രീകളുടെയും ആഗ്രഹം. എന്നാൽ പുരുഷന്മാർ പകൽമുഴുവൻ പ്രവൃത്തിഎടുത്തിട്ടാണു തങ്ങളുടെ ഇഷ്ടംപോലെ ചെലവുചെയ്യുവാനുള്ള പണം സമ്പാദിക്കുന്നതു എന്നു ഇവർ ചിന്തിക്കുന്നതേ ഇല്ല.'

മാധവ— 'സ്ത്രീകളുടെ വിലയേറിയ ഗുണങ്ങൾ മുഴുവനും വിട്ടുകളഞ്ഞു തുച്ഛമായ ദോഷങ്ങൾ മാത്രം അസ്വദമാക്കി ഇങ്ങിനെ നിന്ദിക്കുന്നതു യുക്തമല്ല. സ്ത്രീകളുടെ സഹായം കൂടാതെ ദുഃഖസമ്മിശ്രമായ ഈ ലോകത്തിൽ കുറെയെങ്കിലും സൌഖ്യമായി ജീവിക്കുന്നതിനു സാധിക്കുമൊ? സ്ത്രീകളുടെ ദയാപൂർവ്വമായ പോഷണം നമ്മൾക്കു ബാല്യത്തിൽ സഹായത്തെയും, യൌവനത്തിൽ ഉത്സാഹത്തെയും, വാർദ്ധക്യത്തിൽ സമാധാനത്തെയും നല്കുന്നു. പുരുഷന്മാർ വീട്ടിൽ വന്നെത്തുമ്പോഴെക്കും ആവലാതിപറഞ്ഞു തുടങ്ങുന്ന സ്ത്രീകളെപ്പറ്റി നിങ്ങൾ പറഞ്ഞുവല്ലൊ. എന്നാൽ ഗൌരവമേറിയ ഓരോവിഷയങ്ങളിൽ അപജയവും നഷ്ടവും സംഭവിച്ചു ദുഃഖിതന്മാരായി വീട്ടിലേക്കു മടങ്ങിവരുന്നവരെ സ്നേ

ന്നു: അ സമയത്തു ഒരുവൻ മാധവമേനോനു ഒരു കമ്പി കൊണ്ടുവന്നു കൊടുത്തു. പൊളിച്ചുവായിച്ചു ക്ഷണത്തിൽ ദേഹം ഒന്നനടങ്ങി. "ഉടനെ പുറപ്പെട്ടുവരണം. കമല കഷ്ടസ്ഥിതിയിൽ ആയിരിക്കുന്നു"- എന്നായിരുന്നു കമ്പി.

മാധവ__ 'ഛെ- മിസ്റ്റർ ഉറങ്ങുവാൻ വരട്ടെ. ഇതാ ഈ കമ്പി വായിച്ചു നോക്കു. ഇതുകൊണ്ടു വിവരം ഒന്നംഅറിയുവാൻ കഴിയുന്നില്ലല്ലൊ. കമലയ്ക്കു എന്തോപത്തായിരിക്കും സംഭവിച്ചതു?'

ഗോപാലമേനോൻ കമ്പി വായിച്ചപ്പോഴേക്കും ചിരിവന്നു.

മാധവ (വാച്ചെടുത്തുനോക്കി)__'നേരം രണ്ടരമണിയായി; വേഗം പോയാൽ വണ്ടികിട്ടും. ഞാൻ ഇപ്പോൾതന്നെ പോകുന്നു. അവൾക്കു അവിടെ തക്കതായ സഹായം ഇല്ല. അതുകൊണ്ടു ഉടനെപോകാതിരിപ്പാൻ പാടില്ല.' (എന്നു പറഞ്ഞു കൈപ്പെട്ടിയിൽ അത്യാവശ്യം സാമാനങ്ങളും എടുത്തുവെച്ചു തിരണ്ടു സ്റ്റേഷനിലേക്കു പുറപ്പെട്ടു.)

"കഷ്ടം! ഇദ്ദേഹം എത്ര ബുദ്ധിമുട്ടുന്നു! ആ സ്ത്രീകളെ കാണുവാനുള്ള ബദ്ധപ്പാടിൽ പകൽ ജീവൻ പോകുമെന്നതോന്നുന്നു. എന്നാൽ ഈ ബുദ്ധിമുട്ടുകളൊക്കെ അവരുണ്ടോ അറിയുന്നു പോകുന്നു? എന്തായാലും നാളെത്തെ വണ്ടിക്കു ഞാനും പോലക്കാട്ടേക്കു പോകുന്നതന്നെ. അവിടത്തെ രസങ്ങൾ എന്തൊക്കെയെന്നറിയാമല്ലൊ-" എന്നിങ്ങിനെ വിചാരിച്ചുകൊണ്ടു ഗോപാലമേനോനും മാധവമേനോനുമായുള്ള സ്റ്റേഷനിലേക്കു പോയി.

പറഞ്ഞുവായ വാക്കുകൾകൊണ്ടു ധൈര്യപ്പെടുത്തി ഉത്സാഹഭരിതരാക്കി തീർക്കുന്ന സ്ത്രീകളും ഈ ലോകത്തിൽ വളരെ ഉണ്ടു. ഉത്തമാർദ്ധസഞ്ചാരിയായ ഒരുവനെ സന്മാർഗ്ഗത്തിലേക്കു നയിക്കുവാനുള്ള ഏകമാർഗ്ഗം ഒരു സ്ത്രീയുടെമേലുള്ള പ്രേമമാണു. ആനിർവ്യാജമായ പ്രേമത്താൽ മാത്രമാണു മനുഷ്യനു നിഷ്കളങ്കവും നാശരഹിതവുമായ സന്തോഷം ലഭിക്കുന്നതു. ഒരു പുരുഷൻ തന്റെ പ്രേയതമയുടെ ബഹുമാനത്തിനു പാത്രമായിതിരുന്നതിനു തന്റെ കൃത്യങ്ങളെ ഉത്സാഹത്തോടും സാമർത്ഥ്യത്തോടും നിർവ്വഹിക്കുന്നു. ഇതിനെല്ലാംപുറമെ, അവരുടെ ഒരു വിശേഷഗുണം രോഗശുശ്രൂഷയാണു. എത്ര സ്നേഹത്തോടും ദയയോടുംകൂടിയാണു സ്ത്രീകൾരോഗികളെ ശുശ്രൂഷിക്കുന്നതു. ടീനശുശ്രൂഷയ്ക്കുള്ളസാമർത്ഥ്യംകാണുമ്പോൾ അവർ ഇതിനുംമായി അവതരിച്ചവരാണൊ എന്നുകൂടി സംശയിച്ചുപോകും.'

ഗോപാല__'കഴിഞ്ഞതില്ലെ. ഛെ! നിങ്ങളുടെ പ്രസംഗം? എനിക്കു സ്ത്രീകളുടെയോഗ്യതകൾ വർണ്ണിച്ചു കേൾക്കുന്നതുകൂട്ടികൾക്കു താരാട്ടുകേൾക്കുന്നതുപോലെയാണു. അതു തുടങ്ങിയാൽ ഞാൻ ഉറക്കും തുടങ്ങും.'

മാധവ (ചിരിച്ചുകൊണ്ടു)__'നിങ്ങളോടു വെറുതെ പറഞ്ഞിട്ടു പ്രയോജനമില്ല. സുശീലയായ ഒരു സ്ത്രീമുഖേന മുഴുവായ സ്വരവും പ്രിയവചനങ്ങളും കേൾക്കുവാനിടവരുമ്പോൾ മാത്രമേ അവരുടെ യോഗ്യതകൾ മനസ്സിലാവുകയുള്ളു.'

. . ഇതു പറയുന്നതിനിടയ്ക്കു ഗോപാലമേനോൻ ഉറക്കത്തിനുള്ള ശ്രമമായിരിക്കുന്നു.

അദ്ധ്യായം. ൪൪

മാധവമേനോൻ അർദ്ധരാത്രത്തിൽ പാലക്കാട്ട വണ്ടിയിറങ്ങി, അഞ്ചുമിനിട്ടിനിടയിൽ കമലാഭായിയുടെ വീട്ടിൽ എത്തി. ലക്ഷ്മിക്കുട്ടിഅമ്മയും സഹോദരിയും മാധവമേനോന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. മാധവമേനോൻ വന്ന ഉടനെ സ്വാഗതംപറഞ്ഞു, അവർ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവരുടെ മുഖം കണ്ടപ്പോൾ മാധവമേനോനു പലേ സംശയങ്ങൾ ജനിച്ചു. വേഗം അമ്മുവിനെ അടുത്തുവിളിച്ചു, 'കമല മരിച്ചുപോയോ?' എന്നു ചോദിച്ചു. അതിനു മറുപടി പറയുവാൻ ശക്തയല്ലാതെ, രാധാഭായി തല ആട്ടി.

മാധവ— 'ദീനം എങ്ങിനെയിരിക്കുന്നു?'

അമ്മു— 'ദീനമൊന്നുമില്ല. ആസുഖക്കേടു തന്നെ.'

മാധവ— 'എന്തു?'

അമ്മു— 'നേരം ഒരുമണിയാവാറായി. കാപ്പി തയാറാക്കീട്ടുണ്ടു. അതു കഴിക്കുക. ഞങ്ങളുടെ കഷ്ടതകൾ അതു എളുപ്പത്തിൽ പറഞ്ഞറിയിക്കാവുന്നതല്ല. ആ വർത്തമാനം ഒന്നും കേട്ടില്ലായിരിക്കുമോ?'

മാധവ— 'നിങ്ങൾക്കു വല്ല അപത്തും നേരിട്ടതായറിഞ്ഞാൽ ഞാൻ ഉടനെ വന്നു അന്വേഷിക്കാതിരിക്കുമോ?'

ലക്ഷ്മി— 'അല്പം കാപ്പികഴിക്കുക. അതിനുശേഷം വിവരങ്ങളെല്ലാം പറയാം.'

മാധവ— 'കാപ്പി കഴിക്കാമല്ലോ. അതിനു എറിക്കു ബുദ്ധിപ്പാടു. കമല എവിടെ? ആ വിവരം വേഗം പറയുവിൻ. ഞാൻ കമലയെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്നു നിങ്ങൾക്കു നിശ്ചയമില്ലെ?'

അമ്മു— 'അതു നിശ്ചയമുള്ളതുകൊണ്ടു തന്നെ ഞങ്ങൾ പറയുവാൻ മടിക്കുന്നതു. എന്തായാലും പറയാതെ നിവൃത്തിയില്ലല്ലോ.' (എന്നുപറഞ്ഞു സകലവിവരങ്ങളും വിശദമായി പറഞ്ഞറിയിച്ചു.)

മാധവമേനോൻ കുറെനേരം മൌനമായിരുന്നതിനു ശേഷം, താണസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:— "ആ ദുഷ്ടൻ എന്റെ കമലയെ ചതിച്ചു. അതിനു എത്ര കൃത്രിമം പ്രയോഗിച്ചിരിക്കും! കഷ്ടം! അയാൾ അങ്ങിനെ മരിക്കേണ്ടതുതന്നെ. ഈവക ദുഷ്ടന്മാർ അധികകാലം ജീവിച്ചിരുന്നാൽ, വളരെ സ്ത്രീകൾ കഷ്ടത്തിലകപ്പെടും. ഈ കൊലപാതകവിവരം ഞാൻ പത്രങ്ങളിൽനിന്നറിഞ്ഞു. എന്നാൽ കമലയെ സംബന്ധിച്ച യാതൊരു വർത്തമാനവും കേട്ടില്ല. പത്രസമീപത്തിരുന്നിട്ടു ഈ വിവരമൊന്നും അറിയാത്തതു അത്ഭുതം തന്നെ."

അമ്മു— 'അങ്ങിനെയല്ല. ആദ്യത്തെ വിചാരണദിവസം കമലയെ വിസ്തരിച്ചിരുന്നുവെങ്കിലും, ബന്ധോവസ്തിൽ വെക്കത്തക്ക തെളിവുകൾ ഉണ്ടായതായി ആരും അറിഞ്ഞിരുന്നില്ല. ഇന്നു രാവിലെയാണു പെട്ടെന്നു ഇൻസ്പെക്ടർ വന്നു കമലയെ കൊണ്ടുപോയതു.'

ലക്ഷ്മി— 'ഇതാണു ഞങ്ങളുടെ വർത്തമാനം. ഇനി എല്ലാം വേണ്ടതുപോലെ നോക്കിക്കൊള്ളുക. ഞങ്ങൾക്കു വേറെ

ആരോടും പറയുവാനില്ലെന്നറിയാമല്ലൊ'.

മാധവ— 'അതു നിങ്ങൾ പ്രത്യേകിച്ചു പറയേണ്ടതുണ്ടോ? ഇനി വേണ്ടതെല്ലാം ഞാൻ ഏറ്റു. നിങ്ങൾ കുറെ സമാധാനമായിരിക്കുവിൻ. കമല ഈ കൊലപാതകം ചെയ്തതായി മജിസ്ട്രേട്ട് കൂടി സംശയിച്ചുവല്ലൊ. അതിലാണു എനിക്കു ആശ്ചര്യം. കമല ഒരു സ്ത്രീഹൃദയമല്ലെന്നു ഒരൊറ നോട്ടത്തിൽ മനസ്സിലാക്കാം. എന്തു ചെയ്യാം? ന്യായാധിപതിമാരായിരിക്കേണ്ടവർ വലിയ പരീക്ഷകൾ ജയിച്ചതുകൊണ്ടു മാത്രം മതിയാവില്ല. കുറെ ബുദ്ധിശക്തിയാണു അത്യാവശ്യം. അതു പോകട്ടെ. കമലയെ ജാമ്യത്തിൽ വിടുവാൻ ശ്രമിച്ചുനോക്കണ്ടെ?'

അമ്മു— 'അതു കുറെ പ്രയാസമായിരിക്കുമെന്നു തോന്നുന്നു. വിചാരണയ്ക്കു ഇനി അധികതാമസമില്ലല്ലൊ. അതുകൊണ്ടു അതിനായി അധികം ബുദ്ധിമുട്ടേണ്ടെന്നാണു കമലയുടെ അഭിപ്രായം'.

മാധവ— 'എന്നാൽ ഇനി ആസാവു ആയച്ചതു ആരാണെന്നുകണ്ടുപിടിക്കണം. കൃഷ്ണക്കുറുപ്പിന്റെ ഭാര്യയുടെ വിവരങ്ങൾ മുഴുവൻ അറിയണം. കൊലചെയ്തതു ആരാണെന്നു ആ സ്ത്രീ അറിയും'.

അമ്മു— 'അമ്മയ്ക്കു നിശ്ചയമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല'.

മാധവ— 'അതു വിശ്വസിക്കേണ്ട. അങ്ങിനെയല്ലെങ്കിൽ കമല ഈ ഭയങ്കരകൃത്യം ചെയ്തതായി നിങ്ങൾ സംശയിക്കുന്നുവൊ?'

അമ്മു— 'വാസ്തവം എന്താണെന്നു ഊഹിക്കുന്നതിനു ഞങ്ങൾക്കു പ്രാപ്തിയില്ല. കമലയ്ക്കു കുറെ മൻകോപമുണ്ടു. അതുമാത്രമാണു അവളുടെ സ്വഭാവത്തിനുള്ള ഒരു ദൂഷ്യം. ചിലസമയത്തു അവളുടെ വാക്കുകൾ തന്നെ ജനങ്ങൾക്കു സംശയത്തിനിടയാക്കിതീർക്കുന്നു.' (എന്നുപറഞ്ഞു അമ്മു കരയുവാൻ തുടങ്ങി)

മാധവ— 'ഇങ്ങിനെ കരയരുതു്. കുറെ ഒക്കെ സമാധാനം വേണ്ടെ? കമലയെ ഒരിക്കലും നിങ്ങൾ സംശയിക്കരുതു. കമല നിർദ്ദോഷയാണെന്നു ഞാൻ തീർച്ചയായും പറയുന്നു. വേഗത്തിൽ, മുമ്പത്തെപോലെ നമുക്കു കമലയെന്നിച്ചിരിപ്പാൻ സംഗതിവരും. എന്നാൽ ഒരു കാര്യത്തിൽ മാത്രം മുമ്പത്തെപോലെ ആയിരിക്കയില്ല. കമലയ്ക്കു എന്നെ സ്നേഹമുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നു. അതില്ലെന്നു ഇപ്പോൾ തീർച്ചയായല്ലൊ'.

ലക്ഷ്മി— 'അങ്ങിനെ വിചാരിക്കരുതു. പാവപ്പെട കമലയെ വഞ്ചിച്ചു. അയാളുടെ കൃത്രിമസൂത്രങ്ങളിൽ അവൾ അകപ്പെട്ടുപോയി'.

മാധവ— 'അതു ശരിതന്നെ. അയാൾക്കു ഇതുതന്നെയല്ലേ തൊഴിൽ? അതിസ്നേഹം നടിച്ചു സ്ത്രീകളെ വശപ്പെടുത്തി തങ്ങളുടെ ലിസ്റ്റിൽ ചേർത്തുവാൻ ഉത്സാഹിച്ചുകൊണ്ടു നടക്കുന്ന ചില ചെറുപ്പക്കാരെ എനിക്കും പരിചയമുണ്ടു. ചതിപ്രയോഗം നിശ്ചയമില്ലാത്ത സ്ത്രീകൾ അതിൽ അകപ്പെടാതെ എന്തുചെയ്യും?

അമ്മു— 'നേരം അധികമായെന്നു തോന്നുന്നു. ഇനി കിടക്കുവാൻ പോകുന്നുള്ളുകൊ'.

'വിചാരണയ്ക്കു ഇനി പതിനഞ്ചുദിവസം ഉണ്ടു. അതിലകത്തു ഘാതകനെ

ണ്ടുപിടിക്കണം. എങ്ങിനെയെങ്കിലും ഞാൻ അതു സാധിക്കും. നാളെ രാവിലെ കമലയെ ചെന്നുകാണാം". എന്നുപറഞ്ഞു മാധവമേനോൻ എഴുന്നേറ്റു ഉറങ്ങുവാനായി പോയി.

(തുടരും)

—തരവത്ത് ജാനകിഅമ്മ.

ഡംഡം വെടിയുണ്ടകൾ.

ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന മഹായുദ്ധത്തിൽ, 'ഡംഡം' എന്നപേരായ ഒരുവക വെടിയുണ്ടകളുടെ ഉപയോഗത്തെപ്പറ്റി നാം കേൾക്കാറുണ്ടല്ലൊ. ഈ വെടിയുണ്ടകൾക്കു മേല്പടി പേരു എങ്ങിനെ ലഭിച്ചു? ഇങ്ങിനെയൊരു വിശേഷമാതിരി ഉണ്ടകൾ ഉണ്ടാക്കുവാൻ തന്നെ കാരണമെന്തു?

ഡംഡം വെടിയുണ്ടകൾ എന്നാൽ, ഭയങ്കരമായ ശബ്ദത്തോടുകൂടി പൊട്ടിത്തെറിക്കുന്നവയാണെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നു. ഡംഡം ഉണ്ടകളുടെ പേരിനു അങ്ങിനെ ഒരർത്ഥം കല്പിക്കുന്നതു ന്യായമില്ല. എന്തെന്നാൽ, ഡംഡം എന്ന പേർ, ഇന്ത്യയിലെ ഒരു നഗരത്തോടു ബന്ധപ്പെട്ടിട്ടുള്ളതാണു. കല്ക്കത്തയിൽ നിന്നു നാലുനാഴിക അകലെ കിടക്കുന്ന ഡംഡം എന്ന പട്ടണത്തിലായിരുന്നു ഇത്തരം വെടിയുണ്ടകൾ ആദ്യമായി ഉണ്ടാക്കിയതു: അതുനിമിത്തം ആ പട്ടണത്തിന്റെ പേർ വെടിയുണ്ടയ്ക്കും ലഭിച്ചു. ആ നഗരം വളരെക്കാലം 'ബെംഗാൾ ആർട്ടിലറി' എന്ന പട്ടാളക്കാരുടെ വാസസ്ഥാനം ആയിരുന്നു; എന്നല്ല ഫ്യൂഡലെശിപായിലഹളയുടെ പ്രാരംഭവും മേല്പടി നഗരത്തിൽ വച്ചായിരുന്നു.

ഡംഡം വെടിയുണ്ടകൾ ആദ്യമായി ഉപയോഗിച്ചുതുടങ്ങിയതു ഇന്ത്യയെ ബ്രിട്ടീഷ് പട്ടാളക്കാരായിരുന്നു. അവർക്ക് ഇന്ത്യയുടെ വടക്കുപടിഞ്ഞാറേ അതിർത്തിയിലുള്ള ഗോസികൾ എന്നപേരായ ഒരുകൂട്ടം പോരാളികളുടെ അതിക്രമങ്ങളെ അപ്പപ്പോൾ അടിച്ചൊതുക്കേണ്ടിയിരുന്നു. ശത്രുക്കൾ രാത്രികാലങ്ങളിൽ വന്നു പോർ ചെയ്തിരുന്നതുകൊണ്ടു, അവരെക്കൊണ്ടുള്ള ഉപദ്രവം അസഹ്യമായിത്തീർന്നു. അവരെ പിന്തിരിപ്പാൻ സാധാരണ വെടിയുണ്ടയ്ക്കു മതിയാവില്ലെന്നും, കൊയ്തെടുക്കുന്ന ശക്തിയുള്ള മറ്റൊരുതരം വെടിയുണ്ട വേണമെന്നും ബ്രിട്ടീഷ് കാർ നിശ്ചയിച്ചു. ഇരുമ്പായി, വെടിയുണ്ടയുടെ നാസിക' എന്നു പറയുന്ന കൂർത്ത അറ്റത്തുനിന്നു അവിടം പൊതിഞ്ഞിരിക്കുന്ന കട്ടിയുള്ള ലോഹപാളിയെ നീക്കികളകയും, അങ്ങിനെ 'മൂർദ്ധനാസിക'യായ ഉണ്ടയെ ഉപയോഗിക്കയും ചെയ്തു. ഈ ഉപായംകൊണ്ടു, വെടിയുണ്ടയുടെ നടുവിലുള്ള ഈയം ഉരുകിപ്പുറത്തേക്കുവന്നു, വെടിയേല്ക്കുന്നവന്നു സഹിക്കാൻ കഴിയാത്തവിധം ഉപദ്രവം ഉണ്ടാക്കുമെന്നു ഫലം ബോധ്യപ്പെട്ടു.

ഡംഡം വെടിയുണ്ടകൾ ഗോളാകൃതിയായിട്ടുള്ളവയല്ല: 'ഉണ്ട' എന്നു പറയുന്നതിനു പകരം 'നിണ്ട' എന്നു പറഞ്ഞാൽ അർത്ഥം ശരിയാവും. ഇത്തരം വെടിയുണ്ടകൾ യുദ്ധത്തിൽ ഉപയോഗിപ്പാൻ പാടില്ലെന്നു മഹാരാജ്യങ്ങൾ തമ്മിലുള്ള നിയമകല്പനങ്ങളിൽ വ്യവസ്ഥപ്പെടുത്തിട്ടു

ള്ളതിനാലാകുന്നു, യൂറോപ്യൻയുദ്ധത്തിൽ ഇതിന്റെ ഉപയോഗത്തെപ്പറ്റി ആക്ഷേപം ചെയ്യുന്നതു.

ഉപ്പു.

നാം സാധാരണയായി ഉപയോഗിക്കുന്ന ഉപ്പു അത്യാവശ്യകമായ ഒരു ഭക്ഷണപദാർത്ഥമാകുന്നു. ആഹാരത്തിനു ഈ സാധനം ലഭിക്കാതെയിരിക്കുന്നതൊരു സങ്കടം മറ്റൊന്നില്ല. ചിലരാജ്യത്തു, കുറക്കാൎക്കു ചിലപ്പോൾ ഭക്ഷണത്തിൽ ഉപ്പു ചേൎത്തു കൊടുക്കാതെ കഷ്ടപ്പാടുണ്ടാക്കാറുണ്ടു; മരണത്തോടുകൂടിയേ ആ സങ്കടവും അവസാനിക്കാറുള്ളു. മനുഷ്യവർഗ്ഗത്തിന്റെ ആരംഭദശയിൽ, ഉപ്പു എന്നാലെന്തെന്നറിഞ്ഞിരുന്നില്ല; അക്കാലങ്ങളിൽ ഉപ്പുകിട്ടുവാനും സാധ്യമായിരുന്നില്ല. പിൽക്കാലത്തിൽ, ഉപ്പിനെ ഒരു സുഖസാധനമായിവിചാരിച്ചപോന്നു; അതു ധനവാന്മാർമാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. "ദൈവികം" എന്ന വിശേഷണമാണു, ഉപ്പിനെക്കുറിച്ചു, ഹോമർമഹാകവി പ്രയോഗിച്ചിട്ടുള്ളതു. "ദേവന്മാൎക്കു പ്രിയപ്പെട്ട സാധനം" ആണെന്നുള്ള പ്ലേറോ എന്ന വേദാന്തിയും പറഞ്ഞിരിക്കുന്നു. .... റോമൻജനാധിപത്യകാലങ്ങളിൽ, ഭടന്മാൎക്കും മേലുദ്യോഗസ്ഥന്മാൎക്കും, കൂലിയുപ്പുകൂടെ പ്രതിഫലമായി അനുവദിക്കപ്പെട്ടിരുന്നു. പിന്നെ, സക്രാട്ടുകളുടെ ഭരണകാലമായപ്പോൾ, 'സലേറിയം' (Salarium) എന്നുപേരായ ഈ ഉപ്പുപ്പടിനു പകരം പണംകൊടുത്തു തുടങ്ങി; ഇങ്ങിനെയാണു ശമ്പളം എന്നൎത്ഥമായ Salary എന്ന പദംതന്നെ നടപ്പായതു: ഇതു ഉപ്പു എന്നൎത്ഥമാകുന്ന Sal എന്ന പദത്തിൽനിന്നുണ്ടായതുമാകുന്നു.... കൈയിൽനിന്നോ മറ്റൊ ഉപ്പുവീണ തറയിൽ ചിതറിപ്പോയാൽ അതു വലിയൊരു ദുശ്ശകുനമായിട്ടായിരുന്നു റോമൻജനങ്ങൾ വിശ്വസിച്ചുവന്നതു; ഈ അന്ധവിശ്വാസം ഇംഗ്ലീഷുജനങ്ങളുടെയിടയിലും പരമ്പരാഗതമായി നടക്കുന്നുണ്ടു. യഹൂദന്മാർ, ഗ്രീക്കുകാർ, റോമന്മാർ എന്നീ ജനങ്ങളെല്ലാം മതസംബന്ധമായ ഹോമകൎമ്മങ്ങൾക്കു ഉപ്പു ഉപയോഗിച്ചിരുന്നു. ഇപ്പൊഴും, റോമൻകത്തോലിക്കപുരോഹിതന്മാർ ജ്ഞാനസ്നാനകൎമ്മങ്ങളിൽ അതിനെ ഉപയോഗപ്പെടുത്തുന്നുണ്ടു. അതിനെ, പരിശുദ്ധതയുടെയും, അതിപവിത്രമായ ഒരു ജീവിതത്തിനു അന്യജീവിതങ്ങളുടെമേൽ സാധിക്കാവുന്ന ഗുണപ്രഭാവത്തിന്റെയും അടയാളമായിട്ടാണ് ഗണിച്ചിട്ടുള്ളതു. 'ഉപ്പും ചോറും തിന്നുന്ന നന്ദി', എന്നും മറ്റും ഉള്ള പഴമൊഴികളിൽ, മനുഷ്യന്റെ സത്യസന്ധത, ആജ്ഞവം, അവഞ്ചനം എന്നിങ്ങിനെയുള്ള ഗുണങ്ങളെ സൂചിപ്പിക്കുന്നു.

ചൈകസറുടെ ജീവിതരീതി.

ഇപ്പൊഴത്തെ ജൎമ്മൻ ചക്രവൎത്തിയായ വില്യം, ആഡംബരത്തിൽ പ്രിയമില്ലാത്ത ആളാകുന്നു. അദ്ദേഹത്തിന്റെ നടവടികളും ഉപജീവനക്രമവും വളരെ ലളിയ നിലയിലാകുന്നു. വേണ്ടുന്നടത്തു പ്രതാപാഡംബരങ്ങൾ കാണിക്കുമെകിലും, സാധാരണമായി, മിതവ്യയശീലനായ ഒരു ഭടനെപ്പോലെ ശ്രമമേറിയ പണം

കളെടുക്കുന്നതിൽ തൽപരനാണു. മദ്യം (ശീധു) ഉപയോഗിക്കുന്നതിൽ, അദ്ദേഹം അത്യന്തം വിരാധിയാണു; പുകയിലച്ചുരുട്ടു വലിക്കയോ, ലഹരിപേയങ്ങൾ കുടിക്കയോ ഇല്ല; പകരം, സിഗറെറും(ചീവിഡി), കാപിയും കൊണ്ടു തൃപ്തിപ്പെടും; തന്റെ ഉപയോഗത്തിനു തീരെ വീര്യംകുറഞ്ഞ ജെർമൻ 'ബീർ', അതല്ലെങ്കിൽ 'സൈഡർ'— ഇവയിലൊന്നാകുന്നു വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതു. അദ്ദേഹം 'ഷാമ്പെർ' ഉപയോഗിക്കാറുണ്ടു: എന്നാൽഅതു ജെർമനിയിൽ ഉണ്ടാക്കിയതും' വിലകുറഞ്ഞതും ആയിരിക്കണമെന്നു നിർബ്ബന്ധമാണു. ഈ മിതവ്യയശീലം അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും അനുവർത്തിക്കയാൽ, അവർക്കു ഇക്കഴിഞ്ഞ കുറെവർഷത്തുകൊല്ലത്തിനിടയിൽ അനേകായിരം പവൻ ലാഭമായിട്ടുണ്ടു. ചക്രവർത്തിയുടെ പ്രാതഃകാലഭക്ഷണം (ബ്രേക്ക ഫാസ്റ്റ്) എന്തൊക്കെയാണു: മുഖ്യമായ സാധനങ്ങൾ, 'സ്പ്രാറ്റ്' എന്ന മത്സ്യവും, 'സാസേജസ്' എന്ന മാംസയോഗവും ആകുന്നു: ഇവ എന്തെല്ലാം ചുരുങ്ങിയ ചെലവിൽ സാധിക്കാവുന്നതാകയാൽ, ചക്രവർത്തിയുടെ പ്രജകൾ പലരും ഇവയെത്തന്നെയാണു ഭക്ഷണത്തിനു ഉപയോഗിക്കുന്നതു.

സെപ്പലിൻ പ്രഭു

സെപ്പലിൻപ്രഭു ജർമ്മനിയിലെപ്രസിദ്ധപ്പെട്ട വിമാനനേതാവാണല്ലൊ. ഇദ്ദേഹം നിർമ്മിച്ചതായ അനേകം ആകാശക്കപ്പലുകൾ ഇപ്പോഴത്തെ യുദ്ധത്തിൽ ജർമ്മനി ഉപയോഗിച്ചുവരുന്നുണ്ടു. ഈ യന്ത്രകാരൻ ആദ്യമായി ആകാശക്കപ്പൽഉണ്ടാക്കിയപ്പോൾ, ബെർലിൻ നഗരവാസികൾ ഇദ്ദേഹത്തെ ഒരു ഭ്രാന്തനെന്നു വിചാരിക്കയും, വളരെക്കാലം അവർ പലേ പ്രതിബന്ധങ്ങളും ചെയ്കയും ചെയ്തിരുന്നു. എന്നാൽ ഫ്രൻചെൽ സെപ്പലിൻപ്രഭു തന്റെ രണ്ടാമത്തെ ആകാശക്കപ്പൽ കയറിസഫലമാംവണ്ണം യാത്രചെയ്തു കാണിച്ചതിൽപിന്നെ, ഗവർമ്മെന്റ് ആ യന്ത്രത്തെ പേടിക്കുവാൻ കാരണമുണ്ടാകയും, വീണ്ടും ആകാശയാനപ്രയോഗങ്ങൾ നടത്തുന്നതിനു സഹായമായി ൨൭,൦൦൦ പവൻകൊടുക്കുകയും ചെയ്തു. ഇതേകാര്യത്തിനായിത്തന്നെ ഒരുഷോഡതനടത്തുവാൻ അവിടത്തെ പാർല്ലിമെന്റ് സെപ്പലിൻപ്രഭുവിനു അനുവാദം നല്കുന്നതായിരുന്നു നിയമവും പുറപ്പെടുവിച്ചു. അപ്പോഴേക്കും സെപ്പലിൻ ജർമ്മനിയിൽ അത്യന്തം പ്രശസ്തനായിത്തീർന്നു; ഫ്രൻചെൽ തന്റെ നാലാമത്തെ കപ്പൽ ഉടനെത്തുടച്ചോയതിനുശേഷം, ആറാഴ്ചയ്ക്കുള്ളിൽ, ഇദ്ദേഹത്തിനു തന്റെ ജന്മഭവനത്തിൽനിന്നു മൂന്നുലക്ഷം പവൻ മൂലധനമായി ലഭിക്കയും ചെയ്തു.

പലവക.

ദിവസന്തോറും രണ്ടോരണ്ടു പ്രതിമാത്രം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതായ ഒരു പത്രം റഷ്യയിലുണ്ടു: ഇതു റഷ്യൻചക്രവർത്തിക്കു വായിപ്പാനായി ദിവസവുമാവിലെ പുറപ്പെടുവിക്കുന്നതാകുന്നു. ഒരു പ്രതി, ചക്രവർത്തിയുടെ സന്നിധിയിൽസമർപ്പിക്കയും, മറെറാരു അദ്ദേഹത്തിന്റെകാര്യദർശിക്കായി കുതിരയ്മേലും കൊണ്ടുപോകുന്നു പതിവു.

P. Subbaroy's

World- renowned and Most Efficacious

AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ വിശപ്പില്ലായ്മ നെരുപ്പ്, കൈകാൽ മുതലായവയുടെ നീരൽ, നിരൊഴിവ, മധുമേഹം, കല്ലടപ്പ് (മൂത്രാഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്ക വില രൂ. തപാൽ ചിലവ ൩ ണ. വെറെ

൨ അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചു തികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം വയറുനോവ, വായനാറ്റം അജീർണ്ണം വയറുവീർപ്പ് നിദ്രാഭംഗം മുതലായ പിത്തൊപദ്രവങ്ങളെ നിക്കി സുഖപ്പെടുത്തും. ഡപ്പിക്ക വില അണ വ്യ. ൨ ഡപ്പികൾവരെ തപാൽ ൪ണ. ഴവറെ.

൩. പ്രമേഹനിവാരണി.

സിരാമെഹം, ഇടുപ്പുവലി, മൂത്രമധികമായുംതടഞ്ഞുപോവുക, മേസ്സുപ്പുകച്ചിൽ, രക്തമേഹംമുതലായവ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിക്കും. ഋതുകാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ഫക്ക വില ക. ഫ. യ കുപ്പികൾ വരെയുള്ള ബങ്കിക്ക തപാൽ ചിലവ ൪ണ. വെറെ

൪. ലക്ഷ്മീകരകസ്തൂരി ഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പൊഴും സശ്രദ്ധം ഉപയോഗിക്കെണ്ടും വിലയേറിയ സാധനം. ദന്തവേദന, വായനാറ്റം അജീർണ്ണം പിത്തവായു, ഇവയെശമിപ്പിക്കും. തനിച്ചൊ താംബൂലത്തൊട്ടകൂടിയൊ ഉപയോഗിക്കാം. ആഹാരത്തൊട്ടകൂടി ൨ ഗുളികകളെഉപയോഗിച്ചാൽ ഏതുഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും പ്രസവകാലത്തുതാംബൂലത്തൊട്ടകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ലാ. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ചെത്തിട്ടില്ലകാശ് മീരത്തുനിന്നുവരുത്തിയകസ്തൂരി പച്ചക്കർപ്പൂരം മുതലായ അധികം വിലയേറിയ സമാധനങ്ങൾ ഇതിൽചേത്തിട്ടുണ്ട്. ഛർദ്ദി കാസശ്വാസം, ജ്വരം, അതിസാരം, പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സിനെറ ഏറക്കുറച്ചിൽ പോലെ ൧രു മുതൽ നാലുവരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ഫക്ക വില രൂ. ഫ മുതൽ ഫ വരെ കുപ്പികൾ അടങ്ങിയ ബങ്കിക്ക തപാൽ ചിലവ ൪ണ വെറെ.

൫. വെദനസംഹാരി തൈലം.

ഈ തൈലം അല്പം പിരട്ടിയാൽകൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം മുടക്കുവാതം, നെഞ്ചുനൊവു തലവെദന ൧രു ഭാഗത്തുണ്ടാവുന്ന ശൂല ഇടുപ്പുവേദന പാൾപ്പവായു മേഹവായു, തിമിരം മുതലായ പലവ്യാധികളും ഭേദപ്പെടും. കുപ്പി ഫക്ക വില ക. ഫ. ന കുപ്പികൾവരെ തപാൽ ചിലവ ൪ണ ൩.

൬. സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവ ബഹു പുഷ്ടിയായും ഞെരുക്കമായും വളരും. കണ്ണിനു കൂർമയുണ്ടാകും സകല കൺനോവുകളും തലവെദനകളും നീങ്ങുംചെമ്പട്ടരോമം കറുക്കാരോമം കൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിവുണ്ടാകും കുപ്പിഫക്ക വില രൂണ രണ്ടു കുപ്പികൾ വരെ തപാൽ ചിലവ ൪ണ വെറെ.

൭. നേത്രബിന്ദു.

കണ്ണിൽ ഉണ്ടാവുന്ന കൺനോവു, കൺപുകച്ചിൽ, ക്ലവം നിരെടുപ്പു മങ്ങൽ മാലക്കണ്ണു ചീളുകെട്ടൽ, ദശവളച്ചു പൂവു ചെരപ്പു എരിച്ചിൽ ഇവ പൂർണം. ഇവയുടെവലിയ പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ഫക്ക വില രൂണ നാകുപ്പികൾവരെ തപാൽ ചിലവ ൪ണ.

കണ്ണിനു്

ചെവിക്കുത്തു, ചെവിയടപ്പു ഈച്ചൽ മുതലായ കണ്ണരോഗങ്ങളെ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാക്കും. കുപ്പി ൧ക്ക വില വ്യണ. ൩ കുപ്പികൾവരെ തപാൽ ചില വ ണെ വെറെ.

൩. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി, തഴതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം. തപ്രഗ്രാഗങ്ങൾ പലതും മാറും തേമൽ, മേഹകുഷ്ഠം മുതലായവയെ ശമിപ്പിക്കും. കുപ്പി ൧ക്ക വില ര൹ണ. ൩കുപ്പികൾ വരെ തപാൽ ചിലവ ണ൹ണ

൪. സുഖവിരേചന ഗുളികകൾ.

മലശോധന ശരിപ്പെടുത്തും. ജീർണ്ണം പിത്തോപദ്രവങ്ങൾ വായു മലപ്പിടുത്തം, അഗ്നിമാന്ദ്യം വാതം മുതലായ പലരോഗങ്ങളെയും ശമിപ്പിക്കും. ഡപ്പി ൧ക്ക വില വ്യണ ൩ വരെ ഡപ്പികൾക്കു തപാൽ ചില വ ണെ വെറെ

൫. ജ്വരസംഹാരി

കുളിപ്പനി, മുറപ്പനി, വാതപ്പനീ, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവ യ്ക്കു നന്നു. ഡപ്പി ൧ക്ക ൧ക. തപാൽചിലവ ണെ വെറെ

൬. രോമസംഹാരി

രോമം വെണ്ടാത്തടിക്കിൽ ഈ മരുന്നുപിരട്ടിയാൽ യാതൊരു വെദനയുമുണ്ടാക്കാതെ രൊമത്തെ നീക്കും. കുപ്പി ൧ക്ക വില൹ണ ൩ കുപ്പികൾവരെ തപാൽകൂലി ണെ വെറെ

൭. ദന്തചൂർണ്ണം

സുഗന്ധമായുള്ളത. എല്ലാമാതിരി ദന്തരൊഗങ്ങളെയും നീക്കും. കുപ്പി ൧ക്ക വില ൩ണ ൩ കുപ്പികൾവരെ തപാൽ ചിലവു ണെ വെറെ

൮. സ്ഖലിതരക്ഷണി

ബലഹീനതയാലും അത്യുഷ്ണത്താലും മാറുമുണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. ഡപ്പി ൧ക്ക വില വ്യണ ൩ ഡപ്പിക ൾക്കു തപാൽ ചിലവ ണെ വേറെ.

൯. മൂഗകസ്തൂരി.

കാശ്മീരത്തുനിന്നു വരുത്തീട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും ആപ്പീസിൽഉണ്ടു. ഉറപ്പികുത്തുക്കത്തിനു ൧ക വില ൧ക മുതൽക്കുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും തപാൽ ചിലവ പുറമെ.

൧൦. തൊൾക്കടിക്കുള്ള സിദ്ധൌഷധം

കടിവായിൽ ഏതാനുംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണു എല്ലാ വീടുകളിലും കാരൊ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണു. കുപ്പി ൧ക്ക വില ര൹ണ.

ഇന്ത്യയിലും ബമ്മയിലും ൧ മുതൽ ൧൨ വരെ കുപ്പികൾക്കു വ. പി. ചിലവ വ്യണ വെറെ. സിലോണിൽ മേപ്പടിക്കു ണെ ഒന്നായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്ന വക്കു ഡജൻ ഒന്നക്കു ൧-൮-൦ പ്രകാരം കൊടുക്കപ്പെടും. വി. പി ചിലവ ഡജൻ ൧ക്ക ണെ വെറെ.

൧൧. വ്രണനാദശ്കരതൈലം

ഈ തൈലം വെള്ളത്തുണിയിൽ പിരട്ടി വ്രണത്തിൽ വെച്ചു കെട്ടിയാൽ സകലവിധവ്രണങ്ങളും ക്ഷണത്തിൽ സുഖപ്പെടുന്നതാണു കുപ്പി ൧ക്ക വില വ്യണ. ഇന്ത്യയിലും ബമ്മയിലും ൧മുതൽ ൩വരെ കുപ്പികൾക്കു വി. പി. ചിലവ ണെ വേറെ.

൧൨. അമൃതകരകണ്ഠശുദ്ധിഗുളികകൾ

ഈ ഗുളികകൾസ്വരത്തെ വ്യക്തപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണ. ഭാഗവതർമാർ ഗ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവർക്കു പ്രത്യേകാവശ്യമുള്ളതാണു. തൊണ്ടയടപ്പിനും പ്രത്യൌഷധമാണ കുപ്പി ൧ക്ക വില വ്യണ. ഇന്ത്യയിലും ബമ്മയിലും ൧മുതൽ ൩ വരെ കുപ്പികൾക്കു വി. പി ചിലവ ണെ വെറെ.

൧൩. ദേഹശ്രീകരപരിമളചൂർണ്ണം.

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തെച്ചുകുളിച്ചാൽ ദേഹ

ത്തിൽനല്ലവാസനയുണ്ടാകും. തെമൽ, കൈകാൽ നീറൽ, ശരീരവറ്റൽച്ച, കരപ്പൻ, തലവേദന, പോരിമേഹം, മേഹറൽ മുതലായതുകൂടാതെ മറു അനേക തരത്തിലുള്ള വ്രണരോഗങ്ങൽ മാറുന്നതുമാണ. കാന്തിയും ആരോഗ്യവും ഉണ്ടാകും കുട്ടികൾക്കും പ്രായം ചെന്നവക്കും ഉപയൊഗിക്കാവുന്നതാണ. ഡപ്പി ൧൪ വില വ്യത്യാസം, വി. പി. ചിലവ സഹിതം വെറെ.

൨൦. സഞ്ജീവഗുളിക

തലകൂത്ത, തലവെദന, ഉറക്കമില്ലായ്മ വയററിലുണ്ടാവുന്നവായുവികാരം ജലദൊഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു പ്രത്യൌഷധമാണ. പ്രായംചെന്നവക്കും മേപ്പടി രൊഗങ്ങൾക്ക ഈ ഗുളികകൾ ഉപയൊഗിക്കാവുന്നതുമാണ.

കുപ്പി ൧൪ വില ഗ്രാണ ഇന്ത്യയിലും ബമ്മയിലും ൧മുതൽ ൩൬വരെ കുപ്പികൾക്ക വി. പി. ചിലവ ഒഴിച്ച വെറെ.

൨൧. ഉയന്തരം ഗൊരൊചനഗുളിക

ഈ ഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പലതിക്കും വയറിളകിപ്പൊകൽ, അജീർണ്ണം, ചുമ, ജലദൊഷം, തലവെദന മുതലായ രൊഗങ്ങൾക്കും പ്രായംകുറഞ്ഞവക്കും പ്രായം തികഞ്ഞവക്കും ഒരുപൊലെ ഉപയൊഗിക്കാവുന്നതും ഫലത്തെകൊടുക്കുന്നതുമാകുന്ന കുപ്പി ൧൪ വില ഗ്രാണ. ൧ മുതൽ ൩൬വരെ കുപ്പികൾക്ക വി. പി. ചിലവ ഒഴിച്ച വെറെ

൨൨. തപത്രൊഗസംഹാരി

ചൊറി, ചിരങ്ങ പുഴുക്കടി, കരപ്പൻ മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ തപത്രൊഗങ്ങളും ഈ മരുന്ന പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണ. കുപ്പി ൧൪ വില വ്യത്യാസം. ൧ മുതൽ ൩൬വരെ കുപ്പികൾക്ക വി. പി. ചിലവ ഒഴിച്ച വെറെ

൨൩. കെശസുവാസനി

ഈ ഔഷധം എതുയും വിലയെറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളെയും വെറെ ഉചിതമായ നാട്ട ഔഷധങ്ങളെയും ചെർത്ത ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവെദന, തലരിരിച്ചൽ മുതലായ ശിരൊവ്യാധികൾക്ക വശെഷമായ മറുള്ള ഔഷധങ്ങളെക്കാളും ഗുണത്തെ ചെയ്യുന്നതും തലച്ചൊറിനെ തണുപ്പിക്കുന്നതും പുറമെ തലമുടിയെ കറുപ്പിച്ച അധിക ആഹ്ലാദത്തൊട വളർച്ചയെ ചെയ്യും. രൊമങ്ങളുടെ കൊഴിച്ചലിനെ തീരെ നിർത്തും പരീക്ഷിച്ചാൽ സന്തൊഷിക്കാം. കുപ്പി ൧൪ വില ക ൧൪ മുതൽ ൩൬വരെ കുപ്പികൾക്ക തപാൽ ചാർജ് അണ ൪

൨൪. രക്ഷാമൃതം

സ്ഥാപരവസ്തുത്തിൽ അനെക അപൂർവ്വമൂലികകളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂർണ്ണം കുപ്പിചായ ഇതുകൾക്കുപകരം ഉപയൊഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണ കുപ്പി പാൽ ഇതുകൾക്കുള്ള ഗർഗ്രണങ്ങൾ ഇതിനില്ല. കുപ്പിപ്പൊടിയെ നാം ഏതു പ്രകാരം ഉപയൊഗിക്കുന്നുവൊ അതെപ്രകാരം ഇതിനെയും ഉപയൊഗിച്ചാൽ ഏറവും രുചിയുള്ള ഒരു പാനമാകും. ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവക്കും ഉപയൊഗിക്കാം. ജ്വരം സന്നിപ്രസവം മൎർദ്ദിഅതിസാരംമുതലായ കാലങ്ങളിൽമെപ്പടി ചൂർണ്ണത്തിൻ കഷായത്തെ പാൽക്കുട്ടിയൊ കുട്ടാതെയൊ സമയത്തിൻ തക്കപൊലെ ഉപയൊഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നുഗ്രണപ്പെടുത്തുന്നതിനു പുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായുകാസം, ക്ഷയം അജീർണ്ണം, മലബദ്ധം തലവലി മുതലായ രൊഗങ്ങളെമാറും രക്തത്തെ ശുദ്ധിചെയ്യ ധാതുപുഷ്ടിയെയും ദെഹാരൊഗ്യത്തെയുംതരും അഗ്നിമാന്ദ്യംഉള്ളവക്കും മൂത്രരൊഗികൾക്കും എതുയും വിശെഷമായ മരുന്ന. ഈമരുന്നിനെ ക്രമമായി ഉപയൊഗിച്ചുവന്നാൽ മൂത്രരൊഗികളുടെ

നീരിലുള്ള മധുരത്തെയും നീരിൻ അളവെയും കുറച്ച മൂരുരൊൾത്തെ ഭേദമാക്കി സുഖപ്പെടുത്തും ദേഹത്തിലുള്ള ഉഷ്ണത്തെശാന്തിചെയ്യും ബുദ്ധിക്കു നല്ല തീവ്രതയുണ്ടാക്കും പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ വിരൊധഗുണങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ട ഈ മൂന്നിന്റെ ഉപയോഗിക്കുന്നതുവളരെ അനുകൂലം.

ഡപ്പി ഒക്ക വില നൂറണ വി- പ- ചിലവ നൂറണ വെറൊ.രൂപമുതൽ മുൻകൂറായി അയച്ചാൽ ഫ ഡപ്പി അയക്കപ്പെടുന്നതാകുന്നു.

൨൩. സർബത്തുകൾ

മുന്തിരിങ്ങാപ്പഴം, നന്നാരിവെരു റോസാപുഷ്പം, വാഴപ്പഴം ചെറുനാരങ്ങ, മധുരനാരങ്ങ, ബദാംകൊട്ടപ്പഴം, ശീമഎലന്തപ്പഴം ഇഞ്ചി, ഈവക സർബത്തുകൾ ഏറ്റവും വിശേഷമായ പഴവർഗ്ഗങ്ങളിൽനിന്നൊട്ടത്ത ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു ഈ സർബത്തുകൾ തുള്ളിക്കണക്കിൽ ഉപയൊഗിച്ചാൽമതി. മേപ്പടി സർബത്തുകളിൽ നിന്നു അഞ്ചുതുള്ളികൾഒരുസെർ പച്ചവെള്ളത്തിൽ ചെത്താൽ ഏറ്റവും മധുരമായും ഏതുപഴത്തിൽനിന്ന സർബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയൊടുകൂടിയതായും ഇരിക്കും- വലിയ കുപ്പികളിൽ അടച്ച സാധാരണയായി അങ്ങാടികളിൽവില്ക്കുന്ന സർബത്തുകളെക്കാൾ പതിനായിരം പങ്കുജാസ്തിഗുണമുള്ളതായിരിക്കും. എന്നെ സർബത്തുകൾ അരഔൺസ് കുപ്പികളിൽ വില്പപ്പെടുന്നു ഈചെറിയ കുപ്പികളിലുള്ള സർബത്തുസമാർ ൧൦ സെർ പച്ചവെള്ളത്തിൽ അല്ലെങ്കിൽ സൊഡാവെള്ളത്തിൽ ചെത്താൽ ൧൦ സെർ രുചിയുള്ള സർബത്തായിത്തീരും- അര ഔൺസ് കുപ്പി ഒക്ക വില അണ വ- മുതൽ നൂറെ കുപ്പികൾക്കു വി-പി-ചിലവ അണ വെറെ.

൨൪. സുഗന്ധമായ മൂക്കപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾ ചെത്തിട്ടുണ്ടു ഇതിനെ തനിയെ ഉപയൊഗിപ്പാൻ പാടില്ലാ. സാധാരണയായി കിട്ടുന്ന പാടിയിൽ കുറെശ്ശയായി ചെത്തുവലിക്കണം. ഈ പൊടി വളരെ ഗുണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു. ഒരാൾക്ക സുഗന്ധപരിമളത്തെ മാത്രമല്ലാകൊടുക്കുന്നതുസാധാരണയായിപൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുർഗ്ഗന്ധത്തെക്കൂടെ പോക്കത്തക്കതായ ഒരു വിശെഷ വസ്തുവാണ ഈവാസനഅധികം നാൾ നില്ക്കുന്നതും പൊടിയെയുളരെനാൾ കേടുതട്ടാതെയുമാക്കും ഈപൊടിജലദൊഷം തലവെദന, മൂക്കിലുള്ള ദുർനാറ്റം മയക്കംമുതലായ ഉപദ്രവങ്ങളെ പോക്കുത്തക്കതാണു. ഇതാവളരെ കൂടക്കൂടെ പൊടി വലിക്കേണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണു. ഒരുകുപ്പിമൂക്കപൊടിവാങ്ങിയാൽ ഒരു മാസത്തൊളം നില്ക്കുന്നതാണു. ഒരു കുപ്പിക്കവില ൨ അണ.

൧മുതൽ ൩൨ കുപ്പികൾക്ക വി. പി. ചാർജ്ജ വ അണ. ൨ മുതൽ ൩൨ കുപ്പികൾക്ക ൪ അണ ൩ മുതൽ ൧൨ കുപ്പികൾക്ക ൩ അണ

൨൫ അശൊകാരിഷ്ടം

തെറ്റിയുണ്ടാവുന്ന തീണ്ടാരി, വെദനയൊടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്ന തീണ്ടാരി, തിണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്നവേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസന്തൊറുമുണ്ടാകുന്ന തീണ്ടാരിയിൽ അധീകരിച്ചൊ ചുരുങ്ങിയൊ ആയരക്തപ്പൊക്ക മച്ചിഎന്ന അവസ്ഥ സാധാരണയായ ഗർഭമലസൽ എന്നി രൊഗങ്ങളേയും, ക്രമംതെറ്റിയ തീണ്ടാരി നിമിത്തമുണ്ടാകുന്ന മറ്റെല്ലാ രൊഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏറ്റവും വിശേഷപ്പെട്ട ഔഷധമാകുന്നു മാസന്തൊറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്ക ഈ ഔഷധം മെത്തരമായതും ഫലിതമായതുമാകുന്നു. ദെഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകെണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയൊഗിക്കെണ്ടതാണു. കുപ്പി ഒക്ക വില ക ഫ

വി. പി. ചാർജ്ജ് മുതൽ ൨ വരെ കൂപ്പിക ൧൦൦ രൂപ പുറമെ.

൨൮. ബ്രഹൽ ചന്ദ്രോദയമകരധ്വജ.

മനക്കമ്പത്തോടുകൂടിയ ദൌർബല്യം, സുഖക്ഷയം, വാർദ്ധക്യകാഠിന്യം, വിസ്മൃതി നിശ്ശ്രേതം എന്നിവകൾക്ക് വിലയേറിയ ഒരൌഷധമാകുന്നു. ഇതിന്റെ ഫലിതം അത്ഭുതകരവും ആയത നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടുവാനുള്ളതും ആകുന്നു. ചെറുപ്പകാലങ്ങളിലുണ്ടായ ദുർവ്വൃത്തികളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ കുറച്ചു പരീക്ഷിച്ചു നോക്കേണ്ടതാണു. അല്പകാലത്തിനുള്ളിൽ തന്നെ യുവരെ യൌവനമുള്ളവരാക്കിത്തീർക്കുമെന്നതു നിശ്ചയമാണു. ഒരാഴ്ചക്കു വേണ്ടുന്നതിന്നു വില ക. നാ. വി. പ. ചാർജ്ജ് ഒണ പുറമെ.

൨൯. ച്യവനപ്രാശം

ശ്വാസനാഡികളേയും ശ്വാസകോശങ്ങളേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശീഘ്രത്തിപ്പെട്ട ഒരു ശമനൌഷധമാണെന്നു മാത്രമല്ലാ സ്വാസ്ഥ്യത്തേയും ബലത്തേയും കൂടിയുണ്ടാക്കുന്നു കണ്ടാണു. ഇതാണ്ടയടപ്പു, ഒച്ചയടപ്പു, ക്ഷയം, ഏക്കം, തൊണ്ടക്കുള്ള അസഹ്യതയാലുണ്ടാവുന്നകുര എന്നിവക്കു, തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈകണ്ട ഒരു മരുന്നാകുന്നു. അളക്ക് ഫക്കു വില ക. ൨. വി. പി. ചാർജ്ജ് ഒണ പുറമെ.

൩൦. മകരധ്വജ.

ഇതിനു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്തിൽ തീരെയൊ അല്പമായൊ നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ലാ. എല്ലാകാരണത്താലുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏറ്റവും തൃപ്തികരങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം, വിഷമജ്വരം, മുതലായ എല്ലാതരം ജ്വരങ്ങൾ, ചലംപോക്കു, സ്രാവം, പ്രമേഹം പ്രസവാനന്തരമുണ്ടാവുന്ന ഉപദ്രവങ്ങൾ ജലദോഷം കുര, ഏക്കം, മഹാമാരി, കാമ്മക്കേട് നീര, വിഷൂചിക, വയർ പഴപ്പ ദഹനക്കേട് മന്ദത, ബലക്ഷയം, തലചുറ്റൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരവുമാകുന്നു. തോല ഫക്കു വില ക ൨൫. രാഴ്ച ഉപയോഗിക്കേണ്ടതിനു ക ഫക്കു വി. പി. ചാർജ്ജ് ഒണ പുറമെ.

൩൧. വസന്തകുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാഹം നാവു വരൾച്ച കൈകാലുകളിൽ എരിച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയത്നേനയുള്ളമൂത്രം വീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരൌഷധമാകുന്നു ഒരാഴ്ചക്കു വേണ്ടപ്പെട്ടമരുന്നിന്നു വിലക ൧. വി പി. ചാർജ്ജ് ഒണ പുറമെ.

൩൨. രക്തശുദ്ധി

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എല്ലാവർക്കും അറിയാവുന്നതാണു. രക്തത്തിനു ശുദ്ധിയില്ലെങ്കിൽ വായ്പുണ്ണു ചെങ്കണ്ണു മൂക്കുപുണ്ണു തൊലിപ്പുണ്ണു ശരീരമാസകലം കുരുപ്പു ആണി വീക്കക്കുരു ചർമ്മത്തിൽ നിറഭേദം ഉണ്ടുപുണ്ണു തലവേദന അഗ്നിമാന്ദ്യം ചർമ്മത്തിനു ചുവപ്പും മാർദ്ദവമില്ലായ്മയും ചൊറിച്ചിൽ മൂക്കും വീങ്ങൽ വിളർപ്പു ബലക്ഷയം കുര മുളകുഷ്ടം തീഷ്ണം മറുത സ്രാടില്ലായ്മ ചൊറിച്ചിൽ എന്നിവയും ദുഷ്ടമുണ്ടാക്കത്തക്ക മറ്റെല്ലാ ചർമ്മവ്യാധികളും രക്തദുഷ്ട്യംകൊണ്ടുണ്ടാവുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കംചെയ്വാൻ രക്തശുദ്ധിയെന്നപേരായ എന്റെ ഔഷധം മേത്തരമാകുന്നു ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹനത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതുമാകുന്നു. ൩൦ ദിവസത്തേക്കു വേണ്ടുന അളക്ക് ഫക്കു വില ക ൨. രണ്ടോ രണ്ടോളക്കുകൾക്കു വി. പി. ചാർജ്ജ് ഒണപുറമെ

൩൩. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്ദുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ചു ഏറ്റവും ബലകരമായതാകുന്നു ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിൽനിന്നുണ്ടാകുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതുകൂടാതേ ശ്വാസകോശങ്ങളെസംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളെയും നീക്കംചെയ്യുന്നതും ദഹനത്തെ ശരിയായി നിലനിർത്തുന്നതുമാകുന്നു ചുരുക്കിപറയുന്നതായാൽ ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ലാ. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ബലത്തേയും യൌവ്വനത്തേയും കൂടെ പുരുഷായസ്സുവരെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണ് തോല ഫക്ക വില കു. വ്യാ ഒരാൾക്കുള്ള ഉപയോഗത്തിന്നു കു.മു വി പി. ചാർജ് പുറമെ.

൩൪. വേദനപരിഹാരി.

ഈഔഷധം അകത്തേക്കുംവേദനസംഹാരതൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിൻെറ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു പെട്ടി ഫക്ക വില കു ഫാ. മുപെട്ടികൊണ്ടവരെ വി പി. ചാർജ് ഒണ മാത്രം.

൩൫. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിന്നു മേപ്പടി ഔഷധം ഏറ്റവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ഫക്ക വില കു ഫാ മുപെട്ടികൊണ്ടവരെ വി പി. ചാർജ് ഒണ മാത്രം.

൩൬ മലബന്ധശമനൌഷധം

പതിവായും ഇടക്കിടേയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്യാൻ ഇതു മേത്തരമായ ഔഷധമാകുന്നു. കൂളിൻെറ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കി തീർക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിർത്തുന്നതുമാകുന്നു. പെട്ടിഫക്ക വില ഫാണ രണ്ടുവരെ പെട്ടികൊണ്ടാൽ വി പി. ചാർജ് ഒണ വെറെ.

൩൭. ചന്ദ്രാമൃതരസം.

പ്രയാസപ്പെട്ട എല്ലാതരം കൂരകളേയും ശ്വാസകോശങ്ങളിലെ പഴപ്പുകളേയും ഏകദേശം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കൂരയും ശ്വാസകോശപ്പഴപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു ദഹനത്തിനു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീർപ്പാൻ മേത്തരമാകുന്നു. പെട്ടി ഫക്ക വില കു. ഫാ.മുപെട്ടികൊണ്ടവരെ വി പി. ചാർജ് ഒണമാത്രം.

൩൮ ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിൻെറ എല്ലാ സ്ഥിതികളിലും ഇതുവളരെ മേത്തരമായ ഔഷധമാകുന്നു. ഇതിൻെറ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തുംക്രമക്കേടായ വിരേചനത്തെ നിർത്തി ശുദ്ധമതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നു മാത്രമല്ലാ അതിസാരത്തെയും മറ്റും സുഖപ്പെടുത്തുന്ന ഒരു സർവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ഫക്ക വില കു ഫാ.മുവരെ പെട്ടികൊണ്ടാൽ വി. പി. ചാർജ് ഒണ മാത്രം.

൩൯. വിഷ്ണുതില

തലനോവ് ഉടനെ നീക്കുന്നതല്ലാതെ ദോഷത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കൂപ്പി ഫക്കുവുന്ന ക്രമത്തിൽ നൂറുവരെ കൂപ്പികൊണ്ടാൽ വി പി ചിലവു ഒണ വേറെ.

മേത്തരം ഗോരോചനം തോല ഫക്ക വില നൂ മേത്തരം കുങ്കുമപൂവ തോല ഫക്ക വില ഫക മേത്തരം പച്ചക്കർപ്പൂരം തോല

ക്കെ വില ഒ.

സുഗന്ധവസ്തുക്കൾ

അത്തർദിനസ്സകൾ,- രോജാപൂവ, മല്ലികപൂവ, മാതിപൂവ, മതനപൂവ, സുഹാഗമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉറപ്പികത്തുക്കും ക്കെ വില കഫണവ്വി പി. ചിലവ വേറെ.

താംബൂലബിഹാർ പെട്ടി ഒന്നിന്നുവില രൂണ മുതൽ ക്കവരെ പെട്ടികൾക്കത പാൽക്കുലി ഒണ.

സോഡാചൂർണ്ണം ഓരോ കുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചെത്ത വ കുപ്പി മേത്തരം പുതിയ സോഡഉണ്ടാക്കാവുന്നതാണ ക കുപ്പിക്ക വിലവ്വണ മുതൽ രവരെ കുപ്പികൾക്ക തപാൽകൂലി രണ.

ലമനേഡ് ചൂർണ്ണം ഓരോ കുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചേത്ത വകുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ കുപ്പി ക്കവില നുണ. മുതൽ രവരെ കുപ്പികൾക്കതപാൽചാർജ് ഒണ.

പനിനീർ- അര രൗൺ കുപ്പികളിൽ വില്പപ്പെടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു നവലിയ കുപ്പികളിൽ വെള്ളംചേത്ത നിറക്കാവുന്നതാണ അങ്ങിനെ വെള്ളം ചേത്താൽപ്പുടി ഈ നകുപ്പികളും മേത്തരം പേഷ്യൻ പനിനീരിന്നു തുല്യമായിരിക്കും അര രൗൺസ കുപ്പി ക്കവില വ്വണ മുതൽ നവരെ കുപ്പികൾക്ക തപാൽകൂലി രണ.

ഉടുപ്പിന്നുള്ള സുഗന്ധങ്ങൾ പനിനീർ സുഗന്ധക്കട്ട മല്ലസുഗന്ധക്കട്ട, ലവണ്ടർ സുഗന്ധക്കട്ട എന്നിവ പെട്ടി ഓരോന്നിന്നും വിലവ്വണ മുതൽ നുവരെ പെട്ടികൾക്ക തപാൽകൂലി രണ.

ഉടുപ്പിന്നുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ.

ക മദനവിലാസം ഒ മനമോഹിന നു മനോരഞ്ചൻ ര ജഗന്മോഹ നി ര അക പ ർസ രായി നു ഷാജഹാൻ സിരായി ഇവ ഓരോന്നും പുതിയതായി വിടർന്നപുഷ്പത്തിന്റെ വാസനയോട കൂടിയതായും ഇതിക്കും വില ഒരു കുപ്പിക്ക അണ വ മുതൽ നവരെ തപാൽ ചിലവ അണ ര പ്രത്യേകം.

കേസർപ്പൊടി- ഇതു വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവസ്തുക്കളെകൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുനുള്ളൽ പൊടി വെറുംപച്ചവെള്ളത്തിലൊ അല്ല ചന്ദനക്കട്ടിലൊ ചേത്താൽ അതിസൌരഭ്യകരമായതും മനസ്സിന്നു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കട്ട ആയിതീരുന്നു. ഇത അടിയന്തരകാലങ്ങളിൽ വിരുന്നുകാക്കുകൊടുപ്പാൻ ചന്ദനം അരക്കേണ്ടുന്ന പ്രയത്നത്തിയെ ഇല്ലാതാക്കുന്നതല്ലാതെ ഒരം കേസർപ്പൊടിക്ക സമമായും, മേലായും സുഗന്ധം വില്പുന്നതായ ഒരു സൌരഭ്യവസ്തു ഉണ്ടാവാൻ പാടുള്ളതല്ല. കുപ്പി ക്കവില വ്വണ. മുതൽ നുകുപ്പികൾക്ക തപാൽ ചാർജ് ഒണ.

അർഘ്യജം- ഇത വേറെ ഒരുമാതിരി സ്വദേശി സൌരഭ്യവസ്തുമാണ ഇതിന്റെ സൌഭാഗ്യം വളരെ വിശേഷമായതും മനസ്സിന്നു ആഹ്ലാദത്തെകൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇത ഒരേമാതിരി അനുഭവത്തെ നല്കുന്നു. ഇതുനിത്യമായി ഉപയോഗിക്കാം. കരുവെള്ളംചേത്ത ചന്ദനക്കട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്ക വാസനക്കായും ഉപയോഗിക്കാം നെറിമേൽ തിലക്കുറിയായും ഉപയോഗിക്കാം നെറിമേൽ തിലക്കുറിയായും ഉപയോഗിക്കാം. ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉഷ്ണഭൂമികളിലേക്ക ഇത അതിവിനോദകരമായ ഒരു സൌരഭ്യവസ്തുമാകുന്നു പെട്ടി ക്കവിലവ്വണ. മുതൽ ക്കവരെ പെട്ടികൾക്ക തപാൽകൂലി രണ വേറെ.

അമ്പർ. ഇത അതിശ്രേഷ്ഠകരമായ ഒരു സൌരഭ്യവസ്തുമാകുന്നു ഇത വാസനക്കായി ഉപയോഗിക്കുന്നതല്ലാതെ വിയക്കുറിന്നും ചുളിക്കും വളരെ വിശേഷമാകുന്നു ഇതിന്റെ അതിവിനോദമായ വാസന അധികം ദിവസത്തേക്ക നിലനില്പുന്നതാണ

ഒരു പ്രാവശ്യം ഉപയോഗിച്ചു ഫലം കണ്ടാൽ ഇതിനെ ഒരു കാലത്തും വിടുകയില്ല. ഇത എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു ഇത മുഖത്തുപിടിയാൽ മുഖത്തിന്റെ വണ്ണം തിളങ്ങിവരും പെട്ടി ഒന്നിന വില രൂ. മുതൽ ൧൦ വരെ പെട്ടികൾക്ക ൧ണ. പുറമെ.

ഇന്ത്യൻ പെറൽഡസ്റ്റ്- നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോട കൂടിയിരിക്കും. സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, വൈദ്യൻമാർ ഇരിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഖ്യമുള്ള സ്ഥലങ്ങളിലൊ വെച്ചിരുന്നാൽ മനുഷ്യർ ശ്വസിക്കുന്നതായി അംഗാരാമ്ലവായുവിനെ ശുദ്ധീകരിക്കുന്നതാണ. നിങ്ങൾ ശയനഗൃഹത്തിലേക്ക പോകുന്നതിനു മുമ്പായി ഇതു പ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ. ഇതുനിങ്ങൾ അകത്തേക്ക ശ്വസിക്കുന്നവായുവിനെ ശുദ്ധീകരിക്കുകയും ചെയ്യും. പെട്ടി ഒന്നിന വില അണ ൮. മുതൽ ൧൦ വരെ പെട്ടിവരെ തപാൽ ചെലവു അണ ൧ പ്രത്യേകം.

വയറിലുള്ള നാക്കപൂഴികളയാണുള്ളതുന്നു.

ഈ മരുന്നു സേവിച്ചാൽ വയറിലുള്ള നാക്കപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്ക ആരോഗ്യതയെകൊടുക്കും. ഈ പാമ്പു വയറിൽ ഇരുന്നാൽ അടിവയറിൽ ഘനം, അഗ്നിമാന്ദ്യം, വയറുവലി, ഊണുവേണ്ടാ എന്നു തോന്നുക വായിൽ ദുർഗ്ഗന്ധം, തലവേദന, നാവുവരൾച്ച ആസനത്തിലും മൂക്കിലും ചൊറിച്ചൽ വയറിനുപോക്ക മലക്കെട്ട മുതലായ പല വ്യാധികളെ നീക്കുന്നതാണ. ൧൰ പ്പിക്ക വില അണ ൧൰ മുതൽ ൧൦ കുപ്പികൾവരെ ബങ്കി ചിലവു അണ ൧ പ്രത്യേകം.

ജാമദ്രാവകം

ഇതു വയറ്റവരി, വയറുകടുപ്പു അഗ്നിമാന്ദ്യം, അജീർണ്ണം, മുതലായ വ്യാധികളെ ക്ഷണേന പരിഹരിക്കുന്നതാണ. കോലറാ എന്നവ്യാധിക്കും ഇതു സമയാസമയം പോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസം കിട്ടുന്നതാണ" ഇതു സാധാരണമായി അങ്ങാടിയിൽവിറ്റുവരുന്ന രാമദ്രാവകം പോലെ അല്ലാ അരൗൺസു കുപ്പികളിൽ വില്പപ്പെടുന്ന ഒരു കുപ്പിദ്രാവകത്തിൽ വെള്ളം ചെത്താൽ ൨൰ അവുൺസു മേത്തരമായ രാമദ്രാവകം കിട്ടുന്നതാണ ഇങ്ങനെ കിട്ടുന്ന ദ്രാവകം കടകളിൽ വില്പുന്നതിനെക്കാൾ വളരെ വിശേഷമായിരിക്കും. കുപ്പിക്ക വില അണ൮ മുതൽ ൧൨ കുപ്പികൾ വരെ ബങ്കി ചിലവു അണ ൧ പ്രത്യേകം.

തലയിൽ പുരട്ടുവാനുള്ള ചായം


പി സുബ്ബറായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏറ്റവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണ. നരച്ച തലമുടിയിൽ ഇതു പുരട്ടിയാൽ ഭംഗിയും ശോഭയുംമിനുസവുമുള്ള നല്ല കറുത്തനിറമാകുന്നതാണ ചായം പുരട്ടിയിരിക്കുന്നവെന്നു ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരക്കുമ്പോൾ അതിൽ ചായം പുരട്ടുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണ ഇതിലേയ്ക്ക ഉത്തമമായിട്ടുള്ളതു നരച്ചതലമുടിയെ കറുപ്പിച്ച വാർദ്ധക്യലക്ഷണങ്ങളെ മാറ്റുകയാവിന്റെ ഭാവം വരുത്താമെങ്കിൽ വാർദ്ധക്യലക്ഷണങ്ങളെ ഒട്ടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കുപ്പിക്കുന്നിനു രൂപാ ൧. വി പി. ചാർജ്ജ് മുതൽ ൩ വരെ കുപ്പികൾക്ക ൧ അണ പ്രത്യേകം.

മാഞ്ഞുപോകാത്തഅടയാളമഷി

ഇതു പട്ടു ലിനൻ മുതലായ വസ്ത്രങ്ങളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണ ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും മാറിപ്പോകാതിരിക്കുന്നതിലേക്കും ഒരു രക്ഷയായിരിക്കുന്നതാണ. വില

(ENGLISH RUBBER TYPES)

ഇംഗ്ലീഷ" റബർ അച്ചാണ്ടികൾ.



ഞങ്ങളുടെ പക്കൽ പലവിധത്തിലുള്ള ഇംഗ്ലീഷ് റബർഅച്ചാണികൾ വില്പാൻ തയാറുണ്ട്. വളരെ സഹായവിലക്കു കൊടുക്കുന്നതാണ്.

പവ്വാ അച്ചാണ്ണകൾ അടങ്ങിയ ചെട്ടിക്കു				ക.	പ-വ്വ-ാ
പാറാ	〃	〃	〃	ക.	പ-ാ-ാ
മസ്സാ	〃	〃	〃	ക.	മ-സ്സ-ാ
മരാ	〃	〃	〃	ക.	മ-ര-ാ

(SELF INKING PADS)

ഇങ്കിപാടുകൾ.

വലിയ തരത്തിനു	ക.	൦-൫൦-൦	വഴിയാത്ര ടമ്പളറുകൾ.		
നടുത്തരത്തിനു	ക.	൦-൫൦-൦	വലിയതിനു	ക.	൫-൮-൦
ചെറുതിനു	ക.	൦-൮൦-൦	ചെറിയതിനു	ക.	൫-൦-൦



ഏതുതരം റബർസ്റ്റാമ്പു ആവശ്യപ്പെട്ടാലും പകർപ്പു ഉണ്ടാക്കികൊടുക്കുന്നതാകുന്നു.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക: R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

ജീവരക്ഷണി



ഇതു മിക്കതും ഉയർന്തരം ഒരു ടോണിക്കാണ്. ദേഹം വല്ലാതെ ക്ഷീണിച്ചിരിക്കുക, മനോവ്യാധിയാലും ദേഹകഷ്ടത്താലും ക്ഷീണിച്ചിരിക്കുക ബുദ്ധി തളർന്പോക, കൂടക്കൂടെ ജ്വരം ഉണ്ടാകുന്നതിനാലും, ക്ഷയത്തിനാലും മറ്റു എതുകാരണങ്ങളാലും ദേഹം ശോഷിച്ചിരുന്നാൽ ഈ ടോണിക്ക ഉപയോഗിച്ചാൽ ദേഹത്തിലുള്ള സകല ഉപദ്രവങ്ങളേയും നീക്കി പരിപൂർണ്ണമായ സൌഖ്യത്തെ കൊടുക്കും. ഞരമ്പുകൾ തളർന്പോകുക മുതലായ എതുവിധം ദേഹതളർച്ചയേയും നീക്കും. ഒരുനേരത്തിനു കാൽ ഔൺസ് മരുന്നു പാലിൽചേർത്തു സേവിക്കണം. കുപ്പി ഒന്നിനു വില ക. റു—വ്യ—ാ.

അശോകാരിഷ്ടം.

സ്ത്രീകൾക്കു തെറിയുണ്ടാവുന്ന തീണ്ടാരി, വേദനയോട് കൂടെ പ്രതിമാസം ഉണ്ടാവുന്ന തീണ്ടാരി, സന്ധുക്കളിൽ വേദന, കാലനിശ്ചയമില്ലാത്ത തീണ്ടാരി, ശ്വാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയോ ആയ രക്തപ്പോക്ക, മച്ചി എന്ന അവസ്ഥ, ഗർഭമലസൽ എന്നീ രോഗങ്ങളേയും ശമിപ്പിപ്പാൻ ഒരു സിദ്ധൌഷധം ഇതുപോലെയില്ല. ഇതു ഒരുമാസം വരെ സേവിച്ചാൽ സ്ത്രീകൾക്ക നല്ല ദേഹസൌഖ്യവും അഴകും ഉണ്ടാക്കും. രണ്ടു ഔൺസ് ജലവും അര ഔൺസു മരുന്നും ചേർത്തു സേവിക്കണം. വിലപെട്ടി ഒന്നിനു ക റു—വ്യ—ാ.

അമൃതമാലകതൈലം.

ഇതു തേച്ചുകുളിക്കാൻ നല്ലൊരു തൈലമാകുന്നു. ഈ തൈലത്തിൽ വളരെ വിലയേറിയ ഔഷധങ്ങളും മറ്റും ചേർത്തിട്ടുണ്ടു. ഇതിനെ ദേഹത്തിൽ പുരട്ടിയാൽ ഓരോരോ ദ്വാരത്തിലും ഈ എണ്ണ പോയി ദേഹത്തിനു നല്ല കായബലത്തേയും ദേഹത്തിലുള്ള സകല വ്യാധിയേയും ശമിപ്പിക്കും. പനിപിടിച്ചവർ ഇതിനെ ഉപയോഗിച്ചാൽ നല്ല ദേഹകാന്തിയേയും പിന്നെ ജ്വരം വരാതെ കണ്ടിരിക്കുകയും ചെയ്യും. ചൊറി ചിരങ്ങു മുതലായ്തിനെ മറ്റും. തലച്ചോറിനെ തണുപ്പിക്കും. കുപ്പി ഒന്നിനു ക റു—ാ—ാ. റു-കുപ്പികൾക്കു ക ൻ—ാ—ാ.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക.

R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

കലിയുഗവിദ്യ



(BEGUMSHAHI SOAP)

ബീഗംഷാഹി ആണ്ട് ഷെൻഷാഹ് സോപ്പുകൾ.

ഇതു ഓരോ വീട്ടിലും ആവശ്യമായ സാധനം. കത്തി വേണ്ടതില്ല. മുറിയേല്പിക്കില്ല. അധികനേരം വേണ്ട. യാതൊരു വേദനയും ഉണ്ടാവില്ല. രോമനിവാരണി എപ്പോഴും ഉപയോഗിക്കേണ്ട അധികം കഷ്ടമില്ല. ശരീരത്തിനു ഒരു കാന്തിയെ ഉണ്ടാക്കും.

ന. സോപ്പുകളടങ്ങിയ പെട്ടിക്കു ക. ൧—൧—൦
ഒരു ഡസൻ " " " ക. ൯—൦—൦

(HAIR OILS)

മുടിതൈലങ്ങൾ



വിശ്വനാഥതൈലം	കുപ്പിക്കു	ക.൧-൦-൦
കേശരഞ്ജന തൈലം	"	ക.൦-൧൨-൦
കാമിനീ യാ തൈലം	"	ക.൦-൧൨-൦
കന്തളകൌമുദി തൈലം	"	ക.൦-൧൧-൦
കന്തളകമലന തൈലം	"	ക.൦-൧൧-൦
പൂതനാഥ തൈലം	"	ക.൦-൧൧-൦
ചന്ദ്രമലാതി തൈലം	"	ക.൦-൧൦-൦
കാമവിലാസ തൈലം	"	ക.൦-൧൧-൦
കേസതാര തൈലം	"	ക.൦-൧൦-൦
പാതഷാഹി തൈലം	"	ക.൦-൧൧-൦
വനിലിഹാർ തൈലം	"	ക.൧-൦-൦

ഇതുകൂടാതെ അനേകതരം തൈലങ്ങളും സുഗന്ധദ്രവ്യങ്ങളും വില്പാൻ തയാറുണ്ട്.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക: R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

ആരോഗ്യനിർണ്ണയം.

അവിചാരിതമായ മരണംമൂലം കുടുംബം നിരാശ്രയതയിൽ വരാതിരിപ്പായി പലരും തങ്ങളുടെ ജീവൻ ഇൻഷർ ചെയ്യിക്കുന്നു പതിവുണ്ടു. പക്ഷേ ആരോഗ്യം നിലനിൽക്കുന്നതിനു വല്ല എളുപ്പാടിലും പ്രവേശിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ അവർ പറയുന്ന ഉത്തരം ഒരിക്കലും തൃപ്തികരമായിരിക്കയില്ല.

ആരോഗ്യമുള്ള ഒരാളാണെങ്കിൽ അയാൾക്കു വളരെ കാലം ജീവിച്ചിരുന്നു കുടുംബത്തിനു ഐശ്വര്യവും സമ്പത്തും വർദ്ധിപ്പിക്കാൻ എളുപ്പമുള്ളപ്പോൾ ജീവനേ ഇൻഷർചെയ്യുന്നതിനേക്കാൾ ശരീരസൌഖ്യത്തെ ഇൻഷർചെയ്യുന്നതാണല്ലൊ പ്രധാനമായതു.

ശരീരസുഖം നിലനിൽക്കത്തക്കതായ
നല്ല വഴി ഇന്നു എതാണുള്ളതു?

കോളാടോണിക്ക്. കോളാടോണിക്ക്

എല്ലാ പോഷകസാധനത്തേക്കാളും മെച്ചമായതും നാടിനെരുന്നുകാരും പറിയതും ഇതുതന്നെ.
ഉടനെ പരീക്ഷിച്ചു ഗുണദോഷമറിക.

കോള—അതിശയകരമായ മാറ്റം
കോള—തലച്ചോറിനുള്ള പോഷകം.
കോള—മദ്യത്തിന്റെ വിരോധി.
കോള—പ്രത്യേക ഗുണം തരും.
കോള—ഉന്മേഷം കൂട്ടും
കോള—യൌവനക്കാർക്കും വയസ്സന്മാർക്കും ഫലപ്രദം.

നാല് ഗ്ലാസികകളും അടങ്ങിയ കുപ്പിക്കു വില ക. തപാൽ ചിലവ് ഒ-ണ.
ഇന്നുതന്നെ ആവശ്യപ്പെടുക.

DR S. K. BURMAN,
5, 6, TARACHAND DUTT'S STREET,
CALCUTTA. NO 7.

പുതിയകൃതികൾ.

വൃത്താന്തപത്രപ്രവർത്തനം. — വർത്തമാനപത്രങ്ങളുമായി ഏതൊരു വിധത്തിലുംബന്ധമുള്ളാവരൊക്കെ വായിച്ചിരിയേണ്ട സംഗതികൾ ഇതിലുണ്ടു. വില. ക. കൂ; തപാൽക്കൂലി ഫ. ണ

തിരുവിതാംകൂർമഹാരാജാവു— ജോർജ്ജ ചക്രവർത്തി തിരുമനസ്സിലെ പട്ടാഭിഷേകം പ്രമാണിച്ചു, അനേകം സംഗതികളുടെകൂടിഎഴുതിയ ഇപ്പോഴുള്ള, ഭർത്താവിനെ കണ്ടിട്ടുള്ളവർക്കും കൂടി ഉപകാരപ്പെടും. വില: ഫാം ഭാഗം നാ. ണ. ഫാം ഭാഗം നാ. ണ.

ആചാര്യാഭിഷേകം— മാറിപ്പോയ തിരുവിതാംകൂർദിവാൻ മിസ്റ്റർ പി. രാജഗോപാലാചാര്യരവർകളുടെ അഞ്ചുകൊല്ലത്തെ ഭരണം. ചുരുക്കിയ വില ഒണ. മാത്രം.
'ആത്മപോഷിണി' ആപ്പീസിൽ കിട്ടും

ആത്മപോഷിണി

പുസ്തകം ൩. | ക്രാന്തം ധനു | ലക്കം ൯.

മലയാളത്തിന്റെ ഉൽപത്തി.

11

'മലയാളം', 'മലയാഴ്മ' എന്ന പദങ്ങളുടെ ആഗമത്തെപ്പറ്റിയ വാദങ്ങൾ അങ്ങിനെ നില്ക്കട്ടെ. തമിഴിൽനിന്നാകുന്നു മലയാളഭാഷ ഉത്ഭവിച്ചതെന്ന് സ്ഥാപിപ്പാനായി, അയ്യങ്കാർവർകൾ, കേരളദേശത്തെയും കേരളീയജനങ്ങളേയും കുറിച്ചു പ്രതിപാദിക്കുന്ന പൂർവകാലചരിത്രത്തെ പരം ഇനി ആലോചിക്കേണ്ടിയിരിക്കുന്നു. തമിഴർ തെക്കേഇന്ത്യയിലെ ആദിമനിവാസികളല്ലെന്നും, ആനകം നൂറാണ്ടുകൾക്കു മുമ്പ് ഇവിടെ വന്നു കുടിയേറിപ്പാർത്തിരിക്കുന്നവരാണെന്നും നമ്മൾ മറന്നുകൂടുന്നതല്ല. തെക്കേഇന്ത്യയിലെ പൂർവനിവാസികളായ മറവർ, എയിനർ(വേടർ), കള്ളിയർ മുതലായ നാഗവർഗ്ഗക്കാരെ കീഴടക്കി, അവർ പാണ്ഡ്യ, ചോള, ചേരരാജ്യങ്ങളെ സ്ഥാപിച്ചു എന്നും പ്രസിദ്ധമാകുന്നു. തമിഴ്ഭാഷയായ ദ്രാവിഡത്തിൽനിന്ന് തെലുങ്ക്, കന്നഡകം, മലയാളം മുതലായ ഉപഭാഷകൾ പിരിയുംമുമ്പ്, തമിഴ്ജനങ്ങൾ, ഗംഗാനദിക്കു തെക്കും, കന്യാകുമാരിക്കു വടക്കും, കടലുകൾക്കിടയിലും ഉൾപ്പെട്ട പ്രദേശങ്ങളിൽ പാർത്തിരുന്നു എന്നും; ശാഖകൾ പിരിഞ്ഞശേഷം, തെക്കൻതമിഴരുടെ നാടു്, പൂർവപശ്ചിമഘട്ടങ്ങളുടെയിടയിൽ തിരുപ്പതി (വേങ്കട) മലയ്ക്കു തെക്കും കന്യാകുമാരിക്കു വടക്കും ഉള്ള ദേശം മാത്രമായിരുന്നു എന്നും ചരിത്രം പറയുന്നുണ്ടു്. മൻപ്രസ്താവിച്ചപ്രകാരം, മൂന്നുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്ന ഈ തമിഴകം പ്രദേശത്തിൽ, ചേരനാട്ടിന്റെ എല്ക,

"വടക്കത്തലംചഴനിവാൻ
കിഴക്കച്ചെങ്കോട്ട
കടതിരൈചക്കക്കോഴിക്കുടാകം.....
കടർകടൈയി
നോരമത്തുതെർകാകമോ-
രൈൻചതിൻ
കാതഞ്ചൊനാട്ടെച്കൈ-
യെനച്ചൊല്ലു"—

എന്നു്, പ്രാചീനതമിഴ്കവിയായ മൂവൈ പാടിയിരിക്കുന്നു. ഈവിധം പ്രസ്തുതമായ ചേരനാട്ടിലെ ജനങ്ങളെക്കുറിച്ചു് അയ്യങ്കാർവർകൾ പറയുന്നതാവി

തു:— "കുസ്സാബ്ദം മൂന്നാം നൂറ്റാണ്ടിൽ, ചേരദേശനിവാസികളായ ജനങ്ങളെ തമിഴർ എന്നു വിളിച്ചുവന്നിരുന്നു; എന്നുമാത്രമല്ല, ആ 'മധുരമായ' നാമധേയം സിദ്ധിക്കുന്നതിനും, അവർ അഭിമാനിക്കയും ചെയ്തിരുന്നു: ഇതിനു, താഴെയുദ്ധരിക്കുന്ന പദ്യഖണ്ഡം തെളിവാകുന്നു:—

'വൺടമിഴികഴ്ന്ത
കായ്:വാടകൈക്കെനകനും വിരൈചെയനും
ചെങ്കുട്ടുവൻറൻചിനവലൈപ്പട്ടതലും:-"

അയ്യങ്കാരവർകൾ ഉദ്ധരിച്ച പദ്യഖണ്ഡം, 'ചിലപ്പതികാരം' എന്ന പ്രാചീനതമിഴ്കൃതിയിൽ ഉള്ളതാണ്. ചേരരാജാക്കന്മാരെയും അവരുടെ പ്രജകളെയും സംബന്ധിക്കുന്ന ചരിത്രങ്ങളെ പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഏറെ പുരാതനമായതു് മേല്പറഞ്ഞ കൃതിയായിരിക്കുമെന്നു ഗണിക്കപ്പെട്ടിട്ടുണ്ട്. അക്കാലത്തു്, കേരളീയജനങ്ങൾ സല്ലാപങ്ങളിൽ സംസാരിച്ചിരുന്ന ഭാഷ തമിഴായിരുന്നു എന്നും; മലയാളത്തിന്റെ ഉൽപത്തി മേല്പടി ഗ്രന്ഥത്തിൽനിന്നു് അറിയാമെന്നും ആകുന്നു അയ്യങ്കാരവർകൾ പറയുന്നതു്. ഏകദേശം അക്കാലത്തുതന്നെ ഉണ്ടായതായ 'അയ്ങ്കുറുനൂറു' എന്ന തമിഴ്കൃതിയുടെ കർത്താക്കന്മാർ കേരളീയരായ അഞ്ചു കവികളായിരുന്നു; ആ ഗ്രന്ഥം, ചേരരാജാവിന്റെ ആജ്ഞ അനുസരിച്ചു് രചിച്ചതുമായിരുന്നു. ഇതിലധികം മുഖ്യമായൊരു കൃതിയാണു് 'ചിലപ്പതികാരം'; ഇതും ഏകദേശം അക്കാലത്തുതന്നെ ഉണ്ടായതാണു്. ചെങ്കുട്ടുവൻ എന്ന ചേരരാജാവിന്റെ ഇളയസഹോദരൻ ഇളങ്കോ-അടികൾ ആയിരുന്നു കർത്താവു്. മേല്പറഞ്ഞ കൃതികളിലെല്ലാം, മലയാളത്തിനു പ്രത്യേകമായും, ശുദ്ധതമിഴിൽ ദേശ്യമെന്നോ ഗ്രാമ്യമെന്നോ ഗണിക്കപ്പെട്ടിരിക്കുന്നതായുമുള്ള പല പദങ്ങളും പ്രയോഗിച്ചിട്ടുണ്ടു്: അവയിൽ കാണുന്ന മല്ലം, പോത്തു, കൈതില, വട്ടി മുതലായ പദങ്ങൾ ഇപ്പോഴും മലയാളത്തിൽ നടക്കുന്നുണ്ടു്; എന്നാൽ, തമിഴിൽ, പ്രയോഗലുപ്തമായിത്തീർന്നിരിക്കുന്നു.

ഇതുമാത്രമല്ല; പല്ലാലത്തെ തമിഴ്കവികളിലും, പ്രശസ്തന്മാരായി ചില കേരളരാജാക്കന്മാരുണ്ടായിരുന്നു. കുസ്സാബ്ദം ഏഴാമത്തെ(യോ എട്ടാമത്തെയോ) നൂറ്റാണ്ടുകാലത്തുണ്ടായ തമിഴ്കൃതികളിൽ മുഖ്യമായ ചിലരിന്റെ കർത്താക്കന്മാരായിരുന്ന ഈ രാജാക്കന്മാർ; മുമ്പത്തെ കേരളീയകവികളെക്കാൾ അധികം സംസ്കൃതപദങ്ങൾ പ്രയോഗിച്ചിരുന്നു എങ്കിലും, ഇവരുപയോഗിച്ച ഭാഷ തമിഴ്തന്നെ ആയിരുന്നു. ഇതിനുംപുറമെ, രാമായണകഥയെക്കുറിച്ചു് കേരളത്തിന്റെ നാനാഭാഗങ്ങളിൽ വച്ചു് ഇടയ്ക്കിടയ്ക്കു് ഓരോരോ വിദ്വാന്മാർ തമിഴിൽ പ്രസംഗിക്കയും ചെയ്തുവന്നിരുന്നു; ഇങ്ങിനെ പ്രസംഗിച്ചിരുന്നവരിൽ ഒടുവിലത്തെ വിദ്വാൻ കമ്പർ ആയിരുന്നു. ഇദ്ദേഹം കുസ്സാബ്ദം പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന എന്നുമാത്രമല്ല, 'കമ്പരാമായണം' എന്നു് ഇന്നും പ്രസിദ്ധമായുള്ള പുരാണകൃതിയുടെ കർത്താവുമായിരുന്നു. കമ്പരുടെ രാമായണം കേരളത്തിൽ ഏറെ പ്രചാരപ്പെട്ടിരുന്നതിനാലാകുന്നു പ്രാചീനമലയാളത്തിൽ രാമായണകഥാവിഷയമായ കൃതികൾ ആദ്യമായിട്ടുണ്ടായതെന്നു് അയ്യ

കാരവർകൾ അഭിപ്രായപ്പെടുന്നു.

പ്രാചീനതമിഴ് സാഹിത്യത്തിൽ, കേരളം അല്ലെങ്കിൽ ചേരദേശം തമിഴ്രാജ്യമാണെന്നു വർണ്ണിക്കപ്പെട്ടിട്ടുള്ളതായി അന്യകാരവർകൾ മുമ്പേ കാണിക്കുന്നുണ്ട്. * തൊൽകാപ്പിയം എന്ന കൃതിയിൽ, കേരളരാജ്യത്തെപ്പറ്റി പറഞ്ഞിട്ടുള്ളതിൽനിന്ന്, മേല്പടിരാജ്യത്തിൽ ഏഴുനാടുകൾ അടങ്ങിയിരുന്നതായി വെളിവാകുന്നു. വേണാട്, പൂഴിനാട്, കർകനാട്, ശീതനാട്, കുട്ടനാട്, കുടനാട്, മലയമനാട് — എന്നീ ഏഴുനാടുകളിലും കൊടുന്തമിഴ് സംസാരിച്ചിരുന്നുതായി പറഞ്ഞുകാണുന്നു. പില്ക്കാലത്തെ തമിഴ് ഗ്രന്ഥങ്ങളിൽ, തിരുവിതാംകൂർ കൊച്ചിമലബാർ സംസ്ഥാനങ്ങളെ മലൈനാട്, അരുവാക്കിൽ / മലൈമണ്ഡലം എന്നാകുന്നു വർണ്ണിച്ചിട്ടുള്ളത്; ചേരരാജാക്കന്മാരെ പൂഴിയൻ, കുട്ടുവൻ, കുടനാടൻ, മലയമാൻ, കൊല്ലിച്ചിലമ്പൻ (കൊല്ലിമലയുടെ അധിപതി) എന്നും വിളിച്ചിരുന്നു. ഇതിനുംപുറമെ, ശേലം കോയമ്പത്തൂർ ജില്ലാകൾ ചേർന്നതായ കൊങ്ങുനാട്ടും, കൊക്കോലാ ചേരരാജാക്കന്മാരുടെ അധികാരത്തിങ്കീഴിലായിരുന്നു; തദ്ദേശനിവാസികൾക്ക് കൊങ്ങന്മാർ എന്നും പേർപറഞ്ഞിരുന്നു. ശേലംജില്ലാവിലെ തകടൂരിൽ വാണിരുന്ന അതിച്ചമാൻ എഴിനി എന്ന ആൾ ചേര(വഞ്ചി)രാജകുടുംബത്തിലെ ഒരംഗമായിരുന്നു എന്നും, തിരുമലക്കുന്നിലുള്ള ജൈനക്ഷേത്രത്തിൽ കാണുന്ന രണ്ടു തമിഴ് പുരാതനലിഖിതങ്ങളിൽ തെളിയുന്നുണ്ട്. ശീതനാടുവാട്ടെ, ഇപ്പോഴത്തെ നീലഗിരിയായിരുന്നു; ആ പ്രദേശവും ചേരരാജ്യത്തിൽ ഉൾപ്പെട്ടിരുന്നു.

കേരളം തമിഴ്രാജ്യമായിരുന്നു എന്നതിന് അന്യകാരവർകൾ എടുത്തുകാണിക്കുന്ന ദ്രവിഭാഗസംബന്ധമായ തെളിവുകൾ മേല്പറഞ്ഞ വിധത്തിലുള്ളവയാകുന്നു. ഇതിനുംപുറമെ, കേരളത്തിലെ ഗ്രാമനാമങ്ങളെയും അദ്ദേഹം ലക്ഷ്യമായിക്കൊണ്ടുവന്നിരിക്കുന്നു. അദ്ദേഹം പറയുന്നതായിതു്:— "മലബാറിലും തിരുവിതാംകൂറിലും, ചേരി, ഊർ, അങ്ങാടി, കോട്ട, തോട്ടം, പാടി, കര, തുറ, കളം, കറിച്ചി, കുളം, വയൽ, എരി, പാറ, കണ്ടു, തളി, ഇരുപ്പു — മുതലായ വാക്കുകളിൽ അവസാനിക്കുന്ന ഗ്രാമനാമങ്ങളെല്ലാം ശുദ്ധ തമിഴ്പദങ്ങളാണ്; ആ ഗ്രാമങ്ങളുടെ ആദ്യസ്ഥാപകന്മാരും ആദ്യനിവാസികളും തമിഴരായിരുന്നു എന്ന് ഈ ഗ്രാമനാമങ്ങൾ സൂചിപ്പിക്കയും ചെയ്യുന്നു. മേൽമുറി, മേൽആറാർ, തണ്ണീർക്കോട്ട, കഴുനിപ്പാറമ്പ് — എന്നിങ്ങിനെ മലബാറിലുള്ള ഗ്രാമങ്ങളുടെ നാമങ്ങൾ, കേരളത്തിലെ പൂർവ്വനിവാസികൾ തമിഴ്ദ്രാവിഡരായിരുന്നു എന്ന അഭിപ്രായത്തിന് അനുകൂലമായിരിക്കുന്നുണ്ട്."

മലയാളഭാഷയിൽ പ്രചുരപ്രചാരമായിത്തീർന്നിട്ടുള്ള രണ്ടു പദങ്ങൾ മലയാളത്തിന്റെ ഉൽപത്തിയെ മുൻനിർണ്ണയിക്കുന്നു.

---

* അഗസ്ത്യരുടെ ശിഷ്യന്മാരിലൊരാളായ തൊൽകാപ്പിയർ എഴുതീട്ടുള്ള തമിഴ് വ്യാകരണശാസ്ത്രഗ്രന്ഥമാണ് തൊൽകാപ്പിയം: തമിഴിൽ ഇതിനെക്കാൾ പുരാതനമായ വ്യാകരണമില്ലെന്നാണ് പറയപ്പെട്ടിരിക്കുന്നത്.

ക്കുന്നുണ്ടെന്നാകുന്നു - മറെറാരു വാദം. കിഴക്കു, മേൽക്കു- എന്നു തമിഴ് വാക്കുകളും മലയാളത്തിൽ നടപ്പായിരിക്കുന്നതു കൊണ്ടു്, മലയാളം തമിഴിൽനിന്നു പിരിഞ്ഞു പോന്നതാണെന്നും, ആ ഭാഷ സംസാരിക്കുന്നവർ തമിഴരായിരുന്നുവെന്നും ഡാക്ടർ കാൾഡെൽസായിപ്പു് വാദിക്കുന്നുണ്ടു്; ഈ വാദം ഭാവനാജന്യമാണെന്നും മറും മിസ്റ്റർ ലോഗൻ ആക്ഷേപംചെയ്യുന്നുണ്ടെങ്കിലും, മലയാളജനങ്ങളുടെ ഉൽപത്തി തമിഴിൽനിന്നാണെന്നതിനെ (ഡാക്ടർ കാൾഡെല്ലിന്റെ അഭിപ്രായം) നിസ്സംശയം സ്ഥിരപ്പെട്ടുത്തുന്നുണ്ടെന്നാകുന്നു അയ്യങ്കാരവർകളുടെ തീർപ്പു്. കൃസ്താബ്ദം ഒമ്പതാമത്തെയോ ആറാമത്തെയോ നൂറാണ്ടിനു മുമ്പു്, നാലുദിക്കുകളെയും കുറിപ്പാനായി ഉപയോഗിച്ചിരുന്ന തമിഴ് വാക്കുകൾ, കുണക്കു, കുടക്കു, വടക്കു, തെൽക്കു എന്നിവയായിരുന്നു; അക്കാലത്തു്, കിഴക്കു എന്ന വാക്കിനു് താഴേക്കു് എന്നും; മേൽക്കു എന്നതിനു് മുകളിലേക്കു എന്നും അർത്ഥമായിരുന്നു. (ഈ വാക്കുകളെല്ലാറ്റിന്റെയും അന്ത്യത്തിൽ കാണുന്ന 'കു' എന്നതു് ഉദ്ദേശികാ (അല്ലെങ്കിൽ ചതുർത്ഥി) വിഭക്തിപ്രത്യയമാകുന്നു; അതു് ദിക്കിനെ സൂചിപ്പിക്കയും ചെയ്യുന്നു.) പില്ക്കാലത്തിൽ, കുണക്കു, കുടക്കു എന്ന പദങ്ങൾ ഗ്രന്ഥങ്ങളിൽ മാത്രം ഉപയോഗിക്കയും; വടക്കും, കിഴക്കു, മേൽക്കു എന്ന പദങ്ങളെ കൈക്കൊള്ളുകയും ചെയ്തു. ഈ പദങ്ങൾ രണ്ടിനും, പശ്ചിമോത്പതഘട്ടങ്ങളുടെ പൂർവ്വഭാഗത്തു കിടക്കുന്ന തമിഴ് രാജ്യത്തിന്റെ സ്ഥാനത്തെ ആശ്രയിച്ചാകുന്നു അർത്ഥം സിദ്ധിച്ചിട്ടുള്ളതു്. (കിഴക്കു എന്നാൽ, പർവ്വതങ്ങൾക്കു താഴേയുള്ള ദിക്കു് എന്നും; മേൽക്കു എന്നാൽ, മുകളിലോട്ടുള്ള ദിക്കു് എന്നും അർത്ഥമാവുന്നു.) മലയാളരാജ്യത്തിന്റെയും തമിഴ്രാജ്യത്തിന്റെയും കിടപ്പുകളും ഒന്നിനൊന്നു വിപരീതമായിരുന്നിട്ടും, പൂർവ്വദിക്കിനെക്കുറിപ്പാൻ, പശ്ചിമഘട്ടങ്ങളുടെ ഇരുവശങ്ങളിലായിക്കിടക്കുന്ന ഈ രാജ്യങ്ങൾ രണ്ടിലും, ഭാഷകൾ രണ്ടിലും, കിഴക്കു എന്ന ഒരേ തമിഴ്പദം തന്നെ ഉപയോഗിച്ചിരിക്കുന്നതു് പ്രത്യക്ഷമായും യോജിക്കാത്ത ഒരു സംഗതിയാവുന്നു. മലയാളരാജ്യത്തിൽ കുടിയേറിപ്പാർത്തിരുന്ന ജനങ്ങൾ പൂർവ്വസമുദ്രതീരപ്രദേശങ്ങളിൽനിന്നു വന്ന തമിഴരായിരുന്നു എന്ന അഭിപ്രായത്തെ സ്വീകരിച്ചാൽ മാത്രമേ, ഈ സംഗതിക്കു് ഒരു സമാധാനംപറവാൻ വഴിയുള്ളൂ എന്നാകുന്നു അയ്യങ്കാരവർകളുടെ മതം.

മേൽക്കു എന്നതിനു്, മുൻകാലത്തിൽ, മുകളിലേക്കു എന്നായിരുന്നു തമിഴിൽ അർത്ഥമെങ്കിലും, ആ അർത്ഥത്തിലല്ലാ ഇപ്പോഴത്തെ പ്രയോഗം എന്നു പറഞ്ഞുവല്ലോ; എന്നാൽ, മലയാളത്തിൽ ഇപ്പോഴും കുറെ അതേ അർത്ഥത്തിൽ ആ പദത്തെ ഉപയോഗിച്ചുവരുന്നുണ്ടു്; പശ്ചിമദിക്കു് എന്ന രണ്ടാം അർത്ഥത്തെക്കുറിപ്പാനായി, 'പടിഞ്ഞാറു' എന്ന ഒരു സമസ്തപദത്തെയാണു് മലയാളത്തിൽ നടപ്പാക്കിയിരിക്കുന്നതു്. ഞായിറു, അതായതു് സൂര്യൻ, പടിയുന്ന ദിക്കു് എന്നാകുന്ന പടിഞാറിന്റെ അർത്ഥം.) മുൻ എടുത്തെഴുതിയ ഡാക്ടർ കാൾഡെല്ലിന്റെ വാദത്തെപ്പറ്റി ആക്ഷേപംചെയ്യുന്നതിൻ മദ്ധ്യേ, മിസ്റ്റർ ലോ

ഗൻ, കിഴക്കു, മേർക്കു എന്ന പദങ്ങൾ സൂര്യന്റെ ഉദയാസ്തമയങ്ങളെക്കുറിക്കുന്നതിനായി നിശ്ചയിക്കപ്പെട്ടവയാണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു; എന്നാൽ ഈ അഭിപ്രായത്തെ അംഗീകാരവർകൾ നിരാകരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാദമിങ്ങനെയാണു:— "മിസ്റ്റർ ലോഗൻ പറയുമ്പോലെയാണു് വ്യുത്പത്തിയെങ്കിൽ, പൂവ്വപശ്ചിമങ്ങളെക്കുറിക്കുന്ന വാക്കുകൾ കേരശബ്ദത്തിൽനിന്നുണ്ടായവയായും, എല്ലാ ദ്രാവിഡഭാഷകളിലും നടപ്പുള്ളവയായും കാണണം; മാത്രമല്ല; മേർക്കു എന്ന ചെറിയ പദത്തിനു പകരം, കേരളത്തിലെ പൂവ്വനിവാസികൾ, പടിഞ്ഞാറു എന്നൊരു തമിഴ്സംസ്കൃതപദത്തെ നിർമ്മിക്കേണ്ടുന്ന ആവശ്യം നേരിടുകയുണ്ടായിരുന്നു."

(തുടരും.)

—കേ. രാമകൃഷ്ണപിള്ള, ബി. എ.

"നോവൽ."

നോവൽ എന്നാൽ എന്തു്? നോവലിന്റെ ധർമ്മങ്ങൾ എന്തു്? നോവൽ എത്ര വിധം? നോവൽവായനയിൽനിന്നുണ്ടാവുന്ന ഗുണങ്ങളെന്തെല്ലാം? ദോഷങ്ങളുണ്ടെങ്കിൽ അവയെന്തു്? നോവലിന്റെ ഗദ്യത്തയെങ്ങനെ? എല്ലാവർക്കും നോവലെഴുതുവാൻ സാധിക്കുമോ? നോവലെഴുത്തുകാരനെന്നു് ആരെ പറയാം? നോവലെഴുതേണ്ടുന്ന സന്ദർഭമെങ്ങനെ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഇവിടെ ഉത്തരംപറയാൻ ഭാവിക്കുന്നതു്.

പരമാർത്ഥത്തിൽ സംഭവിച്ചിട്ടില്ലാത്തതും, എന്നാൽ വാസ്തവത്തിൽ സംഭവിക്കാവുന്നതും 'പ്ലോട്ട്' അല്ലെങ്കിൽ വിചിത്രമായ കഥാവസ്തുവോടുകൂടിയതുമായ ഒരു കഥയെ നോവൽ എന്നു് പറയാം. എന്നാൽ കഥയുടെ ഏതാണ്ടു ഭാഗം യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളതായും ഇരിക്കാവുന്നതാണു. ഉദാഹരണത്തിനു്, രാമായണമഹാഭാരതങ്ങളിലെ ചില ഭാഗങ്ങളെല്ലാം യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളവയാകുന്നു. വാസ്തവത്തിൽ സംഭവിച്ചിട്ടുള്ള സംഗതികളെ, സല്പും അതിശയോക്തിയോടുകൂടിട്ടാണെങ്കിലും, ഗ്രന്ഥഗതമാക്കുമ്പോൾ, അതു് അവയുടെ ചരിത്രമായിട്ടേ പരിണമിക്കയുള്ളു: ഇൻഡ്യാചരിത്രം, ഇംഗ്ലണ്ടു ചരിത്രം മുതലായവ ഈ ഇനത്തിൽ ഉൾപ്പെട്ടവയാകുന്നു. വാസ്തവത്തിൽ സംഭവിച്ചിട്ടില്ലാത്തവയും, യഥാർത്ഥത്തിൽ സംഭവിക്കാൻ പാടില്ലാത്തവയും ആയിട്ടുള്ള കഥകളെയും വെറും കെട്ടുകഥകളെന്നോ പറവാൻ തരമുള്ളു: 'കുറുക്കനും മുതിരങ്ങയും' മാറുംപോലെയുള്ള കഥകൾ ഇവയ്ക്കു് ദൃഷ്ടാന്തങ്ങളാകുന്നു. 'പ്ലോട്ട്' കുന്നുമില്ലാത്ത ചെറുംകഥയേയും, അതു് സാധാരണ സംഭവിക്കാവുന്നതായിരുന്നാലുംകൂടി, നോവലെന്നാരും പറയാറില്ല. അതുകയാൽ, ഇവയൊന്നും നോവലാകയില്ലെന്നു് സിദ്ധം.

ഒരു നോവലിൽ കഥാപാത്രങ്ങൾ എത്രയോ ഉണ്ടെങ്കിലും അതുകാമങ്ങൾ ഉണ്ടു്. എന്നിരുന്നാലും, ഒരു നായകനും നായികയും ഒഴിച്ചുകൂടാത്തതാകുന്നു. ഒരു നോവലിൽ

കഥാപാത്രങ്ങളും എത്രത്തോളം അധികമാകുന്നുവോ അത്രത്തോളം കഥയ്ക്ക് കെട്ടുപിണപ്പും മുഴപ്പും കൂടുതലായുണ്ടാകുന്നു. അങ്ങനെ നോവലെഴുതുന്നയാൾ എത്രയോ പ്രയാസമേറിയ പ്രവൃത്തിയാണെന്ന് വിദഗ്ദ്ധന്മാർക്കിടയിൽ, ഒരു നോവലിൽ വിവിധവൃത്തികളോടും വ്യവധസ്വഭാവങ്ങളോടും വിവിധമതങ്ങളോടും കൂടിയ അനേകം കഥാപാത്രങ്ങളെ അവസരോചിതമായി ഘടിപ്പിക്കാമെന്നിരുന്നാലും, നായകനായകന്മാരെങ്കിലും ഉത്തമമാതൃകകളായിരിക്കേണ്ടുന്ന പ്രത്യേക ആവശ്യമുണ്ട്. മറുപാത്രങ്ങളും അപ്രകാരമിരിക്കണമെന്നുള്ള സ്പഷ്ടനിയമമൊന്നുമില്ലെങ്കിലും, അങ്ങനെതന്നെയിരിക്കണമെന്ന് നിർബന്ധമില്ല. എന്നാലും, അവരൊക്കെ ഭിന്നപ്രകൃതികളായിരുന്നുവെങ്കിൽ മാത്രമേ കഥയ്ക്ക് രസമുണ്ടാകയുള്ളൂ.

നോവലിന്റെ മുഖ്യമായ ധർമ്മം ജ്ഞാനപ്രദാനം തന്നെ. ഇതു കഥാരൂപമായോ (അതായിതു കഥയിൽനിന്ന് ഊഹിച്ചറിയാവുന്നത്), അഥവാ, കഥയുടെ സന്ദർഭത്തിൽ അനുരൂപമായ ജ്ഞാനമായൊ ഇരിക്കാം. രാജ്യകാര്യങ്ങൾ, സമുദായകാര്യം, സദാചാരതത്ത്വങ്ങൾ എന്നിവ, ജ്ഞാനത്തിന്റെ ചില വകഭേദങ്ങളാണെന്നും നാം ധരിക്കണം. എന്നാൽ ഈവിധമായ പല അറിവുകളേയും ആസ്വദിച്ചറിയുന്നതിന് വായനക്കാരെ ആകർഷിക്കുന്നതുകൊണ്ട്, കഥ ആപാദമധുരമായിരിക്കേണ്ടുന്ന ആവശ്യകത കൂടിയുണ്ട്. എന്നാൽ മാത്രമേ അതു മധുരരസായനമായി പരിണമിക്കയുള്ളൂ. അല്ലെന്നു വരുകിൽ, അത് തിക്തകഷായമായിതീരാനാണ് അധികം സംഗതി.

നോവൽ എത്രവിധമെന്നു നിർണയിക്കുവാനുദ്ദേശിച്ചാൽ ഇതുവരെ ഉണ്ടായിട്ടുള്ളപ്രസിദ്ധനോവലുകളെ പരിശോധിച്ചാൽ മതിയാകും. മലയാളത്തിൽ ആദ്യമുണ്ടായ നോവൽ 'കുന്ദലത'യാണ്. ഇതിന്റെ രചനാരീതിയും ഗദ്യരീതിയും പ്രത്യേകമായിട്ടുള്ളതാകുന്നു. ഇതിൽ ദുർവ്യുത്പന്നമായ ന്യൂനതകളൊന്നുമുണ്ടെങ്കിലും, ചമല്ക്കാരത്തിനു കുറവില്ല. മറ്റുനോവലുകളെ അപേക്ഷിച്ച് ഉള്ള് എത്രയോ നിർദ്ദോഷമാണെന്ന് നിസ്സംശയം പറയാം. അവസാനദശയിൽ ആകുമ്പോൾ മാത്രമേ കഥയുടെ ശരിയായ രൂപം മനസ്സിലാകയുള്ളുവെന്നുള്ളതിനെ ഇതിന്റെ ഒരു വിശേഷഗുണമായി പരിഗണിക്കാം. അപ്പോൾ വായനക്കാർക്കുണ്ടാകുന്ന അത്ഭുതസന്തോഷാദികൾ അനുഭവിച്ചുതന്നെ അറിയേണ്ടതാകുന്നു. ഈ ഗുണം പില്ക്കാലത്തുണ്ടായ ചില നോവലുകളിലും ദുർല്ലഭമായി കാണപ്പെട്ടുന്നില്ലെന്നില്ല. ആകപ്പാടെ നോക്കുമ്പോൾ, ഇതിനെ രാജ്യകാര്യസംബന്ധമായ നോവൽ എന്നു വേണം പറവാൻ. എന്നാൽ 'കുന്ദലത' ആദ്യമുണ്ടായ നോവലാണെങ്കിലും അതിനെ അതിശയിക്കത്തക്ക നോവലുകൾ പില്ക്കാലത്തു ഉണ്ടായിട്ടില്ലെന്നില്ല. ഉദാഹരണത്തിന്, 'ഇന്ദുലേഖ'യും 'മാർത്താണ്ഡവർമ്മ'യും മാത്രം മതിയാകും. ആകൃതിയിൽ ഇവയ്ക്ക് തമ്മിൽ അധികം സാമ്യമുണ്ടെങ്കിലും, പ്രകൃതിയിൽ ഇവയ്ക്ക് തമ്മിൽ അജഗജാന്തരമുണ്ട്. 'ഇന്ദുലേഖ' ആപാദമധുരമാണെങ്കിലും, സമുദായസംബന്ധമായ ഒരു നോവൽ മാത്രമാകുന്നു. അതി

ൽ രാജ്യകാര്യങ്ങളെക്കുടി ഉൾപ്പെടുത്താൻ തൽകർത്താവ് ശ്രമിച്ചിട്ടുള്ളതായി തോന്നുന്നില്ല. കഥാരചനയിൽ, തൽകർത്താവ് അപ്രതീക്ഷിതനാണെന്ന് ഇപ്പോൾ സർവ്വസമ്മതമാണെങ്കിലും, ആ രചനാവൈഭവത്തെ അതിൽ പരിപൂർണ്ണമായി പ്രദർശിപ്പിച്ചിട്ടില്ലെന്ന് അനന്തരമുണ്ടായ 'ശാരദ'കൊണ്ട് അദ്ദേഹം നല്ലപോലെ തെളിയിച്ചിരിക്കുന്നു. എന്നാൽ 'മാർത്താണ്ഡവർമ്മ' രാജ്യകാര്യസംബന്ധമായൊ അഥവാ, ചരിത്രസംബന്ധമായൊ, ഉള്ള ഒരു നോവൽ ആകുന്നു. അതിൽ സമുദായകാര്യങ്ങളും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. 'ഇന്ദുലേഖ'യിലെ കഥ ആഖ്യാനരീതി സ്പഷ്ടമായിരിക്കുന്നു. എന്നാൽ 'മാർത്താണ്ഡവർമ്മ'യിൽ പല കെട്ടുകളും കഴക്കേടും കാണപ്പെടുന്നു. 'ഇന്ദുലേഖ'യിലെ ശൈലീരീതി സുഗമവും ഹൃദയംഗമവും ആയിരിക്കുന്നു. 'മാർത്താണ്ഡവർമ്മ'യിലെ ശൈലീരീതിക്ക് പ്രസ്തുത ഗുണങ്ങളെക്കാളും കാഠിന്യമെന്ന ദോഷമാണ് കുറെ മുമ്പിട്ട് നില്ക്കുന്നതു. 'ഇന്ദുലേഖ'യിൽ ശൃംഗാരരസമാണ് പ്രധാനമായിരിക്കുന്നതു്. എന്നാൽ 'മാർത്താണ്ഡവർമ്മ'യിൽ ഏതു് രസമാണ് സ്ഥായിയായിട്ടുള്ളതെന്ന് പറവാൻ പ്രയാസമായ വിധത്തിൽ, അതു് നവരസപരിപൂർണ്ണമായിരിക്കുന്നു. ഇനി വേറൊരു മാതിരിനോവൽകൂടി പ്രസ്താവയോഗ്യമായിട്ടുണ്ട്. അതു ഇംഗ്ലീഷിൽ ഡിറ്റെക്ടീവ് (Detective) നോവൽസ് എന്നു പറയപ്പെടുന്നവ തന്നെ. ഈ ഇനത്തിലുള്ള നോവലുകളും ഇപ്പോൾ മലയാളത്തിൽ ഒന്നിലധികം ഉണ്ടായിട്ടുണ്ടു്. എങ്കിലും അവയിൽ എല്ലാംകൊണ്ടും പ്രസിദ്ധിയേറിയതു് 'ഭാസ്കരമേനോൻ' തന്നെന്നതിനു് സംശയമില്ല. ഇത്തരം നോവലുകൾ, സാധാരണ, കള്ളനെ കണ്ടുപിടിക്കുന്നേ സന്ദർഭത്തിൽ ഉള്ളവയാകുന്നു. എന്നിരുന്നാലും, ഗ്രന്ഥകർത്താവിന്റെ മനോധർമ്മം അനുസരിച്ചു ഇവയിലും വിവിധരസങ്ങളെ വരുത്തിക്കൂട്ടാവുന്നതാണ്. 'ഭാസ്കരമേനോൻ' ഒരു കൊലക്കേസ്സിനെ തെളിയിക്കുന്ന നോവലാണെങ്കിലും, അതിൽ ശൃംഗാരാദിരസങ്ങളും സവിശേഷമായിട്ടുണ്ടെന്നു് സമ്മതിച്ചേതീരൂ. ഇങ്ങനെ നാലുമാതിരി നോവലുകളാണ് ഇപ്പോൾ മലയാളത്തിൽ മുഖ്യമായിട്ടുള്ളതെന്നു് ഇതുകൊണ്ടു് സ്പഷ്ടമാണല്ലൊ. ഇവയിൽ ഓരോ മാതിരിയിൽ രചിക്കുന്നതിനു് ഓരോരുത്തർക്കു പ്രത്യേകം വാസനയുണ്ടായിരിക്കുമെങ്കിലും, എല്ലാമാതിരിയിലും രചിക്കാൻ ഒരുപോലെ സാമർത്ഥ്യമുള്ളവർ ചുരുക്കംതന്നെ.

നോവൽവായനയിൽനിന്നുണ്ടാവുന്ന ഗുണങ്ങളെന്തെല്ലാമെന്നാണു ഇനി ചിന്തിക്കേണ്ടതു്. പ്രസിദ്ധനോവലുകളുടെ പാരായണത്താൽ നമ്മുടെ മനസ്സു അത്യുത്തമസന്തോഷാലികൾക്കു അടിമപ്പെട്ടുകയും, നാം സച്ചരിതരായാലെന്നപോലെ നമുക്കു തോന്നുകയും ചെയ്യും. നാനാപ്രകാരത്തിലുള്ള നമ്മുടെ മനോവ്യസനങ്ങളും അപ്പോൾ നഷ്ടപ്രായങ്ങളാവും. നമ്മുടെ ശൈലീരീതിക്കും നാമറിയാതെതന്നെ ഒരുൽക്കർഷം ഉണ്ടാവും. ഭിന്നപ്രകൃതികളായ മനുഷ്യരുടെ പ്രകൃതിഭേദങ്ങളേയും പ്രകൃതിവിശേഷങ്ങളേയും അറിഞ്ഞു് സന്തോഷിക്കുവാനും, അവരുടെ കൃത്യാകൃത്യങ്ങളെ ധർമ്മാധർമ്മനിഷ്കർഷകളും നമുക്കുണ്ടാകുവാനും

സംഗതിയാകും. രാജ്യതന്ത്രങ്ങൾ, സമുദായാചാരങ്ങൾ, സദാചാരതത്ത്വങ്ങൾ മുതലായവയെ ഗ്രഹിച്ചു, ജന്മത്തെ ഫലപ്പെടുത്തുവാൻ നമുക്കു സാധിക്കും. ഗ്രന്ഥകർത്താവിന്റെ സ്വഭാവത്തെ ഊഹിച്ചറിയുവാനും സംഗതിവശം. എന്തെന്നാൽ, പരമാർത്ഥത്തിൽ, ഒരു ഗ്രന്ഥകർത്താവ് തന്നെയാണല്ലൊ, പല കഥാപാത്രങ്ങളെന്ന വ്യാജേന, കഥയുടെ പല ഭാഗങ്ങളിലും പ്രത്യക്ഷപ്പെട്ട് വായനക്കാരെ പലപ്രകാരത്തിൽ രസിപ്പിക്കുന്നതു്. ക്ലാരേയും, നോവലെഴുത്തിൽ വാസനയുള്ളവനെ ആ വാസനയെ മൂലം പോഷിപ്പിക്കുവാനും സാദ്ധ്യമാകുന്നു ഇങ്ങനെ നോവൽവായനയിൽനിന്നു പല ഗുണങ്ങളുമുണ്ടാവുന്നതാണു്.

നോവൽവായനയിൽനിന്നു ചില ദോഷങ്ങളും സാധാരണ ഉണ്ടാകുന്നുണ്ടെങ്കിൽ, അവ മിക്കവാറും അഭാസനോവലുകളോടുള്ള അതിപ്രതിപത്തിനിമിത്തമോ, അഥവാ, അഭാസമല്ലാത്ത നോവലുകളിൽത്തന്നെ കാണപ്പെടുന്ന ചില ശൃംഗാരരസപ്രധാനാംശങ്ങളോടുള്ള അതിപ്രണയത്താലൊ ആണെന്നേ പറഞ്ഞുകൂടൂ. 'ഇന്ദുലേഖ'യും 'മാർത്താണ്ഡവർമ്മ'യും എത്രതന്നെ സൽഗ്രന്ഥങ്ങളാണെന്നിരുന്നാലും, അവയിൽ അന്തർഭവിച്ചിരിക്കുന്ന ശൃംഗാരരസപ്രധാനാംശങ്ങളും ഉണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. അവയെ മനസ്സിരുത്തി വായിക്കുവാൻ സാധിച്ചില്ലെങ്കിലും കുറഞ്ഞ മനഃപ്രചോദനമെങ്കിലും തരാതിരിക്കയില്ല. അതുകൊണ്ടു, ലോലമനസ്കരായ ചെറുപ്പക്കാർ ഇവയെത്തന്നെ വെടിയുകയോ, അഥവാ അവയുടെ പക്ഷം ഒരിക്കലുമുള്ളവരായി മാത്രം കുറഞ്ഞ നോക്കുകയോ ചെയ്യുന്നതു വിഹിതമായിരിക്കും. എന്നാൽ ഇതുപറഞ്ഞിക്കുന്നതു കുറച്ചുപദേശമാണെന്നു ഞാൻ പ്രത്യാശപ്പെടുന്നില്ല. എന്തെന്നാൽ, സാധാരണമായി, നോവലിന്റെ കാര്യഭാഗങ്ങളെയെല്ലാം തള്ളി, പ്രേമസല്ലാപങ്ങളേയും സൌന്ദര്യവർണ്ണനകളേയും മാത്രം ഉദ്ദേശിച്ചിട്ടാണു പലരും നോവൽവായനയിൽ നിന്നു രസം ആസ്വദിക്കുന്നതു്. ഒരു നോവലിൽനിന്നു പ്രധാനമായ് ഗ്രഹിക്കാൻ നോക്കേണ്ടതു കാര്യഭാഗങ്ങളെ മാത്രമാണു്. മറിച്ചു് പ്രവർത്തിക്കുന്നവർ തന്മൂലമുള്ള മലിനതകളും അനുഭവിക്കേണ്ടിവരും. നോവൽവായനയിൽ ലയിക്കുന്ന മനസ്സുമറുജോലികൾ ചെയ്താൽ ചില്ലപ്പോൾ മറന്നുപോയിയെന്നു വന്നേയ്ക്കാവുന്നതിനാൽ, അതിനെക്കുടി, വേണമെങ്കിൽ, ഒരു ദോഷമായി ഗണിക്കാവുന്നതാണു്.

നോവലിന്റെ ഗദ്യരീതിയെപ്പറ്റിയും നിമിഷം ആലോചിക്കാം. നാം ഭാഷയെ ഉപയോഗപ്പെടുത്തുന്നതു നമ്മുടെ ആശയങ്ങളെ സ്പഷ്ടമായി അന്യരെ അറിയിക്കുവാനായിട്ടാണല്ലൊ. ആസ്ഥിതിക്കു, അവയെ പലപ്പോഴും സുഗ്രഹമല്ലാത്ത സംസ്കൃതത്തിൽക്കുടി കുടത്തിവിട്ടു് സങ്കടപ്പെടുത്തുന്നതിനേക്കാളും, ഏവർക്കും സുഗമമായ ശുദ്ധമലയാളത്തിൽ പ്രതിഫലിപ്പിക്കുന്നതല്ലെ നല്ലതു? നോവലിനെന്നമാത്രമല്ല, മറ്റു ഗദ്യഗ്രന്ഥങ്ങൾക്കും ഈരീതിയല്ലെ ഉത്തമം? എന്നാൽ പിന്നെ, സർ വാൾട്ടർ സ്കോട്ട് എന്തിനായിട്ടാണ് അത്ര ദുർഗ്രഹമായ രീതിയിൽ എഴുതിട്ടുള്ളതെന്നും, ജൻസാർ സല്ലൂസ്തിക്കു ന്യായം കളഞ്ഞു എഴുതുവാൻ പാടില്ലായിരുന്നുവോ എന്നും ഇവിടെ ചിലർ ചോദിച്ചേക്കാം. ഇതെല്ലാം പണ്ടായിരു

യിക്കുന്നു, അവരിൽ നോവലെഴുത്തുകാർ എത്രയോ മുമ്പങ്ങിരിക്കുന്നതും, ഉള്ളവർത്തന്നെ മുക്കുവരും കുട്ടംകൂടുകയും കല്യാണം ഘോഷിക്കുന്നവരായിരിക്കുന്നതും ഈ കാരണത്താൽതന്നെ അല്ലയൊ? നോവലെഴുത്തിൽ സല്പരമെങ്കിലും വാസനയുള്ളവരെയെല്ലാം നോവലെഴുതാനുള്ള ഭ്രമം സ്വതന്ത്രത്തന്നെ ബാധിച്ചുകൊള്ളും. ഇതിൽ തിരെ വാസനയില്ലാത്തവരേയും ആ ഭ്രമം ചിലപ്പോൾ ബാധിക്കുന്നുണ്ടെങ്കിൽ അതു ദൈവത്തിന്റെ കഷ്ടകാലമെന്നേ വിചാരിക്കാനുള്ളു. മതിയായ ലോകപരിചയം, രാജ്യതന്ത്രപരിജ്ഞാനം എല്ലാവിഷയങ്ങളെപ്പറ്റിയും സാമാന്യമായ ഒരു കരിവ്, മതിയായ ഉല്ലോചനാശക്തി, സൂക്ഷ്മാർഹമായ പദ്ധതിന്യാസം— ഇവകൂടാതെ നോവലെഴുത്തിൽ ശോഭിക്കുന്ന കാര്യം പ്രയേണ അസാദ്ധ്യമാകുന്നു.

നോവലെഴുത്തുകാരനെന്ന് ആരെപ്പറയാം? ഇതരഭാഷകളിലുള്ള ഒന്നോ അധികമോ നോവലുകളെ സ്വഭാഷയിൽ തർജ്ജമയൊ അഥവാ, തന്മയത്വത്തോടുകൂടിയോ, പകർത്തെടുക്കുന്നവരെ നോവലെഴുത്തുകാർ എന്ന് പറയുമോ? തന്റെ സ്വന്തം കല്പനാശക്തി ഉപയോഗിച്ച് സൂക്ഷ്മാർഹമായ നോവൽ ഒന്നെങ്കിലും എഴുതുവാൻ സാധിക്കുന്നവനെ നോവലെഴുത്തുകാരനെന്ന് പറയാം. ഏകസന്താനം മാത്രമുള്ള ആളെ പിതാവെന്ന പേരിന് അർഹനല്ലയൊ? എന്നാൽ സ്വതന്ത്രമായ നോവലുകൾ എത്രയൊക്കെ രാശി എഴുതുന്നുവോ, അത്രയൊക്കെ അയാളുടെ തത്സംബന്ധമായ പ്രസിദ്ധിയും പ്രാബല്യതയെ പ്രാപിക്കും. നമ്മുടെ മലയാളത്തി

നും ലളിതമധുരമായ ശുദ്ധഭാഷാരീതിയേയാണ് ആധുനികപണ്ഡിതന്മാർ സ്തുതിക്കുന്നതു. അനുകരണീയമായ രീതി അതല്ലാതെ വരുകയുമില്ല. ഇതരകവികളുടെ വാക്കുകളെ കവനസ്വകൃതികളോടു ചേർത്തു സന്ദർഭാനുസരണം സമ്പ്രദായം സാധുവാക്കുന്നു എന്നുകൂടി ഇവിടെ ആലോചിക്കേണ്ടതാണു. ഇതിൽ പറയത്തക്ക ദോഷമൊന്നുമില്ലെങ്കിലും, കവിമാർഗ്ഗം കവച്ചുവയ്കയാൽ, കഴിയുന്നേടത്തോളം വർജ്ജിക്കേണ്ടതാണു. ഇതരകവികളുടെ വാക്കുകളെ നാം സ്വതിസ്ഥമാക്കിട്ടുണ്ടെന്നു അന്യന്മാരെ അറിയിക്കയാൽ ഇതൊരു നഷ്ടമായമാണെങ്കിലും, സ്വബുദ്ധി ഉപയോഗിച്ചു സ്വന്തമായി എഴുതുവാനുള്ള ക്ലേശത്തെ അതുലഘൂകരിച്ചു, നമ്മുടെ ആലോചനാശക്തിയെ അലസപ്പെടുത്തുന്നതുകയാൽ, ഇതരസ്വീകരണീയമല്ലെന്നു നിശ്ചയമാകുന്നു.

എല്ലാവർക്കും നോവലെഴുതുവാൻ സാധിക്കുമോ? ഇതിനു നിഷേധർത്തിയിൽ ഉത്തരംപറയുന്നതു നന്നായിരിക്കും. കൈവശത്താൽ പ്രത്യേകം അനുഗ്രഹീതരായിട്ടുള്ളവർക്കു മാത്രമേ നോവലെഴുതി ഖ്യാതി സമ്പാദിക്കുവാൻ കഴികയുള്ളു. നോവലെഴുത്തിൽ മുഖ്യമായി വേണ്ടതു വാസനയാകുന്നു. എന്നാൽ ആ വാസനയെ പോഷിപ്പിക്കുവാൻ പഠിത്തം കൂടിയില്ലാതെ പോയാൽ, അതു ആകാരത്തിലെ തരാപോലയേ പരിണമിക്കയുള്ളു. ജന്മസിദ്ധമായ വാസനയില്ലാത്ത പക്ഷം, പാണ്ഡിത്യത്താൽ മാത്രം ഫലമുണ്ടാകുന്നതുമല്ല. അപായിൽ പാണ്ഡിത്യമുള്ള വലയം ഇക്കാലത്തുണ്ടാ

ലെ പ്രസിദ്ധീയേറിയ നോവലെഴുത്തുകാരെല്ലാം ഇംഗ്ലീഷ് നോവലെഴുത്തുകാരെ അപേക്ഷിച്ച് എത്രയോ താണപടിയിലേ നില്ക്കുന്നുള്ളുവെന്ന് * പ്രസംഗിക്കേണ്ടിയിരിക്കുന്നു. മലയാളത്തിൽ ഒന്നിലധികം നോവലുകൾ പൂർത്തിയാക്കിട്ടുള്ളവർ ഇല്ലെന്നുതന്നെ പറയാം. ഒരു നോവലിന്റെ തുടക്കത്തിൽ അതിന്റെ താഴ്വാരങ്ങളായിട്ട് കണ്ണിനു ഇമ്പം തോന്നിക്കുന്ന ദൃശ്യങ്ങൾ കാണാകയാലോ, ഭാഷ സുന്ദരമായതുകൊണ്ടോ, ആവശ്യത്തിനും അധികവും വർണ്ണനയുള്ളതുകൊണ്ടോ, ഏതാനും രംഗങ്ങൾ അവർക്കു അതിശയകരമായി തോന്നിയതുകൊണ്ടോ എന്തുതന്നെ ആയിരുന്നാലും, ഈ അവസ്ഥ ശോചനീയം തന്നെ.

നോവൽ എഴുതേണ്ട സ്വഭാവത്തെപ്പറ്റിയോ കഥാഗതിയിൽ വേണ്ടുന്ന കഥയെ പറയുള്ള ദീർഘലോചനയോ കൂടാതെ, നവരസവും കാലദേശാവസ്ഥകൾക്കു അനുരൂപവും, നോവലിന്റെ ഉണങ്ങലോടുകൂടിയതും ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ഇതൊന്നോർത്തോ, അതിനെ ഉപായത്തിൽ കൊണ്ടുചെല്ലണം. പിന്നീട് അതിനെ പല അഭിപ്രായങ്ങളായി തിരിച്ച് കാരോ അദ്ധ്യായത്തിലും ഇന്നിന്ന സംഗതികൾ ഉൾപ്പെടുത്തണമെന്ന് ബുദ്ധിപൂർവ്വം ആലോചിച്ച് അവയേയും കൂടെക്കൂടെ നോക്കണം. എന്നാൽ, നല്ല ബുദ്ധിശക്തിയും കാര്യശക്തിയുമുള്ളവർക്ക് ഇതൊന്നും മനസ്സിൽ തന്നെ കുറിച്ചാലും മതിയാകും. പിന്നീടു വേണം കാര്യാദ്ധ്യായമായി എഴുതിത്തുടങ്ങാൻ. എഴുതിത്തുടങ്ങിയതിനുശേഷം വീണ്ടും വീണ്ടും വായിച്ചുനോക്കി മനസ്സിനു തൃപ്തിവരുന്നതുവരെ നടത്തേണ്ടുന്ന ഭേദഗതികൾ ചെയ്യുകയും ആവശ്യമുള്ളപക്ഷം ആവർത്തിച്ചെഴുതുകയും വേണം. പിന്നീട് മാത്രമേ പ്രസിദ്ധപ്പെടുത്തുവാൻ പാടുള്ളൂ.

—എൻ. കുഞ്ഞുകുഞ്ഞുകുറുപ്പ്.

---

* ഉദ്ധൃ; മേലെപടിയിൽ നില്ക്കുന്നവരുടെ— അ-പ്ര-

ഉദ്ധരണം.

(1)

സുരുചിരസുഷമാവിലാസമേലും
വലചലവസ്തു വിശേഷവേഷമോടേ,
അഴകൊഴുകുംകൃതിമപ്രഭാവ-
പ്പൊലിമപുലർന്നൊരു ചിത്രമുരുകാണ്മൂ!!

(2)

അതിമനസ്സമനന്തകാന്തിചിന്തും
വിവിധമനോഹരവസ്തുവാസ്തവത്തിൽ
നിറയുമുടൻചിപുണ്ടിടിച്ചുമിന്നും
പടമിതുനോക്കിരസിപ്പവോൻസമർത്ഥൻ.

(3)

വരഗുണമെഴുമിപ്പടത്തിനാരാ-
ണൊരുവിലകണ്ടവധാരകരാൻ?
അനുപമമഹിമാവിണങ്ങിടുന്ന-
ണ്ടിതുവിരചിച്ചവനാണുവിശ്വവിധൻ.

(4)

അണുമണിനുമതിസൂക്ഷ്മമായിനോക്കി-
ട്ടിതിനുടനന്വയകർത്തിവെച്ചുവാഴ്ത്താൻ

ഏവനൊരുവൻ്റെ ഭാവത്തെറ്റുതിരുത്തു,-
മൂലകലൂടാരമഹതമുള്ളതേറ്റു-

(5)

സുലളിതകളകോമളപ്രകാശ-
മുള്ളിനിലമാനിതു, കണ്ണു മുള്ളുമാക്കും
അകലുഷകതുകാമൃതത്തുള്ളിമുക്കാ-
നമിതവിശദതയുള്ളവസ്തുതന്നേ-

(6)

മിനുസവുമഴകംകലർന്ന ചായം
പെടതൊരുപൂച്ചുപറ്റത്തരങ്ങളൊന്നും
ഇതിൽനഹ; തുകാണകാഴ്ചക്കണ്ണിൽ-
പ്പെടിയടവാർന്നഴതിപ്രമത്തല്ല.

(7)

അതിശയം! ഭയമാത്മഭവസ്വഭാവത്തെ-
ക്കലുമതിലി, പ്രീതിയുള്ളസൂക്ഷ്മതപരം
ആരിയ, മതുതാനതിവബോധ-
ത്തികവരുളാനൊരുമുഖ്യമൂലമാക്കും.

(8)

പുരുചിപെരുമക്കനിഷ്ടളങ്ക-
പ്പുതുമണിതുള്ളിപരപ്പടത്തിൽ
ഒലമലവിലാസമോടുനൽപ്പു-
ണ്ടഴകിനിതിന്നുതന്നെയേരുമല്ലോ.

(9)

പരമഴകൊഴുകിത്തെളിഞ്ഞതാരാ-
സമനവധാരണമെന്നിഞ്ഞനന്തകാന്ത്യാ,
നിരുപമനിധാനനിലമേഘ-
ത്തലമുടിയുണ്ടിതു ലുപ്തസിച്ചിടുന്നു.

(10)

പ്രതിവിതദിനചന്ദ്രകാമനോജ്ഞ-
സ്ഥിതമൊടു ചന്ദ്രമുഖം വിളങ്ങിടുന്നു;
അരുണിമകലരുന്ന ചാരുസന്ധ്യാം-
ബരമയചിലാധരംലസിച്ചിടുന്നു.

(11)

കളതരരുചികാളിടുന്നവിദ്രൽ-
കുളിയുമതിൽക്കലിതപ്രഭാവപൂവ്വും
തെളിതെളെയിലസുന്നു, കൌതുകശ്രീ
വിളനിലമാനിതുകണ്ണിനിമ്പമേകും.

(12)

നവമൊടുപലവർണ്ണമാർന്നമിന്നു-
ന്നൊരുമഴവില്ലിനമണ്ഡലോത്തരീയം
മഹിതതരമഹിധരസ്ഥനത്തിൽ-
മുകിൽലതായിലസിച്ചു വിടുന്നു.

(13)

മലയണിമുലതന്നിലുരുവിച്ചി-
ട്ടുഴകിലതാനടിയായ രോമരാജി
ക്രമമൊടടിയിലേക്കിറങ്ങിവന്നാ-
കടലതിർനാഭിയിലങ്ങുചേർന്നിടുന്നു.

(14)

പലപലതുണസൃചാരുവർണ്ണ-
പ്രഭയരിപൂണ്ടിടുപ്പവസ്ത്രം
പരിചരിയപരിഷ്കൃതിപ്രഭാവ-
ത്തികവൊടണിഞ്ഞതിലുപായമില്ലസിപ്പൂ-

(15)

അവികലവിലപ്രഭാവിശേഷ-
പ്രതിനവമംഗവിശേഷമിപ്രകാരം
തടവുതൊരുസുന്ദരിമനോജ്ഞ-
സ്തുടമധുരാകൃതിതൻപ്രപ്തന്നേ.

(16)

അതിഗുണമെഴുമിപ്പടത്തുനോക്കി-
പ്പലതുനിയുംപറയേണ്ടതുണ്ടു; പക്ഷേ
അറിയുന്നിനിയാർക്കുമായിതാക്ക-
ള്ളതിശയവേഷവിശേഷമെന്നസൂക്ഷ്മം,

(17)

അല്പംസൂക്ഷിച്ചുനോക്കുന്നൊഴിതുസകലം
ദൈവൈചിത്ര്യമല്ലോ!!

വാഴ്ത്താനാകാത്തനാനാഗ്രന്ഥഗണങ്ങിതന്നു-
ണ്ടൊരിതെല്ലുമാ ഞ്ഞൂ?

ഹാ ചിത്രം!! ചിത്രമാക്കട്ടൊരുവകതിരിവി
ല്ലാതെയെന്താക്കയോഞാൻ
ചൊന്നോൻ കാമൽപ്രശസ്തപ്രകൃതിയതി,
നല്ലിരച്ചോൻജയിച്ചു! (തിലൊ-
കോയപ്പിള്ളിൽപരമേശ്വരക്കുറുപ്പ്.

സർ ഒലിവർ ലാഡ്ജ്.

ഈ നമ്മുടെ ജീവനോടുകൂടി ഇരിക്കുന്ന പ്രകൃതിശാസ്ത്രജ്ഞന്മാരിൽ വെച്ച് ഏറ്റവും മാഹാത്മ്യമുള്ള ഒരു സ്ഥാനത്തെ അർഹിക്കുന്നവരിൽ ഒരാളും, കമ്പിയില്ലാക്കമ്പിയുടെ സ്ഥാപകന്മാരിൽ ഒരാളും ആണ് സർ ഒലിവർ ലോഡ്ജ് (Sir Oliver Lodge) എന്ന മഹാൻ.

ബ്രിട്ടിഷ് സയൻസ് സമാജം (British Science Association) എന്ന നാമധേയത്തിൽ ഒരു സംഘം ഉണ്ട്. നമ്മുടെ ഭാരതമഹാജനസഭയെപ്പോലെതന്നെ, അതും കൊല്ലംതോറും ഓരോ സ്ഥലത്ത് വെച്ച് സഭകൂടാറുണ്ട്. ഇക്കൊല്ലത്തെ സഭകഴിഞ്ഞ ആഗസ്റ്റ് മാസം 12-ാംനു-ക്ക് ആസ്ത്രേലിയയിൽ വെച്ചായിരുന്നു ആരംഭിച്ചത്. സാമാജികന്മാർ എഡ്ലെയിഡ് (Adelaide) നഗരത്തിൽ എത്തിയപ്പോഴാണ് യുദ്ധം ആരംഭിച്ചത്. 1913ലെ യോഗം സർ ഒലിവർ ലോഡ്ജിന്റെ അദ്ധ്യക്ഷതയിൽകീഴിൽ ഇംഗ്ലണ്ടിൽ ബർമിങ്ഹാമപട്ടണത്തിൽ വെച്ച് കൂടിയിരുന്നു. ആ അവസരത്തിൽ സർ ഒലിവർ ചെയ്ത പ്രസംഗത്തിന്റെ ഉപസംഹാരഭാഗമാണ് ഞാൻ ഇവിടെ പൂട്ടുത്തുപായുന്നത്:—

"ഒന്നുറപ്പാണ് നാം നശ്വരജീവികളായിരിക്കണം. അല്ലെങ്കിൽ ശാശ്വതജീവികളായിരിക്കണം. നമ്മുടെ "വധം" (Destiny) എന്താണെന്നു നാം അറികയില്ലയായിരിക്കാം. പക്ഷേ രണ്ടൊരവസ്ഥ ഉണ്ടെന്നു തീർച്ചതന്നെ. "മരണ"ത്തോടുകൂടെ സർവ്വവും അവസാനിച്ചു, പിന്നെയൊന്നുമില്ല എന്നു നിഷേധിച്ചുപറയുന്നവരൊ, മരണശേഷം ആത്മാവു നശിക്കാതെ സ്ഥിതചെയ്യുമെന്നു ഉറപ്പുപറയുന്നവരൊ എന്തെങ്കിലും ഒരു കൂട്ടർ അബദ്ധക്കാരായിരിക്കണം. തീർച്ചതന്നെ. നമ്മെപ്പോലെയുള്ള ശാസ്ത്രജ്ഞന്മാർ പറയുന്നതു പ്രമാണമായിട്ടാണ് വിചാരിച്ചുവരുന്നത്. അതുകൊണ്ട്, മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാതിരിപ്പാൻ നാം സൂക്ഷിക്കേണ്ടതാണ്. മനുഷ്യന്റെ ഭാഗധേയം (Human destiny) എന്താണെന്നു കാട്ടിക്കൊടുപ്പാൻ സയൻസിനു അസാദ്ധ്യമായിരിക്കാം. എന്നിരിക്കിലും സയൻസ് ആ വിഷയത്തിനു ഒരിക്കലും അന്ധകാരം "പിടിപ്പിക്കുന്നു". നമ്മൾകണ്ടുപിടിച്ചാലും ഇല്ലെങ്കിലും, ഉള്ളത് എപ്പോഴും ഉള്ളതുതന്നെ. അതിനു മാറ്റമില്ല. നാം കഥയില്ലാതെ തോറ്റുവട്ടം പറഞ്ഞാൽ വരുന്നതലമുറകൾ നമ്മെ തോല്പിക്കും. സാധാരണമായി വിചാരിച്ചുവരുന്നപ്രകാരം സയൻസിന്റെ വഴികൾ അത്ര വിസ്താരംകുറഞ്ഞതായിട്ടൊന്നുമല്ലായത്. ഇതിലും വളരെ വിസ്തീർണ്ണപ്പെട്ട

ത്താമെന്നും മാനസികലോകവും കൂടി പരിശോധിച്ചു നിയമപ്പെട്ടുത്തുക ശക്യമാണെന്നും, അഭിപ്രായപ്പെട്ടവരുടെ കൂട്ടത്തിൽ ഒരുവനാണ് ഞാൻ. അതിന്നായി പരിശ്രമിപ്പാൻ ഞങ്ങളാൽ ചിലതെ ങ്കിലും ആരംഭിച്ചിരിക്കുന്നു; ഞങ്ങൾക്കു ഒരു നിഷ്പക്ഷമായ സ്ഥലം തന്നാലും. ചാവ്വാകന്മാർ (Meterialists) കഴിയുന്നതു അവരുടെ സിദ്ധാന്തങ്ങളെ പോഷിപ്പിക്കട്ടെ. എന്നാൽ മാനസികലോകത്തിൽ ഞങ്ങൾക്കു എന്തു സാധിക്കുമെന്നു ഞങ്ങളും നോക്കട്ടെ. ആരാണ് വിജയം പ്രാപിക്കുക എന്നതു വഴിയെ കാണുന്നതാണ്. വാസ്തവത്തിൽ ഞങ്ങളുടെ മാത്രവും അവരുടെതും ഒന്നുതന്നെ. വിഷയം മാത്രം വ്യത്യാസപ്പെട്ടുനില്ക്കുന്നു. വെറും പരിശോധന നടത്തുന്നതുകൊണ്ടു ഒരു കൂട്ടർ മറ്റേവരെ കുറപ്പെടുത്തരുതു്. യഥാർത്ഥമായ വിജ്ഞാനീയത്തിന്റെ ഒരു പ്രതിനിധിയുടെ നിലയിൽ എന്റെ വാക്കു പ്രമാണമാണെന്നിരിക്കിലും, ഞാൻ മുപ്പതു കൊല്ലങ്ങളോളമായിട്ടും മാനസിക വിഷത്തിൽ നടത്തിയ പരിശോധനകളുടെ ഫലം പ്രസ്താവിക്കുന്നതിൽ എനിക്കു ഒട്ടുംതന്നെ മടിയില്ല. അതിൽ ഞാൻ എപ്പെട്ടതു പ്രത്യേകം കൗതുകം ഉണ്ടായിട്ടുമല്ല. സത്യം പറയുന്നതായാൽ, സാധാരണ കണ്ടുവരുന്ന പക്ഷപാതഭാവത്തോടുകൂടിയായിരുന്നു ആരംഭിച്ചതു. അതിനെപറ്റി സവിസ്തരം പറയേണ്ടതും യഥാർത്ഥസയൻസ് പുഷ്ടിക്കുന്ന കാര്യങ്ങളെ പറ്റി പ്രതിപാദിക്കേണ്ടതുമായ അവസരം ഇതല്ല. ഈ വിദ്വൽസഭയുടെ അഗ്രാസനസ്ഥരുടെ നിലയിൽ ഈ കസേലമേൽ ഇരുന്നു പറയുന്ന വാക്കു ക്ഷുണഭംഗുരമല്ലെന്നും, ആയത് ഭാവിയിൽ ഉണ്ടാവാൻപോവുന്ന തലമുറകളാൽ വിമർശിക്കപ്പെടേണ്ടതാണെന്നും, അവരുടെ ജ്ഞാനം അവശ്യംനമ്മുടെതിനെക്കാൾ പൂർണ്ണവും, വിശാലവും ആയിരിക്കണം എന്നുമുള്ള അവസ്ഥ എനിക്കവിസ്മരിക്കാവുന്നതല്ല. അതുകൊണ്ടു, നിങ്ങളുടെ അഗ്രാസനാധിപതിയായ ഞാൻ ഇന്നു പ്രചാരമുള്ള വിശ്വാസങ്ങളാൽ മാത്രം ബന്ധിക്കപ്പെട്ടുപോകരുതു്. എന്നൊടും എന്റെ സഹപ്രവർത്തകന്മാരോടും ഞാൻ നിഷ്പക്ഷതവും കാണിക്കേണമെങ്കിൽ, ഈ മാന്യസഭാവാസികളെ അല്പം മുഷിപ്പിക്കാതെ നിവൃത്തിയില്ല. സയൻസ് മാത്രമായിതന്നെ സൂക്ഷ്മതയോടും അക്ഷീണപരിശ്രമത്തോടും പ്രവർത്തിക്കുന്നതായാൽ ഇന്നു ഗൂഢങ്ങളായി (Occult) കരുതിവരുന്ന സംഭവങ്ങൾ പരിശോധിച്ചു വ്യവസ്ഥപ്പെടുത്താമെന്നുള്ള ഞങ്ങളുടെ ബോദ്ധ്യം രേഖപ്പെടുത്തുന്നതുകൊണ്ടു മാത്രമല്ല; അങ്ങിനെ പരിശോധിച്ചറിഞ്ഞ സംഗതികൾ നിമിത്തം, കാമ്യം, പ്രണയം, മുതലായവ സ്ഥൂലദേഹത്തിന്റെസഹായംകൂടാതെ സാധാരണമായി ഭൂമിയിൽ പ്രദർശിപ്പിക്കുന്നതു അശക്യമാണെങ്കിലും, അതിന്റെ സഹായം കൂടാതെയും അവസ്ഥ പ്രചരിക്കാമെന്നും, സ്ഥൂലദേഹം നശിച്ചാലും മനുഷ്യൻ പിന്നേയും ശേഷിക്കുമെന്നും എനിക്കു ബോദ്ധ്യമായിരിക്കുന്നതായി ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നതുകൊണ്ടും ആണ് സഭാവാസികളെ മുഷിപ്പിക്കാതെ നിവൃത്തിയില്ലെന്നു ആദ്യം പറഞ്ഞതു്. ഒരുകൂട്ടം മാന്യപരിശോധകന്മാർ ദുഷ്കടമാണെങ്കിലും ഗുണലക്ഷണസംപൂർണ്ണമായ ആ പുതിയ

സാമ്രാജ്യത്തിലേക്ക ഇറങ്ങികഴിഞ്ഞിരിക്കുന്നു. നാം അനുകരിക്കുന്നത് സയൻസ്സിന്റെ മാർഗ്ഗമാണെങ്കിലും അതൊഴികെ വേറെ മാർഗ്ഗമില്ലെന്നു വരുന്നതല്ലല്ലൊ.

"നമ്മുടെ ഈ ഗോളത്തിൽ 'സത്യം' എത്തിതുടങ്ങീട്ട്, അല്പം നൂറാണ്ടുകളേ ആയിട്ടുള്ളൂ എന്നു നമുക്കു വിചാരിപ്പാൻ ഒട്ടും തരമില്ല. പ്രാചീനകാലത്തുണ്ടായിരുന്ന കവികൾ, ദീർഘദർശികൾ, ദിവ്യമനുഷ്യർഎന്നിങ്ങനെയുള്ള അതിബുദ്ധികളുടെ അനുഭവങ്ങൾ എത്രയും വിലയുള്ളതായിരുന്നു. നാനാവിധവും അഗാധവുമായ ബ്രാഹ്മാണ്ഡത്തിന്റെ രഹസ്യങ്ങൾ ആരാഞ്ഞറിയുന്നതിന്നു ഏകമാർഗ്ഗമേ ഉള്ളുവെന്നും, ആയത് നമ്മുടെതാണെന്നും മാറുള്ളഎല്ലാമാർഗ്ഗങ്ങളും അബദ്ധവും നഷ്ടവും ആണെന്നും ഉള്ള പഴയ തെറ്റായ ധാരണ നാം ഉപേക്ഷിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. ലോകം, നാം വിചാരിക്കുന്നതിലും എത്രയൊ വലുതാണ്. ഒരു മാർഗ്ഗമായി മാത്രം അന്വേഷണം നടത്തിയാൽ ഈ നിലെ മുഴുവൻ നിധികൾ കണ്ടുകിട്ടുന്നതല്ല. മാന്യ സോദരന്മാരെ, സയൻസ്സ് മാർഗ്ഗമായി കണ്ടുപിടിക്കപ്പെട്ട പ്രകൃതിതത്ത്വങ്ങളുടെ ഭാരവാഹികൾ നമ്മളാണ്. ഈ ചുമതല നാം വിശ്വസ്തതയോടെ നിറവേറുകതന്നെ—"

ധാടം. വി. കുഞ്ഞിക്കണ്ണൻ.

നമ്പ്യാരുടെ രഹസ്യം.

ഒരു കഥ.

(11)

അറയ്ക്കുള്ളിൽ കടന്നുചെന്ന നമ്പ്യാർക്കഭിമുഖമായി നിന്നപ്പോൾ, പരാധിപക്ക് കൂട്ടുകാരനും വല്യ ഇച്ഛാഭംഗമാണുണ്ടായത്. ദഗ്ധകായനും സുമുഖനുമായ ഒരാൾ ഒരു ചാരുകസാലയിൽ ഇരുന്നിരുന്നു. നമ്പശ്ശാന്തം നോക്കിയാൽ, അയാൾ ബഹുമാന്യനായ ഒരാളാണെന്നല്ലാതെ, കളവ് വഞ്ചന മുതലായ ദുർഗ്ഗുണങ്ങളുടെ മൂർത്തിയാണെന്നു തോന്നുകയില്ല. ആ അറയാകട്ടെ, ഭംഗിയായി അലങ്കരിച്ചിരുന്നു. അലങ്കാരങ്ങളുടെ മെച്ചംകൊണ്ടു, പണത്തിനബദ്ധമുട്ടില്ലാതെ സുഖമായി കാലംകഴിക്കുന്നു ആളാണെന്നു സ്പഷ്ടമാവും. ബഹുമാന്യനും, സത്യവാനും ധനികനും ആയിരിക്കുന്ന ഈ യുവാവിന്റെ മേൽ, കാര്യാചാരണംചെയ്തു പണംസമ്പാദിക്കാൻ തുനിഞ്ഞു എന്ന കുറ്റം എങ്ങിനെ ആരോപിക്കാം, എന്നുവിചാരിച്ച പരാധിപർ അല്പമൊന്നു കുഴങ്ങി.

നമ്പ്യാർ അതിഥികളെ കണ്ടാറെഎഴുന്നേല്പുപോലും ചെയ്തില്ല. എന്നാൽഅയാളുടെ ഭാവത്തിൽ ഗർവ്വലേശം ഉണ്ടായിരുന്നതുമില്ല. അഞ്ചാറുവയസ്സു പ്രായമുള്ള സുകുമാരശരീരയായ ഒരു പെൺകുട്ടി അയാളുടെ മടിയിൽ ഇരുന്നു വിനോദിക്കുന്നുണ്ടായിരുന്നു. അവളുടെ തലയെ ഒരു വശത്തേക്കു ചരിച്ചുപിടിച്ചുകൊണ്ടു, നമ്പ്യാർ, തന്റെ ശിരസ്സിനെ കുറേ കനിച്ച്

ഒരു ചെറുപുഞ്ചിരിയിട്ട് അതിഥികളെ അഭിവാദനം ചെയ്തു. അയാൾ ഇരുന്ന ഇരുപ്പിൽതന്നെ ഇരുന്നുകൊണ്ടു, അതിഥികൾക്കിരിക്കാൻ കസാല മൂന്നിക്കാണിച്ചു. അവർ ആസനസ്ഥരായാറെ "ഞങ്ങൾക്കു നിങ്ങളോടു സ്വകാര്യമായി ചിലതു പറവാനുണ്ടു; കുട്ടിയെ പറഞ്ഞയച്ചാൽ നന്നായിരുന്നു"— എന്നു പത്രാധിപർ നമ്പ്യാരോടു പറഞ്ഞു. കുട്ടി ഇതുകേട്ടു നിഷേധഭാവത്തിൽ അച്ഛന്റെ മുഖത്തു മുഖംകൊണ്ടിടിച്ചു. "അരുത്, പുറമേപോയി ലക്ഷ്മിയുമായി കളിക്കു" എന്നുപറഞ്ഞു നമ്പ്യാർ കുട്ടിയെ മെല്ലെ താഴത്തിറക്കിനിർത്തി. പത്രാധിപരെയും കൂട്ടുകാരനേയും അഗണ്യമായി നോക്കിക്കൊണ്ടു കുട്ടി പുറമേ പോകയും ചെയ്തു.

പത്രാധിപക്കും കൂട്ടുകാരനും നമ്പ്യാരുടെ അപ്പോഴത്തെ ഭാവം തീരെ അപ്രകൃതമായിതോന്നി. തന്നെ ആനയിച്ചു തന്റെ അറയ്ക്കുള്ളിൽകടന്നവന്ന ആളുകൾ ആരാണെന്നു നമ്പ്യാർക്കു വിചാരമില്ല; അവരെന്തിനെയെന്നുള്ള ആഗ്രഹം തന്നെ ഉണ്ടായതായി കണ്ടില്ല. അതിഥികൾ കരപങ്കി. "ഞാൻ 'സാഹിത്യരത്നാകര'ത്തിന്റെ പ്രസാധകനാണു്. ഇദ്ദേഹം അതിന്റെ റിപ്പോർട്ടർ"— എന്നുപത്രാധിപർ മന്ദമായി പറഞ്ഞു. നമ്പ്യാർ യാതൊരു വികാരഭേദവും കാണിക്കാതെ, നിശ്ചലനായിത്തന്നെ ഇരുന്നു. പത്രാധിപർ സംഭാഷണം തുടർന്നു:— "നിങ്ങൾ ഇതിനിടെ അയച്ച കവിതകൾ ഒക്കെ കിട്ടി. അവ വിശേഷമായിരിക്കുന്നു. 'പരിഷ്കാരഭ്രമം' എന്ന പദ്യങ്ങൾ ഞങ്ങൾക്കവളരെ ബോധ്യമായി. എന്നാൽ ആ ശ്ലോകങ്ങൾ കുറെ എന്നാനും കൊല്ലംമുമ്പു മറെറാരു മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പദ്യങ്ങളോടു് അടുത്ത സാദൃശ്യം കാണുന്നുണ്ടു. ഈ സാദൃശ്യത്തിനു കാരണം എന്താണെന്നറിവാനാണു് ഞങ്ങൾ വന്നതു. കാരണം അന്വേഷിച്ചു തീർച്ചപ്പെടുത്താതെ കവിത ഞങ്ങൾ പ്രസിദ്ധപ്പെടുത്തിക്കാണുമ്പോൾ, നിങ്ങൾ കാര്യകോരണം ചെയ്തു എന്നു വായനക്കാർ ശങ്കിച്ചേക്കും"—

ഇതിനു മറുപടിയായി, "പരിഷ്കാരഭ്രമമോ? ഞാൻ അങ്ങിനെ ഒരു കവിത എഴുതീട്ടില്ലല്ലൊ. എനിക്കു് അശേഷം ഓർമ്മതോന്നുന്നില്ല"— എന്നു് നമ്പ്യാർ ചാഞ്ചല്യലേശംകൂടാതെ പറഞ്ഞു.

നമ്പ്യാർ ഇങ്ങിനെ ഖണ്ഡിതമായി നിഷേധിക്കുമെന്നു പത്രാധിപർ തീരെ കരുതിയിരുന്നില്ല; അതുകൊണ്ടു് പത്രാധിപർ കുറെ കുണ്ഠിതപ്പെട്ടു. ഇങ്ങിനെ പറയുന്നു് ആളെക്കൊണ്ടു് എങ്ങിനെ കുറ്റം സമ്മതിപ്പിക്കും? "ഏയ്, നന്നായി! ഇത്ര നല്ല കവിത എഴുതീട്ടു അങ്ങനെ ഓർമ്മയില്ലെന്നാണൊ നിങ്ങൾ പറയുന്നതു?"

"അതെ! ഞാൻ പലതും എഴുതാറുണ്ടു; ഇങ്ങനെ മറന്നു എന്നു വരാം"— എന്നു് നമ്പ്യാർ വിചാരമഗ്നനായി പറഞ്ഞു.

"ശരിയായിരിക്കാം. കവിത കണ്ടാൽ ഒരുവേള ഓർമ്മവരും"— എന്നു മദ്ധ്യസ്ഥന്റെ നിലയിൽ റിപ്പോർട്ടർ പറഞ്ഞു.

പത്രാധിപർ തന്റെ തലകലുക്കി; കപ്പായക്കീശയിൽനിന്നു് കുറെ കടലാസുകളും വലിച്ചെടുത്തു്, 'പരിഷ്കാരഭ്രമ'ത്തിന്റെ ഒന്നാംപുറം നമ്പ്യാരുടെ നേർക്കു നീട്ടി. നമ്പ്യാർ അതു വാങ്ങി കടലാസി

റെ മുഖപുറവും അലക്ഷ്യമായി നോക്കി. "ഇത് എന്റെ കൈയെഴുത്തു തന്നെ; കവിത എന്റെ സ്വന്തമല്ല. 'കാവ്യരത്നാവലി' എന്ന പുസ്തകത്തിൽനിന്നു ഞാൻ പകർത്തിയെടുത്തതാണ്. അതു ഞാൻ ഒരു പത്രത്തിനും അയച്ചുകൊടുത്തിരുന്നില്ലല്ലൊ"— എന്ന് വീണ്ടും നമ്പ്യാർ കൂസൽകൂടാതെ പറഞ്ഞു.

അതിഥികൾ തമ്മിൽ മുഖത്തോടു മുഖം നോക്കി; എന്നാൽ ഇരുവരും തങ്ങളുടെ ഉള്ളിൽ തോന്നിയ ആശ്ചര്യത്തെ പുറത്തു കാണിച്ചില്ല. ഖണ്ഡിതമായി നിഷേധിച്ച ശേഷം, ആ നിലയിൽനിന്ന് ഒഴിയുന്നതിനെക്കൊണ്ടാണ് അവർക്ക് അത്ഭുതം തോന്നിയതു. നമ്പ്യാരോ, കവിത പകർത്തെഴുതിയതു സമ്മതിച്ചിരിക്കുന്നു; എന്നാൽ അത് താൻ അയച്ചതല്ലെന്നു പറയുന്നതു് അയാളുടെ വിശ്വാസത്തിനു ലക്ഷ്യമല്ലയോ?

നമ്പ്യാർ വീണ്ടും പറഞ്ഞു: "സംഗതി ഇങ്ങിനെയാണ്. എനിക്കു കവിതയിൽ കുറെ താല്പര്യമുണ്ട്. നല്ല കവിത കണ്ടാൽ ഉടൻ ഞാനതു മനഃപാഠമാക്കും, പകർത്തെഴുതിയാൽ മനഃപാഠമാക്കാനും മറന്നുപോകാതിരിപ്പാനും എളുപ്പമുണ്ട്. അതിനുവേണ്ടി ഞാൻ 'പരിശ്രമഭ്രമം' പകർത്തെഴുതി. അപ്പീസിൽ വച്ചായിരുന്നു ആ പദ്യങ്ങൾ പകർത്തതെന്നു തോന്നുന്നു. അവിടെയുള്ള ഗുമസ്തന്മാരാരോ, എന്നെ കളിയാക്കാൻവേണ്ടി, അതെടുത്തു നിങ്ങൾക്കയച്ച തന്നതായിരിക്കണം. എന്റെ കാരണവർ കീർത്തിപ്പെട്ട ആളല്ലേ? എന്നെ ഒരു കവിയായി കാണണമെന്ന് അങ്ങട്ടുക്ക് ആഗ്രഹമുണ്ടായിരിക്കാം. ഞാൻ അതു് നിങ്ങൾക്കയച്ചിട്ടില്ല, നിശ്ചയം."

"പഠിക്കുന്ന കാലത്തു് മനഃപാഠമാക്കാനുള്ള പദ്യങ്ങളെ ഞാനും പകർത്തെഴുതുക പതിവായിരുന്നു; എന്നാൽ പകർത്തെഴുതുന്ന കവിതയുടെ മുകളിൽ പേരെഴുതി ഒപ്പുവയ്ക്കുന്ന പതിവ് എനിക്കില്ലായിരുന്നു"— എന്ന് പത്രാധിപർ പറഞ്ഞു.

നമ്പ്യാർ കൈയിൽ ഇരുന്നിരുന്ന കടലാസിന്റെ മുകളിൽ നോക്കി, തല പൊന്തിക്കാതെ തന്നെ, "ഞാനും ഇതിൽ ഒപ്പുവച്ചിട്ടില്ലല്ലൊ" എന്നുപറഞ്ഞു.

"ഇല്ല, എന്നാൽ ഇതാ ഈ രണ്ടാം പുറത്തു ഒപ്പുവച്ചിരിക്കുന്നു."

ഈ സമയത്തിൽ നമ്പ്യാർ കോപലക്ഷണംവല്ലതും കാണിച്ചേക്കുമെന്ന് അതിഥികൾ ശങ്കിച്ചു. അയാളുടെ പാപ്പിടത്തിൽകടന്നുചെന്ന് അയാളോടു ചോദ്യങ്ങൾക്കു മീതെ ചോദ്യം ചെയ്ത് കാവ്യചോരണക്കുറ്റം ആരോപിക്കാൻ അവർക്ക് എന്തധികാരം? എന്നാൽ അവരുടെ ശങ്ക അസ്ഥാനത്തിലായി; നമ്പ്യാർക്കു യാതൊരു വികാരഭേദവും ഉണ്ടായില്ല. ഇതു് അയാളുടെ ജന്മപ്രകൃതിയോ, തല്ക്കാല നാട്യമോ എന്ന് അവർക്കു തിരിച്ചറിവാൻ സാധിച്ചില്ല. അയാളുടെ നിർദ്ദോഷഭാവന കണ്ടപ്പോൾ, തങ്ങളുടെ പ്രവൃത്തി സാഹസമായിപ്പോയില്ലേ എന്നുള്ളതു അവർ ശങ്കിച്ചു.

"നമ്പ്യാരല്ലായിരിക്കാം ഒപ്പുവച്ചതു്; അതയച്ച ഗുമസ്തൻ നമ്പ്യാരുടെ പേരെഴുതി ഒപ്പുവച്ചതായിരിക്കാം"— എന്ന് റിപ്പോർട്ടർ മദ്ധ്യസ്ഥം പറഞ്ഞു.

നമ്പ്യാർ പത്രാധിപരുടെ പക്കൽ

നിന്നു് ആ രണ്ടാംപുറം ഒടിച്ചുനോക്കി: "അതെ, അങ്ങിനെയാണു പറഞ്ഞതു്. ഇതു് എന്റെ കൃപ്പല്ല. ഞാൻ ഇതിൽ കൃപ്പുവച്ചിട്ടില്ല, നിശ്ചയം"— എന്നു പറഞ്ഞുകൊണ്ടു് പത്രം താഴ്ത്തി.

പത്രാധിപർ അക്ഷമനായി. നിങ്ങളുടെ വേറെയും ചില കവിതകൾ എനിക്കു കിട്ടീട്ടുണ്ടു്. ഇതാ ഒന്നു, 'ഉണ്ണായിവാര്യർ സ്മാരകവായനശാല'യിൽനിന്നു് നിങ്ങൾ അയച്ചതാണു്. ആ വായനശാലയുടെ അധ്യക്ഷൻ നിങ്ങളാണു്, അല്ലേ? ഇതിൽ കൃപ്പുവച്ചിരിക്കുന്നതും ഗ്രന്ഥസ്മനായിരിക്കുമോ?"

നമ്പ്യാർ, സംശയഭാവത്തിൽ, "അങ്ങിനെ വരില്ല; ഗ്രന്ഥസ്മനു് അവിടെ കടന്നുവരാൻ തരമില്ല."

പത്രാധിപർ ആ കവിത നമ്പ്യാരുടെ പക്കൽ കൊടുത്തു: "ഇതു് നിങ്ങളുടേതു തന്നെ, അല്ലേ?"

നമ്പ്യാർ— "അതെ, ഇതു് എന്റേതു തന്നെ".

പത്രാ— "ഈ കൃപ്പും?"

നമ്പ്യാർ— "അതേ, ഈ കൃപ്പും എന്റേതുതന്നെ. ഇതു ഞാൻ തന്നെയാണു് എഴുതിഅയച്ചതു്. 'പരിഷ്കാരഭ്രമം' ഞാൻ പകർത്തതേ ഉള്ളു; ഇതു് എന്റെ സ്വന്തം കവിതയാണു്"

പത്രാ— "ഇതു് അടക്കംചെയ്തയച്ച ലക്കോട്ടിൽ മേൽവിലാസം എഴുതിയതും നിങ്ങൾതന്നെ ആയിരിക്കുമോ? ഈ കൈയക്ഷരം നിങ്ങടേതോ?"

നമ്പ്യാർ— (ലക്കോട്ടു വാങ്ങിനോക്കിക്കൊണ്ടു്) "ഇതു എന്റെ കൈപ്പടതന്നെ".

പത്രാ— (അല്പം പരിഭ്രമം നടിച്ചു്) "വരട്ടെ! തെറ്റിപ്പോയി. ആ ലക്കോട്ടു് 'പരിഷ്കാരഭ്രമം' അടക്കംചെയ്തതാണു്; എനിക്കു തെറ്റിപ്പോയി, ക്ഷമിക്കണേ!"

റിപ്പോർട്ടർ ഒന്നു ഞെട്ടി, ദൃഷ്ടികളെ നിലത്തുവിരിച്ചിരുന്ന പരമധാനിയിലെ ചിത്രവലകളിലേക്കു നയിച്ചു. പത്രാധിപർ കൈക്കലുള്ള കടലാസുകളെ തിരിച്ചുമറിച്ചുപരിശോധിച്ചുകൊണ്ടിരുന്നു. കുറേനേരം എല്ലാവരും മൗനം അവലംബിച്ചിരുന്നു. പുറമെ കളിച്ചുനിന്നിരുന്ന കുട്ടികളുടെ ചിരിയും, പാതയിൽക്കൂടെ കടന്നുപോയിരുന്ന വണ്ടികളുടെ ഒച്ചയും മാത്രമെ ആ മുറിയിൽ കേട്ടിരുന്നുള്ളു.

അതിഥികൾ തലപൊന്തിച്ചു നോക്കിയപ്പോൾ, നമ്പ്യാർ അവരെ തുറിച്ചുനോക്കിക്കൊണ്ടിരിക്കയായിരുന്നു. അയാൾ കൈവിരലുകൾ മടക്കിയും നിവിർത്തും, കാലുകൾ അനാവശ്യമായി ചലിപ്പിച്ചും ഇരുന്നിരുന്നു.

പത്രാ— "ഉണ്ണായിവാര്യർ സ്മാരകവായനശാല എവിടെയാണു്? ഏതുകെട്ടിടത്തിൽ?"

നമ്പ്യാർ— "പ്രത്യേകം കെട്ടിടമൊന്നുമില്ല; ഇപ്പോൾ മുടങ്ങിക്കിടക്കയാണു്"

പത്രാ— ശരി. ഈ മൂന്നാംകവിത അയച്ചിരിക്കുന്ന കടലാസ്സിൽ ഒരു വീട്ടുപേരും നമ്പരും കുറിച്ചിരിക്കുന്നുവല്ലൊ. ആ വീട്ടിൽ നിങ്ങൾ പാർത്തിരുന്നു, ഇല്ലേ?. അതല്ല, ബന്ധുക്കൾ ആരൊ അവിടെ പാർത്തിരുന്നിരിക്കാം, അല്ലേ?"

നമ്പ്യാർ— "ഇല്ല, ആ കവിത എഴുതിയ സമയം ഞാൻ അവിടെ പാത്തിരുന്നു."

പത്രാ— (റിപ്പോർട്ടരെ തിരിഞ്ഞുനോക്കി, പിന്നെ നമ്പ്യാരെ നോക്കി) "കവിത കൈപ്പറ്റിയപ്പോൾ തന്നെ ഞങ്ങൾ അന്വേഷിച്ചു; ആ സമയം അവിടെ ആരുംപാപ്പില്ലായിരുന്നുവല്ലൊ?"

വീണ്ടും കുറേനേരം മൂവരും മൌനമായിരുന്നു. നമ്പ്യാർ അക്ഷമനായി കസാലയിൽ ഇരുന്നു് തിരികയും പിരികയും, കൈകളെ നാവിൽ അമർത്തുകയും തിരുമ്മുകയും ചെയ്തു. അനന്തരം, കണ്ണും തെളിച്ചുകൊണ്ടു ചോദിച്ചു:- "കേസു പൂത്തിയായോ?"

പത്രാ— "പൂത്തിയായി. ഞങ്ങളുടെ കേസ് പൂത്തിയായി."

നമ്പ്യാർ— "അന്യരുടെ കവിത കട്ടെടുത്തു് എന്റെ സ്വന്തം പേരുവച്ചു പ്രസിദ്ധികരണത്തിന്നയച്ചുവെന്നു് ഞാൻ സമ്മതിക്കുന്നില്ല. സ്നേഹിതന്മാർ എന്ന നിലയിൽ നിങ്ങളോടു ഒന്നു ചോദിക്കട്ടെ: ഒരുവൻ അങ്ങിനെ ചെയ്താൽ എന്തു ദോഷമാണുള്ളതു്?"

"ദോഷമോ?" എന്നു ഒരുസമയത്തു് പത്രാധിപരും റിപ്പോർട്ടരും ചോദിച്ചു.

പത്രാ— "വ്യാജച്ചുരുക്കു കൊടുത്തു് പത്രപ്രവർത്തകന്മാരോടു പണം പറുക; അന്യന്റെ തലച്ചോറുകൊണ്ടു ചെയ്തതായ പ്രയത്നത്തിന്റെ ഫലത്തെ മോഷ്ടിച്ചു് അവനു കിട്ടേണ്ടതായ ഖ്യാതിയെ അപഹരിക്കുക; വ്യാജം പറക; ഇതൊക്കെ ദോഷമല്ലെ? ഇതു നിന്ദ്യമായ ഒരു വ്യാജം മറച്ചുവയ്പാൻ എത്രതന്നെ ശ്രമിച്ചാലും പുറത്തുവരാതിരിക്കയില്ലെന്നു ഇപ്പോൾ നിങ്ങൾ അറിഞ്ഞില്ലെ?"

നമ്പ്യാർ— "ഞാൻ നിങ്ങളോടു പണം ആവശ്യപ്പെട്ടില്ലല്ലൊ."

പത്രാ— "ആവശ്യപ്പെട്ടില്ലെങ്കിലും, ഞങ്ങൾ അയച്ചതരുവാൻ ബന്ധമാരാണ്. നിങ്ങളുടെ പദ്യങ്ങൾ വ്യാജകൃതികളാണെന്നു ഞങ്ങൾ കണ്ടുപിടിച്ചിട്ടില്ലായിരുന്നുവെങ്കിൽ, നിശ്ചയമായും നിങ്ങൾക്കു പണം അയച്ചതരുമായിരുന്നു."

നമ്പ്യാർ— "ആക്കയച്ചു കൊടുക്കും? എവിടെയയയ്ക്കും? എന്റെ ശരിയായ മേൽവിലാസം ഞാൻ നിങ്ങളെ അറിയിച്ചിട്ടില്ലായിരുന്നുവല്ലൊ. പിന്നെ നിങ്ങൾ എങ്ങിനെ പണമയയ്ക്കും?"

പത്രാധിപർ കഴങ്ങി. "പണത്തിനു വേണ്ടിയല്ലെങ്കിൽ പിന്നെ എന്തിനായിട്ടാണു് നിങ്ങൾ ഈ വ്യാജം ചെയ്തതു്?"

നമ്പ്യാർ— "എന്റെ പ്രവൃത്തി ദോഷകരമാണെന്നു് ഞാൻ മുമ്പു മനസ്സിലാക്കിയിരുന്നില്ല; ഇപ്പോഴും എനിക്കു ബോധപ്പെടുന്നില്ല. ഞാൻ നിങ്ങളോടു പ്രതിഫലം ചോദിച്ചിട്ടില്ല. എന്റെ പേർ പത്രത്തിൽ അച്ചടിച്ചു കാണണമെന്നേ എനിക്കു് ആഗ്രഹമുണ്ടായിരുന്നുള്ളു. അതു് എന്റെ സ്നേഹിതന്മാർ കണ്ടാൽ കൊള്ളാമെന്നുമുണ്ടായിരുന്നു. എന്റെ— എന്റെ— എന്റെ— ഭാര്യയേയും അതു കാണിക്കേണമെന്ന മോഹമുണ്ടായിരുന്നു. ഭാര്യയ്ക്കു സാഹിത്യത്തിൽ കുറെ താല്പര്യമുണ്ടു്. ഇതല്ലാതെ, എനിക്കു യാതൊരുദ്ദേശവുമുണ്ടായിരുന്നില്ല. നിങ്ങളോടു വ്യാജമാർഗ്ഗത്തി

ൽ പണംപോറേണ്ണമെന്നു ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല."

പത്രാധിപരും വിദ്വേഷത്തോടു മുഖംനോക്കി. "നിങ്ങളുടെ ഉദ്ദേശം ഇതാണെന്നു ഞാനെങ്ങനെ അറിയും?" എന്നു പത്രാധിപർ വിനയഭാവത്തിൽ ചോദിച്ചു. ആ പാവത്തിന്റെ നേക്കു കയ്ത്തുപറവാൻ പത്രാധിപർ നന്നെ പണിപ്പെട്ടു. തന്റെ കുറ്റത്തെയും സമ്മതിച്ചു അതിനു പ്രേരിപ്പിച്ച കാരണങ്ങളെയും ഏറുപറഞ്ഞിരിക്കുന്നു; എന്തു സാധുമനുഷ്യൻ! നേരെമറിച്ചു്, അയാൾ തന്റെ ആദ്യത്തെ സമ്പ്രദായത്തെ തുടർന്നു് കുറ്റം നിഷേധിച്ചു കേവലം കാണിച്ചിരുന്നുവെങ്കിൽ, പത്രാധിപക്കു് തന്റെ പാടവം മുഴുവൻ പ്രദർശിപ്പിക്കുവാൻ എതും പ്രയാസമുണ്ടാകുമായിരുന്നില്ല. "നിങ്ങളുടെ ഉദ്ദേശമെന്താണെന്നു്, ഞാനെങ്ങനെ അറിയും? പത്രങ്ങളും പ്രസിദ്ധപ്പെടുത്തിക്കാണുമ്പോൾനിങ്ങളും ശരിയായ മേൽവിലാസം അറിയിച്ചു പ്രതിഫലത്തിനായശ്യപ്പെടുകയില്ലെന്നു എങ്ങിനെ തീർച്ചപ്പെടുത്തേണ്ടു?"

നമ്പ്യാർ— "എനിക്കു് അങ്ങിനെ ഉദ്ദേശിപ്പായിരുന്നു എന്നു് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലെ?"

പത്രാ— "നിങ്ങൾ വ്യായാമംചെയ്യുപണമപഹരിക്കാൻ ശ്രമിച്ചു എന്നല്ലാതെ, വേറെയൊന്നും എനിക്കു മനസ്സിലായിട്ടില്ല. നിങ്ങളെ ഒരു പാഠം പഠിപ്പിക്കാൻ ഞാൻ ഉറച്ചു. അതുകൊണ്ടു് മറ്റുള്ളവരെങ്കിലും ഇങ്ങനെയുള്ള കാര്യത്തിനു മുതിരുന്നതിൽ നിന്നു പിന്മാറും. ലോകത്തിൽ ഉണ്ടായുന്ന കവിതകളൊക്കെ എല്ലാ പത്രാധിപന്മാരും വായിച്ചു എന്നു വരുന്നതാണോ? ആ സ്ഥിതിക്കു സാധാരണ പത്രാധിപന്മാർക്കു നിങ്ങളെപ്പോലെയുള്ളവരിൽ നിന്നു് എന്തു രക്ഷയാണു്? വഞ്ചകന്മാരെ കണ്ടുപിടിച്ചാൽ അവരെ നല്ലപാഠം പഠിപ്പിക്കാതെ വിട്ടുകളയുന്നതു അനുചിതമല്ലെ? നിങ്ങളുടെ ചതിപ്രയോഗത്തെക്കുറിച്ചു് ഉടനടി പത്രത്തിൽ പ്രസ്താവിച്ചുകളയാം. നാളെ രാവിലത്തെ പത്രം നോക്കിക്കൊള്ളു."

ഇങ്ങിനെ ദീർഘപ്രസംഗംചെയ്തു്, പത്രാധിപർ വിരമിച്ചു. അല്പനേരം വീണ്ടും അവൻ മൂകനും മൌനം ഭജിച്ചു. പത്രാധിപർ വിദ്വേഷത്തെ നോക്കി; അയാൾ തന്റെ അഭിപ്രായത്തോടു യോജിക്കുന്നുണ്ടോ, വിചിന്തനോട്ടം പുറപ്പെടുവിക്കുന്നുവോ എന്നറിവാൻ ഉൽകണ്ഠിതനാകയാലായിരുന്ന പത്രാധിപർ അയാളുടെ നേക്കു ദൃഷ്ടിപതിച്ചതു്. എന്നാൽ ആ വിദ്വാൻ നിലത്തു വിരിച്ചിരുന്ന പരമധാനിയിൽ ദത്തദൃഷ്ടിയായി, തന്റെ കൈക്കൽ ഉണ്ടായിരുന്ന വടിയുടെ തലകൊണ്ടു താടിയിൽ താങ്ങം പിടിച്ചുകൊണ്ടിരുന്നതേ ഉള്ളു.

"തീർച്ച കഴിഞ്ഞുവോ? ഈ നിശ്ചയത്തിനു മാറ്റമില്ലേ?" എന്നു് നമ്പ്യാർ ദയനീയമായ സ്വരത്തിൽ ചോദിച്ചു.

"തീർച്ചയാക്കി; ആ തീർച്ച ഭേദപ്പെടുത്താൻ നിവൃത്തിമില്ലാ താനും." എന്നു പത്രാധിപർ മുഖടിപറഞ്ഞു. പക്ഷേ, ഈ നിർദ്ദയമായ മുഖടി അയാളുടെ നാവിൽനിന്നു പുറപ്പെട്ടതായിരുന്നതല്ലാതെ, മനസ്സിൽനിന്നു പുറപ്പെട്ടതായിരുന്നില്ല. നമ്പ്യാരെ തിരഞ്ഞുപിടിക്കാൻ താൻതന്നെ

യെ പുറപ്പെട്ടിരുന്നുവെങ്കിൽ, ആ സാഹസവാക്കുകൾ പറവാൻ ഒരിക്കലും ഇടവരുകയില്ലായിരുന്നു. തന്റെ കൂട്ടുകാരന്റെ മുമ്പിൽവച്ച മറ്റൊരുവിധത്തിൽ പാകയോ പ്രവർത്തിക്കുയോ ചെയ്യുന്നതു് തനിക്കു ഹാനികരമായിരിക്കയില്ലെ എന്നായിരുന്നു പത്രാധിപരുടെ വിചാരം. 'നമ്പ്യാരുടെ കാവ്യചോരണം' എന്ന തലവാചകത്തിൽ ഒരു ദീർഘലേഖനത്തിനുള്ള വകകൾ റിപ്പോർട്ടർ മനസ്സിൽ സമ്പാദിച്ചു കഴിഞ്ഞിരിക്കുമെന്നു പത്രാധിപർക്കു ബോധപ്പെട്ടു. ഹാ! ആ കനിഞ്ഞിരിക്കുന്ന ഇരിപ്പിൽതന്നെ റിപ്പോർട്ടർ മണ്ണിൽ താണുപോയിരുന്നെങ്കിൽ എത്ര ആശ്വാസമായിരുന്നു! റിപ്പോർട്ടരെ തടയാൻ തനിക്കു ന്യായം കാണുന്നില്ലല്ലൊ എന്നു വിചാരിച്ചു് പത്രാധിപർ കുഴങ്ങി.

നമ്പ്യാർ ദയനീയമായ സ്വരത്തിൽ വീണ്ടും പറഞ്ഞു: "എന്റെ സ്ഥിതിയെപ്പറ്റി അല്പം ചിന്തിക്കണെ! ഒന്നരണ്ടുപ്പികയ്ക്കു വേണ്ടി, ഒരു നിസ്സാരമായ തുകയ്ക്കു വേണ്ടി, എന്റെ ജീവിതശേഷം മുഴുവൻ നിങ്ങൾ നശിപ്പിക്കുകയല്ലേ ചെയ്യുന്നതു? ഞാൻ നിങ്ങളെ വഞ്ചിച്ചു ഒരു വലിയ തുക മേടിച്ചിരുന്നുവെങ്കിൽ ശരി. നിങ്ങൾക്കിപ്പോൾ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലല്ലൊ! എന്റെ ഭാര്യയെ പ്രസാദിപ്പിക്കേണമെന്ന ഒരു ഉദ്ദേശത്തോടുകൂടി ചെയ്ത ഒരു ചെറിയ കുറ്റത്തിനു്, ഒരു ഭണ്ഡാരം കവർച്ചചെയ്തവനു നൽകുംപോലെയുള്ള ശിക്ഷ കഠിനമല്ലയോ? ഞാൻ ആകെയുള്ള അപരാധം ചെയ്തിട്ടില്ല. ആ പദ്യങ്ങളുടെ കർത്താക്കന്മാർക്കു കിട്ടേണ്ട പ്രതിഫലം എത്രയോ മുമ്പുതന്നെ അവർക്കു കിട്ടിക്കഴിഞ്ഞു. അതിൽനിന്നു ലഭിക്കാവുന്ന യശസ്സും അവർക്കു ലഭിച്ചു. നിങ്ങൾക്കു യാതൊരു നഷ്ടവും വന്നിട്ടില്ല. എനിക്കു ലാഭം ഉണ്ടായിട്ടുമില്ല. പിന്നെ എന്റെ നേർക്കു ഈ കഠിനകൈകൊട്ടുന്നതു് എന്നെ നശിപ്പിക്കാൻ വേണ്ടി മാത്രമല്ലെ? ഈ വിവരം പത്രത്തിൽ കണ്ടാൽ പിന്നത്തെക്കഥ ആലോചിച്ചു നോക്കിൻ. അമ്മാമൻ ഒരു വലിയ ആളാണു; ഞാൻ നിമിത്തം അദ്ദേഹവും അവമാനത്തിൽ പെടും. എന്റെ കുടുംബവും മാനക്കേടിനിമിത്തം....."

പത്രാധിപരുടെ മനസ്സലിഞ്ഞു. അദ്ദേഹം കൈയിൽ നീട്ടിവച്ചിരുന്ന കടലാസുകളെ ചുരുട്ടി കപ്പായക്കീശയിൽ തള്ളി. റിപ്പോർട്ടർ കൂടെ ഇല്ലായിരുന്നു എങ്കിൽ ആ കടലാസുകൾ നമ്പ്യാർക്കു തിരികെ കിട്ടുമായിരുന്നു. പത്രാധിപർ റിപ്പോർട്ടരോടു "ഹേ! എന്താ, നിങ്ങൾക്കിതിൽ വല്ലതും പറവാനുണ്ടോ?" എന്നു ചോദിച്ചു.

റിപ്പോർട്ടർ, വടികൊണ്ടു നിലത്തു വരഞ്ഞു്, നിവിന്നു നോക്കാതെ തന്നെ, "നമ്പ്യാർ തന്റെ കുടുംബമഹിമയേയും, അമ്മാമന്റെ പ്രമാണിത്തത്തെയും പറഞ്ഞു ഈ ചതിപ്രവൃത്തിക്കു തുനിയുമ്മുമ്പെ ആലോചിക്കേണ്ടിയിരുന്നു. ഇത്ര വൈകി ഇങ്ങിനെയുള്ള സമാധാനം പറഞ്ഞിട്ടെന്തു പ്രയോജനം? എതായാലും ഇക്കാര്യത്തിൽ നമ്മുടെ അഭിപ്രായം കൊണ്ടു തീർച്ചയായില്ല. പത്രത്തിന്റെ പ്രവർത്തകന്മാർ എല്ലാവരുംകൂടി ആലോചിച്ചു വേണ്ടതു ചെയ്യട്ടെ" — എന്നു പറഞ്ഞു.

പത്രാ — "ശരിയാണു്. നമുക്കു് യാതൊന്നും തീർച്ചപ്പെടുത്തുവാൻ പാടില്ല. അവരുടെ ഇഷ്ടംപോലെ ചെയ്യട്ടെ. തട്ട

യാൻ നമുക്കു അധികാരമില്ല.

അതിഥികൾ എഴുന്നേറ്റു പോവാനുള്ള ഭാവമായി. നമ്പ്യാർ തന്റെ കഥ കഴിഞ്ഞു എന്നു ശങ്കിച്ചു, നൈരാശ്യത്തോടെ എഴുന്നേറ്റു പറഞ്ഞു: "എനിക്കു പണത്തിനു അല്പവും ബുദ്ധിമുട്ടില്ലെന്നു അറിയുന്നതുകൊണ്ടു നിങ്ങളെ വഞ്ചിച്ചു കൃതനിസ്സാരതകൂടി മേടിക്കേണ്ടതു അവശ്യം എനിക്കില്ല. ഞാൻ അങ്ങിനെയുള്ള ദുരുദ്ദേശത്തോടുകൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ എന്നെ ശിക്ഷിക്കുന്നതിൽ സങ്കടമില്ല. ഭാഗ്യയെ പ്രീതിപ്പെടുത്താൻ മാർഗ്ഗമെന്നിക്കു ആഗ്രഹമുണ്ടായിരുന്നുള്ളൂ. നിങ്ങൾ മഹാന്മാർ, എന്റെ അപരാധത്തിനു യോജിക്കാത്ത ശിക്ഷ നല്കുന്നതെന്നു മാത്രമെ എനിക്കു അപേക്ഷയുള്ളൂ."

പർയ്യാധിപനും കൂട്ടുകാരനും മുറിയുടെ വാതില്പുലേക്കു നടന്നു. ഇരുവരുടെയും മനസ്സു ചഞ്ചലപ്പെട്ടു. ആ രംഗം ഇനിയും ദീർഘിപ്പിക്കുവാൻ അവക്കു ധൈര്യമില്ലാതായി. വാതലിനു സമീപം ചെന്നുനിന്നു, തിരിഞ്ഞുനോക്കാതെ "നാളെ രാവിലെ അറിയിക്കാം" എന്നുപറഞ്ഞു പുറപ്പാടായി.

"നാളെ രാവിലത്തെ പത്രത്തിൽ കാണുമെന്നോ?" എന്നു നൈരാശ്യത്തോടുകൂടെ നമ്പ്യാർ ചോദിച്ചു.

പർയ്യാധിപർ ഉത്തരംപറയുന്നുമുണ്ടു, ആരോ കോണികയറി ആ മുറിയുടെ നേക്കു നടന്നുവരുന്ന ഒച്ച കേട്ടു ഒരു നിമിഷത്തിനുള്ളിൽ കോമളാങ്ങളായ രണ്ടു കൈകളും ആ വാതലിൻമുമ്പിൽ തൂക്കിയിരുന്ന തിരശ്ശീലയെ ഇരുഭാഗത്തും പിടിച്ചു മാറി. കഠിനതപസ്സു ചെയ്യുന്ന ഭക്തന്മാർ നൈരാശ്യനിമിത്തം സാഹസം പ്രവർത്തിപ്പാൻ തുടങ്ങുമ്പോൾ ആ സാഹസത്തെ തടയുവാൻ അവരുടെ ആരാധനാമൂർത്തി പ്രത്യക്ഷദർശനം കൊടുക്കുംപോലെ, പർയ്യാധിപരുടെ നിർദ്ദയവാക്കുകൾ കേട്ടു സങ്കടസമുദ്രത്തിൽ പെട്ടുഴലുന്ന ആ സാധുവായ നമ്പ്യാരെ രക്ഷിപ്പാൻ അയാളുടെ ഭാഗ്യദേവത വാതല്പുൽ പ്രത്യക്ഷപ്പെട്ടു. ആ യുവതീരത്നത്തെ കണ്ടമാത്രത്തിൽ, നമ്പ്യാർ മുഖംകുനിച്ചു നിലത്തു നോക്കിക്കൊണ്ടു മിണ്ടാതെ നിന്നു. അതിഥികളോ, അപ്രതീക്ഷിതമായ ആ ദർശനത്താൽ, അത്ഭുതപരവശരായി. അചിരചിത്തനായരെ കാണുകയാൽ, അവർ മുറിയിൽ കടക്കുവാൻ മടിച്ചും, പിന്തിരിഞ്ഞുപോകുന്നതു മര്യാദയല്ലെന്നു വിചാരിച്ചും, വിനയപൂർവ്വമായ ഒരു മന്ദഹാസത്തോടുകൂടെ തിരശ്ശീലയുടെ പിടിവിടാതെ ആ നിലയിൽ തന്നെ നിന്നു.

"നമ്പ്യാരുടെ പ്രിയതമയാണെങ്കിൽ റിപ്പോർട്ടരെ എങ്ങിനെയും തോല്പിച്ചു ഈ കഥ പുറത്തുവരുത്താതെ നോക്കണം" — എന്നു പർയ്യാധിപർ തീർച്ചപ്പെടുത്തി. മിഴികളെ തുറക്കുവുന്നതോളം തുറന്നു, മാറ്റിടം വിരിച്ചു, തലപൊക്കിനോക്കിക്കൊണ്ടു നിന്ന ആ കൂട്ടുകാരന്റെ ഉള്ളിലെ വിചാരം എന്തായിരുന്നു എന്നു പർയ്യാധിപർക്കു ഊഹിക്കാൻ കഴിഞ്ഞില്ല.

ആ സ്ത്രീയുടെ സൌന്ദര്യമോ സൌഭാഗ്യമോ അല്ല, പർയ്യാധിപരുടെ മനസ്സിൽ മേൽപറഞ്ഞ വിചാരത്തെ ഉണ്ടാക്കിത്തീർത്തതു. ചെട്ടിനാട്ടുകാരായ ആ പ്രഭുമതം

നത്തിൽ തന്നെ, ആ യുവതി സ്വഗൃഹ ബഹുമാന്യയാണെന്നു പത്രാധിപക്കു ബോധ്യമായി. അവളുടെ നിലയും നോട്ടവും വിനയസൂചകമായ ശിരോനമനവും പുഞ്ചിരിയും കണ്ടാൽ, ആ മാന്യദേവതയ്ക്കു യാതൊരു വിധത്തിലും അവമാനമോ, മനോവേദനയോ ഉണ്ടാക്കിത്തീർക്കാൻ എത്ര കഠിനഹൃദയനും ധൈര്യം വരുകയില്ല.

"ദാസിയോടൊന്നു ചൊല്ലാമോ, എനിക്കു കാണാതിരിക്കരുതു്. സന്ധ്യയ്ക്കു മുമ്പു വന്നെത്താം" എന്നുമാത്രം നീട്ടിനോക്കാതെ, സാവധാനമായി നമ്പ്യാർ പറഞ്ഞു. അതു കേട്ടപ്പോൾതന്നെ ബഹുമാനസൂചകമായി കുനുകുടെ തല കുനിച്ചു പുഞ്ചിരിച്ചുകൊണ്ടു് ആ സ്ത്രീരത്നം തിരുമുൽപാടു വിട്ടു കോണിയിറങ്ങിപ്പോയി.

അതിഥികളുടെ ഭാവപ്പകർച്ച കണ്ടു്, തന്റെ ഭാഗ്യദേവതയുടെ വരവു തന്നെ അവമാനത്തിൽനിന്നു മോചിപ്പിച്ചു എന്നു നമ്പ്യാർ വിചാരിച്ചു. "ഞാൻ കുറച്ചു വയസ്സനായിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. എനിക്കു് ഇനി എത്രയോ നാൾ ജീവിച്ചിരിക്കേണ്ടതുണ്ടു്. ആ കാലമൊക്കെ ഞാൻ മാനക്ഷയം നിമിത്തം തലപൊക്കാതെ ഇരിക്കേണ്ടി വരുമല്ലൊ. നിങ്ങളും പെറുപ്പുള്ളീ ഇങ്ങിനെയൊരവമാനവും വഹിച്ചുകൊണ്ടു നിങ്ങൾക്കും ജീവിതം കഴിച്ചുകൂട്ടേണ്ടി വന്നാൽ നിങ്ങൾ അതെങ്ങിനെ സഹിക്കും?" എന്നു നമ്പ്യാർ ചോദിച്ചു. അയാളുടെ അപ്പോഴത്തെ സചിത്തിനുള്ള ആശയും വിശ്വാസവും സ്ഫുരിച്ചിരുന്നു.

"ആട്ടെ! നാളെ രാവിലെ വിവരം അറിയിക്കാം" — എന്നു് ഗൌരവത്തിൽ മുടുപാടു പറഞ്ഞതുകൊണ്ടു്, നമ്പ്യാരുടെ ഭാഗ്യദേവതയുടെ കടാക്ഷത്താൽ പരിപാവനമായിത്തീർന്ന ആ തിരുമുൽപാടിന്റെ വടിയാൽ ഇരുട്ടറയ്ക്കകത്തേക്കു മാറി, പത്രാധിപർ കൂട്ടുകാരനൊന്നിച്ചു് പുറത്തേക്കു നടന്നു.

കോണിച്ചുവട്ടിൽ എത്തിയപ്പോൾ മുമ്പിൽ നടന്നിരുന്ന പത്രാധിപർ തിരിഞ്ഞുനിന്നു്, "എന്താ? ലേഖനമെഴുതാൻ ഭാവമുണ്ടോ?" എന്നു് തന്റെ ചങ്ങാതിയോടു ചോദിച്ചു. "എന്തു്? ആ ദേവതയെ കണ്ടില്ലെ?" എന്നു് അദ്ദേഹത്തോടുകൂടെ റിപ്പോർട്ടർ മറുപടിപറഞ്ഞു.

'സാഹിത്യരത്നാകര'ത്തിനു കുറച്ചു നല്ല ലേഖനം നഷ്ടമായി. റിപ്പോർട്ടർക്കു കിട്ടാനിടയുണ്ടായിരുന്ന വിശേഷപ്രതിഫലവും കിട്ടാൻ വഴിയില്ലാതായി. നമ്പ്യാർ കുറച്ചു പാഠം പഠിക്കയും ചെയ്തു. അയാളുടെ ഭാവിയിൽ ഉണ്ടായിരുന്ന ദുർഗ്രഹവിശ്വാസം നശിക്കാത്തതു് വലിയൊരു ഭാഗ്യം തന്നെ.

അന്നു രാത്രി പത്രാധിപരും ചങ്ങാതിയും അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ നമ്പ്യാരുടെ കഥയെപ്പറ്റി സംസാരിച്ചു. അവമാനത്തെ ശങ്കിച്ചു് ആ ശുദ്ധമനസ്കൻ അന്നു രാത്രിതന്നെ ആത്മഹത്യ ചെയ്തുകളയുമോ എന്നു് ഇരുവർക്കും ശങ്കയുണ്ടായി. കുടുംബമഹിമയെ വിചാരിച്ചു് നമ്പ്യാരുടെ വഞ്ചനയെ പുറത്തറിയിക്കേണ്ടെന്നു പത്രഭാരവാഹികൾ തീർച്ചപ്പെടുത്തിയിരിക്കുന്നതായി ഒരു കത്തെഴുതി, ഉടൻതന്നെ ഒരു ഭൃത്യൻവശം നമ്പ്യാർക്കു് എത്തിച്ചുകൊടുത്തശേഷമായിരുന്നു നമ്മുടെ പത്രാധിപർ ഉറങ്ങാൻ പോയതു്

—ബി. കല്യാണിഅമ്മ, ബി. എ.

ലക്ഷ്മിവിലാസത്തിലെ കൊലപാതകം
അഥവാ
കമലാഭായി.

അദ്ധ്യായം — ൯.

ആത്മവിചാരണകൊണ്ടെന്നെ കമലയുടെ മേൽ സംശയകരമായ തെളിവുകൾ ഉണ്ടായതിനാൽ, മാധവിഅമ്മ സന്തുഷ്ടചിത്തയായി വീട്ടിലേക്ക മടങ്ങി. "ഇപ്പോൾ എല്ലാം ശരിയായി. അയാളുടെ സ്വത്തു മുഴുവനും തന്നെ അവർക്കു ലഭിച്ചു കൊള്ളട്ടെ. എന്നാൽ അതുകൊണ്ട് എന്തു പ്രയോജനമാണ്? ഒരുസമയം കമല കുറക്കാരിയല്ലെന്നതിനു വല്ല തെളിവുകളും ഉണ്ടായേക്കുമോ? അങ്ങനെ വരില്ല. കമലയുടെ മേൽ കുറ്റം ചുമത്തുന്നതിനു തക്കതായ ലക്ഷ്യങ്ങൾ കിട്ടിയിട്ടുണ്ടല്ലോ. അവൾ എന്റെ വലയിൽ ശരിയായി അകപ്പെട്ടു. കൊലചെയ്ത ആൾ സൌഖ്യമായിരിക്കുന്നു. അയാളെ ആക്ഷേപിക്കുവാൻ സംശയലേശംപോലുമില്ല. 'സ്വാത്മവത് സർവ്വത്രാക്ഷം ദൈവസഹായമുണ്ട്'— എന്നിങ്ങിനെ ചിന്തിച്ചുകൊണ്ട്, വീട്ടിൽവന്നു തന്റെ മുറിയിലേക്ക കടന്നപ്പോൾ, മേശമേൽ ഒരു എഴുത്തിരിക്കുന്നതു കണ്ടു. കത്തിന്റെ മേൽവിലാസം കണ്ടപ്പോൾ തന്നെ ഒന്നു ഞെട്ടി. എന്നിട്ട് വളരെ വെറുപ്പോടെ ആ എഴുത്തു പൊട്ടിച്ചു വായിച്ചു:

"പ്രിയേ:

ഞാൻ പിന്നെയും ഇവിടെ വന്നിരിക്കുന്നു. ഭവതിയെ കാണുവാനുള്ള ആഗ്രഹം എന്നെ ഈ ദിക്കു വിട്ടുപോകുവാൻ സമ്മതിക്കുന്നില്ല. ഞാൻ എത്രസമയത്താണ് വരേണ്ടതു? നാം തമ്മിൽ കണ്ടിട്ടു വളരെ കാലമായതുപോലെ തോന്നുന്നു. ഭവതിയെ പിരിഞ്ഞു ഞാനെങ്ങിനെ ജീവിക്കട്ടെ? എനിക്കു കാണുവാൻ അനുവാദം തരുമെന്നു വിശ്വസിക്കുന്നു. വിവരം ഉടനെ അറിയിച്ചു തരുവാൻ അപേക്ഷ.

എന്നു സ്വന്തം കേശവമേനോൻ."

മാധവിഅമ്മ, 'ഇതെന്തുപദ്രവമാണ്! നാട്ടുവിട്ടു പോയെന്നല്ലെ ഞാൻ വിചാരിച്ചതു? ഇനിയും ഈ ദിക്കിൽ തന്നെ ചുറ്റിത്തിരിയുന്നുവല്ലോ. അയാളോട് എനിക്കു അല്പം പോലും സ്നേഹം തോന്നുന്നില്ല. എന്നാലും ആ മനുഷ്യൻ പിന്നെയും പിന്നെയും എന്നെ ഉപദ്രവിക്കയും ചെയ്യുന്നു. എന്തുവിധമെങ്കിലും ഇവിടെനിന്നു പറഞ്ഞയയ്ക്കണം. എന്തായാലും കാണുവാൻ അനുവദിക്കുകതന്നെ. വല്ലതും പറഞ്ഞുഭയപ്പെടുത്തിനോക്കാം' എന്നുവിചാരിച്ച്, കേശവമേനോനു ഒരു മറുപടി അയച്ചു. പിറ്റെന്നു രാവിലെ മാധവിഅമ്മ എഴുന്നീല്ക്കുമ്പോഴേക്കും കേശവമേനോൻ അവിടെ ഹാജരുണ്ടായിരുന്നു.

കേശവമേനോൻ കാഴ്ചയിൽ ഒരു സുമുഖനാണ്. ദേഹപ്രകൃതി, അധികം ഉയർന്നതോ അധികം തടിച്ചതോ അല്ല. മുട്ടുപിരിയം ഒരു കള്ളലക്ഷണമാണെങ്കിലും, അയാളുടെ മുഖത്തിനു അതും ഒരു ഭംഗിയായി വിചാരിക്കാം. കണ്ണെഴുതിയിട്ടുണ്ടോ എന്നു സംശയിപ്പിക്കുന്നതായ ഒരു കറുപ്പുവർണ്ണം കണ്ണുകളുടെ ചുറ്റും ബാധിച്ചിട്ടുണ്ട്. അതും ഒരു സ്ത്രീലമ്പടനാണെന്നു ഒരൊറ്റനോട്ടത്തിൽ മനസ്സിലാക്കാം. ഈയാൾ മാധവിഅമ്മയുടെ ഒരു പഴയസ്നേഹിതനായിരുന്നുവെങ്കിലും,

അയമ്മയുടെ അടക്കൽ പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. കേശവമേനോൻ മാധവിഅമ്മയുടെരണ്ടു കൈകളും പിടിച്ചുകൊണ്ടു— "നിങ്ങൾ സ്വതന്ത്രയായല്ലൊ. ഈ വർത്തമാനം പത്രത്തിൽ വായിച്ചപ്പോൾ ഞാൻ എത്ര സന്തോഷിച്ചു." എന്നുപറഞ്ഞു് മാധവിഅമ്മയെ ആലിംഗനംചെയ്യുവാൻ ശ്രമിച്ചു. മാധവിഅമ്മ പതുക്കെ അയാളെ വിട്ടുമാറി, ഇങ്ങിനെ പറഞ്ഞു:-

മാധവി:— "എന്താ ആലോചിക്കാതെ സംസാരിക്കുന്നതു്? ഞാൻ സ്വതന്ത്രയായതുകൊണ്ടു എന്താ പ്രയോജനം? വിധവയായ എന്റെ സ്ഥിതിയെപ്പറ്റി വ്യസനിക്കയാണു് വേണ്ടതു്. കുറുപ്പിന്റെ മരണപത്രപ്രകാരം എനിക്കു യാതൊരു സ്വത്തും കിട്ടുന്നതല്ല."

കേശവ:— "നിങ്ങൾക്കു സ്വത്തുകളും ധനവും കിട്ടുകയില്ലെന്നോ? കുറുപ്പിന്റെ ആദ്യത്തെ മരണപത്രത്തിൽ ഞാൻ ഒരു സാക്ഷിയായിരുന്നുവല്ലൊ."

മാധവി:— "ആ മരണപത്രംനിങ്ങൾ കണ്ടിരുന്നുവൊ? എന്താ ആ വിവരം ഇതുവരെ എന്നോടു പറയാഞ്ഞതു്?"

കേശവ:— "അതു പറയുവാൻ ഞാൻ മറന്നുപോയി. അതു എഴുതിയതു ഏപ്പോഴാണെന്നു നിശ്ചയമുണ്ടോ? കുറുപ്പിനു പനി കലശലായി കിടന്നിരുന്നില്ലെ, ആ കാലത്താണ്. കഷ്ടം! നിങ്ങൾ അയാൾക്കുവേണ്ടി എത്ര കഷ്ടപ്പെട്ടു!"

മാധവി:— "അതുഞങ്ങളുടെ വിവാഹം കഴിഞ്ഞ ഉടനെ ആയിരുന്നു."

കേശവ:— "ആ കാലത്തു കുറുപ്പിനെ നിങ്ങൾക്കു വളരെ സ്നേഹമായിരുന്നു."

മാധവി:— "ആ ഞാൻ അക്കാലത്തു കുറെ സ്നേഹിച്ചിരുന്നു. എന്നെയല്ലാതെ, വേറെ ആരെയും സ്നേഹിക്കുന്നതല്ലെന്നു പറഞ്ഞിരുന്നു. അപ്പോൾ ആ മരണപത്രം എവിടെ?"

കേശവ:— "ഇനി അതുകൊണ്ടുവേ ശ്യമില്ലല്ലൊ. മറെറാരു മരണപത്രത്താൽ അയാളുടെ ഘാതകിക്കു സ്വത്തു മുഴുവനും കൊടുത്തിരിക്കുന്നുവെന്നല്ലെ പറഞ്ഞതു്? കഷ്ടം! ദ്വേഷ്യംകൊണ്ടും ദുരാഗ്രഹംകൊണ്ടും സ്ത്രീകൾ എന്തുചെയ്യുന്നതിന്നും മടിക്കുകയില്ല. അതു പോകട്ടെ. നാം എന്തിനാ വെറുതെ അന്യന്മാരുടെ കാര്യങ്ങൾ പറഞ്ഞു സമയം കളയുന്നതു്? ഇപ്പോൾ നിങ്ങളുടെ കാര്യമാണ് ആലോചിക്കേണ്ടതു്. നിങ്ങൾക്കു സ്വത്തു് ഒന്നുമില്ലല്ലൊ. ഇനി എന്തു ചെയ്യുവാൻ വിചാരിക്കുന്നു?"

മാധവി:— "അതിനെന്താ?— എന്റെ ആവശ്യങ്ങൾക്കു വേണ്ട സ്വത്തു എന്റെ കൈവശം ഉണ്ട്. എന്റെ സമ്പാദ്യങ്ങളൊന്നും നിങ്ങൾക്കു നിശ്ചയമില്ല."

കേശവ (ദ്വേഷ്യത്തോടെ)— "എന്തു? വേറെ ആളുകളോടു പണം വാങ്ങുന്നുവൊ? അങ്ങിനെയായാൽ നിങ്ങ—"

മാധവി— "എന്തിനാവെറുതെ ദ്വേഷ്യപ്പെടുന്നതു്? ഞാൻ ഒരു ദിനംടപ്പുകാരി അല്ല. അഥവാ അങ്ങിനെയായിരുന്നാലും എന്റെ നടവടികളെപ്പറ്റി നിങ്ങൾക്കു അന്വേഷിക്കേണ്ട ആവശ്യമെന്തു്? നിങ്ങൾക്കു എന്റെ മേൽ എന്തധികാരമു.

ണെന്നമനസ്സിലാവുന്നില്ല.”

കേശവ— “എന്തധികാരമെന്നോ? എനിക്കു നിങ്ങളുടെമേൽ പൂർണ്ണാധികാരമുണ്ട്. എന്തെന്നാൽ, ഞാൻ നിങ്ങളെ അത്ര അധികം സ്നേഹിക്കുന്നു. നിങ്ങളുടനടവടി ചീത്തയാണെന്നറിഞ്ഞാൽ ഞാൻ നിങ്ങളെ ഇപ്പോൾ തന്നെ കൊന്നുകളയും.”

മാധവി: — “കേശവമേനോനേ, കുറെ ആലോചിച്ചു സംസാരിക്കൂ. ഞാൻ എന്റെ ഇഷ്ടപ്രകാരം നടക്കും. എന്റെ കാര്യം യാതൊരാളും അന്വേഷിക്കേണ്ട ആവശ്യമില്ല; നിങ്ങൾ ഇവിടെനിന്നു പോയ്ക്കൊള്ളുക.”

കേശവ— “നിങ്ങൾ ദ്വേഷ്യപ്പെടേണ്ട. നിങ്ങൾക്കു ഏതുവിധത്തിലാണ് സമ്പാദ്യം ഉണ്ടെന്നു പറഞ്ഞതു്? അതു പറയുക.”

മാധവി: — “അതു ഇപ്പോൾ പറയുവാൻ സാധിക്കില്ല.”

കേശവ—: “ശരി. എന്നാൽ അതു പറയുവാൻ ഞാൻ നിർബ്ബന്ധിക്കുന്നുമില്ല. ഞാൻ നിങ്ങളെ എത്രയോ സ്നേഹിക്കുന്നു. വളരെധിറുതിയായി നിങ്ങളുടെ ഭർത്താവാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ വിവാഹം ചെയ്യാമെന്നു വാഗ്ദത്തം ചെയ്യൂ. അതു മാത്രമെ ഞാൻ ആവശ്യപ്പെടുന്നുള്ളൂ. നിങ്ങൾക്കുവേണ്ടി എന്തു ചെയ്യുന്നതിനും ഞാൻ തയാറാണു്.”

മാധവി: — “എന്തും ചെയ്യുമെന്നു എനിക്കറിയാം” (എന്നു പുച്ഛസ്വരത്തിൽ പറഞ്ഞു.)

കേശവ: — “എന്റെ ഭാര്യയായിരിക്കാമെന്നു സമ്മതിച്ചാൽ മതി. എനിക്കു ആ ഒരപേക്ഷ മാത്രമേ ഉള്ളൂ.”

മാധവി: — “കുറ്റിന്റെ സ്വത്തുക്കൾ യാതൊന്നും എനിക്കു കിട്ടുകയില്ലെന്നറിഞ്ഞും കൊണ്ടാണൊ എന്നെ വിവാഹംചെയ്യുവാൻ ഇഷ്ടപ്പെടുന്നതു?”

കേശവ: — “അതെ. ഞാൻ ദ്രവ്യം ആഗ്രഹിക്കുന്നില്ല. നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടതിലധികം സ്വത്തു എന്റെ വശം ഉണ്ടു. എനിക്കു നിങ്ങളുടെമേൽ അളവറ്റ പ്രേമം ഉണ്ടു്. എവിടെ, ഇങ്ങോട്ടു നോക്കൂ. എന്നെ വിവാഹം ചെയ്യാമെന്നു ഒരു വാക്കു പറഞ്ഞേക്കൂ.”

മാധവി — “ഞാൻ നിങ്ങളെ വിവാഹം ചെയ്യുകയില്ല.”

കേശവ—: “എന്തുകൊണ്ടു്?”

മാധവി—: “ഒരാളെ വിവാഹം ചെയ്തതുകൊണ്ടു കിട്ടിയ സുഖം മതി.”

കേശവ: — “മാധവി അമ്മേ! നിങ്ങൾ എന്റെ ഭാര്യയായിരിക്കില്ലെ. എന്താ ഇങ്ങിനെ നേരംപോക്കു പറയുന്നതു്? എന്നെ സ്വീകരിക്കാതിരിപ്പാൻ കാരണമെന്താണു്?”

മാധവി: — “ഞാൻ നിങ്ങളെ എങ്ങിനെ സ്നേഹിക്കട്ടെ? നിങ്ങളെ കാണുമ്പോൾ തന്നെ എനിക്കു ഭയമാകുന്നു.”

കേശവ: — “എന്നെ കാണുമ്പോൾ ഭയമാകുന്നുവൊ? എന്റെ എന്തു ക്രൂരതയാണു് നിങ്ങളെ ഭയപ്പെടുത്തിയതു്?”

മാധവി: — “ഒരാളോടു ഒരുവിധം പ്രവർത്തിച്ചാൽ, വേറൊരാളോടും അതേവിധം പ്രവർത്തിക്കുന്നതിനു മടിക്കുമൊ?”

കേശവ—: “നിങ്ങൾ പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാവുന്നു

ല്ല.” (എന്നുപറഞ്ഞു മാധവിഅമ്മയെ സൂക്ഷിച്ചുനോക്കി.)

“ഞാൻ വെളിവായി പറയട്ടെ?” എന്നു മാധവിഅമ്മ ഉറക്കെ ചോദിച്ചു.

—തരവത്തു ജാനകി അമ്മ.

എഡിസനും യുദ്ധവും.

‘ഫോണൊഗ്രാഫ്’ എന്ന സ്വനഗ്രാഹിയന്ത്രത്താലും മറ്റും കീർത്തിപ്പെട്ടിട്ടുള്ള എഡിസൻ എന്ന അമേരിക്കൻ ശാസ്ത്രതത്പരനേപ്പറ്റിയെക്കുറിച്ചു് കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. ഇപ്പോഴത്തെ യൂറോപ്യൻയുദ്ധം നിമിത്തം, ഇദ്ദേഹം ഒരു വിഷമഘട്ടത്തിൽ പെടേണ്ടി വന്നിരിക്കുന്നു. സ്വനഗ്രാഹിയന്ത്രങ്ങളിൽ, പ്രസംഗങ്ങളെയും മറ്റും രേഖപ്പെടുത്തി വച്ചിരിക്കുന്ന ‘റെക്കാർഡു’ (സ്വനബിംബം)കൾ ഉണ്ടാക്കുന്നതിന് അവശ്യം വേണ്ടതായൊരു സാധനം കാർബോളിക് ആസിഡ് എന്ന അമ്ലപദാർത്ഥമാകുന്നു. ഇതു് ശരാശരി കണക്കടൻ ഭാരം വീതം ദിവസത്തേക്കും ചെലവാകാറുണ്ടു്. ഇതൊക്കെ ഇംഗ്ലാണ്ടിൽനിന്നും ജെർമനിയിൽനിന്നും ആയിരുന്നു, എഡിസൻ മേടിച്ചിരുന്നതു്. അവിടങ്ങളിൽ കല്ലൂരിയിൽനിന്നു സംഗ്രഹിക്കുന്നതാണു് ഈ സാധനം; ഇതു് അമേരിക്കയിൽ ഉണ്ടാക്കാൻ സാധിക്കയില്ലെന്നു് ഒരു വിശ്വാസവും ചിലർക്കുണ്ടായിരുന്നു. യുദ്ധംനിമിത്തം, ഈ സാധനം കിട്ടാതായപ്പോൾ, എഡിസൻ വളരെ കുഴങ്ങി; എന്തു ചെയ്യേണ്ടു എന്ന ആലോചനയായി. അമേരിക്കയിലെ കല്ലൂരിയിൽനിന്നു് കാർബോളാക്കാസിഡ് കിട്ടുകയില്ലെങ്കിൽ, ആ അമ്ലത്തിലടങ്ങിയ മൂലതത്വങ്ങളെ സംഗ്രഹനംചെയ്തു് ആ അമ്ലം ഉണ്ടാക്കാൻ സാധിക്കയില്ലയൊ, എന്നു് എഡിസൻ ചിന്തയുടങ്ങി; അതോടുകൂടി, തന്റെ രാസപ്രയോഗശാലയിൽ കടന്നു്, ഊണുമുറക്കവും ഉപേക്ഷിച്ചു്, രാപ്പകൽ, ചില രാസപ്രയോഗങ്ങൾ നടത്തി. മൂന്നാം ദിവസത്തിന്റെ അന്ത്യത്തിൽ, തന്റെ ആഗ്രഹം സഫലമായി കാണുകയും ചെയ്തു. ഇനി, ഈ പുതിയ സമ്പ്രദായം അനുസരിച്ചു് കാർബോളാക്കാസിഡ് ഉണ്ടാക്കിത്തരാമോ എന്നു്, അദ്ദേഹം, ചില രാസനിർമ്മാണശാലക്കാരോടു് അന്വേഷിച്ചതിൽ, ആറു്, ഏഴു, എട്ടു്, ഒമ്പതു് മാസകാലം കഴിയുമ്പോൾ ചരക്കു കൊടുത്തുകൊള്ളാമെന്നായിരുന്നു അവരുടെ മറുപടി. ഇതുകൊണ്ടു തൃപ്തിപ്പെടാതെ, അദ്ദേഹംതന്നെ അതുണ്ടാക്കാമെന്നു നിശ്ചയിച്ചുകൊണ്ടു്, പത്തുനാല്പതാളുകളെ അതിനായി നിയോഗിച്ചു് രാസനിർമ്മാണസാമഗ്രികൾ തയ്യാറാക്കി; പിന്നെ പതിനേഴുദിവസംകൊണ്ടു് എഴുനൂറു റാത്തൽ കാർബോളാക്കാസിഡ് ഉണ്ടാക്കിയെടുക്കയും ചെയ്തു. ഇപ്പോൾ ആ ശാലയിൽ ദിവസത്തോറും പണി നടക്കുന്നുണ്ടു്; ഒരു ദിവസത്തിൽ രണ്ടായിരം റാത്തൽ അമ്ലം ഉണ്ടാക്കാൻ പ്രയാസമില്ലെന്നും കണ്ടിരിക്കുന്നു. മറ്റുള്ളവർ, ചുരുങ്ങിയതു് ആറുമാസം കൊണ്ടേ സാധിക്കൂ എന്നു പറഞ്ഞ കാര്യം, എഡിസൻ, പതിനേഴുദിവസം കൊണ്ടു് സാധിച്ചു; ബുദ്ധിശക്തിയുടെയും ഉത്സാഹശക്തിയുടെയും മഹിമ നോക്കുക!

യുദ്ധമദ്ധ്യേ.

ജെർമനിയിലെ ക്രുപ്പ് കമ്പനി എന്നു കേൾപ്പിച്ചിട്ടുള്ള തോക്കുപണിക്കാർ, ഇതിനിടയ്ക്കു ഒരു പുതിയ തരം വലിയ പീരങ്കി ഉണ്ടാക്കിയിരിക്കുന്നു. ഇതിൽനിന്നു പുറപ്പെടുന്ന വെടിയുണ്ട ഇപ്പോഴത്തേഴമൈൽ ദൂരം പായുമെന്നും; ഒമ്പതുമൈൽ ദൂരത്തുകവിഞ്ഞു തെറുകയില്ലെന്നും പറയപ്പെട്ടിരിക്കുന്നു. വിദ്യുച്ഛക്തി ഉപയോഗിച്ചിട്ടാണ് വെടി തീക്കുന്നതു്; വെടിയുണ്ടയ്ക്കു് ഇരുപതരാണ്ടുഭ്രമം ഉൾക്കൊട്ടിയുണ്ടു്. ഇത്തരത്തിലുള്ള ഒരു പീരങ്കിയെ തിവണ്ടിവഴി കൊണ്ടുപോവാൻ പത്തു പന്ത്രണ്ടു് (വണ്ടി) കാൾ വേണ്ടിവരും.

* *

യുദ്ധം ഹേതുവായി കച്ചവടം നില്ക്കയാൽ, ആസ്ത്രിയയിൽ ഇപ്പോൾ ചായ(തേയില) കിട്ടുവാൻ മിക്കവാറും അസാധ്യമായിത്തീർന്നിരിക്കുന്നു; അതിനുപകരം ഒന്നുപയോഗിക്കുന്നുണ്ടോ? ചെടിയുടെ ഇല ഉപയോഗിപ്പാനും തുടങ്ങിയിരിക്കുന്നു. ഇത്തരത്തിലുള്ള ഇല കൊണ്ടുണ്ടാക്കുന്ന പാനീയം ചായയോളം നല്ലതല്ലെങ്കിലും, ചായയിലുള്ള 'ടാനിൻ' എന്ന സാരദ്രവ്യം ഈ ഇലയിലും ഉള്ളതിനാൽ, ഇതിനു് ചായയുടെ ഗുണം ലഭിക്കുന്നുണ്ടെന്നു കണ്ടിരിക്കുന്നു. ഈ ഇലകൾ പറിച്ചെടുത്തു് ഉണക്കി പാകമാക്കുവാൻ, പ്രായം ചെന്ന പുരുഷന്മാർക്കു 'പെട്ടാളച്ചേവുകം'ത്താൽ സൗകര്യമില്ലാത്തതുകൊണ്ടു്, പാഠശാലകളിൽ വായിക്കുന്ന കുട്ടികളെയാണു് നിയോഗിച്ചിരിക്കുന്നതു്.

* *

ഇന്ത്യൻസമുദ്രത്തിലും ബെംഗാൾ ഉൾക്കടലിലും അറബിക്കടലിലും ഇന്നയിടപ്രാക്രമങ്ങൾ കാട്ടിയിരുന്ന 'എമ്ഡെൻ' എന്ന ജെർമൻപടക്കപ്പലിന്റെ ശവക്കല്ലറയായിത്തീർന്നതു് കൊക്കോസ്ദ്വീപതീരമാണെന്നു പ്രസിദ്ധമാണല്ലൊ. ഈ ദ്വീപം പവിഴപ്പാറകൾ നിറഞ്ഞതുണ്ടായിട്ടുള്ളതാണു്. ൧൮൰൦ വർഷത്തിൽ, ഈപ്രവാളദ്വീപിനെ ക്യാപ്റ്റൻ കീലിങ് എന്ന കപ്പിത്താൻ സന്ദർശിക്കുന്നിമിത്തം ഇതിനു് കീലിങ്ദ്വീപു് എന്നു പേർ വിളിച്ചുവരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശയിൽ, സ്കോട്ലാണ്ടിൽനിന്നു് ജോർജ്ജ് റാസ്സ് എന്ന പേരായൊരുവൻ ഈ ദ്വീപിൽ കുടിയേറിപ്പാർക്കയും, കൃഷിത്തോട്ടങ്ങളും ഉണ്ടാക്കുകയും ചെയ്തു. റാസ് ഈ ദ്വീപിൽ ആദ്യമായി 'കൊക്കോനട്ട്' മരംനട്ടു പിടിപ്പിക്കുകാരണമായി, ഇതിനു് 'കൊക്കോസ്' ദ്വീപു് എന്നു പേരുണ്ടായി. റാസ്സിന്റെ പിന്തുടർച്ചക്കാർ തന്നെയാണു് ഇപ്പോഴും ഈ ദ്വീപിന്റെ അധികാരികൾ; അവർക്കു 'കൊക്കോസ്ദ്വീപരാജാവു്' എന്നു സ്ഥാനപ്പേർ വിളിച്ചുവരാറുമുണ്ടു്. പ്രകൃതിവിജ്ഞാനാന്വേഷികൾക്കു്, ഈ ദ്വീപു് വളരെ മുഖ്യമായ ഒരു പ്രകൃതിവിശേഷലക്ഷ്യമാണെന്ന അഭിപ്രായമുണ്ടു്; ജീവജന്തുക്കളുടെ പ്രവൃത്തികൊണ്ടു് സമുദ്രത്തിൽ എങ്ങിനെ ദ്വീപങ്ങൾ ഉണ്ടാകുമെന്നതിനു് ഇതൊരു ദൃഷ്ടാന്തമാകുന്നു. പവിഴപ്പുഴുക്കൾ കൂട്ടംകൂടി 'അറാൽ' എന്നപവിഴപ്പാറ വളയങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതിനു് ഒരു് ഉത്തമോദാഹരണമായി ഇതിനെയാണു് ഡാർവിൻ എന്ന ശാസ്ത്രജ്ഞൻ വർണ്ണിച്ചിരിക്കുന്നതു്.

പലവക.

റഷ്യയിൽ മോസ്കോനഗരത്തിൽ ഒരു വിശേഷപ്പെട്ട സംഘസ്ഥാപനം (ക്ലബ്) ഉണ്ടു: ഈ സ്ഥാപനത്തിനുള്ളിൽ കടന്നാൽ പിന്നെ സാമാജികന്മാരുടെ ശബ്ദപ്രാൻ പാടില്ലെന്നു നിയമം ഏർപ്പെടുത്തിയിരിക്കുന്നു. ചതുരംഗം, ചീട്ടുകളി, മുതലായ പലേ വിനോദങ്ങൾക്കും അവിടെ വ്യവസ്ഥചെയ്തിട്ടുണ്ടെന്നിരുന്നാലും, സാമാജികന്മാർ തമ്മിൽ മനോഗതങ്ങളെ അറിയിപ്പാൻ ആംഗ്യം കാട്ടുകയല്ലാതെ, സംസാരിക്കാറില്ല. ആ സ്ഥാപനം സംബന്ധിച്ചു ഭോജനശാല, പുസ്തകശാല, മുതലായ ശാലകളിലൊക്കെയും ഈ നിയമം ആചരിച്ചുവരുന്നു: ഭൃത്യന്മാർക്കു ആജ്ഞകൾ നല്കുന്നതു ചില പ്രത്യേകചിഹ്നങ്ങളുടെയുതകിടുകൾ എല്പിക്കുകെ വഴിക്കാകുന്നു.

* *

ജെർമൻചക്രവർത്തിനിയുടെ ഉടുപ്പുകളൊക്കെയും ബെർലിൻനഗരത്തിൽ തന്നെ ഉണ്ടാക്കുന്നവയാകുന്നു. നാലായിരം പവനോളം ചെലവാകാറുണ്ടെന്നും കാണുന്നു. ഇരുത്തോളം തന്നെ റഷ്യൻചക്രവർത്തിനിയും ചെലവാക്കുന്നുണ്ടെങ്കിലും അവർ പ്രതാപം വെടിയുന്നു. ഇംഗ്ലാണ്ടിലെ മേരിരാണിയുടെ ഉടുപ്പുകൾ സാധാരണയായി റാണിയുടെ സ്വന്തം മേൽനോട്ടത്തിൽ കൊട്ടാരത്തിനകത്തുവച്ചു തന്നെയുണ്ടാക്കുന്നവയാകുന്നു. ഇവ വളരെ ലക്ഷ്യാധികങ്ങളുമാകുന്നു.

* *

പ്രാൻസിന്റെ വടക്കേതിരുത്തു പാർക്കുന്ന കൃഷിക്കാരുടെ മുഖ്യമായ കൃഷി ഉള്ളിയാണ്; ഇതു് ധാരാളം കൃഷിചെയ്യാറും ഉണ്ടു്. ഇംഗ്ലാണ്ടിലെ തെക്കൻപ്രദേശങ്ങളിൽ കൊണ്ടുപോയിട്ടാണു് അവർ ഉള്ളി വില്ക്കുന്നതു്. ഇതിന്നായി അവർ കൊല്ലന്തോറും ഇംഗ്ലാണ്ടിലെക്കു പോകുന്നു. സാധാരണയായി, പതിനാലാംകൂടി ഒരു മീൻപിടിത്തബോട്ടു് കുലിക്കു മേടിക്കുന്നു; അതിന്നു എഴുനൂറു ഫ്രാങ്ക് കൊടുക്കണം. ഒരു ബോട്ടിൽ അറുപതു ടൺ ഭാരം ഉള്ളികയററാറുണ്ടു്. ഈ ചരക്കുംകൊണ്ടു ചെന്നു് ഇംഗ്ലാണ്ടിലെ പല തുറമുഖങ്ങളിലുടനീളം അവിടങ്ങളിൽ സൂക്ഷിച്ചുവെപ്പാനായി ഭാണ്ഡശാലയിൽ എല്പിക്കും. സ്ഥലവാടക, മുതലായവയ്ക്കു ഇരുനൂറുപവനോളം ചെലവുവരും. ഒരു മൂന്നുമാസകാലം ഇംഗ്ലാണ്ടിൽതന്നെ പാർത്തു്, ആ കൃഷിക്കാർ, സ്വയമായി നഗരങ്ങളിലും ഗ്രാമങ്ങളിലും വില്പനനടത്തുകയും ചെയ്യും. ഇങ്ങിനെ കച്ചവടംനടത്തുന്നവരിൽ ഒരുവൻ ഇരുപത്തൊമ്പതു കൊല്ലം തുടരെ ഇംഗ്ലാണ്ടിൽ ചരക്കുംകൊണ്ടു ചെന്നിരുന്നതായി പറയപ്പെട്ടിരിക്കുന്നു.

മതിപ്രതിമ.

ലോകം ആസകലം ഒരു കൃത്രിമങ്ങാണു്; ഈശ്വരന്റെ എല്ലാ ശക്തികളും, നീതിയും, അറിവും, പ്രേമവും, കരുണയും നാട്ടകപാത്രങ്ങളാകുന്നു.

—ഡഞ്ചാർട്ടൻ.

P. Subbaroy's

World- renowned and Most Efficacious

AYURVEDIC MEDICINES

ക. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ വിശപ്പില്ലായ്മ നെത്രം, കൈകാൽ മുതലായവയുടെ നീറൽ, നിറൊഴിവ, മധുമേഹം, കല്ലടപ്പ (മൂത്രാഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്ക വില ക. തപാൽ ചിലവ ഒണ. വെറെ

ഖ. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചു തികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം വയറുനോവ, വായനാറ്റം അജീർണ്ണം വയറുവീർപ്പ നിദ്രാഭംഗം മുതലായ പിത്തൊപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പിക്ക വില അണ വ്യ. ഖ ഡപ്പികൾവരെ തപാൽ ഒണ. വെറെ.

ന. പ്രമേഹനിവാരണി.

സിരാമേഹം, ഇടപ്പുവലി, മൂത്രമധികമായുംതടഞ്ഞും പോവുക, മേസ്തപ്പുകച്ചിൽ, രക്തമേഹംമുതലായവ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിക്കും. ഋതുകാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കപ്പി ഫക്ക വില ക. ഫ. യ കപ്പികൾ വരെയുള്ള ബങ്കിക്ക തപാൽ ചിലവ ഒണ. വെറെ

ര. ലക്ഷ്മീകരകസ്തൂരി ഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പൊഴും സശ്രദ്ധം ഉപയോഗിക്കേണ്ടും വിലയേറിയ സാധനം. ദന്തവേദന, വായനാറ്റം അജീർണ്ണം പിത്തവായു, ഇവയെശമിപ്പിക്കും. തനിച്ചും താംബൂലത്തൊട്ടകൂടിയൊ ഉപയോഗിക്കാം. ആഹാരത്തൊട്ടകൂടി ഒ ഗുളികകളെഉപയോഗിച്ചാൽ ഏതുഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും പ്രസവകാലത്തുതാംബൂലത്തൊട്ടകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ലാ. അപായകരമായയാതൊരു ലഹരി സാധനങ്ങളും ചെത്തിട്ടില്ലകാശ്മീരത്തുനിന്നുവരുത്തിയകസ്തൂരി പച്ചക്കർപ്പൂരം മുതലായ അധികം വിലയേറിയ സമാധനങ്ങളും ഇതിൽചേർത്തിട്ടുണ്ട്. ഛർദ്ദി കാസശ്വാസം, ജ്വരം, അതിസാരം, പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സിനെറ ഏറാക്കുറച്ചിൽ പോലെ രണ്ടു മുതൽ നാലുവരെ ഗുളികകളും വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും. കപ്പി ഫക്ക വില രൂണ. മുതൽ ഫ വരെ കപ്പികളും അടങ്ങിയ ബങ്കിക്ക തപാൽ ചിലവ ഒണ വെറെ.

ങ. വെദനസംഹാരി തൈലം.

ഈ തൈലം അല്പം പിരട്ടിയാൽകൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം മുടക്കവാതം, നെഞ്ചുനൊവു തലവെദന ഒരു ഭാഗത്തുണ്ടാവുന്ന ശൂല ഇടപ്പുവേദന പാശ്ചവായു മേഹവായു, തിമിരം മുതലായ പലവ്യാധികളും ഭേദപ്പെടും. കപ്പി ഫക്ക വില ക. ഫ. ന കപ്പികൾവരെ തപാൽ ചിലവ ഒണ ഒ.

ന. സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവ ബഹു പുഷ്ടിയായും ഞെരുക്കമായും വളരും. കണ്ണിനു കളർമയുണ്ടാകും സകല കൺനോവുകളും തലവെദനകളും നീങ്ങുംചെമ്പട്ടരോമം കറുക്കും രോമം കൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിവുണ്ടാകും കപ്പി ഫക്ക വില വ്യണ രണ്ടു കപ്പികൾ വരെ തപാൽ ചിലവ ഒണ വെറെ.

ഒ. നേത്രബിന്ദു.

കണ്ണിൽ ഉണ്ടാവുന്ന കൺനോവു, കൺപുകച്ചിൽ, കൂവം നിരെട്ടപ്പ മഞ്ഞൽ മാലക്കണ്ണ പീളകെട്ടൽ, ദശവളപ്പ പൂവ്വ ചെരപ്പ എരിച്ചൽ ഇ പുരികം ഇവയുടെവലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കപ്പി ഫക്ക വില വ്യണനകപ്പികൾവരെ തപാൽചിലവ ഒണ.

കണ്ണഞ്ചിന്ദു

ചെവിക്കുത്തു, ചെവിയടപ്പു ബധിരത്വം മുതലായ കണ്ണ്രോഗങ്ങളെ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാക്കും. കുപ്പി ഒക്ക വില വ്യത്യാസം. ൩ കുപ്പികൾവരെ തപാൽ ചിലവ ഒന്നു വെറെ.

൩. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി, തീപ്പൊള്ളൽ, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാറും തേമൽ, മേഹകുഷ്ഠം മുതലായവയെ ശമിപ്പിക്കും. കുപ്പി ഒക്ക വില രൂപ. ൩ കുപ്പികൾ വരെ തപാൽ ചിലവ ഒന്നാണ

൪. സുഖവിരേചന ഗുളികകൾ.

മലശോധന ശരിപ്പെടുത്തും. ജീർണ്ണം, പിത്തോപദ്രവങ്ങൾ വായു മലപ്പിടുത്തം, അഗ്നിമാന്ദ്യം വാതം മുതലായ പലരോഗങ്ങളെയും ശമിപ്പിക്കും. ഡപ്പി ഒക്ക വില വ്യത്യാസം ൩ വരെ ഡപ്പികൾക്ക തപാൽ ചിലവ ഒന്നു വെറെ

൫. ജ്വരസംഹാരി

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. ഡപ്പി ഒക്ക ഒന്നു. തപാൽചിലവ ഒന്നു വെറെ

൬. രോമസംഹാരി

രോമം വെണ്ടാത്തടിക്കിൽ ഈ മരുന്നുപിരട്ടിയാൽ യാതൊരു വെദനയുമുണ്ടാകാതെ രോമത്തെ നീക്കും. കുപ്പി ഒക്ക വില രൂപ ൩ കുപ്പികൾവരെ തപാൽകൂലി ഒന്നു വെറെ

൭. ദന്തച്ചൂർണ്ണം

സുഗന്ധമായുള്ളത. എല്ലാമാതിരി ദന്തരോഗങ്ങളെയും നീക്കും. കുപ്പി ഒക്ക വില രൂപ ൩ കുപ്പികൾവരെ തപാൽ ചിലവു ഒന്നു വെറെ

൮. സ്ത്രീലിതരക്ഷണി

ബലഹീനതയാലും അതൃഷ്ണത്താലും മാറുമൊടുകുന്ന ഇന്ദ്രിയസ്ത്രീലിതത്തെ നീക്കും ഡപ്പി ഒക്ക വില വ്യത്യാസം ഡപ്പിക

൯ വരെ തപാൽ ചിലവ ഒന്നു വെറെ.

൯. മൂഗകസ്തൂരി :

കാശ്മീരത്തുനിന്നു വരുത്തീട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു. ഉറപ്പികുത്തുകത്തിനു രൂപ വില ഒക മുതൽക്കുള്ള എതു സംഖ്യക്കും കൊടുക്കപ്പെടും തപാൽ ചിലവ പുറമെ.

൧൦. തൊൽക്കടിക്കുള്ള സിദ്ധൌഷധം

കടിവായിൽ ഏതാനുംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണു എല്ലാ വീടുകളിലും ഓരൊ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണു. കുപ്പി ഒക്ക വില രൂപ.

ഇന്ത്യയിലും ബർമ്മയിലും ഒക മുതൽ ൫൦ വരെ കുപ്പികൾക്കു വി. പി. ചിലവ വ്യത്യാസം വെറെ. സിലോണിൽ മേപ്പടിക്കു ഒന്നായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്ന വക്കു ഡജൻ ഒന്നക്ക ൧-൫-൦ പ്രകാരം കൊടുക്കപ്പെടും. വി. പി ചിലവു ഡജൻ ഒക്ക ഒന്നു വെറെ.

൧൧. വ്രണനാദശകരതൈലം

ഈ തൈലം വെള്ളത്തുണിയിൽ പിരട്ടി വ്രണത്തിൽ വെച്ചു കെട്ടിയാൽ സകലവിധവ്രണങ്ങളും ക്ഷണത്തിൽ സുഖപ്പെടുന്നതാണു കുപ്പി ഒക്ക വില വ്യത്യാസം. ഇന്ത്യയിലും ബർമ്മയിലും ഒക മുതൽ ൫൦ വരെ കുപ്പികൾക്കു വി. പി. ചിലവ ഒന്നു വേറെ.

൧൨. അത്ഭുതകരകണ്ണൗഷധിഗുളികകൾ

ഈ ഗുളികകൾ സേവിക്കുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണു. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവർക്കു പ്രത്യേകാവശ്യമുള്ളതാണു. തൊണ്ടയടപ്പിനും പ്രത്യൌഷധമാണു കുപ്പി ഒക്ക വില വ്യത്യാസം. ഇന്ത്യയിലും ബർമ്മയിലും ഒക മുതൽ ൫൦ വരെ കുപ്പികൾക്കു വി. പി. ചിലവ ഒന്നു വെറെ.

൧൩. ദേഹശ്രീകരപരിമളചൂർണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തൽ തെച്ചുകുളിച്ചാൽ ദേഹ

ത്തിൽനില്ലവാസനയുണ്ടാകും. തെമൽ, കൈകാൽ നീറൽ, ശരീരവറൾച്ച, കഴപ്പൻ, തലവേദന, പോരിമേഹം, മേഹവറൽ മുതലായതുകൂടാതെ മറു അനേക തരത്തിലുള്ള രോഗാഹങ്ങൽ മാറുന്നതുമാണ. കാന്തിയും ആരോഗ്യവും ഉണ്ടാകും കട്ടികൾക്കും പ്രായം ചെന്നവക്കും ഉപയൊഗിക്കാവുന്നതാണ. ഡപ്പി ഫക്ക വില വുന്ന, വി. പി. ചിലവ നുണ വെറെ.

൨൦. സഞ്ജീവഗുളിക

തലകത്ത, തലവെദന, ഉറക്കമില്ലായ്മ വയററിലുണ്ടാവുന്നവായുവികാരം ജലദൊഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു പ്രത്യൌഷധമാണ. പ്രായംചെന്നവക്കും മേപ്പടി രൊഗങ്ങൾക്ക ഈ ഗുളികകൾ ഉപയൊഗിക്കാവുന്നതുമാണ.

കുപ്പി ഫക്ക വില ഫാണ ഇന്ത്യയിലും ബമ്മയിലും മുതൽ നുവരെ കുപ്പികൾക്ക വി. പ. ചിലവ ഒണ വെറെ.

൨൧. ഉയന്തരം ഗൊരൊചനഗുളിക

ഈ ഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പരിക്കും വയറിളകിപ്പൊകൽ, അജീർണ്ണം, ചുമ, ജലദൊഷം, തലവെദന മുതലായ രൊഗങ്ങൾക്കും പ്രായംകുറഞ്ഞവക്കും പ്രായം തികഞ്ഞവക്കും ഒരുപൊലെ ഉപയൊഗിക്കാവുന്നതും ഫലത്തെകൊടുക്കുന്നതുമാകുന്ന കുപ്പി ഫക്ക വില ഫാണ. ഫ മുതൽ നുവരെ കുപ്പികൾക്ക വി. പി. ചിലവ ഒണ വെറെ

൨൨. തപഗ്രൊഗസംഹാരി

ചൊറി, ചിരങ്ങ പുഴുക്കടി, കഴപ്പൻ മുതലായി കുട്ടികളെ ബാധിക്കുന്ന വലവിധ തപഗ്രൊഗങ്ങളും ഈ മരുന്നു പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണ. കുപ്പി ഫക്ക വില വുന്ന. ഫ മുതൽ വവരെ കുപ്പികൾക്ക വി. പി. ചിലവ ഒണ വെറെ

൨൩. കെശസുവാസനി

ഈ ഔഷധം എത്രയും വിലയെറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളെയും വെറെ ഉചിതമായ നാട്ട ഔഷധങ്ങളെയും ചെർത്തു ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവെദന, തലരിച്ചൽ മുതലായ ശിരൊവ്യാധികൾക്ക വശെഷമായ മറുള്ള ഔഷധങ്ങളെക്കാൾ ഗുണത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും പുറമെ തലമുടിയെ കറുപ്പിച്ച അധിക ആഹ്ലാദത്തൊട്ട വളച്ചുയെ ചെയ്യും. രൊമങ്ങളുടെ കൊഴിച്ചലിനെ തീരെ നിർത്തും പരീക്ഷിച്ചാൽ സന്തൊഷിക്കാം. കുപ്പി ഫക്ക വില ക ..ഫ മുതൽ വവരെ കുപ്പികൾക്ക തപാൽ ചാർജ് അണ ൪

൨൪. രക്ഷാമൃതം

സ്ഥാവരവസ്തുക്കളിൽ അനെക അംപൂവ്വമൂലികകളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂർണ്ണം കാപ്പിചായ ഇതുകൾക്കുപകരം ഉപയൊഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണ കുപ്പി.പാൽ ഇതുകൾക്കുള്ള ദിർഗ്രുണങ്ങൾ ഇതിനില്ലാ. കാപ്പിപ്പൊടിയെ നാം ഏതു പ്രകാരം ഉപയൊഗിക്കുന്നുവൊ അതേപ്രകാരം ഇതിനെയും ഉപയൊഗിച്ചാൽ ഏറവും രുചിയുള്ള ഒരു പാനമാകും. ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവക്കും ഉപയൊഗിക്കാം. ജ്വരം സന്നിപ്രസവം ഛർദ്ദിഅതിസാരംമുതലായ കാലങ്ങളിൽമെപ്പടി ചൂർണ്ണത്തിൻ കഷായത്തെ പാൽക്കുട്ടിയൊ കുട്ടാതെയൊ സമയത്തിൻ തക്കപൊലെ ഉപയൊഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നുഗ്രഹണപ്പെടുത്തുന്നതിനും പുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായുകാസം, ക്ഷയം അജീർണ്ണം, മലബന്ധം തലവലി മുതലായ രൊഗങ്ങളെമാറും രക്തത്തെ ശുദ്ധിചെയ്ത ധാതുപുഷ്ടിയെയും ദെഹാരൊഗ്യത്തെയുംതരും അഗ്നിമാന്ദ്യംഉള്ളവക്കും മൂത്രരൊഗികൾക്കും എത്രയും വിശെഷമായ മരുന്നു. ഈമരുന്നിനെ ക്രമമായി ഉപയൊഗിച്ചുവന്നാൽ മൂത്രരൊഗികളുടെ

നീരിലുള്ള മധുരത്തെയും നീരിൻ അളവെയും കുറച്ച മൂത്രരോഗത്തെ ഭേദമാക്കി സുഖപ്പെടുത്തും. ദേഹത്തിലുള്ള ഉഷ്ണത്തെശാന്തിചെയ്യും ബുദ്ധിക്കു നല്ല തീവ്രതയുണ്ടാക്കും. പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ വിരോധമുണ്ടാകുള്ള കുപ്പി, ചായ ഇതുകളെ വിട്ട ഈ ചൂർണ്ണത്തെ ഉപയോഗിക്കുന്നതുവളരെ അനുകൂലം.

ഡപ്പി ഒക്ക വില നു. അണ വി- പ- ചിലവു നൂണ വെറെ. വ്യണമുള്ള മുൻകൂറായി അയച്ചാൽ ഫ ഡപ്പി അയക്കപ്പെടുന്നതാകുന്നു.

൨൪. സർബത്തുകൾ

മുന്തിരിങ്ങാപ്പഴം, നന്നാറിവെരു രോസാപ്പൂപ്പഴം, വാഴപ്പഴം ചെറുനാരങ്ങ, മധുരനാരങ്ങ, ബദാംകൊട്ടപ്പഴം, ശീമഏലന്തപ്പഴം ഇഞ്ചി, ഈവക സർബത്തുകൾ ഏറ്റവും വിശേഷമായ പഴവർഗ്ഗങ്ങളിൽനിന്നൊടത്ത ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു ഈ സർബത്തുകൾ തുള്ളിക്കുണക്കിൽ ഉപയോഗിച്ചാൽമതി. മേപ്പടി സർബത്തുകളിൽ നിന്നു അഞ്ചൗൺസുള്ളികൾഒരുസെർ പച്ചവെള്ളത്തിൽ ചെത്താൽ ഏറ്റവും മധുരമായും ഏതുപഴത്തിൽനിന്ന സർബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയൊട്ടുകൂടിയതായും ഇരിക്കും- വലിയ കുപ്പികളിൽ അടച്ച സാധാരണയായി അങ്ങാടികളിൽവില്ക്കുന്ന സർബത്തുകളെക്കാൾ പതിനായിരം പങ്കുജാസ്തിഗുണമുള്ളതായിരിക്കും. എന്നെറ സർബത്തുകൾ അരഔൺസു കുപ്പികളിൽ വില്ക്കപ്പെടുന്നു ഈചെറിയ കുപ്പികളിലുള്ള സർബത്തു സുമാർ ൦൫ സെർ പച്ചവെള്ളത്തിൽ അല്ലെങ്കിൽ സൊഡാവെള്ളത്തിൽ ചെത്താൽ ൦൫ സെർ രുചിയുള്ള സർബത്തായിത്തീരും- അര ഔൺസ് കുപ്പി ഒക്ക വില അണ വ്യ- മുതൽ നൂവരെ കുപ്പികൾക്കു വി-പി-ചിലവു ഒണ വെറെ.

൨൫. സുഗന്ധമായ മൂക്കുപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾ ചെത്തിട്ടുണ്ടു. ഇതു തനിയെ ഉപയോഗിപ്പാൻ പാടില്ലാ. സാധാരണയായി കിട്ടുന്ന പാടിയിൽ കുറെശ്ശയായി ചെത്തുകലിക്കണം. ഈ പൊടി വളരെ ഗുണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു. ഒരാൾക്കു സുഗന്ധപരിമളത്തെ മാത്രമല്ലാകൊടുക്കുന്നതുസാധാരണയായിപൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുർഗ്ഗന്ധത്തെക്കൂടെ പോക്കത്തക്കതായ ഒരു വിശേഷ വസ്തുവണ്ണം ഈവാസനഅധികം നാൾ നില്ക്കുന്നതും പൊടിയെവളരെനാൾ കേടുതട്ടാതെയുമാക്കും ഈപൊടിജലദോഷം തലവെദന, മൂക്കിലുള്ള ദുർന്നാറ്റം മയക്കം മുതലായ ഉപദ്രവങ്ങളെ പോക്കുത്തക്കതാണു. ഇതുവളരെ കൂടക്കൂടെ പൊടി വലിക്കേണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണു. ഒരു കുപ്പിമൂക്കപൊടിവാങ്ങിയാൽ ഒരു മാസത്തോളം നില്ക്കുന്നതാണു. ഒരു കുപ്പി ഒക്കവില രൂ അണ.

൧ മുതൽ ൩ കുപ്പികൾക്കു വി. പി. ചാർജ്ജു അണ. ൪ മുതൽ ൬ കുപ്പികൾക്കു ൪ അണ ൭ മുതൽ ൧൨ കുപ്പികൾക്കു ൬ അണ

൨൬. അശോകഘൃതം

തെറ്റിയുണ്ടാവുന്ന തീണ്ടാരി, വെള്ളനയോടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്നവേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധീകരിച്ചൊ ചുരുങ്ങിയൊ ആയരക്തപ്പോക്കു മച്ചിഎന്ന അവസ്ഥ സാധാരണയായ ഗർഭമലസൽ എന്നിരോഗങ്ങളേയും, ക്രമംതെറ്റിയ തീണ്ടാരി നിമിത്തമുണ്ടാകുന്ന മറെറല്ലാ രോഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏറ്റവും വിശേഷപ്പെട്ട ഔഷധമാകുന്നു മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്കു ഈ ഔഷധം മെത്തരമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിനു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണു. കുപ്പി ഒക്ക വില ക ഫ

വി. പി. ചാർജ്ജ് ൧ മുതൽ ൫ വരെ കൂപ്പിക ൦൰ ൫൰ പണം പുറമെ.

൫൱. ബ്രഹൽ ചന്ദ്രോദയമകരധ്വജ.

മനക്കമ്പത്തോടുകൂടിയ ദൌർബ്ബല്യം, സത്വക്ഷയം, വാർദ്ധക്യകാഠ്യ, വിസ്മൃതി നിശ സ്തേജം എന്നിവകൾക്ക വിലയേറിയ ഒരൌഷധമാകുന്നു. ഇതിന്റെ ഫലിതം അനുഭവകരവും ആയത നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആകുന്നു ചെറുപ്പകാലങ്ങളിലുണ്ടായ ദുഷ്പ്രവൃത്തികളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. അല്പകാലത്തിനുള്ളിൽ ഇതുവരെ യൌവനമുള്ളവരാക്കിത്തീർക്കുമെന്നതു നിശ്ചയമാണു. ഒരാഴ്ചക്ക വേണ്ടുന്നതിന്നു വില ക നു. വി. പ. ചാർജ്ജ് ൦൰ പണം പുറമെ.

൫൲. ച്യവനപ്രാശം

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നു മാത്രമല്ലാ സ്വരത്തേയും ബലത്തേയും കൂടിയുണ്ടാക്കുന്നു ഒന്നാണു. തൊണ്ടയടപ്പു, ഒച്ചയടപ്പു, ക്ഷയം, ഏക്കം, തൊണ്ടക്കുള്ള അസഹ്യതയാലുണ്ടാവുന്ന കര എന്നിവക്കു, തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈകണ്ട ഒരു മരുന്നാകുന്നു. അളക്ക ൧ക്ക വില ക. ൨. വി. പി. ചാർജ്ജ് ൦൰ പണം പുറമെ.

൫൳. മകരധ്വജ.

ഇതിനു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്തിൽ തീരെയൊ അല്പമായൊ നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ലാ. എല്ലാകാരണത്താലുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏറ്റവും തൃപ്തികരങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം, വിഷമജ്വരം, മുതലായ എല്ലാതരം ജ്വരങ്ങൾക്കും, ചലംപോക്കു, സ്രാവം, പ്രമേഹം പ്രസവനന്തരമുണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം കര, ഏക്കം, മഹാമാരി, കാമ്മക്കേടു നീര, വിഷൂചിക, വയർ പഴപ്പു ദഹനക്കേടു മന്ദത, ബലക്ഷയം, തലചുറ്റൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരവുമാകുന്നു. തോല ൧ക്ക വില ക ൨. ഒരാഴ്ച ഉപയോഗിക്കേണ്ടതിനു ക വി പി ചാർജ്ജ് ൦൰ പണം പുറമെ.

൫൴. വസന്തകുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാഹം നാവു വരൾച്ച കൈകാലുകളിൽ എരിച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയത്നേനയുള്ളമൂത്രം വീഴ്ത്തൽ മുതലായ രോഗങ്ങൾക്ക ഇതു ഫലിതമായ ഒരൌഷധമാകുന്നു ഒരാഴ്ചക്ക വേണ്ടപ്പെട്ടമരുന്നിനു വിലക ൦. വി പി. ചാർജ്ജ് ൦൰ പണം പുറമെ.

൫൵. രക്തശുദ്ധി

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എല്ലാവർക്കും അറിയാവുന്നതാണു. രക്തത്തിനു ശുദ്ധിയില്ലെങ്കിൽ വായ്പുണ്ണു ചെങ്കണ്ണു മൂക്കുപ്പുണ്ണു തൊലിപ്പുണ്ണു ശരീരമാസകലം കഴി ആണി വീക്കക്കുരു ചുമ്മത്തിൽ നിറഭേദം ഉണ്ടുപുണ്ണു തലവേദന അഗ്നിമാന്ദ്യം ചുമ്മത്തിനു ചുവപ്പു മാർദ്ദവമില്ലായ്മയും ചൊകിടം മൂക്കു വീങ്ങൽ വിളർപ്പു ബലക്ഷയം കര മുളകുഷ്ടം തീഴതണം മന്ദത സ്വാദില്ലായ്മ ചൊറിച്ചൽ എന്നിവയും ദുസ്സഹമുണ്ടാക്കുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കം ചെയ്യാൻ രക്തശുദ്ധിയെന്നപേരായ എന്റെ ഔഷധം മേത്തരമാകുന്നു ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ കൃമിപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹനത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതുമാകുന്നു. ൫൦ ദിവസത്തേക്കു വേണ്ടുന്ന അളക്ക ൧ക്ക വില ക ൨. ഒന്നിനു രൂപാ ൦ അണക്കുകൾക്ക വി. പി. ചാർജ്ജ് ൦൰ പണം പുറമെ

൩൩. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്ദുവൈദ്യശാസ്ത്രത്തിലുള്ളതിൽവച്ചു ഏറ്റവും ബലകരമായതാകുന്നു ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിൽനിന്നുണ്ടാകുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതുകൂടാതേ ശ്വാസകോശങ്ങളെസംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളെയും നീക്കംചെയ്യുന്നതും ദഹനത്തെ ശരിയായി നിലനിർത്തുന്നതുമാകുന്നു ചുരുക്കിപറയുന്നതായാൽ ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ലാ. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ബലത്തേയും യൌവനത്തേയും ഒരു പുരുഷായുസ്സുവരെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണ് തോല ക്കു വില ക. വും ഒരാഴ്ചക്കുള്ള ഉപയോഗത്തിനു ക നു വി പി. ചാർജ് പുറമെ.

൩൪. വേദനഹരിതൈലം.

ഈഔഷധം അകത്തേക്കും വേദനസംഹാരതൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിന്റെ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു പെട്ടി ക്കു വില ക ക്കാ. നുപെട്ടികൾവരെ വി പി. ചാർജ് ണെ മാത്രം.

൩൫. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിനു മേപ്പെട്ടി ഔഷധം ഏറ്റവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ക്കു വില ക ക്കാ നുപെട്ടികൾവരെ വി പി. ചാർജ് ണെ മാത്രം.

൩൬. മലബന്ധശമനൌഷധം

പതിവായും ഇടക്കിടേയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്യാൻ ഇത മേത്തരമായ ഔഷധമാകുന്നു. കുടലിന്റെ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കി തീർക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിർത്തുന്നതുമാകുന്നു. പെട്ടിക്കു വില ക്കാനരണ്ടുവരെ പെട്ടികൾക്കു വി പി. ചാർജ് ണെ വെറെ.

൩൭. ചന്ദ്രാമൃതരസം.

പ്രയാസപ്പെട്ട എല്ലാതരം കുരുകളേയും ശ്വാസകോശങ്ങളിലെ പഴുപ്പുകളേയും ഏകം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കുരുവും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു. ദഹനത്തിനു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീർപ്പാൻ മേത്തരമാകുന്നു. പെട്ടി ക്കു വില ക. ക്കാ. നുപെട്ടികൾവരെ വി പി. ചാർജ് ണെമാത്രം.

൩൮. ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിന്റെ എല്ലാ സ്ഥിതികളിലും ഇതുവളരെ മേത്തരമായ ഔഷധമാകുന്നു. ഇതിന്റെ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തുംക്രമക്കേടായ വിരേചനത്തെ നിർത്തി ശാശ്വതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നമാത്രമല്ലാ അതിസാരത്തെയും മറ്റും സുഖപ്പെടുത്തുന്ന ഒരു സർവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ക്കു വില ക ക്കാ നുവരെ പെട്ടികൾക്കു വി. പി. ചാർജ് ണെ മാത്രം.

൩൯. വിഷ്ണുതില

തലനോവ ഉടനെ നീക്കുന്നതല്ലാതെ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കൂപ്പി ക്കുവുന്ന മുതൽ നൂവരെ കൂപ്പികൾക്കു വി പി ചിലവു ണെ വേറെ.

മേത്തരം ഗോരോചനം തോല ക്കു വില നൂ മേത്തരം കസ്തൂരിമഞ്ഞൾ തോല ക്കു വില ക മേത്തരം പച്ചക്കർപ്പൂരം തോല

ക്ക വില ഉക.

സുഗന്ധവസ്തുക്കൾ

അത്തർദിനസ്സകം,- രോജാപൂവു, മല്ലികപൂവു, മാതിപൂവു, മതനപൂവു, സുഹാഗമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉറപ്പികത്തുക്കും ക്ക വില കഫണവ്വി പി. ചിലവ വേറെ.

താംബൂലബിഹാർ പെട്ടി ഒന്നിന്നുവില രൂണ ക്രമത്തിൽ ക്രഫവരെ പെട്ടികൾക്കുതപാൽക്കൂലി ഒണ.

സോഡാചൂർണ്ണം ഓരോ കുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചെത്തവു കുപ്പി മേത്തരം പുതിയ സോഡഉണ്ടാക്കാവുന്നതാണ കുപ്പിക്ക വിലവുണ ക്രമത്തിൽ രവരെ കുപ്പികൾക്ക തപാൽക്കൂലി രണ.

ലമനേഡ് ചൂർണ്ണം ഓരോ കുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചേത്തവുകുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ കുപ്പി ക്ക വില നുണ. ക്രമത്തിൽ രവരെ കുപ്പികൾക്കുതപാൽ ചാർജ് ഒണ.

പനിനീർ- അര ഔൺ കുപ്പികളിൽ വല്ലുപ്പെട്ടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു നു വല്ലിയ കുപ്പികളിൽ വെള്ളംചേത്ത നിറക്കാവുന്നതാണ അങ്ങിനെ വെള്ളം ചേത്താൽകൂടി ഈ നുകുപ്പികളും മേത്തരംപേഷ്യൻ പനിനീരിന്നു തുല്യമായിരിക്കും അര ഔൺസ കുപ്പി ക്ക വില വുണ ക്രമത്തിൽ നുവരെ കുപ്പികൾക്ക തപാൽക്കൂലി ഒണ.

ഉടപ്പിന്നുള്ള സുഗന്ധങ്ങൾ പനിനീർ സുഗന്ധക്കട്ട മല്ലസുഗന്ധക്കട്ട, ലവണ്ടർ സുഗന്ധക്കട്ട എന്നിവ പെട്ടി ഓരോന്നിന്നും വില വുന ക്രമത്തിൽ നുവരെ പെട്ടികൾക്ക തപാൽക്കൂലി ഒണ.

ഉടപ്പിന്നുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ.

ക്രമദനവിലാസം ഉ മൻമോഹിന നു മനോരഞ്ചൻ രു ജഗന്മോഹ നു ഒ അകബർസർ രായി നു ഷാജിഹാൻ സിരായി ഇവ ക്രാന്നും പുതിയതായി വിടസ്പുഷ്പത്തിന്റെ വാസനയോട കൂടിയതായും ഇരിക്കും വില ഒരു കുപ്പിക്ക അണ വു ക്രമത്തിൽ നു വരെ തപാൽ ചിലവ അണ ഒ പ്രത്യേകം.

കേസർപ്പൊടി- ഇത വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവസ്തുക്കളെക്കൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുനുള്ളൽ പൊടി വെറുംപച്ചവെള്ളത്തിലൊ അല്ല ചന്ദനക്കുട്ടിലൊ ചേത്താൽ അതിസൌരഭ്യകരമായതും മനസ്സിന്നു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കുട്ട ആയിതീരുന്നു. ഇത അടിയന്തരകാലങ്ങളിൽ വിരുന്നുകാക്കുകൊടുപ്പാൻ ചന്ദനം അരക്കേണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതല്ലാതെ ഒരം കേസർപ്പൊടിക്ക സമമായും, മേലായും സുഗന്ധം വിള്ളുന്നതായ ഒരു സൌരഭ്യവസ്തു ഉണ്ടാവാൻ പാടുള്ളതല്ല. കുപ്പി ക്ക വില വുണ. ക്രമത്തിൽ നുകുപ്പികൾക്ക തപാൽ ചാർജ് ഒണ.

അർഘ്യജം- ഇത വേറെ ഒരുമാതിരി സ്വദേശി സൌരഭ്യവസ്തുമാണ ഇതിന്റെ സൌഭ്യം വളരെ വിശേഷമായതും മനസ്സിന്നു ആഹ്ലാദത്തെകൊടുക്കുന്നതും, ശരീരത്തെ തുണപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇത ഒരേമാതിരി അനുഭവത്തെ നല്കുന്നു. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചവെള്ളംചേത്ത ചന്ദനക്കുട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്ക വാസനക്കായും ഉപയോഗിക്കാം നെറ്റിമേൽ തിലക്കുറിയായും ഉപയോഗിക്കാം നെറ്റിമേൽ തിലക്കുറിയായും ഉപയോഗിക്കാം. ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉള്ളുത്തമികളിലേക്കു ഇത അതിവിനോദകരമായ ഒരു സൌരഭ്യവസ്തുമാകുന്നു പെട്ടി ക്ക വില വുന. ക്രമത്തിൽ ക്രഫവരെ പെട്ടികൾക്ക തപാൽക്കൂലി ഒണ വേറെ.

അമ്പർ ഇത അതിഗുണകരമായ ഒരു സൌരഭ്യവസ്തുമാകുന്നു ഇത വാസനക്കായി ഉപയോഗിക്കുന്നതല്ലാതെ വിയക്കുരുവിനും ചുളിക്കും വളരെ വിശേഷമാകുന്നു ഇതിന്റെ അതിവനോദമായ വാസന അധികം ദിവസത്തേക്കു നിലനില്ലുന്നതാണ.

ഒരു പ്രാവശ്യം ഉപയോഗിച്ച ഗ്ലാസുകൾ ഇതിനെ ഒരു കാലത്തും വിടുകയില്ല. ഇത എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു ഇത മുഖത്തുപിടിയാൽ മുഖത്തിന്റെ വർണ്ണം തിളങ്ങിവരും പെട്ടി ഒന്നിന വില രൂപ. ഒന്നുമുതൽ രൂപവരെ പെട്ടികൾക്ക് ഒന്നിന. പുറമെ.

ഇന്ത്യൻ പൊറൻഡസ്റ്റ് - നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോട് കൂടിയിരിക്കും. സാധാരണമായി വസ്ത്രങ്ങളെകേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, വകുപ്പാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഖ്യമുള്ള സ്ഥലങ്ങളിലൊ വെച്ചിരുന്നാൽ മനുഷ്യർ ശ്വസിക്കുന്നതായി അംഗാരാമുവായുവിനെ ശുദ്ധീകരിക്കുന്നതാണ. നിങ്ങൾ ശയനഗൃഹത്തിലേക്ക് പോകുന്നതിനു മുമ്പായി ഇതു പ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ. ഇതുനിങ്ങൾ അകത്തേക്ക് ശ്വസിക്കുന്നവായുവിനെ ശുചീകരിക്കുകയും ചെയ്യും. പെട്ടി ഒന്നിന വില അണ രൂ. ഒന്നുമുതൽ രൂപ വരെ പെട്ടിവരെ തപാൽ ചെലവു അണ ൧ പ്രത്യേകം.

വയറിലുള്ള നാക്കപുഴുകളയുന്നുള്ളമരുന്ന.

ഈ മരുന്ന സേവിച്ചാൽ വയറിലുള്ള നാക്കപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്ക് ആരോഗ്യതയെകൊടുക്കും. ഈ പാമ്പു വയറ്റിൽ ഇരുന്നാൽ അടിവയറ്റിൽ ഘനം, അഗ്നിമാന്ദ്യം, വയറുവലി, ഊണുവേണ്ടാ എന്നതോന്നുക വായിൽ ദുർഗ്ഗന്ധം, തലവേദന, നാവുവരൾച്ച ആസനത്തിലും മൂക്കിലും ചൊറിച്ചൽ വയറിനുപോക്ക മലക്കെട്ട മുതലായ പല വ്യാധികളെ നീക്കുന്നതാണ. ഒന്നുപ്പിക്ക വില അണ രണ്ട ഒന്നുമുതൽ രൂപ കുപ്പികൾവരെ ബങ്കി ചിലവു അണ ൧ പ്രത്യേകം.

ജാമദ്രാവകം

ഇതു വയറുവേദന, വയറുകടുപ്പ അഗ്നിമാന്ദ്യം, അജീർണ്ണം, മുതലായ വ്യാധികളെ ക്ഷണനേന പരിഹരിക്കുന്നതാണ. കോളറാ എന്നവ്യാധിക്കും ഇതു സമയാസമയം പോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസം കിട്ടുന്നതാണ" ഇതു സാധാരണമായി അങ്ങാടിയിൽവിറ്റുവരുന്ന ഒമ ദ്രാവകം പോലെ അല്ലാ അരൗൺസു കുപ്പികളിൽ വില്പപ്പെടുന്ന ഒരു കുപ്പിദ്രാവകത്തിൽ വെള്ളം ചെത്താൽ ഒര അവുൺസു മേത്തരമായ ഔമദ്രാവകം കിട്ടുന്നതാണ ഇങ്ങനെ കിട്ടുന്ന ദ്രാവകം കടകളിൽ വില്പുന്നതിനെക്കാൾ വളരെ വിശേഷമായിരിക്കും. കുപ്പിക്ക വില അണവ മുതൽ നകുപ്പികൾ വരെ ബങ്കി ചിലവു അണ ൧ പ്രത്യേകം.

തലയിൽ പുരട്ടുവാനുള്ള ചായം


പീ സുബ്ബറായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏറവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണ. നരച്ച തലമുടിയിൽ ഇതു പുരട്ടിയാൽ ഭംഗിയും ശോഭയുമിനസവുമുള്ള നല്ല കറുത്തനിറമാകുന്നതാണ ചായം പുരട്ടിയിരിക്കുന്നുവെന്ന ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരക്കുമ്പോൾ അതിൽ ചായം പുരട്ടുകയല്ലാതെ മറു മാർഗ്ഗമൊന്നുമില്ല ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണ ഇതിലേയ്ക്കു ഉത്തമമായിട്ടുള്ളതു നരച്ചതലമുടിയെ കറുപ്പിച്ച വാർദ്ധക്യലക്ഷണങ്ങളെ മാറ്റുവാനുള്ള എന്റെ ഭാവം വരുത്താമെങ്കിൽ വാർദ്ധക്യലക്ഷണങ്ങളെ തടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കുപ്പിയൊന്നിന രൂപാ ൧. പി പി. ചാർജ് മുതൽ ൫ വരെ കുപ്പികൾക്ക ൫ അണ പ്രത്യേകം.

മാഞ്ഞുപോകാത്തഅടയാളമഷി

ഇതു പട്ടു ലിനൻ മുതലായ വസ്ത്രങ്ങളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണ ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും മാറിപ്പോകാതിരിക്കുന്നതിലേക്കും ഒരു രക്ഷയായിരിക്കുന്നതാണ. വില

(ENGLISH RUBBER TYPES)

ഇംഗ്ലീഷ" റബർ അച്ചാണികൾ.



ഞങ്ങളുടെ പക്കൽ പലവിധത്തിലുള്ള ഇംഗ്ലീഷ് റബർഅച്ചാണികൾ വില്പാൻ തയാ
ണ്ട്. വളരെ സഹായവിലക്ക കൊടുക്കുന്നതാണ്.

വ്യാ അച്ചാണികൾ അടങ്ങിയ പെട്ടിക്ക				ക.	വ-വ്യ-ാ
വ്യാ	〃	〃	〃	ക.	വ-ാ-ാ
ഫ്യാ	〃	〃	〃	ക.	ഫ-വ്യ-ാ
ഫ്ര	〃	〃	〃	ക.	ഫ-ര-ാ

(SELF INKING PADS)

ഇങ്കിപാടുകൾ.

വലിയ തരത്തിന	ക:	ാ-ഫ്ര-ാ	വഴിയാത്ര	മമ്പളുകൾ.	
നടുത്തരത്തിന	ക.	ാ-ഫ്ര-ാ	വലിയതിന	ക.	ഫ-ര-
ചെറുതിന	ക	-വ്യ-ാ	ചെറിയതിന	ക.	ഫ-ാ-

R. V. PANDIT & CO.
MADRAS.
RUBBER STAMP DEPOT

ഏതുതരം റബർസ്റ്റാമ്പു ആവശ്യപ്പെട്ടാലും വ-ക സ്റ്റു ഉണ്ടാക്കികൊടുക്കുന്നതാകുന്നു.

കണ്ണുകൾ ഇംഗ്ലീഷിൽ എഴുതുക

R. V. PANDIT & CO.
6, BUNDER STREET,
MADRAS.

ജീവരക്ഷണി



ഇതു മിക്കതും ഉയർന്തരം ഒരു ടോണിക്കാണ്. ദേഹം വല്ലാതെ ക്ഷീണിച്ചിരിക്കുക, മനോവ്യാധിയാലും ദേഹകഷ്ടത്താലും ക്ഷീണിച്ച് രിക്കുക ബുദ്ധി തളർന്നുപോക, കൂടക്കൂടെ ജ്വരം ഉണ്ടാകുന്നതിനാലും, ക്ഷയത്തിനാലും മറ്റു എതുകാരണങ്ങളാലും ദേഹം ശോഷിച്ചിരുന്നാൽ ഈ ടോണിക്ക ഉപയോഗിച്ചാൽ ദേഹത്തിലുള്ള സകല ഉപദ്രവങ്ങളേയും നീക്കി പരിപൂർണ്ണമായ സൌഖ്യത്തെ കൊടുക്കും. ഞരമ്പുകൾ തളർന്നുപോകുക മുതലായ എതുവിധം ദേഹതളർച്ചയേയും വീക്കും. ഒരുനേരത്തിനു കാൽ ഔൺസ് മരുന്നു പാലിൽചേർത്തു സേവിക്കണം. കുപ്പി ഒന്നിനു വില ക..൨—൰—൦.

അശോകാരിഷ്ടം.

സ്ത്രീകൾക്ക തെറ്റിയുണ്ടാവുന്ന തീണ്ടാരി, വേദനയോട് കൂടെ പ്രതിമാസം ഉണ്ടാവുന്ന തീണ്ടാരി, സന്ധുക്കളിൽ വേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയോ ആയ രക്തപ്പോക്ക, മച്ചി എന്ന അവസ്ഥ, ഗർഭമലസൽ എന്നീ രോഗങ്ങളേയും ശമിപ്പിപ്പാൻ ഒരു സിദ്ധൌഷധം ഇതുപോലെയില്ല. ഇതു ഒരുമാസം വരെ സേവിച്ചാൽ സ്ത്രീകൾക്ക നല്ല ദേഹസൌഖ്യവും അഴകും ഉണ്ടാക്കും. രണ്ടു ഔൺസ് ജലവും അര ഔൺസു മരുന്നും ചേർത്തു സേവിക്കണം. വില പെട്ടി ഒന്നിനു ക ൨—൰—൦.

അമൃതമാലകതൈലം.

ഇതു തേമ്പുകളിക്കാൻ നല്ലൊരു തൈലമാകുന്നു. ഈ തൈലത്തിൽ വളരെ വിലയേറിയ ഔഷധങ്ങളും മറ്റും ചേർത്തിട്ടുണ്ടു. ഇതിനെ ദേഹത്തിൽ പുരട്ടിയാൽ കാരോരോ ദാരത്തിലും ഈ എണ്ണ പോയി ദേഹത്തിനു നല്ല കായബലത്തേയും ദേഹത്തിലുള്ള സകല വ്യാധിയേയും ശമിപ്പിക്കും. പനിപിടിച്ചവർ ഇതിനെ ഉപയോഗിച്ചാൽ നല്ല ദേഹകാന്തിയേയും പിന്നെ ജ്വരം വരാതെ കണ്ടിരിക്കുകയും ചെയ്യും. ചൊറി ചിരങ്ങു മുതലായ്തിനെ മറ്റും. തലച്ചോറിനെ തണുപ്പിക്കും. കുപ്പി ഒന്നിനു ക ൨—൰—൦. ൨൰-കുപ്പിക്കു ക ൯—൰—൦.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക.

R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

കലിയുഗവിദ്യ



(BEGUMSHAHI SOAP)

ബീഗംഷാഹി ആണ്ട് ശെൻഷാഹ് സോപ്പുകൾ.

ഇതു ഓരോ വീട്ടിലും ആവശ്യമായ സാധനം. കത്തി വേ
ണ്ടതില്ല. മുറിയേല്പ്പ കില്ല. അധികനേരം വേണ്ട. യാ
തൊരു വേദനയും ഉണ്ടാവില്ല. രോമനിവാരണി എപ്പോഴും
ഉപയോഗിക്കേണ്ട അധിക കഷ്ടമില്ല. ശരീരത്തിനു ഒ
രു കാന്തിയെ ഉണ്ടാക്കും.

ഒരു സോപ്പുകളടങ്ങിയ പെട്ടിക്കു ക. ൧—൧—൪
ഒരു ഡസൻ " " " ക. ൯—൦—൦

(HAIR OILS)

മുടിതൈലങ്ങൾ



വിശദനഥതൈലം	കുപ്പിക്കു	ക.൧൦-൦
കേരഞ്ജന തൈലം	"	ക.൦-൧൪-൦
കാമിനീയാ തൈലം	"	ക.൦-൧൪-൦
കന്തളകൈമുദ തൈലം	"	ക.൦-൧൫-൦
കന്തളകമലന തൈലം	"	ക.൦-൧൫-൦
പൂതനാത തൈലം	"	ക.൦-൧൫-൦
ചന്ദ്രമലാതി തൈലം	"	ക.൦-൧൩-൦
കാമവിലാസ തൈലം	"	ക.൧-൧൫-൦
കേസതാര തൈലം	"	ക.൦-൧൩-൦
പാതഷാഹി തൈലം	"	ക.൦-൧൫-൦
വനിവിഹാർ തൈലം	"	ക.൧൦-൦

ഇതുകൂടാതെ അനേകതരം തൈലങ്ങളും സുഗന്ധദ്രവ്യങ്ങളും വില്പാൻ തയാറുണ്ട്.

കത്തുകൾ ഇംഗ്ലീഷിൽ എഴുതുക: R. V. PANDIT & CO.,
6, BUNDER STREET,
MADRAS.

ആരോഗ്യനിർണ്ണയം.

അവിചാരിതമായ മരണംമൂലം കുടുംബം നികൃഷ്ടതയിൽ വരാതിരിപ്പായി പല്ലവും തങ്ങളുടെ ജീവൻ ഇൻഷ്വർ ചെയ്തിക്കുന്നു പതിവുണ്ടു. പക്ഷെ ആരോഗ്യം നിലനിൽക്കത്തക്ക വല്ല എളുപ്പാടിലും പ്രവേശിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ അവർ പറയുന്ന ഉത്തരം ഒരിക്കലും തൃപ്തികരമായിരിക്കയില്ല.

ആരോഗ്യമുള്ള ഒരാളാണെങ്കിൽ അയാൾക്കു വളരെ കാലം ജീവിച്ചിരുന്നു കുടുംബത്തിനു ഐശ്വര്യവും സമ്പത്തും വർദ്ധിപ്പിക്കാൻ എളുപ്പമുള്ളപ്പോൾ ജീവനേ ഇൻഷ്വർചെയ്യുന്നതിനേക്കാൾ ശരീരസൌഖ്യത്തെ ഇൻഷ്വർചെയ്യുന്നതാണല്ലൊ പ്രധാനമായതു.

ശരീരസുഖം നിലനിൽക്കത്തക്കതായ
നല്ല വഴി ഇന്നു ഏതാണുള്ളതു?

കോളാട്രോണിക്ക്. കോളാട്രോണിക്ക്

എല്ലാ പോഷകസാധനത്തേക്കാൾ മെച്ചമായതും നാടിഞരമ്പുകൾക്കു പറ്റിയതും ഇതുതന്നെ.
ഉടനെ പരീക്ഷിച്ചു ഗുണദോഷമറിക.

കോള—അതിശയകരമായ മാറ്റം
കോള—തലച്ചോറിനുള്ള പോഷകം.
കോള—മദ്യത്തിന്റെ വിരോധി.
കോള—പ്രത്യേക ഗുണം തരും.
കോള—ഉന്മേഷം കൂട്ടും
കോള—യൌവനക്കാൾക്കും വയസ്സന്മാൾക്കും ഫലപ്രദം.

നല്ല ഗുളികകൾ അടങ്ങിയ കുപ്പിക്കു വില കൂ. തപാൽ ചിലവ് ഒണ. ഇന്നുതന്നെ ആവശ്യപ്പെടുക.

DR S. K. BURMAN,
5, 6, TARACHAND DUTT'S STREET,
CALCUTTA- NO 7.

പുതിയകൃതികൾ.

വൃത്താന്തപത്രപ്രവർത്തനം. — വർത്തമാനപത്രങ്ങളുമായി ഏതൊരു വിധത്തിലുംബന്ധമുള്ളായാരൊക്കെ വായിച്ചറിയേണ്ട സംഗതികൾ ഇതിലുണ്ടു. വില. കൂ. കു; തപാൽകൂലി ഠ. ണ

ടിപ്പുസുൽത്താൻ— ജോർജ്ജ ചക്രവർത്തി തിരുമനസ്സിലെ പട്ടാഭിഷേകം പ്രമാണിച്ചു, അനേകം സംഗതികളടക്കിഎഴുതിയ ഇപ്പുസ്തകം, ദർബ്ബാർകണ്ടിട്ടുള്ളവർക്കും കൂടിഉപകാരപ്പെടും. വില: കൂാം ഭാഗം ന്യ. ണ. ഠാം ഭാഗം ന്യ. ണ.

ആചാര്യാചാരം— മാറിപ്പോയ തിരുവിതാംകൂർദ്വാൻ മിസ്റ്റർ പി. രാജഗോപാലാചാര്യരവർകളുടെ അഞ്ചുകൊല്ലത്തെ ഭരണം. ചുരുക്കിയ വില ഒണ. മാത്രം.

'ആത്മപോഷിണി' ആപ്പീസിൽ കിട്ടും

ആത്മപോഷിണി

പുസ്തകം ൩. | ഫാൽഗുനം മകരം. | ലക്കം ൧൦.

മലയാളത്തിന്റെ ഉൽപത്തി

111

കേരളം തമിഴ്നാടായിരുന്നു എന്നതിന്, ദ്രവിഭാഗസംബന്ധമായി അന്യന്മാരവർകൾ പ്രതിപാദിക്കുന്ന തെളിവുകൾ മുൻപറഞ്ഞവയെകുന്നു. ഇനിയും, പശ്ചിമതീരപ്രദേശങ്ങളിൽ ചില പട്ടണങ്ങൾ, പുരാതനപ്രസിദ്ധി നേടിയവയായി, നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ട്. ഇപ്പോൾ 'കടലുണ്ടി' എന്നു വിളിച്ചുവരുന്ന 'തൊണ്ടി'യും; 'മുസരിസ്', 'മുചിരി', 'വഞ്ചി' എന്നിവയും പ്രാചീന തമിഴ് ഗ്രന്ഥങ്ങളിൽ പലെടത്തും വർണ്ണിക്കപ്പെട്ടിരിക്കുന്നു. തൊണ്ടി ആവട്ടെ, ചേരനാട്ടിന്റെ കിഴക്കു വിഭാഗത്തിൽ ഉൾപ്പെട്ട കരൂർതുറമുഖവും, ആ വിഭാഗത്തിന്റെ തന്നെ പ്രധാനപട്ടണവും ആയിരുന്നു; വഞ്ചി അല്ലെങ്കിൽ കാരൂർ, മറ്റൊരു വിഭാഗത്തിന്റെ തലസ്ഥാനമായിരുന്നു; മുചിരി (ഇപ്പോഴത്തെ കൊടുങ്ങല്ലൂർ), ഇന്ത്യയിൽ കരുമുളകുകച്ചവടത്തിന്റെ കേന്ദ്രസ്ഥാനവും, പശ്ചിമദിക്കുകളിലെ കച്ചവടച്ചരക്കുകൾ വന്നടിയുന്ന സ്ഥലവും ആയിരുന്നു. ഇപ്പറഞ്ഞ പട്ടണങ്ങളെക്കുറിച്ച്, പണ്ടത്തെ തമിഴ് ഗ്രന്ഥങ്ങളിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

(ക) 'ചെങ്കോൽ, കട്ടവൻറൊണ്ടി'— (പെരുങ്കുറുന്തൊകൈ);

(ഖ) 'കലന്തന്തപൊർപരിച, കഴിത്തോണിയാർകൈ ചേക്കുന്തുമലൈത്താരമുങ്കടറാരമു, ന്തലൈപ്പെയ്തു വരുനർകീയും പുനലങ്കള്ളിൽ പൊലന്താർ കട്ടവൻ, മുഴങ്കടൻമുഴവിൻ മുചിരി'— (പുറാണനൂറു);

(ന) 'ഇയറോർക്കട്ടവൻ വരുപുനൽ വായിൽ വഞ്ചി'— (പത്തുപ്പാട്ടു).

ഈ പട്ടണങ്ങളും, കച്ചവടം, നാടുവാഴ്ച എന്നീ സംഗതികളിൽ കീർത്തിപ്പെട്ടവയായിരുന്നു. ഇവയെപ്പോലെ തന്നെ പ്രസിദ്ധിയേറിയവയായ പലേ തീർത്ഥങ്ങളും കേരളത്തിൽ ഉണ്ടായിരുന്നു. പണ്ടത്തെ തമിഴ്ശാന്തന്മാർ ആ തീർത്ഥങ്ങളെ ദർശിച്ചിരുന്നതായും; അവർ ആ തീർത്ഥങ്ങളെക്കുറിച്ച് കീർത്തനങ്ങൾ പാടീട്ടുള്ളതായും കാണുന്നുണ്ട്. പേട്ടി പുണ്യസ്ഥല

ങ്ങളിൽവച്ച്, എല്ലാംകൊണ്ടും പ്രഥമഗണ്യമായ ഗോകർണ്ണത്തിനായിരുന്നു; അതിനൊപ്പംതന്നെ, തിരുച്ചെങ്ങന്നൂരും പ്രധാനതീർത്ഥമായിരുന്നു. ഈ സ്ഥലങ്ങൾ രണ്ടിലെയും ശിവക്ഷേത്രങ്ങളെ, കൃസ്താബ്ദം ഏഴാം നൂറ്റാണ്ടിൽ, അപ്പർ, സംബന്ധർ എന്നീ രണ്ടു തമിഴ്ഭക്തന്മാർ ദർശിച്ചിരുന്നു. ചേരമാൻപെരുമാളുടെ സമകാലീനൻ, സുന്ദരർ എന്ന ഭക്തൻ, ദർശിച്ച തിരുവഞ്ചൈക്കളം, മുൻപറഞ്ഞവയ്ക്കു പിന്നുണ്ടായതായിരിക്കണം. പിന്നെ, കൃസ്താബ്ദം ൯൦൦-ാംകൊല്ലത്തിലിടയ്ക്ക്, തിരുമങ്കൈ ആഴ്വാർ തിരുമൊഴിക്കളം, തിരുനാവായ, തിരുവല്ലവാഴ്, എന്നീ വിഷ്ണുക്ഷേത്രങ്ങളെ ദർശിച്ചിരുന്നു. കൃസ്താബ്ദം ൯൫൦-ലിടയ്ക്ക്, തിരുവനന്തപുരം, തിരുവമ്പാടിസ്ഥലം, തിരുകടിക്കര, തിരുപുലിയൂർ, തിരുചെങ്ങന്നൂർ, തിരുവൻവണ്ടൂർ, തിരുവട്ടാറു, തിരുക്കടിത്താനം, തിരുവൻവിലൈ- എന്നീ വിഷ്ണുക്ഷേത്രങ്ങൾകൂടി ഉണ്ടായിരുന്നതായി നമ്മാൾവാർ പ്രസ്താവിച്ചിരിക്കുന്നു. തിരുചെങ്ങന്നൂരിലെ വിഷ്ണുക്ഷേത്രം, തിരുമങ്കൈആഴ്വാരുടെ കാലത്തിനിപ്പുറം (കൃസ്താബ്ദം ൯൦൦- കഴിഞ്ഞതു) ഉണ്ടായതായിരിക്കാനേ സംഗതിയുള്ളൂ എന്നു അയ്യങ്കാർ വർകൾ അഭിപ്രായപ്പെടുന്നു.

തിരുച്ചെങ്ങന്നൂർ എന്ന പട്ടണം, നമ്മാൾവാരുടെ കാലത്തു് (കൃ-൯൫൦-), ഏറെ മുഖ്യമായ ഒരു ബ്രാഹ്മണാഗ്രഹസ്ഥലമായിരുന്നു; അവിടെ മൂവായിരം ബ്രാഹ്മണർ പാർത്തിരുന്നതായി, "അമർന്തചീർ മൂവായിരവർ വേതിയർകൾ തമ്പതിയ്-" എന്നു നമ്മാൾവാർ തന്നെ പാടിയിരിക്കുന്നു. ഇതിനെ ആധാരമാക്കിക്കൊണ്ടു്, അയ്യങ്കാർവർകൾ അഭിപ്രായപ്പെട്ടതാവിതു്:— "നമ്പൂതിരിബ്രാഹ്മണർ, മലബാറിലും തിരുവിതാംകൂറിലും കുടിയേറിപ്പാർത്തു തുടങ്ങിയതു്, കൃസ്താബ്ദം ആറാമത്തെയും, എട്ടാമത്തെയും നൂറ്റാണ്ടുകൾക്കിടയിലായിരുന്നു എന്നു് വിശ്വസിപ്പാൻ നമുക്കു് മതിയായ കാരണമുണ്ടു്. നമ്പൂതിരിബ്രാഹ്മണരിലാരോ പതിനെട്ടാം നൂറ്റാണ്ടിലിടയ്ക്കു് എഴുതിയതായിരിക്കാവുന്ന കേരളോൽപത്തി എന്ന മലയാളരാജ്യചരിത്രത്തിൽ, പരശുരാമൻ പഞ്ചാബിൽനിന്നു് ബ്രാഹ്മണരെ കൊണ്ടുവന്നതായും; അവരെ ആദ്യം ദക്ഷിണകന്നടത്തിൽ ഗോകർണ്ണത്തു പാർപ്പിച്ചതായും; അവർ സ്വദേശത്തേക്കു മടങ്ങിപ്പോവാതിരിപ്പാൻ വേണ്ടീട്ടായിരിക്കാം, അവരുടെ പിൻകുടുമകളച്ചു് മുൻഭാഗം ക്ഷൗരംചെയ്തതായും പറഞ്ഞിരിക്കുന്നു. എന്നാൽ പ്രസ്തുത രാജാവു്, കദംബരാജകുടുംബത്തിന്റെ സ്ഥാപകനായിരുന്ന മയൂരവർമ്മനായിരുന്നു എന്നും; പരശുരാമനപ്പോലെയിരുന്നു എന്നും വേറെ പ്രമാണങ്ങളാൽ മനസ്സിലാവുന്നു. മയൂരവർമ്മൻ, ആറാംനൂറ്റാണ്ടിന്റെ പ്രാരംഭദശയിൽ നാടുവാണിരുന്നു. അതിനാൽ, നമ്പൂതിരിബ്രാഹ്മണർ ഗോകർണ്ണത്തിലും, ആ പ്രദേശത്തിനു ചുറ്റും, കുടിയേറിപ്പാർത്തതു് അക്കാലത്തായിരിക്കണം; അവിടെനിന്നു് അവർ തെക്കൻദിക്കുകളിലേക്കു പോയതു് ആറാമത്തെയും ഏഴാമത്തെയും നൂറ്റാണ്ടുകളിലായിരിക്കണം. മയൂരവർമ്മനെ അനുകരിച്ചു്, അക്കാലത്തെ ചോളപാണ്ഡ്യരാജാക്കന്മാരും ബ്രാഹ്മണരെ ക്ഷണിച്ചുവരുത്തി; ഇവരെയാണു് ഇപ്പോൾ ചോഴിയബ്രാഹ്മണർ എന്നു വിളിച്ചുവരുന്നതു്. എന്നാൽ, ഇതുമാത്രം പറഞ്ഞതു

കൊണ്ട്, ആറാംനൂറ്റാണ്ടിനു മുമ്പ്, തമിഴ്നാട്ടിൽ ബ്രാഹ്മണരേ ഇല്ലായിരുന്നു എന്നു് അത്ഭുതമാക്കീട്ടില്ല."

അക്കാലത്തു്, ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും അപ്രതിഹതമായ പ്രചാരത്തെക്കണ്ടു ഭയപ്പെട്ട ബ്രാഹ്മണരാവട്ടെ, ബ്രഹ്മണേതരന്മാരായ ശൈവന്മാരെയും വൈഷ്ണവന്മാരെയും പറഞ്ഞിളക്കി, മേല്പടി മതങ്ങളെ എതിർപ്പാൻ തുടങ്ങി. ബ്രാഹ്മണരോ, കുറെപ്പേരേ ഉണ്ടായിരുന്നുള്ളൂ; അവരുടെ മതപ്രതിഷ്ഠകളും ചുരുക്കമായിരുന്നു; മാത്രമല്ല, വടക്കുനിന്നു് തെക്കൻദിക്കുകളിലേക്കു കുടിപാർപ്പിനായി പുറപ്പെട്ടപോരുവാൻ ബ്രാഹ്മണർക്കു പ്രലോഭനമായി യാതൊന്നുമുണ്ടായിരുന്നുമില്ല. വിശേഷിച്ചും, തമിഴ്നാടുകൾ തമ്മിൽ കലഹിച്ചു പോരടിക്കൊണ്ടിരുന്നു; ഇതുനിമിത്തം, മതകാര്യങ്ങൾക്കു് സ്ഥിരതയില്ലാതായി; ഓരോ രാജാവും അവനവന്നു് ഇഷ്ടമായ മതത്തെ അനുവർത്തിച്ചു. എന്നാൽ ഈ ദുരവസ്ഥ ചിരന്തനമായിരുന്നില്ല. ഏഴാം ശതാബ്ദത്തിൽ, ബ്രാഹ്മണമതത്തിനു് പ്രാബല്യവും വിജയവും സിദ്ധിക്കയും; തമിഴ്നാടുകൾ സമാധാനനിലയിലെത്തുകയും ചെയ്തു. ധനവാന്മാരായ ദ്രാവിഡന്മാരുടെ അധിനതയിൽ, ഭൃത്യന്മാരായും ഭൃതന്മാരായും മറ്റും പണിയെടുത്തിരുന്ന ബ്രാഹ്മണർ, തമിഴ്രാജാക്കന്മാരുടെ പുരോഹിതന്മാരായും, ക്ഷേത്രങ്ങളിൽ ദേവപൂജകന്മാരായും ഭവിച്ചു; അവരുടെ പ്രഭാവവും വർദ്ധിച്ചു. അതിനെ തുടർന്നു്, അനേകം ശിവക്ഷേത്രങ്ങളും വിഷ്ണുക്ഷേത്രങ്ങളും നാട്ടിൽ സ്ഥാപിക്കപ്പെടുകയും; ക്ഷേത്രങ്ങളിൽ ആരാധനയ്ക്കും ദ്രാവിഡന്മാരുടെ പുരോഹിതന്മാരാകുന്നതിനുമായി, ഏഴാംശതാബ്ദത്തിലും എട്ടാം ശതാബ്ദത്തിന്റെ ആരംഭദശയിലും, ആര്യാവർത്തത്തിൽ നിന്നു് അനേകശതം ബ്രാഹ്മണരെ ക്ഷണിച്ചു വരുത്തുകയും ചെയ്തു.

ഈ ബ്രാഹ്മണരെയാണു്, ചോളചോളപാണ്ഡ്യരാജ്യങ്ങൾ മൂന്നിലും, നമ്പികൾ എന്നു വിളിച്ചുവരുന്നതു്; ഇവർക്കു പിന്നെ വന്നുചേർന്ന ബ്രാഹ്മണരെ 'ഭട്ടന്മാർ' എന്നു വിളിച്ചുവരുന്നു. നമ്പിബ്രാഹ്മണർ മുൻകുടിമക്കാരും; ഭട്ടന്മാർ പിൻകുടിമക്കാരുമാണു്. പണ്ടത്തെ തമിഴ്രാജാക്കന്മാരുടെ മന്ത്രിമാരും, ശൈവവൈഷ്ണവബ്രാഹ്മണരായിരുന്നു. ഇവരുടെ പ്രഭാവത്താലായിരുന്നു, പണ്ടത്തെ തമിഴ്ജനങ്ങൾക്കു് പരിഷ്കാരം ലഭിച്ചതു്; ആ പരിഷ്കാരം, പില്ക്കാലത്തു വന്നുചേർന്ന പിൻകുടിമക്കാരായ ബ്രാഹ്മണർ വഴിക്കു് അഭിവൃദ്ധമാകയും ചെയ്തു. ഈ പിൻകുടിമക്കാരെ, എട്ടാംശതാബ്ദത്തിന്റെ ഉത്തരാർദ്ധം മുതല്ക്കായിരുന്നു, തെക്കൻദിക്കുകളിലേക്കു ക്ഷണിച്ചുവരുത്തിയതു്; ഇവർ മുമ്പുവന്ന ബ്രാഹ്മണരോടു കൂടിച്ചേരാതെ, പ്രത്യേകമൊരു സംഘമായിനില്ക്കയും; ദ്രാവിഡന്മാരുമായി സാമുദായികബന്ധത്തിൽ ഏർപ്പെടാതിരിക്കയും ചെയ്തു. അതുനിമിത്തം, ഭട്ടബ്രാഹ്മണർ, നമ്പിബ്രാഹ്മണരെക്കാൾ, ശ്രേഷ്ഠന്മാരാണെന്നും ഗണിക്കപ്പെട്ടു. നമ്പിബ്രാഹ്മണർ, വടക്കുപടിഞ്ഞാറൻ വഴിയായിട്ടായിരുന്ന തമിഴ്മലയാളരാജ്യങ്ങളിലെക്കു വന്നതു്; ഭട്ടന്മാരാവട്ടെ, തെലുങ്കരാജ്യത്തിലൂടെ തെക്കൻമാർഗ്ഗത്തെ ആശ്രയിച്ചു.

നമ്പൂതിരിബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർപ്പു തുടങ്ങിയ കാലത്തു്, കേര

ളും നിഷ്ണാതമായിരുന്നില്ല. കേരളഭൂമി മുഴുവൻ, നമ്പൂതിരിമാരുടേതോ; ജന്മികൾ, അവർ മാത്രമോ ആയിരുന്നുമില്ല; തമിഴ് രാജ്യത്തിലാകട്ടെ, തെലുങ്കരാജ്യത്തിലാകട്ടെ, അങ്ങിനെയല്ലാതിരിക്കുന്ന സ്ഥിതിക്ക് കേരളത്തിൽ മാത്രം ബ്രഹ്മസ്വപ്രാധാന്യത്തിന് ന്യായമില്ല. ചേരരാജാക്കന്മാർ, തമിഴ്കവികൾക്കും കേരളത്തിലെ ബ്രഹ്മണർക്കും പലേ സമ്മാനങ്ങൾ നൽകിയിരുന്നതായി, പതിറ്റുപ്പാട്ട് എന്ന തമിഴ്കൃതിയിൽ പറഞ്ഞിരിക്കുന്നു. ഇമയവരമ്പൻ എന്ന രാജാവ്, ഉമ്പർകാട്ടിലില്ലാവിൽ൫൦൦ ഗ്രാമങ്ങൾ, ബ്രാഹ്മണകവിയായ കണ്ണനാർക്ക് കൊടുത്തതായിക്കാണുന്നു; ചെങ്കുട്ടുവൻ, ഉമ്പർകാട്ടനിലനികതി മുഴുവൻ പരനാർക്കുകൊടുത്തു; ശെൽവക്കടുങ്കോ എന്ന രാജാവ്, നാൽമലമുകളിൽനിന്നു നോക്കിയാൽ കാണുന്ന ദേശം മുഴുവൻ, കപിലർക്കു കൊടുത്തു; മറെറാരു രാജാവ്, രാജ്യത്തിന്റെ ഒരു ഭാഗം കപ്പിയനാക്കൾ കൊടുത്തു. നാട്ടു മുഴുവൻ നമ്പൂതിരിബ്രാഹ്മണരുടെ സ്വത്തായിരുന്നാൽ, ഇത്ര വളരെ വലിയ ഭൂസ്വത്തുകൾ ദാനം ചെയ്വാൻ സാധിക്കുന്നതെങ്ങിനെ? വിശേഷിച്ചും, ഈ ദാനങ്ങൾ, നമ്പൂതിരിമാർ കേരളത്തെ പ്രവേശിക്കുന്നതിനു മുമ്പ് നടന്നവയുമാണ്. വാസ്തവത്തിൽ, കേരളഭൂമി മുഴുവൻ അതിന്റെ രാജാക്കന്മാരുടെ ഇഷ്ടംപോലെ കൈകാര്യം ചെയ്വാവുന്നതായിരുന്നുവെന്നും, ഉത്തരഇന്ത്യയിൽ നിന്നു ക്ഷണിച്ചുവരുത്തിയ ബ്രാഹ്മണരുടെ പേരിൽ ഭക്തിബഹുമാനം കൊണ്ട് രാജാക്കന്മാർ, അവരുടെ ഉപജീവനത്തിനു വേണ്ടി, നികതിച്യുതത്തെ, ബ്രഹ്മദായമായി ദാനം ചെയ്തുവെന്നും അഭ്യൂഹിക്കാവുന്നതാണ്.

അഭിപ്രായപ്പെടുന്നു. അദ്ദേഹം പിന്നെ പറയുന്നതാവിതു:—

"കേരളനിവാസികളായ ദ്രാവിഡന്മാർ തമിഴ്സാഹിത്യത്തെ തീരെ വെടിയുകയാലും, സാമാന്യേന അജ്ഞന്മാരായിരിക്കയാലും, നമ്പൂതിരിബ്രാഹ്മണരുടെ പേരിൽ ഭക്ത്യാദരങ്ങൾ പ്രദർശിപ്പിക്കയാലും, നമ്പൂതിരിമാർക്ക് പ്രഭാവം വർദ്ധിക്കയും; കാലാന്തരത്തിൽ, കേരളഭൂമി മുഴുവൻ, നമ്പൂതിരിമാരുടെ സ്വത്ത് എന്ന നിലയിലാവുകയും ചെയ്തു. ഈ അവകാശത്തെ സ്ഥാപിപ്പാൻ, നമ്പൂതിരിമാർ വ്യാജമായ ഐതിഹ്യങ്ങളെയും നിർമ്മിച്ചു." (തുടരും)

—കേ. രാമകൃഷ്ണപിള്ള, ബി. എ.

* വിജയത്തിന്റെ രഹസ്യം.

വിജയത്തിന്റെ രഹസ്യം ഒരു പരസ്യമായ രഹസ്യമാകുന്നു. ഈ വിഷയത്തെക്കുറിച്ചു പറയാൻ എല്ലാവർക്കും എന്തെങ്കിലും കാണും. അതിന്റെ സാമാന്യപ്രമാണങ്ങളെ കുറിച്ചു പലപ്പോഴും പലരും പറഞ്ഞുകേട്ടിരിക്കാം. എന്നാൽ ഈ വിഷയത്തിന്റെ പ്രാധാന്യത്തെപ്പറ്റി ചിന്തിച്ചാൽ ഈ ജനങ്ങളുടെ ഹൃദയത്തിൽ മതിയാംവണ്ണം പതിയുന്നതിനുവേണ്ടി എത്രപ്രാവശ്യം ആവർത്തിച്ചു പ്രസംഗിച്ചാലും അതുഅനാവശ്യമായി വരുന്നതല്ല.

വിജയസിദ്ധിയ്ക്കു നാം അനുവർത്തി

* സ്വാമിരാമതീർത്ഥന്റെ ഒരു പ്രസംഗം.

കേണ്ട പ്രമാണങ്ങൾ, ചുരുക്കത്തിൽ, ഏഴെണ്ണം ഉണ്ടു. അവയെ മുറയ്ക്കു താഴെവരിക്കാം:

൧. പ്രവൃത്തി.

വിജയത്തിന്റെ രഹസ്യം എന്താണു് എന്നു ആദ്യമായി, നമുക്കു്, നമ്മെ സർവ്വത്ര ചുറ്റിയിരിക്കുന്ന പ്രകൃതിയോടുതന്നെ ചോദിക്കാം. കുതിച്ചു പാഞ്ഞൊഴുകുന്ന നദികളും, നിശ്ചലമായി കിടക്കുന്ന കല്ലുകളും, തുടച്ചുവയും ഇടവിടാതേയും പ്രവൃത്തിചെയ്യണം എന്ന സദുപദേശത്തെ നമുക്കു നൽകുന്നു. നമുക്കു് കാഴ്ചയ്ക്കുള്ള ശക്തി നൽകുന്നതു് വെളിച്ചം ആണല്ലൊ. വെളിച്ചം സകല സത്വങ്ങളുടേയും താഴ്ചയേയായിരിക്കുന്നു. ആ വെളിച്ചം തന്നെ നമ്മുടെപ്രശ്നത്തിനു് എന്തെല്ലാം വെളിച്ചം തരുന്നു എന്നു നോക്കാം. ഉദാഹരണത്തിനു സാധാരണ വെളിച്ചത്തെ— അതായതു വിളക്കുവെളിച്ചത്തെപ്പറ്റി ചിന്തിക്കുക. വിളക്കുവെളിച്ചത്തിന്റെ ശോഭയുടേയും ഭംഗിയുടേയും രഹസ്യം അതു അതിന്റെ തിരിയും എണ്ണയും ലോപംകൂടാതെ ചെലവിടുന്നു എന്നുള്ളതാകുന്നു. അതെ, തിരിയും എണ്ണയും, അവയുടെ ചെറുശരീരങ്ങളെത്തന്നെ അനുസ്യൂതമായി ചെലവിടുന്നു; അതിന്റെ നൈസർഗ്ഗികഫലമാകുന്നു വിളക്കിന്റെ മഹത്തായ പ്രകാശം. വിളക്കു് നമ്മോടു ഉപദേശിക്കുന്നു്, നിങ്ങൾ അനങ്ങാതിരിക്കുന്ന പക്ഷം നിങ്ങൾ കെട്ടുപോകും എന്നത്രെ. നിങ്ങൾ നിങ്ങളുടെ ശരീരത്തിനു സുഖത്തേയും അനായാസതയേയും തേടുകയും, നിങ്ങളുടെ സമയത്തെ വിഷയസുഖങ്ങൾക്കും അതിഭോഗങ്ങൾക്കും അടിയറപാഴിൽ കളകയും ചെയ്യുകയാണെങ്കിൽ, നിങ്ങൾക്കു വിജയം സിദ്ധിക്കും എന്നു ആശിക്കുന്നതു് വെറുതെയാണു്. ആലസ്യം അല്ലെങ്കിൽ പ്രവൃത്തിയില്ലായ്മ, നിങ്ങളെ നാശത്തിലേക്കു ഉന്തിവിടുന്നതാണു്. പ്രവൃത്തി, അല്ലെങ്കിൽ വ്യാപാരം, മാത്രമാണു ജീവിതം എന്നു പറയുന്നതു്. ഒഴുകുന്ന നദികളേയും വെള്ളം കെട്ടിനില്ക്കുന്ന കുളങ്ങളേയും നോക്കുക. ഒഴുകുള്ള നദികളിലെ വെള്ളം സ്ഫടികംപോലെ നിർമ്മലവും, നവീനവും, പാനയോഗ്യവും ആയിരിക്കുന്നു. ആ വെള്ളം കണ്ടാൽ ആർക്കും അനുഭവിക്കാൻ തോന്നും. നേരെമറിച്ചു്, വെള്ളം കെട്ടിനില്ക്കുന്ന കുളങ്ങളാകട്ടെ അഴുക്കുനിറഞ്ഞും നാറിയും ബീഭത്സമായും നിന്ദ്യമായും ഇരിക്കുന്നു. നിങ്ങൾക്കു വിജയം ലഭിക്കണമെന്നു താല്പര്യമുണ്ടെങ്കിൽ, നദികളെ അനുകരിച്ചു എപ്പോഴും വ്യാപരിച്ചുകൊണ്ടിരിക്കണം. വിളക്കിന്റെ എണ്ണയും തിരിയും ചെലവാകാതെ സൂക്ഷിക്കു എന്ന ഭാവത്തിൽ നിഷ്പ്രയോജനമായിക്കളയുന്നതുപോലെ തന്റെ ശരീരബുദ്ധികളെ ഉപയോഗിക്കാതെ വച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്നു് ഒരുകാലത്തും വിജയം ലഭിക്കുന്നതല്ല. സദാ മുന്നോട്ടുകുതിച്ചുകയറുകയും, സകലത്തേയും തന്നിൽ ലയിപ്പിക്കയും, സാഹചര്യങ്ങൾക്കു അനുസരിച്ചു് തന്റെ പ്രകൃതിയെ രൂപീകരിക്കയും, സർവ്വദാ പ്രവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്ന നദിയുടെ നയത്തെ വേണം നാം അനുകരിക്കാൻ. പ്രവൃത്തി, പ്രവൃത്തി, പ്രവൃത്തി, ഇടവിടാതെയുള്ള പ്രവൃത്തി; അതത്രെ വിജയത്തിന്റെ മുഖ്യ പ്രമാണം.

൨. ആത്മത്യാഗം.

വെളുത്ത പല്ലുകൾക്കുള്ളിൽ എല്ലാവർക്കും വലിയ പങ്കുമാണു്. അവസ്സു ഇങ്ങ

ൻ കറുത്ത — കരിക്കട്ടപോലെ കറുത്തവ
നായി കാണപ്പെട്ടാം, എന്നു കറുത്ത വസ്തു
ക്കൾ നമുക്കു പറഞ്ഞുതരുന്നു. കിട്ടാൻ ഉ
ള്ള മാർഗ്ഗം കൊടുക്കയാകുന്നു. വെണ്മണി
യുടെ രഹസ്യം സർവ്വപരിത്യാഗശീലമാകു
ന്നു; നിങ്ങൾക്കു കിട്ടുന്നതെല്ലാം ഉടനടി
അയല്ക്കാർക്കു കൊടുക്കുക ആകുന്നു. വെണ്മ
ണിയുടെ ഈ ഗുണത്തെ സമ്പാദിക്കണം.
എന്നാൽ നിങ്ങൾക്കു വിജയം ലഭിക്കാതെ
ഇരിക്കയില്ല. ഇവിടെ പറഞ്ഞ 'വെള്ള'
എന്ന വാക്കിന്റെ അർത്ഥം എന്താണ്?
യൂറോപ്യൻ എന്നാണോ? അല്ല; യൂറോ
പ്യർ എന്നു മാത്രമല്ല. വെള്ളക്കണ്ണാടി,
വെൺമുത്തു, വെള്ള മഞ്ഞുകട്ടി മഹാന്മാ
രായ ശുദ്ധക്രൈസ്തവരെപ്പോലെ നിർമ്മലതയുടേ
യും നന്മയുടേയും ലക്ഷ്യങ്ങളാകുന്നു. അതു
കൊണ്ടു നിങ്ങൾ ത്യാഗശീലത്തെ പരി
ചയിക്കയും നിങ്ങൾക്കു കിട്ടുന്നതു എല്ലാം മ
റ്റുള്ളവർക്കു ദാനംചെയ്കയും ചെയ്യുക. സ
ത്പ്രതിപത്തിയാൽ സകലതും താനേ എ
ടുത്തുകൊള്ളുന്നു. നിങ്ങൾ വെണ്മ ലഭിക്കാ
ൻ ശ്രമിക്കയാണ വേണ്ടതു്. തനിക്കു ഒരു
വലിയ മരമായിതീരേണമെങ്കിൽ, വിത്തു
തന്നത്താൻ നശിക്കേണ്ടിയിരിക്കുന്നു. കേവ
ലമായ ആത്മത്യാഗത്തിന്റെ ഫലം അതു
പോലെ ആകുന്നു. ജ്ഞാനം എത്രത്തോ
ളം അധികം നാം മറ്റുള്ളവർക്കു നല്കുന്നു
വോ, അതു അത്രത്തോളം അധികം നമു
ക്കു ലഭിക്കും എന്നുള്ളതിന്നു ഉപാധ്യായന്മ
ർ സാക്ഷിമൊഴി കൊടുക്കാതെ ഇരിക്കയി
ല്ല.

നെ സകലരുടേയും പ്രിയം ലഭിക്കാനുള്ള
കാരണത്തെ നമുക്കു വകതിരിച്ചുനോക്കാം.
വെണ്മണിയുടെ ഈ വിജയത്തിന്നു കാര
ണം എന്താണ്? അതുപോലെ തന്നെ
കറുത്തവസ്തുക്കളോടു സർവ്വത്ര വെറുപ്പു വരാ
നുള്ള കാരണവും എന്താണ്? വർണ്ണത്തി
ന്റെ സൂക്ഷ്മതത്ത്വം പ്രകൃതിശാസ്ത്രം ന
മ്മെ പഠിപ്പിക്കുന്നുണ്ട്. വെണ്മ വസ്തു
വെന്നതല്ല; കറുത്തതു കറുത്തതും അല്ല.
യാതൊന്നും കാഴ്ചപോലെ അല്ലതന്നെ.
വെണ്മ പനിനീർപ്പൂവിന്നു് അതിന്റെ
കോമളമായ നിറം കിട്ടുന്നതു ആ നിറത്തെ
അതു പ്രതിക്ഷേപം ചെയ്കയല്ലെങ്കിൽ
തിരിച്ചുതള്ളിക്കളയുക കൊണ്ടാകുന്നു. സൂ
ര്യരശ്മിയിലുള്ള മറ്റു നിറങ്ങളെ എല്ലാം മു
ഴുവൻ അതു തന്നിൽ ലയിപ്പിച്ചുകൊള്ളുന്നു.
വെണ്മയെ മാത്രം സ്വീകരിക്കാതെ തിരി
യെത്തള്ളുന്നു. ആകയാൽ ആ നിറം പൂ
വിൽ സ്വതേ ഉള്ളതല്ലെന്നു പ്രത്യക്ഷമാ
ണല്ലൊ. അതുപോലെ തന്നെ, പച്ചില
കളും സൂര്യകിരണത്തിലെ മറ്റു നിറങ്ങളെ
ഗ്രഹിച്ചിട്ടു പച്ചനിറത്തെ തിരിയെത്ത
ള്ളുകയും, അങ്ങനെ സ്വീകരിക്കാതെ ത്യ
ജിച്ചുകളയുന്ന നിറത്താൽ അവ മനോഹ
രമായി വിളങ്ങുകയും ചെയ്യുന്നു. കറുത്ത
വസ്തുക്കളാകട്ടെ സൂര്യരശ്മിയിലെ എല്ലാ നി
റങ്ങളേയും മുഴുവൻ ഗ്രഹിക്കുന്നതുകൊണ്ടു,
അവയ്ക്കു പ്രകാശവും നിറവും ഒന്നും ഇല്ല.
അവയ്ക്കു ആത്മത്യാഗശീലവും ഔദാര്യവും
കേട്ടുകൂടിയേ ഇല്ല. അവ ഒരൊറ്റ കിരണ
ത്തെപ്പോലും വെളിയിൽ വിടുന്നില്ല. അ
വയ്ക്കു കിട്ടുന്നതിൽ ഒരു കുടുകടപോലും അ
വ തിരിച്ചുകൊടുക്കുന്നില്ല. തനിക്കു കിട്ടി
യതു അയല്ക്കാർക്കുകൂടി കൊടുക്കാത്ത ഒരുവ

൨. ആത്മവിസ്മൃതി.

തങ്ങളുടെ സാഹിത്യസമാജങ്ങളിൽ
സംസാരിക്കുമ്പോൾ "ഞാൻ പ്രസംഗിക്ക

യാണ്" എന്നുള്ള വിചാരം മനസ്സിൽ ഉണ്ടായാൽ ഉടൻ പ്രസംഗത്തിന്റെ ഗതിക്കു തട്ടു വരുന്നു എന്നുള്ള വസ്തുത വിദ്യാർത്ഥികൾക്കു അനുഭവമാണ്. പ്രവൃത്തിചെയ്യുമ്പോൾ, താൻ എന്നുള്ള അവസ്ഥയെ നിശ്ശേഷം മറന്ന് ആസകലമായി ആ പ്രവൃത്തിയിൽ തന്നെ നാം പ്രവേശിക്കണം; എന്നാൽ നിങ്ങൾക്കു വിജയം സിദ്ധിക്കും. നിങ്ങൾ ഒന്നിനെക്കുറിച്ചു വിചാരിക്കയാണെങ്കിൽ, മറ്റു സകലത്തേയും മറന്ന് ആ ഒറ്റ സംഗതിയെക്കുറിച്ചുള്ള വിചാരമായിട്ടു തന്നെ തീരണം. അതാണു വിജയത്തിനു കാരണം. നിങ്ങൾ ഒരു പ്രവൃത്തി ചെയ്യുമ്പോൾ നിങ്ങളും ആ പ്രവൃത്തിയും ഒന്ന് എന്നുള്ള ഭാവന നിങ്ങൾക്കു വന്നെങ്കിലേ അതിൽ പൂർണ്ണമായ ജയസിദ്ധി ഉണ്ടാകയുള്ളൂ.

"സ്വാതന്ത്ര്യമെത്തുവിലെനിക്കുകിട്ടും?"
"ഞാനെന്നഭാവംതുലയുമൊഴുത്തും."

എന്നുള്ള പദ്യഖണ്ഡം തത്ത്വത്തെയത്രെ പ്രതിപാദിക്കുന്നതു്.

ഒരിക്കൽ രണ്ടു രജപുത്രന്മാർ അക്കബർ ചക്രവർത്തിയുടെ അടുക്കൽ ചെന്ന്, തങ്ങൾക്കു എന്തെങ്കിലും പണികിട്ടണമെന്നു ആവശ്യപ്പെട്ടു. അതിനു അവർക്കുള്ള യോഗ്യതകൾ എന്തെല്ലാം എന്നു ചക്രവർത്തി അവരോടു ചോദിച്ചു. തങ്ങൾ യുദ്ധവീരന്മാരാണെന്ന് അവർ മറുവടി അറിയിച്ചു. അതു പ്രവൃത്തികൊണ്ടു തെളിയിക്കാൻ ചക്രവർത്തി അവരോടു ആജ്ഞാപിച്ചു. ഉടനെ രണ്ടുപേരും ഉറയിൽനിന്നു കട്ടാരി ഊരിപ്പിടിച്ചു. അപ്പോൾ അവരുടെ കട്ടാരിയുടെ തെളിച്ചം മിന്നൽപോലെ ചക്രവർത്തിയുടെ ആസ്ഥാനമണ്ഡപത്തിൽ പ്രകാശിച്ചു. ആ കട്ടാരികളുടെ പ്രകാശമത്രെ അവരുടെ ആഭ്യന്തരശുദ്ധിയുടെ ബാഹ്യലക്ഷണം. പെട്ടെന്ന് ആ പ്രകാശങ്ങൾ രണ്ടും പരസ്പരം രണ്ടു ശരീരത്തോടും ചേർന്നു. രണ്ടുപേരും അവരുടെ കട്ടാരിമന സമാധാനത്തോടെയും ശാന്തതയോടും എതിരാളിയുടെ ശരീരത്തിന്മേൽ തറച്ചു കാട്ടി, അവരുടെ ശൗര്യത്തിനു തെളിവു കൊടുത്തു. അവരുടെ ശവശരീരങ്ങൾ നിലത്തു വീണു; എങ്കിലും, ദേഹികൾ തമ്മിൽ യോജിച്ചു; അവർ ശൂരന്മാരാണെന്നു തെളിഞ്ഞതും. ഈ പരിഷ്കാരകാലത്തു് ഭയങ്കരമായി തോന്നുന്ന ഈ കഥ ഞാൻ പറഞ്ഞതു്, അതിലെ സദാചാരോപദേശത്തെ കാണിക്കാൻ വേണ്ടി മാത്രമാകുന്നു. നിസ്സാരനായ തന്നെ ത്യജിക്കു; അതിനെ താൻ ചെയ്യുന്ന പ്രവൃത്തിയിൽ വിസ്മരിപ്പിക്കു; എന്നാൽ വിജയം ലഭിക്കുന്നതു നിശ്ചയം തന്നെ. മറുവിധത്തിൽ ഭവിക്കുന്നതല്ല. വിജയത്തിനുള്ള ആഗ്രഹം, വിജയം ലഭിക്കുന്നതിനു മുമ്പ്, നിങ്ങളുടെ പ്രവൃത്തിയിൽ നശിക്കുണം എന്നാണ് ഞാൻ പറയുന്നതു്.

൨. വിശ്വജനീനമായ സ്നേഹം.

വിജയത്തിന്റെ മറ്റൊരു തത്ത്വം സ്നേഹമാകുന്നു. സ്നേഹിക്കുകയും, സ്നേഹിക്കപ്പെടുകയും ചെയ്കു; അതാണ് പരമോദ്ദേശം. കൈക്കു ജീവിക്കുണമെങ്കിൽ ശരീരത്തിലെ എല്ലാ അംഗങ്ങളോടും അതു സ്നേഹമായിരിക്കുണം. അതു മറു അവയവങ്ങളിൽനിന്നും വേർവിട്ടു നില്ക്കുയും, "ഞാൻ വേല എടുത്തുണ്ടാക്കുന്ന സമ്പാദ്യം ദേഹത്തിനെല്ലാം കൊടുക്കുന്നതു്. എന്തിനാണ്?" എന്നു വിചാരിക്കുയും ചെയ്യുന്ന പ

ക്ഷം, കൈയ്യ് നശിയ്ക്കുക അല്ലാതെ ഗത്യന്തരമില്ലാ. എന്തെന്നാൽ: കൈ സ്വാഭാവപ്രകൃതിയ്ക്കു അനുസരിച്ചിരിയ്ക്കുണമെങ്കിൽ, പേനകൊണ്ടോ വാളുകൊണ്ടോ തന്റെ സ്വന്തം വേലയാൽ മാത്രം ലഭിച്ച ഭക്ഷണപാനപദാർത്ഥങ്ങളെ അതു വായിലിടാൻ പാടില്ല; തന്റെ വേലയുടെ ഫലം മറ്റു അംഗങ്ങൾക്കു ലഭിയ്ക്കുന്നതിനു വേണ്ടി, അതു പോഷണകരങ്ങളായ ഭക്ഷണങ്ങളെ കൈയിന്മേൽ കുത്തിവച്ചു കയറ്റണം. ഈ കുത്തിവയ്പ്പോ, കടന്തൽകുത്തോ എല്ലാംകൊണ്ടു കൈക്കു തടിയ്ക്കുവാൻ കഴിയും എന്നതു വാസ്തവംതന്നേ. എന്നാൽ ആ തടി എല്ലാം ഗുണത്തിനേക്കാൾ ദോഷമാണു ചെയ്യുന്നതു. നീരുവന്നു തടിയ്ക്കുന്നതു ഗുണമായ തടി അല്ല; ആ കൈ അതിന്റെ സ്വാഭാവപ്രതിപത്തിമൂലം ചാവുന്നതു നിശ്ചയമാണു. കൈക്കു വളച്ചുയും ശക്തിയും ഉണ്ടാകണമെങ്കിൽ, അതു അനുഭവത്തിനു താനും ശരീരത്തിലെ മറ്റു അവയവങ്ങളും ഒന്നുതന്നേയാണെന്നു് അറിഞ്ഞു പ്രവർത്തിക്കണം; അതിന്റെ നന്മ മറ്റെല്ലാവരുടേയും നന്മയിൽ നിന്നു വേറിട്ടൊന്നാണെന്നു് അതു വിചാരിക്കരുതു്; എന്നാൽ മാത്രമേ സാധിക്കൂ.

പരസ്പരസഹായം എന്നതു് സ്നേഹത്തിന്റെ ബാഹ്യപ്രകടനം അല്ലാതെ മറ്റൊന്നും അല്ല. പരസ്പരസഹായത്തിന്റെ പ്രയോജനത്തെക്കുറിച്ചു് നിങ്ങൾ വളരെ കേട്ടിരിക്കാം. അതുകൊണ്ടു് അതിനെക്കുറിച്ചു ഞാൻ ഏറെ പറഞ്ഞിട്ടു് ആവശ്യമില്ലല്ലോ. പരസ്പരസഹായം നിങ്ങളുടെ സഹജമായ സ്നേഹത്തിൽനിന്നു് ഉണ്ടാകട്ടെ. സ്നേഹത്തോടുകൂടി ഇരിയ്ക്കുക; എന്നാൽ നിങ്ങൾക്കു് വിജയം ഉണ്ടാകും. തന്റെ നടപ്പുകാരുടെ ഗുണത്തേയും തന്റെ ഗുണത്തെപ്പോലെ കരുതാത്ത ഒരുകച്ചവടക്കാരനു് വിജയം ഉണ്ടാകുന്നതല്ലാ. അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ നടപ്പുകാരെ അവൻ സ്നേഹിക്കണം. അവൻ ഹൃദയപൂർവ്വം അവരുടെ നന്മയെക്കൂടി കരുതണം.

(തുടരും)

—സി. എസ്. സുബ്രഹ്മണ്യൻ

പോററി, എം. എ.

---

*'ശാരദ' — രണ്ടാം ഭാഗം.

ഒരു വിമർശം.

യോഗ്യനായ ഒരു ഗ്രന്ഥകാരനു് അവശ്യം വേണ്ടതായ വിശേഷഗുണങ്ങളുടെ വിളനിലമായി, സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചിട്ടുള്ള മിസ്റ്റർ ചന്തുമേനോൻ യശഃശ്ശരീരമാത്രനായി ശേഷിച്ചിട്ടും, 'ശാരദ'യുടെ അവശിഷ്ടഭാഗം പുറത്തു വന്നിട്ടും, വളരെ കാലമായെങ്കിലും, ഇതുവരെയും ആ പുസ്തകം മുഴുമിക്കുന്നതിനു് ആരും ഉണ്ടായില്ലല്ലോ എന്നു് പലരും "അത്ഭുതപ്പെടുന്നു"തായി കേട്ടിട്ടുണ്ടു്. എങ്കിലും ശ്രമസാദ്ധ്യമായ ആ കാര്യത്തിനു് ഇപ്പോഴെങ്കിലും ഒരാളുണ്ടായ സംഗതിയെ പലർക്കും "അത്ഭുത"ത്തിനു് എടയാക്കീട്ടില്ലെന്നില്ല. 'ശാരദ'യുടെ പ്രസിദ്ധീകരണത്തിനു ശേഷം അനേകം നോവലുകൾ

---

*'ശാരദ'- രണ്ടാംഭാഗം— സി. അനന്തപ്പായി, ബി. എ, എഴുതിയതു്.

ലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും, അവയെല്ലാം 'ശാരദ'യിൽ നിന്ന് എത്ര എത്ര അകന്നാണ് നില്ക്കുന്നതെന്നുള്ള ഏകസംഗതി തന്നെ, 'ശാരദ'യ്ക്ക് ഇതുവരെ ഒരു രണ്ടാംഭാഗം ഉണ്ടാകാഞ്ഞതിനുള്ള സൂക്ഷ്മമായ കാരണത്തെ വെളിപ്പെടുത്തുന്നു. സ്വച്ഛന്ദസരണംബുദ്ധിചാതുര്യങ്ങളെ ഉപയോഗിക്കുന്നതിനു സാധിക്കുന്ന "സ്വതന്ത്രകൃതികളിൽ"ക്കൂടി, പ്രായേണ, പരാജയത്തിനു മാത്രം സംഗതിയായിട്ടുള്ള മലയാളനോവലെഴുത്തുകാരിൽ ആക്കാണ് സ്വസമ്മതനായ ഒരു മാതൃകാഗ്രന്ഥകാരന്റെ വാസനാമാഹാത്മ്യത്തെ അനുസരിച്ച്, ആദ്യോദ്യമത്തിന്റെ അപൂർണ്ണമായ ഒരു കൃതിയെ പരിപൂർണ്ണാവസ്ഥയിൽ കൊണ്ടുവരുന്നതിനു പ്രാപ്തിയും ധൈര്യവും ഉണ്ടാവുക? അഥവാ, ഒരു നോവലെഴുത്തുകാരനു് അവശ്യം വേണ്ടതായ സാമഗ്രികളെല്ലാം കൈവശമുള്ള ഒരു എഴുത്തുകാരനായാൽ തന്നെയും, തന്റെ സാമർത്ഥ്യം പ്രദർശിപ്പിക്കുന്നതിനു് സ്വതന്ത്രം ഒരു കൃതി തിരഞ്ഞെടുക്കുന്നതായിരിക്കും അധികം ഉചിതവും ഉപയുക്തവും എന്നു വിചാരിപ്പാനാണ് ന്യായമുള്ളതു്. വമ്പന്റെ പിമ്പിൽ സൂക്ഷിച്ചുനടക്കേണ്ടതാകയാലും, നമുക്ക് എത്ര അധികം ബഹുമാനം ഒരു വസ്തുവിനോടു തോന്നുന്നുവോ, അത്ര അധികം അതിൽനിന്നു അകന്നുനിന്നു് അതിന്റെ ശ്രേഷ്ഠതയെ ആഹ്ലാദത്തോടെ ആസ്വദിക്കുന്നതു് സാധാരണയാകയാലും, ഇതുവരെ 'ശാരദ'യ്ക്ക് യൌവനം സിദ്ധിക്കാഞ്ഞതിൽ അശേഷം ആലസ്യത്തിനു് അവകാശമില്ല.

ഒന്നാം ഭാഗത്തിന്റെ തുടച്ചയാണെന്നു് പേരുപറഞ്ഞു്, അതിനെ സാധിപ്പിക്കുന്നതിനു് അവിടവിടെ ചില ഊഹം പേരും നിലനിർത്തു, ഏതാണ്ടു സ്വതന്ത്രമായ ഒന്നിനെ സൃഷ്ടിച്ചു് യാതൊരു വിധത്തിലും ബന്ധമില്ലാത്ത ആദ്യത്തേതിനോടു കൂട്ടിച്ചേർക്കുവാൻ ഉത്സാഹിക്കുന്നതുകൊണ്ടു്, ആദ്യപുസ്തകത്തിനു് പരിപൂർണ്ണത സിദ്ധിക്കുന്നുണ്ടോ എന്നു് ആലോചിക്കേണ്ടതാണു്. ഭാഷാസരണി, കഥാഘടന, പാത്രവർണ്ണനം എന്നിങ്ങിനെ ഒരു നോവലിനെ മൂന്നാക്കി ഭാഗിക്കുന്നതായാൽ, ഈ മൂന്നിലും, ആദ്യഗ്രന്ഥത്തോടു ഒരു ഏകദേശസാദൃശ്യമെങ്കിലും ഈ രണ്ടാംഭാഗത്തിനുണ്ടായിരുന്നു എങ്കിൽ, സഹൃദയസന്തോഷം അതിനു് ആ പേർ അനുവദിക്കാമായിരുന്നു. രണ്ടുപുസ്തകങ്ങളിലേയും ഭാഷാസരണിക്കു അജഗജാന്തരമുണ്ടു്. ഒന്നു് സരസലളിതോജ്ജ്വലമായ ഒരു വാഗ്വിലാസമാണെങ്കിൽ, മറ്റേതു് ഗൌരവപ്രധാനമായ ഒരു വാചാടോപമാണു്. ഒന്നു്, സാധാരണനാം ഉപയോഗിക്കുന്ന സംസാരഭാഷയാണെങ്കിൽ, മറ്റേതു് നോവലിനു് ചേരാത്ത പ്രബന്ധഭാഷയാണു്. ഒന്നിൽ, ആല്പം ഹാസ്യരസത്തോടു കൂടിയ ക്ഷമാശീലത്തിനാണു് പ്രാധാന്യമെങ്കിൽ, മറ്റേതിൽ കോപാവേശത്തോടു കൂടിയ ഒരു ശകാരത്തിനാണു് പ്രാധാന്യം. ഒന്നിൽ, ഒരു വന്റെ മനസ്സിന്റെ ബലഹീനതയിൽ അനുശോചിച്ചു് അതു് മനുഷ്യസാധാരണമാണെന്നു് സമാധാനിക്കുന്നുണ്ടെങ്കിൽ, മറ്റേതിൽ ആ ബലഹീനതയെത്തന്നെ പുച്ഛിക്കയും അതിൽ പെട്ടവരെ അധിക്ഷേപിക്കയുമാണു് ചെയ്യുന്നതു. ഒന്നിലെ ഫലിതോക്തികൾ വായനക്കാരനെ ബലാൽ ആകർഷിച്ചു് ആവണ്ണം മുമ്പോ അനുഭവ

പ്പെട്ടിട്ടുള്ള ചില സംഗതികളെ വീണ്ടും ഓ
മപ്പെടുത്തി മനസ്സിന് ആഹ്ലാദം കൊടു
ക്കണം; മറേതിലെ ഫലിതോക്തികൾ—
പലപ്പോഴും ചപലോക്തികൾ — എന്തെ
ന്നില്ലാത്ത ഒരു അസഹ്യതയാണ് മനസ്സി
നുണ്ടാക്കുന്നത്. ചമല്ക്കാരത്തോടു കൂടിയ
തിലെ ശൃംഗാരം യഥാർത്ഥമായ ഒരു ര
സമാണെങ്കിൽ, മറേതിലെ ശൃംഗാരം കു
ത്സിതവും പൈശാചികവും അവശ്യത്തിൽ കവി
ഞ്ഞതും ആയ ഒരു ചാപല്യമാണ്.

ഇതിൽനിന്ന് മിസ്റ്റർ അന്തപ്പായിയു
ടെ ഭാഷാദോഷമാണെന്ന് ഒട്ടും ശങ്കിക്കരു
ത്. ഞാൻ അങ്ങിനെ ഒന്ന് ഉദ്ദേശിച്ചി
ട്ടേ ഇല്ല. അദ്ദേഹത്തിന്ന് വിശേഷമായി,
ഗൌരവപ്രധാനമായ രീതിയിൽ നീട്ടി എ
ഴുതാമെന്ന്, പാൽനര ഇല്ലത്തേക്ക് ശങ്ക
രന്റെ പോക്ക വർണ്ണിക്കുന്ന അദ്ധ്യായവും,
ശങ്കുണ്ണിയുടെ പഴയ കഥകൾ വിവരിക്കു
ന്ന ഭാഗവും, പ്രത്യക്ഷമാക്കുന്നുണ്ട്. അ
ത്യാവശ്യം ചില അപൂർവ്വപദങ്ങളും, അ
ർത്ഥം ഒഴിവാകാത്ത വാചകങ്ങളും, തെ
റ്റായ പ്രയോഗങ്ങളും കണ്ടേക്കാമെങ്കി
ലും, മുന്നൂറിൽ അമ്പതോളം പുറങ്ങളുള്ള ഒരു
പുസ്തകത്തിലെ വാചകരീതിക്ക് ദോഷം
കല്പിക്കത്തക്ക ഒരു പ്രബലത അവയ്ക്കുണ്ടെ
ന്ന് തോന്നുന്നില്ല. ചന്തുമേനോൻ ചന്തു
മേനോന്റെയും, മിസ്റ്റർ അന്തപ്പായി മി
സ്റ്റർ അന്തപ്പായിയുടേയും ഭാഷയിൽ എഴു
തി എന്നേ ഉള്ളൂ. അത് അങ്ങിനെ അ
ല്ലാതെ വരുവാനും തരമില്ല.

ചന്തുമേനോൻ ഉദ്ദേശിച്ചിട്ടുള്ളതാ
യി ഭൂരിപക്ഷം ജനങ്ങൾക്ക് അഭിപ്രായ
മുള്ളതും, ആ പുസ്തകത്തിലെ സൂചനക
ളിൽനിന്ന് ധാരാളം ഊഹിക്കുവാൻ വഴി
യുള്ളതും ആയ കഥാഘടനയെ, രണ്ടാംപു
സ്തകത്തിൽ, അശേഷം അനുസരിച്ചിട്ടി
ല്ലെന്നാണ് തോന്നുന്നത്. ഒന്നാംപുസ്ത
ത്തിൽ, കോടതിസംഗതികൾക്ക കൊ
ത്തിരിക്കുന്ന പ്രധാനസ്ഥാനവും, പൂഞ്ചോ
ലക്കരെ അച്ചന്റെ അഭിമാനവും, തിരു
ൽപാടിന്റെ ഈഷ്യയും, കല്ല്യാണിയമ്മ
യുടെ മകളാണ് ശാരദ എന്ന് എടുത്തി
ള്ളവരെ പറഞ്ഞു മനസ്സിലാക്കുന്നതിനുള്ള
പ്രയാസവും, മറും ആലോചിക്കുന്നത
യാൽ, ഒച്ചപ്പെട്ട ഒരു സിവിൽവ്യവഹാര
കൊണ്ടല്ലാതെ കായ്യം പയ്യവസാനിക്കുവ
തല്ലെന്ന് വേണം ഊഹിക്കുവാൻ. അ
വ്യവഹാരം, വളരെകാലമായി ഇച്ഛാഭ
ഗത്തിന്ന് മാത്രം അവകാശിയായി തീർ
ട്ടുള്ള തിരുമൽപാടിന്ന് ഒരു ജയദേഭിക്ഷ
പൂഞ്ചോലക്കരക്കാർക്ക ഒരു നല്ലപാഠ
ന്നും, രാമന്മേനോന് ഉദ്ദേശസിദ്ധിക്കും വഴി
കണമെന്ന് ചന്തുമേനോൻ ആലോചിച്ചു
ട്ടുണ്ടായിരിക്കണം. "രാമന്മേനോൻ സി
വിൽവ്യവഹാരത്തിൽ ജയിച്ചുവോ"— എ
ന്ന് അറിയുവാൻ സകലരും ആഗ്രഹിച്ചി
ന്നതായി പരേതനായ വലിയകോയിത്ത
മ്പുരാൻ തിരുമനസ്സുകൊണ്ടും അഭിപ്രാ
പ്പെട്ടിട്ടുണ്ട്. തന്റെ അതിപരിചയത്ത
ലും സൂക്ഷ്മദൃഷ്ടിയാലും ഊടറിയുവാൻ സ
ധിച്ചിട്ടുള്ള കോടതിരഹസ്യങ്ങളേയും,
ക്കീൽമാരുടെ കസ്തികളേയും, കഥയ
ലെ പ്രധാന രസങ്ങളാക്കുന്നതിന്നും, ച
ന്തുമേനോൻ ഉദ്ദേശിച്ചിട്ടുണ്ടായിരിക്കണ
ആസ്ഥിതിക്ക, ഇത്രയുംപ്രധാനമായ ഒ
കേസ്സ് മിസ്റ്റർ അന്തപ്പായിയുടെ കൈ
ലെത്തിയപ്പോൾ "മലപോലെ വന്നത്
ലർപോലെ പോയ" കായ്യത്തിൽ അദ്ദേ
ത്തെ പിന്താങ്ങുന്നതിന്ന് അധികപേർ

ണ്ടാകുമെന്ന് തോന്നുന്നില്ല.

പാത്രവർണ്ണനയിൽ രണ്ടുപുസ്തകങ്ങളും തമ്മിലുള്ള യോജിപ്പിനെക്കുറിച്ചാണ് ഇനി ആലോചിക്കുവാനുള്ളത്. എടത്തിലെ വലിയച്ചൻ, ചന്തുമേനോൻ അറിഞ്ഞിട്ടില്ലേടത്തോളം, വലിയ അഭിമാനിയും, അല്പം മൻകോപിയും, പരമഭദ്രനും, സാമാന്യം ഈശ്വരഭക്തനും ആയ ഒരു സാധാരണ എടപ്രഭുവായിരുന്നു. രണ്ടാംഭാഗത്തിലായപ്പോൾ, അദ്ദേഹത്തിന്റെ സ്വഭാവം തീരെ മാറിയിരിക്കുന്നു. മാഘചന്ദ്രണ്ണി, ഒന്നാംപുസ്തകത്തിൽ, നല്ല ഊക്കും ഉറപ്പും കാണിച്ചിരുന്ന ഒരു പ്രതാപിയാണെങ്കിലും, രണ്ടാംഭാഗത്തിൽ അദ്ദേഹം കുറവൻ പിടിച്ച പാമ്പിനെ പോലെ തീരെ വിഷമില്ലാതെയും, കേവലം ഒരു പാവയെപോലെയും കാണപ്പെട്ടുന്നത്, കാലംകൊണ്ട് സ്വഭാവത്തിന് വന്നിട്ടുള്ള പരിണാമമായിരിക്കാം! ശങ്കുനമ്പി എടത്തിലെ വലിയച്ചന്റെ ഉത്തമവിശ്വാസത്തിന് പാത്രമായിരുന്ന ഒരു ഊരാക്കാരനെന്നല്ലാതെ, തീരെ കള്ളനാണെന്നോ, എടത്തിലെ ഉണ്ണികളുടെ അവിശ്വാസത്തിനും, നാട്ടുകാരുടെ വെറുപ്പിനും പാത്രമായിരുന്ന ഒരു ദുഷ്ടനാണെന്നോ ചന്തുമേനോൻ സൂചിപ്പിച്ചിട്ടേ ഇല്ല. എങ്കിലും വല്ല പ്രത്യേകോദ്ദേശത്താലോ, മനഃപൂർവ്വം പ്രദർശിപ്പിക്കുന്നതിലോ, അഥവാ, നമ്പിയുടെ സ്വഭാവം തെറ്റിദ്ധരിച്ചിട്ടോ, എന്തോ രണ്ടാംഭാഗത്തിലെ ശങ്കുനമ്പി മഹാ ദുഷ്ടനും, പരമദ്രോഹിയും, മൊരച്ച കള്ളനും, മൂത്ത കൊലപാതകിയും ആയിരിക്കുന്നു! അദ്ദേഹം ചെയ്തിട്ടുള്ള കുറ്റങ്ങളുടെ 'പട്ടിക' കണ്ടപ്പോൾ, ചില മന്ത്രവാദികൾ ബലിപൂജയ്ക്ക് കുറിച്ചുകൊടുക്കുന്ന 'ചാത്ത'ാണ് എനിക്ക് ഓർമ്മ വന്നത്. 'ഉപ്പു തൊട്ടു കുപ്പുരം വരെ' കാണാവുന്ന ആ ചാത്തും, 'കോപം, വാശി, കുശുമ്പ്, സൂയ, ദുരഭിമാനം' തുടങ്ങി കൊലപാതകം വരെ സകലവും ഉൾപ്പെട്ടുത്തി നമ്പിയുടെ പേരിൽ തയ്യാറാക്കീട്ടുള്ള 'കുറവത്രവും' തമ്മിൽ യാതൊരു വ്യത്യാസവും ഞാൻ കണ്ടില്ല. രണ്ടിനും ശരിയായ ഉദ്ദേശമോ, വലുതായ ആവശ്യമോ, വിശേഷാൽ കായ്യമോ ഇല്ല. ചടച്ച് കറുത്ത് അല്പം മുമ്പോട്ടു വളഞ്ഞ്, കുറച്ച് നരച്ച മുടിയുമായി, നാഴികയ്ക്ക് നാല്പതു പ്രാവശ്യം 'സപ്പ്ട്ടെച്ചി'യും ഇട്ട്, ഇടയ്ക്കിടയ്ക്കെല്ലാം തമിഴ് പൊടി പാറി, സച്ചരിതനായിട്ടുള്ള (ഒന്നാംഭാഗത്തിലെ) വൈത്തിപ്പട്ടരെവിടേ, ജേലിൽകിടന്ന് ചുമരിന്റെ വിള്ളലിൽ കൂടി ചെവികാത്തു നില്ക്കുമ്പോൾ അറിയാതെ കരിക്കൽ സപ്പ്ട്ടെച്ചി ഉണ്ടായ (രണ്ടാംഭാഗത്തിലെ) വൈത്തിപ്പട്ടരെവിടെ!! അതിബുദ്ധിമാനായി, മന്ത്രോപമനായി, രാമന്റെ വിശ്വാസഭാജനമായി വിരുതനായ, (ഒന്നാംഭാഗത്തിലെ) 'ശങ്കര'നെ, രണ്ടാംഭാഗത്തിൽ, നിർദ്ദാക്ഷിണ്യം "ദുഷ്ടൻ ശങ്കരൻ" ആക്കിയത് ക്ഷന്തവ്യമല്ലാത്ത ഒരു കുറ്റംതന്നെ. ഒരു നോവലിൽ എന്തുവേണ്ടു, ഏതു പുസ്തകത്തിലും, വിവരിക്കേണ്ടി വരുന്ന സംഗതികൾക്ക്, കവി അനുവദിച്ചുകൊടുക്കുന്ന സ്ഥലം ആ സംഗതികളുടെ ആവശ്യകതയ്ക്കും മുഖ്യതയ്ക്കും യോജിച്ചിരിക്കണം. കഥയുടെ കെട്ടിന് അത്യാവശ്യമല്ലാത്തതും, കഥാപാത്രങ്ങളുടെ സ്വഭാവരചനത്തിന് ഒട്ടും ഉതകാത്തതും ആയ ചില ഭാഗങ്ങൾ

ഒരു നോവലിൽ കണ്ടേക്കാമെങ്കിലും, ആ ഭാഗങ്ങൾക്ക് വേണ്ടതിൽ അധികം പ്രാധാന്യം കൊടുത്ത് സ്ഥലം മുടക്കുന്നത് അപൂർവ്വം ചില എഴുത്തുകാരിൽ മാത്രം കാണപ്പെടുന്ന വലിയ ഒരു ന്യൂനതയാകുന്നു. പാൽനരയില്ലത്തേക്ക് ശങ്കരൻ പോകുന്നതും, നമ്പൂരിയെ കണ്ട് സാക്ഷിക്കാര്യത്തെപ്പറ്റി സംസാരിക്കുന്നതും ആയ അദ്ധ്യായം ഗ്രന്ഥകർത്താവിന്റെ രചനാസാമർത്ഥ്യത്തെ വെളിപ്പെടുത്തുന്നുണ്ടെങ്കിൽ തന്നെ, ആ അദ്ധ്യായംകൊണ്ട് കഥയുടെ പോക്കിന്നാവട്ടേ, മറ്റൊന്നിനെങ്കിലുമാവട്ടേ, യാതൊരു സഹായവും ഉണ്ടാകുന്നില്ല. 'കൊമ്പും' 'തകരയും', 'ചകലാസ്സും' മറ്റും തല്ക്കാല രസത്തിന് കൊള്ളിക്കാവുന്ന സാമഗ്രികളാണെങ്കിലും, ആ കായ്കളും വിസ്തരിച്ച് ക്ഷുദ്രവളരെ സ്ഥലം മുടക്കിയത് തീരെ അനാവശ്യമാകുന്നു. വിശേഷിച്ച്, കേസ്സുകൂടാതെ കഴിക്കേണമെന്ന് ആദ്യത്തിൽതന്നെ ഉദ്ദേശിച്ചിരുന്നതിനാൽ അത്യന്താപേക്ഷിതമല്ലാതിരുന്ന ശങ്കരന്റെ ഈ യാത്ര തന്നെ വിട്ടുകളയാമായിരുന്നു.

അതുപോലെത്തന്നെ, വൈദ്യൻ മൂസ്സിനെക്കൊണ്ട് എത്ര ശ്ലോകങ്ങളാണ് ചൊല്ലിച്ചിരിക്കുന്നത്! കുന്നംപുസ്സകത്തിലെ കണിയാൻ വളരെ ശ്ലോകങ്ങൾ ചൊല്ലുന്നുണ്ടല്ലോ എന്ന ന്യായംകൊണ്ട്, ഇതിനെ സാധൂകരിപ്പാൻ ഉത്സാഹിക്കുന്നവരോട് എനിക്ക് പറവാനുള്ള സമാധാനം ഇതാണ്: കണിയാനെക്കൊണ്ട് ശ്ലോകം ചൊല്ലിക്കുന്നതിന്ന് മതിയായ കാരണമുണ്ടായിരുന്നു. ശ്ലോകം ചൊല്ലി ഉണ്ടാകുന്നപ്രധമായ ഫലം പറഞ്ഞ് വലിയച്ചനെ സമാധാനിപ്പിച്ച ആ കണിയാൻതന്നെ, വിരുദ്ധങ്ങളായ ശ്ലോകങ്ങൾ ചൊല്ലി വിപരീതമായ ഫലങ്ങൾ സൂചിപ്പിച്ച് തിരുമൽപാടിനേയും സമാധാനിപ്പിക്കുന്നുണ്ട്. ഈ കള്ളപ്പണിയിൽ അന്തർഭവിച്ചിരിക്കുന്ന രസത്തിന്റെ പരിപൂർത്തിക്ക് കുറെ ശ്ലോകങ്ങൾ ചൊല്ലിച്ചേ മതിയാവൂ. "സത്തേതന്നെ കള്ളനായ കണിയാൻ ചന്തുമേനോന്റെ കയ്യിൽവന്നപ്പോൾ പാവം കള്ളനായി" എന്ന് കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും അഭിപ്രായപ്പെട്ടിട്ടുള്ളതിൽ നിന്ന്, ചന്തുമേനോന്റെ ഉദ്ദേശം മുഴുവൻ ഫലിച്ചിട്ടും ഉണ്ട് എന്നുവേണംതീർച്ചപ്പെടുത്തുവാൻ. അങ്ങിനെ ഒരു സമാധാനം രണ്ടാംഭാഗകർത്താവിന്നുണ്ടെന്ന് തോന്നുന്നില്ല.

സാമാന്യമായ മറ്റൊരു ദോഷത്തെ കുറിച്ചുകൂടി അല്പം പ്രസ്താവിക്കുവാനുണ്ട്, തീരെ അനാവശ്യങ്ങളും, രസത്തിന്യങ്ങളും കഴിക്കത്തക്കവയും ആയ സംഗതികളെ, വെറുതേ, കഥയിൽ കുത്തിച്ചെലുത്തി ബാക്കിയുള്ളതിന്റെ ജീവനെ നശിപ്പിച്ച്, ആ കപ്പാടെ ഒരു വല്ലായ്മയുണ്ടാക്കുന്നതിന്ന് ഗ്രന്ഥകർത്താവിന്ന് നല്ല വാസനയുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പൊല്ലീസ്സ് കേസ്സു നടക്കുവാൻ പോകുന്ന പട്ടണത്തിന്റെ വർണ്ണനതന്നെ നോക്കുക. പട്ടണത്തിന്റെ ഓരോഭാഗങ്ങളിൽ അതാതുസ്ഥലങ്ങളുടെ തരവ്യത്യാസംപോലെ നടക്കുന്ന വാഗ്വാദങ്ങളെ പട്ടികയായി ചേർത്ത് എത്ര നീരസമാണ് വായനക്കാരനു ഉണ്ടാക്കീട്ടുള്ളത്! ചാരായംകുടിയും, മത്തിതിന്നലും, ചുണ്ടിന്മേൽ പൊടിതേക്കലും, മറ്റും വർണ്ണിക്കുവാൻ പ്രയത്നപ്പെട്ടിട്ടുള്ളതു കണ്ടാൽ, കഥയുടെ ജീവനും, രസത്തിന്റെ സ

ത്തു, കാവ്യത്തിന്റെ ഉദ്ദേശവും അതു തന്നെ ആണെന്ന് കവി സ്വാത്മനാ വിശ്വസിച്ചിട്ടുണ്ടെന്നുകൂടി തോന്നിപ്പോകും. ഈ വകയൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ ആ ഭാഗം സങ്കടപ്പെടാതെ വായിക്കാമായിരുന്നു. അതുപോലെത്തന്നെ, വൈത്തിപ്പട്ടരെ കുട്ടിയെപോലെ വെടിവെപ്പിക്കേണ്ടുന്ന ഒരു ഒറ്റ ആവശ്യത്തിലേക്കായി ഒരു സായ്പ്പിനേയും അയാളുടെ കുടുംബത്തേയും രംഗത്തിൽ പ്രവേശിപ്പിച്ച് ബട്ട്ലേരുമായി ഇംഗ്ലീഷുസംസാരിപ്പിച്ച് സ്ഥലം മുടക്കിയിരിക്കുന്നത് ഏറെക്കൊ അനാവശ്യവും അസംബന്ധവും ആയിരിക്കുന്നു.

ഫലിതംപറയുവാൻ ആഗ്രഹിച്ച് വിസ്തരിച്ചു പറയുന്ന പലരും നമുക്കു പരിചയപ്പെട്ടിട്ടുണ്ടായിരിക്കും. രസജ്ഞാനമില്ലാത്തവർ അതുണ്ടെന്ന് നടിക്കാതിരുന്നാൽ നീരസം കൂടാതെ കഴിക്കാം. ഫലിതം എന്താണ്, രസം എതാണ്, എന്നൊന്നും യാതൊരു വിവരവുമില്ലാതെ കിംകർത്തവ്യതാവിമൂഢനായി തീർന്ന ഒരുവനെപോലെ, ത്യാജ്യങ്ങളായ പല സംഗതികളേയും രസപ്രധാനങ്ങളായ കാവ്യങ്ങൾ എന്ന് വിശ്വസിച്ച്, മിസ്റ്റർ അന്തപ്പംയി വർണ്ണിച്ചുകണ്ടപ്പോൾ, എനിക്കു യഥാർത്ഥമായ സഹതാപമാണ് തോന്നിയത്. പാപാൽനാ ഇല്ലത്തെ നമ്പൂരിയുടെ "ദാസീഭർത്തൃത്വ"ത്തെക്കുറിച്ച് വായിച്ചപ്പോൾ, നീരസമല്ലാതെ രസം തോന്നീട്ടുള്ള ഒരു വായനക്കാരൻ ഉണ്ടായിരിക്കുമോ? എടത്തിലെ ദാസിയെ പ്രേതംതുള്ളിച്ച്, അതുവരെ തെളിയാതെ കിടന്നിരുന്ന പൊല്ലീസ്സുകേസ്സിന് തുമ്പുണ്ടാക്കിച്ചത്, പൊല്ലീസ്സുകാർക്കു ഒരു കൊട്ടോ, വായനക്കാരന്ന് ഒരു മുട്ടോ എന്താണെന്ന് തീരുമാനിക്കുവാൻ എനിക്ക് ഇതുവരെ സാധിച്ചിട്ടില്ല.

കാവ്യകാരണസംബന്ധം, ന്യായാന്യായം, സാധാരണനടവടി മുതലായ സംഗതികൾ ഒന്നും, ഒരു നോവലെഴുത്തുകാരന്ന് യഥേഷ്ടം വിട്ടുകളയാവുന്ന കാര്യങ്ങളും അല്ല. നേരേമറിച്ച്, ആ സംഗതികളിൽ എത്രമാത്രം സൂക്ഷ്മജ്ഞാനവും നിഷ്പക്ഷവാതിത്വവും പ്രദർശിപ്പിച്ചിട്ടുണ്ടോ, അതനുസ്സരിച്ച് കൃതിക്ക് വിലയും രസവും കൂടുകയേ ഉള്ളൂ. തക്കതായ കാരണങ്ങൾ കാണിക്കാതെ, ഒരുത്തന്റെ അഭിപ്രായത്തിന്നും വിശ്വാസത്തിന്നും മാറ്റംസംഭവിച്ചു എന്ന് മാത്രം പറയുന്നതു ശരിയായിരിക്കയില്ല. എടത്തിലെ വലിയച്ചൻതിരുമൽപാടിന്ന് അയച്ച എഴുത്ത് പരസ്യമായി വായിച്ചുകേട്ടപ്പോൾ, ഉദയന്തളിയിൽ ഒരു "ഭൂകമ്പ"മുണ്ടായതായും, അവിടത്തുകാരൊക്കെയും, അവർവഴിക്ക് അയൽദേശങ്ങളിൽ ഉണ്ടായിരുന്നവരും ശാരദയുടെ ജാതിയെ കുറിച്ച് ബലമായി സംശയിച്ചിരുന്നതായും, ഒന്നാംപുസ്തകത്തിൽ സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്, ആ സ്ഥിതിക്ക് തങ്ങളുടെ അഭിപ്രായം തെറ്റാണെന്ന് പൊതുജനങ്ങളെ ധരിപ്പിച്ച് അവരിൽ തത്വബോധം ഉളവാക്കുന്നതിന്ന് ഉതകുന്ന പരസ്യമായ യാതൊരു സംഭവവും സംഗതിയും ഇല്ലാതിരിക്കുമ്പോൾ, സഹകാര്യമായി ശാരദയെ എടത്തിലേക്ക് അംഗീകരിച്ചത് ജനാപവാദത്തിന്ന് കാരണമല്ലേ എന്ന് സംശയിക്കണം. ശാരദയുടെ ഭാവി ശ്രേയസ്സിനെ കരുതി രാപ്പകൽ ബുദ്ധിമുട്ടുന്ന രാമന്നേനും, ബുദ്ധിമാനും സമർത്ഥനും ആയ ശങ്കരനും തീരെ ഓർമ്മിക്കുന്നതിന്

നിർഭാഗ്യമില്ലാത്ത വിധത്തിൽ (!!) രാമേശ്വരത്തുവെച്ചുട്ടുപ്പിച്ചതും, കൃഷ്ണമേനോന്റെ അശ്രാന്തപരിശ്രമത്താൽ (!!) ലഭിച്ചതുമായ കൂട്ടുച്ചായയുടെ കാര്യം എടത്തിലെന്നെ എല്ലാവക്കും നിശ്ചയമില്ലാതിരുന്ന സ്ഥിതിക്ക്, തന്നാട്ടുകാർ അതിനെപറ്റി കേട്ടിരിപ്പാനോ, കേട്ടാൽതന്നെ അത് അലംഘനീയമായ ഒരു തെളിവാണെന്ന് വിശ്വസിച്ചിരിപ്പാനോ വഴിയില്ലാത്തതാകുന്നു. "കൃഷ്ണമേനോൻ ഭ്രമിച്ചപ്പോൾ എടത്തിലുള്ളവർ പിന്നെ ജാതിയെ കുറിച്ച് അന്വേഷിച്ചില്ല; വലിയ ആളുകൾക്ക് ഏതുമാവാം" എന്ന് അവിടത്തുകാർ പലരും പറഞ്ഞിരിക്കുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഗ്രന്ഥകർത്താവ് ജനാപവാദത്തെ വിലവയ്ക്കുന്നില്ലെന്നു ഇതിൽനിന്ന് ഊഹിക്കേണമെന്നില്ലെങ്കിലും, തദ്ദേശവാസികൾക്ക് സ്വതന്ത്രമായി ആലോചിക്കുന്നതിന്ന് ശക്തിയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നതായി അനുമാനിക്കേണ്ടി വരുന്നു! സിവിൽവ്യവഹാരം കൂടാതെ കഴിച്ച സ്ഥിതിക്ക്, ആ പൊല്ലീസ്സുകേസ്സെങ്കിലും നടത്തി അതിന്റെ വിസ്താരത്തിൽനിന്ന് ശാരദയുടെ ചരിത്രം ശരിയാംവണ്ണം വെളിപ്പെട്ടുകിട്ടിയിരുന്നെങ്കിൽ ഈ അപവാദത്തിന്ന് എടയാകയില്ലായിരുന്നു.

ജലപരിപൂർണ്ണമായ ഒരു നദിയുടെ ഗതി ചിലപ്പോൾ ഒരു മണലാരണ്യത്തിൽക്കൂടിയാകുമ്പോൾ, അതിലെ വെള്ളം മുഴുവനും മണൽകുടിച്ച് നശി അവിടെ വച്ച് വറ്റിപ്പോകുന്നതുകൊണ്ട്, അതിന്ന് സമുദ്രത്തെ പ്രാപിക്കുന്നതിന്ന് സാധിക്കാതെ വരുന്നു. അതുപോലെ ഒരു കഥാപാത്രത്തെ ഉത്തമരീതിയിലും വളരെ പ്രധാനമായ നിലയിലും വർണ്ണിച്ചുകൊണ്ടു വന്ന്, എടുപ്പുവച്ച്, ആ പാത്രത്തെ തീരെ വിസ്മരിക്കുന്നത് ഏതാണ്ട് മുൻപറഞ്ഞ നദിയുടെ പ്രവാഹം പോലെ ആകുന്നു. കഥാപാത്രങ്ങളെ എല്ലാം— പ്രത്യേകിച്ചും പ്രധാനപാത്രങ്ങളെ— ഓരോ സ്ഥാനങ്ങളിൽ, എന്തിച്ചല്ലാതെ, കഥ അവസാനിപ്പിക്കുന്നത് പതിവില്ലാത്തതും, ഒരിക്കലും അനുവദിക്കപ്പെടുവാൻ വയ്യാത്തതും ആയ ഒരു രീതിയാകുന്നു. 'ശാരദ'യിൽ ഒരു പ്രധാനപാത്രമായി ആദ്യവസാനം നിന്നിട്ടുള്ള പ്രതാപായ തിരുമൽപാടിനെ, ഒടുവിൽ, ഒന്നും പറയാതെ വിട്ടുകളഞ്ഞത് തീരെ അനുചിതമാകുന്നു. ഇതുകൊണ്ടുള്ള ദോഷം പിന്നീട് അതിൽനിന്നുണ്ടായിട്ടുള്ള ചില ഫലങ്ങൾ നിമിത്തം വളരെ വർദ്ധിച്ചിരിക്കുന്നു. ശാരദയും അച്ഛനും പലപ്രകാരത്തിലും തിരുമൽപാടിനോട് കടപ്പെട്ടിട്ടുള്ളവരാകയാലും, അവർ രണ്ടുപേരും ഇപ്പോൾ എടത്തിലെ ആളുകളായതുകൊണ്ടും, എടക്കാരും തിരുമൽപാടും തമ്മിൽ സമാധാനപ്പെടാതെ ഇപ്പോഴും ബദ്ധവൈരികളായിത്തന്നെ ഇരിക്കുന്നതുകൊണ്ടും, ശാരദയുടേയും പിതാവിന്റെയും സ്ഥിതി വെള്ളത്തിലുമല്ല കരയ്ക്കുമല്ല എന്നായിരിക്കുന്നു! സ്വാർത്ഥരഹിതയായി പ്രേരിതനായിട്ടാണെങ്കിലും, തിരുമൽപാട് എടത്തിലെ ഏകസന്തതിയായ ശാരദയെ രക്ഷിച്ചു എന്നുള്ളതു്, സത്യം തെളിഞ്ഞപ്പോൾ, എടത്തിലുള്ളവക്ക് സന്തോഷത്തിന്ന് വഴിയാകേണ്ടതാണു്. അതിനാൽ കൃതഘ്നന്മാരായ അവർ തിരുമൽപാടുമായി രാജിയായി, പഴയ ചരിത്രങ്ങൾ അന്യോന്യം മറന്ന്, സ്നേ

ഹബന്ധം ഉറപ്പിച്ചു എന്ന് വരുത്തുന്നതിന് പ്രയാസമുണ്ടായിരുന്നില്ല. അങ്ങിനെ ചെയ്തിരുന്നു എങ്കിൽ കഥയ്ക്ക് കുറെകൂടി സ്വാഭാവികതയും, ശാരദയ്ക്കും മറ്റും കുറെകൂടി സമാധാനവും, വായനക്കാർക്ക് കുറെകൂടി രസവും ഉണ്ടാകുമായിരുന്നു.

ഈനാംശം അശേഷം ഇല്ലാതെ തീരെ ദിഷ്ടനായ ഒരു മനുഷ്യൻ ലോകത്തിൽ ഉണ്ടോ എന്ന് വളരെ സംശയമാണ്. ഏതു കഠിനഹൃദയനും അപൂർവ്വം ചിലപ്പോഴെങ്കിലും വ്യസനം, പശ്ചാത്താപം മുതലായ ചില വിശിഷ്ട വികാരങ്ങൾ ഇല്ലാതിരിക്കയില്ല. ദിഷ്ടഹൃദയത്തിൽ പ്രാധാന്യവും ശക്തിയും ദോഷാംശത്തിന്നാണെങ്കിലും, ഈനാംശത്തെ അത് എപ്പോഴും കീഴ്പ്പെടുത്തുമെങ്കിലും, ഒരു ഘട്ടത്തിലും ആ ഈനാംശത്തിന്റെ ശബ്ദമായ മിന്നിച്ചയെങ്കിലും മനസ്സിൽ ഉണ്ടാകില്ലെന്ന് വരുന്നതു തീരെ അസംഭാവ്യമാണ്. എത്ര വലിയ ആപത്തിലും പശ്ചാത്താപലേശം കൂടാതെ ദിഷ്ടകർമ്മങ്ങൾ ചെയ്യുന്നതിനുള്ള വാസന മനുഷ്യനില്ലെന്നതു കൊണ്ട്, ശങ്കുനമ്പിയും വെത്തിപ്പട്ടരും സാധാരണ കാണപ്പെടാത്ത തരത്തിലുള്ള കഥാപാത്രങ്ങളാകുന്നു. എടത്തിൽ നിന്ന് ആട്ടിക്കളഞ്ഞു; ഇരുന്നിരുന്ന വീട്ടിൽ നിന്ന് പുറത്താക്കി; സ്വന്തം ഭാര്യയാൽകൂടി ഉപേക്ഷിക്കപ്പെട്ടു; ഇവയെല്ലാം തന്റെ "ആനപ്പുറത്തിരുന്നപ്പോൾ വേലിപൊളിപ്പിച്ച" പ്രവൃത്തിയുടെ ഫലങ്ങളായിട്ടും, ശങ്കുനമ്പിക്കു, ഒരിക്കലെങ്കിലും, അല്പം പശ്ചാത്താപമുണ്ടായതായി കാണുന്നില്ല. ഭാര്യയാൽ നിഷ്കരുണം നിഷ്കാസിക്കപ്പെട്ട രാത്രിയിൽ, നിലാവത്തു, തനിച്ച് വീട്ടിലേക്ക് മടങ്ങുമ്പോഴെങ്കിലും, തന്റെ പഴയ ചരിത്രത്തെ ഓർത്തു വ്യസനിക്കുന്ന ഒരു വാക്കെങ്കിലും അയാളെക്കൊണ്ടു പറയിക്കാഞ്ഞത്, ആ പാത്രത്തിന്നു 'വാസ്തവികത്വം' ഇല്ലാതാക്കുന്നതിന്ന് കാരണമായിട്ടുണ്ട്.

ഈ ദോഷം വെത്തിപ്പട്ടരേയും ഏറെക്കുറെ ബാധിക്കുന്നുണ്ട്. ചന്തുമേനോൻ വിവരിച്ചിട്ടുള്ളേടത്തോളം, വെത്തിപ്പട്ടർ — ശങ്കരന്റെ കൂടെ പൂഞ്ചോലക്കരയ്ക്ക് പുറപ്പെട്ട് മൂന്നുനാഴിക സമീപമായപ്പോൾ എലി വിറയ്ക്കുംപോലെ വിറച്ച്, ശങ്കരൻ മടങ്ങിവരുംവരെ കൊച്ചിരുന്ന വെത്തിപ്പട്ടർ — ശങ്കരന്ന് കൃഷ്ണൻ വിഷംകൊടുക്കുന്നതു കാണുന്നതിന് കൂടി ധൈര്യമില്ലാതെ ദൂരെ മാറിപ്പോയ വെത്തിപ്പട്ടർ — വലിയ ഭീരുവാണെന്നല്ലാതെ, പൊലീസ്സ്റ്റേഷനിൽ വച്ച് ഇൻസ്പക്ടരുടെ കടവയറു കലക്കി പുറത്തേക്ക് ഓടുവാൻ തക്ക ധൈര്യശാലിയാണെന്ന് തെളിഞ്ഞിട്ടില്ല. നൈരാശ്യത്തിൽ നിന്ന് ഉത്ഭവിച്ചതായ ഒരു ധൈര്യം ഒരുസമയം ഉണ്ടായാൽ തന്നെ, വിമുക്തനായതിന്നു ശേഷംകൂടി, തന്നാട്ടിൽ അലഞ്ഞുനടക്കുന്തക്ക "ചങ്കൂറ്റം" ഉണ്ടായിക്കൂടാത്തതാണ്. അക്കാലത്തും, തന്റെ പഴയ പ്രവൃത്തികളെ ഓർത്തു പശ്ചാത്താപമാകട്ടേ, മേലാലെങ്കിലും സല്പ്രവൃത്തനാകേണമെന്ന ഒരു വിചാരമാകട്ടേ, വട്ടക്കു ഒരു നിമിഷംപോലും ഉണ്ടായിട്ടില്ല! ഘോരസർപ്പത്തെ പിടിച്ച് കടത്തിലിട്ടപ്പോഴോ, ശാരദയുടെ യഥാർത്ഥമായ നിസ്സഹായകസ്ഥിതിയും നിസ്സഹായതയും ഓർത്തപ്പോഴോ, തന്റെ 'യജമാന'നായിരുന്ന ശങ്കുനമ്പിയുടെ അധഃപതനം കണ്ണുകൊണ്ടു കണ്ടപ്പോഴോ, ഒരിക്കലും, ഒട്ടും, ഒരു വിഷാ

ഒമോ, പീണ്ടുവിചാരമോ ഉണ്ടായില്ലെന്ന് വരുന്നത് തീരെ അസംഭാവ്യമാണ്. ശാരദയെ ഉദ്ദേശിച്ചിട്ടുള്ള തന്റെ നിഷ്കർമ്മത്തിന്റെ ഫലം, ശങ്കുനമ്പി അനുഭവിച്ചതിൽ, അനുഭവിച്ചിരിക്കുന്ന 'വിധിവൈപരീത്യം' വൈത്തിപ്പട്ടരിൽ വ്യസനമോ പശ്ചാത്താപമോ അങ്കുരിപ്പിച്ചില്ലെങ്കിൽ, അത്യത്ഭുതം തന്നെ. എങ്കിലും ശങ്കുനമ്പിയുടേയും പട്ടരുടേയും മരണം അവരുടെ പ്രവൃത്തികളെ പോലെയും തന്നെ, ഭീതിയും നിന്ദ്യവുംആയി കലാശിച്ചതിൽ, അല്പം സമാധാനത്തിന്ന് വഴിയുണ്ട്. പട്ടരെ ഇങ്ങിനെ വിട്ടത് നന്നായില്ലെന്നുള്ള അഭിപ്രായക്കാർ ഉണ്ടാകാമെങ്കിലും, ആ ഭാഗം വിസ്തരിക്കുവാൻ ഞാൻആഗ്രഹിക്കുന്നില്ല. (തുടരും.)

മലിനാശി. —ആർ. എം.

നസറേത്തിലെ യോഗി.

(1)

ക്രിസ്തുകാലം ലോകത്തിലെ ഏറ്റവും വലിയ അവതാരപുരുഷന്മാരിൽ ഒരാളായി ആദരിക്കുന്നതും, ക്രിസ്ത്യാനികളുടെ വേദത്തിന്റെ ഏകപുരുഷനും ലോകത്തിന്റെ ഏക രക്ഷിതാവുമായി വിശ്വസിച്ചുപോരുന്നതും ആയ യേശുക്രിസ്തു എന്നയും ഉന്നത പദവിയിലുള്ള ഒരു യോഗീശ്വരൻ ആയിരുന്നു. ഈ വാസ്തവത്തെ പറ്റി നിരൂപണം ചെയ്യുന്നതിനു മുമ്പായി, ഒരു യഥാർത്ഥ യോഗിയുടെ ലക്ഷണങ്ങൾ എന്തൊക്കയാണെന്നു നാം ആലോചിക്കുക.

ഒന്നാമത്, ഒരു യോഗിയുടെ മനസ്സ്, എല്ലാ ഇന്ദ്രിയ സുഖങ്ങളിൽ നിന്നും ഇന്ദ്രിയാർത്ഥങ്ങളിൽ നിന്നും വിമുക്തമായിരിക്കും. ലോകത്തിന്റെ നശ്വരാവസ്ഥയെ കണ്ടും, നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്നതായ കഷ്ടതകൾ, ദുഃഖങ്ങൾ, വേറെ പ്രാരബ്ധങ്ങൾ, ഒടുക്കം മരണം എന്നിവയെ പറ്റി ചിന്തനചെയ്തും കൊണ്ട്, ഒരു യോഗി, ക്ഷണഭംഗുരമായ സുഖത്തെ മാത്രം നല്കുന്നതായ ബാഹ്യവസ്തുക്കളോടുള്ള സക്തിയെ തീരെ ത്യജിച്ച്, സാധാരണ മനുഷ്യരിൽ എത്രയൊ പ്രബലമായി കാണുന്ന ജീവിതകാംക്ഷയെ ജയിക്കുന്നു. ഹൃദയശുദ്ധി, ബ്രഹ്മചര്യം, സത്യാർത്ഥാഹിത്യം, ആത്മസംയമനം, താഴ്മ, അഹിംസ, ക്ഷാന്തി, സ്ഥൈര്യം, സത്യനിഷ്ഠ മുതലായ ദിവ്യഗുണങ്ങളെ കൊണ്ട് അവൻ അലങ്കരിക്കപ്പെട്ടവനായിരിക്കും.

ഒരു യോഗിക്കു യാതൊരു കുടുംബബന്ധുമില്ല. അവന്നു ഭാര്യയുമില്ല, മക്കളുമില്ല, വീടുമില്ല, സ്വത്തുമില്ല. സുഖം വന്നാലും, ദുഃഖം വന്നാലും അവൻ എപ്പോഴും സമചിത്തനായിരിക്കുന്നു. മനസ്സിന്റെയും ശരീരത്തിന്റെയും കർമ്മഫലമായി, ജയമാകട്ടെ, അപജയമാകട്ടെ, എന്തുതന്നെ വന്നു ഭവിച്ചാലും, അവന്റെ ശാന്തിക്ക് യാതൊരു ഇളക്കവുമില്ല. അവൻ സദാ ഈശ്വരഭക്തനായിരിക്കുന്നു. അവന്റെ സർവ്വ കർമ്മവും അവൻ ഈശ്വരങ്കൽ അർപ്പിക്കുന്നു. അവൻ എപ്പോഴും അന്യർക്കായി പ്രവർത്തിക്കയും അന്യർക്കായി ജീവിക്കയും അന്യർക്കായി മരിക്കുകയും ചെയ്യുന്നു. കൂടക്കൂടെ ഒരു യോഗി വിജനസ്ഥല

ത്തു പോയി സകായ്യായി ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഏകതാത്തെ പറഞ്ഞു മനസ്സിലാക്കിയ സമാധിയിൽ ലയിച്ചു ഏറ്റവും ഉന്നതമായ അദ്ധ്യാത്മജ്ഞാനത്തെ അനുഭവിക്കുന്നു.

സർവ്വജീവികളിലും ഒരു ദിവ്യചൈതന്യം വ്യാപരിക്കുന്നതായി അവൻ കാണുന്നു. അവൻ സർവ്വമനുഷ്യരെയും— ജാതിഭേദമോ, വർണ്ണഭേദമോ, മതഭേദമോ കൂടാതെ— സ്നേഹിക്കുന്നു. സാധാരണ അർത്ഥത്തിൽ അവനു സ്നേഹിതനുമില്ല, ശത്രുവുമില്ല. ആത്മജ്ഞാനമാകുന്ന പ്രകാശത്താൽ ശോഭിതനായത് കൊണ്ടു്, അവൻ സർവ്വജ്ഞനായി തീരുന്നു. അവന്റെ ജ്ഞാനം ദേശകാലനിമിത്തമാകുന്ന ബന്ധനത്തിൽ നിന്നു അതിതമാകുന്നു. ഭൂതകാലവും ഭാവികാലവും, വർത്തമാനകാലം പോലെതന്നെ, അവൻ കാണുന്നു. എല്ലാ പ്രകൃതിനിയമങ്ങളും അവനു അധീനമായി വരുന്നു. അവൻ അനന്തമായ ശക്തിയുടെ ഇരിപ്പിടമായി തീരുന്നു. ഒരു സാക്ഷാൽ യോഗിക്കു അസാധ്യമായി യാതൊന്നുമില്ല. പക്ഷേ അവനെ വല്ലവരും ദ്രോഹിക്കയോ ചീത്തപറകയോ ചെയ്താൽ, അവൻ അവരോടു വെറുക്കയില്ലെന്നു മാത്രമല്ല, അവരെ അനുഗ്രഹിക്കയും ചെയ്യും. അവനെ കൊലപ്പെടുത്തിയാലും കൂടി അവൻ യാതൊരു പ്രതികാരവും ചെയ്വാൻ ആഗ്രഹിക്കയില്ല.

ഒരു സാക്ഷാൽ യോഗിയുടെ അവസ്ഥ ഇപ്രകാരമൊക്കെയാണു്. യേശുക്രിസ്തുവിന്റെ ജീവചരിത്രം അടങ്ങിയ "പുതിയനിയമം" എന്ന ഗ്രന്ഥം വായിച്ചുനോക്കുന്നതായാൽ, പ്രസ്തുതലക്ഷണങ്ങൾ എല്ലാം അദ്ദേഹത്തിൽ പരിപൂർണ്ണമായി വികസിച്ചതായി കാണാം. ഇന്ത്യയിൽ യേശു ജനിക്കുന്നതിനു എത്രയോ കൊല്ലങ്ങൾക്കു മുമ്പായിട്ടതന്നെ, അദ്ദേഹത്തെ പോലെയുള്ള മഹാത്മാക്കൾ ധാരാളം ഉണ്ടായിട്ടുണ്ടു്. ഗലിലയിൽ ക്രിസ്തു കൊല്ലങ്ങൾക്കു മുമ്പു പ്രസംഗിച്ചിരുന്ന വിശ്വവിശ്രുതനായ "മനുഷ്യപുത്രന്റെ" ജീവിതവും പ്രവൃത്തികളും എത്ര അമാനുഷികവും വിശ്വാസയോഗ്യവും ആയിരുന്നുവൊ, അത്രതന്നെ അമാനുഷികവും വിശ്വാസയോഗ്യവും ആയിരുന്നു അവരുടെ ജീവിതവും പ്രവൃത്തികളും എന്നു നിസ്സംശയം പറയാം.

യേശുവിന്റെ ജീവകാലത്തിന്റെ അധികഭാഗത്തെ പറ്റിയും യാതൊന്നും നാം അറിയുന്നില്ല. തന്റെ ഉപദേശങ്ങളെ പറ്റി അദ്ദേഹം യാതൊരു ഗ്രന്ഥവും എഴുതുകയാകട്ടെ ചെയ്തിട്ടില്ല. അദ്ദേഹത്തിനു് ആത്മജ്ഞാനം സിദ്ധിച്ചതു് എതൊരു മാർഗ്ഗമായിട്ടാണ് എന്നും, പന്ത്രണ്ടു വയസ്സു മുതൽ മുപ്പതു വയസ്സു വരെ അദ്ദേഹം എന്തൊണ് അഭ്യസിച്ചത് എന്നും, നാം അറിയുന്നില്ല. എന്നാൽ ഈ രണ്ടു കൊല്ലങ്ങളുടെ ഇടയിൽ, അദ്ദേഹം ഒരു ലോകസഞ്ചാരി ആയിരുന്നുവെന്നും, ഇന്ത്യയിലെ ബ്രാഹ്മണരുടെ ഇടയിലും തിബത്തിലെ ബുദ്ധമതക്കാരുടെ ഇടയിലും പോയിട്ടുണ്ടായിരുന്നു എന്നും, മറ്റും കഥകളുണ്ടു്. അതു തീരെ അവാസ്തവമല്ലെന്നു പറയാം. അസാധാരണമായ അദ്ധ്യാത്മജീവിതത്തിനുള്ള വാസനയോടുകൂടി ജനിച്ചതുകൊണ്ടു്, ഈ കാലങ്ങളും മുഴുവനും, അദ്ദേഹം ദിവ്യജ്ഞാനത്തിനുള്ള വഴികൾ അഭ്യസിക്കുന്നതിൽ വിനിയോഗിച്ചിട്ടുണ്ടായിരി

ക്കണം എന്നതു് നിശ്ചിവാദമാണ്.

ശൈശവാവസ്ഥയിൽ അവസാനം നാം അദ്ദേഹത്തെ കാണുന്നതു്, ക്രമം വയസ്സിൽ ഒരു ചെറിയ ശങ്കരാചാര്യന്റെ ജ്ഞാനത്തോടുകൂടി ശ്രുതിപ്പെട്ട യുവപണ്ഡിതന്മാരോടു പള്ളിയിൽവെച്ചു വാദപ്രതിവാദങ്ങളിൽ നടത്തുന്നവനായിട്ടാണ്. ഈ മഹാപുരുഷന്റെ അമ്മയായിരിപ്പാൻ ഭാഗ്യമുണ്ടായിരുന്ന മറിയ, തന്റെകൊച്ചുകുട്ടിയെ കാണാഞ്ഞിട്ടു്, മൂന്നുദിവസം തിരഞ്ഞു. ഒടുവിൽ യെരൂശലേമിൽ മടങ്ങിവന്നു നോക്കിയപ്പോൾ, ദൈവാലയത്തിൽ യഹൂദ ഉപദേഷ്ടാക്കളുടെ നടുവിൽ ഇരുന്നു വാദിക്കുന്നതു് കണ്ടു് വിസ്മയിച്ചു്, അമ്മ ചോദിച്ചു: — "മകനെ, ഞങ്ങളോടു് ഇങ്ങിനെ ചെയ്തതു് എന്തു്? നിന്റെ അച്ഛനും ഞാനും നിന്നെ അന്വേഷിച്ചു് എത്ര വ്യസനിച്ചു?" അതിന്നുള്ള മകന്റെ ഉത്തരം എത്ര അഗാധം! മറിയത്തിനും, ഒരു ആശാരിയായ യോസേപ്പിനും മാറും അതിന്റെ താല്പര്യം മനസ്സിലാവാഞ്ഞതിൽ എന്താണ് അത്ഭുതം? "നിങ്ങൾ എന്തിന്നായി എന്നെ അന്വേഷിച്ചു? എന്റെ പിതാവിന്നുള്ളവരിൽ ഞാൻ ഇരിക്കേണ്ടതു് നിങ്ങൾ അറിഞ്ഞതില്ലയോ?" എന്നായിരുന്ന കുട്ടിയുടെ മറുപടി. യേശുക്രിസ്തു എന്ന നാമധേയത്തിൽ പിന്നീടു ലോകമൊട്ടുക്കും വിശ്രുതനായ ആ കുട്ടി ക്രമപ്രായത്തിൽ തന്നെ ലോകത്തെ ത്യജിച്ചിരുന്നുവൊ? അതെ! തീച്ചയായും: യേശുവിന്റെ ചരിത്രം വായിച്ചു നോക്കുന്നതായാൽ, അദ്ദേഹം സന്ന്യാസിമാരിൽ അഗ്രഗണ്യനും ഒരു സാക്ഷാൽ പരമഹംസനും ആകുന്നതു കാണാം. ഒരു കർമ്മയോഗിയും ജ്ഞാനയോഗിയും ഭക്തിയോഗിയും ഒന്നായി ചേർന്ന നില അദ്ദേഹത്തിൽ കാണാം.

എന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു മുഖ്യമായ അവസ്ഥ അധികംപേരും മനസ്സിലാക്കീട്ടുണ്ടോ എന്നു സംശയിക്കുന്നു. എന്തുപ്രാവശ്യം അദ്ദേഹം ശിഷ്യന്മാരോടുകൂടെ വിജനസ്ഥലത്തു് മരുഭൂമിയിലും പർവ്വതഗിരികളിലും പ്രാർത്ഥിപ്പാനായി പോയി എന്നു "സുവിശേഷ"ത്തിൽ നാം വായിക്കുന്നു? ഒരു കർമ്മയോഗിയുടെ നിലയിൽ മാത്രമെ, നാം അദ്ദേഹത്തെ, ചരിത്രദൃഷ്ട്യാ കാണുന്നുള്ളു.

മഹാത്മാക്കളുടെ ഈ യോഗജീവിതം ചില മുഖ്യമായ നിർവ്വഹണങ്ങൾക്കു ഇടയാകുന്നു. എല്ലാ കർമ്മയോഗികളും, മുഖ്യമായി ഏകാന്തവാസവും ശാന്തതയും അന്വേഷിക്കുന്നവരാണ്. പൊതുജനങ്ങളുടെ ഇടയിലുള്ള അവരുടെ ജീവിതാവസ്ഥ അവരുടെ സ്വഭാവങ്ങളുടെയൊക്കെ ഒരു ശിഥിലമായ അംശം മാത്രമാണ്. ശ്രീകൃഷ്ണൻ എത്രയോ കൊല്ലങ്ങളോളം തപസ്സു് ചെയ്യുന്നു. ശ്രീരാമചന്ദ്രൻ വനത്തിലെ ആശ്രമത്തിൽ ഏകാന്തത്തിൽ ഇരിക്കുന്നു. ബുദ്ധൻ ആറുകൊല്ലത്തോളം ബോധിമരത്തിന്റെ ചുവട്ടിൽ ഇരുന്നു് ഒന്നിലോ പ്രകാശം സിദ്ധിക്കണം, അല്ലെങ്കിൽ മരിക്കണം എന്നാഗ്രഹിച്ചു ധ്യാനം ചെയ്യുന്നു. യേശുക്രിസ്തുവും തന്റെ ജീവിതശയിലെ രണ്ടു സംവത്സരങ്ങളോളം, ഏകാന്തത്തിലും പ്രാർത്ഥനയിലും വിനിയോഗിക്കുന്നു. ഏന്നതിന്റെ ശേഷം മാത്രമേ, അവർ പൊതുജനസന്നിധിയിൽ വന്നു പൊതുജനലീലയിൽ ഏർപ്പെടുന്നുള്ളു. പൂർണ്ണത സിദ്ധിപ്പാനും; മനുഷ്യാവസ്ഥയുടെ ആത്മ

ന്നതപദവിയെ പ്രാപിപ്പാനും, മനനവും ആത്മജ്ഞാനവും അത്യന്താപേക്ഷിതമാണെന്നു നമ്മൾക്ക് ഇതിൽനിന്നു മനസ്സിലാവുന്നു. ശ്രീരാമകൃഷ്ണപരമഹംസൻ, വിവേകാനന്ദസ്വാമി, സ്വാമിഭയാനന്ദസരസ്വതി മുതലായ ആധുനിക മഹാപുരുഷന്മാരുടെ ജീവചരിത്രവും ഉറ്റുനോക്കുന്നതായാൽ, അധികകാലവും അവർ വിജനവാസത്തിലായിരുന്നുവെന്നു കാണാം. അവരുടെ മനനകാലത്ത് കർമ്മാവസ്ഥയിൽ അവർ പ്രദർശിപ്പിച്ച മാഹാത്മ്യത്തിന്റെ രഹസ്യവും അതുതന്നെയാണ്.

യേശുക്രിസ്തു ഒരു മഹാ യോഗിയായിരുന്നു. കാരണം: അദ്ദേഹം നിത്യാനിത്യവസ്തുവിവേകം ചെയ്തു ലോകത്തിന്റെയും അതിലുള്ള സകല ചരാചരങ്ങളുടെയും നശ്വരാവസ്ഥയെ മനസ്സിലാക്കി, സകലലോകസുഖങ്ങളെയും കായികസുഖങ്ങളെയും ത്യജിച്ചു, കുടുംബങ്ങളോടും സ്നേഹിതന്മാരോടും ഉള്ള എല്ലാ ബന്ധങ്ങളെയും മുറിച്ചു്, വിട്ടും ധനവും ഒന്നും ഇല്ലാതെ ഒരു സാക്ഷാൽ സന്ന്യാസജീവിതത്തെ നയിച്ചു "കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ടു്. മനുഷ്യപുത്രനോ, തലചായ്പാൻ ഇടംഇല്ല." (മത്താ വ്യ: ൮) എന്നു യേശു പറയുന്നു.

യേശു ഒരു വലിയ കർമ്മയോഗി ആയിരുന്നു. കാരണം: അദ്ദേഹം ഫലേച്ഛകൂടാതെ പ്രവർത്തിച്ചു. പേരിനോ, കീർത്തിക്കോ, ലൌകികസുഖത്തിനോ, യാതൊരു മോഹവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ എല്ലാ കർമ്മങ്ങളും ലോകോപകാരാർത്ഥം അർപ്പിച്ചതായിരുന്നു. അദ്ദേഹം അന്യർക്കായി വേലചെയ്തു, അന്യർക്കായി തന്റെ ജീവകാലം മുഴുവൻ വിനിയോഗിച്ചു, ഒടുക്കം അന്യർക്കായി മരിക്കയും ചെയ്തു. കർമ്മത്തിന്റെ തത്ത്വം അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ്, ഒരുവൻ എന്തു വിചാരിച്ചാലും അത് തന്നെ കൊയ്യും, എന്ന് അദ്ദേഹം പഠിപ്പിച്ചതു്. സ്വസ്ഥനായ പിതാവോടുള്ള തന്റെ അനന്യസാധാരണമായ പ്രേമംകൊണ്ടും, ദൃഢമായ പരമഭക്തികൊണ്ടും, നസറേത്തിലെ യേശു ഒരു വലിയ ഭക്തിയോഗി കൂടി ആയിരുന്നു എന്നും തെളിയുന്നു.

തന്റെ അനവരതപ്രാർത്ഥനയും, മനനവും ഈശ്വരസാക്ഷാത്കാരത്തിനു വഴിപ്പെടുന്നതിനു ഹേതുവായിട്ട്, പ്രേമയും ഭക്തിയും ആകുന്ന നഭോമണ്ഡലത്തിൽ ഒരു മഹിമയുള്ള നക്ഷത്രമായി, അദ്ദേഹം ഇന്നും, ഏകദേശം രണ്ടായിരം കൊല്ലം കഴിഞ്ഞിട്ടും, എത്രയൊ പ്രഭയോടെ തെളിഞ്ഞു വിളങ്ങുന്നു. തന്റെ പ്രാരബ്ധകാലത്തു് യേശു അത്ഭുതകരമായ സഹനശീലവും മനഃശാന്തതയും പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തെ യഹൂദന്മാർ പിടിച്ചു ക്രൂശിൽ തറക്കുന്നു; ശിരസ്സിൽ മുൾകിരീടം വെച്ചു വടികൊണ്ടു് അടിക്കുന്നു; രക്തം ധാരധാരയായി പ്രവഹിക്കുന്നു; മുഖത്തു് തുപ്പുന്നു; പരിഹസിക്കുന്നു — എന്നതിന്റെ ശേഷം, താൻ ഇപ്പോഴും യഹൂദരുടെ രാജാവു തന്നെയൊ എന്നു ചോദിച്ചപ്പോൾ, അദ്ദേഹം യാതൊരു ഉത്തരവും പറഞ്ഞില്ല. വല്ല അത്ഭുതപ്രവൃത്തിയും ചെയ്താൽ തന്നെ വിട്ടുകളയാം എന്നു പറഞ്ഞിട്ടും, മൌനം തന്നെ ദീക്ഷിച്ചു. ഇതു് അദ്ധ്യാത്മശ്ലാഘ്യമായ അത്യന്തം ശ്ലാഘനീയം തന്നെ.

അദ്ദേഹത്തിന്ന് ഇഷ്ടമുണ്ടായിരുന്നുവെങ്കിൽ, അന്നു രക്ഷപ്പെടാമായിരുന്നു. പക്ഷേ അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ, ഒരു നിസ്സാരൻ ആയിപ്പോകുമായിരുന്നു. യേശുവെ പിടികൂടുന്നതിന്നു കുറെ മുമ്പെ, വരാൻപോകുന്ന സങ്കടത്തെ കാണുവ്യാകുലചിത്തനായി, അദ്ദേഹം, മൂന്നുപ്രാവശ്യം ഗെത്ത്ശമന എന്ന തോട്ടത്തിൽ വെച്ച്, "പിതാവെ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമേ" എന്നു പ്രാർത്ഥിച്ചതു് വാസ്തവം തന്നെ. പക്ഷേ, ഉടനെ തന്നെ, പൂർണ്ണഹൃദയത്തോടെ, "പിതാവെ ഞാൻ കുടിക്കാതെ അതു നീക്കിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ" എന്നും പ്രാർത്ഥിക്കുന്നതു വരെ അദ്ദേഹത്തിന്നു സമാധാനമോ ആശ്വാസമോ ഉണ്ടായിട്ടില്ല. ക്രൂശിൽ തറച്ചിട്ട വേദന സഹിപ്പാൻ എത്രാണ്ടു് അസാദ്ധ്യമായ സമയത്തു, ഒരു ചെറിയ പൈതൽ തന്റെ അമ്മയോടെന്ന പോലെ, അദ്ദേഹം ഉറക്കെ നിലവിളിച്ചു:— "എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടതു എന്തിന്നു?"— ഇതു യേശുവിന്റെ ഒരു ചാപല്യമാണെന്നു് ഒരഭിപ്രായമുണ്ടു്. തീരെ മറിച്ചു്, അതു് ഭക്തിയുടെയും പ്രേമത്തിന്റേയും പരമകാഷ്ഠയുടെ ലക്ഷണമാണെന്നാണ് എനിക്കു തോന്നുന്നതു്. ഒരു ഭക്തിയോഗിയുടെ മുഖ്യലക്ഷണം, തന്നെ ഈശ്വരങ്കൽ തീരെ സമർപ്പിക്കുന്നതും ഈശ്വരനെ സർവ്വത്തിലും ആശ്രയിക്കുന്നതും ആണ്. യേശുവിന്നു, മരണനാഴികവരെ, ഈ ഗുണം പൂർത്തിയായി ഉണ്ടായതു കൊണ്ടു്, അദ്ദേഹം സാക്ഷാൽ ഭക്തിയോഗി ആയിരുന്നു. (തുടരും.)

ധർമ്മടം— —വി. കുഞ്ഞിക്കണ്ണൻ.

സമുദ്രം.

൧. നെടിയതിരകളാകം കൈകളാട്ടിപ്രപഞ്ച
ത്തൊട്ടടപൊരുതീടാനുദ്ദ്രമിയ്ക്കുന്നമട്ടിൽ,
പടഹകടുരവത്തെത്തോൽക്കുമാറാർത്തുനിൽക്കും
കടലൊടുകിടനിൽപ്പാനില്ലലോകത്തിലൊന്നും.

൨. മുതലമുതലനേകംജന്തുവർഗ്ഗംനിറഞ്ഞു
ള്ളുദധിയിതുനിതാന്തംഭാരണംതന്നെനൂനം;
ഇതിനൊരുമറുതീരം കാണുവാനില്ല,യാദഃ
പതിയിതിലെവനാളായുന്നിടംചെന്നിറങ്ങാൻ?

൩. ഒരുനൊടിയിടകൊണ്ടീയുഴിയെക്കീഴിലാക്കാ-
നൊരുവിഷമതയില്ലീവങ്കടൽക്കെങ്കിലും, താൻ
കരകവിയുകയില്ലിപ്പാരിൽമര്യാദയെന്നും
വിരുതുടയമഹാന്മാർസന്ത്യജിക്കുന്നതല്ലാ.

൪. ഒരുദിനമൊരുനേരംചെന്നുമുങ്ങുംനരനു-

ള്ളുരുതിതമകറാൻപാടവംപാരമേറും,
പെരിയനടികളെല്ലാംചേർന്നുമിന്നുന്നതാ-
കരഗുണതരമാഹാത്മ്യങ്ങളാരുണ്ടുരപ്പാൻ?

൪. പലവഴികളിലൂടെജീവനംവന്നുകൂട്ടു-
ന്നളവിലുമതുപൊയ്പോകുന്നകാലത്തുമെന്നും,
ജലധിയുടെനിലസ്സില്ലേതുമേമാറുമേറാം
വലിയവർനിലവിട്ടീടുന്നതല്ലാന്നുകൊണ്ടും.

൫. ഒരുപൊഴുതുമൊഴിച്ചിടാതെഴുംശ്രീയൊടുംവൻ-
കരിമുകിൽനിറമാൻശംഖചക്രങ്ങൾചേർന്നാ
രുരിയൊരുളവനംതന്നുള്ളിൽവെച്ചുംവിളങ്ങും
ഹരിയുടെതനുവോടിഇക്കണ്ടതംഭോധിതാനോ?

൬. വലിയതിരകളാകുംകൈകളാലുക്കനാമി-
ജ്ജലനിധിതഴുകുന്നുമോദമോടെന്നുതോന്നും,
വെളുവെളെവിലസീടുംഫേനജാലങ്ങളാലും-
ത്തെളിവൊടിഹചിരിക്കുംമട്ടുശോഭിച്ചിടുന്നു.

൭- ഉരുരസമകതാരിൽതോന്നുമിസ്സാഗരത്തിൽ
പെരിയപുരയൊടൊക്കുംകപ്പലോടുന്നകണ്ടാൽ
ധരണിയിതുപരന്നിട്ടല്ലുരുണ്ടുള്ളതാണെ-
ന്നറിവതിനതുകൊള്ളാവുന്നദൃഷ്ടാന്തമത്രെ.

൮. ജലനിധിയിലെവെള്ളംപാരമുപ്പോടുചേന്നി-
ട്ടുലകിതിലുപയോഗത്തിന്നുകൊള്ളാതെയായി;
നലുടയകലീനൻതന്നെയെന്നാലുമേറെ
ക്കഖലതതിയൊടുചേന്നാൽകേടുവന്നീടുമല്ലൊ.

൯. വരുണനുഭവനാം, നല്ലാറുകൾക്കൊക്കുനാഥൻ,
ധരണിയുടെകലാപം, ലോകമാതാവിനച്ഛൻ,
ശരണമിയമെനാകത്തി, നോത്താൽവിരാട്ടാം
പുരുഷനുവയ, രേവംവാഴ്മീയാഴ്കിമേം.

ചിറ്റൂർ, വരവൂർ ശാമുമേനോൻ.

അത്യുഷ്ടി കഴിഞ്ഞു.

മിസ്റ്റർ നാലപ്പാട്ട നാരായണമേനോൻ എഴുതിയ

പുകയിലമാഹാത്മ്യം

തയാർ. കവിതാസാരസ്യംകൊണ്ടും ഗ്രന്ഥമാഹാത്മ്യം കൊണ്ടും എല്ലാവരും വായിച്ചു നോക്കേണ്ടതായ ഒരു ചെറുപുസ്തകം. വില ൨-ണ മാത്രം. ആത്മപോഷിണി ആപ്പീസിൽ കിട്ടും.

കമലാഭായി.

അഥവാ

ലക്ഷ്മീവിലാസത്തിലെ കൊലപാതകം

അദ്ധ്യായം—൫

മാധവമേനോൻ പാലക്കാട്ട് എത്തിയതിന്റെ പിറ്റെദിവസം, ചില പത്രങ്ങളിലെക്ക് താഴെ പറയുംപ്രകാരം ഒരു പരസ്യം എഴുതിഅയച്ചു:—

"ആയിരം ഉറുപ്പിക സമ്മാനം. ലക്ഷ്മീവിലാസത്തോട്ടത്തിൽ വെച്ച് കാണാതെപോയ വൈരമോതിരം കണ്ടെടുത്ത് എനിക്ക് അയച്ചുതരുന്നവക്ക് ആയിരം ഉറുപ്പിക സമ്മാനം കൊടുക്കുന്നതാണ്. ആ തെസ്ഥലത്തുവെച്ച് ഒരാഴ്ചമുമ്പ് സംഭവിച്ച കൊലപാതകത്തെപ്പറ്റി മതിയായ തെളിവുകൾ ശേഖരിച്ചുതരുന്നവക്കും ആയിരം ഉറുപ്പികസമ്മാനം കൊടുക്കപ്പെടും."

ഇതുകൊണ്ട് വല്ല പ്രയോജനവും ഉണ്ടാകുമോ എന്നു നോക്കാം, എന്നിങ്ങിനെ ആലോചിച്ചുകൊണ്ട് മാധവമേനോൻ കമലയെ കാണുവാൻ പോയി. അവർ തമ്മിൽ കണ്ടസമയത്തു കമലയ്ക്കു അല്പം പരിഭ്രമമുണ്ടായി, എങ്കിലും കമല തന്നെയായിരുന്നു ആദ്യം സംസാരിച്ചത്.

കമല:— "ഞാൻ കാത്തുകൊണ്ടിരിക്കയാണ്. കമ്പി കിട്ടിയാൽ ഉടനെ വരാതിരിക്കയില്ലെന്നു നിശ്ചയമുണ്ട്. എന്നെ ഇത്രയെങ്കിലും സ്നേഹിക്കാതിരിക്കയാണു നല്ലത്. ഞാൻ അങ്ങിനെയുള്ള സ്നേഹത്തിനു യോഗ്യയല്ല."

മാധവ:— "ഇതിനു മുമ്പു തന്നെ വരുവാൻ സാധിക്കാത്തതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. ഞാൻ വന്നിരുന്നാൽ കുറെ ബുദ്ധിമുട്ടുകൾ ചുരുക്കാമായിരുന്നു. ഇങ്ങിനെ ഒരു കൊലപാതകം നടന്നുവെന്നറിഞ്ഞതല്ലാതെ, കമലയെ സംബന്ധിച്ചയാതൊരുവിവരവും ഞാൻ അറിഞ്ഞിരുന്നില്ല. ഈ വിവരം വല്ലതും കേട്ടിരുന്നുവെങ്കിൽ നിങ്ങൾ അറിയിക്കാതെ തന്നെ ഞാൻ വന്നെത്തുമായിരുന്നു."

കമല:— "ഇതു് ഈ സ്ഥിതിയിൽ ആവുമെന്നു ഞാൻ ശങ്കിച്ചിരുന്നില്ല. പിന്നെ വെറുതെ നിങ്ങളെയൊക്കെ ഉപദ്രവിക്കേണ്ടല്ലൊ എന്നുവിചാരിച്ചു. വിശേഷിച്ച്, ഈ സംഭവത്തിനു ശേഷം വേണ്ടത്തക്കവരുടെ മുഖത്തുനോക്കുവാൻ എനിക്കു വളരെ ലജ്ജതോന്നുന്നുണ്ട്. അതുകൊണ്ടു തന്നെ, അങ്ങോട്ട് അറിയിക്കുന്നതിനു ജ്യേഷ്ഠത്തികളും അനുവദിച്ചതു്."

മാധവ:— "ആട്ടെ. എനി ഭയപ്പെടേണ്ട. മേലിൽ വേണ്ടതെല്ലാം ഞാൻ നോക്കിക്കൊള്ളാം. ഈ ആപത്തിൽനിന്നു രക്ഷപ്പെടുത്താമെന്നു എനിക്കു ധൈര്യമുണ്ട്. വിചാരണയ്ക്കു ഇനിയും കുറെ ദിവസം കഴിയണമല്ലൊ. അതുവരെ ഈ സ്ഥിതിയിൽ കഴിച്ചുകൂട്ടുന്നതു കഷ്ടമല്ലെ. ജാമ്യം സ്വീകരിക്കുമോ എന്നു നോക്കട്ടെ?"

കമല:— "പതിനഞ്ചുദിവസമല്ലെ ഉള്ളൂ? അതു ഒരുവിധം കഴിക്കാം. അതിനായി അധികം ബുദ്ധിമുട്ടേണമെന്നില്ല. എനിക്ക ഈ സമയത്തു വീട്ടിലിരിക്കുന്നതിനേക്കാൾ ഇവിടെ കുറെ സുഖം തോന്നു

ന്നുണ്ട്. അവിടെയായിരുന്നാൽ ബന്ധുക്കളും പരിചയക്കാരും മറ്റും വന്നു കാരോന്നു ചോദിച്ചുതുടങ്ങും. അതിനെല്ലാം സമാധാനം പറയുന്നതാണ് അധികം സങ്കടം. ഞാൻ നിരപരാധയാണെന്നു വിശ്വസിക്കുന്നുവൊ?"

മാധവ:— "കമല ഒരു കഠിനകൃത്യം ചെയ്യുക എന്നുള്ളതു സംഭാവ്യമാണൊ? മജിസ്ട്രേട്ടിനുകൂടി കമലയുടെ മേൽ സംശയം തോന്നിയതാണ് ആശ്ചര്യം. പക്ഷേ ചിലസമയങ്ങളിൽ അവൾക്കു തെളിവനുസരിച്ച് മനസ്സിനു വിരോധമായി പ്രവർത്തിക്കേണ്ടി വന്നേക്കാം. കമല കത്തി എടുത്തു കുത്തുന്നതു കണ്ടതായി ഒരാൾ പറഞ്ഞാൽകൂടി ഞാൻ വിശ്വസിക്കയില്ല."

കമല—"അങ്ങിനെ ഒരഭിപ്രായം തോന്നിയതു എന്റെ ഭാഗ്യംതന്നെ."

മാധവ— "കഴിഞ്ഞ സംഭവങ്ങളുടെ സ്മരണ കമലയുടെ മനസ്സിനെ പീഡിപ്പിക്കുന്നതായിരുന്നാലും, എല്ലാ സംഗതികളും എന്നോടു വിശദമായി പറയണം. യാതൊന്നും മറച്ചുവെക്കരുതു്. കമലയുടെ സാൽവ ആ തോട്ടത്തിൽ. എങ്ങിനെ വന്നു?"

കമല— "അതു എനിക്കു നല്ല നിശ്ചയമില്ല. ഞാൻ നടക്കുമ്പോൾ വീണിരിക്കും. അന്നു തണുത്ത കാറടിച്ചതിനാലായിരുന്നു ഞാൻ സാൽവ പുതച്ചുകൊണ്ടു പോയതു്. അന്നു് എന്റെ മനസ്സു ശരിയായ സ്ഥിതിയിൽ ആയിരുന്നില്ല. അതുകൊണ്ടു് സാൽവ വീണുപോയതുതന്നെ ഞാൻ അറിഞ്ഞില്ല. എന്നാൽ അതിൽ രക്തമാകുവാൻ സംഗതി എന്തായിരിക്കും?"

മാധവ— "കുറുപ്പിനെ കൊലചെയ്വാൻ വന്നവർ അവിടെയെങ്ങാനും കളിച്ചിരുന്നിരിക്കും. കമലയുടെ സാൽവ താഴെ വീണതു അവർ കണ്ടിരിക്കും. അതെടുത്തു രക്തത്തിൽ മുക്കി കമലയെ കുറ്റക്കാരിയാക്കി തങ്ങൾക്കു രക്ഷപ്പെടാമെന്നു വിചാരിച്ചു അങ്ങിനെ ചെയ്തതായിരിക്കണം."

കമല— "എങ്കിലേശം ആശ്വാസമായിരുന്നു. പക്ഷേ സംശയം തോന്നുന്നതു്?"

മാധവ— "അതു ഇപ്പോൾ പറയുവാൻ സാധിക്കില്ല. എന്നാൽ മാധവി അമ്മയ്ക്കു ഈ കൊലക്കേസ്സിൽ എന്തൊ സംബന്ധമുണ്ടെന്നു തോന്നുന്നു."

കമല— "ആയമ്മ കൊന്നിരിക്കുമെന്നു തോന്നുന്നില്ല. അവർ ഇത്ര കഠിനകൃത്യം ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നില്ല."

മാധവ— "അങ്ങിനെ വിചാരിക്കേണ്ട. പുറമെ സാധുത്വം നടിച്ചു് ഇതിലധികം കഠിനകൃത്യം ചെയ്യുന്ന സ്ത്രീകളെ വേണമെങ്കിൽ ഞാൻ പറഞ്ഞുതരാം."

കമല— "അതു ശരിതന്നെ."

മാധവ— "കമല മിസ്റ്റർ കുറുപ്പിനെ ദിവസവും കാണാറുണ്ടായിരുന്നുവൊ."

കമല— "ദിവസേന കണ്ടിരുന്നു."

മാധവ— "കുറുപ്പിനോടുള്ള പരിചയം അവസാനിപ്പിക്കുന്നതിനായിരുന്നുവൊ അന്നു അവിടെക്കു പോയതു്?"

കമല:— "അതെ."

മാധവ:— "കമല സ്നേഹിച്ചിരുന്ന

ആളെപ്പറ്റി സംസാരിക്കുന്നതു വ്യസനകരമായിരിക്കും."

കമല:— "ഞാൻ കുപ്പിനെ സ്നേഹിച്ചിരുന്നു എന്നതു വാസ്തവം തന്നെ. അദ്ദേഹം എന്നെ നിഷ്കപടമായി സ്നേഹിക്കുന്നുണ്ടെന്നായിരുന്നു എന്റെ ആദ്യത്തെ വിശ്വാസം. ഒരാളെ സ്നേഹിച്ചതിനു ശേഷം ആ ആളെ ഉപേക്ഷിച്ചു വേറൊരാളെ വിവാഹംചെയ്യുന്നതിനെക്കാൾ മരിക്കയാണ് ഭേദം. അദ്ദേഹത്തെ വിവാഹം ചെയ്യേണമെന്നു എന്നോടു അപേക്ഷിച്ചിരുന്നു; ഒരു വിശ്വസ്തമിത്രമാണെന്നു കരുതി ഞാൻ അതുപ്രകാരം സമ്മതിക്കയും ചെയ്തിരുന്നു. അതിനുശേഷമാണ് അദ്ദേഹത്തെപ്പറ്റി ഓരോ വർത്തമാനങ്ങൾ കേട്ടുതുടങ്ങിയതു്. ആ കേൾവി വിശ്വാസയോഗ്യമാണെന്നറിഞ്ഞപ്പോൾ, എനിക്കു് അദ്ദേഹത്തിനോടുണ്ടായിരുന്ന ബഹുമാനം മിക്കതും നശിച്ചു. ബഹുമാനാർഹമല്ലാത്ത സ്നേഹം വിലയുള്ളതായി വിചാരിക്കാമോ? എന്റെ അവിവേകത്തിനു പ്രതിഫലമായി ആ മനുഷ്യനോടുള്ള പരിചയം ഉപേക്ഷിച്ചു് ഒരു കന്യകയായൊ, അഥവാ വിധവയായൊ, ജീവിതം നയിക്കുവാൻ ഞാൻ തീർച്ചപ്പെടുത്തി. അവസാനത്തെ യാത്ര പറഞ്ഞു പിരിയുന്നതിനായിരുന്ന അന്നു ഞാൻ ആകെ തകർന്നുപോയതു്. ഇങ്ങിനെയൊക്കെയാണെങ്കിലും, മരിച്ചുപോയെന്നു പെട്ടെന്നു കേട്ടപ്പോൾ എനിക്കു വല്ലാതെ വ്യസനമുണ്ടായി. ദുഃഖവും അപമാനവും സഹിപ്പാൻ കഴിയാതെ ഞാൻ ആത്മഹത്യ ചെയ്യുന്നതിനുകൂടി ശ്രമിച്ചു. എന്നാൽ ഇങ്ങിനെയെങ്കിലും ആ പരിചയം ഉപേക്ഷിക്കുവാൻ സംഗതി വന്നതോർത്തു് ഇപ്പോൾ എനിക്കു വളരെ സമാധാനമുണ്ടു്. കഷ്ടം! ഞാൻ അയാൾ തിരിക്കുപോലെ തിരിയുന്ന ഒരു പാവയായിരിക്കാം വിചാരിച്ചതു്. അതോർക്കുമ്പോൾ എനിക്കു ആ മനുഷ്യനെ വളരെ വെറുപ്പുതോന്നുന്നു."

മാധവ— "മയ്യാദക്കാരാണെന്നു ഭാവിച്ചുകൊണ്ടു ഇമ്മാതിരി ഹീനകൃത്യങ്ങൾ ചെയ്യുവരുന്ന യുവാക്കന്മാർ ഇപ്പോൾ ധാരാളം ഉണ്ടു്. സത്സ്വഭാവകളായ യുവതികളെ വശീകരിച്ചു് അവരുടെ നിഷ്കളങ്കതയും മനസ്സമാധാനവും നശിപ്പിച്ചു് അവരുടെ ജീവിതം തന്നെ വ്യർത്ഥമാക്കിത്തീർക്കുന്നതു ഈ വങ്കന്മാർ ഒരു വിനോദം മാത്രമായിട്ടാണ് വിചാരിച്ചുവരുന്നതു്."

കമല— "എനിക്കു ഇതുവരെ ഇങ്ങിനെ ഒരു അബദ്ധം പറ്റിയിട്ടില്ല. അദ്ദേഹം ബി. എ. ജയിച്ച ആളാണു്; ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചു്, സ്ത്രീകളെ ബഹുമാനിക്കാമെന്നു സത്യവും ചെയ്തുവന്നതിനു ശേഷം, സ്ത്രീകളെ ഇങ്ങിനെ ഉപദ്രവിക്കുവാൻ പുറപ്പെടുമെന്നു ഞാൻ വിചാരിച്ചില്ല."

മാധവ— "ആ വിചാരത്തിലാണു അബദ്ധം പറ്റിയതു്. വിദ്യാവിഹീനനെക്കാൾ വിദ്വാനെയാണു് അധികം ഭയപ്പെടേണ്ടതു്. അറിവില്ലാത്തവരെക്കാൾ അറിവുള്ളവർ നല്ല മാർഗ്ഗത്തിൽ എങ്ങിനെ ജയം നേടുന്നുവൊ, അതുപോലെ ചീത്തവഴികളിലും അവർക്കാണു് ജയം സിദ്ധിക്കുക. എന്തെന്നാൽ, അന്യന്റെ മനോഗതികളെ വേഗത്തിൽ മനസ്സിലാക്കി തങ്ങൾക്കു യാതൊരു അപകടവും സംഭവിക്കാതെ മറ്റുള്ളവരെ വലയിൽ അകപ്പെടുത്തുന്നതിനു

അവക്ക് എളുപ്പം സാധിക്കും. ഒഷ്ടത മുഴുവൻ മറച്ച് പുറമെ മന്ദസ്മിതവും മനോഹരവചനങ്ങളും പ്രയോഗിക്കുന്നതിനു അവർ പ്രത്യേകം ശീലിച്ചിരിക്കും. കഴിഞ്ഞതു പോകട്ടെ. ഇനി അതു വിചാരിച്ചു വ്യസനിച്ചിട്ടു ഫലമില്ലല്ലൊ. ഈ ഘട്ടത്തിൽ അബദ്ധംപറ്റുന്നതു ലോകത്തിൽ സാധാരണയാണ്. പരിഷ്കാരം വർദ്ധിക്കുതോറും ഇമ്മാതിരി സംഭവങ്ങളും വർദ്ധിക്കും. കമലയെ വിവാഹംചെയ്തു കഷ്ടപ്പെടുത്താൻ ഇടയാവാത്തതു തന്നെ ഭാഗ്യം. കമലയുടെ മോതിരം എവിടെ പോയി?"

കമല— "അതു എന്റെ വിരലിലെക്ക് അല്പം വലുതായിരുന്നു. അദ്ദേഹം എന്റെ കൈ പിടിച്ചപ്പോൾ ഞാൻ കൈ വലിച്ചെടുത്തു. ആ സമയത്തു അതു താഴെ വീണുപോയി. കുറച്ചുനേരം തിരഞ്ഞുനോക്കി; കിട്ടിയില്ല."

മാധവ— "കുറെ വില പിടിച്ചതാണൊ?"

കമല— "എണ്ണൂറു ഉറുപ്പിക കൊടുത്തു് എനിക്കു വാങ്ങിത്തന്നതാണ്."

മാധവ— "അതിനെപ്പറ്റി ഞാൻ ചരസ്യം ചെയ്തിട്ടുണ്ട്. അതു കണ്ടെടുത്തു തരുന്നവക്ക് ആയിരം ഉറുപ്പിക സമ്മാനം കൊടുക്കുന്നതായി അറിയിച്ചിട്ടുണ്ട്."

ഇങ്ങിനെ പലെ വിഷയങ്ങളെപ്പറ്റിയും കുറെ നേരം സംസാരിച്ചതിനു ശേഷം മാധവമേനോൻ പോകുവാനായി എഴുന്നീറ്റു.

മാധവ:— "ഞാൻ ഇനി പോകട്ടെ. വ്യസനിക്കാതെ സമാധാനമായിരിക്കു. സത്യം വെളിപ്പെടുത്തുന്നതിനു് ഞാൻ കഴിയുന്നതും യത്നിച്ചുകൊള്ളാം."

കമല:— "എനിക്കു ശരിയായ സഹായം ലഭിച്ചു. ഇനി വ്യസനിക്കേണ്ട ആവശ്യമില്ല. ഞാൻ ധൈര്യമായിരുന്നു കൊള്ളാം."

മാധവ:— "ഞാൻ ഇന്നു ലക്ഷ്മീവിലാസത്തെക്കു പോകും. മാധവിഅമ്മയുടെ വർത്തമാനങ്ങളും അന്വേഷിക്കും. നാളെ ഇങ്ങോട്ടുവരാം."

അദ്ധ്യായം — ൭.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭാഷണാനന്തരം, മാധവമേനോനു കുറെ സന്തോഷമുണ്ടായി. കമലയ്ക്കു തന്റെ പേരിൽ സ്നേഹമില്ലായിരിക്കുമെന്നു മേനോൻ സംശയിച്ചിരുന്നു. എന്നാൽ അങ്ങിനെയല്ലെന്നും, തന്റെ യത്നത്തിനു തക്കതായ പ്രതിഫലം കിട്ടുമെന്നും, മാധവമേനോൻ വിശ്വസിച്ചു. കമല, കൃഷ്ണക്കുറുപ്പിനെ സ്നേഹിച്ചിരുന്നുവെന്നറിഞ്ഞതിനു ശേഷവും, മാധവമേനോനു കമലയോടുള്ള സ്നേഹം അല്പംപോലും കുറഞ്ഞിരുന്നില്ല. കമല ഇങ്ങിനെ വഞ്ചിതയായതോർത്തു അദ്ദേഹം വ്യസനിച്ചു. വൈകുന്നേരം മോതിരം തിരയുവാനായി മേനോൻ ലക്ഷ്മീവിലാസത്തിലെക്കു പോയി. അവിടെ ചെന്നപ്പോൾ തോട്ടക്കാരൻ അവിടെ നിന്നിരുന്നു. അവൻ മാധവമേനോനെതോട്ടത്തിൽ കൊണ്ടുപോയി വിട്ടു, അവന്റെ പ്രവൃത്തികൾക്കു പോയി. മേനോൻ താഴത്തെ മണലിനെ കൈകൊണ്ടു നീക്കു

റെനേരം തിരഞ്ഞു. ഇങ്ങിനെ തിരഞ്ഞു തിരഞ്ഞു മുഷിഞ്ഞു. തണ്ണന്ത കാറ്റു തട്ടി വിറച്ചും തുടങ്ങി. നാലുമണിക്കൂറിനേരം തിരഞ്ഞിട്ടും യാതൊന്നും കിട്ടിയില്ല. "ഇനി തിരഞ്ഞിട്ടു ഫലമില്ല. അതു് ആരുടെയോ കൈവശം കിട്ടിയിരിക്കും. ഞാൻ ഇനിയുംഅതു തിരഞ്ഞുകൊണ്ടിരിക്കുന്നതു വിഡ്ഢിത്വം തന്നെ. നേരവും രാത്രിയായി. കിട്ടിയതുകൊണ്ടു വലിയ ഗുണമൊന്നുമില്ല. പ്പൊ വെറുതെ ബുദ്ധിമുട്ടുന്നതെന്തിന്നു്?" എന്നു വിചാരിച്ചു പോകുവാനായി തിരിഞ്ഞപ്പോൾ, കൈതട്ടി ഒരു പൂച്ചെടി ചാഞ്ഞു. "ഇത്ര വലിയ ചെടി കൈതട്ടിയ മാത്രത്തിൽ ചായുവാൻ കാരണമെന്തു്? ആരെങ്കിലും പറിച്ചു വിറ്റതായിരിക്കുമോ?" എന്നു സംശയിച്ചു് ആ ചെടിയുടെ ചുവട്ടിലെ മണ്ണു് ഇളക്കി നോക്കി. അപ്പോൾ അവിടെ കണ്ടതെന്തായിരുന്നു? കമലയുടെ വൈരമോതിരം. അതെടുത്തുകൊണ്ടു്, മാധവമേനോൻ വീട്ടിലേക്കു മടങ്ങി.

മാധവിഅമ്മയുടെ സ്വരാജ്യം എറണാകുളമായിരുന്നതുകൊണ്ടു്, അവിടെ ചെന്നു് അന്വേഷിച്ചാൽ ആ അമ്മയുടെ വിവരങ്ങൾ വല്ലതും അറിയുകിട്ടുമെന്നു വിചാരിച്ചു്, പിറ്റെദിവസം രാവിലെ, മാധവമേനോൻ എറണാകുളത്തേക്കു പോയി. അവിടെ ചെന്നന്വേഷിച്ചതിൽ, മാധവി അമ്മയെ കുഞ്ഞുരേപ്പു വിവാഹംചെയ്തിരുന്നില്ലെന്നും, ആ സ്ത്രീയുടെ ഭർത്താവു മുമ്പു തന്നെ മരിച്ചുപോയിരിക്കുന്നുവെന്നും അറിഞ്ഞു. അവരുടെ പേർ മാധവി എന്നല്ലെന്നും, ദേവകി എന്നായിരുന്നുവെന്നും മനസ്സിലായി.

"പേർ ദേവകിഅമ്മ; ഒരു വിധവ; ആ ഭർത്താവു് ആരായിരിക്കും?" എന്നിങ്ങിനെ ആലോചിച്ചു്, മേനോൻ, ഈ വിവരങ്ങൾ പറഞ്ഞ ആളോടു് ആ സ്ത്രീയുടെ സ്വഭാവത്തെപ്പറ്റി അന്വേഷിച്ചു.

"അവർ വളരെ നല്ല സ്ത്രീയാണു്. വളരെ ദയയുള്ള സ്വഭാവമാണു്. ഇവിടെ ഇരിക്കുന്ന കാലത്തു വെള്ളിയാഴ്ചതോറും സാധുക്കൾക്കു ഭക്ഷണംകൊടുത്തു വന്നിരുന്നു." എന്നുപറഞ്ഞു.

ഈ വാക്കുകൾ കേട്ടപ്പോൾ മാധവമേനോനു ഇച്ഛാഭംഗമുണ്ടായതു് ആ സ്ത്രീയുടെ ഉന്നതകുളപ്പിറവിയല്ലതും അറിയുകിട്ടുമെന്നു വിചാരിച്ചായിരുന്നു എറണാകുളത്തേക്കു വന്നതു്. ഇവിടത്തെ അഭിപ്രായം ഠീരെ വിപരീതമായിരുന്നതാനും. എന്തു ചെയ്യാം? പാലക്കാട്ടു ചെന്നു് മാധവിഅമ്മയുടെ ആദ്യത്തെ ഭർത്താവാരെന്നു അന്വേഷിക്കാം എന്നു വിചാരിച്ചു്, പാലക്കാട്ടേക്കു മടങ്ങി.

മൂന്നു് വസങ്ങൾ കഴിഞ്ഞു. മാധവമേനോൻ ഏല്പിച്ചയച്ച പോലീസുകാർക്കു യാതൊരു തുമ്പും കിട്ടിയില്ല. എന്നാൽ മാധവിഅമ്മ ഒരു ധനികയും ധർമ്മതല്പരയും സൽസ്വഭാവിയുമാണെന്നായിരുന്നു അവരുടെ അന്വേഷണത്തിൽ നിന്നും അറിഞ്ഞ വിവരം. ഇതു കേട്ടപ്പോൾ, മാധവമേനോനു വളരെ വ്യസനമായി. വിചാരണദിവസം സമീപിച്ചതോർത്തു് അദ്ദേഹം ഭയപ്പെട്ടു.

മാധവിഅമ്മ ആ വിചാരണദിവസത്തെ സന്തോഷത്തോടെ പ്രതീക്ഷിച്ചിരുന്നു. ആ സ്ത്രീക്കു കമലയോടുള്ള ദ്വേഷം ശമിച്ചിരുന്നില്ല. കേശവമേനോനും പു

ലക്കുട്ടതന്നെ ഉണ്ട്; മാധവിഅമ്മയെ ലഭിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. കേശവമേനോന്റെ ഭാര്യയായിരിക്കുന്നതിനു മാധവിഅമ്മയ്ക്കു മനസ്സില്ലായിരുന്നു. എന്നാൽ ഈ കാര്യത്തിൽ ആ സ്ത്രീയുടെ അഭിപ്രായമെന്തെന്ന് ആരുംതന്നെ അറിഞ്ഞിരുന്നില്ല. മുമ്പത്തെ സംഭവത്തിനു ശേഷം, കുമാരൻനായർ മാധവിഅമ്മയെ കാണുവാൻ വന്നിരുന്നില്ല. ആ ദിഷ്ടയുടെ മുഖദർശനം ചെയ്യുന്നതെന്നു ആത്മാർത്ഥമായിട്ടു പ്പെട്ടത്തി. നിസ്സാരയായ ഒരു സ്ത്രീയാൽ ലജ്ജാകരമാകംവണ്ണം വഞ്ചിക്കപ്പെട്ടതോർത്തു്, കുമാരൻനായർ തന്റെ പൌരുഷത്തെ നിന്ദിച്ചു. മാധവിഅമ്മ പറഞ്ഞ ചരിത്രങ്ങളും മുഴുവനും കളവാണെന്നു പിന്നെ മനസ്സിലായി. ആ കഥകളും മാധവമേനോനെ അറിയിച്ചിരുന്നാൽ വളരെ ഉപകാരമുണ്ടായിരുന്നു. എന്നാൽ, കുമാരൻനായർ മാധവമേനോന്റെ അനേഷണങ്ങളും യാതൊന്നും അറിഞ്ഞിരുന്നില്ല. അഥവാ അറിയുന്നതായാലും, തനിക്കു പറ്റിയ അബദ്ധത്തെ പുറമെ അറിയിക്കുന്നതിനു ആയാൾക്കു വളരെ ലജ്ജയുണ്ടായിരുന്നു.

മാധവമേനോൻ വീട്ടിൽ മടങ്ങി വന്നപ്പോൾ കുറാൻ വന്നു കാണുവാൻ കാത്തിരിക്കുന്നതായി ഭൃത്യൻ അറിയിച്ചു. മാധവമേനോൻ ആ ആളും ആരാണെന്നറിവാൻ ബദ്ധപ്പെട്ടു് അകത്തേക്കു കടന്നു.

മാധവ— "കാ—ഫൊ! ഗോപാലമേനോൻ! നിങ്ങളോ? എപ്പോൾ വന്നു."

ഗോപാല— "വേണ്ടില്ല. അനേഷണം. എന്റെ ജീവിതത്തിൽ പകുതിയും നിങ്ങളോടൊന്നിച്ചാണു് കഴിച്ചിരിക്കുന്നതു്. എന്നെ കോയമ്പത്തൂരിൽ തനിയെ വിട്ടു ഇങ്ങോട്ടു കൊടി. ആ അപമര്യാദയെ ഗണ്യമാക്കാതെ ഞാൻ നിങ്ങളെ അനേഷിച്ചു വന്നു. എന്തു ചെയ്യാം. ലോകം സ്വാർത്ഥപരന്മാരാൽ നിറഞ്ഞിരിക്കുന്നു. അതല്ല. നിങ്ങളുടെ പ്രിയതമയായിരിക്കുമെന്നു ശങ്കിച്ചുവോ?"

മാധവ— "എന്നെ പരിഹസിക്കാതെ."

ഗോപാല— "എന്താ വളരെ വ്യസനമുള്ളതുപോലെ തോന്നുന്നു. ഇതെന്തു സംഗതി? ഞാൻ വല്ലതും സഹായിക്കേണ്ടതുണ്ടോ?"

മാധവമേനോൻ താൻ ഏല്പിച്ച കാര്യം മുഴുവൻ പറഞ്ഞു.

ഗോപാല— "സ്ത്രീകളുടെ സ്വഭാവം ഇതാണെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞില്ലെ? അതു പോകട്ടെ. ഇനി എന്തു ചെയ്യുവാൻ വിചാരിക്കുന്നു?"

മാധവ— "മാധവിഅമ്മയുടെ ഭർത്താവു ആരായിരുന്നു എന്നറിയണം. ആ സ്ത്രീയുടെ ദിഷ്കൃത്യങ്ങളെപ്പറ്റിയാതൊരു വിവരവും ലഭിച്ചില്ല. ഞാൻ കഴിയുന്നേടത്തോളം ശ്രമിച്ചു."

ഗോപാല— "ഇതിനാണൊ ഇത്ര പ്രയാസം? ആ സ്ത്രീയുടെ ദിഷ്കൃത്യങ്ങളും അറിയണം. സ്ത്രീകൾക്കു് അതല്ലാതെ മറ്റെന്തുണ്ടു്? ദിഷ്ടതയില്ലാത്ത സ്ത്രീതന്നെ ലോകത്തിൽ ഇല്ല."

മാധവ— "ആ സംഗതി നമുക്കു പിന്നെ തീർച്ചപ്പെടുത്താം. ഇപ്പോൾ നിങ്ങൾ എന്നെ കുറെ സഹായിക്കണം."

ഗോപാല— "എന്നാൽ ഞാൻ പറ

യുന്ന പ്രകാരം ചെയ്യുക. നിങ്ങൾ മാധവിഅമ്മയെ സ്നേഹിക്കുന്നതായി അഭിനയിക്കുക. അതിനു ആ സ്ത്രീയുടെ വീട്ടിലേക്കു പോകണം. അതല്ലെങ്കിൽ, ആ യമ്മ വരുന്നതായ വല്ല സ്ഥലത്തും ചെന്നു പരിചയപ്പെട്ടതിനു ശേഷം, സാവധാനത്തിൽ സംഗതികൾ മനസ്സിലാക്കണം. ആ സ്ത്രീ എവിടെ താമസിക്കുന്നു?

മാധവ— "കല്പാത്തിക്കു സമീപം. പക്ഷേ ഇന്നു മാധവിഅമ്മ നേരിട്ട് ട്രൈസ്സ്കൂളിൽ വരുവാനിടയുണ്ട്. ഇന്നു ഗാനസമാജദിവസമല്ലെ?"

ഗോപാല— "ശരിതന്നെ. ഇന്നത്തെ സദിരിനു ആരെയാണ് വരുത്തിയിരിക്കുന്നതെന്നറിഞ്ഞില്ല. കഴിഞ്ഞ സമാജത്തിനു ബങ്കളൂർ നാഗരത്നമായിരുന്നു. അന്നു ഞാൻ ഈ ദിക്കിൽ ഉണ്ടായിരുന്നതുകൊണ്ട് എനിക്കും പാട്ടു കേൾക്കുവാൻ സാധിച്ചു. ഹാ! എന്തു മധുരഗാനം! കേൾക്കേണ്ടതു തന്നെ. നിങ്ങൾ ഉണ്ടായിരുന്നില്ലല്ലൊ. സംഗീതം ആരംഭിച്ചതു മുതൽ അവസാനം വരെ സദസ്യരായ സകലരുമായ ആനന്ദലഹരിയാൽ മതിമറന്നവരായിരുന്നു. അതു കഴിയുന്നതു വരെ, ഒരാൾക്കെങ്കിലും സ്വബോധം ഉണ്ടായിരുന്നില്ല. ചിലർ സംഗീതം അവസാനിച്ചതിനു ശേഷവും ആ ശബ്ദവിശേഷത്തിൽ മനസ്സു ലയിച്ച സ്വപ്നാവസ്ഥയിലെന്നപോലെ ഇരുന്നിരുന്നു. ഞാൻ വളരെ സ്ത്രീകളുടെയും പുരുഷന്മാരുടെയും പാട്ടുകൾ കേട്ടിട്ടുണ്ട്. എന്നാൽ ഇതുവരെ ഇങ്ങിനെ ഒരു പാട്ടു കേട്ടിട്ടില്ല. പാട്ടുകേട്ട് ഒരാഴ്ച കഴിയുന്നതുവരെ ആ മനോഹരശബ്ദം എന്റെ കാതുകളിൽ അലച്ചുകൊണ്ടിരുന്നു. അന്നു നിങ്ങൾ ഇല്ലാത്തതുകൊണ്ടു ഞാൻ വളരെ വ്യസനിച്ചു."

മാധവ— "നാഗരത്നത്തിന്റെ പാട്ട് ഞാൻ മദ്രാസിൽവെച്ചു കേട്ടിട്ടുണ്ട്. ആ സ്ത്രീയുടെ പാട്ടു ആരാലും പ്രശംസിക്കത്തക്കതു തന്നെ. എന്താ ഇന്നു നിങ്ങൾ പോന്നില്ലെ?"

ഗോപാല— "ഞാൻ വരുന്നുണ്ട്. എത്രതന്നെ കേട്ടാലും തൃപ്തിവരുന്ന ഒരു വസ്തുവല്ലല്ലൊ ഇതു."

മാധവ:— "എനിക്കു ഇന്നു പാട്ടു കേൾക്കുന്നതിനു തീരെ മനസ്സുമാധാനമില്ല. എന്നാലും വേറൊരു കാര്യം കൂടി സാധിക്കാനുണ്ടല്ലൊ. അതുകൊണ്ടു പോവുക തന്നെ."

അവർ നാലുമണിക്കു നേരിട്ട് ട്രൈസ്കൂളിൽ എത്തി. കുറെനേരം പാട്ടു കേട്ടതിനു ശേഷം, ഈ സ്ത്രീകളിൽ ഏതാണു മാധവിഅമ്മ എന്നു ഗോപാലമേനോൻ ചോദിച്ചു.

മാധവ:— "ഇതാ ഈ ഇരിക്കുന്നതാണെന്നു തോന്നുന്നു."

മാധവിഅമ്മ ഒഴികെ, അവിടെ ഉണ്ടായിരുന്ന സ്ത്രീകളെല്ലാം മാധവമേനോൻ അറിയുന്നവരായതുകൊണ്ടും ആ സ്ത്രീ താൻ കേട്ട വർണ്ണനകളോടു യോജിച്ചിരുന്നതുകൊണ്ടും അതു മാധവിഅമ്മയായിരിക്കണമെന്നു ഊഹിച്ചു. പിന്നെ തന്റെ ഒരു സ്നേഹിതനോടു ചോദിച്ചു് സംശയനിവൃത്തി വരുത്തുകയും ചെയ്തു. ഭർത്താവു മരിച്ച പതിനഞ്ചു ദിവസമെങ്കിലും കഴിയുന്നതിനു മുമ്പു്, ഇങ്ങിനെ ബഹുജനമദ്ധ്യേ വരുന്നതിനായി ചുറ്റും ഇരിക്കുന്നവർ മാധവിഅമ്മയെ ആക്ഷേപിച്ചുകൊണ്ടിരുന്നു. ഗോപാലമേനോൻ മാധവിഅമ്മയെ കണ്ട മാത്രത്തിൽ, "ഇതു് എന്റെ ഭാര്യയല്ലെ?" എന്നു പെട്ടെന്നു പറഞ്ഞതു.

—തരവത്തു് ജാനകി അമ്മ.

ആത്മപോഷിണി

പുസ്തകം ൩. | ക്രാന്തം കുംഭം | ലക്കം ൬൬.

മലയാളത്തിന്റെ ഉൽപത്തി

[IV]

മലയാളരാജ്യങ്ങളിലെ നാനാജാതിജനങ്ങളെപ്പറ്റി ചിന്തിക്കുമ്പോഴും, മലയാളത്തിന്റെ ഉൽപത്തി തമിഴിൽനിന്നാണെന്ന് അനുമിക്കാവുന്നതായി, അയ്യങ്കാരവർകളും വാഴിക്കുന്നുണ്ട്. പണ്ടത്തെ തമിഴ് സാഹിത്യത്തിൽനിന്നും, ശിലാലേഖനങ്ങളിൽനിന്നും, അക്കാലത്തെ തമിഴരുടെ തൊഴിലിനെയും വസ്ത്രത്തെയും കുറിച്ച്, പല വിവരങ്ങളും ഗ്രഹിക്കാവുന്നതാണ്. തൊഴിൽ പ്രമാണിച്ച്, തമിഴർ അമ്പട്ടൻ, ഈഴവൻ, കമ്മാളൻ, കണിയാൻ, കാവിതി, കുശവൻ, മായൻ, നായിശൻ, പാണൻ, പണിക്കൻ, പിടാരൻ, ചക്കാൻ, ചാക്കിയാൻ, ഉവൈച്ചൻ, വണ്ണാൻ, വണ്ണത്താൻ, വള്ളുവൻ, വാരിയൻ, വേലർ— മുതലായ പല ജാതികളായി പിരിഞ്ഞിരുന്നു. ഈ നാനാജാതിക്കാരും, നാനാവസ്ത്രങ്ങളും ചോളപാണ്ഡ്യരാജ്യങ്ങളിൽ ഉണ്ടായിരുന്നതു പോലെത്തന്നെ, ചേരനാട്ടിലും പാർത്തിരുന്നു. തൊഴിലുകൾക്കു ഭേദംവന്നിട്ടുണ്ടെന്നിരുന്നാലും, ഈ ജാതിക്കാരൊക്കെ ഇപ്പോഴും മലയാളനാട്ടിൽ ഉണ്ട്. മലയാളത്തിലെ മറ്റുജാതികളിൽ മുഖ്യമായവർ നായർ, തീയർ, ഈഴവർ, ചെറുമർ എന്നിവരാകുന്നു. വെള്ളാഞ്ചേരി, ഇടച്ചേരി, ആയഞ്ചേരി, വളയനാട്, പറയഞ്ചേരി, പള്ളിപ്പുറം എന്നിങ്ങിനെ മലയാളത്തിലുള്ള ഗ്രാമനാമങ്ങൾകൊണ്ട്, കേരളത്തിൽ, മുൻകാലത്തു തമിഴ് ജനങ്ങൾ പാർത്തിരുന്നു എന്നു തെളിയുന്നുണ്ടെങ്കിലും, ഒടുവിൽപറഞ്ഞ നായർ, തീയർ, ഈഴവർ, ചെറുമർ എന്ന ജാതികൾ ഇപ്പോൾ കിഴക്കൻ(തമിഴ്)നാടുകളിൽ ഇല്ലാ. ഈ ജാതികളുടെ ഉത്ഭവം എങ്ങിനെയായിരിക്കും? ഇവക്കും തമിഴ്നാട്ടിലെ തത്സമന്മാരായ ജാതിക്കാർക്കും തമ്മിലുള്ള ബന്ധമെന്തായിരിക്കും?

അയ്യങ്കാരവർകൾ ഇങ്ങിനെ പറയുന്നു:— "ആയിരമോ, അതിലധികമോ കൊല്ലങ്ങൾക്കു മുമ്പ്, ഇന്നുള്ള തമിഴ് ജാതികൾ എല്ലാം ഉണ്ടായിരുന്നില്ല; തമിഴ് ജനങ്ങളെ, അവർ പാർത്തിരുന്ന ദേശത്തിന്റെ

ചേരരാജാക്കന്മാരുടെ സൈന്യങ്ങളിൽ ഭടന്മാരായി, കൊങ്ങനാട്ടിൽ നിന്നു പലരെയും ചേർത്തിരുന്നു എന്നും; ഇവർ ഊക്കേറിയ യോധാക്കളായിരുന്നു എന്നും, ചിലപ്പതികാരം എന്ന ഗ്രന്ഥത്താൽ തെളിയുന്നുണ്ട്: "(ക) ഈർമ്പടെ കൊങ്കർ കോവേ"; "(ഖ) ചേരലാതൻ തികഴോളി ഞായിറുച്ചോഴൻ മകളീൻറ മൈന്തൻ കൊങ്കർ ചെങ്കളം വേട്ടകൈക്കൊപ്പോർയാറു കൈതൈ പോകിയ ചെങ്കുട്ടുവൻ"— എന്ന ഭാഗങ്ങളും ഇതിനു ലക്ഷ്യമാകുന്നു. മലബാറിലെയും തിരുവിതാംകൂറിലെയും നാടുവാഴികളിൽ ചിലർ, കോഴിക്കോട്ടു സാമൂതിരിയെപ്പോലെ, കോയമ്പുത്തൂരിലെ ഇടയന്മാരിൽ ഒരു ഉന്നതകുലമായ പൊഗൊണ്ടൻജാതിയിലുൾപ്പെട്ടവരായിരുന്നു എന്നതു മേല്പറഞ്ഞ സംഗതിയെ സ്ഥിരപ്പെടുത്തുന്നതായും ആര്യന്മാരവർകളും പറയുന്നുണ്ട്. അദ്ദേഹം ഇങ്ങിനെ അഭിപ്രായപ്പെടുന്നു:— "സാമൂതിരിയുടെ സ്ഥാനപ്പേരുകളിൽ ഒന്നായ 'കുന്നലക്കോൻ' എന്ന പദം ഒരു ചെറിയനാട്ടിന്റെ അധിപതി എന്നർത്ഥമായ 'കുറുനിലക്കോൻ' എന്നു ശുദ്ധ തമിഴ്വാക്കാകുന്നു; 'കോനാതിരി' അല്ലെങ്കിൽ 'കോനാൻതിരു', അഥവാ 'കോനാൻ' എന്നതു കോയമ്പുത്തൂർ-മധുര,-തിരുനൽവേലിജില്ലാക്കളിലെ ഇടയന്മാരുടെ സ്ഥാനപ്പേരുമാകുന്നു. മലബാറിൽ, ഇടയന്മാരെ 'കോലായൻ' എന്നും, 'എരുമൻ' എന്നും വിളിച്ചുവരുന്നു; ഇവർ നായന്മാരിലുൾപ്പെട്ട അവാന്തരജാതികളാകുന്നു. 'എരുമൻ' എന്ന സംജ്ഞ, തഞ്ചാവൂരിലെ പതിനൊന്നാം ശതവത്സരലിഖിതങ്ങളിൽ കാണുന്നുണ്ട്. ത

സ്വഭാവം പ്രമാണിച്ച്, വിവിധവർഗ്ഗങ്ങളായി വിഭജിച്ചിരുന്നു; വെള്ളാളർ, മറവർ, ഇടയർ, മല്ലർ, പള്ളർ, കുറവർ എന്നിങ്ങിനെയുള്ള വർഗ്ഗനാമങ്ങളും ഇന്നും തമിഴ്ജില്ലാക്കളിൽ നിലനില്ക്കുന്നു. വെള്ളാളർ എന്ന പേരു കൃഷിത്തൊഴിലുടമായ അനേകം ജാതിക്കാരെക്കുറിക്കുന്നതു പോലെത്തന്നെ, നായർ എന്ന പദവും അവ്യവസ്ഥിതമാകുന്നു. ഇപ്പോഴത്തെ നായർജാതിയാവട്ടെ, ചക്കാൻ (ചക്കാട്ടി എണ്ണയെടുക്കുന്നവൻ), വാണിയൻ (കച്ചവടക്കാരൻ, എണ്ണക്കച്ചവടക്കാരൻ), എരുമൻ അല്ലെങ്കിൽ കോലായൻ (തമിഴ് ഇടയൻ), കണിശൻ, പണിക്കൻ (ഇവ തമിഴ് ജ്യോഴവരുടെ ഉപാധികളാകും), പള്ളിച്ചാൻ, ഊരാളി (ഇവ തമിഴ് പള്ളികളാകും), വെള്ളാളർ- എന്നീ ജാതികളും കാലക്രമേണ വന്നുചേർന്ന പുഷ്ടിപ്പെട്ടിട്ടുള്ളതാകുന്നു. നായർജാതിയുടെ പ്രധാനപ്പെട്ട ഉപാധികളിൽ, 'ശൂദ്രൻ' എന്നതു നിരർത്ഥമാകുന്നു; 'അകത്തുചാന്ന്' എന്നും, 'പുറത്തുചാന്ന്' എന്നുമുള്ള പിരിവുകളും, ഹൈദരുടെ ആക്രമണത്തിനു ശേഷം പുതിയതായി ഉണ്ടായവയാണ്. 'അത്തിക്കുറിച്ചി'യും 'വട്ടക്കാട്'നും ദേശസംബന്ധികളായ നാമങ്ങളത്രെ; കിരിയത്തിൽക്കാർ മാത്രമേ, പടിഞ്ഞാറെക്കരയിലെ ശൂദ്രവെള്ളാർ അല്ലെങ്കിൽ വെള്ളാളർ എന്നവരുടെ സന്താനങ്ങളായിട്ടുള്ളൂ. ക്രിസ്താബ്ദം ൧൯-൦൦-ൽ കൂടിയും, വെള്ളാളരായിരുന്ന മലബാറിലെ കൃഷിവൃത്തിജാതിക്കാർ എന്നു കാണുന്നുണ്ട്. പണ്ടത്തെ നായന്മാരിൽ ആരും, ചില വിപ്രോത്തമർ വിശ്വസിക്കുമ്പോലെ, തെലുങ്കജനസന്താനങ്ങളായിരുന്നില്ല."

മിഴ് ഇടയരിൽ ചിലരെ ക്ഷത്രിയസാമന്ത
ന്മാരുടെ സ്ഥാനത്തെക്കപോലും കയറി
യിരിക്കുന്നു; അവരെ നായന്മാരിൽ ഒരു അ
പാന്തരജാതിയായി ഗണിച്ചിരിക്കുന്നതി
നെപ്പറ്റി അത്ഭുതപ്പെടാനില്ല. തമിഴ്
ഇടയന്മാരിൽ ഉൾപ്പെട്ട 'ശിബിയർ' (പ
ല്ലക്ക് ചുമക്കുന്നവർ), 'അകത്തു ചാന്നവർ'
എന്നീ അവാന്തരജാതികളും, മലബാറി
ലെ നായന്മാരെയും സാമന്തന്മാരെയും ത
മിഴ് ഇടയന്മാരെയും തമ്മിൽ കൂട്ടിച്ചേർക്കുന്ന
ഒരു ശൃംഖലയായിരിക്കുന്നു. 'കട്ടി', 'കി
ടാവു', 'കിടാങ്കൾ' എന്നീ വാക്കുകളും, ത
മിഴ്നാട്ടിൽ, ആട്ടമാട്ടകളുടെ ശിശുക്ക
ളെ എന്നർത്ഥമാകുന്നു; മലബാറിലോ, മനു
ഷ്യശിശുക്കളെ എന്നർത്ഥമാകുന്നു. നായന്മാ
ർ സാമന്തന്മാർ എന്നീ ജാതികളുടെ ഘ
ടനയിൽ, ഇടയന്മാർക്ക് ഒരു മുഖ്യമായ സ്ഥാ
നം ഉണ്ടായിരുന്നു എന്നതിന് ഇതൊരു
തെളിവാകുന്നു. ഇടയന്മാർക്ക്, വിശേഷി
ച്ചും കൊങ്ങുനാട്ടിലുള്ളവർക്ക്, സ്വന്തം അ
ധിപതികളും ഉണ്ടായിരുന്നു; അവർ നല്ല
അശ്വഭടന്മാരും *ആയിരുന്നു. ഒന്നാമ
ത്തെയോ രണ്ടാമത്തെയോ ശതാബ്ദത്തി
ലിടയ്ക്ക്, ചേരരാജാക്കന്മാർ കൊങ്ങുനാടി
നെ പിടിച്ചടക്കിയതിൽ പിന്നെ, ഇടയ
ന്മാരിൽ നിന്ന് പലർ ചേരരാജസൈന്യ
ത്തിൽ ഭടന്മാരായും സേനാനികളായും ചേ
ർന്നിരുന്നു."

ഇങ്ങിനെയാണ് നായർജാതിയുടെ
ഘടനയെന്ന്, അയ്യങ്കാരവർകളും പറയു
ന്നു. നായന്മാരെ 'ഇളയകോയിൽ' എ
ന്നാകുന്നു ചെറുമന്മാർ വിളിച്ചുവരുന്നതെ
ന്നും; ഈ സ്ഥാനപ്പേര്, തമിഴ്നാട്ടിലെ
ചില പണ്ടത്തെ വെള്ളാളന്മാരെ വിളിച്ചുവ
ന്നിരുന്നു 'ഇളങ്കോകൾ' എന്ന പേർതന്നെ
യാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.
മാത്രമല്ല, നായന്മാരിൽ ഒരു ഉൾപ്പിരിവാ
യി പറഞ്ഞുവരുന്ന 'കോലായൻ' എന്ന പേരിലെ
'കോൽ' എന്നതു്, തെലുങ്കിൽ ഇടയജാ
തിക്കാരെക്കുറിക്കുന്ന 'ഗൊല്ല' എന്ന സം
ജ്ഞയുടെ സങ്കുചിതരൂപമാകുന്നുവെന്നും;
'ആയൻ' എന്നതു് തമിഴ് ഇടയനാണെ
ന്നും ഉള്ള ശബ്ദസംബന്ധമായ തെളിവി
നെയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.
ഇതിനും പുറമെ, മധുരജില്ലാവിലെ ഇടയ
ന്മാരിൽ ഒരു ഉൾപ്പിരിവുകാർ മരുമക
ത്തായം ആചരിക്കുന്നവരാണെന്ന സംശ
തിയും അദ്ദേഹം കൗതുകകരമായി കരുതു
ന്നു.

അയ്യങ്കാരവർകളും, നമ്പൂതിരിമാ
രെക്കുറിച്ചും നായന്മാരെക്കുറിച്ചും പറഞ്ഞി
രിക്കുന്ന അഭിപ്രായങ്ങളും ഒക്കെ യുക്തിയു
ക്തങ്ങളെന്നോ സ്വീകാര്യങ്ങളെന്നോ, നി
സ്സംശയമായി കൈയൊഴുകൊള്ളാൻ ന്യായം
കാണുന്നില്ലെന്നു ഇവിടെ പറക വേണ്ടി
യിരിക്കുന്നു. സംശയാധീനങ്ങളായ പല
സംഗതികളെ ആധാരമാക്കിക്കൊണ്ട്, മേ
ല്പടി ജനങ്ങളെക്കുറിച്ച്., ഓരോരുത്തർ ഓ
രോവിധം അനുമാനങ്ങളും പുറപ്പെടുവിക്കാ
റുള്ളതിനാൽ, അയ്യങ്കാരവർകളുടെ അഭി
പ്രായവും അത്തരത്തിലുള്ളതാണെന്നു മാ
ത്രമേ തൽക്കാലം കരുതേണ്ടതുള്ളൂ. എ
ന്നാൽ, മാനുഷവിജ്ഞാനീയസംബന്ധമാ
യി അദ്ദേഹം എടുത്തുകാണിക്കുന്ന സം
ഗതികളും എങ്ങിനെയിരുന്നാലും, ആ
സംഗതികളെ സ്ഥാപിപ്പാൻ വേണ്ടി
ചെയ്യുന്ന ശബ്ദാഗമസംബന്ധമായ യു
ക്തികളും വലുപ്പാഴം വഴിപിഴച്ചുപോ

യുണ്ടെന്നേ പറയാതെ കഴികയില്ല. ഉദാഹരണമായി, 'നമ്പൂതിരി' 'കോനാതിരി' എന്ന പദങ്ങളുടെ ആഗമത്തെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുന്നതെന്തെന്നു നോക്കുക. 'നമ്പൂതിരി' ശബ്ദം 'നമ്പിശ്രീ' അല്ലെങ്കിൽ 'നമ്പിതിരു' എന്നതിന്റെ രൂപാന്തരമാണെന്ന് അദ്ദേഹം പറയുന്നു. 'നമ്പി' എന്ന തമിഴ്പദത്തിന് ശ്രേഷ്ഠൻ എന്നർത്ഥം; ഇതിനൊട്ട് 'ശ്രീ' ചേർന്ന് 'നമ്പിശ്രീ'യും, പിന്നെ, 'ശ്രീ'ക്ക് തമിഴിൽ 'തിരു' എന്ന തദ്ഭവം വന്ന് 'നമ്പിതിരു'വും ഉണ്ടായി എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഇതിനെപ്പറ്റി രണ്ടാക്ഷേപങ്ങൾ പറവാനുണ്ട്: 'തിരു' എന്നത് 'ശ്രീ' എന്ന സംസ്കൃതശബ്ദത്തിന്റെ തദ്ഭവമല്ലെന്നും, ശുദ്ധ തമിഴ്ശബ്ദമാണെന്നും ചില തമിഴ്പണ്ഡിതന്മാർ വാദിക്കുന്നു; പിന്നെ, 'ശ്രീ'പദമാകട്ടെ, 'തിരു' ആകട്ടെ, സമാസത്തിൽ വിശേഷണമെന്ന നിലയിൽ വരുമ്പോൾ,- 'ശ്രീരാമൻ', 'തിരുമനസ്സ്' എന്നപോലെ— പൂർവ്വപദമായി നില്ക്കുന്നതല്ലാതേ, ഉത്തരപദമായി ചേരാറില്ലെന്ന സംഗതിയും, 'നമ്പൂതിരി'യെ 'നമ്പിതിരു'വിൽ നിന്ന് വ്യൽപാദിപ്പിപ്പാൻ അവകാശം തരുന്നില്ല. ഈ ആക്ഷേപം, 'കോനാതിരി'യെയും സംബന്ധിക്കുന്നു; 'കോനാൻ-തിരു' എന്നല്ല, 'തിരു-കോനാൻ' എന്നാണല്ലോ സാധാരണ പ്രയോഗം വരേണ്ടത്. ഇനി, 'കുന്നലക്കോൻ' നോക്കുക: ഇതിനെ 'കുറുനിലക്കോൻ' എന്ന വാക്കിന്റെ സങ്കുചിതരൂപമായിക്കരുതിയിരിക്കുന്നു. അതിനെക്കാൾ, 'കുന്ന്'+അല+കോൻ', അതായിത്, കുന്നിനും അല്ലുള്ളും (കടലിനും) ഇടയിലുള്ള നാട്ടിന്റെ മലയാളത്തിന്റെ— അധിപൻ, എന്ന് വ്യൽപാദിപ്പിക്കയല്ലേ ഭേദം? ഇതൃയുമല്ല, 'ചെറുമ'നെ തമിഴ് 'ചിറുവൻ' എന്നവാക്കിൽനിന്നു ഉത്ഭവിച്ചിരിക്കുന്നതാണ് അധികം കൗതുകജനകമായിരിക്കുന്നത്. 'ചിറുവൻ' എന്നാൽ: ചെറിയ മനുഷ്യൻ എന്നർത്ഥം; കൊങ്ങനാട്ടിലേ യോദ്ധാക്കന്മാരായ നായർ അല്ലെങ്കിൽ നായകന്മാർ എന്നപോലെ വെള്ളാളന്മാരും ഇടയന്മാരും ആജ്ഞാനുവർത്തികളായിരുന്നുവെന്നും; അവരൊട്ടു തരാതമ്യപ്പെടുത്തിയാൽ, ചെറുമന്മാർ ചെറിയ ആളുകളായി ഗണിക്കപ്പെടേണ്ടതാണെന്നും ആകുന്നു, അയ്യങ്കാരവർകൾ പറയുന്നത്. എന്നാൽ, ചെറുമന്മാർ പണ്ടെക്കാലത്തു കൃഷകദാസന്മാരായിരുന്നതിനാൽ, ഭൂസ്വാമികളുടെ അടിമകൾ, അതായിത് പാടാശ്രിതന്മാരായ മക്കളുടെ നിലയിലുള്ളവർ, ആയിരുന്നു എന്നും; ആ സ്ഥിതിയിൽ അവർക്ക് 'ചെറു-മകൻ' എന്ന പേരാണ് യോജിക്കുന്നതെന്നും; ഈ സംജ്ഞ കാലക്രമത്തിൽ ദുഷിച്ച്, ചെറുമകൻ— ചെറുമോൻ- ചെറുമൻ- എന്നായിത്തീർന്നുവെന്നും അയ്യങ്കാരവർകൾ ഗ്രഹിച്ചിട്ടില്ലെന്നു വരുമോ?

ഈ ചെറുമന്മാർ ആരാണ്? ഇവർ തമിഴ്നാട്ടിലെ പള്ളരുടെ സവർണ്ണന്മാരാണെന്നാകുന്നു അയ്യങ്കാരവർകൾ അഭിപ്രായപ്പെടുന്നത്. ക്രിസ്താബ്ദം ഏഴാം-പതിനൊന്നാം ശതകങ്ങളിലെ മലയാളശാസനത്തിൽ, ഈ ജാതിക്കാർക്ക് 'വല്ലിആളർ' അഥവാ 'വല്ലിചേരുന്നമ്മാർ' എന്ന് ജാതിനാമം പറഞ്ഞിട്ടുള്ളതല്ലാതെ, 'ചെറുമർ' എന്നു പറഞ്ഞിട്ടില്ല പോൽ. 'വല്ലി' എന്നത് 'വില്ലി' എന്ന പദത്തിന്റെ വികൃതം പ്രമാദകൃതമായിരിക്കാം

എന്ന് അയ്യങ്കാരവർകൾ അഭിപ്രായപ്പെടുന്നു. 'വില്ലി', തമിഴ്പള്ളരിൽ കുടുംബപ്പിരിവിന്റെ പേരാകയാലായിരിക്കുമോ, അയ്യങ്കാരവർകൾ 'വല്ലി'യെ അബദ്ധമായി ഗണിച്ചതെന്നറിയുന്നില്ല. എന്നാൽ, മലബാറിൽ, 'വല്ലി' എന്നത് കൃഷിസംബന്ധമായ ഒരു സാങ്കേതികസംജ്ഞയാകുന്നു: കൃഷിപ്പണിക്കാക്ക് കൂലിയായി കൊടുക്കുന്ന ധാന്യത്തെ 'വല്ല' എന്നു പറയുന്നു. "വിത്തും വല്ലിയും" എന്ന വാക്കുകളുടെ അർത്ഥം വിചാരിക്കുക. വല്ലിയെ ആളുന്നവർ 'വല്ലി ആളർ', എന്നു പറയാവുന്നതാണല്ലൊ. ചെറുമന്മാർ വല്ലി ആളുന്നവർ ആയിരുന്നതിനാൽ, അവക്ക് ആ പേർ ലഭിക്കുക സ്വാഭാവികം തന്നെ. അതിരിക്കട്ടെ. കൃഷിവൃത്തിക്കാരായ ഈ വർഗ്ഗക്കാരിൽ എറാളൻ, ഇടയ്ക്കെ, കാലടി, പള്ളൻ, പറയൻ, റോളൻ (ഇരുളൻ, വില്ലി), വള്ളുവൻ, വേട്ടുവൻ എന്നിങ്ങിനെ ചില ഉൾപ്പിരിവുകളുള്ളതു് തമിഴ്പള്ളന്മാരിലും ഉണ്ടെന്നും; മലയാളച്ചെറുമന്മാരും തമിഴ്പള്ളരും സമുദായാചാരക്രമങ്ങളിലും ദായവ്യവസ്ഥയിലും തുല്യന്മാരാണെന്നും; ആകയാൽ, ഈ വർഗ്ഗങ്ങൾ രണ്ടും കൃഷിക്കാരായും യോദ്ധാക്കളായുമിരുന്ന ഒരേ നാഗദ്രാവിഡവർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്നവരാണെന്നും ആകുന്നു അയ്യങ്കാരവർകളുടെ അനുമാനം.

പിന്നെ, കേരളത്തിലെ തീയന്മാരും ഈഴവരും എവിടെ നിന്നു വന്നവരാണ്? ഇവർ ഇന്ത്യയ്ക്കു പുറമേ നിന്നു വന്നവരാണെന്ന ചിലരുടെ അഭിപ്രായം സ്വീകാര്യമല്ലെന്നാകുന്നു, അയ്യങ്കാരവർകൾ പറയുന്നതു്. തീയർ എന്ന ജാതി മലയാളത്തിൽ മാത്രമേ ഉള്ളൂ എങ്കിലും, ഈഴവജാതി തമിഴ്ജില്ലാകളിലും ഉണ്ടു്. മലബാറിൽ, തീയരുടെ സംഖ്യാബാഹുല്യവും, സമുദായസംബന്ധമായ ഐകരൂപ്യവും നോക്കിയതിൽ, അവർ തെക്കേഇന്ത്യയിൽത്തന്നെ ജനിച്ചവരാണെന്നു് അദ്ദേഹം അനുമിക്കുന്നു. 'ഈഴവർ', 'തീയൻ' എന്നപദങ്ങളുടെ ആഗമം, 'സിംഹളൻ', 'ദ്വീപൻ' എന്ന ശബ്ദങ്ങളിൽ നിന്നാണെന്നും; വലിക്കുക എന്നർത്ഥമായ 'ഇഴ' യിൽനിന്നു് 'ഈഴ'വും മധുരരസം (തീ) എടുക്കുന്നവൻ എന്നർത്ഥത്തിൽ 'തീ-അൻ' എന്നതിൽ നിന്നു് 'തീയ' നും ഉണ്ടായി എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

മുൻവിവരിച്ച സംഗതികൾകൊണ്ടു്, കേരളത്തിലെ ജനങ്ങൾ, തമിഴ്നാട്ടുകാരായിരുന്നതല്ലാതെ, തെലുങ്കുദേശങ്ങളിലോ മറ്റു പുറനാടുകളിലോ നിന്നു് വന്നവരല്ലെന്നു് അയ്യങ്കാരവർകൾ സ്ഥാപിക്കുന്നു.

—കേ. രാമകൃഷ്ണപിള്ള, (ബി. എ.)

കുരുകിളി.

(൧)

കുളിയുണ്ണകഴിഞ്ഞു, കുഞ്ഞുതെന്നൽ-
ക്കുളിരേറിടുമിനെഞാനിരുന്നിടുമ്പോൾ,
കിളിവാതലണഞ്ഞൊരുജ്വലശ്രീ-
കിളിയെന്നെ സ്സുകൃതി പ്രസന്നനാക്കി.

(൨)

ഉത്തമങ്ങു പാടുന്നു വന്നു, കണ്ണാ-
മ്മൂതശബ്ദങ്ങളുടക്കി, യിശ്ശുകന്തും,

കുതകേറിയനങ്ങിടാതതിന്മേൽ-
കൃതമാം കൃത്രിമ പക്ഷിപോലെ, വാണു.

(൩)

പലപക്ഷികളെന്റെ പയ്യവേക്ഷാ-
വലയിൽ പെട്ടറിവുണ്ടെനിക്കിതെന്നാൽ,
അലമത്തുതനവ്യകൗശ; സർഗ്ഗാ-
മലവൈചിത്ര്യമനന്ത മിജ്ജഗത്തിൽ.

(൪)

പറവസ്ഥിതിനെന്തുപേരുനാട്ടാർ
പറയുന്നെന്നറിവില്ലെനിക്കു; പക്ഷേ
കുറവെന്ത്? ഉരുവസ്തുകണ്ടറിഞ്ഞാൽ-
പുറമേപേരിഹനാംഗ്രഹിച്ചിടാഞ്ഞിൽ.

(൫)

മണിപത്രവശങ്ങളിൽപതിഞ്ഞു-
ള്ളുണ്ണിവർണ്ണങ്ങളിണങ്ങിയിപ്രതാംഗം,
ഗ്ഗന്നിപുസ്തകമെന്നപോലെ ഉൾക്കൊ-
ണ്ടുണ്ണികൾക്കിമ്പമുയർത്തിടുന്നുനോക്കാൻ.

(൬)

ചെടിതൻചെറുവേരുചെന്നുവേറേ-
തടിയിന്മേൽപിടികൂടിടുന്നപോലെ,
ഒടിവാന്നവങ്ങളുത്രു, ജന്നൽ-
പ്പടിമേൽപററിയിരിപ്പതുത്തുതംതാൻ.

(൭)

വരപൊന്മണിമോതിരംധരിക്കും
വിരലിന്നൊപ്പു, മനല്പരംഗിതേടി
വരചുറ്റിവളങ്ങിടുന്നു, കാത്ത
സ്വരശോഭാവഹഭീർഘകാൽനഖങ്ങൾ.

(൮)

ഒളിയമ്പിളിലേഖപോലെ, യേറ്റം-
തെളിവോടുംവളവാന്നിടുംനഖങ്ങൾ
ഉളിപോലെയുടക്കിടുന്നു, ശത്രു-
ക്കളിലന്യോന്യമിടഞ്ഞടുത്തിടുമ്പോൾ.

(൯)

ഇരുകാലുകളായതങ്ങിലുണ്ടോ-
യൊരുപുത്തൻമലർമൊട്ടപോലെ, യിപ്പോ
മരുവുന്നിതു,തുവലൊട്ടൊതുക്കി- (൦
ത്തിരുകിപ്പക്ഷമിളക്കിടാതെപക്ഷി.

(൧൦)

രജതാസനമേറിവച്ചൊരാദ്യ-
ദ്വിജപൂജാമണിശാഖമോടുതുല്യം,
നിജപാദയുഗത്തിനോട്ടക്കുടി-
ദ്വിജമിപ്പോളലമുല്ലസിച്ചിടുന്നു.

(൧൧)

ഒടിചുണ്ടിനുകീഴതൊട്ടു, വാലി-
ന്നടിയോളം, മലമൂട്ടിൽമഞ്ഞുപോലെ,
കുടിപാർത്തുനിരന്നിടുന്നു, വെള്ളി- (൯.
പ്പൊടിരോമാളികൾ, മുണ്ണർപോലെനോട്ടി

(൧൨)

കുടരകുതനിറക്കലിപ്പുകാണി-
ച്ചിടുമാമാതളനാരകക്കണിപ്പൂ,
ചുടുതീക്കനൽപോലെനൽചുവപ്പാ-
ന്നിടുമിത്തുണ്ഡമൊടൊട്ടുതുല്യമത്രേ.

(൧൩)

പലവർണ്ണമിണങ്ങിടുംമഴക്കാർ-
ചിലപോലേ, ചിറകിന്റെമേൽവശത്തിൽ
വിലസുന്നു,വിചിത്രരമ്യരോമ-
ജ്വലതേജോഭരവക്രലാഞ്ഛനങ്ങൾ.

(൧൪)

സുകുമാരശരീരമേന്തിടുന്നി-
ശ്ശകുനത്തിന്റെവിചിത്രമായിടുംവാൽ,
സുകലീനകാംപാണിയിൽധരിക്കും
മുകുരംപോലെ, മനോജ്ഞമായിരിപ്പൂ.

(൧൫)

പ്രിയദർശനമാകുമീ ഖഗത്തെ
സപദിമംഗംപ്രതിനോക്കിഞാൻപറിച്ചേൻ
നിയതംനിജപാപപുസ്തകത്തെ
ജയമിപ്പൊളുകുട്ടിയെന്നപോലെ.

(൧൬)

ശകുനത്തിനയോഗ്യമായിടുന്നി-

ശ്ലോകനം, ഞായറിലിന്ദുലേഖപോലെ,
സുകൃതഫലസൌഖ്യമെന്നെറയുള്ളാം-
മുകളത്തിൽ തമസാതരുന്നവല്ലോ.

(൧൭)

"എവിടുന്നുപറന്നുവന്നിടുന്നു?
കവിശംസാഫ്മദീയ ചിത്തമിപ്പോൾ,
രവിയന്നവിയത്തുപോലെ, ദീപ-
മ്മുവികൊണ്ടുള്ളുറപോലെ, യുല്ലസിപ്പൂ.

(൧൮)

"മമമന്ദിരമിന്നതായകീയാ-
ഗമനത്താൽപരിപൂതമായ് ചമഞ്ഞു,
കമലാപതിപാദപത്മചിന്താ-
നമനത്താൽശമിചിത്തമെന്നപോലെ.

(൧൯)

"പരമാമുനിപോലെ, മൌനമാന്നീ,-
ശ്വര ചിന്താത്മടച്ചുകണ്ണുരണ്ടും,
വരമാസനമേറിവാണിടുംശ്രീ-
കരനാകുംശചിജയസ്വ! കൈതൊഴുന്നേൻ.

(൨൦)

"തുണചെയ്ക, തുറക്കനേത്രം, ആവീ-
ക്ഷണമെന്നെപ്പരിശുദ്ധനാക്കിടട്ടെ!
ആണയുന്നജലത്തിലഗ്നിപോലെ
ക്ഷണമേറംദൃതിതംശചിജേക്ഷണത്തിൽ.

(൨൧)

"നയനങ്ങൾതുറന്നു, നല്പപക്ഷ-
ദയയും തുണ്ഡവുമല്പമൊന്നനക്കി
സഭയമെന്നെയനുഗ്രഹിച്ചനീ;ഉൾ-
ദ്ദയയുള്ളോർകളപേക്ഷതള്ളുകില്ല.

(൨൨)

"ആതിഥേ! തരസാഭവാനെഞാനി-
ന്നാതിസന്താഷജലപ്പുപുഷ്പവൃഷ്ട്യാ,
എതിരേറ്റു, കുചേലനെദ്ധരിത്രീ-
പതിപോലെ, പരിപൂജചെയ്തിടുന്നേൻ.

(൨൩)

"വഴിപോക്കനൊടൊപ്പമിപ്പൊളേറ്റം
മിഴിതാണ്ടു, തവമെയ്യഹോ! തളർന്നു,
പൊഴിയുന്നവെളുത്തപൂട, രോമ-
ച്ചുഴിവിട്ടിട്ടു വിയപ്പു തുള്ളിപോലെ.

(൨൪)

"മതിയൊട്ടതെളിഞ്ഞുവന്നപോന്ത-
ക്ഷതിയിൽപാക്കു, പാലുമപ്പവുംഞാൻ
മതിയാവോളമത്രതന്നിടാം;-സൽ-
കൃതി ഗാർഹസ്ഥ്യനിലസ്സുവശ്യമല്ലോ.

(൨൫)

"ഭയമെന്തിനഹോ! പക്ഷിമാംസ-
പ്രിയരല്ലെന്നധരിച്ചുകൊൾക, ഞങ്ങൾ;
ദയവാറുമറസ്സുജന്തുഹിംസാ-
ക്രിയചെയ്യുള്ളുപജീവനംവിനിന്ദ്യം.

(൨൬)

"ഖഗ! നിയൊരുദിവ്യഭൂതനായി-
പ്രഗളൽശാന്തിവഹിച്ചുവന്നതെങ്കിൽ,
പ്രഗമിക്കുക, ഘോരയുദ്ധകർതാ-
പഗയാലാപ്തമായഭൂതലത്തിൽ.

(൨൭)

"ജഘടീശപരനെന്തിനെന്നചൊല്ലാം
ഖഗമേ! നിന്നെയയച്ചതെൻപരമ്പരയിൽ:
മൃഗപക്ഷിഗണത്തിലും, സചക്രീ-
വിഗളിക്കുന്നതു, വിസ്മയിച്ചിടാസ്ഥാൻ.

(൨൮)

"കൃപയോടുപറഞ്ഞിടുന്നതെന്താ-
ണുപദേശങ്ങളരുചിട്ടുന്നതാണോ?
സപടിത്രിപുരാരിനാ, മമാലാ- (൫൪
ജപമാണോ? 'ശിവ'ശബ്ദമെന്തിതിപ്പോ

(൨൯)

"പോകാനൊരുടരുന്നു? പൊന്നൊളിനിറം-
ചേരുന്നചാരുതപമാ-
ന്നാകാശത്തിനു, നഗ്രഹങ്ങളിവനിൽ-
സന്തോഷശബ്ദങ്ങളാൽ-.
ഏകാതല്ലുഗമിച്ചിടുന്നതിനിയെ
ന്നാകുന്നു കാണുന്നതീ-

ലോകാനുഗ്രഹത്തല്പരാവതരണം—
പാരിൽപരംപൊർല്പഭം."

—എം. ആർ. കൃഷ്ണവാര്യർ,
(ബി. എ., എൽ. ടി.)

'ശാരദ' — രണ്ടാംഭാഗം.

ഒരു വിമർശം.

(11)

ശാരദയെ എടത്തിൽഎടുപ്പിക്കയോ, യോഗ്യനായ ഒരുമലയാളിക്ക് സംബന്ധം ചെയ്തുകൊടുക്കയോ കഴിഞ്ഞാൽ,സ്വരാജ്യത്തേക്ക് മടങ്ങി സ്വസ്ഥനായിരിക്കേണമെന്നല്ലാതെ, യാതൊരു സ്ഥാനമാനങ്ങൾക്കും അശേഷം ആഗ്രഹമില്ലാതിരുന്ന രാമന്നേന്നെ, എടത്തിലെ മാനേജരാക്കിയ കാര്യത്തിൽ, ഭിന്നാഭിപ്രായത്തിന്ന് ധാരാളംവഴിയുണ്ട്. കാശി മുതൽ രാമേശ്വരം വരെ സഞ്ചരിച്ച് അനേകായിരം ഉറുപ്പിക സമ്പാദിച്ച രാമന്നേന്നെ ബാധിച്ചിരുന്നതും, അതുവരെ ആക്കം മാറുന്നതിന്ന് സാധിക്കാഞ്ഞതും ആയ നേത്രരോഗം, മലയാളത്തിൽ വന്ന് എടത്തിലെ മാനേജരായ ക്ഷണത്തിൽ, തീരെ മാറിയതിൽനിന്ന്, മലയാളികൾക്ക കണ്ണുചികിത്സയിൽ അദ്വിതീയമായ സാമർത്ഥ്യമുണ്ടെന്നോ, അഥവാ, എടത്തിലെ പണത്തിന്ന് ഒരു ഔഷധശക്തികൂടിയുണ്ടെന്നോ, അതുമല്ല, മനസ്സിന്ന് സന്തുഷ്ടിയുണ്ടായാൽ സകല സുഖക്കേടും താനേ മാറും എന്നുള്ളവിശ്വാസം ശരിയാണെന്നോ, എന്താണ് അനുമാനിക്കേണ്ടതെന്ന് മനസ്സിലാകുന്നില്ല. വല്ല സൂത്രവും പറഞ്ഞ് എടത്തിലെ കാര്യസ്ഥനായി കുറെ പണം തട്ടുവാൻ വന്നവനാണെന്ന്, പലരും, രാമന്നേന്നെ കുറിച്ച് സംശയിച്ചിരിക്കയില്ലേ? എത്ര സത്യസന്ധനായാലും, വിക്രമന്മാരായ എടത്തിലെ ചെറിയ ഉണ്ണികൾക്ക അവിശ്വാസം ഉണ്ടായിക്കൂടെന്നുണ്ടോ? അവക്ക്, കത്തി കണക്ക ചോദിക്കുന്നതിന്ന് തരമില്ലാത്ത വിധത്തിൽ, ആ സ്ഥാനം താൻ സ്വീകരിച്ചത് അദ്ദേഹത്തിന്ന് അപമാനകരമല്ലേ? കുടുംബത്തിൽ പ്രാപ്തിയുള്ള പുരുഷന്മാർ ഇല്ലാതിരിക്കുമ്പോൾ, അവിടത്തെ സംബന്ധക്കാർ (കുട്ടികളുടെ അച്ഛൻ) വീട്ടുകാര്യങ്ങൾ അനേഷിക്കുക പതിവുണ്ടെങ്കിലും, പ്രാപ്തന്മാരായ അനേകം പുരുഷന്മാരും, നല്ല ശമ്പളംകൊടുത്ത് ഒരുകാര്യസ്ഥനെ നിയമിക്കുന്നതിനുള്ള ആസ്തിയും ഉണ്ടായിരിക്കേ, ആ ഭാരം രാമന്നേന്റെ തലയിൽ കെട്ടിവച്ചതും, അദ്ദേഹം അത് ഏറ്റെടുത്തതും, ശാരദയ്ക്കുടി, കുറെ മാനഹാനികരമല്ലയോ എന്നുഞാൻ ബലമായി സംശയിക്കുന്നു.

ശങ്കുണ്ണിയെ ആട്ടിക്കളഞ്ഞശേഷം ആ സ്ഥാനത്തേക്ക ഒരാളെ നിയമിക്കേണ്ടത് അത്യാവശ്യമായിരുന്ന എങ്കിൽ, എതു കൊണ്ടും പ്രാപ്തനായ 'ശങ്കരൻ'നേയോ, അതിന്ന് മനസ്സില്ലാത്തപക്ഷം, നമ്പിക്കുമ്പു ആ ജോലി നോക്കിയിരുന്ന സത്യവാനും, സർവ്വസമ്മതനും ആയ പഴയ കുഞ്ഞുണ്ണിമേനോൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ അദ്ദേഹത്തേയോ നിശ്ചയിക്കാമായിരുന്നു. "സത്യനിഷ്ഠയാൽ സ്ഥാനഭ്രംശംവന്ന" കുഞ്ഞുണ്ണിമേനോനെ പറഞ്ഞു ഒന്നും പറയാതെ വിട്ട

തുകൊണ്ടു, 'ധർമ്മശക്തിക്കു' തട്ടീട്ടുള്ള ബലഹീനത, അദ്ദേഹത്തെ വീണ്ടും സ്വീകരിക്കുന്നതുകൊണ്ട്, തീരെ രീതിയായിരുന്നു. പഴയ കണക്കുകൾ പരിശോധിച്ചപ്പോൾ കുഞ്ഞുണ്ണിമേനോന്റെ സത്യനിഷ്ഠയുംകായ്യപ്രാപ്തിയും എടത്തിലുള്ളവർക്ക് വെളിപ്പെട്ടിരിക്കുവാൻ വഴിയുള്ളതിനാൽ, ആ പ്രവൃത്തികൊണ്ട് കഥയുടെ സ്വഭാവത്തിന്ന് ന്യൂനത ഉണ്ടാകില്ലെന്നു മാത്രമല്ല, ഗുണം കൂടുകയുമാണ് ചെയ്തിരിക്കുന്നു. ശങ്കുനമ്പിയെ കൊടിയിറക്കിയ കേളുമേനവനാൽ തന്നെ ഏതാണ്ടു നിർല്ലജ്ജം (ഇതു കൂടാതെ കഴിക്കാമായിരുന്നു) അംഗീകരിക്കപ്പെട്ട അത്യന്തം ദുഷ്ടയും നീചയും ആയ പാവ്വതിഅമ്മയുടെ തള്ളിച്ചയും അഹംഭാവത്തിനും, കുഞ്ഞുണ്ണിമേനോന്റെ (പാവ്വതിഅമ്മയുടെ ആദ്യഭർത്താവിന്റെ) രണ്ടാം അഭിഷേകം തക്കതായ ഒരു അമർച്ചയും ഇടിവും വരുത്തുമായിരുന്നു. ഇതൊന്നും ഇല്ലാത്തതുകൊണ്ട്, സത്യവാനായകുഞ്ഞുണ്ണിമേനോൻ വഴിയിലും, സാധുരാമമേനോൻ കായ്യസ്ഥാനത്തും, ദുഷ്ടയായ പാവ്വതി മീളികമുകളിലും, കഥയുടെ രസം പുസ്തകത്തിൽനിന്ന് പുറത്തും ആയി കലാശിച്ചിരിക്കുന്നു.

കഥയിലെ പ്രധാനപാത്രങ്ങളായശാരദാകൃഷ്ണമേനോന്മാരേപറ്റി ആണ് ഇനി നമുക്ക് ആലോചിക്കുവാനുള്ളത്. ബ്രാഹ്മണക്കു മാത്രമേ എടത്തിൽ സംബന്ധം പാടുള്ളു എന്നാണ് വച്ചിരുന്നത്. അപ്പോഴാണ് കല്യാണിഅമ്മയുടെ കളിച്ചേട്ടവും രാമമേനോന്റെ സംബന്ധവും ഉണ്ടായത്. ശാരദയെ വീട്ടിൽ സ്വീകരിക്കുന്നപക്ഷം, നായർസംബന്ധംഅനുവദിച്ച ഫലമായി. ശാരദയെ പൂങ്ങോലക്കരെ എടുപ്പിക്കുന്നതാണ് കഥ തന്നെ. അതുകൊണ്ട് ബ്രാഹ്മണരേ പാടുള്ളൂ എന്ന സിദ്ധാന്തത്തിന്ന് ശക്തി കുറഞ്ഞു എന്നും, അത്യാവശ്യം നായന്മാക്കും ആവാമെന്നുള്ള മട്ടായി എന്നും, തർക്കംകൂടാതെ നിശ്ചയിച്ച്, നായന്മാരുടെ ഇടത്തിൽ ആരാണ് നായകത്വത്തിന്ന് അർഹൻ എന്നേ നമുക്ക് ആലോചിക്കുവാനുള്ളൂ. ബ്രാഹ്മണസംബന്ധം കൊണ്ടുള്ള ഗുണദോഷങ്ങളെ കുറിച്ചും, അക്കാര്യത്തിൽ പ്രധാനകുടുംബങ്ങൾ അംഗീകരിക്കേണ്ടതായ പരിഷ്കാരത്തെ കുറിച്ചും, മറ്റും, ഈ ഘട്ടത്തിൽ, ചന്തുമേനോനായിരുന്നു എങ്കിൽ, ഒരു സമയം സവിസ്തരം പ്രസ്താവിക്കുമായിരുന്നു.

ശാരദയെ കൃഷ്ണമേനോൻകൊണ്ടല്ല, ശങ്കരനെ കൊണ്ടാണ് സംബന്ധംചെയ്യിപ്പിക്കേണ്ടിയിരുന്നത് എന്ന് ഒരു പക്ഷക്കാരുണ്ട്. ശങ്കരന്റെ ജാതി, കുടുംബസ്ഥിതി, ബുദ്ധി, സ്വഭാവം, സൌന്ദര്യം മുതലായവയെല്ലാം, ആദ്യപുസ്തകത്തിൽ വിശദമായി വർണ്ണിച്ചിട്ടുള്ളതുകൊണ്ടും, 'ഇന്ദുലേഖ'യിലെ നായകനെപോലെ, 'ശാരദ'യിലെ നായകനും ഒരു ബി. എൽക്കാരനാകേണമെന്നു തൽകർത്താവ് ഉദ്ദേശിച്ചിരിപ്പാൻ വഴിയില്ലാത്തതുകൊണ്ടും, ശാരദാവല്ലഭത്വം ചിത്രമെഴുത്തു ശങ്കരനു തന്നെ കൊടുക്കേണ്ടിയിരുന്നു എന്നാണ് അവരുടെ വാദം. ഇതിൽ ഏറെക്കുറെ വാസ്തവവും ഉണ്ട്. എങ്കിലും വിദ്യാഭ്യാസങ്ങളായ തെളിവുകൾക്കാണ് പ്രാബല്യം എന്നാണ് എന്റെ അഭിപ്രായം. തന്റെ "മകളെ യോഗ്യനായ ഒരു മലയാളിക്കു തന്നെ സംബന്ധം ചെയ്തുകൊടുക്കുന്നു"തിലേക്കാണ് രാമമേനോൻ പ്രധാനമായി മലയാളത്തിലേക്കു പുറപ്പെട്ടതെന്ന് ഒന്നാംഭാഗത്തിൽ കാണുന്നുണ്ട്.

ഇതിൽനിന്ന് ശങ്കരനെ ആതിലേക്ക് "യോഗ്യനായ ഒരു മലയാളി"യായി രാമമേനോൻ സങ്കല്പിച്ചിട്ടില്ലെന്നു വേണം അനുമാനിക്കുവാൻ. കൂടാതെ, ശങ്കരനെ കുറിച്ചുള്ള ശാരദയുടെ ചോദ്യങ്ങൾക്ക്, അവളുടെ അച്ഛൻ കൊടുക്കുന്ന സമാധാനങ്ങളുടെ കൂട്ടത്തിൽ, "എന്റെ കുട്ടിയോട് എന്നോളം വാത്സല്യമുണ്ട് ശങ്കരന്ന്; അവനോട് അങ്ങോട്ടും എന്റെ കുട്ടി അതുപോലെ സ്നേഹമായിരിക്കണം" എന്നുകൂടി കാണുന്നുണ്ട്. ഇതിൽനിന്ന്, അതിൽ സൂചിപ്പിച്ചിരിക്കുന്ന സ്നേഹം അനുരാഗത്തിന്റെ ഛായപോലുമില്ലാത്ത സഹോദരസ്നേഹമാണെന്നും, അല്ലെങ്കിൽ തീച്ചയായും പത്തുപതിനൊന്നു വയസ്സുമാത്രം പ്രായം ഉള്ള തന്റെ മകളോട് ആ സ്നേഹത്തെക്കുറിച്ച് അഛൻ ഇങ്ങിനെ തുറന്നു പറകയില്ലായിരുന്നു എന്നും വേണം അനുമാനിക്കുവാൻ. അതിനുംപുറമേ, അച്ഛൻ കേൾക്കെത്തന്നെ ശാരദ, ശങ്കരനെ, വെറും ശങ്കരൻ എന്നും, 'അവൻ' എന്നും, വിളിക്കാറുണ്ടെന്ന് ഒന്നാം പുസ്തകത്തിന്റെ പതിനാലാംപുറത്തു കാണുന്നതിൽനിന്ന്, ശങ്കരന്ന് ശാരദാവല്ലഭത്വത്തിന്ന് വഴിയില്ലെന്നതന്നെ ഊഹിക്കേണ്ടിയിരിക്കുന്നു. ശങ്കരന്ന് തന്റെ ഭർത്തൃനാഥനായ രാമന്നേനോട് തോന്നീട്ടുള്ള അകൈതവങ്ങളായ ഭക്തിസ്നേഹബഹുമാനങ്ങളുടെ ആധിക്യത്താൽ, അയാൾ ശാരദയെ സ്വന്തം സഹോദരിയെപോലെ സ്നേഹിച്ച് അവളുടെ ഭാവിശ്രേയസ്സിന്ന് എന്തു ചെയ്യുന്നതിനും സന്നദ്ധനായിരുന്നു എന്നതിൽ അശേഷം അതൃത്തപ്പെടുവാനില്ല. ആ സ്നേഹം അനുരാഗസമ്മിശ്രമായ ഒരു വികാരമായേ കഴിയൂ എന്നും തോന്നുന്നില്ല. ശങ്കരനെ ആദ്യപുസ്തകത്തിൽ ഇരുവിധമായി വർണ്ണിച്ചത്, ഉണ്ടാകുവാൻ പോകുന്ന കേസ്സിന്റെ ഗുണകരമായ തീപ്പിനും, തന്നിമിത്തം ശാരദയുടെ അഭ്യുദയത്തിനും, അയാൾ പ്രധാനകാരണഭൂതനായിരിക്കുമെന്നുള്ള ന്യായത്തിന്മേലായിരിക്കണം. അത്തൊരുറപ്പിക പടി കെട്ടിച്ച് രാമേശ്വരയാത്രചെയ്ത കൃഷ്ണമേനോൻ, അസംബന്ധമായും അകസ്മികമായും കണ്ടുകിട്ടിയ കൂട്ടുകച്ചായയുടെ അപാരശക്തിയാൽ, കേസ്സില്ലാതാക്കിത്തീർത്ത മനോധർമ്മത്താൽ ശങ്കരൻ പിന്നാറേണ്ടി വന്നപ്പോഴാണ്, ആദ്യപുസ്തകത്തിൽ ശങ്കരനുള്ള പ്രധാനസ്ഥാനത്തെ കുറിച്ച് സംശയം നേരിട്ടത്. അതിന്ന് ചന്തുമേനോൻ ഒരിക്കലും ഉത്തരവാദിയായിരിക്കയില്ല. പിന്നെ 'മാധവ'നെപോലെത്തന്നെ, 'കൃഷ്ണമേനോ'നും ഒരു ബി. എൽക്കാരനാണെന്നുള്ളത് അത്ര വലിയ ന്യൂനതയാണോ? 'മാധവ'ൻ ഒരു സർക്കാരുദ്യോഗസ്ഥനും, കൃഷ്ണമേനോൻ പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരു പ്രൈവേറ്റ്കക്ഷിയും ആണെന്നുള്ളത് നല്ല ഒരു വ്യത്യാസമല്ലേ? എന്നെല്ലാം ആലോചിക്കേണ്ടതാണ്.

വിശേഷിച്ച്, ഒന്നാംപുസ്തകത്തിൽ കൃഷ്ണമേനോനെ വർണ്ണിച്ചിരിക്കുന്നതു തന്നെ നോക്കുക. അദ്ദേഹത്തിന്റെ അംഗംപ്രതിയുള്ള സൌന്ദര്യം; മനോവികാരങ്ങൾക്കുള്ള വിശിഷ്ടത; ബുദ്ധിക്കുള്ള വിനയചാതുര്യാദികൾ; സ്വഭാവത്തിനുള്ള നൈർമ്മല്യം; യൌവനം, ധനം സൌഭാഗ്യം മുതലായവയാൽ സാധാരണ മനുഷ്യരിൽ പ്രായേണ കണ്ടുവരുന്ന ചാപല്യങ്ങളുടെ

അഭാവം; ശാരദയെ കറിച്ച് കേട്ട മുതല്ക്കുതന്നെ അവളുടെ കാര്യത്തിൽ അദ്ദേഹത്തിനു തോന്നീട്ടുള്ളതായി ഗ്രന്ഥകർത്താവ് സൂചിപ്പിച്ചിട്ടുള്ള സഹതാപം; അവളുടെ വാസ്തവാവസ്ഥകളും അറിയുവാനുള്ള ആഗ്രഹം; എന്നിങ്ങനെയുള്ള സംഗതികളും എല്ലാം കൂടി ആലോചിക്കുന്നതായാൽ, കൃഷ്ണമേനോൻതന്നെ ആണ് നായകനാക്കുവാൻ ആദ്യഗ്രന്ഥകാരനും ഉദ്ദേശിച്ചിട്ടുള്ളതെന്ന് നിസ്സംശയം തെളിയാതിരിക്കയില്ല. കൃഷ്ണമേനോന്റെ ഒപ്പം നില്ക്കുന്നതിന്ന്— രാഘവമേനോനും മറ്റും അതൃസ്തൻ എത്തുമെന്ന് എനിക്ക് അഭിപ്രായമില്ല— വേറെ ആരേയും കഥയിൽ കാണ്മാനുമില്ല. അതിനാൽ കൃഷ്ണമേനോനെ നായകനാക്കിയതുകൊണ്ട്, യാതൊരു ദോഷവും ഇല്ലെന്നാണ് എനിക്കു തോന്നുന്നത്.

ഇപ്രകാരം നായകസ്ഥാനത്തിന്ന് യഥാർത്ഥമായ അർഹതയുള്ള കൃഷ്ണമേനോനെ, രണ്ടാംഭാഗത്തിൽ, എങ്ങിനെ വിവരിച്ചിരിക്കുന്നു എന്നും; ഔദ്യവമേറിയ ആ ഭാരത്തെ അദ്ദേഹം ശരിയാംവണ്ണം നിർവ്വഹിച്ചിട്ടുണ്ടോ എന്നും ആകുന്നു ഇനി നമുക്ക് ആലോചിക്കുവാനുള്ളത്. നായികയെ വിവാഹം ചെയ്യുന്നതുകൊണ്ടു മാത്രം ഒരുത്തൻ നായകനാകുന്നതല്ല. ഒരു കഥയിൽനിന്ന് അതിലെ നായകനെ മാറ്റിക്കളയുന്നപക്ഷം, ആ കഥതന്നെ ഇല്ലാതാകത്തക്കവണ്ണം അത്ര പ്രാബല്ല്യവും പ്രാമാണ്യവും ഉള്ള ഒരു സ്ഥാനത്തിരുന്ന് യഥാർത്ഥമായ നായകത്വം വഹിക്കുന്നവനാണ് നായകൻ. അങ്ങിനെയുള്ള ഒരു നായകത്വം കൃഷ്ണമേനോൻ വഹിക്കുന്നുണ്ടോ എന്ന് സംശയമാണ്. തനിക്കു ദൈവഗത്യാ കണ്ടുകിട്ടിയ കുട്ടിയെയെ ഒരു എഴുത്തോടുകൂടി അച്ഛന്ന് അയച്ചുകൊടുത്ത് കേസ്സില്ലാതെ കഴിച്ച്, ശാരദയെ എടത്തിൽ എടുപ്പിച്ചത് കൃഷ്ണമേനോനാണെങ്കിലും, തന്റെ നായകത്വം, പൌരുഷം, ദൃഢനിശ്ചയം, സ്നേഹശക്തി മുതലായവയൊന്നും ആവക പ്രവൃത്തികളിൽനിന്ന് പ്രത്യക്ഷപ്പെടുന്നില്ല. സംഗതിവശാൽ, അപ്രകാരം സംഭവിച്ചു എന്നല്ലാതെ കൃഷ്ണമേനോൻ അങ്ങിനെയെല്ലാംവരുത്തിക്കൂട്ടി എന്ന് കഥയിൽനിന്ന് അശേഷം അനുഭവപ്പെടുന്നില്ല. എടത്തിലെ പുതിയ വലിയച്ഛന്റെ മകനും, സുന്ദരനും, ഹൈക്കോടതി ജഡ്ജിമാരിൽ സ്നേഹപുരസ്സരമായ മന്ദസ്മിതം ജനിപ്പിക്കത്തവണ്ണം കേസ്സുനടത്തുന്നതിന്ന് പ്രാപ്തിയുള്ള വക്കീലും ആണെങ്കിലും, കൃഷ്ണമേനോൻ, ശാരദയെ സംബന്ധിച്ചേടത്തോളം, വികാരവിഹീനനായി, ശൃംഗാരലേശമില്ലാത്തവനായി, തീരെ അരസികനായ ഒരു കാമുകനാകുന്നു.

"കരയാത്തവർ കരയുമ്പോൾ കണ്ണുനീരുകൊണ്ടാറാട്ട്" എന്ന പറയുന്നതിൽ വളരെ വാസ്തവമുണ്ട്. മുമ്പു തനിക്കു അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു വിശേഷവികാരം ഒരുത്തന്റെ മനസ്സിൽ പെട്ടെന്നുണ്ടാകുന്നതായാൽ, അയത് സാധാരണയിൽ കവിഞ്ഞ ശക്തിയോടുകൂടി അയാളിൽ പ്രവർത്തിക്കുമെന്നതിന്ന് വാദമില്ല. കോമളാംഗികളായ യുവതീജനങ്ങളുടെ പ്രേമസൂചകങ്ങളായ കടാക്ഷവീക്ഷണങ്ങളെ അശേഷം വിലവയ്ക്കാതെ നിസ്സംശയം നിരാകരിച്ചിരുന്നവനും, യൌവനയുക്തനും, മന്മഥോപമനും ആയ കൃഷ്ണമേനോൻ ഒരു കാമുകനായിതീർന്നപ്പോൾ, ആ വിശിഷ്ടവികാരത്തിന്ന് അസാധാരണമായ ഒരു തിവ്രതയുണ്ടായില്ലെന്ന് മാത്രമല്ല, അസാമാന്യ

മായ ഒരു മാന്ദ്യത കാണപ്പെടുകയും ചെയ്തിരിക്കുന്നു. "പാതിയും മനുഷ്യന്റെ ഭാര്യ" യാണെന്നും, അന്യാദൃശങ്ങളായ ശക്തിമാഹാത്മ്യങ്ങളോടുകൂടിയ അനുരാഗശക്തി അലംഘനീയമാണെന്നും, അതുവരെ ധരിക്കാതിരുന്ന കൃഷ്ണമേനോൻ, ശാരദാദർശനത്താൽ തന്നെ കാമുകനായിത്തീർന്ന്, അതുവരെയുണ്ടായിരുന്ന സകല വിശ്വാസങ്ങളും വിസ്മരിച്ച് അട്ടിമറിഞ്ഞ്, ഇന്ദുലേഖാമാധവന്മാർ അഭിനയിച്ചതിൽനിന്ന് ഒന്നുകൂടി കവിഞ്ഞ അഭിനയങ്ങളിൽ നിന്ന് സന്തുഷ്ടിനേടുന്നതു കാണുന്നതിനുള്ള ഭാഗ്യം, ചന്തുമേനോന്റെ അകാലനിര്യാണത്തോടുകൂടി നമുക്കു നഷ്ടപ്പെട്ടുപോയതിൽ, ആരേയും കുറ്റം പറഞ്ഞിട്ടു ഫലമില്ല. ഒരു ദിവസം കാലത്ത് ചായകുടിക്കാതെ മനോരാജ്യത്തിൽ കഴിച്ച്, അകാരണമായി ഭൃത്യനോടു തട്ടിക്കയറി, സ്നേഹിതന്മാർ ഒരുമിച്ചുപോകുവാൻ നിശ്ചയിച്ചിരുന്ന പ്രസംഗത്തിനു പോകാതിരുന്ന ഈ കൃഷ്ണമേനോനെക്കൊണ്ടുതന്നെ, ഹാ! എന്തെല്ലാം കളികളിപ്പിക്കുമായിരുന്നു!

അരസികതയിൽ അടിയുറച്ചതും, അസാധാരണതപം അശേഷം കാണപ്പെടാത്തതും ആയ കൃഷ്ണമേനോന്റെ അനുരാഗം, ഒരു മണലരണ്യംപോലെ ശൂന്യമാകയാൽ, ആരേയും ആകർഷിക്കുന്നില്ല. അദ്ദേഹത്തിന്റെ അനുരാഗപ്രതിധ്വനി തീരെ ആഗ്രഹത്തിനുപോലും ആപത്തു വരുത്താത്ത ഒരു രാജവീഥിയാകുന്നു. ബാഹ്യങ്ങളോ ആന്തരങ്ങളോ ആയ യാതൊരു പ്രതിബന്ധവും കൂടാതെ എളുപ്പത്തിൽ സാധിച്ച കൃഷ്ണമേനോന്റെ വിവാഹത്തിന്ന്, ഒരു ചൊടിയും ജീവനും ഇല്ലെന്നു മാത്രമല്ലാ; വരനോ അപരിമിതമായ അനുരാഗശക്തിയോ, വധുവിന്റെ വികാരവിസ്താരമോ അശേഷം അതിൽനിന്ന് വെളിപ്പെടുന്നതും ഇല്ല. രസാവഹങ്ങളായ അനേകം സ്ഥിതിഭേദങ്ങളേയും; ഗ്രന്ഥജനഭക്തി, ശാരദാസ്നേഹം തുടങ്ങി അന്യോന്യവിരുദ്ധങ്ങളായ വികാരങ്ങളുടെ ശക്തിയാൽ മനസ്സിനുണ്ടാകുന്ന ഉലച്ചിലിനേയും, നിഷ്പ്രയാസം നിമിത്തിച്ച് രസം പിടിപ്പിക്കാമായിരുന്ന ഈ സന്ദർഭത്തെ ഇങ്ങനെ കളഞ്ഞുവല്ലൊ എന്നു അനുശോചിക്കേണ്ടിയിരിക്കുന്നു.

ഒരുദിവസം രാത്രി അസമയത്തു കേറിച്ചെന്നു രണ്ടു വാക്കു സംസാരിച്ച് പ്രഭാതത്തിൽ മടങ്ങിപ്പോന്ന കൃഷ്ണമേനോനെ, രാമമേനോൻ എത്രമാത്രം വിശ്വസിച്ചിരിപ്പാൻ വഴിയുണ്ടെന്നും, മറുപക്ഷക്കാരനായ അദ്ദേഹത്തെ എത്രമാത്രം ബലവത്തരമായ ഒരു ആലംബമായി കരുതിയിരിക്കും എന്നും, ആലോചിക്കേണ്ടതാണ്. ഒരിക്കൽമാത്രം കണ്ടുപരിചയമുള്ള ഒരു പുരുഷന്ന്, ശാരദയെക്കൊണ്ട് എഴുത്തയപ്പിച്ചതു്, കൂടാതെ കഴിക്കാമായിരുന്നു. രണ്ടാംപ്രാവശ്യം കൃഷ്ണമേനോൻവന്നപ്പോൾ, രാമന്മേനോന്റെ ആ വിശ്വാസങ്ങളെല്ലാം തീർന്നിരിക്കാമെങ്കിലും, ശാരദയെ അടുക്കൽ വിളിച്ച് കൂസൽകൂടാതെ ഒരു മോതിരം അവളുടെ വിരലിന്മേലിട്ടത് സാധാരണയിൽ കവിഞ്ഞ ഒരു സാഹസമായി. കുട്ടിയാണെന്ന് സങ്കല്പിച്ചിട്ടായിരുന്നു എങ്കിൽ, വല്ല മധുരപലഹാരങ്ങളോ, കളിസ്സാമാനങ്ങളോ, ഉടുപ്പുകളോ സമ്മാനിച്ചാൽ ധാരാളം മതിയായിരുന്നു. കൃഷ്ണമേനോന്റെ യോഗ്യതയും, കേസ്സുകൂടാതെ കഴിക്കുവാൻ അദ്ദേഹം ഏറ്റിരുന്ന ഖരാറിന്റെ ശക്തിയും കൊണ്ടുമാത്രമായിരിക്കണം, ശാരദയുടെ പിതാവ് ഈ അ

നുചിതകർമ്മത്തെ നിശ്ശേഷനായി കണ്ടനിന്നത്. ആതുവരെ "കടക്കൻ പിടിച്ച്" കളിച്ചുകൊണ്ടിരുന്ന ശാരദ, മോതിരം കിട്ടിയപ്പോൾ, ഉടനെ ഓടി അകത്തുചെന്നു അവളുടെ ഒരു ഓറഞ്ചായ— ആ ആവശ്യത്തിലേക്ക പ്രത്യേകം സൂക്ഷിച്ചുവെച്ചിരുന്നതു!!— എടുത്തു കൊണ്ടുവന്ന്, "ഇത് എന്റെ ഓമ്മയ്ക്കും" എന്ന് പറഞ്ഞു കൃഷ്ണമേനോനു കൊടുത്തുവത്രെ! ശിവ! ആ കുട്ടിയേക്കൊണ്ട്, അപ്പോൾതന്നെ, "നിങ്ങൾഎന്നെ സംബന്ധം ചെയ്യണം" എന്ന് പറയിക്കാഞ്ഞതു് നമ്മളുടെ ഭാഗ്യംതന്നെ. കഴിഞ്ഞു! കൃഷ്ണമേനോന്റെ സംബന്ധം തന്നെ കഴിഞ്ഞു! പിന്നെ ഒരുദിവസം കാലത്തു അച്ഛന്റെ അനുമതിയോടുകൂടി ശാരദയേ (സപരിവാരമായി!) എടത്തിലേക്കു "കൂട്ടിക്കൊണ്ടുപോക"യും ചെയ്തു! എന്തു കേമമായിരിക്കുന്നു നായികാനായകന്മാരുടെ കണ്ടുമുട്ടലും, അനുരാഗവല്ലരിയും വിവാഹവും!

ശാരദയ്ക്ക് ഇപ്പോൾ യൌവനവും, 'ശാരദ'പുസ്തകത്തിന്ന് പരിപൂർണ്ണതയും സിദ്ധിച്ചു എന്നല്ലേ വച്ചിരിക്കുന്നതു്? എന്നാൽ ഇന്നും ശാരദ പതിനൊന്നു വയസ്സായ ഒരു കുട്ടിയായിട്ടുതന്നെ നില്ക്കുന്നു എന്നും, 'ശാരദ'യിലെ കഥയ്ക്ക് പൂർണ്ണത സിദ്ധിച്ചിട്ടില്ലെന്നും ആകുന്ന രണ്ടാംഭാഗം വായിച്ചിട്ടും എനിക്ക് തോന്നിയത്. പകലെ മേല്പുഴുകി, വെള്ളവസ്ത്രം ധരിച്ച്, അത്യാവശ്യം ചില പണ്ടങ്ങളും അണിഞ്ഞു, അച്ഛന്റെ കസേരിയുടെ പിന്നിൽ നിന്ന് 'പാലക്കോട്ടു'നമ്പൂരിയുടെ 'വെടി' കേട്ട് എടുത്തിടയ്ക്ക് മന്ദഹാസം ചെയ്യുമ്പോൾ തുടുത്ത അധരപല്ലവങ്ങൾക്കിടയിൽക്കൂടി കാണുന്ന ധവളങ്ങളും മനോഹരങ്ങളും ആയ ദന്തങ്ങളാൽ പ്രശോഭിതമായ മുഖകാന്തിയോടുകൂടിയ സൌഭാഗ്യവതിയായ ശാരദയെ മാത്രമേ, നാം ഇന്നും അറിയുന്നുള്ളൂ. ബാല്യത്തിൽ തന്നെ അനന്യസാധാരണമായ സൌന്ദര്യപുഷ്ടിക്ക് വിളനിലമായിരുന്ന ശാരദയിൽ യൌവനം വന്നുചേർന്നുകൂടിയ കൌതുകകരങ്ങളായ മാറ്റങ്ങളേയോ, നിഷ്കളങ്കതയ്ക്ക് ഇരിപ്പിടമായിരുന്ന അവളുടെ മനസ്സിൽ ആദ്യമായി അനുരാഗം അങ്കുരിച്ചപ്പോൾ ഉണ്ടായ വികാരഭേദങ്ങളേയോ, അച്ഛനോടും ശങ്കരനോടും അല്ലാതെ സജാതിയിൽപെട്ട ആന്യപുരുഷന്മാരോടു് അടുത്തുപരിചയത്തിന്ന് സാധിച്ചിട്ടില്ലാത്ത പ്രകൃതിമധുരമായ അവളുടെ ഹൃദയത്തിൽ ആ ദിവ്യവികാരത്തിന്ന് പടിപ്പടിയായി ഉണ്ടായ വളർച്ചയേയോ, അദൃശ്യവും അവർണ്ണനീയവും ആയ ആ വിശിഷ്ടശക്തിയുടെ ഫലങ്ങളായ പ്രത്യക്ഷപ്രവൃത്തികളുടെ നൈസർഗ്ഗികമധുരിമയേയോ കുറിച്ച് സവിസ്തരം അറിയുവാൻ ആഗ്രഹിച്ചിരുന്ന സഹൃദയന്മാക്ക് ആശാഭംഗത്തിന്നല്ലാതെ, ഈ രണ്ടാംഭാഗംകൊണ്ട്, ഇടവന്നിട്ടില്ല.

കൃഷ്ണമേനോന്റെ സമീപത്തുചെന്ന്, കേവലം ഒരു ചെറിയകുട്ടിയെപോലെ, ഓരോ ചോദ്യങ്ങളും ചോദിച്ചും കൊണ്ട് ആ ദ്വേഹത്തിന്റെ കടക്കൻ പിടിച്ചു നോക്കിയ ശാരദയെ, പിന്നെ നാം കാണുന്നത്, മതിരാശികടപ്പുറത്ത് തോണിയൊരുമിച്ച് ഒരു വണ്ടിയിൽ ഇരുന്ന് ഗൌരവമേറിയ ഓരോ സംഗതികളെ കുറിച്ച് സംസാരിച്ച്, അപ്പോൾ തല്ലുലം കൂടാതെകഴിക്കുമായിരുന്ന ചില ചാപല്യങ്ങളും കാണിക്കുന്ന ഒരു സ്ത്രീയായിട്ടാകുന്നു. ഇതിന്നിടയ്ക്ക് "ആ

ആഗ്രഹിക്കുന്നില്ല. നാട്ടുനടപ്പിന്ന് വിരോധമായ സംസാരരീതിയും, പെരുമാറ്റ സമ്പ്രദായങ്ങളും മറ്റും ഏറെക്കുറെ ഈ ഗ്രന്ഥത്തിൽ കാണുന്നുണ്ടെങ്കിലും, കുലങ്കഷമായ ഒരു പരിശോധനക്ക് ഒരുങ്ങുന്നതായാൽ ഈ നിരൂപണംതന്നെ ഒരു പുസ്തകമായിത്തീരുമെന്ന് ഭയപ്പെട്ട് അതിലേക്ക് തല്ക്കാലം തുനിയുന്നില്ല.

യൂറോപ്പിൽ ഒരാൾ 'ചിലന്തിവല' കൊണ്ട് വളരെ വിശേഷമായ ഒരു ബൂട്ട് സുണ്ടാക്കി എന്ന കേട്ട് നല്ല ചെരിപ്പുകത്തിയായ ഒരു നാട്ടുകാരൻ അതിനെത്സാഹിച്ചാലുണ്ടാകുന്ന ഫലം എന്തായിരിക്കും? പോത്തിൻതോലുകൊണ്ടല്ലാതെ, ചിലന്തിവലപോലെ അത്ര സൂക്ഷ്മവും ലോലവുമായ ഒരു സാധനംകൊണ്ട്, പണിയെടുക്കുന്നതിന്ന് സാധിച്ചില്ലെന്ന് വച്ച് ആ നാട്ടുപണിക്കാരൻ നല്ല പണിക്കാരനല്ലെന്നോ സമർത്ഥനല്ലെന്നോ വരുന്നില്ല. അവന്റെ സാമർത്ഥ്യം തീച്ചയായും അവനുണ്ട്. രവിവർമ്മയുടെ എണ്ണച്ചായ ചിത്രങ്ങൾ എഴുതുവാൻ കുമ്മായം തേക്കുന്നേ കുറിച്ചുപോലും, കൊട്ടെണ്ണയും പോരെന്നുള്ളത് തീച്ചയാണ്. അതിലേക്ക് അതിസൂക്ഷ്മങ്ങളായ ഉപകരണങ്ങളും രവിവർമ്മയും തന്നെ വേണം. "മുഴുവനാകുമ്പോൾ ഇന്ദുലേഖയെറും ഇന്ദുലേഖയും; ശാരദ പൂർണ്ണ ചന്ദ്രനുമായി" പ്രശോഭിക്കുമെന്ന്, മൽക്കുട്ടി പറഞ്ഞിട്ടുള്ള സൂക്ഷ്മഗ്രാഹിയായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്ക ഈ രണ്ടാംഭാഗം വായിക്കുവാൻ സംഗതിയാകാഞ്ഞത് മഹാഭാഗ്യംതന്നെ!

ഞാൻ ഇത്രയും പ്രസ്താവിച്ചതിൽ നീ

അതുകൊല്ലം കഴിഞ്ഞു" എന്ന് ഉചിതമായ ഒരു കുറിപ്പുകൊണ്ട് ഗ്രന്ഥകർത്താവ് സൂചിപ്പിച്ചിട്ടില്ലായിരുന്നു എങ്കിൽ, ആകസ്മികമായുണ്ടായ ഈ പരിണാമത്താൽ വായനക്കാരന്റെ മനസ്സിൽ വലിയ ഒരു ക്ഷോഭമുണ്ടാകുമായിരുന്നു! എടുത്തു കഴിഞ്ഞകാലത്തിന്റെ ദൈർഘ്യം കൃത്യമായി കാണിച്ചിട്ടുള്ളതുകൊണ്ടു, ആവശ്യമുള്ളതെല്ലാം അതിനിടയ്ക്കു കഴിഞ്ഞിട്ടുണ്ടെന്ന് സമാധാനിക്കുന്നതിന്ന് വഴിയായി. അല്ലെങ്കിൽ കെട്ടുകല്യാണം കഴിയാതെയും ജാതിമതിയാകാതെയും ഉള്ള ശാരദയെ, യൌവനയുക്തയായ ഒരു സ്ത്രീയായികടപ്പുറത്തുവച്ചു കാണുമ്പോൾ, ആരും അത്ഭുതപ്പെട്ടുമായിരുന്നു! 'കല്യാണത്തിരക്കിൽ താലികെട്ടുവാൻ മറന്നുപോയ" പോലെ, നോവലിലെ മറ്റൊരോ സംഗതികൾ— പ്രേതോപദ്രവവും അങ്ങാടിവർത്തമാനങ്ങളും— വിവരിച്ച കൂട്ടത്തിൽ, ശാരദയുടെ വിവാഹത്തെ കുറിച്ച് പ്രത്യേകം എടുത്തുപറയുവാൻ തരമാകാതെ വന്നതിൽ, വായനക്കാർക്ക് ഒരുസമയം രസക്ഷയത്തിന്ന് വഴിയുണ്ടെങ്കിലും, പരിശ്രമിച്ച് ബുദ്ധിമുട്ടീട്ടുള്ള ഗ്രന്ഥകർത്താവ് നിരപരാധിയാണെന്നതിന്ന് വാദമില്ല. വിശേഷിച്ച്, ആ സംഗതി കഥയിലെ ഒരു പ്രധാനരസമായതുകൊണ്ടു, ആ സംഭവത്തെ കുറിച്ച് പ്രത്യേകം ഒന്നും പാഞ്ഞില്ലെങ്കിൽക്കൂടി, വായനക്കാർ യഥാശക്തി ഊഹിച്ചറിയാതിരിക്കയില്ല. പ്രയാസലേശംകൂടാതെ ഊഹിക്കാവുന്ന സംഗതികളെ പ്രത്യേകം വിവരിച്ച് സ്ഥലം മുടക്കുന്നത് രീതി അനാവശ്യവും ആണല്ലോ.

ഇനിയും അധികം വിസ്തരിക്കുവാൻ

ന്ന്, ശാരദായുടെ രണ്ടാംഭാഗം വളരെ മോശമായിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്നതായി വായനക്കാർ തെറിദ്ധരിക്കരുത്. ഒന്നാംഭാഗത്തിന്റെ രണ്ടാംഭാഗമല്ലെന്ന് സ്ഥാപിക്കുവാനേ ഞാൻ ഉത്സാഹിച്ചിട്ടുള്ളൂ. മാറ്റുള്ള ഒരു കൃതിയായെടുത്തു പരിശോധിക്കുന്നതായാൽ, പുസ്തകം ആകപ്പാടെ വളരെ നന്നായിട്ടുണ്ട്. നല്ല പ്രകാശമുള്ള ഒരു വൈദ്യുതപ്പന്തത്തിന്റെ സമീപത്ത് ഒരു തീപ്പെട്ടിക്കോലുരച്ചാൽ എങ്ങിനെയോ ഏകദേശം അങ്ങിനെ തന്നെ, ഒന്നാം പുസ്തകത്തിന്റെ സമീപത്തു രണ്ടാംപുസ്തകവും. ഇരുട്ടുള്ള മുറിയിൽ വച്ച് കത്തിക്കുന്നതായാൽ, കഴിയുന്നത്ര പ്രകാശം തന്ന് നമ്മെ സഹായിക്കുന്ന തീപ്പെട്ടിക്കോലിന്ന് പ്രഭയില്ലെന്ന് ആരും അഭിപ്രായപ്പെടുകയില്ലെങ്കിലും, അതിന്ന് വൈദ്യുതപ്പന്തത്തിന്റെ ശോഭയുണ്ടെന്ന് ആരും പറകയുമില്ല. അതുപോലെത്തന്നെ, പ്രസ്തുതഗ്രന്ഥം രസവും ചമല്ക്കാരവും ഉള്ള ഒരു പുസ്തകമാണെങ്കിലും, സദുപദേശസമന്വിതമായ ഒരു കഥയാണെങ്കിലും, നല്ല ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു നോവലാണെങ്കിലും, അതിന്ന് ചന്ദുമേനോന്റെ പുസ്തകത്തെ പോലെ രസവും ചമല്ക്കാരവും ഉണ്ടാകേണമെന്നില്ല; ഇല്ലാത്തതുകൊണ്ട്, അത് ഒരു കുറ്റകൃതിയായിത്തീരുന്നതും അല്ല. വ്യത്യാസംകൊണ്ടാണ് സകലത്തിന്റെ ഗുണാഗുണങ്ങളും യോഗ്യതയും അയോഗ്യതയും അറിയുന്നത്. ഇതിനോടുകൂടി താരതമ്യപ്പെടുത്തുന്നതിന്ന് ഒന്നാംഭാഗം ഉണ്ടായിരുന്നില്ലെങ്കിൽ, ഇതിനും തക്കംകൂടാതെ ഒരു മാന്യസ്ഥാനം ലഭിക്കുമായിരുന്നു.

ചെയ്തതിനേ കുറവുള്ളൂ. ഒരു വ്യഴവട്ടത്തിന്നിടയ്ക്ക് ശാരദയെ മുഴുമിക്കുന്നതിന്ന് ആക്കം കൈവന്നുണ്ടായില്ല. കായ്ത്തിന്റെ ഗൌരവം ആലോചിച്ചും ലോകാപവാദത്തിൽ ഭയപ്പെട്ടും ഭിരുക്കാം എല്ലാം മിണ്ടാതിരുന്നു! ആ സ്ഥിതിക്ക് കൂസൽകൂടാതെ, അതിലേക്ക് ഇറങ്ങി പുറപ്പെട്ട പ്രസ്തുത ഗ്രന്ഥകർത്താവിന്റെ ധൈര്യത്തെ എല്ലാവരും കൊണ്ടാടേണ്ടതാണെന്ന് നിസ്സംശയം തന്നെ. ഒന്നുമില്ലാത്തതിൽ ഭേദമല്ലേ എന്തെങ്കിലും ഒന്നുണ്ടാകുന്നത്?

മലിരാശി. —ആർ. എം.

ഒരു ഇന്ത്യക്കാരൻ കണ്ട അമേരിക്ക.

പരിഷ്കാരത്തിന്റെ പരമകാഷ്ഠ എത്തിയതായ പാശ്ചാത്യരാജ്യങ്ങളിലെ ഓരോ നടവടികളേയും, സമ്പ്രദായങ്ങളേയും അറിഞ്ഞിരിക്കുന്നത് നമുക്ക് എല്ലാംകൊണ്ടും ഉപകാരപ്രദവും, ആഹ്ലാദനിദാനവും ആയിരിക്കാനേ തരമുള്ളൂ. ഈ ലേഖനത്തിനു വിഷയമാക്കീട്ടുള്ളത്, അമേരിക്കയിലുള്ള ഭാര്യാഭർത്തൃസ്നേഹസ്ഥിതിയേയാണ്. പാശ്ചാത്യരാജ്യങ്ങളിൽ വിവാഹംനടത്തിവരുന്നത്, സ്ത്രീപുരുഷന്മാരുടെ ഗാഢാനുരാഗത്തെ അടിസ്ഥാനപ്പെടുത്തിയും, ആ സംഗതിയെ രേഖാമൂലം ലക്ഷ്യപ്പെടുത്തിയും, പുരോഹിത,പൌര,പ്രഭുതികൾ മുമ്പാകെ അതിനെ പള്ളിയിൽവെച്ചു പ്രത്യക്ഷപ്പെടുത്തിയും, ആണത്രെ. എന്നാൽ മലയാളികളുടെ വിവാഹമോ, ചില സമു

ടായനേതാക്കന്മാരുടെയും, പരിഷ്കാരികളുടേയും, അഭിപ്രായത്തിൽ, "നിയമാനുസൃതമായ പന്ഥാവുകളെ പ്രമാണിക്കാത്തതായും, തന്നിമിത്തം ദാമ്പത്യബന്ധം, ഇല്ലാതാവാഹമെന്നു പറയുന്നില്ല, കേവലം ചഞ്ചലവും, ക്ഷണഭംഗുരവും, ആണെന്നുള്ള അപവാദത്തിനും, അപഹാസത്തിനും വിഷയീഭവിച്ചതായും ഇരിക്കുന്ന ഈ അവസരത്തിൽ, ഈ ലേഖനം അസ്ഥാനത്തിലായിരിപ്പാൻ ഒട്ടും തരമില്ലല്ലൊ.

അമേരിക്കയിൽ, ഭാര്യാഭർത്താക്കന്മാർ അന്യോന്യം ത്യജിക്കുന്നത് നിത്യസംഭവങ്ങളാണ്. ഈമാതിരി കേസ്സുകളുടെകണക്കു പരിശോധിച്ചുനോക്കുന്നതായാൽ, ഇത് അവരുടെ ഇടയിൽ ഒരു അനിവാര്യമായ ദിനകൃത്യമാണോ എന്നുംകൂടി ശങ്കിച്ചുപോകും. ചിക്കഗോവിലെ ഒരു ദിവസത്തെ സംഖ്യ നോക്കിയതിൽ, 'ത്യാഗം' സമ്മതിച്ചതായ മുപ്പതു കേസ്സുകളും, ത്യജിക്കാൻ കോടതിയുടേ അനുവാദത്തിനു ഇരുപതൊന്നു കേസ്സുകളും വന്നതായി കാണുന്നു. ചിലപ്പോൾ കോടതിയുടെ അനുവാദം കൂടാതേയും, ഭാര്യാഭർത്താക്കന്മാർ അന്യോന്യം ത്യജിക്കയും, ഉടനേതന്നെ പുതുതായി വിവാഹം കഴിക്കയും ചെയ്യുന്നുണ്ട്. അതായത്, സ്ത്രീപുരുഷന്മാക്കു ഇടയിൽ ഏകഭർതൃത്വമെന്നും ഏകപത്നിത്വമെന്നും ഉള്ള സ്ഥിതി ഇല്ല. യുനൈറ്റഡ് സ്റ്റേസ്സിൽ ഈ വക കേസ്സുകൾ സാധാരണയായി ഉണ്ടാകാറുണ്ട്. പരിത്യജിക്കപ്പെട്ട സ്ത്രീകളിൽ പലരും വീട്ടുവാടകയ്ക്കും, ജീവസന്ധാരണത്തിനും, മാർഗ്ഗമില്ലാതെ നട്ടം തിരിഞ്ഞു, ചക്രശ്വാസം വലിക്കുന്നത് ഒരു അപൂർവ്വ സംഭവമല്ല.

അമേരിക്കയിലെ ഒട്ടുമുക്കാലും സ്ഥാനങ്ങളിൽ, വിവാഹമോചനത്തിനുള്ള അനുമതി ലഭിക്കാൻ പ്രയാസം ലേശംപോലും ഇല്ല. ഹൻറപ്പ-ലേ കണക്കുപ്രകാരം, ഇലിനോയിസ്സ് എന്ന പ്രദേശത്തിൽ, മൂന്നിൽ രണ്ടുവീതംകേസ്സുകൾക്കും ഹ്രസ്വമായ മറുവടി കല്പിച്ചതായി കാണുന്നു. ഈമാതിരി കേസ്സുകളൊക്കെ ക്ഷണനേരംകൊണ്ടു തീർപ്പുചെയ്യുന്നതാണ്. ഒരിക്കൽ, 'സിക്രട്ടെരി ഓഫ് സ്റ്റേറ്റ്' ആയിരുന്ന ഒരു മഹാനുഭാവന്റെ പുത്രകളത്രം, എഴുമണിക്കു ജഡ്ജിയുടെ മുമ്പാകെ അന്യായംബോധിപ്പിച്ചതായും എട്ടുമണിക്കു ഭർതൃപരിത്യാഗാനുവാദം ലഭിച്ചതായും ഒരു പത്രംപ്രസ്താവിക്കുന്നു. ഈ സംഭവത്തിനു തുടരെത്തന്നെ, ചിക്കഗോവിൽ വെച്ചു, 'പ്രസ്റ്റൺ ഗിഫ്സൺ' എന്ന യുവതിയെ ഒമ്പത് നിമിഷത്തിനുള്ളിൽ ഭർതൃശാസനയിൽ നിന്നു സ്വതന്ത്രയാക്കിയതായും അറിയുന്നു.

ഒരു ദിവസം രാവിലെ 'ഇലിനൊയിസ്സ്' പട്ടണത്തിൽ വെച്ചു, ഒരു സ്ത്രീയെ അവളുടെ ഭർത്താവു് അടിക്കുകയും പേനാക്കത്തികൊണ്ടു കുത്തിവാരുമെന്നു ഭയപ്പെടുത്തുകയും ചെയ്ത സംഗതിക്കു്, സ്വാതന്ത്ര്യാർഹയായ ആ സ്ത്രീ കോടതിയിൽ പോയി, ഒരുമണി സമയമാകുമ്പോഴേക്കു് ഭർതൃബാധയെ നിശ്ശേഷം നശിപ്പിച്ചു. അവളുടെ ചെലവിലേക്കായി കോടതി രൂപാകയും വിധിച്ചുകൊടുക്കുകയും ചെയ്തു.

യുനൈറ്റഡ് സ്റ്റേറ്റ്സിലെ ചിലഭാഗങ്ങളിൽ, ഭാര്യാഭർത്താക്കന്മാക്കു കോടതിയിൽ നിന്നു പരിത്യാഗാനുവാദം ലഭിക്കുവാൻ എന്റെ മുഖത്തു് തുറിച്ചുനോക്കിയെന്നോ, എനിക്കു് വയറ്റിൽ നല്ല സുഖമില്ലാത്ത

പ്പോൾ പുറത്തു കൈവെച്ചുവെന്നോ?, മറ്റോവല്ല സംഗതിയും പറഞ്ഞാൽ കായ്യമെല്ലാം ശരിപ്പെട്ടന്നതാണ്. കലഹശീലത്തോടുകൂടിയവരും പരസ്പരാനുരാഗം ഇല്ലാത്തവരും ആയുള്ള ദമ്പതിമാർ, മോചനത്തിനുള്ള അനുവാദം നിഷ്പ്രയാസം ലഭിക്കുവാൻ ഈവക സ്ഥലങ്ങളിൽ പോയി താമസിക്കാറും ഉണ്ട്.

വിവാഹബന്ധത്തെ നിരാകരിപ്പാനായി പറഞ്ഞുവരാറുള്ള കാരണങ്ങളും തുലോം രസജനകമായിട്ടുള്ളവയാണ്. ഒരു സ്ത്രീയെ ത്യജിക്കാനായി, അവളുടെ ഭർത്താവും അവളും പുരുഷവേഷം ധരിച്ച്, ചുരുട്ടും വലിച്ച്, പുരുഷന്മാരുടെ സംഘത്തിൽ ചാഞ്ചാടി നടക്കുന്നതായി കോടതിമുമ്പാകെ ആക്ഷേപിക്കുകയും, ഈ കാരങ്ങളെ തെളിയിക്കാനായി ഫോട്ടോഗ്രാഫുകൾ ഹാജരാക്കുകയും ചെയ്തതായി കാണുന്നു. ഒരു സ്ത്രീ, അവളുടെ ഭർത്താവ് അഹോരാത്രം ഗോൾഫുകളിക്കുന്നുണ്ടെന്നുള്ള കാരണത്താൽ സ്വതന്ത്രയായി. തന്നെ അടിക്കുകയും, ശകാരിക്കുകയും, ചെയ്ത കാരണത്തിന്മേൽ, ഒരു സ്ത്രീ അവളുടെ ഭർത്താവിനെ ത്യജിച്ചതും, ഒരു സ്ത്രീ, ചെലവിലേക്കായി വിധിച്ചുകിട്ടുകയും ചെയ്തു. ആ തരുണി, ഉടനെതന്നെ, ത്യക്തനായ ഭർത്താവിനെ ആലിംഗനംചെയ്ത്, ചുംബിച്ചുംകൊണ്ട് ഇപ്രകാരം പറഞ്ഞു:— "നിങ്ങളെ വിട്ടതിൽ എനിക്ക് കലശലായ വ്യസനം ഉണ്ട്. എങ്കിലും, എനിക്കിതല്ലാതെ യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല." സൌത്ത് ഡേക്കോട്ടയിലെ എബർഡീൻ പട്ടണത്തിലെ മിസിസ്സ് എലിസബത്ത് ക്രൌഫിന്റെ കേസ്സ് എല്ലാവരും അറിയുന്നതാണ്. ഒരുദിവസം മേൽപ്രസ്താവിച്ച മദാമ്മ, താൻത്യജിച്ച ഭർത്താവിങ്കീഴിലിരിക്കുന്നു, എന്നാലും തന്റെ സ്വന്തം, കുട്ടിയേ തെരുവീഥിയിൽ കണ്ടപ്പോൾ, സഹജമായ പുത്രവാത്സല്യത്തിന്നു അധീനയായി, കുട്ടിയെ ചുംബിച്ചു. ജഡ്ജി ഈ സ്ത്രീ കുറക്കാരിയാണെന്ന് അഭിപ്രായപ്പെടുകയും, തക്കതായ പിഴ കല്പിക്കുകയും ചെയ്തു. ലഹരിസാധനങ്ങൾ പെരുമാറുക, പുകയിലച്ചുരുട്ടു മുതലായവ വലിക്കുക, അന്യസ്ത്രീപുരുഷന്മാരുമായി അധികമായി സംഭാഷിക്കുക, സഹവസിക്കുക, ക്ലബ്ബിൽ അധികസമയം കഴിക്കുക, ചതുരംഗം കളിക്കുക, എന്നീ കാരണങ്ങളാൽ ഭാര്യാഭർത്തൃബന്ധത്തിനു ഭംഗംവരുന്നത് അമേരിക്കയിൽ എത്രയോ സാധാരണയായിട്ടുള്ള ഒരു സംഗതിയാണ്. അതിയായ പോഷിപ്പുള്ളതുകൊണ്ടു, ഭാര്യമാരെ ത്യജിച്ചസംഭവങ്ങളും കാണാറുണ്ട്. ഒരു സ്ത്രീ, അവരുടെ വിവാഹപത്രത്തിലുള്ള പേരും വാങ്ങിക്കിട്ടുവാൻ വേണ്ടി, സ്വഭർത്താവിനെ തള്ളിയിരിക്കുന്നുവത്രേ! അമേരിക്കയിലുള്ള സ്ത്രീകളിൽ ഫാഷൻ നിർവ്വഹിയും പേരും, വാങ്ങിക്കിട്ടുന്നപക്ഷം, തങ്ങളുടെ ഭർത്താക്കന്മാരെ ത്യജിക്കുവാൻ തയ്യാറായിരിക്കുമെന്ന് അവർ പ്രസ്താവിച്ചതായും അറിയുന്നു.

അമേരിക്കയിൽ ഒരു സ്ത്രീ എട്ടുപ്രാവശ്യം കല്യാണം കഴിച്ചതായും, അതിൽ ഏഴു ഭർത്താക്കന്മാരെ ത്യജിച്ചതായും ഉള്ളലക്ഷ്യം കാണ്മാനുണ്ട്. ആ യുവതിയുടെ ഒന്നാമത്തെ വിവാഹോത്സവം കൊണ്ടാടിയിരുന്നത് പതിനാലമത്തെ വയസ്സിലും, ബാക്കി ഏഴും കഴിഞ്ഞത് നാൽപ്രായമാകുന്നതിലിടയ്ക്കും ആയിരുന്നു. ഏഴുപേരെയും തള്ളി

യത്ത് അവരെക്കൊണ്ട് "ചൊറുതിമുട്ടി" യതിനാലായിരുന്നവരേ!

യുണൈറ്റഡ് സ്റ്റേറ്റ്സിൽ, ഈ സംഗതിയെ കുറിച്ച്, പലേടങ്ങളിലും ഉള്ള നിയമങ്ങൾ തമ്മിൽ വളരെ അന്തരം ഉണ്ട്: നിയമങ്ങൾക്ക് ഐകരൂപ്യം ഇല്ലാത്തതിനാൽ അനവധി തകരാറുകൾക്കും ഇടയാകുന്നു. ഒരു ദിക്കിലെ നിയമപ്രകാരം ഒരാൾ ഒരു സ്ത്രീക്കപ്പെട്ട് സ്ത്രീയുടെ ഭർത്താവായിരിക്കാം; എന്നാൽ ആ സ്ത്രീയോ മറെറാരു സ്ഥലത്തെ നിയമത്തിനനുസരിച്ച് സ്ത്രീക്കപ്പെട്ടിട്ടില്ലാത്തവളും ആയിരിക്കാം. അതുകൊണ്ട്, ഇവരിൽ ഒരാളുടെ വിവാഹം നിയമവിരോധമായി പരിണമിക്കുന്നു. ഒരു അമേരിക്കൻ പത്രത്തിലെ വിവാഹസംബന്ധമായ ചില വർത്തമാനച്ചുരുക്കങ്ങളെ ചുവടെ ഉദ്ധരിക്കാം:-

ചിക്കേഗോ- ഫ്രാൻ- ഏപ്രിൽ ഫൊ-ാന്റെ- സ്ത്രീക്കാനുള്ള സമ്മതം ഇപ്പോൾ കിട്ടി. ജഡ്ജി വളരെ ദയാലുതന്നെ. ഫ്രാൻറിയെ വിടാൻ സാധിച്ചുവല്ലോ, വലിയ ഭാഗ്യം.

ഏപ്രിൽ ഫ്വ-ാന്റെ- ചാർളിയേക്കണ്ടു. എന്റെ ഉടുപ്പു തെയ്യാറായ ഉടനെ വിവാഹം ചെയ്യാൻ എല്ലാട്ടെ ചെയ്തിരിക്കുന്നു. ഉടുപ്പുണ്ടാക്കിക്കൊണ്ടു വരാൻ രണ്ടാഴ്ചമുമ്പുതന്നേ ഏല്പിച്ചിരുന്നുവെങ്കിലും; ഭർത്താവിനെ സ്ത്രീക്കാനുള്ള സമ്മതം ലഭിക്കുംവരെ, അതിന്റെ ആവശ്യം കലശലായി തോന്നിയിരുന്നില്ല.

ഏപ്രിൽ ന-ാ- ഉടുപ്പ് കിട്ടി. നാളെ വിവാഹം ചെയ്യുന്നതാണ്.

മെയ്- ഫ്രാന്റെ- ചാർളിയും ഞാനും ഇൻഡ്യാനയിൽ പോയി, കല്യാണം കഴിച്ചു. ചിക്കാഗോവിലേക്കു തന്നെ മണിയുടെ വണ്ടിക്ക് തിരിച്ചു. ഹാ! ചാർളി അതിയോഗ്യൻ. വളരെ ബുദ്ധിമാൻ. എന്റെ പ്രേമഭാജനം തന്നെ. ഉച്ചഭക്ഷണം ബഹുകേമമായി. വണ്ടി, ഇലിനോയിസ്സിലേക്ക് കടക്കുമ്പോൾ ചെലവിന്റെ കണക്കു കൊണ്ടുത്തന്നു.

ഉടനെ ചാർളി ഇങ്ങിനെ പറഞ്ഞു:- നാം ഇലിനോയിസ്സിൽവെച്ചല്ല കല്യാണം കഴിച്ചത്. അതിനാൽ ഞാൻ എന്റെ തിൻകൂലി കൊടുക്കാൻ മാത്രമേ ബാധ്യസ്ഥനാകയുള്ളൂ?- എന്നുപറഞ്ഞുംകൊണ്ടു തന്റെ ഓഹരി കൊടുത്തു.

നാം ഇൻഡ്യാനയിൽ വെച്ച് വിവാഹം ചെയ്തതാകയാലും, രീനു അവിടെവെച്ച് കഴിച്ചതാകയാലും മുഴുവൻ സംഖ്യയും കൊടുക്കേണ്ടതാണെന്ന് ഞാൻ (ആ സ്ത്രീ) പറഞ്ഞു.

ബിൽ ഇൻഡ്യാനയിൽ വെച്ചതന്നെ കൊടുത്തിരുന്നുവെങ്കിൽ മുഴുസംഖ്യയും അദ്ദേഹം സസന്തോഷം കൊടുത്തേനെ എന്നു മറുമൊഴി പറഞ്ഞു. കാണികൾക്ക് പരിഹാസത്തിന്നിടയാകരുതെന്നു വിചാരിച്ച്, എന്റെ ഓഹരി ഞാൻ കൊടുത്തു. ചാർളി ശരിയായിരിക്കാം.

അല്പനിമിഷത്തിനു ശേഷം, ചാർളി എന്റെ കൈപിടിച്ചു കുലുക്കി. അപ്പോൾ "എന്നെന്തൊടരുത്; നാം ഇലിനോയിസ്സിൽ ഭാര്യാഭർത്താക്കന്മാരല്ല, എന്നേ വിട്ട്" എന്ന സഗൌരവം പറഞ്ഞു.

ഈ പറഞ്ഞതിന്റെ സാരം എന്താണെന്നു ചോദിച്ചപ്പോൾ, ഇലിനോയിസ്സി

ൽ ത്യാഗസമ്മതം കിട്ടി ഒരു കൊല്ലം കഴി ഞ്ഞാലല്ലാതെ പുനർവ്വിവാഹം നിയമാനു സൃതമല്ലെന്നു ഞാൻ പറഞ്ഞു.

.. എന്നാൽ ഒരു കൊല്ലത്തിനു ശേഷം ഭവതി എന്നെ ഇഷ്ടപ്പെടാഞ്ഞാലോ, എന്നേക്കാൾയോഗ്യനായ ഒരാളെ കണ്ടുമുട്ടിയാലോ, എന്തുചെയ്യും, എന്നു എന്നോടു ചോദിച്ചു.

ഇലിനോയിസ്സിലെ നിയമപ്രകാരം നാം ദാമ്പത്യാവസ്ഥയ്ക്ക് അർഹന്മാരല്ല. ഞാൻ ഇവിടെ നിങ്ങളുടെ ഭാര്യയും അല്ല. ഒരു കൊല്ലത്തിന്നിടയിൽ ഞാൻ നിങ്ങളെ ഇഷ്ടപ്പെടാത്ത പക്ഷം, എനിക്ക് വല്ല വരേയും, വരനായി സ്വീകരിക്കാൻ സ്വാതന്ത്ര്യവും ഉണ്ട്, എന്ന് നിർവ്വിശങ്കം മറുപടി പറഞ്ഞു.

ഞങ്ങളുടെ സ്ഥിതി വളരെ രസാവഹം. ഇൻഡ്യാനയിൽ താമസിക്കുമ്പോൾ ഞങ്ങൾ ഭാര്യാഭർത്താക്കന്മാർ. ഇൻഡ്യാനയിൽ എന്റെ ചെലവിനു പണം കൊടുക്കണം. ഇലിനോയിസ്സിൽ അങ്ങിനെ ചെയ്യേണ്ടില്ല. ചാർളി എനിക്ക് അഹിതമായി പ്രവർത്തിക്കുന്ന പക്ഷം, ഞാൻ ചിക്കാഗോവിൽ പോയി പുനർവ്വിവാഹം കഴിക്കുകയും ചെയ്യും.”

ഒരുവനുമായി കുറെക്കാലം ഭർത്തൃസുഖം അനുഭവിച്ചു വൈരാഗ്യം വരുമ്പോൾ, അവന്റെ ഭാര്യ കോടതിയിൽ പ്രവേശിക്കണം. ഭർത്താവിനെ ത്യജിക്കാൻ സമ്മതം കിട്ടിയാലും പോരാ. അതുവരെ ഭാര്യയായിരുന്നതിനു, അവർക്ക് തക്കതായ ഒരു സംഖ്യ പ്രതിഫലമായി കിട്ടുകയും വേണം. അമേരിക്കക്കാർ ദ്രുതഗതിയിൽവിവാഹം ചെയ്യുകയും, പിന്നെ യഥാസൗകര്യം പരിതപിക്കുകയും, ചെയ്യുന്നു. പലപ്പോഴും വിവാഹങ്ങൾ ഏർപ്പെടുത്തി വരുന്നത് ഒരു പ്രത്യേക സംഘമാണ്. യുനൈറ്റഡ് സ്റ്റേറ്റ്സിൽ ചിലേടങ്ങളിൽ, സ്ത്രീകൾ വളരെ ദുർല്ലഭമാണ്. വല്ല സ്ഥലങ്ങളിൽനിന്നും ഇവിടെ ക്കുറെ സ്ത്രീകളെ കപ്പലേറ്റി കൊണ്ടുവരികയും, യാതൊരു ആലോചനയും കൂടാതെ പുരുഷന്മാർ ഓരോ സ്ത്രീയെ ‘ഗ്രഹണം വാ ദോഷം വാ’ ഭാര്യയാക്കുകയും ചെയ്യുന്നു. ജീവപര്യന്തം സുഖദുഃഖങ്ങളിൽ ഒരുപോലെ പങ്കുകൊള്ളേണ്ടതായ ദമ്പതീപദത്തെ സ്ത്രീപുരുഷന്മാരുടെ മുഖാമുഖപടത്തെ നോക്കിരസിച്ചുകൊണ്ടാണ് പലപ്പോഴും അവർ പ്രവേശിക്കുന്നത്! ഈ സ്ഥിതിക്കു അമേരിക്കൻവിവാഹംപരിഹാസത്തിനു പാത്രമാവുന്നതിൽ വല്ല അത്ഭുതവും ഉണ്ടോ?

മേൽവിവരിച്ച സ്ഥിതി അമേരിക്കയിൽ ഒട്ടാകയുള്ള കഥയാണ്. ധനികനും ദരിദ്രനും അതിനു ഒരുപോലെ അധീനർ. കലഹകാരണം എത്ര ശിഥിലമായാലും ശരി; വക്കീൽഫീസ്സു കൊടുക്കാൻപണമുണ്ടായാൽ മതി, ഒരു പുനർവിവാഹത്തിനു മുൻകൂട്ടിത്തന്നെ ഒരുക്കം ചെയ്യാം.

യുനൈറ്റഡ്സ്റ്റെയിറ്റ്സിലെ കുനേഷുമാരികണക്ക് ഇപ്രകാരം പറയുന്നു:- കഴുന്നതിൽ യുനൈറ്റഡ്സ്റ്റേറ്റ്സിൽ ത്യാഗാനുമതിക്കു വേണ്ടി-, കഴുവുതൽ ദ്രൊം-, കേസ്സുകളുണ്ടായിരുന്നു. ഫൻറാസ്റ്റിൽ നിരക്കായിരിക്കുന്നു. ചുരുക്കി പറയുന്നതായാൽ, ഒരോ പ്രധാനവിവാഹങ്ങളിലും, കുറഞ്ഞപക്ഷം ഒന്നെങ്കിലും പര്യവസാനിക്കുന്നത്,

ക്കുവതിമാരിൽ ഒരു കക്ഷി, മറേറകക്ഷിയെ പരിതൃജിക്കുന്നതിലാണ്.

മരിമാശി —ടി. വി. രയരപ്പകുറുപ്പ്.

ശിരോലിഖിതം.

[II]

മനുഷ്യരുടെ അനുഭവിശ്വാസത്തിൽ മാത്രം സ്ഥിതിചെയ്യുന്ന ഈ ശിരോലിഖിതത്തിന്, മതതത്വങ്ങളിൽ വല്ല വാസസ്ഥലവും അനുവദിച്ചിട്ടുണ്ടോ എന്നാണ് ഇനി നോക്കാനുള്ളത്.

രാമായണം' ആരണ്യകാണ്ഡത്തിൽ ശ്രീരാമൻ ലക്ഷ്മണനു ഇപ്രകാരമുപദേശിക്കുന്നതായികാണുന്നു:—

"മാനവും, ഡംഭം, ഹിംസാ, വക്രതാ, കാമം, ക്രോധം
മാനസെവെടിഞ്ഞുസന്തുഷ്ടനായ് സദാകാലം
അന്യാക്ഷേപാദികളും സഹിച്ചുസമബുദ്ധ്യാ
മന്യഭാവവുമകലെക്കളഞ്ഞനുദിനം
ഭക്തികൈക്കൊണ്ടുഹൃദ്യസേവയും ചെയ്തുനിജ
ചിത്തശുദ്ധിയുംദേഹശുദ്ധിയുംചെയ്തുകൊണ്ട്"

ഈ വിശിഷ്ടോപദേശം, "ശിരോലിഖിത"ത്തെ ഖണ്ഡിക്കുന്നതായിരിക്കുന്നില്ലേ? ലക്ഷ്മണന്റെ ശിരോലിഖിതം പോലെമാത്രമെ ജീവിതം നയിക്കാൻ സാധിക്കയുള്ളുവെന്ന് അറിഞ്ഞിരുന്നെങ്കിൽ, മഹാത്മാവായ ശ്രീരാമൻ ലക്ഷ്മണനു ഇപ്രകാരം ഒരിക്കലും തത്തോപദേശം ചെയ്യുന്നതല്ലായിരുന്നു. 'ഭഗവദ്ഗീത'യിൽ ശ്രീകൃഷ്ണൻ അർജ്ജുനന് ഇപ്രകാരം ഉപദേശിക്കുന്നു:—

"ത്രൈഗുണ്യവിഷയാവേദാ
നിസ്ത്രൈഗുണ്യോഭവാർജ്ജുന
നിർദ്വന്ദ്വോനിത്യസത്ത്വസ്ഥോ
നിർയോഗക്ഷേമആത്മവാൻ"

(അല്ലയോ അർജ്ജുനാ! വേദങ്ങൾ ത്രിഗുണങ്ങളെപ്പററി പ്രതിപാദിക്കുന്നവയാകുന്നു. എന്നാൽ നിഷ്കാമനായും, സുഖാദിദ്വന്ദ്വരഹിതനായും, സദാസത്വഗുണത്തിൽ സ്ഥിതിചെയ്യുന്നവനായും, യോഗക്ഷേമരഹിതനായും, അപ്രമത്തനായും, ഭവിക്കുക.) അർജ്ജുനന്റെ ജീവിതകൃത്യങ്ങളെ ശിരോലിഖിതം മുൻകൂട്ടി നിശ്ചയിച്ച സ്ഥിരപ്പെടുത്തിയതാണെങ്കിൽ, ഇവിടെ ശ്രീകൃഷ്ണന്റെ ഉപദേശങ്ങൾക്കു യാതൊരർത്ഥവും ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു; എന്നുമാത്രമല്ല, നിഷ്കാമനായും, യോഗക്ഷേമരഹിതനായും ഭവിക്കുന്നതിനു അർജ്ജുനനു സാധിക്കുന്നതുമല്ലല്ലൊ.

ഇനി, ബുദ്ധമതസിദ്ധാന്തങ്ങളെ നോക്കാം. ജീവിച്ചിരിക്കുന്നതു ദുഃഖമാണെന്നും, ജീവിച്ചിരിപ്പാനുള്ള ഇച്ഛ ദുഃഖത്തിന്റെ ഉത്ഭവമാണെന്നും, ഈ ഇച്ഛയെ നശിപ്പിച്ചാൽ ദുഃഖവും നശിക്കുമെന്നും, ദുഃഖത്തിൽ നിന്നു മോചനം സിദ്ധിച്ചാൽ നിർവ്വാണം എന്ന അവസ്ഥ സിദ്ധിക്കുമെന്നും ബുദ്ധമതവേദഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു. ശിരോലിഖിതത്തിന്റെ യന്ത്രത്തിൽപ്പിള്ളിൽ മനുഷ്യൻ തുള്ളുക മാത്രമാണെങ്കിൽ ദുഃഖത്തെ നശിപ്പിച്ച് നിർവ്വാണം പ്രാപിക്കുമെന്നു ബുദ്ധമുനി ഒരിക്കലും ഉപദേശ

ക്കുന്നതല്ലായിരുന്നു. ക്രൈസ്തവവേദഗ്രന്ഥങ്ങളും ശിരോലിഖിതമെന്നൊന്നില്ലെന്നു വെളിപ്പെടുത്തുന്നുണ്ട്. "സ്വർഗ്ഗരാജ്യം സമീപമായിരിക്കകൊണ്ടു, മാനസ്സാന്തരപ്പെടുവിൻ!", "ഇടുക്കുവാതലൂടെ അകത്തു പ്രവേശിക്കുന്നതിനായി പോരാടുവിൻ!", "മനുഷ്യർ നിങ്ങൾക്കു എതുപ്രകാരം ചെയ്യണമെന്നു നിങ്ങൾ ഇഛിക്കുന്നുവോ, അപ്രകാരം അവർക്കും ചെയ്യുവിൻ!"— എന്നിങ്ങനെ അനേകം വിശിഷ്ടതത്വങ്ങൾ സമുദ്ഘോഷിതമായി, യേശുക്രിസ്തു ഉപദേശിച്ചിട്ടുണ്ട്. ഹൃദയികാരങ്ങളേയും, മനസ്സിനേയും, ശിരോലിഖിതം ഭരിക്കയാണെങ്കിൽ ക്രിസ്തുവിന്റെ ഉപദേശപ്രകാരം ഇവിടെ മാനസാന്തരപ്പെടുന്നതെങ്ങിനെയാണു? മനുഷ്യരുടെ ജീവിതഗതിയോ അവരുടെ തലയിലെഴുത്തുപോലെ മാത്രമേ, നയിക്കാൻ സാധിക്കയുള്ളുവെന്നു അറിഞ്ഞിരുന്നെങ്കിൽ, ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു യാതൊരു വിലയുമില്ല.

നമ്മുടെ സാഹിത്യഗ്രന്ഥങ്ങളിൽ എല്ലാറ്റിലും, ഒരുതരത്തിൽ അല്ലെങ്കിൽ, മറ്റൊരുതരത്തിൽ, ശിരോലിഖിതത്തെ സംബന്ധിച്ചു് ഓരോന്നു പ്രസ്താവിച്ചിട്ടുണ്ടു. തങ്ങളുടെ കഥാപാത്രങ്ങൾക്കു സംഭവിക്കുന്ന സങ്കടങ്ങളും പ്രയാസങ്ങളും, അവരുടെ ശിരോലിഖിതശക്തിയാൽ ഉളവാകുന്നതാണെന്നു കവികൾ വ്യാജപ്രസ്താവന ചെയ്യാറുള്ളതു മൂലം പലരും ആയതു സത്യമാണെന്നു വിശ്വസിച്ചിട്ടുമുണ്ടു്. വിധിയെപ്പറ്റി ഏതെങ്കിലും ഒരു അനുകൂലാഭിപ്രായം പുറപ്പെടുവിക്കാത്ത കൃതികൾ മലയാളഭാഷയിൽ ചുരുങ്ങും. പാഠ്യപുസ്തകങ്ങളിൽ ഇവ ധാരാളം കാണ്മാനുണ്ടു്.

"അലംഘനീയാകുമലാസനാജ്ഞാ"—

"ഇവനിതുഭവിക്കണ, മിന്നകാലംവേണം,
അവശതഭവിക്കണ,മത്ഥനാശംവേണം,
ഇതിവിധിവിധിച്ചതിപ്രാണികൾക്കൊക്കേ
ഹിതമഹിതമെങ്കിലുംലംഘ്യമല്ലേതുമേ"—

ഈ പദ്യങ്ങൾ പാമരജനങ്ങളെ അന്ധകാരത്തിൽ ചാടിക്കുന്നുവെന്നുള്ളതു സ്പഷ്ടമാണല്ലൊ.

തലയിലെഴുത്തിനെതിരായി ഉണ്ടാവുന്ന വിവിധോദ്യമകർമ്മം തന്നെ അപ്രകാരം ഒന്നില്ലെന്നു തെളിയിക്കുന്നതാണു്. പലവിചാരങ്ങളുടേയും സംഗ്രഹസ്ഥാനമാണു മനുഷ്യഹൃദയം. നിമിഷംപ്രതി ഓരോ വികവികാരങ്ങൾ ഹൃദയത്തിൽ കടക്കുന്നു. ഇവയെല്ലാം ഒരേ ശക്തിയാൽ, അഥവാ ഒരേ ശിരോലിഖിതത്താൽ, ഭരിക്കപ്പെടുന്നതാണെങ്കിൽ, വിചാരങ്ങൾക്കു പ്രാതികൂല്യം വരുവാൻ സംഗതിയില്ല. ഇങ്ങിനെ മനുഷ്യരുടെ ജീവിതഗതിയെ ശിരോലിഖിതം പ്രതിബന്ധിക്കുന്നില്ലെന്നു മേൽപ്രസ്താവിച്ച കാരണങ്ങളാൽ വിശദമാവുന്നു.

ഈ വിഷയത്തിൽ പണ്ഡിതശിരോമണികൾക്കുള്ള അഭിപ്രായങ്ങളെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"ഞാൻ അല്ലാതെ മറ്റൊരു ജീവിയും എനിക്കു ദോഷം ചെയ്തിട്ടില്ല. ഞാൻ അനുഭവിക്കുന്ന ദോഷത്തിന്റെ വിത്തുകളെ ഞാൻ സ്വയം ചുമന്നുകൊണ്ടു പോവുന്നു. എന്റെ കുറ്റംകൊണ്ടല്ലാതെ, ഈ സ്വഭാവത്തിൽ ഒരിക്കലും ക്ലേശം അനുഭവിച്ചിട്ടില്ല"— എന്നു സെയിൻറ് ബ്രൈണ്ണാഡ്.

"യഥാർത്ഥദോഷങ്ങളിൽ ചെന്നു വീഴാതിരിക്കുന്നതിനു വേണ്ട ഉപായങ്ങളെല്ലാം ഉദൈവം മനുഷ്യർക്കു നല്കിയിട്ടുണ്ടു്.

മനുഷ്യന്റെ ജീവിതത്തിനു ഹാനികരമല്ലാത്തവ, അവന്റെ ജീവിതത്തിനു എങ്ങിനെ ഹാനികരമായിത്തീരും?"— എന്നു മാക്സ്സ് ഔറീലിയസ്സ്.

"ഗ്രഹഗോളങ്ങളെ വൃഥാ, കുറ്റംപറഞ്ഞിട്ടു കാര്യമില്ല; ഒരു മനുഷ്യന്റെ സുകൃതദുഷ്കൃത്യങ്ങൾക്കു ഹേതുഭൂതമായ നക്ഷത്രം അവൻ തന്നെയാണ്. നമുക്ക്, നന്മയോ തിന്മയോ വരുത്തിക്കൂട്ടുന്നതു നാം തന്നെയാണെ"— എന്നു ബ്രൌൺ.

അല്ലയോ വായനക്കാരേ! "അവനവന്റെ ജീവിതത്തിന്റെ അമരക്കാരൻ അവനവൻ തന്നെയാകുന്നു". അതിനെ ബോധിച്ചു ദിക്കിൽ കൊണ്ടുചെന്നു ചേർപ്പാൻ അവനവനു കഴിയും. "നാം എവിടെയെങ്കിലും ഒഴുകിപ്പോവാൻ കല്പിക്കപ്പെട്ടിട്ടുള്ളവരല്ല". നമ്മുടെ ഭാവി അശ്രേയസ്സുമായി തീരത്തക്കവണ്ണം ഒരു ശിരോലിഖിതം നമ്മുടെ തലയിൽ ഇല്ലെന്നു ദൃഢമായി വിശ്വസിപ്പിൻ. കാരുണ്യവാനായ ജഗദീശ്വരൻ ഒരു മനുഷ്യൻ മോഷ്ടാവായി തീരണമെന്നും, മറൊരുത്തൻ പണ്ഡിതനായി തീരണമെന്നും, അപരൻ ദുർമ്മാർഗ്ഗിയായി തീരണമെന്നും, നമ്മിൽ ആരുടേയും തലയിൽ എഴുതിയിട്ടില്ല. നമ്മുടെ സകല കർമ്മങ്ങൾക്കും നാം തന്നെയാണു ഉത്തരവാദികൾ; വിധിയല്ല. ഒരു മനുഷ്യൻ ദുർമ്മാർഗ്ഗിയായി തീരണമെന്നു ഈശ്വരൻ ഒരുവന്റെ തലയിൽ എഴുതിയിട്ടുണ്ടെങ്കിൽ, അവന്റെ ദുഷ്കൃത്യങ്ങളുടെ ഫലസിദ്ധിക്കായി ഈശ്വരൻ തന്നെ അവനു സഹായിക്കേണ്ടതായി വന്നുകൂടുന്നു. ഈശ്വരൻ ദുർമ്മാർഗ്ഗികൾക്കു കരിക്കലും സഹായിക്കുന്നതല്ലല്ലൊ. "ഒരു മനുഷ്യൻ ഖിന്നനായി തീരുന്നുവെങ്കിൽ, അതു്, അവന്റെ കുറ്റംകൊണ്ടു തന്നെയാണ്. ഈശ്വരൻ എല്ലാമനുഷ്യരേയും സൃഷ്ടിച്ചതു സുഖികളായിരിപ്പാൻ മാത്രമാണു." — എന്നാണു എപ്പിക്കൈറൈറസ്സ് എന്ന പണ്ഡിതർ പറയുന്നതു. നമ്മുടെ ദുഷ്കൃത്യങ്ങളുടെ ഫലമായി സൃഷ്ടിക്കുന്ന ദുഃഖങ്ങൾ ശിരോലിഖിതം മൂലം ഉണ്ടാവുന്നതാണെന്നു വിചാരിച്ചു് ജീവിതത്തെ നിരർത്ഥകമാക്കിത്തീർക്കാതെ, സ്ഥിരോത്സാഹത്തോടും, ധൈര്യത്തോടും, ജീവിതകൃത്യങ്ങളെ നിർവഹിക്കുമ്പോൾ, ശിരോലിഖിതം എന്നൊന്നില്ലെന്നു നമുക്കു അനുഭവംകൊണ്ടു ബോധ്യപ്പെടുന്നതാണ്.

ചിലരെ കാണാം; വരുന്നതുപോലെ വരട്ടെ എന്നു നിശ്ചയിച്ചു്, മുന്നാലോചനയും, ദീർഘദൃഷ്ടിയും കൂടാതെ, കാരോ അനർത്ഥങ്ങളിൽ ചെന്നു ചാടി അവസാനത്തിൽ ദുഃഖിക്കുന്നു. ഇവരെ സംഭ്രാന്തശക്തിയുള്ള മൃഗങ്ങളായി മാത്രമേ ഗണിക്കപ്പെടേണ്ടതുള്ളൂ.

ഇടയ്ക്കിടെയുണ്ടായിക്കൊണ്ടിരുന്ന പ്രതിബന്ധങ്ങളെ തൃണവൽഗണിച്ചു്, ഫലോദയപര്യന്തം ഭഗീരഥപ്രയത്നങ്ങൾ ചെയ്കയും, അവസാനത്തിൽ വിജയശ്രീയെ വരിക്കയും ചെയ്തിരുന്ന അനേകം മഹാത്മാക്കളെപ്പറ്റി ചരിത്രങ്ങൾ ഘോഷിക്കുന്നു. ഇവരാരും ശിരോലിഖിതത്തിൽ വിശ്വാസം വച്ചിരുന്നില്ല. നേരെമറിച്ചു്, ശിരോലിഖിതം എന്നൊന്നില്ലെന്നുകൂടി അവർ പ്രസംഗിച്ചിരുന്നു. തലയിലെഴുത്തിലുള്ള വിശ്വാസം മടിയുടെ മാതാവാണെന്നു തങ്ങളുടെ ജീവിതം മൂലം അവർ സദാ തെളിയിച്ചു. ചിലർ ശിരോലി

ഖിതത്തെ കാറംപറഞ്ഞ് ഈശ്വരനെ നിന്ദിക്കാറുണ്ട്; ഇതു വളരെ കഷ്ടമാണ്. "എന്റെ തെറ്റു മൂലമാണ് ഈ കഷ്ടത അനുഭവിക്കുന്നതെങ്കിൽ, എന്തിനു ദൈവത്തെ ആക്ഷേപിക്കുന്നു?" എന്നാണ "സോലോൺ" എന്ന മഹാൻ ചോദിക്കുന്നത്.

ശിരോലിഖിതത്തിൽ വിശ്വാസം വയ്ക്കുന്നതു തന്നെ പാപമാണ്. നമ്മുടെ ഈ വസ്ഥ എങ്ങിനെ ആയിത്തീരണമെന്ന് നാം ആഗ്രഹിക്കുന്നുവോ, അതുപോലെ ആവാൻ നമുക്കുകഴിയും.

ധീരതയോടുകൂടി പ്രയത്നിപ്പിൻ! എന്തെല്ലാം ക്ലേശങ്ങൾ നേരിടട്ടെ; എത്ര ധനനഷ്ടമുണ്ടാവട്ടെ; ദാരിദ്ര്യം തന്നെ നമ്മെ കീഴടക്കാൻ ശ്രമിക്കട്ടെ; കഷ്ടത നമ്മെ അടിമപ്പെടുത്തട്ടെ; ലോകംനമ്മെ അപഹസിക്കട്ടെ; ഒരിക്കലും അധൈര്യപ്പെടരുത്. ഈശ്വരനിലുള്ള വിശ്വാസത്തോടും ആശ്രയത്തോടും കൂടി മുമ്പോട്ടു പോവുക. നമുക്കു ധനമോ, ബഹുമാനമോ, സിദ്ധിക്കട്ടെ; അഥവാ, അവമാനമോ, കഷ്ടതയോ സംഭവിക്കട്ടെ; ഇവയൊന്നും ശിരോലിഖിതം മൂലം ഉണ്ടാവുന്നതല്ല; നമ്മുടെ പ്രവൃത്തികളുടെ ഫലം മാത്രമാണ്. നമ്മുടെ തലയിൽ നാം തന്നെയാണ എഴുതുന്നത്. ഭാവികാലത്തു സമുഭവിപ്പാനുള്ള സുഖദുഃഖങ്ങളെ നട്ടുവളർത്തുന്നത് നാമാണ്. നാം എന്തു വിതയ്ക്കുന്നുവോ അതിനെ തന്നെയായിരിക്കും നാം കൊയ്യുന്നത്. നമ്മുടെ ഭാവിയെ നിയന്ത്രിക്കുന്ന വിഷയത്തിൽ ഈശ്വരൻ യാതൊരു നിശ്ചയപത്രവും എഴുതിയിട്ടില്ല. ജീവിതമത്സരത്തിൽ വിജയം സമ്പാദിക്കുന്നതിനു ശ്രമിക്കാതെ, ശിരോലിഖിതത്തെ അടിസ്ഥാനപ്പെടുത്തി, ഈശ്വരനെ ദൂഷിക്കുന്നതുകൊണ്ടു വിധിശക്തിയിൽനമുക്കുള്ള വിശ്വാസം വർദ്ധിക്കുമാത്രമേ ചെയ്യുകയുള്ളൂ.

പരിശുദ്ധമായ ഉദ്ദേശ്യത്തോടുകൂടി പ്രയത്നിക്കുക. മനഃസ്വാതന്ത്ര്യത്തെ സമ്പാദിക്കുന്നതിലേക്കു തിരിച്ചുവിടുവിൻ. അതു ആനന്ദപ്രദമായ മാർഗ്ഗങ്ങളിൽ കൂടി മാത്രം പ്രവഹിക്കട്ടെ. അപ്പോൾ ശിരോലിഖിതത്തിൽ നമുക്കുള്ള വിശ്വാസം നശിക്കയും, എല്ലാം വിജയമായി പര്യവസാനിക്കയും ചെയ്യും.

"ഉദ്യമേനഹിസിദ്ധ്യന്തി
കാര്യാണിനമനോരഥൈഃ"

എന്നല്ലേ ആപ്തന്മാർ പറയുന്നത്?

മാവേലിക്കര. —കേ. എം. വർഗ്ഗീസ്.

കമലാഭായി.
അഥവാ
ലക്ഷ്മീവിലാസത്തിലെ കൊലപാതകം.

അദ്ധ്യായം ൧൩.

ഗോപാല— "ഞാൻ പറയുമ്പോൾ ആശ്ചര്യം തോന്നുമെങ്കിലും ഇക്കാര്യത്തിൽ നിങ്ങളെ കുറെ സഹായിപ്പാൻ എനിക്കു സാധിക്കും."

മാധവ— "നിങ്ങൾ മാധവിഅമ്മയെ അറിയുമോ?"

ഗോപാല— "ഞാൻ മുമ്പു കണ്ടിട്ടുണ്ട്. എങ്ങിനെയെങ്കിലും ആ സ്ത്രീയുടെ വീട്ടിനുള്ളിൽ നിങ്ങൾ താമസമാക്കണം."

ഇങ്ങിനെ സംസാരിച്ചുകൊണ്ടു രണ്ടു പേരും അവരുടെ പാപ്പിടത്തിൽ എത്തി. മാധവമേനോനും മാധവിഅമ്മയുടെ വർത്തമാനങ്ങളും അറിയുവാൻ തിടുക്കമായി. വീട്ടിൽ എത്തിയ ഉടനെ ഗോപാലമേനോനേയും കൂട്ടി ഒരു മുറിയിൽ ചെന്നിരുന്നു.

മാധവ- "ഇതാ വാതിൽ അടച്ചു. ഇനി മാധവിഅമ്മയുടെ വർത്തമാനങ്ങൾ പറയു. ഇവിടെ ആരും കേട്ടുനില്ക്കുമെന്നും മറും ശങ്കിക്കേണ്ട."

ഗോപാല- "പറയാം. എന്നാൽ അതൊന്നിച്ചു എന്റെ ചില വർത്തമാനങ്ങൾ പറയേണ്ടിയിരിക്കുന്നു. അതു എനിക്കു പ്രധാനഭേദകമായിരിക്കുന്നതാനും. എന്നാലും പറയാം. ഈ മാധവിഅമ്മ എന്റെ ഭാര്യയാണ്. പക്ഷേ അക്കാലത്തു പേർമാധവിഅമ്മ എന്നായിരുന്നില്ല. ഞാൻ അഞ്ചുകൊല്ലങ്ങൾക്കു മുമ്പു ഈ സ്ത്രീയെ വിവാഹംചെയ്തു."

മാധവ- "എന്ത്? നിങ്ങളുടെ ഭാര്യയൊ?"

ഗോപാല- "അതെ. ഞങ്ങൾ രഹസ്യമായി വേറൊരു ദിക്കിൽ ചെന്നു വിവാഹംചെയ്തു. അതു ഒരു ദരിദ്രഗ്രഹം പിടിച്ച സ്ത്രീയാണ്. എന്റെ വശം ധാരാളം ദ്രവ്യവുമുണ്ടായിരുന്നു. ഞാൻ മുമ്പുതന്നെ പറഞ്ഞിരുന്നില്ലെ, ഒരു ചെറുപ്പക്കാരനു അധികം ദ്രവ്യമുണ്ടായിരുന്നാൽ അവൻ ദുർമ്മാർഗ്ഗിയായി തീരുമെന്ന്."

മാധവ- "കാര്യം പറയു. നടവടികളെപ്പറ്റി നമുക്കു പിന്നെ സംസാരിക്കാം."

ഗോപാല- "ഏകദേശം ഒരു കൊല്ലം ഞങ്ങൾ ഒരുവിധം സുഖമായി കഴിച്ചുകൂട്ടി. ആ കാലത്തു ഞങ്ങൾക്കു ഒരു ഒമ്പൻകുട്ടി ജനിച്ചു. കുട്ടിയുടെ അമ്മയ്ക്കു കുട്ടിയോടു അല്പവും സ്നേഹം ഉണ്ടായിരുന്നില്ല. ആ സംഗതിക്കു ഞങ്ങൾ തമ്മിൽ ഇടയ്ക്കിടെ വഴക്കുണ്ടായിക്കൊണ്ടിരുന്നു. ഇങ്ങിനെ കുറച്ചു കാലം കഴിഞ്ഞു. കുട്ടിയുടെ കഷ്ടാവസ്ഥ കണ്ടുസഹിപ്പാൻ കഴിയാതെ, ഞാൻ കുട്ടിയെ അവിടെനിന്നു കൊണ്ടുപോന്നു, എന്റെ അമ്മയെ ഏല്പിച്ചു. എന്റെ ഭാര്യയുടെ ദുർന്നടത്തകളെപ്പറ്റി എനിക്കു് അറിവുകൂടി കിട്ടി. അതെല്ലാം ഇവിടെ പറയുവാൻ ഞാൻ വിചാരിക്കുന്നില്ല. എന്നാൽ വിചാരണസമയത്തു ആ സ്ത്രീ കമലാഭായിയെ അവമാനിക്കുന്നതായാൽ, അപ്പോൾ ഞാൻ അതിനു തക്കതായ പ്രതിവിധി ചെയ്തുകൊള്ളാം."

മാധവ- "ആ സ്ത്രീ ദുഷ്ടയാണെന്നു ഞാൻ ആദ്യമേ ഊഹിച്ചു. നിങ്ങൾ സ്ത്രീകളെ ദുഷിക്കുന്നതിനുള്ള കാരണം ഇപ്പോൾ മനസ്സിലായി."

ഗോപാല- "കുറെ കഴിഞ്ഞപ്പോൾ ഞാൻ ആസ്ത്രീയേ ഉപേക്ഷിച്ചുദേശസഞ്ചാരത്തിനു പോയി."

മാധവ- "ആ കാലത്തായിരുന്നു അല്ലെ മാമേശ്വരത്തെക്കു പോയതു്?"

ഗോപാല— "അതെ. കുറെ പണം കൊടുത്തു് അതിന്റെ അനുജത്തിയെക്കൂടെ താമസിക്കുവാൻഏർപ്പാടുചെയ്തു്, ഞാൻ പുറപ്പെട്ടുപോയി. ഒരു ചെറുപ്പക്കാരിയെ തനിയെ ഉപേക്ഷിച്ചുപോയതു തെറ്റാണെന്നു നിങ്ങൾ പറയുമായിരിക്കും. എന്നാൽ ഞാൻ എവിടേക്കെങ്കിലും പോകുന്നതിനു ആ സ്ത്രീ തന്നെആഗ്രഹിച്ചിരുന്നു. ഞാൻ പോയതിനു ശേഷം, ചില

കത്തുകാരൻ അയച്ചു. അതിന്നു യാതൊരു മറുപടിയും അയച്ചില്ല. ഞാൻ മടങ്ങിവന്നു അന്വേഷിച്ചപ്പോൾ അവർ അവിടെ ഇല്ല. എങ്ങോ ഒരാളൊട്ടു കൂടെ അവിടെ നിന്നു പോയതായി കേട്ടു."

മാധവ—"ആ യോഗ്യൻ തന്നെയായിരിക്കാം കുണ്ടക്കുപ്പ്."

ഗോപാല—"അങ്ങിനെതന്നെ എനിക്കും തോന്നുന്നു. പിന്നെ അയാളുടെ ഭാര്യയായി."

മാധവ—"ശരി. ഇനി മാധവിഅമ്മയിൽ നിന്നു കൊലപാതകത്തിന്റെ സൂക്ഷ്മവിവരം അറിയുവാൻ ശ്രമിക്കാം."

ഗോപാല—"അതിലേക്കു നിങ്ങൾ പ്രവൃത്തി ആരംഭിച്ചുവല്ലൊ. ബുദ്ധിപ്പെട്ടാൽ നിങ്ങളെയും പാറിക്കും. എങ്ങിനെയോ ആ സ്ത്രീയുടെ വശം വളരെ സ്വത്തുണ്ട്. എന്തും ചെയ്യുന്നതിന്നു ധൈര്യവും ഉണ്ട്."

മാധവ—"ഇരുവളരെ ധനം എവിടെനിന്നു കിട്ടുന്നു? കവച്ചുക്കാരുടെ സഹായമൊ മറ്റൊ ഉണ്ടായിരിക്കുമൊ?"

ഗോപാല—"എ! അതിന്നു സംഗതിയില്ല."

മാധവ—"നിങ്ങളുടെ കുട്ടി സുഖമായിരിക്കുന്നില്ലെ?"

ഗോപാല—"കുറച്ചുകാലം എന്റെ അമ്മയുടെ അടുക്കൽ ജീവിച്ചിരുന്നു."—(ഗോപാലമേനോന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു.)

മാധവ—"ഓ—ഹൊ! അങ്ങിനെയൊ? എന്തു ചെയ്യാം? വരുന്നതെല്ലാം അനുഭവിക്കയല്ലെ നിവൃത്തിയുള്ളു. മാധവിഅമ്മയുടെ ഈ കൊലകേസ്സിനെ സംബന്ധിച്ച ശരിയായ വിവരങ്ങൾ അറിവുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

ഗോപാല—"എനിക്കും അങ്ങിനെതന്നെ തോന്നുന്നു. എന്നാൽ ഈ സംഗതികളെ മറയ്ക്കുന്നതിന്നു എന്തൊ കാരണമുണ്ട്. ആ സ്ത്രീ കൊലചെയ്തിരിക്കയില്ല. മറ്റുള്ളവരെക്കൊണ്ടു തന്റെ ആഗ്രഹം സാധിപ്പിക്കും. അതാണ് സ്വഭാവം."

മാധവ—"ഘാതകൻ മാധവിഅമ്മയുടെ ഒരു സഹായി ആയിരിക്കണം. കമലയോട് ഒളിച്ചുപോകുവാൻ ഉപദേശിച്ചതുകൊണ്ട് ആ സ്ത്രീയുടെ വിചാരം എളുപ്പത്തിൽ മനസ്സിലാക്കാം."

ഗോപാല—"അതു നിശ്ചയിക്കേണ്ടാ. തന്റെ ഭർത്താവിന്റെ പ്രേമവും തനിക്കുകിട്ടേണ്ടതായ സ്വത്തും കമലയ്ക്കു ലഭിച്ചതുകൊണ്ടുള്ള ഈർഷ്യയാലും കമലയെ നശിപ്പിക്കുവാൻ ശ്രമിക്കും."

മാധവ—"അങ്ങിനെയും ആവാം. അന്നു രാത്രിയിലെ സംഭവങ്ങളുടെ സൂക്ഷ്മവിവരം നിങ്ങൾ അറിയുമെന്നു പറഞ്ഞു ഭയപ്പെടുത്തിയാൽ ഒരുസമയം വാസ്തവം പറഞ്ഞു എന്നു വരാം. പക്ഷെ അതു എളുപ്പത്തിൽ ഭയപ്പെടുന്ന പുള്ളിയാണെന്നു തോന്നുന്നില്ല. എന്നാലും കുറെ പരീക്ഷിച്ചുനോക്കാം."

ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരാൾ ഗോപാലമേനോന്ന് ഒരു എഴുത്തു കൊണ്ടുവന്നു കൊടുത്തു. ആ എഴുത്തു വായിച്ചപ്പോൾ, ഗോപാലമേനോന്നു ആശ്ചര്യമുണ്ടായി.

മാധവ—"എന്താ വിശേഷിച്ച്?"

ഗോപാല—"ഇതു വായിച്ചുനോക്കുക."

"എനിക്കു ഒരൊറ നോട്ടത്തിൽതന്നെ അവളെ മനസ്സിലായി. നാം പിരിഞ്ഞിട്ടു അഞ്ചു സംവത്സരമായെങ്കിലും, എന്റെ കണ്ണുകൾ എന്നെ വഞ്ചിച്ചില്ല. നാം എന്തിന്നു ശത്രുക്കളായിരിക്കുന്നു? നാളെ ഉച്ചയ്ക്കു എന്റെ വീട്ടിൽ വരണം. നിങ്ങളുടെകൂടെ കണ്ടയാൾ വളരെ സുന്ദരനായിരിക്കുന്നു. അയാൾ നിങ്ങളുടെ സ്നേഹിതനായിരിക്കുമൊ?"

മാധവ—"ഈ എഴുത്തിൽ ഒപ്പു കാണുന്നില്ല, എന്നാലും എഴുത്തു മാധവിഅ

മയുടെതാണെന്നു എനിക്കു മനസ്സിലായി?"

ഗോപാല- "എഴുത്തിന്റെ മാതിരി കണ്ടില്ലെ?

മാധവ- "നിങ്ങൾ നാളെ കാണുമ്പോൾ നമ്മുടെ കയ്യും അറിവാൻശ്രമിക്കണം."

ഗോപാല- "ആ പിശാചിനെ കാണുവാൻ ഞാൻ പോവുകയോ?"

മാധവ- "എന്താ ഇങ്ങിനെ പറയുന്നത്? എനിക്കു വേണ്ടിയെങ്കിലും നിങ്ങൾ പോണം."

ഗോപാല- "നിങ്ങൾ ഇത്ര സ്വാർത്ഥപരനാണെന്നു ഞാൻ വിചാരിച്ചില്ല. എന്നോട് എന്തോ ചോദിച്ചറിവാനാണ് ഇപ്പോഴത്തെ ക്ഷണം. എന്നാൽ ആ ക്ഷണം സ്വീകരിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾക്കു ആ സ്ത്രീയുടെ സ്വഭാവം നല്ല നിശ്ചയമില്ല."

മാധവ- "നിങ്ങൾ മാധവി അമ്മയോട് സംസാരിക്കുന്നതുകൊണ്ടു, എന്താ ദോഷം?"

ഗോപാല- "പാമ്പിന്റെ തല കൈകൊണ്ടു പിടിച്ചാൽ എന്താ ദോഷം? അതുതന്നെ ഇതുകൊണ്ടും. കൃഷ്ണരൂപ്പിന്റെ ഭാര്യയാണെന്നു കോടതിയിൽ പറഞ്ഞതിന് എന്നോട് മാപ്പു ചോദിക്കുവാൻ ഭാവമുണ്ടായിരിക്കാം. ഇതുകൊണ്ട് എനിക്കെന്താ? വേണമെങ്കിൽ ഇനിയും അമ്പതാളുകളുടെ ഭാര്യയായിരുന്നുകൊള്ളട്ടെ."

മാധവ- "നിങ്ങൾ അവിടെപോകുന്നതുകൊണ്ടു തരക്കേടൊന്നുമില്ലെന്നാണ് എന്റെ അഭിപ്രായം."

ഗോപാല- "വെറുതെ അതു പറഞ്ഞു സമയം കളയണ്ടാ. വേഷം മാറികൊള്ളുക. ആ സ്ത്രീ ഇന്നലെ നിങ്ങളെ കണ്ടതു തെറ്റിപ്പോയി. അതുകൊണ്ടു കുറെ കൂടി ശ്രദ്ധവെക്കണം. അമ്മയോ അച്ഛനോ കണ്ടാൽകൂടി അറിയരുത്. രുദ്രിവസം മുഴുവൻ ആ വീടിനെ ചുറ്റിനടന്നു കഴിയുന്നേടത്തോളം വിവരം അറിയുക. ആ സ്ത്രീ പുറമെ എവിടെയെല്ലാംപോകുന്നുവെന്നും സൂക്ഷ്മമായി അറിയുക. പിന്നെ നമുക്കു വേണ്ടതുപോലെ ചെയ്യാം."

മാധവ- "ഈ അന്വേഷണത്തിൽ നിന്നു ചില രഹസ്യങ്ങൾ അറിയുമെന്നു തോന്നുന്നു."

ഗോപാല- "ഇനി വേഗം പുറപ്പെടുക. വെറുതെ സമയം കളയരുത്. മാധവിഅമ്മയെ പിൻതുടർന്നു യമലോകത്താണെങ്കിലും പോയ്ക്കൊള്ളുക. യാതൊന്നിനും അധൈര്യപ്പെടരുത്."

മാധവമേനോൻ വേഷംമാറി മാധവിഅമ്മയുടെ വീടിനെ ചുറ്റിക്കൊണ്ടിരുന്നു.

അദ്ധ്യായം—൧൩.

നേരം രാത്രി പത്തുമണിയായി. ദിക്കെങ്ങും അന്ധകാരം വ്യാപിച്ചു. 'ഇവിടെ ഇങ്ങിനെ കാത്തുനില്ക്കുന്നതുകൊണ്ട് വല്ലഫലവും ഉണ്ടാകുമോ'എന്നു വിചാരിച്ചുകൊണ്ട്, മാധവമേനോൻ നില്ക്കയായിരുന്നു. ആ സമയത്തു മാധവിഅമ്മയുടെ വീട്ടിൽനിന്നു തലയോട്ടുകൂടി മൂടിപുതച്ച ഒരു സ്ത്രീരൂപം പുറത്തേക്കിറങ്ങി. അതു മാധവിഅമ്മയാണെന്നു തീർച്ചപ്പെടുത്തി നമ്മുടെ വക്കീൽ ആ സ്ത്രീരൂപത്തെ പിൻതുടർന്നു. ആ സ്ത്രീരൂപം നേരെ വടക്കോട്ടു നടന്നു കല്പാത്തിപ്പുഴയിലെക്കിറങ്ങി. മാധവമേനോനും, സൂക്ഷിച്ചുനോക്കിയാൽകാണാത്ത ദൂരത്തിൽ, മാധവിഅമ്മയെ അനുഗമിച്ചു. മാധവിഅമ്മ പുഴകയറി വടക്കുവടിഞ്ഞാറായി നടന്നു ഒരു ചെറുകടിലിലേക്കു കടന്നു. മാധവമേനോൻ ആ കടിലിന്റെ സമീപത്തായി നിന്നു. ആ രാത്രിമുഴുവൻ അവിടെ തന്നെതാമസിക്കുമോ എന്നു മേനോൻ അത്യന്തംസംശയിച്ചു. 'മാധ

വിഅമ്മയുടെ പിന്നാലെ നടക്കുന്നതു കൊണ്ടു അയൽപ്പുറത്തുള്ള സംഗതികൾഅറിയാം. എന്നാൽഇതുകൊണ്ടു കൊലകേസ്സിന്റെ സൂക്ഷ്മവിവരം അറിവാൻ സാധിക്കുമോ?' എന്നു ചിന്തിച്ചുകൊണ്ടു നില്പുമ്പോഴും, മാധവിഅമ്മ ഒരു കിഴവൻസ്ത്രീയുമായി അപ്പുറത്തെക്കു കടന്നു. താൻ നില്ക്കുന്ന വരമ്പിൽ കൂടിയാണ് മാധവിഅമ്മ വരുന്നതെന്നു മനസ്സിലായി. എന്തു ചെയ്യാം? അവിടെയെങ്ങും ഒളിച്ചുനില്ക്കത്തക്ക സ്ഥലങ്ങളും ഇല്ല. ഓടിപ്പോവുന്നതായാൽ സംശയത്തിന്നിടയാവുകയും ചെയ്യും. തല്ക്കാലം ഒരു കള്ളുകുടിയനെപ്പോലെ അഭിനയിക്കാമെന്നു മേനോൻ തീർച്ചപ്പെടുത്തി. മാധവിഅമ്മ സമീപത്തെത്തി. മേനോന്റെ ഹൃദയം വേഗത്തിൽ അടിച്ചുതുടങ്ങി. തന്റെ അഭിനയം പിഴയ്ക്കുമെല്ലൊ എന്നു ഭയപ്പെട്ടു.

'പെൺമയിലേ കാടി വാടി,
നമുക്കിയൊരു മുത്തം താടി'

എന്നു പാടി ആടിക്കൊണ്ടു, മേനോൻ മാധവിഅമ്മയുടെ മേലെ ചെന്നുവീണു. "ആരാ അതു മാറി പോ." എന്നുപറഞ്ഞു, മാധവിഅമ്മ മേനോനെ പിടിച്ചുതള്ളി. 'എന്താ പ്രശ്നം?' എന്നു പറഞ്ഞുകൊണ്ടു മേനോൻ പിന്നെയും മേലെ ചെന്നുവീണു. മാധവിഅമ്മ കള്ളുകുടിയനെ പിടിച്ചു പാടത്തെക്കു ഉന്തിക്കോടെ തള്ളി. അവിടം നിറഞ്ഞുനിന്നതു ചെറിയ വരമ്പായിരുന്നതിനാൽ, മേനോൻ പാടത്തെക്കു മറിഞ്ഞു. അവിടെനിന്നു വരമ്പിൽ കയറി നോക്കുമ്പോൾ, മാധവിഅമ്മയെ കാണ്മാനില്ല. നാലുഭാഗവും സൂക്ഷിച്ചുനോക്കി. ക്ഷണിക്കുള്ളിൽ എവിടെ കാണുവാൻ പോകുന്നു? എങ്കിലും, ഇച്ഛാഭംഗത്തോടുകൂടി, മാധവമേനോൻ അവിടെനിന്നു മടങ്ങി. 'ഇന്നത്തെ ദിവസം വെറുതെ പോയി. രാത്രിവേഷം മാറി സഞ്ചരിക്കുന്നതുതന്നെ മനസ്സിലായല്ലൊ. എവിടെക്കാണ് പോകുന്നതെന്നാണ് ഇനി അറിയേണ്ടതു്.' എന്നിങ്ങിനെ ചിന്തിച്ചുകൊണ്ടു കമലയുടെ വീട്ടിലേക്കു പോയി. അവിടെ ഗോപാലമേനോൻ അമ്മുവിനോടു സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു.

ഗോപാല— "എന്താ വിശേഷം. നിങ്ങളുടെ കണ്ണിൽ പൊടിയിട്ടു ഓടിക്കളഞ്ഞുവോ? ആ സ്ത്രീക്കു അതിന്നു സാമർത്ഥ്യമുണ്ടെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞതില്ലെ?"

മാധവ— "എന്തു ചെയ്യാം? ഇന്നു അബദ്ധം പറ്റി. എന്നാൽ രാത്രി വേഷംമാറി സഞ്ചരിക്കുന്നുണ്ടെന്നു മനസ്സിലായി."

ഗോപാല— "അതുകൊണ്ടു ആ സ്ത്രീക്കു ഒരു രഹസ്യകായ്യം ഉണ്ടെന്നു നിശ്ചയിക്കാം."

മാധവ— "നാളെ ജാഗ്രതയായിരിക്കാം. ഞാൻ ഒരു എഴുത്തു തരാം. അതു ഭയപ്പെടുത്തി കമലയ്ക്കു കൊണ്ടുപോയി കൊടുക്കണം. ഞാൻ ഇന്നു വരാമെന്നു പറഞ്ഞിരുന്നു. അതുകൊണ്ടു എന്നെ കാത്തിരുന്നിരിക്കാം."

ഗോപാല— "തരൂ. ഞാൻകൊണ്ടുപോയി കൊടുക്കാം."

മാധവമേനോൻ പിറ്റെന്നും മാധവിഅമ്മയുടെ വീടു കാക്കുവാൻ പോയി. രാത്രി പത്തുമണിയായപ്പോൾ, ആ അമ്മ തലേ ദിവസത്തെ പോലെ പുറപ്പെട്ടു പുഴകടന്നു്, വേഷംമാറുന്നതിനായി ആ കുടിലിലേക്കു കടന്നു. പുറത്തെക്കു വരുന്നതു കാത്തുകൊണ്ടു മാധവമേനോൻ ഒരു ഭാഗത്തായി നിന്നു. മണി പതിനൊന്നു അടിച്ചു, പന്ത്രണ്ടു അടിച്ചു. മാധവിഅമ്മ പുറത്തു വരുന്നില്ല. മേനോന്റെ ക്ഷമ മുഴുവൻ നശിച്ചു. മേനോൻ ചുമരുചാടി വീട്ടിന്റെ അകത്തെക്കു കടന്നു. അവിടെ ഒരു ചെറിയ മുറിയിൽ കട്ടിലിന്മേൽ ചില വസ്ത്രങ്ങൾ കിടക്കുന്നുണ്ടു്. അതു മാധവിഅമ്മയുടേതാണെന്നൂഹിക്കാം. ഇ

ടനാഴിയിൽ ഒരു കിഴവി കിടന്നുറങ്ങുന്നുമുണ്ട്. മാധവിഅമ്മ ഏതുവഴി പോയി എന്നു യാതൊരു വിവരവും ഇല്ല. ഇന്നും തന്നെ പറഞ്ഞുവല്ലോ എന്നോത്തു് വ്യസനിച്ചുകൊണ്ടു് വീട്ടിൽ വന്നു ചേർന്നു. ഗോപാലമേനോനൊട്ടു അന്നത്തെ വർത്തമാനവും പറഞ്ഞു.

ഗോപാല— "നാളെ ആ വീട്ടിൽനിന്നു ഒരു സ്ത്രീയൊ, ഒരു പുരുഷനൊ, ഒരു കുട്ടിയൊ, ഒരു നായയൊ, ഒരുപൂച്ചയൊ, മറ്റു എതെങ്കിലുംജീവിയൊ, പുറത്തുവന്നാൽ, അതിനെ പിൻതുടരുക. ആ സ്ത്രീ പോകുന്ന പ്രദേശത്തിൽ സഞ്ചരിക്കണം."

മാധവ (ചിരിച്ചുകൊണ്ടു)- "എത്ര സാമർത്ഥ്യമുണ്ടായാലും നായിന്റെയും പൂച്ചയുടേയും മറ്റും രൂപം സ്വീകരിക്കുവാൻ സാധിക്കയില്ല."

പിറ്റെദിവസവും മാധവമേനോൻ മുമ്പത്തെപോലെ പിൻതുടർന്നു. മാധവിഅമ്മ ആ വീട്ടിലെക്കു കടന്നപ്പോൾ, മേനോൻ ആ കടിലിന്റെ താഴ്വാരത്തിൽ കയറി പതുങ്ങിയിരുന്നു. മാധവിഅമ്മ ഒരു കിഴവിയുടെ വേഷത്തിൽ പുറത്തു വന്നു. മാധവമേനോൻ ജാഗ്രതയായി ആ സ്ത്രീയെ പിൻതുടർന്നു. ഇടയ്ക്കിടെ പാടത്തിലും ചാലുകളിലും ഇറങ്ങിയും പതുങ്ങിയും, ഒരു വിധം, മാധവിഅമ്മ പോയവഴിയേ നടന്നു. മാധവിഅമ്മ പലെ വരമ്പുകളിൽകൂടി നടന്നു, കല്ലെക്കളങ്ങളെ പാറയിന്മേൽ കയറി. മേനോനും പിന്നാലെ പോയി. മാധവിഅമ്മ പാറ ഇറങ്ങിപലെ ഇടവഴികളിൽക്കൂടി നടന്നു, ഒരുചെറിയ വീട്ടിലേക്കു കടന്നു. ആ വീട്ടിന്റെ കവച്ചകലെയായി, അവിടവിടെ കറെ വീടുകൾ കാണുന്നുണ്ടു് മാധവിഅമ്മ അകത്തു കടന്നുവാതിൽ അടച്ചപ്പോൾ, മേനോൻ ആ സ്ഥലമെല്ലാം കണ്ണുപായിച്ചു നടന്നു നോക്കി. നാളെ ഇവിടെ വന്നു അന്വേഷിച്ചുകൊള്ളാമെന്നു വിചാരിച്ചു അല്പം സമാധാനത്തോടെ വീട്ടിലെക്കു മടങ്ങി.

പിറ്റെദിവസം രാവിലെ ഒരു ജഗന്നാഥൻ മുണ്ടുപുറകി, ഒരു മുറിക്കുപ്പായവും തോളിൽ ഒരു തോർത്തും ധരിച്ചു്, ഇടതുകൈയിൽ ഒരു കടലാസുകെട്ടും വലതുകൈയിൽ ഒരു കുടയുമായി, ഒരു വക്കീൽഗുമസ്ഥന്റെ ഭാവത്തിൽ, കല്ലെക്കളങ്ങളെക്കു ചെന്നു. കുന്നരണ്ടു വീടുകളിൽ അന്വേഷിച്ചു തലേദിവസം നോക്കിവെച്ചിരുന്ന വീട്ടിൽ എത്തി. മുറത്തുനിന്നു കുന്നു പുച്ചു് ഒച്ചയനക്കി. ആരും പുറത്തേക്കു വന്നില്ല. 'ഇവിടെ ആരുമില്ലെ?' എന്നു വിളിച്ചുചോദിച്ചു. അപ്പോൾ ഒരു നരച്ച കിഴവി പുറത്തേക്കു വന്നു.

കിഴവി— "ആരാ അതു്? എന്താണപ്പാ വേണ്ടതു്?"

മാധവി— "മുത്തശ്ശി, എനിക്കു ഇവടെയെങ്ങാനും താമസിക്കുവാൻഒരു സ്ഥലം കിട്ടുമൊ?"

കിഴവി— "അപ്പന്റെ വീടെവിടെയാണു്?"

മാധവ— "എന്റെ വീടു് കുറപ്പാലത്താണു്. ഞാൻ ഒരു വക്കീൽഗുമസ്ഥനാണു്. ഇതുവരെ കല്പാത്തിയിലായിരുന്നു താമസം. ആ ഗ്രാമത്തിൽ വസൂരിദീനം തുടങ്ങിയിരിക്കുന്നു. അതു പേടിച്ചു് അവിടെനിന്നു താമസം മാറി. കോടതി പൂട്ടാറായി. പൂട്ടുന്നതുവരെയെ വേണ്ടു. വാടക എന്താണെന്നു വെച്ചാൽ അതു മുൻകൂട്ടി തരുവാൻ ഒരുക്കമുണ്ടു്."

കിഴവി— "ഇവിടെ ഒരു മുറിയുണ്ടു്. അതിൽ ഒരു കിഴവൻ താമസിക്കുന്നുണ്ടു്. ഒരു ദീനക്കാരനാണു്. അതിനു ഭജനത്തിനു താമസിക്കയാണത്രെ. കറെ ശല്യം തട്ടാൻപണി അറിയാം. അടുത്തുള്ള വരുടെ പണ്ടങ്ങൾ വല്ലതും കേടുവന്നാൽ നന്നാക്കികൊടുക്കും. ഇയ്യാൾ ചുറുക്കൊടുക്കും. ഇനിക്കു രാമായണൊ, വല്ലതും വായിച്ചുകേൾപ്പിച്ചു തരും. അങ്ങിനെ

യൊക്കെയാണ്. അയാളെ ഇവിടുന്നുപോ
വാൻ പറയുവാൻ പാടുണ്ടൊ? ഇതാ ഇ
വിടെ അടുത്തു കുറെരണ്ടു നല്ല വീടുണ്ട്.
അവിടെ പോയി ചോദിച്ചാൽ പത്തു പ
തിനഞ്ചു ദിവസത്തിനു കുറെ മുറി ഒഴിച്ചുത
രുമല്ലൊ.”

മാധവ— “ഞാൻ അങ്ങനെ ചിന്തിച്ചു.
അവിടെ കുറെരണ്ടു ചെറുപ്പക്കാരി പെണ്ണു
ങ്ങളുണ്ട്. അതുകൊണ്ടു എനിക്കു അവിടെ
യെങ്ങും താമസിക്കുവാൻ തരമില്ല. എ
നിക്കു മുത്തശ്ശിയുടെ വീട്ടിൽ താമസിക്കുവാ
നാണ് ഇഷ്ടം. മുത്തശ്ശി, ഇതു തട്ടിട്ട വീ
ടല്ലെ? ഇതിനെറ മുകളിൽ സ്ഥലമില്ലെ?”

കിഴവി— “മുകളുണ്ട്. കുറെ കോ
ണിയും ഉണ്ട്. പക്ഷെ മുകളിൽ മണ്ണിട്ടി
ട്ടില്ല. നിലം ഒക്കെ പൊളിഞ്ഞ പലകകൾ
ഷണങ്ങളാണ്. അതു അപ്പുവിനു താമ
സിക്കുവാൻ നന്നല്ല. അതു മതിയെങ്കിൽ
താമസിച്ചോളൂ.”

മാധവ— “എനിക്കു തല്ക്കാലം അതു
മതി. അവിടെ അടിച്ചുവാരി നന്നാക്കി
യാൽ പത്തുപതിനഞ്ചു ദിവസം കുറുവി
ധം താമസിക്കാം. അതിനു എന്താ വാ
ടക? മുത്തശ്ശി.”

കിഴവി— “അപ്പു എനെറ മകനെ
പ്പോലെ ഇവിടെ താമസിച്ചോളൂ. വാടക
ഒന്നുംതരണ്ട.”

മാധവ— “നല്ല കാര്യം! മുത്തശ്ശി
യെ വെറുതെ ബുദ്ധിമുട്ടിക്കേ? ഇപ്പൊൾ
താമസിക്കുന്നേ ആയാൾ എന്താ വാടക തരു
ന്നതു?”

കിഴവി— “അയാൾ മാസം കുറെ ഉ
റുപ്പിക തരും.”

മാധവ— “എന്നാൽ ഞാൻ അതു
തരാം.”

എന്നുപറഞ്ഞു മേനോൻ കുറെ ഉറുപ്പി
ക തള്ളയ്ക്കു കൊടുത്തു. കിഴവിക്കു വളരെ
സന്തോഷമായി; കുറെമുമ്പ് വേണ്ടെന്നു
പറഞ്ഞതു മനസ്സോടെ ആയിരുന്നില്ല.

കിഴവി— “അപ്പു മോളിൽ പോയി
നോക്കിക്കൊള്ളൂ. സാമാനം കുറെമില്ലെ?”

മാധവ— “കുറെ പെട്ടിയും കുറെ കോ
ടിയും ഉണ്ട്. അതു വൈകുന്നേരം കൊ
ണ്ടുവരാം.”

എന്നുപറഞ്ഞു മേനോൻ മുകളിലേ
ക്കു പോയി. പോകുമ്പോൾ കിഴവനെറ
മുറിയുടെ വാതിൽ അടച്ചിരിക്കുന്നതു കണ്ടു.
മുകളിൽ ചെന്നു നോക്കിയപ്പോൾ നില
ത്തെ പലകകൾ പൊളിഞ്ഞും ഇളകിയും
ഇരിക്കുന്നതായി കണ്ടു. അതിനെറ താഴെ
യാണല്ലൊ കിഴവനെറ താമസം. മാധ
വമേനോൻ കുറെ പലക അല്പം പൊന്തിച്ചു
നോക്കി. താഴത്തെ മുറിയിലെ സകല വി
വരവും അതിലെ നോക്കിയാൽ അറിയാമെ
ന്നു മനസ്സിലായി. സന്തോഷത്തോടെ പ
ലക മുൻസ്ഥിതിയിൽ തന്നെ വെച്ചു. കോ
ടതിക്കു പോകുന്നുവെന്നും, വൈകുന്നേരം
വരാമെന്നും പറഞ്ഞു തനെറ വാസസ്ഥ
ലത്തേക്കു പോയി. വൈകുന്നേരം മടങ്ങി
വന്നു. രാത്രി ഒമ്പതുമണിയായി. കിടക്ക
വാൻ പോകുന്നുവെന്നു പറഞ്ഞു മുകളിൽ
പോയി. കുറെറത്തെ പലക അല്പം പൊ
ന്തിച്ചു താഴത്തെ കിഴവനെപ്പോലെ മാധ
വിഅമ്മയുടെ വരവിനെ കാത്തുകൊണ്ടിരു
ന്നു.

ഏകദേശം പതിനൊന്നുമണിയായി.
മാധവിഅമ്മ വാതൽ തുറന്നു അകത്തേക്കു
കടന്നു.

മാധവി— “പെട്ടിയുടെ താക്കോൽ
എവിടെ? ഇന്നു എന്തു ജോലി ചെയ്തു?”
(എന്നു കിഴവനോടു ചോദിച്ചു.)

കിഴവൻ മറുവടി ഒന്നും പറയാതെ
താക്കോൽ എടുത്തു പെട്ടി തുറന്നു കുറെ സ
ഞ്ചി എടുത്തു മാധവിഅമ്മയുടെ കൈയ്യി
ൽ കൊടുത്തു. മാധവിഅമ്മ സഞ്ചി അ
ഴിച്ചു ചില ഉറുപ്പികകൾ എടുത്തു.

മാധവി— "ഇന്നലത്തെ ഉറുപ്പിക പോലെ നന്നായില്ല."

കിഴവൻ— "ഇതെല്ലാം ഇന്നലെ ഉണ്ടാക്കിയതു തന്നെ."

മാധവി— "ഇന്നു മുഴുവൻ എന്തു ചെയ്തിരുന്നു?" (എന്നു ആജ്ഞാസ്വരത്തിൽ ചോദിച്ചു)

കിഴവൻ— "ഒന്നും ചെയ്തില്ല."

മാധവി— "ഹത്രത്തോളം ഗർവ്വം ഉണ്ടോ? ഇന്നു അമ്പട്ടനെറ പണിയായിരുന്നുവൊ?"

കിഴവൻ— "വെറുതെ വല്ലതും പറയെണ്ടാ. നിങ്ങൾക്കു വേണ്ടി ഞാൻ എന്തിനാ ഇങ്ങിനെ കഷ്ടപ്പെട്ടന്നതു്? ലാഭമെല്ലാം നിങ്ങൾക്കാണ്. അദ്ധ്വാനം മാത്രം എനിക്ക്. ഇന്നു് എനിക്കു ക്ഷീണം തോന്നുന്നു. നിങ്ങൾക്കു വേണ്ടി ഉറുപ്പിക കൂടി ഉണ്ടാക്കുവാൻ ഇനി എനിക്കു കഴികയില്ല."

മാധവി— "എന്നോടു ഇങ്ങിനെ പറവാൻ ധൈര്യമുണ്ടോ? ഇനി ഒരിക്കൽ ഇങ്ങിനെ പറയാതെ ആക്കിയേക്കാം."

കിഴവൻ— "വേണമെങ്കിൽ അങ്ങിനെ ചെയ്യുക. നിങ്ങൾ ചെയ്ത കൊലപാതകത്തെ ഞാനും വെളിപ്പെടുത്താം. ശങ്കുണ്ണിയെ കഴിച്ചിട്ട സ്ഥലം എല്ലാവരേയും അറിയിക്കാം. മരിക്കയാണെങ്കിൽ രണ്ടാളും കൂടി ഒരുമിച്ചു മരിക്കാം."

മാധവി— "എന്നെ ഭയപ്പെടുത്തുവാൻ നിങ്ങളെക്കൊണ്ടൊന്നും സാധിക്കയില്ല. ഞാൻ ആരാണെന്നു തന്നെ നിശ്ചയമുണ്ടോ? പതിവുപോലെ പ്രവൃത്തി എടുപ്പാൻ മനസ്സുണ്ടൊ, ഇല്ലയൊ?"

കിഴവൻ— "നിങ്ങളുടെ ഊക്ക് ഞാൻ ഇപ്പോൾ തന്നെ തീർത്തുതരാം." (എന്നു പറഞ്ഞു എഴുന്നീറ്റു.)

കിഴവനെറ ഭാവം കണ്ട ഉടനെ മാധവിഅമ്മ ആ മുറിയുടെ മൂലയിൽ ചാരിവെച്ചിരുന്ന ഇരുമ്പുചക്ക എടുത്തു് കിഴവനെറ തലയ്ക്കു രണ്ടടി അടിച്ചു. കിഴവൻ തൽക്ഷണം നിലത്തുവീണു മരിക്കയും ചെയ്തു.

മാധവിഅമ്മ ആ പ്രേതത്തെ വലിച്ചു സമീപത്തുള്ള ഒരു ഇടിഞ്ഞ കിണറ്റിൽ കൊണ്ടുപോയി തള്ളി, തനെറ വീട്ടിലേക്കു മടങ്ങി. മാധവമേനോൻ, ഈ സംഭവങ്ങളെല്ലാം തനെറ കണ്ണുകൊണ്ടു തന്നെ കാണുവാനിടയായതോർത്തു സന്തോഷിച്ചു കിഴവിയോടു യാത്രപറവാൻ പോലുംതാമസിക്കാതെ തനെറ ചാപ്പിടത്തിലേക്കുപോയി. (തുടരും)

തരവത്തു്— ജാനകിഅമ്മ.



ഗ്രന്ഥവിഹാരം

'കനകരത്നം.'

സാഹിത്യകേളീരംഗത്തിലെ വിദ്യുജ്ജിഹ്വപവേഷമാണ്, ഇതാ തിരനീക്കി വന്നിരിക്കുന്ന 'കനകരത്നം'. ചിറികോണിച്ചു വരഞ്ഞതും, മുഖത്തു് മറുവിധത്തിൽ വിസ്രുപത വരുത്തിയും, കാതിൽ തരിവള, കൈയിൽ കാൽച്ചിലമ്പു്, അരയിൽ കണ്ണാടം, കഴുത്തിൽ കുണ്ഡലം ഇത്യാദി അസ്ഥാനങ്ങളിൽ ധരിച്ചും, 'അരങ്ങിളക്കു'വാനായി ചാടിപ്പുറപ്പെട്ടിരിക്കുന്ന ഈ വേഷത്തെ ഒരിക്കൽ കാണുന്നവർ പിന്നെ മറന്നുപോകയില്ല. കുന്താടികളുടെയും നീണ്ട താടികളുടെയും; ചെമന്ന താടികളു

ടെയും വെള്ളത്താടികളുടെയും; കറുകത്തി
യുടെയും, നെടുങ്കത്തിയുടെയും; പച്ചയുടെ
യും കരിയുടെയും; മറവും കൂട്ടത്തിൽ, ഇട
യ്ക്കിടയ്ക്ക് ഇങ്ങിനെ ഒരു കോമാളിവേഷം വ
രുമ്പോഴാണ്, രംഗവാസികളുടെ ശിരസ്സി
ൽ 'തൂക്കം' നീങ്ങി ഉല്ലാസം ഉണ്ടാവുക.
മീനച്ചൽ മാപ്പിളക്കന്നേൽ മത്തായിമാപ്പി
ള അവർകൾ "ഇംഗ്ലീഷ് കഥ അടിസ്ഥാ
നപ്പെടുത്തിയ" ഈ നോവലും ഇങ്ങിനെ
തന്നെയാണ്. എവിടന്നോ, പക്ഷേ,
തിരുവിതാംകൂറിൽ നടപ്പുള്ള 'വെങ്കലഭാ
ഷാ' പാഠപുസ്തകങ്ങളുടെ പരിചയത്തിൽ
നിന്നായിരിക്കാം, ഗ്രഹിച്ചിട്ടുള്ള ചില സം
സ്കൃതവാക്കുകളും വർണ്ണനകളും മറവും അ
സ്ഥാനങ്ങളിൽ പ്രയോഗിച്ചും, കഥാപാ
ത്രങ്ങൾക്ക് അനുരൂപമല്ലാത്ത നടവടിക
ളും ഭാഷകളും വേഷങ്ങളും നൽകിയും, ഒരു
മാതിരി വിദൂഷകപദത്തിൽ നില്ക്കുന്ന ഈ
നോവലിലെകഥയും, സാധാരണകാണാറു
ള്ളവിധത്തിൽ, 'രാഗരോഗപരാധീന'രെ
സംബന്ധിച്ചിട്ടുള്ളതാണ്. 'കനകരത്ന'
ത്തിലെകാർപടപ്പുകളിലൂടെ കാണാവുന്നമൂ
ലകഥയുടെഅവ്യക്തരൂപം വികഷ്കമല്ലെ
ങ്കിലും, മിസ്റ്റർമത്തായി "മലയാളത്തിൽ
പ്പെടുത്ത"പ്പോൾ അതു് ഏറക്കുറെഭദ്രസ്ഥ
മായിത്തീർന്നു. കഥാപാത്രങ്ങൾ ഏതു ജാ
തിക്കാരാണെന്നു്, അവരുടെ നടവടികൾ
കൊണ്ടോ, ഭാഷ മുതലായവ കൊണ്ടോ,
നിശ്ചയിപ്പാൻ പ്രയാസമാണ്. അവർ
ചിലപ്പോൾ സംസ്കൃതപദബഹുലമായ
ഭാഷയിലും; ചിലപ്പോൾ കോട്ടയം, ഏറു
മാനൂർ, മീനച്ചൽ മുതലായ താലൂക്കുകളി
ലെ നസ്രാണിമാപ്പിളമാരുടെ ഭാഷയിലും
സംസാരിക്കുന്നു. "പ്രഥമാവലോകനത്തി
ൽ റോസ്സുപുഷ്പങ്ങളിറുത്തു ഇതിൽ സംഗ്ര
ഹിച്ചിരുന്നതോ എന്നു എന്റെ മുഗ്ദ്ധഹൃദയകമ
ലത്തിൽ തോന്നിപ്പോയി"; "വിശിഷ്യ,
സാമാനങ്ങളുടെ മൂല്യഭാരത്തെ അവൾ നി
സ്സാരപദ്ധതിയിൽ ഗണിക്കുന്നു"; "മക
ളേ, ദയനീയമായ നിന്റെ വാക്കുകൾ എ
ന്റെ മനക്കെരവത്തെ വല്ലാതെ പല വി
കാരങ്ങൾക്കും വ്യസനങ്ങൾക്കും ലാക്കാക്കി
ത്തീർക്കുന്നല്ലൊ"; "ഭവതിയുടെ സൗന്ദര്യാ
തിരേകത്താൽ എന്തു നാടിനെ അലങ്കരിക്കു
ന്നു"— ഇങ്ങിനെയുള്ള ഭാഷ, ഇതിൽ, പു
രുഷന്മാരെക്കാൾ അധികം സ്ത്രീകളാണ്
സംസാരിക്കുന്നതു്. അതേസമയം തന്നെ,
അവരുടെ വാസ്തവം, "പൊന്നരുടത്തു തങ്ക
ച്ചാ, ഈ പാതകിയോടു ക്ഷമിക്കണേ"; "
"ഭവതിയെ കത്തിച്ചുകയല്ലേ നല്ലതു്"; "
"എന്നെ ഉപദ്രവിക്കല്ലെ എന്റെ പൊ
ന്നച്ചാ"; "ഭവാൻ വിട്ടാട്ടെ"; "അല്ല
ച്ചനേ, വീടോ കൂടോ അപ്പനോ അമ്മ
യോ..... വരത്തപ്പെണ്ണിനെ കെട്ടുന്ന
തു..."— എന്നിങ്ങിനെ ഭാഷാദുഷ്ട
കളും നിറഞ്ഞ ചവറുകഴിക്കളുമാണ്.
ഗ്രന്ഥകർത്താവിന്റെ ഭാഷയോടു "പു
വംപോലെ മൃദുലമായ അവളുടെ കരപങ്ക
ജത്തിൽ സൂക്ഷിച്ചു"; "ചതുർവിധപൂച്ചെടി
കളും എന്തു രമണീയങ്ങളും, അകലെയക
ലെയായി ഫലഭരണനമ്രങ്ങളായിരിക്കുന്ന
പൂകകേരപനസാമ്രങ്ങളുടെ ഉല്ലാസനിര
കളും"; "കോമളഗാത്രസമനിതരായി ര
ണ്ടു ശൃംഗാരദേവതകൾ സ്ഥിതിചെയ്യു
ന്നു"; "കനകരത്നത്തിന്റെ ചിത്തരംഗ
ത്തിൽ കളിയാടിയ വ്യസനാധിക്യത്തെ
ൽ"; "മത്തവാരണതുല്യരമാത്ത അവള
ടെ ഗതിയെയും.... ഉറുസൂക്ഷിച്ചുംകൊണ്ടു
നില്ക്കുന്നതിനെ അവളുടെ നയനവ്യാപാ
രങ്ങൾക്കു ലാക്കായി ഭവിച്ചു"; "തങ്കത്തിന്റെ
ഗാത്രാമൃതവും സൗന്ദര്യാതിശയവും"; "അ
നിതരവന്ദനീയനായ പൊന്നു തിരുമേ
നി"; "മാധുര്യങ്ങളും വ്യസനസൂചകങ്ങളു
മായ വചനാമൃതത്തെ"— ഈ വിധത്തി
ലുള്ളഭാഷാരത്നങ്ങളാണ് 'കനകരത്ന'ത്തി
ന്റെ അടിമുതൽ മുടിവരെ അണിഞ്ഞിരി
ക്കുന്നതു്. അകപ്പാടെ നോക്കിയതിൽ, ഇ
തു് തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ
പാഠ്യപുസ്തകങ്ങളായി സ്വീകരിക്കാവുള്ള
'നപുംസകഭാഷാ' ഗ്രന്ഥങ്ങളുടെ കൂട്ടത്തി

ൽ ചേരുവാൻ യോഗ്യതയുള്ളതാകകൊണ്ടു ആ നാട്ടിലെ ഏതെങ്കിലും ഭാഗ്യവിലാസസ്ഥാപനക്കാർ മുഖേന പാരപ്പുസ്സകമ്മിറ്റിയുടെ ദൃഷ്ടിയിൽ പതിപ്പിച്ചാൽ ഗ്രന്ഥകർത്താവിന് കൃതാർത്ഥത ലഭിക്കുന്നതാണെന്ന് ഞങ്ങൾ വിചാരിക്കുന്നു.

യുദ്ധമധ്യേ.

സെപ്പലിൻആകാശക്കപ്പലുകൾ ചില നഗരങ്ങളിലും കെട്ടിടങ്ങളിലും അഗ്ന്യസ്ത്രം (ബോംബ്) എറിഞ്ഞതായി പറഞ്ഞു കേൾക്കുന്നുല്ലൊ. അഗ്ന്യസ്ത്രം എറിയുന്ന സമ്പ്രദായം ഇങ്ങിനെയാണു: ധ്വംസിക്കേണ്ടുന്ന നഗരത്തിന്റെയോകെട്ടിടത്തിന്റെയോ സൈന്യത്തിനേറയോ നേർമകളിലായി, കപ്പൽ ചുറ്റിസ്സഞ്ചരിച്ചു കൊണ്ടിരിക്കും. ആ സമയംതന്നെ, കപ്പലിൽനിന്ന് ഒരു ഉരുക്കുകയർ (വടം) അയച്ചുവിട്ട് ഒരു ഉരുക്കുകൂട് താഴത്തെക്കിറക്കും. ഈ വടത്തിന് രണ്ടുമൂവായിരം അടി നീളം വരും. ഉരുക്കുകൂട്ടിൽ പല അറകളുണ്ട്. കൂട്ടിനുള്ളിൽ ഒരു മനുഷ്യനും ഉണ്ടായിരിക്കും. ഇയാളാണ് അഗ്ന്യസ്ത്രം എറിയുന്നതു്. വെടിച്ചുണ്ടൊന്നും എല്ലാത്തവിധത്തിൽ, കൂട് ബലവത്താകയാലും, വലിയ പീരങ്കികൊണ്ടു കുറിതെറ്റാതെ വെടിവയ്ക്കാൻ, ആകൂട് കുറിക്കു തക്കവണ്ണം സ്ഥിരമായിനില്ക്കാത്തതാകയാലും, കൂട്ടിനു് അപകടം ഉണ്ടാവാറില്ല.

പണ്ടെക്കാലങ്ങളിലെയും, ഇക്കാലങ്ങളിലെയും യുദ്ധങ്ങളിൽ, യോദ്ധാക്കളുടെ ധൈര്യം ഒരേ വിധത്തിലുള്ളതല്ലെന്ന് ഒരു വിചാരം അഭിപ്രായപ്പെടുന്നു. പണ്ടു, കൈയ്യൂക്കും ബുദ്ധിശക്തിയുമായിരുന്നു ധൈര്യത്തിനു ആധാരമായിരുന്നതു്. ഇക്കാലത്തു അങ്ങിനെയല്ല: പോർക്കളത്തിൽവച്ചു് ശത്രുവിനെ തന്റെ കായശക്തി കൊണ്ടു തോല്പിക്കാൻ ഇപ്പൊഴാരും അവകാശമില്ല; ഇരുഭാഗക്കാരും പീരങ്കികൊണ്ടാകുന്ന ധ്വംസനം ചെയ്യുന്നതു്. ഈ വക യുദ്ധയന്ത്രങ്ങളെ എതിർത്തുനില്പാൻ യോദ്ധാവിന്റെ ദേഹാഭ്യാസശക്തികൊണ്ടു പ്രയോജനമില്ല. അവൻ വെടിയുണ്ടകളും തന്റെ മേൽ വർഷിക്കുമ്പോൾ, 'വരുന്നതുവരട്ടെ' എന്ന ഒരു വിചാരംകൊണ്ടു മാത്രമാണു സമാധാനപ്പെടുന്നതു. പൗരുഷശക്തിയുടെ സ്ഥാനത്തിൽ വിധിവിശ്വാസം വന്നു കടിയേറിയിരിക്കുന്നു.

ചരിത്രവിഷയം.

പുരാണകാലത്തിലെ ഹിന്തുക്കളായിരുന്നു, ആഫ്രിക്കയിൽ നീലനദിയുടെ ഉൽഭവസ്ഥാനം ആദ്യമായി കണ്ടറിഞ്ഞവർ, എന്നു വിശ്വസിപ്പാൻ തെളിവുള്ളതായി ഒരു പത്രം പ്രസ്താവിക്കുന്നു. ഹിന്തുക്കളുടെ പുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന കശദ്വീപം ഇപ്പൊഴത്തെ അബിസ്സിനിയാ ആയിരുന്നു എന്നും; ആ കശദ്വീപത്തിലെ കൃഷ്ണാനദിയാണ് ഇപ്പൊഴത്തെ നീലനദിയെന്നും പറഞ്ഞുകാണുന്നു. ആധുനികകാലത്തു് നീലനദിയുടെ ഉൽപത്തിയെ കണ്ടറിഞ്ഞ ക്യാപ്റ്റൻ സ്പീക്ക്, ഇന്ത്യൻപട്ടാളവകുപ്പിൽ ഉദ്യോഗം വഹിച്ചിരുന്നപ്പൊൾ, ഹിന്തുപുരാണങ്ങൾ വായിക്കയും, പിന്നെ കശദ്വീപവർണ്ണനയെ ആധാരമാക്കിനീലനദിയുടെ ഉത്ഭവസ്ഥാനമായഇപ്പൊഴത്തെ വിക്ടോറിയാന്യാൻ സരസ്സ് കണ്ടറികയും ചെയ്തു എന്നു അദ്ദേഹം തന്നെ സമ്മതിച്ചുപറഞ്ഞിരിക്കുന്നു. ഈ സരസ്സിനെയാണ് ഹിന്തുപുരാണകർത്താക്കന്മാർ അമരസരസ്സ് എന്നു വർണ്ണിച്ചിട്ടുള്ളതു്. നൈൽ അല്ലെങ്കിൽ നീൽ എന്ന സംജ്ഞ, കൃഷ്ണവർണ്ണത്തെ സൂചിപ്പിക്കുന്നു. കൃഷ്ണവർണ്ണം ഹേതുവായിട്ട തന്നെയായിരുന്നു പണ്ടുള്ളവർ, നദിക്ക് കൃഷ്ണാ എന്നു പേർ വിളിച്ചതു്. പ്രാചീനകാലങ്ങളിൽ ഇന്ത്യയും ഇജിപ്തുമായി കച്ചവടം സംബന്ധിച്ചും മറ്റും സംസർഗ്ഗമുണ്ടായിരുന്നു എന്നു പ്രസിദ്ധമാകുന്നതാനും,

ആത്മപോഷിണി

പുസ്തകം ൩. | ഫാൽഗുനം | ലക്കം ൫.

* 'ചിത്രയോഗം.'

ഈ കൃതി, ഞങ്ങൾ ആദ്യന്തം വായിച്ചു; ഒരാവൃത്തികൊണ്ടു തൃപ്തിവരായ്കയാൽ, വീണ്ടും വായിച്ചു; വീണ്ടും. വീണ്ടും വായിച്ചു. കവനകലയുടെ അദ്ഭുതപൂർവ്വമായ ഒരു പ്രൗഢിവിശേഷമെന്നേ, ഇതിനെപ്പറ്റി പറവാൻ തോന്നുന്നുള്ളൂ. രചനാവൈജാത്യത്താൽ മാത്രമല്ല, കല്പനാവൈചിത്ര്യത്താലും, ഭാവനാവൈശദ്യത്താലും ഇതു് അപൂർവ്വസുഷമമായ ഒരു കാവ്യം തന്നെന്നു സമ്മതിച്ചേ തീരൂ. ഒർക്കൽ വായിച്ചതുകൊണ്ടു മാത്രം തൃപ്തിപ്പെടുന്ന കൃതികളിലല്ലാ, വീണ്ടും വീണ്ടും വായിച്ചാലും അലംഭാവം തോന്നാതിരിക്കുമാറു് ഹൃദയത്തെ ആകർഷിക്കുന്ന കൃതികളിലാകുന്നു, യഥാർത്ഥ കവിതയെ കാണാവുന്നതെങ്കിൽ, വള്ളത്തോൾനാരായണമേനോൻ അവർകളുടെ ഈ 'ചിത്രയോഗമഹാകാവ്യ'ത്തിന്നു് അങ്ങനെയൊരു പ്രശംസ ലഭിപ്പാൻ ധാരാളം അവകാശമുണ്ടു്.

ഛന്ദസ്സിൽ ശൊല്ലാ മൊഴിയെല്ലാം പദ്യമാം?" — എന്നു്, സൂക്ഷ്മഗ്രാഹിയും, കവിധർമ്മമർമ്മജ്ഞനും, കാവ്യനോട്ടത്തിൽ നിർദ്ദാക്ഷിണ്യനും ആയിരുന്ന ശ്രീമാൻ രാമകവർപ്പു, 'മൻഷി' അവർകൾ, തന്റെ 'ചക്കിചങ്കരം' നാടകത്തിൽ, ഒരു ശാസ്ത്രിമുഖേന, മലയാളകവിതകളെ ആക്ഷേപിച്ചിട്ടു് ഇപ്പോഴേക്കും ഇരുപതുകൊല്ലം കഴിഞ്ഞുപോയി. അദ്ദേഹം അക്കാലത്തെ നാടകകൃതികളെ മുൻനിർത്തിക്കൊണ്ടായിരുന്നു അങ്ങിനെ പറഞ്ഞതെങ്കിലും, മറ്റുള്ള കൃതികളെ സംബന്ധിച്ചും സാമാന്യമായൊരു സിദ്ധാന്തമാകുന്നു താൻ പ്രകാശിപ്പിക്കുന്നതെന്നു വിചാരിക്കാതെയിരുന്നിരിക്കയില്ല. യഥാർത്ഥകവികൾ തങ്ങൾ

---

* 'ചിത്രയോഗം' അഥവാ താരാവലീചന്ദ്രസേനം— മണിപ്രവാളമഹാകാവ്യം— ഗ്രന്ഥകർത്താ വള്ളത്തോൾനാരായണമേനോൻ— പ്രസിദ്ധീകർത്താ, ടി. എം. ആർ. നെടുങ്ങാടി, കോട്ടയ്ക്കൽ— ലക്ഷ്മീസംഖ്യം പ്രെസ്സ്.

ളുടെ ആശയങ്ങളെ 'പുത്തനിൽ ശൊന്നതു'കൊണ്ട്, 'പുത്തനിൽ ശൊല്ലാ'തെല്ലാം കവിതയും, ആ 'ശൊല്ലുന്നവർ' എല്ലാം യഥാർത്ഥകവികളും ആയിത്തീരുമെന്നകരുതി പുറപ്പെട്ടവരുടെ യുക്തിഭ്രമത്തെ മൂണ്ടിക്കാണിപ്പാനായിരിക്കാം; അദ്ദേഹം ശാസ്ത്രിയെക്കൊണ്ട് അങ്ങിനെ പറയിച്ചതു; ഈ തത്ത്വത്തെ ഗ്രഹിക്കാതെ, ഇരുപതു കൊല്ലം കഴിഞ്ഞിട്ടും, ഇന്നും, ചിലർ 'പുത്തനിൽ ശൊല്ലുക' മാത്രം ചെയ്ത് കവികളാവാൻ ശ്രമിക്കുന്നില്ലെന്നില്ല. എന്നാൽ കാലം മാറിപ്പോയിരിക്കുന്നു: 'പുത്തനിൽ ശൊല്ലാതു' മാത്രം കണ്ടാൽ, എന്തോ മാഹാത്മ്യം അതിലുണ്ടെന്നു വിചാരിച്ചിരുന്ന കാലം 'ഇങ്ങിനിവരാതവണ്ണം' കഴിഞ്ഞുപോയി; യഥാർത്ഥകവിത എന്തെന്ന്, മലയാളികൾ അറിഞ്ഞുതുടങ്ങുകയും ചെയ്തു. അതിനാൽ, അങ്ങിനെയിങ്ങിനെ വല്ലതു മെഴുതി കവികളായിക്കളയാം എന്നുള്ള മോഹം ഇപ്പോൾ സഫലമാവാതെയും തീർന്നിരിക്കുന്നു. ഈ അവസരത്തിൽ, ഖണ്ഡകാവ്യം എന്നോ, മഹാകാവ്യം എന്നോ, നാടകമെന്നോ, മറോ പേരുംപറഞ്ഞു, കവിതകളെഴുതുകുടി പുറമേവരാൻ ആരും അല്പം ശങ്കിക്കുന്നു. വന്നാൽ തന്നെയും, തന്റെ കൃതി ലോകോത്തരമെന്നോ അത്തരമെന്നോ വേണ്ടാ, കുറഞ്ഞുകിലും കാവ്യപദാ ഉള്ളതാണെന്നു വിചാരമെങ്കിലുമുണ്ടാക്കുവാൻ, ഏതുകവിക്കും, മനസ്സ് ഏറ്റവുമധികം വ്യാകുലമാവാതെയിരിക്കുന്നതുമല്ല. എന്തെന്നാൽ: കാർലൈൽ സൂചിപ്പിക്കുംപോലെ, കവിയുടെ സത്ത്, അഥവാ സാരം, നവിനത്വമാകുന്നു; നമ്മെ നമ്മുടെ പഴയ ബന്ധനങ്ങളിൽ നിന്നു പിരിച്ചുവിടുവാനാണ് കവി നിയുക്തനായിരിക്കുന്നതു; അങ്ങിനെ ചെയ്താൽ മാത്രമേ, നമ്മളിൽനിന്നു മൂടുപടമഴിച്ചുപ്പെട്ടിരുന്ന ബാഹ്യപ്രകൃതിയുടെയോ, മനുഷ്യഹൃദയത്തിന്റെയോ വല്ല ഭാഗത്തെയും തുറന്നു കാട്ടിത്തരുവാൻ, കവിക്കു സാധ്യമാവൂ. കവിധർമ്മത്തെപ്പറ്റിയ ഈ സിദ്ധാന്തങ്ങൾക്കു പ്രചാരം ഏറുംതോറും, സർവ്വമനീയമായ യഥാർത്ഥകവിതയെഴുതി ഫലിപ്പിപ്പാനുള്ള ശ്രമവും അധികമാവുന്നു എന്നു, കവികൾക്കു ബോധപ്പെടും. "അറിവിന്റെയെല്ലാം ശ്വാസവും സൂക്ഷ്മതരമായ ചൈതന്യവുമാകുന്നു കവിത; അതു വിജ്ഞാനസർവ്വസ്വത്തിന്റെ മുഖത്തുള്ള ചോതോവികാരപ്രകടനമാകുന്നു"— എന്നു വേർഡ്സ്വൊത്തും; "കവിത, നിശ്ചയമായും, എന്തോ ദൈവികമായൊരെണ്ണം ആകുന്നു. അതു, രസമയം തന്നെ, ജ്ഞാനത്തിന്റെ കേന്ദ്രവും പരിധിയും ആയിരിക്കുന്നു; വിജ്ഞാനമെല്ലാം അതിലടങ്ങിയിരിക്കുന്നു; അതിനൊടു യോജിപ്പിക്കേണ്ടതായുമിരിക്കുന്നു"— എന്നു ഷെല്ലിയും കീർത്തിക്കുന്നതായുള്ള ഈ കവിത ആയട്ടെ, എത്രതന്നെ അപരിഷ്കൃതം ആയിരുന്നാലെന്തു, യഥാർത്ഥമായിട്ടുള്ളതെങ്കിൽ, മനുഷ്യജീവിതത്തെ രഞ്ജിപ്പിക്കുന്നതിലേക്കുള്ള ഉദ്യമമാകുന്നു എന്നും; ആകയാൽ, അതിന്റെ ഉല്പത്തി മനുഷ്യന്റെ ഹൃദയസംവേദനങ്ങളും, അഭിപ്രായങ്ങളും, ക്രിയകളും എന്നിവയുകളിൽ നിന്നാകുന്നു എന്നും; അതിന്റെ സ്വഭാവവും ഇവയിൽ നിന്നു സിദ്ധിക്കുന്നതാകുന്നു എന്നും കാർലൈലും സിദ്ധാന്തിക്കുന്നു. ലോകത്തിനു തന്നെ, ലോകത്തെ ഗ്രഹിപ്പാനും, മനുഷ്യന്റെ അകത്തും പുറത്തും കളിയാടുന്ന ദൈവചേഷ്ടി

തങ്ങളെന്തെന്നു മനസ്സിലാക്കുവാനുള്ള ആതിരിവ്വാഞ്ഛയുടെ ബഹിഃപ്രകാശനമായിരിക്കണം കവിത, എന്നുകൂടി, കാർലൈൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാർലൈലിന്റെ ഈ അഭിപ്രായം, ജെർമൻ തത്ത്വജ്ഞാനിയായ ഫിഷ്ടെയുടെ 'ദൈവികാശയ'-സിദ്ധാന്തത്തെ അനുഗമിക്കുന്നുവെന്ന് പ്രസിദ്ധമത്രെ: ഈദൃശ്യപ്രപഞ്ചത്തിലെങ്ങും നിറഞ്ഞുവിളങ്ങുന്നതായ ഒരു ദൈവികചിത്തം ഉള്ളതായിട്ടാണ് ഫിഷ്ടെയുടെ സിദ്ധാന്തം. ആ ദൈവികചിത്തത്തിന്റെ ചിന്തനവും പ്രത്യക്ഷലക്ഷ്യവും ആകുന്നു ഈദൃശ്യപ്രപഞ്ചം എന്നു മാത്രമല്ല; ആ ദൈവികചിത്തത്തിൽ നിന്നു വേറുപെട്ടാൽ, ഈ പ്രപഞ്ചത്തിന് എന്തെങ്കിലും അസ്തിത്വമോ, യഥാർത്ഥമായ സത്തയോടുമോ, ഇല്ലെന്നും ഫിഷ്ടെ പറയുന്നുണ്ട്. ലോകത്തിൽ നിറഞ്ഞുവിളങ്ങുന്ന ഈ ദൈവികാശയം മനുഷ്യരിൽ നിന്നു മാഞ്ഞുപ്പെട്ടിരിക്കുന്നു; അതിനെ ഉദ്ദീപ്പനംചെയ്ത്, ലോകത്തിൽ എല്ലാക്കാലങ്ങളിലും, ആത്മികമായ ഉത്സാഹം നടന്നുകൊണ്ടിരിക്കുന്നു. സാഹിത്യകാരന്മാരാകുന്നു, ഈ ദൈവികാശയത്തിന്റെ വ്യാഖ്യാതാക്കന്മാർ. കാലഭേദം അനുസരിച്ച്, ഈ ദൈവികചിത്തത്തിന്റെ പ്രകടനവും, അവയുടെ വ്യാഖ്യാനത്തിന്റെ സ്വഭാവവും ഭേദപ്പെടുകയും ചെയ്യുന്നു.

ഫിഷ്ടെയുടെ ഈ സിദ്ധാന്തത്തെയാകുന്നു, നാം കാവ്യനിരൂപണത്തിൽ കാമ്പവസ്തുവായിരിക്കുന്നത്. കാവ്യത്തിന്റെ ബാഹ്യരൂപം എന്തു? അതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ള മാനസസംസ്കാരമെന്തു? ഏതു സംഗതികളല്ല, നമ്മുടെ മുഖ്യമായ ശ്രദ്ധയെ ആകർഷിക്കുന്നവ. പിന്നെയോ? ഈ ബാഹ്യരൂപത്തിന്റെ അകത്തടങ്ങിയിരിക്കുന്ന ആശയമെന്തു? കവി, ലോകജീവിതത്തെപ്പറ്റി എങ്ങിനെ നിരൂപിച്ചിരിക്കുന്നു? അയാളുടെ അന്തർദ്ദർശനം എന്തു? അതായിതു്, അയാൾക്ക് ദൈവത്തെയും മനുഷ്യനെയും പ്രകൃതിയെയും കുറിച്ച് നമ്മെ എന്തു പഠിപ്പിക്കുവാൻ കഴിയും? — ഈ ചോദ്യങ്ങളാകുന്നു പ്രധാനം. അതുകയാൽ, കാവ്യത്തിലെ ശയ്യാലക്ഷണങ്ങളോ, ത്രുടകങ്ങളുടെ യോജിതയോ, മനോഭാവങ്ങളുടെ ഔചിത്യമോ, കാവ്യത്തിൽനിന്നു ഗ്രഹിക്കാവുന്നടത്തോളമുള്ള കവിയുടെ മാനസസ്വഭാവവിശേഷമോ അല്ല, നമ്മുടെ ശ്രദ്ധയുടെ മുഖ്യവിഷയം; കവിതയുടെ ജീവനെപ്പറ്റിയാകുന്നു, നാം ആലോചിക്കേണ്ടതു്. ശയ്യാലക്ഷണം കാവ്യത്തിന്റെ വസനത്തെയും; മാനസസ്വഭാവവിശേഷങ്ങളും കാവ്യത്തിന്റെ ശരീരത്തെയും, ഭൗതികസത്തയെയും; ജീവൻ അല്ലെങ്കിൽ സത്തു് എന്നതു് കാവ്യത്തിന്റെ ആത്മാവിനെയും, ആത്മികസത്തയെയും സംബന്ധിക്കുന്നു, എന്നു കാർലൈൽ പറയുന്നു. ഈ മൂന്നാമതു പറഞ്ഞ ആത്മാവിന്റെ സാന്നിദ്ധ്യത്താൽ മാത്രമേ, കാവ്യശരീരത്തിനുള്ളിൽ അർത്ഥവും വിവേകവും സത്രുപിക്കയുള്ളു. പദ്യങ്ങളെ ഏതു കഷ്ടിയിൽ വാർത്തെടുത്തു? ഉപമാദ്യലങ്കാരങ്ങൾ എവിടെനിന്നു ലഭിച്ചു? കാവ്യമാതൃകയെ അനുസരിച്ചുവോ? — ഇത്യാദിയായുള്ള ചോദ്യങ്ങളെക്കാൾ, കവിതന്റെ കഥാപാത്രങ്ങളെ സൃഷ്ടിച്ചതെങ്ങിനെ? ആ കഥാപാത്രങ്ങൾക്ക് ജീവനം വ്യക്തിത്വവും നൽകിയതെങ്ങിനെ? സകലഹൃദയങ്ങളിലും കടന്നുചെല്ലുന്ന ആ ദൈവികപ്രകാശത്തിന്റെ ഉൽപത്തി എ

വിടെ?— എന്നീവിധത്തിലുള്ള ചോദ്യങ്ങളെക്കുറിച്ചാകുന്നു, കാവ്യനിരൂപണത്തിൽ, നാം വിചാരണചെയ്യേണ്ടതു്. അതിനാൽ തന്നെയാകുന്നു, 'വൃത്തത്തിൽ ശൊല്ലുറത്'കൊണ്ടു മാത്രം കവിത ആവില്ലെന്നു സിദ്ധാന്തിക്കുന്നതും. പ്രാസപ്രയോഗമല്ല, കവിതയിൽ അവശ്യമായതെന്ന വാദവും പൊട്ടി നിരൂപണപ്രമാണത്തിന്റെ പ്രാബല്യംനിമിത്തം ഉത്ഭവിച്ചതാകുന്നു. അതിനാൽ തന്നെയാകുന്നു, ശബ്ദഡംബരമോ, ശബ്ദചിത്രങ്ങളോ, അർത്ഥാലങ്കാരങ്ങളോ അല്ല കാവ്യത്തിൽ മുഖ്യമായതെന്നും, കാവ്യജീവൻ രസം ആണെന്നും നിർബന്ധമായി സിദ്ധാന്തിക്കുന്നതും. "കാവ്യം രസാത്മകം വാക്യം", എന്നും;

"മഥിച്ചു നോക്കിടുന്നേരം,
രസാമൃതപരമ്പര,
ഉദിച്ചിടുന്നില്ലെന്നാകിൽ,
കാവ്യമുൽകൃഷ്ടമായ്വരാ."

എന്നും;

"പരന്റെഹൃദയേ തട്ടി-
ശ്ശിരഃകമ്പമനല്പമായ്
ഏകായ്കിൽ കവിതൻ വാക്കും
ധാരയുഷ്ണശരവും വൃഥാ."

എന്നും, പൂർവ്വന്മാർ പ്രസ്താവിച്ചിട്ടുള്ള മതവും, ഈ സിദ്ധാന്തത്തിന്റെ പ്രതിധ്വനിതന്നെയാകുന്നു.

ഞങ്ങൾ ഇതുയും പ്രകൃതാനുപ്രകൃതമായി പറയേണ്ടിവന്നതു്, ഈയിടയിലായി, ചില മലയാളകവികൾ, പൂർവ്വകാലങ്ങളിലെ സംസ്കൃതകവികളുടെ കൃതികളെ മാതൃകയാക്കിപ്പിടിച്ചു് അവയുടെ ബാഹ്യരൂപത്തെ മാത്രം അനുകരിച്ചാൽ കാവ്യങ്ങൾ ഉണ്ടാകുമെന്നു കരുതി പുറപ്പെട്ടിട്ടുള്ളതു കണ്ടിട്ടാകുന്നു. മഥനാദ്ധ്വനിമെഴ്തേണ്ടതിനു്, "നഗരാദ്ധ്വശൈലർത്തു ചന്ദ്രാക്കോദയവർണ്ണനൈ"— ഇത്യാദി പ്രമാണപ്രകാരം കരെ വർണ്ണനകൾ ചെയ്യുന്നതും, ആ വർണ്ണനകൾ 'വൃത്തത്തിൽ ശൊല്ലുക'യും മാത്രം മതിയാവുമെന്നും; കാവ്യം ഏതു ജനസമുദായത്തിനുള്ളിൽനിന്നുണ്ടാവുന്നുവോ, ആ സമുദായത്തിന്റെ അക്കാലത്തെ ആത്മികസ്ഥിതിയെയും മനഃസംസ്കാരത്തെയും സ്പർശിക്കയോ, പ്രതിഫലിപ്പിക്കയോ, പോഷിപ്പിക്കയോ ചെയ്യേണ്ടതിപ്പോലും ഉള്ള വിചാരങ്ങൾ കാലോചിതങ്ങളല്ലെന്നു മൂക്കിക്കാണിപ്പാനും കൂടിയാകുന്നു ഞങ്ങളുടെ ഉദ്ദേശം. കാവ്യത്തിൽ,

"ശ്രീകേറലാസ്യപദമായ്ലവിസഹ്യമാ
ആകേളിപൂണ്ടമലയുണ്ടുയിളങ്ങിടുന്നു; (കം
ഈകേരളാഖ്യവിഷയത്തിനുനേർകിഴക്കായ്
ഊകേറിടുംപ്രകൃതികെട്ടിയകൊട്ടപോലെ"

എന്നിങ്ങനെയുള്ള ദ്വിതീയാക്ഷരപ്രാസപ്രയോഗം വളരെ മുഖ്യമാണെന്നു ചിലർ ഗണിക്കുന്നതോ ഇരിക്കട്ടെ; വൃത്തത്തെ കണ്ടിട്ടു്, ഈതു വ്യാകരണം പോലെയിരിക്കുന്നുവെന്നോ; സത്യം കണ്ടിട്ടു്, അന്നമുള്ളതിനാൽ കളമെയിരിക്കുമോ എന്നോ; അതല്ലെങ്കിൽ, വേദാന്തിയെ കണ്ടിട്ടു്, അയാൾ ബിജഗണിതംപോലെയിരിക്കുന്നുവെന്നോ; മറോ അലങ്കാരം പ്രയോഗിക്കുന്നതു കവിതാവിശേഷം ആണെന്ന വിചാരവും ഇരിക്കട്ടെ; ഇവയും കഴിഞ്ഞു്, ചിലർ ഈയിടയ്ക്കു് പദ്യങ്ങളെഴുതി അവയിൽ ഇന്നയിന്ന അർത്ഥങ്ങളും ധ്വനികളും ഉണ്ടെന്നു തന്നെത്താൻ വ്യാഖ്യാനിക്കേകൂടി തുടങ്ങീട്ടുള്ളതാണു് മലയാളകവി

കൾക്കു ഒരു പുതിയപരിഷ്കാരമായിത്തീർന്നിരിക്കുന്നു. പണ്ടുള്ള കവികൾ അവരുടെ ഉള്ളിൽ ഇളകിയ ഒരു ചൈതന്യത്തിന്റെ അധീനതയിൽ കവിതകൾ എഴുതിവിട്ടു; അവർക്കു സ്വന്തം കൃതികളെ തന്നെത്താൻ വ്യാഖ്യാനിക്കേണം എന്ന ആഗ്രഹം ഉണ്ടായില്ല. കവിഹൃദയത്തെ സഹൃദയന്മാർ അറിഞ്ഞുകൊള്ളുമെന്നും വ്യാഖ്യാനിച്ചുകൊള്ളുമെന്നും; കവിതയിൽ തക്ക വ്യാകരണമീമാംസാലിക്ഷണങ്ങൾ കാണുന്നതുകൊണ്ടു കവിക്ക് ആ വിഷയങ്ങളിൽ അവഗാഹം ഉള്ളതായി വെളിപ്പെടുന്നുണ്ടോ മറ്റോ തന്മൂലം സഹൃദയന്മാരെ ആകർഷിക്കേണ്ടതെന്നും അവർ വിചാരിച്ചിരുന്നിരിക്കും. എന്നാൽ ഇപ്പോഴാകട്ടെ,

"വിളങ്ങുന്നുണ്ടേതേ പൊന്ത
വേലുവിൻ മോന്തയെന്ന പോൽ."

എന്നു് ഒരു പദ്യഖണ്ഡം എഴുതിയാൽ, ഉടൻ അതിന്റെ ചുവട്ടിലായി, "വേലുവിൻമോന്ത എന്നു പറഞ്ഞതെടുത്തു്, വേലു കറുപ്പനാകയാലും ദോഷംകൊണ്ടു വികൃതമായ അവന്റെ മുഖത്തു കറുപ്പു്. ഇരട്ടിക്കുന്നതാകയാലും, മോന്ത വളരെ കറുത്തിരിക്കുന്നു എന്നു വ്യംഗ്യം; അതിനാൽ, മോന്ത— ഒരു ജലപാത്രം— കണ്ഡികാവിശേഷം— കരിപിരണ്ട നിലയിൽ തന്നെ, പക്ഷേ ക്ലാവുപിടിച്ച മാതിരിയിൽ തന്നെ, തേച്ചു മോറാതെ വച്ചിരിക്കുന്നു എന്നു വിവക്ഷ. വിളങ്ങുന്നു എന്ന പദത്തിനു് പ്രകാശിക്കുന്നു എന്നു വാച്യാർത്ഥം ആണെങ്കിലും, ഇവിടെ വിളക്കുമിനുസ്സയാൽ വിപരീതലക്ഷണാർത്ഥം ധരിക്കുക. ഉപമാലങ്കാരം. അലങ്കാരേണാലങ്കാരധ്വനി. ഹാസ്യാ

സം....." എന്നോരോ വ്യാഖ്യാനവും തൽകർത്താവു തന്നെ എഴുതിച്ചേർത്ത ശേഷമേ പ്രസിദ്ധീകരണാർഹമായു എന്ന നിലയിലെത്തിയിരിക്കുന്നു! കവനകലാപരിഷ്കാരം! സംശയമെവിടെ? പ്രപഞ്ചത്തിലെങ്ങും നിറഞ്ഞു വിളങ്ങുന്ന ദൈവികചിത്തത്തെ അറിഞ്ഞു വ്യാഖ്യാനിക്കുകയാണെങ്കിൽ കവികളുടെ ധർമ്മം; ആ കവികളുടെ ഹൃദയത്തെ ഗ്രഹിച്ചു പ്രകാശിപ്പിക്കേണ്ട ആവശ്യം വിശേഷാൽ ഉണ്ടായിട്ടുണ്ടെങ്കിൽ, അതു നിർവഹിക്കേണ്ടതിനായി കാവ്യനോട്ടക്കാരായ വ്യാഖ്യാതാക്കന്മാർ വേറെയുണ്ടു താനും. ഈ നോട്ടക്കാർക്കു സാമാന്യേന കാണ്മാൻ കഴിയാത്തതായ ഗഹനാശയങ്ങൾ തങ്ങളുടെ കൃതികളിൽ ഉണ്ടെന്നു കാണിപ്പാനോ, അഥവാ ഇല്ലാത്തതിനെ ഉള്ളതെന്നു കാണിപ്പാനോ ആയിരിക്കാം, കവികൾതന്നെ തങ്ങളുടെ വ്യാഖ്യാനത്തെ വീണ്ടും വ്യാഖ്യാനിപ്പാൻ തുനിഞ്ഞിരിക്കുന്നതു്. പക്ഷേ, ആ മാതിരി കവികൾ എഴുതുന്ന കവിതകൾ, 'ദൈവികചിത്ത'ത്തിന്റെ വ്യാഖ്യാനം അല്ലാത്തതുകൊണ്ടായിരിക്കണം, അവർതന്നെ വീണ്ടും വ്യാഖ്യാനിക്കേണ്ടിവരുന്നതു്. ഇങ്ങിനെയുള്ള കവികൃതമായ ശ്ലോകവ്യാഖ്യാനമില്ലാതെതന്നെ, സഹൃദയന്മാർക്കു രസാസ്വാദനത്തിനു് വകനൽകുന്ന ഒരു കാവ്യമാകുന്നു 'ചിത്രയോഗം' എന്നതു സ്മരണീയമായ സംഗതിയാകുന്നു. വിശേഷിച്ചും, "അനവധാനന്മാർക്കും" വായിച്ചു രസിപ്പാൻ ഉതകുന്നതിനാൽ, 'ചിത്രയോഗ'ത്തിനു അങ്ങിനെയും ഒരു പ്രത്യേക പ്രശംസയ്ക്കവകാശമുണ്ടു്. ഈ കാവ്യം, ഫിഷ്ടെ സൂചിപ്പിക്കുന്നതായുള്ള കവിധർമ്മപരമകാഷ്ഠയുടെ ഉദാഹരണമാണെന്നു ഞങ്ങൾപറയു

ന്നില്ല; എന്നാൽ, ഫിഷ്ടെ പറയുന്നതൈവികചിത്തത്തിന്റെ വ്യാഖ്യാനം, ഇതിൽ അവിടവിടെ വിളങ്ങുന്നതൈന്നും, ഇതിലെ പലേ ഘട്ടങ്ങളും വായനക്കാരന്നു തന്നത്താൻ മറവിയുണ്ടാക്കി, ഒരല്പനേരമെങ്കിലും അവന്റെ ആത്മാവിനെ ഭൂവാസത്തിൽ നിന്നു വിടുവിച്ച് ഒരു ഉന്നതമായ പാത്തിൽ, പരമാനന്ദപദത്തിൽ, പാരമ്യത്തിൽ ചേർക്കുമെന്നും; ഈ ഒരു ഗുണം ഈയിടെ ഉണ്ടായിട്ടുള്ള മറ്റു മഹാകാവ്യങ്ങളിൽ മിക്കവാറും ലുപ്തമാണെന്നും സമ്മതിക്കാതെ കഴികയില്ല.

(തുടരും)

—കേ. രാമകൃഷ്ണപിള്ള.

---

*വാചാപ്രസംഗം

ഒന്നാമദ്ധ്യായം.

സഭകളിൽ ചെയ്യുന്ന പ്രസംഗങ്ങൾ രണ്ടുവിധത്തിലാണ്: (ക) പ്രബന്ധവായന, (ഖ) വാചാപ്രസംഗം. താൻതന്നെ മുൻകൂട്ടി എഴുതിയതൊ, വെറെ വല്ലവരും എഴുതി ഉണ്ടാക്കിയതൊ ആയ പ്രബന്ധത്തെ സഭയിൽ വായിക്കുകയാകുന്നു, ഒന്നാമത്തേത്. വാചാപ്രസംഗമെന്നത്, ഒരു വിഷയത്തെപ്പറ്റി മുൻകൂട്ടി എഴുതിയുണ്ടാക്കിയ ഒരു പ്രബന്ധം മനപ്പാഠം പഠിച്ചു ഒരു സഭയിൽ ചൊല്ലുകയൊ, വിഷയത്തെപ്പറ്റി മുൻകൂട്ടി നല്ലവണ്ണം ആലോചിച്ചുവെച്ചതിനു ശേഷം, തൽക്കാലം തോന്നുന്ന വാക്യങ്ങളിൽ, സഭയിൽ പറയുകയൊ, വിഷയത്തെപ്പറ്റിയൊ, ഭാഷയെപ്പറ്റിയോ യാതൊന്നും മുൻകൂട്ടി ആലോചിക്കാതെ സഭയിൽ പെട്ടെന്ന് എഴുന്നേറ്റുനിന്ന് സരസപ്രതീവിശ്വാസംപൊലെ പ്രസംഗിക്കുകയോ, ചെയ്യുകയാകുന്നു. ഇതിൽ, ഒടുവിൽപറഞ്ഞ വിധം പ്രസംഗിക്കുവാൻ കഴിവുള്ളവർ ഏറ്റവും ചുരുക്കമാണ്. ആദ്യംപറഞ്ഞതുപൊലെ പ്രസംഗം എഴുതി പഠിക്കയെന്നത്, പ്രസംഗകർത്താക്കന്മാർ ആരംഭദശയിൽ ചെയ്യുന്ന ഒരു സമ്പ്രദായമാണ്. വിഷയത്തെപ്പറ്റി മാത്രം മുൻകൂട്ടി ആലൊചിച്ച്, ഭാഷയെ സംബന്ധിച്ചു തൽക്കാലമുണ്ടാകുന്ന വാണികടാക്ഷത്തെ ആശ്രയിച്ചു ചെയ്യുന്ന പ്രസംഗമാണ്, യഥാർത്ഥത്തിൽ, "വാചാപ്രസംഗ"മെന്നു പറയുന്നത്. അതാണ് മിക്ക വാഗ്മികളും അനുസരിക്കുന്ന സമ്പ്രദായം. വാചാപ്രസംഗക്കാരൻ, തനിക്കു പറവാനുള്ള വിഷയത്തെപ്പറ്റി മുൻകൂട്ടി നല്ലവണ്ണം ആലൊചിച്ച് അതിനെ മനസ്സിൽ ക്രമപ്പെടുത്തിയിരിക്കേണ്ടതു് ആവശ്യമാണെന്നു വിശെഷിച്ചു പറയെണ്ടതില്ല. അങ്ങിനെ ചെയ്യാത്ത ഒരാൾക്കു മഹാജനസമക്ഷം ഒരു പ്രസംഗംചെയ്യുവാനുള്ള ധൈര്യമൊ അവകാശമൊ ഇല്ല. സദസ്യരുടെ ആലോചനയ്ക്കൊ അനുഭവത്തിനൊ അനുകൂലിക്കത്തക്ക സംഗതികൾ പറഞ്ഞു ഫലിപ്പിക്കാൻ ഒരുങ്ങുന്നതുകൂടി, അവർ പറയുന്ന വിഷയത്തെപ്പറ്റി സൂക്ഷ്മമായ അറിവും, അതിനെ വ്യക്തമായും ഭംഗിയായും പറവാനുള്ള വൈഭവവും ഉണ്ടായിരിക്കേണ്ടതാകുന്നു.

---

* ഒരു ഇംഗ്ലീഷുപുസ്തകത്തെ അടിസ്ഥാനമാക്കി എഴുതിയത്. പകർപ്പവകാശമുള്ളത്.

ഫെനിലൺ (Fenelon) എന്ന വിദ്വാൻ പ്രസംഗകന്മാരെ ഇങ്ങിനെ നിർദ്ദേശിച്ചിരിക്കുന്നു:— "നല്ല അറിവും സംസാരിക്കാൻ വൈഭവവും ഉള്ള ആളും, താൻ പ്രസംഗിക്കാൻ പോകുന്ന വിഷയത്തെപ്പറ്റി ഗാഢമായി ആലോചിച്ച വെച്ച ആളും, അതിനെപ്പറ്റിയ സകല സംഗതികളും മനസ്സിൽ ദൃഢമായി ധരിച്ച് ശ്രോതാക്കൾക്ക് എളുപ്പത്തിൽ മനസ്സിലാകത്തക്ക നിലയിൽ അതിന്റെ നാനാഭാഗങ്ങളെയും യുക്തിപൂർവമായി ക്രമപ്പെടുത്തി സംഗ്രഹിച്ചിരിക്കുന്ന ആളും, കേൾക്കുന്നവർക്ക് വിശ്വാസം ജനിക്കത്തക്ക കണക്കുകളും തെളിവുകളും ശേഖരിച്ചുവെച്ചിരിക്കുന്ന ആളും, എന്താണ് പറയേണ്ടതെന്നും അതു് ഏതു സന്ദർഭത്തിലാണ് പറയേണ്ടതെന്നും ശരിയായി ഹൃദയത്തിൽ ഉരുക്കിവെക്കുകയും സംസാരിക്കാൻ എഴുന്നേറ്റതിൽ പിന്നെ അവയെ വെളിപ്പെടുത്തുവാനുള്ള വാക്കുകളൊ വാക്യങ്ങളൊ അല്ലാതെ മറ്റൊന്നും തൽക്കാലം ആവശ്യപ്പെടാതിരിക്കുകയും ചെയ്യുന്ന ആളും, ആരോ, അയാളാണ് വാചാപ്രസംഗം ചെയ്വാൻ യോഗ്യതയുള്ള ആൾ."

വാചാപ്രസംഗം കലാവിദ്യകളിൽ പെട്ടതാണ്. ഈ വിദ്യയിൽ, വിഷയത്തെപ്പറ്റി മുൻകൂട്ടി ആലോചിച്ചും അന്വേഷിച്ചും ഒരുക്കാനുള്ള പാടവത്തെക്കാൾ, അതിനെ വാഗ്രൂപേണ വെളിപ്പെടുത്താനുള്ള സാമർത്ഥ്യമാകുന്നു, അധികം ആവശ്യം. ഒരു വിഷയം നല്ലവണ്ണം പഠിച്ച മനസ്സിലാക്കാൻ സാധിക്കുന്നവർ അനേകർ ഉണ്ടായിരിക്കും. അങ്ങിനെ പഠിച്ച മനസ്സിലാക്കിയതു്, ഒരു സഭയിൽ പ്രസംഗിക്കാൻ, അവക്കെല്ലാവക്കും സാധിച്ചു എന്നു വരുന്നതല്ല. അതുകൊണ്ട് ഒരു പ്രസംഗത്തിൽ, വിഷയസംഗ്രഹത്തെക്കാൾ അധികം ആവശ്യകമായതു് ഭാഷയും; ആലൊചനയെക്കാൾ, അതിന്റെ രീതിയും ആകുന്നു. ഇങ്ങിനെ, ഒരു പ്രസംഗികത്തിനു് വശപ്പെടേണ്ടതു്, മനസ്സിലുള്ള വിചാരത്തെ മറ്റുള്ളവരെ എളുപ്പത്തിൽ ധരിപ്പിക്കാൻ സാധിക്കുന്ന വാക്ചാതുര്യമാണെന്നു സ്പഷ്ടമാണല്ലൊ?

ശ്രുതിപ്പെട്ട വാഗ്മിയായിരുന്ന ബ്രൂഹാംപ്രഭു (Lord Brougham) ഒരിക്കൽ മെക്കൊളി (Macaulay) യുടെ അച്ഛനു് എഴുതിയിരുന്ന ഒരു കത്തിൽ, വാഗ്മിതപരിശീലിക്കേണ്ടതിനു് ചില മാർഗ്ഗങ്ങൾ വിവരിച്ചതിൽ ഇങ്ങിനെ പറയുന്നു:— "കുന്നാത്തെ കുഴി, സുഗമമായി സംസാരിക്കാൻ പരിശീലിക്കുകയാകുന്നു; ഇതു് വല്ല വിധത്തിലും സാധിച്ചെ കഴിയൂ. തടസ്ഥമില്ലാതെയും പ്രയാസപ്പെടാതെയും സംസാരിക്കാൻ കുന്നാത്തു് ശീലിക്കട്ടെ. സംസാരിക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കയും വേണം. ഏതായാലും സംസാരിച്ചു പഠിക്കട്ടെ. അതാണ് അത്യാവശ്യമായ അസ്ഥിഭാരം, അതിന്മേലാണ് ശേഷം ഘടനകളും പണിയെണ്ടതു്. അതു് സാധിക്കാൻ മറ്റുള്ള സകലതും തൽക്കാലം ബലികഴിക്കാം."

വാചാപ്രസംഗത്തിനു പ്രഥമമായും പ്രധാനമായും ആവശ്യമുള്ള വാക്ചാതുര്യം സമ്പാദിക്കാൻ എന്താണ് വെണ്ടതെന്നു നാം ആലൊചിക്കുക.

—മൂക്കൊത്ത് കുമാരൻ.

ശൈശവം.

൧. നാമാത്മജീവദശയെത്തരമൊത്തു ബാല്യ-
കൌമാരയൌവനവയോധികതാവിഭേദാൽ
സാമാന്യമായി വിഭജിപ്പതിലാദ്യതന്നെ
സീമാവിഹീനരമണീയകമായ് തിളപ്പൂ.

൨. ഫാവർണ്യമംഗിലയിൽനിഷ്പടപ്രസന്ന-
ഭാവങ്ങളാൽപ്രകൃതികോമളമായബാല്യം
ഏവംജനത്തെവിഷയപ്രതിബദ്ധമാക്കാൻ
ദൈവംപ്രപഞ്ചകലനാനിരതൻരചിച്ചാൻ.

൩. ആമന്ദിരപ്രസവവേളയിലുള്ളനന്യ-
സാമാന്യമായകടവേദനയുംക്ഷണത്താൽ
ഈമാതൃസംഹതിമറക്കുവതിന്നുഹേതു-
വാമാമനോജ്ഞശിശുലീലയവർണമത്രേ.

൪. തേനായ്പൊരുന്നമുളികൊഞ്ചുലഹേതുഹാസം;
നാനാതരംകളികളെന്നിവയാൽക്കിടാങ്ങൾ
ളനാശയന്നസുഖവുംകുറിനാശയന്ന-
ന്യനാർദ്രഭാവവുമൊരൌഷധമട്ടിലേകും.

൫. ഭംഗംവിനാകളിയിൽവാടിവിയത്പുഷ്പ-
ലംഗത്തിലാപ്പൊടിപുരണ്ടൊരുചൈതൽതന്നെ
മംഗല്യരത്നസദൃശംഹൃദിചേത്തണിഞ്ഞു
തുംഗപ്രഹർഷമെഴുമച്ഛനതിവധന്യൻ.

൬. പൊട്ടിക്കരഞ്ഞുമുടനമ്മയെടുക്കവേകൈ
ക്കൊട്ടിച്ചിരിച്ചുമഥപിച്ചനടന്നുകൊണ്ടും
പാട്ടിൽപലേകളികളാൻശിശുക്കളല്ലോ
വീട്ടിന്നുമംഗളമനോജ്ഞമണിപ്രദീപം.

൭. ആക്കം ഹൃദന്തമറിയാതലിയുംസഭാവ-
മോക്കുമ്പൊഴെപ്പൊഴുമില്ലൊരുശാട്ടമാട്ടം;
മുക്കുന്നേലട്ടൊട്ടയവസ്ഥിതിയിൽകുമാനിന്ന
നോക്കുമ്പൊഴാനാംശിശുതയിൽസുഖമെത്രകാണ്മൂ.

൮. വല്ലാത്തവഞ്ചനകളാലിഹനമ്മളെന്തെ-
ന്നില്ലാത്തദുഃഖവരക്കണയിച്ചിടുമ്പൊൾ,
ഉല്ലാസമോടുമുളിടുന്നിതുദാരസൌഖ്യ-
മെല്ലാക്കുമിശ്ശിശുകലാനിജകേളിഭേദാൽ.

൯. ലീലാസ്മിതത്തിൽമുഴകീട്ടൊഴുകുന്നബാല-
ലാലാജലംമഹിതമാമൃതാണെന്നനം:
ചേലാന്നതേല്ക്കുമളവമ്മകൾദുഃഖമൊന്നു-
മേലാതെമേട്ടിലസുഖാൽമരുവുന്നവല്ലോ.

൧൦. തേനേലുമാറഴകിലസ്സുടവർണ്ണവാക്യം
താനേപൊഴിപ്പൊരുശിശുക്കളുറക്കമായാൽ,
ആനേരമക്ഷമതയാന്നിട; മതുമേലീ-
ഞാനേതടീയപരിലാളനയോലനത്രേ.

—കുറിപ്പുറത്തു കിട്ടുണ്ണിനായർ.

---

* സ്നേഹലത.

നായന്മാരുടെ സമുദായാചാരങ്ങളെയും മതാനുഷ്ഠാനങ്ങളെയും സംബന്ധിക്കുന്നതും, അശാന്ത്യമായ ഒരു വാദപ്രതിവാദക്ഷോഭത്തെ ജനിപ്പിക്കാവുന്നതും ആയുള്ള ഒരു പുതിയ കഥയാണ് കെ. കണ്ണൻമേനോൻ അവർകൾ ബി. എ., എൽ. റ്റി. യുടെ 'സ്നേഹലത'. പാഠശാലാസങ്കടത്താൽ ആത്മഹത്യചെയ്ത ബെങ്കാളിബാലികയുടെ ചരിതമാണ്, സ്നേഹലത എന്നപേർ കേൾക്കുമ്പോൾ അല്പം തോന്നാൻ സംഗതിയുള്ളതെങ്കിലും, ഈ പുതിയ കഥയ്ക്കു ആ സംഭവവുമായി യാതൊരു സംബന്ധവുമില്ല. കഥയുടെ സാരം ഇങ്ങിനെയാകുന്നു:— തലശ്ശേരിയിൽ തിരുവങ്ങാട്ട് ഒരു ബാലികാപാഠശാലയിൽ പഠിച്ചുകൊണ്ടിരിക്കുന്ന സ്നേഹലത എന്നപേരായ ഒരു നായർബാലിക, എടക്കാട്ടുള്ള തന്റെ തറവാട്ടിലെ കാരണവർ നിമിത്തം ഉണ്ടായ സങ്കടങ്ങൾ സഹിക്കാൻ കഴിയാഞ്ഞു്, മേല്പടി പാഠശാലാധ്യക്ഷയുടെ ശിപാർശ അനുസരിച്ചു്, തിരുവനന്തപുരംനഗരത്തിൽ മുല്ലശ്ശേരി ഭവനത്തിൽ ഗോവിന്ദപ്പിള്ള എന്ന നായകന്റെ അപേക്ഷയെ കൈക്കൊണ്ടു് ആ വീട്ടിലെ ആനന്ദവല്ലി എന്നപേരായ ഒരു ചെറിയ കുട്ടിയുടെ 'ഗവർണ്ണസ്'(അധിഭർത്തി) ആയി പോകുന്നു. ഗോവിന്ദപ്പിള്ള വിവാഹം കഴിച്ചിട്ടില്ലാത്തവനും; ആനന്ദവല്ലി അയാളുടെ മരിച്ചുപോയ ജ്യേഷ്ഠന്റെ പുത്രിയും ആണ്. പിള്ള സാധാരണയായി ദേശസഞ്ചാരത്തിലിരിക്കുന്നവനാണെങ്കിലും, സ്നേഹലത ആ വീട്ടിൽ ചെന്നതിന്റെ ശേഷം, അയാൾ സഞ്ചാരത്തിനായി പോവാതെ അവിടെത്തന്നെ പാർത്തു. കുറെകഴിഞ്ഞു് ആനന്ദവല്ലി മരിച്ചു. ആ സംഭവത്താൽ സ്നേഹലത അവിടം വിട്ടുവാൻ ഉറച്ചു എന്നാലും;

---

* 'സ്നേഹലത'— ഗ്രന്ഥകർത്താ, കെ. കണ്ണൻമേനോൻ, ബി. എ., എൽ. റ്റി.,— പ്രകാശകൻ, മന്നത്തു പത്മനാഭപിള്ള. (ചങ്ങനാശേരി)— വില ക.ര-ണ— ഡെമി വ-ൽ ന്ന൦+VII ഭാഗങ്ങൾ.

പിള്ളയ്ക്കും അവൾക്കും തമ്മിൽ അനുരാഗം ഉണ്ടെന്ന വസ്തുത അവർ പരസ്പരം അറിയിക്കുകയും, അവരുടെ വിവാഹം 'നായർസമുദായ'ത്തിന്റെ ആഭിമുഖ്യത്തിൽ, മേല്പടി സമുദായത്തിന്റെ മന്ദിരത്തിൽവച്ച്, ഒരു പരിഷ്കൃതസമ്പ്രദായത്തിൽ നടത്തുവാൻ ഒരുങ്ങുകയും ചെയ്തു. എന്നാൽ, വിവാഹസമയത്താകട്ടെ, ഗോവിന്ദപ്പിള്ളയുടെ വിരോധിയായ ഒരു ഉദ്യോഗസ്ഥന്റെ ദുഷ്പ്രേരണയാൽ, സ്നേഹലതയുടെ കാരണവർ മലബാറിൽനിന്ന് അവിടെ ചെന്ന് മജിസ്ട്രേറ്റിന്റെയും പൊലീസിന്റെയും സഹായത്തോടുകൂടി, വിവാഹത്തെ തടയുന്നു. സ്നേഹലത അതേദിവസം രാത്രി തന്നെ ഒളിച്ചു ചാടിപ്പോവുന്നു; അവൾ വേഷം മാറി അങ്ങുമിങ്ങും യാചകവൃത്തിയിൽ നടന്ന് ഒടുവിൽ അലഞ്ഞുഴഞ്ഞ് ഒരു ചെറിയ കുടുംബത്തിന്റെ കാരുണ്യത്താൽ മൃത്യുവക്ത്രത്തിൽ നിന്നു രക്ഷപ്പെട്ട് അവിടെ പാർക്കുന്നു. അതിനിടയിൽ, അവളെപ്പറ്റി ഖിന്നനായി, ഗോവിന്ദപ്പിള്ളയും നാടുവിട്ടു പോവുന്നു; അയാളും ബെങ്കാളിൽവച്ചു ചില ആപത്തുകളിൽപെട്ട് രക്ഷപ്പെടുന്നു. ഒടുവിൽ നായികാനായകന്മാർ മുല്ലശ്ശേരിയിൽത്തന്നെ വന്നു തമ്മിൽച്ചേരുകയും, അവരുടെ മേലുണ്ടായിരുന്ന ആപവാദങ്ങളെല്ലാം നിങ്ങി അവർ ദമ്പതികളാവുകയും ചെയ്യുന്നു.

ഇപ്രകാരമാകുന്നു കഥ. ഇതിൽ ആ സംഗതങ്ങളായ സംഭവങ്ങളെ ഘടിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല, മനുഷ്യജീവിതത്തിന്റെ സമഗ്രവിഷമദശാപരിണതികളെ സൂക്ഷ്മദർശനം ചെയ്തു വെളിപ്പെടുത്തുന്ന പലേ സംഗതികളും വർണ്ണിച്ചിട്ടുണ്ടെന്നുകൂടി പറകവേണ്ടിയിരിക്കുന്നു. എന്നാലും, കഥ നായർസമുദായത്തിന്റെ വാസ്തവച്ഛായയല്ല. വാസ്തവികമായും സാങ്കല്പികമായും, രണ്ടുവിധം സംഗതികളെ ആശ്രയിച്ചുകാരന്മാർ പ്രതിപാദിക്കാറുള്ളതിൽ 'സ്നേഹലത' ആദ്യപ്രധാനമായ സാങ്കല്പികകഥയാകുന്നു. കഥ ഇപ്പോഴത്തെ തിരുവനന്തപുരം നായർസമുദായത്തിൽ നടക്കുന്നതായിട്ടാകുന്നു എഴുതിയിരിക്കുന്നത്; ഇപ്പോൾ ജീവിച്ചിരിക്കുന്ന ചിലരുടെ നാമങ്ങളും ചരിതങ്ങളുംകൂടി, ഒരു കൂട്ടികുറെത്തിരസ്കരണികൊണ്ടെങ്കിലും മറയ്ക്കാതെതന്നെ ഇതിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇങ്ങിനെയാണെങ്കിലും, ഇപ്പോൾ നായന്മാരുടെയിടയിലെന്നല്ല, നാട്ടിൽകൂടിയും, നടപ്പില്ലാത്തവയായ ചില ആചാരങ്ങളും സ്ഥാപനങ്ങളും ഇവയുടെ മധ്യേ ചേർത്തു കാണുന്നുമുണ്ട്. തലശ്ശേരിയിലെ ബാലികാപാഠശാലയും അതിനൊട്ടൊട്ട വിദ്യാർത്ഥിനീമന്ദിരവും ആ മന്ദിരത്തിലെ ദൈവപ്രാർത്ഥനകളും സങ്കല്പസ്വപ്നങ്ങളാണ്; ആ പാഠശാലയിൽ വായിക്കുന്ന വിദ്യാർത്ഥിനികളിലൊരുവൾ, പാശ്ചാത്യരുടെ സമ്പ്രദായമനുസരിച്ച്, അകലേ തിരുവനന്തപുരത്തുള്ള അവിവാഹിതനായ ഒരു നായർപ്രമാണിയുടെ വീട്ടിൽ, ഒരു മുത്തശ്ശിയും ഒരു ചെറിയ കുട്ടിയും അയാളും മാത്രമായുള്ള ഒരു കുടുംബത്തിൽ, 'ഗവർണ്ണസ്സ്' എന്ന പണി സ്വീകരിച്ച്, സജ്ജനങ്ങളുടെ അറിവോ സമ്മതമോ കൂടാതെ സ്വേച്ഛാനുരോധം പോവുക എന്നതും വാസ്തവികം അല്ല; കേവലം ഭാവനാസ്വപ്നം ആകുന്നു. അങ്ങിനെ ചെന്നു പണി നടത്തുന്നവൾ ഒടുവിൽ ആ വീട്ടിന്റെ നായികയായിത്തീരുവാൻ തക്കവിധത്തിൽ പെരുമാറുന്നതും ഇപ്പോൾ നടപ്പുള്ളതല്ല. ആ നായികാനാ

യകന്മാർ തമ്മിലുള്ള വിവാഹം, നായികയുടെ സ്വജനങ്ങളെക്കൂടാതെയും, സ്വഭവനത്തിൽ വച്ചല്ലാതെയും, നായർസമാജമന്ദിരമെന്ന ഒരു പുതിയ സ്ഥാപനത്തിൽ വച്ച്, ഇതരസമ്പ്രദായങ്ങളെ അനുകരിച്ച്, വേദോച്ചാരണസഹിതം പുരോഹിതന്റെ പ്രസംഗത്തോടുകൂടി നടത്തുന്നതും മനോധർമ്മസ്വീകൃതമാണ്. ഇങ്ങിനെ ഇനിയും ചില സംഗതികൾ സങ്കല്പമാത്രമായിട്ടുണ്ട്.

ആകപ്പാടെ നോക്കിയാൽ, ഈ ഗ്രന്ഥം, കണ്ണൻമേനോനവർകളുടെ സ്വപ്നത്തിൽ സന്തുഷ്ടികരമായി കൈക്കൊണ്ടിരിക്കുന്ന ചില മാതൃകകളെ തുറന്നുകാണിക്കുന്നതായ ഒരു കവാടമാണെന്നു ഗണിക്കുന്നത് അയുക്തമായിരിക്കയില്ല. എന്നാൽ, ഈ മാതൃകകൾ അല്ലെങ്കിൽ ആദർശങ്ങൾ, നായർസമുദായത്തിൽ ഇക്കാലത്തു് സംഭവിക്കുമോ എന്നാകുന്നു ഒരു പ്രശ്നമുള്ളതു്. ഇക്കാലത്തെന്നു വേണ്ടാ, അടുത്തകാലത്തെങ്കാനും സംഭാവ്യമാണോ, എന്ന ചോദ്യത്തിനുള്ള ഉത്തരം, മേല്പടി മാതൃകകൾ സ്വീകാര്യങ്ങളോ എന്ന ചോദ്യത്തെ ആശ്രയിക്കുന്നു. സ്വീകാര്യതയുണ്ടെങ്കിൽ, മാതൃകകളുടെ ഗുണദോഷങ്ങളെ അവലംബിക്കുന്നു. ഒരു ബാലികാപാഠശാലയോടുചേർന്ന വിദ്യാർത്ഥിനീമന്ദിരത്തിൽത്തന്നെ പാർത്തു് വിദ്യാഭ്യാസകാലം നയിക്കുന്നതും, അവിടെ വേദാന്തതത്ത്വങ്ങളടങ്ങിയ പ്രാർത്ഥനകൾ നടത്തുന്നതും ദോഷകാരണമാണെന്നു് ആരും ശഠിക്കയില്ല. എന്നാൽ, പാശ്ചാത്യരുടെ പക്കൽനിന്നു് ഇങ്ങിനെയൊരു മാതൃകയെ സ്വീകരിച്ചുതാടുകൂടി, ആ മാതൃകയെ അധിഷ്ഠാനമാക്കിക്കൊണ്ടു്, അവരുടെയിടയിലുള്ള മറ്റു ചില നടവടികളെയും മാതൃകയായി പകർത്തിരിക്കുന്നതിലാണു് ശങ്കസ്ഥലകാശം. അങ്ങിനെ വിദ്യാഭ്യാസം ചെയ്യുന്ന ബാലികകൾക്കു്, സമുദായാചാരങ്ങളിൽ നായന്മാരുമായി എത്രയോ ഭിന്നനിലയിലിരിക്കുന്ന പാശ്ചാത്യരുടെ ഉച്ഛൃംഖലജീവിതത്തിൽ ഒരു ഭാഗമായ ഗവർണ്ണെസ്പണിയേപ്പാടം, ആ പണിയിലിരുന്നിട്ടുണ്ടാവുന്ന പ്രേമചലച്ചിത്തയുടെ പരിണാമമായ വിവാഹബന്ധവും നിർദ്ദോഷനടവടികളായി സമ്മതിക്കുവാൻ നമ്മാ ഞെരുങ്ങണം. എന്തെന്നാൽ: പരിശുദ്ധമായ ദമ്പതീപദത്തിലെത്തുവാൻ, ആത്മീയചിന്താലോപത്താലും സ്വാർത്ഥൈകപരമായ ധനമത്തതയാലും വിശേഷിക്കപ്പെട്ടിരിക്കുന്ന പാശ്ചാത്യസമുദായത്തിന്നിടയിൽ നിന്നു് ഗവർണ്ണെസ്സിപ്പാടു കൊണ്ടുവരുമ്പോൾ, അതുവഴിയായി ആ സമുദായത്തിലുണ്ടാകാവുള്ള മാതിരി സന്മാർഗ്ഗഭ്രഷ്ടണങ്ങളെയും എതിരേല്പാൻ നായർസമുദായം കരുങ്ങിയിരിക്കേണ്ടിവരും. നായന്മാരുടെ വിവാഹം, മുമ്പു സൂചിപ്പിച്ച മാതിരിയിൽ, നായർസമാജമന്ദിരത്തിൽ വച്ചു നിർവ്വഹിക്കുന്നതുകൊണ്ടു വിശേഷപ്രയോജനമോ വിശേഷമഹത്ത്വമോ ഉണ്ടാവുമെങ്കിൽ, ആ 'പരിഷ്കാര'ത്തെപ്പറ്റി ദോഷശങ്ക വേണ്ടെന്നു വയ്ക്കാം. എന്നാൽ, എന്തുകൊണ്ടാകുന്നു ഇപ്പോൾ നടപ്പുള്ള വിവാഹചടങ്ങുകൾ മതിയാവുന്നില്ലെന്നു തോന്നുന്നതു്? ഈ 'പരിഷ്കാരം', നായന്മാരുടെയിടയിൽ സ്ഥാപിക്കുന്ന ഗവർണ്ണെസ്പണിയേപ്പാടിപോലെയും മറ്റു സച്ഛന്ദവിഹാരങ്ങളുടെയും അവശ്യം ഭാവിയായ ഫലമായിത്തീരേണ്ടതാകയാലും, അത്തരം ജീവിതവൃത്തിക്കു് ഇപ്പോൾ നടപ്പുള്ള വിവാഹസമ്പ്രദായം പറ്റുന്നതല്ലായ്കയാലും

ആയിരിക്കുമോ? വിവാഹം വധൂവരന്മാരുടെ അന്യോന്യാനുരാഗത്തെ ആസ്പദമാക്കിവേണം നടത്തുവാൻ എന്നത്, ആ കർത്തവ്യത്തിന്റെ ചടങ്ങുകളിൽ ഉൾപ്പെട്ട കാര്യമല്ല. ആ അന്യോന്യാനുരാഗം, സ്ത്രീജനങ്ങൾ, മാതാപിതാക്കന്മാരുടെയോ മറ്റു രക്ഷാധികാരികളുടെയോ അധികാരത്തിൽനിന്നു വിട്ടുപോയശേഷമേ ഉണ്ടാവൂ എന്നും നിയമമില്ല. ഇപ്പോഴത്തെ വിവാഹസമ്പ്രദായം അന്യോന്യാനുരാഗത്തെ തടയുന്നതാണെങ്കിൽ സമാജമന്ദിരത്തിൽ വച്ചുള്ള പരിഷ്കൃതവിവാഹസമ്പ്രദായം അന്യോന്യാനുരാഗത്തിന്റെ ഉല്പത്തിക്കും അഭിവൃദ്ധിക്കും സൗകര്യം നൽകുമെന്നും, പരമപുരുഷാർത്ഥസാധകമാവുമെന്നും തീച്ചപറവാൻ അവകാശമില്ലെന്നുകൂടി പറയാതെ കഴികയില്ല. എത്രയോ അകലെനിന്നു വന്നിട്ടുള്ള ഒരു ബാലികയുടെ സ്വഭാവജനങ്ങൾ അറിയാതെയും അവളുടെ സാഹ്യമില്ലാതെയും, ബാലികയുടെ മനസ്സു മാത്രം പ്രമാണമാക്കിയും വിവാഹം നടത്താമെന്ന ഒരു നടവടി നല്ലതെന്ന് ഇപ്പോഴത്തെ നായർസമാജക്കാർ സമ്മതിക്കുമായിരിക്കാം; അതിൽ അവർക്കെന്താണു നഷ്ടം വരുവാനുള്ളത്? എന്നാൽ അതു സമുദായസംവിധാനത്തെ പ്രബലപ്പെടുത്തുന്നതിനു പകരം ദുർബലപ്പെടുത്തുവാനാണ് അധികം സംഗതിയുള്ളതെന്നു ഞങ്ങൾ ശങ്കിക്കുന്നു. ഏകൈകതത്വപ്രമാണത്തിന്മേൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഇത്തരം പരിഷ്കൃതവിവാഹങ്ങളുടെ സാമാന്യമായ ഫലമെന്തെന്നുള്ളതിന് പാശ്ചാത്യദേശങ്ങളിലെ ജനസമുദായസ്ഥിതി തന്നെ തെളിവാകുന്നുവല്ലൊ. കഥയിലെ വിവാഹമുടക്കം, മറ്റൊരു സംഭാവ്യമായ ഫലമാകുന്നു. "സമുദായപരിഷ്കാരം എന്നത്, ഇന്നലെ പെയ്ത മഴയ്ക്ക് ഇന്നു മുളയ്ക്കുന്ന തകര അല്ല; അതു സമുദായത്തിനുള്ളിൽ നിന്നുണ്ടാവേണ്ടതും, അങ്ങിനെ ഉണ്ടാവാൻ, സമുദായമെന്ന സമഷ്ടിയുടെ മനസ്സ് വളരെക്കാലം ആ പരിഷ്കാരാവശ്യകതയുടെ ബോധത്താൽ തന്നെത്താൻ ഇളകേണ്ടതും ആകുന്നു." സമുദായത്തിനുള്ളിൽ അവിടെയവിടെയായി മിന്നിത്തുടങ്ങുന്ന പരിഷ്കാരബുദ്ധിയെ കണ്ടിട്ട് അതിനെ പോഷിപ്പിക്കുവാനായി ഉത്സാഹിക്കുമ്പോൾ മാത്രമേ, നായർസമാജംകൊണ്ടാവട്ടേ, മറ്റെന്തുകൊണ്ടാവട്ടെ, സമുദായപരിഷ്കാരത്തിനായുള്ള മാർഗ്ഗം സുഗമമായിത്തീരൂ; പരിഷ്കാരവും സിദ്ധമാവൂ. അങ്ങനെയല്ലാതെ,

"ചൂട്ടെരിച്ചങ്ങു സമീപത്തു കാട്ടിയാൽ,
ചൂടറിഞ്ഞിടുമോ സാഗരവാരിയിമ്മട്ട്?"

നായർസമുദായത്തിൽ ഇപ്പോഴത്തെ നിലനോക്കിയാൽ, കണ്ണൻമേനോനവർകൾനിർദ്ദേശിക്കുന്ന മാതൃകകളിൽ നിർദ്ദോഷമായവകൂടിയും നടപ്പിൽവരുത്തുവാൻ എത്രയോ ഏറെക്കാലം കഴിയേണ്ടിയിരിക്കുന്നു; ശങ്കനീയങ്ങളായ മറ്റു മാതൃകകൾ, നായന്മാർ പ്രത്യേകമൊരു സമുദായമായി നിലനില്ക്കുന്ന കാലത്തു നടപ്പിൽവരുമെന്നു പറവാനുള്ള പ്രവാചകത്വം ഞങ്ങൾക്കില്ല. വരേണ്ടതല്ലെന്നു പറവാനുള്ള വിവേചകത്വത്തെ ഞങ്ങൾ വെടിയുന്നുമില്ല.

ഇതിലെ കഥാപാത്രങ്ങളെപ്പറ്റി സവിസ്തരമായ ഗുണദോഷനിരൂപണത്തിനു ഞങ്ങൾ ഒരുങ്ങുന്നില്ല. എന്നാലും, നായികയും ഗ്രന്ഥനാമത്തിന് ആധാരഭൂതയുമായ സ്നേഹലത, അനുകരണീയ

ങ്ങളായ പല സ്വഭാവഗുണങ്ങളുമുള്ളവളാണെന്നു പുറത്തെ തീർത്തു. അവളുടെ നാമധേയം തന്നെ അവളുടെ സ്വഭാവവിശേഷത്തെ ദ്യോതിപ്പിക്കുന്നു. ദ്വേഷംകൊണ്ടല്ല ദ്വേഷത്തെ ജയിക്കേണ്ടതു്; പ്രേമംകൊണ്ടത്രെ, എന്ന ബുദ്ധവചനം അവളുടെ ജീവിതപ്രമാണമായിരിക്കുന്നു. അവളെ ഇഷ്ടന്മാരായ കേശവൻതമ്പിയും വേലുവും ഉപദ്രവിക്കുമ്പോഴും, അങ്ങട്ടു ദ്വേഷിക്കേണ്ടതിനുള്ള സൗകര്യവും അവകാശവും ഉണ്ടായിരുന്നിട്ടും കൂടി, അവൾ ക്ഷമിച്ചു സ്നേഹഭാവനയെ വർദ്ധിക്കുന്നുള്ളു. ഇങ്ങിനെയൊക്കെയാണെന്നാലും, അവൾ സേച്ഛയെ മാത്രം ആധാരമാക്കി, ഒരു ബാലപരിചാരിക എന്ന പണിക്കായി ചാടിപ്പോയതും, ആ നിലയിൽ ഇരുന്നുകൊണ്ടു തന്റെ യജമാനനെ കാണിച്ചതും, ഒടുവിൽ സജ്ജനങ്ങളെ അറിയിക്കാടിപ്പെയ്യാതെ അയാളെ ഭർത്താവായി സ്വീകരിച്ചതും ആക്ഷേപരഹിതമായ സംഗതികളല്ല. സ്ത്രീപുരുഷന്മാർക്കു സച്ഛന്ദമായ അന്യോന്യാനുരാഗം ഉണ്ടാവരുതെന്നോ, അങ്ങിനെ അനുരാഗബദ്ധരായവർ തമ്മിൽ മേളനീചം പ്രാപിക്കരുതെന്നോ അല്ല, ഞങ്ങൾ പറയുന്നതു്. ആ അനുരാഗവും സ്വാച്ഛന്ദ്യപ്രകടനവും സമുദായത്തിനു ചേർച്ചയായ വഴികളിൽ ആയിരിക്കേണമെന്നേ പറയുന്നുള്ളു. സ്നേഹലതയുടെ ഈവക പ്രവൃത്തികൾ ഏകൈകതാപ്രമാണാധിഷ്ഠിതമായ പാശ്ചാത്യസമുദായത്തിൽ ശോഭിക്കുമെങ്കിലും, ഏകയോഗകുടുംബജീവിതത്തെ പ്രമാണമാക്കിയിരിക്കുന്ന നായന്മാരുടെയിടയിൽ സാത്മീകരിപ്പാൻ സമുദായശാസ്ത്രം അനുവദിക്കയില്ല. നായികയുടെ പേരും നായന്മാരുടെയിടയിൽ ശോഭിക്കയില്ലെന്നതു്, ഈ കഥയിലെ പാത്രങ്ങളുടെയെല്ലാം പേരുകൾ നിരത്തിവച്ചുനോക്കിയാൽ സ്പഷ്ടമാവും. നായകൻ 'പുരുഷോത്തമ'നെന്നോ 'ധീരോദാത്തനെ'ന്നോ മറ്റോ പേരോടുകൂടിയവനല്ല; ഒരു സാധാരണ ഗോവിന്ദപ്പിള്ള തന്നെ. അയാൾ പുരുഷത്തികവുള്ളവനും സദാചാരനിഷ്ഠനും ആണു്; എന്നല്ല, ദുരാചാരദ്വേഷികൂടെ ആകുന്നു. സ്നേഹലതയുടെ ചാരിത്രഭംഗത്തിന് 'കൊപ്പംകെട്ടി കോപ്പംകൂട്ടി' കൊണ്ടിരുന്ന കേശവൻതമ്പി എന്ന സർക്കാരുദ്യോഗസ്ഥനെ, അയാൾ ഒരു രാത്രിയിൽ 'കുതിരക്കുഞ്ചി'കൊണ്ടു പ്രഹരിച്ചു് നല്ല പാഠം പഠിപ്പിച്ചതായി കവി വർണ്ണിച്ചിട്ടുള്ളതു്, നായകന്റെ സ്വഭാവത്തിനു യോജിക്കുന്നുണ്ടെങ്കിലും, അതു തിരുവനന്തപുരത്തുവച്ചായിരുന്നു — ഇക്കാലത്തായിരുന്നു — നടന്നതെന്നു കാര്യം അസംഭാവ്യമായിത്തോന്നുന്നു. കേശവൻതമ്പി ആ സംസ്ഥാനത്തിലെ ചില ദുർവൃത്തന്മാരായ ഉദ്യോഗസ്ഥന്മാരുടെ അംശഭൂതനായിരുന്നാലും, അയാളെ പ്രഹരിച്ച ധർമ്മബോധം ഉണ്ടാക്കാൻതക്ക ധീരത തിരുവിതാംകൂറിൽനിന്നു മരഞ്ഞിട്ടു പണ്ടുമുപ്പതുകൊല്ലം കഴിഞ്ഞുപോയല്ലൊ. കാമസചിവത്വംകൊണ്ടു പ്രബലനായിത്തീർന്നിരിക്കുന്ന ഒരുവന്റെ സ്വയംവികീതദാസന്മാരായി ജീവിതംനയിക്കുന്ന ഒരു കൂട്ടരുടെയിടയിൽ, കേശവൻതമ്പിമാർ ധാരാളം ഉണ്ടാവുന്നതു സംഭാവ്യം തന്നെ; ഗോവിന്ദപ്പിള്ളമാർ ഉണ്ടാവുക അസംഭാവ്യവുമാകുന്നു; അങ്ങിനെ ഉണ്ടാവുന്നുണ്ടെങ്കിൽത്തന്നെ, അയാളുടെ പുരുഷപ്രകടനത്തിനുള്ള രംഗം തിരുവനന്തപുരത്തെ നായർസമൂഹമല്ലെന്നതന്നെ. സ്നേഹലത ഗോവിന്ദപ്പിള്ളയെ ച്ചു

റിപ്പിന്നുവാൻ ഹേതുഭൂതയായ ആ നന്ദവല്ലി— ഈ പേരും നായന്മാരുടെയിടയിൽ ഒരു മുന്നാടൻ ചെടിയാണു — കഷ്ടിച്ചു് അഞ്ചുവയസ്സായ ഒരു കുട്ടിയായിരിക്കെ, ഈ ഗ്രന്ഥത്തിൽ അഭ്യസിപ്പിച്ച മാതിരി വിഷയങ്ങളും അഭ്യസിച്ചതും, സംസാരിച്ചതും മനുഷ്യവംശപരിണാമതത്ത്വങ്ങൾക്കു യോജിപ്പായിരിക്കുന്നില്ല. ആ കുട്ടിയുടെ സൃഷ്ടിയിൽ, കുറെ അതിപ്രാകൃതത്വം കലർന്നുകാണുന്നുണ്ടു്. മറ്റുള്ള കഥാപാത്രങ്ങളെക്കുറിച്ചും ഇങ്ങിനെ ചില ഗുണദോഷങ്ങളും പറവാനുണ്ടായേക്കും. ഇതിൽ, പട്ടി എന്നു പറയപ്പെടുന്ന 'സിവാജി' എന്നു പേരായ ഒരു നായുടെ കൃതജ്ഞതയ്ക്കും ഔചിത്യജ്ഞതയ്ക്കും ലക്ഷ്യങ്ങളായ പലേ കൃത്യങ്ങളെ ഹൃദയംഗമമാംവണ്ണം നെയ്തിണക്കിയിട്ടുള്ളതു വിശേഷമായിരിക്കുന്നു.

കണ്ണൻമേനോനവർകളും നാട്ടിനെയും നാട്ടുകാരേയും നാട്ടുകാര്യങ്ങളെയും സൂക്ഷ്മമായി പ്രേക്ഷിച്ചിട്ടുണ്ടെന്നു് ഇതിൽ പലേടങ്ങളും വിളിച്ചുപറയുന്നുണ്ടു്. തിരുവനന്തപുരം നഗരത്തിലെ പോക്കിരിക്കൂട്ടത്തെയും, ധനമത്തന്മാരുടെ സുഖഭോഗങ്ങൾക്കു സമീപം കാണുന്ന ദാരിദ്ര്യപീഡിതന്മാരെയും, ഉദ്യോഗസ്ഥന്മാരുടെ വൃത്തകളെയും, ബി. എ.ക്കാരുടെ ഉദ്യോഗഭ്രമത്തെയും, 'പഠിപ്പും പാസ്സു' മുള്ളവരെന്നു പറയുന്ന ചിലരുടെയിടയിൽ കളിയാടുന്ന അസന്മാർഗ്ഗജീവിതത്തെയും, നായർസമുദായകാര്യങ്ങളെയും മറ്റും എത്ര യഥാർത്ഥമായി ഗ്രഹിച്ചു പറഞ്ഞിരിക്കുന്നു. നായർസമാജത്തിന്റെ ഉത്സാഹത്താൽ ഉണ്ടായതെന്നു കാണുന്ന ധനാനംചെയ്യുവാനുള്ള മനുഷ്യത്വമുള്ള ചട്ടത്തെപ്പറ്റി, (പുസ്തകം പുറത്തു്) വേലു എന്ന ഒരു നിരുപദ്രവകഥാപാത്രത്തെക്കൊണ്ടു പറയിച്ചിരിക്കുന്ന അഭിപ്രായങ്ങളും നോക്കുക: — "ഞങ്ങടെ രാജ്യത്തു് ഇപ്പൊളും ഒരു ചട്ടം ഉണ്ടായിട്ടുണ്ടു്. ഒരിക്കൽ സംബന്ധം ചെയ്താൽ പിന്നെ വിടാൻ പാടില്ലെന്നാണു് അതിന്റെ സാരം. പെണ്ണുങ്ങളും ആണുങ്ങളുടെ വരുതിവിടാൻ ഇതിലധികം വല്ലതും വേണോ? ഈ ചട്ടക്കാർ ഒരുപകാരം ചെയ്തേപ്പൂ. അതില്ലെങ്കിൽ നമ്മുടെ ജാതികെട്ടേനെ. ആണുങ്ങൾക്കു് ഒരേസമയം എത്ര ഭാര്യമാരെ എങ്കിലും വയ്ക്കാം. അതു വലിയ പുണ്യം. അതൊന്നേ ആ ചട്ടത്തിൽ കായ്മയായിട്ടൊള്ളൂ.." — വേലുവിന്റെ ഈ റിമാർക്കുകളെക്കാൾ മൂച്ചയേറിയ നിരുപണം മേല്പടി നിയമത്തെപ്പറ്റി ആരെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ എന്നാണു ഞങ്ങളുടെ സന്ദേഹം. അതുപോലെ, കോഴിക്കോട്ടു തിവണ്ടിസ്റ്റേഷനിൽ ലാത്തുന്ന 'പൂവാലന്മാരുടെയും, കുസ്സൻനായരെപ്പോലെ നാംഗിലെക്കയയ്ക്കാൻ വേണ്ടി തിവണ്ടിയിൽ വച്ചു് കുമാരൻ ചെയ്ത ഉപായങ്ങളുടെയും വർണ്ണനകളും നോക്കുക. അലപ്പുഴയ്ക്കു സമീപത്തു മണൽക്കാട്ടിൽവച്ചു ദീനയായ സ്നേഹലതയെ കണ്ട പൊലിസുകാരന്റെയും, വാടപ്പാലത്തിനടുത്തുള്ള വിട്ടിലെ കൊച്ചമ്മയുടെയും വാക്കുകളും, അവരുടെ ജീവിതങ്ങളെ നല്ലവണ്ണം കണ്ടറിഞ്ഞതിനുദാഹരണങ്ങളാകുന്നു. അപവാദങ്ങളും ദുഷ്പേരുകളും ഏഷണികളും ജനസമുദായത്തിൽ പരത്തുന്ന തൊഴിലില്ലാത്ത സ്ത്രീകളെപ്പറ്റി, (പുസ്തകം ൭, ൮, ഇത്യാദി ഭാഗങ്ങളിൽ) വർണ്ണിച്ചിട്ടുള്ളതും എത്ര വാസ്തവമായിരിക്കുന്നു!

ഈവിധം പലേ സംഗതികളെപ്പറ്റിയും പറവാനുണ്ടെങ്കിലും, അവയൊക്കെ വി-

സൂചിപ്പാൻ ഇപ്പോൾ സൗകര്യമില്ല. ഈ ഗ്രന്ഥത്തിലുപയോഗിച്ചിരിക്കുന്ന ഭാഷയെപ്പറ്റി നാലുവാക്ക് പറയേണ്ടിയിരിക്കുന്നു. ഭാഷാരീതിയിൽ യാതൊരു വ്യക്തിത്വവും കാണുന്നില്ല; സ്വച്ഛമായ ഗുണമൊന്നുള്ളതായി എടുത്തുപറവാനും വകയില്ല. ഗ്രന്ഥകർത്താവു മലബാർക്കാരനാണെന്നു ഞങ്ങളുടെ ധാരണ അബദ്ധമല്ലെങ്കിൽ, ഗ്രന്ഥത്തിൽ മലബാർഭാഷയുടെ ഛായയേ ഇല്ലെന്നു പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിലെ ഒരു സ്നേഹിതൻ പരിശോധിച്ചു പരിഷ്കരിച്ചതിനാലായിരിക്കാം, ആ നാട്ടിൽ ഈയിടെ വിദ്യാഭ്യാസവകുപ്പുവഴിയായി പ്രചരിച്ചുവരുന്ന സംസ്കൃതപദബാഹുള്യവും ദേശ്യപദമിശ്രിതവുമായ ഒരുമാതിരി ഭാഷ, കണ്ണാർക്കോനോനവർകളുടെ ഗ്രന്ഥത്തിലും പ്രവേശിച്ചുപോയിട്ടുണ്ട്. സംസ്കൃതശബ്ദങ്ങൾ ആവശ്യമോ ഔചിത്യമോ ഇല്ലാതെ പ്രയോഗിച്ചിട്ടുള്ളതിനു ആദ്യഭാഗങ്ങൾ വിശേഷലക്ഷ്യങ്ങളാണ്. "വാക്കുകളുടെ ഉടമസ്ഥൻ" എന്നിങ്ങനെ ഇംഗ്ലീഷിന്റെ അനുപദതർജ്ജമയായും മലയാളശൈലിക്കു യോജിക്കാത്തതായും പലേ വാചകങ്ങൾ ഇതിൽ കാണുന്നുണ്ട്. അനാവശ്യമായ അനേകം ഇംഗ്ലീഷ്പദങ്ങൾ, അടിമുതൽ മുടിവരെ, ഈ ഗ്രന്ഥത്തിൽ പലെടത്തും വിതറീട്ടുണ്ട്. നായന്മാരുടെ സംബന്ധമെന്ന വിവാഹത്തെ ഉദ്ദേശിച്ച് 'കല്യാണം' എന്നും; ഒരുക്കുക എന്നർത്ഥത്തിൽ 'സമാർചെയ്ക' എന്നും; മറ്റു പല ദുഷ്പ്രയോഗങ്ങൾ, നേയാത്മാ, അവാചകം മുതലായ ദോഷങ്ങളും; അസ്മദനം, രാമണീയകതപം, ബുദ്ധിമുമ്മതുടങ്ങിയ അനേകം അപശബ്ദങ്ങളും ഇതിൽ പെട്ടുപോയിട്ടുണ്ടു. കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾക്ക് തന്മയത്വം ഇല്ല; തലശ്ശേരിനിവാസികളും തിരുവനന്തപുരത്തുകാരും; ഉൽകൃഷ്ടന്മാരും നികൃഷ്ടന്മാരും; ശിശുക്കളും വൃദ്ധന്മാരും, മിക്കവാറും ഒരേ ഭാഷയിൽ സംസാരിക്കുന്നു; അവരൊക്കെ സംസ്കൃതശബ്ദബാഹുള്യം നിറഞ്ഞ തിരുവനന്തപുരം ഗ്രന്ഥഭാഷയിലാണ് സംസാരിക്കുന്നതും.

എന്നാൽ, ഇങ്ങിനെ ഓരോരോവിഷയങ്ങളെക്കുറിച്ച് ഞങ്ങൾ ആക്ഷേപം ചെയ്തുകൊണ്ടു, ഞങ്ങൾക്ക് ഈ ഗ്രന്ഥത്തെപ്പറ്റി അവജ്ഞയാണുള്ളതെന്ന് വായനക്കാർ തെറ്റിദ്ധരിക്കരുതു. വാസ്തവത്തിൽ, സ്നേഹലതയെക്കുറിച്ചു അഭിനന്ദനമാകുന്നതു ഞങ്ങൾക്കു തോന്നീട്ടുള്ളതു. കവി സങ്കല്പിച്ചിരിക്കുന്ന മാതൃകകളെപ്പറ്റി ഞങ്ങൾ ചെയ്തിരുപണങ്ങളുണ്ടെങ്കിൽ, ആ വക വാദപ്രതിവാദങ്ങളുടെ ഫലമായ എങ്ങിനെയിരിക്കുമെന്നു കാണിപ്പാൻ വേണ്ടി മാത്രം ഉദ്ദേശിച്ചിട്ടുള്ളവയാകുന്നു. മാതൃകകൾ ആക്ഷേപരഹിതങ്ങളല്ലെന്നു വന്നിരിക്കുന്നതു, കവിയുടെ കുറവല്ല; മനുഷ്യസാധാരണമായ ന്യൂനത മാത്രമാകുന്നു. സർ തോമസ് മൂർ എന്ന ആംഗലകവി, 'യുടോപ്യാ' എന്ന സചക്രതിവഴിയായി ഒരു ജനാധിപത്യരാജ്യത്തിന്റെ മാതൃകയെ പ്രദർശിപ്പിച്ചിട്ടുണ്ടു; അങ്ങിനെയൊരു രാജ്യം ഉണ്ടാവാൻ പാടില്ലാത്തവണ്ണം, മാതൃക അസാധ്യമായിപ്പോയി എന്ന ആക്ഷേപം, സർ ഫിലിപ്പ് സിഡ്നി പറയുമ്പോലെ, കവനകലയുടെ കുറവുകൊണ്ടുണ്ടായതല്ല, പിന്നെയോ, ആ കലയെ അനുനയമായി പ്രയോഗിപ്പാൻ സാമാന്യന്മാർക്കു സാധിക്കായ്കകൊണ്ടാകുന്നു എന്നു സമാധാനപ്പെടേണ്ടിയിരിക്കുന്നു. കണ്ണാർക്കോനോനവർകളുടെ മാതൃകകളെപ്പറ്റിയും ഇങ്ങിനെതന്നെ പറയാം.

ണ്ട് സമാധാനപ്പെടേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മാതൃകകൾ എങ്ങിനെയിരുന്നാലും, ഈ ഗ്രന്ഥത്തിൽ ആദ്യന്തം നിറഞ്ഞിരിക്കുന്ന വിശുദ്ധങ്ങളായ ആശയങ്ങളും, ശ്രേഷ്ഠങ്ങളായ ഉദ്ദേശ്യങ്ങളും മലയാളികൾ ഗ്രഹിക്കേണ്ടതാണെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം. അശുദ്ധമായ ഒരു ഭാഗമെങ്കിലും, ഞങ്ങൾ ഇതിൽ കണ്ടിട്ടില്ല. ഇതിലെ നായികാനായകന്മാരുടെ അനുരാഗപദ്ധതിയിൽ, സംഭോഗശൃംഗാരം കൊണ്ടുള്ള ചളിയല്ല, ആത്മൈക്യവിചാരങ്ങളെക്കൊണ്ടുള്ള കർപ്പൂരധൂളികളാകുന്നു നിറഞ്ഞിരിക്കുന്നത്. പ്രത്യേകിച്ചും, ഓരോ സന്ദർഭങ്ങളിൽ, കവി, ലോകജീവിതത്തെ വിമർശിച്ച് എടുത്തുകാണിച്ചിരിക്കുന്ന തത്ത്വങ്ങൾ, വായനക്കാരുടെ മനസ്സിനെ ഉൽകൃഷ്ടപ്പെടുത്തുന്നവയാകുന്നു. 'സ്നേഹലത', സമുദായപരിഷ്കാരത്തെ ഉദ്ദേശിച്ചെഴുതീട്ടുള്ളതാകയാൽ, ആ ഉദ്ദേശ്യങ്ങൾ സാധ്യങ്ങളോ അസാധ്യങ്ങളോ ആയിരുന്നാലും, മലയാളികളുടെ ആദരത്തിന് അർഹതയുള്ളതാണെന്ന് ആരും സമ്മതിക്കും. കണ്ണൻമേനോൻ അവർകളുടെ ഈ കൃതി, ശോഭനവും മഹത്തുമായൊരു കവനകലാപ്രദേശത്തിന്റെ പ്രാരംഭകർമ്മം മാത്രമാകുന്നു എന്നുള്ള ഞങ്ങളുടെ വിശ്വാസം പരമാർത്ഥമായിക്കാണ്മാൻ ആഗ്രഹിക്കുന്നു.

സയൻസും ജീവിതോദ്ദേശ്യവും.

മനുഷ്യൻ അനശ്വരമായ ആത്മാവാണെന്നും; സ്ഥൂലദേഹം നശിച്ചാൽ, അഥവാ, മരണം സംഭവിച്ചാൽ അവൻ പിന്നെയും സ്ഥിതിചെയ്യുന്നുവെന്നും ആണല്ലൊ സർവ്വമതങ്ങളുടെയും നിദാനം. എന്നാൽ ആധുനികസയൻസ് ഈവിഷയത്തെ പറ്റിയും, സത്ത(Existence)യെ പറ്റി പൊതുവിലും എന്തു പറയിപ്പിക്കുന്നുവെന്നു നാം അല്പം ആലോചിക്കുകതന്നെ.

സൂര്യൻ അനവരതം എത്രയോ അധികം ഉഷ്ണമായിനെ അഥവാ, സത്തയെ തന്നിൽനിന്നു തന്നെ പുറപ്പെടുവിച്ച സർവ്വത്ര വ്യാപരിപ്പിക്കുന്നത് നാം പ്രത്യക്ഷം കാണുന്ന കാര്യമാണല്ലൊ. ആ ചൈതന്യത്തിന്റെ അല്ലെങ്കിൽ ഉഷ്ണമാവിന്റെ തുക എത്രയാണെന്നും നമുക്കു കണക്കാക്കാൻ കഴിയും. കുറഞ്ഞാൽ, പതിനായിരം ലക്ഷം സംവത്സരമെങ്കിലും, ഒരു സമയം അതിലധികമോ കാലമായി, സൂര്യൻ ഇങ്ങിനെ തന്റെ ഉഷ്ണത്തെ വ്യാപരിപ്പിച്ചു തുടങ്ങീട്ട്. ഇനിയും എത്രയോ ആയിരം കോടി സംവത്സരങ്ങളോളം അപ്രകാരം തന്നെ ചെയ്യുന്നതായിരിക്കും.

സൂര്യഗോളത്തിൽ ലയിച്ചുകിടക്കുന്ന ഉഷ്ണചൈതന്യം സീമാതീതമാണെങ്കിലും, അതിന്നു അവസാനമില്ലെന്നു ഒരിക്കലും പറഞ്ഞുകൂടാ. ക്രമത്തിൽ, എത്രയോ കോടി കോടി സംവത്സരം കഴിഞ്ഞുപോകുമെങ്കിലും, സൂര്യഗോളം തണുത്തുപോകുമെന്നു നമുക്കു തിട്ടപ്പെടുത്തുകയും അനുമാനിക്കുകയും ചെയ്യാം. അങ്ങിനെ സൂര്യൻ എന്നാണ്ടു തണുത്തു കഴിഞ്ഞാൽ, ഭൂമിയുടെ ഉപരിഭാഗത്തു, ജീവിച്ചിരിപ്പാനുള്ള സൌകര്യം കുറഞ്ഞുകുറഞ്ഞുവരുകയും, ക്രമേണ ചേതനവസ്തുക്കൾ ഒട്ടാകെ നാമാവശേഷമായി തീരുകയും ചെയ്യും. അപ്പോൾ ലോകപരിണാമത്തിൽ

ന്റെ കഥ എന്തായിരിക്കും? നേരെ തല തിരിച്ചിട്ടായിരിക്കും. ഇപ്പോൾ ഉൽകൃഷ്ട തരമായ ജീവികൾക്ക് അധികകാലം ജീവിച്ചിരിപ്പാൻ സൌകര്യമുണ്ടെങ്കിൽ, അന്നു താണതരം അശാധീക ജീവികളായിരിക്കും അധികകാലം ജീവിച്ചിരിക്കുന്നത്. അങ്ങിനെ ക്രമത്തിൽ ഇതരം ജീവികൾ ക്ലേശിച്ചുപോകും. ഒടുക്കം, ഭൂമിയിലെ വെള്ളം ഒട്ടുക്ക് ഉറച്ചു കട്ടയായി തീരും. മഹാസമുദ്രങ്ങൾ (അടിതൊട്ട മുടിവരെ) ജലമല്ലനമായി (Ice) പരിണമിക്കും. കുറച്ചുകൂടി കഴിഞ്ഞാൽ, വായുമണ്ഡലത്തിലെ ഇംഗാലാമ്ലം (Carbonic acid) മഞ്ഞിന്റെ ആകൃതിയിൽ ഭൂമിയിൽ വീഴും. പിന്നെയും കുറച്ചുകാലം കഴിഞ്ഞാൽ, ഊഷ്മപരിമാണം, ഫാറൻഹൈറ് (Faharenheit) എന്ന ഊഷ്മമാപിനിയുടെ "പൂജ്യം" എന്ന കക്ഷ്യയിൽ നിന്ന്, നമ്മുടെ കക്ഷ്യ കിഴാട്ട് എത്തുമ്പോൾ, വായുമണ്ഡലം ഒട്ടുക്ക് ദ്രവമായി തീരുകയും, പുതിയ സമുദ്രങ്ങൾ ആവിർഭവിക്കയും ചെയ്യും. ആ സ്ഥിതിയിലുള്ള ഭൂമിയുടെ വായുമണ്ഡലത്തിൽ അമ്ലജനകം, (Hydrogen), ഹീല്യം (Helium) എന്നതരം വായുക്കൾ മാത്രമേ ഉണ്ടാവൂ. സൂര്യന്റെയും "വിധി" അപ്രകാരം തന്നെ. ക്രമേണ അതിന്റെ ബഹിർഭാഗം ഒരു കവചംകൊണ്ട് (Crust) മൂടപ്പെട്ടുപോകയും, അതു ഒരു ഇരുണ്ട നക്ഷത്രമായി പരിണമിക്കയും ചെയ്യും; പക്ഷെ, സ്വന്തം ഗ്രഹങ്ങളോട് കൂടി, അതു ബ്രഹ്മാണ്ഡത്തിൽ സ്ഥിതിചെയ്കയും, പതിവുപോലെ സഞ്ചരിക്കയും ചെയ്യും.

നമ്മുടെ സൂര്യനും, അതൊന്നിച്ചു നമ്മുടെ സൂര്യലോകവും, ഒരു ഹെർക്കുലീസ് നാഴിക വീതം (Hercules) എന്ന നക്ഷത്രത്തിന്റെ സമീപത്തിലേക്ക് ചലിക്കുന്നുവത്രെ. മുൻപ്രസ്താവിച്ച പ്രകാരം, സൂര്യൻ ഒരു ഇരുണ്ട നക്ഷത്രമായി പരിണമിച്ചാലും, ഈ യാത്രയ്ക്ക് മുടക്കം വരാതെ, വേറെ ഒരു നക്ഷത്രത്തോട് മുട്ടുന്നതുവരെ, പിന്നെയും പ്രയാണംചെയ്യും. നക്ഷത്രങ്ങളുടെ സംഖ്യ എത്രയാണെന്നു നമുക്ക് നിശ്ചയമില്ലാത്തതുകൊണ്ട്, ഇതിനു എത്രകാലം പിടിക്കുമെന്നു തിട്ടപ്പെടുത്തുന്നത് അസാദ്ധ്യംതന്നെ. പ്രകാശമുള്ള നക്ഷത്രങ്ങളെ മാത്രമെ നമുക്ക് കാണാൻ കഴിയൂ. ഇരുണ്ട നക്ഷത്രങ്ങളാണ് പ്രകാശമുള്ളവയെക്കാൾ അധികം ഉള്ളത്. പ്രകാശമുള്ള നക്ഷത്രം ഒന്നുണ്ടെങ്കിൽ, പ്രകാശമില്ലാത്തത് നൂറെണ്ണം ഉണ്ടെന്നു വിചാരിക്കുക. എന്നാൽ സൂര്യന്റെ വലിപ്പവും ഒരുസെക്കണ്ടിനു ഏകദേശമായി പോകുന്ന ഗതിയുമുള്ള കാട്ടവും ആലോചിച്ചാൽ, ആയത് ആയിരം ബില്ലിയൻ (Billions)— പത്തുകോടികോടി— സംവത്സരങ്ങൾക്കിടയിൽ അതെവലിപ്പത്തിലുള്ള മറെറാരു നക്ഷത്രവുമായി തമ്മിൽ മുട്ടുന്നതായിരിക്കും. ഒരു ഇരുണ്ട നക്ഷത്രം, അതിനു ചൈതന്യം നശിച്ചുപോകാതവണ്ണം, അത്ഭുതകരമായ വിധത്തിൽ, പുറമെയുള്ള കവചം (Crust)കൊണ്ടു സംരക്ഷിക്കപ്പെട്ടിരിക്കും. അതിനെ വമ്പിച്ച ഒരു ആഗ്ന്യസ്ത്രം (Bomb)ത്തോടുപമിക്കാം. അങ്ങിനെയുള്ള രണ്ടു നക്ഷത്രങ്ങൾ തമ്മിൽ മുട്ടുമ്പോൾ ഉള്ള കഥ എന്തായിരിക്കും? അവ പൊട്ടിച്ചിതറി ഒരു അവ്യക്തജ്യോതിസ്സ് (Nebula)യായി പരിണമിക്കുന്നു. ഇതിൽ നിന്നാണ് ഒരു പുതിയ സൂര്യലോകം വീണ്ടും ആവിർഭവിക്കുന്നത്. ആയത് ഉണ്ടാവുന്ന മാതിരി സവിസ്തരം

ഇവിടെ പ്രസ്താവിക്കേണ്ടുന്ന ആവശ്യം ഇല്ല.

അങ്ങിനെ ബ്രഹ്മാണ്ഡത്തിന്റെ പരിവർത്തനം, ആദ്യന്തവിഹീനമായി നിത്യതയിൽ നിന്നാരംഭിച്ച് നിത്യതയിൽ തന്നെ അവസാനിക്കുന്നു. നിത്യതയെ അപേക്ഷിച്ച, ഒരു സൂര്യലോകത്തിന്റെ ജീവകാലം ഒരു സെക്കണ്ട് നേരം മാത്രമാണെന്നു പറയാം. തദനന്തരം ആയത് വീണ്ടും പുതിയ ലോകമായി പരിണമിക്കുന്നു. ആധുനികസയൻസ് സംഭവയെപ്പറ്റി ഇപ്രകാരമൊക്കയാണ് പഠിപ്പിക്കുന്നത്.

ഹാ! മനുഷ്യന്റെ ജീവിതമത്സരം! അഭിലാഷം, സുപ്രധാനത്വം, ബുദ്ധിമാഹാത്മ്യം, സുഖദുഃഖങ്ങൾ!! ഇവയുടെ പരിണാമഫലം എന്തു? മഹാവേനൽക്കാലത്തെ ഒരു നിശാചർപ്പസമാനം, മനുഷ്യവർഗ്ഗത്തിന്റെ ഒരു കാലത്ത് 'തുടച്ചുവടിച്ചു' പോകുന്നതായിരിക്കും. പ്രകൃതി എത്രയോ വേദനയോടും പ്രയാസത്തോടും ക്ഷമയോടും കൂടി വളർത്തിക്കൊണ്ടുവന്ന ചാരുചരുസ്സുകളെ അവിടന്നുതന്നെ നശിപ്പിക്കുകയും, പിന്നെയും നിർമ്മിക്കുകയും ചെയ്യുന്നതു എത്രയും കൌതുകംതന്നെ. നമ്മുടെ പുരാണങ്ങളിൽ, സൃഷ്ടിസ്ഥിതിസംഹാരകർമ്മങ്ങളെ ഭഗവാന്റെ വെറും ഒരു "ലീല"(കളി)യായി വർണ്ണിച്ചതു എത്രയോ ഉചിതമായിരിക്കുന്നു. സയൻസിന്റെ സിദ്ധാന്തപ്രകാരം, കോടി മനുഷ്യരെ മരിച്ചു പഞ്ചഭൂതത്തോടു ലയിച്ചുപോകുന്നതാണെങ്കിൽ, മനുഷ്യൻ നശ്വരവസ്തുവാണെങ്കിൽ, പിന്നെ ജീവദശയിലുള്ള കഷ്ടപ്പാടിന്റെയും ഉൽകൃഷ്ടൈകകളെ അനുഭവിപ്പാനുള്ള ആകാംക്ഷയുടെയും അത്യന്തപരിശ്രമത്തിന്റെയും അർത്ഥം എന്താണ്? എന്നുപലരും ചോദിക്കാം.

ജീവിതത്തിൽ സർവ്വത്തിനും ഒരു ഉദ്ദേശ്യം ഉണ്ടെന്നു മിക്ക ജനങ്ങളും വിശ്വസിച്ചുപോരുന്നു. പക്ഷെ ഈ ഉദ്ദേശ്യം ഇന്നതാണെന്നു പറയുന്നതിൽ വലിയ അഭിപ്രായവ്യത്യാസവും കാണുന്നു. ദൃഷ്ടാന്തമായി, വസ്തുധാരണത്തിന്റെ ഉദ്ദേശ്യം എന്താണെന്നു ഞാൻ ചോദിച്ചാൽ, മിക്കവരും ദേഹരക്ഷ എന്നു പറയും. പക്ഷെ, അതെ ചോദ്യം തന്നെ തരുണികളോടു ചോദിക്കുന്നതായാൽ, ദേഹത്തിന്റെ അലങ്കാരത്തിന്നാണെന്നാണ് മറുപടി പറയുക. ഇനിയും, ആഭരണങ്ങൾ ധരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്നു ചോദിച്ചാൽ, മോടിക്കും ഭംഗിക്കും ആണെന്നു ചിലരുത്തരം; അല്ല, അവരവരുടെ ധനത്തെ പ്രദർശിപ്പിപ്പാനാണെന്നു മറ്റൊരു കൂട്ടരും പറയും. "പക്ഷികൾ പാടുന്നത് എന്തിനാണ്?" എന്ന ഒരു ചോദ്യം, ഒരിക്കൽ, ബിലാത്തിയിലെ ഒരു പ്രാണിശാസ്ത്രപരീക്ഷയ്ക്കുണ്ടായിരുന്നു. അതിന്നു "ദൈവത്തെ സ്തുതിപ്പാൻ" എന്നു ഒരു ചെറുപ്പക്കാരത്തി അയച്ച വിദ്യാർത്ഥിനി ഉത്തരം പറഞ്ഞിരുന്നുപോൽ!! എത്രതന്നെ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നാലും, ഈ വക ചോദ്യങ്ങൾക്കു ഒരു ഉത്തരം ഉണ്ടെന്നു കാണാം.

എന്നാൽ ജീവിതോദ്ദേശ്യം എന്താണെന്നു വല്ലവരോടും ചോദിച്ചാൽ, കുഴങ്ങി ഉത്തരംപറവാൻ കഴിയാതെ പരുങ്ങുന്നു. ജീവിതസംരക്ഷണത്തിനുള്ള എത്രയോ നിത്യവ്യാപാരസംഗതികളുടെയും ഉദ്ദേശ്യം നാം അറിയുന്നുണ്ട്. എന്നാൽ, ജീവിതോദ്ദേശ്യം എന്താണെന്നുള്ള ചോദ്യത്തിന്നു ഉത്തരം പറയുമ്പോൾ വളരെ ആലോചിക്കേണ്ടി വരുന്നു. ഈ ചോദ്യത്തിന്നു ഒരേ

ഉത്തരം കൊടുക്കുന്നവരായി ഏതെങ്കിലും രണ്ടുപേരെ കാണുമോ, എന്നു ഞാൻ ബലമായി സംശയിക്കുന്നു. "ഉദ്ദേശ്യം" എന്നു ധാരണ ചേതനലോകത്തെ മാത്രം സംബന്ധിക്കുന്നതാണ്. ജീവിതമത്സരത്തിലും, ഏറ്റവും നല്ലതു ശേഷിക്കുക എന്ന നിയമത്തിലും കണ്ടുവരുന്ന ഒരു മുഖ്യ കാര്യമാണ് "ഉദ്ദേശ്യം". ഓരോ അവയവത്തിനും ഒരു ഉദ്ദേശ്യം ഉണ്ട്. ഒരു ജീവിശാസ്ത്രജ്ഞൻ, ഒരു ജീവിയിൽ ഒരു പുതിയ അവയവത്തെ കണ്ടുപിടിച്ചാൽ, അവന്റെ ഒന്നാമത്തെ ഉദ്യമം അതിന്റെ തൊഴിൽ കണ്ടുപിടിക്കുവാനായിരിക്കും.

എന്നാൽ ഈ വാസ്തവം "ശക്തി"യെ സംബന്ധിച്ച കാര്യങ്ങൾക്കു ചേരുന്നതല്ല. ജീവൻ ഒരു മാതിരി ശക്തിയാണല്ലൊ. ജീവിതോദ്ദേശ്യം എന്താണെന്നൊ, ചേതനലോകത്തിന്റെ ഉദ്ദേശ്യം എന്താണെന്നൊ ഉള്ള ചോദ്യങ്ങൾ, ഭൂമി പ്രദക്ഷിണം ചെയ്യുന്നത് എന്തിനാണെന്നു ചോദിക്കുമ്പോലെയാണ്. മുൻപ്രസ്താവിച്ച ചോദ്യങ്ങളും ഈ ചോദ്യങ്ങളും തമ്മിലുള്ള വ്യത്യാസം എല്ലാവരും മനസ്സിലാക്കേണ്ടതാണ്. ബ്രഹ്മാണ്ഡത്തിന്റെ ഉദ്ദേശ്യം എന്താണെന്നൊ, ജീവിതോദ്ദേശ്യം എന്താണെന്നൊ ഉള്ള ചോദ്യങ്ങൾ സയൻസിനു ഉത്തരം പറവാൻ പ്രയാസമുള്ള ചോദ്യങ്ങളാണ്. ആവക ചോദ്യങ്ങൾ ചോദിക്കുമ്പോൾ, നാം അനുഭവലോകത്തെ വിട്ട് വിശ്വാസലോകത്തേക്കു പ്രവേശിക്കേണ്ടിവരുന്നു. അനുഭവമില്ലാത്ത കാര്യങ്ങൾ വിശ്വസിക്കാതെ മനുഷ്യർ ജീവിച്ചിരിക്കണം എന്നല്ല ഞാൻ പറയുന്നതു. മിക്ക ജനങ്ങൾക്കും ആവക വിശ്വാസം ആവശ്യമായിരിക്കാം. പക്ഷെ സദാചാര വിദ്യാഭ്യാസം അനുഭവജന്യമായ സംഗതികളെ, അടിസ്ഥാനപ്പെടുത്തീട്ടായിരിക്കണം. സത്യവും നരകവും എന്നൊന്നുണ്ടെന്നും; മനുഷ്യരുടെ ശിക്ഷാരക്ഷാകർത്താവായി ഒരു ദൈവം ഉണ്ടെന്നും; ഈ ജന്മമല്ലാതെ പിന്നേയും അനേകജന്മങ്ങൾ ഉണ്ടെന്നും; മറ്റുമുള്ള സംഗതികൾ വിശ്വാസലോകത്തിൽ പെട്ടതും സയൻസ്സിനു അഥവാ, അനുഭവജ്ഞാനത്തിനു അതിതവും ആണെന്നു നാം അറിയുന്ന സ്ഥിതിക്ക്, ആവക ഊഹാപോഹങ്ങളായ കാര്യങ്ങൾ അടിസ്ഥാനപ്പെടുത്തി നീതിശാസ്ത്രം ഉപദേശിക്കുന്നതു ഒരിക്കലും ശരിയല്ല. ആദ്ധ്യാത്മസിദ്ധാന്തങ്ങളും സദാചാരതത്വങ്ങളും തമ്മിൽ ഇടകലർത്തുന്നതു് അപകടകരമാണെന്ന് എനിക്കു തോന്നുന്നു. മനുഷ്യന്റെ അന്തഃകരണത്തിൽ, പ്രകൃത്യാതന്നെ, സദാചാരബോധം ഉണ്ടെന്നും; അതു് ചേതനലോകത്തിന്റെ വളർച്ചയെ വ്യവസ്ഥപ്പെടുത്തുന്ന നിയമങ്ങൾക്കു എതിരായും യോജിക്കുന്നതാണെന്നും നമുക്കു അനുഭവമല്ലെ? പിന്നെ സദാചാരാനുഷ്ഠാനത്തിനു വേറെ വല്ല പ്രേരണയും ആവശ്യമുണ്ടൊ?

സത്തയെ പറ്റിയുള്ള സയൻസിന്റെ തീർപ്പു്, ചിലർക്കു എതിരായും ശോചനീയമായും കൌതുകമായും തോന്നാം. എന്നാൽ, തന്നിമിത്തം അതിനെ കണ്ണടച്ചു വിധിക്കുന്നതു് ന്യായമൊ? ഒരു കാര്യത്തിന്റെ പരമാർത്ഥം നമുക്കു സന്തോഷജനകമായിരിക്കണം എന്നു വല്ല നിയമമുണ്ടൊ? ഹാ! ബലഹീനമനസ്കന്മാരെ! നിങ്ങൾ സത്യത്തെ, തുറന്നു നിന്നു കാണുമ്പോൾ, ഗാംഭീര്യമായി നില്പു; ഇടർച്ചയിൽ ഒരു പന്ഥാവിൽ കണ്ടുമുട്ടുകയും, പേരെ വഴക്കു

തെറ്റിപ്പോവാൻ മാർഗ്ഗമില്ലെന്നു കാണുകയും ചെയ്യുമ്പോൾ, നിങ്ങൾ ഒടിക്കളയുന്നു!! എന്നാൽ, സത്യം അത്ര നിസ്സാരമായ ഒരു വസ്തുവല്ലെന്നു നിങ്ങൾ മനസ്സിലാക്കണം. കുറിലൊ, നാം സത്യത്തെ അന്വേഷിച്ച് അതിന്റെ ഭവിഷ്യൽഫലത്തെ കൈക്കൊൾവാൻ സന്നദ്ധരാവണം. അല്ലെങ്കിൽ, കേവലം അന്വേഷിക്കയുമരുത്.

മനുഷ്യപ്രയത്നത്താൽ കഴിച്ചുകൂടാത്തതായ ഒരു "കലാശ"ത്തെ പറ്റി വ്യസനിക്കുന്നത് അബദ്ധമാണ്. മരണമാണ് മനുഷ്യവൃത്തിന്റെ "വിധി"യെങ്കിൽ, അതു തന്നെ പരമസുഖവും മോക്ഷവും ആണെന്നു പറയണം. ഈ ഒരു ജീവിതം മനുഷ്യന് ഉള്ളതുതന്നെ എന്നതു അസന്ദിഗ്ദ്ധമായ ഒരു കാര്യമാണല്ലൊ. അതുകൊണ്ട്, നാമെല്ലാവരും ഈ ജീവിതത്തെ കഴിയുന്നത്ര സുഖമായി നയിച്ച്, ജന്മസിദ്ധമായ നമ്മുടെ വാസനകളെയും ശക്തിയെയും വികസിപ്പിച്ച് മറ്റുള്ളവർക്കു സുഖത്തെ പ്രദാനംചെയ്യാൻ ശ്രമിക്കുന്നതന്നെ.

ഒരു മനുഷ്യന്റെ അഭിപ്രായമൊ വിശ്വാസമൊ അല്ല, അവന്റെ പ്രവൃത്തിയാണ്, മുഖ്യമായിട്ടുള്ളതു്. സഹജീവികളുടെ സുഖവും ദുഃഖവും അതിനെ ആശ്രയിച്ചുനില്ക്കുന്നു. നമുക്കു ഈലോകത്തിൽ ഒരൊറ്റ ജന്മം മാത്രമേ ഉള്ളു എന്ന സയൻസ് സിദ്ധാന്തിക്കുന്നതു് സത്യമാണെങ്കിൽ, ഈ ജീവിതം എവരും കഴിയുന്നത്ര തനിക്കും മറ്റുള്ളവർക്കും ലോകത്തിനും ശുഭമാകുംവണ്ണം നയിക്കേണ്ടതാണ്; എന്തെന്നാൽ: വേറെ ജന്മം ഉണ്ടായിട്ട് ആയതു് സാധിക്കയില്ലല്ലൊ.

ധർമ്മടം. വി. കുഞ്ഞിക്കണ്ണൻ.

---

* മഹാകവി കാളിദാസൻ-

[1]

സംസ്കൃതസാഹിത്യത്തെപ്പോലെ, ഇത്രവളരെ പഴക്കവും ഗ്രന്ഥസമൃദ്ധിയും ഉള്ള ഇതരസാഹിത്യം പഴയ പൌരസ്ത്യസാഹിത്യങ്ങളിൽ ഉണ്ടെന്നു തോന്നുന്നില്ല. ഒരു സാഹിത്യത്തിന്റെ സ്ഥിതികൊണ്ട് ഒരു ജനസമുദായത്തിന്റെ സ്ഥിതിയെ നിശ്ചയിക്കാമെങ്കിൽ, സംസ്കൃതസാഹിത്യത്തോടു സംബന്ധപ്പെട്ട ജനസമുദായം അതി പ്രാചീനമായകാലത്തുതന്നെ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ സ്ഥിതിചെയ്തിരുന്നുവെന്ന് ഊഹിക്കാം. സംസ്കൃതസാഹിത്യത്തിന്റെ മാതൃഭൂമി ഭാരതഖണ്ഡമാകയാൽ, ഈ ഖണ്ഡത്തിലെ ജനങ്ങൾ പ്രാചീനകാലത്തുതന്നെ പരിഷ്കൃതന്മാരായിരുന്നു എന്നു സമ്മതിക്കാതെ കഴികയില്ല. അവ്വാചീനകാലത്തു പരിഷ്കരിക്കപ്പെട്ടവയും, ഇപ്പോൾ ഏറ്റവും പരിഷ്കൃതങ്ങളെന്നു ഗണിക്കപ്പെട്ടവയുമായ അനേകം രാജ്യങ്ങൾ കേവലം അപരിഷ്കൃതാവസ്ഥയിൽ ഇരുന്നിരുന്ന കാലത്തുതന്നെ, ഇന്ത്യാരാജ്യത്ത് പുണ്യാത്മാക്കളായ തപസ്വികളും, പണ്ഡിതന്മാരായ ശാസ്ത്രകാരന്മാരും, സമ്പന്നന്മാരായ കവികളും അവരവരുടെ പ്രവൃത്തികളിൽ ഏർപ്പെട്ട് പ്രസിദ്ധി സമ്പാദിച്ചിരുന്നു.

എന്നാൽ, പ്രാചീനഹിന്ദുക്കളുടെ ഇടയിൽ ജീവചരിത്രം എഴുതിവെക്കുന്ന പതിവുണ്ടായിരുന്നില്ലാത്തതുകൊണ്ട്, നമുക്ക

---

* പകപ്പുവകാശം ഉപന്യാസകർത്താവിനുള്ളതാകുന്നു.

പഴയകാലത്തു ജീവിച്ചിരുന്ന മഹാന്മാരുടെ ജീവിതകാലവും മറ്റും അറിവാൻ വളരെ പ്രയാസമുണ്ട്. സംസ്കൃതഭാഷയിലുള്ള ഗ്രന്ഥങ്ങളിൽ വല്ലതിൽനിന്നും തൽക്കർത്താവിനെപ്പറ്റിയ വല്ല അറിവും കിട്ടുന്നുണ്ടെങ്കിൽ, അതിലധികവും അവ്വാചീനഗ്രന്ഥങ്ങളിൽ നിന്നു മാത്രമാണ്. പ്രാചീനഗ്രന്ഥങ്ങളിൽനിന്നു മുക്കാലും ആ ഗ്രന്ഥങ്ങളുടെ പ്രണേതാക്കന്മാരെയോ അവരുണ്ടാക്കിയ ഇതരഗ്രന്ഥങ്ങളേയോ പറ്റി ശരിയായ ഒരു വിവരവും അറിവാൻ കഴിയുന്നില്ല.

പ്രാചീനരുടെ കാവ്യപാഠം, വാക്യങ്ങളുടെയും കഥകളുടെയും താൽപര്യം മനസ്സിലാവുകകൊണ്ടു മാത്രം തൃപ്തിപ്പെട്ടുന്ന രീതിയിലായിരുന്നു. ഓരോ ശ്ലോകവും പഠിക്കുമ്പോൾ, അതിന്റെ വിഭക്തി-, അന്വയം-, അനുപയാത്ഥം-, പരിഭാഷ-, ഭാവം എന്നീ ക്രമത്തിൽ, ഭാഷാവ്യുൽപത്തി ഭാഗത്തിനു വേണ്ടുന്ന വിഷയങ്ങൾ മാത്രം മനസ്സിലാക്കുകയേ പ്രാചീനർക്കു വേണ്ടിയിരുന്നുള്ളൂ. അതല്ലാതെ, ആ ഗ്രന്ഥം ഉണ്ടാക്കിയതാരാണ്, അദ്ദേഹം വേറെ വല്ല ഗ്രന്ഥവും നിർമ്മിച്ചിട്ടുണ്ടോ, അദ്ദേഹത്തിന്റെ ജീവിതകാലം ഏതാണ്, അദ്ദേഹത്തിന്റെ താമസം എവിടെയായിരുന്നു, അദ്ദേഹത്തിന്റെ കൃതി ആരുടെ എതുകൃതിയെ അനുകരിക്കുന്നതാണ്, എന്നുമുതലായ ചോദ്യങ്ങൾതന്നെ പ്രാചീനരുടെ ഇടയിൽ ഉദിച്ചിരുന്നില്ല. ചുരുക്കിപ്പറയുന്നതായാൽ, ഒരു ഗ്രന്ഥം പഠിക്കുമ്പോൾ അതിന്റെ അകത്തുള്ള സംഗതികളെ അറിയുകയും അവയെപ്പറ്റി വാദപ്രതിവാദങ്ങൾ ചെയ്വാൻ പഠിക്കുകയും മാത്രമല്ലാതെ, ആ ഗ്രന്ഥത്തെയും തൽകർത്താവിനെയും പറ്റി യ ഒരു സചിത്രപരിജ്ഞാനമെങ്കിലും ഉണ്ടാക്കുവാൻ പ്രാചീനർ ശ്രമിച്ചിരുന്നില്ല. ഇതു നിമിത്തം, പ്രാചീനകാലത്തെ വിദ്വാന്മാർക്ക് എത്രതന്നെ അറിവുണ്ടായിരുന്നെങ്കിലും, ഒരാവരണം അവരുടെ മനസ്സിനു ബാധിച്ചിട്ടുണ്ടായിരുന്നു.

ഈ വൈഷമ്യം നീങ്ങി, പരിഷ്കൃതരീതിയിലുള്ള വിദ്യാഭ്യാസം നമ്മുടെ ഇടയിൽ നടപ്പാകുവാൻ കാരണം നമുക്കു പാശ്ചാത്യരിൽനിന്നു കിട്ടിട്ടുള്ള പരിചയമാണെന്നു പറയാതെ കഴികയില്ല. പാശ്ചാത്യരുടെ സംസർഗ്ഗത്താൽ, നമുക്കു നാം പഠിക്കുന്ന ഗ്രന്ഥത്തെപ്പറ്റി സാമാന്യമായി വേണ്ടുന്ന എതു ജ്ഞാനവും കൂടാതെ കഴികയില്ല എന്നായി. ഇംഗ്ലീഷുവിദ്യാലയങ്ങളിൽ പൌരസ്ത്യഭാഷാഗ്രന്ഥങ്ങൾ പഠിപ്പിക്കുവാൻ തുടങ്ങിയതോടുകൂടി ആയക ഗ്രന്ഥങ്ങളെക്കുറിച്ച്, ചിലതൊക്കെ അറിഞ്ഞേ കഴിയൂ എന്നുള്ള നിർബന്ധം നമുക്കു നേരിട്ടു. ഈ ഘട്ടത്തിലാണ്, പ്രാചീനർ അവരുടെ ചരിത്രം എഴുതിവെക്കാത്തതുകൊണ്ടുള്ള കോട്ടം നമുക്കറിവാനിടയായത്.

ഈ ന്യൂനത പരിഹരിക്കുവാനുള്ള ശ്രമവും പാശ്ചാത്യപണ്ഡിതന്മാർ തന്നെ ചെയ്തിരിക്കുന്നു. പാശ്ചാത്യരിൽ പ്രൊഫെസ്സർ മാക്സ്മുല്ലർ, വീബർ, മാക്ഡാണൽ ഡ് മുതലായ അനേകം മഹാത്മാക്കൾ, വളരെക്കാലം ഭാരതീയസാഹിത്യം പഠിച്ച് അതിന്റെ ഗുണാതിശയത്തെ യഥാർത്ഥമായിട്ടറിയുകയും, ആ സാഹിത്യത്തിനു ഒരു ചരിത്രമെഴുതുവാൻ ശ്രമിക്കുകയും ചെയ്തു. അവരുടെ ഗ്രന്ഥങ്ങളിൽപ്പറയുന്ന അഭിപ്രായങ്ങളെപ്പറ്റി നമുക്കു ധാരാളം വിരോധാഭിപ്രായങ്ങളുണ്ടാകാമെന്നിരിക്കിലും, നമുക്കു തീരെ പരിചയമില്ലാത്തതായ ഈ

വിശ്വസനീയരീതി അവലംബിച്ച് പ്രാചീനചരിത്രപരിശീലനത്തിൽ മാർഗ്ഗപ്രദർശനം ചെയ്തതു പാശ്ചാത്യരാണെന്നുള്ള സമ്മതിക്കേണ്ടിയിരിക്കുന്നു.

ഭാരതീയസാഹിത്യത്തിൽ ഈവക ചരിത്രഗ്രന്ഥങ്ങളൊന്നുമില്ലാതിരിക്കേ, അതിനു പാശ്ചാത്യവിദ്വാന്മാർ പ്രയോഗിച്ച ഉപായം എന്താണെന്നും എങ്ങിനെയാണെന്നും അറിയുന്നതു രസാവഹമായിരിക്കും. അതിങ്ങിനെയാകുന്നു:—

(ക.) ഇന്ത്യയിൽ പണ്ട്, രാജാക്കന്മാരുടെ കൊട്ടാരങ്ങളിൽ വലിയ വലിയ ആസ്ഥാനസഭകൾ ഉണ്ടായിരുന്നു. അവയിലൊക്കെയും അനേകം പണ്ഡിതന്മാരും കവികളും സഭ്യന്മാരായിട്ടുണ്ടായിരുന്നു. അന്നു വിദ്വാന്മാരുടെയും കവികളുടെയും ഉപജീവനം രാജസഭകളെ ആശ്രയിച്ചിട്ടായിരുന്നു. ആവക രാജാക്കന്മാരുടെ ചരിത്രങ്ങൾ, 'രാജതരംഗിണി' മുതലായ ചില ഗ്രന്ഥങ്ങളിൽ നിന്നും അവരുടെ ചില ദാനപത്രങ്ങളിൽ നിന്നും മറ്റും അല്പാല്പമായി മനസ്സിലാകുന്നുണ്ട്. ഇങ്ങിനെ ഒരു രാജാവിന്റെ ചരിത്രം രീച്ചപ്പെട്ടാൽ ആ രാജാവിന്റെ ആസ്ഥാനപണ്ഡിതന്മാരായിരുന്ന അനേകം വിദ്വാന്മാരുടെ കാലം തിച്ചപ്പെടുവാൻ ഇടവരുന്നു. ഉദാഹരണം—വിക്രമാർക്കന്റെ കാലം രീച്ചപ്പെട്ടാൽ, ആ രാജാവിന്റെ ആസ്ഥാനപണ്ഡിതന്മാരായിരുന്ന കാളിദാസൻ മുതലായവരുടെയും; ശ്രീഹർഷന്റെ കാലം അറിഞ്ഞാൽ ബാണഭട്ടൻ മുതലായവരുടേയും കാലം നിർണ്ണയിപ്പാൻ കഴിയുന്നു.

(ഖ.) ഒരു കവിയുടെ ഗ്രന്ഥത്തിൽ നിന്നു മറ്റൊരു കവി വല്ല വാക്യങ്ങളും ഉദാഹരണമായോ മറ്റോ ഉദ്ധരിക്കുന്നതുകൊണ്ടും, ചില കവികൾ ചെയ്യാറുള്ള പ്രാചീനകവിപ്രശംസകൊണ്ടും, പ്രാചീനകവികളുടെ കാലം നിർണ്ണയിപ്പാൻ കഴിയുന്നുണ്ട്. കാളിദാസൻ, തന്റെ കൃതിയായ 'മാളവികാഗ്നിമിത്ര'ത്തിന്റെ പ്രസ്താവനയിൽ ഭാസൻ മുതലായ കവികളെ പ്രശംസിച്ചുപറഞ്ഞിട്ടുള്ളതുകൊണ്ട് ഭാസാദികൾ കാളിദാസനെക്കാൾ പ്രാചീനന്മാരെന്നു വിചാരിക്കാമല്ലൊ.

(ന.) പിന്നെ, ചീനയിൽനിന്നും മറ്റും പണ്ട് ഇന്ത്യയിൽ വന്നിട്ടുള്ള സഞ്ചാരികൾ, ഇവിടെ കണ്ട കാഴ്ചകളെയും അന്നത്തെ പ്രസിദ്ധപുരുഷന്മാരേയും ആചാരനടവടികളേയും മറ്റും പറഞ്ഞു അവരുടെ ഭാഷയിൽ എഴുതിവെച്ചിട്ടുള്ള യാത്രാചരിത്രങ്ങളെക്കൊണ്ടും ചരിത്രസംബന്ധമായ പല അറിവുകളും കിട്ടുന്നുണ്ട്. ഏഴാംനൂറ്റാണ്ടിൽ ചീനരാജ്യത്തുനിന്ന് ഇന്ത്യയിൽ ദേശസഞ്ചാരത്തിനു വന്ന ഹ്യൻ-സ്വാങ്ങിന്റെയും, അഞ്ചാംനൂറ്റാണ്ടിൽ വന്ന ഫാഹിയാന്റെയും ഗ്രന്ഥങ്ങളെ നിരൂപണംചെയ്താൽ ഭോജരാജാവ് എന്ന പ്രൌഢപണ്ഡിതന്റെ കാലം തിച്ചപ്പെട്ടതു ഇതിനുദാഹരണമാകുന്നു.

(ര.) ഇതുപോലെ, പഴയ രാജാക്കന്മാരുടെ വസ്തുക്കൾ തിരഞ്ഞു കണ്ടുപിടിക്കുന്ന വിദ്വാന്മാർ, ഓരോരോടിക്കിൽ കണ്ടെത്തുന്ന ശിലാലേഖങ്ങളും ഗ്രന്ഥവരികളും ചരിത്രവിഷയത്തിൽ വളരെ സഹായിക്കുന്നുണ്ട്. ക്രി.പി. ൬-മതു വർഷത്തിൽ രവികീർത്തി എന്ന ആൾ എഴുതിയ 'പുലാകേശി' എന്ന ലേഖം കണ്ടുകിട്ടിയതിൽനിന്ന്, കാ

ളിദാസൻ ഭാരവി എന്നീ കവികളുടെ കാലം അതിനു മുമ്പാണെന്നു തിട്ടപ്പെടുത്തുവാൻ സാധിച്ചുവല്ലൊ.

ഇങ്ങിനെ നാനാപ്രകാരത്തിൽ അനേകം വിദ്വാന്മാർ ചെയ്തിട്ടുള്ളതും ചെയ്തുവരുന്നതുമായ അശ്രാന്തപരിശ്രമത്തിന്റെ ഫലമായിട്ട് ഒട്ടേറെ സാഹിത്യചരിത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്; ഇപ്പോഴും ഉണ്ടാകുന്നതുമുണ്ട്. അവയിൽ പലതും, സാഹിത്യപരിശ്രമികളുടെയും സർവ്വകലാശാലക്കാരുടെയും ആദരത്തിനു പാത്രമായിട്ടുമുണ്ട്. ആ ഗ്രന്ഥങ്ങൾ, പ്രായേണ ഇംഗ്ലീഷുഭാഷയിലും മറ്റു പാശ്ചാത്യഭാഷകളിലുമാണ് എഴുതീട്ടുള്ളത്. അവയിൽ ചിലത് ഇന്ത്യയിലെ ഇംഗ്ലീഷുമുതലായ സ്വദേശഭാഷകളിൽ തർജ്ജമചെയ്യപ്പെട്ടിട്ടുമുണ്ട്. പാശ്ചാത്യർ എഴുതിട്ടുള്ള ഗ്രന്ഥങ്ങൾ നിമിത്തം ഈ മാതിരി വിമർശനസമ്പ്രദായം പഠിച്ചതിനു ശേഷം, ഇന്ത്യയിൽ നാട്ടുകാരുടെ വകയായും ഇംഗ്ലീഷിൽ അനേകം സാഹിത്യചരിത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്.

പാശ്ചാത്യഗ്രന്ഥകാരന്മാരിൽ പലരും സംസ്കൃതസാഹിത്യത്തെപ്പറ്റി നിരൂപണംചെയ്യുന്നതിൽ, പ്രാചീനകവികളെ കഴിയുന്നത്ര അർവ്വാചീനകാലത്തേയ്ക്കു കൊണ്ടുവരുവാനാണ് ശ്രമിച്ചിട്ടുള്ളത്. ഹിന്തുക്കൾ അനാദിയെന്നു ഗണിച്ചുവരുന്ന വൈദികസാഹിത്യത്തിനു തന്നെ, സാധിക്കാവുന്നേടത്തോളം അർവ്വാചീനത അവർ കല്പിച്ചിട്ടുള്ള സ്ഥിതിക്ക്, മറ്റുള്ളവയുടെ കഥ പറയേണ്ടതില്ലല്ലൊ. എന്നാലും, ഒരു വിധം നിവൃത്തിയുണ്ടെങ്കിൽ, ഗ്രീക്കോർ മുതലായ പാശ്ചാത്യരിൽ നിന്നു പണ്ടു സംസ്കൃതസാഹിത്യത്തിലേക്കു പല ഋണങ്ങളും ഉണ്ടായിട്ടുണ്ടെന്നും പാശ്ചാത്യർ വാദിക്കുന്നുണ്ട്. ഈവക സംഗതികളാൽ, പാശ്ചാത്യപരിഷ്കാരികളായ ഇന്ത്യൻയുവജനങ്ങൾക്ക്, വാസ്തവത്തിൽപ്രാചീനസംസ്കൃതകവികളുടെ പേരിൽ ഉണ്ടാവേണ്ടതായ ബഹുമാനം കുറഞ്ഞുപോകുന്നു. അതുകൊണ്ട്, പാശ്ചാത്യരുടെ സാഹിത്യചരിത്രങ്ങളെ പൌരസ്ത്യരിൽ അവജ്ഞാബുദ്ധികൂടാതെ പരിശോധിച്ച് ഋണദോഷനിരൂപണം ചെയ്തുകൊണ്ടുള്ള കവിചരിത്രഗ്രന്ഥങ്ങൾ ഇന്ത്യൻഭാഷകളിൽ ഉണ്ടാവുന്നത് ഇപ്പോഴത്തെ സ്ഥിതിക്ക് ആവശ്യമാണ്. ഈ ഉദ്ദേശമാണ്, കവിചക്രവർത്തിയായ കാളിദാസന്റെ ചരിത്രം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. കാളിദാസചരിത്രനിർണ്ണയത്തിൽ പാശ്ചാത്യർ പുറപ്പെടുവിച്ച അഭിപ്രായഗതികളെ ഒട്ടുക്കാലും ഇതിൽ നിരൂപണം ചെയ്യുന്നുണ്ട്.

—കേ. വാസുദേവർ മൂസ്സത്.

ഒരു ജലബിന്ദുവിലെ ജീവികൾ.

സസ്യജന്തുക്കളും, പ്രഥമജീവികളും.

"എന്തെന്തു്? ഒരു വെള്ളത്തുള്ളിയിൽ ജീവപ്രാണികളുണ്ടോ"?— എന്നാണോ നിങ്ങൾ ചോദിക്കുന്നതു്? ഉണ്ടു്; നിസ്സംശയമായുമുണ്ടു്. ഇതുമേൽ ചെറുതായ ഈ പാപ്പിടത്തിൽ, അനേകലക്ഷം ജന്തുക്കൾ ജനിക്കയും, വളരുകയും, മരിക്കയും ചെയ്യുന്നുണ്ടു്. ഇതു് ഇദാനീന്തനകാലങ്ങളിൽ 'സയൻസ്' അല്ലെങ്കിൽ, നവീനശാസ്ത്രം നമ്മെ ഗ്രഹിപ്പിച്ചിട്ടുള്ള അത്യു-

ശ്ലേഷ്മകരമായ ഒരു വസ്തുതയാകുന്നു.

'സൂക്ഷ്മദർശിനി'യെന്ന അത്ഭുതയന്ത്രം നിർമ്മിക്കപ്പെടുന്നതിനു മുമ്പിൽ, നാം പാർക്കുന്ന ഭൂമിയിലെങ്ങും, മാത്രമല്ല, നമ്മുടെ സൂര്യവ്യൂഹത്തിൽപെട്ട ഓരോ ഗ്രഹത്തിനേയും, നീലവസ്ത്രമായ നഭോമണ്ഡലത്തിൽ തനിയെ മിന്നിത്തിളങ്ങുകയോ, അല്ലെങ്കിൽ 'ആകാശഗംഗാ'പഥത്തിൽ സംഗമിച്ചു മങ്ങിമങ്ങി പ്രകാശിക്കുകയോ ചെയ്യുന്ന ഓരോ നക്ഷത്രത്തിനേയും സൂക്ഷ്മഭാഗങ്ങളിലും, എന്നുവേണ്ട, ഏറക്കുറെ ഈ പ്രപഞ്ചവാസകലം വ്യാപിച്ചുകാണുന്ന അസംഖ്യങ്ങളും അതിസൂക്ഷ്മശരീരികളുമായ ഇത്തരം ജന്തുക്കളെപ്പറ്റി, ആദ്യന്തമെന്നു സപ്രമാണം അറിഞ്ഞിരുന്നില്ല.

സസ്യങ്ങളുടേയും, ജീവപ്രാണികളുടെയും ശരീരങ്ങളുടെ കിടന്നഴുകിച്ചേർന്നു ദുഷിച്ചിട്ടുള്ള ജലത്തിൽ, ഇതുകൾ ധാരാളമായി വലിച്ചുകാണാറുള്ളതിനാൽ, ഇവയ്ക്കു പാശ്ചാത്യശാസ്ത്രജ്ഞന്മാർ 'ഇൻഫ്യൂസോറിയാ' (Infusoria — കോഥജാതങ്ങൾ) എന്നൊരു പേർ വ്യവഹാരസാമാന്യമായി കല്പിച്ചിരിക്കുന്നു. ഇതുകളിൽ മിക്കതും നമ്മുടെ ദൃഷ്ടികൾക്ക് അദൃശ്യങ്ങളത്രെ. ഇവയുടെ ശരീരവലിപ്പം, സാധാരണയായി, ഒരു ഗ്രാമത്തിന്റെ ആയിരത്തിലൊന്നുഭാഗം മുതൽ ഇരുപത്തഞ്ചായിരത്തിലൊരംശംവരെ എടുത്തും കാണുന്നും ഇരിക്കുന്നു. ഈ അതിസൂക്ഷ്മജീവികൾ, ചിലസമയങ്ങളിൽ, അതുകളിൽ ഓരോന്നും തമ്മിലുള്ള അകലം അവയിലൊന്നിന്റെ തന്നെ വലിപ്പത്തെക്കാൾ ലേശവും അധികമാവാത്തവിധത്തിൽ, ഇടതൂർന്ന്, അന്യോന്യം പറ്റിക്കൂടിയിരിക്കുന്നതു പതിവുണ്ട്.

അണുപ്രായങ്ങളായ ഈ പ്രാണികളെ, ഭൂമിയുടെ നാനാഭാഗങ്ങളിൽ സ്ഥലങ്ങളിലും ജലങ്ങളിലും കാണാം. അടിക്കടി പീഡിപ്പിക്കൊണ്ടിരിക്കുന്ന ഓരോകാറ്റും ഇവയെ അടിച്ചുപറപ്പിച്ച് കടലിലും, കരയിലും, ആകാശത്തിലും, ഒരുപോലെ പരത്തുന്നു. അത്യുന്നതങ്ങളായ പർവ്വതാഗ്രങ്ങളിലും, അതിനിമ്നങ്ങളായ ഖനികളുടെ അഗാധഭാഗങ്ങളിലും ഇതുകൾ കാറ്റുവഴിയായി സഞ്ചരിക്കുന്നു. സമുദ്രത്തിന്റെ ഉള്ളിൽ ചിലേടങ്ങളിൽ, വളരെ കനത്തിലും വിസ്താരത്തിലും കിടക്കുന്ന പൂഴിക്കുന്നുകളും, മുരിലുകളും, യഥാർത്ഥത്തിൽ, കുഴിഞ്ഞകാലങ്ങളിൽ ജീവിച്ചിരുന്ന ഈവക ജന്തുക്കളുടെ ശരീരകവചങ്ങൾ ചേർന്നുണ്ടായവ മാത്രമാണെന്ന് സൂക്ഷ്മദർശിനി മുഖേന ഇപ്പോൾ തെളിഞ്ഞിരിക്കുന്നു.

എന്നാൽ അവ അതിസമൃദ്ധിയായി പെറുപിറന്നു പെരുകിവരുന്നതു തടാകങ്ങളിലും പൊയ്കകളിലുമാകുന്നു. ഇതുകളിൽ, ഈ സൂക്ഷ്മശരീരികൾ പലേ അതിരിവർണ്ണഭേദങ്ങളും ഉണ്ടാക്കുന്നു. ചിലതു നിമിത്തം വെള്ളത്തിന്, ചോരപോലെ, ചുവപ്പുനിറമുണ്ടാവുന്നു; വേറേ ചിലതു നിമിത്തം ചെറുനാരങ്ങയുടെയോ കാവിമണ്ണിന്റെയോ നിറംപോലെ, ഒരുവിധം രക്തപീതനിറമുണ്ടാവുന്നു; മറുചിലതു നിമിത്തം, പച്ചിലയുടെ മാതിരി ഹരിതവർണ്ണമുണ്ടാവുന്നു; വേറേ ചിലതു നിമിത്തം, വെള്ളത്തിനു ക്ഷീരംപോലെ ശുഭ്രനിറമുണ്ടാവുന്നു. ഈ ജന്തുക്കൾ പ്രഭാതത്തിലും, സൂര്യാസ്തമയാനന്തരവും ജലോപരിതലത്തിൽത്തന്നെ ഇരിക്കയും, മദ്ധ്യാഹ്നത്തിൽ ജലത്തിന്റെ ഉപരിഭാഗത്തു വരുകയും ചെയ്യുന്നതുകൊണ്ടു, മുൻപറഞ്ഞ നിറപ്പകർച്ച

ാം, സാധാരണയായി, ഉച്ചസമയങ്ങളിലാണ് കണ്ടുവരാറുള്ളത്.

എത്രയും സൂക്ഷ്മമായും ശരിയായും വരഞ്ഞിട്ടുള്ള ചില ചിത്രങ്ങളുടെ സഹായം കൂടാതെ, ഈ അണുക്രിമികളുടെ അത്യന്തം അസാധാരണവും വിചിത്രതരവുമായ രൂപഭേദങ്ങളേപ്പറ്റിയും ശരീരഘടനാരീതിയേപ്പറ്റിയും, മറ്റും സാധാരണ വായനക്കാർക്ക് ഒരു സത്രുപജ്ഞാനമുണ്ടാവാൻ പ്രയാസമാണ്. ചിലതിന്റെ ആകൃതി, പന്തുപോലെ ഉരുണ്ടതും; ചിലതിനേറ്റു മുട്ടപോലെ അല്പം നീണ്ടുരുണ്ടതുമാകുന്നു. വേറെ ചിലതു്, ആകൃതിയിൽ, പലമാതിരി പഴങ്ങൾക്കു സദൃശമായിരിക്കുന്നു. മറ്റു ചിലതു്, പാമ്പു, പുഴു, ഒച്ച, ഞണ്ടു, ചിപ്പി, ചക്രു, കുഴൽ, കപ്പി, ഫണ്ണൽ എന്നിതുകളുടെ ആകൃതികൾക്കൊപ്പമായിരിക്കുന്നു.

അതുകളുടെ ദേഹകവചങ്ങൾ, കന്നിലോ നീട്ടുകളുടേതിനെപ്പോലെ വളരെ മൃദുവും കട്ടുലുള്ളതുമായ തൊലിയായിട്ടോ; അതല്ലെങ്കിൽ, ആമത്തോടുപോലെ കട്ടത്ത കോടായിട്ടോ ഇരിക്കുന്നു. ഈ കോട്ടകൾ രണ്ടോ അധികമോ ഖണ്ഡങ്ങൾ ചേന്നിട്ടുള്ളവയാണ്. ചിലതിൽ അതിസൂക്ഷ്മങ്ങളായ പാത്തികളും; മറ്റു ചിലതിൽ ചെറിയ ചെറിയ വല്ലകളും കാണ്മാനുണ്ട്.

കവചം മൂടുവാണെങ്കിൽ, അതിന്നു വലപ്പോഴും കാളമണിയുടേയോ, വാഴക്കുന്തിന്റേയോ, ഈയപ്പെൻസിലിന്റേയോ ആകൃതിയും; അതിനുള്ളിൽ ഇരിക്കുന്ന ജന്തുവിനു പുറത്തു നിൽക്കുന്നതിലേക്കായി ഒരു ദ്വാരവുമുണ്ടായിരിക്കും. ഈ കുട്ടിനകത്തു് ആതു സന്താനോൽപാദനം ചെയ്യുന്നു, കാലാന്തരത്തിൽ കൂട്ടപൊട്ടി കുഞ്ഞുങ്ങൾ പുറത്തുവരുകയും ചെയ്യുന്നു.

ഈ പ്രാണികളുടെ മുഖ്യമായ അവയവങ്ങൾ, നമ്മുടെ കൺപീലികളെപ്പോലെയുള്ള ഒരു മാതിരി കൃശരോമങ്ങളാകുന്നു. അവയിൽ ചില ജാതികളുടെ മുൻഭാഗത്തു്, ഇത്തരത്തിലുള്ള ഒരു രോമം തുങ്ങിനില്ക്കുന്നതു കാണ്മാനുണ്ട്. ഇതു്, അവയ്ക്കു ഭക്ഷ്യപദാർത്ഥങ്ങളെ വലിച്ചെടുത്തു വായ്ക്കുള്ളിൽ ചെലുത്തുന്നതിന് ഒരു തുമ്പിക്കൈപോലെയും, ജലമാർഗ്ഗേണ ശീഘ്രഗതിയിൽ യാനംചെയ്യുന്നതിന് ഒരു പങ്കായമെന്നവണ്ണവും ഉപകരിക്കുന്നു. ഈ രോമങ്ങൾ ചിലതിന്റെ വായ്ക്കു ചുറ്റും ശിഖയുടെ മാതിരിയിൽ കൂട്ടമായും; ചിലതിന്റെ ദേഹത്തിന്മേൽ വരിവരിയായും വളർന്നുവരുന്നു. അവയിൽ മിക്കതും വെള്ളത്തിൽകൂടി അതിവേഗത്തിൽ അലഞ്ഞലഞ്ഞു സഞ്ചരിക്കുന്നു. ആകൃതിയിൽ, ഇടവിടാതെ ഭ്രമിച്ചുകൊണ്ടിരിക്കുന്ന ചക്രത്തിനോടു് സദൃശവും, അതുഹേതുവായി, 'ചക്രുപി' എന്നു വിളിക്കപ്പെടുന്നതും ആയ ഒരിനം ജന്തുവിന്റെ ഗമനം, ജന്തുലോകത്തിലുള്ളതിൽ വച്ചു് ഏറ്റവും അസാധാരണവും ദർശനീയവുമായ ഒരു കാഴ്ചയാകുന്നു.

ഈ ജീവികൾക്കു, മുകളിൽപറഞ്ഞവകൂടാതെ, കനത്തതും കൃശങ്ങളുമായ കഞ്ചിരോമങ്ങളും, കൊമ്പുകളും നഖങ്ങളും, യഥേഷ്ടം പുറത്തുനീട്ടാവുന്ന മറ്റു ചില അവയവങ്ങളുമുണ്ടു്.

ഇവയ്ക്കു കണ്ണുകളുള്ളതുകൊണ്ടു്, ഇവയുടെ ശരീരത്തിനു ഒരു സിംപ്ലചക്ഷുവ്യവസ്ഥ ഉണ്ടെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. നേ

രൂപങ്ങൾ ചുവന്ന പൊട്ടുകൾപോലെ, വരി വരിയായോ, ത്രികോണാകൃതിയായോ, വൃത്താകൃതിയായോ, ശരീരത്തിന്റെ മിതെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു; ഇവ, എണ്ണത്തിൽ, കുറഞ്ഞപക്ഷം രണ്ടുമുതൽ, ഏറിയാൽ എഴോ എട്ടോ വരെ ഉണ്ടായിരിക്കും.

ഇതര പ്രാണികളെപ്പോലെ തന്നെ ഈ ജീവികൾക്കു, ജീവധാരണത്തിന് വായു അത്യന്താപേക്ഷിതമാകുന്നു; ചില വ്യത്യാസങ്ങൾ ഇല്ലെന്നും പറഞ്ഞുകൂടാ. ഈ ജീവികൾ പുറത്തുള്ള വെള്ളത്തിൽ നിന്ന് എങ്ങിനെയെങ്കിലും, വായുവിനെ നിക്കിക്കളഞ്ഞാൽ, അവ, ക്രമേണ നശിച്ചുപോകും. അവയ്ക്ക് അമ്ലജനകവാതകത്തിലോ, ഇംഗാലാമ്ലവാതകത്തിലോ ജീവിച്ചിരിക്കാൻ കഴിയുന്നതിനേക്കാൾ അധികം സമയം, പാക്യജനകത്തിൽ ജീവിച്ചിരിക്കാൻ സാധിക്കും. ഗന്ധകദ്രാവത്തിലിട്ടാൽ, അവ ചത്തുപോകും.

അവയിന്മേൽ വിഷത്തിനുള്ള ശക്തി വിവിധവും രസാവഹവുമായിരിക്കുന്നു. ഈ പ്രാണികൾ കിടക്കുന്ന ജലത്തിൽ ഏതെങ്കിലും ഒരു വിഷദ്രവ്യം, രാസഭേദം വരാത്തവിധത്തിൽ, കലർത്തുക മാത്രം ചെയ്താൽ, അതുകൊണ്ടു പറയത്തക്ക ദോഷമൊന്നും സംഭവിക്കയില്ല. എന്നാൽ, ആ വിഷം ആ വെള്ളവുമായി രാസയോഗം ചെയ്യുന്നതായാൽ, അതു് അവയെ അരനിമിഷത്തിനുള്ളിൽ നശിപ്പിച്ചുകളയും. 'സ്ട്രൈക്നൈൻ' (Strychnine) എന്ന വിഷസാധനം, അവയെ തൽക്ഷണം കൊന്നുകളയുന്നു. എന്നാൽ, 'കലൊമൽ' (Calomel) • കോറോസിവ് സബ്ലിമേറ്റ് (Corrosive sublimate) എന്നീ വിഷങ്ങൾക്ക് അവയെ കൊല്ലുവാൻ ശക്തിയില്ല.

ഈ കോഥജാതങ്ങളായ കൃമികൾ വൈദ്യുതപ്രവാഹംകൊണ്ടും അയസ്കാന്തശക്തിപ്രവാഹംകൊണ്ടും സംഹരിക്കപ്പെട്ടുപോകുന്നു. അതിശൈത്യത്തെ സഹിക്കുവാൻ അവയ്ക്കു തെല്ലും ശക്തി ഇല്ല. ഫാറൻഹൈറ്റ് ഉഷ്ണമാപനയന്ത്രപ്രകാരം, 212 ഡിഗ്രിവരെയുള്ള ഉഷ്ണം സഹിക്കാൻ ഈ ജീവികളിൽ ചിലതിനും കഴിയും. ചിലതിനു 120 ഡിഗ്രിവരെ ചൂടുള്ള വെള്ളത്തിലും ജീവിച്ചിരിക്കാൻ കഴിയും. എന്നാൽ, ചൂടു പൊടുന്നനവെ പ്രവേശിക്കുമ്പോൾ, അവ സാധാരണയായി, 120 ഡിഗ്രിയിൽ പോലും മൃതിപ്പെട്ടുപോകുന്നു.

ഈ ജന്തുവർഗ്ഗത്തിന്റെ ഏറെയും അസാധാരണമായ ഒരു വിശേഷം മിന്നാമിനുങ്ങുകളിൽ സ്ത്രീജാതിയെപ്പോലെയോ ചെവിപ്പാമ്പെന്നും തൊട്ടാലൊട്ടിയെന്നും ഏറും സാധാരണ പറയപ്പെടാറുള്ള ചിലമാതിരി ചെടുമ്പൂരങ്ങളെപ്പോലെയോ, ചിലതിനു സ്വയംപ്രകാശശക്തി ഉണ്ടെന്നുള്ളതാകുന്നു. അവയിൽ ചിലതൊന്നും പ്രകാശിപ്പിക്കുന്ന വെളിച്ചം ഒരു നിമിഷനേരം മാത്രം നിലനില്ക്കുന്ന ഒന്ന് കാറമിന്നൽ മാത്രമാകുന്നു. സമുദ്രങ്ങളുടെ ചില ഭാഗങ്ങളിൽ ചിലപ്പോൾ കാണപ്പെടുന്ന ജാജ്വല്യമാനമായ മഹാപ്രഭ, ഇത്തരത്തിലുള്ള ലക്ഷോപലക്ഷം പ്രാണികളുടെ തേജഃപുഞ്ജങ്ങൾ കൂടിച്ചേർന്നതാകുന്നു. ഒരേജാതിയിൽപെട്ടതിൽ തന്നെ ചില ജന്തുക്കൾ സ്വയംപ്രകാശമുള്ളവയായും, ശേഷം അതില്ലാത്തവയായുമിരിക്കുന്നുണ്ട്.

സമുദ്രത്തിൽ പ്രകാശമുണ്ടാക്കുന്ന പ്രാണികൾ ഏകദേശം ഒരംഗുലത്തിന്റെ ആ

യിരത്തിലൊരംശം വലിപ്പമുള്ള അണുപ്രാണികളാണ്. ഹക്സ്ലിലെ (Huxley) എന്ന പാശ്ചാത്യപണ്ഡിതവര്യന്റെ അഭിപ്രായപ്രകാരം, ഈ ജന്തുക്കൾ ഏതാണ്ട് ഒരു പെഷ്യർപഴത്തിന്റെ (Peach) ആകൃതിയോടും, മുട്ടയും ഒട്ടനവധുമായ ശരീരത്തോടുകൂടിയവയാകുന്നു. ഇവയ്ക്ക് വെള്ളത്തിന്റെ ആകൃതിയിൽ വായും; ജലസഞ്ചാരത്തിന് ഉപകരിക്കുന്നതായി ഒരു 'തുമ്പിക്കൈയും' മുണ്ട്.

നാം ഇതുവരെ സാമാന്യമായി വിവരിച്ച അണുപ്രാണികളെ, ജന്തുവിജ്ഞാനികൾ (ക) സസ്യജന്തുക്കൾ (Phytozoa). (ഖ) പ്രഥമജീവികൾ (Protozoa) (ഗ.) ചക്രത്രുപികൾ (Rotatoria). (ഘ.) മന്ദഗാമികൾ അഥവാ ജലക്കരടികൾ (Tardigrada, or waterbears), (ങ.) ദണ്ഡത്രുപികൾ (Bacillaria),— ഇങ്ങനെ അഞ്ചു ജാതികളായി വേർതിരിച്ചിരിക്കുന്നു.

നെടുമങ്ങാട്. —കേരളം പി. വേലുപ്പിള്ള.



ഗ്രന്ഥവിഹാരം

(ക) ഒരു താമര.

"വാടിക്കുഴഞ്ഞതുകി നിന്നെ
ചൂടച്ച പൂവേ!
പേടിക്കൊല പവനചാലിതയാകയാൽ നീ;
തേടിക്കഴിഞ്ഞെ സുഖമെങ്ങതിലോലമിന്നു?
കൂടിക്കളിച്ച പതിയെങ്ങു?
കിനാവുകഷ്ടം!"

ഇത്യാദി നല്ലതേഴ പദ്യങ്ങളുടങ്ങിയ ഈ ഖണ്ഡകാവ്യം, ഭർത്തൃവിരഹിതയായ ഒരു നായികയെ ഉദ്ദേശിച്ച് ഒരു താമരയോട് സംബോധനം ചെയ്യുന്നതാണ്. ആദ്യന്തം വ്യംഗ്യപ്രധാനമായ ഈ കൃതിയിൽ രതിവിഷയമായ ചില സൂചനകൾ ചെയ്തിരിക്കുന്നതു്, സഭ്യസ്ത്രീകൾക്കു ചേർച്ചയായുള്ളതല്ല. ഗ്രന്ഥകർത്താവായ എൻ. കെ. കേരളപണ്ഡിതൻ അവർകൾ, പദ്യങ്ങൾക്കു പ്രൗഢതയേറുവാൻ ഉത്സാഹിച്ച്, പ്രസന്നത കുറയ്ക്കുന്നതു ശോചനീയമെന്നേ പറവാനുള്ളൂ.

* *

(ഖ) ദേവീമാഹാത്മ്യം.

ദേവീമാഹാത്മ്യം സംസ്കൃതമൂലത്തെ ആധാരമാക്കി, എസ്. ശങ്കരനാരായണശാസ്ത്രി അവർകൾ എഴുതിട്ടുള്ള തിരുപ്പാട്ടുകളെ മലയാളലിപികളിൽ അച്ചടിച്ചിരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ മനസ്സുപ്രവേശിച്ചവർക്ക് ഇതു രുചിക്കും, സംശയമില്ല.

* *

(ഗ) കൃഷ്ണഗീതി.

ഇതുനൂറാമ്പതുകൊല്ലം മുമ്പുണ്ടായിട്ടു

ള്ള ഒരു സംസ്കൃതിയാണ് 'മംഗളോദയം കമ്പനി'ക്കാർ നാഗരാക്ഷരത്തിലും, 'ഭാരതവിലാസം' അച്ചുകൂടക്കാർ മലയാളലിപികളിലും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കൃഷ്ണഗീതി എന്ന കൃഷ്ണയാട്ടം. ഇതിന്റെ കർത്താവു സാമൂതിരിരാജവംശത്തിലൊരാളായിരുന്ന ശ്രീമാനവേദനാണെന്നും; അദ്ദേഹത്തിന്റെ ശ്രീകൃഷ്ണഭക്തി ഇതിൽ തെളിഞ്ഞുകാണുന്നുണ്ടെന്നും പ്രസിദ്ധമാകുന്നു. ശബ്ദാർത്ഥാലങ്കാരങ്ങളിൽ വച്ചതെ ഉന്നതപദവിലഭിച്ചിട്ടുള്ള ഈ കൃതി, കൃഷ്ണാട്ടക്കാർ അഭിനയിക്കുക വഴിയായി ബഹുജനങ്ങൾ അറിഞ്ഞിട്ടുള്ളതല്ലാതെ, ഇതേവരെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടില്ലായിരുന്നു. ആ ന്യൂനതയും ഇപ്പോൾ പരിഹരിക്കപ്പെട്ടു.

* *

൨. കൃഷ്ണലീല.

തിരുവല്ലാ, പരിമല, പടിഞ്ഞാറൊടത്തു പി. കെ. ആതിശ്ശർ അവർകൾ ഗോപീവസ്ത്രാപഹരണം വിഷയമാക്കി രചിച്ചിരിക്കുന്ന ഈ നൽകനഗീതം, തൽകർത്താവിന്റെ കവിതാവാസനയെ നല്ലവണ്ണം വെളിപ്പെടുത്തുന്നുണ്ട്. ഇതിൽ പലേ ഭാഗങ്ങൾ ശബ്ദഭംഗികൊണ്ടും അർത്ഥപുഷ്ടികൊണ്ടും ഹൃദയംഗമങ്ങളായിരിക്കുന്നു. ഈ യുവകവിക്കു ഞങ്ങൾ ശോഭനമായ ഭാവിയെ ആശംസിക്കുന്നു.

* *

(൩.) പൂകയിലമാഹാത്മ്യം.

പൂകയിലയുടെ മാഹാത്മ്യത്തെക്കുറിച്ചു ഒരു കവിതയോ? എന്താണ തിനുള്ള മാഹാത്മ്യം? മസൃതരുജന്മാരുടെ കാചശരാവങ്ങളിലോ മറ്റോ ഇട്ട് തത്ഫലനിർണ്ണയം ചെയ്ത് ഗുണദോഷങ്ങളെപ്പറ്റി വല്ല വൈദ്യഗ്രന്ഥവുമെഴുതുകയല്ലേ ഉചിതം? ശരി. എന്നാൽ, നാലപ്പട്ടനാരായണമേനോനവർകളുടെ ഈ കിളിപ്പാട്ട വായിച്ചാൽ, ദോഷബഹുലമെന്നു ഡാക്ടർമാർ വിധിക്കുന്ന ഈ വസ്തുവിനെക്കുറിച്ചും സഹൃദയഹൃദയാഹ്ലാദകമായ ഒരു കാവ്യം ചമയ്ക്കാമെന്നു മനസ്സിലാകും. ഇതിൽ ചില ഘട്ടങ്ങളിലെ വർണ്ണനകളിൽ കാണുന്ന നവോല്ലേഖങ്ങളും, രസവിച്ഛേദംവരാത്ത കവനരീതിയും പ്രശംസാർഹങ്ങൾതന്നെ. മലയാളത്തിൽ, ഇതിഹാസപുരാണങ്ങൾക്കു ഉത്തമമായ കിളിപ്പാട്ടരീതി ഇനിയും അഭിവൃദ്ധിപ്പെട്ട കാണ്മാനാണ് ഞങ്ങളുടെ ആഗ്രഹം.

* *

(൪) കോഴിക്കൃഷി.

തൃശ്ശിവപേരൂരിനു സമീപത്തുള്ള കോഴിക്കൃഷിയെപ്പറ്റി ഗവർമേണ്ടും ജനങ്ങളും പ്രവർത്തിക്കേണ്ട കാര്യങ്ങളെ വി. കെ. കൃഷ്ണൻ മേനോൻ അവർകൾ ഉള്ളുറിഞ്ഞു ഇതിൽ പറഞ്ഞിരിക്കുന്നു.

മതിപ്രതിമ.

യാതൊരുവന്റെ ഹൃദയമാകുന്ന പുസ്തകം തുറന്നിരിക്കുന്നുവോ അവനു മറ്റുള്ള പുസ്തകങ്ങൾ ആവശ്യമല്ല. ഈ മറ്റു പുസ്തകങ്ങൾ നമ്മുടെ ഉള്ളിൽ ആഗ്രഹം ഉദ്ദീപിക്കാൻ മാത്രമേ ഉപയോഗപ്പെടുന്നുള്ളൂ. അവ അന്യന്മാരുടെ അനുഭവങ്ങൾ മാത്രമാകുന്നു.

P. Subbaroy's

world-renowned & Most Efficacious

AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈകാൽ മുതലായവയുടെനീര്, വിരൊഴിവ, മധുമേഹം, കല്ലടപ്പ (മൂത്രഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്ക വില ക ൨, തപാൽ ചിലവ ഒണ. വേറെ

൨ അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചു തികട്ടുക, നെഞ്ചുകലിക്കുക, വിലബന്ധം, വയറുനോവ, വായനാറ്റം, അജീർണ്ണം, വയറുവീർപ്പ, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പിക്ക വില അണ ൨. ൨ ഡപ്പികൾ വരെ തപാൽ ഒണ. വേറെ.

൩. പ്രമേഹനിവാരണി.

സിരാമേഹം, ഇടപ്പവലി, മൂത്രാധിക്യമായും തടഞ്ഞും പോവുക, മേസ്സുപ്പുകച്ചിൽ, രക്തമേഹം മുതലായവ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിക്കും. ഋതുകാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ഒക്ക വില ക ൧. ൩ കുപ്പികൾ വരെയുള്ള ബങ്കിക്ക തപാൽ ചിലവ ഒണ. വേറെ

൪. ലക്ഷ്മീകരസ്തുരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പൊഴും സശ്രദ്ധം ഉപയോഗിക്കേണ്ടും വിലയേറിയ സാധനം. ഒന്നുവേഗേന, വായനാറ്റം, അജീർണ്ണം, പിത്തവായു ഇവയെശമിപ്പിക്കും. തനിച്ചോ താംബൂലത്തോട കൂടിയൊ ഉപയോഗിക്കാം. ആഹാരത്തോടുകൂടിയ ഗുളികകളെ ഉപയോഗിച്ചാൽ എതുഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും പ്രസവകാലത്തുതാംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. ആപായകരമായ യാതൊരു ലഹരി സാധനങ്ങളും ചേർത്തിട്ടില്ലകാശ്മീരത്തുനിന്നുവരുത്തിയകസ്തൂരി പച്ചക്കർപ്പൂരം മുതലായ അധികം വിലയേറിയ സാമാനങ്ങൾ ഇതിൽചേർത്തിട്ടുണ്ട. ഒട്ടി കാസശ്വാസം, ജ്വരം, അതിസാരം പ്ലേഗ് മുതലായ രോഗങ്ങൾക്ക വയസ്സിന്റെ ഏറക്കുറച്ചിൽ പോലെ ഒന്നു മുതൽ നാലുവരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ഒക്ക വില രണ. ൧മുതൽ ൧൨ വരെ കുപ്പികൾവരെ തപാൽ ചിലവ ഒണ. വേറെ.

൫. വേദനസംഹാരി തൈലം.

ഈ തൈലംഅല്പം പിരട്ടിയാൽകൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം മുടക്കുവാതം, നെഞ്ചുനോവു തലവേദന ഒരു ഭാഗത്തുണ്ടാവുന്ന തുല ഇടപ്പുവേദന പാർശ്വവായു മേഹവായു, തിമിരംമുതലായ പലവ്യാധികളും ഭേദപ്പെടും. കുപ്പി ഒക്ക വില ക ൧. ൫ കുപ്പികൾവരെ തപാൽ ചിലവ അണ ൬.

൬. സുഗന്ധകേശതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവക്ക പുഷ്ടിയായും തൊങ്ങലുകമായും വളരും. കണ്ണിനകർമയുണ്ടാകും സകല കൺനോവുകളും തലവേദനകളും നിങ്ങുചെമ്പട്ടരോമം കറുക്കും രോമം കൊഴിയാതിരിക്കും. കണ്ണിനു നല്ലതെളിവുണ്ടാകും കുപ്പി ഒക്ക വില രണ്ടു കുപ്പികൾവരെ തപാൽ ചിലവ ഒണ വേറെ.

൭. നേത്രബിന്ദു.

കണ്ണിൽ ഉണ്ടാവുന്ന കൺനോവു, കൺപുകച്ചിൽ, ക്ഷീണം നീരെടുപ്പുങ്ങൽ മാലക്കണ്ണ പിളകെട്ടൽ, ദശവളർച്ച പൂവു ചെപ്പു പുരിച്ചൽ ഇമ പൂരികം ഇവയുടെവലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ഒക്ക വില വ്യണ ൧ കുപ്പികൾവരെ തപാൽ ചിലവ ഒണ.

കണ്ണിന്

ചൊവിക്കുത്തു, ചെവിയടപ്പു ഇരച്ചൽ മുതലായ കണ്ണുരോഗങ്ങളെ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാക്കും. കുപ്പി ഒക്ക വില വ്വണ. നു കുപ്പികൾവരെ തപാൽ ചില വ രണ വേറെ.

൩. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി തഴതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം തത്രോഗങ്ങൾ പലതും മാറും തേമൽ, മേഹകുഷ്ഠം മുതലായവയെ ശമിപ്പിക്കും. കുപ്പി ഒക്ക വില രണ. നു കുപ്പികൾവരെ തപാൽ ചിലവ രണ.

൪. സുഖവിരേചന ഗുളികകൾ.

മലശോധന ശരിപ്പെടുത്തും ജീർണ്ണം പിത്തോപദ്രവങ്ങൾ വായു മലപ്പിടുത്തം, അഗ്നിമാന്ദ്യം വാതം മുതലായ പലരോഗങ്ങളേയും ശമിപ്പിക്കും. ഡപ്പി ഒക്ക വില വ്വണ. നുവരെ ഡപ്പികൾക്കു തപാൽ ചിലവ രണ തെറെ.

൫. ജ്വരസംഹാരി.

കളിപ്പനി, മുപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. ഡപ്പി ഒക്ക ഉ ക. തപാൽ ചിലവ രണ വേറെ.

൬. രോമസംഹാരി.

രോമം വേണ്ടാത്തിടിക്കിൽ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ റീക്കും. കുപ്പി ഒക്ക വില രണ. നു കുപ്പികൾവരെ തപാൽചിലവു രണ. വേറെ.

൭. കേശമൂർണ്ണം.

സുഗന്ധമായുള്ളത. പുല്ലാമാതിരി കേശരോഗങ്ങളേയും റീക്കും. കുപ്പി ഒക്ക വില നുണ കുപ്പികൾവരെ തപാൽ ചിലവു രണ വേറെ.

൮. സ്ഥലിതരക്ഷണി.

ബലഹീനതയാലും ആത്യുഷ്ണത്താലും മാറുമുണ്ടാകുന്ന ഇന്ദ്രിയസ്ഥലിതത്തെ റീക്കും. ഡപ്പി ഒക്ക വില വ്വണ യുഡപ്പികൾ വരെ തപാൽ ചിലവ രണ. വേറെ.

൯. മൃഗകസ്തൂരി.

കാശ്മീരത്തുനിന്നു വരുത്തീട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും ആപ്പീസിൽഉണ്ടു. ഉറപ്പികുത്തുക്കത്തിന്നു രാക. വില. ഒക്ക മുതൽക്കുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ.

൧൦. തേൾകടിക്കുള്ള സിദ്ധൌഷധം

കടിവായിൽ എതാനംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണ എല്ലാ വീടുകളിലും ഓരോ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണ. കുപ്പി ഒക്ക വില രണ.

ഇന്ത്യയിലും ബമ്മയിലും ഒ മുതൽ ഒ വരെ കുപ്പികൾക്കു വി. പി. ചിലവു വ്വണ വേറെ. സിലോണിൽ മേപ്പടിക്കു രണ. ഒന്നായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്നവർക്കു ഡജനു ഒന്നുക്കു ഒ-വ്യാപ്രകാരം കൊടുക്കപ്പെടും. വി. പി. ചിലവു ഡജൻ ഒക്ക രണ വേറെ.

൧൧. വ്രണനാശകരതൈലം

ഈ തൈലം വെള്ളത്തുണിയിൽ പിടിച്ചു വ്രണത്തിന്മേൽ വെച്ചു കെട്ടിയാൽ സകലവിധവ്രണങ്ങളും ക്ഷണത്തിൽ സുഖപ്പെടുന്നതാണ കുപ്പി ഒക്ക വില വ്വണ. ഇന്ത്യയിലും ബമ്മയിലും മുതൽ നുവരെ കുപ്പികൾക്കു വി. പി. ചിലവു രണ വേറെ.

൧൨. അത്ഭുതകരകണ്ണുശുദ്ധി ഗുളികകൾ

ഈ ഗുളികകൾസേവിക്കുന്നതുകൊണ്ടു ശരീരത്തെ പുഷ്ടിപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണ. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവർക്കു പ്രത്യേകാവശ്യമുള്ളതാണ. തൊണ്ടയടപ്പിനും പ്രത്യൌഷധമാണ. കുപ്പി ഒക്ക വില വ്വണ. ഇന്ത്യയിലും ബമ്മയിലും മുതൽ നുവരെ കുപ്പികൾക്കു വി. പി. ചിലവു രണ. വേറെ.

൧൩. ദേഹശുചീകരചന്ദനമുഖപൂർണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തേച്ചുകുളിച്ചാൽ ദേഹ

ത്തിൽസഹവാസനയുണ്ടാകും. തേമൽ, കൈകാൽ വീക്കം, ശരീരവേദന, കരപ്പൻ, തലവേദന, പ്രമേഹം, മേഹവ്രണം മുതലായ യാതൊരു കൂടാതെ മറ്റു അനേക തരത്തിലുള്ള രോഗങ്ങൾ മാറുന്നതുമാണ്. കാന്തിയും ആരോഗ്യവും ഉണ്ടാകും കുട്ടികൾക്കും പ്രായം ചെന്നവർക്കും ഉപയോഗിക്കാവുന്നതാണ്. ഡപ്പി ഒക്ക വില രൂപ, വി. പി. ചിലവ് രൂപ വെറെ.

൫൦. സഞ്ജീവഗുളിക.

തലകത്ത്, തലവേദന, ഉറക്കമില്ലായ്മ മയറ്റിലുണ്ടാവുന്നവായുവികാരം ജലദോഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു പ്രത്യൌഷധമാണ്. പ്രായംചെന്നവർക്കും മേപ്പടി രോഗങ്ങൾക്ക ഈ ഗുളികകൾ ഉപയോഗിക്കാവുന്നതുമാണ്.

കുപ്പി ഒക്ക വില ഗൂണ ഇന്ത്യയിലും ബമ്മയിലും മുതൽ സ്ഥലത്തെ കുപ്പികൾക്ക വി. പി. ചിലവ് ഒണ വെറെ.

൫൧. ഉദരാന്തരം ഗോരോചനഗുളിക

ഈഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ്. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പനിക്കും വയറിളകിപ്പോകൽ, അജീർണ്ണം, ചുമ, ജലദോഷം, തലവെദന മുതലായ രോഗങ്ങൾക്കും പ്രായംകുറഞ്ഞവർക്കും പ്രായം തികഞ്ഞവർക്കും ഒരുപോലെ ഉപയോഗിക്കാവുന്നതും ഫലത്തെകൊടുക്കുന്നതുമാകുന്നു കുപ്പി ഒക്ക വില ഗൂണ. മുതൽ സ്ഥലത്തെ കുപ്പികൾക്ക വി. പി. ചിലവ് ഒണ വെറെ.

൫൨. തരുരോഗസംഹാരി

ചൊറി, ചിരങ്ങ് പുഴുക്കടി, കരപ്പൻ മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ രോഗങ്ങളും ഈ മരുന്നു പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണ്. കുപ്പി ഒക്ക വില രൂപ. മുതൽ ൫ സ്ഥലത്തെ കുപ്പികൾക്ക വി. പി. ചിലവ് ഒണ വെറെ.

൫൩. കേശസുഖാസനി

ഈ ഔഷധം എത്രയും വിലയേറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളെയും വെറെ ഉചിതമായ നാട്ടു ഔഷധങ്ങളെയും ചെല്ലുന്നു ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവെദന, തലതിരിച്ചൽ മുതലായ ശിരോവ്യാധികൾക്ക വിശേഷമായ മറ്റുള്ള ഔഷധങ്ങളെക്കാൾ ഗുണത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും പുറമെ തലമുടിയെ കറുപ്പിച്ച അധിക ആഹ്ലാദത്തോട വളരുവെയ ചെയ്യും. രോമങ്ങളുടെ കൊഴിച്ചലിനെ തീരെനിന്നും പരീക്ഷിച്ചാൽ സന്തോഷിക്കാം. കുപ്പി ഒക്ക വില ക ഗ. മുതൽ ൫ വരെ കുപ്പികൾക്ക തപാൽ ചാർജ് ആണ ഒ.

൫൪. രക്ഷാമൃതം

സ്ഥാപരവെത്തിൽ അനേക അപൂർവ്വമൂലികകളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂർണ്ണം കാപ്പി ചായ ഇതുകൾക്കുപകരം ഉപയോഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണ കാപ്പി പാൽ ഇതുകൾക്കുള്ള ഗർഹണങ്ങൾ ഇതിനില്ലാ. കാപ്പിപ്പൊടിയെ നാം ഏതു പ്രകാരം ഉപയോഗിക്കുന്നുവൊ അതേപ്രകാരം ഇതിനെയും ഉപയോഗിച്ചാൽ ഏറവും രുചിയുള്ള ഒരു പാനമാകും. ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവർക്കും ഉപയോഗിക്കാം. ജ്വരം സന്നിപ്രസവം ഛർദ്ദി അതിസാരംമുതലായ കാലങ്ങളിൽമെപ്പടി ചൂർണ്ണത്തിൻ കഷായത്തെ പാൽകൂട്ടിയൊ കൂട്ടാതെയോ സമയത്തിൻ തക്കപോലെ ഉപയോഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നുദ്ധരിക്കപ്പെടുന്നതിനു പുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായു, കാസം, ക്ഷയം അജീർണ്ണം, മലബന്ധം തലവലി മുതലായ രോഗങ്ങളെമാറ്റും രക്തത്തെ ശുദ്ധിചെയ്യ ധാതുപുഷ്ടിയെയും ദേഹാരോഗ്യത്തെയും തരും അഗ്നിമാന്ദ്യം ഉള്ളവർക്കും മൂത്രരോഗികൾക്കും എത്രയും വിശേഷമായ മരുന്നു. ഈ മരുന്നിനെ ക്രമമായി ഉപയോഗിച്ചുവന്നാൽ മൂത്രരോഗികളുടെ

നീരിലുള്ള മധുരത്തെയും നീരിൻ അമ്ലരസവും കറുപ്പു മൂത്രരോഗത്തെ ഭേദമാക്കി സുഖപ്പെടുത്തും ദേഹത്തിലുള്ള ഉഷ്ണത്തെ ശാന്തിചെയ്യും ബുദ്ധിക്കു നല്ല തിളക്കമുണ്ടാക്കും പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ വിരോധഭ്രമങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ട ഈ മൂന്നിനെത്തെ ഉപയോഗിക്കുന്നതുവളരെ അനുകൂലം.

ഡപ്പി ഒക്ക വില നൂ അണ വി-പി-ചിലവു നാണ വെറെ വ്യണ. മുന്നൂറ് മൻക്കായി അയച്ചാൽ ഡപ്പി അയക്കപ്പെടുന്നതാകുന്നു.

൨൭. സർബ്ബത്തുകൾ

മന്തിരിങ്ങാപ്പഴം, നന്നാരിവേരു രോസാപുഷ്പം, വാഴപ്പഴം ചെറുനാരങ്ങ, മധുരനാരങ്ങ, ബദാംകൊട്ടപ്പഴം, ശീമഎലന്തപ്പഴം ഇഞ്ചി, ഈവക സർബ്ബത്തുകൾ ഏറ്റവും വിശേഷമായ പഴവർഗ്ഗങ്ങളിൽ നിന്നൊടുത്ത ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു ഈ സർബ്ബത്തുകൾ തുള്ളിക്കണക്കിൽ ഉപയോഗിച്ചാൽമതി. മേപ്പടി സർബ്ബത്തുകളിൽ നിന്നു അഞ്ചുതുള്ളികൾഒരുസേർ പച്ചവെള്ളത്തിൽ ചെത്താൽ ഏറ്റവും മധുരമായും ഏതുപഴത്തിൽനിന്ന സർബ്ബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയോടുകൂടിയതായും ഇരിക്കും. വലിയ കുപ്പികളിൽ അടച്ചു സാധാരണയായി അങ്ങാടികളിൽവില്ക്കുന്ന സർബ്ബത്തുകളെക്കാൾ പതിനായിരം പങ്കുശുദ്ധിയുള്ളതായിരിക്കും. എന്നെ സർബ്ബത്തുകൾ അരഔൺസ് കുപ്പികളിൽ വില്ക്കപ്പെടുന്നു ഈചെറിയ കുപ്പികളിലുള്ള സർബ്ബത്തു സുമാർ ൧൦ സേർ പച്ചവെള്ളത്തിൽ ൫ാല്ലെങ്കിൽ സൊഡാവെള്ളത്തിൽ ചെത്താൽ ൧൦ സെർ രുചിയുള്ള സർബ്ബത്തായിത്തീരും. അര ഔൺസ് കുപ്പി ഒക്ക വില അണ വ. ൧ മുതൽ ൫ വരെ കുപ്പികൾക്കു വി. പി. ചിലവ് അണ വെറെ.

൨൮. സുഗന്ധമായ മുക്കൊടി

ഈ കൊടിയിൽ വളരെ സുഗന്ധങ്ങൾ ചെത്തിട്ടുണ്ടു ഇതിനെ തനിയെ ഉപയോഗിപ്പാൻ പാടില്ല. സർബ്ബത്തുണ്ടാക്കുന്നതിനായി കുട്ടുന്നപൊടിയിൽ കുറെശ്ശയായി ചേർത്തുവരിക്കണം. ഈ പൊടി വളരെ ഗുണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു. ഒരാൾക്കു സുഗന്ധപരിമളത്തെ മാത്രമല്ലാകൊടുക്കുന്നതുസാധാരണയായിപൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുർഗ്ഗന്ധത്തെക്കുടെ പോക്കുന്നതായ ഒരു വിശേഷ വസ്തുവാണു ഈ വാസനഅധിക്കം നാൾ നില്ക്കുന്നതും പൊടിയെവളരെനാൾ കേടുതട്ടാതേയുമാക്കും ഈപൊടിജലദോഷം തലവേദന, മൂക്കിലുള്ള ദുർനാറ്റം മയക്കംമുതലായ ഉപദ്രവങ്ങളെ പോക്കുന്നതുകൂടാതെ. ഇതുവളരെ കൂടക്കൂടെ പൊടി വലിക്കേണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണു ഒരുകുപ്പി മൂക്കിപൊടിവാങ്ങിയാൽ ഒരു മാസത്തോളം നില്ക്കുന്നതാണു. ഒരു കുപ്പിക്കുവില രൂ അണ.

൧മുതൽ ൫ കുപ്പികൾക്കു വി. പി. ചാർജ്ജു വ അണ. രൂ മുതൽ ൧൦ കുപ്പികൾക്കു ൪ അണ. ൧൧ മുതൽ ൧൫ കുപ്പികൾക്കു ൫ അണ

൨൯. അശോകാരിഷ്ടം

തെറ്റിയുണ്ടാവുന്ന രീണ്ടാഴ്ചി, വേദനയോടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാഴ്ചി, തീണ്ടാഴ്ചികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്ന തീണ്ടാഴ്ചി, രീണ്ടാഴ്ചികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്നവേദന, കാലനിശ്ചയമില്ലാത്ത തീണ്ടാഴ്ചി, മാസന്തോറുമുണ്ടാകുന്ന രീണ്ടാഴ്ചിയിൽ അധികരിച്ചൊ ചുരുങ്ങിയൊ ആയരക്തപ്പോക്കു മുച്ചി എന്ന അവസ്ഥ സാധാരണയായ ഗർഭമലസൽ എന്നിരോഗങ്ങളേയും, ക്രമംതെറ്റിയ തീണ്ടാഴ്ചി നിമിത്തമുണ്ടാകുന്ന മറ്റെല്ലാ രോഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏറ്റവും വിശേഷപ്പെട്ട ഒരൌഷധമാകുന്നു മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാഴ്ചിക്കു ഈ ഔഷധം മെത്തരമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണമെന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണു. കുപ്പി ഒക്ക വില ൫

വി. പി ചാർജ്ജ് ൪ മുതൽ ൫ വരെ കപ്പിക ൦൰ ഒണ പുറമെ.

൫൨. ബ്രഹ്മൽ ചന്ദ്രോദയമകരധ്വജ.

∴ മനക്കമ്പത്തോടുകൂടിയ ദൌർബ്ബല്യം, സതക്ഷയം, വാർദ്ധക്യകാല വിസ്മൃതി നിശ സ്സ്വപ്നം എന്നിവകൾക്ക് വിലയേറിയ ഒ രൌഷധമാകുന്നു. ഇതിന്റെ ഫലിതം അ ല്പതകരവും ആയത നാൽക്കനാൽ അഭിവൃ ദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആക കുന്ന ചെറുപ്പകാലങ്ങളിലുണ്ടായ ദുഷ്പ്രവൃത്തിക ളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേ ണ്ടതാണു. അല്പകാലത്തിനുള്ളിൽ ഇതുവ രെ യൌവനമുള്ളവരാക്കിത്തീർക്കുമെന്നതു നിശ്ചയമാണു. ഒരൗൺസ്സ് വേണ്ടുന്നതിനു വില ക ൩൰. വി. പി. ചാർജ്ജ് ഒണ പുറമെ.

൫൩. ച്യവനപ്രാശം

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നു മാത്രമല്ലാ സ്വരത്തേയും ബലത്തേയും കൂടി യുണ്ടാക്കുന്നു ഒന്നാണു. തൊണ്ടയടപ്പു, ഉ ച്ചയടപ്പു, ക്ഷയം, ഏക്കം, തൊണ്ടക്കുള്ള അസഹ്യതയാലുണ്ടാവുന്ന കര എന്നിവക്കും, തൊണ്ടയേയും ശ്വാസനാഡികളേയും സം ബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈ കണ്ട ഒരു മരുന്നാകുന്നു. അര ൧ക്ക വില ക. ൨. വി. പി. ചാർജ്ജ് ഒണ പുറമെ.

൫൪. മകരധ്വജ.

ഇതിനു സമമായ ഒരു യോഗം ഔഷ ധവർഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്തിൽ തീരെ ഉയ്യാ അല്പമായൊ നിവൃത്തികിട്ടാത്ത രോഗ ങ്ങളുമില്ലാ. സകലകാരണത്താലുണ്ടാവുന്ന ബാധക്കയങ്ങൾക്കും ഇതു ഏറ്റവും തൃപ്തികരങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം, വിഷമജ്വരം, മുതലായ എ ല്ലാതരം ജ്വരങ്ങൾ, ചലംപോക്ക്, സ്രാവം പ്രമേഹം പ്രസവാനന്തരമുണ്ടാവുന്ന ഉപദ്ര വങ്ങൾ ജീർണ്ണദോഷം കര, ഏക്കം, മഹാമാ രി, ഓമ്മക്കേട് നീര, വിഷൂചിക, വയർ ചീഴ്പ്പ ദഹനക്കേട് മന്ദത, ബലക്ഷയം, തലചുറ്റൽ എന്നിവയെ ശമനപ്പെടുത്തു ന്നതിനു മേത്തരവുമാകുന്നു. തോല ക്ക വില ക ൨൰. ഒരാഴ്ച ഉപയോഗിക്കേണ്ടതിനു ക ക. വി. പി. ചാർജ്ജ് ഒണ പുറമെ.

൫൫. വസന്തകുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാ ഹം നാവു വരൾച്ച കൈകാലുകളിൽ എരി ച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയ തോനയുള്ളമൂത്രം വീഴ്ത്തൽ മുതലായ രോഗ ങ്ങൾക്കു ഇതു ഫലിതമായ ഒരൌഷധമാകു ന്നു ഒരാഴ്ചക്കു വേണ്ടപ്പെട്ടമരുന്നിനു വില ക ൩. വി. പി. ചാർജ്ജ് ഒണ പുറമെ.

൫൬. രക്തശുദ്ധി

മനുഷ്യജീവന്റെ പ്രധാനകാരണം ര ക്തമാണെന്നു എല്ലാവർക്കും അറിയാവുന്ന താണു. രക്തത്തിനു് ശുദ്ധിയില്ലെങ്കിൽ വാ യ്പുണ്ണു ചെങ്കണ്ണു മൂക്കുപുണ്ണു തൊലിപുണ്ണു ശരീരമാസകലം കര ആണി വീക്കുക ചു മത്തിൽ നിറഭേദം ഉണ്ടുപുണ്ണു തലവേദന അഗ്നിമാന്ദ്യം ചർമ്മത്തിനു് ചുവപ്പും മാർദ്ദവ മില്ലായ്മയും ചൊകിടം മൂക്കം വീങ്ങൽ വിളർ പ്പു ബലക്ഷയം കര മുളകുഷ്ടം തഴതണം മ ന്ദത സ്ഥാദില്ലായ്മ ചൊറിച്ചൽ എന്നിവയും ദുർന്നടപ്പുണ്ടാക്കുന്നതുകൊണ്ടു മറ്റൊരു ചർമ്മവ്യാ ധികളും രക്തദുഷ്ട്യംകൊണ്ടുണ്ടാവുന്നതാകു ന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീ ക്കംചെയ്യാൻ രക്തശുദ്ധിയെന്നപേരായ എന്റെ ഔഷധം മേത്തരമാകുന്നു ഇതു ര ക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ കു മപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹന ത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തു ന്നതുമാകുന്നു. ൩൦ ദിവസത്തേക്കു വേണ്ടുന്ന അളക്ക് ൧ക്ക വില ക ൩. രണ്ടോ അ ളക്കുകൾക്കു വി. പി. ചാർജ്ജ് ഒണ പുറമെ

൩൩. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്ദുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ചു ഏറ്റവും ബലകരമായതാകുന്നു ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിനിന്നുണ്ടാകുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതുകൂടാതേ ശ്വാസകോശങ്ങളെ സംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളേയും നീക്കംചെയ്യുന്നതും ഹൃദയത്തെ ശക്തിയായി നിലനിർത്തുന്നതുമാകുന്നു ചുരുക്കിപറയുന്നതായാൽ ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ല. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നപക്ഷം നിങ്ങളുടെ ബലത്തേയും യൌവ്വനത്തേയും ഒരു പുരുഷായുസ്സുവരെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണു തോല വില ക. വ്യാ ഒരാഴ്ചക്കുള്ള ഉപയോഗത്തിന്നു ക. നു. വി. പി. ചാർജ്ജു പുറമെ.

൩൪. വേദനഹരിഹാരി.

ഈ ഔഷധം അകത്തേക്കും വേദനസംഹാരി തൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിന്റെ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു പെട്ടി ഒക്കു വില ക. ഫാ. നു വെട്ടികൊണ്ടുവരെ വി. പി. ചാർജ്ജു ഒണ മാത്രം.

൩൫. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിനു മേപ്പടി ഔഷധം ഏറ്റവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ഒക്കു വില കു. ഫാ. നു പെട്ടികൊണ്ടുവരെ വി പി. ചാർജ്ജു ഒണ മാത്രം.

൩൬ മലബന്ധശമനൌഷധം

പതിവായും ഇടക്കിടേയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്വാൻ ഇതു മേത്തരമായ ഔഷധമാകുന്നു. കരളിന്റെ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കിതീർക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിർത്തുന്നതുമാകുന്നു. പെട്ടി ഒക്കു വില ഫാ ണ. രണ്ടുവരെ പെട്ടികൊണ്ടുവരുക വി പി. ചാർജ്ജു ണ വെറെ.

൩൭. ചന്ദ്രാമൃതരസം.

പ്രയാസപ്പെട്ട എല്ലാതരം കരകളേയും ശ്വാസകോശങ്ങളിലെ പഴുപ്പുകളേയും ഏക്കം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കരയും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു ഭഹനത്തിനു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീർപ്പാൻ മേത്തരമാകുന്നു. പെട്ടി ഒക്കു വില ക. ഫ. നു പെട്ടികൊണ്ടുവരെ വി പി. ചാർജ്ജു ഒണ മാത്രം.

൩൮. ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിന്റെ എല്ലാ സ്ഥിതികളിലും ഇതുവളരെ മേത്തരമായ ഔഷധമാകുന്നു. ഇതിന്റെ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തും ക്രമക്കേടായ വിരേചനത്തെ നിർത്തി ശാശ്വതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നു മാത്രമല്ലാ അതിസാരത്തെയും മറ്റും സുഖപ്പെടുത്തുന്ന ഒരു സർവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ഒക്കു വില ക ഫാ. നു വരെ പെട്ടികൊണ്ടുവരുക വി പി. ചാർജ്ജു ഒണ മാത്രം.

൩൯. വിഷ്ണുതില

തലനോവു ഉടനെ നിക്കുന്നതല്ലാതെ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കൂപ്പി ഒക്കുന്നു. ഫ മുതൽ ന വരെ കൂപ്പികൊണ്ടുവരുക വി. പി. ചിലവു ഒണ വേറെ.

മേത്തരം ഗോരോചനം. തോല ഒക്കു വില നക മേത്തരം കുങ്കുമപൂവ് തോല ഒക്കു വില ഒക മേത്തരം പച്ചക്കർപ്പൂരം തോല

ക്കു വില വ.കു.

. സുഗന്ധവസ്തുക്കൾ

അത്തർ ഓഫ് നസ്സുകൾ,- തോജാപൂവു, മല്ലികപൂവു, മാതിപൂവു, മതനപൂവു, സുഹാഗമുതലായ പുഷ്പങ്ങളിൽ നിന്നൊടുത്ത അത്തർ ഉറപ്പികത്തുക്കും ഔക്ക വില കുറഞ്ഞവ വി. പി. ചിലവ വേറെ.

താംബൂലബിഹാർ പെട്ടി ഉന്നിനുവില രൂപ. ഉമുതൽ ഉവരെ പെട്ടികൾക്ക തപാൽകൂലി ഒന്ന.

സോഡാമൂന്നും ഓരോ കുപ്പിക്കുത്തുള്ള മൂർണ്ണംകൊണ്ടു പച്ചവെള്ളം ചേത്തു കുപ്പി മേത്തരം പുതിയ സോഡഉണ്ടാക്കാവുന്നതാണ ഔകുപ്പിക്ക വില വുന്ന. ഉമുതൽ രവരെ കുപ്പികൾക്ക തപാൽകൂലി രൂന.

ലമനേഡ് മൂർണ്ണം ഓരോ കുപ്പിക്കുത്തുള്ള മൂർണ്ണംകൊണ്ടു പച്ചവെള്ളം ചേത്തു കുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ കുപ്പി ഔക്ക വില നുണ. ഉമുതൽ രവരെ കുപ്പികൾക്കതപാൽ ചാർജ് ഒണ.

പനിനീർ- അര ഔൺസ്സ് കുപ്പികളിൽ വില്പപ്പെടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു നു വലിയ കുപ്പികളിൽ വെള്ളം ചേത്ത നിറക്കാവുന്നതാണ അങ്ങിനെ വെള്ളം ചേത്താൽകൂടി ഈ നു കുപ്പികളും മേത്തരം പേഷ്യൻ പനിനീർ തിനു തുലമായിരിക്കും അര ഔൺസ കുപ്പി ഔക്ക വില വുന്ന ഉമുതൽ നവരെ കുപ്പികൾക്ക തപാൽകൂലി ഒണ.

ഉടുപ്പിനുള്ള സുഗന്ധങ്ങൾ പനിനീർ സുഗന്ധക്കുട്ട മുല്ലസുഗന്ധക്കുട്ട, ലവണ്ടർ സുഗന്ധക്കുട്ട എന്നിവ പെട്ടി ഓരോന്നിനും വില വുന്ന. ഉമുതൽ നവരെ പെട്ടികൾക്ക തപാൽകൂലി ഒണ.

ഉടുപ്പിനുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ.

ഉമദനമിശ്രസാരം ഉ മനമോഹനി നു മനോരഞ്ജൻ രുജഗന്മോഹിനി ഒ അകാപർസിയായി സ ഷാജിഹാൻ സിതാഫി ഇവ ഓരോന്നും പുതിയതായി വിടന്നപുഷ്പത്തിന്റെ വാസനയോട കൂടിയതായും ഇരിക്കുവില ഒരു കുപ്പിക്ക അണ വു. ഉമുതൽ നവരെ തപാൽ ചിലവ അണ ഒ പ്രത്യേകം.

കേസർപ്പൊടി- ഇത വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവസ്തുക്കളെകൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുനുള്ളൽ പൊടി വെറുംപച്ചവെള്ളത്തിലൊ അല്ല ചന്ദനക്കുട്ടിലൊ ചേത്താൽ അതി സൌരഭ്യകരമായതും മനസ്സിനു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കുട്ട ആയിതീരുന്നു. ഇതഅടിയന്തരകാലങ്ങളിൽ വിരുന്നുകാക്കുകൊടുപ്പാൻ ചന്ദനം അരക്കേണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതല്ലാതെ ഒരം കേസർപ്പൊടിക്കു സമമായും, മേലായും സുഗന്ധം നില്ക്കുന്നതായ ഒരു സൌരഭ്യവസ്തു ഉണ്ടായാൻ പാടുള്ളതല്ല. കുപ്പി ഔക്ക വില വുണ. ഉമുതൽ നകുപ്പികൾക്ക തപാൽ ചാർജ് ഒണ.

അർഘ്യജം- ഇത വേറെ ഒരു മാതിരി സ്വദേശി സൌരഭ്യവസ്തുമാണ ഇതിന്റെ സൌരഭ്യം വളരെ വിശേഷമായതും മനസ്സിനു ആഹ്ലാദത്തെകൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇത ഒരുപോലതിരി അനുഭവത്തെ നല്കുന്നു. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചവെള്ളംചേത്ത ചന്ദനക്കുട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്ക വാസനക്കായും ഉപയോഗിക്കാം. നെറ്റിമേൽ തിലകുറിയായും ഉപയോഗിക്കാം. ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉണ്ണുന്നുമകളിലേക്ക ഇത അതിയിനോദകരമായ ഒരു സൌരഭ്യവസ്തുമാകുന്നു പെട്ടി ഔക്ക വിലവുണ. ഉമുതൽ ഉവരെ പെട്ടികൾക്ക തപാൽകൂലി ഒണ വേറെ.

അമ്പർ. ഇത അതിശ്രേഷ്ഠകരമായ ഒരു സൌരഭ്യവസ്തുവാകുന്നു ഇത വാസനക്കായി ഉപയോഗിക്കുന്നതല്ലാതെ വിയർക്കുവിനും ചൂടിക്കും വളരെ വിശേഷമാകുന്നു ഇതിന്റെ അതിവിനോദമായ വാസന അധികം ദിവസത്തേക്ക നിലനില്ക്കുന്നതാണ

ഒരു പ്രാവശ്യം ഉപയോഗിച്ചു നോക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതിനെ ഒരു കാലത്തും വിട്ടുകയില്ല. ഇതു എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു. ഈ മുഖത്തപ്പിരട്ടിയാൽ മുഖത്തിന്റെ വർണ്ണം തിളങ്ങിവരും. പെട്ടി ഒന്നിനു വില രൂപ മുതൽ രൂപ വരെ പെട്ടികൾക്കു തന്നെ. പുറമെ.

ഇന്ത്യൻ പൊറൽഡസ്റ്റ്- നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോടുകൂടിയിരിക്കും. സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, പകർച്ചവ്യാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഘമുള്ള സ്ഥലങ്ങളിലൊ വെച്ചിരുന്നാൽ മനുഷ്യർ ശ്വസിക്കുന്നതായ അംഗാരാമ്ല വായുവിനെ ശുദ്ധീകരിക്കുന്നതാണ്. നിങ്ങൾ ശയനഗൃഹത്തിലേക്കു പോകുന്നതിനു മുമ്പായി ഇതുപ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ്. ഇതുനിങ്ങൾ അകത്തേക്കു ശ്വസിക്കുന്നവായുവിനെ ശുദ്ധീകരിക്കുകയും ചെയ്യും. പെട്ടി ഒന്നിനു വില അണ രൂ. മുതൽ രൂപ വരെ പെട്ടിവരെ തപാൽ ചെലവു അണ പ്രത്യേകം.

വയറ്റിലുള്ള നാക്കുപുഴുക്കളായാലുള്ളമരുന്നു.

ഈ മരുന്നു സേവിച്ചാൽ വയറ്റിലുള്ള നാക്കുപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്കു ആരോഗ്യതയെകൊടുക്കും. ഈ പാമ്പു വയറ്റിൽ ഇരുന്നാൽ അടിവയറ്റിൽ ശൂലം, അഗ്നിമാന്ദ്യം, വയറുവലി, ഊണുവേണ്ടാ എന്നു തോന്നുക വായിൽ ദുർഗ്ഗന്ധം, തലവേദന ഛർദ്ദിവരിക്കുക ആസനത്തിലും മൂക്കിലും ചൊറിച്ചൽ വയറ്റിനു പോക്കു മലക്കെട്ടു മുതലായ പല വ്യാധികളെ നീക്കുന്നതാണ്. ഒന്നിനു വില അണ രൂ. മുതൽ രൂപ കൂപ്പികൾവരെ ബങ്കി ചിലവു അണ പ്രത്യേകം.

ജ്വരഗ്രാവകം

ഇതു വയറ്റുവലി, വയറുകടുപ്പു അഗ്നിമാന്ദ്യം, അജീർണ്ണം, മുതലായ വ്യാധികളെ ക്ഷണേന പരിഹരിക്കുന്നതാണു. കാല ൧ എന്നവ്യാധിക്കും ഇതു സമയസമയം പോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസം കിട്ടുന്നതാണ്. ഇതു സാധാരണമായി അങ്ങാടിയിൽവിറ്റുവരുന്ന ഔഷധഗ്രാവകം പോലെ അല്ലാ അതു അവുൺസു കൂപ്പികളിൽ വില്പാൻപ്പെടുന്ന ഒരു കൂപ്പിഗ്രാവകത്തിൽ വെള്ളം ചെത്താൽ ൨൫ അവുൺസു മേത്തരമായ ഔഷധഗ്രാവകം കിട്ടുന്നതാണു ഇങ്ങനെ കിട്ടുന്ന ഗ്രാവകം കടകളിൽ വില്പാനുതിനെക്കാൾ വളരെ വിശേഷമായിരിക്കും. കൂപ്പിക്കു വില അണവു. മുതൽ നൂകൂപ്പികൾ വരെ ബങ്കി ചിലവു അണ പ്രത്യേകം.

തലയിൽ പുരട്ടുവാനുള്ള ചായം

പി. സുബ്ബറായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏറ്റവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണു. നരച്ച തലമുടിയിൽ ഇതു പുരട്ടിയാൽ ഭംഗിയും ശോഭയും മിനുസവുമുള്ള നല്ല കറുത്തനിറമാകുന്നതാണു ചായം പുരട്ടിയിരിക്കുന്നുവെന്നു ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരക്കുമ്പോൾ അതിൽ ചായംപുരട്ടുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണു ഇതിലേയ്ക്കു ഉത്തമമായിട്ടുള്ളതു നരച്ചതലമുടിയെ കറുപ്പിച്ച വാർദ്ധക്യലക്ഷണങ്ങളെ മറച്ചു യുവാവിന്റെ ഭാവം വരുത്താമെങ്കിൽ വാർദ്ധക്യലക്ഷണങ്ങളെട്ടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കൂപ്പിക്കുന്നു രൂപാ മു. വി പി. ചാർജ് മുതൽ ൩ വരെ കൂപ്പികൾക്കു ഒന്നിനു അണ പ്രത്യേകം.

മാഞ്ഞുപോകാത്തഅടയാളമഷി

ഇതു പട്ടുതുണി മുതലായ വസ്ത്രങ്ങളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണു ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും മാറിപ്പോകാതിരിക്കുന്നതിലേക്കും ഒരു രക്ഷയായിരിക്കുന്നതാണു. വില

കുപ്പികൊന്നിനു വില. രൂ മുതൽ ൯ വരെ കുപ്പികൾക്കു വി. പി. ചാർജ്ജ് ഉണ്ട പ്രത്യേകം.

ജാതിക്കോളോൺ.

ഈ സുഗന്ധദ്രവ്യം വളരെ വിശേഷപ്പെട്ടതും, അന്യന്തം വാസനയോട് കൂടിയതും ദേഹത്തിലേക്കു കുളിപ്പിയെ ചെയ്യുന്നതും ആകുന്നു. ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. ഈ വാസനദ്രവ്യം തലവലി മുതലായവ്യാധികളെനീക്കും. ഇതു സാധാരണയായി കടകളിൽ വിറ്റുവരുന്ന സാധനം പോലെയല്ലാ ഇതു പ്രത്യേകം ശ്രദ്ധയോടുകൂടി ഞങ്ങളുടെ ഔഷധ ശാലയിൽ ഉണ്ടാക്കിവരുന്നതാണു. ഇതു ശീമയിൽനിന്നു വരുത്തിയതല്ല. അതുകൊണ്ടു ഈ സ്വദേശിദ്രവ്യത്തെ നമ്മുടെ സ്വദേശികൾ ഉപയോഗിക്കാതെ ഇരിക്കരുതു. സാധാരണമായി കടകളിൽ വിറ്റു വരുന്ന സാധനത്തെക്കാൾ എത്രയോ ഇരട്ടി മേത്തരമായിരിക്കും. അര അവുൺസു കുപ്പി ഒക്കെ വില അണ വ. ൧ മുതൽ ൯ കുപ്പികൾ വരെ ബങ്കി ചിലവു അണ ൪ പ്രത്യേകം.

കസ്തൂരി കലന്ന ലചണ്ടർ വാട്ടർ

ഇതു ഏറ്റവും വിശേഷപ്പെട്ട വാസനയുള്ളതും ദേഹത്തിൽ ഒരു തുള്ളിപറിയാൽ വളരെ നേരം ആ വാസന ആളെ ചുറ്റികൊണ്ടിരിക്കും ഇതു സാധാരണമായി കടകളിൽ വില്ക്കുന്ന സാധനംപോലെ അല്ല. ഇതു ഒരു വിശേഷപ്പെട്ട ഒരു വാസനദ്രവ്യമാണ ശീമയിൽനിന്നു വരുത്തി വില്ക്കുന്നതല്ലാ എല്ലാവരും ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണെ. ഇതു ഞങ്ങളുടെ ഔഷധശാലയിൽ തയാർ ചെയ്യപ്പെടുന്നതാണ ഇതിന്റെ സൌരഭ്യം ദേഹത്തിൽ തട്ടിയാൽ വളരെ നേരം ഇരിക്കുന്നതും ആകുന്നു കുപ്പിക്കു വില അണ വ. ൧ മുതൽ ൯ കുപ്പികൾ വരെ ബങ്കി ചിലവു അണ ൪ പ്രത്യേകം.

പരിശുദ്ധമായതേൻ!!.

അങ്ങാടിയിൽ നിന്നു ശർക്കരവെള്ളം വാങ്ങി തേനെന്നുംപറഞ്ഞു ഉപയോഗിച്ചാൽ എന്തു ഗുണമാണുണ്ടാകുന്നതു? മരുന്നിനു നല്ല ശുദ്ധമായ തേൻ ആവശ്യപ്പെടുന്നവർ ഞങ്ങളോടപേക്ഷിക്കട്ടെ. ഞങ്ങൾ കാടുകളിൽ സ്വന്തം വേലക്കാരെ അയച്ചു പ്രത്യേകമായെടുപ്പിച്ചു വരുത്തുന്നതേൻ നല്ല കൊഴുപ്പുള്ളതും നിർമ്മലമായതും ആകുന്നു. ഈ തേൻ മരുന്നുകൾക്കുപയോഗിച്ചാൽ അത്ഭുതകരമായ ഫലം ഉണ്ടാകും വില ടിൻ ഒന്നിനു ൧ വീതം. ഒന്നു മുതൽ രണ്ടു ടിൻ വരെ വി. പി. ചെലവു ഒന്നു പ്രത്യേകം.

ഇവിടെ മലയാളം തെലുങ്ക് കർനാടകം മുതലായതു അറിയാത്തതിനാൽ തമിഴിലൊ ഇംഗ്ലീഷിലൊ എഴുതണം.

P. SUBBAROY
AYURVEDIC PHYSICIAN
Sri Venkatesa Perumal
KOIL SANNATHY
TANJORE.

പി. സുബ്ബരോയി
ആയുർവ്വേദചികിത്സകൻ
ശ്രീ വെങ്കിടേശ പെരുമാൾ
കോവിൽസന്നതി
തഞ്ചാവൂർ.

THE CELEBRATED PANACEA & CO'S

FRENCH PILLS

പ്രഞ്ചു ഗുളികകൾ.

"എന്ത് അനുഗ്രഹം കിട്ടണമെന്നാണു നിങ്ങൾ പ്രത്തിക്കുന്നതു?"

"ശാശ്വതമായയൌവനം"

"എന്നാൽ അങ്ങനെയാവട്ടെ."

പനകി കമ്പനിക്കാരുടെ ശ്രുതിപ്പെട്ട നേർവൈൻ ടൊണിക്ക് പ്രഞ്ചു ഗുളികകൾ സേവിച്ചാൽ നിങ്ങൾക്കു ശാശ്വതമായ യൌവനം പ്രാപിക്കാം. വളരെ ഫല സിദ്ധിയുള്ള ഔഷധം. ഗുണം ക്ഷണത്തിൽ അറിയാം. അതു എന്നും നിലനില്ക്കുകയും ചെയ്യും. സ്ത്രീ പുരുഷഭേദം കൂടാതെ വയസ്സന്മാക്കും എല്ലാവക്കും ഗുണം കിട്ടും. യൌവനം ലഭിക്കാമെന്നു പറഞ്ഞു വില്പപ്പെടുന്ന സാധാരണ ഔഷധങ്ങൾ പോലെ കുറെക്കാലം കഴിഞ്ഞാൽ ദേഹത്തിനു ഉപദ്രവം ഉണ്ടാക്കില്ല.

ഇന്നു തന്നെ പരീക്ഷിക്കുക. വില കുപ്പി—൧—൦ മാത്രം. ഏജണ്ട്:

സപ്രേന്ത്യ മെയിൽ ഓർഡർ ബൈറോ,
വ്യു, അപ്പർ സെക്കുലർ റോഡ്
കല്ക്കത്ത

THE ALL-INDIA MAIL ORDER BUREAU,
NO. 87, UPPER CIRCULAR ROAD,
CALCATTA.

Drunkards Cured!!

മദ്യം സേവിക്കലും കുടിപ്പതിരിയും അവർ അറിയാതെ "ലിക്കോറിൻ" എന്ന ഔഷധം കൊണ്ടു നിർത്താം. ഒരു ദോഷവും ഉണ്ടാവുകയില്ല. ൫൦, ൬൫, ൧൦൦ കൊല്ലങ്ങളോളം പഴക്കമുള്ള പല കേസ്സുകളും ഭേദപ്പെടുത്തിയതായി അനേകം സാക്ഷിപത്രങ്ങൾ ഉണ്ടു. ഈ ഔഷധം സ്വകാര്യത്തിൽ വെള്ളത്തിലോ, കള്ളിലോ, പാലിലോ, ബ്രാണ്ടിയിലോ ചേർത്തു സേവിപ്പിക്കാം. എതു പഴക്കമുള്ള കേസ്സിനും ഒരൊറ കുപ്പി മതിയാകുന്നതാകുന്നു. രാജിവ സന്തക്കുള്ള ദ്രാവകം വിറ്റ കുപ്പിക്കു കൂലി—൦—൦. തപാൽകൂലി മുതലായതിനു ഒണ്ണാ വേറെ.

J. F. D. DAVID.
FORT, SALEM.

ആത്മപോഷിണി

പുസ്തകം ൧൧. | ൧൦൯൦ മിഥുനം | ലക്കം ൩.

ആചാരപരിഷ്കാരം.

കേരളീയജനസമുദായം, ആചാരപരിഷ്കാരകാര്യത്തിൽ, അടുത്തകാലത്തു വളരെ ശബ്ദനമായിത്തിന്നിട്ടുണ്ടല്ലൊ. താലികെട്ടുകല്യാണംകൂടി ചക്രശ്വാസംവലിച്ചുതുടങ്ങിയിരിക്കുന്ന സ്ഥിതിയിലൊ, തെങ്ങുണ്ടു പാട്ട, പുളികുടി, മുതലായ ചില്ലറ അടിയന്തിരങ്ങളുടെ കാര്യം കേവലം ഉൗഹ്യമത്രെ. ആശൗചാനുഷ്ഠാനം പതിനാറുദിവസത്തിൽ നിന്നു ചുരുക്കി പത്താക്കി ആചരിച്ചവർ ചിലർ ആചാരവിഷയമായി നിയമശൃംഖലയുള്ള ബലാബലംകൂടി പരീക്ഷിച്ചു് ആനന്ദഭരിതന്മാരായിരിക്കുന്നവത്രെ. മലയാളികളുടെ സാക്ഷാൽ ചിഹ്നമായ മരുമക്കത്തായക്രമത്തിനുകൂടി, തിരുവിതാംകോട്ട നായർറെഗുലേഷൻ നിമിത്തം, ചാഞ്ചല്യം നേരിട്ടിരിക്കുന്നു. കൊച്ചിയിലും ബ്രിട്ടീഷുമലബാറിലും നായർറെഗുലേഷനെ അനുകരിച്ചു നിയമമുണ്ടാക്കുന്നതിലേക്കു ഭഗീരഥപ്രയത്നങ്ങൾ ചെയ്യുവരുന്നതായും കാണുന്നു. ആചാരങ്ങളെ അഭിന്നരൂപത്തിൽ പരിപാലനം ചെയ്യേണ്ടതു സപക്തവ്യമായി കരുതുന്നവർ, മൻപറഞ്ഞവിധമുള്ള ആരംഭങ്ങൾക്കു പ്രതിവിധിയായി പ്രവർത്തിക്കുന്നതെല്ലാം പരിഷ്കാരത്തിന്റെ തള്ളലിനെ തടുക്കുന്നതിനു തുലോം അപര്യാപ്തമായിരിക്കുന്നു. സമുദ്ധരണത്തിനു നിശ്ചയിച്ച സമുദായഭ്രഷ്ടതയും, പൂർവ്വശിഖാച്ഛേദനത്തിനും സ്നാനകലശാപ്ലുതനത്തിനും വിധിച്ച ക്ഷേത്രവിരോധവും, ആനയെ കാലുമടക്കി മടിച്ചു നിലത്തുവീഴിക്കാൻ ശ്രമിച്ച പാപ്പാന്റെ പ്രവൃത്തിപോലെ നിഷ്ഫലമായിരിക്കുന്നു. പരിഷ്കാരത്തിന്റെ ദുർന്നിവാരമായ ഈ പ്രവേശം, സമുദായാംഗങ്ങളായ സ്ത്രീപുരുഷന്മാർ തമ്മിൽ തന്നേയും, ഒരു മാത്സര്യരസത്തെ അങ്കുരിപ്പിച്ചിട്ടുള്ളതായി തോന്നുന്നു. അനുകരണഭ്രമത്തെപ്പറ്റി "ലക്ഷ്മീഭായി" മാസികയിൽ കണ്ട അസൌമ്യമായ വാദവും, അതിനെപറ്റി കൂസൽകൂടാതെ സപ്തന്ദരീതിയിലുണ്ടായ പ്രതിവാദവും എനിക്കു വളരെ രസകരമായിരുന്നു. ഇപ്രകാരം സമുദായമണ്ഡലം പരിഷ്കാരകല്ലോലശബ്ദംകൊണ്ടു പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ആചാരപരി

ഷ്കാരവിഷയമായ ഈ വിചാരം അപ്രകൃതമാകയില്ലെന്നു വിശ്വസിക്കുന്നു.

ഇവിടെ ആചാരമെന്നാൽ എന്തു് എന്നു ആദ്യമായി നിശ്ചയിക്കേണ്ടിയിരിക്കുന്നു. ഹിന്ദുക്കളായ സ്മൃതികാരന്മാർ സർവ്വോപരി പരിപാലനീയമായി ചൂണ്ടിക്കാണിക്കുന്നതു ധർമ്മത്തെയാകുന്നു. "യതോഭ്യുദയനിശ്ശ്രേയസസിദ്ധിഃസധർമ്മഃ." അതായതു്, യാതൊന്നിൽനിന്നു അഭ്യുദയവും മോക്ഷവും സിദ്ധിക്കുന്നു, അതാകുന്നു ധർമ്മം: എന്നു ഗൌതമൻ പറയുന്നു. പൂർവ്വമീമാംസയിൽ, ആരംഭത്തിൽ രണ്ടാം അധികരണത്തിൽ, ജൈമിനിയും ധർമ്മസൂത്രവചനിർവ്വചനം ചെയ്യുന്നുണ്ടു്: "ചോദനാലക്ഷണോർത്ഥോധർമ്മഃ." എന്നു മീമാംസാകാരൻ ധർമ്മത്തെ നിർവ്വചിക്കുന്നു. വൈദികവിധിയാൽ അനുഷ്ഠേയമായി കല്പിക്കപ്പെട്ടും ഗുണപ്രദമായും ഇരിക്കുന്നതു ധർമ്മം, എന്നു് ഇതിനർത്ഥമാകുന്നു. വേദങ്ങളിൽ വിധിക്കപ്പെട്ടതെല്ലാം ധർമ്മമാകുന്നതല്ല; അങ്ങനെ ആണെങ്കിൽ, ദോഷഹേതുക്കളായ ശ്യേനയാഗാദികളും ധർമ്മമാണെന്നുള്ള വൈഷമ്യം ബാധിക്കുന്നു. അതുപോലെ, ഗുണപ്രദങ്ങളായ എല്ലാ കാര്യങ്ങളും ധർമ്മമാകുന്നതല്ല. അതുകയാൽ, പൂർവ്വോക്തങ്ങളായ രണ്ടു ലക്ഷണങ്ങളും ഏകോപിച്ചിരിക്കുന്നതു മാത്രമേ ധർമ്മമാകയുള്ളു. ഹിന്ദുക്കൾക്കു സർവ്വപ്രധാനമായ ധനം ധർമ്മമാണെന്നു മനുതന്നെ പറഞ്ഞല്ലോ.

"വിദ്യാദദാതിവിനയം,
വിനയാദ്യാതിപാത്രതാം
പാത്രത്വാദ്ധനമാപ്നോതി
ധനാദ്ധർമ്മം തതഃ സുഖം."

എന്ന പ്രസിദ്ധമായ സുഭാഷിതംതന്നെ ഇതിനു് ആധാരമാകുന്നു. "മഹാഭാരതം" സഭാപർവ്വത്തിൽ ശ്രീനാരദൻ യുധിഷ്ഠിരസദസ്സിൽ വന്നശേഷം, ആദ്യമായ കുശലപ്രശ്നം,

"കച്ചിദർത്ഥാശ്ചകല്പന്തേ ധർമ്മേചരമതേമനഃ"

എന്നാകുന്നു. എന്നതന്നെയല്ല, ധർമ്മാനുഷ്ഠാനം ഹിന്ദുവിന്റെ പ്രധാന പുരുഷാർത്ഥമാകുന്നു.

ഇങ്ങനെയിരിക്കുന്ന ധർമ്മത്തിന്റെ മൂലമായി, അതായതു പ്രമാണമായി, സ്മൃതികാരൻ പറയുന്നതു വൈദത്തേയും സ്മൃതിയെയും സദാചാരത്തേയും മാത്രമാകുന്നു.

"ശ്രുതിഃ സ്മൃതിഃ സദാചാരഃ
സ്വസ്യ ചപ്രിയമാത്മനഃ
സമ്യക്സങ്കല്പജഃകാമോ
ധർമ്മമൂലമിദംസ്മൃതം"— എന്നുള്ള

യാജ്ഞവല്ക്യസ്മൃതിവചനം കാണുക.

"വേദോഖിലോധർമ്മമൂലം
സ്മൃതിശീലേചതദ്വിദാം
കൃതാചാരശ്ചൈവസാധൂനാം
ആത്മനസ്തുഷ്ടിരേവച"

എന്ന മനുസ്മൃതിയുമുണ്ടു്. മുൻ ഉദ്ധരിച്ച യാജ്ഞവല്ക്യശ്ലോകപ്രകാരം, ധർമ്മമൂലമായി, ശ്രുതിക്കും സ്മൃതിക്കും സദാചാരത്തിനും പുറമേ, രണ്ടു കൂട്ടം കൂടിയുണ്ടു്. അതിനെയാകുന്നു "സ്വസ്യചപ്രിയമാത്മനഃ" എന്നും, "സാമ്യക്സങ്കല്പജഃകാമഃ" എന്നും ശ്ലോകകർത്താവു പറയുന്നതു്. "സ്വസ്യചപ്രിയമാത്മനഃ" എന്നാൽ: തനിക്കു തന്നേ ഏതു പ്രിയമായി തോന്നുന്നുവോ അതു് എന്നർത്ഥമാകുന്നു. അതായതു്, അവനവന്റെ ഇഷ്ടംതന്നെയും ധർമ്മമൂലമായി വരുന്നതാണു്. എന്നാൽ, അവനവന്റെ ഇഷ്ടംതന്നെ ധർമ്മമൂലമായി വരുന്നതു സാധാ

ണ വികല്പവിഷയങ്ങളിലാണ്. "ഗർഭാഷ്ടമേഷ്ടമേവാബ്ദേ" എന്ന ബ്രാഹ്മണനു ഉപനയനം വിധിച്ചിരിക്കകൊണ്ട്, ഗർഭം തുടങ്ങി എട്ടാമത്തെയോ, ജനനംതുടങ്ങി എട്ടാമത്തേയോ, വഷ്ത്തിൽ അവനവന്റെ ഇഷ്ടപ്രകാരം ഉപനയനം കഴിക്കാവുന്നതാകുന്നു. "സമ്യക്സങ്കല്പജഃകാമഃ" എന്നാൽ: ശാസ്ത്രങ്ങൾക്കു വിരോധംകൂടാതെ അവനവന്റെ മനസ്സുകൊണ്ടു നിശ്ചയിച്ച പ്രവൃത്തിപ്പാൻ ഇച്ഛിക്കുന്നവയാകുന്നു. ഭക്ഷണത്തോടുകൂടിയല്ലാതെ വെള്ളം കുടിക്കാൻ ഒരുവനു് ഇച്ഛയില്ലെങ്കിൽ, അതു മേൽപറഞ്ഞതിനു ഒരുദാഹരണമാകും. ഇതിനെ അനുസരിച്ചു തന്നെയായിരിക്കും,

"സതാംഹിസന്ദേഹപദേഷ്വസൂഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ"-

എന്നു ശാകുന്തളത്തിൽ ദുഷ്യന്തൻ പറയുന്നതും. ഇങ്ങനെ അഞ്ചുകൂട്ടം, ധർമ്മമൂലമായി പറഞ്ഞതിൽ, ഏതെങ്കിലും രണ്ടുതമ്മിൽ പരസ്പരവിരുദ്ധത നേരിട്ടാൽ, പൂവ്വത്തിനു പരത്തിനെക്കാൾ പ്രാബല്യമുണ്ടെന്നുംകൂടി മേല്പടി ശ്ലോകത്തെ വ്യാഖ്യാനിക്കുന്നതിൽ മിതാക്ഷരാകർത്താവായ വിജ്ഞാനേശ്വരയോഗി പറയുന്നു. എങ്ങനെയെന്നാൽ, ശ്രുതിയും സ്മൃതിയും തമ്മിൽ വിഘടിച്ചാൽ ശ്രുതി ജയിക്കും; സ്മൃതിയും സദാചാരവും തമ്മിലുള്ള ഘട്ടനത്തിൽ സദാചാരം തോല്ക്കും; ഇപ്രകാരം ശേഷവും കണ്ടുകൊൾക. ഈ ഉപന്യാസത്തിന്റെ തുടച്ചയിൽ, ഈ ഭാഗത്തെക്കു എനിക്കു ഒന്നുകൂടി തിരിച്ചുവരേണ്ടതുള്ളതുകൊണ്ട്, ഇവിടം ഇതിലധികം വിസ്തരിച്ചിന്നില്ല. മുൻപറഞ്ഞതിൽനിന്നു്, സദാചാരം അഥവാ ആചാരം എന്നതിനു, സ്മൃതികാരന്മാർ നിർദ്ദിഷ്ടമായ സ്ഥാനം എതാണെന്നു വ്യക്തമാകുമെന്നു വിചാരിക്കുന്നു. ധർമ്മത്തിന്റെ പ്രമാണമായി ശ്രുതിസ്മൃതികൾക്കു മാത്രം കീഴ്പെട്ടു നിൽക്കുന്നതാകുന്നു ആചാരം. "ആചാരോനാമലൌകികകർമ്മാശ്രയഃ പുരുഷനിഷ്ഠോയഃസോപകാരസ്യ വിധിഃപ്രതിഷേധോവാ"-എന്നു അപരാർക്കൻ ആചാരത്തെ നിർവ്വചിക്കുന്നു. ലൌകികങ്ങളായ കർമ്മങ്ങളെ ആശ്രയിച്ചിരിക്കുന്നതും ജനങ്ങളുടെ ശ്രേയസ്സിനു ഉപകരിക്കുന്നതും ആയ വിധിയോ നിഷേധമോ ആകുന്നു ആചാരം. ആചാരങ്ങളെപറ്റി സ്മൃതികാരന്മാർക്കും, പൊതുവിൽ ഹിന്ദുക്കൾക്കും, ഉള്ള ആദരം അസാമാന്യമാകുന്നു.

"ആചാരാല്ലഭതേഹ്യായു
രാചാരാദീപ്സിതാഃ പ്രജാഃ
ആചാരാദ്ധനമക്ഷയ്യ
മാചാരോഹന്ത്യ ലക്ഷണം
ദുരാചാരോഹി പുരുഷോ
ലോകേ ഭവതി നിന്ദിതഃ
ദുഃഖഭാഗീച സതതം
വ്യാധിതോല്പായുരേവച
സർവ്വലക്ഷണഹീനോപി
സർവ്വദാ ചാരവാന്നരഃ
ശ്രദ്ദധാനോനസൂയശ്ച
ശതം വർഷാണി ജീവതി"- എന്നു മനുസ്മൃതിയിലും;

"ആചാരാദാപ്യതേയാദായു
രാചാരാദീപ്സിതാം ഗതിം
ആചാരാദ്ധീയമക്ഷയ്യാം
ആചാരാച്ചകുലേജ്യത്വം
സർവ്വലക്ഷണഹീനോപി
സദാചാരം സമാശ്രിതഃ
ശ്രദ്ധധാനോനസൂയശ്ച
ജീവേദ്വർഷശതം സമാഃ"- എന്നു മനുവിന്റെ ആശയത്തെത്തന്നെ, ത്രൈവർണ്ണ

രപ്പെട്ടത്തി ശാകുന്തളത്തിലും ആചാര പ്രശംസ ചെയ്തിരിക്കുന്നതു നോക്കുക. പുരാതനഭാരതവഷ്ത്തിൽ, ആചാരപരിപാലനം രാജാക്കന്മാരുടെ പ്രധാനകൃത്യമായിരുന്നു. മൻപറഞ്ഞ നാരദയുധിഷ്ഠിരസംവാദത്തിൽ മുൻ ഉദ്ധരിച്ച ഭാഗത്തെ തുടർന്നു നാരദൻ ചോദിക്കുന്നു:

"കച്ചിദാചരിതാംപൂർവ്വൈ
ർന്നരദേവപിതാമഹൈഃ
വർത്തസേവൃത്തിമക്ഷുദ്രാം
ധർമ്മാത്മസഹിതാംത്വയി."

അതായതു്, ധർമ്മാത്മകാമങ്ങളിൽ അങ്ങു പൂർവ്വികന്മാരുടെ നടപടിയെത്തന്നെ അടിസ്ഥാനപ്പെടുത്തിയാണല്ലൊ നടന്നുവരുന്നതു്, എന്നു താൽപര്യം.

"രേഖാമത്രമപിക്ഷുണ്ണാ
ദാമനോർവ്വർത്മനഃ പരം
നവ്യതീയഃപ്രജാസ്വസ്യ
നിയന്തുർന്നേമിവൃത്തയഃ."

എന്നു കാളിദാസൻ രഘുവംശരാജാക്കന്മാരേ സ്തുതിക്കുന്നു. മറൊരുരാജ്യം തനിക്കു വശപ്പെട്ടാൽ പോലും, ആ രാജ്യത്തിലെ ആചാരത്തെയും വ്യവഹാരത്തെയും കലസ്ഥിതിയെയും രാജാവു അതേനിലയിൽ പരിപാലനം ചെയ്യണമെന്നു യാജ്ഞവല്ക്യൻ സിദ്ധാന്തിക്കുന്നു. എങ്ങനെ എന്നാൽ:

"യസ്മിൻദേശേയആചാരൊ
വ്യവഹാരഃ കുലസ്ഥിതിഃ
തഥൈവപരിപാല്യോസൌ
യദാവശമുപാഗതഃ."

രാജാക്കന്മാർ ആചാരപരിപാലനം ചെയ്യണമെന്നു സ്മൃതികർത്താക്കൾ വിധിച്ചിരിക്കുന്നതു കേവലം സാന്മാർഗ്ഗികമായ ഒരു ഉപദേശം മാത്രമായിട്ടല്ല. ആചാരഭംഗം രാജാവിനു ശൌനിക്കാതിരിക്കാൻ തക്കമില്ലാത്തനിലയായിരുന്നു എന്നു സ്മൃതികളിൽനിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

"സ്വധർമ്മാചാരവ്യുപേതേന
മന്ത്രിണാധഷ്ഠിതഃ പരൈഃ
ആവേദയതിചേദ്രാജ്ഞേ
വ്യവഹാരപദംഹിതൽ."

അതായതു്, സ്വധർമ്മാചാരങ്ങളെ വിട്ടുള്ള വിധത്തിൽ അന്യന്മാരാൽ ഉപദ്രവിക്കപ്പെട്ടവൻ, ആ സംഗതി രാജാവിനെ ധരിപ്പിക്കുന്നതായാൽ, അതു വ്യവഹാരമായിത്തീരുന്നു, എന്നു യാജ്ഞവല്ക്യൻ പറയുന്നു. ഇപ്പോൾ വക്കീലന്മാർ പറയുംപോലേ പറയുക എന്നുവെച്ചാൽ: ആചാരവിരോധമായ ഉപദ്രവം വ്യവഹാരകാരണമാകുന്നു. രണ്ടുകക്ഷികൾ തമ്മിൽ കേസുണ്ടായാൽ, രാജാവിന് ഒരുവിധത്തിൽ വിധിക്കാതേ കഴിക്കാൻ തരമില്ലല്ലൊ. പ്രകൃതത്തിൽ, രാജശബ്ദംകൊണ്ടു്, രാജാവിനാൽ നിയുക്തന്മാരായ ജഡ്ജിമാർ മുതലായവർകൂടി ഗ്രഹിക്കപ്പെടുന്നുണ്ടെന്നുകൂടി പറഞ്ഞില്ലെങ്കിൽ, തജ്ജ്ഞർ ശരിയായിട്ടില്ലെന്നു ഒരു അപവാദത്തിനു വകയുണ്ടു്. ഇതുകൊണ്ടു ഗ്രഹിക്കേണ്ടതു്, ആചാരങ്ങളിൽ ചിലതെങ്കിലും നാം ഇപ്പോൾ നിയമങ്ങളായി ഗണിക്കുന്ന വ്യവസ്ഥകളേപ്പോലേ പ്രബലവും; അവയുടെ ഭംഗം ഇപ്പോൾ നിയമാതിലംഘനംപോലെ ശിക്ഷാർഹവും, ആയി പൂർവ്വകാലത്തു വിചാരിച്ചുപോന്നിരുന്നു എന്നാകുന്നു. (തുടരും)

—ചി കെ. നാരായണപിള്ള.

കോട്ടയം.

യുദ്ധവും മലയാളവും.

യൂറപ്യൻമഹായുദ്ധം നിമിത്തം ലോകകാര്യങ്ങൾക്ക് ആകപ്പാടേ ഒരു ഭേദഗതി ഉണ്ടാവുന്നുണ്ടെന്നാകുന്നു, പരക്കെ വിശ്വസിക്കപ്പെട്ടിരിക്കുന്നതു. ആക്കൂട്ടത്തിൽ, മലയാളത്തിനും ബാധകമായ ചില സംഗതികളും ഉണ്ടായിട്ടുണ്ടെന്നു നമ്മളും അനുഭവത്താൽ അറിയുന്നുണ്ട്. ലാഭനഷ്ടങ്ങളുടെ ഏറ്റക്കുറച്ചിലുകളും അറുകണക്കാക്കിപ്പറവാൻ ഇനിയും കാലമായ് ട്ടില്ല, എങ്കിലും, മലയാളത്തിൽ മുന്നാട്ടുകളുമായിട്ടുള്ള വാണിജ്യത്തിന്റെ കായ്ക്കുത്തിൽ വളരെ നഷ്ടമുണ്ടായിട്ടുണ്ടെന്നുള്ള ലക്ഷ്യങ്ങളും കണ്ടിരിക്കുന്നു. എന്നാൽ, കച്ചവടവ്യാപാരത്തിൽ നഷ്ടമാണെങ്കിൽ, മലയാളഭാഷാവ്യാപാരത്തിൽ നഷ്ടമല്ല, ലാഭമാകുന്നു, യുദ്ധത്താൽ ഉണ്ടായിരിക്കുന്ന ഫലം. ഏതു ജനസമൂഹത്തിലും പുതിയ സംഭവങ്ങളെ അനുഗമിച്ചുകൊണ്ടു്, ഭാഷയിൽ വിശേഷങ്ങളും ഉണ്ടാവുന്നതിനുള്ളതന്നെ, ഈ യുദ്ധം ഹേതുവായി മലയാളികളുടെ ഭാഷയിലും ചില വിശേഷങ്ങളും സംഭവിച്ചിട്ടുണ്ടു്: മുന്നാടൻഭാഷകളിൽ നിന്നു് ചില പദങ്ങളും കൈക്കൊണ്ടതായിട്ടും; സ്വഭാഷാപദങ്ങളെ കൂട്ടിച്ചേർത്തുതന്നെ ചില പുതിയ വാക്കുകളും സൃഷ്ടിച്ചതായിട്ടും; ചില പദങ്ങൾക്കു പുതിയ അർത്ഥത്തിൽ പ്രയോഗം നൽകിയതായിട്ടും; സാധാരണയായി ഉപയോഗിക്കാതെ വിട്ടിട്ടുള്ള ചില പദങ്ങൾക്കു പ്രയോഗപ്രാചുര്യം ലഭിച്ചതായിട്ടും— ഇങ്ങനെ നാനാപ്രകാരത്തിൽ ഭാഷയ്ക്കു് ഒരു പുതുമ ഉണ്ടായിട്ടുണ്ടു്.

വൃത്താന്തപത്രപ്രവർത്തകന്മാരാകുന്നു, ഭാഷയുടെ ഈ ഗതിവിശേഷത്തെ തടഞ്ഞിച്ചിട്ടുള്ളവർ, എന്നല്ല, ഇപ്പോഴും തടഞ്ഞിക്കുന്നവർ. വർത്തമാനപത്രങ്ങളും നടപ്പാവും മുമ്പുള്ള കാലങ്ങളിൽ, ഭാഷാപരിഷ്കാരം ഏറെക്കുറെ ഗ്രന്ഥകർത്താക്കന്മാരെ ആശ്രയിച്ചിരുന്നു. മലയാളഭാഷയുടെ വളർച്ചയിൽ, ഓരോരോ കാലങ്ങളിൽ ഇതരജനസമുദായങ്ങളുടെ സമ്പർക്കത്താൽ ഉണ്ടായിട്ടുള്ള ഭാവഭേദങ്ങളെ തള്ളിനോക്കുന്നതാണെങ്കിൽ, പദ്യഗദ്യകർത്താക്കന്മാർ വഴിയായിട്ടാകുന്നു, ഭാഷയ്ക്കു പ്രകാരഭേദങ്ങളും ഉണ്ടായിട്ടുള്ളതെന്നു സ്പഷ്ടമായി കാണാം. എന്നാൽ ആ വഴിയായിട്ടുള്ള പരിഷ്കാരമെല്ലാം എത്രയോ വളരെക്കാലം കൊണ്ടു മന്ദംമന്ദമായിട്ടേ സിദ്ധിച്ചിട്ടുള്ളൂ. മലയാളത്തിൽ വൃത്താന്തപത്രങ്ങളുടെ ആവിർഭാവത്തിനു പിമ്പു— നിശ്ചയമായും പത്തുമുപ്പതുകൊല്ലത്തിന്നിപ്പുറമായി— ഭാഷയ്ക്കുണ്ടായിട്ടുള്ള പരിഷ്കാരം മുമ്പത്തെതിനെ അപേക്ഷിച്ചു് വളരെ ശീഘ്രഗതിയിലാകുന്നു, നടന്നിട്ടുള്ളതെന്നു് അന്നത്തെയും ഇന്നത്തെയും ഭാഷയുടെ നിലകളെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ വെളിവാകും. വസ്തുത ഇങ്ങനെയാണു്: ഗ്രന്ഥകർത്താക്കന്മാർക്കു് പ്രതിപാദ്യവിഷയങ്ങളെ ഏതേതുവാക്കുകൾ കൊണ്ടു പ്രകാശിപ്പിക്കേണമെന്നുള്ള ആലോചിപ്പാനും, പുനരാലോചിപ്പാനും, പുനഃപുനരാലോചിപ്പാനും സമയവും സൗകര്യവും ഉണ്ടു; അതിനാൽ അവർ സാവധാനമായിട്ടേ സാഹിത്യപരിശ്രമം നടത്തു

ന്നുള്ള. വൃത്താന്തപത്രക്കാരന്നാകട്ടെ, സമയവും സൗകര്യവും ചുരുങ്ങും: ലോകത്തിലെവിടെയും ദിനംപ്രതി നടക്കുന്ന സംഭവങ്ങളെപ്പറ്റി നിശ്ചിതകാലങ്ങളിൽ ഉപന്യാസംചെയ്ത് അച്ചടിച്ചു പുറത്താക്കുവാൻ നിബ്ബന്ധമായ വ്യവസ്ഥ ചെയ്തുകൊണ്ട്, മറുനാടുകളിലെ മറുഭാഷകളിലുള്ള പത്രങ്ങൾ വായിച്ചും മറ്റുമാർഗ്ഗങ്ങളിലും, ഓരോരോ പുതിയ സംഗതികൾ ഗ്രഹിക്കുമ്പോൾ, അവയെ തത്സമയം തോന്നുന്ന പദങ്ങൾകൊണ്ടു "തട്ടിമിന്നിക്കു"വാനല്ലാതെ, പദാർത്ഥനിർണ്ണയം വരുത്തി സർവ്വസമ്മതമായിത്തീരുന്ന പദം ലഭിക്കുന്നതുവരെ 'വർത്തമാനം' വച്ചുപഴയതാക്കിക്കളുവാൻ പത്രപ്രസാധകന്മാർക്കു മനസ്സുവരുകയില്ല. അതിനാൽ, അവർ തങ്ങടെ സാഹിത്യപരിശ്രമത്തെ ദ്രുതഗതിയിൽ നടത്തുന്നു. എന്നാൽ, ഭാഷയെ കൈകാര്യംചെയ്യുന്ന വിഷയത്തിൽ, പാരയത്തക്ക സാമർത്ഥ്യമൊട്ടും നേടീട്ടില്ലാത്തവരായാൽ, അത്തരക്കാർക്കുണ്ടാകാവുന്ന പദദൗർല്ലഭ്യക്ലേശം അല്പമായിരിക്കയില്ല തന്നെ. സാധാരണമായി, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ പത്രം നടത്തുന്നവർക്കില്ലാത്തതായ ഒരു മഹാസങ്കടം മലയാളപത്രക്കാരനുണ്ട്: ഇംഗ്ലീഷിൽ 'സൈക്ലോപീഡിയാ' (Cyclopoedia) എന്നു പറയുന്ന ശബ്ദഭാണ്ഡാഗാരങ്ങൾ മലയാളത്തിലില്ല. ഇങ്ങോരോന്നു, ശബ്ദനിർണ്ണയം ചെയ്വാൻ ഉതകുന്ന നിഘണ്ടുപോലും, അവശ്യത്തിനു തക്കതായിട്ടില്ല. 'ഇംഗ്ലീഷുമലയാളനിഘണ്ടു'ക്കളായും, മാറും, ചില ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും, അവ ഝടതിനോട്ടത്തിന് ഉതകുന്നവയോ, എല്ലാ പദങ്ങൾക്കും തുല്യാർത്ഥശബ്ദങ്ങൾ ചേർത്തിയവയോ അല്ല; സാങ്കേതികപദങ്ങളോ, ദുർലഭം. ആണ്ടാനും. പിന്നെ, ഉള്ള പദങ്ങൾക്കു തന്നെയും, അർത്ഥം ശരിയല്ലാതെ എഴുതീട്ടുള്ളതാണ് വലിയോരനർത്ഥം. ഇങ്ങനെയുള്ള വൈഷമ്യത്തിൽ പെടുമ്പോൾ, മലയാളപത്രക്കാരൻ തൽകാലം തോന്നുന്ന പദങ്ങളെ വച്ച് 'തട്ടിമൂളി'ക്കുന്നതിനെപ്പറ്റി അവനെ കുറപ്പെടുത്തുവാൻ അവകാശമില്ല. എന്നാൽ മലയാളത്തിൽ വാക്കുകളുണ്ടാക്കുമ്പോൾ, 'നിശ്ചയം'വിനെ 'റെസ്സലൂഷൻ പാസ്സാക്കി'യും; 'പരീക്ഷ ജയിച്ച'വിനെ 'എക്സാമിനേഷൻ പാസ്സാ'ക്കിയും; പരീക്ഷാഫലത്തെ 'റിസൾട്ട്' ആക്കിയും; 'സമ്മതിച്ച'വിനെ 'എസ്സ് മൂളി'യാക്കിയും എഴുതിപ്പിടിപ്പിച്ചു, പത്രങ്ങളുടെ ഒരാറാം തുടങ്ങി മറേറ അറാറംവരെ, ഒരുവക 'നപുംസകഭാഷ' വാരിവിതറുന്നതു് അപരാധം തന്നെയാണു്. അതല്ലാതെ, 'സൈപ്പ്ലിൻ', 'ഡിറിജിബിൾ', എന്നിങ്ങിനെ സാങ്കേതികശബ്ദങ്ങളെ അതേവിധം പ്രയോഗിക്കുന്നതു അപരാധമാകയില്ല. എന്നാലും പുതിയ ആശയങ്ങളുടെ പ്രചാരത്തിൽ, സ്വഭാഷയ്ക്കിണങ്ങുന്ന പദങ്ങളെ നിർമ്മിച്ചു പ്രയോഗിക്കാമെങ്കിൽ അങ്ങനെ ചെയ്യുന്നതാണ് ഉത്തമം. പക്ഷേ, ഈ ശബ്ദനിർമ്മാണം എല്ലാവർക്കും, എപ്പോഴും, സാധ്യമായി എന്നു വരുകയില്ലായിരിക്കാം. ആ ദുർഘടാവസ്ഥയിൽ, പദനിർമ്മാണം ചെയ്വാൻ ധാടിയില്ലാത്തവർ മറുള്ളവരുടെ പ്രയോഗങ്ങളെ നോക്കി ഔചിത്യംപോലെ സ്വീകരിക്കയാണ് ചെയ്വാനുള്ളതു; ചെയ്യേണ്ടതും അങ്ങനെതന്നെയാണ്. എന്റെ അനുഭവം പറയുന്നതായാൽ, പതിനഞ്ചുകൊല്ലത്തിനു മേലായി, പത്രപ്രസാധനവൃത്തിയിൽ ഇരുന്നു നിര

ന്തരം എഴുതേണ്ടിവന്ന പല വിഷയങ്ങളെയും സംബന്ധിച്ച പുതിയ പദങ്ങൾ അനേകം നിർമ്മിച്ചുപയോഗപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. ആ വക പദങ്ങൾ പലതും— അത്ഭുതപ്പെടാൻ മതിയാവാത്ത ചിലതും കൂടി — മറ്റു ചില പത്രങ്ങളിൽ അംഗീകരിച്ചിട്ടുള്ളതായി ഞാൻ കണ്ടിട്ടുണ്ട്; ചില പദങ്ങളുടെ നിർമ്മാതാവാരെന്നറിയാതെതന്നെ, പലരും നിത്യം പ്രയോഗിക്കയാൽ, അവയ്ക്ക് പ്രചാരപ്രാചുര്യവും സിദ്ധിച്ചിട്ടുണ്ട്. ഈ പദങ്ങളുടെ ആവിർഭാവചരിതം അന്വേഷിച്ചാൽ, കൗതുകകരമായ പല സംഗതികളും വെളിവിലാകും; ഇവ, അതാതവസരങ്ങളിൽ പ്രബലമായി തള്ളിക്കയറിവന്ന ചില പുതിയ ആശയങ്ങളെ പ്രകടീകരിപ്പാനായി ചെയ്ത മനോധർമ്മത്തിന്റെ ഫലമാണെന്നുള്ള മാത്രം ഇവിടെ സംഗ്രഹിക്കുന്നു.

ഇപ്പോഴത്തെ യുദ്ധവും മലയാളപത്രക്കാരുടെ പദനിർദ്ദേശക്ലേശത്തെ നല്ലവണ്ണം പ്രകാശിപ്പിച്ചിട്ടുണ്ട്. സാങ്കേതികശബ്ദങ്ങളിലെന്നു വേണ്ടാ, സാമാന്യസംഗതികളെ സംബന്ധിച്ച പദങ്ങളുടെ കാര്യത്തിൽ കൂടിയും, പത്രപ്രസാധകന്മാർ വൈഷമ്യം അനുഭവിക്കുന്നതായി കണ്ടിരിക്കുന്നു. പദക്ലേശം നേരിട്ടുന്നാൾ, മലയാളത്തിൽ സുലഭമാകുമോ എന്നു ഗണിക്കാതെ, 'മുട്ടാശാന്തിക്ക് ഇംഗ്ലീഷും മലയാളവും ചേർത്തു സമസ്തകിയകളുണ്ടാക്കി "ടൊർപ്പീഡോ ചെയ്ത" (Torpedoed) എന്ന വിധത്തിൽ പ്രയോഗിപ്പാനുകൂടി, ഇവരിൽ ചിലർക്കു കുശലില്ല. പത്രഭാഷയിൽ പ്രവേശം ലഭിക്കും മുമ്പുതന്നെ, ഇങ്ങിനെയുള്ള വികൃതപ്രയോഗങ്ങൾ ഇംഗ്ലീഷ് പഠിച്ച മലയാളികളുടെ സംഭാഷണത്തിൽ സച്ഛന്ദമായി വിഹരിച്ചുതുടങ്ങീട്ടുണ്ട്: 'നോട്ടുചെയ്യ്', 'മാർക്ക്ചെയ്യ്', 'പ്രിസൈഡ് ചെയ്യണം', 'ഡ്രൈസ്ചെയ്യുവരട്ടെ'— എന്നിങ്ങനെ എത്രയോ മിശ്രജാതങ്ങളായ വാക്കുകൾ ദിവസേനയും കേൾക്കാം. പ്രസ്താവത്തിലിരിക്കുന്ന യുദ്ധവിഷയത്തെ സംബന്ധിച്ചതന്നെ, പലേ സങ്കരജാതിപദങ്ങളും മലയാളികളുടെയിടയിൽ കടന്നിട്ടുണ്ട്. പണ്ടൊക്കാലത്തു്, മലയാളികളുടെ പടനിലത്തിൽ "നീലാക്കരടി" (Kneel on, Make ready), "തില്ലേരി" (Artillery) "റൈറിപ്പാട്ടേൻ" (Right about turn)- മുതലായവ ഉണ്ടായിരുന്നില്ല. ഇവയൊക്കെ ഇംഗ്ലീഷുകാരുടെ യുദ്ധപരിശീലനവ്യവസ്ഥയിൽനിന്നു നമ്മൾക്കു ലഭിച്ചതാണ്. ഇതിനുംമുമ്പ്, മുഹമ്മദീയരിൽനിന്നു സുബേദാർ, ഹവിൽദാർ, ജമേദാർ, ഉമ്മദാർ മുതലായ ചില പട്ടാളപ്പേരുകളും മലയാളത്തിൽ കടന്നിട്ടുണ്ട്: അവയെ അധികം ആദരിക്കേണ്ടതുമുണ്ട്. എന്നാൽ, ഇംഗ്ലീഷുകാരുടെ 'കമാണ്ടർ', 'ക്യാപ്റ്റൻ', 'കമ്പനി' (മലയാളത്തിൽ കപ്പിണി, കൊമ്പഞ്ഞി എന്നിങ്ങിനെ വികൃതി), 'ടപ്പ്' (മലയാളത്തിൽ തുരുപ്പ്, തുരുപ്പി എന്നിങ്ങനെ വികൃതി) മുതലായ പദങ്ങളും സംഭാഷണത്തിലും, ചിലതു് അപൂർവ്വമായി ഗ്രന്ഥങ്ങളിലും നടക്കാറുണ്ടെങ്കിലും, ഇവയ്ക്കൊക്കെ പ്രചാരം അധികവും പട്ടാളക്കപ്പിനുള്ളിലാണെന്നുള്ളതിൽ പുറമെ, ഇവയെ മുമ്പുണ്ടായിരുന്ന സുബേദാർ മുതലായ പദങ്ങളോടൊപ്പം ആദരിക്കാറില്ല എന്നാണു കണ്ടുവരുന്നതു്. അതിലധികം ആനാദരമാകുന്നു, ഇപ്പോഴത്തെ 'ടൊർപ്പീഡോചെയ്ത'തിനും, 'ബെയനറ്റ്സമര'

ത്തിനും, 'കോർട്ട്മാർഷ്യൽചെയ്'ലിനും, 'ബോംബുപ്രയോഗ'ത്തിനും, 'മെഷീൻ തോക്കി'നും, 'മൈനി'നും, 'ഉദ്യോഗസ്ഥ സ്റ്റേറ്റുമെണ്ടി'നും, മറ്റുംനൽകണ്ടതെങ്കിലും, പത്രപ്രസാധകന്മാർ ഈമാതിരിപ്രയോഗങ്ങളിൽ നിരങ്കുശന്മാരായിത്തന്നെയിരിക്കണം. പദങ്ങളുടെ അപേക്ഷ, അത്ഥത്തെ പ്രകാശിപ്പിക്കാൻ ആകണം എന്നിരിക്കെ, ഇംഗ്ലീഷ് അറിയാത്ത മലയാളപത്രവായനക്കാരനെ മേലെടുത്തുകാണിച്ചമാതിരിപ്രയോഗങ്ങൾകൊണ്ടു എങ്ങിനെയാണ അത്ഥഗ്രഹമുണ്ടായ്കുക? ഇംഗ്ലീഷിൽതന്നെയും (Torpedoing, Submarining, gassing) എന്നീ മാതിരി ക്രിയാപദങ്ങൾ വളരെ അടുത്തകാലത്തുണ്ടായിട്ടുള്ള— ചിലത് ഈ യുദ്ധകാലത്തിലിടയ്ക്കുണ്ടായിട്ടുള്ള— പ്രയോഗങ്ങളാണ്. ആ രീതിയിൽ മലയാളത്തിലും പ്രയോഗിക്കുന്നതു യോഗ്യമല്ല. ഇംഗ്ലീഷുകാരുടെയിടയിൽ, ഒരു സാമാന്യനെ പ്രഭുവാക്കുവാനും, അന്യവർഗ്ഗക്കാരനെ കൂട്ടിനടത്തുവാനും, അന്യവർഗ്ഗക്കാരന് ഇംഗ്ലീഷ്കാരിയെ വിവാഹംചെയ്യാനുംകൂടി, പ്രയാസമില്ല; അതിൽ അവക്ക് വൈമുഖ്യവുമില്ല; ആ പരസഹിഷ്ണുത അവരുടെ ഭാഷയിലും കാണാം. എന്നാൽ, മലയാളി അങ്ങിനെയല്ല; മലയാളിയുടെ ഭാഷയും അങ്ങിനെയല്ല. സമുദായകാര്യത്തിലെന്നപോലെ, ഭാഷാകാര്യത്തിലും നടവടികളുടെ സമ്പ്രദായം ഭിന്നമായിരിക്കെ, എല്ലാ വിഷയത്തിലും ഇംഗ്ലീഷുകാരെ അനുകരിക്കാമെന്ന് വിചാരിക്കുന്നതു വിഹിതമല്ല.

ഈ സന്ദർഭത്തിൽ, സാങ്കേതികശബ്ദങ്ങളെക്കുറിച്ചു സല്പം വിശദം ചെയ്യേണ്ടിയിരിക്കുന്നു. ഇംഗ്ലീഷിൽ കാണുന്ന പദങ്ങളെ തത്സമമായിട്ടതന്നെ മലയാളത്തിൽ സ്വീകരിക്കയോ വേണ്ടതു? അതല്ല, പകരം പുതിയ പദങ്ങൾ പ്രയോഗിക്കയോ? എതാണ യുക്തമെന്ന ഒരു പ്രശ്നം നടക്കുന്നുണ്ട്. മലയാളവ്യാകരണനിയമങ്ങൾക്കനുസരിച്ച് ലിംഗവചനവിഭക്ത്യാദിരൂപഭേദങ്ങൾക്ക് ഇണക്കമായിരിക്കാവുന്ന പദങ്ങളെ സ്വീകരിക്കുന്നതിൽ വിരോധം പറവാനില്ലെങ്കിലും, കഴിയുള്ളേടത്തോളം മറുനാടൻവാക്കുകളെ വർജ്ജിക്കുതന്നെയാണ ഉത്തമം. അതിനാലാകുന്നു, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിൽ നിന്നു പദങ്ങൾ ഗ്രഹിച്ച് സാങ്കേതികശബ്ദങ്ങളെ നിർമ്മിക്കുക എന്ന സമ്പ്രദായം അധികം ആദരണീയമായി കരുതിയിരിക്കുന്നത്. എന്നാൽ പുതിയ പദങ്ങൾ നിർമ്മിക്കുന്നവർ, മൂലപദങ്ങളുടെ ധാതുക്കളെ തേടിപ്പിടിച്ചിട്ടോ, അത്ഥത്തെ പ്രകാശിപ്പിക്കാൻ ഉദ്ദേശിച്ചിട്ടോ, ചെയ്യുന്ന ചില സൃഷ്ടികൾ കൃത്രിമങ്ങളായിത്തീരാറുണ്ട്; ബീഭത്സമായും ഇരിക്കാറുണ്ട്. (Mountain pass) എന്നതിന് 'ഗിരിദ്വാരം' എന്നു തർജ്ജമ ചെയ്യാമായിരിക്കെ, 'ഗിരിയെ' 'മല'യാക്കി 'മലദ്വാരം' എന്നു കുറിപ്പാൻ— പ്രമാദത്താലായിരിക്കാം— ഒരു ഭൂവിവരണഗ്രന്ഥത്തിൽ എഴുതിയതു എനിക്ക് കാണ്മാനിടയുണ്ടായി. മദിരാശി ടെക്സ്റ്റ് ബുക്ക് കമ്മിറ്റിക്കാർ അംഗീകരിച്ച് മലബാറിലെങ്ങും നടപ്പാക്കീട്ടുള്ള ചില പുസ്തകങ്ങളിൽ ഇത്തരം കൃത്രിമരൂപങ്ങൾ ധാരാളം കാണാം. ഭിന്നസംഖ്യയ്ക്ക് (Fraction) 'ഭിന്നിതം' എന്നൊരു കസ്മലി നടപ്പായിരിക്കുന്നു; (Numerator) എന്ന 'അംശ'ത്തിന് 'എണ്ണുന്നാരി' —(എണ്ണുന്നയും പേറി നടക്കുന്ന ആളല്ല)—എന്നും; (Denominator) എന്ന 'ഛേ

ള'ത്തിനു നോമധാരി' എന്നും തർജ്ജമ കൊടുത്തിരിക്കുന്നു. സാമാന്യഭിന്നസംഖ്യ (Vulgar Fraction) യിൽ 'സമഭിന്നസംഖ്യ' എന്ന Proper-നു 'ക്രമഭിന്നിതം' എന്നും; 'വിഷമം' എന്ന Improper-നു 'അക്രമഭിന്നിതം' എന്നും പേർ നൽകിയിരിക്കുന്നു. ഇങ്ങനെ ഇനിയും വളരെ ഉണ്ട്. Divisor എന്നതിനെ പുല്ലിംഗപദമാക്കി 'ഹാരകൻ' എന്നും; അതുപോലെ Multiplier 'ഗുണകാരകൻ' എന്നും; 'സൗരയൂഥം' അതായിത് (Solar System) 'സൂര്യനിബദ്ധനഗ്രഹമണ്ഡലം' എന്നും മറ്റും പ്രയോഗിക്കുന്നതു 'തസ്യാന്തരേന്യസ്ത'ത്തിനും, 'ഇച്ഛ്യൻ' എന്നതിനും 'ക്രിയാന്യൻ'എന്നതിനും ചേർച്ചയായിരിക്കുന്നുണ്ടെങ്കിലും, മലയാളത്തിൽ ഉത്തമഭാഷയാകയില്ല. ഇങ്ങിനെയുള്ള വികൃതസൃഷ്ടികളെ കണ്ടിട്ടായിരിക്കാം, സാങ്കേതികസംജ്ഞകളും ഇംഗ്ലീഷിൽതന്നെ ആയിരുന്നുകൊള്ളട്ടെ എന്നു ചിലർക്കു തോന്നിപ്പോകുന്നതു്. സംസ്കൃതപദങ്ങളെയോ മലയാളവാക്കുകളെത്തന്നെയോ സുബന്ധമായി കൂട്ടിച്ചേർത്തു സാങ്കേതികസംജ്ഞകളും എഴുതിയാൽ, അവ കഠിനപദങ്ങളാണെന്നു പറഞ്ഞു കൊണ്ടു ശാസ്ത്രഗ്രന്ഥത്തെ നിശ്ശേഷം നിരാകരിപ്പാനും, നേരേമറിച്ചു്, അബദ്ധപദങ്ങൾകൊണ്ടു നിറച്ചും മേൽകാണിച്ച മാതിരി വികൃതത്രുടങ്ങളും ധാരാളം പ്രയോഗിച്ചും എഴുതുന്ന ഗ്രന്ഥങ്ങളെ അംഗീകരിപ്പാനും പാഠ്യപുസ്തകപരിശോധകന്മാർ തുടക്കമായിരിക്കുന്ന കാലത്രയും ഇങ്ങനെയുള്ള ഭാഷാഗോഷ്ഠികളും വിദ്വജ്ജനമനസ്സുല്യങ്ങളായി ഉപയോഗിച്ചുകൊണ്ടു തന്നെയിരിക്കും. എന്നാൽ, സഭാഷാപദങ്ങളെ പുതിയരീതിയിൽ കൂട്ടിച്ചേർത്തിട്ടോ, പുതിയ അർത്ഥത്തിൽ, അഥവാ നിഷ്പ്രയോജനമായ അർത്ഥത്തിൽ പ്രയോഗിച്ചിട്ടോ സാങ്കേതികപദാപേക്ഷയെ സാധിക്കുകയാണു് ഇംഗ്ലീഷ് പദങ്ങളെയും മേൽകാണിച്ച മാതിരി കസ്പൂളികളെയും സ്വീകരിക്കുകയെക്കാൾ നല്ലതു്. ഇംഗ്ലീഷ് പദങ്ങൾ, ആ ഭാഷ പഠിച്ചവർക്കു സുകരമായിരിക്കാം; അല്ലാത്തവർക്കു സഭാഷാപദങ്ങളായാൽ, പരിചയത്തിനും പരിശീലനത്തിനും അധികം യോഗ്യമായിരിക്കും. അപൂർവ്വം ചില സന്ദർഭങ്ങളിൽ, സംജ്ഞാനാമങ്ങളോടു സംബന്ധിച്ച പദങ്ങളിലും, അതിനപ്പുറം മറ്റു ചില സംഗതികളിലും, ഇംഗ്ലീഷ് സാങ്കേതികശബ്ദങ്ങളെ സ്വീകരിക്കേണ്ടിവരുമ്പോൾ കൂടിയും, അവയ്ക്കു മലയാളവേഷം നല്കുകയായിരിക്കും ഉചിതം. (Alabaster) അലബാസ്റ്റരം; (Artesian Well) ആർത്തീഷ്ക്കൂപം; (Rontgen Ray) രഞ്ജനരശ്മി; (Mesmerism) മാസ്മരവിദ്യ; (Iridium) രിദ്യം; (Sodium) സോദ്യം; (Beet root) ബൈത്താവേർ; (Mapple tree) മാപ്പിൾവൃക്ഷം — ഈ വിധത്തിലുള്ള വികാരം സ്വീകാര്യമല്ലെന്നു തോന്നുവാൻ കാരണം കാണുന്നില്ല. ഇങ്ങനെയല്ലാതെ, ഭൂമിയുടെ 'ഭ്രമണ'ത്തിനു 'റൊട്ടേഷൻ' (Rotation) എന്നും; രക്തപരിവാഹത്തിനു 'ബ്ലഡ്സർക്കുലേഷൻ' (Blood Circulation) എന്നും; ആവിക്കപ്പലിനു 'സ്റ്റിമർ' (Steamer) എന്നും മറ്റും പ്രയോഗിച്ചുതുടങ്ങിയാൽ, മലയാളം ഭയങ്കരമാംവണ്ണം വ്യാമിശ്രമായിത്തീരുകയേ ഉള്ളൂ. മലയാളികൾ എഴുമ്പോഴും സംസാരിക്കുമ്പോഴും ഉപയോഗിക്കുന്നൊടത്തോളം ഇംഗ്ലീഷ് വാക്കുകൾ തമിഴർ സ്വീകരിക്കാറില്ലെന്നു കേരകൊല്ലംമുമ്പു് തിരുവിതാംകൂറിൽ കുറെ നിലധികം ഉയ

ന്ന സക്കാരുദ്യോഗങ്ങളിലിരുന്നിട്ടുള്ള ഒരു തമിഴ്വിദ്വാൻ അനുശോചിച്ചു പറഞ്ഞിരുന്നു. മലയാളികൾക്കു സ്വഭാഷയെപ്പറ്റി അഭിമാനം ചുരുങ്ങിവരുന്നു എന്നായിരുന്നു അദ്ദേഹം സൂചിപ്പിച്ചത്. സ്വഭാഷാപദങ്ങളെ അന്വേഷിച്ചു ഗ്രഹിപ്പാനുള്ള പ്രയാസത്തെ സഹിക്കാതെ, വീട്ടിനുള്ളിൽ കുടിയും, പരദാസ്യവിമുഖനല്ലാത്ത, പഠിച്ച മലയാളി കാട്ടുന്ന ഈ ഭാഷാദ്രോഹം നിന്ദ്യംതന്നെയല്ലോ.

കേ. രാ൦കൃഷ്ണപിള്ള.

പ്രാചീനഭാരതീയസ്ത്രീധർമ്മം

ഭാരതഖണ്ഡമാകുന്ന പതിവ്രതാധർമ്മത്തിന്റെ ജന്മഭൂമി. സ്ത്രീധർമ്മത്തെപ്പറ്റിയുള്ള ഹിന്ദുക്കളുടെ ആദരം, സരസ്വതിപോലെതന്നെ, ശ്രേഷ്ഠവുമാകുന്നു. അനേകായിരം സംവത്സരം മുമ്പു, നദീകൂലങ്ങളിലും ഗിരിഗഹ്വരങ്ങളിലും പാർത്തിരുന്ന ഋഷീശ്വരന്മാരാൽ നിർമ്മിതമായ ആ ആദർശം ഒന്നുമാത്രമേ പരിശുദ്ധമായും, കളങ്കരഹിതമായും, നമുക്ക്, ഒരു കുലധനമെന്നപോലെ, പരമ്പരാ സിദ്ധമായിത്തീർന്നിട്ടുള്ളൂ. അതിന്റെ ഭംഗിയും വശീകരണശക്തിയും, അതിന്റെ വിട്ടുവീഴ്ചയില്ലാത്ത കാഠിന്യത്തെ ആശ്രയിച്ചിരിക്കുന്നു; അതിനു കാലപ്പഴക്കംകൊണ്ടോ, രാജ്യത്തിലെ അവസ്ഥാഭേദംകൊണ്ടോ, യാതൊരു ഹാനിയും തട്ടീട്ടില്ല. പൊട്ടുന്നിനവേ ഉണ്ടാകുന്നവയും നാശോന്മുഖവും ഭീതിജനകവുമായ ഭൂകമ്പാദിപ്രകൃതിവിപ്ലവങ്ങൾ നിമിത്തം നദീതടങ്ങൾക്കു ഭിന്നഗതി ഉണ്ടാകുന്നപോലെയും, പട്ടണങ്ങൾ മണ്ണിനടിയിൽ ആണ്ടുപോകയും, രാജ്യങ്ങൾ സമുദ്രജലത്തിൽ മുങ്ങിപ്പോകയും ചെയ്യുന്നപോലെയും, ഭൂലോകത്തിലെ വിവിധദേശക്കാർ ഇൻഡ്യാരാജ്യത്തെ ആക്രമിച്ചു, അതിന്റെ നിവാസികളെ ഹനിച്ചു, വലുതായ നാശം വരുത്തിക്കൂട്ടീട്ടുണ്ടു; അവരുടെ ചട്ടങ്ങളും ആചാരനടപടികളും നമ്മുടേതുകളെ ബാധിച്ചിട്ടുമുണ്ടു. എന്നാൽ നമ്മുടെ മാതൃഭൂമിയിൽ, ആകാശത്തിലെ ഉല്ക്കകൾ എന്നപോലെ, രാജവംശങ്ങളും മതങ്ങളും അല്പകാലം മാത്രം നിലനിന്നു നശിച്ചുപോയിട്ടുണ്ടല്ലോ. നമ്മുടെ പുരാതനമായ സകലൈശ്വര്യങ്ങളും കാലഗതിയെ അനുസരിച്ചു ഭേദപ്പെട്ടിട്ടുണ്ടെങ്കിലും, ഭാരതീയവനിതകൾ അവരുടെ ഉത്തമരീതിയിലുള്ള സ്ത്രീധർമ്മത്തിൽ, അനേകസഹസ്രവത്സരങ്ങൾക്കു മുമ്പിലെന്നപോലെ തന്നെ, ഇന്നും, എന്നും സ്ഥിരപ്രതിഷ്ഠിതകളായിരിക്കുന്നു. സ്ത്രീധർമ്മത്തിനു ഭ്രംശനമായ പാരിവ്രത്യത്തെ സംരക്ഷിക്കുന്നതിൽ അവർ എത്രയോ ജാഗ്രൂകകളായിരിക്കുന്നു! അതിനുവേണ്ടി മഹാസങ്കടങ്ങൾ അനുഭവിക്കുവാൻ കൂടി, അവർ എപ്പൊഴും ഒരുങ്ങിയിരിക്കുന്നില്ലേ?

പൌരാണികകാലത്തിൽ ജീവിച്ചിരുന്ന സാവിത്രി എന്ന സതീരത്നം തന്റെ

മഹാവീരനായിരുന്നു കാലധർമ്മത്തെ പ്രാപിച്ചപ്പോൾ എന്റെ നാഥനായിരുന്നു, അവന്റെ അച്ഛനല്ല. അവന്റെ നാഡികളിൽക്കൂടി പാഞ്ഞൊഴുകിയ അവന്റെ രക്തം അവന്റെ അച്ഛന്റെ രക്തമല്ല, അവൻ പെറ്റുപത്തിൽ മൂഷണം ചെയ്തു എന്റെ സന്താനത്തെ അവനെപ്പോലെ വാക്കിയിരിക്കുന്നതു്. അതിനാൽ ഭഗവന്നു പാലുകൊടുത്ത ഈ മുലകളെ ഞാൻ ഈ കത്തികൊണ്ടു മുറിച്ചുകളയും"— എന്നിങ്ങിനെ, തന്റെ പുത്രന്റെ കഥയെപ്പറ്റി ചിന്തിച്ചു്, മനസ്സിൽ ഉറപ്പിച്ചുകൊണ്ടു്, പടനിലത്തിൽ ചെന്നു. അവിടെ പ്രേതസമൂഹത്തിൽ കിടന്ന ഓരോ ശരീരത്തെയും മാറിമാറിച്ചു നോക്കി; അങ്ങൊരുദിക്കിൽ, തന്റെ മകൻ മാറിലും തോളിലും വ്രണപ്പെട്ടു്, കൈയ്യിൽ ആയുധത്തോടുകൂടി, ശത്രുക്കളുടെ പ്രേതങ്ങൾക്കിടയിൽ മരിച്ചു കിടക്കുന്നതിനെക്കണ്ടു്, തന്റെ ഭർത്തൃകുലത്തിന്നു് ഒഷ്ണീഷ്ണിക്കിടകൊടുക്കാതെയും, പ്രശസ്തിക്കു് അധഃപതനം വരുത്താതെയും, തന്റെ ധൈര്യശാലിയായ പുത്രൻ പോർക്കളത്തിൽ കർത്തവ്യത്തെ അനുഷ്ഠിച്ചതിനെപ്പറ്റി അത്യന്തം സന്തോഷിച്ചു. ഈവിധം ഇൻഡ്യയിലെ മഹിളാമാർ, തങ്ങളുടെ ഭർത്താവിനെ ഈശ്വരനെന്നു കരുതി, അയാൾക്കു് പ്രശസ്തിയും അഭിമാനവും വർദ്ധിക്കുവാൻ തക്കവണ്ണം നിരന്തരം ജീവിതം നയിച്ചുകൊണ്ടു വന്നിരിക്കുന്നു. അവർ എന്നെന്നേയ്ക്കും ഈവിധത്തന്നെ അവരുടെ ജീവിതം നയിപ്പുതാക! അവരുടെ ഈ മഹത്തായ ആദർശം അനുഗൃഹീതമായിരിക്കുമാറാകട്ടെ!

ഇങ്ങനെ പ്രവർത്തിക്കുന്നതിനാൽ ഹൈന്ദവസ്ത്രീകൾ പുരുഷന്മാരുടെ അടിമകളായിരിക്കുന്നുവെന്നു് അഭിപ്രായപ്പെടുന്നു

ഭർത്താവിനെ കാലപാശത്തിൽ നിന്നു രക്ഷിക്കുവാൻ തൊട്ടുമുമ്പോട്ടുള്ള സഹിച്ച കഷ്ടപ്പാടുകളെ ഓർക്കുന്നു ഏതൊരുവന്റെ കണ്ണുകളിൽ നിന്നാണു് അശ്രുജലം പ്രവഹിക്കാത്തതു? ചിലപ്പോൾ ഒരു അസാധ്യരോഗത്തിൽ പെട്ട വലഞ്ഞുകൊണ്ടിരുന്ന പ്രാണനായകനെ ശുശ്രൂഷിച്ചു രക്ഷിക്കുന്നതിൽ നാളായണി അനുഭവിച്ച സങ്കടങ്ങൾക്കു് കൈയും കണക്കുമുണ്ടോ? പിതൃഭക്തിദ്യോതകവും പുരാവൃത്തവുമായ കർത്തവ്യത്തെ പ്രീരാമനെക്കൊണ്ടു നിവ്വഹിപ്പിക്കുന്നതിൽ അത്യൽക്കണ്ഠയോടുകൂടിയ സീതാദേവി, ഭർത്തൃഭക്തിനിമിത്തം, അരണ്യജീവിതത്തിലെ അപത്തുകളേയും, ക്ലേശങ്ങളേയും സന്തുഷ്ടിയോടെ കൈക്കൊണ്ടില്ലെ? അസത്യത്തെ നേരിൽ എതിർത്തു് 'ധർമ്മസങ്കടത്തിൽ' മുങ്ങിക്കിടന്നപ്പോൾ, സത്യസന്ധനായ ആ ഹരിശ്ചന്ദ്രനെ രക്ഷിക്കുന്നതിന്നു വേണ്ടി, ചന്ദ്രമതി, ഭർത്താവിന്റെ വാളിന്നു നാകവാൻ തലതാഴ്ത്തിക്കൊടുത്തില്ലേ? വൈകാനളീതീരത്തിൽ ഒരു ഭയങ്കരസമരത്തിൽ ചേരുന്നതിന്നു് തന്റെ സുതനെ അയച്ചിരുന്ന ഒരു സ്ത്രീ, യുദ്ധത്തിൽ തോറ്റു പിൻതിരിഞ്ഞോടിയ ചില ഭടന്മാരെക്കണ്ടിട്ടു്, ദുഃഖിതയായി "എന്റെ മകന്റെ പ്രേതം പോർക്കളത്തിൽ കണ്ടില്ലെങ്കിൽ, അവനും ഈ ഭീരുക്കളെപ്പോലെ ഓടിപ്പോയിരിക്കണം. അവന്റെ പ്രേതം അവിടെ കണ്ടാലും, അവന്റെ മുതുകിൽ പരുക്കുകൾ പറ്റീട്ടുണ്ടെങ്കിൽ, അതുകൾ അവൻ തോറ്റോടിപ്പോൾ ഏറ്റവയായിരിക്കും, അവൻ ഓടിപ്പോയിരുന്നാലും ശരി; മുതുകിൽ മുറിവേറ്റു കിടന്നാലും ശരി; അവന്റെ ഭീരുത്വത്തിനു കാരണം ഞാൻതന്നെയല്ലാതാ

ത്തു് അബദ്ധമല്ലയോ? നല്ലവണ്ണം ആലോ
ചിച്ചു നോക്കിയാൽ, നമ്മുടെ രാജ്യത്തിൽ
പുരുഷന്മാരേക്കാളും സ്ത്രീകൾക്കാകുന്ന ഉപ
രിസ്ഥാനം നൽകിയിരിക്കുന്നതെന്നു സ്പഷ്ട
മായി ബോധപ്പെടും. ഇന്നു്, ശ്ലാഘ്യന്മാ
രുടെ കൂട്ടത്തിനും യോഗ്യന്മാരായ മാതൃ
കാപുരുഷന്മാരായി ഗണിക്കപ്പെടുന്ന മഹാ
ന്മാരെപ്പറ്റിയുള്ള നമ്മുടെ അഭിപ്രായത്തി
ൽ, ഈ മൂലതത്ത്വം തന്നെയാണു് അന്തർ
ഭവിച്ചിരിക്കുന്നതു്. ക്ഷന്തവ്യമല്ലാത്ത ഒരു
ന്യൂനതയെപ്പോലും ഒരു സാമാന്യമനുഷ്യ
നിൽ ആരും കണക്കാക്കുന്നില്ല. പക്ഷേ
ഒരു സമുദായനേതാവിൽ ഇതരവും ക്ഷന്ത
വ്യവുമായ ഒരു വീഴ്ച കണ്ടാൽ, ലോകർ അ
തിനെ മലയോളം വലുതാക്കി, ഒരു മഹാ
നികൃഷ്ടമായ ദോഷമാക്കിത്തീർക്കുന്നു. ഒരു
സാധാരണ മനുഷ്യൻ തനിക്കു, സദാചാ
രനീതിയിൽ ഉൽകൃഷ്ടമായ ഒരു പ്രമാണ
ത്തെ അനുസരിച്ചു്, ഉത്തമനെന്ന നില
യിൽ വർത്തിക്കുവാൻ സാധിക്കുന്നില്ലെങ്കി
ലും, തന്റെ നാട്ടിലെ മഹാന്മാരെന്നു ഗ
ണിക്കപ്പെടുന്നവർ പരമാത്മാവായും ഉൽ
കൃഷ്ടജീവികളായിരിക്കേണമെന്നു് അവരെ
നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നതിനു
നിഷ്കൃഷ്ടയുള്ളവനായിരിക്കുന്നു. അയാൾ
അവരെ പൂർണ്ണമനസ്സോടെ പൂജിച്ചു്, അ
വരുടെ പാദങ്ങളിൽ നമിക്കുന്നു. ഇതുപോ
ലെ തന്നെയാകുന്നു സ്ത്രീകളുടെ നേരെ ന
മുക്കുള്ള നില. അവരുടെ പക്കൽനിന്നു്
സാധാരണയിലധികമായും ഉത്തമമായുമു
ള്ള സദ്ഗുണങ്ങളെ നാം പ്രത്യാശിക്കുന്നു.
ചാരിത്രശുദ്ധിയും മനോധൈര്യവും ഉ
ള്ള ഒരു സ്ത്രീ, ഈ ജാതി ഗുണങ്ങളുള്ള ഒരു
പുരുഷനേക്കാൾ സ്നേഹിക്കുവാൻ അധികം
യോഗ്യതയുള്ളവളാകുന്നു. പക്ഷേ പുരു
ഷന്മാർ ചില കാര്യങ്ങളിൽ സ്വല്പം അ
ബദ്ധം കാണിച്ചു എന്നുവരാം. സ്ത്രീ ഒരി
ക്കലും തെറ്റിപ്പോകുന്നതു്. അവൾ ഗുണ
ങ്ങളുടെ പരിപൂർത്തിതന്നെ ആയിരിക്കണം.
മനുഷ്യപ്രകൃതിയിലുള്ള സകലവിധമായ ഭം
ഗിയും, ആകർഷണശക്തിയും, മനോരഞ്ജ
കത്വവും, സൗന്ദര്യവും സ്ത്രീയിൽ കേന്ദ്രീ
ഭവിച്ചിരിക്കുന്നു. അതുകളിൽ എല്ലാം തെ
റ്റികത്വം വ്യാപിച്ചിരിക്കുന്നു. അവളുടെ
ശരീരം പവിത്രതയുടെ പ്രഭാപടലത്താൽ
പരിവേഷ്ടിതമായിരിക്കുന്നു. സ്ത്രീകൾക്കാ
യി ഉദ്ദേശിച്ചിട്ടുള്ള ഈ പരമോൽകൃഷ്ടവും
കഠിനവുമായ ആദർശത്തിനു്, നമ്മു
ടെ മഹിളമാർ എത്രകാലത്തും സന്തോഷ
പൂർവ്വം കീഴടങ്ങിട്ടുണ്ടു്. നമ്മുടെ ദീർഘ
വും വിവിധവുമായ ചരിത്രത്തിനിടയിൽ,
പലപ്പോഴും ഈ ദുഷ്കരമായ ആദർശത്തെ
പ്രയോഗിച്ചറിഞ്ഞിട്ടുണ്ടു്. ഈവിധത്തി
ലുള്ള പരീക്ഷകളെ മഹത്തായ സഹനശ
ക്തിയോടുകൂടി അവർ സഹിച്ചു എന്നതി
ൽ, നാം ഇപ്പോഴും അവരെ വാഴ്ത്തുന്നു. പ
ണ്ടത്തെപ്പോലെ ഇന്നും, നമ്മുടെ സ്ത്രീകൾ,
അതേ ജാതി ചൈതന്യവിശേഷത്താൽ ഉ
ണർച്ചയേറിയിരിക്കുന്നതിനെപ്പറ്റി, നമ്മുടെ
ഹൃദയം അഭിമാനപൂരിതമായിരിക്കുന്നു. ചി
ലപ്പോൾ ഇതരന്മാരുടെ ശ്ലാഘാവിഷയമാ
യും, പലപ്പോഴും നിന്ദാഭാജനമായും, ന
മ്മുടെ രാജ്യക്കാരുടെ പ്രധാനലക്ഷണങ്ങ
ളായുമിരിക്കുന്ന കുടുംബസ്നേഹം, ഗാർഹ്യ
വിതവാത്സല്യം, ദേശാഭിമാനം, ഗ്രാമാഭി
മാനം, പുരാതനമതപ്രതിപത്തി, അതിഥി
സൽക്കാരം എന്നീ ഗുണങ്ങളും ഈ ഏക
മൂലത്തിൽ നിന്നങ്കുരിച്ചവയാകുന്നു. അ
ത്യുത്തേജനകമായ വിധം ഇളക്കംകൂടാതെയി
രിക്കുന്ന ഈ ഉത്തമസ്ത്രീധർമ്മാദർശത്തെ നി

ത്തിച്ചവർ സർവ്വലോകപൂജ്യന്മാരത്രേ. കാലഭേദത്തിനധീനമല്ലാത്ത ഇതിന്റെ ഗുണവൈശിഷ്ട്യവും, ഉൽഗതിക്ക് നിദാനമായ ഇതിന്റെ പ്രേരണശക്തിയും ആശ്ചര്യപ്രദങ്ങളാകുന്നു.

സ്ത്രീധർമ്മത്തിന്റെ ആദർശത്തിലെ പ്രധാനലക്ഷണങ്ങളും, ഭർത്താവായി വരിക്കപ്പെട്ടവന്റെ ആജ്ഞകളെ നിസ്സന്ദേഹം അനുസരിക്കയും അന്യപുരുഷന്മാരെ സ്പർശിക്കപോലും ചെയ്യാതെ ശരീരശുദ്ധിയേയും മനഃശുദ്ധിയേയും പരിപാലിക്കയും ആകുന്നു.

"പതിയെ ദൈവമായ്ക്കുമ്പിടും
സ്ത്രീ ചൊന്നാൽ ചൊരിയും മഴ"

എന്ന് ദ്രാവിഡവേദം ഘോഷിക്കുന്നു. പുരുഷനെ പൂർണ്ണമായി ആശ്രയിക്കകൊണ്ട്, സ്ത്രീ ഉത്തമജാതിയായി ഭവിക്കുന്നു. ഇഹത്തിൽ അവളുടെ നിയുക്തകർമ്മം അനുസരണവും ശുശ്രൂഷയും ആകുന്നു; ആജ്ഞാപനവും ഭരണാധികാരവുമല്ല. അവൾ ഏകഭർത്തൃവ്രതത്തെ ആജീവനാന്തം ആചരിച്ചുകൊള്ളണം. തന്റെ കാന്തൻ പരലോകപ്രാപ്തനാകുന്നുവെങ്കിൽ, അയാളുടെ ചിതയിൽ കയറി, സതീകർമ്മം ചെയ്ത്, ആത്മനാശം വരുത്തുകയോ, വിധവാധർമ്മം അനുഷ്ഠിച്ച്, അയാളുടെ ആത്മവിമോചനത്തിനു വേണ്ടി, തന്റെ നിയ്യാണപര്യന്തം ഈശ്വരപ്രാർത്ഥനയിൽ കാലയാപനം ചെയ്യുകയോ വേണം. നേരത്തെമരിച്ച്, അവൾ മരിക്കയാണെങ്കിലോ, അവളുടെകൂടി അയാൾ മരിക്കേണ്ടതില്ല; ആ ജന്മം മുഴുവനും വിഭാര്യനായിരുന്നു, ഏകപത്നീവ്രതം അനുഷ്ഠിക്കണമെന്നില്ല. അയാൾ പുനർവിവാഹം ചെയ്യുന്നതിനും അവൾ പുനർവിവാഹം ചെയ്യുന്നതിനും ഇതുകൊണ്ട്, പുരുഷൻ താൻ മനുഷ്യവർഗ്ഗത്തിൽ, സ്ത്രീയേക്കാളും താണതരത്തിൽപെട്ട ഒരു ജന്തുവാണെന്ന് തന്നത്താനേ സമ്മതിക്കുന്നു. അവളെ അത്യന്തമായ പീഡത്തിലിരുത്തി, തന്നിൽ കൂടുതലായ പരിശുദ്ധി, സ്നേഹം ആദിയായ സദ്ഗുണങ്ങൾ അവളിൽ നിബ്ബന്ധപൂർവ്വം അവശ്യപ്പെടുന്നു. ഇന്ത്യാരാജ്യത്തിലെ സ്ത്രീകൾ അനുഗ്രഹീതകളായിരിക്കട്ടെ! ഇന്ത്യാമാതാവിന്റെ പുത്രന്മാരെ പ്രജാദ്രോഹിയായ രാജാക്കന്മാർ ഹനിക്കുമായിരിക്കാം; ക്ഷാമദേവത അവരെ പട്ടിണിയിട്ട് പരവശരാക്കി കൊല്ലുമായിരിക്കാം; മഹാമാരിയും മറ്റു പകച്ചു വ്യാധികളും ലക്ഷോപലക്ഷം ജനങ്ങളെയമപുരിക്കയയ്ക്കുമായിരിക്കാം. എന്നാൽ അവർ ഇഹലോകവാസം വെടിയുന്ന അവസരത്തിൽ, അവരുടെ പ്രണയിനികൾ യഥാർത്ഥസ്നേഹത്തോടും ഭക്തിശ്രദ്ധയോടും ശുശ്രൂഷിച്ച്, അവരുടെ മരണശേഷം വിരഹതാപത്തെ സധൈര്യം സഹിച്ച്, അവരുടെ ആത്മാവിന്റെ ശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കയാണെങ്കിൽ— ഇതുമാത്രം കൊണ്ടു, മറ്റു സകലവിധ കഷ്ടനഷ്ടങ്ങളും പരിഹരിക്കപ്പെട്ടു.

അച്ചാചീനന്മാരായ ആംഗലപണ്ഡിതന്മാരിലും ശില്പകലാവിശാരദന്മാരിലും അദ്വിതീയനെന്ന് വിശ്വവിഖ്യാതനായ ജോൺറസ്കിൻ, ഉത്തമപത്നികളെക്കുറിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നതായിരിക്കുന്നു:— "ഭർത്തൃഭക്തയായ പത്നി, ഭർത്താവിന്റെ ഗൃഹത്തിൽ ഒരു പരിചാരികയുടെ നിലയിൽ വർത്തിക്കേണ്ടവളാകുന്നു; അവന്റെ ഹൃദയത്തിൽ മാത്രമാണ് അവൾക്ക് രാജ്ഞി എന്നുള്ള പദവി. അവന്റെ ഉൽകൃഷ്ടാഭിലാഷങ്ങളെന്തോ, അവയെല്ലാത്തിനും അവൾ യത്നിക്കേണ്ടതുണ്ട്; അവന്റെ മഹത്തായ പ്രത്യാശകളെന്തോ, അവയെ സാധിപ്പിപ്പാൻ

നായിരിക്കണം അവളുടെ പ്രതിജ്ഞ; അവന്റെ സകല മാലിന്യങ്ങളെയും നീക്കി, അവൾ അവനെ ഒരു പുണ്യപുരുഷനാക്കണം: അവന്റെ പോരായ്മകളെ അകറ്റി അവനിൽ സദ്ഗുണങ്ങളെ ജനിപ്പിച്ചു അവനെ ബലിഷ്ഠനാക്കണം; ലോകർ ആക്ഷേപഘോഷം പുറപ്പെടുവിച്ചാൽക്കൂടി, അവൾ മുഖേനയാണ് അവൻ തന്റെ പ്രശസ്തിനോടേണ്ടതു്; ലോകം മുഴുവനും കത്തൊരുമിച്ചു അവനോടു പോരുതുവെങ്കിലുംകൂടി, അവളിൽ നിന്നുതന്നെ അവൻ സമാധിയെ പ്രാപിക്കേണ്ടതു്."— ഈവിധത്തിലുള്ള ആദർശങ്ങളാണ് ഇന്നുള്ളവരുടെ വിചിന്തനത്തിന്നു വിഷയീഭവിപ്പാനാകേ.

തിരുവനന്തപുരം. —ററി. രാമലിംഗം പിള്ള.

ആളും പേരും

ആളുക എന്നൊരു ക്രിയയുണ്ടല്ലൊ. 'ആൾ' ധാതുവിൽനിന്നുള്ള ഒരു നാമമാണ് 'ആൾ' എന്നതു്. 'ആൾ' എന്ന നാമത്തിന്നു അക്ഷരാർത്ഥം 'ആളുന്നവൻ' എന്നാണ്. മറുജന്തുക്കളെ ആളാൻ സാമർത്ഥ്യമുള്ളതുകൊണ്ടു്, ൦രം ധാതുവിൽനിന്നു ൦രം അർത്ഥത്തിൽ ൦രം ശബ്ദമുണ്ടായി. ആൾ എന്നുവെച്ചാൽ, മനുഷ്യനാണെങ്കിലും, 'ആൾ' എന്ന പ്രയോഗിക്കാവുന്ന സ്ഥലത്തെല്ലാം 'മനുഷ്യൻ' എന്ന പ്രയോഗിച്ചാൽ ഭംഗിയായിരിക്കയില്ല.

'പേർക്കുക' എന്നുവെച്ചാൽ, ഉടയ്ക്കുക എന്നൊ വിഭജിക്കുക എന്നൊ അർത്ഥമാണ്. 'പേർ' എന്ന പഴയ ധാതുവിൽ നിന്നാണു 'പേർ' എന്ന നാമം ഉണ്ടായതു്. ഒരു ജനതയെ മതംകൊണ്ടും ജാതികൊണ്ടും മറും പലവിധമായി വിഭാഗിക്കാറുണ്ടല്ലൊ. വിഭാഗിച്ച വിഭാഗിച്ച ഒരു കൂട്ടം ബം എന്നും, ആ കൂട്ടംബത്തിൽതന്നെ ൦രാൾ എന്നും, ഉള്ള വിഭാഗം വരും. ൦രം ഒടുവിലത്തെ വിഭാഗത്തെ കുറിക്കുന്നതിന്നു് ഉപയോഗിക്കുന്ന പദത്തിന്നാണ് 'പേർ' എന്നു പറയുന്നതു്. ഇതു ഒരു മനുഷ്യന്റെ പേരായി. പിന്നെ ഏതിനെയാണെങ്കിലും, മറുള്ളവയിൽനിന്നു (വിഭാഗിച്ചു) വേർതിരിച്ചു കാണിക്കുന്നതിന്നും ൦രം 'പേർ'തന്നെ ഉപയോഗിക്കുന്നു. ഇംഗ്ലീഷിൽ Individual എന്നു പറയുന്നതു 'ഇനി വിഭജിക്കുവാൻ പാടില്ലാത്ത വിധത്തിലുള്ളതു്' എന്നുള്ള ആദിമാർത്ഥത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

'പേരും' എന്ന അവ്യയത്തിന്റെ വ്യുൽപത്തിയും 'പേർ' ധാതുവിൽനിന്നുതന്നെ. 'പേരും കണ്ടു' എന്നുവെച്ചാൽ, 'ഒന്നു, രണ്ടു എന്നു വിഭാഗമുള്ള വിധത്തിൽ' കണ്ടു എന്നർത്ഥം. പലപ്രാവശ്യമാകുമ്പോൾ കണ്ടതിനു വിഭാഗവും സിദ്ധമായി.

സി. എൻ. അനന്തരാമയ്യശാസ്ത്രി. . .

പൂവ്വ് ശി ഖ.

കേരളത്തിലെ ആചാരം മുഴവനും അനാചാരമാണെന്നാണ് ലോകപ്രസിദ്ധിയുണ്ട്. എന്നാൽ ചിലതൊക്കെയും ആദികാലത്തെ ആയ്മാർ നടത്തിവന്ന പൂവ്വാചാരങ്ങളാണ്. അവയെ വേദങ്ങളിലും പറയുന്നുണ്ട്. ഒന്നാമത്, കേരളത്തിൽ ബ്രാഹ്മണാദി ചണ്ഡാലപര്യന്തമായ ജനം ധരിച്ചുവരുന്നത് പൂവ്വശിഖ (മുൻകുടുമ)യാകുന്നു. ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് പറയപ്പെടുന്ന ഐതിഹ്യം, പരശുരാമൻ കേരളത്തെ ഉദ്ധരിച്ചതിന്റെ ശേഷം, ആര്യാവർത്തത്തിൽനിന്ന് ചിലരെക്കൊണ്ടുവന്ന് മലനാട്ടിൽ വസിപ്പിക്കയും അവർ സപ്പഭയത്താൽ തിരിയെപ്പോകയും ചെയ്തുവെന്നും, പിന്നെയും ഭാർഗവരാമൻ ചിലരെക്കൊണ്ടുവന്ന് മേലാൽ പരദേശങ്ങളിൽ പോകാതിരിക്കത്തക്കവണ്ണം അവക്ക് പൂവ്വശിഖ കല്പിച്ചുവെന്നുമാണ്.

കൊല്ലം, ഫാദർ ഫ്രാൻസിസ് കേരളകല്പദ്രുമം പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'കൊച്ചി സംസ്ഥാന ചരിത്രസംക്ഷേപം' എന്ന പുസ്തകത്തിലെ ഒന്നാമദ്ധ്യായത്തിൽ, ഇതിനെ എഴുതിയിരിക്കുന്നു:— "പരശുരാമൻ കേരളത്തെ ഉദ്ധരിച്ച് തിരുവഞ്ചേരി എന്ന സ്ഥലത്ത് ശിവബിംബത്തെ പ്രതിഷ്ഠിക്കയും ചെയ്തതിന്റെ ശേഷം, കുണ്ടാനദിക്കരികെയുള്ള സ്ഥലങ്ങളിലേക്ക് പോകയും ഒരു ബ്രാഹ്മണനേയും അയാളുടെ ഭാര്യയേയും എട്ടു പുത്രന്മാരെയും കൂട്ടിക്കൊണ്ട് തിരിച്ചുവരികയും അവരെ എല്ലാവരെയും തിരുവഞ്ചേരിയിൽ പാർപ്പിക്കയും ആ ബ്രാഹ്മണന് 'യോഗിയാർ' എന്ന സ്ഥാനപ്പേർ നല്കി അയാളെ ബ്രാഹ്മണരുടെ പ്രമാണിയാക്കി വെക്കയും ആ ബ്രാഹ്മണന്റെ എട്ടു പുത്രന്മാരിൽ ഓരോരുത്തക്ക് ഓരോ ഗ്രാമങ്ങളെ സമ്മാനമായിക്കൊടുത്ത് അവയിൽ ഓരോന്നിന്മേൽ ഓരോരുത്തരെ പ്രഭുവാക്കി വാഴിക്കയും ചെയ്തു."

"പിന്നീട് പരശുരാമൻ തഞ്ചാവൂക്ക് പോയി അവിടെ നിന്ന് മറ്റൊരു ബ്രാഹ്മണനെ അയാളുടെ ഭാര്യയോടും പുത്രന്മാരോടും കൂടെ കൊണ്ടുവന്നു. ഭാർഗവരാമൻ താൻ തൃശ്ശിവപേരൂർ വാഴ്ച്ചരായിനിയമിച്ചത് ഈ കുഡുംബത്തിലെ ബ്രാഹ്മണനെ ആയിരുന്നു. പരശുരാമൻ പലപ്രാവശ്യവും മറ്റൊരോ സ്ഥലങ്ങളിലേക്ക് പോയി ധനത്തേയും ചിലപ്പോൾ ബ്രാഹ്മണരേയും ഈ പുതിയ രാജ്യത്തക്ക് കൊണ്ടുവരികയുണ്ടായി. ഇങ്ങിനെ കൊണ്ടുവന്നിട്ടുള്ള ആളുകളെ പരശുരാമൻ പുതു ഗ്രാമങ്ങളിൽ പാർപ്പിച്ചു."

"ഇതിന്റെ ശേഷം പരശുരാമൻ ക്ഷത്രിയരേയും ശൂദ്രരേയും ഹിന്തുക്കളിലെ മറ്റു സകല ജാതിക്കാരേയും കൊണ്ടുവരികയും സസ്യങ്ങളുടേയും ധാന്യങ്ങളുടേയും വിത്തുകളെ ശേഖരിക്കയും ചെയ്തു. പരശുരാമൻ ദേവന്മാരുടെ നിയോഗത്തെ ധരിച്ചു ശാന്തതയോടുകൂടെ സകല കാര്യങ്ങളും നടത്തിവന്നു."

"ഈ അവസരത്തിങ്കലായിരുന്ന ബ്രാഹ്മണർ തങ്ങൾ ആജ്ഞിച്ചിട്ടുള്ള ദ്രവ്യവും കൊണ്ട് സ്വരാജ്യത്തേക്ക് പോകുന്നതിന്ന് ആരംഭിച്ചത്. ബ്രാഹ്മണർ ഇങ്ങിനെ പോകാതെ ഇരിക്കേണ്ടതിലേക്കായി, മലയാളരാജ്യത്തുള്ള സകല ജനങ്ങൾക്കും പൂവ്വശിഖ(മൻകുടുമ)യും ചില പ്രത്യേക കർമ്മങ്ങളും വേണമെന്ന പരശുരാമൻ കല്പിച്ചു."

ഇത്, കേരളോല്പത്തിയെ അനുസരിച്ചും സ്വാഭിപ്രായം കൂട്ടിച്ചേർത്തും നിർമ്മിച്ചിട്ടുള്ളതാണ്. ഇതിലോ, മുമ്പിൽ പറഞ്ഞ ഐതിഹ്യത്തിലോ, പരമാർത്ഥം ലേശംപോലുമില്ല. ഇക്കൊച്ചിസംസ്ഥാനചരിത്രസംക്ഷേപം, അതിന്റെ സമീപത്തുള്ള ചില രാജകുടുംബങ്ങൾക്ക് ജാതിന്യൂനതയുണ്ടെന്നും രാജ്യാവകാശമില്ലെന്നും കാണിച്ച് ആക്ഷേപിക്കുന്നതിനായിട്ട് എഴുതിയുണ്ടാക്കിയതിനാലാണ് ഗ്രന്ഥകർത്താവിന്റെ നാമധേയം പുറത്തുകാട്ടാതെ ഒളിച്ചുവെച്ചിരിക്കുന്നത്. കേരളബ്രാഹ്മണർ അവരുടെ അധികാരശക്തിയേയും ആഭിജാത്യത്തേയും വിചാരിച്ചിട്ട് നേടിയിരിപ്പുവംശത്തിലെ രാജാക്കന്മാരുടെ പൌരോഹിത്യകർമ്മത്തെ വഹിക്കുന്നതല്ലെന്ന് മർക്കടമുഷ്ടിചിടിക്കയാൽ, ഒരു സാമൂതിരിരാജാവ്, കുംഭകോണത്തുനിന്നും 64 ഭവനക്കാരായ ബ്രാഹ്മണരെ വരുത്തി അവർക്ക് ഇല്ലങ്ങളും വസ്തുക്കളും കൊടുത്ത് അവരെ പുഴവായ എന്ന സ്ഥലത്ത് വസിപ്പിച്ച് കേരളീയരെപ്പോലെയുള്ള പൂവ്വശിഖയും ആചാരങ്ങളും ആഭിജാത്യവും കല്പിച്ചു. ഈ ബ്രാഹ്മണരെ 64- ദേശക്കാർ എന്ന പറയുന്നു. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോൾ, സാമൂതിരിയുടെ അധികാരശക്തി വർദ്ധിക്കയാലോ, ബ്രാഹ്മണരുടെ ബലം ക്ഷയിക്കയാലോ എന്ന് നല്ല നിശ്ചയമില്ല, നേടിയിരിപ്പിന്റെ പുരോഹിതസ്ഥാനം സ്വീകരിക്കുന്നതിന്ന് കേരളത്തിലെ ആഭിജാത്യമുള്ള ബ്രാഹ്മണർക്കും വിരോധമില്ലാതെയായി. ഈ സംഭവത്തെയാണ് കാലാന്തരത്താൽ, പരശുരാമൻ പരദേശത്തുനിന്നും പാണ്ഡിബ്രാഹ്മണരെക്കൊണ്ടുവന്ന് പൂവ്വശിഖ ചെപ്പിച്ചു എന്നതറിഞ്ഞിരിച്ച് അബദ്ധവിശ്വാസത്തെ ചിലർ പുസ്തകങ്ങളിൽ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. ഈ അബദ്ധവിശ്വാസത്തെ സാധുവാക്കുന്നതിന്നു, പരശുരാമൻ ഉണ്ടാക്കിയ, ഒരു 'ഭാർഗവസ്മൃതി'യുണ്ടെന്നും; അതിനെ സംഗ്രഹിച്ചാണ് ശങ്കരാചാര്യർ എന്ന കേരളീയ സന്യാസി, 'ശാങ്കരസ്മൃതി'യെന്ന പുസ്തകം ഉണ്ടാക്കിയതെന്നും ചിലർ പറയുന്നു. 'ശാങ്കരസ്മൃതി', ഒന്നാമദ്ധ്യായം മൂന്നാം പാദത്തിൽ,

"കേരപ്രാരംഭതഃഫാലാ
ദൂർദ്ധ്വന്തു ചതുരംഗുലം.
സ്വീകുർവ്വാദൈവീംശിഖാമാഹ
ശ്ചതുരംഗുലവിസ്തൃതിം.
താവദേവപൈശാചീ
മാസുരിഞ്ചതതഃക്രമാൽ
മാനുഷ്യേദ്വേചലലാടസ്യ
പ്രാന്തയോരുഭയാഃകൃതേ
ദക്ഷിണേഷുശിഖാദൈവീ
കേരളേഷ്വനുചേതരാ
ഉത്തരേഷ്വാസുരൈശാചീ
നേതരാളതിഭാർഗവഃ."

എന്ന പറഞ്ഞിരിക്കുന്നു. ഇതിൽ, ദൈവി, പൈശാചി, ആസുരി, മാനുഷി- എന്ന്

ങ്കരാചാര്യരാൽ ഉണ്ടാക്കപ്പെട്ടതായിപ്പറയപ്പെടുന്ന 'ആനാചാരസംഗ്രഹ'മെന്ന പുസ്തകത്തെ, കൊല്ലം ജില്ലാക്കോടതിവക്കീൽ, എസ്. ശ്രീനിവാസയ്യങ്കാർശാസ്ത്രികൾ, കൊല്ലവർഷം ക്രാന്തവട്ടത്ത് ഭാഷാവ്യാഖ്യാനത്തോടുകൂടി പരവൂർ 'കേരളവിലാസം' പ്രസ്സിൽ അടിപ്പിച്ച് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ആ ഭാഗമായ "ചതുഷ്ഷഷ്ടിരനാചാരാൻ" — എന്നതുതുടങ്ങി, "കയ്യാൽ സഹമതിന്നച" എന്നവരെയുള്ള പദ്യശ്ലോകങ്ങളെ ശാങ്കരസ്മൃതിയെന്ന പുസ്തകത്തിന്റെ പൂർവ്വഭാഗമദ്ധ്യായത്തിൽ രണ്ടംപാദമായിച്ചേർത്തുകാണുന്നു. ഈ സ്മൃതി പൂർവ്വകാലത്തുള്ളതായിരുന്നെങ്കിൽ, മേല്പടി ശാസ്ത്രികൾക്കോ, മറ്റുള്ളവർക്കോ, മുൻകാലത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്നു യാതൊരു വിരോധവുമുണ്ടായിരുന്നില്ലാ. വിശേഷിച്ച്, കേരളബ്രാഹ്മണർക്കുള്ള ആശൗചകർമ്മങ്ങളെ സ്പഷ്ടമാക്കുന്നതിന്നു വേണ്ടി മഹിഷമംഗലം നമ്പൂരിയാൽ ഉണ്ടാക്കപ്പെട്ട 'സ്മൃതിബോധകം' എന്ന പുസ്തകത്തെയാണ് കേരളസ്മാർത്തന്മാർ പ്രമാണമായി സ്വീകരിച്ചിരിക്കുന്നത്. ഇതും ഭാഷാവ്യാഖ്യാനത്തോടുകൂടി വൈക്കത്തു പാച്ചുമൂത്തതിനാൽ കൊല്ലം ക്രാന്തിമാണ്ടിൽ തിരുവനന്തപുരത്ത് 'കേരളവിലാസം' പ്രസ്സിൽ അടിപ്പിച്ചു പ്രസിദ്ധമാക്കപ്പെട്ടതാണ്. പരശുരാമനോ, ശങ്കരാചാര്യരോ ഒരു സ്മൃതിയുണ്ടാക്കിട്ട കേരളസ്മാർത്തന്മാർക്കു കൊത്തിട്ടുണ്ടെങ്കിൽ, മഹിഷമംഗലത്തിന്റെ പുസ്തകത്തെക്കുറിച്ചു അപേക്ഷയും അതിനു പ്രാമാണ്യവും വരുന്നതിന് മാർഗ്ഗമില്ലായിരുന്നു. അതിനാൽ 'ശാങ്കരസ്മൃതി' വിശ്വാസയോഗ്യമല്ലാ. പരശുരാമൻ കേരളത്തിന്റെ പൂർവ്വശിഖാകർത്താവാണെന്നു പറയുന്നത് നാലു വിധ ശിഖകളെക്കുറിക്കയും, കേരളീയരുടെ ശിഖദൈവിയും, ഉത്തരദേശക്കാരുടെ ശിഖപൈശാചിയും ആണെന്നപ്രകാരവും ചെയ്തിരിക്കുന്നു. ഈ അഭിപ്രായത്തിന്നാധാരങ്ങളായ വാക്യങ്ങളെ ശ്രുതിസ്മൃതികളിൽ തപ്പിനോക്കിയിട്ടും നാം കാണുന്നില്ലാ.

ഈ 'ശാങ്കരസ്മൃതി' കൊല്ലം ക്രാന്തിക്കു മേലുണ്ടായ വലിയ സ്മാർത്തവിചാരം കഴിഞ്ഞതിന്റെ ശേഷം, നമ്പൂരിമാർ മുതലായവരുടെ ആചാരങ്ങൾ വിധിപ്രകാരമുള്ളവയാണെന്ന് കാണിക്കുന്നതിന്നു വേണ്ടി, ചില വിദ്വാന്മാർ കവനംചെയ്തുണ്ടാക്കിയതാണെന്നു അതിലെപ്പലഭാഗങ്ങളിൽനിന്നു പ്രത്യക്ഷമാകുന്നുണ്ട്. എന്നാൽ പുരാതനമായിത്തന്നെയുള്ള ചില കേരളാചാരങ്ങളെ, ഈ ഗ്രന്ഥകർത്താക്കൾ, കവിതയിലുള്ള പ്രമാദംകൊണ്ട് വിട്ടുകളഞ്ഞതായും ലക്ഷിക്കപ്പെടുന്നുണ്ട്. അവയെക്കുറിച്ച് സന്ദർഭോചിതമായിപ്പറയുന്നതാണ്. പരശുരാമസ്മൃതി കണ്ടെന്നുള്ളത്, കൊല്ലവർഷം ക്രാവ്രാൽ 'ശാങ്കരസ്മൃതി'യെപ്പുറത്താക്കുന്നതിന്നു മുമ്പിൽ മലയാളത്തിലോ, പുറദേശങ്ങളിലോ അനേകായിരം സംവത്സരങ്ങളായിട്ട് ആക്ഷം ശ്രോത്രഗോചരമല്ല. ഇപ്പോൾ 'ശാങ്കരസ്മൃതി' തന്നെയും മുഴുവനും ഉണ്ടാക്കിത്തീർന്നിട്ടില്ല. ഇതിന്റെ ക്രമാദ്ധ്യായം മുതൽ നവമാദ്ധ്യായം വരെയുള്ള ഭാഗങ്ങൾ ആശൗചവിഷയങ്ങളാണത്രെ. അതും കുറെക്കാലം കൂടിക്കഴിയുമ്പോൾ പുറത്തായി എന്നു വരാം. ഒരുവേള അതിന്നിടയിൽത്തന്നെ കവിതക്കാർ പരശുരാമസ്മൃതിയെയും ഉണ്ടാക്കി പ്രസിദ്ധപ്പെടുത്താനും ഇടയുണ്ട്. ശ

വാസ്തവമല്ലാ.

പരശുരാമന്റെ കാലത്തിനു മുമ്പിൽ തന്നെ, കേരളത്തിൽ കുടിയേറിയിരുന്ന ജനങ്ങൾ പൂവ്വശിഖയുള്ളവരാകുന്നു, എന്നുമാത്രമല്ല ചോളദേശത്തെ ബ്രാഹ്മണർ ശൂദ്രർ മുതലായവരും, തിരുനെൽവേലി ജില്ലയിലുള്ള തിരുച്ചെന്തൂർ എന്ന സ്ഥലത്തു നിവസിക്കുന്ന ഭൂഗർഭികളായ മല്ലാണികൾ (ആദ്യകാലത്ത് തത്വങ്ങളെ അറിഞ്ഞവർ) എന്നു പേരുള്ള ബ്രാഹ്മണരും, തൃച്ചിനാപ്പള്ളിയിൽ നിന്നു എട്ടനാഴിക വടക്ക് തിരുവെള്ളറ എന്ന സ്ഥലത്തുള്ള ബ്രാഹ്മണരും, ചിദംബരത്തുള്ള ദീക്ഷിതർ എന്ന ബ്രാഹ്മണരും പൂവ്വശിഖക്കാരാകുന്നു. ഇവരുടെ മറ്റുള്ള ആചാരങ്ങൾ ഒക്കെയും പരദേശാചാരമായിരിക്കയാൽ ഇവർക്കു പൂവ്വശിഖയുണ്ടായതെങ്ങിനെ എന്നാലോചിക്കേണ്ടതാണ്. പൂവ്വശിഖയുടെ കർത്താവ് പരശുരാമനാണെങ്കിൽ, പാണ്ഡ്യചോളരാജ്യങ്ങളിലുള്ളവരുടെ പൂവ്വശിഖത്വം കാരണം ഭാഗവതാമനായിരിക്കണം. ഇതുകൊണ്ടു പൂവ്വശിഖാകർത്താവ് അഗസ്ത്യനല്ലെന്നു സ്പഷ്ടമാകുന്നു.

(തുടരും)

—കേ. കൃഷ്ണൻപണ്ടാല.

ഇന്നത്തെ പ്രഭാതപ്രകൃതി.

൧.

നീലനീരദകലങ്ങളാം കരി-
ഞ്ചെലചുരിയ നഭസ്സുപോലവേ,
കോലമപ്പടിയിരുണ്ടു കൊണ്ടിതാ
കാലമിന്നു പുലരുന്ന മന്ദമായ്.

൨.

പൊങ്ങുമായി പടലം പരന്നു പാ-
രെങ്ങുമേ മലിനതാവിമിശ്രമായ്;
മങ്ങുമിപ്രകൃതിയാലറിഞ്ഞതി-
ല്ലിങ്ങുഷപ്പുറവി ലോകരാരുമേ.

൩.

തോയധാരയിൽ നനഞ്ഞു, ഗേഹവാ-
തായനങ്ങളിലിരുന്നുവിസ്രമം,
പായസങ്ങൾ വളരുന്ന നദ്ദിയാ-
ടീ മഹസ്സിനായുന്ന രംഗളം.

൪.

വെക്കമിപ്പകലണഞ്ഞു തൻകളി-
ത്തുക്കുപ്പടികളുഞ്ഞ കാരണം
ഒക്കരാളനിശയിയ്യ ഹന്മുഖ-
ത്തിക്കണക്ക കരിതേച്ചു വിട്ടിതോ?

൫.

പാരിനിപ്പൊരിയ മങ്ങലാക്കുടം-
കൂരിരുൾച്ചുളി പുരണ്ടതായ്വരാം;
ഭ്രരിദ്ധ്രുണമെഴുന്ന കുട്ടരായ്
ച്ചേരിലുത്തമർ ദുഷിച്ചിടും ദുഢം.

൬.

നീളവേ നെടിയ പശ്ചിമാംബുധി-
ക്കോളുടിസ്സുടിയിരമ്പുമാരവം,
കാളമേഘഘനനിസ്വനങ്ങളാം
മേളമോടു പടരുന്ന മേൽക്കുമേൽ.

൭.

അത്ര നിശ്ചലവിലാസമിനാം
പത്രവാളി ചുഴലുന്ന തെങ്ങുകൾ
വിത്രസിച്ച പടി നിന്നിടുന്നു, നൽ
ച്ചിത്ര നിർമ്മിത വിചിത്ര ഭൂമിയിൽ.

൮.

ആററിലപ്പടി നന്നത്തെന്നാലിച്ചു, വൻ-
കാററിലാടിയ ലതാതരുവ്രജം.
ക്ഷീണിടാത്തപടി നിശ്ചലങ്ങളാ-
യേററിരോ പെരിയതായ വിശ്രമം?

൯.

ശ്യാമളച്ഛവിചമഞ്ഞവർമുകിൽ
സോമനീലിമനിഴൽപ്പതിച്ചയാൽ,
കോമളാകൃതി വിളഞ്ഞ പത്രമായ്
മാമരങ്ങൾ വിലസുന്നു നീളവേ.

൧൦.

കാററിനാൽത്തലയുലഞ്ഞ ശാഖികൾ
കൊട്ടുപ്പമിയലും വിയൽസ്ഥലം,
സ്നേഹമാന്ധികമാർദ്രമാം മുകിൽ-
ശ്ലീലയാൽപിച്ചു നടത്തിടുന്നുവോ?

൧൧.

താളിനുള്ള ദളസമ്പുടങ്ങളിൽ
ത്തോമി ശിശിരഗീകരവ്രജം,
താരഹാരതതിതൻ വരാഭയെ
ത്തോഴ്ത്തിടംപടി വിളങ്ങി ഭംഗിയിൽ.

വെള്ളക്കാട്.

൧൨.

തേമുലമ്പി വിലസുന്ന സന്നത-
പ്പൂമ്പുതുക്കല വിരഞ്ഞുകൊണ്ടുതാൻ
വേമുമിയ്യളിതെഴുത്ത പിച്ചക-
ക്കുമ്പുതാറു മണയുന്ന ചിന്നമായ്.

൧൩.

രാവിലേറാ മഴയാൽ നനഞ്ഞു തെ-
ല്ലാവില സ്ഥിതിയണഞ്ഞ കഞ്ഞിനെ,
രാവിലെച്ചിറക ചേത്തുവെച്ചിതാ
കൂവിടുന്ന കരഭികഡുംബിനി.

൧൪.

ചിന്നിടും കറകളഞ്ഞ ഹൃന്മുഖം
തന്നിലീവിക ചകേതകീസുമം
പൊന്നിനൊത്ത പൊടിയിട്ട സന്നമായ്
മിന്നിടുംപടി മിനുക്കിടുന്നു തേ.

൧൫.

സംഭിച്ചൊരിപ്രകൃതിവിട്ട, ജഗത്തിതാകെ
ക്കുമ്പിച്ചിട്ടും പടിയടിച്ച മരുത്തൊടൊപ്പം
ജൃംഭിച്ചുകാറുകൾകനത്തകണങ്ങൾതിങ്ങി
വമ്പിച്ചവാരിനിരവാരിയൊഴിഞ്ഞിതെങ്ങും.

—വള്ളത്തോൾ ഗോപാലമേനോൻ.

കായങ്കുളം കൊച്ചുണ്ണി.

ഒന്നാം അദ്ധ്യായം.

കോട്ടൂർ കായ്ക്കൾ.

കൊല്ലത്തു കോട്ടൂർ കുഞ്ഞുപിള്ളകായ്ക്കാരെപ്പറ്റി കേട്ടിട്ടില്ലാത്ത വായനക്കാർ ഏറെപ്പേരുണ്ടായിരിക്കുമോ? കായ്വിവരമുള്ള സക്കാരുദ്യോഗസ്ഥന്മാരിലൊരാളായ അദ്ദേഹത്തിനു കായ്ക്കാരുദ്യോഗം ലഭിച്ചതിൽ, നാട്ടുകാർക്കു ഒരഭിപ്രായഭേദം ഉണ്ടായിട്ടില്ല. കായ്ക്കാർ പദവി ആകട്ടെ, ഇക്കാലത്തെ പോലീസ്സുപ്രണ്ടിന്റെ തുല്യവും, എന്നാൽ, പോലീസ്സുകാരുടെമേൽ എത്രയോ അധികം അധികാരമുള്ളതും ആയിരുന്നു. കു

ഞ്ഞുപിള്ളയ്ക്ക്, എഴുതാനും വായിപ്പാനും കഷ്ടിച്ചുമാത്രമേ ശീലമുണ്ടായിരുന്നുള്ളു; എങ്കിലും, എഴുത്തും വായനയും, വിചാരിച്ചാൽ, കൊണ്ടുവന്ന നട്ടുപിടിപ്പിക്കാൻ കഴിയാത്ത ആ തലച്ചോറു വേണ്ടതിലധികം ഉണ്ടായിരുന്നത്, വേണ്ടതുപോലെ ഉപയോഗിക്കുവാൻ നല്ല സാമർത്ഥ്യമുണ്ടായിരുന്നു. ഇന്നാട്ടെ, പേഷ്കാർമാരെ അതാതുസംസ്ഥാനഖണ്ഡത്തിന്റെ ഭരണകർത്താക്കന്മാർ എന്നു്, പേരിനുമാത്രമേ, ഗണിക്കേണ്ടതായിട്ടുള്ളു; ഭരണാധികാരം മുഴുവനും ദിവാൻജിക്കാണല്ലൊ. ഈ സമ്പ്രദായം, സംസ്ഥാനത്തിന്റെ നാനാഖണ്ഡങ്ങളിലേയും ഭരണരീതിയെ സമീകരിക്കുവാൻ ഉപയോഗപ്പെട്ടുണ്ടെങ്കിലും, ജനങ്ങളുടെ ക്ഷേമത്തെ വേണ്ടുംവിധം വിശേഷിപ്പിക്കുന്നില്ലെന്നു മാത്രമല്ല അതിക്ഷേപത്തെ അഹിക്കുകയുംകൂടി ചെയ്യുന്നുണ്ടു്. എന്നാൽ, ഈ കഥ നടക്കുന്ന കാലത്താവട്ടെ, ഭരണരീതി ഇപ്രകാരമല്ല: ഒരു ഡിവിഷൻമേലധികാരിയായ കായ്ക്കാർ ആ ഡിവിഷനിലെ ഭരണകായ്യങ്ങളെയെല്ലാം നേരിട്ടുനടത്തുവാദിയായ രാജപ്രതിനിധിയായിരുന്നു; അതിനാൽ, കുഞ്ഞുപിള്ളകായ്ക്കാരുടെ ബുദ്ധികൗശലഫലമായി കൊല്ലം ഡിവിഷൻ ഒട്ടേറെ അഭിവൃദ്ധിയെ പ്രാപിച്ചു.

എന്നാലും, ജനസമാധാനത്തെ ഭംഗിപ്പിച്ചിരുന്ന ചില സംഭവങ്ങൾ, വാസ്തവത്തിൽ, അദ്ദേഹത്തിനു രാജ്യഭരണത്തെക്കുറിച്ചു് അസംതൃപ്തിയുണ്ടാക്കിയിരുന്നു. നിയമങ്ങൾതന്നെ നല്ലവണ്ണം വ്യക്തമായും ശുദ്ധമായും നടപ്പായിരുന്നില്ലാത്ത അക്കാലത്തു്, ജനങ്ങൾക്കു നീതിനിയമത്തെക്കുറിച്ചു് മതിയായൊരറിവില്ലാതിരുന്നതിനെപ്പറ്റി നാം അത്ഭുതപ്പെടുവാനില്ലല്ലൊ. എന്നാൽ, കുഞ്ഞുപിള്ളകായ്ക്കാരുടെ അഭിപ്രായത്തിൽ, ജനങ്ങൾ നിയമങ്ങളെ വേണ്ടെടത്തോളം ആദരിക്കാതിരുന്നതു് അവരുടെ അജ്ഞതകൊണ്ടല്ല; നിയമപാലകരെന്നു ഗണിക്കപ്പെട്ടിരുന്ന "കാവൽപ്പിള്ള"സ്സൈന്യത്തിന്റെ ശേഷിക്കുറവുകൊണ്ടായിരുന്നു, അക്കാലത്തു തിരുവിതാംകൂറിലുള്ള കളം, ഭവനഭേദനങ്ങൾ, പിടിച്ചുപറികൾ കൊലപാതകങ്ങൾ നടത്തുവാൻ ജനങ്ങളിൽ ചിലർ ധൈര്യപ്പെടുന്നതെന്നായിരുന്നു കായ്ക്കാരുടെ വിശ്വാസം. ഈ വിശ്വാസത്തെ പ്രബലപ്പെടുത്തുവാൻ ഹേതുവായി ഒരു വ്യത്യസ്തസംഭവവും അപ്പോൾ ഉണ്ടായിരുന്നു: അക്കാലത്തു, ഭരണാധികാരികളെ വെളിവിൽ എറിഞ്ഞു പലവിധമായ ലഹളകളും അക്രമങ്ങളും നടത്തിയിരുന്നവരിൽ, ധൈര്യംകൊണ്ടും, സാമർത്ഥ്യംകൊണ്ടും, അധികൃതന്മാരൊട്ടു മനഃരിട്ടുള്ള ഭീഷണികൊണ്ടും പ്രഖ്യാതൻ ആയിരുന്ന കായങ്കുളം കൊച്ചുണ്ണി, കൊല്ലം-കാവൽപ്പിള്ളമാരുടെ നേതാവായ കൊട്ടാരത്തിൽ രാമനുണ്ണിനായരെ മൃത്യുഭയപ്പെടുത്തിക്കൊണ്ടുവെന്ന വാർത്തകേട്ടു ജനസംസാരം നടന്നിരുന്നു.

കായങ്കുളംകൊച്ചുണ്ണിയുടെ അക്രമങ്ങളെ അമർത്തി നാട്ടിൽ സമാധാനരക്ഷ ഉറപ്പിക്കുവാൻ കാവൽപ്പിള്ളമാരാൽ അശക്യമെന്നു്, കായ്ക്കാർ തോന്നി എങ്കിലും, കാവൽപ്പിള്ളമാരോ, തങ്ങളുടെ മേൽകൈ ആരോപിക്കുന്നതു് അന്യായമാണെന്നായിരുന്നു വിചാരിച്ചുപോന്നതു്. എന്തെന്നാൽ: കായങ്കുളംകൊച്ചുണ്ണി അക്രമിതന്നെ, എന്നാലും, ആയക അക്രമത്തിനും ഒരു മുറയും ക്രമവും ഉണ്ടായിരുന്നു. വലിയ ഉദ്യോഗസ്ഥന്മാരുടെ കച്ചേരികൾ, അ

വരുടെ വീടുകൾ, നെല്ല്, തേങ്ങ ഇവയും; ധനികന്മാരായിരുന്നിട്ടും പിശുക്കന്മാരായി നിർദ്ദയന്മാരായി കാലക്ഷേപംകഴിച്ചവരുടെ ഭവനങ്ങളും; കടിയാനവന്മാരുടെ മെയ്വേലകൊണ്ടുണ്ടാകുന്ന ആദായത്തിന്മേൽ ഉപജീവനംചെയ്തു് അലസന്മാരായിത്തീർന്നിരുന്നാ— ഇടപ്രഭുത്വം ഉണ്ടെന്നു ഭാവിച്ചിരുന്ന— തമ്പുരാക്കന്മാർ, തമ്പിമാർ എന്നിവരുടെ വെമ്മാടങ്ങളും മൈഥമ്പ്രങ്ങളും ആയിരുന്നു, കൊച്ചുണ്ണിയുടെ കൊള്ളക്കളങ്ങൾ. സാധുക്കളോടു് അനുകമ്പയും, ദർബ്ബലന്മാരെ സഹായിക്കുവാൻ നന്മനസ്സും, നിർദ്ധനന്മാക്കു ദാനംചെയ്യുവാൻ താൽപര്യവും കൊച്ചുണ്ണിയുടെ വിശേഷധർമ്മങ്ങളായിരുന്നു. അതുനിമിത്തം, അയാൾ ബഹുജനങ്ങളുടെ ആദരപാത്രമായിരുന്നു. അതുകൊണ്ടായിരുന്നു, വാസ്തവത്തിൽ, കൊച്ചുണ്ണിയുടെ അക്രമങ്ങളെ തടയുവാൻ കാവൽപ്പിള്ളമാർ അശക്തരായതു്. കാവൽപ്പിള്ളമാക്കുടിയും, അയാളോടു് അന്തരാ ബഹുമാനം തോന്നിയിരുന്നു. എന്നാൽ, മേലധികാരികളുടെ പ്രീതിയെ കൊതിച്ചു്, അവർ അതിനെ പ്രദർശിപ്പിച്ചിരുന്നില്ല. ഈ രഹസ്യം ആരാഞ്ഞറിയുവാൻ, കോട്ടൂർക്കൂട്ടുക്കാക്കു സാധിച്ചിരുന്നില്ല. അതിനാൽ, കൊച്ചുണ്ണിയുടെ അക്രമങ്ങൾ, കാവൽപ്പിള്ളമാരുടെ ശ്രേഷ്ഠികരവുകൊണ്ടായിരുന്ന നിലനിന്നതെന്നുള്ള ഭരദേഹത്തിന്റെ വിശ്വാസത്തിനു് ഇളക്കംതട്ടുകയുണ്ടായില്ല. കാവൽപ്പിള്ളമാർ എന്നാൽ: ഇക്കാലത്തെ പൊലീസുകാരുടെ പൂർവ്വഗാമികൾ, എന്നു ധരിക്കണം. ഈ പരിഷ്കാരകാലത്തുതന്നെയും, പൊലീസിൽ ആളെ ചേർക്കുന്നതു്, ചിലപ്പോൾ, "പോക്കറ്റടിക്കാൻ പൊലീസിൽ, പറ്റില്ലാത്തവൻ പട്ടാളത്തിൽ" എന്ന നാടോടിമൊഴിക്കു് ഇടംകൊടുക്കത്തക്കവിധത്തിൽ ആയിരിക്കുന്നുവെങ്കിൽ, അജ്ഞാനാന്ധകാരം മൂടിയിരുന്ന ആ കാലത്തു്, കാവൽപ്പിള്ളകാരായി ചേർന്നിരുന്നവർ, ജനസമുദായത്തിലെ ഏറ്റവും പോക്കറ്റടിക്കുവർ ആയിരുന്നു. ഉദ്യോഗസ്ഥന്മാർ നായന്മാരിലും താഴ്ന്നവരായിരിക്കരുതെന്നു് അക്കാലത്തു മിക്കവാറും നിർബന്ധമായിരുന്നു. ബ്രാഹ്മണർ, പട്ടാളം, ബന്തവസ്സു് എന്ന വകുപ്പുകളിൽ ഉദ്യോഗം സ്വീകരിച്ചിരുന്നില്ല. അതിനാൽ ഈ വകുപ്പുകളിൽ ഉച്ചനീചസ്ഥാനങ്ങൾ മുഴുവനും, നായന്മാരെക്കൊണ്ടും, തിരുവിതാംകൂറിൽ സ്ഥിരംപാർപ്പുകാരായിത്തീർന്ന പാണ്ടിപ്പിള്ളമാരെക്കൊണ്ടും നിറയ്ക്കപ്പെട്ടു. കാവൽപ്പിള്ളമാരെ, ഇക്കാലത്തെ പൊലീസുകാരെപ്പോലെ, കണ്ണാത്തുചെയ്യുകയോ, നിയമബോധം വരുത്തുകയോ ചെയ്തിരുന്നില്ല. ശമ്പളവും വളരെ തുച്ഛമായിരുന്നു. ഈ കഥ നടക്കുന്ന കാലത്തു്, ദേഹത്തിൽ ഒരു കുപ്പായം ധരിച്ചു് തലയിൽ ഒരു ചുവന്ന കുട്ടിയാവുലേസു് ചുറ്റിക്കെട്ടിയ വേഷംകൊണ്ടായിരുന്നു, അവരെ മറ്റുള്ളവരിൽനിന്നു വകതിരിച്ചിരുന്നതു്. കാവൽപ്പിള്ളമാരുടെ പ്രവൃത്തി എന്തെല്ലാമെന്നു് ആരും നിയമിച്ചിരുന്നില്ല; അങ്ങിനെ നിയമിച്ചിരുന്ന പ്രവൃത്തിയാണെങ്കിൽ, ഉദ്യോഗം സ്വീകരിപ്പാൻ, ഒരുസമയം, ആളുകൾ ഉണ്ടാവില്ലെന്നു വന്നേക്കുമെന്നു് അധികൃതന്മാർ ശങ്കിച്ചിരുന്നു. കാവൽപ്പിള്ളമാർ ജനങ്ങളുടെ ദേഹധനരക്ഷകളെ കാക്കുവാനുള്ളവരായിരുന്നുപോൽ! അവർ രാത്രിയിൽ, ദേശത്തെവിടെയും ചുറ്റിനടന്നു്, കള്ളന്മാരെയും പോക്കിരികളെയും കണ്ടുപിടിച്ചു, ബന്ധിച്ചു്, പാപ്പുത്തു

രെ അറിയിക്കണമെന്നായിരുന്ന നിശ്ചയം. ഇക്കാലത്തെ മജിസ്ട്രേറന്മാരെക്കാട്ടിലും കൂടുതലധികാരമുണ്ടായിരുന്ന പാവ്വത്യാന്മാർ, ആ കറവാളികളെ വേണ്ടവിധം ശിക്ഷിക്കുമെന്നും സങ്കല്പിച്ചിരുന്നു.

കായ്ക്കാർപോലും പറയത്തക്ക പിഴിപ്പില്ലാത്ത അഭിമാനമായിരുന്ന സ്ഥിതിക്ക്, പാവ്വത്യാർ എന്ന അടുത്ത കീഴ്അധികാരിയും, കാവൽപ്പിള്ളമാരുടെ ദേശമേലാധ്യക്ഷനായ ആമ്മനും, നിരന്തരം 'നിരക്ഷരകുക്ഷി'കളായിരുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ഇക്കൂട്ടരുടെ അക്രമനടവടികളും സാധുജനദ്രോഹങ്ങളും നിമിത്തമായിരുന്ന, ജനങ്ങളുടെ ഇടയിൽ അക്കാലത്തു കായങ്കുളം കൊച്ചുണ്ണിമാർ ഉണ്ടായത്. ഉദ്യോഗസ്ഥന്മാടെ കൊള്ള, കവച്ച്, കോഴവാങ്ങൽ, ഇവയെ തടഞ്ഞു നിക്കി രാജസന്നിധിയിൽനിന്നു ശിക്ഷ വാങ്ങിക്കൊടുക്കുന്നതിലേക്കു തക്കവണ്ണം, പൊതുജനാഭിപ്രായത്തെ സംഗ്രഹിക്കുവാനും അതിനെ വെളിവിൽ പറയുവാനും വേണ്ടുന്ന യാതൊരു പ്രതിഷ്ഠാപനവും അക്കാലത്തില്ലായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾക്കു സീമയോ, അവരുടെ അപരാധങ്ങളെ ചൂണ്ടിക്കാണിക്കുവാൻ ജനങ്ങൾക്കു അവകാശമുണ്ടെന്നു ബോധമോ അന്നില്ലായിരുന്നു. അതുകൊണ്ടു, കായ്ക്കാർ, പാവ്വത്യാർ, ആമ്മൻ, എന്നു വണ്ടാ, കാവൽപ്പിള്ളപോലും സ്വസ്വാതന്ത്ര്യമുള്ളവരും സേച്ഛാപ്രഭുതപ്രഭരിയാൽ ജനഹിതങ്ങളെ വിരുദ്ധിക്കുന്നവരും ആയിരുന്നു.

കൊച്ചുണ്ണി ഒരു മുഹമ്മദീയൻ. അയാളുടെ ജാതിക്കാരെ, അക്കാലത്തു, താണജാതിക്കാരെന്നു ഗണിക്കപ്പെട്ടിരുന്ന ഈഴവർ, കുസ്തുാനികൾ എന്നിവരെപ്പോലെതന്നെ, 'തീണ്ടൽ', 'തൊടീൽ' എന്നു തുടങ്ങിയ ചില നിബന്ധനകളെക്കൊണ്ടു, പൂർവ്വമതാചാരപാലനലോലുപരായ പട്ടന്മാർ, നായന്മാർ തുടങ്ങിയ ഹിന്തുക്കൾ ഹീനരായിത്തള്ളിയിരുന്നു. സ്ഥാവരവസ്തുക്കൾ സമ്പാദിക്കുക, നല്ല ഗൃഹങ്ങൾ പണിയിക്കുക, സുഖമായി ജീവിതംനയിക്കുക, ഇവയെല്ലാം സ്വയമേ ഉൽകൃഷ്ടരെന്നു ഗണിച്ചിരുന്ന നമ്പൂരി, പോറ്റി, പട്ടർ, തമ്പുരാൻ, നായർ, തുടർ എന്നിവർക്കേ പാടുള്ളൂ എന്നു, ലിഖിതരൂപത്തിൽ നിയമമില്ലായിരുന്നുവെങ്കിലും, ഏകദേശം കായ്മനടപ്പിൽ നിർബ്ബന്ധിതമായിരുന്നു. ഈ ജാതിഭേദമത്സരത്താലും, സർക്കാർ ഈ ഭേദമത്സരത്തെ അനുകൂലിക്കുന്നുവെന്നു തോന്നിക്കുന്ന ഉദ്യോഗനിയമങ്ങൾകൊണ്ടും കായ്ക്കാർ, പാവ്വത്യാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ 'അഴിച്ചുവിട്ട' നടത്തകൊണ്ടും ഉണ്ടായ ദുരഭിപ്രായങ്ങളാലും, കൊച്ചുണ്ണിക്കു സർക്കാരിനോടു മത്സരിക്കുവാൻ പ്രത്യേകം ഒരു ഔൽസുക്യമുണ്ടായിരുന്നു. വിശേഷിച്ചും, കൊച്ചുണ്ണിക്കു കായ്ക്കാരന്മാരെക്കാൾ അധികം ബഹുജനസ്നേഹവും; പാവ്വത്യരെന്മാരെക്കാൾ അധികം പാടിപ്പും; ആമ്മനമാരെക്കാൾ അധികം ബുദ്ധികൗശലതയും ഉണ്ടായിരുന്നതിനാൽ, അയാളും ഉദ്യോഗസ്ഥന്മാരുമായി, എപ്പോഴും, അന്യോന്യം, കീരിയും പാമ്പുമെന്നപോലെ, കഴിച്ചുകൂട്ടുവാനേ തരമുണ്ടായിരുന്നുള്ളൂ.

കോട്ടൂർകായ്ക്കാർ മറ്റു കായ്ക്കാരന്മാരെക്കാൾ ബുദ്ധിയേറിയവനായിരുന്നു എന്നു പറഞ്ഞുവല്ലൊ. അദ്ദേഹത്തിന്റെ മകൾ കുഞ്ഞുലക്ഷ്മിഅമ്മയ്ക്കു് വയസ്സു് ഇരുപത്തിരണ്ടു മാത്രമേ ആയിട്ടുള്ളൂ. സ്ത്രീയെ

ങ്കിലും, പുരുഷന്മാരെക്കാൾ അധികം ബുദ്ധിശാലിനിയാണവൾ എന്നായിരുന്നു കായ്ക്കാരുടെ വിശ്വാസം. അച്ഛന്റെ പ്രത്യേകനിർബന്ധത്താൽ ഒന്ന് വാധ്യാരെ നിശ്ചയിച്ച്, മകൾ, മലയാളത്തിലും സംസ്കൃതത്തിലും വ്യുൽപത്തി നേടിയിരുന്നു. കായ്ക്കാരുടെ ഉദ്യോഗസംബന്ധമായ സകല കണ്ടെടപാടുകളും നടത്തിയിരുന്നത് അവളാണ്. കായ്ക്ഷമതകൊണ്ടും ബുദ്ധിവികാസംകൊണ്ടും, അവൾ കായ്ക്കാർക്ക് വളരെ സഹായമായിരുന്നു. അച്ഛന്റെ ശാസനപ്രകാരം, അവളെ പതിനാലാം വയസ്സിൽ ഒരു വലിയ നമ്പൂരിയുമായി 'സംബന്ധം' ചെയ്തുകൊടുത്തു. അയാൾ വിവാഹശേഷം പിറ്റെന്ന രാത്രിയിൽ അയാളുടെ ഭവനത്തിൽവച്ചതന്നെ കൊല്ലപ്പെട്ടു. കൊലപാതകി ആരെന്ന വ്യക്തമായി ആർക്കും അറിഞ്ഞിട്ടില്ലെങ്കിലും, കൊച്ചുണ്ണിയാ കൂട്ടുകാരോ നടത്തിയ ഒരു കൊള്ളയോടനുബന്ധിച്ചാണ് കൊലപാതകവും നടന്നതെന്ന് എല്ലാവരും അറിഞ്ഞിരുന്നു. കൊലപാതകസമയം, ഭർത്താവിന്റെ അറയിൽ കനത്തുലക്ഷ്മിയമ്മയും ഉണ്ടായിരുന്നു. ഭർത്താവിന്റെ കൈയിലിരുന്ന ഒരു തോക്കിനെ ആരോ ഒരുവൻ കടന്നുപിടിച്ചുവെന്നും; ഇരുകൂട്ടരും തമ്മിലുള്ള യുദ്ധത്തിൽ മൂന്നാമതൊരാൾ അവിടെ കടന്നുവന്നുവെന്നും; അയാൾ വന്നശേഷമായിരുന്നു തോക്കിൽനിന്നു വെടി പൊട്ടിയതെന്നും; ആ വെടികൊണ്ടായിരുന്നു ഭർത്താവു മരിച്ചതെന്നും, അവൾക്കോർമ്മയുണ്ട്. ആളെ തിരിച്ചറിയാൻ വയ്യാതിരുന്നതിനാൽ അവൾക്ക് ആ ഇരുവരെയും കണ്ടാലറിവാർ കഴിഞ്ഞിട്ടില്ല. എന്നാൽ ആദ്യം മല്ലിട്ടവന്റെ ശബ്ദം കേട്ടപ്പോൾ അവളുടെ മനസ്സിൽ നിന്നു മാഞ്ഞിട്ടില്ല. അയാളാണ് കായങ്കുളംകൊച്ചുണ്ണിയെന്നു ജനങ്ങൾ നിശ്ചയിച്ചതിനെ അവളും വിശ്വസിച്ചിരിക്കുന്നു. രണ്ടാമൻ ആരെന്ന് ഒരുവക്കും തുമ്പില്ല. കൊച്ചുണ്ണിയുടെ കൂട്ടുകാരിലൊരുവനായിരിക്കാമെന്നാണ്, കഥകേട്ടവരെല്ലാം പറഞ്ഞത്. അവൾക്കതു നിശ്ചയിച്ചുകൂടാ; കാരണം, ഈ ഇരുവരും തമ്മിൽ അവിടെവച്ച് ഒരു ചെറിയ പോര് നടന്നുവെന്ന് അവൾക്കറിയാം. ഒരുവൻ അവളുടെ പുറത്തു കൈവച്ചുവെന്നും; അന്യൻ അവനെ അടിച്ചു താഴത്തിട്ടുവെന്നും പറയാൻകൊള്ളുന്നുണ്ട്. അവൾ, വെടിയുടെ ഒച്ച കേട്ടിട്ടുള്ള ഭയംകൊണ്ടോ, തന്റെ മസ്സുടയെ ലംഘിപ്പാൻ ആ അക്രമികൾ ഒരുങ്ങിയതോത്തിട്ടുള്ള സംഭ്രമംകൊണ്ടോ, വിവശയായി, ബോധരഹിതയായിക്കിടന്നുപോയി. പിന്നെ ഉണർന്നതു, കാവൽപ്പിള്ളമാർ പൂട്ടാപ്പുമായി അവിടെ വന്ന് ലഹളയെപ്പറ്റി അന്വേഷിക്കുന്നതു കേട്ടുകൊണ്ടായിരുന്നു. അവർ പറഞ്ഞുകേട്ടതിൽ നിന്ന്, കൊച്ചുണ്ണി പത്തുനാല്പതു കൂട്ടുകാരുമായി വന്ന് അവളുടെ ഭർത്തൃഗൃഹത്തിൽ പണമിരുന്നിരുന്ന അറ കുത്തിപ്പൊളിപ്പാൻ തീച്ചപ്പെടുത്തിയതായി അവൾക്കു അറിയുകിട്ടിയിരുന്നുവെന്നും; നേരത്തേ തന്നെ, ആ കൊള്ളക്കാരുടെ ഉദ്ദേശത്തെ വിഫലമാക്കുവാൻ കാവൽപ്പിള്ളമാർ പുറപ്പെട്ടുവെങ്കിലും, അവരെത്തുംമുമ്പ് കൊള്ളക്കാർ വീട്ടിൽ കടന്നുവെന്നും; തങ്ങടെ നേതാവായ രാമനുണ്ണിത്താന്റെ പരാക്രമത്തിൽ, കൊള്ളക്കാരുടെ ശ്രമം പരാജയമായപ്പോഴെങ്കിലും, എതിർക്കാൻ തക്കവണ്ണം അവിടെ എത്തിയെന്നും; കാലദോഷത്താൽ കൊച്ചുണ്ണിയുടെ തോക്കിന്നിരയായിട്ട് അവളു

ടെ ഭർത്താവു മരിച്ചുപോകണം; അവളെക്കൂടിയും കൊല്ലുവാൻ കൊച്ചുണ്ണി ശ്രമിച്ചുവെങ്കിലും 'ഉണ്ണിത്താൻ അങ്ങുന്ന്' അതിനു സമ്മതിക്കാതെ കൊച്ചുണ്ണിയെയും കൂട്ടരേയും ഓടിച്ചുവെന്നും; ഈ ധീരകൃത്യം നിമിത്തം ഉണ്ണിത്താന് കഠിനമായ പരുക്കുകൾ പറ്റിയെങ്കിലും, ആജീവനാന്തം മറ്റൊരു കൊള്ളയ്ക്കു പോകാതിരിക്കത്തക്കവിധത്തിൽ, കൊച്ചുണ്ണിക്കു ചില പരുക്കുകൾ ഏല്പിച്ചുവെന്നും, അവൾ ഗ്രഹിച്ചു. ഇത്തരണത്തോടുകൂടി, കുഞ്ഞുലക്ഷ്മിക്ക്, കായങ്കുളംകൊച്ചുണ്ണിയെക്കുറിച്ചു് മറ്റുള്ള ഉദ്യോഗസ്ഥരായ ബന്ധുക്കൾക്കു തോന്നിയതിലുമധികം ദ്വേഷം തോന്നി. അവളുടെ പ്രേരണയിന്മേലാകുന്നു, കായ്ക്കാർ, കൊച്ചുണ്ണിയെ എങ്ങിനെയെങ്കിലും, കഴുവിലേറ്റണമെന്നു തീച്ചപ്പെടുത്തിയിരിക്കുന്നതു്.

കൊച്ചുണ്ണിയെ കഴുവിലേറ്റുവാൻ, അയാളെ കൈയിൽ കിട്ടുക മാത്രമേ വേണ്ടൂ. നാട്ടിൽ നടന്നിരുന്ന കാരോലഹളകളിലും കവച്ചുകളിലും "ചുക്കില്ലാത്ത കഷായം" ഇല്ലാത്തപോലെ, കൊച്ചുണ്ണിയും ചേർന്നിരുന്നപോൽ. കൊച്ചുണ്ണി ചിലപ്പോൾ തിരുവനന്തപുരത്തുവച്ചു് രാത്രിയിൽ ഒരു കൊല നടത്തീട്ടു്, പുലർകാലേ, കൊല്ലത്തുവന്നു് ഒരു ലഹളയും അടികലശലും നടത്തിയതായും, ജനങ്ങൾ വിശ്വസിച്ചിരുന്നു. രാജാവശമായിരുന്ന മന്ത്രങ്ങൾ, ദുർവ്വൃത്തകർമ്മങ്ങൾ എന്നിവകളെക്കൊണ്ടായിരുന്നുപോൽ, കൊച്ചുണ്ണി ഈ അത്ഭുതകർമ്മങ്ങൾ നടത്തിയതു്. തനിക്കു കിട്ടിയേക്കാവുന്ന കഴുമരത്തിന്റെ രുചി അനുഭവിപ്പാൻ ഈ മന്ത്രങ്ങളും ദുർവ്വൃത്തകർമ്മങ്ങളും പര്യാപ്തമാകുമെന്നു് അയാൾ വിശ്വസിച്ചിരുന്നുവെങ്കിൽ, അയാൾക്കു് മനസ്സമാധാനം ഉണ്ടാകുമായിരുന്നു.

മന്ത്രതന്ത്രങ്ങളെയും ദുർവ്വൃത്തകർമ്മങ്ങളെയും ഭയപ്പെട്ടു്, കാവൽപ്പിള്ളമാർ കൊച്ചുണ്ണിയുടെ പേരുകേൾക്കുമ്പോൾത്തന്നെ ഞെട്ടുന്നുണ്ടെന്നു കേൾക്കയാൽ, കോട്ടൂർകായ്ക്കാർ, കാവൽപ്പിള്ളമാരെ ഒന്നു പരിഷ്കരിപ്പാൻ വിചാരിച്ചിരിക്കയായിരുന്നു. ആയിടയിൽ, സംഗതിവശാൽ, അദ്ദേഹം രാമേശ്വരംവരെ ഒരു തീർത്ഥയാത്ര പോയി. ബ്രിട്ടീഷ് ഇന്ത്യയിലെ കാവൽപ്പിള്ളമാർ പരിഷ്കാരമുറ്റവർ 'പൊലീസുകാർ' എന്ന പേരിൽ 'ഉജാർ' ആയി വർത്തിച്ചിരുന്നതു് അദ്ദേഹം കണ്ടു. അദ്ദേഹത്തോടൊന്നിച്ചു യാത്രചെയ്തിരുന്ന നായർപട്ടാളം സുബേദാർ ത്രിവിക്രമൻതമ്പിയും ഈ പൊലീസ് പരിഷ്കാരത്തെ ആഗ്രഹിച്ചിരുന്നു. തമ്പിക്കു് അങ്ങിനെ ഒരാഗ്രഹം തോന്നുവാൻ ഹേതുവായ സംഗതിക്കുടെ ഇവിടെ പറയാം:

കുഞ്ഞുലക്ഷ്മിഅമ്മ വിധവയായിരിക്കയാണു്. അവളുടെ വൈധവ്യത്തിനു ഹേതുഭൂതൻ കൊച്ചുണ്ണിയാണെന്നും; അവന്നു് വേണ്ടത്തക്ക ശിക്ഷ കൊടുപ്പിച്ചു കാണ്മാൻ അവൾ ആഗ്രഹിക്കുന്നുണ്ടെന്നും, തമ്പി ഗ്രഹിച്ചിട്ടുണ്ടു്; അവളുടെ ആഗ്രഹലാഭത്തിനു മുഖ്യസഹായിയായി നിന്നു് അവളുടെ കൃതജ്ഞത നേടിയാൽ കൊള്ളാമെന്ന ഒരു മോഹവും തമ്പിക്കുണ്ടു്. തമ്പി, കുറെക്കൂടുകാരി, കുഞ്ഞുലക്ഷ്മിഅമ്മയെ വിവാഹംചെയ്യാൻ ആലോചിച്ചിരുന്നു; വധുവിന്റെ വിസമ്മതികൊണ്ടു പിന്തിരിയേണ്ടിവന്നു. കൊച്ചുണ്ണിമൂലം സാധിച്ചാൽ, കുഞ്ഞുലക്ഷ്മിയെ

ലഭിപ്പാൻ ഭാഗ്യമുണ്ടാവുമെന്ന് ആശിച്ചു, തമ്പി, അവളോട് നേരിൽ വിവരം ചോദിക്കയും കൂടി ഉണ്ടായി. "നീതിക്ക വേണ്ടി ഇഷ്ടനെ നശിപ്പിക്കേണം, എന്നല്ലല്ലൊ അങ്ങയുടെ ആഗ്രഹം. എന്നല്ല, നീതിക്ക വേണ്ടി ചെയ്യുന്ന കർമ്മം നിഷ്ഫലമായിരിക്കുന്നതുമില്ല" — എന്നു അവൾ ആക്ഷേപം പറഞ്ഞുവെങ്കിലും, തമ്പിയുടെ 'അപേക്ഷ'യെ അവൾ 'ഉപേക്ഷി'ച്ചില്ല'. അതിനാൽ, കൊച്ചുണ്ണിയെ പിടിച്ചുകൊടുക്കുന്നതിലേക്ക വേണ്ടി, കാവൽപ്പിള്ളമാരുടെ മനോനാവായിത്തിരുവാൻ, തമ്പി തരംനോക്കിയിരുന്നു. ആ സന്ദർഭത്തിലായിരുന്നു രാമേശ്വരയാത്ര.

കായ്ക്കാരും സുഖോദാരും മടങ്ങി വന്ന ഉടനെ കൊട്ടാരത്തിൽ ചെന്ന് തിരുമുമ്പാകെ കാണുകയും, പൊലിസ്പരിഷ്കാരത്തിനുള്ള അനുവാദം ലഭിക്കയും ചെയ്തു. തമ്പി അങ്ങിനെ രാജസേവയും സമ്പാദിച്ചു. ജന്മസ്വാതന്ത്ര്യത്തിനു്, ഇനി, കുഞ്ഞുലക്ഷ്മിയുടെ പ്രീതിമാത്രമേ ലഭിക്കേണ്ടതുള്ളൂ.

— എസ്. എസ്. കുറുപ്പ്.

മലേഷ്യാ.

മങ്ങിയ നിലാവു്

ക.

സുധാരസാസ്വാദനതൃപ്തിയേറുമി-
ച്ചകോരസംഘത്തിനു ചേർന്ന കൌമുദി,
വിലാസരമ്യതമിയന്നിരുന്ന നീ-
യിതാ പരം മങ്ങി നിറം കുറഞ്ഞു പോയ്.

ഖ.

സുവർണ്ണചാരുതമിയന്ന കാന്തനാ-
യിടുന്ന രാജാവിനു വെണ്മ ചേർത്തു നീ
തെളിഞ്ഞിരുന്നിന്നലെ; യിന്നുനിൻറെയാ-
നിറപ്പകിട്ടെങ്ങു്, ഹന്നങ്ങളെങ്ങയേ?

ന.

പ്രസാദ,-മോജസ്സിവ പോയി, നിന്നിലും-
പ്രമോദമില്ലാക്ഷമിതൊക്കെയോർത്തിതാ
മറഞ്ഞു കാറിൽ ശശി കാൺക, കഷ്ടമേ!
കളങ്കിയാം നിൻ പതി തൻറെ ദുർന്നയം.

ര.

സ്വരാജ്യരാജ്യം വിടർ, തസ്കരൌഘമി-
പ്രകാരമുള്ളോരുടെ ദുഷ്കൃതിക്കു നീ
സഹായിയായ് നില്പതു പാർക്കിലെത്രയോ
നികൃഷ്ടമേ നിന്നുടെ നിത്യജീവിതം.

ങ.

തമോഭരം പാടെയകറ്റി വേണ്ട പോൽ
വെളിച്ചമീനാട്ടിനകത്തു ചേർക്കുവാൻ
നിനക്കശക്യം; തവ നിസ്സ്വത്തിയീ-
ക്ഷണക്ക സാഹായ്യമതേകിടുന്നതാം.

ന.

പ്രതാപമോലുന്ന രവിക്കെഴും യശഃ
പ്രഭാവമൊട്ടൊട്ട കവർന്ന നിത്യവും
പ്രശസ്തനാം നിൻ പതി തൻറെ താഴ്ചയോ-
ർത്തിതോ പരം മങ്ങിവരുന്നു കൌമുദി!

ച.

കളങ്കമുണ്ടെങ്കിലുമാമനോജ്ഞതഃഗാ-
ക്കളങ്ങളെ തൂകീടിന നിൻറെ നാഥനെ
മറച്ചു കുണ്ഠാംബുധരം ക്രമേണ വ-
ന്നതാണു കായ്മ തെളിയാതിരിക്കുവാൻ.

൬.

വെറുത്തു ലോകം, ശശിയേ മറച്ച കാർ-
മുകിൽ കൂസാധ്യം തവ വെണ്മേ ചേർക്കുവാൻ
വടക്കു കാണും തെളിവേറുമൊന്നു ചെ-
ന്നുഡുക്കളില്ലെങ്കിൽ നശിക്കുമിന്നി നീ.

മധുര.

൯.

മുഴുമതിയെ മറച്ചിടുന്ന കൃഷ്ണാം-
ബുദമതുപോയ് തവമങ്ങൽനീങ്ങിടുമ്പോൾ
ഖലരഖിലമൊളിക്കു, മന്നു സൽസം-
ഗമമിയലും പുതു വേണ്മ ചേർന്നു കൊള്ളും.

—സീ. ഈശ്വരവാര്യർ.

അങ്ങുന്നും ഇങ്ങുന്നും

"സത്യം ബഹുമുഖമാണു. ഞാൻ എന്നെത്തന്നെ അഞ്ചാറുകുറി പ്രതിഷേധിക്കുംവരെ, സത്യം കൈയിൽ കിട്ടിയതായി ഉറയ്ക്കാറില്ല"— എന്നു്, റസ്കിൻ.

* *

"മനോഗതത്തെ മറച്ചുവയ്ക്കുന്നായിട്ടാകുന്നു വാക്കുകൾ ഉപയോഗപ്പെടുത്തുന്നതെന്നു പറഞ്ഞു കേട്ടിട്ടുണ്ടു്. അതു വാസ്തവമായിരിക്കാം. എന്നാൽ അവ തൽകർത്താവിന്റെ സ്വഭാവവിശേഷത്തെ മറയ്ക്കുകയില്ല"— എന്നു്, എ. ജി. ഗാർഡിനർ.

* *

ഹിന്തുക്കളുടെ പൂർവികന്മാർ ചാരണന്മാരായി(Nomads)രുന്നില്ല; അവർ പ്രാചീനകൃഷീവലന്മാരായിരുന്നതിനും പുറമെ, കൃഷിയെ സംബന്ധിച്ച ഗവേഷിലുകളിൽ അനന്യസാധാരണമായ താല്പര്യമുള്ളവരായുമിരുന്നു— എന്നു് റാവുസാഹെബ് എൻ. ബി. പാവ്ഗി വാദിക്കുന്നു.

* *

സൂര്യകുലം, ചന്ദ്രകുലം എന്നിങ്ങിനെ രണ്ടു വംശങ്ങളെപ്പറ്റി ഹിന്തുപുരാണങ്ങളിൽ പറഞ്ഞുകാണുന്നതു് കേവലം പുരാണകർത്താക്കന്മാരുടെ ഭാവനാസൃഷ്ടമല്ല; അവയെപ്പറ്റി വേദങ്ങളിലും സൂചനകൾ ഉണ്ടു്— എന്നു മിസ്റ്റർ സി. വി. വൈദ്യ എന്ന പണ്ഡിതൻ ലക്ഷ്യങ്ങൾ കാണിച്ചു സിദ്ധാന്തിച്ചിരിക്കുന്നു.

* *

തിമിംഗലത്തിന്റെ നെയ് ഇപ്പോൾ സോപ്പുണ്ടാക്കുവാൻ ഉപയോഗിച്ചുവരുന്നുണ്ടു്. മുമ്പു്, അതിനൊരു ദുർഗന്ധം ഉണ്ടായിരുന്നതിനാലായിരുന്നു സോപ്പിനുപയോഗിക്കാത്തതു്. എന്നാൽ, ദുർഗന്ധം നീക്കിക്കളവാൻ, ഇതിനിടെ ഒരു് ഉപായം കണ്ടുപിടിച്ചിട്ടുണ്ടു്. നിക്കൽ, പലേഡിയം എന്നീ ലോഹങ്ങളിലൊന്നിനൊടൊപ്പമിട്ടു നെയ്യിനെ അബ്ജനകവാതകത്തിൽ ചൂടുപിടിപ്പിക്കയാകുന്നു അതിന്റെ സമ്പ്രദായം. നെയ് എടുത്തു കഴിഞ്ഞാൽ പിന്നെ ശേഷിക്കുന്ന തിമിംഗലമാംസവും അസ്ഥികളും പൊടിച്ചു് വളത്തിനുപയോഗിക്കാം. പാക്യജനകവും ഭാവഹവും നൂറിനു പത്തുപരിഞ്ചുവീതം അടങ്ങിയ ഈ വളം വളരെ ഗുണമുള്ളതാണു. ഒരു തിമിംഗലത്തിൽനിന്നു നാല്പതമ്പതു ചാക്കു നിറയെ വളം കിട്ടുമെന്നും; ഒരു ശതാബ്ദക്കു

ത്തിന് നാലഞ്ചുറുപ്പിക വിലകിട്ടുമെന്നും കണ്ടിരിക്കുന്നു. അട്ടകളെയിലുപയോഗിപ്പാനുള്ള വെണ്ണയും നെയ്യും തിമിംഗലനെയ്യിൽനിന്നു പാകപ്പെടുത്തി എടുപ്പാനും അന്വേഷണം നടക്കുന്നുണ്ടു.

* *

ചെടികൾക്കും ഉറുമ്പുകൾക്കും തമ്മിലുള്ള ബന്ധത്തെപ്പറ്റി സിംഗപ്പൂരിലെ കാഷധിത്തോട്ടം മേലാവു് മിസ്റ്റർ റിഡ്ലി ചില വിവരങ്ങൾ വെളിവാക്കിയിരിക്കുന്നു. ഈ ബന്ധം മൂന്നവിധത്തിലുണ്ടു്. ഒരുതരം ചെടികൾ ഉറുമ്പുകളെ തണ്ടിനുള്ളിലോ മറ്റോ പാപ്പിച്ചു് രക്ഷിച്ചുകൊള്ളുന്നു; ഉറുമ്പുകൾക്കു ആ ചെടികളിൽനിന്നു ഭക്ഷണം കിട്ടുന്നില്ല, ചെടികൾക്കു ഉറുമ്പുകളെക്കൊണ്ടു ഗുണമൊന്നും ലഭിക്കുന്നുമില്ല. രണ്ടാമതൊരുതരം ചെടികൾ ഉറുമ്പുകൾക്കു രക്ഷയായിരിക്കുന്നതിനൊപ്പംതന്നെ, ഉറുമ്പുകൾ തങ്ങടെ കൂടുണ്ടാക്കുമ്പോൾ ചെടികളുടെ ചുവട്ടിൽ മണ്ണു കൊണ്ടുവന്നു കൂമ്പലാക്കി ചെടികൾക്കു ബലംകൊടുക്കുന്നു. മൂന്നാമതൊരുതരം ചെടികളിൽ ഉറുമ്പുകൾ തുളച്ചിരിക്കയും, അവയിൽനിന്നു കിനിഞ്ഞുറയുന്ന പശയെ ഭക്ഷണമാക്കുകയും ചെയ്യുന്നതോടുകൂടി, ചെടികളിൽ ഉപദ്രവകാരികളായ കീടങ്ങൾ വന്നു പറ്റാതെ കാത്തുകൊള്ളുകയും ചെയ്യുന്നു.

* *

ഇംഗ്ലീഷ് ഭാഷയിൽ 'പഗോഡാ', 'മൺസൂൺ', 'വരാണ്ട', 'ഷാമ്പൂ' എന്നിങ്ങിനെയുള്ള അന്യഭാഷാപദങ്ങൾ കടന്നുകൂടിയിരിക്കുകൊണ്ടു്, ഇംഗ്ലീഷ് ഭാഷ അധഃപതിച്ചുവെന്നു എന്നു പ്രൊഫെസ്സർ മാക്സ് മുള്ളർ എന്നൊരു ജെർമൻപണ്ഡിതൻ ആക്ഷേപം പറയുന്നു. അന്യരെ തങ്ങളോടു കൂപ്പം കൂടുവാൻ സമ്മതിക്കുക, അതിഥികളെ സൽകരിക്കുക, പുതിയ സംഗതികളെ ഗ്രഹിപ്പാൻ ഒരുക്കമായിരിക്കുക — എന്നിവ ഉണ്ടെങ്കിൽ ഇംഗ്ലീഷ് ജനങ്ങൾക്കുള്ളതിനൊപ്പം അവരുടെ ഭാഷയിലും കാണുന്നതുകൊണ്ടു് പ്രാബല്യത്തിനല്ലാതെ ദുർബല്യത്തിനു മാർഗ്ഗമില്ല, എന്നു മറുപക്ഷക്കാരും വാദിക്കുന്നു. ഇംഗ്ലാണ്ടുമായിട്ടുള്ള യുദ്ധം നിമിത്തം, ജെർമന്മാർ തങ്ങടെ ഭാഷയിൽനിന്നു് ഇംഗ്ലീഷ് പദങ്ങളെ ബഹിഷ്കരിപ്പാൻ തീച്ചപ്പെടുത്തിരിക്കയാണു്: അതിന്നനുസരിച്ചു്, എറെക്കുറെ പ്രവർത്തിക്കുന്നുമുണ്ടു്.

* *

ജെർമന്മാർ റഷ്യക്കാരുമായുള്ള യുദ്ധത്തിൽ, ഒസ്സോവിക്കു് കോട്ടയെ ധ്വംസിപ്പാൻ 'എയ്ർ ടൊർപ്പീഡോ' എന്നുപറയുന്ന ഒരു മാതിരി വായുവ്യാസം പ്രയോഗിച്ചുവെന്നു പറഞ്ഞുകാണുന്നു. ഇവ ചെറുതരം വിമാനങ്ങളാണുപോൽ; വളരെ ദൂരം സ്വയമേ സഞ്ചരിക്കുന്നവയാണു്. വായുവിനെ സമ്മർദ്ദം ചെയ്തു് അടച്ചുവച്ചിട്ടുള്ള സ്വയം ചലത്തായ (മോട്ടോർ) യന്ത്രംകൊണ്ടാണു് വിമാനാസ്ത്രം സഞ്ചരിക്കുന്നതു്. നിശ്ചിതമായ അകലം എത്തിക്കഴിഞ്ഞതായാൽ, അസ്ത്രം താനേ പൊട്ടിപ്പുറപ്പെടും. കനംകുറഞ്ഞ ഒരു കഴലിൽ (നാഴിയിൽ) അയ്മ്പതു റാത്തലോളം 'ഗൺകാട്ടൺ' (വെടിപ്പഞ്ഞി) അടച്ചുണ്ടാക്കിട്ടുള്ളതാണു് ഈ അസ്ത്രത്തിൽ മുഖ്യമായ ഭാഗം. ഇതു ചെന്നു വീണു പൊട്ടുമ്പോൾ നടത്തുന്ന വലിയ നാശമുണ്ടാകുമെന്നും കണ്ടിരിക്കുന്നു.

* *

കിഴക്കേ ബെങ്കാളത്തു ഡാകാജില്ലയിലെ ബജ്രയോഗിനി ഗ്രാമത്തിൽ, ഒരു പാടത്തുള്ള ഭൂമി കുഴിച്ചു നോക്കിയതിൽ ഇതിനടു

യിൽ, വാസുദേവന്റെ ശിലാപ്രതിമയും, ബുദ്ധദേവന്റെ ലോഹപ്രതിമയും കണ്ടിരിക്കുന്നു. 'ബുദ്ധാസൻ' എന്ന നാമം ബുദ്ധന്റെ 'പദ്മാസന'ത്തിന്റെ ദിഗ്രൂപമാണെന്നു ഊഹിച്ചിരിക്കുന്നു. അരനാഴികയിലധികം ദൂരം പത്തിരുപതടി ഉയച്ചയിൽ മൺതിട്ട കാണുന്നുണ്ടെന്നും; അതു കുറഞ്ഞതും നൂറാണ്ടിലുണ്ടായിരുന്ന ഒരു ബുദ്ധവിഹാരത്തിന്റെ നഷ്ടശിഷ്ടമായിരിക്കാമെന്നും പറയപ്പെടുന്നു.

* *

പഞ്ചസാരയെ പുളിപ്പിച്ചിട്ടാണല്ലോ ശീധു (അൽക്കൊഹാൾ) എടുക്കുന്നതു്. പഴങ്ങളിൽ സാധാരണയായി പഞ്ചസാരയടങ്ങീട്ടുള്ളതിനാൽ, അവയിൽ നിന്നു ശീധു ഉണ്ടാക്കാം. നേന്ത്രക്കായിൽ നിന്നു് ഇങ്ങിനെ ശീധു എടുക്കാമെന്നു കണ്ടിരിക്കുന്നു. അതിലേക്കു കായ് പച്ചയായിരിക്കണം. തോൽ പൊളിച്ചുകളഞ്ഞു്, കായ് നുറുക്കി ഉണക്കിപ്പൊടിച്ചു്, പൊടിയിൽ ആവശ്യംപോലെ വെള്ളവും, കുറെ മാൾട്ട് സത്തും കലർത്തു്, ഫാരൻ ഹൈറ്റ് ഊഷ്മാപകനിപ്രകാരം 60-മുതൽ 70-നാം കക്ഷ്യവരെ ചൂടുകയറ്റി, പെശയണം; ഇതുനിമിത്തം കായിലെ മണ്ഡകം (മാവു്) പഞ്ചസാരയായിത്തീരും; പിന്നെ തണുപ്പിച്ച ശേഷം, കുറെ കിണ്വം (യീസ്റ്റ്) ചേർത്തു പുളിപ്പിച്ചു നേരപ്പിച്ചു കഴിഞ്ഞാൽ, ശീധു എടുക്കാം.

* *

ഘടികാരം, നാഴികമണി എന്നിവയുടെ കേന്ദ്രവിപ്പെട്ട സ്വിറ്റ്സർലാണ്ട് രാജ്യത്തിൽ ഒരു വിദ്വാൻ, കുപ്പികൊണ്ടു മാത്രം ഒരു നാഴികമണി ഉണ്ടാക്കിയിരിക്കുന്നു. അതിലെ സകല ചക്രങ്ങളും, മറ്റു ഭാഗങ്ങളും വൈക്കോൽ ആണു്. ആ നാഴികമണിക്കു് ഒമ്പതടി പൊക്കവും, മണിക്കൂറു കാണിക്കുന്ന മുഖബിംബത്തിനു് ഒന്നര അടി വ്യാസവും ഉണ്ടത്രെ. ഒരിക്കൽ മുറുക്കി വച്ചാൽ ഒരു വർഷം ഓടുകയും. മുപ്പതു മാസകാലം കൊണ്ടാണു് മേല്പടി നാഴികമണിയുടെ പണിപൂർത്തിയാക്കിയതു്.

* *

'യൂറപ്പിലെ പോർക്കളം' എന്ന ഉപനാമത്തിനു പാത്രമായ ബെൽജിയം രാജ്യത്തിൽ യുദ്ധത്താൽ മരിച്ചുപോയവരുടെ പ്രേതങ്ങൾ രാത്രികാലങ്ങളിൽ ഇപ്പോഴുള്ളവരെ ബാധിക്കാറുണ്ടെന്നു ചില അനുഭവസ്ഥന്മാർ പറഞ്ഞിരിക്കുന്നു.

* *

ജെർമൻമാർ എതിർപക്ഷത്തിലെ ഭടന്മാരെ നശിപ്പിപ്പാനായി പ്രയോഗിക്കുന്ന വിഷവാതകം ഏല്ക്കുന്നവരുടെ ശ്വാസകോശങ്ങൾക്കു കേടുതട്ടുകയും, ക്രമേണ, ജലമയമായും നുരയായുമുള്ള ഒരു സാധനം ശ്വാസകോശങ്ങളിൽ നിറഞ്ഞു് മുട്ടിച്ചു് രോഗികൾ മരിക്കയും ചെയ്യുന്നു എന്നു കണ്ടിരിക്കുന്നു. വിഷവാതകത്താൽ മരിക്കാതെ രക്ഷപ്പെട്ടവർക്കു് അതികഠിനമായ പുണ്ണുസമ്പാകം (നീർക്കെട്ടു്) ഉണ്ടാകാറുമുണ്ടു്. ക്ലോറീൻ എന്നുപറയുന്ന ഹരിതകം ആകുന്നു ഈ വിഷവാതകം എന്നു രസതന്ത്രജ്ഞന്മാർ ഊഹിച്ചിരിക്കുന്നു.

P. Subbaroy's

world renowned & Most Efficacious

AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണ മില്ലായ്മ വിശപ്പില്ലായ്മ നേത്രം, കൈ കാൽ മുതലായവയുടെനീർ, നിരുഴിവ, മധുമേ ഹം, കല്ലടപ്പ (മൂത്രാലാതം), മുതലായ പല വിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരി ഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്ക വില ക ൨. തപാൽ ചിലവ ഒന്ന. വേറെ

൨ അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചു തികട്ടുക, നെ ഞ്ചുകലിക്കുക, ശരീരബന്ധംവയറുനോവ, വാ യനാറ്റം അജീർണ്ണം വയറുവീർപ്പ നദ്രഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സു ഖപ്പെടുത്തും. ഡപ്പിക്ക വില അണ വ. ൨ ഡപ്പിക്ക വരെ തപാൽ ഒന്ന. വേറെ.

൩. പ്രമേഹനിവാരണി.

സിരാമേഹം, ഇടപ്പവലി, മൂത്രാധി കമായുംതടഞ്ഞും പോവുക, മേസപ്പുകച്ചി ൽ, രക്തമേഹംമുതലായവ്യാധികളിൽ നി ന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിക്കും. ഈ കാലങ്ങളിൽ രക്തം അധികമായി സ്രവിക്ക ന്നതിനേയും ശമിപ്പിക്കും. കുപ്പി ക്ക വി ല ക ൧. ൩കുപ്പികൾ വരെയുള്ള ബങ്കിക്ക തപാൽ ചിലവ ഒന്ന. വേറെ

൪. ലക്ഷ്മീകരകസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ ഏ പ്പൊഴും സശ്രദ്ധം ഉപയോഗിക്കേണ്ടും വി ലയേറിയ സാധനം. ദന്തവേദന, വായനാ റ്റംഅജീർണ്ണം, പിത്തവായു ഇവയെശമിപ്പി ക്കും. തനിച്ചൊ താംബൂലത്തൊട്ടു കൂടി യൊ ഉപയോഗിക്കാം. ആഹാരത്തോട്ടു കൂടിവ ഗുളികകളെ ഉപയോഗിച്ചാൽ ഏതുഗു രുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും പ്രസവകാല ത്തുതാംബൂലത്തൊടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ലാ. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ചേർത്തി ട്ടില്ലകാശ്മീരത്തുനിന്നവങ്ങിയകസ്തൂരി പച്ചക്കർപ്പൂരം മുതലായ അധികം വിലയേ റിയ സാമാനങ്ങൾ ഇതിൽചേർത്തിട്ടുണ്ട്. ഉദ്ദീ കാസശ്വാസം, ജ്വരം, അതിസാരം പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സി ന്റെ ഏറക്കുറച്ചിൽ പോലെ ഒന്നു മുതൽ നാലുവരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ക്ക വില രൂണ. ൧മുതൽ ൧൨ വരെ കുപ്പികൾഅടങ്ങി യ ബങ്കിക്ക തപാൽ ചിലവ ഒന്ന. വേറെ.

൫. വേദനസംഹാരി തൈലം.

ഈ തൈലംഅല്പം പിരട്ടിയാൽകൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവു ക വീക്കം മുടക്കുവാതം, നെഞ്ചുനോവു തല വേദന ഒരു ഭാഗത്തുണ്ടാവുന്ന ശൂല ഇടപ്പ വേദന പാശ്ചവായു മേഹവായു, തിമിരം മു തലായ പലവ്യാധികളും ഭേദപ്പെടും. കുപ്പി ക്ക വില ക ൧. ൩കുപ്പികൾവരെ തപാൽ ചിലവ അണ ൬.

൬. സുഗന്ധകേരതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി, മീ ശ, ഇവ ന്ന പുഷ്ടിയായും ഞരുക്കമായും വളരും. കണ്ണിനകളർമയുണ്ടാകും സകല ക ൺനോവുകളും തലവേദനകളും നിങ്ങുചെ മ്പട്ടരോമം കറുക്കും രോഗം കൊഴിയാതിരി ക്കും. കണ്ണിനു നല്ലതെളിവുണ്ടാകും കുപ്പി ക്ക വില വ്യണ രണ്ടു കുപ്പികൾവരെ തപാ ൽ ചിലവ ഒന്ന വേറെ.

൭. നേത്രബിന്ദു.

കണ്ണിൽ ഉണ്ടാവുന്ന കൺനോവു, ക ൺപുകച്ചിൽ, ക്ലേദം നിറെട്ടപ്പുങ്ങൽ മാ ലക്കണ്ണു പിളകെട്ടൽ, ദശവളച്ചു പൂവു ചെ റ്റു ഘടിച്ചൽ ഇമ പുരികം ഇവയുടെവലി വുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ക്ക വില വ്യണ ൧ കുപ്പികൾവരെ തപാൽ ചിലവ ഒന്ന.

കണ്ണ്ബിന്ദ

ചെവിക്കുത്ത്, ചെവിയടപ്പ് ഇരമ്പൽ മുതലായ കണ്ണ്രോഗങ്ങളെ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാക്കും. കുപ്പി ഒക്ക വില വ്യണ. നു കുപ്പികൾവരെ തപാൽ ചിലവ ഒണ വേറെ.

൩. മണ്ഡലകഷ്ടസംഹാരി.

മണ്ഡലകഷ്ടം, പുഴുക്കടി തഴതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം തഥ്രോഗങ്ങൾ പലതും മാറും തേമൽ, മേഹകഷ്ടം മുതലായവയെ ശമിപ്പിക്കും. കുപ്പി ഒക്ക വില രൂണ. നു കുപ്പികൾവരെ തപാൽ ചിലവ ഒണ.

൪. സുഖവിരേചന ഗുളികകൾ.

മലശോധന ശരിപ്പെടുത്തും ചീർണ്ണം പിത്തോപദ്രവങ്ങൾ വായു മലപ്പിടിത്തം, അഗ്നിമാന്ദ്യം വാതം മുതലായ പലരോഗങ്ങളേയും ശമിപ്പിക്കും. ഡപ്പി ഒക്ക വില വ്യണ. നുവരെ ഡപ്പികൾക്ക തപാൽ ചിലവ ഒണ തെറെ.

൪. ജ്വരസംഹാരി.

കളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. ഡപ്പി ഒക്ക ൪ ക. തപാൽ ചിലവ ഒണ വേറെ.

൪൰. രോമസംഹാരി.

രോമം വേണ്ടാത്തിടത്തിൽ ഈ മരുന്നു പിടിച്ചാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ റീക്കും. കുപ്പി ഒക്ക വില രൂണ. നു കുപ്പികൾവരെ തപാൽകൂലി ഒണ. വേറെ.

൫൰. ദന്തമൂർണ്ണം.

സുഗന്ധമയുള്ളത. എല്ലാമാതിരി ദന്തരോഗങ്ങളേയും റീക്കും. കുപ്പി ഒക്ക വില നൂണ ഒരുപ്പികൾവരെ തപാൽ ചിലവു ഒണ വേറെ.

൬൰ സ്ഖലിതരക്ഷണി.

ബലഹീനതയാലും ആത്യുഷ്ണത്താലും മാറുമുണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ റീക്കും. ഡപ്പി ഒക്ക വില വ്യണ നുഡപ്പികൾ വരെ തപാൽ ചിലവ ഒണ. വേറെ.

൭൰. മൃഗകസ്തൂരി

കാശ്മീരത്തുനിന്നു വരുത്തീട്ടുള്ള നാംതരം കസ്തൂരി എപ്പോഴും ആപ്പീസിൽഉണ്ടു. ഉരുപ്പികത്തുക്കത്തിനു രാക. വില, ഒക മുതൽക്കുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും തപാൽ ചിലവ പുറമെ.

൮൰. തേൾക്കടിക്കുള്ള സിദ്ധൌഷധം

കടിവായിൽ ഏതാനംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണ എല്ലാ വീടുകളിലും ഓരോ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണ. കുപ്പി ഒക്ക വില രൂണ.

ഇന്ത്യയിലും ബർമ്മയിലും ൧ മുതൽ ൧൨ വരെ കുപ്പികൾക്ക വി. പി. ചിലവ വ്യണ വേറെ. സിലോണിൽ മേപ്പടിക്കണെ. ഒന്നായി ഒരു ഡസൻ കുപ്പിയിൽ കുറയാതെ വാങ്ങുന്നവർക്ക് ഡസനു ഒന്നാക്ക ൧൨-ാം പ്രകാരം കൊടുക്കപ്പെടും. വി. പി. ചിലവ ഡസ്സൻ ഒക്ക ഒണ വേറെ.

൯൰. വ്രണനാശകരതൈലം

ഈ തൈലം ഒരുള്ളത്തുണിയിൽ പിരട്ടി വ്രണത്തിൻ മേച്ചു കെട്ടിയാൽ സകലവിധവ്രണങ്ങളും ക്ഷണത്തിൽ സുഖപ്പെടുന്നതാണ കുപ്പി ഒക്ക വില വ്യണ. ഇന്ത്യയിലും ബർമ്മയിലും ൧മുതൽ നുവരെ കുപ്പികൾക്ക വി. പി. ചിലവ ഒണ വേറെ.

൧൰. അത്ഭുതകരകണ്ണൌഷധ ഗുളികകൾ

ഈ ഗുളികകൾ സപ്രത്തെ വ്യക്തപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണ. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവർക്ക് പ്രത്യേകാവശ്യമുള്ളതാണ. തൊണ്ടയടപ്പിനും പ്രത്യൌഷധമാണ. കുപ്പി ഒക്ക വില വ്യണ. ഇന്ത്യയിലും ബർമ്മയിലും ൧മുതൽ നുവരെ കുപ്പികൾക്ക വി. പി. ചിലവ ഒണ. വേറെ.

൧൧൰. ദേഹശ്രീകരപരിമളചൂർണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തേച്ചുകുളിച്ചാൽ ദേഹ

ത്തിൽനിന്നു വാസനയുണ്ടാകും. തേമൽ, കൈകാൽ റീതൽ, ശരീരവേദന, കഴപ്പ്, തലവേദന, പോരിമേഹം, മേഹവൽ മുതലായതു കൂടാതെ മറ്റു അനേക തരത്തിലുള്ള രോഗാഹങ്ങൾ മാറുന്നതുമാണ. കാന്തിയും ആരോഗ്യവും ഉണ്ടാകും കുട്ടികൾക്കും പ്രായം ചെന്നവർക്കും ഉപയോഗിക്കാവുന്നതാണ. ഡപ്പി ൧ക്ക വില വ്വണ, വി. പി. ചിലവ് നുണ വെറെ.

൨൦. സഞ്ജീവഗുളിക.

തലകത്ത്, തലവേദന, ഉറക്കമില്ലായ്മ വയറിലുണ്ടാവുന്നവായുവികാരം ജലദോഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു പ്രത്യൌഷധമാണ്. പ്രായംചെന്നവർക്കും പേപ്പടി രോഗങ്ങൾക്കു ഈ ഗുളികകൾ ഉപയോഗിക്കാവുന്നതുമാണ്.

കുപ്പി ൧ക്ക വില ൧൫ണ ഇന്ത്യയിലും ബർമ്മയിലും ൧മുതൽ ൩വരെ കുപ്പികൾക്ക വി. പി. ചിലവ് ൪ണ വെറെ.

൨൧. ഉയന്തരം ഗോരോചനഗുളിക

ഈഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ്. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പനിക്കും വയറിളകിപ്പോകൽ, അജീർണ്ണം, ചുമ, ജലദോഷം, തലവെദന മുതലായ രോഗങ്ങൾക്കും പ്രായംകുറഞ്ഞവർക്കും പ്രായം തികഞ്ഞവർക്കും ഒരുപോലേ ഉപയോഗിക്കാവുന്നതും ഫലത്തെകൊടുക്കുന്നതുമാകുന്നു കുപ്പി ൧ക്ക വില ൧൫ണ. ൧ മുതൽ ൩ വരെ കുപ്പികൾക്ക വി. പി. ചിലവ് ൪ണ വെറെ.

൨൨. തപ്രൊഗസംഹാരി

ചൊറി, ചിരങ്ങ് പുഴുക്കടി, കഴപ്പ് മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ തപ്രൊഗങ്ങളും ഈ മരുന്നു പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണ. കുപ്പി ൧ക്ക വില ൧൫ണ. ൧ മുതൽ ൫ വരെ കുപ്പികൾക്ക വി. പി. ചിലവ് ൪ണ വെറെ.

൨൩. കേശസുവാസനി

ഈ ഔഷധം എല്ലായ്പോഴും വിലയേറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളെയും വെറെ ഉചിതമായ നാട്ടു ഔഷധങ്ങളെയും ചെർത്തു ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവെദന, തലതിരിച്ചൽ മുതലായ ശിരോവ്യാധികൾക്ക വിശേഷമായ മറ്റുള്ള ഔഷധങ്ങളെക്കാൾ ഗുണത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും പുറമെ തലമുടിയെ കറുപ്പിച്ച അധിക ആഹ്ലാദത്തോടു വളച്ചുയെ ചെയ്യും. രോമങ്ങളുടെ കൊഴിച്ചലിനെ തീരെനിറുത്തും പരീക്ഷിച്ചാൽ സന്തോഷിക്കാം. കുപ്പി ൧ക്ക വില ക ൧. മുതൽ ൫. വരെ കുപ്പികൾക്ക തപാൽ ചാർജ് അണ ൪.

൨൪. രക്ഷാമൃതം

സ്ഥാപരവർഗ്ഗത്തിൽ അനേക അപൂർവ്വമൂലികകളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂർണ്ണം കാപ്പിചായ ഇതുകൾക്കുപകരം ഉപയോഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണ കാപ്പി പാൽ ഇതുകൾക്കുള്ള ദുർഗ്ഗുണങ്ങൾ ഇതിനില്ല. കാപ്പിപ്പൊടിയെ നാം ഏതു പ്രകാരം ഉപയോഗിക്കുന്നുവൊ അതേപ്രകാരം ഇതിനെയും ഉപയോഗിച്ചാൽ ഏറവും രുചിയുള്ള ഒരു പാനമാകും. ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവർക്കും ഉപയോഗിക്കാം. ജ്വരം സന്നിപ്രസവം മർദ്ദി അതിസാരംമുതലായ കാലങ്ങളിൽമെപ്പടി ചൂർണ്ണത്തിൻ കഷായത്തെ പാൽകൂട്ടിയൊ കൂട്ടാതെയോ സമയത്തിൻ തക്കപൊലെ ഉപയോഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നുഗ്രഹിക്കപ്പെടുന്നതിനു പുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായു, കാസം, ക്ഷയം അജീർണ്ണം, മലബന്ധം തലവലി മുതലായ രോഗങ്ങളെമാറ്റും രക്തത്തെ ശുദ്ധിചെയ്യുന്നു ധാതുപുഷ്ടിയെയും ശരീരാരോഗ്യത്തെയും തരുന്നു അഗ്നിമാന്ദ്യം ഉള്ളവർക്കും മൂത്രരോഗികൾക്കും എത്രയും വിശേഷമായ മരുന്നു. ഈ മരുന്നിനെ ക്രമമായി ഉപയോഗിച്ചുവന്നാൽ മൂത്രരോഗികളുടെ

നീരിലുള്ള മധുരത്തെയും നീരിൻ അളവെയും കറച്ച മൂത്രരോഗത്തെ ഭേദമാക്കി സുഖപ്പെടുത്തും ദേഹത്തിലുള്ള ഉഷ്ണത്തെ ശാന്തിചെയ്യും ബുദ്ധിക്കു നല്ല തിവ്രതയുണ്ടാക്കും പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ വിരോധഭ്രമങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ട ഈ പൗഡ്ഡറിനെ ഉപയോഗിക്കുന്നവരുടെ അനുകൂലം.

ഡപ്പി ഒക്ക വില ൧൫ അണ വി-പി-ചിലവ ൧൨ണ വെറെ വ്യണ. മദ്ധ്യമൻകുന്നായി ആയച്ചാൽ ഫഡപ്പി ആയക്കപ്പെടുന്നതാകുന്നു.

൨൪. സർബ്ബത്തുകൾ

മന്തിരിങ്ങാപ്പഴം, നന്നാരിവേരു രോസാപ്പൂഷ്പം, വാഴപ്പഴം ചെറുനാരങ്ങ, മധുരനാരങ്ങ, ബദാംകൊട്ടപ്പഴം, ശീമഎലന്തപ്പഴം ഇഞ്ചി, ഈവക സർബ്ബത്തുകൾ ഏറ്റവും വിശേഷമായ പഴവർഗ്ഗങ്ങളിൽ നിന്നെടുത്ത ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു ഈ സർബ്ബത്തുകൾ തുള്ളിക്കണക്കിൽ ഉപയോഗിച്ചാൽമതി. മേപ്പടി സർബ്ബത്തുകളിൽ നിന്നു അഞ്ചുതുള്ളികൾഒരുസെർ പച്ചവെള്ളത്തിൽ ചെത്താൽ ഏറ്റവും മധുരമായും ഏതുപഴത്തിൽനിന്ന സർബ്ബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയോടുകൂടിയതായും ഇരിക്കും. വലിയ കുപ്പികളിൽ അടച്ച സാധാരണയായി അങ്ങാടികളിൽവില്ക്കുന്ന സർബ്ബത്തുകളെക്കാൾ പതിനായിരം പങ്കുജാസ്തിഗുണമുള്ളതായിരിക്കും. എന്നാൽ സർബ്ബത്തുകൾ അരൗൺസ് കുപ്പികളിൽ വില്പനപ്പെടുന്ന ഈചെറിയ കുപ്പികളിലുള്ള സർബ്ബത്തു സുമാർ ൧൦ സേർ പച്ചവെള്ളത്തിൽ ൫ാല്ലെങ്കിൽ സൊഡാവെള്ളത്തിൽ ചെത്താൽ ൧൦ സെർ രുചിയുള്ള സർബ്ബത്തായിത്തീരും. അര ഔൺസ് കുപ്പി ഒക്ക വില അണ വ്യ. ഫ മുതൽ ൩൬ വരെ കുപ്പികൾക്കു വി. പി. ചിലവ് ഒണ വെറെ.

൨൫. സുഗന്ധമായ മൂക്കുപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾചെത്തിട്ടുണ്ടു ഇതിനെ തനിയെ ഉപയോഗിപ്പാൻ പാടില്ലാ. സാധാരണയായി കുട്ടന്നപൊടിയിൽ കുറെശ്ശയായി മേല്പുവലിക്കണം. ഈ പൊടി വളരെ ഗ്രന്ഥകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു. ഒരാൾക്ക സുഗന്ധചരിമളത്തെ മാത്രമല്ലാകൊടുക്കുന്നതുസാധാരണയായിപൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുർഗ്ഗന്ധത്തെക്കുടെ പോക്കത്തക്കതായ ഒരു വിശേഷ വസ്തുവാണ ഈവാസന അധികം നാൾ നില്ക്കുന്നതും പൊടിയെവളരെനാൾ കേടുതട്ടാതേയുമാക്കും ഈപൊടിജലദോഷം തലവേദന, മൂക്കിലുള്ള ദുർന്നാറ്റം മയക്കംമുതലായ ഉപദ്രവങ്ങളെ പോക്കത്തക്കതാണ, ഇതാവളരെ കുട്ടുകൂടെ പൊടി വലിക്കണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണ ഒരു കുപ്പി മൂക്കിപൊടിവാങ്ങിയാൽ ഒരു മാസത്തോളം നില്ക്കുന്നതാണ. ഒരു കുപ്പിക്കവില ൨ അണ.

ഫമുതൽ ൩൬ കുപ്പികൾക്ക വി. പി. ചാർജ്ജ വ്യ അണ. ൨ മുതൽ ൩൬ കുപ്പികൾക്ക ൪ അണ. ൧ മുതൽ ഫ൨ കുപ്പികൾക്ക ൨ അണ

൨൬. അശോകഘൃതം

തെറ്റിയുണ്ടാവുന്ന രീണ്ടാരി, വേദനയോടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്ന രീണ്ടാരി, രീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്നവേദന, കാലനിഷ്ക്രമമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന രീണ്ടാരിയിൽ അധികരിച്ചൊ ചുരുങ്ങിയൊ ആയരക്തപ്പോക്ക മച്ചി എന്ന അവസ്ഥ സാധാരണയായ ഗർഭമലസൽ എന്നിരോഗങ്ങളേയും, ക്രമംതെറ്റിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മറ്റെല്ലാ രോഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏറ്റവും വിശേഷപ്പെട്ട ഒരൗഷധമാകുന്നു മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്ക ഈ ഔഷധം മെത്തമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണമെന്ന ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണു. കുപ്പി ഒക്ക വില ൫ ൫

വി. പി. ചാർജ്ജ് 4 മുതൽ 6 വരെ കുപ്പിക ൾക്ക് ഒന്നു പുറമെ.

൬൬. ബ്രഹൽ ചന്ദ്രോദയമകരധ്വജം.

മനക്കമ്പത്തോടുകൂടിയ ദൌർബ്ബല്യം, സതിക്ഷയം, വാഗ്വൈകൃതം, വിസ്മൃതി നിശ സ്സ്വേതം എന്നിവകൾക്ക് വിലയേറിയ ഒ രൌഷധമാകുന്നു. ഇതിന്റെ ഫലിതം അ ഇത്തരക്കാരും ആയത നാൾക്കുനാൾ അഭിവൃ ദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആക ുന്നു ചെറുപ്പകാലങ്ങളിലുണ്ടായ ദുഷ്പ്രവൃത്തിക ളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേ ണ്ടതാണു. അല്പകാലത്തിനുള്ളിൽ ഇതുവ രെ യൌവനമുള്ളവരാക്കിത്തീർക്കുമെന്നതു നിശ്ചയമാണു. . ഒരാഴ്ചക്ക് വേണ്ടുന്നതിനു വില രൂ. ൧. വി. പി. ചാർജ്ജ് ഒന്നു പുറമെ.

൬൭. ച്യവനപ്രാശം

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇ തു മേത്തരം ഔഷധമാകുന്നു കഫസംബ ന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നു മാത്രമല്ലാ സ്വരത്തേയും ബലത്തേയും കൂടി യുണ്ടാക്കുന്നു താനും. തൊണ്ടയടപ്പു, ഒ ച്ചയടപ്പു, ക്ഷയം, ചുമ; തൊണ്ടക്കുള്ള അസഹ്യതയാലുണ്ടാവുന്ന കര എന്നിവക്കു, തൊണ്ടയേയും ശ്വാസനാഡികളേയും സം ബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈ കണ്ട ഒരു മരുന്നാകുന്നു. അളക്കു 1 ക്ക വില രൂ. ൨. വി. പി. ചാർജ്ജ് ഒന്നു പുറമെ.

൬൮. മകരധ്വജം.

ഇതിനു സമമായ ഒരു യോഗം ഔഷ ധവർഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്തിൽ തീരെ യൊ അല്പമായൊ നിവൃത്തികിട്ടാത്ത രോഗ ങ്ങളുമില്ലാ. എല്ലാകാരണത്താലുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏറ്റവും തൃപ്തിക രങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ടിർഘജ്വരം, വിഷമജ്വരം, മുതലായ എ ല്ലാതരം ജ്വരങ്ങൾ, ചലംപോക്ക്, സ്രാവം പ്രമേഹം പ്രസവാനന്തരമുണ്ടാവുന്ന ഉപദ്ര വങ്ങൾ ജലദോഷം കര, ചുമ, മഹാമാ രി, ഓമ്മക്കേട് നീര, വിഷൂചിക, വയർ വഴപ്പ ദഹനക്കേട് മന്ദത, ബലക്ഷയം, തലചുറ്റൽ എന്നിവയെ ശമനപ്പെടുത്തു ന്നതിനു മേത്തരവുമാകുന്നു. തോല 1 ക്ക വില രൂ. ൧ ഒരാഴ്ച ഉപയോഗിക്കേണ്ടതിനു കൂ. വി. പി. ചാർജ്ജ് ഒന്നു പുറമെ.

൬൯. വസന്തകുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാ ഹം നാവു വരൾച്ച കൈകാലുകളിൽ എരി ച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയ ത്നനയുള്ളമൂത്രം വീഴ്ത്തൽ മുതലായ രോഗ ങ്ങൾക്കു ഇതു ഫലിതമായ ഒരൌഷധമാകു ന്നു ഒരാഴ്ചക്കു വേണ്ടപ്പെട്ടമരുന്നിനു വില രൂ. ൧. വി. പി. ചാർജ്ജ് ഒന്നു പുറമെ.

൭൦. രക്തശുദ്ധി

മനുഷ്യജീവന്റെ പ്രധാനകാരണം ര ക്തമാണെന്നു എല്ലാവർക്കും അറിയാവുന്ന താണു. രക്തത്തിനു് ശുദ്ധിയില്ലെങ്കിൽ വാ യ്പ്പുണ്ണു ചെങ്കണ്ണു മൂക്കുപ്പുണ്ണു തൊലിപ്പുണ്ണു ശരീരമാസകലം കര ആണി വീക്കക്കു ച മ്മത്തിൽ നിറഭേദം ഉണ്ടുപുണ്ണു തലവേദന അഗ്നിമാന്ദ്യം ചമ്മന്തി നു രുചിപ്പാ മാട്ടവ മില്ലായ്മയും ചെകിടം മൂക്കം വീങ്ങൽ വിള ർപ്പു ബലക്ഷയം കര മുളകുഷ്ടം തഴച്ചണം മ ന്ദത സപ്പാടില്ലായ്മ ചൊറിച്ചൽ എന്നിവയും ഉൾപ്പെടുമുണ്ടാക്കത്തക്ക മറ്റൊല്ലാ ചമ്മവ്യാ ധികളും രക്തദുഷ്യംകൊണ്ടുണ്ടാവുന്നതാകു ന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീ ക്കംചെയ്വാൻ രക്തശുദ്ധിയെന്നപേരായ എന്റെ ഔഷധം മേത്തരമാകുന്നു ഇതു ര ക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ ക്ര മപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹന ത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തു ന്നതുമാകുന്നു. ൦൦ ദിവസത്തേക്കു വേണ്ടുന്ന അളക്ക് 1 ക്ക വില രൂ. ൧നോ രണ്ടോ ആ ളുകൾക്കു വി. പി. ചാർജ്ജ് ഒന്നു പുറമെ

൩൨. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്തുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ചു ഏറ്റവും ബലകരമായതാകുന്നു ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും ആതിൽനിന്നുണ്ടാകുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതു കൂടാതെ ശ്വാസകോശങ്ങളെ സംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളേയും നീക്കംചെയ്യുന്നതും ദേഹത്തെ ശരിയായി നിലനിർത്തുന്നതുമാകുന്നു മുക്കിചുമയുണ്ടായാൽ ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ലാ. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ബലത്തേയും യൌവനത്തേയും ഒരു പുരുഷായുസ്സുവരെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണു തോല ഫക്ക വില ക. വ്യാ ഒരാഴ്ചക്കുള്ള ഉപയോഗത്തിനു ക. നു. വി. പി. ചാർജ്ജു പുറമെ.

൩൩. വേദനപരിഹാരി.

ഈ ഔഷധം അകത്തേക്കും വേദനസംഹാരി തൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിന്റെ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു പെട്ടി ഫക്ക വില ക ഫാ. നു പെട്ടികൊംവരെ വി. പി. ചാർജ്ജ് ഉണ്ട മാത്രം.

൩൪. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിനു മേപ്പടി ഔഷധം ഏറ്റവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ഫക്ക വില കഫ നു പെട്ടികൊംവരെ വി പി. ചാർജ്ജ് ഉണ്ട മാത്രം.

൩൫ മലബന്ധശമനൌഷധം

പതിവായും ഇടക്കിടേയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്വാൻ ഇതു മേത്തരമായ ഔഷധമാകുന്നു. കുടലിന്റെ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കിതീർക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിർത്തുന്നതുമാകുന്നു. പെട്ടി ഫക്ക വില ഫാ ണ. രണ്ടുവരെ പെട്ടികൊംക്കു വി പി. ചാർജ്ജ് ഉണ്ട വെറെ.

൩൬. ചന്ദ്രാമൃതരസം.

പ്രയാസപ്പെട്ട എല്ലാതരം കഫകളേയും ശ്വാസകോശങ്ങളിലെ പഴുപ്പുകളേയും ഏക്കം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കഫവും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു ദേഹത്തിനു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീർപ്പാൻ മേത്തരമാകുന്നു. പെട്ടി ഫക്ക വില ക. ഫ. നു പെട്ടികൊംവരെ വി പി. ചാർജ്ജ് ഉണ്ട മാത്രം.

൩൭. ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിന്റെ എല്ലാ സ്ഥിതികളിലും ഇതുവളരെ മേത്തരമായ ഔഷധമാകുന്നു. ഇതിന്റെ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ശേഷമായും സുഖപ്പെടുത്തുന്നതും ക്രമക്കേടായ വിരേചനത്തെ നിത്തി ശാശ്വതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നുമാത്രമല്ലാ ആതിസാരത്തെയും മറ്റും സുഖപ്പെടുത്തുന്ന ഒരു സർവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ഫക്ക വില ക ഫ. നു വരെ പെട്ടികൊംക്ക വി പി. ചാർജ്ജ് ഉണ്ട മാത്രം.

൩൮. വിഷ്ണുതില

തലനോവ് ഉടനെ നിക്കുന്നതല്ലാതെ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കൂപ്പി ഫക്ക വുണ. ഫ മുതൽ നു വരെ കൂപ്പികൊംക്കു വി. പി. ചിലവ് ഉണ്ട വേറെ.

മേത്തരം ഗോരോചനം. തോല ഫക്ക വില നുക മേത്തരം കുങ്കുമപ്പൂവ് തോല ഫക്ക വില ഫക മേത്തരം പച്ചക്കർപ്പൂരം തോല

ക്ക വില വക.

സുഗന്ധവസ്തുക്കൾ

അത്തർഓഫ് നസ്സുകൾ,- തോജാപൂവ്, മല്ലികപൂവ്, മാതിപൂവ്, മതനപൂവ്, സുഫാഹമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉറപ്പികുത്തുക്കം ക്ക വില കണവ വി. പി. വിലവ വേറെ.

താംബൂലബിഫാർ പെട്ടി ഉന്നിനുവില രണ. ഉമുതൽ ഉവരെ പെട്ടികൾക്ക തപാൽകൂലി ഒന്ന.

സോഡാചൂർണ്ണം ഓരോ കുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ട പച്ചവെള്ളം ചേത്ത വുകുപ്പി മേത്തരം പുതിയ സോഡഉണ്ടാക്കാവുന്നതാണ കുപ്പിക്ക വില വുന്ന. ഉമുതൽ രവരെ കുപ്പികൾക്ക തപാൽകൂലി രണ്ന.

ലമനേഡ് ചൂർണ്ണം ഓരോ കുപ്പിക്കകത്തുള്ള ചൂർണ്ണംകൊണ്ട പച്ചവെള്ളം ചേത്ത വുകുപ്പി മേത്തരം പുതിയ ലമനേഡ് ഉണ്ടാക്കാവുന്നതാണ കുപ്പി ക്ക വില നാണ. ഉമുതൽ രവരെ കുപ്പികൾക്കതപാൽ ചാർജ് ഒണ.

പനിനീർ- അര ഔൺസ്സ് കുപ്പികളിൽ വിൽപ്പെട്ടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ട നു വലിയ കുപ്പികളിൽ വെള്ളം ചേത്ത നിറക്കാവുന്നതാണ അങ്ങിനെ വെള്ളം ചേത്താൽകൂടി ഈ നു കുപ്പികളും മേത്തരം പേഷ്യൻ പനിനീരിനു തുലമായിരിക്കും അര ഔൺസ കുപ്പി ക്ക വില വുന്ന ഉമുതൽ നവരെ കുപ്പികൾക്ക തപാൽകൂലി ഒണ.

ഉടുപ്പിനുള്ള സുഗന്ധങ്ങൾ പനിനീർ സുഗന്ധക്കുട്ട മുല്ലസുഗന്ധക്കുട്ട, ലവണർ സുഗന്ധക്കുട്ട എന്നിവ പെട്ടി ഓരോന്നിനും വില വുന്ന. ഉമുതൽ നവരെ പെട്ടികൾക്ക തപാൽകൂലി ഒണ.

ഉടുപ്പിനുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ.

ഉമദനവിലാസം വ മനമോഹനി നു മനോരഞ്ചൻ രാജഗന്ധോഹിനി ഒ അകാപർസിയായി നു ഷാജിഹാൻ സിഗാഹി ഇവ ഓരോന്നും പുതിയതായി വിടന്നുപുഷ്പത്തിന്റെ വാസനയോട കൂടിയതായും ഇതിക്കും വില ഒര കുപ്പിക്ക അണ വ. ഉമുതൽ നവരെ തപാൽ ചിലവ അണ ഒ പ്രത്യേകം.

കേസർപ്പൊടി- ഇത വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവസ്തുക്കളെക്കൊണ്ട ചെയ്യപ്പെട്ടതാകുന്ന. ഒരുനുള്ളൽ പൊടി വെറുംപച്ചവെള്ളത്തിലൊ അല്ല ചന്ദനക്കുട്ടിലൊ ചേത്താൽ അതി സൌരഭ്യകരമായതും മനസ്സിനു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കുട്ട ആയിതീരുന്ന. ഇതഅടിയന്തരകാലങ്ങളിൽ വിരുന്നകാർക്കകൊടുപ്പാൻ ചന്ദനം അരക്കേണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതല്ലാതെ ഒരം കേസർപ്പൊടിക്ക സമമായും, മേലായും സുഗന്ധം നില്ക്കുന്നതായ ഒര സൌരഭ്യ വസ്തു ഉണ്ടാവാൻ പാട്ടുള്ളതല്ല. കുപ്പി ക്ക വില വുന്ന. ഉമുതൽ നകുപ്പികൾക്ക തപാൽ ചാർജ് ഒണ.

അർഘ്യജം- ഇത വേറെ ഒര മാതിരി സ്വദേശി സൌരഭ്യവസ്തുമാണ ഇതിന്റെ സൌരഭ്യം വളരെ വിശേഷമായതും മനസ്സിനു ആഹ്ലാദത്തെകൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്ന. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇത ഒരേമാതിരി അനുഭവത്തെ നല്കുന്ന. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചവെള്ളംചേത്ത ചന്ദനക്കുട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്ക വാസനക്കായും ഉപയോഗിക്കാം. നെറ്റിമേൽ തിലക്കുറിയായും ഉപയോഗിക്കാം. ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉഷ്ണപ്രകൃതികളിലേക്ക ഇത അതിവിനോദകരമായ ഒര സൌരഭ്യവസ്തുമാകുന്നു പെട്ടി ക്ക വില വുന്ന. ഉമുതൽ നവരെ പെട്ടികൾക്ക തപാൽകൂലി ഒണ വേറെ.

അമ്പർ. ഇത അതിശ്രേഷ്ഠകരമായ ഒര സൌരഭ്യവസ്തുവാകുന്നു ഇത വാസനക്കായി ഉപയോഗിക്കുന്നതല്ലാതെ വിയർക്കുമിനും മുഖിക്കും വളരെ വിശേഷമാകുന്നു ഇതിന്റെ അതിവിനോദമായ വാസന അധികം ദിവസത്തേക്ക നിലനില്ക്കുന്നതാണ

ഒരു പ്രാവശ്യം ഉപയോഗിച്ചു ഫലം കണ്ടാൽ ഇതിനെ ഒരു കാലത്തും വിടുകയില്ല. ഇതു എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു ഈ മുഖത്തപ്പിട്ടിയാൽ മുഖത്തിന്റെ വണ്ണം തിളങ്ങിവരും പെട്ടി ഒന്നിന വില രൂപ മുതൽ രൂപ വരെ പെട്ടികൾക്ക് രൂപ. പുറമെ.

ഇന്ത്യൻ പൊറൽഡസ്റ്റ്- നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോട് കൂടിയിരിക്കും. സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, പുകഞ്ചാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഘമുള്ള സ്ഥലങ്ങളിലൊ വെച്ചിരുന്നാൽമനുഷ്യർ ശ്വസിക്കുന്നതായ അംഗാരാമ്ലവായുവിനെ ശുദ്ധീകരിക്കുന്നതാണ്. നിങ്ങൾ ശയനഗൃഹത്തിലേക്ക് പോകുന്നതിന്നു മുമ്പായി ഇതുപ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ്. ഇതുനിങ്ങൾ അകത്തേക്ക് ശ്വസിക്കുന്നവായുവിനെ ശുദ്ധീകരിക്കുകയും ചെയ്യും. പെട്ടി ഒന്നിന വില അണ രൂ. മുതൽ വരെ പെട്ടിവരെ തപാൽ ചെലവു അണ പ്രത്യേകം.

വയറ്റിലുള്ള നാക്കപൂഴകളയാനുള്ളമരുന്നു.

ഈ മരുന്നു സേവിച്ചാൽ വയറ്റിലുള്ള നാക്കപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്ക് ആരോഗ്യതയെകൊടുക്കും. ഈ പാമ്പു വയറ്റിൽ ഇരുന്നാൽ അടിവയറ്റിൽ ഘനം, അഗ്നിമാന്ദ്യം, വയറുവലി, ഊണുവേണ്ടാ എന്നതോന്നുക പായിൽ ഒട്ടുന്ധം, തലവേദന നാവുവാടിച്ച ആസനത്തിലും മൂക്കിലും ചൊറിച്ചൽ വയറിനു പോക്ക മലക്കെട്ട് മുതലായ പല വ്യാധികളെ നീക്കുന്നതാണ്. ഒന്നിപ്പിക്ക വില അണ രൂ. മുതൽ രൂ. കുപ്പിക്ക് വരെ ബങ്കി ചിലവു അണ ഓരോ പ്രത്യേകം,

ജാഗ്രാവകം

ഇതു വയറുവലി, വയറുകടുപ്പ് അഗ്നിമാന്ദ്യം, അജീർണ്ണം, മുതലായ വ്യാധികളെ ക്ഷണേന പരിഹരിക്കുന്നതാണ്. കാലാ എന്നവ്യാധിക്കും ഇതു സമയംസമയം പോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസം കിട്ടുന്നതാണ്. ഇതു സാധാരണമായി അങ്ങാടിയിൽവിറ്റുവരുന്ന ഒരു ദ്രാവകം പോലെ അല്ലാ അവൺസ കുപ്പികളിൽ വില്പപ്പെടുന്ന ഒരു കുപ്പിദ്രാവകത്തിൽ വെള്ളം ചെത്താൽ ഒരു അവൺസ് മേത്തരമായ ഔഷദ്രാവകം കിട്ടുന്നതാണ ഇങ്ങനെ കിട്ടുന്ന ദ്രാവകം കടകളിൽ വില്പുന്നതിനെക്കാൾ വളരെ വിശേഷമായിരിക്കും. കുപ്പിക്ക വില അണവ. മുതൽ നൂകുപ്പികൾ വരെ ബങ്കി ചിലവു അണ പ്രത്യേകം,

തലയിൽ പുരട്ടുവാനുള്ള ചായം

പി. സുബ്ബരായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏറ്റവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണ്. നരച്ച തലമുടിയിൽ ഇതു പുരട്ടിയാൽ ഭംഗിയും ശോഭയും മിനുസവുമുള്ള നല്ല കറുത്തനിറമാകുന്നതാണ ചായം പുരട്ടിയിരിക്കുന്നുവെന്നു ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരക്കുമ്പോൾ അതിൽ ചായംപുരട്ടുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണ ഇതിലേയ്ക്കു ഉത്തമമായിട്ടുള്ളതു നരച്ചതലമുടിയെ കറുപ്പിച്ച വാർദ്ധക്യലക്ഷണങ്ങളെ മറച്ചു യുവാവിന്റെ ഭാവം വരുത്താമെങ്കിൽ വാർദ്ധക്യലക്ഷണങ്ങളെ കെടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കുപ്പിക്കു രൂപാ ക. വി പി. ചാർജ് മുതൽ ൩ വരെ കുപ്പികൾക്ക ഒന്നിനു പ്രത്യേകം.

മായ്ഞ്ഞുപോകാത്തഅടയാളമഷി

ഇതു പട്ടുലിനൻ മുതലായ വസ്ത്രങ്ങളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണ ഒരിക്കലും മായ്ഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടുന്നതിനേക്കാൾ മാറിപ്പോകാതിരിക്കുന്നതിലേക്കാണ ഒരു ഉത്തമയായിരിക്കുന്നതാണ്. വില

കപ്പിക്കുന്നിനു വ്യത്യാസം. ൧ മുതൽ ൧൦ വരെ കപ്പികൾക്ക് വി. പി. ചാർജ്ജ് ഒഴിച്ച് പ്രത്യേകം.

ഓതികോളോൺ.

ഈ സുഗന്ധദ്രവ്യം വളരെ വിശേഷപ്പെട്ടതും, ആനന്ദം വാസനയോട് കൂടിയതും ദേഹത്തിലേക്ക് കുളിപ്പിക്കുന്നതും ആകുന്നു. ഇതിനെ ഒന്നു പരിക്ഷിച്ചു നോക്കേണ്ടതാണു. ഈ വാസനദ്രവ്യം തലവലി മുതലായവ്യാധികളെ നീക്കും. ഇതു സാധാരണയായി കടകളിൽ വിറ്റുവരുന്ന സാധനം പോലെയല്ലാ ഇതു പ്രത്യേകം ശ്രദ്ധയോടുകൂടി ഞങ്ങളുടെ ഔഷധ ശാലയിൽ ഉണ്ടാക്കിവരുന്നതാണു. ഇതു ശീമയിൽനിന്നു വരുത്തിയതല്ല. അതുകൊണ്ടു ഈ സ്വദേശിദ്രവ്യത്തെ നമ്മുടെ സ്വദേശികൾ ഉപയോഗിക്കാതെ ഇരിക്കുമോ? സാധാരണമായി കടകളിൽ വിറ്റു വരുന്ന സാധനത്തെക്കാൾ എത്രയോ ഇരട്ടി മേത്തരമായിരിക്കും. അര ഔൺസു കുപ്പി ഫക്ക് വിലഅണ വ്യ. ൧ മുതൽ ൯ കുപ്പികൾ വരെ ബങ്കി ചിലവു അണ ൪ പ്രത്യേകം.

കസ്തൂരി കലന്ദ ലാവണ്ടർ വാട്ടർ

ഇതു ഏറ്റവും വിശേഷപ്പെട്ട വാസനയുള്ളതും ദേഹത്തിൽ ഒരു തുള്ളിപറ്റിയാൽ വളരെ നേരം ആ വാസന ആളെ ചുറ്റികൊണ്ടിരിക്കും ഇതു സാധാരണമായി കടകളിൽ വില്ക്കുന്ന സാധനംപോലെ അല്ല. ഇതു ഒരു വിശേഷപ്പെട്ട ഒരു വാസനദ്രവ്യമാണ ശീമയിൽനിന്നു വരുത്തി വില്ക്കുന്നതല്ലാ എല്ലാവരും ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. ഇതു ഞങ്ങളുടെ ഔഷധശാലയിൽ തയാർ ചെയ്യപ്പെടുന്നതാണ ഇതിന്റെ സൌരഭ്യം ദേഹത്തിൽ തട്ടിയാൽ വളരെ നേരം ഇരിക്കുന്നതും ആകുന്നു കുപ്പിക്കു വില അണ വ്യ. ൧ മുതൽ ൯ കുപ്പികൾ വരെ ബങ്കി ചിലവു അണ ൪ പ്രത്യേകം.

പരിശുദ്ധമായതേൻ!!

അങ്ങാടിയിൽ നിന്നു ശർക്കരവെള്ളം വാങ്ങി തേനെന്നുംപറഞ്ഞു ഉപയോഗിച്ചാൽ എന്തു ഗുണമാണുണ്ടാകുന്നതു? മരുന്നിനു നല്ല ശുദ്ധമായ തേൻ ആവശ്യപ്പെടുന്നവർ ഞങ്ങളോടപേക്ഷിക്കട്ടെ. ഞങ്ങൾ കാടുകളിൽ സ്വന്തം വേലക്കാരെ അയച്ചു പ്രത്യേകമായെടുപ്പിച്ചു വരുത്തുന്നതേൻ നല്ല കൊഴുപ്പുള്ളതും നിർമ്മലമായതും ആകുന്നു. ഈ തേൻ മരുന്നുകൾക്കുപയോഗിച്ചാൽ അത്ഭുതകരമായ ഫലം ഉണ്ടാകും വില ടിൻ ഒന്നിനു ൫ രൂപ. ഒന്നു മുതൽ രണ്ടു ടിൻ വരെ വി. പി. ചെലവു ഒന്നു പ്രത്യേകം.

ഇവിടെ മലയാളം തെലുങ്ക് കർനാടകം മുതലായതു അറിയാത്തതിനാൽ തമിഴിലൊ ഇംഗ്ലീഷിലൊ എഴുതണം.

P. SUBBAROY
AYURVEDIC PHYSICIAN
Sri Venkatesa Perumal
KOIL SANNATHY
TANJORE.

പി. സുബ്ബരോയി
ആയുർവ്വേദചികിത്സകൻ
ശ്രീ വെങ്കിടേശ പെരുമാൾ
കോവിൽസന്നതി
തഞ്ചാവൂർ.

THE CELEBRATED PANACEA & CO'S

FRENCH PILLS

പ്രഞ്ചു ഗുളികകൾ.

"എന്ത് അനുഗ്രഹം കിട്ടണമെന്നാണു നിങ്ങൾ പ്രാത്ഥിക്കുന്നതു?"

"ശാശ്വതമായയൌവനം"

"എന്നാൽ അങ്ങനെയാവട്ടെ."

പനകി കമ്പനിക്കാരുടെ ശ്രുതിപ്പെട്ട നേർവൈൻ ടൊണിക്ക് പ്രഞ്ചു ഗുളികകൾ സേവിച്ചാൽ നിങ്ങൾക്കു ശാശ്വതമായ യൌവനം പ്രാപിക്കാം. വളരെ ഫല സിദ്ധിയുള്ള ഔഷധം. ഗുണം ക്ഷണത്തിൽ അറിയാം. അതു എന്നും നിലനില്ക്കുകയും ചെയ്യും. സ്ത്രീ പുരുഷ ഭേദം കൂടാതെ വയസ്സന്മാക്കും എല്ലാവക്കും ഗുണം കിട്ടും. യൌവനം ലഭിക്കാമെന്നു പാഞ്ഞു വില്പപ്പെട്ടന്ന സാധാരണ ഔഷധങ്ങൾ പോലെ കൊക്കൊലം കഴിഞ്ഞാൽ ദേഹത്തിനു ഉപദ്രവം ഉണ്ടാക്കില്ല.

ഇന്നു തന്നെ പരീക്ഷിക്കുക. വില കുപ്പി ഒന്നിനു ൧ മാത്രം. ഏജന്റ്:

സപ്ലൈന്ത്യ മെയിൽ ഓർഡർ ബ്യൂറോ

൮൭, അപ്പർ സെക്കുലർ റോഡ്

കല്ക്കത്ത

THE ALL-INDIA MAIL ORDER BUREAU,

NO. 87, UPPER CIRCULAR ROAD.

CALCATTA.

Drunkards Cured!!

മദ്യം സേവിക്കുന്നും കുടുപ്പുതീരാതിയും അവർ അറിയാതെ "ലിക്കോറിൻ" എന്ന ഔഷധം കൊണ്ടു നിത്താം. ഒരു ദോഷവും ഉണ്ടാവുകയില്ല. ൨൦, ൨൫, ൫൦ കൊല്ലങ്ങളോളംപഴക്കമുള്ള പല കേസ്സുകളും ഭേദപ്പെട്ടതിയതായി അനേകം സാക്ഷിപത്രങ്ങൾ ഉണ്ടു. ഈ ഔഷധം സുകായ്യത്തിൽ വെള്ളത്തിലോ, കള്ളിലോ, പാലിലോ, ബ്രാണ്ടിയിലോ ചേത്തു സേവിപ്പിക്കാം. എത്ര പഴക്കമുള്ള കേസ്സിനും ഒരൊറ കുപ്പി മരുന്നു മതി. രൂപ്പിവ സന്തക്കുള്ള ദ്രാവകം വിറ്റച്ച കുപ്പിക്ക കു—൦—൦. തപാൽകൂലി മുതലായ്തിനു ഉണ വേറെ.

J. F. D. DAVID.

FORT, SALEM.

ആത്മപോഷിണി

പുസ്തകം ൩. | ൧൦൯൦ കക്കിടകം | ലക്കം ൪.

ആധ്യാത്മജ്ഞാനം.

"ശ്രീമാത്രേനമഃ"— ഇങ്ങനെയാണ് ഏറ്റവും പാവനമായ ലളിതാസഹസ്രനാമം എന്ന ദേവീസ്തവം ആരംഭിക്കുന്നത്. പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകർത്താക്കളുടെ മാതാവായി ഏതു തമസ്സ് വർത്തിക്കുന്നുവോ, ആ തമസ്സു സർവ്വലോകമാതാവായ പരാശക്തിയുടെ മായയാകുന്നു. സൂര്യപ്രകാശത്തിൽ നാം നടക്കുമ്പോൾ, നമുക്കു മായകൾ ഉണ്ടാകുന്നതു് എല്ലാവരും കണ്ടിരിക്കുമല്ലൊ. ആ മായ എങ്ങനെ ഉണ്ടാകുന്നു? സ്വതന്ത്രമായും, സ്വയംപ്രകാശഭാവമായുമുള്ള, ബ്രഹ്മത്തിന്റെ ചൈതന്യം, ബ്രഹ്മത്തിൽ വർത്തിക്കുന്നതുകൊണ്ടു്, ആ മായ കാണപ്പെടുന്നു. ആ മായ സർവ്വപ്രപഞ്ചങ്ങളേയും പൊതിഞ്ഞിരിക്കുന്നതു തമസ്സുതന്നെയാകുന്നു. സർവ്വലോകങ്ങളും, അവയുടെ നാഥനായ ഈശ്വരൻതന്നെയും, ഈ തമസ്സിൽനിന്നു് ഉണ്ടായതായും, അതിൽ തന്നെ വർത്തിക്കുന്നതായും ഗായത്രീപനിഷത്തും പുരാണങ്ങളും സിദ്ധാന്തിക്കുന്നു. "തമസസ്തുപരംജ്യോതിഃ" ഈ ഉപനിഷദ്വാക്യംകൊണ്ടു്, പരംജ്യോതിസ്സായ സർവ്വേശ്വരനും തന്നെയും തമസ്സിങ്കൽനിന്നു ജാതനായി എന്നു വരുന്നു. പ്രപഞ്ചസൃഷ്ടിയുടെ ആരംഭത്തിൽ, ബ്രഹ്മാവു്, അദ്ദേഹത്തെ ഭയപ്പെടുത്തിയ മധുകൈടഭന്മാരെ നശിപ്പിക്കുന്നതിനു്, തമസ്സിന്റെ വികാരമായ നിദ്രയിൽ ലയിച്ചുകിടക്കുന്ന വിഷ്ണുവിനോടു പ്രാർത്ഥിച്ചിട്ടും ഉണരുന്നില്ലെന്നു് കണ്ടു്, വിഷ്ണുവിനെ ഉണർത്തുവാനായി നിദ്രാദേവിയോടു ബ്രഹ്മാവു് പ്രാർത്ഥിച്ചതായും, മാർക്കണ്ഡേയപുരാണത്തിന്റെ ഒരു ഭാഗമായ ദേവീമാഹാത്മ്യം എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ടിരിക്കുന്നു. ആ നിദ്ര ഈ തമസ്സിന്റെ വികാരമാകുന്നു. ഈ തമസ്സു തന്നെ അനാദിനാം നമ്മെ ബാധിച്ചു് നിദ്രസ്സു നമ്മെ വശപ്പെടുത്തുന്നു. പ്രപഞ്ചസൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ ജനകനായ വിഷ്ണുവിനെതന്നെയും ആ തമസ്സു ബാധിക്കുന്നതായിരിക്കുമ്പോൾ ആ ഈശ്വരസൃഷ്ടിയിലുൾപ്പെട്ട നാമൊക്കെ തമസ്സിൽനിന്നു മുക്തന്മാരാകുന്നതെങ്ങനെ? ഈ തമസ്സു ബ്രഹ്മചൈതന്യമായ പരാശക്തിയുടെ മായയാകുന്നു. സൂര്യനു പ്രതിമുഖമായിട്ടുള്ള ഭൂമിയുടെ അർദ്ധ

ഗവും അതിന്റെ മായയിൽ മുങ്ങിയിരിക്കുന്നു. ഇങ്ങനെയൊരു മായ ഭൂമിക്ക് എല്ലാപ്പൊഴുമുണ്ട്. ആ മായതന്നെയാണ് രാത്രി എന്നു പറയപ്പെടുന്നത്. നമ്മുടെ നിദ്രയും അധിദേവത ആ തമസ്സുതന്നെയാണ്. നമുക്കും ഇങ്ങനെയൊരു മായ ഉണ്ടല്ലൊ. ഈ മായയ്ക്കു കാരണമായ ദീപം ഏതാണ്? രാത്രിയിലെ തമസ്സിനു കാരണമായ ദീപം സൂര്യനാണല്ലൊ. ഭൂമി സൂര്യപ്രകാശത്തിൽ വത്തിക്കുന്നതുകൊണ്ടു, ഭൂമിക്കു ആ മായയുണ്ടായി. ഭൂമി സദാ ചലിക്കുന്നതുകൊണ്ടു ആ മായയും ഭൂമിയെ ചുറ്റി സദാ ചലിക്കുന്നു. ഇതേപ്രകാരത്തിൽ സ്വയംപ്രകാശമായ ബ്രഹ്മത്തിൽ സദാ വത്തിക്കുന്ന പരാശക്തിക്ക് ഒരു മായ ഉണ്ട്. ആ മായതന്നെയാണ്, ഗായത്രീപരിഷത്തിൽ സൂചിപ്പിച്ചിരിക്കുന്ന തമസ്സു. സൃഷ്ടിപ്രപഞ്ചങ്ങളും ആവയുടെ സൃഷ്ടിസ്ഥിതിസംഹാരകർത്താക്കന്മാരായ ദേവതകളും ആ തമസ്സിങ്കൽ നിന്നു തന്നെ ജ്ഞാതന്മാരായിരിക്കുന്നുവെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഈ തമസ്സു സൂക്ഷ്മത്തിൽ ഒരു യഥാർത്ഥവസ്തുവാണോ? നമ്മുടെ മായ യഥാർത്ഥവസ്തുവാണോ? നമ്മുടെ മായയെപ്പോലെ ഈ തമസ്സും മിഥ്യയാകുന്നു. ആ തമസ്സിനെ മായാ— ഇല്ലാത്തവസ്തു— എന്നും; അവിദ്യാശക്തി എന്നും; അജ്ഞാനം എന്നും വ്യവഹരിക്കുന്നു. ഈ മായയായ തമസ്സു പ്രകൃതിക്കു മൂലമായിരിക്കുന്നതുകൊണ്ടു, മൂലപ്രകൃതി എന്നു നാം പറയുന്നു. ഈ മായയ്ക്കു കാരണമായ പരാശക്തിക്കു വിദ്യാശക്തി എന്ന അർത്ഥവത്തായ അഭിധാനവും ഉണ്ട്. ഈ തമസ്സാകുന്ന അജ്ഞാനത്തിൽ വത്തിക്കുന്ന ബ്രഹ്മാവു, വിഷ്ണു, രുദ്രൻ, ഈശ്വരൻ, സദാശിവൻ, ഈ ദേവന്മാർ; പൃഥ്വി, ജലം, അഗ്നി, വായു, ആകാശം ഇവ മൂർത്തീകരിക്കപ്പെട്ട ജന്മത്തെ പ്രാപിച്ചവയാകുന്നു. ഈ മഹത്തത്വത്തെതന്നെയാണ് ഗായത്രി എന്ന മന്ത്രവും ഉപദേശിക്കുന്നത്. നാലു വേദങ്ങളും, ഗായത്രിയുടെ പൊരുളിനെ വ്യക്തമാക്കുന്നതുകൊണ്ട്, ഗായത്രി, വേദമാതാവായി ആദരിക്കപ്പെടുന്നു. ഗായത്രിയെ? സച്ചരിതകളിലും അടങ്ങിയിരിക്കുന്ന സപ്തമന്ത്രങ്ങളിലും ദൈവപ്രാർത്ഥനകളിലും ദൈവസ്തോത്രങ്ങളിലും വെച്ച് ഏറ്റവും അത്യുത്തമമായിട്ടുള്ളതാകുന്നു എന്ന്, ആ പൊരുളിനെ അറിയുന്നവർ ഒക്കെയും സമ്മതിക്കാതെയിരിക്കയില്ല. ആ മഹാമന്ത്രം സവിതാവായ ബ്രഹ്മത്തിനും, ഭർഗ്ഗസ്സായ പരാശക്തിക്കും, മായയായ തമസ്സിൽ വത്തിക്കുന്ന— പ്രപഞ്ചത്തിൽ ജീവിക്കുന്ന— നമുക്കും, പരസ്പരസംബന്ധത്തെ അറിയിക്കുന്നു. സ്ഥൂലഭാവത്തിൽ, സവിതാവു് സൂര്യൻ തന്നെ. സൂക്ഷ്മപ്രകാശമായ ഭർഗ്ഗസ്സ്, ഏതുപ്രകാരം, തമസ്സിനെ അകറ്റുന്നുവോ, സൂക്ഷ്മഭാവത്തിൽ ഭർഗ്ഗസ്സു വിദ്യ (ജ്ഞാനം) ആയിട്ട അവിദ്യയെ അല്ലെങ്കിൽ അജ്ഞാനത്തെ നശിപ്പിക്കുന്നു. ആ അവിദ്യകാരണമായി പ്രപഞ്ചം ഉണ്ടായിട്ടുള്ളതുകൊണ്ടു, പ്രപഞ്ചം— അവിദ്യകാര്യം— എന്നു പറയപ്പെടുന്നു. ആ മായ ഒരു സൂക്ഷ്മവസ്തുവല്ലാത്തതുകൊണ്ട്, അതിനെ മായ എന്നും വ്യവഹരിക്കുന്നുണ്ട്. സവിതാവിന്റെ ഭർഗ്ഗസ്സ് എന്താണു ചെയ്യുന്നതു്? നമ്മുടെ ധീകളെ പ്രേരിപ്പിക്കുന്നതായി, ഗായത്രിവാക്യം നമ്മെ ബോധപ്പെടുത്തുന്നു. ധീകൾ എന്നാൽ, ബുദ്ധി, ചിത്തം മുതലായ അന്തഃകര

ണമാകുന്നു. അന്തഃകരണവും കൈ, കാൽ ഇന്ദ്രിയാദി സ്ഥൂലാവയവയങ്ങളെപ്പോലെ, മായാകാര്യമാകുന്നു. ആ ധീകളെ പ്രകാശിപ്പിക്കുന്ന ദീപം (Soul) ചിതിയാകുന്നു. ഈ ചിതി ബ്രഹ്മചൈതന്യമായ പരാശക്തിയാകുന്നു. ശരീരത്തിന്റെ ബാഹ്യാന്തഃകരണങ്ങളെ പ്രകാശിപ്പിക്കുന്നതൊ പ്രേരിപ്പിക്കുന്നതോ ആയ വസ്തു ചിതി ആകുന്നു. ചിതി, ചൈതന്യം, ചിച്ഛക്തി, വിദ്യാശക്തി, പരാശക്തി, ഇവ ബ്രഹ്മചൈതന്യമാകുന്നു. ഇവ ഒരേ പൊരുളിനെ, വ്യത്യസ്തമാക്കുന്ന ഭാവത്തിൽ, മറ്റുള്ളന പദാവലിയാകുന്നു. പ്രപഞ്ചം ബ്രഹ്മചൈതന്യത്തിന്റെ മായാജനകം എന്നതുപോലെ, നമ്മുടെ ശരീരവും (Body & Mind) ആ ചിതിയുടെ മായയിൽ നിന്നുണ്ടായി. ആ മായ എതാണ്? അഹംകാരം എന്നാം, അഹംഭാവം എന്നും അഹംബുദ്ധിതത്വമെന്നും പറയപ്പെടുന്നതും നമ്മിൽ സദാവത്തിക്കുന്നതുമായ ശക്തി എതോ, അതുതന്നെയാണ് ഈ ചിതിയുടെ മായ. ഇതിനെ അഹംഭാവത്തെ-ഞാൻ എന്ന ഭാവത്തെ- മായയായിട്ട അറിയുക. അഹംഭാവംകൂടാതെ നാം യാതൊരു പ്രവൃത്തിയേയും ചെയ്യുന്നതല്ല. നാം, നാം, എന്നിങ്ങനെ കേൾക്കപ്പെടുന്ന ശബ്ദം, ഒരുവൻ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലസഞ്ചയമല്ലെങ്കിൽ മറെറന്താണ്? "എ" എന്ന കെട്ടാൽ, "എ" ചെയ്തിട്ടുള്ള കർമ്മങ്ങളേയോ, എയുടെ ഗുണങ്ങളേയോ നാം സ്മരിക്കുന്നു. ഈ കർമ്മങ്ങൾ നമ്മുടെ ശരീരത്തിന്റെ ബീജമാകുന്നു. ആ ഭാഗത്തെ ഇനിയൊരവസരത്തിൽവ്യക്തമാക്കാം. "ഞാൻ" "ഞാൻ" എന്നതു അഹംഭാവമായ മായയാകുന്നു; അതു ഒരിക്കലും ചിതി (Soul) ആകുന്നില്ല. ചിതി ബുദ്ധ്യാദി ഇന്ദ്രിയങ്ങളിൽ ആവേശിച്ചിട്ടുണ്ടാകുന്ന മായയാണ് "ഞാൻ" എന്ന പദത്തിന്റെ അർത്ഥം. ഈ ചിതി (Soul) യെ അംശമായിട്ടും, ബ്രഹ്മത്തെയൊ, ബ്രഹ്മചൈതന്യത്തെയൊ ആ അംശമായിട്ടും നാം വിചാരിക്കുന്നതെന്നില്ല. ഈ ചിതിതന്നെയാണ് ആ പരാശക്തി. അഹംകാരത്തെ ക്ഷയിപ്പിക്കുമ്പോൾ നമ്മുടെ ധീകൾ വികസിക്കുന്നു. ആ വികസിച്ചിട്ടുള്ള ധീകൾ, ആ ചിതിയെ ഏകദേശമറിയുന്നു. യാതൊരു ചിതി (ചൈതന്യം) നമ്മുടെധീകളെ പ്രകാശിപ്പിച്ചു നമ്മുടെ ഇച്ഛകളേയും ജ്ഞാനങ്ങളേയും ക്രിയകളേയും ഇളക്കുന്നുവോ, ആ ചിതിയെ (ആ ബ്രഹ്മചൈതന്യത്തെ) നമ്മൾ ധ്യാനിക്കുന്നു. ആ ചൈതന്യത്തിൽ നമ്മുടെ സർവ്വകർമ്മങ്ങളേയും സമർപ്പിച്ചിട്ട്, ആ ചൈതന്യത്തിൽ ലയിക്കുന്നു. ധ്യാനം എന്നത്രേ, നമ്മുടെ സർവ്വേച്ഛാജ്ഞാനക്രിയകളെയും ആ ചിതിയിൽ സമർപ്പണം ചെയ്യുന്നതാകുന്നു. ആ ചിതിയെ പ്രമാണമായി സങ്കല്പിച്ച് അതിനുണ്ണും നമ്മുടെ കർമ്മങ്ങളെ പ്രേരിപ്പിക്കുന്നതു ശരിയായ സമർപ്പണമാകുന്നു. ഈ ചിതി നമ്മുടെ സർവ്വമനോവ്യാപാരങ്ങളേയും കാണുന്നതുകൊണ്ട് അതിനെ മനസ്സാക്ഷി എന്നും പറയുന്നു. ആ ചിതി നമ്മുടെ മനോവാക്കായകർമ്മങ്ങളെ ഭരിക്കുന്നതിനു പകരം, നാം അതിന്റെ മായയായ അഹംകാരത്തെ അവയെ ഭരിക്കുന്നതിനു അനുവദിക്കുന്നതു എത്ര കഷ്ടമാണ്! ഒരു മായ അതിനു കാരണമായ ദീപത്തെപ്പോലെ ഇരിക്കുന്നില്ല. പിന്നെയോ? മായയ്ക്കു കാരണമായതും ദീപസന്നിധിയിൽ വർത്തിക്കുന്നതുമായ വസ്തുവിനെപ്പോലെ ഇരിക്കുന്നു. നമ്മുടെ ശ്രീ

ത്തിന്റെ മായ ശരീരത്തെപ്പോലെ ഇരിക്കുന്നു. ബുദ്ധിയുടെ മായ ബുദ്ധിയെപ്പോലെ—അതു ദീപത്തെപ്പോലേ അല്ലെങ്കിലും, ദീപംകൂടാതെ ആ മായ ഉണ്ടാകുന്നില്ല. ആ ചിതി സർവ്വജ്ഞനുമായും സർവ്വസാധാരണമായുമിരിക്കുന്നതുകൊണ്ട് ആ ചിതിയെ പ്രമാണമാക്കിപ്രവർത്തിക്കുന്നവർ, സർവ്വപ്രപഞ്ചങ്ങൾക്കും ഹിതമല്ലാത്ത കർമ്മത്തെ ചെയ്യുന്നില്ല. സത്യത്തെക്കുറിച്ച് ആക്ഷേപമൊന്നുണ്ടെന്നതങ്ങാൻ ഇല്ല. സത്യത്തെ ആദരിക്കാത്തവരായും ആരും തന്നെയില്ല. "സത്യംനാശരഹിത"മുമാണ്. "സത്യമധ്യേസ്ഥിതോഽപ്യുതഃ" (നാശമില്ലാത്ത വസ്തു സത്യത്തിൽ വർത്തിക്കുന്നു.) എന്ന് ഒരു പഴയ വാക്യവും ഉണ്ട്. സർവ്വപ്രപഞ്ചങ്ങളും ഒരു മഹാമിഥ്യയാണ്; തമസ്സുകൊണ്ട അവിദ്യയുടെ കാര്യമാണല്ലൊ. ആ തമസ്സും വെറും മിഥ്യയാകകൊണ്ട് അതിൽ ജനിച്ചവയൊക്കെ മിഥ്യയെന്നേ പറകയുള്ളൂ. ഈ മിഥ്യകളായ പ്രപഞ്ചകാര്യങ്ങൾ ആ ചിതിയെ ബാധിക്കുന്നില്ല. അതുകൊണ്ട്, ആ ചിതി ബാധരഹിതയാണ്. അതുതന്നെ പരിശുദ്ധം. അതിനെ മറ്റൊന്നും ബാധിക്കുന്നുമില്ല. ഇങ്ങനെയുള്ള വസ്തുവിനെ "സൽ" എന്നു പറയുന്നു. "സത്തിനു" സ്വയംപ്രകാശം എന്ന് അർത്ഥമുണ്ടല്ലൊ. പ്രകാശം അന്ധകാരത്തെ നശിപ്പിക്കുന്നതുപോലെ—ജ്ഞാനം അജ്ഞാനത്തെ നശിപ്പിക്കുന്നതുപോലെ—ഈ ചിതി അഹംബുദ്ധിതത്വത്തെ നശിപ്പിക്കുന്നു. ചിതിയെ ശരിയായി അറിയുമ്പോൾ, ആ അഹംഭാവം തന്നേതന്നെ നശിക്കും. ചിതി അഹംഭാവത്തിനു കാരണമാണെങ്കിലും, അഹംഭാവത്തിന്റെ ശത്രുവാകുന്നു. ചിതിയെ അറിയാതെ അഹംഭാവം നശിക്കുന്നില്ല. തമസ്സിൽ ജനിച്ചവയ്ക്ക് അഹംഭാവം ഇല്ലാതെയും ഇരിക്കുന്നില്ല. ബ്രഹ്മാദിദേവന്മാരും അഹംഭാവം ഉള്ളവരാകകൊണ്ട്, ഈ തമസ്സിൽ ജനിച്ചവരാകുന്നു. ഇങ്ങനെയാണു ബ്രഹ്മത്തിനും തൽചൈതന്യത്തിനും നമുക്കും ഉള്ള പരസ്പര സംബന്ധം. ബ്രഹ്മത്തിനും അതിന്റെ ചൈതന്യത്തിനും, ചന്ദ്രനും ചന്ദ്രികയ്ക്കും തമ്മിലുള്ള അഭിസംബന്ധമുണ്ട്. ചന്ദ്രനും ചന്ദ്രികയും പിരിയുന്നില്ലാത്തതുപൊലെ, ബ്രഹ്മവും പരാശക്തിയും പിരിയുന്നില്ല. സൂര്യനും ഭൂമിയും മായയായ രാത്രിയും എങ്ങനെയൊ, അതുപോലെ, ആകുന്നു ബ്രഹ്മവും പരാശക്തിയും പ്രപഞ്ചവും. നാം അഹംബുദ്ധിതത്തിൽ ചിതിനെ അറിയുമ്പോൾ, അതു നമ്മിൽ വർത്തിക്കുന്നതായി നാം വ്യവഹരിക്കുന്നു. ഇതുപൊലെ സർവ്വചരാചരങ്ങളിലും വർത്തിക്കുന്നുവെന്നറിയുമ്പോൾ, ആ അഹംഭാവം ക്ഷയിച്ചുപോകാതെ നിവൃത്തിയില്ല. ഈ മായയായ അഹംഭാവം, രാജസേവന്മാരെപ്പോലെ,—രാജസേവന്മാർ രാജാവാണെന്നു നടിക്കുകയും സംസാരിക്കുകയും ഭാവിക്കുകയും ചെയ്യുന്നതുപോലെ ആകുന്നു.— ഒരിക്കലും സേവൻ രാജാവാകുന്നില്ല. രാജാവു സേവകനായേക്കാം. എങ്കിലും സേവകൻ രാജാവാകുന്നില്ല. രാജാവു സ്വസ്ഥിതിയെ വിസ്മരിക്കുമ്പോൾ സേവകനായി. അതുപൊലെതന്നെ ചിതിയും അഹംഭാവവും. അഹംഭാവം ഒരിക്കലും ചിതിയാകുന്നില്ല. അതു ദേഹവുമല്ല, മനസ്സുമല്ല; ചിതിയുമല്ല. അതൊരു മിഥ്യ; മായാകാര്യം. അഹംഭാവത്തിന്റെ ഉത്തമഭാവത്തെ "പൌരുഷം" എന്നറിയുക. നമ്മുടെ സർവ്വകർമ്മങ്ങളെയും (ഇച്ഛ, മനസ്സു, ക്രിയ) സർവ്വ

മാന്യമായും സന്തിഷമായും ആക്കും ഹിംസ
യ്ക്കു കാരണമാകാത്തതായും ഉള്ള സമ്പ്രദാ
യത്തിൽ നാം ചെയ്യുമ്പോൾ, നമുക്ക് —
സ്ത്രീക്കാകട്ടെ പുരുഷനാകട്ടെ, പൌരുഷം
ഉള്ളതായി അറിയണം. ജി.സസ് ക്രൈ
സ്റ്റ്, കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ, ശരീരാ
ഭിമാനത്തേയും അതിനെറ സുഖഭോഗങ്ങ
ളേയും ത്യജിച്ചു, ശരിയായ പൌരുഷ
ത്തെ പ്രദർശിപ്പിച്ചു; അദ്ദേഹത്തിനും, സ
ശിഷ്യന്മാരുടെ കാൽകഴുകിയപ്പോൾ, ത
നെറ സുഖ അഹംഭാവവും നശിച്ചിരിക്കു
ന്നു. അങ്ങനെ ചെയ്തിട്ടുള്ള ആൾക്ക് ദേ
ഹസുഖം എന്തുണ്ട്? ക്രിസ്ത്യാനികളുടെ
(Lord's Supper) വിരുന്നു കൈസ്തിന്റെറ കു
രിശിലേക്കുള്ള യാത്രയ്ക്കായിട്ടുള്ള ഒരുക്കമാ
യിരുന്നു. രാമൻ പൂർണ്ണഗർഭയായ സീതയെ
പ്രജകളുടെ പ്രീത്യർത്ഥം കാട്ടിൽ ഉപേക്ഷി
ച്ചപ്പോൾ, അദ്ദേഹം രാജപൌരുഷത്തെ
പ്രദർശിപ്പിച്ചു. ബുദ്ധൻ യൌവനാരംഭ
ത്തിൽ സാമ്രാജ്യഭോഗങ്ങളേയും നവയൌ
വനയുക്തയായ ധർമ്മപത്നിയേയും പുത്ര
നേയും ത്യജിച്ചിട്ട് പൌരുഷത്തെ കാട്ടി.
ഈ പൌരുഷത്തെയാണ് ധർമ്മമെന്നു പ
റയുന്നത്. ഇവരൊക്കെ ചിതിനെ പ്രമാ
ണമാക്കി പ്രവർത്തിച്ചിട്ടു തന്നെ സ്വധർമ്മ
ത്തെ അനുഷ്ഠിച്ച ലോകത്തിനുദാഹരണമാ
യി തീരത്തക്കവണ്ണം ജീവിച്ചു.

രാഗദ്വേഷാദികൾ നമ്മുടെ വാസ
നകളാണല്ലൊ. അവ പാമരന്മാരെ അ
വരുടെ കർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നു.
ചിത് ജ്ഞാനികൾ ചിത്തിനെ പ്രമാണമാ
ക്കി ജീവിക്കുന്നു. ദേഹപരമായി ജീവിക്കു
ന്നവരെ മാത്രമേ ജനനമരണാദി ദുഃഖങ്ങ
ൾ ബാധിക്കുന്നുള്ളു. ചിത് പ്രമാണമായി
വർത്തിക്കുന്നവർ ജനനമരണാദി സംസാര
ദുഃഖത്തെ അറിയുന്നില്ല. അവർ മൃത്യുവി
നെ ജയിച്ചവരാണ്. ചിലർ ദേഹത്തെ
പോഷിപ്പിക്കുന്നതാണ് വലുതായ കാര്യമെ
ന്നു വച്ച് അവരുടെയും മറ്റുള്ളവരുടെയും
ദേഹങ്ങളെ പോഷിപ്പിക്കുവാൻ വേണ്ട ശ്ര
മങ്ങളിൽ നിരതന്മാരായിരിക്കുന്നു. അവ
രിൽ ഉത്തമന്മാർ സ്വദേഹപോഷണത്തെ
ത്യജിച്ചും പരോപകാരത്തെ ചെയ്യുന്നു. ചി
ലർ ബുദ്ധീന്ദ്രിയാദികളെ പോഷിപ്പിച്ചിട്ട്
ജീവിതത്തിൽ സുഖിക്കുന്നവരായിരിക്കുന്നു.
ചിലർ സ്ഥൂലസൂക്ഷ്മശരീരപോഷണത്തെ
യും ത്യജിച്ചു ചിത് പരമായി വർത്തിക്കുന്നു.
ഏതവസ്ഥയിലും അഹംഭാവം ദോഷഹേ
തുവാകുന്നു. ചില വേദാന്തികൾ സ്വബന്ധു
ക്കളേയും തള്ളി സ്വദേഹസുഖത്തെ
പോഷിപ്പിക്കുന്നവരായിരിക്കുന്നു. ചിലർ
മറ്റുള്ളവരുടെ സുഖസാമഗ്രികളെ പിടി
ച്ചിയെടുത്തു സ്വന്തമാക്കി വിനിയോഗിക്കു
ന്നു. ചിലർ ശരീരപോഷണത്തിനുവേ
ണ്ടി സുഖസാമഗ്രികളെ അറിയുന്ന ശാസ്ത്ര
ങ്ങളുടെ ബോധമുണ്ടാക്കുന്നു. എപ്പോഴും നാ
മുക്ക സർവ്വവസ്തുക്കളുടെയും ബോധമുണ്ടായി
രിക്കുന്നതു നല്ലതുതന്നെയാണല്ലൊ. ബോ
ധംകൂടാതെ ജ്ഞാനം ഉണ്ടാകുന്നില്ല. അ
തുകൊണ്ടു നമുക്കു പ്രാപിക്കുവാനുള്ള ആ അ
വസ്ഥയിൽ പൂർണ്ണബോധമായ ചിത് വിലാ
സവും ആ ചിതിനു സ്വഭാവമായിട്ടുള്ളതാ
കുന്നു. "സൽ" എന്നു പറയുമ്പോൾ ത
ന്നെ, സുഖദുഃഖങ്ങളാൽ നിഷ്പാധമായതു
എന്ന അർത്ഥമായിട്ടുണ്ടല്ലൊ. സുഖവും ദുഃ
ഖവും നമ്മുടെ കർമ്മങ്ങളുടെ ഫലങ്ങളായി
ട്ടു നമ്മെ ബാധിക്കുന്നു; ചിതിനെ ബാധി
ക്കുന്നില്ല. "നാം" എന്നു പറയുമ്പോൾ,
അഹംഭാവമൊ അഹംവൃത്തിതമൊ എ

താകുന്നു. അഹംബ്രഹ്മത്വാ ഇല്ലാതാകുമ്പോൾ, സുഖബോധവും ദുഃഖബോധവും മാറിട്ട് ചിതിസ്വഭാവമായ ആനന്ദമായിരിക്കുന്നു. ആ ആനന്ദം അനിർവ്വചനീയം. സുഖമോ? സുഖമല്ല. ദുഃഖമോ? അതുമല്ല. സുഖം ദുഃഖം എന്നു പറയുമ്പോൾ എന്തെങ്കിലും വിഷയത്തെ ആശ്രയിച്ചിരിക്കുന്നു. വിഷയം എന്നാൽ, സാധനം. നാം ഒരു പക്ഷിയെ കാണുന്നു എങ്കിൽ, പക്ഷി വിഷയമാകുന്നു. ആനന്ദം യാതൊരു വിഷയത്തെയും ആശ്രയിച്ചിരിക്കുന്നില്ല. ചിതിയുടെ സ്വഭാവമായ ആനന്ദത്തെ സംസാരസ്പർശരഹിതമായ അവസ്ഥയിൽ നമുക്ക് അനുഭവിക്കാവുന്നതാണ്. അങ്ങനെയുള്ളവരെ വിദേഹമുക്തന്മാർ എന്നു പറയുന്നു. വിഷയജ്ഞാനത്തിൽ സുഖവും, അജ്ഞാനത്തിൽ ദുഃഖവും ഫലങ്ങളാകുന്നു. ഈ സുഖദുഃഖങ്ങളും അവയുടെ വിഷയങ്ങളും അവയുടെ കാര്യങ്ങളായ ചരാചരങ്ങളും, പ്രപഞ്ചങ്ങളും, സൂര്യാദിനക്ഷത്രങ്ങളും, ഗോളങ്ങളും, ജാഗ്രൽ സ്വപ്നസുഷുപ്തികളും, നമ്മുടെ ശരീരങ്ങളും, അവയുടെ ബാഹ്യാന്തഃകരണങ്ങളും, എല്ലാം മായാകാര്യങ്ങളാകുന്നുവല്ലൊ. അവ തമസ്സിൽ ഉദിക്കുകയും, അസ്തമിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവാവസാനത്തിൽ, തമസ്സിൽ ലയിക്കുകയാണെങ്കിൽ, ആ തമസ്സിൽ തന്നെ വീണ്ടും നാം ജനിക്കുന്നതാണ്. വരും, രീച്ചതന്നെ. അങ്ങനെ ചെയ്യാതെ സച്ചിദാനന്ദമായ ചിതിയുടെ നിജാവസ്ഥയെ അറിയുന്നവർ പരാശക്തിയാകുന്ന വിദ്യാശക്തിയിൽ ലയിച്ച് തദ്രൂപമായ സംസാരബന്ധവിമോചനത്തെ പ്രാപിച്ചിട്ട് ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു. ഈ ആനന്ദാനുഭൂതിക്ക് ഉപോൽബലകമായി നില്ക്കുന്നതു അഹങ്കാരമാകുന്നു. സർവ്വപാപപുണ്യത്തെയും ജനിപ്പിക്കുന്നതും ഈ അഹങ്കാരം തന്നെയാകുന്നു. അതോ, വെറും മായ. അതിൽ കുറ്റം ഇല്ല. എങ്കിലും, ലൊകത്തിൽ പല ദരിദ്രങ്ങളേയും ദുഃഖങ്ങളെയും ഉണ്ടാക്കുവാൻ അതിന്നു കഴിയും. അഹംകാരം നശിക്കുമ്പോൾ അതു തമസ്സിൽ ലയിച്ചിട്ടു ചിതിയെ തനിയെ വിട്ടയയ്ക്കുന്നു. യാതൊരു ജ്ഞാനം, അഹങ്കാരത്തെ വിട്ടിട്ട് ചിതിയിൽ നമ്മെ അറിയുന്നുവൊ, ആ ജ്ഞാനംതന്നെ—"അദ്ധ്യാത്മജ്ഞാനം". അദ്ധ്യാത്മജ്ഞാനം ഉദിച്ചാൽ സുഖദുഃഖങ്ങൾ ഉണ്ടാകുന്നില്ല. അഥവാ, ഉണ്ടായാലും, അനുഭവിക്കുന്നില്ല. ആത്മബോധത്തിൽ സച്ചിദാനന്ദം പ്രകാശിക്കുന്നു. അതിൽ ജനനമരണം ഇല്ല. സുഖദുഃഖമില്ല. ശീതോഷ്ണമില്ല. ദേഹമില്ല, മനസ്സില്ല, ചിത്തമില്ല. ബുദ്ധിയില്ല. വിവേകമില്ല, കുറ്റംതന്നെയില്ല. ചിതി മാത്രമുണ്ട്. അതായതു്, വിദ്യാശക്തി—അതായതു, ഗായത്രിയാൽ പ്രതിപാദിക്കപ്പെടുന്ന സവിതാവിന്റെ വരേണ്യമായിരിക്കുന്ന ഭർഗ്ഗസ്സ് മാത്രം പ്രകാശിക്കുന്നു. മായാകാര്യമായ അഹങ്കാരത്തെ ചിദഗ്നിയിൽ സമർപ്പിക്കുമ്പോൾ അഹംകാരം നശിച്ചു സച്ചിദാനന്ദബോധത്തിൽ വർത്തിക്കുന്നവരായി ഭവിയ്ക്കപ്പെടും. ഉതാണു പരമപദം. പരബ്രഹ്മപദവും ഇതുതന്നെ.

(ഉടമം)

കേ. നാരായണക്കുറുക്കൾ.

യുദ്ധവും മലയാളവും

(൨.)

ഇനി, മൻസൂചിപ്പിച്ചിട്ടുള്ള പുതിയ പദങ്ങളെ സംഗ്രഹിക്കയും, അവയുടെ പ്രയോഗങ്ങളെ നിരൂപിക്കയും ചെയ്യാം. ഈ വാക്കുകൾ ഏതേതുപത്രങ്ങളിൽ നിന്നു ഗ്രഹിച്ചവയാണെന്നു കാണിപ്പാനായി ഒരു സംകേതസൂചിയും ഇതാ ചേർക്കുന്നു:—

കേ. ഉ. = കേരളോദയം;
ദേശാ = ദേശാഭിമാനി;
വ്യ. മി = വ്യവസായമിത്രം;
കേ. പ = കേരളപത്രിക;
സുജ. = സുജനമിത്രം;
ഭാ.പോ= ഭാഷാപോഷിണി;
യോഗ. = യോഗക്ഷേമം;
ലോക. = ലോകപ്രകാശം;
മനോ. = മനോരമ;
കേ. സ. = കേരളസഞ്ചാരി;
സത്യ. = സത്യനാദം;
മ. മ. = മലയാളമനോരമ;
ചക്ര. = ചക്രവർത്തി;
ഉ. താ. = ഉത്തരതാരക.

ഈ ഗണത്തിൽ ചെർത്തു പറഞ്ഞിട്ടില്ലാത്തതായ വേറേ ചില പത്രങ്ങളിലും, ഇവയിൽ പലേ പദങ്ങളും ഉപയോഗിച്ചു കണ്ടിട്ടുണ്ട്; അസൗകര്യത്താൽ മാത്രം, അവയുടെ പേർ ഇവിടെ പറയുന്നില്ല. ഇവിടെ കാണിച്ചിരിക്കുന്ന പത്രങ്ങളിൽ ചിലതുതന്നെയും, ഒരേ അർത്ഥത്തെ കുറിപ്പാൻ ഒന്നിലധികം പര്യായശബ്ദങ്ങളും പ്രയോഗിച്ചിട്ടുമുണ്ട്; അങ്ങനെയുള്ള പ്രയോഗങ്ങളെയും ഈ പദാവലിയിൽ അവർത്തിച്ചിട്ടില്ല.

Air-raid— ഇതിന്റെ തർജ്ജമകൾ:— വിമാനായുധനം (കേ. ഉ); ആകാശയുദ്ധം (ലോക.); വ്യോമയുദ്ധം (ദേശാ.); വിമാനക്കപ്പലാക്രമണം (മനോ.) വിമാനആക്രമം (ലോക.)— ഈ പദങ്ങളിൽ യുദ്ധത്തെ വിവക്ഷിക്കുന്നവ മൂലാർത്ഥത്തിനു യോജിക്കുന്നില്ല. ആകാശമാർഗ്ഗമായി വന്ന് ആക്രമിക്കയാണ് ഇവിടെ വിവക്ഷിതം; അതുകൊണ്ട് 'വിമാനാക്രമം' ശരിതന്നെ; വ്യോമയുദ്ധം, വിമാനായോധനം, ഇത്യാദി മതിയാവില്ല. [വിമാനാക്രമം; വ്യോമാവസ്കന്ദം; വ്യോമാഭിഗ്രഹം— ഇവ നന്ന്.]

Air-ship, aeroplane— ഇതിന്റെ തർജ്ജമകൾ:— ആകാശവിമാനം (കേ. സ); വിമാനക്കപ്പൽ (കേ. പ.); വ്യോമയാനം (സത്യ.) ആകാശക്കപ്പൽ (ദേശാ, സത്യ) വ്യോമവിമാനം (സുജ.); വിമാനക്കപ്പൽ (മ മ); ആകാശവിമാനക്കപ്പൽ (മനോ.)— ഇവയിൽ, വ്യോമയാനം, ആകാശക്കപ്പൽ എന്നിവയെ ഒഴിച്ചു മറ്റുള്ള വാക്കുകൾക്കു പൗനരുക്ത്യാദിദോഷങ്ങൾ ഉണ്ടെന്നുപറകകവേണ്ടിയിരിക്കുന്നു. [വ്യോമയാനം, നഭോയാനം— ഇതുകളും നന്ന്.]

Allied army— ഇതിന്ന്, സങ്കലിതസേന (കേ. ഉ.); ബന്ധുസൈന്യം (കേ. പ.)

(സത്യ); ഐക്യസൈന്യം (കേ. ഉ.) (മനോ.) എന്നു തജ്ജമകളും കാണുന്നു. സഖ്യം ചെയ്തു് ഒന്നായി കൂട്ടിയിരിക്കുന്ന സൈന്യങ്ങളെന്നു വിവക്ഷിതമാകയാൽ, 'ബന്ധുപദവും 'ഐക്യ'പദവും അവ്യാപ്തി ദോഷസ്പൃഷ്ടമാകുന്നു. [സങ്കലിതസൈന്യം; സംശ്ലിഷ്ടസേന; സംയുക്തസൈന്യം— ഇവ നന്നു്.]

Allied Powers — സങ്കലിതന്മാർ (ഉ. താ.); സങ്കലിതശക്തികൾ (കേ. ഉ.); കൂട്ടുകോയ്മകൾ (ദേശാ.); സ്നേഹകക്ഷികൾ (കേ. പ.); ഐക്യകക്ഷികൾ (സുജ., ദേശാ.); സംയോജകർ (ലോക) ഐക്യരാജ്യക്കാർ (സത്യ); ഐക്യശക്തികൾ (ദേശാ.) — ഇവയിൽ, സഖ്യം ഹേതുവായി യോജിച്ചിരിക്കുന്ന രാജ്യങ്ങൾ എന്ന അർത്ഥത്തിന്റെ പ്രതീതി ഉണ്ടാവുന്നില്ല. സ്നിഗ്ധരാജ്യങ്ങൾ; സ്നിഗ്ധശക്തികൾ— ഇവ നന്നു്.

Artillery — തോക്കുപേട്ടാളം (കേ. പ); പീരങ്കിത്തോക്കുകാർ (ലോക) — പീരങ്കിപ്പട്ടാളം; പീരങ്കിപ്പട — ഇവ ഉത്തമം.

Artillery-duel — പീരങ്കിരണം (കേ. ഉ.) — ഇതാവാം. പീരങ്കിയുദ്ധം; നാളികയുദ്ധം — ഇതുകളും ഗ്രാഹ്യമാകുന്നു.

Army corps — സൈന്യവ്യൂഹം (സത്യ.); അക്ഷൗഹിണി (കേ. ഉ.); സൈന്യദളം (വ്യ. മി.) — ഇവയിൽ സൈന്യദളം ശരി; വ്യൂഹത്തിനും, അക്ഷൗഹിണിക്കും അർത്ഥം വേറെയാകയാൽ, അവ ഇവിടെ ഉചിതമാകയില്ല. സൈന്യദളം; സൈന്യക്കൂട്ടം— ഇതുകളും നന്നു്.

Aviator, aeronaut — വിമാനക്കാരൻ (കേ. ഉ.); വിമാനചാരി (മ. മ; കേ പ); വ്യോമചാരി (ദേശാ., സത്യ); വിമാനസഞ്ചാരി (ലോക., ദേശാ); വ്യോമസഞ്ചാരി (കേ. പ.); വൈമാനികൻ (വ്യ. മി.)- ഇവയിൽ, വൈമാനികൻ ഒഴികെ മറ്റു പദങ്ങൾക്കു അവ്യാപ്തി, അതിവ്യാപ്തി മുതലായ ദോഷങ്ങൾ ഉള്ളതിനാൽ, അവ നന്നല്ല. വൈമാനികൻ- ഉത്തമം.

Battalion — സൈന്യഖണ്ഡം (വ്യ. മി.) — ഈ ഇംഗ്ലീഷ്പദം തന്നെയല്ലേ, ദീക്ഷിച്ചു് 'പട്ടാളം' ആയിത്തീർന്നിട്ടുള്ളതു്? സൈന്യഖണ്ഡം; സൈന്യക്കൂട്ടം— ഇതുകൾ ഗ്രാഹ്യം; വാഹിനി, നന്നു്.

Bayonette — തോക്കിന്മേൽ കുന്തം (ചക്ര.) — ഇതു കുറെ നീണ്ടുപോയി; സമസ്കൃതമല്ല; മിക്കവാറും വിവരണമായിരിക്കുന്നു. നിസ്ത്രിംശം; തോക്കിഞ്ഞൂരിക— ഇതുകളാവാം.

Bayonette-fight — ബയണറ്റുസമരം (സത്യ.) — ഇതു സങ്കരജാതമാകയാൽ വർജ്യം— ചുരികപ്പോർ, ആവാമല്ലൊ.

Bomb — അഗ്ന്യസ്ത്രം (വ്യ. മി.); തീക്കട്ടക (സത്യ.); തീയുണ്ട (കേ. സ.); അഗ്നിക്കട്ടക (സത്യ); കുടുക്ക (ദേശാ.) — അകം പൊള്ളയായി, വെടിമരുന്നു നിറച്ചതായി, ചെന്നുവീഴുന്നേടത്തു പൊട്ടിച്ചിതറി നാശം ഉണ്ടാക്കുന്നതായുള്ള ഒരു മാതിരി വലിയ വെടിയുണ്ട എന്നാണ് ഇവിടെ വിവക്ഷിതം. 'അഗ്ന്യസ്ത്രം' ഗ്രാഹ്യമാണെങ്കിലും, Shell മുതലായവസ്തുക്കൾ അതേപദം ചേരുന്നതാകയാൽ, Bomb-നു് ധാതുത്വം അനുസരിച്ചു് ഒരു പുതിയ നാമം സൃഷ്ടിക്കേണ്ടിവരുന്നു. ഉണ്ട, ബൊംബൊ എന്നനാദം പുറപ്പെടുവിക്കുന്നതു കാരണ

മായിട്ടാകുന്നു bomb എന്ന പേരുണ്ടായതു്. ബാംഭോസ്സും; ഭംഭോസ്സും— എന്ന നാമം ഉത്തമം; ബ്ഭം(ഭം) എന്ന ശബ്ദത്തെ ഭവിക്കുന്നു(ഉണ്ടാക്കുന്നു)തെന്നർത്ഥം.

Bombardment— ബോംബെറിഞ്ഞുള്ള യുദ്ധം (മ. മ.)— ഇതു കൂടി വിവരണമത്രേ; ബോംബ് എന്ന ഇംഗ്ലീഷ്പദത്തെത്തന്നെ പ്രയോഗിക്കയും ചെയ്തിരിക്കുന്നു. ബാംഭോസ്സുപ്രയോഗം; ഭംഭകോട്ടനം— എന്നാവാം.

Bulletin— ചെറിയ വിവരങ്ങളടങ്ങിയ കമ്പി (കേ. പ.)— ഈ തർജ്ജമ തീരെ അബദ്ധം. ബുള്ളെറ്റിൻ, കമ്പിവാർത്തയല്ല; കൂടി ചെറിയ സംഭാഷ്യാനം ആകുന്നു, കമ്പിവഴിയായി അറിയിക്കുക എന്നു നിബന്ധനയില്ല. വിജ്ഞാപകപത്രം; സംക്ഷേപറിപ്പു— എന്നാവാം.

Cable— സമുദ്രത്തിൽക്കൂടെ പോകുന്ന വർത്തമാനക്കമ്പി (സത്യ.) ഈ തർജ്ജമ കൂടി വിവരണമായിരിക്കുന്നു. ഇതിനെ ചുരുക്കണം. കടല്ക്കമ്പി— നന്നു.

Cannonading— പീരങ്കിപ്രയോഗം (മ. മ.)— ഇതു ശരിതന്നെ. നളികാക്രമം, ആവാം.

Collier— കല്ക്കരിക്കപ്പൽ (കേ. ഉ.)— ഇതു നന്നു.

Communique— വിജ്ഞാപനലേഖനം (വ്യ. മി.)— നന്നു.

Court-martial— സൈനികകോടതി (സത്യ.)— പോരാഷ്ഠിക്കു. സൈന്യധർമ്മസഭ, ഉത്തമം.

Conspiracy— ഉപജാപം (വ്യ. മി.)— ഇതിനെ ദുരാലോചനസംഘം, ഏന്നാം മറ്റാ ചിലർ തർജ്ജമചെയ്തുവരുണ്ടു്. ഉചിതം, നന്നു.

Declaration of war— യുദ്ധവിളംബരം (കേ. സ.) യുദ്ധപ്രഖ്യാപനം (സത്യ.); യുദ്ധവിജ്ഞാപനം (കേ. സ.)— ഇവയിൽ യുദ്ധവിളംബരത്തെക്കാൾ, മറ്റു രണ്ടും എറെ നന്നു.

Destroyer— നാശനക്കപ്പൽ (കേ. ഉ.); നശീകരണക്കപ്പൽ (മ. മ., കേ. പ, ദേശാ.)— ഇവയിൽ 'നശീകരണം' അബദ്ധം; 'നാശനക്കപ്പൽ' അപുഷ്ടം. വിദ്ധ്വംസപോതം; വിദ്ധ്വംസിനി— ഇതുകളും ആവാം; 'വിദ്ധ്വംസിനി' ഉത്തമം.

Fighting line, front— സൈന്യനിര (മ. മ.); സമരസരണി (ദേശാ.); സമരനിര (സത്യ.)— ഇതുകളും പോരാ. front of war— രണമുഖമാവു് എന്നും; front of army, സേനാമുഖം, എന്നും പാഠക ഉത്തമം.

Fog-bomb— മഞ്ഞുകുടുക്ക (ദേശാ.)— അസ്ത്രത്തെ വിവക്ഷിപ്പാൻ 'കുടുക്ക' നന്നല്ല; 'മഞ്ഞു' എന്നതു് ഹിമം എന്ന ജലകട്ടയും, തുള്ളിയായി വീഴുന്ന ഹിമത്തിനും പറയുന്നുണ്ടു്. ഇവിടെ പുകപോലെ മൂടലുണ്ടാക്കുന്ന മഞ്ഞിനെ ഉദ്ദേശിച്ചിരിക്കുന്നു. ധൂമികാസ്ത്രം, എന്നാവാം.

Gas bomb— പുകയുണ്ട (സത്യ.)— ഇതു ശരിയല്ല. പുകയല്ല gas (ഗ്യാസ്.) പുക ദൃശ്യമാണു്; 'ഗ്യാസ്' ദൃശ്യമാകേണമെന്നില്ല. വാതകാസ്ത്രം, ഉത്തമം.

Gassing— വിഷവായുപ്രയോഗം (കേ. പ., ഉ. താ.)— ഇതു ശരിതന്നെ. ഇംഗ്ലീഷിലെ ക്രിയാപദം നൂതനസൃഷ്ടിയാണു്. അതിനൊപ്പം മലയാളത്തിൽ 'പുകയ്ക്കുക'

എന്നൊരു പുതിയ പ്രയോഗം ആവാം. വിഷവാതകങ്ങൾ അസ്ത്രങ്ങളിൽ നിന്നോ, യന്ത്രങ്ങളിൽ നിന്നോ പുറപ്പെട്ട് ശത്രുവിനെ സമീപിക്കുമ്പോൾ, വായുവുമായി ചേർന്ന രാസയോഗത്താൽ പുകപോലെ ദൃശ്യമാകുന്നതിനാൽ, ഇവിടെ 'പുക' ശബ്ദം അനുചിതമാകയില്ല.

Gun-cotton_ വെടിപ്പഞ്ഞി (വ്യ. മി.); തോക്കുപഞ്ഞി; നളികാകാർപ്പാസം (ഭാ.പോ.)- 'വെടിപ്പഞ്ഞി' മതി.

Invisible-ink — അദൃശ്യമഷി (സൂജ.) —ഒതറല്ല. അലക്ഷ്യമഷി എന്നാവാം.

Jehad— പരിശുദ്ധയുദ്ധം (സത്യ) യുദ്ധത്തിനു പരിശുദ്ധത എന്ന വിശേഷണം ചേർച്ചയല്ല. ഇവിടെ മതധർമ്മങ്ങളെ ഉറപ്പിച്ചുനിർത്തുവാനുള്ള യുദ്ധമെന്നു വിവക്ഷ ഉള്ളതിനാൽ, ആ അർത്ഥത്തെ ധ്വനിക്കുന്നതായ വേറൊപദം ആവശ്യം. ജിഹാദ് എന്ന അറബിവാക്കുതന്നെ ആവാം. 'ധർമ്മയുദ്ധം', നന്ന്.

Machine-gun_ യന്ത്രത്തോക്ക് (ദേശാ) സൂജ., വ്യ. മി.)— ഇതു ശരിതന്നെ.

Merchant-man— ചരക്കുകപ്പൽ (സൂജ)- നന്ന്. 'കച്ചവടക്കപ്പൽ' ഉത്തമം.

Mine_ നശീകരണസാമഗ്രി (ദേശാ); നശീകരണയന്ത്രം (സൂജ.)- ഇവ അബദ്ധവും അപുഷ്ടവും ആകുന്നു. ഉദ്ദളിനി- എന്നാവാം.

Mountain-pass_ മലയിടുക്ക് (സത്യ); ചുരം (കേ. പ., മ. മ., കേ. സ.)- ഗിരിദ്വാരം, ഉത്തമം.

Muller_ തലമൂടി, തിരസ്സരണി (സത്യ.) ഇവയിൽ 'തിരസ്സരണി'ക്കു പ്രസിദ്ധമായ അർത്ഥം ചേരേയാകയാൽ അതു് ഉചിതമല്ല. മുഖാച്ഛാദനം എന്നാണ് വിവക്ഷിതം. 'തലമൂടി'യിൽ മുഖം മറയ്ക്കുകൂടെ ഉൾപ്പെടുന്നതാകകൊണ്ടു് അതാവാം; അതിവ്യാപ്തമെന്നു ദോഷംപറയാനുള്ളൂ. മുഖാവരണം, മുഖമൂടി എന്നാവാം.

Munition-factory_ തോക്കുശാല (കേ. പ)- തോക്കുമാത്രമല്ല, യുദ്ധത്തിനാവശ്യമായ മറ്റു സാധനങ്ങളും അവിടെ ഉണ്ടാക്കുകയോ സംഭരിക്കയോ ചെയ്യുന്നതിനാൽ, 'തോക്കുശാല' പോരാ. യുദ്ധസാമഗ്രിശാല എന്നാവാം.

Navy, naval force- നാവ്യബലം (വ്യ. മി), നാവികസൈന്യം (കേ. സ.)- ഇവയിൽ 'നാവിക' ശബ്ദത്തിനു കപ്പലിൽപണിക്കാരായുള്ളവർ എന്ന അർത്ഥം മറ്റൊരുടെത്തു കല്പിക്കേണ്ടിയിരിക്കയാൽ, 'നാവ്യബലം' ഉത്തമം. നാവ്യബലം, നാവ്യസൈന്യം- ഇവ നന്ന്.

Naval-men— നാവികന്മാർ (കേ. ന.); നാവികവൃത്തിക്കാർ (വ്യ. മി.)— രണ്ടും ആവാം.

Neutral (country) — മദ്ധ്യസ്ഥരാജ്യക്കാർ (കേ. ഉ.); നിഷ്പക്ഷരാജ്യം (കേ. സ., കേ. ഉ., ദേശാ., സത്യ) — ഒരുപക്ഷത്തിലും ചേരാതെ ഉഭയസാന്യരായിരിക്കുന്ന രാജ്യം എന്നു വിവക്ഷിതം. 'മദ്ധ്യസ്ഥ'പദത്തിനു വേറെ അർത്ഥം ഉള്ളതിനാൽ, അതു് ഉചിതമല്ല. ഉഭയസാന്യരാജ്യം; നിഷ്പക്ഷരാജ്യം; അപക്ഷപാതി— എന്നാവാം.

Neutral-position— നിഷ്പക്ഷനില (ദേ

ശാ., വ്യ മി.); മദ്ധ്യസ്ഥസ്ഥിതി (കേ. ഉ) ഇവിടെയും മധ്യസ്ഥം ഉചിതമല്ല. നിഷ്പക്ഷനില; അപക്ഷപാതിത്വം; ഉഭയസാമാന്യനില— ഇതുകളാവാം.

Note— ശാസനപത്രം (കേ. ഉ); ശാസനപത്രം (ലോക); വിജ്ഞാപനം (കേ. സ.) ലേഖനം; അനുശാസനം (സത്യ.)— സമപദവിയിലിരിക്കുന്ന രണ്ടു രാജ്യങ്ങൾ തമ്മിൽ ശാസനം ചെയ്യുന്നു എന്നതു് അനുചിതം ആകയാലും, ഇവിടെ, രാജ്യകാര്യസംബന്ധമായോ, സാമന്യാനുസൃതമായോ അയയ്ക്കുന്ന എഴുത്തു് എന്നു വിവക്ഷിതമാകയാലും, ശാസനം ജ്ഞാപനം എന്നിതുകൾ സ്വീകാര്യങ്ങളല്ല. ലേഖ്യം; പീതിലേഖനം; നയലേഖ്യം— ഇവ ആവാം.

Official statement— ഉദ്യോഗസ്ഥസ്റ്റേററുമെണ്ട് (ലോക), ഔദ്യോഗികമായ കണക്ക (സത്യ)— കന്നാമത്തെയു സങ്കരജാതം, അപുഷ്ടം; രണ്ടാമത്തെയു ഉണ്ണിശ്രുതപസ്സചകം. അധികാരപൂർവ്വമായ വിജ്ഞാപന എന്നു തർജ്ജമചെയ്യുന്നതാണ്.

Peninsula— അർദ്ധദ്വീപു് (കേ. പ., ലോക)— ഒരു ഭൂമിയുടെ നാലുവശങ്ങളിൽ മൂന്നുഭാഗവും കടൽചുറ്റിയിരിക്കയും ഒരുഭാഗം മാത്രം കരയൊട്ടിനില്ക്കയും ചെയ്താൽ, ആ ഭൂവിഭാഗത്തിന് ദ്വീപതുല്യം അർദ്ധമല്ല, അതിലധികമെന്നു സ്പഷ്ടമല്ലോ? ആ സ്ഥിതിക്ക് 'കദ്ധ്വീപം' അസംബദ്ധം. ഉപദ്വീപം, നന്നു.

Poisonous gas— വിഷപ്പുക (കേ. ഉ. സത്യ.) വിഷധൂമം (കേ. സ.) വിഷവായു (കേ. ഉ.) വിഷസമ്മിശ്രമായ ഗ്യാസ് (ദേശ്); വിഷവാതകം (വ്യ. മി)— വിഷവാതകം ഉത്തമം.

Quick-firer— നിമിഷവെടിത്തോക്ക (മ. ദേശാ)— ഇതുനന്നു.

Republic— ജനസമുദായാധിപത്യം (വ്യ. മി)— ഇതിനു, ജനസമുദായത്തിനുള്ള ആധിപത്യം എന്നർത്ഥം വരാവുന്നതിനാലും, ഇവിടെ, ജനസമുദായംതന്നെ അധികാരം നടത്തുന്നു എന്ന അർത്ഥം വിവക്ഷിതമാകയാലും, മറെറാരു പദം ആവശ്യകം. ജനസമുദായപ്രഭുത്വം; വൈരാജ്യം— എന്നാവാം. രാജ്യവ് എന്ന പദത്തിനില്ലാത്തതു് 'വിരാട്'; വിരാട്ടായുള്ള അവസ്ഥ 'വൈരാജ്യം' എന്നു് കാണുക.

Shell— ആഗോയാസ്ത്രം (സത്യ., ശാ.)— ഈ പദം Bomb-നും ഉപയോഗിക്കാവുന്ന ഒരു സാമാന്യനാമമാകുന്നു. പൂടാസ്ത്രം എന്നു പറയാം. ഇതുമ്പാണി മുതലായ കുത്തു മൂർത്ത സാധനങ്ങൾ ഈ അസ്ത്രത്തിനകത്തിലുണ്ടായിരിക്കാറുള്ളതിനാൽ, ശൂലകാസ്ത്രം ശല്യകാസ്ത്രം, എന്നും പേർ പറയാം.

Strait— ഇടക്കടൽ (കേ. സ), കടലിടുക്ക (കേ.പ)— ഇവയിൽ 'കടലിടുക്ക' നന്നു. ജലയോജകം, ഉത്തമം.

Submarine— വെള്ളത്തിന്റെ പുറത്തിൽക്കൂടെ പോകുന്ന കപ്പൽ (കേ ഉ); വെള്ളത്തിനടിയിൽ കൂടി പോകുന്ന കപ്പൽ (കേ. പ.); മുങ്ങിക്കപ്പൽ (കേ. ഉ., യോഗ); മുങ്ങിക്കപ്പൽ (മ.നാ); ജലാന്തർവാഹനൗ (ജ.പോ), അധോഗ്ലവയാനം (വ്യ. മി)— ആദ്യത്തെ രണ്ടും വിവരണമായി. മറുള്ളവയിൽ 'മുങ്ങിക്കപ്പൽ' എന്നതിന് മുങ്ങിട്ട കപ്പലന്നതു്, ഗ്രസിക്കുന്നതു്, എന്ന അർത്ഥം സങ്കല്പിച്ചിട്ടുണ്ടെങ്കിൽ, പദം നിരാക്ഷേപംതന്നെ. അതല്ലെങ്കിൽ, വ

ള്ളി നീക്കിക്കളഞ്ഞതു, 'മുങ്ങക്കപ്പൽ' എന്നാക്കുക ഉത്തമം; മുങ്ങുവുള്ള കപ്പൽ എന്നത്രേ. മുങ്ങൽ + കപ്പൽ = മുങ്ങല്ലുപ്പൽ; ലകാരലോപത്താൽ, മുങ്ങക്കപ്പൽ. സംസ്കൃതപദങ്ങൾ, ഒടുവിലത്തെ രണ്ടും, സ്ഥീകാര്യങ്ങൾ തന്നെ.

Torpedo— മീനബാണം (ഭാ. പോ)— നന്ത്. ദുഷ്പ്രാതകം; ഉൽഭേദകാസ്ത്രം. ഉൽഭേദിനി; മീനാസ്ത്രം— എന്നുമാവാം.

Torpedoed. ടൊർപ്പീഡോ ചെയ്ത (ലോക)- ഇതു തീരെ വഴക്കുള്ള. ഉത്തേദോ ചെയ്ത- ഉൽഭേദിതം- എന്നാവാം.

Transport ship- ഏറിറക്കുകപ്പൽ (കേ. പ.) -നന്ത്.

Trawler- മത്സ്യം പിടിക്കുന്ന പത്തേമാരി (ലോക.)- ഇതു പോരാ. ഒരുമാതിരി മീൻവലയോടു കൂടിയതാണ് ഇക്കപ്പൽ എന്ന അർത്ഥം ഉണ്ടാവേണ്ടതാകുന്നു. മീൻവലക്കപ്പൽ എന്നു ചുരുക്കിപ്പറയാം.

Trench- കിടങ്ങ് (കേ. സ., കേ. ഉ. മനോ.); വാട (സത്യ., സുജ.); പടനിലക്കിടങ്ങു (വ്യ. മി.)- കോട്ടയ്ക്കു ചുറ്റും വെള്ളം നിറഞ്ഞുകിടക്കുന്ന കുഴിക്കാണ്, സാധാരണയായി യുദ്ധം സംബന്ധിച്ചു പറയുമ്പോൾ 'കിടങ്ങ്' എന്നുള്ള നാമം ഉപയോഗിക്കുന്നതു്. കിടങ്ങ് എന്നതിനു കുഴി എന്ന സാമാന്യാർത്ഥം നൽകാവുള്ളതിനാൽ, ഇവിടെ Field trench എന്ന വിവക്ഷതത്തിന് 'പടനിലക്കിടങ്ങ്' എന്ന പറയാം. കോട്ടയെ സംബന്ധിച്ചതിനു 'കോട്ടക്കിടങ്ങ്' എന്നു ഭേദപ്പെടുത്തണം. ഖാതം- എന്നുമാവാം.

Triple alliance- ത്രിപുരസന്ധി (കേ. ഉ.) ത്രിസഖ്യഉടമ്പടി (സത്യ.); മൂപ്പിണ്ടു (കേ. സ.)- ത്രിപുരസഖ്യം; ത്രിപുരമൈത്രി- എന്നാവാം.

Triple entente- ത്രിസന്ധി (കേ. ഉ.)- ഇതിനു് മൂന്നുസന്ധികൾ ഒന്നായിച്ചേർന്നതു് എന്നർത്ഥമായേക്കും. രാജ്യത്രയസഖ്യം രാജ്യത്രയസന്ധി- എന്നാവാം.

Ultimatum- ഒടുക്കത്തെ കത്തു് (കേ. ഉ); അന്ത്യശാസനം (സത്യ); ഒടുവിലത്തെ എഴുത്തു് (കേ. ഉ.)— ഇതുകളിൽ, ശാസനാധികാരത്തെ ദ്യോതിപ്പിക്കുന്നതിനാൽ, ത്യാജ്യം; മറുരണ്ടും, വിവരിച്ച തഴച്ചമകൾ. അന്ത്യപ്രതിജ്ഞ, അന്തിമോക്തം, അന്ത്യമതം- എന്നാവാം.

Wireless (telegraph)- കമ്പിയില്ലാക്കമ്പി (ഉ. താ., മ. മ., ലോക)- ഇതും പരസ്പരവിരുദ്ധാർത്ഥങ്ങളായ രണ്ടു ഭാഗങ്ങൾ ചേർന്നുണ്ടായ ശബ്ദമായിരിക്കുന്നു. ടെലിഗ്രാഫ് പദത്തിന്റെ അർത്ഥം 'കമ്പി' എന്നല്ല, ദൂരസ്ഥലത്തു് എഴുതുന്നതെന്നാണ്. അങ്ങിനെ ലേഖനം ചെയ്യുവാൻ വൈദ്യുതീപ്രവാഹത്തിനു് ആദ്യമായി കമ്പികൾ ഉപയോഗിക്കയാൽ, അതിനെ 'കമ്പി' എന്നു് മലയാളത്തിൽ, ഒന്നു് അബദ്ധപദം കൊണ്ടു കുറിച്ചു. പിന്നെ കമ്പിയില്ലാതെ തന്നെ, ആ ആവശ്യം നിർവ്വഹിക്കാനുള്ള വിദ്യ കണ്ടുപിടിച്ചപ്പോൾ, Wireless എന്നതിനു് 'കമ്പിയില്ലാ' എന്ന പദം സൃഷ്ടിച്ചു; പരസ്പരവിരുദ്ധാർത്ഥമായ രണ്ടും കൂട്ടിച്ചേർത്തു 'കമ്പിയില്ലാക്കമ്പി'യും ഉണ്ടാക്കി. ടെലിഗ്രാഫ് = ദൂരലേഖനി എന്നു പറയാം. ടെലിഗ്രാം = ദൂരലേഖനം. 'വയർലെസ്' എന്നതിനെ അതിന്റെ സാക്ഷാൽ ക്രിയ അനുസരിച്ചു്, വായുലേഖനി; വായുലേഖനം; ആകാശലേഖനം. എന്നു പറയാം.

Wireless station— കമ്പിയില്ലാക്കമ്പിസ്റ്റേഷൻ (ലോക.)— ഇതു വഴക്കുള്ള.

വായുലേഖനഗൃഹം; വായുലേഖനസ്ഥാപനം; ആകാശലേഖനസ്ഥാനം— എന്നും പറയാം.

Zeppelin— വിമാനം (സത്യ.); വായുവിമാനം (ദേശം)— സെപ്പെലിൻപ്രഭു നിർമ്മിച്ച ആകാശക്കപ്പൽ എന്നർത്ഥമുണ്ടെങ്കിലും ഇവിടെ വിവക്ഷിതം. സെപ്പെലിൻ എന്നു പൂർവ്വപദമാക്കുക ഉത്തമം. വായുവിമാനം, എന്നാൽ: വായുനിറച്ചു മേല്പോട്ടുകയറ്റുന്ന വിമാനം (air-balloon) എന്നർത്ഥമാകുന്നതിനാൽ, അതു ഉചിതപദമല്ല. Air-shipനു, മുമ്പു പറഞ്ഞിട്ടുള്ള തർജ്ജമ ഇവിടെയും ഉത്തരപദമാക്കാം. സെപ്പെലിൻ വ്യോമപോതം— എന്നാവാം.

Zeppelin station— വിമാനപ്പുര (സത്യ.) വായുവിമാനസ്റ്റേഷൻ (ദേശം)— ഇവയിൽ ഒന്നാമത്തെതു അനുവദിക്കാം; രണ്ടാമത്തെതു വർജ്യം. വ്യോമപോതസ്ഥാനം; നഭോനൗകാലയം,— ആവാം.

ഈ ഉപന്യാസത്തെ ഞാൻ ഇനിയും ദീർഘിപ്പിക്കുന്നില്ല. പുതിയതായി പ്രയോഗിച്ചു കണ്ട പദങ്ങളും മിക്കവയും മേൽ എടുത്തുകാണിച്ചിരിക്കുന്നു. ഇക്കുട്ടത്തിൽ, മിക്ക പത്രക്കാരും നിഃശങ്കമായി ഉപയോഗിക്കുള്ള ഇംഗ്ലിഷ്തത്സമങ്ങളെ ഉൾപ്പെടുത്തീട്ടില്ല. തർജ്ജമകളിൽ പലരിലും കാരോരോ ദോഷങ്ങളും ഞാൻ പറഞ്ഞിട്ടുണ്ടു്. അധികം സംസ്കൃതമായ പദങ്ങളെ ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്. കാരോ ഖണ്ഡികയുടെയും അന്ത്യത്തിൽ, കോഷ്ഠാന്തർഗ്ഗതങ്ങളാക്കി എഴുതീട്ടുള്ള പുതിയ പദങ്ങളെ നിർമ്മിക്കുന്ന കാര്യത്തിൽ, (ക) മൂലാർത്ഥത്തെ ഏറക്കുറയുകൂടാതെ ദ്യോതിപ്പിക്കു, (ഖ) സൗകര്യസമ്പാദകമാകുമാറു് പദങ്ങളും കഴിയുന്നതും ചെറുതായിരിക്കു, (ന) ശ്രുതിപരമില്ലാതിരിക്കു, എന്നിങ്ങിനെ ചില ഉദ്ദേശ്യങ്ങളെ ഞാൻ മുൻനിർത്തീട്ടുണ്ടു്. ഇവ ബഹുജനസമ്മതങ്ങളായുണ്ടെങ്കിൽ ഞാൻ ചരിതാർത്ഥതയെ പ്രാപിക്കും. ഞാൻ നിർമ്മിച്ചതോ ചൂണ്ടിക്കാണിച്ചതോ ആയ പുതിയ വാക്കുകളും, പത്രപ്രസാധകന്മാരാൽ, "ത്യജ്യതാംഗൃഹ്യതാം വാ" എന്നമാത്രം പറഞ്ഞുകൊണ്ടു് ഇതവസാനിപ്പിക്കുന്നു.

—കേ. രാമകൃഷ്ണപ്പിള്ള.

സമുദായവും സ്വാതന്ത്ര്യവും

ജനങ്ങളുടെ ഇടയിൽ കൂട്ടിക്കെട്ടു് അധികമാകുന്തോറും സ്വാതന്ത്ര്യം കുറഞ്ഞിരിക്കുന്നതാണു്. ജനങ്ങൾ കാരോ സമുദായമായൊ, സമൂഹമായൊ ഇരിക്കുന്നതുകൊണ്ടു് ഉപകാരമില്ലെന്നു പറവാൻ തരമില്ല. ലോകത്തിൽ ധനവാന്മാരും, വിദ്വാന്മാരും വളരെ ചുരുക്കമെ ഉള്ളു. അല്പം ചില ധനവന്മാരെ ആശ്രയിച്ചു് കഴിയേണ്ടവരാണു് ദരിദ്രന്മാർ. അപ്രകാരം തന്നെ അല്പം ചില ബുദ്ധിമാന്മാരുടെ അ

നുഗ്രഹംകൊണ്ട് കാലക്ഷേപം കഴിച്ചുവന്നവരാണ് ഈ ലോകത്തിലുള്ള അസംഖ്യം മൂഢന്മാർ. ഈ തത്വത്തെ കാണുന്നവർക്ക് ലോകത്തിലുള്ള സമുദായബന്ധം വളരെ ഗുണപ്രദമായിട്ട് തോന്നുന്നതാകുന്നു. പക്ഷേ, കൂട്ടിക്കെട്ട് സമുദായത്തിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകസ്വാതന്ത്ര്യമില്ലാതാക്കിത്തീർക്കുന്നു. ഈ അഭിപ്രായം ഇന്ത്യയിലുള്ള സമുദായങ്ങൾക്കാണ് അധികം ബാധിക്കുക. യൂറോപ്യൻരാജ്യങ്ങളിൽ കാണുന്ന "നാഷനലിസം" എന്നതു പറഞ്ഞുവരുന്ന ഓരോ രാജ്യത്തിലെ മഹാജനങ്ങളുടെ സാമൂഹ്യബന്ധത്തെ അധികം ആക്ഷേപിപ്പാൻ തരമില്ല. അതിൽ ജനങ്ങൾക്ക് അവരുടെ പ്രത്യേകസ്വാതന്ത്ര്യത്തിന്നു യാതൊരു ദോഷവും തട്ടീട്ടില്ല. യൂറോപ്യൻരാജ്യങ്ങളിലെ നിവാസികളുടെ ഇടയിൽ വിദേശസഞ്ചാരത്തിന്നും, അന്യദേശവാസത്തിന്നും, പരസ്പരവിവാഹത്തിന്നും ഒട്ടുംതന്നെ വിരോധമില്ല. അവക്ക് പറയത്തക്ക വല്ല ദോഷമൊ, ഗുണമൊ ഉണ്ടെങ്കിൽ, അതു അവരുടെ സമുദായാഭിമാനം മാത്രമാകുന്നു. തങ്ങൾ ചരിത്രപ്രസിദ്ധമായ ഒരു കോയ്മയാണെന്നും, തങ്ങൾ ഭൂജാബലപരാക്രമികളാണെന്നും, യശസ്സിൽ അന്യകായ്കകളിൽനിന്നു ഒട്ടും താണവരല്ലെന്നും ഉള്ള ഭള്ള് യൂറോപ്പിലെ ഏറവും ചെറിയ കോയ്മക്കാർക്കുപോലുണ്ട്. ഇതിനുപുറമെ, യൂറോപ്പിലെ എല്ലാ വലിയ കോയ്മകളുടേയും മഹത്തായ അനുഗ്രഹം ഈ ലോകമെല്ലാം തങ്ങളുടെ അധികാരത്തിൻകീഴിലാകേണമെന്നാകുന്നു. "നേഷൻ" എന്ന സമുദായക്രമംകൊണ്ട് പ്രത്യേകരായും, സാമുദായികമായും സ്വാതന്ത്ര്യം നിലനില്ക്കുന്നതാണ്.

എന്നാൽ, നമ്മുടെ ഇന്ത്യയിലുള്ള സമുദായങ്ങളുടെ സ്ഥിതി ഇപ്രകാരമല്ല. ഇവിടെ രണ്ടുതരം സമുദായങ്ങൾ ഉണ്ട്. യൂറോപ്പിലെ "നേഷനു"പോലെ ഉടുപ്പുകൊണ്ടും, ആചാരംകൊണ്ടും, ഭാഷകൊണ്ടും വ്യത്യാസപ്പെട്ടിട്ടുള്ള ഒരു രാജ്യനിവാസികളുടെ സമൂഹങ്ങൾക്കു പുറമെ, 'ജാതി'കൾ എന്നുംപറയുന്ന വേറെ സമുദായങ്ങളുമുണ്ട്. ഈ രണ്ടുതരം സമുദായങ്ങളും ജനങ്ങളുടെ പ്രത്യേകസ്വാതന്ത്ര്യത്തെയും, പൊതുവിലുള്ള സ്വാതന്ത്ര്യത്തെയും ഇല്ലാതാക്കുന്നുണ്ട്. ഓരോ രാജ്യവാസികൾക്കും പ്രത്യേകം ചായ്വുവ്യത്യാസവും ജാതിക്രമങ്ങളും, മറ്റും ഉണ്ട്. ഓരോ രാജ്യവാസികൾക്കും പ്രത്യേകം ആചാരക്രമങ്ങളുള്ളതുകൊണ്ട്, അവയെ അതിക്രമിച്ച് നടക്കുവാൻ അവർക്ക് സാധിക്കുന്നതല്ല. അതുപോലെതന്നെ ഓരോ ജാതികൾക്കും, ആചാരമര്യാദകളെ വിട്ടനടക്കുന്നത്, കുലധർമ്മമൊ, വൈദികധർമ്മമൊ ആയിരിപ്പാൻ ഇടയില്ലാത്തതുകൊണ്ട്, ജാതികളും ജനങ്ങളുടെ അസ്വതന്ത്രത്വത്തിന് കാരണമായിരിക്കുന്നു. ഇപ്രകാരം നോക്കുന്നതായാൽ ഓരോ സമുദായങ്ങൾക്കും ജാതികൾക്കും ഏർപ്പെടുത്തിയ നിലയിൽ സ്വാതന്ത്ര്യമില്ലെന്നു മാത്രമല്ല, ഓരോ ജാതിയിലൊ, സമുദായത്തിലൊ ഉള്ള പ്രത്യേക അംഗങ്ങൾക്കും സ്വാതന്ത്ര്യം ഇല്ല. ഇതിനെ ദൃഷ്ടാന്തപ്പെടുത്തുവാൻ ബ്രാഹ്മണജാതിയെ ഉദാഹരണമായി എടുക്കുക. ഏതു സമുദായത്തിലുള്ള ബ്രാഹ്മണജാതിക്കും വിദേശസഞ്ചാരത്തിനൊ, അന്യദേശവാസത്തിനൊ സ്വാതന്ത്ര്യം ഇല്ല. ഈ അവരുടെ സമുദായബന്ധംകൊണ്ടു മാത്രം ഉണ്ടായ അസ്വതന്ത്രതയാകുന്നു. ഇതുപോലെതന്നെ, ഒരു ബ്രാഹ്മണൻ ശൂ

നിസ്സഹായരായ ഒരു സ്ത്രീയെ വിവാഹം ചെയ്യാനും അവനു സാധ്യമല്ല. സമുദായങ്ങളെ കൊണ്ടു ഇങ്ങിനെ രാജ്യവാസികളുടെ സ്വാതന്ത്ര്യത്തിനു നാശം വരുന്നുണ്ടെന്നു കാണുന്നതാകുന്നു.

ഈ അസ്വാതന്ത്ര്യത എങ്ങിനെയുണ്ടായി എന്നു ചിന്തിക്കുമ്പോൾ, ഇതൊരു "സ്വയംകൃതാനർത്ഥ"മെന്നു വിചാരിപ്പാൻ തരമുള്ളൂ. ആദ്യം കുടുംബങ്ങളും, കുടുംബങ്ങൾ തങ്ങളിൽ അന്യോന്യബന്ധവും, ബന്ധങ്ങൾ നിമിത്തം സ്വജനസ്നേഹവും ഉണ്ടാകുന്നു. സ്വജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഗ്രാമങ്ങളും, ജനപദങ്ങളും ഉണ്ടാക്കപ്പെടുന്നു. അപ്പോൾ സ്വരാജ്യങ്ങളും, പൊതുകാര്യങ്ങളും ഉണ്ടായിതീരുന്നു. ഇതുകളെ നിർവ്വഹിക്കുവാൻ വേണ്ടി പൊതുജനയോഗങ്ങളെയും, രക്ഷാപുരുഷന്മാരെയും, രാജാക്കന്മാരെയും സൃഷ്ടിക്കുന്നു. കാലക്രമംകൊണ്ടു അന്യോന്യം വിശ്വാസംകുറഞ്ഞുവരികയാലും, മറ്റും, കാരണക്കാരുടെ അധികാരങ്ങളെയും, അവകാശങ്ങളേയും കുറയ്ക്കുവാനും, തടയുവാനും പല നിയമങ്ങളെയും, നിബന്ധനകളെയും ഉണ്ടാക്കിയിരിക്കുന്നു. ഇതുകൾ, ഓരോകാലത്ത് കാരൊ സമുദായത്തിൽ ഉണ്ടാകുന്ന നായകന്മാരുടെ മസ്തിഷ്കവികാരഭേദം പോലെയോ, ബുദ്ധിയുടെ വികൃതഭാവംപോലെയോ സംഭവിപ്പാനാണിടയുള്ളത്. ഇങ്ങിനെയുള്ള ചേരുവകളെല്ലാം വന്നുകൂടുന്നതായാൽ, ഒരു സമുദായത്തിലുള്ള സ്ത്രീപുരുഷന്മാരുടെ സകല സ്വാതന്ത്ര്യങ്ങളും തീരെ നശിക്കുന്നു.

കൊച്ചുംകോട്.

സമുദായത്തെ പ്രതിഷ്ഠിപ്പാൻ ആരംഭിക്കുമ്പോൾ സമുദായത്തിനും, അതിലെ അംഗങ്ങൾക്കും എല്ലാ സ്വാതന്ത്ര്യങ്ങളുമുണ്ടെങ്കിലും, അതിനെ സ്ഥിരപ്രതിഷ്ഠകഴിഞ്ഞാൽ ആ സമുദായം കേവലം അതിന്റെ ചട്ടങ്ങൾക്കു അടിമപ്പെട്ടു പോകുന്നു. ഒരു യുവാവ് ഏകനായിരിക്കുമ്പോൾ, അവന്, എല്ലാറ്റിനും സ്വാതന്ത്ര്യവും, ധൈര്യവും ഉണ്ടായിരിക്കും. മരണത്തെക്കുറിച്ചു അവൻ ഭയപ്പെടുന്നില്ല. അവൻ വിവാഹം കഴിച്ചു ഗൃഹസ്ഥനാകുമ്പോൾ അവന്റെ സ്വാതന്ത്ര്യവും, ധൈര്യവും പകുതിയിലധികവും നശിക്കുന്നു. അല്പകാലം കൊണ്ടു പുത്രമിത്രകളത്രാദികളോടും, ശ്വശ്രൂശ്വശുരാതാക്കളോടും, പൌത്രദൌഹിത്രാദികളോടും കൂടിച്ചേർന്നു ഈ ലോകത്തിൽ അനേക ബന്ധാനുബന്ധങ്ങളാൽ ബദ്ധനാകുമ്പോൾ, അവന്റെ സ്വാതന്ത്ര്യവും, ധൈര്യവും, സുഖവും, പ്രതാപവും നശിച്ചു ശരീരമാത്രജീവിതത്തോടുകൂടിയവനായിത്തീരുന്നു. അപ്രകാരംതന്നെ, ഇന്ത്യയിലെ സമുദായങ്ങളും നാമാവശേഷമായി സ്ഥിതിചെയ്യുന്നു. ഇങ്ങിനെയിരിക്കുന്ന സമുദായങ്ങളുടെ അകത്തു "കൂപമണ്ഡൂകങ്ങളെ"പ്പോലെ ഇരിക്കുന്ന നമ്മൾക്കു ഉൽകൃഷ്ടജീവിതത്തിനു ഏറ്റവും ആവശ്യമായ "സ്വാതന്ത്ര്യം" എന്ന മൂലധനത്തെ സമ്പാദിപ്പാൻ മാർഗ്ഗം തന്നെ ഉള്ളൂ. സ്വസുഖദുഃഖങ്ങളെയും അനുഭവിച്ചു, ഭൂമണ്ഡലത്തിൽ ഇരിക്കുമ്പോൾ "കപിലവസ്തു"വിലെ രാജകുമാരൻ എങ്ങിനെ ഈ ലൌകികസുഖത്തെ ഉപേക്ഷിച്ചു, ബുദ്ധിക്കു പായി നിശ്ചമിച്ചുവോ, അപ്രകാരം നാം നമ്മുടെ സമുദായങ്ങളെയും, ആചാരങ്ങളെയും ത്യജിച്ചു സ്വതന്ത്രന്മാരായി തീരുകതന്നെയാണു ഉത്തമമാർഗ്ഗം.

—കേ. കൃഷ്ണൻനായർ.

പൂവ്വശിഖ.

(൨.)

ദ്വിജന്മാക്കളുടെ ഷോഡശകർമ്മങ്ങളിൽ കന്നായ ചൌളത്തിനും, ക്ഷാരലവണങ്ങൾ കൂടാതെ കുമാരഭോജനം ചെയ്തിച്ചശേഷം അഗ്നിപ്രതിഷ്ഠാദികളെച്ചെയ്തിട്ട്, യജ്ഞോപവീതം അരിലെ,

"യേനപൂഷാബൃഹസ്പതേരഗ്നേചിന്ത്രസ്യചായുഷേവപാമി - തേനാസ്യായുഷേവപാമ്യസൌശ്ലോക്യായസപ്രജാസ്പത്യായ"

എന്ന മന്ത്രം കൊണ്ട് കുമാരന്റെ മസ്തകത്തിൽ വലത്തുപുറത്തുള്ള രോമങ്ങളേയും;

"ധ്രുവനഭ്രുശ്വരാത്ര്യായത്വോകചവപശ്വാമിനൂഷ്യം തേനാസ്യായുഷേവപാമ്യസൌശ്ലോക്യായസപ്രജാസ്പത്യായ" — എന്ന മന്ത്രംകൊണ്ട് പിൻഭാഗത്തുള്ള രോമങ്ങളേയും;

"യേനപൂഷാബൃഹസ്പതേരഗ്നേചിന്ത്രസ്യചായുഷേവപാമി - തേനതേവപാമിശമ്മന്നായുഷാവപ്പ സായഥാ ജ്യോഖ്സുമനാഅസഃ.

എന്ന മന്ത്രംകൊണ്ട് ഇടത്തുപുറത്തെ രോമങ്ങളേയും ക്ഷൌരംചെയ്യുന്നതിന്ന് ആശ്വലായനാദികളായ സൂത്രകാരന്മാർ വിധിച്ചിട്ടുള്ളതല്ലാതെ, പൂവ്വഭാഗത്തെ രോമങ്ങളെക്കളയുന്നതിന്ന് മന്ത്രവും വിധിയും പറയായ്കയാൽ, ശിഖ പൂവ്വഭാഗത്താണെന്നതെളിയുന്നു. ഈ വിധിതന്നെയാകുന്നു ഉപനയനത്തിങ്കലും ക്ഷൌരത്തിന്ന് പറഞ്ഞിരിക്കുന്നത്. അതിനാൽ, പ്രാചീനാചാര്യന്മാരുടെ ശിഖ പൂവ്വഭാഗത്തായിരുന്നു എന്ന് ഏവക്കും അറിയാവുന്നതാണ്. പിശിഷ്യ, പാരമ്പര്യോപദേശകരായ സാമവേദികൾക്കും ഉപനയനാൽ പൂവ്വംശിഖ പൂവ്വഭാഗത്താകുന്നു ഇക്കാലത്തും ആചരിച്ചുവരുന്നത്.

എന്നാൽ, ആചമ്യസംബന്ധൻ, "യഥാശിശിഖാനിദധാതിയഥാ വൈഷാംകലധമ്മസ്ത്യാൽ" — എന്നു പറഞ്ഞിരിക്കയാൽ, അവന്റെ കാലം ആയപ്പോഴേക്കും പ്രത്യക്ശിഖ (പിൻകുടുമ)യും നടപ്പായിരിക്കുന്നു എന്ന് തീർച്ചയാകുന്നു. ഇവൻ ജനിച്ചതും വസിച്ചതും ആന്ധ്രദേശത്താണ്.

ചിലർ പൂവ്വശിഖയുടെ ഉത്ഭവം പരശുരാമകൽനിന്നാണ് എന്നു സ്ഥാപിക്കുന്നതിന്നായിട്ട്, ഇഷ്ടദേവതാമന്ത്രജപത്തിങ്കൽ, "ശിഖായൈവഷട്." എന്ന് ന്യസിക്കുന്നത് പിൻഭാഗത്താണല്ലോ, അതുകൊണ്ട് ആദികാലത്തുണ്ടായിരുന്ന ശിഖ പശ്ചാൽഭാഗത്താണ് എന്നു വാദിക്കുന്നു, അത് കേവലം അസംബന്ധമാണ്. മന്ത്രജപത്തിംകലുള്ള ന്യാസാദികളുടെ ഉൽപത്തി, ഉപനിഷൽകാലംമുതല്ലുകുന്നു. ഉപനിഷത്തുകളെ രചിച്ചുതുടങ്ങിയത്, കലി-൫൦൫- മുതല്ലാണ്. "ശിരസേസ്വാഹാ" എന്ന ശിരോമന്ത്രവും, ശിഖാമന്ത്രവും ഒരേസ്ഥാനത്തുതന്നെ ന്യസിക്കുന്നതിന്ന് പാടില്ലായ്കയാൽ, പൂവ്വശിഖക്കാരും പശ്ചാൽഭാഗത്ത് ന്യസിച്ചുതുടങ്ങി. അതു മുത

ല്ലോണ് പിൻകുട്ടിമയുടെ ഉത്തരവാ. അങ്ങിനെയല്ലെങ്കിൽ, ഹൃദയാകർഷണഭംഗമന്ത്രങ്ങളും ആദ്യം ഹൃദയത്തിൽ തന്നെ ന്യസിച്ചാൽ മതിയെന്നു വരുന്നതാണ്. അതിനാൽ കേരളാടികളിലെ പൂവ്വശിഖ പരശുരാമനാൽ എപ്പെട്ടുത്തപ്പെട്ടതല്ലെന്നും; ആര്യന്മാരുടെ പുരാതനാചാരമാണെന്നും, ബുദ്ധിമത്തുക്കളും അറിയേണ്ടതാണ്. പുനശ്ച, വൈദ്യശാസ്ത്രത്തെ അനുസരിച്ച് മുഖാവിൽ അധികമായ ഉഷ്ണം ബഹിർഭാഗത്തു നിന്നു വ്യാപിക്കാതിരിക്കുന്നതിനു വേണ്ടിയാകുന്നു, ആര്യന്മാർ പൂവ്വശിഖയും ഉഷ്ണീഷവും ധരിച്ചുവന്നത്. ആചാരഭേദം കൊണ്ട് സംസർഗ്ഗഭേദം വരുത്തുന്നതിനായി, പരശുരാമൻ പൂവ്വശിഖ വെപ്പിച്ചതാണെങ്കിൽ, അക്കാലത്തും ഇക്കാലത്തും ചോളാടിരാജ്യങ്ങളിൽ പൂവ്വശിഖ വരുന്നതിനു മാർഗ്ഗമില്ലായിരുന്നു.

തമിഴിലെ ഭോഗർപാട്ട് (൧൦൪) എന്ന ഏസ്സകത്തിന്റെ ആറാം കാണ്ഡത്തിൽ, നൂറ്റാണ്ടു മുതൽ നൈൻ-വരെയുള്ള പാട്ടുകളും, നാല്പത്തെട്ടു സിദ്ധന്മാരുടെ പേരും അവരുടെ ജാതിയും ആയുർവ്വർഷവും തലമുറയും കാണിക്കുന്നതാണ്. ഇതിൽ ജമദഗ്നി, ജൈനജാതിക്കാരനാണെന്നും; ൨൫൦. വത്സരം ജീവിച്ചിരുന്നുവെന്നും; അവന്റെ പുത്രനായ തുണ്ഡുമാഗ്നി കാത്തിയുടെ പുത്രനാണെന്നും പറയുന്ന സ്ഥിതിക്ക് ജമദഗ്നിപുത്രനായ പരശുരാമനും ജൈനജാതിയിലുള്ളവനാണ്. ജൈനമെന്നുള്ള മതം ഇപ്പോഴത്തെ ഹിന്ദുമതത്തിന്റെ നാമായവേരാണെങ്കിലും, അതിൽ ജാതിഭേദവും യജ്ഞോപവീതശിഖകളും ഉള്ളതായിക്കാണുന്നില്ലാ. അതുകൊണ്ടു പരശുരാമൻ ഈവകയൊന്നും ചെയ്യാനിടയില്ലാ.

ഭോഗർപാട്ട്, നൂറാം കാണ്ഡത്തിൽ, ഭോഗർ എന്നവൻ ലങ്കാധിപതിയായ രാവണന്റെ പൌത്രനാണെന്നും, ഇവൻ ജറുസലം, മെക്കാ (മക്കം), പാരിഷം (പെർഷ്യ), റോമകം (റോം) ചൈനം (ചീനം) ഈ രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ള പരിചയമുണ്ടെന്നും; ഇവന്റെ സമകാലജീവികൾ, മഹമ്മദ്നബി, കമലമുനി, ജിനേന്ദ്രൻ, കോങ്കണമുനി, യാക്കോബ് രാമദേവൻ, കപിലൻ, പുലസ്ത്യൻ, ഗൌതമൻ, പരാശരൻ- മുതലായവരാണെന്നും; ഇവൻ ഡില്ലിയുടെ അഗ്നികോണിലുള്ള അളകാപുരിയിൽ വെച്ച് വ്യാസശിഷ്യനായ ജൈമിനിയെക്കണ്ടുവെന്നും പറയുന്നതുകൂടാതെ, അക്കാലത്ത് സമാധിയിലിരിക്കുന്ന രേണുകയെ ദർശിച്ചുവെന്നും, ഇവന്റെ ആയുഷ്കാലം ൩൦൦-വത്സരമാണെന്നും പറയുന്നു. യാക്കോബ് രാമദേവൻ മാത്സ്യദേശത്തു വെച്ച് പക്ഷിരായിട്ട് മക്കത്തുപോയി മഹമ്മദ്നബിയെക്കാണുകയും, പിന്നെക്കുറേക്കാലം കഴിഞ്ഞിട്ട് ക്രിസ്ത്യാനിയാവുകയും ചെയ്തുവെന്നും മേപ്പടി പാട്ട് നൂറാം കാണ്ഡത്തിൽ ഗാനംചെയ്തിരിക്കുന്നു. കലി നൂറ്റൊന്ന് ക്രിസ്ത്വബ്ദം ൈ൦൭൫-ാമതസ്ഥാപകനായ മഹമ്മദ് മക്കത്തു ജനിച്ചത്. കലി നൂറ്റെൻപത്തൊമ്പതാണ് മഹമ്മദ് മതപ്രസംഗിയായത്. ക്രിസ്ത്വബ്ദം ൯൭൫-ൽ മക്കത്തെ അമീരായി; നൂറാൽ അബിയായെ മുഴുവനും ജയിച്ചു; കലി നൂറെൻപത്തൊമ്പതിന് ക്രിസ്ത്വബ്ദം നൂറാൽ നൂറാമത്തെ വയസ്സിൽ മരിച്ചു, എന്ന് മഹമ്മദ് ചരിത്രം. അതിനാൽ, ഈ നബിയുടെ കാലത്തു തന്നെയാ

ണ് യാക്കോബ് രാമദേവൻ ജീവിച്ചിരുന്നതു്. ആ കാലത്തു തന്നെയാണു് ഭോഗർ, അഗസ്ത്യൻ, പരശുരാമൻ മുതലായവർ ഉണ്ടായിരുന്നതു്. രാമദേവന്റെ ആയുസ്സു്, ൫൦൦-സംവത്സരമാണെന്നു്, ഭോഗരുടെ പാട്ട് (൨൦൦)ന്റെ സ്ഥാനം കണ്ടെത്തിലുണ്ടു്. ഇതുകൊണ്ടും, പരശുരാമന്റെ മുമ്പിൽത്തന്നെ കേരളീയർ പൂവ്വശിഖക്കാരാണെന്നു തെളിയുന്നു. അതിനാൽ പൂവ്വശിഖയെ സംബന്ധിച്ചു പറയുന്ന പ്രതിപത്തിയും ചില പുരാണപ്രായവും തീരെ ഭോഷ്കാണു്.

സ്കാന്ദപുരാണത്തിന്റെ സഹ്യാദ്രിഖണ്ഡം, ഉത്തരാർദ്ധം, ഒന്നാമദ്ധ്യായത്തിൽ, ദ്വിജന്മരെ ഗൌഡർ എന്നും ദ്രാവിഡർ എന്നും രണ്ടു വർഗ്ഗമാക്കിയിരിക്കുന്നു എന്നു് പുരാണവചനം സാക്ഷിയാകുന്നു. എങ്ങിനെയെന്നാൽ:

"ദ്രാവിഡാശ്ചൈവതൈലംഗാഃ
കർണ്ണാടാമദ്ധ്യദേശഗാഃ
ഗുർജ്ജരാശ്ചൈവപഞ്ചൈതേ
ദ്രാവിഡാഃപഞ്ചകത്ത്വതേ-
സാരസ്വതാഃകന്യകുബ്ജാ
ഉല്കലാമൈഥിലാശ്ചയേ-
ഗൌഡാശ്ചപഞ്ചധാചൈവ
ദശവിപ്രാഃപ്രകീർത്തിതാഃ-"

എന്നതിപ്രകാരം തൈലംഗർ, കർണ്ണാടർ, മദ്ധ്യദേശഗർ, ഗുർജ്ജരർ, ദ്രാവിഡർ എന്നു് പഞ്ചദ്രാവിഡന്മാർ; സാരസ്വതർ, കന്യകുബ്ജർ, ഉല്കലർ, മൈഥിലർ, ഗൌഡർ- എന്നു് പഞ്ചഗൌഡന്മാർ- ഇങ്ങിനെ രണ്ടു വർഗ്ഗങ്ങളിലായിട്ടു് ബ്രാഹ്മണർ പത്തു വകക്കാരാണു്.

"ഋഷ്യാസ്സുക്ഷ്മാമലാഖ്യാ
ഗൌഡാവംഗാഃകലിംഗകാഃ-
ആസ്സു കർണ്ണാടദേശീയാ
കോസലാഹൂതമാനുഷാഃ-"

എന്നു് വരാഹപുരാണം വ്യങ്കടേശമാഹാത്മ്യത്തിൽ. പറയുന്നതുകൊണ്ടു്, മുമ്പിൽ കാണിക്കപ്പെട്ട പത്തു വകക്കാരും ആയ്യ ബ്രാഹ്മണരാകുന്നു. ഇവർക്ക്, കാലക്രമേണ, വസ്തും, ആഭരണം, ഭക്ഷണവസ്തുക്കൾ മുതലായവയുടെ ഭേദം വരുകയാൽ ദ്രാവിഡന്മാരും ഗൌഡന്മാരും തമ്മിൽ കൂടിക്കഴിയാതെയും, ദ്രാവിഡന്മാരിൽ തന്നെ, ചിലർ പരസ്പരം ശ്രാദ്ധാദിക്രിയകൾക്കും മറ്റും കൂടിക്കഴിയാതെയും, പങ്ക്തിഭോജനം കൂടാതെയും വേർതിരിഞ്ഞതല്ലാതെ, വാസ്തവത്തിൽ ഷോഡശക്രിയകളും മന്ത്രതന്ത്രങ്ങളും എല്ലാവക്കും ഒന്നായിത്തന്നെയിരിക്കുന്നു. അതുകൊണ്ടു്, ആദിയിൽ ഇവരെല്ലാം ഒരു വർഗ്ഗക്കാരായിരുന്നു എന്നതു് നിശ്ചയംതന്നെ. ഇവർ ഉദ്ദേശം കലി ൩൦൦൦.ന്നു മേൽ തെക്കേ ഇൻഡ്യയിലേക്കു് മഗധരാജ്യത്തെ തിരുഹുത്തു് (Tirhut-) എന്ന ദിക്കിൽ നിന്നും വന്ന വരാണു്. ഇവർ വരുന്ന കാലത്തുണ്ടായിരുന്ന പൂവ്വശിഖ തന്നെയാണു് ഇന്നും കേരളാദിദേശങ്ങളിൽ കാണപ്പെടുന്നതു്.

ശിഖാധാരണം ഏഷ്യാക്കാരുടെ മതകൃത്യങ്ങളിൽ ഒന്നായി നിബന്ധിക്കപ്പെട്ടിരിക്കുന്നു.

"സദോപവീതിനാചൈവസ്യാൽ
സദാബദ്ധശിഖോദ്വിജഃ-"

എന്നു് ഉശനസ്സു പറഞ്ഞിരിക്കുന്നു. ശിഖാധാരണം ക്രിസ്തുവിന്നു മുമ്പിൽ ജൂദയലം മുതലായ ദിക്കുകളിലും ഉണ്ടായിരുന്നു എന്നു് സെമ്മറിയാന-മദ്ധ്യായം നാലും അഞ്ചും

വാസ്യങ്ങളെക്കാണ്ടറിയാം.

കലിയുഗം തുടങ്ങുന്നതിന്നും ൨൦ ആണ്ടുകൾക്ക് മുൻപിൽ, ഫൈബ്രോനിൽ വസിച്ചിരുന്ന ഹിത്തായർ (Hittites) ഫൈബ്രാത്ത് നദിനീരത്തുള്ള കർക്കമിസ്പട്ടണത്തിൽ രാജാക്കന്മാരായിരുന്നു. ഈജിപ്തിലെ പുസ്തകങ്ങളിലും ശാസനങ്ങളിലും ഹിത്തായരെ, കീത്തായർ എന്നും, കിട്ടാ എന്നും പറഞ്ഞിരിക്കുന്നു. ഇവരിൽ ചിലർ സിറിയായിലും വസിച്ചിരുന്നു. കാനാനിൽ കുടിയിരുന്ന ഹിത്തായർ കലി ൧൨൦൦-ന് മുമ്പ് ചെറിയേഷ്യയെ മുഴുവനും ജയിച്ച ഭരണശക്തിയുള്ളവരാണ്. ഈജിപ്തിനെ ഭരിച്ചിരുന്ന ഹിത്തായരിൽ, മൂന്നാം രാത്മസ് എന്നവൻ സിറിയയെ മുഴുവനും ജയിച്ചതുകൂടാതെ, വടക്കുള്ള രാജ്യങ്ങളെയൊക്കെയും തനിക്കധീനമാക്കിയിരുന്നു. ഈജിപ്തിലെ സ്വദേശികളെ സിറിയയിൽ നിന്നും പലായനം ചെയ്യിച്ചവരിൽ ഹിത്തായക്കാർക്ക് തുല്യന്മാരാരുമില്ല; ഇവരുടെ ശരീരം ഹ്രസ്വമായും തടിച്ചും, മുഖത്ത് താടിമീശകൾ ധരിക്കാതെയും, കറുത്ത ശിരോരോമങ്ങളോടുകൂടിയും, ത്രിശിഖ (മൂന്നു കുടു) വെച്ചും, പീതവർണ്ണമായും ഇരുന്നു. ഇവർ എപ്പോഴും അരയിൽ ഖഡ്ഗത്തെ ധരിച്ചിരുന്നു. ഈ ഹിത്തായർ കലി ൧൨൦൦-ത്തിനു മുമ്പ് അസീറിയാക്കാർക്ക് വലിയ ശത്രുക്കളായിരുന്നു. ഒടുവിൽ അസീറിയാരാജനായ സർ കോൻ എന്നവൻ, കലി ൮൭൨-ൽ, ഹിത്തായരുടെ രാജധാനിയായ കർക്കേമിസ്പട്ടണത്തെ ജയിച്ചതോടുകൂടി, അവരുടെ ബലം നാമാവശേഷമായി. പിന്നെയൊരിക്കലും അവർക്ക് ശക്തിയുണ്ടായിട്ടില്ല. ഇവരിൽ ചിലർ ഇൻഡ്യയിലേക്കും വന്നിട്ടുണ്ട്. അവരുടെ ഭാരതത്തിനെ ഏറിയകാലം ഭരിച്ചിരുന്നവരും സൂര്യചന്ദ്രകുലജാതരെന്നു പറയപ്പെടുന്നവരുമായ പുരാതന ക്ഷത്രിയന്മാർ. അവരും ശിഖാത്രയത്തെ വഹിച്ചിരുന്നു. ഭവഭൂതിയെന്ന പേരുള്ള ജാതുകർണ്ണൻ ഉജ്ജ്വോക്കിയ 'ഉത്തരരാമചരിത' നാടകത്തിന്റെ നാലാമങ്കത്തിൽ, ജനകൻ,

"കുവലയദളസ്നിഗ്ധശ്യാമ
ശ്ശിഖണ്ഡകമണ്ഡനോ
വടപരിഷദംപുണ്യശ്ലോക
ശ്രിയേവസഭാജയൻ
പുനരിവശിശുർദ്ദ്രുതോവത്സ
സ്സമേരഹൃനന്ദനോ
ഝടിതികരുതേദൃഷ്ടഃകോയം
ദുശോമൃതാഞ്ജനം—"

എന്ന് ശ്രീരാമപുത്രനായ കുശനെ വർണ്ണിക്കുന്നതായിക്കാണിച്ചിരിക്കുന്നു. ഇതിൽ ശിഖണ്ഡകം എന്നത് ചെവിയുടെ അഗ്രഭാഗത്തു വെക്കപ്പെടുന്ന രണ്ടു ചെറിയ കുടമയാകുന്നു. "കാകപക്ഷശ്ശിഖണ്ഡകഃ" എന്ന് നാമലിംഗാനുശാസനം. ഈ ശിഖണ്ഡകത്തെത്തന്നെയിപ്പോൾ ശില്പാ എന്നു പറയുന്നു.

എന്നാൽ ഇതിനുടുത്ത,
"ചൂഡാചുംബിതകാകപക്ഷമഭിത
സ്സ്നിഗ്ധംപുഷ്ടതോ
ഭസ്മസ്നാനപവിത്രലാഞ്ഛനമുരോ
ധത്തേതപഃക്ഷൗരവീം
മൌഞ്ജീമേഖലയാനിയന്ത്രിതമധോ
വാസശ്ചമാജിനകം
പാണൌകാർമുകമക്ഷസൂത്രവലയം
ദണ്ഡസ്തുതഥാപൈപ്പലം."

എന്ന ശ്ലോകത്തിൽ, ചൂഡാചുംബിതകം കപരും, എന്നതുകൊണ്ട് പ്രധാന ശിഖ പിൻഭാഗത്താണെന്നു കാണുന്നു. ഹിന്ദുക്കളായ സ്ത്രീകളെല്ലാം പിന്നിൽ കുടുമക്കാരാണ്.

വാരാണസിയിൽ ജനിച്ചവനായ ഭവഭൂതിയെന്ന കവി, കന്യാകുബ്ജത്തിലെ രാജാവായ യശോവർമ്മനന്റെ സഭ്യനായിരുന്നു. ആ രാജാവ് രാജ്യഭരണം തുടങ്ങിയത് കലി ൩൮൫൭ മുതലുള്ള അന്തരിച്ചത് ൩൮൯൮ലും ആണ്. കാശ്മീരരാജനായ ലളിതാദിത്യൻ യശോവർമ്മനെ ജയിച്ചതു മുതലുള്ള, ഭവഭൂതികവി, കറെകാലത്തെക്കു കാശ്മീരരാജനെ ആശ്രയിച്ചിരുന്നു. പിന്നെ, കലി ൩൮൭൩-ൽ ധാരാനഗരത്തിൽ പട്ടംകെട്ടിയ ഭോജരാജന്റെ സദസ്യനായിരുന്നു. അതിനാൽ, ഭവഭൂതിയുടെ കാലം ൩൮൭൩യും, ഇൻഡ്യയിലെ ക്ഷത്രിയന്മാർ മൂന്നു കുടുമയുള്ളവരും, മുഖ്യന്മാരിൽ ചെയ്യാത്തവരുമായിരുന്നു എന്നുള്ള ദേശാചാരത്തെ അവൻ സൃഷ്ടിയാൽ സ്പഷ്ടമാക്കിയിരിക്കുന്നു. ഇങ്ങിനെ, ഹിന്ദുക്കളിൽ നിന്നാണ് പിൻകുടുമയുടെ ഉത്ഭവം ഭാരതഖണ്ഡത്തിലുണ്ടായതു് എന്നു ബുധന്മാർ അറിയട്ടെ.

കാറപ്പുലം.

കേ. കൃഷ്ണൻപണിക്കർ

സൂര്യോദയം

(൧)

ശുദ്ധനാകിയൊരഹസ്സുനൻമഹാ-
ബുദ്ധിമെന്നുകരുതാതെ, കഷ്ടമേ!
വൃദ്ധനെങ്കിലുമഹോ! പ്രതീചിയിൽ
ബദ്ധരാഗമിഹവാണിടുന്നിതാ!

(൨)

ലോകബാന്ധവവസുക്കളൊക്കെയും
ഹാ! കലാശനിലയിൽപ്പൊടുന്നതേ:
ശോകമേന്തുമപരാശചേരുകിൽ,
സ്തോകമില്ലിതിനുവാദമേവനും.

(൩)

ഞാൻനിമിത്തമിവനിവസുക്കൾതൻ
ഹാനിവന്നു, വരുണാശയീചിധം,
മഞ്ഞുമി.

ഹാ! നിനച്ചുഹൃദയംപിളർന്നുപോയ്,
മേനിചോരയിലണിഞ്ഞിടുന്നിതാ!

(൪)

നഷ്ടമായ്കരബലംപ്രതീചിയെ
ദൃഷ്ടനായരവിവീണുവാർധിയിൽ:
കഷ്ടമില്ല, പടവുബന്ധനീവക-
യിച്ചുമേറുകിലനാഥമേന്തിടാം.

(൫)

ധൈര്യവിഭ്രമമെടംബരാന്തമീ
സൂര്യനായിവരുണാശനീട്ടിനാൽ;
കാര്യമൊന്നുമതുകൊണ്ടുനായതി,-
ല്ലാര്യനബ്ധിയിലടഞ്ഞുവീണുപോയ്.

—തേലക്കാട്ട ശങ്കരൻ നമ്പിഷ്ടൻ.

'ലണ്ടൻകൊട്ടാരത്തിലെ രഹസ്യങ്ങൾ'

കുന്നംകുളം അക്ഷരരത്നപ്രകാശികാ അച്ചുകൂടത്തിൽ അച്ചടിച്ചതും പി. വി. കുട്ടപ്പ് അവർകളുടെ പ്രധാനത്തിൽ പ്രസിദ്ധികരിച്ചിരിക്കുന്നതുമായ 'ലണ്ടൻ കൊട്ടാരത്തിലെ രഹസ്യങ്ങൾ' എന്ന പുസ്തകത്തിന്റെ ഒരു പ്രതി ഞങ്ങൾ കൃതജ്ഞതാപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. പ്രസ്തുത കൃതി, ഇംഗ്ലീഷിലുള്ള ഒരു കഥാഗ്രന്ഥത്തിന്റെ ഭാഷാന്തരീകൃതരൂപമാണെന്നു വിജ്ഞാപനത്താൽ അറിയുന്നു. 'അറിയുന്നു' എന്നു പറഞ്ഞതെന്തെന്നാൽ: ഈ നിരൂപണമെഴുതുന്ന ആൾ മൂലഗ്രന്ഥമെന്നു പറയപ്പെട്ടിരിക്കുന്ന പുസ്തകം വായിച്ചിട്ടില്ലാത്തതിനാൽ മാത്രമാകുന്നു. നിരൂപകന്റെ നിലയ്ക്ക് അതൊരു യോഗ്യതക്കുറവായിരിക്കാമെങ്കിലും, മൂലഗ്രന്ഥം പരിചയിച്ചിരുന്നാൽ സചുരുചിച്ചിരിക്കുമായിരുന്ന അഭിപ്രായം, ഈ ഭാഷാന്തരത്തിന്റെ നിരൂപണത്തെ വ്യതിചലിപ്പിക്കാതെ കഴിഞ്ഞതുവല്ലൊ എന്നൊരു സമാധാനമുണ്ട്.

ഇംഗ്ലീഷ് സാഹിത്യചരിത്രഗ്രന്ഥങ്ങളിൽ സാധാരണയായി കീർത്തിക്കപ്പെടാറില്ലാത്തവനും, ജി. ഡബ്ല്യു. എം. റെയിനോൾഡ്സ് എന്ന പേരിൽ പ്രഖ്യാതനും ആയുള്ള ഒരു ഗ്രന്ഥകാരനാകുന്നു, ഈ 'രഹസ്യ'ങ്ങളുടെ മൂലകർത്താവെന്നു പ്രസ്താവിച്ചുകണ്ടിട്ടുണ്ട്. ആ ആൾ ആഭാസകഥാഗ്രന്ഥങ്ങൾ രചിക്കുന്നവനായിരുന്നതിനാലാണു സാഹിത്യകാരന്മാരുടെ വരിയോലയിൽ പേരു വ്യതിയാത്തതെന്നോ, അതല്ലെങ്കിൽ ആളുടെ കൃതികൾ ആഭാസങ്ങളാകയാലാണ് അവയെ ഉത്തമസാഹിത്യകോടിയിൽ ഗണിക്കാത്തതെന്നോ പറഞ്ഞുകൂടാതുമുണ്ട്. എന്നുമാത്രമല്ല, ലണ്ടനിലെ പ്രഭുക്കന്മാരുടെ രഹസ്യനടവടികളെ വർണ്ണിക്കുന്നിമിത്തം പ്രഭുക്കന്മാരിൽനിന്ന് അപകാരത്തെ ശങ്കിച്ച ആ ഗ്രന്ഥകാരൻ അമേരിക്കയ്ക്കു കളിഞ്ഞുപോകേണ്ടിവന്നു എന്നുകൂടി കേട്ടുകേൾവിയുണ്ട്. ഈ പ്രവാദങ്ങൾ സകാരണമോ നിഷ്കാരണമോ ആയിരുന്നാലും, റെയിനോൾഡ്സിന്റെ കൃതികളായി പ്രസിദ്ധപ്പെടുത്തിക്കാണുന്ന കഥാഗ്രന്ഥങ്ങളിൽ ചിലതു മാത്രമേ സ്പൃഹണീയമല്ലാത്ത സമ്പ്രദായത്തിൽ രചിക്കപ്പെട്ടിട്ടുള്ളൂ എന്നും; രാജചരിത്രത്തെ ആസ്പദമാക്കിയും മറ്റും എഴുതീട്ടുള്ള മറ്റു പുസ്തകങ്ങൾ നിഷ്കൃഷ്ടങ്ങളാണെന്നും ഒരഭിപ്രായമുണ്ടെന്നതാണം. എന്നതന്നെയല്ല, പതിനഞ്ചുകൊല്ലംമുമ്പ്, മദിരാശിഗവർമേണ്ടിൻകീഴിൽ അസിസ്റ്റന്റ് ഓഫീസ്സറർ ആയിരുന്ന സി. പി. ശങ്കുണ്ണിമേനോൻ അവർകൾ നവീനമായി പ്രസിദ്ധീകരിച്ച 'റോബർട്ട് മെക്കേർ' ഇടങ്ങി, ഇങ്ങേ അറ്റം, മദിരാശി സ്യൂപ്രീലീവിങ്ങ് സർട്ടിഫിക്കേറ്റ് പരീക്ഷയ്ക്കു പാഠ്യപുസ്തകമായി അംഗീകരിച്ചുപയോഗിച്ചുവന്നിരിക്കുന്നു, 'ലീല' എന്ന കഥാഗ്രന്ഥംവരെ, ഒന്നിലേറെ മലയാളകൃതികൾ റെയിനോൾഡ്സിന്റെ ആഖ്യായികകളുടെ തർജ്ജമയോ അനുകരണമോ ആണെന്നുള്ള വസ്തുത, ഈ 'രഹസ്യ'ങ്ങളുടെ ഭാഷാന്തരകർത്തൃ

ധായ നാലപ്പാട്ട നാരായണമേനോനവർകളുടെ ആഗ്രഹപ്രകാരത്തെ അങ്കുരിതമാക്കുവാൻ സഹായിച്ചിരിക്കാം. എന്നാൽ ആ ആഗ്രഹം മുളയിൽ നുള്ളേണ്ടതായിരുന്നില്ലേ എന്നു ചിലർ പ്രശ്നംചെയ്യുന്നുണ്ട്. കവികൾ ഭാവനയുടെ — എന്നുവച്ചാൽ, പദ്യകൃത്തിന്റെ അല്ല, ബാഹ്യാന്തഃപ്രകൃതികളിലടങ്ങിയ രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന കവ്യുല്പാദിതവിധിയുടെ — നിലയിൽ, വെയിനോൾഡ്സിനെ നിന്ദിപ്പാൻ അല്ല, അഭിനന്ദിപ്പാനാണ് കൗചിത്യമുള്ളതെന്നു സമ്മതിക്കുന്ന സഹൃദയന്മാർ ഉണ്ടായിരിക്കയില്ല. ഗ്രേമെരിച്ച്, സദാചാരപ്രവർത്തകന്റെ നിലയിൽ, അദ്ദേഹത്തെപ്പറ്റി എങ്ങനെയായ നന്ദനമോ, നിന്ദനമോ, ഇല്ലെന്നു പറഞ്ഞതിന്റെ രീതി. പ്രഭുജനങ്ങളുടെ നടത്തത്തിന്റെ കുറവുകളെ ചൂണ്ടിക്കാണിച്ച് നിന്ദാവിഷയമാക്കുവാൻ വേണ്ടി, അവരുടെ സ്ത്രീലമ്പടവൃത്തികളെ വർണ്ണിക്കുന്നതുകൊണ്ട്, സമുദായാംഗങ്ങളുടെ മനസ്സ് ആവക വർണ്ണനകളുടെ പരിചയത്താൽ ദുർമ്മാർഗ്ഗത്തിലേക്കു ആകർഷിക്കപ്പെടുമെന്നുകൊണ്ട്, സമുദായസ്നേഹികളായ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. എന്നാൽ, ഈ അനുമാനം ശരിയല്ലെന്നും; ദുർന്നടത്തകളിൽ നിന്ദ്യന്മാരെന്നു കഥാഗതിയാൽ ബോധപ്പെടുന്നതോടുകൂടി വിവേകവാന്മാരുടെ മനസ്സ് ആവക ദുർന്നടത്തക്കാരായുള്ള സംസർഗ്ഗത്തെ വെറുക്കുമെന്നും; അതിനാൽ, വെയിനോൾഡ്സിന്റെ വർണ്ണനകൾ മനോദുഷ്കങ്ങളല്ലെന്നും, മറുപക്ഷക്കാരും പറയുന്നു. ഈ ഭിന്നാഭിപ്രായങ്ങൾ ഒരേപ്രശ്നത്തെ ഭിന്നനിലകളിൽ നിന്നു നോക്കി പുറപ്പെടുവിക്കുന്നവയാകുന്നു. സമുദായത്തിൽ പ്രമാണികളായിരിക്കുന്നവരുടെ സ്വകാര്യനടത്തകളെ വികൃതമുറയുന്നതു വിഹിതമല്ലെന്നുള്ള പക്ഷക്കാരുടെ മതമോ; അതല്ല, അങ്ങിനെയുള്ള ദുർന്നടത്തകളെ വെളിപ്പെടുത്തി സാധുക്കളായ മറുള്ളവർക്ക് അനർത്ഥഗർത്തങ്ങളെ ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതു സമുദായത്തിന്റെ സുസ്ഥിതിക്കും ബന്ധഭാർഢ്യത്തിനും ക്ഷേമത്തിനും ആവശ്യകമാണെന്നുള്ള പക്ഷക്കാരുടെ മതമോ, ആദരണീയമായുള്ളതു്? സത്യം പറയാം, പ്രിയവും പറയാം, എന്നാൽ അപ്രിയമായ സത്യം പറയരുതു് — എന്നൊരു പ്രമാണം ചിലർ പ്രയോഗിക്കാറുണ്ട്. സത്യത്തിനു് അപ്രിയത്വം എങ്ങിനെ വന്നു? സത്യം എന്നതു് ഈശ്വരധർമ്മങ്ങളിലൊന്നാണെങ്കിൽ, അതു് അപ്രിയമാകുവാൻ ന്യായമെവിടെ? സത്യം സ്വതഃ അപ്രിയമല്ല; അതു ആരെക്കുറിച്ചു പറയുന്നുവോ, ആയാളെ അപേക്ഷിച്ചു മാത്രമേ അപ്രിയമായി ഗണിക്കുവാൻ പാടുള്ളൂ. ആയാളുടെ ദുർന്നടത്ത സത്യമാണെങ്കിൽ, അതു് ആയാളുടെ അപ്രിയത്തെ ശങ്കിച്ചു്, വെളിപ്പെടുത്തുവാൻ പാടുള്ളതല്ല എന്നു ശിക്ഷിക്കുന്നതിന്റെ അർത്ഥം, സമുദായസംവിധാനത്തിനെന്നല്ല, ലോകത്തിനുതന്നെ, പ്രപഞ്ചത്തിനുതന്നെ, ആധാരഭൂതമായുള്ള ധർമ്മതത്വത്തെ ഹനിക്കേണമെന്നും, ആ വഴിയായി സമുദായത്തിനു ഹാനി തട്ടേണമെന്നുമല്ലേ? സമുദായത്തിനു കേടുതട്ടിക്കുന്നതായ ദുർന്നടത്തയിൽ വിഹരിക്കുന്നവൻ അനാര്യനാകട്ടെ, പ്രബലനായ പ്രഭുവാകട്ടെ, അവനെ സമുദായമുഖ്യനായി ഗണിക്കയില്ലാതെ, അവന്റെ മനോവേദനകളെ ഗൗനിക്കേണ്ടുന്ന ആവശ്യം സമുദായത്തിനില്ല; അവൻ സമുദായദ്രോഹിയാകയാൽ, സമുദായഭ്രഷ്ടനായിത്തീരേണ്ടവനാകുന്നു. അ

ങ്ങിനെയുള്ളവരുടെ ദുർന്നടത്തകളെപ്പറ്റി എതു പരുഷമായി പറഞ്ഞാലും, അതു സമുദായദൂഷകമാകയില്ല. അങ്ങിനെ പറയുന്നതു സമുദായാഭിമാനികളുടെ കടമയുമാകുന്നു. ഈ നിലയിൽ നിന്നു നോക്കിയാൽ, റെയിനോൾഡ്സ് ആഭാസകൃതി ചെയ്തതായി വരുകയില്ലെന്നാണ് ഒരു സമാധാനമുള്ളതു്. എന്നാൽ, റെയിനോൾഡ്സിന്റെ കൃതികളെപ്പറ്റി മറ്റൊരു പരാധം പറയാറുണ്ട്. ആവക കഥകളിൽ ദുഷ്പാത്രങ്ങൾ ദുഷ്കൃത പ്രവർത്തിച്ചു വിജയം അനുഭവിക്കുന്നതായും, സൽപാത്രങ്ങളുടെ സൽകൃത്യങ്ങൾക്കു ശരിയായ ഫലം ലഭിക്കാതെ അവർ കഷ്ടത അനുഭവിക്കുന്നതായും കഥാഘടനം ചെയ്തിരിക്കുന്നു എന്നും; ഇതു സദാചാരാഭിവൃദ്ധിയെ തടയുന്നതാണെന്നും ആകുന്നു മേല്പടി അപരാധാരോപം. കർമ്മത്തെ അനുസരിച്ചുള്ള ഫലം അനുഭവിപ്പിക്കേണ്ടതു് ലോകത്തിൽ ധർമ്മതത്പ്രസ്ഥാപനത്തിനു അപേക്ഷിതമാകുന്നു. എന്നാല്ല, ലോകം കാര്യകാരണനിയമത്തെ അധിഷ്ഠാനപ്പെടുത്തിയിരിക്കുമ്പോൾ, ദുഷ്ടതയിൽനിന്നു സൽഫലവും, ശിഷ്ടതയിൽനിന്നു ദുഷ്ഫലവും പരിണമിക്കുമെന്നു ഘടിപ്പിക്കുന്നതു് ലോകതത്പ്രഭവിനു വിരുദ്ധവുമാകുന്നു. ഈ ദോഷം ആഗന്ത്യമെന്നു തള്ളാവുന്നതുമല്ല.

അതെങ്ങിനെ നില്ക്കട്ടെ. നാരായണമേനോനവർകളുടെ ഈ തർജ്ജമയെപ്പറ്റിയാണ് ഇനി പറവാനുള്ളതു്. മൂലഗ്രന്ഥത്തിൽ നാലു കഥകളുണ്ടെന്നും; അവയിൽ മൂന്നാമത്തെതാണ് ഇപ്പോൾ ഭാഷപ്പെടുത്തിയിരിക്കുന്നതെന്നും വിജ്ഞാപനത്താൽ അറിയുന്നു. അഭിപ്രായത്തിനായി ഞങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന ഈ കന്നാംവാല്യത്തിൽ പത്തു അധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. കഥയുടെ കാര്യപുരോഗമനം ഈ വാല്യത്തിന്റെ അന്ത്യഘട്ടങ്ങളിൽ ആകുന്നു പ്രകാശിച്ചു തുടങ്ങീട്ടുള്ളതെന്നു ഞങ്ങൾക്കു തോന്നുന്നു. ഞങ്ങൾ ഈ പുസ്തകം ആദ്യന്തം മനസ്സിരുത്തി വായിച്ചു. ഇരുപത്തെട്ടധ്യായങ്ങളിലൊടെത്തും അസഭ്യമായ ഘട്ടം ഞങ്ങൾ കണ്ടിട്ടില്ല; ചില ഭാഗങ്ങളിൽ പ്രഭുജനങ്ങളുടെ നടത്തകളെ വർണ്ണിച്ചിട്ടുണ്ട്; നടത്തകൾ ആഭാസമാണെങ്കിലും, അവയെ ആഭാസമായ സമ്പ്രദായത്തിലല്ല വർണ്ണിച്ചിട്ടുള്ളതു്. ഈ വിവിധാദ്ധ്യായങ്ങളിലും ഗ്രന്ഥകർത്താവു പ്രയോഗിച്ചിട്ടുള്ള കവനചാതുരി പ്രശംസനീയം തന്നെയാകുന്നു. കഥാബന്ധം ഇനിയും വിചിത്രമാകുമെന്നാണ് ലക്ഷ്യങ്ങളാൽ ഊഹിക്കേണ്ടതു്. അങ്ങിനെ വിചിത്രമാകയും, അസഭ്യമാവാത്ത സമ്പ്രദായത്തിൽ തന്നെ രചന അവസാനിക്കയും ചെയ്യുന്നതാണെങ്കിൽ, ചിലകൂട്ടർ ആവശ്യപ്പെടുന്ന പ്രകാരം ഇതിന്റെ പ്രസിദ്ധീകരണത്തെ തടയുവാൻ എന്തു ന്യായമാണുള്ളതെന്നു ഞങ്ങളറിയുന്നില്ല.

എന്നാൽ, ഇപ്പോൾ ചെയ്യുകണ്ടിരിക്കുന്നതു മാതിരിയിൽ തന്നെ തർജ്ജമ തുടരുന്നതാണെങ്കിൽ, മലയാളം മാത്രമറിയുന്ന വായനക്കാർക്കു ഇതുകൊണ്ടു വളരെ ഉപകാരം ലഭിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അനുപദതർജ്ജമയ്ക്കു തുനിയുകയാൽ, നാരായണമേനോനവർകൾ വായനക്കാർക്കു ആശാഭംഗം അനുഭവമാക്കിട്ടുണ്ടെന്നു ഞങ്ങൾ ശങ്കിക്കുന്നു. തർജ്ജമയുടെ ഉദ്ദേശം മൂലത്തിലെ ആശയങ്ങളെ തുല്യമായി ഭാഷപ്പെടുത്തുക എന്നതാണല്ലൊ. ആ സ്ഥിതിക്കു പദത്തിനു പകരം പദം നിർ

ത്തി, അവാചകാടി ദോഷങ്ങളോടുകൂടി ഭാഷാന്തരം ചെയ്യുന്നതുകൊണ്ടു ഉദ്ദേശം സാധിക്കയില്ലതന്നെ. കൂടാതെയും, അനവധതജ്ഞമയാൽ, മലയാളശൈലിക്കു യോജിക്കാത്ത പ്രയോഗങ്ങളും കൈക്കൊള്ളേണ്ടിവന്നിരിക്കുന്നു. ഇതിലെ ഭാഷയിലൂടെ ഇംഗ്ലീഷ്മൂലത്തിന്റെ നിഴൽ കാണ്മാൻ ഞങ്ങൾക്കു സാധ്യമായതിനാൽ മാത്രമായിരുന്നു, ഈ തർജ്ജമയിലെ പലേ ഘട്ടങ്ങളുടെ അർത്ഥം ഞങ്ങൾ ഗ്രഹിച്ചതു്, എന്നു് ഇവിടെ പറയേണ്ടിയിരിക്കുന്നു. ഇംഗ്ലീഷു പഠിച്ചിട്ടില്ലാത്ത വായനക്കാരിൽ നൂറിനു തൊണ്ണൂറെങ്കിലും ഈ വീതം പേരും, അർത്ഥം ശരിയായിഗ്രഹിച്ചിരിപ്പാൻ സംഗതിയില്ലെന്നാണു ഞങ്ങളുടെ ശങ്ക. ഭാഷാന്തരണി ഏറെക്കുറേ കലുഷവും കർക്കശവും ആകുന്നു. മലയാളശൈലിക്കു്, എന്നല്ല വ്യാകരണശാസ്ത്രത്തിനുകൂടി, യോജിക്കാത്തപ്രയോഗങ്ങൾ ഇതിലുണ്ടു്. ചില പദങ്ങളും വാചകങ്ങളും ഇംഗ്ലീഷിന്റെ അർത്ഥത്തെ ശരിയായി പ്രകാശിപ്പിക്കുന്നില്ലെന്നു മാത്രമല്ല, വിദ്വദ്ബുദ്ധിപ്രദമായും നേയാർത്ഥകമായും ഇരിക്കുന്നുമുണ്ടു്.

ഇംഗ്ലീഷും മലയാളവും തമ്മിൽ വാക്യഘടനയുടെ വിഷയത്തിലെന്നല്ല, മറ്റു പല കാര്യങ്ങളിലും ജാത്യാ ഭിന്നഗതികളാണെന്നുള്ള വസ്തുതയെ നാരായണമേനോനവർകൾ വിസ്മരിച്ചതായി കാണുന്നു. അദ്ദേഹം ഇംഗ്ലീഷിനെ അനുകരിച്ചു്, ഇങ്ങിനെ എഴുതുന്നു:—

"ഇപ്പോൾ നിങ്ങൾക്കു തൃപ്തിയായി?" കറുത്തു തുങ്ങിയ പുരികങ്ങളുടെ ഉള്ളിൽകൂടി പേടിയാംവണ്ണം കൃഷ്ണനോക്കിക്കൊണ്ടു ആ നമ്പൂരി ചോദിച്ചു: "ഇനിയും ഞാൻപോരാത്തുതരാം....."

ഈ വാക്യങ്ങളിൽ, ആദ്യത്തെ ഉദ്ധരണിചിഹ്നങ്ങൾക്കുള്ളിലുള്ള 'ഇപ്പോൾ നിങ്ങൾക്കു തൃപ്തിയായി?' എന്ന വാക്യം, 'ചോദിച്ചു' എന്ന ക്രിയയുടെ കർമ്മമാണല്ലൊ. ആ സ്ഥിതിക്കു് അതിനും പ്രധാനവാക്യത്തിനും തമ്മിലുള്ള ബന്ധത്തെക്കുറിപ്പാൻ 'എന്നു' എന്നൊരു ഘടകപദം മലയാളഭാഷാസമ്പ്രദായത്തിനു് ആവശ്യകമാകുന്നു. ഇംഗ്ലീഷിൽ അങ്ങിനെയൊരു ഘടകപദം കൂടാതെ കഴിക്കാം. ഇംഗ്ലീഷിലാവട്ടെ, വാക്യത്തിന്റെ ഘടനയിൽ, കർത്താവു, ക്രിയ, കർമ്മം എന്നാണു സാമാന്യേന പദക്രമം; മലയാളത്തിൽ അങ്ങിനെയല്ല; കർത്താവു, കർമ്മം, ക്രിയ എന്നാണു്. എന്നാൽ, രചനാവൈചിത്ര്യത്തിന്നായി, മേല്പടി പദക്രമത്തെ ഭേദപ്പെടുത്താമെന്നുണ്ടു്. എങ്കിലും, അവതമ്മിലുള്ള ബന്ധത്തെ വിഭക്ത്യാദി പ്രത്യയങ്ങൾകൊണ്ടോ, ഘടകാദ്യോതകപദങ്ങൾകൊണ്ടോ കുറിച്ചിരിക്കേണ്ടതാവശ്യമാകുന്നു. ഉദ്ധരണിചിഹ്നം ഈ ഉദ്ദേശ്യത്തെ നിവൃത്തിക്കുന്നുവെന്നാണു്, മേനോനവർകൾ വിചാരിക്കുന്നതെങ്കിൽ, അതു് അബദ്ധമത്രേ. ചിഹ്നങ്ങൾ, പദങ്ങൾ തമ്മിലുള്ള ബന്ധത്തെ കുറിക്കുന്ന സാധനങ്ങളല്ല; വാക്യത്തിൽ അന്വയസൗകര്യത്തിനു വേണ്ടി സ്ഥാപിക്കുന്ന അതിർത്തിക്കല്ലുകൾ മാത്രമാകുന്നു. ഈ വിഷയത്തെ ഇതിലധികം വിസ്തരിക്കുന്നില്ല. ഗ്രന്ഥകർത്താവു ചെയ്തിരിക്കുന്ന ഭാഷാന്തരണികയിൽത്തന്നെ, ഇനിയും ചില ദോഷങ്ങൾ കളിഞ്ഞും തെളിഞ്ഞും കാണ്മാനുണ്ടു്.

"ഒരു വല്ലാത്ത തണുപ്പുദേഹത്തിൽ കയറാതെ ആ ഭയങ്കരസത്വത്തിന്റെ മേൽ കരിക്കല്ലും നോക്കിക്കൊണ്ടായിരുന്നു". (പു

റം ൭൭); "കണ്ണുകൾ അയാളുടെ മേൽനിന്നു കറുപ്പുനേരത്തേക്കു പോയില്ല" (൭൯൨); "മഞ്ഞപ്പിപ്പോട്ടപ്പുടിയ കുറുതവിട്ടുനിറമുള്ളതും. ചില വെളിച്ചത്തു കുകന്നതായി തോന്നുന്നതും" (൯൬); "എപ്പോഴെങ്കിലും കരാൾ കണ്ടേക്കാവുന്ന തവിട്ടുനിറത്തിലുള്ള പാഴ്മുടികളിലെല്ലാം വെച്ചു വിശേഷപ്പെട്ട" (൭൭); "ചലനത്തിലുള്ള കവിത" (൭൯൨); "ആരു പോയ് ചാവട്ടെ" (൭൯ൽ); "സ്റ്റോൺടൻ ചേഞ്ചുപറഞ്ഞു" (൭൦); "കാളം തള്ളിക്കൊണ്ടിരുന്ന കണ്ണഞ്ചിക്കുന്നതായ ദീപകാന്തി" (൭ൽ); "ആ രണ്ടു കണ്ണുകളുടെയും ഉടമസ്ഥയുള്ള ആൾ" (൭൦൦), "അവിടുന്നു എത്രതന്നെ ആഭാസതരമായ ഉടുപ്പിനും ഒരു ഭംഗിയുണ്ടാക്കും" (൭൦൭); "എന്റെ മുഖത്തുവെച്ചുതന്നെ അവന്റെ പാട്ടിൽ കടന്നുപോകുന്നതിനു" (൭൭ൽ); "ആ കുട്ടത്തിൽ, ഹാരോൾഡിനെപ്പറ്റി പറയുമ്പോൾ— അവൻ ഇന്നു..." (൭൯൯); "മനസ്സിൽ കലവറവെക്കാതെ കണ്ടുള്ള ലേഡിബെസ്സിന്റെ സംസാരം" (൭൭൭); "എന്നെത്തന്നെയാണു! ഇതുകറുകുന്നതിനു ജന്തു" (൭൪൯); "അവളുടെ കുടുംബക്കാർ പണ്ടു നല്ലകാലങ്ങളെല്ലാം കണ്ടിട്ടുണ്ടു" (൭൯൨); "അവളുടെ പേടിപിടിച്ച കണ്ണിനു മുമ്പിൽ ഇല്ലായ്മയുടെ പൈശാചികമായ നിഴൽ മേലാൽ അതിന്റെ ഭയങ്കരമായ മാംസമില്ലായ്മയോടും എല്ലുന്തിച്ചയോടും കൂടി പൊന്തിവരേണ്ടതില്ല" (൭൯൭); "എന്റെ മനസ്സിനുള്ള വസന്തകാലം" (൭൭൭); "കാമവികാരത്താൽ വക്രവരെ നിറയപ്പെട്ട നേത്രം" (൭൭൦);— ഇത്യാദി എത്രയോ ഏറെ ദുഷ്ടാന്തങ്ങൾ തജ്ജമയുടെ വൈലക്ഷണ്യത്തിനു ദൃഷ്ടാന്തങ്ങളായി ഇതിൽനിന്നു എടുത്തുകാണിപ്പാനുണ്ടു.

പിന്നെ പദഭോഷങ്ങളെപ്പറ്റി പറയുന്നതായാൽ: അച്ഛന്റെ സഹോദരനെ "അമ്മാമൻ" എന്നും, മക്കൾ അമ്മയെപ്പറ്റി ഇംഗ്ലീഷിൽ She (ഷി) എന്നു പറയുമെങ്കിലും, മലയാളത്തിൽ ബഹുമാനമായി അവർ എന്നോ മറ്റോ പറയേണ്ടതിനു പകരം, "അവൾ" എന്നും; ബഹുമാന്യപദവിയെ സൂചിപ്പിച്ചു് ഇംഗ്ലീഷിൽ We (വി) എന്നും, മലയാളത്തിൽ "നാം" എന്നും പറയുന്നതിനു പകരം "ഞങ്ങൾ" എന്നും; കിടക്ക എന്നതിനു "കിടയ്ക്ക" എന്നും;— ഇങ്ങിനെ പല ഉദാഹരണങ്ങളും ഇതിലുണ്ടു്. ഇംഗ്ലീഷ് സംജ്ഞാപദങ്ങൾ ചിലതിന്റെ ഉച്ചാരണം അബദ്ധമായി ഭാഷപ്പെടുത്തീട്ടുണ്ടു്. 'പെൽമെൽ' (Pall Mall) എന്ന ഇംഗ്ലീഷ്പേരിനെ 'പൊൾമാൾ' 'പാൾമാൾ' എന്നിങ്ങനെ എഴുതിയിരിക്കുന്നു.

"ഫീബി യൗവനത്തിന്റെ അധിദേവതയാണെന്നു കൃസ്ത്യാനികൾ വിശ്വസിച്ചുപോരുന്നു—" (൭൦); "ഡയാനാ—നായാട്ടിന്റെയും പാതിവ്രത്യത്തിന്റെയും വിവാഹത്തിന്റെയും അധിദേവത..... കൃസ്ത്യാനികൾ വിശ്വസിക്കുന്നു" (൭൦);— ഇങ്ങിനെ ചില കുറിപ്പുകൾ പരിഭാഷകന്റെ വകയായി ഇതിൽ കാണുന്നുണ്ടു്. ഇവയിൽ 'കൃസ്ത്യാനികൾ വിശ്വസിക്കുന്നു' എന്നു പറവാൻ പരിഭാഷകനു് ആധാരമെന്തെന്നു ഞങ്ങളറിയുന്നില്ല. 'കൃസ്ത്യാനികൾ' അങ്ങിനെ വിശ്വസിക്കുന്നില്ലെന്നും, മേല്പടി ദേവതകൾ പ്രാചീനയവനന്മാരുടെ (ഗ്രീക്കുകാരുടെ) ആരാധനാമൂർത്തികളായിരുന്നതാണെന്നും; അക്കാലത്തു് യവനർ കൃസ്ത്യാനികളായിരുന്നില്ല

ന്നും പരിഭാഷകൻ ശ്രദ്ധിച്ചിട്ടില്ലെന്നു വരുമോ?

ഈ വിഷയത്തെ ഇനിയും ദീർഘിപ്പിക്കേണ്ടതില്ല. മേൽപറഞ്ഞ ദോഷങ്ങളെ ഞങ്ങൾ മൂന്നിക്കാണിച്ചുള്ളൂ, ഈ പുസ്തകത്തിന്റെ ബാക്കി ഭാഗങ്ങൾ പരിശുദ്ധിക്കപ്പെട്ടു കാണ്മാൻ വേണ്ടിയാകുന്നു. ശ്രമസാധ്യമായ ഒരു ഉദ്യമമാണ് നാരായണമേനോനവർകൾ കൈക്കൊണ്ടിരിക്കുന്നതെന്ന് ഞങ്ങൾ അറിയാഞ്ഞല്ല. അദ്ദേഹത്തിന്റെ ആ ക്ഷീണപരിശ്രമത്തെ ഞങ്ങൾ അഭിനന്ദിക്കുന്നുണ്ട്.

ധമ്മം.

ധമ്മം, അത്ഥം, കാമം, മോക്ഷം എന്നിങ്ങിനെ നാലു പുരുഷാർത്ഥങ്ങളുള്ളതിൽ, അത്ഥകാമങ്ങൾ ഇഹലോകത്തിൽ മാത്രം ഫലപ്രദങ്ങളായിരിക്കുന്നതല്ലാതെ, ധമ്മത്തെപ്പോലെ ഇഹപരസുഖപ്രദവും മോക്ഷപ്രദവും അല്ലാത്തതിനാൽ, അത്ഥകാമങ്ങളെക്കാൾ ധമ്മത്തിന് മഹത്വമേറുമെന്നാണല്ലോ നമ്മുടെ പൂർവ്വന്മാരായ മഹാത്മാക്കൾ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ ലോകത്തിൽ മനുഷ്യജീവികൾക്ക് ധമ്മത്തെക്കാൾ വലുതായ നിധി മറ്റൊന്നുമില്ല.

മനുഷ്യജീവിതത്തിൽ, ചുറ്റിലും കാണപ്പെടുന്ന പുത്രമിത്രകളത്രാദികളും, സകലൈശ്വര്യങ്ങളും മനുഷ്യന്റെ ദേഹത്തെ മാത്രം സംബന്ധിക്കുന്നവയാണ്. ജീവാത്മാവിന് ഉപയോഗപ്പെടുന്നത് ധമ്മം മാത്രമാകുന്നു.

"മാറുള്ള ബന്ധുക്കളിദ്ദേഹ-
മുള്ളോനോടുള്ളൂ
മാറുമിധമ്മബന്ധു ചത്താലും
കൂടെപ്പോരും"-

എന്നുള്ള ആപ്തവാക്യത്താൽ, മനുഷ്യർ ചെയ്യുന്ന പുണ്യപാപങ്ങൾ മാത്രമാണ് ജീവാത്മാവിനെ പിന്തുടർന്നുപോകുന്നത് എന്നു സിദ്ധമാകുന്നു. പാപം ഉപദ്രവകരമാണെന്ന് സുപ്രസിദ്ധമായതുകൊണ്ട്, മനുഷ്യർ അതിനെ തീരെ ത്യജിക്കേണ്ടതാകുന്നു. പുണ്യം സുഖകരമാകയാൽ, മനുഷ്യർ അതിനെ അവശ്യം സമ്പാദിക്കേണ്ടതുമാകുന്നു. അതിനാണ് മനുഷ്യർ മുഖ്യമായും പ്രയത്നിക്കേണ്ടത്. ആ പുണ്യസമ്പാദനം ധമ്മാനുഷ്ഠാനത്താൽ മാത്രമെ സിദ്ധിക്കയുള്ളൂ. എന്നാൽ, ധമ്മാനുഷ്ഠാനമോ മനുഷ്യർ ചെറുപ്പത്തിൽതന്നെ അഭ്യസിക്കേണ്ടുന്നതാണ്. കുറെ വയസ്സായിട്ടു വാം എന്ന് പ്രമാദിച്ചുപോകുന്നത് അബദ്ധമാകുന്നു. അതെന്തെന്നാൽ: ക്ഷണഭംഗുരമായ ദേഹം, ഈ ക്ഷണത്തിൽ ഇരിക്കുന്നതുപോലെ ഒരു നിമിഷം കഴിഞ്ഞാൽ ഇരിക്കുമെന്നു വിശ്വസിപ്പാൻ പാടില്ലാ.

"ജലത്തിലെപ്പോളകളെന്നപോലെ
ചലംമനുഷ്യർക്കഖിലബന്ധം"- എന്നും മറ്റുമല്ലെ വർണ്ണിക്കപ്പെട്ടിരിക്കുന്നത്? ഇത്ര നിലയില്ലാത്ത ദേഹം, നിലവിൽ ഇരിക്കുമ്പോൾ തന്നെ, എന്നും നിലനില്ക്കുന്നതായ സുഖത്തെ സമ്പാദിക്കേണ്ടതിന്നു മനുഷ്യർ സദാ ധമ്മാനുഷ്ഠാനതല്പരന്മാരായി

രിക്കേണ്ടതാണെന്നു തെളിയുന്നു.

മനുഷ്യർ ധർമ്മത്തെക്കുറിച്ച് പലവിധമായി വ്യവഹരിക്കുന്നുണ്ട്. ധനികന്മാക്ക് മാത്രമെ, ധർമ്മം ചെയ്യാൻ സാധിക്കയുള്ളു എന്ന് ചിലർ തെറ്റി ധരിച്ചിട്ടുണ്ട്. എന്നാൽ, ധർമ്മം എന്നുള്ളത് ധനികന്മാക്കും, ദരിദ്രന്മാക്കും ഒരുപോലെ അനുഷ്ഠിപ്പാൻ സൌകര്യമുള്ളതാണ്. ധനമുള്ളവർ ധനംകൊണ്ടു ചെയ്യുന്ന ധർമ്മകാര്യങ്ങളും, അധർമ്മകാര്യങ്ങളായിത്തീരുന്നുണ്ട്. അതുകൊണ്ട് ധർമ്മാചരണത്തിന്ന് ധനാപേക്ഷയില്ല. ധർമ്മത്തിനുള്ള വിധിനിഷേധങ്ങളെ അറിഞ്ഞു, നിഷേധിക്കപ്പെട്ടതായ അസൂയ്യം, വഞ്ചന, ഹിംസ, പരദൂഷണം, ഏഷണി, ക്രൂരവചനം, അസൂയ മുതലായ ദുർഗ്ഗുണങ്ങളെ ത്യജിച്ച്, സത്യം, ദയ, ക്ഷമ, ശാന്തി, സ്നേഹം, പ്രിയവചനം, വൈരാഗ്യം എന്നിങ്ങിനെയുള്ള വിധികളെ സമ്പാദിച്ചുകൊണ്ടിരിക്കുന്നതുതന്നെയാണ് മുഖ്യമായ ധർമ്മം. മനസ്സിലുള്ള ദുർഗ്ഗുണങ്ങളാകുന്ന ചളികളെ കളഞ്ഞ്, പരിശുദ്ധമാക്കി വെക്കുന്നതാണ് മുഖ്യധർമ്മമെന്നും, അതില്ലാതെയുള്ള വാക്കും, ക്രിയയും ധർമ്മവേഷം മാത്രമാണെന്നും, എത്രയോ മഹാന്മാർ പറഞ്ഞിരിക്കുന്നു.

ധർമ്മാനുഷ്ഠാനത്താൽ വല്ലതും ഫലമുണ്ടോവുമോ എന്ന് ചിലക്ക് ശങ്കയുണ്ടാവാം. ആ ശങ്ക തീർപ്പാൻ ശ്രുതിസ്മൃതിപുരാണേതിഹാസജ്ഞന്മാരൊന്നും ആവശ്യമില്ല. ഒരു പല്ലക്കിൽ കയറിയിരിക്കുന്ന മനുഷ്യനേയും, ആ പല്ലക്ക് ചുമക്കുന്ന ആളുകളേയും ആലോചിച്ചാലറിയാവുന്നതാണ്. പല്ലക്കിൽ കയറിയ ആൾ, ജന്മാന്തരത്തിൽ ധർമ്മം ചെയ്തവനാണെന്നും, പല്ലക്ക് ചുമക്കുന്നവർ ജന്മാന്തരത്തിൽ ധർമ്മം ചെയ്യാത്തവരാണെന്നും എളുപ്പത്തിൽ മനസ്സിലാക്കാം. എന്നാൽ, ഏല്ലാവരാലും ധർമ്മാനുഷ്ഠാനം ചെയ്യാൻ കഴിയുമോ എന്ന് ശങ്കിക്കേണ്ടതില്ല. ധർമ്മാനുഷ്ഠാനത്തിന്ന് അനവധി ഉപകരണങ്ങളും ഒന്നും വേണ്ടതില്ല. ദേഹം, മനസ്സ്, വാക്ക് എന്ന ത്രികരണങ്ങളുടെ സഹായം മാത്രമെ വേണ്ടു. ദേഹംകൊണ്ട് ചെയ്യേണ്ടതായ ധർമ്മമെന്തെന്നാൽ, ആരേയും ഹിംസിക്കാതിരിക്കുക, പരോപകാരം ചെയ്യുക, ദാനംചെയ്യുക, ഈശ്വരനെ വന്ദിക്കുക എന്നിതുകളാണ്. മനസ്സുകൊണ്ടുള്ള ധർമ്മം, സത്യചിന്ത, ദൈവചിന്ത, പരോപകാരചിന്ത, ദയ, സ്നേഹം, ജീവകാരുണ്യം എന്നിതുകളാകുന്നു. വാക്കുകൊണ്ടുള്ള ധർമ്മം, സത്യംപറയുക, ഹിതംപറയുക, അന്യന്മാക്ക് ഉപകാരമുള്ള വാക്കുകളെ പറയുക, ഈശ്വരനെ സ്തുതിക്കുക എന്നിതുകളാകുന്നു. ഇതിൽ മനുഷ്യക്ക്, ഏതേതു സമയത്തിൽ, ഏതേതു കരണങ്ങളാൽ, ഏതേതു വിധമായധർമ്മം ചെയ്യാനിടവരുന്നുവോ, അതാതു സമയത്ത് അതാതു കരണങ്ങളാൽ അതാതു വിധമായ ധർമ്മം ചെയ്യേണ്ടുന്ന ബാദ്ധ്യതയുമുണ്ട്.

ഇങ്ങിനെ ത്രികരണങ്ങളാൽ ചെയ്യപ്പെടുന്ന ധർമ്മം, കാമ്യമെന്നും, നിഷ്കാമ്യമെന്നും രണ്ടുവിധത്തിലുണ്ട്. കാമ്യം, സ്വർഗ്ഗാദിഫലങ്ങളെ കാംക്ഷിച്ച് ചെയ്യുന്നവയാകുന്നു. നിഷ്കാമ്യം, ആത്മജ്ഞാനത്താൽ ഫലാപേക്ഷകൂടാതെ ചെയ്യുന്നവയാകുന്നു. ഇതുകൊണ്ടാണ് ദാനസമയങ്ങളിൽ, ശിവാർപ്പണം, കൃഷ്ണാർപ്പണം എന്നും മറ്റും പറയുന്നവരുള്ളത്. ധർമ്മസത്രൂപം ഇങ്ങിനെയെല്ലാമാണെങ്കിലും, മനസ്സിനാൽ ചെയ്യപ്പെടുന്ന ധർമ്മത്തിന്ന് വൈശിഷ്ട്യമുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു

തുടരുന്നതിന് അടുത്ത താൾ നോക്കുക.

അദ്ധ്യായങ്ങൾ.

ഇപ്പോഴത്തെ യൂറോപ്യൻമഹായുദ്ധത്തിന് ഭൂമിയിലെ ജനസംഖ്യയിൽ പകുതിയിലധികം ഏർപ്പെട്ടിട്ടുണ്ട്: ഭൂതലത്തിലെ സ്ഥലഭാഗത്തിൽ പകുതിയിലധികവും യുദ്ധംചെയ്യുന്നവരുടെ അധീനതയിലാണ താനും. ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ ഉള്ളളവു ഏകദേശം ൭,൦൦,൦൦൦ ചതുരശ്രമൈലാകുന്നു; പ്രാൻസിന് ൩൨ലക്ഷത്തിലധികവും; റഷ്യയ്ക്ക് ൮൬ലക്ഷത്തിലധികവും ചതുരശ്രമൈലുണ്ട്. ബെൽജിയം, ജപ്പാൻ, സെർവിയാ, മൊണ്ടിനിഗ്രോ, ഇറാലി എന്നീ രാജ്യങ്ങളുടെ ഉള്ളളവുകൾ കൂട്ടിയാൽ, സഖ്യകക്ഷിരാജ്യങ്ങളൊട്ടാകെ, രണ്ടുകോടി എഴുപത്തൊന്നേ ലക്ഷത്തിലധികം ചതുരശ്രമൈൽ വരും. ജെർമനി, ആസ്ട്രിയാ, തുർക്കി എന്നീ രാജ്യങ്ങൾ മൂന്നും കൂടിയാൽ ൨൫ലക്ഷത്തിൽപരം ചതുരശ്രമൈലുണ്ടാവും. ഇങ്ങിനെ, യുദ്ധോദ്യുക്തരാജ്യങ്ങളെല്ലാം കൂടി രണ്ടുകോടി തൊണ്ണൂറേഴുലക്ഷത്തോളം ചതുരശ്രമൈൽ വരും; ഭൂമിയിൽ സ്ഥലഭാഗം ആകെക്കൂടി അഞ്ചുകോടി അയ്മ്പത്തഞ്ചുലക്ഷം ചതുരശ്രമൈലേ ഉള്ളൂ. ഇതിൽ പകുതിയിലധികവും യുദ്ധത്തിൽ പെട്ടിരിക്കുന്നു എന്നു സ്പഷ്ടം. സഖ്യിതരാജ്യങ്ങളിലെ ജനസംഖ്യ കൂട്ടാകെ എമ്പത്തൊന്നുകോടി തൊണ്ണൂറിനാലുലക്ഷത്തോളമുണ്ട്; ശത്രുരാജ്യത്രയത്തിൽ, പതിനാറു കോടിയിൽ മീതെയുണ്ട്. രണ്ടുംകൂടി, തൊണ്ണൂറെട്ടുകോടി ഇരുപത്തിരണ്ടുലക്ഷത്തോളം ജനങ്ങൾ വരും. ഭൂമിയിലെ ജനസംഖ്യ ഏഴുകോടി നാലുലക്ഷമാണെന്നു കണക്കാക്കാറുണ്ടു. അങ്ങിനെ, ജനസംഖ്യയിൽ പകുതിയിലധികവും യുദ്ധത്തിലേർപ്പെട്ടിട്ടുണ്ടെന്നു സ്പഷ്ടം.

പ്രാൻസ്, റഷ്യ, സ്പെയിൻ, പോർച്ചുഗൽ എന്നീ രാജ്യങ്ങളിലെ തൂറമുഖങ്ങളൊഴികെ, യൂറപ്പിൽ മറെറാരു തൂറമുഖത്തിലേക്കും ബ്രിട്ടീഷ്സാമ്രാജ്യത്തിൽനിന്ന് പദാർത്ഥങ്ങളെത്തിപ്പെഞ്ഞി കയററിഅയച്ചുകൂടുന്നതല്ലെന്ന് ഇതിനിടെ നിബന്ധനചെയ്തിരിക്കുന്നുവല്ലോ. ഇതിനു കാരണം, ജെർമൻമാർ യുദ്ധത്തിനുപയോഗിക്കുന്ന അഗ്ന്യസ്ത്രങ്ങൾക്കും മറുമായി മൂന്നാട്ടകളിൽനിന്നു വരുന്ന പഞ്ഞിയെ ഉപയോഗപ്പെടുത്തുന്നു എന്നുള്ളതാണ്. മേല്പടി അഗ്ന്യസ്ത്രങ്ങളിൽ നൂറിനു മുപ്പതു ഭാഗവും പഞ്ഞിയാണുള്ളത്. ജെർമനിയും ആസ്ട്രിയയും കൂടി പീരങ്കിവെടിക്കായി ഒരു വർഷത്തേക്കു ആയിരം ടൺഭാരം പഞ്ഞി ഉപയോഗിക്കുന്നുണ്ടത്രേ.

"കിഴക്കൻരാജ്യങ്ങളിൽ കോപ്പറേററീവ് ക്രെഡിററ് സൊസയററികൾ എന്ന സഹകരണനാണ്യസംഘങ്ങൾ ഒക്കെയും ശുദ്ധമെ അസംബന്ധമാണ്; ആനാട്ടുകാരെപ്പററി അറിയുന്നവർക്കെല്ലാം അവർ ഒരിക്കലും സഹകരണം ചെയ്യുന്നവരല്ലെന്നും അറിയാം" — എന്ന് ഇംഗ്ലിഷ്റാഡിലെ കൃഷിബാങ്ക് സ്ഥാപകന്മാരിൽ പ്രമാണിയായിരുന്ന സർ എല്വിൻപാല്മർ ഫ്രഡ കൊല്ലം മുമ്പു അഭിപ്രായപ്പെട്ടിരിക്കുന്നു.

P. Subbaroy's

world-renowned & Most Efficacious

AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈകാൽ മുതലായവയുടെ നീർ, നിരൊഴിവ, മധുമേഹം, കല്ലടപ്പ (മൂത്രാഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്ക വില ക ൨. തപാൽ ചിലവ ഒണ. വേറെ

൨ അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചു തികട്ടുക, നെഞ്ചുകലിക്കുക, ശരീരബന്ധം, വയറുനോവു, വായനാറ്റം, അജീർണ്ണം, വയറുവീർപ്പ, നാഡീഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പിക്ക വില അണ വ. ൨ ഡപ്പികൾ വരെ തപാൽ ഒണ. വേറെ.

൩. പ്രമേഹനിവാർണി.

സിരാമേഹം, ഇടുപ്പുവലി, മൂത്രാധിക്യമായും തടഞ്ഞും പോവുക, മേസ്സുപ്പുകച്ചിൽ, രക്തമേഹം മുതലായവ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവൃത്തിക്കും. ഈ കാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ഒക്ക വില ക ഫ. നുകുപ്പികൾ വരെയുള്ള ബങ്കിക്ക തപാൽ ചിലവ ഒണ. വേറെ

൪. ലക്ഷ്മീകരകസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പൊഴും സശ്രദ്ധം ഉപയോഗിക്കേണ്ടും വിലയേറിയ സാധനം. ദന്തവേദന, വായനാറ്റം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും. തനിച്ചോ താംബൂലത്തോടുകൂടിയൊ ഉപയോഗിക്കാം. ആഹാരത്തോടുകൂടിയ ഗുളികകളെ ഉപയോഗിച്ചാൽ എത്തുന്ന ദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ലാ. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ചേർത്തിട്ടില്ലകാൾ മീരത്തുനിന്നുവരുത്തിയകസ്തൂരി പച്ചകർപ്പൂരം മുതലായ അധികം വിലയേറിയ സാമാനങ്ങൾ ഇതിൽചേർത്തിട്ടുണ്ട്. മുട്ടി കാസശ്വാസം, ജ്വരം, അതിസാരം പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സിന്റെ ഏറക്കുറച്ചിൽ പോലെ ഒന്നു മുതൽ നാലുവരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ഒക്ക വില രൂണ. ക്രമത്തിൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കിക്ക തപാൽ ചിലവ ഒണ. വേറെ.

൫. വേദനാസംഹാരി തൈലം.

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവു കയീക്കം മുടക്കുവാതം, നെഞ്ചുനോവു തലവേദന ഒരു ഭാഗത്തുണ്ടായുന്ന ശൂല ഇടുപ്പുവേദന പാർശ്വവായു മേഹവായു, തിമിരം മുതലായ പലവ്യാധികൾ ഭേദപ്പെടും. കുപ്പി ഒക്ക വില ക ഫ. നുകുപ്പികൾവരെ തപാൽ ചിലവ അണ ൪.

൬. സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവ നല്ല പുഷ്ടിയായും ഞെരുക്കമായും വളരും. കണ്ണിനകളർമയുണ്ടാകും സകല കൺനോവുകളും തലവേദനകളും നിങ്ങുംചെമ്പട്ടരോമം കറുക്കും രോമം കൊഴിയാതിരിക്കും. കണ്ണിനു നല്ലതെളിവുണ്ടാകും കുപ്പി ഒക്ക വില വ്യണ രണ്ടു കുപ്പികൾവരെ തപാൽ ചിലവ ഒണ വേറെ.

൭. നേത്രബിന്ദു.

കണ്ണിൽ ഉണ്ടായുന്ന കൺനോവു, കൺപുകച്ചിൽ, ക്ലവം നീരൊട്ടുമുണ്ടാൽ മാലക്കണ്ണു പിളകെട്ടൽ, ദശവളച്ചു പൂവു ചെപ്പു തിരിച്ചിൽ ഇമ പുരികം ഇവയുടെവലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ഒക്ക വില വ്യണ ൩ കുപ്പികൾവരെ തപാൽ ചിലവ ഒണ.

കണ്ണിന്ദ്ര

ചെമിക്കുത്തു, ചെമിയടപ്പു ഇരച്ചൽ മുതലായ കണ്ണുരോഗങ്ങളെ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാക്കും. കുപ്പി ൧൧ വില ൨൫ണ. നു കുപ്പികൾവരെ തപാൽ ചിലവ ൩ണ വേറെ.

൯. മണ്ഡലകഷ്ടസംഹാരി.

മണ്ഡലകഷ്ടം, പുഴുക്കടി തഴുതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം തഗ്രോഗങ്ങൾ പലതും മാറും തേമൽ, മേഹകഷ്ടം മുതലായവയെ ശമിപ്പിക്കും. കുപ്പി ൧൧ വില ൨൫ണ. നു കുപ്പികൾവരെ തപാൽ ചിലവ ൩ണ.

൧൦. സുഖവിരേചന ഗുളികകൾ.

മലശോധന ശരിപ്പെടുത്തും ജീർണ്ണം പിത്തോപദ്രവങ്ങൾ വായു മലപ്പിടിത്തം, അഗ്നിമാന്ദ്യം വാതം മുതലായ പലരോഗങ്ങളേയും ശമിപ്പിക്കും. ഡപ്പി ൧൧ വില ൨൫ണ. നുവരെ ഡപ്പികൾക്കു തപാൽ ചിലവ ൩ണ വെറെ.

൧൧. ജ്വരസംഹാരി.

കഫപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. ഡപ്പി ൧൧. തപാൽ ചിലവ ൩ണ വേറെ.

൧൨. രോമസംഹാരി.

രോമം വേണ്ടാത്തിടങ്ങളിൽ ഈ മരുന്നരച്ചിട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ നീക്കും. കുപ്പി ൧൧ വില ൨൫ണ. നു കുപ്പികൾവരെ തപാൽചിലവു ൩ണ. വേറെ.

൧൩. ദന്തമൂർണ്ണം.

സുഗന്ധമായുള്ളത. പല്ലുമാതിരി ദന്തരോഗങ്ങളേയും നീക്കും. കുപ്പി ൧൧ വില ൨൫ണ ഒപ്പികൾവരെ തപാൽ ചിലവു ൩ണ വേറെ.

൧൪. സ്മൃതിരക്ഷണി.

ബലഹീനതയാലും ആത്യുഷ്ണത്താലും മാറുമുണ്ടാകുന്ന ഇന്ദ്രിയസ്മൃതിശക്തിയെ നീക്കും. ഡപ്പി ൧൧ വില ൨൫ണ സാധുപ്പികൾ വരെ തപാൽ ചിലവ ൩ണ. വേറെ.

൧൫. മൃഗകസ്തൂരി

കാശ്മീരത്തുനിന്നു വരുത്തിട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും ആപ്പിസിൽഉണ്ടു. ഉരുപ്പികത്തുക്കത്തിനു രാക. വില. ൧൧ മുതൽക്കുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും തപാൽ ചിലവ പുറമെ.

൧൬. തേൾകടിക്കുള്ള സിദ്ധൌഷധം

കടിവായിൽ എതാനുംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണ എല്ലാ വീടുകളിലും ഓരോ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണു. കുപ്പി ൧൧ വില ൨൫ണ.

ഇന്ത്യയിലും ബർമ്മയിലും ൧൧ മുതൽ ൫൧ വരെ കുപ്പികൾക്കു വി. പി. ചിലവ ൨൫ണ വേറെ. സിലോണിൽ മേപ്പടിക്കണ. ഒന്നായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്നവർക്കു ഡജനു ഒന്നിനു ൧൨൫ പ്രകാരം കൊടുക്കപ്പെടും. വി. പി. ചിലവ ഡജൻ ൧൧ ൩ണ വേറെ.

൧൭. വ്രണനാശകരതൈലം

ഈ തൈലം ഒരുള്ളത്തുണിയിൽ പിരട്ടി വ്രണത്തിൽ വെച്ചു കെട്ടിയാൽ സകലവിധവ്രണങ്ങളും ക്ഷണത്തിൽ സുഖപ്പെടുന്നതാണു കുപ്പി ൧൧ വില ൨൫ണ. ഇന്ത്യയിലും ബർമ്മയിലും മുതൽ നുവരെ കുപ്പികൾക്കു വി. പി. ചിലവ ൩ണ വേറെ.

൧൮. അത്ഭുതകരകണ്ണുഗുളികകൾ

ഈ ഗുളികകൾ സ്വരത്തെ വ്യക്തപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണ. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവർക്കു പ്രത്യേകാവശ്യമുള്ളതാണ. തൊണ്ടയടപ്പിനും പ്രത്യൌഷധമാണ. കുപ്പി ൧൧ വില ൨൫ണ. ഇന്ത്യയിലും ബർമ്മയിലും മുതൽ നുവരെ കുപ്പികൾക്കു വി. പി. ചിലവ ൩ണ. വേറെ.

൧൯. ദേഹശുചികരചൂർണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തേച്ചുകുളിച്ചാൽ ദേഹ

ത്തിൽനവവാസനയുണ്ടാകും. തേമൽ, കൈകാൽ വിരൽ, ശരീരവർണ്ണം, കരപ്പൻ, തലവേദന, പോരിമേഹം, മേഹവൽ മുതലായതു കൂടാതെ മറു അനേക തരത്തിലുള്ള രോഗങ്ങളും മാറുന്നതുമാണു. കാന്തിയും ആരോഗ്യവും ഉണ്ടാകും കുട്ടികൾക്കും പ്രായം ചെന്നവർക്കും ഉപയോഗിക്കാവുന്നതാണു ഡപ്പി ഒക്ക വില വ്യത്യാസം, വി. പി. ചിലവ് സഹിതം വെറെ.

൨൦. സഞ്ജീവഗുളിക.

തലകറക്കം, തലവേദന, ഉറക്കമില്ലായ്മ വയറിലുണ്ടാവുന്നവായുവികാരം ജലദോഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു പ്രത്യൌഷധമാണു. പ്രായംചെന്നവർക്കും മേപ്പടി രോഗങ്ങൾക്കു ഈ ഗുളികകൾ ഉപയോഗിക്കാവുന്നതുമാണു.

കുപ്പി ഒക്ക വില ഫ്രീ ഇന്ത്യയിലും ബമ്മയിലും മുതൽ സവരെ കുപ്പികൾക്കു വി. പി. ചിലവ് തനെ വെറെ.

൨൧. ഉയന്നതരം ഗോരോചനഗുളിക

ഈഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണു. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പനിക്കും വയറിളകിപ്പൊകൽ, അജീർണ്ണം, ചുമ, ജലദോഷം, തലവെദന മുതലായ രോഗങ്ങൾക്കും പ്രായംകുറഞ്ഞവർക്കും പ്രായം തികഞ്ഞവർക്കും ഒരുപൊലേ ഉപയോഗിക്കാവുന്നതും ഫലത്തെകൊടുക്കുന്നതുമാകുന്നു കുപ്പി ഒക്ക വില ഫ്രീ ണ. മുതൽ നവരെ കുപ്പികൾക്കു വി. പി. ചിലവ് തനെ വെറെ.

൨൨. തപ്രൊഗസംഹാരി

ചൊറി, ചിരങ്ങ് പുഴുക്കടി, കരപ്പൻ മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ തപ്രൊഗങ്ങളും ഈ മരുന്നു പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണു. കുപ്പി ഒക്ക വില വ്യത്യാസം. മുതൽ വരെ കുപ്പികൾക്കു വി. പി. ചിലവ് തനെ വെറെ.

൨൩. കെശസുവാസനി

ഈ ഔഷധം എതുയും വിലയേറിയ ഇംഗ്ലിഷ് സുഗന്ധദ്രവ്യങ്ങളെയും വെറെ ഉചിതമായ നാട്ട ഔഷധങ്ങളെയും ചെർത്തുണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവെദന, തലതിരിച്ചൽ മുതലായ ശിരോവ്യാധികൾക്കു വിശേഷമായ മറുള്ള ഔഷധങ്ങളെക്കാൾ ഗുണത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും പുറമെ തലമുടിയെ കറുപ്പിച്ച അധിക ആഹ്ലാദത്തോടു വളർച്ചയെ ചെയ്യും. രോമങ്ങളുടെ കൊഴിച്ചലിനെ തീരെനിറുത്തും പരീക്ഷിച്ചാൽ സന്തോഷിക്കാം. കുപ്പി ഒക്ക വില ക ഉ. മുതൽ ൨ വരെ കുപ്പികൾക്കു തപാൽ ചാർജ് അണ ൪.

൨൪. രക്ഷാമൃതം

സ്ഥാപരവസ്തുക്കളിൽ അനേക അപൂർവ്വമൂലികകളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂർണ്ണം കുപ്പിചായ ഇതുകൾക്കുപകരം ഉപയോഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണു കുപ്പി പാൽ ഇതുകൾക്കുള്ള ഗർഭിണികൾ ഇതിനില്ലാ. കുപ്പിപ്പൊടിയെന്നും ഏതു പ്രകാരം ഉപയോഗിക്കുന്നുവൊ അതേപ്രകാരം ഇതിനെയും ഉപയോഗിച്ചാൽ ഏറവും രുചിയുള്ള ഒരു പാനമാകും. ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവർക്കും ഉപയോഗിക്കാം. ജ്വരം സന്നിപ്രസവം മർദ്ദി അതിസാരംമുതലായ കാലങ്ങളിൽമെപ്പടി മൂർച്ഛത്തിൻ കഷായത്തെ പാൽകൂട്ടിയൊ കൂട്ടാതെയോ സമയത്തിൻ തക്കപൊലെ ഉപയോഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നുണ്ടാകുന്നതിനു പുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായു, കാസം, ക്ഷയം അജീർണ്ണം, മലബന്ധം തലവലി മുതലായ രോഗങ്ങളെമാറ്റും രക്തത്തെ ശുദ്ധിചെയ്യുന്ന ധാതുപുഷ്ടിയെയും ദെഹാരോഗ്യത്തെയും തരുന്നു അഗ്നിമാന്ദ്യം ഉള്ളവർക്കും മൂത്രരോഗികൾക്കും എതുയും വിശേഷമായ മരുന്നു. ഈ മരുന്നിനെ ക്രമമായി ഉപയോഗിച്ചുവന്നാൽ മൂത്രരോഗികളുടെ

നീരിലുള്ള മധുരത്തെയും നീരിൻ അളവെയും കറച്ച മൂത്രരോഗത്തെ ഭേദമാക്കി സുഖപ്പെടുത്തും ദേഹത്തിലുള്ള ഉഷ്ണത്തെ ശാന്തിചെയ്യും ബുദ്ധിക്കു നല്ല തിവ്രതയുണ്ടാക്കും പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ വിരോധഗ്രണങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ട ഈ ചൂർണ്ണത്തെ ഉപയോഗിക്കുന്നതുവളരെ അനുകൂലം.

ഡപ്പി ഫക്ക വില നു അണ വി. പി. ചിലവു രൂപ വെറെ വ്യണ. മദ്ധ്യമൻകൂറായി അയച്ചാൽ ഫഡപ്പി അയക്കപ്പെടുന്നതാകുന്നു.

൫൭. സർബ്ബത്തുകൾ

മന്തിരിങ്ങാപ്പഴം, നന്നാരിവേര രോസാപുഷ്പം, വാഴപ്പഴം ചെറുനാരങ്ങ, മധുരനാരങ്ങ, ബദാംകൊട്ടപ്പഴം, ശീമഎലന്തപ്പഴം ഇഞ്ചി, ഈവക സർബത്തുകൾ ഏറ്റവും വിശേഷമായ പഴവർഗ്ഗങ്ങളിൽ നിന്നെടുത്ത ചെയ്യപ്പെട്ടിട്ടുള്ളതാകുന്ന ഈ സർബത്തുകൾ തുള്ളിക്കണക്കിൽ ഉപയോഗിച്ചാൽമതി. മേപ്പടി സർബത്തുകളിൽ നിന്ന അഞ്ചുതുള്ളികൾരണ്ടൗസർ പച്ചവെള്ളത്തിൽ ചെത്താൽ ഏറ്റവും മധുരമായും ഏതുപഴത്തിൽനിന്ന സർബത്തുണ്ടാക്കീട്ടുണ്ടോ ആ പഴത്തിൻ വാസനയോടുകൂടിയതായും ഇരിക്കും. വലിയ കപ്പികളിൽ അടച്ച സാധാരണയായി അങ്ങാടികളിൽവില്ക്കുന്ന സർബത്തുകളെക്കാൾ പതിനായിരം പങ്കുശുദ്ധീകരണമുള്ളതായിരിക്കും. എന്റെ സർബത്തുകൾ അരൗൺസ് കുപ്പികളിൽ വില്പപ്പെടുന്ന ഈചെറിയ കുപ്പികളിലുള്ള സർബത്തു മൂന്നോ നാലോ സേർ പച്ചവെള്ളത്തിൽ പാല്ലെങ്കിൽ സൊഡാവെള്ളത്തിൽ ചെത്താൽ നാലു സെർ രുചിയുള്ള സർബത്തായിത്തീരും. അര ഔൺസ് കുപ്പി ഫക്ക വില അണ വ. ഫ മുതൽ നൂറെ കുപ്പികൾക്ക വി. പി. ചിലവ് ഇണ വെറെ.

൫൮. സുഗന്ധമായ മുടിപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾചെത്തിട്ടുണ്ട് ഇതിനെ തനിയെ ഉപയോഗിപ്പാൻ പാടില്ലാ. സാധാരണയായി കുട്ടന്നപൊടിയിൽ കുറെശ്ശയായി ചേർത്തുവലിക്കണം. ഈ പൊടി വളരെ ഗ്രണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു. കാൽക്ക സുഗന്ധപരിമളത്തെ മാത്രമല്ലാകൊടുക്കുന്നതുസാധാരണയായിപൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുർഗ്ഗന്ധത്തെക്കൂടെ പോക്കുന്നതുകൂടായ ഒരു വിശേഷ വസ്തുവാണ ഈ വാസനഅധികം നാൾ നില്ക്കുന്നതും പൊടിയെവളരെനാൾ കേടുതട്ടാതേയുമാക്കും ഈപൊടിജലദോഷം തലവേദന, മൂക്കിലുള്ള ദുർനാറ്റം മയക്കംമുതലായ ഉപദ്രവങ്ങളെ പോക്കുന്നതുകൂടാണ. ഇതുവളരെ കൂടുതലുടെ പൊടി വലിക്കേണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണ ഒരു കുപ്പി മൂക്കിപൊടിവാങ്ങിയാൽ ഒരു മാസത്തോളം നില്ക്കുന്നതാണ. ഒരു കുപ്പിക്കവില രൂ അണ.

ഫമുതൽ നൂ കുപ്പികൾക്ക വി. പി. ചാർജ്ജ വ്യ അണ. രൂ മുതൽ നൂ കുപ്പികൾക്ക ഇ അണ. ഒ മുതൽ ഫഫ കുപ്പികൾക്ക ഒ അണ

൫൯ അശോകാരിഷ്ടം

തെറ്റിയുണ്ടാവുന്ന രീണ്ടോരി, വേദനയോടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധുക്കളിലുണ്ടാവുന്നവേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന രീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയോ അരുതാത്തപ്പോക്ക മുടി എന്ന അവസ്ഥ സാധാരണയായ ഗർഭമലസൽ എന്നിതോഗങ്ങളേയും, ക്രമംതെറ്റിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മറ്റെല്ലാ രോഗങ്ങളേയും ശമിപ്പിപ്പാൻ ഈ ഏറ്റവും വിശേഷപ്പെട്ട ഔഷധമാകുന്നു മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്ക ഈ ഔഷധം മെത്തരമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിനു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാകുന്നു. കുപ്പി ഫക്ക വില ക ഫ

വി. പി ചാർജ്ജ് ൫ മുതൽ ൫ വരെ കൂപ്പിക ൦൯ ഒണ പുറമെ.

൫൨. ബ്രഹൽ ചന്ദ്രോദയമകരധ്വജ.

മനക്കമ്പത്തോടുകൂടിയ ദൌർബ്ബല്യം, സ്തബ്ധക്ഷയം, വാർദ്ധക്യകാല്യ, വിസ്മൃതി നിശ സ്സ്വപ്നം എന്നിവകൾക്ക് വിലയേറിയ ക രൌഷധമാകുന്നു. ഇതിന്റെ ഫലിതം അ ത്ഭുതകരവും ആയത നാഡിക്കനുസരിച്ച അഭിവൃ ദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആക ന്നു ചെറുപ്പകാലങ്ങളിലുണ്ടായ ദുർവൃത്തിക ളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേ ണ്ടതാണു. അല്പകാലത്തിനുള്ളിൽ ഇതുവ രെ യൌവനമുള്ളവരാക്കിത്തീർക്കുമെന്നതു നിശ്ചയമാണു. ഒരാഴ്ചക്ക വേണ്ടുന്നതിനു വില ക ൩. വി. പി. ചാർജ്ജ ഒണ പുറമെ.

൫൩. ച്യവനപ്രാശം

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇ തു മേത്തരം ഔഷധമാകുന്നു കഫസംബ ന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നു മാത്രമല്ലാ സ്വരത്തേയും ബലത്തേയും കൂടി യുണ്ടാക്കുന്നു ഒന്നാണു. തൊണ്ടയടപ്പു, ച ച്ചയടപ്പു, ക്ഷയം, ചുമ, തൊണ്ടക്കുള്ള അസഹ്യതയാലുണ്ടാവുന്ന കര എന്നിവക, തൊണ്ടയേയും ശ്വാസനാഡികളേയും സം ബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈ കണ്ട ഒരു മരുന്നാകുന്നു. അളക്ക വില ക. ൨. വി. പി. ചാർജ്ജ് ഒണ പുറമെ.

൫൪. മകരധ്വജ.

ഇതിനു സമമായ ഒരു യോഗം ഔഷ ധവൃത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്തിൽ തീരെ യൊ അല്പമായൊ നിവൃത്തികിട്ടാത്ത രോഗ ങ്ങളുമില്ലാ. എല്ലാകാരണത്താലുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏറവും തൃപ്തിക രങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ദീർഘജ്വരം, വിഷമജ്വരം, മുതലായ എ ല്ലാതരം ജ്വരങ്ങൾ, ചലംപോക്ക്, സ്രാവം പ്രമേഹം പ്രസവാനന്തരമുണ്ടാവുന്ന ഉപദ്ര വങ്ങൾ ജീർണ്ണദോഷം കര, ചുമ, മഹാമാ രി, ഓമ്മക്കേട് നീര, വിഷൂചിക, വയർ വഴപ്പ ദഹനക്കേട് മന്ദത, ബലക്ഷയം, തലചുറ്റൽ എന്നിവയെ ശമനപ്പെടുത്തു ന്നതിനു മേത്തരവുമാകുന്നു. തോല ക്ക വില ക ൨. ഒരാഴ്ച ഉപയോഗിക്കേണ്ടതിനു ക ൫. വി. പി. ചാർജ്ജ് ഒണ പുറമെ.

൫൫. വസന്തകുസുമാകരം.

പ്രമേഹങ്ങൾ ദൌർബ്ബല്യം അതിദാ ഹം നാവു വരൾച്ച കൈകാലുകളിൽ എരി ച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയ തോനയുള്ളമൂത്രം വീഴ്ത്തൽ മുതലായ രോഗ ങ്ങൾക്ക ഇതു ഫലിതമായ ഔഷധമാകു ന്നു ഒരാഴ്ചക്ക വേണ്ടപ്പെട്ടമരുന്നിനു വില ക ൫. വി. പി. ചാർജ്ജ് ഒണ പുറമെ.

൫൬. രക്തശുദ്ധി

മനുഷ്യജീവന്റെ പ്രധാനകാരണം ര ക്തമാണെന്നു എല്ലാവക്കും അറിയാവുന്ന താണു. രക്തത്തിനു് ശുദ്ധിയില്ലെങ്കിൽ വാ യ്പുണ്ണ ചെങ്കണ്ണ മൂക്കപ്പുണ്ണ തൊലിപ്പുണ്ണ ശരീരമാസകലം കര ആണി വീക്കക്കു ച മ്മത്തിൽ നിറഭേദം ഉണ്ണിപ്പുണ്ണ തലവേദന അഗ്നിമാന്ദ്യം ചർമ്മത്തിനു ചുവപ്പും മാർദ്ദവ മില്ലായ്മയും ചെകിടം മൂക്കം വീങ്ങൽ വിളർ പ്പു ബലക്ഷയം കര മുളകുകഴും തഴതണം മ ന്ദത സാദിപ്പിക്കുന്നു ചൊറിച്ചൽ എന്നിവയും ഉത്സുമുണ്ടാക്കുന്നതുക്ക മറൊല്ലാ ചർമ്മവ്യാ ധികളും രക്തദൂഷ്യംകൊണ്ടുണ്ടാവുന്നതാകു ന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീ ക്കംചെയ്യാൻ രക്തശുദ്ധിയെന്നപേരായ എന്റെ ഔഷധം മേത്തരമാകുന്നു ഇതു ര ക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ ക ർമ്മപ്പെടുത്തി ബലപ്പെടുത്തുന്നതും ദഹന ത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തു ന്നതുമാകുന്നു. ൫൦ ദിവസത്തേക്ക വേണ്ടുന്ന അളക്ക വില ക ൫. ഒന്നോ രണ്ടോ അ ളക്കുകൾക്ക വി. പി. ചാർജ്ജ് ഒണ പുറമെ

൩൩. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്ദുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ചു ഏറ്റവുംബലകരമായതാകുന്നു ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിൽനിന്നുണ്ടാകുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതു കൂടാതേ ശ്വാസകോശങ്ങളെ സംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളേയും നീക്കംചെയ്യുന്നതും ദഹനത്തെ ശരിയായി നിലനിർത്തുന്നതുമാകുന്നു ചുരുക്കിപറയുന്നതായാൽ ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ല. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നപക്ഷം നിങ്ങളുടെ ബലത്തേയും യൌവനത്തേയും ഒരു പുരുഷായുസ്സുവരെ നിലനിർത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണു തോല ക്കു വില ക. വ്യാ ഔഷധക്കുള്ള ഉപയോഗത്തിന്നു ക. നു. വി. പി. ചാർജ്ജു പുറമെ.

൩൪. വേദനപരിഹാരി.

ഈ ഔഷധം അകത്തേക്കും വേദനസംഹാരി തൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിന്റെ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു പെട്ടിക്കു വില ക. നു. പെട്ടികൊണ്ടുവരെ വി. പി. ചാർജ്ജ് ഒന്നു മാത്രം.

൩൫. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിന്നു മേപ്പടി ഔഷധം ഏറ്റവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടിക്കു വില ക. നു പെട്ടികൊണ്ടുവരെ വി പി. ചാർജ്ജ് ഒന്നു മാത്രം.

൩൬ മലബന്ധശമനൌഷധം

പതിവായും ഇടക്കിടേയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്യാൻ ഇതു മേത്തരമായ ഔഷധമാകുന്നു. കുടലിന്റെ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കിതീർക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിർത്തുന്നതുമാകുന്നു. പെട്ടിക്കു വില ക. ണ. രണ്ടുവരെ പെട്ടികൊണ്ടു വി പി. ചാർജ്ജ് ണ വരെ.

൩൭. ചന്ദ്രാമൃതരസം.

പ്രയാസപ്പെട്ട എല്ലാതരം കരകളേയും ശ്വാസകോശങ്ങളിലെ പഴുപ്പുകളേയും ഏക്കം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കരയും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു ദഹനത്തിനു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീർപ്പാൻ മേത്തരമാകുന്നു. പെട്ടിക്കു വില ക. ഫ. നു പെട്ടികൊണ്ടുവരെ വി പി. ചാർജ്ജ ഒന്നു മാത്രം.

൩൮. ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിന്റെ എല്ലാ സ്ഥിതികളിലും ഇതുവളരെ മേത്തരമായ ഔഷധമാകുന്നു. ഇതിന്റെ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തും ക്രമക്കേടായ വിരേചനത്തെ നിന്ന് ശാശ്വതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നു മാത്രമല്ലാ അതിസാരത്തെയും മറ്റും സുഖപ്പെടുത്തുന്ന ഒരു സർവ്വരോഗ ശമനൌഷധമാകുന്നു പെട്ടിക്കു വില ക ഫ. നു വരെ പെട്ടികൊണ്ടു വി പി. ചാർജ്ജ് ഒന്നു മാത്രം.

൩൯. വിഷ്ണുതില

തലനോവ് ഉടനെ നിശ്ശേഷമല്ലാതെ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കൂപ്പി കുഴമ്പു. ക മുതൽ നൂ വരെ കൂപ്പികൊണ്ടു വി. പി. ചിലവ് ഒന്നു വേറെ.

മേത്തരം ഗോരോചനം. തോല ക്കു വില നൂക മേത്തരം കുങ്കുമപൂവ് തോല ക്കു വില ക മേത്തരം പച്ചക്കർപ്പൂരം തോല

ക്കു വില വക.

സുഗന്ധവസ്തുക്കൾ

അത്തർ ഒന്നാംസ്സുകൾ,- രോജാപൂവു, മല്ലിപൂവു, മാതിപൂവു, മതനപൂവു, സുഹാഗമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉറുപ്പികത്തുക്കു ക്കു വില കണവു വി. പി. ചിലവു വേറെ.

താംബൂലബിഹാർ പെട്ടി ഒന്നിന്നുവില രൂണ. ഡസനു പെട്ടികൾക്കു തപാൽകൂലി ഒന്ന.

സോഡാചൂർണ്ണം ഓരോ കുപ്പിക്കുത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചേത്തവുകുപ്പി മേത്തരം പുതിയ സോഡഉണ്ടാക്കാവുന്നതാണ കുപ്പിക്കു വില വുന്ന. ഡസനു കുപ്പികൾക്കു തപാൽകൂലി രൂന്ന.

ലമനേഡ് ചൂർണ്ണം ഓരോ കുപ്പിക്കുത്തുള്ള ചൂർണ്ണംകൊണ്ടു പച്ചവെള്ളം ചേത്തവുകുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ കുപ്പി ക്കു വില നുണ. ഡസനു രൂപയ്ക്കു കുപ്പികൾക്കുതപാൽ ചാർജ് ഒണ.

പനിനീർ- അര ഔൺസ്സ് കുപ്പികളിൽ വില്ക്കപ്പെടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു നു വലിയ കുപ്പികളിൽ വെള്ളം ചേത്ത നിറക്കാവുന്നതാണ അങ്ങിനെ വെള്ളം ചേത്താൽകൂടി ഈ നു കുപ്പികളും മേത്തരം പേഷ്യൻ പനിനീരിനു തുലമായിരിക്കും അര ഔൺസകുപ്പി ക്കു വില വുന്ന ഡസനു കുപ്പികൾക്കു തപാൽകൂലി ഒണ.

ഉടുപ്പിനുള്ള സുഗന്ധങ്ങൾ പനിനീർ സുഗന്ധക്കട്ട മുല്ലസുഗന്ധക്കട്ട, ലവണ്ടർ സുഗന്ധക്കട്ട എന്നിവ പെട്ടി ഓരോന്നിനും വില വുന്ന. ഡസനു പെട്ടികൾക്കു തപാൽകൂലി ഒണ.

ഉടുപ്പിനുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ.

മദനമോഹനം ൨ മനമോഹനി നു മനോരഞ്ജൻ രാജമോഹിനി ൩ അകാപർസിയായി നുഷാജിഹാൻ സിരാഹി ഇവ ഓരോന്നും പുതിയതായി വിടർന്നപുഷ്പത്തിന്റെ വാസനയോട കൂടിയതായും ഇരിക്കും വില ഒരു കുപ്പിക്കു അണ വു. ഡസനു നുവരെ തപാൽ ചിലവു അണ ൪ പ്രത്യേകം.

കേസർപ്പൊടി- ഇതു വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവസ്തുക്കളെകൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുനുള്ളൽ പൊടി വെറുംപച്ചവെള്ളത്തിലൊ അല്പ ചന്ദനക്കട്ടിലൊ ചേത്താൽ അതി സൌരഭ്യകരമായതും മനസ്സിനു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കട്ട ആയിതീരുന്നു. ഇതു അടിയന്തരകാലങ്ങളിൽ വിരുന്നുകാക്കുകൊടുപ്പാൻ ചന്ദനം അരക്കേണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതുംകൂടാതെ ഒരു കേസർപ്പൊടിക്കു സമമായും, മേലായും സുഗന്ധം നില്ക്കുന്നതായ ഒരു സൌരഭ്യവസ്തു ഉണ്ടാവാൻ പാടുള്ളതല്ല. കുപ്പി ക്കു വില വുണ. ഡസനുതൽ നകുപ്പികൾക്കു തപാൽ ചാർജ് ഒണ.

അർഘ്യജം- ഇതു വേറെ ഒരു മാതിരി സ്വദേശി സൌരഭ്യവസ്തുമാണ ഇതിന്റെ സൌരഭ്യം വളരെ വിശേഷമായതും മനസ്സിനു ആഹ്ലാദത്തെകൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇതു ഒരുമാതിരി അനുഭവത്തെ നല്കുന്നു. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചുവെള്ളംചേത്ത ചന്ദനക്കട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്കു വാസനക്കായും ഉപയോഗിക്കാം. നെറ്റിമേൽ തിലകക്കുറിയായും ഉപയോഗിക്കാം. ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉഷ്ണശരീരികളിലേക്കു ഇതു അതിയിനോദകരമായ ഒരു സൌരഭ്യവസ്തുമാകുന്നു. പെട്ടി ക്കു വിലവുണ. ഡസനുതൽ നു വരെ പെട്ടികൾക്കു തപാൽകൂലി ഒണ വേറെ.

അമ്പർ. ഇതു അതിശ്രേഷ്ഠകരമായ ഒരു സൌരഭ്യവസ്തുമാകുന്നു ഇതു വാസനക്കുവായി ഉപയോഗിക്കുന്നതല്ലാതെ വിയർക്കുവിനും ചൂടിക്കും വളരെ വിശേഷമാകുന്നു ഇതിന്റെ അതിയിനോദമായ വാസന അധികം ദിവസത്തേക്കു നിലനില്ക്കുന്നതാണ

ഒരു പ്രാവശ്യം ഉപയോഗിച്ചു നോക്കണമെങ്കിൽ ഇതിലധികം ഒരു കാലത്തും വിടുകയില്ല. ഇതു എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു ഇതു മുഖത്തുപിടിച്ചിയാൽ മുഖത്തിന്റെ വർണ്ണം തിളങ്ങിവരും പെട്ടി ഒന്നു വിലവ്യവഹാരമുതൽ ൫൨ വരെ പെട്ടികൾക്കു ഒണ. പുറ ൫൨.

ഇന്ത്യൻ പൌഡർ.ഡസ്റ്റ് - നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോടു കൂടിയിരിക്കും. സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, പുകബാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഘമുള്ള സ്ഥലങ്ങളിലൊ വെച്ചിരുന്നാൽമനുഷ്യർ ശ്വസിക്കുന്നതായ അംഗാരാമ്ലവായുവിനെ ശുദ്ധീകരിക്കുന്നതാണ. നിങ്ങൾ ശയനഗൃഹത്തിലേക്കു പോകുന്നതിനു മുമ്പായി ഇതുപ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ. ഇതുനിങ്ങൾ അകത്തേക്കു ശ്വസിക്കുന്നവായുവിനെ ശുചീകരിക്കുകയും ചെയ്യും. പെട്ടി ഒന്നു വില അണ ൪. മുതൽ ൫൨ പെട്ടിവരെ തപാൽ ചെലവു അണ ൪ പ്രത്യേകം.

വയറിലുള്ള നാക്കുപുഴുക്കളയാനുള്ളമരുന്നു.

ഈ മരുന്നു സേവിച്ചാൽ വയറിലുള്ള നാക്കുപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്കു ആരോഗ്യതയെകൊടുക്കും. ഈ പാമ്പു വയറ്റിൽ ഇരുന്നാൽ അടിവയറ്റിൽ ഘനം, അഗ്നിമാന്ദ്യം, വയറുവലി, ഊണുവേണ്ടാ എന്നു തോന്നുക വായിൽ ദുർഗ്ഗന്ധം, തലവേദന കൂടാവുവാൻ തുടങ്ങുക ആസനത്തിലും മൂക്കിലും ചൊറിച്ചൽ വയറ്റിനുപോക്കു മലക്കെട്ടു മുതലായ പല വ്യാധികളെ നീക്കുന്നതാണ. ഒരു പ്രാവശ്യം ഉപയോഗിച്ചു നോക്കണമെങ്കിൽ ഇതിലധികം ഒരു കാലത്തും വിടുകയില്ല. ഇതു എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു ഇതു മുഖത്തുപിടിച്ചിയാൽ മുഖത്തിന്റെ വർണ്ണം തിളങ്ങിവരും പെട്ടി ഒന്നു വിലവ്യവഹാരമുതൽ ൫൨ വരെ പെട്ടികൾക്കു ഒണ. പുറ ൫൨.

ഇന്ത്യൻ പൌഡർ.ഡസ്റ്റ് - നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോടു കൂടിയിരിക്കും. സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, പുകബാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഘമുള്ള സ്ഥലങ്ങളിലൊ വെച്ചിരുന്നാൽമനുഷ്യർ ശ്വസിക്കുന്നതായ അംഗാരാമ്ലവായുവിനെ ശുദ്ധീകരിക്കുന്നതാണ. നിങ്ങൾ ശയനഗൃഹത്തിലേക്കു പോകുന്നതിനു മുമ്പായി ഇതുപ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ. ഇതുനിങ്ങൾ അകത്തേക്കു ശ്വസിക്കുന്നവായുവിനെ ശുചീകരിക്കുകയും ചെയ്യും. പെട്ടി ഒന്നു വില അണ ൪. മുതൽ ൫൨ പെട്ടിവരെ തപാൽ ചെലവു അണ ൪ പ്രത്യേകം.

വയറിലുള്ള നാക്കുപുഴുക്കളയാനുള്ളമരുന്നു.

ഈ മരുന്നു സേവിച്ചാൽ വയറിലുള്ള നാക്കുപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്കു ആരോഗ്യതയെകൊടുക്കും. ഈ പാമ്പു വയറ്റിൽ ഇരുന്നാൽ അടിവയറ്റിൽ ഘനം, അഗ്നിമാന്ദ്യം, വയറുവലി, ഊണുവേണ്ടാ എന്നു തോന്നുക വായിൽ ദുർഗ്ഗന്ധം, തലവേദന കൂടാവുവാൻ തുടങ്ങുക ആസനത്തിലും മൂക്കിലും ചൊറിച്ചൽ വയറ്റിനുപോക്കു മലക്കെട്ടു മുതലായ പല വ്യാധികളെ നീക്കുന്നതാണ. ഒരു പ്രാവശ്യം ഉപയോഗിച്ചു നോക്കു

കപ്പിച്ചിന്നിന്നു വന്ന. ൨ മുതൽ ൧൦ വരെ കപ്പികൾക്കു വി. പി. ചാർജ് ഒന്നിന പ്രത്യേകം.

കാതിക്കോളോൺ.

ഈ സുഗന്ധദ്രവ്യം വളരെ വിശേഷപ്പെട്ടതും, അത്യന്തം വാസനയോടു കൂടിയതും ദേഹത്തിലേക്കു കുളിച്ചുകയെ ചെയ്യുന്നതും ആകുന്നു. ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. ഈ വാസനദ്രവ്യം തലവലി മുതലായവ്യാധികളെനീക്കും. ഇതു സാധാരണയായി കടകളിൽ വിറ്റുവരുന്ന സാധനം പോലെയല്ലാ ഇതു പ്രത്യേകം ശ്രദ്ധയോടുകൂടി ഞങ്ങളുടെ ഔഷധ ശാലയിൽ ഉണ്ടാക്കിവരുന്നതാണു. ഇതു ശീമയിൽനിന്നു വരുത്തിയതല്ല. അതുകൊണ്ടു ഈ സ്വദേശിദ്രവ്യത്തെ നമ്മുടെ സ്വദേശികൾ ഉപയോഗിക്കാതെ ഇരിക്കരുതു? സാധാരണമായി കടകളിൽ വിറ്റു വരുന്ന സാധനത്തെക്കാൾ എത്രയോ ഇട്ടി മേത്തരമായിരിക്കും. അര അവുൺസു കുപ്പി ഉക്കു വില അണ വ. ൨ മുതൽ ൧൦ കുപ്പികൾ വരെ ബങ്കി ചിലവു അണ ൧ പ്രത്യേകം.

കസ്തൂരി കലന്ന ലവണ്ടർ വാട്ടർ

ഇതു ഏറ്റവും വിശേഷപ്പെട്ട വാസനയുള്ളതും ദേഹത്തിൽ ഒരു തുള്ളിപുരട്ടിയാൽ വളരെ നേരം ആ വാസന ആളെ ചുറ്റികൊണ്ടിരിക്കും ഇതു സാധാരണമായി കടകളിൽ വില്ക്കുന്ന സാധനംപോലെ അല്ല. ഇതു ഒരു വിശേഷപ്പെട്ട ഒരു വാസനദ്രവ്യമാണ ശീമയിൽനിന്നു വരുത്തി വില്ക്കുന്നതല്ലാ എല്ലാവരും ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. ഇതു ഞങ്ങളുടെ ഔഷധശാലയിൽ തയർ ചെയ്യപ്പെട്ടതാണ ഇതിന്റെ സൌരഭ്യം ദേഹത്തിൽ തട്ടിയാൽ വളരെ നേരം ഇരിക്കുന്നതും ആകുന്നു കുപ്പിക്കു വില അണ വ. ൨ മുതൽ ൧൦ കുപ്പികൾ വരെ ബങ്കി ചിലവു അണ ൧ പ്രത്യേകം.

പരിശുദ്ധമായതേൻ!!

അങ്ങാടിയിൽ നിന്നു ശർക്കരവെള്ളം വാങ്ങി തേനെന്നുംപറഞ്ഞു ഉപയോഗിച്ചാൽ എന്തു ഗുണമാണുണ്ടാകുന്നതു? മരുന്നിനു നല്ല ശുദ്ധമായ തേൻ ആവശ്യപ്പെടുന്നവർ ഞങ്ങളോടപേക്ഷിക്കട്ടെ ഞങ്ങൾ കാടുകളിൽ സ്വന്തം വേലക്കാരെ അയച്ചു പ്രത്യേകമായെടുപ്പിച്ചു വരുത്തുന്നതേൻ നല്ല കൊഴുപ്പുള്ളതും നിർമ്മലമായതും ആകുന്നു. ഈ തേൻ മരുന്നുകൾക്കുപയോഗിച്ചാൽ അത്ഭുതകരമായ ഫലം ഉണ്ടാകും വില ടിൻ ഒന്നിനു ഏകദേശം ഒന്നു മുതൽ രണ്ടു ടിൻ വരെ വി. പി. ചെലവു ഒന്നു പ്രത്യേകം.

ഇവിടെ മലയാളം തെലുങ്കു കർനാടകം മുതലായതു അറിയാത്തതിനാൽ തമിഴിലൊ ഇംഗ്ലീഷിലൊ എഴുതണം.

P. SUBBAROY
AYURVEDIC PHYSICIAN
Sri Venkatesa Perumal
KOIL SANNATHY
TANJORE

പി. സുബ്ബരോയി
ആയുർവ്വേദചികിത്സകൻ
ശ്രീ വെങ്കിടേശ പെരുമാൾ
കോവിൽസന്നതി
തഞ്ചാവൂർ.

THE CELEBRATED PANACEA & CO'S

FRENCH PILLS

പ്രഞ്ച് ഗുളികകൾ.

"എന്ത് അനുഗ്രഹം കിട്ടണമെന്നാണ നിങ്ങൾ പ്രാത്ഥിക്കുന്നതു?"

"ശാശ്വതമായ യൌവനം"

"എന്നാൽ അങ്ങനെയാവട്ടെ."

പനക്കി കമ്പനിക്കാരുടെ ശ്രുതിപ്പെട്ട നേർവൈൻ ടൊണിക്ക് പ്രഞ്ച് ഗുളികകൾ സേവിച്ചാൽ നിങ്ങൾക്ക ശാശ്വതമായ യൌവനം പ്രാപിക്കാം. വളരെ ഫല സിദ്ധിയുള്ള ഔഷധം. ഗുണം ക്ഷണത്തിൽ അറിയാം. അതു എന്നും നിലനില്ക്കുകയും ചെയ്യും. സ്ത്രീ പുരുഷ ഭേദം കൂടാതെ വയസ്സന്മാക്കും എല്ലാവക്കും ഗുണം കിട്ടും. യൌവനം ലഭിക്കാമെന്നു പറഞ്ഞു വില്ക്കപ്പെടുന്ന സാധാരണ ഔഷധങ്ങൾ പോലെ കൊക്കാലം കഴിഞ്ഞാൽ ദോഷത്തിനു ഉപദ്രവം ഉണ്ടാക്കില്ല.

ഇന്നു തന്നെ പരീക്ഷിക്കുക. വില കുപ്പി ഒന്നിനു ൦ മാത്രം. എജണ്ട്:

സപ്ലൈന്ത്യ മെയിൽ ഓർഡർ ബ്യൂറോ

വ്യു, അപ്പർ സെക്കുലർ റോഡ്

കല്ക്കത്ത

THE ALL-INDIA MAIL ORDER BUREAU,

NO. 87, UPPER CIRCULAR ROAD.

CALCATTA.

Drunkards Cured!!

മദ്യം സേവിക്കലും കുറ്റമറിയാതെ അവർ അറിയാതെ "ലിക്കോറിൻ" എന്ന ഔഷധം കൊണ്ടു നിർത്താം. ഒരു ദോഷവും ഉണ്ടാവുകയില്ല. ൨൫, ൫൦, ൧൦൦ കൊല്ലങ്ങളോളം പഴക്കമുള്ള പല കേസ്സുകളും ഭേദപ്പെടുത്തിയതായി അനേകം സാക്ഷിപത്രങ്ങൾ ഉണ്ടു. ഈ ഔഷധം സ്വകാര്യത്തിൽ വെള്ളത്തിലോ, കള്ളിലോ, പാലിലോ, ബ്രാണ്ടിയിലോ ചേർത്ത് സേവിപ്പിക്കാം. എത്ര പഴക്കമുള്ള കേസ്സിനും ഒരൊറ കുപ്പി മരുന്നു മതി. രാവിവസത്തെക്കുള്ള ദ്രാവകം വിവരിച്ച കുപ്പിക്ക കു—റ—൦. തപാൽകൂലി മുതലായതിനു ൧ണ വേറെ.

J·F·D. DAVID·

FORT, SALEM.

National Library, Calcutta